തിരുസന്നിധിയിൽ

(Malayalam)

Thirusannidhiyil

HH Baselius Geevarghese II Catholicos

Edited by Joice Thottackad

Published by Joice Thottackad
on behalf of Sophia Books, Kottayam
for the glory of God and for the benefit of humankind.
Mob: 99471 20697

First Published: 2016 January 3

Cover Design, Typesetting
& Printing: Sophia Print House, Kottayam

Price: **Rs. 200.00**

തിരുസന്നിധിയിൽ

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ
കാതോലിക്കാബാവാ

സോഫിയാ ബുക്സ്
കോട്ടയം

മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

മലങ്കര ഓർത്തഡോക്സ് സഭയുടെ മൂന്നാം കാതോലിക്കാ. കോട്ടയം ജില്ലയിലെ കുറിച്ചിയിൽ കല്ലാശ്ശേരി ഉലഹന്നാന്റെയും നൈത്തിയുടെയും പുത്രനായി 1874 ജൂൺ 15-ന് ജനിച്ചു. പുന്നൂസ് എന്ന പേരിലാണ് ബാല്യ കാലത്ത് അറിയപ്പെട്ടിരുന്നത്. പ. പരുമല തിരുമേനിയുടെയും പ. വട്ട ശ്ശേരിൽ തിരുമേനിയുടെയും ശിഷ്യനായി പരുമല സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം ചെയ്തു. 1892 ഏപ്രിൽ 24-ന് പൂർണ ശെമ്മാശ നായി. 1898 നവംബർ 24-ന് വൈദികപട്ടവും മൂന്നു ദിവസം കഴിഞ്ഞ് റമ്പാൻ സ്ഥാനവും സ്വീകരിച്ചു. റമ്പാനായിരുന്ന കാലഘട്ടത്തിൽ സുറി യാനി ഭാഷയിൽ നിന്നും ഒമ്പത് ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്തു പ്രസിദ്ധീകരിച്ചു. 1912 സെപ്റ്റംബർ 8-ന് 'ഗീവർഗീസ് മാർ ഗ്രീഗോറിയോസ്' എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. 1929 ഫെബ്രുവരി 15-ന് 'ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ' എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനമേറ്റു. 1934 ഡിസംബർ 26-ന് 'മലങ്കര മെത്രാപ്പോലീത്താ'യായി. 1964 ജനുവരി മൂന്നിന് കാലം ചെയ്തു.

അത്മായ പൗരുഷത്തെ സഭയുടെ ശക്തിദുർഗ്ഗമാക്കി രൂപാന്തരപ്പെടു ത്തിയ അജയ്യ നേതാവായിരുന്നു ഇദ്ദേഹം. പ്രശ്നസങ്കീർണ്ണമായ ഒരു കാലഘട്ടത്തിൽ ദൈവത്തിൽ നിന്നാർജ്ജിച്ച ശക്തികൊണ്ട് മലങ്കര സഭയെ സധൈര്യം നയിച്ച് സഭയുടെ ബഹുമുഖമായ വളർച്ചയ്ക്കും നവോത്ഥാനത്തിനുമായി സുധീര നേതൃത്വം നൽകി. വിശുദ്ധിയും പാണ്ഡി ത്യവും പക്വതയും കാതോലിക്കാബാവായിൽ സമന്വയിച്ചു. സ്വന്തവും ചിന്താബന്ധുരവുമായ ഒരു ജീവിതദർശനം കേരളീയ സമൂഹത്തിനു നൽ കിയ ഇദ്ദേഹം 20-ാം നൂറ്റാണ്ട് ദർശിച്ച അപൂർവ്വ പ്രതിഭകളിൽ ഒരാളാ യിരുന്നു.

പരിഭാഷ നിർവ്വഹിച്ച ഗ്രന്ഥങ്ങൾ: രഹസ്യപ്രാർത്ഥന (1900), പ. സഹ ദേന്മാരുടെ ചരിത്രം (1901), പരിശുദ്ധന്മാരുടെ ചരിത്രം (1902), പ. സ്ത്രീക ളുടെ ചരിത്രം (1904), മാർ അന്തോനീസു ചരിത്രം (1906), മാർ ശെമ ഊൻ ദെസ്തുനെയുടെ ശ്രേഷ്ടത (1906), അലക്സന്ത്ര്യായുടെ പാത്രി യർക്കീസായ മാർ യൂഹാനോൻ മ്റഹ്മ്മോനൊ (1907), പർദൈസാ, മാർ യൂഹാനോൻ മംദാനാ.

അവതാരിക

സഭാ സമാധാനത്തിന്റെ 'വലിയ ബാവാ'

ഫാ. ഡോ. കെ. എം. ജോർജ്

വിശ്വസംസ്കൃതിക്കു നമ്മുടെ രാജ്യം നൽകിയ വിശിഷ്ട ദാനങ്ങളിൽപ്പെട്ടതാണ് ഗുരു, ഋഷി, യോഗി, ആചാര്യൻ, മുനി തുടങ്ങിയ പദങ്ങൾ. ആ വാക്കുകൾക്കു മാറ്റും മിഴിവുമേകി തിളങ്ങുന്ന മൂർത്ത രൂപങ്ങൾ ഇന്ന് ഏറെയില്ല. അതുകൊണ്ടാവണം ആത്മാഭിമുഖ്യമുള്ള ഭാരതീയരെല്ലാം ഏതാണ്ടൊരു ഗൃഹാതുരതയോടെ ആ വാക്കുകൾ കേൾക്കുന്നതും ഉരുവിടുന്നതും.

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി 34 വർഷം സഭയെ നയിച്ച പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ അടുത്തറിഞ്ഞവർ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് മുൻപറഞ്ഞ വാക്കുകൾ ഉപയോഗിച്ചാണ്. പൗരസ്ത്യ യൗഗിക പാരമ്പര്യത്തിന്റെ കണ്ണിയായി അതിനെ സ്വജീവിതത്തിൽ സാക്ഷാത്ക്കരിച്ച ആചാര്യനും പിതാവുമാണദ്ദേഹം.

നൂറ്റാണ്ടുകളുടെ വൈദേശികാധീശത്വത്തിൽ നിന്ന് മോചനം നേടി, അപ്പോസ്തോലികമായ തനിമ തേടിയ മലങ്കരസഭയെ സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും സ്വസ്ഥമായ തീരങ്ങളിലേക്കു നയിച്ച "വലിയ ബാവാ"യ്ക്കു ബഹുമുഖ വ്യക്തിത്വമാണ്. സഭാ സമാധാനത്തിനുവേണ്ടി തീക്ഷ്ണമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ആ ഇടയശ്രേഷ്ഠൻ 1958-ൽ കോട്ടയം പഴയസെമിനാരിയിൽ വെച്ച് അനുരഞ്ജനത്തിന്റെ അപൂർവ നിമിഷത്തിനു കാർമികനായി ഭവിച്ചു. മനുഷ്യരുടെ അധികാരക്കൊതിയും അഹങ്കാരവും കൊണ്ട് മാത്രം പിന്നീട് നഷ്ടീഭവിച്ച അമൂല്യമായ സമാധാനത്തിനുവേണ്ടി ആ മഹാപുരുഷന്റെ ആത്മാവ് തേങ്ങുന്നുണ്ടാവണം.

ഇന്ത്യയിൽ വിശുദ്ധ തോമസ് അപ്പോസ്തോലന്റെ വരവു മുതൽ നിലനിന്ന പൗരസ്ത്യ ക്രിസ്തീയാദ്ധ്യാത്മികതയ്ക്ക് ഹൈന്ദവ-ബൗദ്ധ-ജൈന പാരമ്പര്യങ്ങളുമായി ആത്മബന്ധമുണ്ട്. പോർച്ചുഗീസുകാരും ഇംഗ്ലീഷുകാരുമായ പാശ്ചാത്യ മിഷനറിമാരുടെ വരവോടുകൂടി ഏഷ്യൻ പാരമ്പര്യത്തിലെ പുരാതനമായ ഈ പൗരസ്ത്യ ക്രിസ്തീയത പീഡന വിധേയമാവുകയും കുറെയൊക്കെ അന്യം നിൽക്കുകയും ചെയ്തു. അതു

കൊണ്ടു നിർഭാഗ്യവശാൽ ഇന്നും ഇന്ത്യയിലെ അക്രൈസ്തവരായ ബുദ്ധിജീവികൾ ക്രിസ്തീയ പാരമ്പര്യത്തെ അറിയുന്നത് റോമൻ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരുമായ പാശ്ചാത്യർ പഠിപ്പിച്ച സംഗതികളിലൂടെയാണ്. പാശ്ചാത്യരുടേതിൽ നിന്ന് വളരെ വിഭിന്നമായ വേദശാസ്ത്ര സങ്കൽപ്പങ്ങളും ആദ്ധ്യാത്മികതയുമുള്ള കേരളത്തിലെ പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യം കൊളോണിയൽ വാഴ്ചയുടെ അധീശശോഭയിൽ ഭാരതീയമായ മറ്റു പലതിനെയുംപോലെ അവഗണിക്കപ്പെട്ടു.

ഇവിടെയാണ് ഗീവർഗീസ് ദ്വിതീയൻ ബാവായെപ്പോലെ മഹർഷിതുല്യരായ ക്രിസ്തീയാചാര്യന്മാർ സ്വന്തം ജീവിതത്തിൽ നടത്തിയ ആദ്ധ്യാത്മിക പരീക്ഷണത്തിനു പ്രസക്തിയേറുന്നത്. പൗരസ്ത്യ ഓർത്തഡോക്സ് ക്രിസ്തീയതയിൽ ആദ്ധ്യാത്മികത അനുഭവനിഷ്ഠമാണ്. ഈശ്വരജ്ഞാനം അനുഭവത്തിൽ നിന്ന് ഉരുത്തിരിയണം. അതുകൊണ്ട് ദൈവവിജ്ഞാനീയം സൈദ്ധാന്തികമായ ആശയനിർമാണമല്ല. ഈശ്വരസാക്ഷാത്ക്കാരത്തിനുള്ള ചവിട്ടുപടികളിലൊന്നാണ്. യേശുക്രിസ്തുവിൽ വിളങ്ങിയ ദിവ്യസാന്നിധ്യത്തെ സ്വാംശീകരിച്ച് ക്രിസ്തുസാരൂപ്യം പ്രാപിക്കാനാണ് ആരാധകർ ശ്രമിക്കുന്നത്.

പരുമല തിരുമേനിയും തന്റെ ശിഷ്യനായ ഗീവർഗീസ് ദ്വിതീയൻ ബാവായും അദ്ദേഹത്തിന്റെ സമകാലികനായ പാമ്പാടി മാർ ഗ്രീഗോറിയോസും ആധുനിക പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ചവരല്ല. പക്ഷേ, പൗരസ്ത്യ ക്രിസ്തീയ വിദ്യയുടെ കാതലായ രഹസ്യം തൊട്ടറിഞ്ഞ്, അതിനെ ഭാരതത്തിലെ പുരാതനമായ ആത്മവിദ്യയുമായി സമ്മേളിപ്പിച്ച്, ജീവിതഗന്ധിയായ ഒരു ദൈവശാസ്ത്രം രൂപപ്പെടുത്തിയവരാണ് മൂവരും. ഈ മാതൃക പിന്തുടർന്ന നിരവധി മെത്രാന്മാരും വൈദികരും സാധാരണ സ്ത്രീപുരുഷന്മാരും ഇവിടെ ഉണ്ടായിട്ടുണ്ട് എന്നത് സ്മരണീയമാണ്. പുസ്തകത്താളുകളിൽ എഴുതപ്പെട്ട വാക്കുകളിലൂടെ, സൈദ്ധാന്തികമായ സമന്വയമല്ല അവർ ഉന്നംവച്ചത്.

നിസ്തന്ദ്രമായ പ്രാർത്ഥനയും ഉപവാസവും തപോനിഷ്ഠയും വേദാനുധ്യാനവും മൂലം, രക്ഷകനായ ക്രിസ്തുവിൽ തെളിഞ്ഞുനിന്ന കരുണയും മനുഷ്യസ്നേഹവും ആർദ്രമാനസവും അവർ സ്വായത്തമാക്കി. അവരുപയോഗിച്ച യോഗസാധനകളും തപശ്ചര്യകളും ഭാരതീയ പാരമ്പര്യത്തിൽ നിന്നും പൗരസ്ത്യ ക്രിസ്തീയതയിൽ നിന്നും ഒരുപോലെ കൈക്കൊണ്ടവയാണ്. സമന്വയം നടന്നത് ജീവിതത്തിലാണ്; ഇന്ന് ചില ദൈവശാസ്ത്രജ്ഞന്മാർ നടത്തുവാൻ ശ്രമിക്കുന്നതുപോലെ മസ്തിഷ്ക്കത്തിലെ അമൂർത്തമായ സൈദ്ധാന്തികതലങ്ങളിലല്ല.

ചിട്ടയായ അനുഷ്ഠാനങ്ങളിൽ അതീവ തൽപരനായിരുന്നു വലിയ ബാവാ. കുർബാനയിൽ കേന്ദ്രീകൃതമായ അനുഷ്ഠാന തീക്ഷ്ണത ഒരിക്കലും ആചാരനിബദ്ധതയുടെ ജാഡ്യത്തിലേക്ക് അദ്ദേഹത്തെ നയിച്ചില്ല, പ്രത്യുത, ഓരോ കർമ്മാനുഷ്ഠാനവും ദിവ്യരഹസ്യങ്ങളുടെ ആഴമായ അനുധ്യാനത്തിൽ വിലയം പ്രാപിച്ചു. ആരാധനയിലെ മന്ത്രാക്ഷരികൾ അക്ഷയതയുടെ കവാടപരമ്പരകൾ അദ്ദേഹത്തിനു തുറന്നു കൊടുത്തു. അതുകൊണ്ട് അത്തരം അനർഘ നിമിഷങ്ങളിൽ അദ്ദേഹത്തിന്റെ മുഖം പ്രകാശിതമാകുന്നതും ശബ്ദം സാഗരഗാംഭീര്യമാർജ്ജിക്കുന്നതും കൂടെയുള്ളവർ കണ്ട് വിസ്മയിച്ചിട്ടുണ്ട്. സീനായ് മലയുടെ ഉയരങ്ങളിൽ ദിവ്യദർശനം കണ്ട മോശയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചതുപോലെ, താബോർ മലയിൽവച്ച് തന്റെ രക്ഷകനും ഗുരുവുമായ യേശുവിന്റെ ശരീരം ഉജ്ജ്വലശോഭയണിഞ്ഞതുപോലെ, പൂഴിയായ നമ്മുടെ ശരീരത്തിനും ഈ ദിവ്യപ്രപഞ്ചത്തിനും സാധ്യമായ രൂപാന്തരത്തെ അനുഭവിച്ചറിഞ്ഞവനായിരുന്നു ബാവാ തിരുമേനി.

നന്മതിന്മകളെ വിവേചിച്ചറിയാനും അതീന്ദ്രിയതയുടെ 'വാസന'കളെ മണത്തറിയാനുമുള്ള സവിശേഷമായ ഉൾക്കാഴ്ച പരിശുദ്ധാത്മാവിൽ നിന്ന് അദ്ദേഹത്തിനു ലഭിച്ചിരുന്നു. നമ്മുടെ യാഥാർത്ഥ്യബോധത്തിന്റെ അതിരുകളിൽ സ്ഥലകാലങ്ങൾ തൂക്കിയ കനത്ത തിരശീലകളെ ഇടയ്ക്കിടെ വകഞ്ഞുമാറ്റി സത്യത്തിന്റെയും നന്മയുടെയും ഒളിമിന്നൽ അദ്ദേഹം ദർശിക്കുമായിരുന്നു. അതുകൊണ്ട് നല്ല ആത്മാവിനെയും ദുരാത്മാവിനെയും പേരെടുത്തു പറയുന്ന രീതിയായിരുന്നു തിരുമേനിയുടേത്. അദ്ദേഹത്തിന്റെ അടുത്തു ചെല്ലാൻ പലർക്കും ഭയമുണ്ടായിരുന്നതും ഇതുകൊണ്ടാണ്. ഓർത്തഡോക്സ് പാരമ്പര്യത്തിൽ ആത്മീയ ഗുരുക്കന്മാരായി അംഗീകരിക്കപ്പെടുന്നവർക്ക് അവശ്യം വേണ്ട വരമാണ് ഈ വിവേചനശക്തിയുള്ള ഉൾക്കാഴ്ച.

ഗുരുവായ പരുമല തിരുമേനിയും ശിഷ്യനായ ഗീവർഗീസ് ദ്വിതീയൻ ബാവായും തമ്മിലുണ്ടായിരുന്ന ഗുരു-ശിഷ്യ ബന്ധം ഭാരതീയവും പൗരസ്ത്യവുമായ നല്ല ചില പാരമ്പര്യങ്ങളുടെ നിദർശനമായിരുന്നു. ഗുരുമുഖത്തുനിന്ന് പഠിക്കുകയും ഗുരുസാന്നിധ്യത്തെ ദൈവസാന്നിധ്യമായി കരുതുകയും ചെയ്യുന്ന മഹത്തായ പൈതൃകത്തെ ഭാരതത്തിലെ ഓർത്തഡോക്സ് സഭ എന്നും ആദരിച്ചിരുന്നു. അക്ഷരവും അനുഷ്ഠാനവും ഗുരുവിന്റെ ഉപദേശത്താൽ അമർത്യതയുടെ പാത തെളിക്കുമെന്നു ബാവാ തിരുമേനി മനസ്സിലാക്കിയിരുന്നു.

വിമർശനത്തിന്റെ യുക്തിയിലൂന്നിയ ഗുരുനിഷേധത്തെ ആധുനികതയുടെ ആത്മാവായി കാണാറുണ്ട്. എന്നാൽ ഗുരുവിന്റെ ആത്മശോഭയെ

സ്വാംശീകരിച്ച് ഗുരുസാന്നിധ്യത്തിലൂടെ ദിവ്യസത്യങ്ങളെ അനാവരണം ചെയ്യുകയാണ് പൗരസ്ത്യ ആദ്ധ്യാത്മികതയുടെ രീതി. അതിനു നല്ലൊരു മാതൃകയാണ് പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ.

ഭാരതത്തിലെ ഓർത്തഡോക്സ് സഭയെക്കുറിച്ച് അദ്ദേഹം കണ്ട സത്യ ദർശനവും അദ്ദേഹത്തിന്റെ നിസ്തുലമായ ആത്മജ്വാലയും അനുരഞ്ജനത്തിന്റെ പുതിയ വഴികൾ നമുക്കു മുമ്പിൽ തുറക്കുമെന്ന് പ്രത്യാശിക്കാം.

മലങ്കരസഭയ്ക്ക് അമൂല്യമായ ഒരു ഗുരുപരമ്പരയുണ്ട്. ഒട്ടൊക്കെ വിസ്മൃതമാകുന്ന അതിന്റെ കണ്ണികൾ കണ്ടെത്തി, തിളക്കിയെടുത്ത് നിരന്തരം നമുക്കു മുമ്പിൽ അവതരിപ്പിക്കാൻ ശ്രീ. ജോയ്സ് തോട്ടയ്ക്കാടിന് സവിശേഷമായ സിദ്ധിയും ജാഗ്രതയുമുണ്ട്. ലാഭനഷ്ടങ്ങൾ നോക്കാതെ, എന്തു ത്യാഗം സഹിച്ചും, മലങ്കരയുടെ മഹാനിധികളെ മനുഷ്യനന്മയ്ക്കായി വിനിമയം ചെയ്യുന്ന ജോയ്സ് തന്റെ അന്വേഷണങ്ങളും ആർക്കൈവ്സും പ്രസിദ്ധീകരണങ്ങളും താൻ സ്ഥാപിച്ചു വളർത്തിയ മലങ്കര ഓർത്തഡോക്സ് ടി.വി. യും മുഖാന്തിരം നമുക്കും വരുംതലമുറകൾക്കും നിസ്തുല സേവനമാണ് നൽകുന്നത്. അനുഗ്രഹത്തിന്റെ പുതുവഴികൾ ഇനിയും പെരുകി വരട്ടെ.

ദേവലോകം
ഒക്ടോബർ 27, 2015

ആമുഖം

വിശുദ്ധിയും പാണ്ഡിത്യവും സമഞ്ജസമായി സമ്മേളിച്ച 'മലങ്കര യുടെ വലിയ ബാവാ' പ. ഗീവർഗീസ് രണ്ടാമന്റെ ഡയറിക്കുറിപ്പുകൾ, കല്പനകൾ, പ്രഭാഷണങ്ങൾ, സൂക്തങ്ങൾ എന്നിവയുടെ സമാഹാര മാണ് ഈ ഗ്രന്ഥം. അണുവിട തെറ്റാതെയുള്ള യാമപ്രാർത്ഥനകളും ചിട്ട യായ ജീവിതക്രമവും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ പ്രത്യേകതയാ യിരുന്നു. എല്ലാ ദിവസവും രാത്രി ഉറങ്ങാൻ കിടക്കുംമുമ്പ് അന്നത്തെ പ്രധാനപ്പെട്ട സംഭവങ്ങൾ പറഞ്ഞുകൊടുത്ത് ഡയറിയിൽ എഴുതിക്കുക അദ്ദേഹത്തിന്റെ പതിവു ജീവിതചര്യയായിരുന്നു. 1958-ലെ അദ്ദേഹ ത്തിന്റെ ജീവിതത്തിലെ ഏതാനും മാസങ്ങളാണ് ഈ ഗ്രന്ഥത്തിലുൾപ്പെ ടുത്തിയിരിക്കുന്ന ഡയറിക്കുറിപ്പുകളിൽ ചുരുൾ നിവരുന്നത്.

1991-ലാണെന്ന് തോന്നുന്നു, ഒരു ദിവസം സഭാചരിത്ര ഗവേഷകനായ വർഗീസ് ജോൺ തോട്ടപ്പുഴ എന്റെ വീട് തേടിപ്പിടിച്ച് കാണാൻ വന്നു. 'നസ്രാണി' എന്നൊരു ലിറ്റിൽ മാഗസിനും ബഥേൽ പബ്ലിക്കേഷൻസ് എന്ന പുസ്തക പ്രസാധന സംരംഭവുമൊക്കെയായി സഭാചരിത്ര ഗവേ ഷണരംഗത്തേക്ക് കാലെടുത്തുവെച്ച എന്നെ അദ്ദേഹം പരിചയപ്പെട്ടു. പിന്നീട് ഒരിക്കൽ ഞങ്ങൾ ഒരുമിച്ച് ഒരു അന്വേഷണത്തിനായി ദേവലോ കത്തേയ്ക്ക് പോയി. അന്നത്തെ കാതോലിക്കാ ആയിരുന്ന പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ 'കോറൂയോ പട്ടംകൊട'യുടെ തീയതി കണ്ടെ ത്തുകയെന്നതായിരുന്നു വർഗീസിന്റെ ലക്ഷ്യം. ഞങ്ങൾ സന്ധ്യാപ്രാർത്ഥ നയ്ക്കു ശേഷം പ. ബാവാതിരുമേനിയെ കണ്ട് ഇക്കാര്യം അന്വേഷിച്ചെ ങ്കിലും അദ്ദേഹത്തിനും ആ തീയതി അറിയാൻ പാടില്ലായിരുന്നു. "എന്റെ തലയിൽ പ. ഗീവർഗീസ് രണ്ടാമൻ ബാവാ അല്ലാതെ ആരും കൈ വച്ചി ട്ടില്ല" എന്ന് ബാവാ പറഞ്ഞു. ഞങ്ങൾ നിരാശരായി താഴെ വന്ന്, അന്ന് മലങ്കരസഭാ മാനേജർ, സണ്ടേസ്കൂൾ പബ്ലിക്കേഷൻ ഓഫീസർ തുടങ്ങി പല സ്ഥാനങ്ങൾ വഹിച്ചുകൊണ്ട് ദേവലോകത്തു താമസിച്ചിരുന്ന, പ. ഗീവർഗീസ് രണ്ടാമന്റെ സെക്രട്ടറി സ്ഥാനത്തു പ്രവർത്തിച്ചിട്ടുള്ള ഫാ. ടി. ജി. സഖറിയായോടു കാര്യങ്ങൾ അറിയിച്ചു. "വലിയ ബാവായുടെ കുറെ ഡയറികളും കൽപനബുക്കുകളും സൂക്ഷിച്ചുവെച്ചിട്ടുണ്ടെന്നു" പറഞ്ഞ് അദ്ദേഹം സണ്ടേസ്കൂൾ കെട്ടിടത്തിലെ ഒരു അലമാരിയുടെ മുകളിലെ തട്ടിൽ കുറെ ബുക്കുകൾ ഇരിക്കുന്നത് കാണിച്ചുതന്നു. ആ ബുക്കുകൾ പരിശോധിച്ചതിൽ, പ. വട്ടശ്ശേരിൽ തിരുമേനിയുടേതും പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടേയും ഡയറിക്കുറിപ്പുകളും കൽപന ബുക്കുകളും ആണ് അവയെന്ന് മനസ്സിലായി. വലിയ ബാവായുടെ ഡയ റികൾ പരിശോധിച്ചതിൽ നിന്നും, പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ

ശംശോനോ, വൈദിക പട്ടംകൊടകളുടെ ശരിയായ തീയതി കിട്ടിയെ ങ്കിലും, 'കോറൂയോ പട്ടംകൊട"യുടെ കാലത്തെ ഡയറി ഇല്ലാതിരുന്ന തിനാൽ ആ തീയതി ലഭിച്ചില്ല. ഈ ഡയറികളുടെ പ്രാധാന്യം ഞങ്ങൾ സഖറിയാ അച്ചനെ പറഞ്ഞു ബോധ്യപ്പെടുത്തി. പിന്നീട് അവ പ. മാത്യൂസ് പ്രഥമൻ ബാവാ ആരംഭിച്ച 'കാതോലിക്കേറ്റ് ലൈബ്രറി'യി ലേക്ക് മാറ്റുകയും ചെയ്തു. 1992-ൽ മലങ്കരസഭയിലെ പുരാതന രേഖ കൾ ഓർത്തഡോക്സ് സെമിനാരി മൈക്രോഫിലിമിലാക്കി. പിന്നീട് 'കാതോലിക്കേറ്റ് ലൈബ്രറി'യിലെ ഗ്രന്ഥങ്ങളും രേഖകളും ഓർത്ത ഡോക്സ് സെമിനാരി ആർക്കൈവ്സിനു കൈമാറിയപ്പോൾ ഇവ സെമി നാരിയിലെത്തി സൂക്ഷിക്കപ്പെടുന്നു. മൈക്രോഫിലിം ചെയ്യപ്പെട്ട രേഖ കൾ ഡിജിറ്റൽ രൂപത്തിലാക്കാൻ പറ്റുമോ എന്ന് അന്വേഷിക്കാൻ ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് സെമിനാരി ലൈബ്രേറിയനായ ഫാ. സി. സി. ചെറിയാൻ അന്വേഷിച്ചപ്പോൾ അത് സാധ്യമാണെന്നു മനസ്സിലായതോടെ മൈക്രോഫിലിം ചെയ്യപ്പെട്ട രേഖകളിലെ പ്രധാനപ്പെട്ടവ ഡിജിറ്റൽ രൂപ ത്തിലേക്കു മാറ്റുകയുണ്ടായി. അങ്ങനെ മുൻപറഞ്ഞ അമൂല്യരേഖകൾ ഡിജിറ്റൽ രൂപത്തിൽ ഇപ്പോൾ ഓർത്തഡോക്സ് സെമിനാരിയിലെ ഡിജി റ്റൽ ലൈബ്രറിയിൽ (OSDL) ലഭ്യമാണ്.

1958 സെപ്റ്റംബറിൽ ഉണ്ടായ സുപ്രീംകോടതിവിധിയുടെയും ഡിസം ബറിൽ നടന്ന സഭാസമാധാനത്തിന്റെയും തൊട്ടുമുമ്പുള്ള ഏതാനും മാസങ്ങളുടെ ദൃക്സാക്ഷി വിവരണമാണ് പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ ഈ ഡയറിക്കുറിപ്പുകളിൽ അടങ്ങിയിരിക്കുന്നത്. 'സന്ധ്യാ നമസ്ക്കാരശേഷം നാം വിശ്രമിച്ചു', 'സുഖമായി ഉറങ്ങി', 'ഉറക്കം അത്ര നന്നായില്ല', 'നാം സുഖമായി താമസിച്ചു' തുടങ്ങി പല വാചകങ്ങളും പലയിടത്തും ആവർത്തിക്കുന്ന ഈ ഡയറിക്കുറിപ്പുകളുടെ പ്രസിദ്ധീക രണത്തിന്റെ പ്രസക്തിയെക്കുറിച്ച് ചിലർക്കെങ്കിലും സംശയമുണ്ടാവാം. സഭാചരിത്രകാരന്മാർക്കോ ഗവേഷകർക്കോ പോലും അറിവില്ലാത്ത ഒട്ടേറെ സുപ്രധാന വിവരങ്ങൾ ഇതിൽ നിന്നും ലഭിക്കും എന്നതു മാത്ര മല്ല ഇത് സമാഹരിച്ചു പ്രസിദ്ധീകരിക്കുന്നവർക്ക് പറയാനുള്ളത്. ഐ പാഡ് ഉപയോഗിക്കുന്ന, തിരക്കുകളിൽ നിന്നും തിരക്കുകളിലേക്ക് ഓടി ക്കൊണ്ടിരിക്കുന്ന മെത്രാപ്പോലീത്തന്മാരുടെ പുതിയ തലമുറയ്ക്ക് പഠി ക്കാൻ ഒരു കൈപുസ്തകമാണ് ഇത്. 'വലിയ ബാവായ്ക്കു പഠിക്കാ നല്ല', ഇതിൽ നിന്നും എന്തെങ്കിലും ഉൾവെളിച്ചം ലഭിക്കാനാണ് ശ്രമി ക്കേണ്ടതെന്നു മാത്രം.

മലങ്കരസഭാ മാസികയുടെ പഴയ ലക്കങ്ങളിൽ പ. ഗീവർഗീസ് രണ്ടാ മൻ ബാവായുടെയും, ഫാ. പോൾ വർഗീസിന്റെയും (ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്) പ്രസംഗങ്ങളുടെ സമ്പാദകനായും 'തിരുസന്നി

ധിയിൽ നിന്നു ചില പാഠങ്ങൾ' എന്ന ഗുരുശിഷ്യ സംവാദത്തിന്റെ എഴുത്തുകാരനായും എല്ലാ വർഷവും 'മലങ്കരസഭാ' മാസികയിൽ കാണുന്ന ചരമ സ്മരണ പുതുക്കുന്ന ഫോട്ടോയിൽ നിന്നുമാണ് നെടുമാവ് റ്റി. വി. ജോർജ് അച്ചനെ ഞാൻ അറിയുന്നത്. 'തിരുസന്നിധിയിൽ നിന്നും' സമാഹരിക്കുവാൻ കുറെ വർഷങ്ങളായി ഞാൻ ശ്രമിച്ചുവെങ്കിലും അത് പൂർണ്ണമായി സാധിച്ചത് ഇപ്പോഴാണ്. അതിനുവേണ്ടി മലങ്കരസഭാ മാസികയുടെ പഴയ ലക്കങ്ങളിൽ തപ്പിവരവെ അപ്രതീക്ഷിതമായി അച്ചന്റെ ചരമ വാർത്ത കാണാനിടയായത് വളരെ വേദനിപ്പിച്ചു. പ. ഗീവർഗീസ് രണ്ടാമൻ ബാവാ കാലം ചെയ്തതിനുശേഷം മാത്രം പൗരോഹിത്യ പദവിയുടെ ആദ്യപടിയിൽ പ്രവേശിച്ച അദ്ദേഹം, ഏതാനും വർഷങ്ങൾക്കുള്ളിൽ ആകസ്മികമായി വിടവാങ്ങി എന്നത് അപ്പോൾ മാത്രമാണ് മനസ്സിലാക്കിയത്. വലിയ ബാവായുടെ ആഘോഷപൂർവ്വമായി നടത്തിയ ചരമ രജത ജൂബിലിയും, ചരമ സുവർണ ജൂബിലിയും പിന്നിട്ടിട്ടും, പല സുവനീറുകളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടും ഈ ഗുരുശിഷ്യ സംവാദം സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ ആർക്കും തോന്നാഞ്ഞതിനെ ഓർത്ത് ദുഃഖിക്കുന്നു. ഇവ സമാഹരിക്കാൻ കിട്ടിയ ദൈവാനുഗ്രഹത്തെ ഓർത്തു ശിരസു നമിക്കുന്നു.

പ. പൗലൂസ് ശ്ലീഹാ ഗമാലിയേലിന്റെ പാദപീഠത്തിലിരുന്നു പഠിച്ചതുപോലെ, മഹാപരിശുദ്ധനായ പരുമല തിരുമേനിയുടെ പാദപീഠത്തിലിരുന്നു പഠിക്കുവാൻ മഹാഭാഗ്യം ലഭിച്ച ഗീവറുഗീസ് രണ്ടാമൻ ബാവായ്ക്കു, പരുമലയിലെ മല്പാൻ പാഠശാലയിൽ നിന്നു പകർന്നു കിട്ടിയതും പിന്നീട് അവിടെത്തന്നെ മല്പാനായിരിക്കെ സ്വന്തം അന്വേഷണ പഠനങ്ങളിലൂടെ കൈവന്നതുമാണ് വേദപുസ്തക-ദൈവശാസ്ത്ര വിജ്ഞാനം. ബാർ എബ്രായ (ഹൂദായ കാനോൻ), മാർ യൗസേബിയോസ് (സഭാചരിത്രം) തുടങ്ങിയ സഭാപിതാക്കന്മാരുടെ രചനകൾ, രഹസ്യ പ്രാർത്ഥനകൾ, പിതാക്കന്മാരുടെ പർദൈസാ, പിതാക്കന്മാരുടെ ജീവചരിത്രങ്ങൾ എന്നിവയുടെ വായനയും പഠനവും മൂലം കരഗതമായ പാണ്ഡിത്യം (റമ്പാനായിരിക്കെ 9 ഗ്രന്ഥങ്ങൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചു എന്ന കാര്യവും ഓർക്കുക) വേദപുസ്തകത്തിലെ സമസ്യകളെ പൂരിപ്പിക്കുവാനുള്ള കഴിവ് അദ്ദേഹത്തിനു നൽകി. ഈ അറിവിന്റെ അമൂല്യമുത്തുകൾ തന്റെ പ്രിയ ശിഷ്യന്മാരിലേക്കു അദ്ദേഹം പകർന്നു നൽകിയെങ്കിലും അത് അടുത്ത തലമുറയിലേക്കു വേണ്ടത്ര കൈമാറപ്പെട്ടില്ല. ഇന്ന് വേദപുസ്തകത്തിലെ വൈരുദ്ധ്യങ്ങളെ ചൂണ്ടിക്കാണിച്ച് ഉത്തരം തേടുമ്പോൾ, പൗരോഹിത്യവൃന്ദം ചോദ്യകർത്താവിനെ കളിയാക്കിയും മറുചോദ്യം ഉന്നയിച്ചും ഇരുത്താൻ ശ്രമിക്കുന്നത് ഇതുമൂലമാണെന്ന് തോന്നുന്നു. ബാവാതിരുമേനിയിൽ

നിന്നും ലഭിച്ച അപൂർവ്വ അറിവുകൾ ഒരു ശിഷ്യൻ രേഖപ്പെടുത്തി വെച്ചെങ്കിലും അത് സമാഹരിച്ചു പ്രസിദ്ധീകരിക്കായ്ക മൂലവും, വൈദിക പരിശീലനപദ്ധതി അക്കാദമിക നിലവാരത്തിലുയർത്താൻ സെറാമ്പൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്കയാൽ സഭാപിതാക്കന്മാരുടെ രചനകളുടെ പഠനം പാഠ്യപദ്ധതിയിൽ നിന്നും പുറത്തായതു മൂലവും കഴിഞ്ഞ 50 വർഷമായി വേദപുസ്തക സമസ്യകളുടെ പൂരണത്തിനു നമ്മുടെ പൗരോഹിത്യവൃന്ദം വിഷമിക്കുകയാണ്. പഴയനിയമ-പുതിയ നിയമ വിഷയങ്ങളിൽ പണ്ഡിതരായ അനേകർ ഉണ്ടെങ്കിലും മല്പാൻ പാഠശാലകളിൽ നിന്നു കൈമാറികിട്ടിക്കൊണ്ടിരുന്ന വേദപുസ്തക ദൈവശാസ്ത്ര അറിവുകൾ അവരിൽ കാണുന്നില്ല എന്നതാണ് സത്യം. ഇത് ബോധ്യമാകുവാൻ ഈ ഗ്രന്ഥത്തിലെ 'തിരുസന്നിധിയിൽ നിന്നു ചില പാഠങ്ങൾ' എന്ന ഫാ. റ്റി. വി. ജോർജിന്റെ ലേഖനപരമ്പര പഠനവിധേയമാക്കിയാൽ മാത്രം മതി.

ബാവാതിരുമേനി എന്താണ് ജീവിച്ചിരുന്നപ്പോൾ നമ്മെ വീണ്ടും വീണ്ടും പറഞ്ഞു പഠിപ്പിച്ചിരുന്നത് എന്നറിയുവാൻ ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും കല്പനകളും സൂക്തങ്ങളും ഉപകരിക്കും.

ഈ ഗ്രന്ഥനിർമ്മാണ തപസ്യയിൽ എന്നെ സഹായിച്ച ആത്മമിത്രങ്ങളും സഹഗവേഷകരുമായ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഡോ. എം. കുര്യൻ തോമസ്, വർഗീസ് ജോൺ തോട്ടപ്പുഴ എന്നിവരോടുള്ള നന്ദി ഹൃദയത്തിൽ സൂക്ഷിക്കുന്നു.

ഈ ഗ്രന്ഥപ്രസിദ്ധീകരണത്തിന് സാമ്പത്തികമായ കൈത്താങ്ങൽ നൽകിയ ഗീവറുഗീസ് രണ്ടാമൻ ബാവായുടെ പേരിൽ പ്രവർത്തിക്കുന്ന അശരണരുടെയും ആലംബഹീനരുടെയും അത്താണിയായി മാറിയ കുവൈറ്റ് മാർ ബസേലിയോസ് മൂവ്മെന്റിനോടും അതിന്റെ പ്രവർത്തകരായ എന്റെ പ്രിയ സ്നേഹിതന്മാരോടും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

ഈ സംരംഭത്തെ പ്രോത്സാഹിപ്പിച്ച എന്റെ സഹോദരങ്ങളായ മനോജ് തോമസ്, നിക്സൺ തോമസ് (കുവൈറ്റ്) ആത്മസ്നേഹിതനായ ജോൺസൺ ജേക്കബ് മല്ലപ്പള്ളി എന്നിവരോടുമുള്ള കൃതജ്ഞത അറിയിക്കുന്നു.

പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ വേദപുസ്തക, വേദശാസ്ത്ര പാണ്ഡിത്യത്തിന്റെയും വിശുദ്ധിയുടെയും മുമ്പിൽ തല കുനിച്ചു നിന്ന ആഗോള പണ്ഡിതനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, ബാവായെക്കുറിച്ചെഴുതിയ നാലു ലേഖനങ്ങളും ഈ ഗ്രന്ഥത്തിൽ സമാഹരിച്ചു ചേർത്തിരിക്കുന്നു.

അന്വേഷണമാണ് പുതിയ അറിവുകളെ പ്രദാനം ചെയ്യുന്നത്. അറിവ് സ്വയം ചീർക്കുവാനുള്ളതല്ല; പങ്കിടുവാനുള്ളതാണ്. ഞങ്ങൾക്കു കിട്ടിയ ഒരു നിധി പങ്കുവെയ്ക്കുകയാണിവിടെ. ഇത് ദൈവതിരുനാമ മഹത്വ ത്തിനും നന്മയിലേയ്ക്കുള്ള നിറവിനും അൽപമെങ്കിലും ഉതകിയാൽ ഞങ്ങൾ ധന്യരായി.

ജോയ്സ് തോട്ടയ്ക്കാട്

കോട്ടയം
24-11-2015

വലിയ ബാവായുടെ ഡയറിക്കുറിപ്പുകൾ

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കര ഓർത്തഡോക്സ് സഭയിൽ കല്ലാശ്ശേരി ബാവാ, കുറിച്ചി ബാവാ, വലിയ ബാവാ എന്നീ പേരുകളിൽ അറിയപ്പെട്ട പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ (1874-1964) ഡയറിക്കുറിപ്പുകൾ വിളിച്ചറിയിക്കുന്നത് മലങ്കരസഭയുടെ സാമൂഹിക ചരിത്രമാണ്. മലയാള സാഹിത്യ ചരിത്രത്തിൽ കത്തുകളുടെ രൂപത്തിൽ ആദ്യമായി യാത്രാവിവരണം എഴുതിയതും ഗീവർഗീസ് ദ്വിതീയൻ ബാവായാണ്. അദ്ദേഹം 1908 മാർച്ച് 26-ന് ഊർശ്ലേമിലേക്ക് യാത്ര തിരിച്ച് ജൂലൈ 19-ന് തിരിച്ചെത്തിയതിന്റെ ദീർഘമായ യാത്രാനുഭവങ്ങളാണ് യറുശലേം കത്തുകളിലൂടെ അവതരിപ്പിക്കുന്നത്.

പ്രശസ്ത ചരിത്രകാരനും മാധ്യമ പ്രവർത്തകനുമായ ജോയ്സ് തോട്ടയ്ക്കാട് കണ്ടെത്തി പ്രസിദ്ധീകരിക്കുന്ന 'വലിയ ബാവായുടെ ഡയറിക്കുറിപ്പുകൾ' 1957 ആഗസ്റ്റ് 27 മുതൽ 1958 ആഗസ്റ്റ് 20 വരെയുള്ള 358 ദിവസത്തെ അനുദിന സംവേദനങ്ങളാണ്. 'തിരുസന്നിധിയിൽ' എന്ന ഈ ഗ്രന്ഥത്തിൽ ഏഴ് ഭാഗങ്ങളിലായി പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറിക്കുറിപ്പുകളും കല്പനകളും പ്രഭാഷണങ്ങളും അനുസ്മരണങ്ങളും ഉൾക്കൊള്ളുന്നു. ഈ കൃതിയിലെ 'ഗുരുശിഷ്യ സംവാദം' അതീവ ഹൃദ്യമാണ്. ഫാ. റ്റി. വി. ജോർജ് നെടുമാവ് ഗുരുവിൽ നിന്നും കേട്ടറിഞ്ഞ അനുഭവങ്ങൾ സംഭാഷണശൈലിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. 'മലങ്കരയുടെ മഹർഷിവര്യൻ' എന്ന് വിശേഷിപ്പിക്കുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ജീവിതവും വേദശാസ്ത്ര ദർശനവും അപഗ്രഥിക്കുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പ്രൗഢവും ദീർഘവുമായ രചനയാണ് അവസാന ഭാഗമായി ഉൾക്കൊള്ളിച്ചിരിക്കുന്നത്.

നിരന്തരമായി എഴുതുവാനും കൃത്യമായി വിവരങ്ങൾ ശേഖരിച്ച് അടയാളപ്പെടുത്തുവാനും അനിതരസാധാരണമായ സിദ്ധിവൈഭവമുണ്ടായിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറിക്കുറിപ്പുകൾ സഭാചരിത്രത്തിന്റെ വിവിധ തലങ്ങളാണ് വെളിപ്പെടുത്തുന്നത്.

സ്വകാര്യമായ ദർശനങ്ങളും അഭിപ്രായങ്ങളുമാണ് ഡയറിക്കുറിപ്പിൽ ഉൾക്കൊള്ളുന്നത് എങ്കിലും അത് ഒരു കാലഘട്ടത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ചരിത്രത്തെയാണ് അടയാളപ്പെടുത്തുന്നത്. പ.

ഗീവർഗീസ് ദ്വിതീയൻ ബാവാ നടത്തിയ വിവാഹം, തൈലാഭിഷേകം, ശവസംസ്ക്കാരം, ഓർമ്മകുർബ്ബാന, പട്ടംകൊട, വൈദിക കബറടക്കം, പള്ളികൂദാശ, സന്ദർശനങ്ങൾ തുടങ്ങി നിരവധി സ്വകാര്യതകൾ കൃത്യമായി ആലേഖനം ചെയ്തിരിക്കുന്ന ഈ ഡയറിക്കുറിപ്പുകൾ വിവിധ ദേശങ്ങളുടെയും പള്ളികളുടെയും കുടുംബങ്ങളുടെയും അടിസ്ഥാന രേഖയായിത്തീരുന്നു.

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ദർശനങ്ങൾക്കും കാഴ്ചപ്പാടുകൾക്കും അടിത്തറ ലഭ്യമായത് ഗുരുക്കന്മാരായ പുലിക്കോട്ടിൽ ജോസഫ് മാർ മാർ ദീവന്നാസിയോസ് (1833-1909), പ. പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (1848-1902), പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് (1858-1934) എന്നിവരിൽ നിന്നുമായിരുന്നു. ഈ ഗുരുപരമ്പരയുടെ അമൂല്യസിദ്ധിവിശേഷങ്ങളായ വിശുദ്ധജീവിതം, വേദപരിജ്ഞാനം, പ്രഭാഷണപാടവം, ഗ്രന്ഥരചനാസിദ്ധി, സാമൂഹിക കാഴ്ചപ്പാട് എന്നിവ ശിഷ്യനായ വലിയ ബാവായിലേക്കും അനുസ്യൂതം സംക്രമിച്ചു. അജപാലനരംഗത്ത് 16 വർഷം മെത്രാപ്പോലീത്തായായും (1912-1929), 34 വർഷം കാതോലിക്കായായും (1929-1964) അതിൽ 28 വർഷം മലങ്കര മെത്രാപ്പോലീത്തായായും (1934 ഡിസംബർ 28 - 1964 ജനുവരി 3) മലങ്കരസഭയെ നയിച്ച യുഗപ്രഭാവവാനായ പ. വലിയ ബാവായുടെ രചനകളും ഡയറിക്കുറിപ്പുകളും സമഗ്രമായി കണ്ടെടുത്തു പ്രസിദ്ധീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

കേരളത്തിന്റെ ദേശീയ സാമൂഹിക രംഗത്തും ആദ്ധ്യാത്മിക രംഗത്തും വിശുദ്ധി പകർന്ന പ്രതിഭാശാലിയായ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറിക്കുറിപ്പുകൾ ആ ധന്യ ജീവിതവും കർമ്മശേഷിയും വെളിപ്പെടുത്തുന്നു:

1. സ്വകാര്യ ജീവിതക്രമം

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സ്വകാര്യ ജീവിതത്തിന്റെ ഒരു ദിവസം ആരംഭിക്കുന്നത് വെളുപ്പിന് നാലു മണിയോടെയാണ്. എല്ലാ ദിവസവും കൃത്യം 10 മണിയോടെ ഉറങ്ങും. ഇക്കാര്യങ്ങൾ കൃത്യമായി ഡയറിക്കുറിപ്പിൽ എഴുതിയിട്ടുണ്ട്. രാവിലത്തെ നമസ്കാരം, പത്രവായന, കാപ്പി, മരുന്ന്, കുത്തിവെയ്പ്, എഴുത്തുകൾക്ക് മറുപടി, സന്ദർശകരെ കാണൽ, സന്ധ്യാ നമസ്കാരം, കുളി, അത്താഴം, പുസ്തകവായന, സൂത്താറ, ഉറക്കം എന്നിങ്ങനെയാണ് ദേവലോകത്തെ ഒരു സാധാരണ ദിവസത്തിന്റെ ക്രമം.

എവിടെപ്പോയാലും കൃത്യമായി വിശ്രമിക്കുകയും ഉറങ്ങുകയും ചെയ്യു

മായിരുന്നു. ഡയറിക്കുറിപ്പിൽ അനവധി പ്രാവശ്യം ആവർത്തിക്കുന്ന വാക്കുകളാണ്: വിശ്രമിച്ചു, അല്പസമയം വിശ്രമിച്ചു; സുഖമായി താമസിച്ചു, സുഖമായി ഉറങ്ങി എന്നിവ. വിവാഹത്തിന് നേരത്തെ ചെല്ലും. അല്പം വിശ്രമിച്ചശേഷം വിവാഹ ശുശ്രൂഷ. ഭക്ഷണം കഴിഞ്ഞും വിശ്രമം. അതിനുശേഷം യാത്ര. വി. കുർബ്ബാന കഴിഞ്ഞു വിശ്രമം. വിശ്രമവും ഉറക്കവും കൃത്യമായി പരിപാലിച്ചതാണ് പ. വലിയ ബാവായുടെ ആരോഗ്യ ജീവിതത്തിന്റെ മഹാരഹസ്യം.

ഓരോ സ്ഥലങ്ങളിൽ എത്തുമ്പോഴും സന്ദർശകരായി എത്തുന്ന പ്രമുഖർ പ. ബാവായോടൊപ്പം താമസിച്ചിരുന്നു. ദേവലോകത്ത് ദീർഘയാത്ര ചെയ്ത് എത്തുന്ന സന്ദർശകർക്ക് പ. ബാവായോടൊത്ത് താമസം ക്രമീകരിച്ചിരുന്നു. സന്ദർശകരുടെ കൃത്യമായ പേരും വിവരങ്ങളും ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മാതാപിതാക്കളുടെ ഓർമ്മദിവസം കൃത്യമായി കുറിച്ച് പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുമായിരുന്നു. 1957 ഒക്ടോബർ 12 ശനിയാഴ്ച അമ്മയുടെ ഓർമ്മദിവസം രാവിലെ കുർബ്ബാന അർപ്പിച്ചു. 'ശവക്കോട്ടയിൽ പോയി പ്രത്യേകം പ്രാർത്ഥന നടത്തി' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അപ്പന്റെ ഓർമ്മ 1958 ജനുവരി 14-ന് നടന്നില്ല എന്ന വിവരവും ഉണ്ട്. 1958 ജൂൺ 15-നുള്ള ഡയറിക്കുറിപ്പിൽ: 'നമുക്ക് 84 വയസ്സ് ഇന്നു തികയുന്ന ദിനമായിരുന്നതുകൊണ്ട് കർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. യാചകകേന്ദ്രത്തിൽ നമുക്കുവേണ്ടി ഒരു സദ്യ നടത്തുന്നുണ്ട്.'

വളരെ ലളിതവും സുതാര്യവുമായ സ്വകാര്യ ജീവിതക്രമമാണ് ഗീവർഗീസ് ദ്വിതീയൻ ബാവായുടേത്. സൗഹൃദങ്ങളും വ്യക്തിബന്ധങ്ങളും ജാതിമതഭേദങ്ങൾക്കപ്പുറമായിരുന്നു. പ്രാർത്ഥനയും ലളിതജീവിതവും വിശുദ്ധിയും പരിരക്ഷിച്ചുള്ള നടപടിക്രമങ്ങൾ പ. വലിയ ബാവാ നിലനിർത്തിയെന്ന് ഡയറിക്കുറിപ്പുകൾ വെളിപ്പെടുത്തുന്നു.

സന്ദർശകരെ കൊണ്ടുവരുന്നവരുടെയും സമ്മാനങ്ങളുടെയും ദീർഘമായ വിവരണങ്ങൾ ഡയറിയിലുണ്ട്. ശെമ്മാശന്മാരുടെ കല്യാണസമയത്ത് സമ്മാനമായി മോതിരം നൽകിയിരുന്നു. വ്യക്തിബന്ധം അഗാധമായി സൂക്ഷിച്ചിരുന്ന പ. ബാവാ തിരുമേനിക്ക് സമ്മാനങ്ങൾ കൊടുക്കുവാനും സ്വീകരിക്കുവാനുമുള്ള വിശാലഹൃദയം ഉണ്ടായിരുന്നു.

2. ക്രമമായ ആരാധനയും പ്രഭാഷണവും

പൗരസ്ത്യ ആദ്ധ്യാത്മികതയും യോഗാത്മകതയും ജീവിതത്തിൽ ഉൾക്കൊണ്ട പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ആരാധനയും പ്രഭാഷണവും അതീവ ഹൃദ്യമായിരുന്നു. ആരാധന കൃത്യസമയത്ത് ആരം

ഭിക്കും. വി. കുർബ്ബാന പത്ത് പത്തര മണിയോടെ സമാപിക്കും. എല്ലാ ഞായറാഴ്ച ദിനങ്ങളിലും വി. കുർബ്ബാനയിൽ അര മണിക്കൂർ പ്രസംഗിക്കും. ഡയറിക്കുറിപ്പിൽ കുർബ്ബാനമദ്ധ്യേ അര മണിക്കൂർ നാം പ്രസംഗിച്ചു എന്നും 'പത്ത് മണിയോടെ കുർബ്ബാന കഴിഞ്ഞ് നാം വിശ്രമിച്ചു' എന്നും ആവർത്തിക്കുന്നുണ്ട്.

1957-ലെ എട്ടുനോമ്പിന്റെ പ്രാരംഭ ദിവസം പുതിയകാവ് പള്ളിയിലും സെപ്റ്റംബർ 8-ന് ദേവലോകം ചാപ്പലിലും കുർബ്ബാനമദ്ധ്യേ അരമണിക്കൂർ പ്രസംഗിച്ചു. 'ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എട്ടുനോമ്പിന്റെ പല ദിവസങ്ങളിലും വി. കുർബ്ബാന അർപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. 1957-ലെ സ്ലീബാ പെരുന്നാളിന് പുത്തൻകാവ് പള്ളിയിൽ ആയിരുന്നു. ഡയറിയിൽ എഴുതി: 'ബസ്മൽക്കോയ്ക്ക് ഇടയ്ക്ക് സ്ലീബാ ആഘോഷ ശുശ്രൂഷ നടത്തി. പത്തരമണിയോടെ സമാപിച്ചു.' അക്കാലത്ത് പല പള്ളികളിലും വി. മൂന്നിന്മേൽ കുർബ്ബാന ഉണ്ടായിരുന്നു. അതിന് മുഖ്യ നേതൃത്വം നൽകുകയും ചെയ്തിരുന്നു. മോറാനായ പെരുന്നാളുകളിൽ അന്നും ഇന്നത്തെപ്പോലെ വിശ്വാസികളുടെ സാന്നിധ്യം ശുഷ്ക്കമായിരുന്നു.

ജൂലൈ മൂന്നിനും ഡിസംബർ 18 മുതൽ 20 വരെയും മാർത്തോമ്മായുടെ പെരുന്നാൾ ആചരിച്ചിരുന്നതായി ഡയറി വ്യക്തമാക്കുന്നു. 'മാർത്തോമ്മാ ശ്ലീഹായുടെ ഭാഗ്യമരണം പ്രാപിച്ച ദിവസം' എന്നാണ് എഴുതിയിരിക്കുന്നത്. പിതാക്കന്മാരുടെ പെരുന്നാളുകൾ ഞായറാഴ്ചകളിൽ വന്നാലും ആ ദിവസം പെരുന്നാളായി ആചരിച്ചിരുന്ന പതിവാണ് അക്കാലത്ത് നിലവിലിരുന്നതെന്ന് ഡയറിയിൽ നിന്നും മനസ്സിലാക്കാം. 1957 നവംബർ 24 ഞായറാഴ്ച ആയിരുന്നു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ പെരുന്നാൾ പഴയസെമിനാരിയിൽ നടത്തിയത്. 1958 ഫെബ്രുവരി 23 ഞായർ ആയിരുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ പെരുന്നാൾ. ഡയറിയിൽ നിന്നും: "1958 ഫെബ്രുവരി 23 ഞായർ. വട്ടശ്ശേരിൽ ഗീവർഗീസ് ദീവന്നാസ്യോസ് മെത്രാച്ചന്റെ ഓർമ്മദിവസമായിരുന്നു. വി. മൂന്നിന്മേൽ കുർബ്ബാനയുണ്ടായിരുന്നു. കുർബ്ബാന കഴിഞ്ഞ് അത്താനാസ്യോസ് മെത്രാച്ചൻ പ്രസംഗിക്കുകയും കബറിങ്കൽ പ്രത്യേക ധൂപപ്രാർത്ഥന നടത്തുകയും തുടർന്ന് റാസായും മറ്റ് ചടങ്ങുകളും ഉണ്ടായിരുന്നു. 11 മണിയോടുകൂടി പെരുന്നാൾ ചടങ്ങുകൾ അവസാനിച്ചു. 12 1/2 മണിയോടുകൂടി നാം ദേവലോകം അരമനയിൽ വന്നു വിശ്രമിച്ചു." 1957-ലെ പരുമല പെരുന്നാളിന് നവംബർ 2-ന് വെളുപ്പിന് അഞ്ചിനു കുർബ്ബാനയും 7-ന് മൂന്നിന്മേൽ കുർബ്ബാനയും ഉണ്ടായിരുന്നു. ഉച്ചയ്ക്ക് റാസയും. മലങ്കരസഭയിൽ നിലനിന്ന ആരാധനാനുഭവങ്ങളുടെ വ്യക്ത

മായ ചിത്രം ഡയറിക്കുറിപ്പിൽ നിന്നും ലഭ്യമാകുന്നു.

3. സഭയുടെ ഭരണവും ചട്ടംകെട്ടുകളും

സഭയുടെ ഭരണക്രമങ്ങളും നടപടിചട്ടങ്ങളും സുതാര്യമായും ക്രമമായും നടത്തണമെന്ന് നിഷ്ക്കർഷിച്ചിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഭരണകാലത്ത് മെത്രാപ്പോലീത്തന്മാർ എല്ലാവരും പതിവായി ബാവായെ സന്ദർശിക്കുകയും ഇടവക ഭരണകാര്യങ്ങൾ പങ്കിടുകയും ചെയ്തു. വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്ന അവസരങ്ങളിൽ ഭദ്രാസനകേന്ദ്രങ്ങളിൽ താമസിക്കുകയും അവിടെ വച്ച് സന്ദർശകരെ സ്വീകരിക്കുകയും ചെയ്തിരുന്നു. വർഷത്തിൽ പല പ്രാവശ്യമായി ഏകദിന സുന്നഹദോസും സഭാ മാനേജിംഗ് കമ്മിറ്റിയും നടത്തി. രണ്ടും വൈകിട്ട് അഞ്ചരയോടെ മാത്രമേ സമാപിച്ചിരുന്നുള്ളു. അടുത്തടുത്ത ദിവസങ്ങളിലാണ് ഇവ നടത്തിയിരുന്നത്.

സണ്ടേസ്കൂൾ അദ്ധ്യാപക അസോസിയേഷൻ, വിശ്വാസ സംരക്ഷകസംഘം, വൈദിക സെമിനാരി വാർഷിക സമ്മേളനം എന്നിവയുടെ വിവരണങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളുടെ കൃത്യമായ വിവരണം ഡയറിയിൽ എഴുതിയിട്ടുണ്ട്. 1958 ഏപ്രിൽ 16-ലെ കുറിപ്പ് ശ്രദ്ധേയമത്രേ: "നമ്മുടെ കൈയിൽ പരുമല നിന്നും കിട്ടിയ 1500 രൂപായും കൈപ്പെട്ടിയിൽ ഇരുന്ന 412 രൂപായും ഉൾപ്പെടെ 2112 രൂപാ ബാങ്കിൽ ഇടുവാൻ ജോർജിന്റെ കൈവശം കൊടുത്തയച്ചു."

നല്ലില, കാരൂർ പള്ളികളുടെ കൂദാശയ്ക്ക് 101 രൂപാവീതം ലഭിച്ചതും ഒരു കല്യാണത്തിന് 126 രൂപാ കൈമുത്തും മറ്റൊരു കല്യാണത്തിന് 101 രൂപായും വധു 25 രൂപായും കൈമുത്ത് നൽകിയതായും രേഖപ്പെടുത്തിയിരിക്കുന്നു. സന്ദർശിക്കുന്ന പള്ളികളിൽ നിന്നും കേസ് നടത്തിപ്പിനുള്ള പണവും റിശീസായും ലഭിച്ചിരുന്നു. ചില സ്ഥലങ്ങളിൽ നിന്ന് പെട്രോൾ ചാർജ് പ്രത്യേകം നൽകിയതായും എഴുതിയിട്ടുണ്ട്. പുതപ്പ്, നെയ്യ്, തേൻ, വീഞ്ഞ്, പവൻ എന്നിവ എല്ലാം സന്ദർശകർ കാഴ്ചയായി പ. ബാവായ്ക്ക് നൽകിയിട്ടുണ്ട്. അതിന്റെ വിശദവിവരം ഡയറിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സഭയുടെ പാരമ്പര്യവും വിശ്വാസ അനുഷ്ഠാനങ്ങളും പാലിക്കപ്പെടണമെന്ന നിർബന്ധം പ. ബാവായ്ക്ക് ഉണ്ടായിരുന്നു. 1958 ഏപ്രിൽ 17-ന് എഴുതി: "അച്ചന്മാർക്കുവേണ്ടിയുള്ള ഒരു കല്പന നാം എഴുതിച്ചു. അതായത് അച്ചനായശേഷം വിവാഹം ചെയ്തവരും, മീശ വളർത്താത്തവരും ആയവർ സഭയെ കേൾക്കാത്തവരാണ്. അവർ ശപിക്കപ്പെട്ടവരാണ്. അങ്ങനെയുള്ളവർ യാതൊരു പള്ളികർമ്മങ്ങളും അനുഷ്ഠിക്കരുത്. ആയതിൽ ആരും സംബന്ധിക്കുകയും അരുത് എന്ന് എഴുതിച്ചു ആഫീസിൽ

ഏല്പിച്ചു. ചില ഭേദഗതികൾ വരുത്തണമെന്ന് എല്ലാവരും നമ്മോടാവശ്യപ്പെട്ടു. സഭയുടെ ചട്ടംകെട്ടുകൾക്ക് യാതൊരു വള്ളിക്കും പുള്ളിക്കും വ്യത്യാസവും അഴിവും വരുത്തുവാൻ നിവൃത്തിയില്ല എന്ന് ദൃഢമായി പറഞ്ഞു." തീരുമാനങ്ങളിൽ ഉറച്ചുനിൽക്കുവാനുള്ള ദൃഢനിശ്ചയമാണ് പ. ബാവായുടെ ഭരണമഹത്വം. 1958 ഏപ്രിൽ 29-ലെ സുന്നഹദോസിലെ നിശ്ചയത്തിന്റെ ഒരു കുറിപ്പ് ഡയറിയിൽ ഇപ്രകാരമാണ്: "സുന്നഹദോസിൽ പട്ടക്കാരുടെ വേഷം, മീശ, തൊപ്പി, തലമുടി ഇവയ്ക്കു യാതൊരു പരിഷ്ക്കരണവും വരുത്തിക്കൂടായെന്നും ചർച്ച ചെയ്തു."

ഇങ്ങനെ സഭയുടെ സുപ്രധാനമായ പലതും ഡയറിയിൽ ചുരുളഴിയുന്നുണ്ട്. സുപ്രീംകോടതിയിലെ കേസിന്റെ ചെലവിലേക്കു 30,000 രൂപായോളം വക്കീൽ ഫീസിനും മറ്റും വേണമെന്ന് 1958 ആഗസ്റ്റ് ഒന്നിൽ എഴുതിയിട്ടുണ്ട്. ആഗസ്റ്റ് 7-ന് ഉണ്ടായ ഉരുൾപൊട്ടലിൽ കഷ്ടപ്പെടുന്ന ആളുകൾക്ക് വൈദിക സെമിനാരിയിലെ അച്ചന്മാരും ശെമ്മാശന്മാരും പണം പിരിച്ച് ആ സ്ഥലങ്ങളിൽ എത്തിച്ചു കൊടുത്തതായും പറയുന്നു.

4. എഴുത്തിന്റെ സിദ്ധിയും ശൈലിയും

പ. ഗീവർഗീസ് ദ്വിതീയൻ ബാവാ ഹൃദ്യമായി പ്രസംഗിക്കുന്നതു പോലെ എഴുതുവാനുള്ള സിദ്ധിയും ശൈലിയും ആർജ്ജിച്ചിരുന്നു. ഹ്രസ്വവും സുന്ദരവുമായ എഴുത്തുകളാണ് ഡയറിക്കുറിപ്പുകളിൽ പ്രകാശം പരത്തുന്നത്. ലളിതവും ആകർഷകവുമായ ഹ്രസ്വവാചകങ്ങളിൽ കൃത്യമായി വിവരണങ്ങൾ സംഗ്രഹിക്കുന്ന ശൈലിയാണ്.

വ്യത്യസ്തങ്ങളായ പദസമുച്ചയം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആകർഷകമായ ചില വാക്കുകൾ: മെത്രാച്ചൻ, ഉച്ചമേശ, കാപ്പിമേശ, നമ്മോടുകൂടി, പള്ളി സംബന്ധിച്ച കാര്യം, പള്ളിക്കൂടം, പാട്ടനെല്ല്, ചട്ടംകെട്ടുകൾ, തേച്ചുകുളി, വർത്തമാനം, പട്ടംകൊട, പള്ളികെട്ടിടം, തിങ്ങിക്കൂടി, കെട്ടിയവൻ, ആൾ ബഹളം, ധിക്കാരി, സങ്കട നിവർത്തി, മല്പാനച്ചൻ, ചിത്രമെഴുത്ത്, ബലപ്പെടുത്തി, പൂശി, സങ്കടഹർജി, കാഴ്ചസാധനം, എണ്ണസേവ തുടങ്ങി അക്കാലത്തെ നിരവധി വ്യവഹാര ഭാഷാശൈലി ഡയറിക്കുറിപ്പിൽ ഇടം നേടിയിട്ടുണ്ട്.

കൃത്യമായ വിവരങ്ങളുള്ള ഡയറികൾ ചരിത്രത്തിന്റെ ഏടുകളാണ്. മുഖ്യധാരാ ചരിത്രങ്ങൾക്കുള്ള സമാന്തരരേഖകളാണ് ഇതിൽ പ്രതിഫലിക്കുന്നത്. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഡയറി എഴുത്തുകളിൽ വെളിച്ചം പകരുന്നത് മലങ്കര ഓർത്തഡോക്സ് സഭയുടെ 1957-58 കാലഘട്ടത്തിന്റെ ചരിത്രമാണ്.

സന്ദർശകരുടെ കൃത്യമായ വിവരണം, ആഴ്ചവട്ടത്തിന്റെ വിശദീക

രണം, ദൂരയാത്ര ചെയ്യുമ്പോൾ ദേവലോകത്തുനിന്നുള്ള സമയ ദൈർഘ്യം, ദിനചര്യയുടെ വിവരണങ്ങൾ, സന്ദർശകരുടെ പേരുകളും സന്ദർശകർ നൽകിയ സമ്മാനങ്ങളുടെ വിവരങ്ങളും എല്ലാം ഡയറിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എത്ര തിരക്കിലായിരുന്നെങ്കിലും കൃത്യമായി ഡയറിയിൽ കുറിപ്പുകൾ എഴുതിയിരുന്നു.

പ്രസംഗത്തിന് മുൻകൂർ ഒരുങ്ങുക പതിവില്ലായിരുന്നു. പ്രഭാഷണങ്ങളിൽ വേദപുസ്തകങ്ങളുടെ മർമ്മങ്ങൾ നിർഗ്ഗളമായി പ്രവഹിക്കുമായിരുന്നു. ഉജ്ജ്വലമായ വാഗ്ധോരണിയാൽ സത്യവിശ്വാസം യുക്തിയുക്തമായി അവതരിപ്പിക്കും. അതിനാൽ വലിയ ബാവായുടെ വേദപാണ്ഡിത്യം അത്യഗാധമായിരുന്നുവെന്ന് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് സാക്ഷിക്കുന്നു. പ്രഭാഷണംപോലെ തന്നെ യുക്ത്യധിഷ്ഠിതമായ വിവരണങ്ങളുടെ രസതന്ത്രമാണ് രചനകളിലും ഡയറിക്കുറിപ്പുകളിലും വലിയ ബാവാ അവതരിപ്പിക്കുന്നത്.

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കൃതികൾ, കല്പനകൾ, പ്രഭാഷണങ്ങൾ, സൂക്തങ്ങൾ എന്നിവ സൂക്ഷ്മമായി അപഗ്രഥിച്ചാൽ സഭയോടും സമൂഹത്തോടും അത്യഗാധബന്ധം നിലനിർത്തുന്ന ദർശനങ്ങൾ കണ്ടെത്തുവാൻ കഴിയും. സത്യവിശ്വാസവും സഭാപാരമ്പര്യവും ആചാരാനുഷ്ഠാനങ്ങളും അഭംഗുരം പരിപാലിക്കപ്പെടണമെന്ന് എഴുത്തുകളിൽ നിഷ്കർഷിച്ചിരുന്നു.

ആഗോള തലത്തിൽ അസമാധാനവും അസന്തുഷ്ടിയും ശക്തിപ്പെടുകയും ഇന്ത്യയിൽ വർഗ്ഗീയ വിദ്വേഷം രൂക്ഷമാവുകയും ചെയ്ത 1938 കളിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവാ വൃശ്ചികം 17 ബുധൻ മുതൽ 3 ദിവസത്തേക്ക് (ശനിയാഴ്ചവരെ) സഭ മുഴുവനായി ഉച്ചതിരിഞ്ഞ് നോമ്പ് ആചരിക്കണമെന്നും നിവർത്തിയുള്ളടത്തോളം ആളുകൾ പള്ളിയിൽ കൂടി സഭയ്ക്കുവേണ്ടിയും ലോകസമാധാനത്തിനുവേണ്ടിയും പ്രാർത്ഥിക്കണമെന്ന് കല്പനയിട്ടു. കല്പനയുടെ അവസാന വരി ശ്രദ്ധിക്കുക: "നോമ്പ് വീടുന്ന ദിവസം രാവിലെ വിശുദ്ധ കുർബ്ബാന അർപ്പിച്ച് കഴിവുള്ള എല്ലാവരും വി. കുർബ്ബാന അനുഭവിക്കണമെന്ന് നാം ആഗ്രഹിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു." (1938-കൊല്ലവർഷം 1114 വൃശ്ചികം 6 നു)

1956 നവംബർ ഒന്നിന് എഴുതിയിരിക്കുന്നു: "കേരളം പണ്ടേ ഒന്നായിരുന്നു. കാലാന്തരത്തിൽ പല വിഭാഗങ്ങളായി. ഇന്നിതാ വീണ്ടും ഒന്നായിരിക്കുന്നു. നാം ഒന്നാകേണ്ടവർ തന്നെയാണ്. നാം ഒന്നായി നിൽക്കുന്നതാണ് നമ്മുടെ ബലം." കേരള പിറവിയിൽ സമസ്ത കേരളീയർക്കുമായി എഴുതിയ കുറിപ്പിലെ ഹ്രസ്വമായ വാകൃഘടനയിലൂടെ

അവതരിപ്പിച്ചിരിക്കുന്നത് എത്ര സുന്ദരമായ ആശയമാണ്. അതിൽ വീണ്ടും എഴുതി: "കേരളത്തിന് വെളിച്ചം കാട്ടികൊടുക്കുവാൻ ഇവിടുത്തെ ക്രൈസ്തവർക്കും സാധിക്കണം. കേരളം വലുതാകുകയാണ്. നമ്മുടെ കാഴ്ചപ്പാടുകളും അതോടൊപ്പം വലുതാകേണ്ടതാണ്." വാക്കുകൾ കൊണ്ട് ഉദാത്ത ആശയങ്ങളെ ഉജ്ജ്വലിപ്പിക്കുവാൻ വലിയ ബാവായ്ക്കു കഴിയുന്നു.

ഉപസംഹാരം

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ രചനകളും ഡയറിക്കുറിപ്പുകളും മലങ്കരസഭാചരിത്രത്തിലും സാമൂഹികചരിത്രത്തിലും നാഴികക്കല്ലുകളാണ്. മുഖ്യധാരാ ചരിത്രങ്ങളിൽ തമസ്ക്കരിച്ചതും വക്രീകരിച്ചതും പാർശ്വവൽക്കരിച്ചതുമായ വിവരണങ്ങളും വിശകലനങ്ങളുമാണ് ഇതിൽനിന്നു ലഭ്യമാകുന്നത്. സഭാചരിത്രകാരന്മാർ പുലർത്തിയ സാമൂഹികവും സഭാപരവുമായ പല സമീപനങ്ങളുടെയും നിജസ്ഥിതി അനാവരണം ചെയ്യുവാൻ ഇതിലെ വരികൾക്ക് അദൃശ്യമായ വശ്യതയുണ്ട്. സമസ്ത മലയാളികളുടെയും മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ ആത്മീയ തേജസ്സായി ഉജ്ജ്വലിച്ച ഈ കർമ്മയോഗി എഴുത്തും വായനയും പ്രഭാഷണവും ജീവിതവും സമ്യക്കായി ഇടയശുശ്രൂഷയിൽ ഉൾക്കൊള്ളിച്ചിരുന്നു. ആത്മീയതയുടെ വിശുദ്ധി പകർന്ന അപൂർവ്വ പ്രതിഭയായിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ എഴുത്തുകൾക്ക് അദൃശ്യശക്തിയുണ്ടെന്ന് ഡയറിക്കുറിപ്പുകൾ പ്രഖ്യാപിക്കുന്നു.

ഉള്ളടക്കം

അവതാരിക: സമാധാനത്തിന്റെ 'വലിയ ബാവാ'
ഫാ. ഡോ. കെ. എം. ജോർജ്

ആമുഖം ജോയ്സ് തോട്ടയ്ക്കാട്

ഉപോദ്ഘാതം ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

ഭാഗം 1

ജീവിതരേഖ ഡോ. എം. കുര്യൻ തോമസ്

ഭാഗം 2

ഡയറിക്കുറിപ്പുകൾ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ

ഭാഗം 3

തിരുസന്നിധിയിൽ നിന്ന്
ഫാ. ടി. വി. ജോർജ്ജ് നെടുമാവ്

ഭാഗം 4

പ്രഭാഷണങ്ങൾ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ

ഭാഗം 5

കല്പനകൾ/സ്വകാര്യ കത്തുകൾ
പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ

ഭാഗം 6

സൂക്തങ്ങൾ പ. ബസേലിയോസ് ഗീവർഗീസ് ബാവാ

ഭാഗം 7

മലങ്കരയുടെ മഹർഷിവര്യൻ
ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

അനുബന്ധം

1. വട്ടശ്ശേരിൽ തിരുമേനിയുടെ കല്പന
2. ഗുരുവിനെക്കുറിച്ച് ശിഷ്യൻ
3. ജീവചരിത്രഫലകം വർഗീസ് ജോൺ തോട്ടപ്പുഴ
4. മാർ ബസേലിയോസ് മൂവ്മെന്റ് കുവൈറ്റ്

ഭാഗം 1

ജീവിതരേഖ

കുറിച്ചി ബാവാ
കൊടുത്തുവെച്ച ജീവിതം

ഡോ. എം. കുര്യൻ തോമസ്

അനുഭവിക്കാൻ കൊടുത്തുവെച്ച ജീവിതം – ചില ഭാഗ്യവാന്മാരെപ്പറ്റി കേരളത്തിലെ ഗ്രാമീണശൈലിയാണിത്. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കുറിച്ചി ബാവാ എന്നറിയപ്പെടുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ. സ്വതസിദ്ധമായ യാതൊരു കഴിവുകളുമില്ലാത്ത ഗീവർഗീസ് ദ്വിതീയൻ, ഒരു നൂറ്റാണ്ടുകാലം അതിപ്രഗല്ഭരായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ്, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ, വട്ടശ്ശേരിൽ പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ എന്നിവരുടെ ഭരണശേഷം പ. മാർത്തോമ്മാ ശ്ലീഹായ്ക്കടുത്ത മലങ്കര മെത്രാപ്പോലീത്തായുടെ സിംഹാസനത്തിൽ ആരൂഢനായത് കഴിവുകളുടെ അംഗീകാരമായിട്ടല്ല, മറിച്ച് സാഹചര്യങ്ങളുടെ അനിവാര്യത കൊണ്ടാണ്.

പക്ഷേ ഭാഗ്യം അദ്ദേഹത്തോടൊപ്പമായിരുന്നു. കാൽ നൂറ്റാണ്ടുകാലം *മരണനിഴൽ താഴ്‌വരയിലൂടെ* നടന്ന് ഇസ്രായേലിനെ വാഗ്ദത്ത കനാന്റെ അതിരിലെത്തിച്ച മോശയെപ്പോലെ. പ. വട്ടശ്ശേരിൽ തിരുമേനി *മരിച്ച് തന്റെ ജനത്തോട് ചേർന്നു.* ഇവിടുന്നങ്ങോട്ട് ആ നിലയങ്കി ധരിക്കാൻ നിർബന്ധിതനായ ഗീവർഗീസ് ദ്വിതീയന് വച്ചടി വച്ചടി കയറ്റമായിരുന്നു. പൗരസ്ത്യ ദേശത്തെ അത്യുന്നത മഹാപുരോഹിതനായി മേല്പട്ട വാഴ്ചകളും വി. മൂറോൻ കൂദാശകളും നടത്തി. *വൃദ്ധൻ പുന്നൂസ്* എന്നു അധിക്ഷേപിച്ച നാവുകൾ *പ. ബാവാ തിരുമേനി* എന്ന് അഭിസംബോധ ചെയ്യുന്നത് സ്വന്ത ചെവിയാൽ കേട്ടു. ലോകത്തുള്ള ഇതര ഓർത്തഡോക്സ് പാത്രിയർക്കീസുമാർ ജേഷ്ഠസഹോദരനായി അംഗീകരിച്ച് ബഹുമാനിച്ചു. അവിഭക്ത മലങ്കരസഭയുടെ ചോദ്യം ചെയ്യപ്പെടാത്ത അദ്ധ്യക്ഷനായി മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ അമർന്നിരുന്നു ഭരിച്ചു. പിൻഗാമിയെ തിരഞ്ഞെടുത്തു. അതിവൃദ്ധതയിൽ താൻ അടിസ്ഥാനമിട്ട് ഭാഗികമായെങ്കിലും പൂർത്തിയാക്കിയ ദേവലോകം അരമനയിൽവെച്ച് ശാന്തതയിൽ കാലം ചെയ്തു. താൻ നിർദ്ദേശിച്ച സ്ഥാനത്തുതന്നെ കബറടക്കി. പ. വട്ടശ്ശേരിൽ തിരുമേനി ഏതാണ്ട് പൂർത്തിയാക്കിയ പ്രവർത്തനങ്ങളുടെ സദ്ഫലമെല്ലാം *അനുഭവിക്കാൻ കൊടുത്തുവെച്ചത്* ഗീവർഗീസ് ദ്വിതീയന് ആയിരുന്നു.

ജീവിതരേഖ

പ. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ, വിവിധ കാലങ്ങളിൽ *പുന്നൂസ് റമ്പാൻ, കുണ്ടറ കൊച്ചുമെത്രാച്ചൻ, കല്ലാച്ചേരി ബാവാ, കുറിച്ചി ബാവാ, വലിയ ബാവാ* എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു. ഇദ്ദേഹം കോട്ടയം കുറിച്ചി കല്ലാച്ചേരിൽ ഉലഹന്നാന്റെയും പാമ്പാക്കുട മാടപ്പറമ്പിൽ നൈത്തിയുടെയും പുത്രനായി കൊല്ലവർഷം 1049 മിഥുനം 3-നു തിരുവാതിര നാളിൽ (1874 ജൂൺ 16 ചൊവ്വ) ജനിച്ചു. പുന്നൂസ് എന്നായിരുന്നു മാമോദീസാ നാമം. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കോട്ടയം എം.ഡി. സെമിനാരിയിലും തുടർന്ന് സി.എം.എസ്. ഹൈസ്കൂളിലും മെട്രിക്കുലേഷൻ വരെ പഠിച്ചു. 1890 ജൂൺ 1 ഞായറാഴ്ച കുറിച്ചി പള്ളിയിൽ വെച്ച് കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കോറൂയോ പട്ടമേറ്റു. തുടർന്ന് പരുമല സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം. പ. പരുമല തിരുമേനിയും മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാരുമായിരുന്നു ഗുരുക്കന്മാർ. 1892 ഏപ്രിൽ 24 ഞായറാഴ്ച കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് പൂർണ്ണശെമ്മാശ പട്ടമേറ്റു. കോട്ടയം പഴയസെമിനാരിയിൽവെച്ച് 1898 നവംബർ 24 വ്യാഴാഴ്ച പ. പരുമല തിരുമേനിയിൽ നിന്ന് കശീശാപട്ടമേറ്റു. മൂന്നു ദിവസത്തിനു ശേഷം നവംബർ 27-ന് ഞായറാഴ്ച അദ്ദേഹത്തിൽ നിന്നുതന്നെ റമ്പാൻ സ്ഥാനമേറ്റു. പ. പരുമല തിരുമേനി കാലം ചെയ്തതിനെ തുടർന്ന് പരുമല സെമിനാരി മാനേജരായി നിയമിതനായി.

1911 സെപ്റ്റംബർ 7-ന് കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ പുന്നൂസ് റമ്പാനെ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. പരുമല സെമിനാരിയിൽ വെച്ച് അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് അബ്ദേദ് മ്ശിഹാ ദ്വിതീയൻ പാത്രിയർക്കീസ്, മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ്, വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് എന്നിവരുടെ സഹകാർമികത്വത്തിൽ 1912 സെപ്റ്റംബർ 8-ന് പുന്നൂസ് റമ്പാനെ *ഗീവർഗീസ് മാർ ഗ്രീഗോറിയോസ്* എന്ന പേരിൽ കൊല്ലത്തിന്റെ മെത്രാപ്പോലീത്തായായി വാഴിച്ചു.

മലങ്കരയിലെ രണ്ടാം കാതോലിക്കാ കാലം ചെയ്തതിനെ തുടർന്ന് വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ, ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പാ എന്നിവരടങ്ങിയ സുന്നഹദോസ് 1929 ഫെബ്രുവരി 15 വെള്ളിയാഴ്ച കോട്ടയം

മാർ ഏലിയാ ചാപ്പലിൽ വെച്ച് *മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ* എന്ന പേരിൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ പൗരസ്ത്യ കാതോലിക്കായായി ഉയർത്തി. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ കാലം ചെയ്തതിനെ തുടർന്ന് കോട്ടയം എം.ഡി. സെമിനാരിയിൽ 1934 ഡിസംബർ 26-നു കൂടിയ മലങ്കര അസോസിയേഷൻ ഗീവർഗീസ് ദ്വിതീയനെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. 1964 ജനുവരി 3-ന് വെളുപ്പിന് കാലം ചെയ്ത ഗീവർഗീസ് ദ്വിതീയനെ പിറ്റേന്ന് താൻ സ്ഥാപിച്ച ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടക്കി.

സഭാ ഭരണഘടന

മലങ്കര നസ്രാണികളുടെ ജാതിക്കുതലവനായ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്ത് ആരൂഢനാകുന്നതിനു മുമ്പുതന്നെ ഒരർത്ഥത്തിൽ ഗീവർഗീസ് ദ്വിതീയൻ തന്റെ ആദ്യത്തെ നിർണ്ണായകവിജയം നേടി എന്നു പറയാം. അത് സഭാഭരണഘടന പാസാക്കാൻ സാധിച്ചു എന്നതാണ്. പ. വട്ടശ്ശേരിൽ തിരുമേനി ഭരണഘടനാ നിർമ്മാണത്തിന് ഒരു കമ്മിറ്റിയെ നിയോഗിച്ചെങ്കിലും 1930-ൽ തന്നെ അതിന്റെ പ്രവർത്തനം സന്നിഗ്ധാവസ്ഥയിൽ സ്തംഭിച്ചു. കമ്മിറ്റിയിലെ മെത്രാധിപത്യ - ജനാധിപത്യവാദികൾ വിട്ടുവീഴ്ചയ്ക്കു തയാറാകാഞ്ഞതാണ് ഇത്തരമൊരവസ്ഥയ്ക്ക് ഹേതുവായത്. മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്ത് എത്തുന്നതിനു മുമ്പുതന്നെ ഫലത്തിൽ സഭാനേതൃത്വം കൈയാളേണ്ടി വന്ന ഗീവർഗീസ് ദ്വിതീയൻ വിട്ടുവീഴ്ചകൾക്ക് തയാറായതോടെ സഭാഭരണഘടന യാഥാർത്ഥ്യമായി. ചെറിയമഠത്തിൽ സ്കറിയാ മൽപ്പാന്റെ കാഴ്ചപ്പാടിൽ, 1934-ലെ ഹോംസ്-യറുശലേം യാത്ര പ്രദാനം ചെയ്ത *ചിത്തസംസ്കാരമാണ്* ഇതിനു ഹേതുവായത്. കീറാമുട്ടിയായി നിന്ന മെത്രാധിപത്യ-ജനാധിപത്യ അധികാര വിഭജന പ്രശ്നത്തിൽ *...സ്ഥിതിഗതികൾക്കുണ്ടായ മാറ്റത്തെക്കാൾ അധികം ആ മാറ്റത്തിന് സ്വാധീനം ചെലുത്തിയത് അദ്ധ്യക്ഷസ്ഥാനത്തുവന്ന മാറ്റമാണെന്നുള്ളതിൽ സംശയമില്ല. ഭരണകാര്യങ്ങളിൽ അയ്മേനികൾക്കു കൂടുതൽ പങ്കു കൊടുക്കണമെന്നുള്ള ബോധം മേല്പട്ടക്കാരുടെ സുന്നഹദോസിന് ഉണ്ടായി. അവർ സമ്മതിച്ചതുകൊണ്ടോ, ജനപ്രതിനിധികൾ കൈ കേറ്റിക്കുത്തിയതുകൊണ്ടോ എന്തുമാവട്ടെ, അതു മാനേജിങ്ങ് കമ്മറ്റിയിൽ പ്രകടമായി. ധനപരമായ സംഗതികളിൽ സുന്നഹദോസും മാനേജിങ്ങ് കമ്മറ്റിയും രണ്ടു ഘടകങ്ങളായി ഗണിക്കപ്പെടുക. പണക്കാര്യത്തിൽ അവ രണ്ടും യോജിച്ചു ചെയ്യുന്ന തീരുമാനങ്ങൾ മാത്രം നടപ്പിൽ വരുത്തുക എന്നൊരു ധാരണയിൽ എത്തിച്ചേർന്നു. ...* എന്ന് ഇസ്സഡ്. എം. പാറേട്ടും രേഖപ്പെടുത്തുന്നു.

വ്യവഹാരങ്ങൾ

മുൻഗാമികളായ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് ആറാമൻ, പുലിക്കോട്ടിൽ മാർ ജോസഫ് ദിവന്നാസ്യോസ് അഞ്ചാമൻ എന്നിവരെപ്പോലെ വ്യത്യസ്തങ്ങളായ കേസുകളുടെ പരമ്പരയല്ല ഗീവർ ഗീസ് ദ്വിതീയന് അഭിമുഖീകരിക്കേണ്ടി വന്നത്. കോട്ടയം ജില്ലാ കോട തിയിൽ ആരംഭിച്ച് ഇന്ത്യയുടെ അത്യുന്നത നീതിപീഠമായ സുപ്രീംകോട തിയുടെ കോൺസ്റ്റിറ്റ്യൂഷൻ ബഞ്ചു വരെ ഇരുപതു വർഷം നീണ്ട *സമു ദായകേസ്* എന്നറിയപ്പെടുന്ന ഒരൊറ്റ വ്യവഹാരമാണ് അദ്ദേഹം പടവെട്ടി ജയിച്ചത്. അതിനിടയിൽ തിരുവിതാംകൂർ തിരു-കൊച്ചിയായും, കേരള മായും ബ്രിട്ടീഷ് ഇന്ത്യ, ഇന്ത്യൻ റിപ്പബ്ലിക്കായും മാറി എന്നു മാത്രം.

ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ എന്നു വിളിച്ചുവരുന്ന *പുന്നൂസ് അവർകൾ*, പാലപ്പള്ളിൽ മാണി പൗലൂസ് കത്തനാർ, എറികാട്ട് ഇ. ഐ. ജോസഫ് എന്നിവരെ പ്രതികളാക്കി കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ്, അവിരാ ജോസഫ് കത്തനാർ, തുകലൻ പൈലോ അവിരാ എന്നിവർ കോട്ടയം ജില്ലാ കോടതിയിൽ 1113-ൽ അസ്സൽ 111 എന്ന നമ്പർ കേസ് ഫയൽ ചെയ്തു. ഗീവർഗീസ് ദ്വിതീയന്റെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേയും പ്രതികളുടെ ട്രസ്റ്റിസ്ഥാന ത്തേയും ചോദ്യം ചെയ്തായിരുന്നു മുഖ്യ വാദം. സർവ മേൽക്കോടതി കൾ വഴിയും കയറിയിറങ്ങി 1958 സെപ്റ്റംബർ 12-ന് സുപ്രീം കോടതി യുടെ കോൺസ്റ്റിറ്റ്യൂഷൻ ബഞ്ച് അന്തിമ വിധി പുറപ്പെടുവിച്ചു. ഇതിനെ തിരെ അതേ വർഷം ഒക്ടോബർ 8-ന് ഫയൽ ചെയ്ത ഹർജി ഒക്ടോ ബർ 28-ന് കോൺസ്റ്റിറ്റ്യൂഷൻ ബഞ്ച് തള്ളി. 1934-ലെ എം.ഡി. സെമി നാരി അസോസിയേഷൻ സാധുവാണെന്നും, ഗീവർഗീസ് ദ്വിതീയനെ മലങ്കര മെത്രാപ്പോലീത്താ ആയി തിരഞ്ഞെടുത്തതും ഭരണഘടന പാസാക്കിയതും നിയമാനുസൃതമാണെന്നുമാണ് വിധിയുടെ രത്നച്ചു രുക്കം.

ഇതിനെത്തുടർന്ന് 1958 ഡിസംബർ 16-ന് കാതോലിക്കോസ് - പാത്രി യർക്കീസ് കക്ഷികൾ പരസ്പരം അംഗീകരിച്ച് സഭയിൽ സമാധാനമു ണ്ടായി. തുടർന്ന് മരണപര്യന്തം ഗീവർഗീസ് ദ്വിതീയന് കാര്യമായ കേസുകളുടെ *ബാധ* ഉണ്ടായില്ല.

അനുരഞ്ജനശ്രമങ്ങൾ

1934-ൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്കു തിരഞ്ഞെടു ക്കപ്പെടുന്നതിനു മുമ്പുതന്നെ ഗീവർഗീസ് ദ്വിതീയൻ അനുരഞ്ജനശ്രമ ങ്ങൾ ആരംഭിച്ചിരുന്നു. ആ വർഷം അദ്ദേഹം സിറിയയിലെ ഹോംസി

ലെത്തി അന്ത്യോഖ്യാ പാത്രിയർക്കീസ് പ. ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ ബർസോമിനെ സന്ദർശിച്ചു. പക്ഷേ സമഗ്രാധിപത്യ അവകാശ വാദത്തിൽ നിന്നും പിന്നോട്ടു പോകാൻ പാത്രിയർക്കീസോ, മലങ്കരയുടെ സ്വതന്ത്ര നിലപാടിൽ വിട്ടുവീഴ്ച ചെയ്യാൻ ഗീവർഗീസ് ദ്വിതീയനോ തയ്യാറാകാതിരുന്നതിനാൽ ആ യാത്ര വിഫലമായി. തികഞ്ഞ ജാത്യാ ഭിമാനിയായിരുന്ന അദ്ദേഹത്തിന്റെ തത്വശാസ്ത്രം, ... *നാം ഒരു കാര്യം തുറന്നു പറയുന്നു. സമാധാനത്തിനു വേണ്ടി എന്തു ത്യാഗവും സഹി ക്കാൻ മാത്രമല്ല, സ്ഥാനം പോലും ഒഴിയാൻ നാം തയ്യാറാണ്. ഒരു സംഗതി കൂടി നിങ്ങളുടെ എല്ലാവരുടെയും അറിവിലേക്കായി നാം പ്രസ്താവിച്ചുകൊള്ളുന്നു. പാത്രിയർക്കീസിന്റെ കീഴിൽ ഒരു "ഉമ്മാക്കി" യാണു കാതോലിക്കാ എന്നു പലരും തെറ്റിദ്ധരിക്കുന്നു. കിഴക്കിനടുത്ത കാതോലിക്കാ സിംഹാസനം പാത്രിയർക്കീസു സിംഹാസനത്തിനു തുല്യമാണ്. ഒന്ന് ഒന്നിനു മീതെയോ താഴെയോ അല്ല. ഇതാണു സത്യം. കാതോലിക്കാ സിംഹാസനം സ്വതന്ത്രമാണ്. ഇടക്കാലത്ത് നമുക്കുണ്ടായ ചില ബലഹീനതകൾ മൂലം അന്ത്യോഖ്യാ പാത്രിയർക്കീസുമായി ചില കരാറുകൾ ഉണ്ടാക്കിയെന്നു മാത്രം. പട്ടത്വം ഇല്ല എന്ന വാദം തികച്ചും അസംബന്ധമാണ്. സത്യം ഇന്നതെന്ന ബോദ്ധ്യം നമുക്കുണ്ട്. അതിനു വേണ്ടി നാം നിൽക്കുകയും ചെയ്യും....* എന്നതായിരുന്നു. പക്ഷേ സഭ യുടെ കെട്ടുറപ്പിനായി വിട്ടുവീഴ്ചകൾക്ക് അദ്ദേഹം തയാറായിരുന്നു. വിവിധ വ്യക്തികൾ പല കാലത്തു നടത്തിയ സമാധാനശ്രമങ്ങൾക്ക് അദ്ദേഹം തയാറായത് അതു മൂലമാണ്.

വ്യവഹാരം ആരംഭിച്ച 1934 മുതൽ നടന്ന വിവിധ അനുരഞ്ജന ശ്രമങ്ങൾ പരാജയപ്പെട്ടതിന് പല കാരണങ്ങളുണ്ട്. അന്ത്യോഖ്യാ പാത്രി യർക്കീസിന്റെ കൊളോണിയൽ മനോഭാവം, അദ്ദേഹത്തിന്റെ പ്രതിനിധി എന്നു ഭാവിച്ചിരുന്ന യൂലിയോസ് മെത്രാന്റെ അധികാരപ്രമത്തത ഇവ ഒരു വശത്തും, താൻ ഇരിക്കുന്ന സിംഹാസനത്തോടും അണിഞ്ഞിരി ക്കുന്ന മഹാപുരോഹിതന്റെ മേലങ്കിയോടുമുള്ള ഗീവർഗീസ് ദ്വിതീയന്റെ കടുകിട മാറാത്ത വിശ്വസ്ഥതയും ജാത്യാഭിമാനവും മറുവശത്തുമായി എറ്റുമുട്ടിയതിന്റെ ചരിത്രം പലരും രേഖപ്പെടുത്തിയിട്ടുണ്ട്. രേഖപ്പെടു ത്താൻ മടിച്ച ഒരു തലവും സമാധാനശ്രമങ്ങളുടെ പരാജയത്തിനു പിന്നി ലുണ്ട്. അത് ഒരു <u>*ഈഗോ*</u>യുടെ ബാക്കിപത്രമാണ്.

ഗീവർഗീസ് ദ്വിതീയനോടൊപ്പം പരുമല സെമിനാരിയിൽ വൈദി കാഭ്യസനം നടത്തുകയും ഒരുമിച്ച് കത്തനാരുപട്ടവും റമ്പാൻ സ്ഥാനവും ഏല്ക്കുകയും ചെയ്ത കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ് അദ്ദേഹത്തേക്കാൾ മുമ്പേ മെത്രാനായി. കൊച്ചുപറമ്പിൽ പൗലൂസ് മാർ കൂറിലോസിന്റെ കാലശേഷം ഇദ്ദേഹത്തെയാണ് ബദൽ മലങ്കര

മെത്രാനായി പാത്രിയർക്കീസ് ഭാഗത്തുനിന്നും അവതരിപ്പിച്ചത്. സഹപാഠി കാതോലിക്കായും മലങ്കരമെത്രാനുമായി പിന്നീട് മറുഭാഗത്തിന്റെ നേതാവുമായി. കാതോലിക്കാ സ്ഥാനം ഒഴിവാക്കി യാതൊരു അനുരഞ്ജനത്തിനും തയാറല്ല എന്ന ഔദ്യോഗികപക്ഷത്തിന്റെ നിലപാടും, പാത്രിയർക്കീസ് ഭാഗത്തിനു മഫ്രിയാനായെ നൽകുന്നതിനു പാത്രിയർക്കീസിന്റെ വിസമ്മതവും മൂലം സഭയിൽ സമാധാനമുണ്ടായാൽ താൻ സഹപാഠിയുടെ കീഴ്സ്ഥാനി ആകുമെന്നു മാർ അത്താനാസ്യോസിനു വ്യക്തമായിരുന്നു. അതിനാൽ സമാധാനം ഉണ്ടാകാതിരിക്കുക, അഥവാ ഉണ്ടായാലും ഒരു നിമിഷമെങ്കിലും ഗീവർഗീസ് ദ്വിതീയനെ കീഴ്പ്പെടുത്തുക എന്നൊരു ഈഗോ അദ്ദേഹം വെച്ചു പുലർത്തിയിരുന്നുവെന്ന് പല സംഭവങ്ങളിൽനിന്നും സംഭാഷണങ്ങളിൽ നിന്നും വ്യക്തമാണ്. വിട്ടുവീഴ്ചകൾക്കു ഗീവർഗീസ് ദ്വിതീയൻ തയാറായിരുന്നെങ്കിലും സമാധാനം യാഥാർത്ഥ്യമാകാതിരുന്നതിനു പിമ്പിൽ ഈ ഘടകത്തിനും സ്ഥാനമുണ്ടായിരുന്നു. പക്ഷേ 1958-ൽ സുപ്രീംകോടതി വിധിയെത്തുടർന്ന് യാതൊരു ഉപാധിയും കൂടാതെ സഭാ സമാധാനമുണ്ടായി എന്നത് ഇതിന്റെ ഗുണവശം. മറുഭാഗത്തെ മെത്രാന്മാരെ സ്വീകരിക്കുവാൻ ഗീവർഗീസ് ദ്വിതീയൻ ഉപാധികൾ വെച്ചതുമില്ല. 1953 ജനുവരി 25-നു പൗലോസ് മാർ അത്താനാസ്യോസ് കാലം ചെയ്തിരുന്നു.

വിദേശയാത്രകൾ

താൻ നടത്തിയ മൂന്നു വിദേശയാത്രകളാണ് മാർ ഗീവർഗീസ് ദ്വിതീയനെ മലങ്കരസഭയെ വിശാലചക്രവാളങ്ങളിലേയ്ക്കു നയിക്കാൻ പ്രാപ്തനാക്കിയത്. ഒരു പരിധിവരെ പിൽക്കാലത്തെ തന്റെ വടക്കെ ഇന്ത്യൻ പര്യടനത്തെയും ഈ പട്ടികയിൽ ഉൾപ്പെടുത്താം. *ചിത്തസംസ്കരണം* എന്ന മാനദണ്ഡത്തോടെ വേണം മാർ ഗീവർഗീസ് ദ്വിതീയന്റെ വിദേശയാത്രകളെ വിലയിരുത്താൻ. 1908-ലെ യേറുശലേം യാത്ര, 1934-ലെ ഹോംസ്/യേറുശലേം യാത്ര, 1937-ലെ എഡിൻബറോ യാത്ര എന്നിവയാണ് മാർ ഗീവർഗീസ് ദ്വിതീയന്റെ വിദേശയാത്രകൾ. തന്റെ സഭാസേവനത്തിന്റെ പൂർവ്വാർദ്ധത്തിലായിരുന്നു ഈ മൂന്നു യാത്രകളും എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അതേപോലെതന്നെ തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങളിലും ഉത്തരവാദിത്വത്തോടുമാണ് ഈ മൂന്നു പര്യടനങ്ങളും നടത്തിയത്.

മഹാപൗരോഹിത്യം

മലങ്കരസഭമേലുള്ള അന്ത്യോഖ്യാ പാത്രിയർക്കീസുമാരുടെ ഭരണാവകാശവാദത്തിനു 1889-ലെ തിരുവിതാംകൂർ റോയൽ കോടതി തടയിട്ടു. റോയൽ കോടതി വിധിയിൽ പാത്രിയർക്കീസിനു മലങ്കരയുടെമേൽ

ലൗകിക ഭരണാധികാരം ഇല്ലെന്നു വ്യക്തമാക്കിയിരുന്നെങ്കിലും ആത്മീയാധികാരം ഭാവിയിൽ ഒരു വിലപേശലിനു വേദിയൊരുക്കിയിരുന്നു. ലൗകികാധികാരത്തിനായി പട്ടത്വവും മൂറോനും വെച്ചു വില പറയുന്ന അവസ്ഥ സംജാതമാകുമെന്ന ഭയം അക്കാലത്തുതന്നെ നിലവിലുണ്ടായിരുന്നു. നിയമപരിധിക്കുള്ളിൽ നിന്നുകൊണ്ട് അതു മറികടക്കാനുള്ള ഉപാധി എന്ന നിലയിലാണ് പാത്രിയർക്കീസിന്റെ സഹകരണത്തോടെ മഫ്രിയാനാ സ്ഥാനം ഇവിടെ സ്ഥാപിക്കുവാൻ മാർ ദീവന്നാസ്യോസ് അഞ്ചാമൻ തുടങ്ങിയവർ ശ്രമിച്ചത്. പക്ഷേ ഇതു യാഥാർത്ഥ്യമായത് 1912-ൽ മാത്രമാണ്.

വ്യക്തമായും മൂന്ന് അവകാശങ്ങളാണ് 1912-ൽ രൂപമെടുത്ത കാതോലിക്കേറ്റിന് ഉണ്ടായിരുന്നത്. അവയിൽ മലങ്കരസഭയ്ക്ക് കാതോലിക്കായുടെ പിൻഗാമിയെ തിരഞ്ഞെടുത്തു വാഴിക്കാമെന്ന അവകാശം 1925-ൽ രണ്ടാം കാതോലിക്കായെ വാഴിച്ചതിലൂടെ നടപ്പാക്കി. അദ്ദേഹം മേല്പട്ടവാഴ്ച നടത്തിയതോടെ രണ്ടാമത്തെ അധികാരവും പ്രയോഗിച്ചു. എന്നാൽ വി. മൂറോൻ കൂദാശ ചെയ്യുവാനുള്ള മഹാപുരോഹിതനടുത്ത കാതോലിക്കായുടെ അധികാരം ആദ്യം ഉപയോഗിച്ചത് ഗീവർഗീസ് ദ്വിതീയനാണ്. 1932 ഏപ്രിൽ 22-നു കോട്ടയം പഴയസെമിനാരിയിൽവെച്ചു വി. മൂറോൻ കൂദാശ ചെയ്തു. അതോടെ കാതോലിക്കേറ്റിന്റെ സ്വാതന്ത്ര്യം പൂർണ്ണമായി. വീണ്ടും കോട്ടയം പഴയസെമിനാരിയിൽ വെച്ചു 1951 ഏപ്രിൽ 20-നും അദ്ദേഹം വി. മൂറോൻ കൂദാശ നടത്തി.

കൈവെപ്പ് അനസ്യൂതമായി നിലനിന്നുപോരാനുള്ള ചുരുങ്ങിയ സംഖ്യ നിലനിർത്തുക എന്ന നയമാണ് 1900 മുതൽ മലങ്കരസഭ, മേല്പട്ട സ്ഥാനാരോഹണത്തിൽ അനുവർത്തിച്ചിരുന്നത്. അതനുസരിച്ച് 1929-ൽ രണ്ടുപേരേയും 1930, 33, 34, 38, 40 എന്നീ വർഷങ്ങളിൽ ഓരോരുത്തരേയും മേല്പട്ടസ്ഥാനത്തേക്കുയർത്തി. ഈ നയം തിരുത്തിക്കുറിച്ചുകൊണ്ട് 1953-ൽ അഞ്ചു പേർക്ക് ഒറ്റയടിക്കു മേല്പട്ടസ്ഥാനം നൽകി പുതിയൊരു കീഴ്വഴക്കം സൃഷ്ടിച്ചു. ഭദ്രാസനങ്ങൾക്കുവേണ്ടി പട്ടം കൊടുക്കുക എന്ന സമ്പ്രദായവും അതോടെ ഇല്ലാതായി.

പ്രബോധകൻ

കിഴക്കിന്റെ വലിയമെത്രാപ്പോലീത്തായുടെ ഇടയനടുത്ത മുഖ്യ ചുമതല പ്രബോധനമാണെന്ന് ഗീവർഗീസ് ദ്വിതീയൻ വിശ്വസിച്ചിരുന്നു. ... *നമ്മുടെ സഭയുടെ പ്രധാന കാവൽക്കാരനും സത്യവിശ്വാസത്തിന്റെ പ്രധാന സംരക്ഷകനും വി. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടാകുന്നു....* എന്ന ആബോ അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ കാഴ്ചപ്പാട് അക്ഷരംപ്രതി ശരിവയ്ക്കുന്നതാ

യിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. അതിനുള്ള ഏറ്റവും പ്രധാന ഉപാധിയായി അദ്ദേഹം കണക്കാക്കിയിരുന്നത് വൈദിക വിദ്യാഭ്യാസ മായിരുന്നു. പ. പരുമല തിരുമേനിയും വട്ടശ്ശേരിൽ മല്പാനും *തല്ലിപ്പ ടിപ്പിച്ച* ഗീവർഗീസ് ദ്വിതീയൻ, സെമിനാരിയെ തന്റെ സ്വന്തം സ്ഥാപനവും ഉത്തരവാദിത്വവുമായിട്ടാണ് കണക്കാക്കിയിരുന്നത്. താമസം ദേവലോ കത്തേയ്ക്കു മാറ്റിയിട്ടും എം.ഡി. സെമിനാരിയിലും പഴയസെമിനാരി യിലും നടന്നുവന്ന വൈദിക വിദ്യാഭ്യാസത്തെ തന്റെ സ്വന്തം മേൽനോട്ട ത്തിൽത്തന്നെ നിർത്തി.

ആബോ അലക്സിയോസ് മാർ തേവോദോസ്യോസിന്റെ തന്നെ വാക്കുകളിൽ, ... *പുണ്യവാനായ പരുമല തിരുമേനി, നമ്മുടെ പരിശുദ്ധ പിതാവായ ഇപ്പോഴത്തെ ബാവായെയും മറ്റും ശെമ്മാശന്മാരായി പഠി പ്പിച്ചുകൊണ്ടും, അവരെല്ലാം - തിരുമേനി ഉൾപ്പെടെ എല്ലാവരും - ചെറ്റ പ്പുരയിൽ താമസിച്ചുകൊണ്ടുമാണ് പരുമല കഴിച്ചുകൂട്ടിയത്....* എന്ന പശ്ചാത്തലത്തിൽനിന്നു വന്ന ഗീവർഗീസ് ദ്വിതീയന് സെമിനാരിയുടെ ഭൗതിക സാഹചര്യങ്ങളേക്കാൾ ശിക്ഷണം, അച്ചടക്കം എന്നിവയിലാ യിരുന്നു ശ്രദ്ധ. അദ്ധ്യാപകരുടേയും പഠിതാക്കളുടേയും അച്ചടക്കത്തിൽ യാതൊരു വിട്ടുവീഴ്ചയും അദ്ദേഹം അനുവദിച്ചിരുന്നില്ല. കമ്മീശു ധരിക്കാത്ത അദ്ധ്യാപകരേയും തലമുടി ലേശം നീണ്ട ശെമ്മാശന്മാരേയും നിർദ്ദാക്ഷിണ്യം ശാസിച്ചിരുന്നു. അത്തരം കോലത്തിൽ അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല എന്നതാണ് സത്യം. സെമിനാരിയിലെ നിസാര അച്ചടക്കലംഘനങ്ങൾപോലും അദ്ദേഹത്തെ കോപാകുലനാക്കുമായിരുന്നു. അത്തരം അവസരങ്ങളിൽ *തിരുമുമ്പിൽ മുഖം കാണിക്കാൻ* സെമിനാരി അദ്ധ്യാപകരിൽ നരിമറ്റ ത്തിൽ എൻ. എ. യൂഹാനോൻ മല്പാൻ മാത്രമായിരുന്നു (പിന്നീട് മാർ സേവേറിയോസ് മെത്രാപ്പോലീത്താ) ധൈര്യപ്പെട്ടിരുന്നത്.

തികഞ്ഞ യാഥാസ്ഥിതികനും, പ്രൊട്ടസ്റ്റന്റ് വൈദിക വിദ്യാഭ്യാ സത്തെ സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്ന വ്യക്തിയുമായിട്ടും സെമി നാരിക്ക് ആധുനിക മുഖം നൽകുന്നതിനോ പ്രൊട്ടസ്റ്റന്റ് സ്ഥാപനമായ സെറാംപൂർ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെടുന്നതിനോ അദ്ദേഹം എതിരു നിന്നില്ല. കല്ലുപുരയ്ക്കൽ ശെമ്മാശനും (പിന്നീട് ഡോ. ഫീലി പ്പോസ് മാർ തേയോഫിലോസ്), വട്ടക്കുന്നേൽ കുട്ടച്ചനും (പിന്നീട് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ), കെ. ഡേവിഡ് കത്തനാരും (സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ), ചെറിയമഠത്തിൽ സ്കറിയാ മല്പാനും എം. ഡി. സെമിനാരിയിൽ ആധുനിക രീതിയിൽ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി ആരംഭിച്ചപ്പോൾ അതിനെ സർവാത്മനാ പ്രോൽസാഹിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്.

എന്നാൽ *പിടിവിട്ടുപോകാതിരിക്കാൻ* പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു. പാശ്ചാത്യ വൈദിക വിദ്യാഭ്യാസം നേടിയ പോൾ വർഗീസ് (പിന്നീട് ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്), മുണ്ടുവേൽ എം. വി. ജോർജ്ജ് ശെമ്മാശൻ (പിന്നീട് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്) തുടങ്ങിയവരെ സ്വയം ശോധന ചെയ്ത് ബോദ്ധ്യപ്പെട്ടശേഷമാണ് സഭയുടെ മുഖ്യധാരയിലേയ്ക്കു പ്രവേശിപ്പിച്ചത്.

മനുഷ്യനായ സന്യാസി

ഇന്ത്യൻ സംസ്കാരമനുസരിച്ചായാലും സുറിയാനി പാരമ്പര്യമനുസരിച്ചായാലും ഒരു തികഞ്ഞ സന്യാസിയായിരുന്നു അദ്ദേഹം. എങ്കിലും യാത്രാവേളകളിൽ കാഴ്ചകൾ കാണാനും 1937-ൽ വിമാനത്തിൽ ഒരു ഉല്ലാസയാത്ര നടത്തുന്നതിനും അദ്ദേഹത്തിനു വിരോധമുണ്ടായിരുന്നില്ല. പാരീസിലെ ഏഫൽ ഗോപുരം സന്ദർശിക്കുന്നതു മൂലം തന്റെ സന്യാസത്തിനു കോട്ടംവരുമെന്നു അദ്ദേഹം കണക്കാക്കിയില്ല. ഉറക്കെ ചിരിക്കുന്നതോ, ഫലിതം പറയുന്നതോ, അത് ആസ്വദിക്കുന്നതോ തനിക്കു *വ്യതഭംഗം* വരുത്തുമെന്നു വിശ്വസിക്കാൻ മാത്രം സങ്കുചിത മനസ്കനല്ലായിരുന്നു അദ്ദേഹം.

തൻപോരിമ കാണിക്കാൻ *ഭാരമേറിയ ചുമടുകളെ കെട്ടി മറ്റുള്ളവരുടെ ചുമലിൽ വയ്ക്കുന്ന* ഒരു വരട്ടു സന്യാസി ആയിരുന്നില്ല ഗീവർഗീസ് ദ്വിതീയൻ. മറിച്ച് അദ്ദേഹം തികഞ്ഞ പ്രായോഗികവാദിയായിരുന്നു. ഒരു ഉദാഹരണം മാത്രം രേഖപ്പെടുത്താം. *തിരുവിതാംകോട്ട് റമ്പാൻ* എന്നു പ്രസിദ്ധനായ കൂട്ടുങ്കൽ കെ. വി. ഗീവറുഗീസ് റമ്പാന് പ്രതിവർഷം നാല്പത് ദിവസം ജലപാനം മാത്രം കഴിച്ച് ഉപവസിക്കുന്ന പതിവുണ്ടായിരുന്നു. സ്വതേ ദുർബലനായ റമ്പാച്ചന്റെ ജീവന് ഇത് ഭീഷണിയാണെന്നു പലരും ഭയപ്പെട്ടു. വിവരം ഗീവർഗീസ് ദ്വിതീയനും അറിഞ്ഞു. റമ്പാച്ചനോട് ഉച്ചവരെ, അങ്ങേയറ്റം മൂന്നു മണി വരെ, ഉപവസിച്ചാൽ മതിയെന്ന് അദ്ദേഹം കല്പിച്ചു. ആവർത്തിച്ചു പറഞ്ഞിട്ടും റമ്പാച്ചൻ സമ്മതിച്ചില്ല. അവസാനം ഗീവർഗീസ് ദ്വിതീയൻ ... *സഭാദ്ധ്യക്ഷനായ നാം കല്പിക്കുന്നു. റമ്പാച്ചൻ മൂന്നു മണി വരെ ഉപവസിച്ചാൽ മതി. അതു കഴിഞ്ഞ് കഞ്ഞി കുടിച്ചുകൊള്ളണം.* ... എന്നു ഗർജ്ജിച്ചു. അനുസരിക്കുകയല്ലാതെ മറ്റു മാർഗ്ഗമൊന്നും റമ്പാച്ചന്റെ മുമ്പിൽ പിന്നെ ശേഷിച്ചില്ല.

ചെറുപ്രായത്തിൽ അന്തരിച്ച ഒരു വൈദികന്റെ ഭാര്യയും പിഞ്ചുകുഞ്ഞുങ്ങളും ഗീവർഗീസ് ദ്വിതീയനെ കാണാനെത്തി. അവരെ കൈമുത്തിച്ചിട്ട് ഒന്നും മിണ്ടാതെ മുറിക്കകത്തേയ്ക്കു കയറിപ്പോയ അദ്ദേഹത്തെ ദീർഘനേരമായിട്ടും പുറത്തേക്കു കണ്ടില്ല. തിരക്കി ചെന്നപ്പോൾ

ജനലിൽ പിടിച്ചുകൊണ്ട് നില്പുണ്ട്. രണ്ടു കണ്ണിൽക്കൂടിയും കണ്ണുനീർ ധാരധാരയായി ഒഴുകുന്നു. *നീയെന്തിനാ അവരെ ഇങ്ങോട്ടു വിളിച്ചു കൊണ്ടു വന്നത്* എന്നൊരു ചോദ്യവും. ... കുഞ്ഞിനെ നഷ്ടപ്പെട്ട ഒരു മാതാവിന്റെ വേദന. അതായിരുന്നു ഗീവർഗീസ് ദ്വിതീയൻ.

ലളിതമനസ്കനായിരുന്നു ഗീവർഗീസ് ദ്വിതീയൻ. ഇഷ്ടാനിഷ്ടങ്ങൾ തുറന്നു പറയുന്നതിന് അദ്ദേഹം മടിച്ചിരുന്നില്ല. 1932-ൽ വടക്കൻമണ്ണൂർ പള്ളിയിൽ അദ്ദേഹം താമസിച്ചു കഷ്ടാനുഭവ ആഴ്ച നടത്തുകയാണ്. ദുഃഖശനിയാഴ്ച ഉച്ചമേശയ്ക്ക് കഞ്ഞിയോടൊപ്പം *ചക്ക കുഴച്ചു വേവിച്ചതാണ്* നൽകിയത്. അതിഷ്ടപ്പെട്ട അദ്ദേഹം പറഞ്ഞു. *ചക്ക കുഴച്ചു വേവിച്ചതിന്റെ കൂടെ കൂട്ടേണ്ടത് നല്ല ചൂടു വരാലു കറിയാണ്.* കേട്ട പാടെ *അരമുണ്ടുകെട്ടി വായ്ക്കൈ പൊത്തിനിന്ന* വീരനസ്രാണികൾ ഓടി. ഒരു കൂട്ടർ ചാലിൽചാടി മുഴുത്ത വരാലിനെ തപ്പിപ്പിടിച്ചു. മറ്റൊരു കൂട്ടർ *കുഴച്ചുവേവിക്കാൻ* പറ്റിയ ചക്ക തപ്പിപ്പോയി. പിറ്റേന്ന് ഈസ്റ്ററിന് കാപ്പിമേശയ്ക്ക് *ചക്ക കുഴച്ചുവേവിച്ചതും ചൂടു വരാലുകറിയും* റെഡി. സന്തോഷമായി ആസ്വദിച്ചു കഴിച്ചു.

ഗീവർഗീസ് ദ്വിതീയൻ, *ചക്ക കുഴച്ചുവേവിച്ചതും ചൂടു വരാലുകറിയും* കഴിച്ചു എന്നതല്ല ഇവിടെ പ്രസക്തം. ദുഃഖശനിയാഴ്ച ചക്കയിടാനും വരാലു പിടിക്കാനും പോയവരെ അദ്ദേഹം ശപിച്ചില്ല. പകരം അനുഗ്രഹിക്കുകയാണ് ചെയ്തത്. പ. വട്ടശ്ശേരിൽ തിരുമേനിയുടെ പെരുന്നാളിന് ഒരു വർഷം വെടിക്കെട്ടു കുറഞ്ഞുപോയെന്ന് പറഞ്ഞ് പഴയസെമിനാരി മാനേജരെ എടുത്തിട്ട് ചാടിച്ച ചരിത്രവും അദ്ദേഹത്തിനുണ്ട്. ഇതുകൊണ്ടൊന്നും തന്റേയോ മറ്റുള്ളവരുടെയോ ഓർത്തഡോക്സി *പൊഴിഞ്ഞു പോകുമെന്ന്* ദൈവജ്ഞാനം നിറഞ്ഞ അദ്ദേഹം ചില വർത്തമാനകാല കപട സന്യാസി/സ്വയംപ്രഖ്യാപിത മല്പാന്മാരെപ്പോലെ വിശ്വസിച്ചിരുന്നില്ല.

അടിവാക്കൽ കുട്ടനും പൊള്ളുന്ന മുതലും

ഒരു കുട്ടനാടൻ കർഷക പ്രമാണിയുടെ തലയെടുപ്പും ആഭിജാത്യവും അതേസമയം ലളിതഹൃദയവും കുട്ടനാടിന്റെ പടിപ്പുരയായ കുറിച്ചിയിൽ ജനിച്ച ഗീവർഗീസ് ദ്വിതീയനുണ്ടായിരുന്നു. കൃത്രിമമല്ലാത്ത ആ പ്രൗഡിയോടെയായിരുന്നു അദ്ദേഹത്തിന്റെ എടുപ്പും നടപ്പും സംസാരവും. ജാതിപ്പേരും ആചാരഭാഷയും പതിതമല്ലായിരുന്ന കാലത്തെ ഒരു സംഭവം ഉദാഹരണമായെടുക്കാം.

1957-60 കാലഘട്ടത്തിൽ കേരളാ ഭൂപരിഷ്ക്കരണ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സഭ വക മെത്രാൻ കായലും സെമിനാരി കായലും കൈവിട്ടു പോകുമെന്ന നിലയിലെത്തി. അതിൽനിന്നും രക്ഷ നേടാൻ

പാട്ടകൃഷിക്കാരെ ഒഴിപ്പിച്ചെടുക്കുക മാത്രമായിരുന്നു കരണീയം. അവരോരുത്തരുമായി കെ. ചെറിയാൻ വക്കീലിന്റെ നേതൃത്വത്തിൽ കോട്ടയത്തുവെച്ചു ചർച്ച നടത്തി. ചിലതൊക്കെ വിജയിച്ചു. ചിലത് പണം കൊടുത്ത് ഒഴിപ്പിച്ചെടുത്തു.

കായൽ നിലത്തിന്റെ ഒരു വലിയ ഭാഗം പാട്ടത്തിനെടുത്തിരുന്നത് അടിവാക്കൽ കുട്ടൻ എന്ന ഈഴവ പ്രമാണിയായിരുന്നു. ഇദ്ദേഹവുമായും മദ്ധ്യസ്ഥർ ചർച്ച നടത്തി. യാതൊരു ഉപാധികളും പറയാൻ അദ്ദേഹം കൂട്ടാക്കിയില്ല. ഗീവർഗീസ് ദ്വിതീയനെ നേരിട്ടു കാണണം എന്ന ഒറ്റ പിടിവാശിയിൽ അദ്ദേഹം ഉറച്ചു നിന്നു. *ജന്മി*യെ നേരിട്ടു കണ്ട് കൂടുതൽ തുക ആവശ്യപ്പെടാനാണെന്നു ധരിച്ച മദ്ധ്യസ്ഥർ അതൊഴിവാക്കാൻ പഠിച്ച പണി പതിനെട്ടും നോക്കി. പക്ഷേ അടിവാക്കൽ കുട്ടൻ തന്റെ ആവശ്യത്തിൽ ഉറച്ചുനിന്നു. ഗത്യന്തരമില്ലാതെ മദ്ധ്യസ്ഥർ ഒരു കൂടിക്കാഴ്ച ക്രമീകരിച്ചു.

പറഞ്ഞ സമയത്ത് അടിവാക്കൽ കുട്ടനും മദ്ധ്യസ്ഥരും ഗീവർഗീസ് ദ്വിതീയൻ താമസിക്കുന്നിടത്തെത്തി. അദ്ദേഹം മുറി തുറന്നു പുറത്തേയ്ക്കു വന്ന ഉടൻ അടിവാക്കൽ കുട്ടൻ മേൽമുണ്ട് അരയ്ക്കു ചുറ്റി താണു തൊഴുതു. എന്നിട്ട് വായ്ക്കെ പൊത്തി പറഞ്ഞു. *അടിയന്റെ ആഗ്രഹം സാധിച്ചു. തൃപ്തിയായി. ഒന്നു നേരിട്ടു കാണണമെന്നു മാത്രമേ ഉണ്ടായിരുന്നൊള്ളു. അടിയനു പണമൊന്നും വേണ്ട. വസ്തു ഒഴിഞ്ഞു തരാം. പ്രമാണം തയാറാണേൽ ഇപ്പോൾ ഒപ്പിട്ടു തരാം.* കേട്ടുനിന്നവർ സ്തംഭിച്ചു പോയി. സ്വൽപ്പനേരത്തെ നിശബ്ദതയ്ക്കു ശേഷം ഗീവർഗീസ് ദ്വിതീയൻ ചോദിച്ചു: *എടാ കുട്ടാ, എന്റെ ജാതിക്കാരായ ...* (കോട്ടയത്തെ ചില പ്രമാണിമാരുടെ പേരു പറഞ്ഞു) *സ്ഥലം ഒഴിഞ്ഞു തന്നില്ല. പിന്നെ ഒരു ചോകോനായ നിനക്ക് ഈ ബുദ്ധി എങ്ങനെ തോന്നി?* അടിവാക്കൽ കുട്ടൻ മറുപടിയായി, *അടിയന് പാലിയത്തച്ചന്റെ അടക്കം കൃഷിയുണ്ട്. ഒന്നും ഒഴിഞ്ഞുകൊടുക്കുന്നില്ല. ഇത് പൊള്ളുന്ന മുതലാണ്. തിരിച്ചു തന്നില്ലേൽ അടിയന്റെ സന്തതി ഉണ്ണുകയുമില്ല, അടിയൻ കട്ടിലേൽ കിടന്നു ചാവുകയുമില്ല* എന്നു പറഞ്ഞു. *നിനക്കു നല്ലതു വരട്ടെ* എന്ന് അദ്ദേഹം അനുഗ്രഹിച്ചു. താമസിയാതെ ഒഴുമുറി പ്രമാണവും നടന്നു. അടിവാക്കൽ കുട്ടൻ സർവ്വസൗഭാഗ്യങ്ങളോടെ ദീർഘായുഷ്മാനായിരുന്ന് *കട്ടിലിൽ കിടന്നു തന്നെ* മരിച്ചു. ഗീവർഗീസ് ദ്വിതീയൻ പേരെടുത്തു പറഞ്ഞവരുടെ ഇന്നത്തെ സ്ഥിതി കോട്ടയംകാർക്കറിയാം.

ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട

ശിഷ്യനെന്നതിലുപരി, സ്ഥാനനാമത്തിലും ഭരണസീമയിലും പ.

പരുമല തിരുമേനിയുടേയും, കാതോലിക്കാ എന്ന നിലയിൽ പ. വാക ത്താനത്തു ബാവായുടേയും, മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ പ. വട്ടശ്ശേരിൽ തിരുമേനിയുടേയും പിൻഗാമിത്വം ലഭിച്ച ഗീവർഗീസ് ദ്വിതീ യൻ ആത്യന്തികമായി ഒരു വീരനസ്രാണി ആയിരുന്നു. വരട്ടു സന്യാസ തത്വം പറഞ്ഞു തന്റെ നസ്രാണിത്വത്തെ നിഷ്ക്കാസനം ചെയ്യാനൊന്നും അദ്ദേഹം മുതിർന്നില്ല. തന്റെ പിതാക്കന്മാരുടെ വഴിയെ ഇടത്തോട്ടും വലത്തോട്ടും മാറാതെ നടന്ന ഗീവർഗീസ് ദ്വിതീയൻ പ്രാർത്ഥനാ ജീവിതം, വി. കൂദാശകൾ, സന്യാസനിഷ്ഠ ഇവയിൽ തന്റെ മഹാഗുരു ക്കന്മാരുടെ പാത അണുവിട ഭേദം വരുത്താതെ പിന്തുടർന്നു.

മലങ്കരയിൽ നവീനമായ *കാതോലിക്കാ* എന്ന അത്യുന്നത മഹാ പുരോഹിത സ്ഥാനത്തിനു സ്വന്തമായി സ്ഥാനചിഹ്നങ്ങൾ രൂപീകരിച്ച് തനതായ ഒരു വ്യക്തിത്വം സൃഷ്ടിക്കാനുള്ള ശ്രമം ആരംഭിച്ചത് രണ്ടാ മത്തെ കാതോലിക്കായായ പ. വാകത്താനത്തു ബാവായാണ്. തന്റെ ചുരുങ്ങിയ വാഴ്ചക്കാലത്ത് അദ്ദേഹം രൂപപ്പെടുത്തിയ സ്ഥാനചിഹ്നങ്ങ ളാണ് ഗീവർഗീസ് ദ്വിതീയൻ ഉപയോഗിച്ചു വന്നത്. തന്റെ കാതോലിക്കാ വാഴ്ച ദിനംതന്നെ പ. വാകത്താനത്തു ബാവാ കാതോലിക്കായ്ക്കായി വികസിപ്പിച്ചെടുത്ത അൽമത്തിയും മുതലവായൻ തൊപ്പിയും അദ്ദേഹം ഉപയോഗിച്ചു. അന്നുമുതൽ പ. വാകത്താനത്തു ബാവാ മഹാപുരോ ഹിതസ്ഥാനോചിതമായി രൂപകല്പന ചെയ്ത അഹറോന്റെ തളിർത്ത വടിക്കു സദൃശ്യമായ സർപ്പമില്ലാത്ത ഇരട്ടപ്പത്തി അംശവടിയാണ് മരണ പര്യന്തം ഉപയോഗിച്ചത്. അദ്ദേഹത്തിന്റെ ചുമന്ന മുദ്രയാണ് കുറേക്കാലം ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ എന്ന നിലയിൽ ഉപയോഗിച്ചിരു ന്നത്. സമുദായകേസിനു ഹൈക്കോടതിയിലുണ്ടായ പരാജയത്തെ തുട ർന്ന് ജനസഹസ്രങ്ങളെ ആവേശഭരിതരാക്കി കൽക്കട്ടായിൽ നിന്നും ഗീവർഗീസ് ദ്വിതീയൻ അയച്ച ടെലഗ്രാമിലെ *ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട* എന്ന വേദവാക്യം ഈ മുദ്രയിൽ ആലേഖനം ചെയ്തിരു ന്നതാണ്.

താൻ അഭിഷിക്തനായിരിക്കുന്നതു *രാജകീയ മഹാപുരോഹിതൻ* ആയിട്ടാണെന്നു ഉറച്ചു വിശ്വസിച്ചിരുന്ന വ്യക്തിയായിരുന്നു ഗീവർഗീസ് ദ്വിതീയൻ. സ്ഥാനമഹിമയ്ക്കനുസരിച്ച വസ്ത്രവും ചിഹ്നങ്ങളും ധരി ക്കുന്നത് തന്റെ സന്യാസത്തെയോ ഓർത്തഡോക്സിയേയോ ഭംഗപ്പെ ടുത്തുമെന്ന് അദ്ദേഹം തരിമ്പും വിശ്വസിച്ചിരുന്നില്ല. എന്നു മാത്രമല്ല അവ അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം കണക്കാക്കിയിരുന്നു. വി. മൂറോൻ കൂദാശ, മേല്പട്ടസ്ഥാനാരോഹണം മുതലായവയ്ക്ക് പുതിയ കാപ്പാ തയ്പ്പിക്കുന്നതിലും അദ്ദേഹം വേദവിപരീതം ദർശിച്ചില്ല. *വ്യാജ എളിമയും താഴ്മയും* പ്രകടിപ്പിച്ച് കൈയ്യടി വാങ്ങാനും അദ്ദേഹം

മുതിർന്നില്ല. *അതിഭക്തിപ്രകടനം എറ്റവും വലിയ കപടഭക്തിയാണ്* എന്ന ഗുരുവും മുൻഗാമിയുമായ പ. വട്ടശ്ശേരിൽ തിരുമേനിയുടെ സിദ്ധാന്തം തന്നെയാണ് അദ്ദേഹം പിന്തുടർന്നിരുന്നത്.

താൻ ജാതിക്കുതലവനായിരിക്കുന്ന സമൂഹത്തിന്റെ സംസ്കൃതി തികച്ചും ക്രിസ്തീയമാണെന്നും അതു സംരക്ഷിക്കുകയും അനുവർത്തിക്കുകയും ചെയ്യുക എന്നത് തന്റെ ബാദ്ധ്യതയാണെന്നും ഉറച്ചുവിശ്വസിച്ച സാക്ഷാൽ നസ്രാണി ആയിരുന്നു ഗീവർഗീസ് ദ്വിതീയൻ. നസ്രാണി സംസ്ക്കാരത്തെ അദ്ദേഹം തിരസ്ക്കരിച്ചില്ല എന്നു മാത്രമല്ല ആസ്വദിക്കുകയും ചെയ്തു. *ദുഃഖമയം ജീവിതം* എന്ന മട്ടിൽ ലോകത്തെ തമസ്ക്കരിക്കുന്ന വികലമായ ദയറാ തത്വശാസ്ത്രം സാദാ നസ്രാണിയുടെ മേൽ അടിച്ചേൽപ്പിക്കാൻ അദ്ദേഹം ശ്രമിച്ചില്ല. പകരം യേശുക്രിസ്തുവിനെപ്പോലെ ... *ലോകം അവർക്കു യോഗ്യമാകാൻ...* പ്രാർത്ഥിക്കുകയാണ് ഗീവർഗീസ് ദ്വിതീയൻ ചെയ്തത്.

ഉപസംഹാരം

മോശയ്ക്കു ശേഷം ഇസ്രായേലിനെ വാഗ്ദത്ത കനാനിലെത്തിച്ചു കുടിയിരുത്തിയ യോശുവായുമായി പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായെ ധൈര്യമായി ഉപമിക്കാം. അതു കേവലം ഒരു കുടിയേറ്റം മാത്രമായിരുന്നില്ല. ഒരു ഇടയജാതിയായി കാലിവളർത്തലുമായി സ്ഥിരവാസമില്ലാതെ അലഞ്ഞുനടന്ന യഹൂദ ജാതി കാർഷിക സമൂഹമായി പരിവർത്തനം ചെയ്ത് വ്യക്തമായ ഭൂസീമകൾക്കുള്ളിൽ കുടിയിരിക്കുന്നവരായി മാറുന്ന ഒരു സാമൂഹിക പരിവർത്തനത്തിനാണ് യോശുവാ നേതൃത്വം വഹിച്ചത്. വിപരീത ദിശയിലാണെങ്കിലും അതിനു സമാനമായ ഒരു സാമൂഹിക പരിവർത്തനമാണ് ഗീവർഗീസ് ദ്വിതീയന്റെ മഹാപൗരോഹിത്യകാലത്ത് മലങ്കര നസ്രാണിക്കുണ്ടായത്. എതാണ്ട് പൂർണ്ണമായും കാർഷികബന്ധിതമായി തിരുവിതാംകൂർ-കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിൽ തളയ്ക്കപ്പെട്ടിരുന്ന നസ്രാണി ഉന്നത-സാങ്കേതിക വിദ്യാഭ്യാസത്തിന്റെ തോണിയേറി പുതിയ ജീവിതസരണി കണ്ടെത്തി സഹ്യനും അറബിക്കടലും താണ്ടി നസ്രാണി വിശാലഭൂമികയിലേക്കു ചെക്കേറുന്ന സാമൂഹിക പരിവർത്തനം ആരംഭിക്കുന്നത് ഇക്കാലത്താണ്. പുതിയ ആവാസ വ്യവസ്ഥയും സമൂഹങ്ങളും സാമൂഹ്യ സമവാക്യങ്ങളും ഉരുത്തിരിഞ്ഞു വന്ന ഈ ദശാസന്ധിയെ നേരിടാൻ ഗീവർഗീസ് ദ്വിതീയനു സാധിച്ചു. ഉന്നത വിദ്യാഭ്യാസം നേടിയ പട്ടത്വശ്രേണിയെ സമാന്തരമായി കരുപ്പിടിപ്പിച്ചാണ് ഇത് സാധിതപ്രായമാക്കിയത്. വളരുന്ന ഭൂസീമകളുമായി സംവേദിക്കാൻ ഇതു സഭയെ പ്രാപ്തമാക്കി. നസ്രാണി ഹൃദയഭൂമിയിൽ പ്രാഥമിക

വിദ്യാഭ്യാസ വിപ്ലവം സാധിതമാക്കിയ നസ്രാണികൾ ഉന്നതവിദ്യാഭ്യാസ – ആതുര ശുശ്രൂഷാരംഗങ്ങളിലേയ്ക്കു കാൽവെച്ചത് ഇക്കാലത്താണ്. പരമ്പരാഗത യാഥാസ്ഥിതിക പശ്ചാത്തലത്തിൽനിന്നും വളർന്നുവന്ന ഗീവർഗീസ് ദ്വിതീയന് സമഗ്രമായ ഈ സാമൂഹ്യപരിവർത്തനത്തെ ഉൾക്കൊള്ളാനും അതനുസരിച്ച് ഉയരാനും സാധിച്ചു എന്നതാണ് ഇവിടെ പ്രസക്തം.

തീർച്ചയായും *അനുഭവിക്കാൻ കൊടുത്തുവെച്ച ജീവിതം* ആയിരുന്നു ഗീവർഗീസ് ദ്വിതീയന്റേത്. ക്രൈസ്തവലോകം മുഴുവൻ പൂർവ്വാശ്രമത്തിൽ സാധാരണ കുട്ടനാടൻ കർഷകനായിരുന്ന ആ വൃദ്ധതാപസനെ ബഹുമാനിച്ചു. *വൃദ്ധൻ പുന്നൂസ്* എന്നു പരിഹസിച്ച നാവുകൾ തന്നെ *മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ* എന്നു ഭക്ത്യാദരപൂർവ്വം സംബോധന ചെയ്യുന്നത് കേൾക്കാൻ അദ്ദേഹത്തിനു സാധിച്ചു. അവിഭക്ത മലങ്കരസഭയുടെ അത്യുന്നത മഹാപുരോഹിതനായി അദ്ദേഹം *...മരിച്ച് തന്റെ ജനത്തോടു ചേർന്നു*. കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ എന്നീ നിലകളിൽ തന്നിൽ ഭരമേല്പിക്കപ്പെട്ടവയിൽ ഒന്നും ഈ പ്രക്രിയയിൽ അദ്ദേഹത്തിന് അടിയറ വയ്ക്കേണ്ടി വന്നില്ല. ഇതിലുപരി, നസ്രാണിക്കുണ്ടായ വമ്പിച്ച സാമൂഹിക പരിവർത്തനത്തിനു അനുയോജ്യമാവുംവിധം മലങ്കരസഭയെ പരുവപ്പെടുത്താൻ അദ്ദേഹത്തിനു സാധിച്ചു. സമാനതകളില്ലാത്ത നേട്ടം.





ഭാഗം 2

ഡയറിക്കുറിപ്പുകൾ

Diary Book
His Holiness Moran Mar Baselius
Catholicos of the East

27-8-1957 - 20-7-1958

കുണ്ടറ സെമിനാരി, ആഗസ്റ്റ് 27, 1957

27 ചൊവ്വ. നാം പരുമല സിമ്മനാരിയിൽ[1] നിന്നും 2 മണിയോടുകൂടി കുണ്ടറ സിമ്മനാരിയിലേയ്ക്കു തിരിച്ചു. 5 1/2 മണിയോടു കൂടി കുണ്ടറ വന്നുചേർന്നു. കൂറിലോസ് മെത്രാച്ചൻ[2] ഉണ്ടായിരുന്നു. കോശി കത്തനാരും യാക്കോബ് കത്തനാരും മറ്റും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

28 ബുധൻ. കൂറിലോസു മെത്രാച്ചൻ നമ്മോടു കൂടി താമസിച്ചു. കോശി കത്തനാരും യാക്കോബ് കത്തനാരും നമ്മോടുകൂടി താമസിച്ചു.

29 വ്യാഴം. രാവിലെ കാപ്പിമേശയും കഴിഞ്ഞ് കൊല്ലം സെന്റ് തോമസ് ചാപ്പൽ[3] കാണുന്നതിനായി കൂറീലോസു മെത്രാച്ചനുമൊന്നിച്ചു ആ പള്ളിയിൽ എത്തി. ലുത്തിനിയായ്ക്കു ശേഷം പള്ളിയും പരിസരവും കാണുകയുണ്ടായി. ധാരാളം ആളുകളും സംബന്ധിച്ചു. കാപ്പിമേശയും കഴിഞ്ഞ് 11 1/2 മണിയോടു കൂടി കുണ്ടറ സിമ്മനാരിയിൽ വന്നുചേർന്നു. കൂറിലോസു മെത്രാച്ചനെ മാവേലിക്കര പുതിയകാവ് പള്ളിയിലെ കമ്മറ്റിയും മറ്റും കൂടുന്നതിനായി നാം അയച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു. യാക്കോബ് കത്തനാർ നമ്മോടുകൂടി താമസിച്ചു.

30 വെള്ളി. പയ്യമ്പള്ളി ദാവീദ് കത്തനാർ വന്ന് കടമ്പനാട് ഹോറെബ് ദയറായും മറ്റും തിരുമനസ്സുകൊണ്ട് കണ്ടില്ലല്ലോ എന്നും മറ്റും അറിയിച്ചു. ദാവിദ് കത്തനാരും യാക്കോബ് കത്തനാരും നമ്മോടുകൂടെ താമസിച്ചു.

31 ശനി. നാം രാവിലെ കാപ്പിമേശയും കഴിഞ്ഞ് കടമ്പനാട് ഹോറെബ് ദയറായിൽ 11 മണിയോടു കൂടി എത്തി. ദയറായിൽ പുതുതായി പണികഴിപ്പിച്ച കെട്ടിടവും മറ്റും കാണുകയുണ്ടായി. ലുത്തിനിയായ്ക്കു ശേഷം നാം വിശ്രമിച്ചു. ഉച്ചമേശ കഴിഞ്ഞ് അവിടെ നിന്നും പുതിയകാവ് പള്ളിയിൽ 3 1/2 മണിയോടു കൂടി വന്നുചേർന്നു. ലുത്തിനിയാ കഴിഞ്ഞ് നാം വിശ്രമിച്ചു. കൂറിലോസു മെത്രാച്ചൻ ഓതറ[4] നിന്നും വന്ന് നമ്മോടു കൂടി താമസിച്ചു. പള്ളിവികാരിയും മറ്റും വന്ന് നമ്മെ കാണുകയുണ്ടായി. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു. കൂറിലോസ് മെത്രാച്ചൻ നമ്മോടു കൂടെ താമസിച്ചു.

1957 സെപ്റ്റംബർ

സെപ്റ്റംബർ 1 ഞായർ. മാവേലിക്കര പുതിയകാവ് പള്ളി. 7 മണിയോടു കൂടി പ്രഭാത നമസ്ക്കാരം ആരംഭിച്ചു. തുടർന്നു വി. മൂന്നിന്മേൽ കുർബാന ആരംഭിച്ചു. നാം നടുക്കുള്ള ത്രോണോസിലും കൂറിലോസു മെത്രാച്ചനും വർഗ്ഗീസ് കത്തനാരും മറ്റ് ത്രോണോസിലും ആയിരുന്നു. കുർബാന കഴിഞ്ഞ് കൂറീലോസ് മെത്രാച്ചൻ 1/2 മണിക്കൂർ പ്രസംഗിച്ചു. നാം കേസ്[5] നടത്തുന്ന കാര്യവും മറ്റും 1/2 മണിക്കൂർ സമയം പ്രസംഗിച്ചു. അതിനുശേഷം നാം വിശ്രമിച്ചു. 2 മണിയോടുകൂടി പള്ളി പൊതുയോഗം മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. കെ. എം. ചെറിയാനും[6] മാത്തൻ തരകനും[7] മറ്റും വന്ന് നമ്മെ കാണുകയും കോളജിന് പുതിയകാവ് പള്ളിയിൽ നിന്നും വാഗ്ദാനം ചെയ്ത തുക തരുന്ന കാര്യം പൊതുയോഗത്തിൽ പ്രസ്താവിക്കുന്ന കാര്യം അറിയിച്ചു. എ. ഡി വർഗീസ് വന്ന് നമ്മെ കുത്തിവയ്ക്കുകയുണ്ടായി. പൊതുയോഗം കഴിഞ്ഞ് ആ പള്ളിയിൽ നിന്നും കേസിന് തരാനുള്ള തുക നമ്മെ ഏല്പിച്ചു. വഴിപാടിയിലെ ദാനിയേൽ ഉപദേശി മരിച്ച വിവരം നമ്മെ അറിയിക്കുകയും നാം പള്ളിയിൽ വച്ചു നാലാമത്തെ ശുശ്രൂഷ നടത്തുകയുണ്ടായി. കൂറിലോസ് മെത്രാച്ചനും സംബന്ധിച്ചു. ഉമ്മൻ കത്തനാർ നമ്മെ വന്നു കാണുകയുണ്ടായി. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു. കൂറീലോസ് മെത്രാച്ചനും വർഗ്ഗീസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

2 തിങ്കൾ (8 നൊമ്പ് ദിവസം).[8] രാവിലെ വി. കുർബാന ഉണ്ടായിരുന്നു. നാം കുർബാനയിൽ സംബന്ധിക്കയും കുർബാനമദ്ധ്യേ 1/2 മണിക്കൂർ പ്രസംഗിക്കുകയും ചെയ്തു. കാപ്പിമേശയും കഴിഞ്ഞ് തുമ്പോൺ പള്ളിയിൽ[9] 11 മണിയോടു കൂടി വന്നുചേർന്നു. കോട്ടയത്തു നിന്നും മാനേജരും[10] നൈനാനും[11] വന്നിരുന്നു. കേസിന്റെ ഒരു ആവശ്യത്തിലേയ്ക്കു 500 രൂപ നമ്മെ ഏല്പിച്ചു. പുതിയകാവ് പള്ളിയിലെ പണവും തുമ്പോൺ പള്ളിയിൽ നിന്നും കിട്ടിയ പണവും മാനേജരെ ഏല്പിച്ചു. പീലക്സിനോസ് മെത്രാച്ചൻ[12] വന്നിരുന്നു. മെത്രാച്ചൻ 5 മണിയോടു കൂടി പത്തനംതിട്ടയ്ക്ക് പോയി. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു. ശമുവേൽ കത്തനാർ നമ്മോടു കൂടി താമസിച്ചു.

സെപ്റ്റംബർ 3 ചൊവ്വാ. രാവിലെ കാപ്പിമേശ കഴിഞ്ഞ് തുമ്പമൺ പള്ളിയിൽ നിന്ന് പത്തനംതിട്ട ബേസിൽ ദയറായിൽ 11 മണിയോടു കൂടി വന്നുചേർന്നു. പീലക്സിനോസ് മെത്രാച്ചൻ അവിടെ ഉണ്ടായിരുന്നു. ഉച്ച നമസ്ക്കാരം കഴിഞ്ഞ ഉടനെതന്നെ അരമനയുടെ കൂദാശ നടത്തുകയുണ്ടായി. വാഴമുട്ടം ജോഷ്വാ കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. ദാവിദ് കത്തനാരും ഗബ്രിയേൽ കത്തനാരും പീലക്സിനോസ്

മെത്രാച്ചനും നമ്മോടു കൂടി താമസിച്ചു. കോളജ് പ്രിൻസിപ്പൽ നമ്മെ വന്നു കാണുകയുണ്ടായി. സന്ധ്യാ നമസ്ക്കാരശേഷം നാം വിശ്രമിച്ചു.

4 ബുധൻ. രാവിലെ കാപ്പിമേശയും കഴിഞ്ഞ് മെത്രാച്ചനും ഒന്നിച്ചു കോളജിന്റെ പുതിയ കെട്ടിടങ്ങൾ കാണുന്നതിനായി പോയി. പ്രിൻസിപ്പൽ നൈനാനും[13] ഉണ്ടായിരുന്നു. ഉച്ചമേശ കഴിഞ്ഞ് നാം മാക്കാംകുന്ന് പള്ളിയിൽ പോയി. ലുത്തിനിയാ കഴിഞ്ഞ് അല്പസമയം വിശ്രമിച്ചു. തെങ്ങുംതറയിൽ ഗീവർഗ്ഗീസ് കോർഎപ്പിസ്ക്കോപ്പാ വന്നിരുന്നു. 4 മണിയ്ക്കു കാപ്പിമേശയും കഴിഞ്ഞ് കോട്ടയത്തിനു തിരിച്ചു. 5 മണിയോടു കൂടി ദേവലോകം അരമനയിൽ വന്നുചേർന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

5 വ്യാഴം. ഉച്ചമേശ കഴിഞ്ഞ് നാം പഴയസിമ്മനാരിയിൽ[14] പോയിരുന്നു. മാനേജരും മണലിൽ യാക്കോബ് കത്തനാരും[15] അവിടെ ഉണ്ടായിരുന്നു. കാപ്പിമേശ കഴിഞ്ഞ് 5 മണിയോടു കൂടി ദേവലോകത്തു വന്നുചേർന്നു. മല്പാൻ യോഹന്നാൻ കത്തനാർ[16] നമ്മോടു കൂടി താമസിച്ചു.

6 വെള്ളി. മണലിൽ യാക്കോബ് കത്തനാരും പഴയസിമ്മനാരി മാനേജരും നമ്മെ കാണുന്നതിനായി വന്നിരുന്നു. 4 മണിയോടു കൂടി ഈവാനിയോസ് മെത്രാച്ചൻ[17] വന്നിരുന്നു. ഉടനെതന്നെ പോകയും ചെയ്തു. 8 മണിക്ക് കെ. ഒ. മാത്യു വക്കീൽ നമ്മെ കാണുന്നതിനായി വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

7 ശനി. 8 മണിയോടു കൂടി ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. ഉടനെതന്നെ വിദ്യാഭ്യാസബില്ലിൽ പ്രതിഷേധിച്ചുള്ള കമ്മറ്റി മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി പോകയും ചെയ്തു. 4 1/2 മണിയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചനും[18] തോമസ് കത്തനാരും വന്നിരുന്നു. ഉടനെതന്നെ തിരുവല്ലായ്ക്കു പോയി. 7 1/2 മണിക്ക് മാർത്തോമ്മായിലെ മെത്രാച്ചൻ[19] നമ്മെ കാണുന്നതിനായി വരുകയും ഉടനെതന്നെ പോകയും ചെയ്തു.

8 ഞായർ. ദൈവമാതാവിന്റെ ജനനപ്പെരുനാൾ ആയിരുന്നു മല്പാൻ യോഹന്നാൻ കത്തനാർ കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാനമദ്ധ്യേ നാം 1/2 മണിക്കൂർ പ്രസംഗിച്ചു. ഉച്ചമേശ കഴിഞ്ഞ് 1 1/2 മണിയോടു കൂടി ഓണാട്ടു പുന്നൻ വക്കീലിന്റെ മകളുടെ വിവാഹം നടത്തിക്കൊടുക്കുന്നതിനായി ഏലിയാ ചാപ്പലിലേക്കു[20] പോകയും ചെന്ന് അല്പസമയം വിശ്രമിച്ച ശേഷം വിവാഹം നടത്തുകയും ഉടനെതന്നെ ദേവലോകത്തേക്കു പോരുകയും ചെയ്തു. അത്തോനാസിയോസ് മെത്രാച്ചനും,[21] അനേകം വൈദികരും സംബന്ധിച്ചിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

9 തിങ്കൾ. നാം സുഖമായി താമസിച്ചു. പഴയസിമ്മനാരി മാനേജർ യാക്കോബ് കത്തനാർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

10 ചൊവ്വ. മൂലവട്ടത്തുനിന്ന് അബ്രഹാം കത്തനാർ[22] വന്നിരുന്നു. മാവേലിക്കര നിന്നും പറമ്പിൽ അലക്സാണ്ടർ കത്തനാർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

11 ബുധൻ. വട്ടശ്ശേരിൽ പീലിപ്പോസ് കത്തനാർ വന്നിരുന്നു. 4 മണിയോടു കൂടി തിരുവല്ലാ നിന്ന് ദീവന്നാസ്യോസ് മെത്രാച്ചനും ഏലിയാസ് കോർഎപ്പിസ്ക്കോപ്പായും ഗീവർഗ്ഗീസ് കത്തനാരും പടുവെ പള്ളി സംബന്ധമായ കാര്യങ്ങൾ നമ്മെ വന്ന് അറിയിച്ചു. 6 മണിയോടുകൂടി മെത്രാച്ചൻ തിരുവല്ലായ്ക്ക് പോയി. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു.

12 വ്യാഴം. കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും, അത്താനാസ്യോസ് മെത്രാച്ചനും വന്നിരുന്നു. 5 മണിയോടു കൂടി കൗൺസിൽ കഴിഞ്ഞ് പഴയസിമ്മനാരി മാനേജർ വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു.

13 വെള്ളി. ഉച്ചമേശ കഴിഞ്ഞ് 2 മണിയോടുകൂടി പുത്തൻകാവ് പള്ളിയിലേക്കു പറപ്പെട്ടു. 3 1/2 മണിയോടുകൂടി ചെന്നുചേർന്നു. ലുത്തിനിയാ കഴിഞ്ഞ് നാം വിശ്രമിച്ചു. ജോൺ കത്തനാർ നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

14 ശനി. സ്ലീബാ പെരുന്നാൾ ആയിരുന്നു. പുത്തൻകാവ് പള്ളിയിൽ നാം വി. കുർബാന അർപ്പിച്ചു. ബസ്മൽക്കോയ്ക്ക് ഇടയ്ക്ക് സ്ലീബാ ആഘോഷ ശുശ്രൂഷ നടത്തി. 10 1/2 മണിയോടുകൂടി കുർബാന കഴിഞ്ഞു. പീലക്സിനോസ് മെത്രാച്ചൻ വന്നിരുന്നു. 2 മണിയോടു കൂടി മെത്രാച്ചനുമൊന്നിച്ച് ആറാട്ടുപുഴ പള്ളിയിൽ സ്ലീബാദാസ സമൂഹത്തിന്റെ[23] വാർഷിക മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി പോകുകയും പള്ളിയിൽ എത്തി ഉടനെ ലുത്തിനിയാ നടത്തിയശേഷം മീറ്റിംഗ് ആരംഭിച്ചു. ഒസ്താത്തിയോസ് മെത്രാച്ചൻ[24] ഉണ്ടായിരുന്നു. അനേകം വൈദികരും യോഗത്തിൽ സംബന്ധിച്ചിരുന്നു. 4 മണിയോടു കൂടി കാപ്പിമേശയും കഴിഞ്ഞ് കോട്ടയത്തിനു പോന്നു. 5 1/2 മണിയോടു കൂടി ദേവലോകം അരമനയിൽ വന്നുചേർന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

15 ഞായർ. സ്ലീബാ പെരുന്നാളിനു ശേഷം ഒന്നാം ഞായറാഴ്ച ആയിരുന്നു. നാം ഏലിയാ ചാപ്പലിൽ കുർബാന അർപ്പിച്ചു. മൂന്നുമ്മേ ആയി

രുന്നു (ഫാ. എം. വി. ജോർജ്,[25] ഫാ. ഇ. പി. ജേക്കബ്). കുർബാന കഴിഞ്ഞ് യാക്കോബ് കത്തനാർ പ്രസംഗിച്ചു. ഉടനെതന്നെ റാസയും തുടർന്നു കൈമുത്തും ഉണ്ടായിരുന്നു. കാപ്പിമേശ കഴിഞ്ഞ് നാം ദേവലോകത്ത് വന്നു വിശ്രമിച്ചു. 3 മണിയോടു കൂടി ക്ലിമ്മീസ് മെത്രാച്ചൻ[26] നമ്മെ കാണുന്നതിനു വന്നിരുന്നു. ഹോംസിലേക്കുള്ള യാത്രക്കാര്യം നമ്മെ അറിയിച്ചു. 4 മണിക്കു മെത്രാച്ചൻ കാപ്പിമേശ കഴിഞ്ഞ് ഉടനെ തന്നെ പോകുകയും ചെയ്തു. പഴയസിമ്മനാരി മാനേജർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

16 തിങ്കൾ. കുണ്ടറ നിന്നും കോശി കത്തനാരും ബഥനിയിൽ നിന്നു മാണി കത്തനാരും വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു.

17 ചൊവ്വ. പരുമല നിന്നും മാത്യൂസ് കത്തനാർ[27] വന്നിരുന്നു. പഴയ സിമ്മനാരി മാനേജരും വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു.

18 ബുധൻ. തിരുവല്ലാ നിന്നും ദീവന്നാസ്യോസ് മെത്രാച്ചൻ നമ്മെ കാണുന്നതിനായി വന്നിരുന്നു. ഗീവർഗ്ഗീസ് കത്തനാരും വന്നിരുന്നു. മെത്രാച്ചൻ ഉടനെതന്നെ പോയി. ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. ഉടനെതന്നെ പോയി. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

19 വ്യാഴം. നാം സുഖമായി താമസിച്ചു. ജോൺ കത്തനാരും അബ്രഹാം കത്തനാരും നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

20 വെള്ളി. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

21 ശനി. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്കാര ശേഷം വിശ്രമിച്ചു.

22 ഞായർ. സ്ലീബാ പെരുനാളിനു ശേഷം 2-ാം ഞായർ. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം 1/2 മണിക്കൂർ പ്രസംഗിച്ചു. 10 മണിയോടുകൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് ടി.

23 തിങ്കൾ. ദേവലോകം അരമന ചാപ്പലിൽ വച്ച് കടമ്പനാട്ട് തോമസ്സ് ശെമ്മാശന്റെ വിവാഹം നടത്തുകയുണ്ടായി. മല്പാൻ യോഹന്നാൻ കത്തനാരും മറ്റ് അനേക വൈദികരും ശുശ്രൂഷയിൽ സംബന്ധിച്ചു. 10 1/2 മണിയോടുകൂടി ശുശ്രൂഷ കഴിഞ്ഞു നാം വിശ്രമിച്ചു. പീലക്സി

നോസു മെത്രാച്ചൻ വന്നിരുന്നു. വാഴമുട്ടം ജോഷ്വ കത്തനാരും പീലിപ്പോസ് കത്തനാരും വന്ന് കോളജ് സംബന്ധിച്ചുള്ള കാര്യങ്ങൾ നമ്മെ അറിയിച്ചു. അബ്രഹാം കത്തനാരും യാക്കോബ് (പീരുമേട്) കത്തനാരും നമ്മോടു കൂടി താമസിച്ചു.

24 ചൊവ്വ. ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പാ വന്നിരുന്നു. പടുവെ പള്ളി സംബന്ധിച്ച കാര്യം അറിയിക്കുകയും നമ്മോടു കൂടി താമസിക്കയും ചെയ്തു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

25 ബുധൻ. നാം സുഖമായി താമസിച്ചു.

26 വ്യാഴം. കൗൺസിൽ[28] ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും, അത്താനാസിയോസ് മെത്രാച്ചനും കോട്ടയം ഭദ്രാസന സെക്രട്ടറി കോശി കത്തനാരും അബ്രഹാം കത്തനാരും യാക്കോബ് കത്തനാരും വന്നിരുന്നു. 5 മണിയോടു കൂടി കൗൺസിൽ കഴിഞ്ഞു. പത്തിച്ചിറ പള്ളി വികാരി അലക്സാണ്ടർ കത്തനാർ നമ്മോടുകൂടി താമസിച്ചു.

27 വെള്ളി. പഴയസിമ്മനാരി മാനേജരും യാക്കോബ് കത്തനാരും നമ്മെ കാണുന്നതിനായി വന്നിരുന്നു. ഏലിയാസ് തോമസ്സ് കോറെപ്പിസ്ക്കോപ്പാ നമ്മെ വന്നു കാണുകയും നമ്മോടുകൂടി താമസിക്കയും ചെയ്തു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

28 ശനി. പയ്യമ്പള്ളി എബ്രഹാം കത്തനാരും വട്ടശ്ശേരി പീലിപ്പോസ് കത്തനാരും വന്നിരുന്നു. പടുവെ പള്ളി സംബന്ധിച്ച കാര്യം അറിയിച്ചു. ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പായ്ക്ക് ചെല്ലാനുള്ള ശമ്പള കുടിശ്ശിക 6 മാസത്തിനകം കൊടുത്തുതീർക്കാൻ വികാരിയെയും മറ്റും ചുമതലപ്പെടുത്തി. പഴയസിമ്മനാരി മാനേജരും വന്നിരുന്നു. മത്തായി കത്തനാർ പരുമല നിന്നും വന്നു നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

29 ഞായർ. സ്ലീബാപെരുന്നാളിനു ശേഷമുള്ള മൂന്നാം ഞായർ ആയിരുന്നു. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം 1/2 മണിക്കൂർ പ്രസംഗിക്കയും ചെയ്തു. 10 മണിയോടുകൂടി കുർബാന കഴിഞ്ഞ് വിശ്രമിച്ചു. മത്തായി കത്തനാർ കുർബാനയിൽ സംബന്ധിച്ചു.

30 തിങ്കൾ. നാം സുഖമായി താമസിച്ചു. എം. വി. ജോർജ്ജ് കത്തനാരും അബ്രഹാം കത്തനാരും വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

1957 ഒക്ടോബർ

1 ചൊവ്വ. ഇന്നു നമ്മുടെ അരമനയിൽ വച്ച് വർക്കിംഗ് കമ്മറ്റി നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. അത്താനാസിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും കമ്മറ്റി അംഗങ്ങളിൽ ഭൂരിപക്ഷം ആളുകളും സംബന്ധിച്ചു. ഭദ്രാസന സെക്രട്ടറിമാരായ കോശി കത്തനാരും ഗീവർഗ്ഗീസ് കത്തനാരും ഗബ്രിയേൽ കത്തനാരും ടി മീറ്റിംഗിൽ സംബന്ധിച്ചു. 4 മണിയോടു കൂടി മീറ്റിംഗ് കഴിഞ്ഞു. ബഥനി ആശ്രമത്തിൽ[29] നിന്നും കുറിയാക്കോസ് കത്തനാർ[30] വന്നു നിലയ്ക്കപള്ളിയെ[31] സംബന്ധിച്ച കാര്യം അറിയിച്ചു (ഡെപ്യൂട്ടേഷനിൽ പോകുന്ന കാര്യം). അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു.

2 ബുധൻ. നമ്മുടെ മാനേജുമെന്റിലുള്ള[32] ഹെഡ്മാസ്റ്റേഴ്സിന്റെ ഒരു യോഗം എം. ഡി. ഹൈസ്ക്കൂളിൽ[33] വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസു മെത്രാച്ചനും യോഗത്തിൽ സംബന്ധിച്ചു. 12 1/2 മണിയോടുകൂടി ദേവലോകത്തു വന്നു ചേർന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ തൃശ്ശൂനാപള്ളിയിൽ[33] നിന്നും വന്ന് നമ്മോടുകൂടി താമസിച്ചു. പീലക്സിനോസ് മെത്രാച്ചനും നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

3 വ്യാഴം. മാനേജിംഗ് കമ്മറ്റി.[34] രാവിലെ കാപ്പിമേശയും കഴിഞ്ഞ് ദീവന്നാസ്യോസ് മെത്രാച്ചനുമൊന്നിച്ച് നാം പഴയസിമ്മനാരിയിൽ പോയി. നമ്മുടെ അദ്ധ്യക്ഷതയിൽ മാനേജിംഗ് കമ്മറ്റി കൂടി. ഈവാനിയോസ്, ദീവന്നാസിയോസ്, പീലക്സിനോസ്, അത്താനാസിയോസ്, കൂറിലോസ്, ഒസ്താത്തിയോസ് എന്നീ മെത്രാച്ചന്മാർ സന്നിഹിതരായിരുന്നു. മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ ഭൂരിപക്ഷം വന്നിരുന്നു. 5 1/2 മണിയോടു കൂടി കമ്മിറ്റി കഴിഞ്ഞ് ദീവന്നാസിയോസ് മെത്രാച്ചനുമൊന്നിച്ച് ദേവലോകത്തു വന്നുചേർന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു. മെത്രാച്ചൻ നമ്മോടുകൂടി താമസിച്ചു. ശങ്കരത്തിൽ മാത്യൂസ് കോർഎപ്പിസ്ക്കോപ്പാ നമ്മോടു കൂടെ താമസിച്ചു.

4 വെള്ളി. രാവിലെ നാം കാപ്പിമേശയും കഴിഞ്ഞ് ദീവന്നാസിയോസ് മെത്രാച്ചനുമൊന്നിച്ചു പഴയസിമ്മനാരിയിൽ എത്തി. നമ്മുടെ അദ്ധ്യക്ഷതയിൽ എപ്പിസ്കോപ്പൽ സുന്നഹദോസ്[35] കൂടുകയുണ്ടായി. ദീവന്നാസ്യോസ്, ഈവാനിയോസ്, പീലക്സിനോസ്, അത്താനാസിയോസ്, കൂറിലോസ്, ഒസ്താത്തിയോസ് എന്നീ മെത്രാച്ചന്മാർ സന്നിഹിതരായിരുന്നു. 10 മണിയോടു കൂടി ആരംഭിച്ചു. 5 1/2 മണിയോടുകൂടി സുന്നഹദോസ് കഴിഞ്ഞ് ദീവന്നാസിയോസ് മെത്രാച്ചനുമൊന്നിച്ച് ദേവലോകത്തു വന്നു ചേർന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു. മെത്രാച്ചനും

ശങ്കരത്തിൽ മാത്യൂസ് കോർഎപ്പിസ്ക്കോപ്പായും നമ്മോടുകൂടി താമസിച്ചു. മാന്നാർ മാർത്തമറിയം പള്ളിവികാരി അലക്സാണ്ടർ കത്തനാർ വന്ന് പള്ളിക്ക് കല്ല് ഇടുന്ന കാര്യം നമ്മെ അറിയിച്ചു. സുഖമുള്ളപക്ഷം നടത്തിത്തരാം എന്ന് സമ്മതിച്ചു.

5 ശനി. 9 1/2 മണിയോടു കൂടി ദീവന്നാസിയോസ് മെത്രാച്ചൻ തൃശ്ശനാപ്പള്ളിക്ക് പോയി. മല്പാൻ യോഹന്നാൻ കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

6. ഞായർ. സ്ലീബായ്ക്കുശേഷം 4-ാം ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാനമദ്ധ്യേ നാം 1/2 മണിക്കൂർ പ്രസംഗിച്ചു. 10 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു.

7 തിങ്കൾ. ഗീവർഗ്ഗീസ് ബാക്കോസിന്റെ ഓർമ്മയായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. പഴയസിമ്മനാരി മാനേജർ വന്നിരുന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

8 ചൊവ്വാ. കല്ലൂപ്പാറ പള്ളി വികാരി ഗീവർഗ്ഗീസ് പണിക്കർ കത്തനാർ വന്ന് പള്ളിക്കേസ് സംബന്ധിച്ചുള്ള കാര്യം നമ്മെ അറിയിച്ചു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

9 ബുധൻ. നാം സുഖമായി താമസിച്ചു. മൂലവട്ടത്തുനിന്നു അബ്രഹാം കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു.

10 വ്യാഴം. കൗൺസിൽ ഉണ്ടായിരുന്നു. പത്തനംതിട്ട കോളജിന്റെ[36] പ്രിൻസിപ്പൽ നൈനാൻ ഏബ്രഹാം വന്നിരുന്നു. അത്താനാസിയോസ് മെത്രാച്ചനും, ഈവാനിയോസ് മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. പഴയസിമ്മനാരി മാനേജർ വന്നിരുന്നു. 5 1/2 മണിയോടു കൂടി തേവോദോസിയോസ് മെത്രാച്ചനും[37] യോഹന്നാൻ കത്തനാരും[37A] വന്ന് നമ്മോടുകൂടി താമസിച്ചു. അബ്രഹാം കത്തനാർ ഇവിടെ ഉണ്ടായിരുന്നു.

11 വെള്ളി. നാം സുഖമായി താമസിച്ചു. പഴയസിമ്മനാരി മാനേജർ വന്നിരുന്നു. തേവോദോസിയോസ് മെത്രാച്ചനും, യോഹന്നാൻ കത്തനാരും നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

12 ശനി. അമ്മയുടെ ഓർമ്മദിവസം[38] ആയിരുന്നതിനാൽ നാം രാവിലെ

7 മണിയോടുകൂടി കുറിച്ചി വലിയപള്ളിയിൽ എത്തി. വിശുദ്ധ കുർബാന അർപ്പിച്ചു. ശവക്കോട്ടയിൽ പോയി പ്രത്യേകം പ്രാർത്ഥന നടത്തി. കാപ്പി മേശ കഴിഞ്ഞ് 11 1/2 മണിയോടുകൂടി ദേവലോകത്തു വന്നുചേർന്നു. ഗീവർഗ്ഗീസ് പണിക്കർ കത്തനാർ വന്നിരുന്നു. തേവോദോസിയോസ് മെത്രാച്ചനും യോഹന്നാൻ കത്തനാരും നമ്മോടുകൂടി താമസിച്ചു.

13 ഞായർ. സ്ലീബായ്ക്കു ശേഷം 5-ാം ഞായർ. തേവോദോസിയോസ് മെത്രാച്ചൻ വിശുദ്ധ കുർബ്ബാന ചൊല്ലുകയും കുർബാനമദ്ധ്യേ പ്രസംഗിക്കയും ചെയ്തു. നാം കുർബാനയിൽ സംബന്ധിച്ചു. 10 മണിയോടുകൂടി കുർബാന കഴിഞ്ഞു. മെത്രാച്ചനും യോഹന്നാൻ കത്തനാരും നമ്മോടു കൂടെ താമസിച്ചു.

14 തിങ്കൾ. കുർബാന ഉണ്ടായിരുന്നു. തേവോദോസിയോസ് മെത്രാച്ചൻ കുർബാനയിൽ സംബന്ധിച്ചു. ഈവാനിയോസ് മെത്രാച്ചൻ നമ്മെ കാണുന്നതിനായി വന്നിരുന്നു. പഴയസിമ്മനാരി മാനേജരും അബ്രഹാം കത്തനാരും വന്നിരുന്നു. തേവോദോസിയോസ് മെത്രാച്ചനും യോഹന്നാൻ (മാണി)[37A] കത്തനാരും നമ്മോടുകൂടി താമസിച്ചു.

15 ചൊവ്വ. പരുമല സിമ്മനാരി മാനേജർ കണക്കുകൾ പരിശോധിപ്പിക്കുന്നതിനായി വന്നിരുന്നു. അബ്രഹാം കത്തനാരും ജോസഫ് കത്തനാരും ഗീവർഗ്ഗീസ് പണിക്കർ കത്തനാരും വന്നിരുന്നു. തേവോദോസിയോസ് മെത്രാച്ചനും അബ്രഹാം കത്തനാരും ജോസഫ് കത്തനാരും യോഹന്നാൻ കത്തനാരും നമ്മോടു കൂടി താമസിച്ചു.

16 ബുധൻ. തേവോദോസിയോസ് മെത്രാച്ചനും പഴയസിമ്മനാരി മാനേജരും യോഹന്നാൻ കത്തനാരും കൂടി മൂവാറ്റുപുഴയ്ക്കു തീമോത്തിയോസ് മെത്രാച്ചനെ[39] കാണുന്നതിനായി പോയി. 5 1/2 മണിയോടെ കൂടി തിരികെ വന്നുചേർന്നു. സി. റ്റി ഈപ്പൻ കത്തനാർ[40] വന്നിരുന്നു.

17 വ്യാഴം. തേവോദോസിയോസ് മെത്രാച്ചൻ രാവിലെ കാപ്പിമേശ കഴിഞ്ഞ് തിരുവല്ലായ്ക്കു പോയി. പഴയസിമ്മനാരി മാനേജരും പാറമേൽ കുറിയാക്കോസ് കത്തനാരും[41] വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

18 വെള്ളി. നാം സുഖമായി താമസിച്ചു. പഴയസിമ്മനാരി മാനേജരും മണലിൽ യാക്കോബ് കത്തനാരും ബഹനാൻ കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

19 ശനി. നാം സുഖമായി താമസിച്ചു. നിരണം പള്ളി വികാരി ഗീവർഗ്ഗീസ് കത്തനാർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

20 ഞായർ. സ്ലീബായ്ക്കു ശേഷം 6–ാം ഞായർ. ഇന്ന് മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ മല്പാൻ യോഹന്നാൻ കത്തനാർ പ്രസംഗിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് വിശ്രമിച്ചു. മല്പാൻ നമ്മോടു കൂടി താമസിച്ചു.

21 തിങ്കൾ. നാം സുഖമായി താമസിച്ചു. ..... ശേഷം നാം വിശ്രമിച്ചു.

22 ചൊവ്വ. പരുമല സിമ്മനാരി മാനേജർ മാത്യൂസ് കത്തനാരും .... ഗീവർഗ്ഗീസ് കത്തനാരും വാകത്താനം പള്ളി വികാരിമാരായ ഗീവർഗ്ഗീസ് കത്തനാരും പീലിപ്പോസ് കത്തനാരും ...... കത്തനാരും വന്നിരുന്നു. .... നമ്മോടു കൂടി താമസിച്ചു.

23 ബുധൻ. നാം സുഖമായി താമസിച്ചു. തേവോദോസ്യോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും വന്നിരുന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ ...... തിരുവല്ലായ്ക്കു പോയി. തേവോദോസിയോസ് മെത്രാച്ചൻ നമ്മോടുകൂടി താമസിച്ചു. ബഥനി ആശ്രമസ്ഥരായ കുറിയാക്കോസ് കത്തനാരും മത്തായി കത്തനാരും വന്ന് നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

പരുമല

24 വ്യാഴം. കൗൺസിൽ ഉണ്ടായിരുന്നു. അത്താനാസിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും വന്നിരുന്നു. ഉച്ചമേശ കഴിഞ്ഞ് 2 3/4 മണിയോടു കൂടി നാം ദേവലോകത്തു നിന്നും പരുമല സിമ്മനാരിയിലേക്കു തിരിച്ചു. 5 മണിയോടു കൂടി പരുമല വന്നു ചേർന്നു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടുകൂടി താമസിച്ചു.

25 വെള്ളി. നാം സുഖമായി താമസിച്ചു. നിരണം പള്ളി വികാരി ഗീവർഗ്ഗീസ് കത്തനാരും മട്ടയ്ക്കൽ ജോർജ് കത്തനാരും വന്നിരുന്നു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടുകൂടി താമസിച്ചു.

26 ശനി. നാം സുഖമായി താമസിച്ചു. മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാരും[42] കാട്ടുപറമ്പിൽ തോമസ് കത്തനാരും വെന്നാഴിയിൽ ജോർജ് കത്തനാരും മറ്റും നമ്മെ കാണുന്നതിനായി വന്നിരുന്നു. 3 മണിയോടു കൂടി പെരുന്നാൾ സംബന്ധിച്ച് കൊടിയേറ്റ് ഉണ്ടായിരുന്നു. പഴയ സിമ്മനാരി മാനേജർ വന്നിരുന്നു. ഉടൻ തന്നെ പോകയും ചെയ്തു. മാനേജർ മാത്യൂസ് കത്തനാരും കളത്ര യാക്കോബ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

27 ഞായർ. സ്ലീബായ്ക്കു ശേഷം 7-ാം ഞായർ. നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ 1/2 മണിക്കൂർ നാം പ്രസംഗിച്ചു. 10 മണിയോടു കൂടി കുർബ്ബാന കഴിഞ്ഞ് നാം വിശ്രമിച്ചു. മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാരും കാട്ടുപറമ്പിൽ തോമസ് കത്തനാരും വന്നിരുന്നു. മാനേജർ മാത്യൂസ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

28 തിങ്കൾ. നാം സുഖമായി താമസിച്ചു. കുർബ്ബാന ഉണ്ടായിരുന്നു. മാനേജർ മാത്യൂസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. പന്നായി പള്ളിവാതുക്കൽ അലക്സാണ്ടർ കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാ നമസ്ക്കാര ശേഷം വിശ്രമിച്ചു.

29 ചൊവ്വ. ഒസ്താത്തിയോസ് മെത്രാച്ചൻ 10 1/2 മണിയോടു കൂടി പെരുന്നാളിൽ സംബന്ധിക്കുന്നതിനായി വന്നിരുന്നു. ചെന്നിത്തല മത്തായി കത്തനാരും മാന്നാർ മർത്തമറിയം പള്ളി വികാരി അലക്സാണ്ടർ കത്തനാരും വന്നിരുന്നു. മെത്രാച്ചനും മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടു കൂടെ താമസിച്ചു.

30 ബുധൻ. മട്ടയ്ക്കൽ ജോർജ്ജ് കത്തനാരും,[43] ഗീവർഗ്ഗീസ് കത്തനാരും വന്നിരുന്നു. ഉമ്മൻ കത്തനാരും ഒസ്താത്തിയോസ് മെത്രാച്ചനും മത്തായി കത്തനാരും മാനേജരും നമ്മോടുകൂടി താമസിച്ചു.

31 വ്യാഴം. രാവിലെ മാത്യൂസ് കത്തനാർ കുർബ്ബാന ചൊല്ലി. തുടർന്ന് ഉമ്മൻ കത്തനാരുടെ കുട്ടിയെ നാം മാമോദീസാ മുക്കി. ഒസ്താത്തിയോസ് മെത്രാച്ചൻ തല തൊട്ടു. ഉമ്മൻ കത്തനാരും മത്തായി കത്തനാരും ശുശ്രൂഷയിൽ സംബന്ധിച്ചു. ഒസ്താത്തിയോസ് മെത്രാച്ചൻ 4 മണിയോടു കൂടി കുട്ടമ്പേരി പള്ളിയിൽ പെരുന്നാൾ നടത്തുന്നതിന് നമ്മുടെ അനുവാദപ്രകാരം പോയി. ഉമ്മൻ കത്തനാരും മത്തായി കത്തനാരും മാത്യൂസ് കത്തനാരും നമ്മോടു കൂടെ താമസിച്ചു.

1957 നവംബർ

നവംബർ 1 വെള്ളി. വി. മൂന്നിന്മേൽ കുർബാനയുണ്ടായിരുന്നു. കളത്രയാക്കോബ് കത്തനാരും അബ്രഹാം കത്തനാരും ഉമ്മൻ കത്തനാരും കൂടിയാണ് കുർബാന ചൊല്ലിയത്. നാം കുർബാനയിൽ സംബന്ധിച്ചു. ഒസ്താത്തിയോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും പെരുനാളിൽ സംബന്ധിക്കുന്നതിനായി വന്നിരുന്നു. സന്ധ്യാനമസ്ക്കാരത്തിൽ അനവധി പട്ടക്കാരും ജനങ്ങളും സംബന്ധിച്ചു. മെത്രാച്ചനും മറ്റും നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് റാസ ഉണ്ടായിരുന്നു. അതുകഴിഞ്ഞ് ഒസ്താത്തിയോസ് മെത്രാച്ചനും റ്റി. വി. ജോർജ്ജും[44] പ്രസംഗിച്ചു.

2 ശനി. പെരുന്നാൾ ആയിരുന്നു. വെളുപ്പിന് 5 മണിയോടു കൂടി കൂറിലോസു മെത്രാച്ചൻ വി. കുർബാന ചൊല്ലി. തുടർന്ന് 7 മണിയോടു കൂടി വി. മൂന്നിന്മേൽ കുർബാന ഉണ്ടായിരുന്നു. നാം നടുക്കുള്ള ത്രോണോസിലും ഇരുവശത്തും ഒസ്താത്തിയോസു മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും ആയിരുന്നു. അനവധി പട്ടക്കാരും ശെമ്മാശന്മാരും ജനങ്ങളും കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് എം. വി. ജോർജ്ജ് കത്തനാർ പ്രസംഗിച്ചു. 11 1/2 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. ഉച്ചയ്ക്കു രണ്ടു മണിയോടു കൂടി റാസ്സയും ആരംഭിച്ചു. എല്ലാ കാലത്തേക്കാളും ഭംഗിയായിരുന്നു പെരുന്നാൾ ചടങ്ങുകൾ. ജനങ്ങൾ ഭക്തിപുരസ്സരം പെരുനാളിൽ പങ്കുകൊണ്ടു. ഒസ്താത്തിയോസ് മെത്രാച്ചനും കൂറിലോസു മെത്രാച്ചനും മല്പാൻ യോഹന്നാൻ കത്തനാരും മാനേജരും കളത്ര യാക്കോബ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

3 ഞായർ. "കൂദശ് ഈത്തൊ" ആയിരുന്നു. രാവിലെ പരുമല സിമ്മനാരിയിൽ നിന്നും മാന്നാർ മർത്തമറിയം പള്ളിയിൽ പോകയും വി. കുർബാന അർപ്പിക്കയും വൈദികസിമ്മനാരിയിൽ പഠിക്കുന്ന വർഗ്ഗീസ് ഉമ്മന് നാം മാന്നാർ പള്ളിയിൽ വച്ച് ശെമ്മാശുപട്ടം കൊടുക്കുകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാരും എം. വി. ജോർജ്ജ് കത്തനാരും അലക്സാണ്ടർ കത്തനാരും ശുശ്രൂഷയിൽ പങ്കുകൊണ്ടു. കുർബാന കഴിഞ്ഞ ഉടനെ ജോർജ്ജ് കത്തനാർ പ്രസംഗിച്ചു. 11 മണിയോടുകൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. പള്ളിയുടെ ശിലാസ്ഥാപന കർമ്മത്തിൽ സംബന്ധിക്കുന്നതിനായി കൂറിലോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും വന്നിരുന്നു. ഉച്ചമേശ കഴിഞ്ഞ് വിശ്രമിച്ചു. 2 1/2 മണിയോടു കൂടി മീറ്റിംഗ് ആരംഭിച്ചു. കൂറിലോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും ഏലിയാസ് കോർഎപ്പിസ്ക്കോപ്പായും എം. ഐ. ജോർജ്ജും പ്രസംഗിച്ചു. തുടർന്ന് കല്ലിടീൽ ശുശ്രൂഷ ആരംഭിച്ചു. 4 1/2 മണിയോടു കൂടി എല്ലാം ഭംഗിയായി കഴിഞ്ഞു. കാപ്പിമേശ കഴിഞ്ഞ് നാം പരുമലയ്ക്കു പോരുകയും ചെയ്തു. നാം പരുമല വന്ന ഉടനെ സണ്ടേസ്കൂൾ അദ്ധ്യാപക അസോസ്യേഷന്റെ ആഭിമുഖ്യത്തിൽ ഒരു ഫോട്ടൊ എടുത്തു. കൂറിലോസ് മെത്രാച്ചനും സംബന്ധിച്ചു. ഉടനെ തന്നെ പോകയും ചെയ്തു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും മത്തായി കത്തനാരും മാനേജരും നമ്മോടു കൂടി താമസിച്ചു.

8 മണിയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചനും, ദോബിയാസ് കത്തനാരും കൂടി വന്നു. മെത്രാച്ചനും നമ്മോടു കൂടി താമസിച്ചു.

4 തിങ്കൾ. രാവിലെ ദീവന്നാസ്യോസ് മെത്രാച്ചൻ മാന്നാർ മർത്തമറിയം പള്ളിയിലേക്കു പോകയും 1 മണിയോടു കൂടി തിരിച്ച് പരുമല വരികയും ഉടനെതന്നെ തിരുവല്ലായ്ക്കു പോകയും ചെയ്തു. കല്ലൂപ്പാറ പള്ളി വികാരി ഗീവർഗ്ഗീസ് പണിക്കർ കത്തനാരും മാന്നാർ പള്ളി വികാരി അല ക്സാണ്ടർ കത്തനാരും വന്നിരുന്നു. മത്തായി കത്തനാരും മാനേജരും നമ്മോടു കൂടി താമസിച്ചു.

5 ചൊവ്വ. നാം സുഖമായി താമസിച്ചു. മട്ടയ്ക്കൽ ജോർജ്ജ് കത്ത നാരും പയ്യമ്പള്ളിൽ ദാവീദ് കത്തനാരും വന്നിരുന്നു. മത്തായി കത്ത നാരും മാനേജരും പയ്യമ്പള്ളി ദാവിദ് കത്തനാരും നമ്മോടു കൂടി താമ സിച്ചു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

6 ബുധൻ. നാം സുഖമായി താമസിച്ചു. പഴയസിമ്മനാരി മാനേജരും മണലിൽ യാക്കോബ് കത്തനാരും ഗബ്രിയേൽ കത്തനാരും നമ്മെ കാണു ന്നതിനായി വന്നിരുന്നു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്ത നാരും പയ്യമ്പള്ളി ദാവീദ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

7 വ്യാഴം. നാം സുഖമായി താമസിച്ചു. മത്തായി കത്തനാരും മാനേ ജരും നമ്മോടുകൂടി താമസിച്ചു.

8 വെള്ളി. കാരിക്കോട്ട് ബർസ്ലിബി കത്തനാർ[45] നമ്മെ കാണുന്നതി നായി വന്നിരുന്നു. മത്തായി കത്തനാരും മാനേജരും നമ്മോടുകൂടി താമ സിച്ചു.

9 ശനി. മട്ടയ്ക്കൽ ജോർജ്ജ് കത്തനാർ വന്നിരുന്നു. മാനേജർ നമ്മോടു കൂടി താമസിച്ചു.

10 ഞായർ. "ഹൂദോസ് ഈത്തോ" ഞായറാഴ്ച[46] ആയിരുന്നു. നാം വിശുദ്ധ കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ 1/2 മണിക്കൂർ നാം പ്രസം ഗിച്ചു. 10 1/2 മണിയോടു കൂടി കുർബാന കഴിഞ്ഞു. മാനേജർ മാത്യൂസ് കത്തനാർ കുർബാനയിൽ സംബന്ധിച്ചു. വെങ്ങാഴിയിൽ ജോർജ്ജ് കത്ത നാരും കളത്ര യാക്കോബ് കത്തനാരും വന്നിരുന്നു. മാനേജരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

11 തിങ്കൾ. നാം സുഖമായി താമസിച്ചു. വഴിപറമ്പിൽ ഗീവർഗ്ഗീസ് കത്തനാരും മട്ടയ്ക്കൽ ജോർജ്ജ് കത്തനാരും വന്നിരുന്നു. മാനേജർ മാത്യൂസ് കത്തനാരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

12 ചൊവ്വ. നാം സുഖമായി താമസിച്ചു. മത്തായി കത്തനാരും മാനേ ജർ മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

13 ബുധൻ. നാം സുഖമായി താമസിച്ചു. മത്തായി കത്തനാരും മാനേ ജർ മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

14 വ്യാഴം. നാം സുഖമായി താമസിച്ചു. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

15 വെള്ളി. മത്തായി കത്തനാരും മാനേജർ മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

16 ശനി. നാം സുഖമായി താമസിച്ചു. മത്തായി കത്തനാർ പള്ളം പള്ളി നടത്തുന്നതിനായി നമ്മുടെ അനുവാദത്തോടുകൂടി പോയി. മാനേജർ മാത്യൂസ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

17 ഞായർ. സ്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച ആയിരുന്നു. മാനേജർ മാത്യൂസ് കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. മാത്യൂസ് കത്തനാർ കുർബാനമദ്ധ്യേ പ്രസംഗിച്ചു. 10 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. മത്തായി കത്തനാരും മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

18 തിങ്കൾ. മത്തായി കത്തനാരും മാത്യൂസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

19 ചൊവ്വ. നാം പരുമല സിമ്മനാരിയിൽ നിന്നും 2 മണിയോടു കൂടി മാവേലിക്കര പുതിയകാവു പള്ളിയിൽ പോയി. പുത്തൻപുരയിൽ തോമസ് കത്തനാരുടെ ശവസംസ്ക്കാര ശുശ്രൂഷ നാം നിർവഹിച്ചു. ദീവന്നാസ്യോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും സംബന്ധിച്ചു. അനേകം വൈദികരും ശെമ്മാശന്മാരും ജനങ്ങളും സംബന്ധിച്ചു. 6 1/2 മണിയോടു കൂടി അടക്കം കഴിഞ്ഞു. കൂറിലോസ് മെത്രാച്ചനും ഉമ്മൻ കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

20 ബുധൻ. കാപ്പിമേശയും കഴിഞ്ഞ് നാം തോമസ് കത്തനാരെ അടക്കിയ സ്ഥലം കാണുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. അനന്തരം പറമ്പിൽ സഖറിയാ കത്തനാരുടെ വസതിയിൽ പോകുകയും തൈലാഭിഷേകം നടത്തുകയും ചെയ്തു. കൂറിലോസ് മെത്രാച്ചനും ഏതാനും ചില വൈദികരും ശുശ്രൂഷയിൽ സംബന്ധിച്ചു. അതുകഴിഞ്ഞ് നാം തഴക്കര ചാപ്പലിൽ വിശ്രമിച്ചു. പുതുതായി പണിയുന്ന പള്ളി നാം കാണുകയും ചെയ്തു. ഉച്ചമേശയ്ക്കു ശേഷം നാം ദേവലോകം അരമനയിൽ 4 1/2 മണിയോടു കൂടി വന്നുചേർന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

21 വ്യാഴം. ഇന്നു കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും സംബന്ധിച്ചു. പഴയസിമ്മനാരി മാനേജരും ഗബ്രിയേൽ കത്തനാരും വന്നിരുന്നു. മലയായിൽ പോയി

രുന്ന ജോർജ്ജ് കത്തനാർ വന്നിരുന്നു. നമ്മോടുകൂടി താമസിച്ചു. സന്ധ്യാ നമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

22 വെള്ളി. നാം സുഖമായി താമസിച്ചു. തേവോദോസിയോസ് മെത്രാച്ചൻ 10 മണിയോടു കൂടി വന്നിരുന്നു. പള്ളി കൂദാശയുടെ കാര്യം നമ്മെ അറിയിച്ചു. മെത്രാച്ചൻ നമ്മോടുകൂടി താമസിച്ചു.

23 ശനി. നാം സുഖമായി താമസിച്ചു. പുലിക്കോട്ടു മെത്രാച്ചന്റെ (ദീവന്നാസ്യോസ്)[47] ഓർമ്മ ഞായറാഴ്ച ആയതുകൊണ്ട് സന്ധ്യാനമസ്ക്കാരം നടത്തുന്നതിന് നാം സിമ്മനാരിയിൽ പോയി. നമസ്ക്കാരം കഴിഞ്ഞ് നാം ദേവലോകത്ത് വന്നു വിശ്രമിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വന്നിരുന്നു. നമ്മോടുകൂടി താമസിച്ചു.

24 ഞായർ. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ചയായിരുന്നു. പുലിക്കോട്ടു ദീവന്നാസ്യോസ് മെത്രാച്ചന്റെ ഓർമ്മയും ആയിരുന്നു. നാം രാവിലെ പഴയസിമ്മനാരിയിലേക്കു പോയി. വിശുദ്ധ മൂന്നിന്മേൽ കുർബാനയായിരുന്നു. അത്താനാസിയോസ് മെത്രാച്ചനും, പഴയ സിമ്മനാരി മാനേജരും പെരുനാളിൽ സംബന്ധിച്ചിരുന്നു. കുർബാന കഴിഞ്ഞ് അത്താനാസിയോസ് മെത്രാച്ചൻ അല്പസമയം പ്രസംഗിക്കയും തുടർന്നു കബറിങ്കൽ പ്രാർത്ഥന നടത്തുകയും ഉടനെതന്നെ റാസ ആരംഭിക്കയും ചെയ്തു. 10 3/4 മണിയോടു കൂടി എല്ലാം ഭംഗിയായി കഴിച്ച ശേഷം നാം വിശ്രമിച്ചു. തീമോത്തിയോസ് മെത്രാച്ചൻ നമ്മെ കാണുന്നതിനായി വന്നിരുന്നു. ഉടനെതന്നെ നട്ടാശ്ശേരി പള്ളിയിലേക്കു പോകയും ചെയ്തു. ഉച്ചമേശയും കഴിഞ്ഞ് നാം ദേവലോകത്ത് വന്നു വിശ്രമിച്ചു.

25 തിങ്കൾ. നാം സുഖമായി താമസിച്ചു. പഴയസിമ്മനാരി മാനേജർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു. കൊല്ലത്തു നിന്നും വന്ന ട്രെയിൻ[48] നമ്മുടെ ചാപ്പലിന്റെ പടിഞ്ഞാറെ വരാന്തയിൽ പോയി നാം കാണുകയുണ്ടായി.

26 ചൊവ്വാ. വാകത്താനം പള്ളിയിൽ നിന്നും പുന്നൂസ് കത്തനാരും കുറിയാക്കോസ്സു കത്തനാരും പീലിപ്പോസ് കത്തനാരും വന്നിരുന്നു. ഈവാനിയോസ് മെത്രാച്ചനും വന്നിരുന്നു. വാകത്താനം പള്ളി സംബന്ധിച്ച കാര്യങ്ങൾ നമ്മെ അറിയിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞു വിശ്രമിച്ചു.

27 ബുധൻ. പഴയസിമ്മനാരി മാനേജരും യാക്കോബ് കത്തനാരും വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാരും വന്ന് നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

28 വ്യാഴം. മാർ യാക്കൂബ് ബുർദാനായുടെ ഓർമ്മയായിരുന്നു. മല്പാൻ

യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. അബ്രഹാം കത്തനാർ വന്നു നമ്മോടുകൂടി താമസിച്ചു.

29 വെള്ളി. സിബേലിന്റെ മല്പാൻ മാർ യാക്കൂബിന്റെ ഓർമ്മയായിരുന്നു. അബ്രഹാം കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

30 ശനി. പഴയസിമ്മനാരി മാനേജർ വന്നിരുന്നു. മാളിയക്കലെ മാത്തുക്കുട്ടിക്ക്[49] സുഖമില്ലാത്തതിനാൽ നാം അവിടെ പോകയും പ്രത്യേക പ്രാർത്ഥന കഴിക്കയും ഉടനെതന്നെ മാങ്ങാനം ദയറായിൽ[50] പോയി പള്ളിയും മറ്റും സന്ദർശിക്കുകയുണ്ടായി. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

1957 ഡിസംബർ

1. ഞായർ. 25 നോമ്പ് ആരംഭം. ഏലിശുബായുടെ അടുക്കലേക്കുള്ള യാത്ര. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ 1/2 മണിക്കൂർ പ്രസംഗിച്ചു. 10 1/2 മണിയോടുകൂടി കുർബാന കഴിഞ്ഞു നാം വിശ്രമിച്ചു.

2. തിങ്കൾ. അബ്രഹാം കത്തനാരും പഴഞ്ഞി പള്ളി വികാരി അബ്രഹാം കത്തനാരും[51] വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു.

3. ചൊവ്വ. എൻ. ജി. കുര്യൻ കത്തനാർ[52] നമ്മെ കാണുന്നതിനായി വന്നിരുന്നു. നമ്മുടെ രക്തത്തിൽ പഞ്ചസാര ഉണ്ടോ എന്നു പരിശോധിക്കുന്നതിനു കോട്ടയം ആസ്പത്രിയിൽ നിന്നും ഒരാൾ വന്നു നമ്മുടെ രക്തം എടുക്കുകയുണ്ടായി. പരിശോധനഫലമായി അല്പം ഉണ്ടെന്നും മനസ്സിലായി. കൂറിലോസ് മെത്രാച്ചൻ 11 മണിയോടുകൂടി കേസിന്റെ പണപിരിവിനായി വന്നിരുന്നു. ഉടൻതന്നെ പോകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

കുണ്ടറയ്ക്കുള്ള യാത്ര

4 ബുധൻ. നാം ഇന്നു രാവിലെ ദേവലോകം അരമനയിൽ നിന്നും കുണ്ടറ സിമ്മനാരിയിലേക്കു തിരിച്ചു. 12 മണിയോടു കൂടി കുണ്ടറ എത്തി നാം വിശ്രമിച്ചു. സിമ്മനാരി മാനേജർ യാക്കോബ് കത്തനാരും കളത്ര യാക്കോബ് കത്തനാരും നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

5 വ്യാഴം. നാം സുഖമായി താമസിച്ചു. സിമ്മനാരി മാനേജരും കളത്ര യാക്കോബ് കത്തനാരും ദെല്ലാ ദാനിയേൽ കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

6 വെള്ളി. മാർ സോഖെയുടെ ഓർമ്മദിവസം ആയിരുന്നു. വി. കുർബാന മാനേജർ യാക്കോബ് കത്തനാർ ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. കളത്ര യാക്കോബ് കത്തനാരും ദാനിയേൽ കത്തനാരും കുർബാനയിൽ സംബന്ധിച്ചു.

7 ശനി. ഉച്ചമേശയും കഴിഞ്ഞ് നാം കുണ്ടറ നിന്നും തിരുവനന്തപുരം സെന്റ് ജോർജ്ജ് പള്ളിയിലേക്കു തിരിച്ചു. 4 1/2 മണിയോടു കൂടി അവിടെ എത്തി. മോടിശ്ശേരിൽ മാത്യു കത്തനാരും ഈപ്പൻ കത്തനാരും[53] അവിടെ ഉണ്ടായിരുന്നു. മാത്യൂസ് കത്തനാർ നമ്മോടുകൂടെ താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു. മാളിയക്കലെ എം. സി. മാത്യു[49] മരിച്ച വിവരം രാത്രി 10 മണിയോടു കൂടി ഫോൺ മുഖാന്തരം നമ്മെ അറിയിച്ചു.

8 ഞായർ. മാർ യോഹന്നാൻ മാംദാനായുടെ ഓർമ്മയായിരുന്നു. ആദ്യത്തെ കുർബാന 6 3/4 നു തുടങ്ങി. ഈപ്പൻ കത്തനാർ ആണു വി. കുർബാന ചൊല്ലിയത്. രണ്ടാമത്തെ കുർബാന 8 മണിയോടു കൂടി തുടങ്ങി. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. മാത്യൂസ് കത്തനാരും ഈപ്പൻ കത്തനാരും കുർബാനയിൽ സംബന്ധിച്ചു. 12 മണിയോടു കൂടി കുർബാന കഴിഞ്ഞു നാം വിശ്രമിച്ചു.

രക്തം പരിശോധിപ്പിക്കുന്നതിന് 4 1/2 മണിയോടുകൂടി ഡോക്ടർ പൈ വന്നു. നാം അസുഖങ്ങൾ ഡോക്ടറെ മനസ്സിലാക്കി. അദ്ദേഹം വേണ്ട പരിശോധനകൾ നടത്തി. രക്തം എടുക്കയും ചെയ്തു. മാത്യൂസ് കത്തനാർ നമ്മോടുകൂടി താമസിച്ചു.

9 തിങ്കൾ. നാം സുഖമായി താമസിച്ചു. മാത്യൂസ് കത്തനാരും ഈപ്പൻ കത്തനാരും നമ്മോടുകൂടി താമസിച്ചു.

10 ചൊവ്വ. മാർ ബഹനാൻ സഹദായുടെ ഓർമ്മദിവസമായിരുന്നു. ഈപ്പൻ കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. മാത്യൂസ് കത്തനാരും കുർബാനയിൽ സംബന്ധിച്ചു. 9 മണിയോടു കൂടി ഡോക്ടർ പൈ വന്ന് നമ്മുടെ രക്തം എടുത്തു. മറ്റ് മരുന്നുകൾ കുറിച്ചു തന്നു. മാത്യൂസ് കത്തനാർ നമ്മോടുകൂടി താമസിച്ചു.

11 ബുധൻ. നാം സുഖമായി താമസിച്ചു. മാത്യൂസ് കത്തനാരും ഈപ്പൻ കത്തനാരും ഇവിടെ ഉണ്ടായിരുന്നു. 3 1/2 മണിയോടുകൂടി കാഴ്ചബംഗ്ലാവിൽ നാം പോകയും അവിടെയുള്ള മൃഗങ്ങളെയും മറ്റും കാണുകയും ചെയ്തു. നമ്മോടു കൂടി മാത്യൂസ് കത്തനാരും ഈപ്പൻ കത്തനാരും ഉണ്ടായിരുന്നു. മാത്യൂസ് കത്തനാർ നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

12 വ്യാഴം. ഡോക്ടർ പൈ രാവിലെ 9 മണിയോടു കൂടി വന്നിരുന്നു. മരുന്നുകൾ കുത്തിവയ്ക്കുകയും രക്തം വീണ്ടും പരിശോധനയ്ക്കായി എടുത്തു. മാത്യൂസ് കത്തനാർ നമ്മോടുകൂടി താമസിച്ചു.

13 വെള്ളി. കോരുതു ജഡ്ജിയും മറ്റും നമ്മെ കാണുന്നതിനായി വന്നിരുന്നു. മാത്യൂസ് കത്തനാർ നമ്മോടുകൂടി താമസിച്ചു. സന്ധ്യാ നമസ്ക്കാരശേഷം വിശ്രമിച്ചു.

14 ശനി. ഉച്ചമേശയും കഴിഞ്ഞ് 3 മണിയോടുകൂടി തിരുവനന്തപുരം പള്ളിയിൽ നിന്നും കുണ്ടറ സിമ്മനാരിയിലേക്കു പോന്നു. 5 മണിയോടു കൂടി വന്നുചേർന്നു. യാക്കോബ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

15 ഞായർ. നീതിമാനായ യൗസേപ്പിന്റെ വെളിപാടിന്റെ ഞായറാഴ്ച ആയിരുന്നു. നാം വി. കുർബാന ചൊല്ലി. യാക്കോബ് കത്തനാർ കുർബാനയിൽ സംബന്ധിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. സന്ധ്യാ നമസ്ക്കാരശേഷം നാം വിശ്രമിച്ചു. യാക്കോബ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

16 തിങ്കൾ. നാം സുഖമായി താമസിച്ചു. മുഖത്തല യോഹന്നാൻ കത്തനാർ വന്നിരുന്നു. മാനേജരും കളത്ര യാക്കോബ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

17 ചൊവ്വ. ഉച്ചമേശയും കഴിഞ്ഞ് 3 മണിയോടുകൂടി കുണ്ടറ നിന്നും ദേവലോകത്തേക്കു തിരിച്ചു. പോരുംവഴി ബിഷോപ്പ് ജേക്കബ് മരിച്ച വാർത്ത അറിഞ്ഞ് നാം അവിടെ പോകയും പ്രാർത്ഥനയ്ക്കുശേഷം ദേവലോകത്തേക്കു പോരുകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

18 ബുധൻ. മാർത്തോമ്മാ ശ്ലീഹാ ശൂലം ഏറ്റതിന്റെ ഓർമ്മദിവസം ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. പഴയസിമ്മനാരി മാനേജരും വന്നിരുന്നു. കാപ്പിമേശയ്ക്കു ശേഷം മാളിയക്കലെ എം. സി. മാത്യുവിന്റെ കബറിടത്തിൽ പ്രത്യേക ധൂപപ്രാർത്ഥന നടത്തി. മാനേജരും നമ്മോടു കൂടി വന്നിരുന്നു. മല്പാൻ നമ്മോടുകൂടി താമസിച്ചു.

19 വ്യാഴം. മാർതോമാശ്ലീഹാ ശൂലം ഏറ്റ ദിവസം ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം വി. കുർബാനയിൽ സംബന്ധിച്ചു. ഗ്രീഗോറിയോസ് മെത്രാച്ചനും[54] പാറമേൽ കുറിയാക്കോസു കത്തനാരും വന്നിരുന്നു. മെത്രാച്ചൻ കുന്നംകുളത്ത് പെരുന്നാൾ നടത്തുന്നതിനായി പേകാൻ വന്ന വഴി നമ്മെ കാണുന്നതിനായി വന്നിരുന്നു. ഉടൻതന്നെ പോകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

20 വെള്ളി. മാർതോമ്മാശ്ലീഹാ ശൂലം ഏറ്റതിന്റെ ഓർമ്മദിവസം ആയിരുന്നു. മല്പാൻ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. അബ്രഹാം കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

21 ശനി. മാർതോമ്മാശ്ലീഹായുടെ ഭാഗ്യമരണം പ്രാപിച്ച ദിവസം ആയിരുന്നു. അബ്രഹാം കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

22 ഞായർ. ജനനപെരുനാളിന്റെ മുമ്പുള്ള ഞായറാഴ്ച ആയിരുന്നു. നാം വി. കുർബാന അർപ്പിച്ചു. തോബിയാർ കത്തനാർ വി. കുർബാനയിൽ സംബന്ധിക്കയും കുർബാന കഴിഞ്ഞ് പ്രസംഗിക്കയും ചെയ്തു. സി. റ്റി. ഈപ്പൻ കത്തനാരും കുർബാനയിൽ സംബന്ധിച്ചു. മല്പാൻ ഉണ്ടായിരുന്നു. കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു.

23 തിങ്കൾ. പഴയസിമ്മനാരി മാനേജരും ഗബ്രിയേൽ കത്തനാരും വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

അയ്യമ്പള്ളി മനപ്പിള്ളി യാത്ര

24 ചൊവ്വ. നാം രാവിലെ കാപ്പിമേശ കഴിഞ്ഞ് 9 മണിയോടു കൂടി ദേവലോകം അരമനയിൽ നിന്നും തിരിച്ചു. 11 മണിയോടു കൂടി മൂവാറ്റുപുഴ തിമോത്തിയോസ് മെത്രാച്ചന്റെ അരമനയിൽ എത്തി. കൂറിലോസ് മെത്രാച്ചനും അവിടെ ഉണ്ടായിരുന്നു. ഉച്ചമേശയും കഴിഞ്ഞ് നാം അയ്യമ്പള്ളിക്കു യാത്രയായി. 7 മണിയോടു കൂടി അയ്യമ്പള്ളി മനപ്പിള്ളി സെന്റ് കുറിയാക്കോസ് സഹദായുടെ നാമത്തിൽ സ്ഥാപിച്ച പള്ളിയിൽ എത്തി. യൽദോയുടെ സന്ധ്യാനമസ്ക്കാരം നടത്തി. അതിനുശേഷം നാം വിശ്രമിച്ചു. ഡോക്ടർ പോൾ വന്നിരുന്നു. നമ്മുടെ അസ്സുഖത്തെപ്പറ്റി നാം പറകയും വേണ്ട നിർദ്ദേശങ്ങൾ തരുകയും ചെയ്തു.

25 ബുധൻ. യൽദോ പെരുന്നാൾ. കർത്താവിന്റെ ജനനദിവസം ആയിരുന്നു. രാത്രി 2 മണിയോടു കൂടി നമസ്ക്കാരം ആരംഭിച്ചു. അതിന്റെ ശേഷം യൽദോയുടെ ശുശ്രൂഷകൾ ആരംഭിക്കയും അതിനെ തുടർന്ന് പ്രഭാത നമസ്ക്കാരം തുടങ്ങി. നാം വി. കുർബാന അർപ്പിച്ചു. കുർബാന മദ്ധ്യേ നാം പ്രസംഗിച്ചു. 7 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. ഡോക്ടർ വന്ന് പരിശോധിക്കയും കുത്തിവയ്ക്കയും ചെയ്തു. ജോസഫ് കത്തനാർ വി. കുർബാനയിൽ സംബന്ധിച്ചു.

26 വ്യാഴം. മാതാവിന്റെ പുകഴ്ച്ചയുടെ പെരുന്നാൾ ആയിരുന്നു. ജോസഫ് കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ

സംബന്ധിച്ചു. കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. ഡോക്ടർ പോൾ വന്നു. കുത്തിവയ്ക്കുകയുണ്ടായി. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

27 വെള്ളി. ശിശുവധപെരുന്നാൾ ആയിരുന്നു. ജോസഫ് കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് നാം മാർ കുറിയാക്കോസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിക്കാനുള്ള ശുശ്രൂഷ ആരംഭിച്ചു. പ്രദക്ഷിണം കഴിഞ്ഞ് പ്രത്യേകം തയാറാക്കിയ സ്ഥലത്ത് നാം സ്ഥാപിച്ചു. അതിന്റെശേഷം നാം വിശ്രമിച്ചു. ഡോക്ടർ പോൾ വന്ന് കുത്തിവയ്ക്കയും മറ്റും ചെയ്തു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

28 ശനി. മണലിൽ യാക്കോബ് കത്തനാരും ജോസഫ് കത്തനാരും നമ്മെ കാണുന്നതിനായി വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു. ഡോ. പോൾ വന്നിരുന്നു. കുത്തിവയ്ക്കയും ചെയ്തു.

29 ഞായർ. ജനനപെരുനാളിനു ശേഷം 1-ാം ഞായർ ആയിരുന്നു. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ പ്രസംഗിച്ചു. ജോസഫ് കത്തനാർ കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് അല്പം വിശ്രമിച്ചു. അതിനുശേഷം മേക്കര യാക്കോബിന്റെ വിവാഹം നാം നടത്തുകയുണ്ടായി. അതിനുശേഷം നാം വിശ്രമിച്ചു. ഡോക്ടർ പോൾ വന്നിരുന്നു.

30 തിങ്കൾ. നാം സുഖമായി താമസിച്ചു. ഡോക്ടർ പോൾ വന്നു കുത്തിവയ്ക്കയുണ്ടായി. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

31 ചൊവ്വ. നാം സുഖമായി താമസിച്ചു. ജോസഫ് കത്തനാർ വന്നിരുന്നു. ഡോക്ടർ പോൾ വന്നിരുന്നു. വേണ്ട നിർദ്ദേശങ്ങൾ തന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

1958 ജനുവരി

1 ബുധൻ. ബസ്സേലിയോസ് ഗ്രീഗോറിയോസിന്റെ ഓർമ്മയായിരുന്നു. ജോസഫ് കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാനമദ്ധ്യേ പ്രസംഗിച്ചു. 9 1/2 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. ഉച്ചമേശ കഴിഞ്ഞ് നാം അയ്യമ്പള്ളിൽ നിന്ന് എറണാകുളത്ത് പള്ളിയിൽ വന്നു. ഡോക്ടർ പോൾ നമ്മോടുകൂടി വന്നിരുന്നു. എറണാകുളം പള്ളി വികാരി മുരിക്കൽ അവിടെ ഉണ്ടായിരുന്നു. നമ്മോടുകൂടി വികാരി താമസിച്ചു. ഡോക്ടർ പോൾ രക്തം എടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തശേഷം അയ്യമ്പള്ളിക്കു പോയി. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

2 വ്യാഴം. ഡോക്ടർ പോളിന്റെ നിർദ്ദേശപ്രകാരം ഡോ. ഷേണായി വന്ന് രക്തം പരിശോധനയ്ക്കായി എടുത്തുകൊണ്ട് പോയി. ഡോക്ടർ പോൾ വന്ന് പരിശോധിച്ച വിവരം നമ്മെ അറിയിച്ചു. ഉച്ചമേശ കഴിഞ്ഞു 3 മണിയോടു കൂടി കണ്ണ് ഓപ്പറേഷൻ ചെയ്ത് കിടന്ന യൂലിയോസ് മെത്രാച്ചനെ[55] കാണുന്നതിനായി നാം ആസ്പത്രിയിൽ പോകയും മെത്രാച്ചനെ കണ്ട ശേഷം ഉടനെ തന്നെ എറണാകുളം പള്ളിയിൽ വന്നു കാപ്പി മേശയ്ക്കു ശേഷം നാം അവിടെ നിന്നും ദേവലോകത്തേക്കു പോകുകയും ചെയ്തു. 7 മണിയോടു കൂടി വന്നു ചേർന്നു. നാം വന്നപ്പോൾ തീമോത്തിയോസ് മെത്രാച്ചൻ ഇവിടെ ഉണ്ടായിരുന്നു. മെത്രാച്ചൻ നമ്മോടുകൂടി താമസിച്ചു.

3 വെള്ളി. തീമോത്തിയോസ് മെത്രാച്ചൻ[56] പെരുനാട് ബഥനി ആശ്രമത്തിൽ പുതുതായി പണിത പള്ളിയുടെ കൂദാശ നടത്തുന്നതിനായി പോയി. മണലിൽ യാക്കോബ് കത്തനാരും പഴയസിമ്മനാരി മാനേജരും വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

4 ശനി. തോമസ്സ് കത്തനാരും വെള്ളുക്കുട്ട വർഗ്ഗീസ് കത്തനാരും വന്ന് നമ്മോടുകൂടി താമസിച്ചു. സന്ധ്യാ നമസ്ക്കാരശേഷം നാം വിശ്രമിച്ചു.

5 ഞായർ. ദനഹാപെരുനാളിനു മുമ്പ് ഉള്ള ഞായറാഴ്ച ആയിരുന്നു. വെള്ളുക്കുട്ട ഗീവർഗ്ഗീസ് കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. നാം കുർബാനമദ്ധ്യേ പ്രസംഗിച്ചു. 10 മണിയോടുകൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. രാത്രി 7 മണിയോടു കൂടി ക്ലീമീസ്സ് മെത്രാച്ചൻ വന്നിരുന്നു. സഭാ സമാധാനത്തെപ്പറ്റി നമ്മോട് അറിയിച്ചു. മെത്രാച്ചന്മാരുമായി ആലോചിച്ച് ചെയ്യാം എന്ന് നാം പറഞ്ഞു. 9 മണിയോടു കൂടി കാപ്പിമേശ കഴിഞ്ഞ് പോകയും ചെയ്തു. പഴയ സിമ്മനാരി മാനേജരും പി. സി. ചെറിയാൻ,[57] പി. സി. ഏബ്രഹാം,[58] മനോരമ കെ. എം. ചെറിയാൻ[59] എന്നിവരും വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

6 തിങ്കൾ. ദനഹാ പെരുന്നാൾ ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. തൂയോബോയ്ക്ക് ശേഷം ദനഹായുടെ ശുശ്രൂഷകൾ ആരംഭിച്ചു. നാം ശുശ്രൂഷയിൽ സംബന്ധിച്ചു. 10 മണിയോടു കൂടി കുർബാന കഴിഞ്ഞു. തോമസ്സ് കത്തനാരും കുർബാനയിൽ സംബന്ധിച്ചു. സന്ധ്യാ നമസ്ക്കാരശേഷം വിശ്രമിച്ചു.

7 ചൊവ്വാ. യോഹന്നാൻ മാംദാനായുടെ ഓർമ്മദിവസം ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാ

നയിൽ സംബന്ധിച്ചു. പീലക്സിനോസ് മെത്രാച്ചൻ നമ്മെ കാണുന്നതിനായി വന്നിരുന്നു. ഉച്ചമേശ കഴിഞ്ഞ് 2 മണിയോടു കൂടി പോകയും ചെയ്തു. പഴയസിമ്മനാരി മാനേജരും ഗബ്രിയേൽ കത്തനാരും വന്നിരുന്നു. തോമസ് കത്തനാർ നമ്മോടുകൂടി താമസിച്ചു.

8 ബുധൻ. സ്തേപ്പാനോസിന്റെ ഓർമ്മ. തോമസ്സ് കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. ഗബ്രിയേൽ കത്തനാർ വന്നിരുന്നു.

9 വ്യാഴം. നാം സുഖമായി താമസിച്ചു. പഴയസിമ്മനാരി മാനേജർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

10 വെള്ളി. തേവോദോസിയോസ് മെത്രാച്ചൻ വന്നിരുന്നു. പള്ളികൂദാശയെപ്പറ്റി നമ്മോടു അറിയിച്ചു. കുറിയാക്കോസ് കത്തനാരും മല്പാനും നമ്മോടുകൂടി താമസിച്ചു.

11 ശനി. തേവോദോസ്യോസ് മെത്രാച്ചൻ വെല്ലൂർക്ക് പോകുന്ന കാര്യം നമ്മെ അറിയിച്ചു. കാപ്പി മേശയും കഴിഞ്ഞ് പോകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

12 ഞായർ. ദനഹായ്ക്കു ശേഷം 1-ാം ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. കുർബാനമദ്ധ്യേ യോഹന്നാൻ കത്തനാർ പ്രസംഗിച്ചു. 10 1/2 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു.

13 തിങ്കൾ. നാം കാപ്പി മേശ കഴിഞ്ഞ് കൊച്ചുകൊച്ചിന്റെ[60] മകളുടെ കല്യാണം നടത്തുന്നതിനായിട്ട് കൊല്ലാട്ട് പള്ളിയിൽ പോയി. അല്പം വിശ്രമിച്ച ശേഷം ശുശ്രൂഷ ആരംഭിച്ചു. കൂറിലോസ് മെത്രാച്ചനും അനവധി പട്ടക്കാരും സംബന്ധിച്ചു. ഉച്ചമേശയ്ക്കുശേഷം നാം ദേവലോകത്തേക്ക് പോന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

14 ചൊവ്വ. അപ്പന്റെ ഓർമ്മദിവസം ആയിരുന്നതിനാൽ നാം രാവിലെ കുറിച്ചി പള്ളിയിൽ എത്തി. വി. കുർബാന അർപ്പിച്ചു. പ്രത്യേക ധൂപ പ്രാർത്ഥന കഴിച്ചു. കാപ്പിമേശ കഴിഞ്ഞ് തുമ്പമൺ പള്ളിയിൽ നിന്ന് പള്ളിട്രസ്റ്റിയും ചക്കിട്ടടത്ത് തോമ്മാ കത്തനാരും വന്ന് പള്ളി സംബന്ധിച്ച കാര്യം അറിയിച്ചു. വേണ്ടതു ചെയ്യാം എന്ന് പറഞ്ഞു. ഉടനെ തന്നെ നാം കുറിച്ചി വലിയപള്ളിയിൽ നിന്നും തിരിച്ചു ചെറിയപള്ളിയിൽ വന്നു ലുത്തിനിയായ്ക്കു ശേഷം അല്പം വിശ്രമിച്ചു. ഉടനെ തന്നെ ദേവലോകത്തു വന്ന് വിശ്രമിച്ചു. പട്ടം ഏല്ക്കാനുള്ള ശെമ്മാശന്മാർ വന്നു. മല്പാനും നമ്മോടുകൂടെ താമസിച്ചു.

15 ബുധൻ. ദൈവമാതാവിന്റെ ... മംഗലശ്ശേരി പീലിപ്പോസ് ശെമ്മാശനും ഓമല്ലൂർ കോശി ശെമ്മാശനും കൊല്ലാട്ട് ജോൺ ശെമ്മാശ്ശനും[61] നാം കശ്ശീശ്ശാപട്ടം കൊടുക്കുകയുണ്ടായി. മല്പാൻ യോഹന്നാൻ കത്തനാരും ഉണ്ടായിരുന്നു. 11 മണിയോടു കൂടി പട്ടംകൊടയും കുർബാനയും കഴിഞ്ഞ് നാം വിശ്രമിച്ചു. 3 1/2 മണിയോടു കൂടി നാം മൂലവട്ടം പള്ളിയുടെ[62] കല്ല് ഇടുന്നതിനായി പോകയും കല്ല് സ്ഥാപിക്കയും ചെയ്തു. കൂറിലോസ് മെത്രാച്ചനും അബ്രഹാം കത്തനാരും ഉണ്ടായിരുന്നു. അതിനുശേഷം കാപ്പിമേശ കഴിഞ്ഞ് നാം ദേവലോകം അരമനയിൽ വന്ന് സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

16 വ്യാഴം. ഇന്നു കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. പഴയസിമ്മനാരി മാനേജരും ഗബ്രിയേൽ കത്തനാരും വന്നിരുന്നു. കല്ലൂപ്പാറ പള്ളി വികാരി വി. എം. ഗീവർഗ്ഗീസ് പണിക്കർ കത്തനാർ വന്നു പള്ളിയിലെ കേസു സംബന്ധിച്ച കാര്യങ്ങൾ നമ്മെ അറിയിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

17 വെള്ളി. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

18. ശനി. പഴയസിമ്മനാരി മാനേജരും ഗബ്രിയേൽ കത്തനാരും വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

19. ഞായർ. ദനഹായ്ക്കു ശേഷം 2-ാം ഞായർ. നാം രാവിലെ കോട്ടയം ചെറിയപള്ളിയിൽ പെരുന്നാൾ ആയിരുന്നതിനാൽ അവിടെ എത്തി വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ 1/2 മണിക്കൂർ പ്രസംഗിച്ചു. ഗബ്രിയേൽ കത്തനാർ വി. കുർബാനയിൽ സംബന്ധിച്ചു. 11 1/2 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. 12 മണിയോടു കൂടി ദേവലോകം അരമനയിൽ വന്നുചേർന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

20 തിങ്കൾ. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു.

21 ചൊവ്വ. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

22 ബുധൻ. മണലിൽ യാക്കോബ് കത്തനാരും പഴയസിമ്മനാരി മാനേജരും മട്ടയ്ക്കൽ ജോർജ്ജ് കത്തനാരും വന്നിരുന്നു.

23 വ്യാഴം. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ നമ്മോടുകൂടി താമസിച്ചു.

24 വെള്ളി. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ നമ്മോടു കൂടി താമസിച്ചു.

25 ശനി. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വന്നു നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്കാര ശേഷം നാം വിശ്രമിച്ചു.

26 ഞായർ. ദനഹായ്ക്കു ശേഷം 3-ാം ഞായർ. നാം വിശുദ്ധ കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം 1/2 മണിക്കൂർ പ്രസംഗിച്ചു. 10 1/2 മണിയോടു കൂടി കുർബാന കഴിഞ്ഞു. നാം നോമ്പിന്റെ കാര്യം പള്ളിയിൽ പ്രസ്താവിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു.

27 തിങ്കൾ. 3 നോമ്പ് ദിവസം ആയിരുന്നു. അബ്രഹാം കത്തനാർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

28 ചൊവ്വ. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

29 ബുധൻ. മല്പാൻ യോഹന്നാൻ കത്തനാർ വന്നിരുന്നു. ഉച്ചനമസ്ക്കാരത്തോടുകൂടി വി. കുർബാന ആരംഭിച്ചു. അബ്രഹാം കത്തനാരും സംബന്ധിച്ചു. പഴയസിമ്മനാരി മാനേജർ വന്നിരുന്നു. പരുമല സിമ്മനാരി മാനേജർ നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു.

30 വ്യാഴം. നാം സുഖമായി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു.

31 വെള്ളി. ഇന്ന് സുന്നഹദോസ് ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും, അത്താനാസ്യോസ് മെത്രാച്ചനും വന്നിരുന്നു. നമ്മുടെ അദ്ധ്യക്ഷതയിൽ 11 മണിയോടു കൂടി ദേവലോകം അരമനയിൽവച്ച് കൂടി. കേസ്സിന്റെ ആവശ്യത്തിലേക്കുള്ള പണപ്പിരിവിന്റെ കാര്യത്തെപ്പറ്റി ആലോചിച്ചു. 4 മണിയോടുകൂടി പര്യവസാനിച്ചു. പഴയസിമ്മനാരി മാനേജരും സംബന്ധിച്ചു.

1958 ഫെബ്രുവരി

1958 ഫെബ്രുവരി 1 ശനി. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

2. ഞായർ. പട്ടക്കാരുടെ ഓർമ്മ, ദേവാലയ പ്രവേശനം. നാം വി. കുർബാന അർപ്പിച്ചു. കുർബാന കഴിഞ്ഞ് മല്പാൻ യോഹന്നാൻ കത്തനാർ പ്രസംഗിച്ചു. അനന്തരം ധൂപപ്രാർത്ഥന കഴിച്ചു. കാപ്പിമേശയും കഴിഞ്ഞ് ചിറത്തലയ്ക്കലെ ഒരു കല്യാണം വള്ളമലപള്ളിയിൽ വച്ചു നടത്തുന്നതിനായി പോയി. 12 മണിയോടു കൂടി കുന്നന്താനം പള്ളിയിൽ എത്തി. കല്ല്യാണത്തിൽ സംബന്ധിക്കുന്നതിനായി ഏലിയാസ്സ് കോർഎപ്പിസ്ക്കോപ്പായും പയ്യമ്പള്ളിൽ അബ്രഹാം കത്തനാരും വന്നിരുന്നു. അതിന്റെ ശേഷം നാം പുതുശ്ശേരി ഹൈസ്ക്കൂളിൽ പോകയും പുതുതായി പണി കഴിപ്പിച്ച കെട്ടിടം കാണുകയും ചെയ്തു. ഉച്ചമേശ കഴിഞ്ഞ് നാം വിശ്രമിച്ചു. 5 മണിയോടു കൂടി അവിടെ നിന്നും തിരിച്ചു 6 1/4 നു ദേവലോകം അരമനയിൽ വന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

3 തിങ്കൾ. ബർസൗമായുടെ ഓർമ്മദിവസം ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. അബ്രഹാം കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

4. ചൊവ്വാ. നാം സുഖമായി താമസിച്ചു. ഈവാനിയോസ് മെത്രാച്ചൻ അഞ്ചൽ പള്ളി സംബന്ധമായ കാര്യങ്ങൾ തീർക്കുന്നതിനായി വന്നിരുന്നു. അബ്രഹാം കത്തനാർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

5 ബുധൻ. നാം സുഖമായി താമസിച്ചു. പഴയസിമ്മനാരി മാനേജരും, അബ്രഹാം കത്തനാരും കുണ്ടറ സിമ്മനാരി മാനേജർ യാക്കോബ് കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

6 വ്യാഴം. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു. സന്ധ്യാ നമസ്ക്കാരശേഷം നാം വിശ്രമിച്ചു.

7 വെള്ളി. നാം സുഖമായി താമസിച്ചു. പരുമല സിമ്മനാരി മാനേജരും അബ്രഹാം കത്തനാരും വന്നിരുന്നു. യോഹന്നാൻ കത്തനാർ വന്നു നമ്മോടുകൂടി താമസിച്ചു.

8 ശനി. പാത്രിയർക്കീസ് മാർ സേവേറിയോസ്സിന്റെ ഓർമ്മയായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം വി. കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് മദ്ബഹായിൽ പുതുതായി പണികഴിച്ച ഭിത്തിഅലമാരി കൂദാശ ചെയ്തു. അതിന്റെ ശേഷം മൂറോൻ എടുത്ത് അതിൽ വച്ചു. കുർബാന കഴിഞ്ഞ് വിശ്രമിച്ചു. പഴയസിമ്മനാരി മാനേജരും ഗബ്രിയേൽ കത്തനാരും വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

9 ഞായർ. സകല മരിച്ചുപോയവരുടെയും ഓർമ്മയായിരുന്നു. നാം വി. കുർബാന അർപ്പിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ കുർബാനയിൽ സംബന്ധിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. 10 1/2 മണിയോടുകൂടി കുർബാന കഴിഞ്ഞു നാം വിശ്രമിച്ചു. അതിനുശേഷം കൊറ്റകുളത്തിൽ കുര്യന്റെ മകന്റെ വിവാഹം നാം നടത്തുകയുണ്ടായി. അനേകം പട്ടക്കാരും ശുശ്രൂഷയിൽ സംബന്ധിച്ചു. അതിനുശേഷം നാം വിശ്രമിച്ചു.

10 തിങ്കൾ. രാവിലെ കാപ്പിമേശ കഴിഞ്ഞ് നാം കുറിച്ചി പള്ളിയിലേയ്ക്കു പോയി. ചാക്കോച്ചന്റെ മകന്റെ വിവാഹം നടത്തുകയുണ്ടായി. ഉച്ചമേശയ്ക്കുശേഷം നാം 2 മണിയോടു കൂടി ദേവലോകം അരമനയിൽ വന്നുചേർന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

11. ചൊവ്വ. നാം സുഖമായി താമസിച്ചു. പഴയസിമ്മനാരി മാനേജരും മല്പാൻ യോഹന്നാൻ കത്തനാരും വന്നിരുന്നു. പീസ്ലീഗുകാരു[63] വന്ന് സമാധാനകാര്യം നമ്മെ അറിയിച്ചു. അബ്രഹാം കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

12 ബുധൻ. രാവിലെ കാപ്പിമേശയും കഴിഞ്ഞ് നാം കറ്റാണം പള്ളിയിലേക്കു പോയി. സന്ധ്യാനമസ്ക്കാരശേഷം ഇടവകക്കാരോട് നാം അല്പസമയം പ്രസംഗിച്ചു. അതിനുശേഷം റ്റി.ബി. യിൽ താമസിച്ചു. പരുമല സിമ്മനാരി മാനേജരും വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടു കൂടി കറ്റാണത്തിൽ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

13 വ്യാഴം. നാം കാപ്പിമേശയും കഴിഞ്ഞ് കറ്റാണത്തു നിന്നും പുതിയകാവ് പള്ളിയിൽ വന്ന് വിശ്രമിച്ചു. ഉച്ചമേശയും കഴിഞ്ഞ് പുതിയകാവ് പള്ളിയിൽ നിന്നും 4 മണിയോടു കൂടി ദേവലോകം അരമനയിൽ വന്നുചേർന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

14 വെള്ളി. 4 മണിയോടു കൂടി എം.ഡി. സിമ്മനാരിയിൽ പോയി. മെത്രാച്ചനേയും ശെമ്മാശന്മാരേയും കാണുകയുണ്ടായി. 5 മണിയോടു കൂടി ദേവലോകം അരമനയിൽ വന്നു. ഗബ്രിയേൽ കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

15 ശനി. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു.

16 ഞായർ. കൊത്തിനെ ഞായറാഴ്ച ആയിരുന്നു. നാം രാവിലെ പഴയസിമ്മനാരിയിൽ പോകയും വി. കുർബാന അർപ്പിക്കയും ചെയ്തു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. സിമ്മനാരി മാനേജർ യാക്കോബ് കത്തനാർ കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് കാപ്പി

മേശയ്ക്കു ശേഷം ദേവലോകം അരമനയിൽ വന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

17 തിങ്കൾ. ഉച്ചനമസ്ക്കാരത്തോടു കൂടി ശുബുക്കോനൊ ശുശ്രൂഷ നാം നടത്തുകയുണ്ടായി. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

18 ചൊവ്വ. നാം സുഖമായി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

19 ബുധൻ. പഴയസിമ്മനാരി മാനേജരും അബ്രഹാം കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

20 വ്യാഴം. നാം സുഖമായി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു.

21 വെള്ളി. നാം സുഖമായി താമസിച്ചു. 4 1/2 മണിയോടു കൂടി സ്റ്റാൻലി ജോൺ[64] നമ്മെ കാണുന്നതിനായി വന്നിരുന്നു. സഭാസമാധാന കാര്യങ്ങൾ ഏകദേശം അര മണിക്കൂറോളം പറകയുണ്ടായി. എം. വി. ജോർജ്ജ് കത്തനാരും വന്നിരുന്നു. 5 1/2 മണിയോടു കൂടി പോകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ വന്നിരുന്നു. നമ്മോടു കൂടി താമസിക്കയും ചെയ്തു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

22 ശനി. നാം 4 1/2 മണിയോടു കൂടി പഴയസിമ്മനാരിയിൽ പോയി. സന്ധ്യാനമസ്ക്കാരവും മറ്റും കഴിഞ്ഞ് ദേവലോകത്ത് വന്ന് വിശ്രമിച്ചു. അത്താനാസിയോസ് മെത്രാച്ചനും യാക്കോബ് കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും ഗബ്രിയേൽ കത്തനാരും തിയോളജിക്കൽ സിമ്മനാരി വിദ്യാർത്ഥികളും മറ്റും സന്ധ്യാനമസ്ക്കാരത്തിൽ പങ്കു കൊണ്ടു.

23 ഞായർ. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് ദീവന്നാസ്യോസ് മെത്രാച്ചന്റെ[65] ഓർമ്മദിവസമായിരുന്നു. വി. മൂന്നിന്മേൽ കുർബാനയുണ്ടായിരുന്നു. നമ്മെക്കൂടാതെ അത്താനാസിയോസ് മെത്രാച്ചനും യാക്കോബ് കത്തനാരും ഉണ്ടായിരുന്നു. കുർബാന കഴിഞ്ഞ് അത്താനാസ്യോസ് മെത്രാച്ചൻ പ്രസംഗിക്കുകയും കബറിങ്കൽ പ്രത്യേക ധൂപപ്രാർത്ഥന നടത്തുകയും തുടർന്ന് റാസ്സായും മറ്റ് ചടങ്ങുകളും ഉണ്ടായിരുന്നു. 11 മണിയോടു കൂടി പെരുന്നാൾ ചടങ്ങുകൾ അവസാനിച്ചു. 12 1/2 മണിയോടു കൂടി നാം ദേവലോകം അരമനയിൽ വന്നു വിശ്രമിച്ചു (ഗർബോ ഞായറാഴ്ചയും ആയിരുന്നു). പെരുനാളിൽ ധാരാളം ആളുകൾ സംബന്ധിച്ചു.

24 തിങ്കൾ. നാം സുഖമായി താമസിച്ചു.

25 ചൊവ്വാ. നാം സുഖമായി താമസിച്ചു.

26 ബുധൻ. 5 മണിയോടു കൂടി ബിഷപ്പ് ജേക്കബിന്റെ അനുശോചന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുന്നതിനായി പോയി. ഇതരസഭകളിലെ ബിഷോപ്പന്മാർ സന്നിഹിതരായിരുന്നു. നാം ബിഷോപ്പ് ജേക്കബിന്റെ ഗുണ ഗണങ്ങളെക്കുറിച്ച് അല്പസമയം പ്രസംഗിച്ചു. മീറ്റിംഗ് അവസാനിക്കു ന്നതിനു മുമ്പ് നാം ദേവലോകത്തേക്ക് പോന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു. ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. അബ്രഹാം കത്തനാർ വന്നിരുന്നു.

27 വ്യാഴം. കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും വന്നി രുന്നു. മണലിൽ യാക്കോബ് കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

28 വെള്ളി. നാം സുഖമായി താമസിച്ചു.

1958 മാർച്ച്

1 ശനി. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്ത നാർ നമ്മോടുകൂടി താമസിച്ചു.

2 ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. മല്പാൻ കുർബാനമദ്ധ്യേ പ്രസം ഗിച്ചു. 10 1/2 മണിയോടുകൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു.

3 തിങ്കൾ. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നി രുന്നു.

4 ചൊവ്വ. അട്ടച്ചാക്കൽ ദാവിദ് കത്തനാരും കനകപ്പലം പള്ളി വികാരി തോമസ്സ് കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

5 ബുധൻ. നാം സുഖമായി താമസിച്ചു. പഴയസിമ്മനാരി മാനേജർ വന്നിരുന്നു. ഡോക്ടർ ചീരൻ വറുഗ്ഗീസ്[66] മരിച്ചു എന്ന കമ്പി സന്ദേശം കിട്ടി. അത്താനാസ്യോസ് മെത്രാച്ചൻ ശവം അടക്കാൻ പോയിരുന്നു.

6 വ്യാഴം. നാം സുഖമായി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു.

7 വെള്ളി. വൈദികസിമ്മനാരിയുടെ വാർഷിക മീറ്റിംഗിൽ സംബന്ധി ക്കുന്നതിനായി പോയി. നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. അത്താനാ സ്യോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും, കൂറിലോസ് മെത്രാ ച്ചനും ഉണ്ടായിരുന്നു. മീറ്റിംഗിന് ശേഷം കാപ്പിസൽക്കാരവും ഫോട്ടോയും എടുത്തു. അതിന്റെ ശേഷം നാം ദേവലോകത്തു വന്നു വിശ്രമിച്ചു.

8 ശനി. മല്പാൻ യോഹന്നാൻ കത്തനാർ വന്നു വി. കുർബാന അർപ്പിച്ചു. നമ്മോടു കൂടി താമസിച്ചു.

9 ഞായർ. നോമ്പിന്റെ ശേഷം 4-ാം ഞായറാഴ്ച. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ കുർബാനയിൽ സംബന്ധിച്ചു. കുർബാന 10 1/2 മണിയോടു കൂടി കഴിഞ്ഞു.

10 തിങ്കൾ. കോട്ടയം ഭദ്രാസന മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി നാം ഏലിയാ ചാപ്പലിൽ പോയി. 10 1/2 മണിയോടു കൂടി ആരംഭിച്ചു. അനേകം വൈദികരും പള്ളിപ്രതിപുരുഷന്മാരും സംബന്ധിച്ചു. കേസിന്റെ പണപ്പിരിവ് സംബന്ധിച്ച് ആലോചിച്ചു. ഈവാനിയോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും സംബന്ധിച്ചു. ഉച്ചമേശയ്ക്കു ശേഷം ദേവലോകത്ത് വന്ന് വിശ്രമിച്ചു.

11 ചൊവ്വ. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു.

12 ബുധൻ. പകുതി നോമ്പ് ദിവസമായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിക്കുകയും മറ്റ് ശുശ്രൂഷകൾ നടത്തുകയും ചെയ്തു. സന്ധ്യാ നമസ്ക്കാരശേഷം വിശ്രമിച്ചു. അബ്രഹാം കത്തനാർ വന്ന് നമ്മോടുകൂടി താമസിച്ചു.

13 വ്യാഴം. നിരണം ഭദ്രാസന മീറ്റിംഗ് ദിവസമായിരുന്നു. നാം രാവിലെ 7 1/2 മണിയോടു കൂടി ദേവലോകം അരമനയിൽ നിന്നും തിരിച്ചു. 8 1/4 മണിയോടു കൂടി തിരുവല്ല ബഥനി അരമനയിൽ വന്നു ചേർന്നു. ലുത്തിനിയായ്ക്കു ശേഷം വിശ്രമിച്ചു. 10 1/2 മണിയോടു കൂടി അത്താനാസിയോസ് മെത്രാച്ചനും പഴയസിമ്മനാരി മാനേജരും യോഗത്തിൽ സംബന്ധിക്കുന്നതിനായി വന്നിരുന്നു. പള്ളികളിൽ നിന്നും വികാരിയും പ്രതിപുരുഷന്മാരും യോഗത്തിൽ സംബന്ധിച്ചു. 12 1/2 മണിയോടു കൂടി യോഗം മംഗളമായി അവസാനിച്ചു. ഉച്ചനമസ്ക്കാരത്തിനു ശേഷം നാം വിശ്രമിച്ചു. 3 1/2 മണിയോടുകൂടി പീലക്സിനോസ് മെത്രാച്ചൻ തിരുവല്ലാ ബഥനി അരമനയിൽ നമ്മെ കാണുന്നതിനായി വന്നിരുന്നു. 4 1/2 മണിയോടു കൂടി മെത്രാച്ചനുമൊന്നിച്ച് നാം തുമ്പമൺ ഭദ്രാസന മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി മാക്കാംകുന്ന് പള്ളിയിലേക്കു പോരുന്നു. 5 1/2 മണിയോടു കൂടി വന്നു ചേർന്നു. തെങ്ങുംതറയിൽ ഗീവർഗ്ഗീസ് കോർഎപ്പിസ്ക്കോപ്പാ[67] വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് മെത്രാച്ചൻ ദയറായിലേക്കു പോയി. നാം വിശ്രമിച്ചു.

14 വെള്ളി. രാവിലെ 10 മണിയോടു കൂടി തുമ്പമൺ ഭദ്രാസന യോഗം ആരംഭിച്ചു. പീലക്സിനോസ് മെത്രാച്ചനും സംബന്ധിച്ചു. പള്ളികളിൽ നിന്നു വികാരിമാരും പ്രതിപുരുഷന്മാരും വന്ന് യോഗത്തിൽ സംബന്ധിച്ചു. 12 1/2 മണിയോടു കൂടി യോഗം അവസാനിച്ചു. തെങ്ങുംതറയിൽ ഗീവറുഗ്ഗീസ് കോർഎപ്പിസ്ക്കോപ്പാ വന്നിരുന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

15 ശനി. വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. തെങ്ങുംതറയിൽ ഗീവർഗീസ് കോർഎപ്പിസ്ക്കോപ്പായും കുർബാനയിൽ സംബന്ധിച്ചു. കാപ്പിമേശയ്ക്കുശേഷം നാം ബെയിസിൽ ദയറായിലേക്കു പോകയും മെത്രാച്ചനുമൊന്നിച്ച് കോളജിൽ പുതുതായി പണിയുന്ന കെട്ടിടവും മറ്റും കാണുകയുണ്ടായി. സന്ധ്യാ നമസ്ക്കാരശേഷം വിശ്രമിച്ചു.

16 ഞായർ. നോമ്പിനു ശേഷം 5-ാം ഞായർ (ക്പ്രതോ) നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. 11 മണിയോടു കൂടി കുർബാന കഴിഞ്ഞു നാം വിശ്രമിച്ചു. തെങ്ങുംതറയിൽ ഗീവർഗ്ഗീസ് കോർഎപ്പിസ്ക്കോപ്പാ കുർബാനയിൽ സംബന്ധിച്ചു. 2 മണിയോടു കൂടി നാം മാക്കാംകുന്ന് പള്ളിയിൽ നിന്നും കുണ്ടറ സിമ്മനാരിയിലേക്കു തിരിച്ചു. 4 മണിയോടു കൂടി വന്നു ചേർന്നു. സിമ്മനാരി മാനേജർ യാക്കോബ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

17 തിങ്കൾ. നാം സുഖമായി താമസിച്ചു. സിമ്മനാരി മാനേജരും കളത്രയാക്കോബ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

18 ചൊവ്വ. കൊല്ലം ഭദ്രാസന മീറ്റിംഗ് കോട്ടപ്പുറത്ത് വച്ചായിരുന്നു. അതിൽ സംബന്ധിക്കുന്നതിനായി നാം രാവിലെ പോയി. കൂറിലോസ് മെത്രാച്ചനും പള്ളികളിൽ നിന്ന് വികാരിമാരും പ്രതിപുരുഷന്മാരും സംബന്ധിച്ചു. 4 മണിയോടു കൂടി നാം കുണ്ടറ സിമ്മനാരിയിലേക്കു പോന്നു. യാക്കോബ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

19 ബുധൻ. രാവിലെ കാപ്പിമേശ കഴിഞ്ഞ് 9 1/2 മണിയോടു കൂടി ദേവലോകം അരമനയിലേക്ക് തിരിച്ചു. 11 1/2 മണിയോടു കൂടി വന്നു ചേർന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

20 വ്യാഴം. അബ്രഹാം കത്തനാരും ഏലിയാസ് തോമസ്സ് കോർഎപ്പിസ്ക്കോപ്പായും പരുമല സിമ്മനാരി മാനേജർ മാത്യൂസ് കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

21 വെള്ളി. നാം സുഖമായി താമസിച്ചു. പീലക്സിനോസ് മെത്രാച്ചൻ കുന്നക്കുരുടിയിൽ പോകുന്നതിനായി ഇവിടെ വന്ന് നമ്മെ കാണുകയുണ്ടായി. അത്താനാസിയോസ് മെത്രാച്ചൻ മലയായിൽ പോകുന്ന

കാര്യം നമ്മെ അറിയിക്കുന്നതിനായി വന്നിരുന്നു. പഴയസിമ്മനാരി മാനേജരും അബ്രഹാം കത്തനാരും വന്നിരുന്നു. മല്പാൻ നമ്മോടുകൂടി താമസിച്ചു.

22 ശനി. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. ഉച്ചമേശ കഴിഞ്ഞ് 3 1/2 മണിയോടു കൂടി നാം മൂവാറ്റുപുഴ തീമോത്തിയോസ് മെത്രാച്ചന്റെ അരമനയിൽ എത്തി. മെത്രാച്ചൻ നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

23 ഞായർ. 36-ാം ഞായറാഴ്ച ആയിരുന്നു. നാം മൂവാറ്റുപുഴ നിന്നും കുന്നക്കുരുടിയിൽ കൺവൻഷൻ പന്തലിൽ അലങ്കരിച്ച മദ്ബഹായിൽ വി. കുർബാന ചൊല്ലുകയും കുർബാനമദ്ധ്യേ നാം പ്രസംഗിക്കുകയും ചെയ്തു. കുർബാന കഴിഞ്ഞ് കാപ്പിമേശയ്ക്കു ശേഷം മെത്രാച്ചനുമൊന്നിച്ചു മാടപ്പറമ്പിലെ വീടു കൂദാശ നടത്തുന്നതിനായി പോയി. കൂദാശയ്ക്കു ശേഷം വീണ്ടും പന്തലിൽ വച്ച് കാതോലിക്കാദിനം സംബന്ധിച്ച് യോഗം തുടങ്ങുകയും മെത്രാച്ചനും, ശമുവേൽ ശെമ്മാശ്ശനും മറ്റും പ്രസംഗിക്കുകയും ചെയ്തു. കോട്ടയത്തു നിന്നും പല പ്രമുഖ വ്യക്തികളും മറ്റ് അനേകം ആളുകളും യോഗത്തിൽ പങ്കുകൊണ്ടതിനു ശേഷം 6 മണിയോടു കൂടി അവിടെ നിന്നും കോട്ടയത്തിനു പോരുന്നു. 8 1/4 മണിയോടു കൂടി വന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

24 തിങ്കൾ. നാം സുഖമായി താമസിച്ചു. പട്ടം ഏല്ക്കുന്നതിനായി ചെങ്ങന്നൂർക്കാരൻ ഈപ്പൻ ശെമ്മാശ്ശനും ഡിസ്സൂസ്സായും, കൈപ്പട്ടൂക്കാരൻ ക്ലേറിയും വന്നു. മല്പാനും നമ്മോടു കൂടി താമസിച്ചു.

25 ചൊവ്വ. ദൈവമാതാവിന്റെ വചനപ്പിന്റെ പെരുന്നാൾ[68] ആയിരുന്നു. നാം വി. കുർബാന അർപ്പിക്കയും കണമൂട്ടിൽ ഈപ്പൻ ശെമ്മാശ്ശനും, കൈപ്പട്ടൂക്കാരൻ ക്ലേറി മത്തായിക്ക് പൂർണ്ണശെമ്മാശ്ശുപട്ടവും ഇഗ്നീഷ്യസ് ഡിസൂസായ്ക്ക് യൗപ്പതിയക്കിനൊ പട്ടവും കൊടുക്കുകയുണ്ടായി. മല്പാൻ യോഹന്നാൻ കത്തനാർ പട്ടംകൊടയിൽ സംബന്ധിച്ചു. 11 മണിയോടുകൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു.

26 ബുധൻ. നാം സുഖമായി താമസിച്ചു.

27 വ്യാഴം. പീലക്സിനോസ് മെത്രാച്ചനും തുമ്പോൺകാരൻ എത്തിയോപ്പ്യയിൽ എ.ഡി.സി. യായി പോയിരുന്ന മത്തായിയും കൂടി നമ്മെ കാണുന്നതിനായി വന്നിരുന്നു. പഴയസെമ്മിനാരി മാനേജർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

28 വെള്ളി. ഉച്ചമേശ കഴിഞ്ഞ് 2 മണിയോടുകൂടി നാം ദേവലോകത്തു നിന്നും തിരുവല്ലാ ബഥനി അരമനയിൽ വന്നു താമസിച്ചു. ദിവന്നാസ്യോസ് മെത്രാച്ചൻ അരമനയിൽ ഉണ്ടായിരുന്നു. മെത്രാച്ചനും ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പായും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

29 ശനി. ലാസറിനെ ഉയിർപ്പിച്ച ദിവസമായിരുന്നു. ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പാ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. മെത്രാച്ചനും സംബന്ധിച്ചു. കാപ്പിമേശ കഴിഞ്ഞ് നാം പരുമല സിമ്മനാരിയിലേക്കു പോന്നു. 11 മണിയോടു കൂടി പരുമല വന്നു ചേർന്നു. മാനേജർ കെ. ബി. മാത്യൂസ് കത്തനാർ നമ്മോടുകൂടി താമസിച്ചു.

30 ഞായർ. ഊശാന ഞായറാഴ്ച[69] ആയിരുന്നു. 7 മണിയോടു കൂടി നമസ്ക്കാരം ആരംഭിച്ചു. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. ഊശാന ഞായറാഴ്ചയുടെ ശുശ്രൂഷ ആരംഭിച്ചു. 11 1/2 മണിയോടു കൂടി ശുശ്രൂഷ കഴിഞ്ഞ് നാം വിശ്രമിച്ചു. മാനേജർ നമ്മോടുകൂടി ഉണ്ടായിരുന്നു.

31 തിങ്കൾ. നാം സുഖമായി താമസിച്ചു. കല്ലാശ്ശേരിൽ ഈപ്പൻ കത്തനാർ വന്നിരുന്നു. മാനേജർ മാത്യൂസ് കത്തനാരും കളത്ര യാക്കോബ് കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

1958 ഏപ്രിൽ

1958 ഏപ്രിൽ 1 ചൊവ്വ. നാം സുഖമായി താമസിച്ചു. മാനേജർ മാത്യൂസ് കത്തനാരും, കളത്ര യാക്കോബ് കത്തനാരും നമ്മോടുകൂടി താമസിച്ചു. പള്ളിവാതുക്കൽ അലക്സാണ്ടർ കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു.

2 ബുധൻ. നാം സുഖമായി താമസിച്ചു. മാനേജർ മാത്യൂസ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

3 വ്യാഴം. പെസഹാ ദിവസം[70] ആയിരുന്നു. രാത്രി 3 മണിയോടു കൂടി നമസ്ക്കാരം ആരംഭിച്ചു. 7 മണിയോടുകൂടി അവസാനിച്ചു. കെ. ബി. മാത്യൂസ് കത്തനാർ വി. കുർബാന എല്ലാവർക്കും കൊടുത്തു. ഉച്ചമേശ കഴിഞ്ഞ ശേഷം 2 മണിയോടുകൂടി കാലുകഴുകൽ ശുശ്രൂഷ[71] ആരംഭിച്ചു. ശമുവേൽ ശെമ്മാശ്ശൻ പ്രസംഗിച്ചു. കെ. ബി. മാത്യൂസ് കത്തനാരും കളത്ര യാക്കോബ് കത്തനാരും പുത്തങ്കാവു പള്ളി വികാരി .... കത്തനാരും ശുശ്രൂഷയിൽ ആദ്യാവസാനം ഉണ്ടായിരുന്നു. 4 മണിയോടു

കൂടി എല്ലാം കഴിഞ്ഞു. യാക്കോബ് കത്തനാരും മാനേജരും നമ്മോടു കൂടി താമസിച്ചു.

4 വെള്ളി. ദുഃഖവെള്ളിയാഴ്ച[72] ആയിരുന്നു. 8 മണിയോടു കൂടി പ്രഭാത നമസ്ക്കാരം ആരംഭിച്ചു. അതിനുശേഷം കെ. ജെ. വർഗീസ് ശെമ്മാശ്ശൻ പ്രസംഗിച്ചു. അതിനുശേഷം 7 1/2 യുടെ നമസ്ക്കാരം തുടങ്ങി. അതിനുശേഷം മാനേജർ മാത്യൂസ് കത്തനാരും പ്രസംഗിച്ചു. അതിന്റെ ശേഷം പ്രദക്ഷിണവും ബാക്കി ശുശ്രൂഷയും ആരംഭിച്ചു. 4 മണിയോടു കൂടി ശുശ്രൂഷ അവസാനിച്ചു. നാം വിശ്രമിച്ചു. കളത്ര യാക്കോബ് കത്തനാരും മാനേജരും നമ്മോടു കൂടി താമസിച്ചു.

1958 ഏപ്രിൽ 5 ശനിയാഴ്ച. പരുമല സെമിനാരിയിൽ. ദുഃഖശനിയാഴ്ച[73] രാത്രി നമസ്ക്കാരം 4 മണിക്ക് ആരംഭിച്ചു. അതിനുശേഷം 7 മണിക്ക് പ്രഭാത നമസ്ക്കാരം നടത്തി. 11 മണിക്ക് ഉച്ചനമസ്ക്കാരവും തുടർന്ന് കുർബാനയും ശുബുക്കോനോ ശുശ്രൂഷയും[74] നടത്തി. പരുമല സെമിനാരി മാനേജർ മാത്യൂസ് കത്തനാർ വി. കുർബാന ചൊല്ലി. കളത്ര ജേക്കബ് കത്തനാർ, കെ. ജെ. വർഗ്ഗീസ് ശെമ്മാശൻ, ... വി. ഐ. മാത്യൂസ് ശെമ്മാശ്ശൻ,[75] മോടിശ്ശേരിൽ പുന്നൂസ് ശെമ്മാശ്ശൻ, മാന്നാർകാരൻ കെ. എൽ. ജോർജ്ജ് ശെമ്മാശ്ശൻ നമ്മോടു കൂടെ വന്നിരുന്ന ശമുവേൽ ശെമ്മാശ്ശൻ,[76] ഫീലിപ്പോസ് ശെമ്മാശ്ശൻ, പി. വി. കോശി ശെമ്മാശ്ശൻ[77] ഇവരും വി. കുർബാനയിൽ സംബന്ധിച്ചു. വി. കുർബാന 1 മണിയോടു കൂടി അവസാനിച്ചു. കുറിച്ചിയിൽ നിന്നും ചാക്കോച്ചൻ നമ്മോടു കൂടി താമസിക്കുന്നുണ്ടായിരുന്നു. ഇൻസുലിൻ കുത്തിവച്ചു. അല്പം അധികമായതു നിമിത്തം അല്പം അസുഖം തോന്നി. ശരീരസ്ഥിതി പൊതുവേ നന്നായിരുന്നു. സന്ധ്യാനമസ്ക്കാരം 5 മണിക്ക് ആരംഭിച്ചു. ക്യംതായുടെ[78] സന്ധ്യാനമസ്ക്കാരമായിരുന്നു. നാം 10 മണിയോടു കൂടി ഇവിടെ സുഖമായി ഉറങ്ങി.

6-4-1958 പരുമല സെമിനാരി. ഉയിർപ്പ് ഞായറാഴ്ച[79] നാം രാത്രി ഒരു മണിക്ക് എഴുന്നേറ്റു വി. കുർബാനയ്ക്കു ഒരുങ്ങി. പള്ളിയിൽ പോയി നമസ്ക്കാരം ആരംഭിച്ചു. ക്യംതായുടെ നമസ്ക്കാരം തികച്ചു. നാം വി. കുർബാന ചൊല്ലി. പ്രദക്ഷിണത്തിന് മാത്യൂസ് കത്തനാർ ഇറങ്ങി. കുർബാന 6 മണിയായപ്പോൾ അവസാനിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. 35 മിനിട്ട് സമയം ഏവൻഗേലിയോൻ അടിസ്ഥാനമാക്കിയാണ് പ്രസംഗിച്ചത്. 7 1/2 മണിയോടു കൂടി കാപ്പിമേശ കഴിഞ്ഞു വിശ്രമിച്ചു. പന്നായിക്കടവിൽ അലക്സന്ത്രയോസ് കത്തനാരുടെ ഭാര്യയും തള്ളയും നമ്മെ രാവിലെ വന്നു കണ്ടു. ഇന്നത്തെ ആരോഗ്യസ്ഥിതി പൊതുവെ നന്നായിരുന്നു. യൂറിനിൽ ഷുഗർ ഉണ്ടായിരുന്നു. ഇന്നും ഇൻസുലിൻ

കുത്തിവച്ചു. ശമുവേൽ ശെമ്മാശ്ശന്റെ അപ്പൻ വന്ന് ശെമ്മാശ്ശനെ വീട്ടിലോട്ട് അയക്കുവാൻ അനുവാദം ചോദിച്ചു. നാം അനുവദിച്ചു വിട്ടു. അയാളുടെ കല്യാണം പ്രമാണിച്ച് വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിനാണ് അയാൾ പോയത്. പള്ളി മൂപ്പൻ[80] മത്തായിക്ക് ഇന്നേ ദിവസം നോമ്പു വീടൽ പ്രമാണിച്ച് അര രൂപ കൊടുത്തു. സന്ധ്യാനമസ്ക്കാരം, അത്താഴം, സൂത്താറ ഇവകൾക്കു ശേഷം സുഖമായി ഉറങ്ങി.

7-4-1958. പരുമല സെമിനാരി. രാവിലെ 5 മണിക്ക് എഴുന്നേറ്റു. രാത്രി നമസ്ക്കാരം, പ്രഭാത നമസ്ക്കാരം ഇവയോടു കൂടി തന്നെ. ഹേവോറൊയുടെ[81] തിങ്കളാഴ്ച ആകയാൽ കുർബാന ഉണ്ടായിരുന്നു. കുർബാന കളത്ര യാക്കോബ് കത്തനാർ ചൊല്ലി. നാം അതിൽ സംബന്ധിച്ചു. കുർബാനയ്ക്കു ശേഷം മേടയിൽ കുഞ്ഞൂഞ്ഞിന്റെ ഭാര്യയും പത്രോസ് മുതലാളിയുടെ മരുമകളും നമ്മെ വന്നു കണ്ടു. 4 1/2 മണിയോടു കൂടി മാർ പീലക്സിനോസ് എപ്പിസ്ക്കോപ്പാ നമ്മെ വന്നു കണ്ടു. സമുദായക്കേസ് വകയ്ക്ക് പിരിഞ്ഞു കിട്ടിയ തുക 306 ഉം കാതോലിക്കാദിനപിരിവിന് 241 രൂപ 3 അണയും, റിശ്ശീസാ ഇനത്തിൽ 2 1/4 രൂപയും നമ്മെ ഏല്പിച്ചു. കാതോലിക്കാ നിധിപ്പിരിവിലേക്കു കോഴഞ്ചേരി വഞ്ചിത്തറ നിന്നും റ്റി. സി. ഈശോ തേവർവേലിൽ 75 രൂപയുടെ ഒരു ചെക്കു നമ്മുടെ പേർക്കു തപാലിൽ അയച്ചു തന്നു. പീലക്സിനോസ് മെത്രാച്ചന്റെ കൂടെ വന്ന ശെമ്മാശ്ശന് (നാരാണംമൂഴിക്കാരൻ പി. എ. ശമുവേൽ ശെമ്മാശ്ശന്) കശീശ്ശാ പട്ടം ഏപ്രിൽ 19-ന് മെത്രാച്ചൻ കൊടുക്കുന്നതിന് അനുവാദം ചോദിക്കുകയും ചെയ്തു. ശമുവേൽ ശെമ്മാശ്ശൻ തിയോളജിക്കൽ സെമിനാരിയിൽ പഠിച്ച വിദ്യാർത്ഥിയാണ്. .... ഇന്നു കോട്ടയത്തു നിന്നും മടങ്ങിയെത്തി. ദേവലോകത്തു നിന്നു കുറെ മാമ്പഴം കൊണ്ടുവന്നു. ഇന്നും നമ്മെ ഇൻസുലിൻ കുത്തി വച്ചു. ആരോഗ്യസ്ഥിതി പൊതുവെ നന്നായിരുന്നു. ശമുവേൽ ശെമ്മാശ്ശൻ നമ്മുടെ സെക്രട്ടറി ഇന്നു വീട്ടിൽ നിന്നും നമ്മെ വന്നു കണ്ടു. സന്ധ്യാ നമസ്ക്കാരം 5 മണിക്കു ആരംഭിച്ചു. മാത്താത്ത് ലൂക്കോസ് വാദ്ധ്യാർ നമ്മോട് മകൻ ശെമ്മാശ്ശന് കശ്ശീശാ പട്ടം കൊടുക്കുവാൻ നിർബന്ധിച്ചു. നാം അയാൾ കുറെ പഠിക്കട്ടെ എന്നു പറഞ്ഞയച്ചു. സുത്താറ ഇവകൾക്കു ശേഷം 11 മണിയോടു കൂടിയാണ് നാം ഉറങ്ങിയത്. രാത്രിയിൽ ചെറിയ ഒരു തരം പ്രാണികൾ ഉപദ്രവിച്ചു.

8-4-1958. പരുമല സെമിനാരി. രാവിലെ 5 മണിയോടു കൂടി പള്ളിയിൽ പോയി. കുർബാന നിരണത്തു പുരയ്ക്കൽ അച്ചൻ (മത്തായി കത്തനാർ) ചൊല്ലി. പ്രഭാത നമസ്ക്കാരത്തിനു ശേഷം നാം മുറിയിൽ പോരുന്നു. തട്ടിന്റെ മുകളിൽ ഇരുന്ന് കുർബാന കണ്ടു. ജോർജ്ജ് ശെമ്മാശ്ശൻ തീമോത്തിയോസ് മെത്രാച്ചന്റെ കൂടെ പോയിട്ട് അവിടെ മെത്രാച്ചൻ അയാളെ പള്ളിക്രമങ്ങൾ പഠിപ്പിക്കുവാൻ കല്പന കൊടുത്തു. ഹരി

പ്പാട് പള്ളിയിൽ നിന്നും റിശ്ശീസാ ഇനത്തിൽ ആറു രൂപ വികാരി നമ്മുടെ പേർക്കു അയച്ചത് ഇവിടെ കിട്ടി. സന്ധ്യാ നമസ്ക്കാരത്തിനു മുമ്പായി പോക്കറ്റ് വാച്ച് ശരിപ്പെടുത്തി കൊണ്ടുവന്നു. കുരിശുമാലയുടെ കുരിശ് വലുതാക്കി തട്ടാൻ കൊണ്ടുവന്നതിൽ ... കുരിശിന് തൂക്കം. ചെറിയ കുരിശ് തട്ടാനെ ഏല്പിച്ചു. ഇന്ന് കണ്ണിൽ മരുന്ന് ഒഴിച്ചു. കുത്തി വച്ചു. സുത്താറ ഇവകൾക്കു ശേഷം 10 മണിക്ക് സുഖമായി ഉറങ്ങി. ആരോഗ്യം പൊതുവെ മെച്ചമായിരുന്നു.

9-4-1958. ബുധൻ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. പ്രഭാത നമസ്ക്കാരത്തെ തുടർന്ന് കുർബാനയുണ്ടായിരുന്നു. ഫാ. മത്തായി (അസിസ്റ്റന്റ് മാനേജർ) കുർബാന ചൊല്ലി. നാം കുർബാന ആരംഭിച്ചപ്പോൾ തട്ടിന്റെ മുകളിൽ നമ്മുടെ മുറിയിലേക്കു പോരുന്നു. നാം കുർബാന ഇന്നു കണ്ടില്ല. മാവേലിക്കര നിന്നു പറമ്പിലച്ചൻ സി. ചാക്കോ മുതലായവർ രാവിലെ വന്നു കണ്ടു. മാവേലിക്കര പള്ളിയിൽ നിന്നും കൊണ്ടുവന്ന 725 രൂപ നമ്മുടെ സെക്രട്ടറി കോശി ശെമ്മാശനെ ഏല്പിച്ചു. അതിന് രസീത് കൊടുത്തു. ചേപ്പാട്ടു നിന്നും പുളിമൂട്ടിൽ ഉണ്ണൂണ്ണിയും മരുമകനും നമ്മെ ഏതൊക്കെയോ പച്ചക്കറി, ബിസ്ക്കറ്റ്, ഓറഞ്ച് ഇവ കൊണ്ടുവന്ന് കൈ മുത്തി കണ്ടു. 11 മണിയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചൻ വളഞ്ഞവട്ടം പള്ളിയിൽ നിന്ന് ഇവിടെ വന്നു നമ്മെ കണ്ടു. സ്കൂൾ കാര്യം രൂപാ കടം വീട്ടുന്ന കാര്യം പള്ളിക്കാര്യങ്ങൾ ഇവകൾക്ക് ശേഷം ഉച്ചഭക്ഷണവും കഴിച്ച് രണ്ടര മണിയോടു കൂടി തിരികെ മടങ്ങി. മെത്രാച്ചൻ ക്ഷീണിച്ചിരിക്കുന്നു. കുണ്ടറ സ്കൂൾ ഹെഡ്മാസ്റ്റർ അച്ചൻ വന്നു നമ്മെ വിശദവിവരങ്ങൾ കുണ്ടറയിലേതു ഗ്രഹിപ്പിച്ചു. അയാളെ നാം കുറെ കുറ്റപ്പെടുത്താതിരുന്നില്ല. ഇവിടെ കാതോലിക്കാ നിധി മുതലായ പിരിഞ്ഞു കിട്ടിയ രൂപ മുഴുവനും മാനേജർ ഫാ. കെ. ബി. മാത്യൂസിന്റെ കൈവശം കോട്ടയത്തു കൊടുത്തയച്ചു (687-9+75). തീമോത്തിയോസ് മെത്രാച്ചന്റെ പേർക്ക് ജോർജ്ജ് ശെമ്മാശന് (മാന്നാർ) ശെമ്മാശുപട്ടം കൊടുത്തയക്കണമെന്ന് എഴുതികൊടുത്തയച്ചു. ഫിലിപ്പ് ശെമ്മാശ്ശൻ വീട്ടിലേക്കു പോയി. കുണ്ടറ ഹെഡ്മാസ്റ്റർ ഇവിടെ താമസിച്ചു. നമ്മുടെ ശരീരസ്ഥിതി പൊതുവെ നന്നായിരുന്നു. കുത്തിവയ്പ് രണ്ടും നടത്തി. കണ്ണിൽ മരുന്ന് ഒഴിച്ചു. 10 1/2 മണിയോടു കൂടി സൂത്താറാ ഇവയ്ക്കു ശേഷം ഉറങ്ങി.

10-4-58. പരുമല സെമിനാരി. രാവിലെ 5 മണിക്കു എഴുന്നേറ്റു. കുർബാന ഉണ്ടായിരുന്നു. കുണ്ടറ ഹെഡ്മാസ്റ്റർ ഫാ. ജേക്കബ്[82] ഇന്ന് വി. കുർബാന ചൊല്ലി. പള്ളിക്കൂടത്തിൽ ഉണ്ടായ കുഴപ്പങ്ങൾ സംബന്ധിച്ചു നമ്മെ അറിയിച്ചു. ഉച്ചയ്ക്കു മുഖത്തല യോഹന്നാൻ കത്തനാരെ[83] കൊന്ന വിവരം നാം അറിഞ്ഞു. കൂടാതെ കുന്നംകുളത്ത് കോറെപ്പി

സ്ക്കോപ്പാ മരിച്ച വിവരം നമ്മെ അറിയിച്ചു. നാം ഇന്ന് തീമോത്തിയോസ് മെത്രാച്ചന്റെ പേർക്ക് അവിടുത്തെ കാര്യാദികൾ ക്രമപ്പെടുത്തുന്നതിനും അച്ചന്റെ വിവരങ്ങൾക്കും എഴുത്തയച്ചിട്ടുണ്ട് (No. 33). ചെറുവത്തൂർ യാക്കോബ് കോറെപ്പിസ്ക്കോപ്പായുടെ[84] മകൻ വറുഗീസ്, അച്ചന്റെ അസുഖം കാണിച്ചെഴുതിയ എഴുത്തിനു ... ആശ്വാസവചനങ്ങളും എഴുതി അയച്ചു (No.34). ... ചെമ്മണ്ണൂർ പത്രോസ് അച്ചനെ[85] ഏല്പിച്ചു വെന്നും എഴുതി. ചെമ്മണ്ണൂർ പത്രോസ് കത്തനാർക്കു 35-ാം നമ്പർ കല്പന അയച്ചു. മരിച്ച കോറിയച്ചന്റെ മരണം മൂലം പുത്തൻപള്ളി വികാരിയായി നിയോഗിച്ചിരിക്കുന്ന വിവരത്തിന് കല്പന അയച്ചു. പുത്തൻകാവ് പള്ളി വികാരി പള്ളിപെരുനാളിന് ക്ഷണിച്ചു. ഏപ്രിൽ 15-ന് നമുക്ക് വരാൻ സാദ്ധ്യമല്ലയെന്ന് പറഞ്ഞയച്ചു. കോപ്പാറ കത്തനാർ[86] മകന്റെ കല്യാണത്തിന് ക്ഷണിച്ചു. നിവൃത്തിയില്ലായെന്ന് നാം അറിയിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ നടത്തിക്കൊടുത്താൽ നല്ലതാണ് എന്ന് നാം അറിയിച്ചിട്ടുണ്ട്. നമസ്ക്കാരം, ഭക്ഷണം, സൂത്താറ ഇവകൾക്കു ശേഷം നാം ഉറങ്ങി (ഉണ്ണിക്കു ശമ്പളത്തിൽ 20 രൂപ ഇന്നു അയച്ചു കൊടുത്തു.).

11-4-1958. വെള്ളി. രാവിലെ വി. കുർബാന മാനേജർ മാത്യൂസ് കത്തനാർ ചൊല്ലി. നാം തട്ടിന്റെ മുകളിൽ വന്നിരുന്ന് കണ്ടു. കണ്ണിൽ രാവിലെ മരുന്ന് ഒഴിച്ചു. കാരൂർ പള്ളിപ്പെരുന്നാളും കൂദാശയും ഏപ്രിൽ 30 - മെയ് 1 തീയതികളിൽ നടത്തുന്നതിന് നമ്മെ ക്ഷണിക്കുന്നതിന് തെങ്ങുംതറയിൽ കോറെപ്പിസ്ക്കോപ്പായച്ചനും നാരങ്ങാനം പി. റ്റി. മാത്യൂസ് അച്ചനും വന്നിരുന്നു. അച്ചന്മാർ ഉച്ചയോടു കൂടി തിരികെപ്പോയി. നാം അവിടെ പോകാമെന്ന് പറഞ്ഞയച്ചു. ദേവലോകത്തു നിന്നും ജോർജ്ജ് വന്നു വക്കാലത്തു ഫോം ഒപ്പിടുവിച്ചു കൊണ്ടുപോയി. രാവിലെ ആഫീസ് പ്യൂൺ കുഞ്ഞൂഞ്ഞ് വന്നിരുന്നു. സന്ധ്യാനമസ്ക്കാരം, ഭക്ഷണം, സൂത്താറ ഇവകൾക്കു ശേഷം 10 മണിക്കു ഉറങ്ങി. ഇന്നു മരിച്ചു പോയ രണ്ടച്ചന്മാർക്കും കുർബാന ചൊല്ലിച്ചു.

12-4-1958. ശനി. രാവിലെ 4 മണിക്കു എഴുന്നേറ്റു. രാത്രി നമസ്ക്കാരം 5 മണിക്കു ആരംഭിച്ചു. കുർബാന കലത്ര യാക്കോബ് കത്തനാർ ചൊല്ലി. നാം തട്ടിന്റെ മുകളിൽ ഇരുന്ന് അതു കണ്ടു. മരുന്നുകൾ മൂന്നും ഇന്നു കോശി ശെമ്മാശ്ശൻ കുത്തി വച്ചു. നിരണത്ത് ഏബ്രഹാം വാദ്ധ്യാർ വന്നു കണ്ടു. പത്രത്തിൽ വി. സി. സാമുവൽ അച്ചൻ[87] മദ്രാസ് പള്ളിയിൽ കഷ്ടാനുഭവ ആഴ്ചയിൽ[88] ശുശ്രൂഷകൾ നടത്തിയതായും മറ്റും നാം വായിക്കുകയുണ്ടായി. കൂറിലോസ് മെത്രാന്റെ എഴുത്ത് നമുക്ക് ഇന്ന് കിട്ടി. മുഖത്തല കത്തനാരെ[83] ബന്ധുക്കൾ ആണു കൊന്നതു എന്നും കട്ടത്തടി കൊണ്ട് അടിച്ചാണ് കൊന്നതെന്നും അതിൽ കാണിച്ചിരുന്നു. മെത്രാച്ചൻ അയ്യമ്പള്ളിൽ പോയ വിവരവും അതിൽ ചേർത്തിരുന്നു.

കുന്നംകുളത്തു പാറമേലച്ചന് എഴുത്തിന് മറുപടി കൊടുത്തു. ചെമ്മ ണ്ണൂർ അച്ചനെ വികാരിയായി നിയമിച്ചിരിക്കുന്ന വിവരവും ചിറളയം പള്ളി യിൽ പാറമേൽ അച്ചൻ തന്നെ വികാരിയായിരിക്കണമെന്നും എഴുതിയി ട്ടുണ്ട്. തിരുവനന്തപുരത്തു നിന്നും കോരുതു ജഡ്ജിയും, പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനിയർ പി. എൻ. ജേക്കബും നമ്മെ വന്നു കണ്ടു. ഉച്ചഭക്ഷണം അവർക്കു കൊടുത്താണ് നാം അയച്ചത്. പി. എൻ. ജേക്ക ബിന്റെ മകന് വെല്ലൂർ മെഡിക്കൽ കോളജിൽ അഡ്മിഷൻ കിട്ടുന്നതിന് നാം വേണ്ടതു ചെയ്യണമെന്നറിയിക്കാനാണ് വന്നിരുന്നത്. ഉച്ചഭക്ഷണ ശേഷം 2 മണിക്കൂറോളം ഉറങ്ങി. സന്ധ്യാനമസ്ക്കാരം, തേച്ചുകുളി, സൂത്താറ ഇവകൾക്കു ശേഷം ഉറങ്ങി. ഇന്ന് നമ്മുടെ ചുമന്ന കുപ്പായവും, പുറംഉോഹയും കഴുകിച്ച് വൃത്തിയാക്കിച്ചു. സന്ധ്യാനമസ്ക്കാരത്തിന്റെ ഏവൻഗേലിയോൻ നാം തന്നെ വായിച്ചു. ഇന്നും മരിച്ച അച്ചന്മാർക്കു വേണ്ടി കുർബാന ചൊല്ലിച്ചു. ബഥനിയിൽ നിന്നും കുറിയാക്കോസ് കത്ത നാർ രണ്ടു കുപ്പി തേൻ കൊണ്ടുവന്നു.

13-4-58. ഞായർ. 5 മണിക്ക് നാം എഴുന്നേറ്റു. രാത്രി നമസ്ക്കാരം പള്ളിയിൽ കഴിച്ച ശേഷം തിരികെ വന്നു. 7 മണിയോടു കൂടി പ്രഭാത നമസ്ക്കാരം ആരംഭിച്ചു. നാം ഇന്നു വി. കുർബാന ചൊല്ലി. ഇവിടെ (പരുമല) കമ്പിൽ ചുറ്റിയിരിക്കുന്ന കശവ് കാപ്പയിട്ടാണ് നാം ചൊല്ലി യത്. കുർബാനയിൽ രോഗത്തിൽ ഇരിക്കുന്ന മാർ തേവോദോസ്യോസ് മെത്രാച്ചനു വേണ്ടിയും മരിച്ചുപോയ കോറെപ്പിസ്ക്കോപ്പാക്കു (കുന്നം കുളത്ത്) വേണ്ടിയും തല്ലിക്കൊല്ലപ്പെട്ട മുഖത്തല അച്ചനുവേണ്ടിയും നാം ഓർത്തു കുർബാന ചൊല്ലി. 10 മണിക്കു കുർബാന തീർന്നു. കുണ്ടറ വഴുതാനത്തു മത്തായിയുടെ മകൻ നമ്മെ വന്നു കണ്ടു 2 രൂപാ മാത്രം നമുക്ക് കൈമുത്തു തന്നു. കുന്നംകുളത്തു നിന്നും ഇവിടെ മാമ്മോദീസാ മുക്കിക്കുവാൻ വന്ന കാക്കശ്ശേരിൽ ഇട്ടൂപ്പ് വന്നു കണ്ടു 3 രൂപാ മാത്രം നമുക്ക് കൈമുത്ത് തന്നു. ഉമ്മൻ ശെമ്മാശ്ശൻ, മാനേജരച്ചൻ (റ്റി. സി. ജേക്കബ്), കുട്ടിയപ്പൻ, വി. ജി. ഗബ്രിയേലച്ചൻ ഇവർ നമ്മെ വന്നു കണ്ടു. കൂടാതെ മല്പാനച്ചനും, എബ്രഹാം അച്ചനും റ്റി. വി. ജോർജ്ജും ഇവിടെ വന്ന് ഇന്ന് നമ്മോടു കൂടെ താമസിക്കുന്നു. ആരോഗ്യസ്ഥിതി പൊതുവെ നന്നായിരുന്നു. രാത്രി 10 മണിക്ക് നാം ഉറങ്ങി. ഇന്ന് അത്താനാസ്യോസ് മെത്രാച്ചന്റെ ഒരു എഴുത്ത് മലയായിൽ നിന്നും വന്നിട്ടുണ്ടായിരുന്നു.

14-4-58. വെളുപ്പിന് 5 മണിക്ക് എഴുന്നേറ്റു. പ്രഭാത നമസ്ക്കാരശേഷം നാം മുറിയിൽ വന്നു. തട്ടിൽ ഇരുന്നുകൊണ്ട് കുർബാന കണ്ടു. കുർ ബാന നിരണത്തു പുരയ്ക്കൽ മത്തായി കത്തനാർ ചൊല്ലി. ഇന്ന് ഇവിടെ പരുമല മൂന്ന് കല്യാണം നടന്നു. ഒരു കല്യാണം നമ്മുടെ സെക്രട്ടറി യുടെ കല്യാണമായിരുന്നു. സെക്രട്ടറി ശമുവേൽ ശെമ്മാശ്ശന് നാം ഒരു

മോതിരം കൊടുത്തു. അയാളുടെ കല്യാണം 11 മണിക്ക് ആരംഭിച്ചു. നാം കെട്ടിച്ചു വിട്ടു. ഇന്ന് കളത്തറ കത്തനാരുടെ പെങ്ങൾ നമുക്ക് കൈമുത്തായി 20 രൂപാ കൊണ്ടുവന്നു. അവളുടെ കല്യാണം 21-ാം തീയതിയാണെന്ന് നമ്മെ അറിയിച്ചു. കോട്ടയത്തു നിന്നും മാത്തച്ചൻ, സഖറിയാ ശെമ്മാശ്ശൻ[89] ആദിയായവരും ഉണ്ടായിരുന്നു. കുന്നംകുളം പുത്തൻ പള്ളിക്കു വികാരിയായി ചെമ്മണ്ണൂർ പത്രോസ് അച്ചനെ നിയമിച്ചിരിക്കുന്നതായി കല്പന കൊടുത്തു. പത്രോസ് കത്തനാർ ഇന്ന് നമ്മെ വന്നു കണ്ടു. പള്ളിസ്ഥിതികൾ അറിയിച്ചു. ഏലിയാസ് തോമസ് കോറെപ്പിസ്ക്കോപ്പാ, പുത്തൻപുരയ്ക്കൽ തോമസ് കത്തനാർ ഇവർ നമ്മെ വന്നു കണ്ടു. കവിയൂർ വടക്കേമുറിയിൽ ഇട്ടിയയ്പ്പു വന്നു പീലക്സിനോസ് എപ്പിസ്ക്കോപ്പായ്ക്കു ഒരു എഴുത്തു വാങ്ങിക്കൊണ്ടുപോയി. അയാളുടെ മകന് വെല്ലൂർ മെഡിക്കൽ കോളജിൽ അഡ്മിഷൻ കിട്ടുന്നതിന് മെത്രാച്ചൻ വേണ്ടതു ചെയ്യണമെന്ന് എഴുതി കൊടുത്തയച്ചു. ഇന്ന് മല്പാനച്ചൻ, ജോർജ്ജ് ഇവരും നമ്മോടു കൂടി ഇവിടെ താമസിച്ചു. ഇന്ന് മരുന്നുകൾ മൂന്നും കോശി ശെമ്മാശ്ശൻ കുത്തി വച്ചു. വിശേഷിച്ച് അസുഖങ്ങൾ ഒന്നും ഇല്ലായിരുന്നു. സൂത്താറായ്ക്കു ശേഷം 10 മണിയോടു കൂടി ഉറങ്ങി.

15-4-1958. വെളുപ്പിന് 5 മണിക്ക് നാം എഴുന്നേറ്റു. പ്രഭാത നമസ്ക്കാര ശേഷം നാം തട്ടിന്റെ മുകളിൽ ഇരുന്നു കുർബാന കണ്ടു. രാവിലെ ദേവലോകം അരമനയിലേക്ക് പോരണം എന്നുള്ളത് ഉച്ചയ്ക്കത്തേക്ക് മാറ്റി വച്ചു. അലക്കുകാരൻ തുണി കൊണ്ടുവരാൻ സാധിക്കാതെ പോയതുകൊണ്ടും മാനേജർ മാത്യൂസ് കത്തനാരെ ഇടത്വ, കറുകയിൽ പാട്ട നെല്ലിന്റെ വിവരം അറിയാൻ അയച്ചതിന്റെ വിവരം അറിഞ്ഞ് പോരാൻ ഇരുന്നതുകൊണ്ടും താമസിച്ചു. 2 മണിയോടു കൂടി അവിടെ ലുത്തിനായുടെ ശേഷം യാത്ര പുറപ്പെട്ടു. നമ്മോടു കൂടി കോശി ശെമ്മാശ്ശനും, പീലിപ്പോസ് ശെമ്മാശ്ശനും തോമായും ഉണ്ടായിരുന്നു. സെമ്മിനാരിയിൽ നിന്നും മാനേജർ വരുമാന ഇനത്തിൽ 1500 രൂപാ ഏല്പിച്ചു. റിശീസാ (8+5+4) ഇന്ന് നമ്മെ ഏല്പിച്ചു. അതിൽ 4 രൂപ കളത്ര കത്തനാർ തന്നതും ബാക്കി 3 രൂപാ മാനേജർ തന്നതും ആയിരുന്നു. ഇന്ന് കുശിനിക്കാരൻ ചാക്കോയ്ക്കു അവന്റെ സുഖക്കേടിന്റെ ആവശ്യത്തിന് അഞ്ചു രൂപാ കൊടുത്തു. ശമുവേൽ വൈദ്യന് 1 രൂപായും പരുമല ചായിക്കാരന് സംഭാവന ഒരു രൂപായും കൊടുത്തു. കടവിൽ വന്ന് വള്ളത്തിൽ കയറിയപ്പോൾ വേലക്കാർക്ക് 8 അണ 4 അണ വീതം എല്ലാം കൊടുത്തു. കാറിൽ നാം കോട്ടയത്തിന് പോരുന്നു. 4 മണിയോടു കൂടി അരമനയിൽ എത്തിച്ചേർന്നു. വഴിക്ക് എം.ജി.എം. സ്കൂളിന്റെ പടിക്കൽ കാറു നിറുത്തി ഹെഡ്മാസ്റ്ററിനെ വിളിച്ച് ഒരാളിനെ നിയമിക്കുന്ന വിവരം പറഞ്ഞിട്ടാണ്

പോരുന്നത്. നമ്മോടു കൂടി കോശി ശെമ്മാശ്ശനും പീലിപ്പോസ് ശെമ്മാശ്ശനും ഉണ്ടായിരുന്നു. പരുമല വച്ച് കുശിനിക്കാരൻ ചാക്കോയിക്ക് മരുന്നു വാങ്ങിക്കാൻ അഞ്ച് രൂപ കൊടുത്തു. അരമനയിൽ രാത്രി 7 മണിയോടു കൂടി കുട്ടിയപ്പൻ കാറിൽ നമ്മെ വന്നു കണ്ടു. മല്പാനച്ചൻ, ഡിസൂസാ ശെമ്മാശ്ശൻ, കോശി ശെമ്മാശ്ശൻ, പീലിപ്പോസ് ശെമ്മാശ്ശൻ, സഖറിയാ ശെമ്മാശ്ശൻ, ജോർജ് ഇവരും ഇന്ന് അരമനയിൽ ഉണ്ടായിരുന്നു. ഇന്ന് എം. ഡി. ഹോസ്റ്റലിൽ[90] വാടക ഇനത്തിൽ കുടിശ്ശിഖ ഉണ്ടായിരുന്നതിൽ ഇരുനൂറ് രൂപായുടെ ഒരു ചെക്ക് നമ്മെ ഏല്പിച്ചു. 10 മണിയോടു കൂടി ഉറങ്ങി.

16-4-58. ബുധൻ. ദേവലോകം അരമനയിൽ. വെളുപ്പിന് 5 മണിക്ക് എഴുന്നേറ്റു. രാത്രി നമസ്ക്കാരം, പ്രഭാത നമസ്ക്കാരം ഇവയ്ക്കു ശേഷം തിരികെ വന്നു. 7 1/2 മണിക്ക് കോശി ശെമ്മാശ്ശൻ കുത്തി വച്ച ശേഷം നാം കാപ്പി കുടിച്ചു. നമ്മുടെ കൈയിൽ പരുമല നിന്നു കിട്ടിയ 1500 രൂപായും വാടകയ്ക്കു കിട്ടിയ ഇരുനൂറ് രൂപായും കൈപ്പെട്ടിയിൽ ഇരുന്ന 412 രൂപായും ഉൾപ്പെടെ 2112 രൂപാ ബാങ്കിൽ ഇടുവാൻ ജോർജ്ജിന്റെ കൈവശം കൊടുത്തയച്ചു. തോട്ടയ്ക്കാട്ടുകാരൻ കത്തനാർ റിശീസാ ഇനത്തിൽ പത്തു രൂപാ നമ്മെ ഏല്പിച്ചു. കുപ്പിയിൽ കുറെ മൂറോനും വാങ്ങിക്കൊണ്ട് പോയി. ഇന്ന് കൗൺസിൽ പ്രമാണിച്ച് മാർ ഈവാനിയോസ് മെത്രാച്ചൻ, മാർ പീലക്സിനോസ് മെത്രാച്ചൻ, ഇവർ വന്നിട്ടുണ്ടായിരുന്നു. 10 മണിക്ക് ശേഷം അവർ വന്നു. ഇന്നലെ വി. സി. സാമുവേൽ അച്ചന്റെ ഒരു എഴുത്ത് വന്നിരുന്ന വിവരം അവരോട് പറഞ്ഞു. കൗൺസിൽ, മാനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മറ്റി ഇവ കൂടുന്ന കാര്യം നമ്മെ അറിയിച്ചു. വർക്കിംഗ് കമ്മറ്റി മേയ് 1-ാം തീയതി എന്ന് നിശ്ചയിച്ചു. വി. സി. സാമുവേൽ അച്ചന്റെ വിഷയം[91] ചർച്ചാവിഷയമാണ്. അത്താനാസ്യോസ് മെത്രാച്ചന്റെ എഴുത്ത് മലയായിൽ നിന്നും വന്നതിന് മറുപടി അയച്ചുകൊടുത്തു. അതിൽ അച്ചന്മാരെ മലയായിലേക്ക് അയക്കുവാൻ ശ്രമിക്കുന്ന വിവരവും കാണിച്ചിരുന്നു. ഇന്ന് ഇൻസുലിൻ കുത്തി വച്ചു. ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. വേദപുസ്തകം ജോർജ് വായിച്ചു കേൾപ്പിച്ചു. സൂത്താറായ്ക്കു ശേഷം 10 മണിക്കു സുഖമായി ഉറങ്ങി. അർദ്ധരാത്രിയോടു കൂടി നല്ല മഴ പെയ്തു. ഇന്ന് തോട്ടയ്ക്കാട്ട് കത്തനാർക്ക് മൂറോൻ കൊടുത്തു.

17-4-58. ദേവലോകം. 5 മണിക്ക് രാത്രി നമസ്ക്കാരം, പ്രഭാത നമസ്ക്കാരം ഇവയ്ക്കു ശേഷം പള്ളിയിൽ നിന്നും മടങ്ങിയെത്തി. മരുന്ന് കുത്തിവച്ചു. കുന്നംകുളത്തു ചിറളയം പള്ളി കൈക്കാരൻ പി. കെ. കാക്കു അവിടെ വികാരി ചെമ്മണ്ണൂർ പത്രോസ് കത്തനാരുമായി ഉണ്ടായ ചില വാക്കുതർക്കങ്ങളും പിണക്കങ്ങളും അറിയിച്ചു. പാറമേൽ അച്ചൻ[92]

ഇരുകൂട്ടരുടെയും സ്റ്റേറ്റ്മെന്റ് വാങ്ങി നമ്മുടെ പേർക്ക് അയക്കുവാൻ കല്പന കൊടുത്തയച്ചു. അയാൾ കൈമുത്ത് 5 (അഞ്ച് രൂപാ) നമ്മെ ഏല്പിച്ചു. കൊല്ലാട്ടുകാരൻ കൊടുവത്തു കത്തനാർ[93] അയാൾ ആദ്യം കുർബാന ചൊല്ലിക്കിട്ടിയതാണെന്നു പറഞ്ഞു പത്തു രൂപാ നമ്മെ ഏല്പിച്ചു. കുണ്ടറ നിന്നും ഹെഡ്മാസ്റ്റർ എം. എം. ജേക്കബ് ഉച്ചയോടു കൂടെ ഇവിടെ വന്നു. സ്കൂൾ വിവരങ്ങൾ പറഞ്ഞു. അച്ചന്മാർക്കു വേണ്ടി യുള്ള ഒരു കല്പന നാം എഴുതിച്ചു. അതായത്, അച്ചനായശേഷം വിവാഹം ചെയ്തവരും, മീശ വളർത്താത്തവരും ആയവർ സഭയെ കേൾക്കാത്തവരാണ്. അവർ ശപിക്കപ്പെട്ടവരാണ്. അങ്ങനെയുള്ളവർ യാതൊരു പള്ളികർമ്മങ്ങളും അനുഷ്ഠിക്കരുത്. ആയതിൽ ആരും സംബ ന്ധിക്കുകയും അരുത് എന്ന് എഴുതിച്ചു ആഫീസിൽ ഏല്പിച്ചു. ചില ഭേദഗതികൾ വരുത്തണമെന്ന് എല്ലാവരും നമ്മോടാവശ്യപ്പെട്ടു. സഭയുടെ ചട്ടംകെട്ടുകൾക്ക് യാതൊരു വള്ളിക്കും പുള്ളിക്കും വ്യത്യാസവും അഴിവും വരുത്താൻ നിവൃത്തിയില്ല എന്ന് ദൃഢമായി പറഞ്ഞു. ബഥനി ആശ്രമത്തിലെ കുറിയാക്കോസ് കത്തനാരും മാണിക്കത്തനാരും[94] തേവോദോസ്യോസ് തിരുമേനിക്ക് സുഖമില്ലെന്നും മറ്റും വന്നു പറഞ്ഞു. മാണിക്കത്തനാർ ഉപരിപഠനാർത്ഥം ഗ്രീസിലേക്ക് 27-ാം തീയതി പോകു ന്നതാണ്. പെട്ടിയിലെ കാഷ് ബാലൻസ് നോക്കി. സൂത്താറായിക്കു ശേഷം 10 മണിക്കു സുഖമായി ഉറങ്ങി.

18-4-58. വെള്ളി. 5 മണിക്ക് എഴുന്നേറ്റു പള്ളിയിൽ പോയി. രാത്രി നമസ്ക്കാരം പ്രഭാത നമസ്ക്കാരം ഇവയ്ക്കു ശേഷം തിരികെ വന്നു. കുണ്ടറ സ്കൂളിലെ അദ്ധ്യാപകന്മാരും ഡീക്കൻ കുറിയാക്കോസ്, കളത്ര യാക്കോബ് കത്തനാർ, ഡീക്കൻ കെ. സി. മാത്യു ഇവർ ഇന്ന് നമ്മെ വന്ന് കാണാൻ എഴുതി അയച്ചിട്ട് വന്നു കണ്ടില്ല. കെ. ജെ. വറുഗീസ് ശെമ്മാശ്ശൻ വന്നു കണ്ടു. സ്റ്റേറ്റ്മെന്റ് എഴുതി തന്നു. 10 മണിയോടു കൂടി മാർ ഒസ്താത്തിയോസ് എപ്പിസ്ക്കോപ്പാ വന്നു. മാന്നാത്തുകാരൻ വറുഗീസിന് പട്ടം കൊടുക്കുന്ന കാര്യം പറയുന്നതിനാണ് വന്നത്. ഇന്നു നാം മെത്രാച്ചനോട് വി. സി. ശമുവേലച്ചന്റെ കാര്യത്തിന് അല്പം മറുത്തു പറഞ്ഞു. നാം തന്നെ അവന് (വറുഗീസിന്) പട്ടം കൊടുക്കാമെന്ന് സമ്മ തിച്ചിട്ടുണ്ട്. കല്ലൂപ്പാറ പണിക്കർ കത്തനാർ ഇവിടെ വന്നു. മൂറോൻ കല്ലൂ പ്പാറ പള്ളിക്ക് വാങ്ങിക്കൊണ്ടു പോയി. ബേസിൽ ദയറാംഗങ്ങളായ ഡീക്കൻ ഉമ്മൻ,[95] ഡീക്കൻ എം. കെ. തോമസ്[96] എന്നിവർ വന്നു കണ്ടു. എം. കെ. തോമസ് 17-ാം തീയതി ശെമ്മാശ്ശനായതാണ്. പീലക്സിനോസ് തിരുമേനിയും തീമോത്തിയോസ് തിരുമേനിയും പട്ടം കൊടുത്തതാണ്. ഇന്ന് മാർ ഒസ്താത്തിയോസ് തിരുമേനി 100 രൂപാ നമുക്ക് തന്നു. ഏതാ യാലും ഇന്നത്തെ ആരോഗ്യസ്ഥിതി പൊതുവെ മോശമല്ലായിരുന്നു.

അത്താഴം, വേദപുസ്തക വായന ഇവയ്ക്കു ശേഷം 10 മണിക്ക് സുഖമായി ഉറങ്ങി.

19-4-58. ശനി. രാവിലെ 5 മണിക്ക് എഴുന്നേറ്റു. പള്ളിയിൽ നമസ്ക്കാരത്തിനു പോയി. നമസ്ക്കാരശേഷം തിരികെ വന്നപ്പോൾ ചന്തക്കടവിലെ കുഞ്ഞൂഞ്ഞ് മകൻ കെ. ജെ. തോമസിന്റെ സ്ഥലംമാറ്റം പ്രമാണിച്ച് നമ്മെ അറിയിച്ചു. സ്ഥലംമാറ്റം എം.ഡി. യിലേക്ക് കൊടുക്കണമെന്ന് നാം മാർ ഈവാനിയോസ് മെത്രാച്ചന് എഴുത്തു കൊടുത്തു. ഈവാനിയോസ് മെത്രാച്ചൻ ആ കല്പനപ്രകാരം ചെയ്യുവാൻ മടി കാണിച്ചു എന്ന് അവൻ നമ്മെ വന്നറിയിച്ചു. ഒസ്താത്തിയോസ് മെത്രാച്ചൻ രാവിലെ 9 മണിക്ക് ഇവിടെ നിന്നും പോയി. നാം മെത്രാച്ചന് ഒരു മുത്തുച്ചിപ്പി കുരിശുമാല കൊടുത്തു. മരുന്നുകൾ രണ്ടും ശെമ്മാശ്ശൻ കുത്തിവച്ചു. ഇന്ന് ഈ മാസം 29-ാം തീയതി ചൊവ്വാഴ്ച സുന്നഹദോസ് കൂടാൻ നിശ്ചയിച്ചിരിക്കുന്നതായി മെത്രാച്ചന്മാർക്കു എഴുതിയയച്ചു. അത്താനാസ്യോസ് മെത്രാച്ചൻ മലയായിൽ ആകയാൽ അറിയിച്ചില്ല. മാനേജർ റ്റി. സി. ജേക്കബ് അച്ചൻ ഇന്ന് നമ്മെ വന്നു കണ്ടു കിരീടധാരണ വൈദ്യശാലയിലെ കണക്കു തീർത്തു (88 രൂപ 96 നയാ പൈസ) ഒരു കൊല്ലത്തേയ്ക്കു (എണ്ണയും കുഴമ്പും ആവർത്തിച്ച തൈലം ഇവയ്ക്കു). സന്ധ്യാനമസ്ക്കാരത്തിന് ഏവൻഗേലിയോൻ മല്പാൻ യോഹന്നാൻ കത്തനാർ വായിച്ചു. നാം കുളി കഴിഞ്ഞ് അത്താഴം, സൂത്താറ ഇവയ്ക്കുശേഷം ഉറങ്ങാൻ കിടന്നു. രാത്രിയിൽ അതികലശലായ ഇടിയും മിന്നലും ഉണ്ടായിരുന്നു. തന്മൂലം ഉറക്കത്തിനു സുഖമുണ്ടായിരുന്നു എങ്കിലും അത്ര തൃപ്തികരമല്ല. ആരോഗ്യം പൊതുവെ നന്നായിരുന്നു. രാത്രി 11 മണിക്ക് ഉറങ്ങി.

20-4-58. ഞായർ. 5 മണിക്ക് എഴുന്നേറ്റു. അഞ്ചര മണിക്ക് പള്ളിയിൽ നമസ്ക്കാരം ആരംഭിച്ചു. ഇന്ന് കുർബാന നാം തന്നെ ചൊല്ലി. ജൂബിലിക്കുപ്പായമിട്ടാണ്[97] ചൊല്ലിയത്. എത്യോപ്യൻ വിദ്യാർത്ഥികൾ രണ്ട് പേർ ചക്രവർത്തി അയച്ചതനുസരിച്ച് വന്ന് സന്ദർശിച്ചു. കുർബാന കണ്ടു. ഇവിടെ അവർക്കു കാപ്പി കൊടുപ്പിച്ചു. കുർബാന 10.30-നു തീർന്നു. കുർബാനമദ്ധ്യേ അര മണിക്കൂർ പ്രസംഗിച്ചു. പോൾ വറുഗീസ്[98] നമ്മെ വന്നു സന്ദർശിച്ചു (എത്യോപ്യായിൽ നിന്നും). അവിടെ നമുക്കു പള്ളി അനുവദിച്ചു തന്ന വിവരവും ചക്രവർത്തി[99] നമ്മോട് താത്പര്യം കാണിക്കുന്നുണ്ട് എന്നും അറിയിച്ചു. നെടുന്തള്ളിലെ ഡോക്ടർ നമ്മെ വന്നു കണ്ടു. അയാൾക്ക് ഇവിടെനിന്നും കോതമംഗലത്തിന് സ്ഥലംമാറ്റം ആണെന്നുള്ള വിവരം അറിയിക്കുവാനായിരുന്നു. മാനേജരച്ചനും, വി. ജെ. ഗബ്രിയേൽ അച്ചനും വന്നു കണ്ടു. മാനേജരച്ചൻ കുമ്പസാരിപ്പിച്ചു. ഗബ്രിയേലച്ചൻ 35 രൂപാ ചെറിയപള്ളിയിലെ റിശീസായായി ഏല്പിച്ചു. ഇന്നു സന്ധ്യയ്ക്ക് ഇലക്ട്രിക് ലൈറ്റ് ഇല്ലായിരുന്നു. 10 മണിയോടു കൂടി സുഖമായി ഉറങ്ങി.

21-4-58. തിങ്കൾ. രാവിലെ എഴുന്നേറ്റു പള്ളിയിൽ പോയി. നമസ്ക്കാരം കഴിഞ്ഞ് പത്രം വായിച്ചു. മരുന്ന് ഇന്നും കുത്തി വച്ചു (ഇൻസുലിൻ). എം.ജി.എം. ഹെഡ്മാസ്റ്ററുടെ പേർക്ക് കുരിശുംമൂട്ടിൽ പാപ്പിയുടെ കൊച്ചു മകനെ ആ സ്കൂളിൽ എടുക്കുന്നത് നല്ലതാണെന്നു എഴുതിക്കൊടുത്ത യച്ചു. കുറിച്ചിയിൽ നിന്നും നമ്മുടെ ചേട്ടന്റെ മകനും കൊച്ചുമകനും വന്നു കണ്ടു. മതാപാറപ്പള്ളിയിൽ ചൊല്ലുന്ന മാത്യൂസ് കത്തനാർ വന്നി രുന്നു. മാനേജരച്ചൻ പുലിക്കുട്ടിശ്ശേരിലച്ചൻ ഇവർ വന്ന് ചാലശ്ശേരിയി ലച്ചന്റെ കന്തീലാ വെള്ളിയാഴ്ച നടത്തുന്നതിന് നിശ്ചയിച്ച വിവരവും നാം ചെല്ലണമെന്നും അറിയിച്ചു. നാം വെള്ളിയാഴ്ച പോകാമെന്നു സമ്മ തിച്ചു. ശരീരസുഖമുണ്ടെങ്കിൽ എന്ന് പറഞ്ഞിട്ടുണ്ട്. മാത്തൻ തരകൻ, ചേപ്പാട് ഐ. ശമുവേൽ ഇവരും വന്നു കണ്ടു. ഇന്ന് ആരോഗ്യസ്ഥിതി നന്നായിരുന്നു. എങ്കിലും തണുപ്പുകൊണ്ട് അല്പം ചുമ പിടിപെട്ടിരുന്നു. രാത്രി ഒമ്പതര മണിക്ക് ഉറങ്ങി.

22-4-58. ചൊവ്വ. രാവിലെ 5 മണിക്ക് എഴുന്നേറ്റു പള്ളിയിൽ പോയി നമസ്ക്കരിച്ചു. മരുന്നുകൾ മൂന്നും ഇന്നു കുത്തിവച്ചു. നമുക്ക് ഒരു ചെറിയ ജലദോഷമുണ്ടായിരുന്നു. അല്പം ഹോമിയോപ്പതി മരുന്നു കൂടി കഴിച്ചു. പരുമല സെമിനാരി മാനേജർ നമ്മെ വന്നു കണ്ടു. നാം അരമന യിൽ തന്നെ ആയിരുന്നു. തോമായെ അവന്റെ വീട്ടിൽ പോകുവാൻ അനു വദിച്ചു. അവന്റെ വീട്ടുകാര്യങ്ങൾ എന്തോ ക്രമപ്പെടുത്താൻ ഉണ്ടെന്ന് നമ്മോട് പറഞ്ഞതനുസരിച്ചു വിട്ടു. ഇന്നു 9 മണിക്ക് നാം ഉറങ്ങി.

23-4-58. ബുധൻ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. പള്ളിയിൽ പോയി നമസ്ക്കരിച്ചു. ആരോഗ്യസ്ഥിതി പൊതുവെ നന്നായിരുന്നു. കുണ്ടറ സിമ്മ നാരി മാനേജരച്ചനും, കുണ്ടറ, മുഖത്തല, മരണം സംഭവിച്ച കത്തനാ രുടെ മൂത്ത മകനും നമ്മെ വന്നു കണ്ടു. അച്ചന്റെ മകൻ ഉടനെതന്നെ തിരികെ പോകയും ചെയ്തു. നല്ലില ദാനിയേൽ കത്തനാർ നമ്മോട് അയാളുടെ പള്ളിയുടെ കൂദാശ നടത്തിക്കൊടുക്കണമെന്നാവശ്യപ്പെടു കയും നാം ആദ്യം വിസമ്മതിക്കുകയും ചെയ്തു. ആയതു നമ്മുടെ സൗകര്യത്തെ ഉദ്ദേശിച്ച് മേയ് മാസം അഞ്ചാം തീയതിയാണെന്നറിയിച്ചു. കൂടാതെ കാരൂർ പള്ളി വികാരി പി. റ്റി. മാത്യൂസ് കത്തനാർ (നാരങ്ങാന ത്തുകാരൻ) ഈ മാസം 30 - മേയ് 1 നാം ആ പള്ളിയിൽ ഉണ്ടായിരിക്ക ണമെന്നും നാം തന്നെ അതിന്റെ കൂദാശ നടത്തിക്കൊടുക്കണമെന്നും നിർബന്ധിച്ചതു നാം മുമ്പ് സമ്മതിച്ചതനുസരിച്ച് ശരീരസുഖമുണ്ടെങ്കിൽ അവിടെ പോയി നടത്തിക്കൊടുക്കാമെന്ന് സമ്മതിച്ച് അയാൾ തിരികെ പോയി. പാറമേൽ കുറിയാക്കോസ് അച്ചന്റെ പേർക്കും ചെമ്മണ്ണൂർ കത്ത നാരുടെ പേർക്കും അവരയച്ച കത്തിന് മറുപടിയും 40-ഉം 41-ഉം നാൾ കല്പനകൾ അയച്ചു. 10 മണിക്കു സുഖമായി ഉറങ്ങി.

24-6-58. വ്യാഴം. ദേവലോകം അരമനയിൽ തന്നെയായിരുന്നു. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം 6 മണിക്ക് തീർന്നു. കോശി ശെമ്മാശ്ശൻ അയാളുടെ വീട്ടിൽ പോകുവാൻ നമ്മോട് ചോദിച്ചുകൊണ്ടു പോയി. കുണ്ടറ ഹെഡ്മാസ്റ്റർ ജേക്കബ് കത്തനാർ ഇവിടെ വന്നിരുന്നു. സ്കൂൾ കാര്യം നമ്മെ അറിയിച്ചു. തോമ്മാ ഇവിടെ ഇല്ലായിരുന്നു. ഇന്നു നാം തനിയെ തേച്ചുകുളി നടത്തി. കുളി കഴിഞ്ഞപ്പോൾ നമുക്ക് ഒരു പര വേശം തോന്നി. തലകറക്കം തോന്നി. അല്പം സമയത്തേക്ക് ഉണ്ടായി രുന്നു. ഇൻസുലിൻ കൂടുതലായതു കൊണ്ടാണെന്നു തോന്നുന്നു. സൂത്താറയ്ക്കുശേഷം സുഖമായി ഉറങ്ങി. ഇന്നു ശമുവേൽ ശെമ്മാശ്ശൻ വീട്ടിൽ നിന്നും വന്നു.

25-4-58. വെള്ളി. രാവിലെ 4 മണിക്കു നാം എഴുന്നേറ്റു. നമസ്ക്കാര ത്തിനു ശേഷം അരമനയിൽ വിശ്രമിച്ചു. ഉച്ചയ്ക്കുശേഷം രണ്ടു മണിക്ക് കല്ലുങ്കത്തറ നമ്മുടെ ചാപ്പലിൽ പോയി. ചാലാശ്ശേരി കത്തനാർക്ക് കന്തീലാ ശുശ്രൂഷ നടത്തി. മല്പാൻ യോഹന്നാൻ കത്തനാർ, മാനേ ജർ ജേക്കബ് കത്തനാർ, മണലിൽ യാക്കോബ് കത്തനാർ, ഈവാനി യോസ് മെത്രാച്ചൻ, മറ്റനേകം പട്ടക്കാരും ഈ ശുശ്രൂഷയിൽ സംബ ന്ധിച്ചു. ശുശ്രൂഷാമദ്ധ്യേ ഒരു അസുഖം തോന്നി. വയറ്റിൽ നിന്നും ഒഴി യാതിരുന്നതുകൊണ്ട് ആണ് അപ്രകാരം തോന്നിയത്. അതുകൊണ്ട് അവിടെ വച്ച് കക്കൂസിൽ പോകേണ്ടതായി വന്നു. ശുശ്രൂഷ രണ്ടര മണിക്ക് ആരംഭിച്ചു. 5 മണിയോടു കൂടി അവസാനിച്ചു. നാം ഉടനെതന്നെ ചാലാശ്ശേരിൽ കത്തനാരുമായി അല്പം വർത്തമാനം പറഞ്ഞിട്ട് തിരികെ മടങ്ങി. അരമനയിൽ നമസ്ക്കാരം, ഭക്ഷണം, സൂത്താറ ഇവയ്ക്കുശേഷം സുഖമായി ഉറങ്ങി.

26-4-58. ശനി. ദേവലോകം അരമനയിലും തിരുവല്ലാ ബഥനി അരമ നയിലും. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരത്തിനു പള്ളിയിൽ പോയി. മരുന്നുകൾ നമ്മെ കോശി ശെമ്മാശ്ശൻ കുത്തിവച്ചു. 11 മണി യോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചൻ തിരുമൂലയിൽ വച്ചു നടക്കുന്ന സ്റ്റുഡൻസ് കോൺഫറൻസിന്[100] നമ്മെ കൊണ്ടുപോകുവാൻ വന്നു. നാം മെത്രാച്ചനുമൊന്നിച്ച് 4 മണിയോടു കൂടി തിരുമൂലയ്ക്ക് യാത്ര പുറപ്പെട്ടു. തിരുവല്ലായിൽ ഒരു വമ്പിച്ച സ്വീകരണവും ഘോഷയാത്രയും തിരുവ ല്ലായിൽ നിന്നും തിരുമൂല പള്ളി വരെ ഉണ്ടായിരുന്നു. തിരുമൂല ബാലി കാമഠം സ്കൂൾ ചാപ്പലിൽ സന്ധ്യാനമസ്ക്കാരം നടത്തി. ദീവന്നാസ്യോസ് മെത്രാച്ചൻ, മാർ ഒസ്താത്തിയോസ്, മാർ പീലക്സിനോസ്, മാർ കൂറി ലോസ് എന്നീ മെത്രാച്ചന്മാരും ഉണ്ടായിരുന്നു. നമസ്ക്കാരശേഷം ദീവ ന്നാസ്യോസ് മെത്രാച്ചനുമൊരുമിച്ച് നമ്മുടെ കാറിൽ ബഥനി അരമന യിൽ എത്തി. അവിടെ ഭക്ഷണം കഴിച്ച് ഉറങ്ങി.

27-4-58. ഞായർ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. ലിലിയോയുടെ നമസ്ക്കാരശേഷം ബഥനി പള്ളിയിൽ നിന്നും തിരുമൂല ഇടവക പള്ളിയിൽ എത്തി നാം അവിടെ വി. കുർബാന ചൊല്ലി. നമ്മോടു കൂടി ഇന്നലെയുണ്ടായിരുന്ന മെത്രാച്ചന്മാരും ഈവാനിയോസ് മെത്രാച്ചനും കുർബാനയ്ക്കു സംബന്ധിച്ചു. 300-ഓളം വിദ്യാർത്ഥികളും ഇടവകജനങ്ങളും കുർബാനയിൽ സംബന്ധിച്ചു. മൂന്നിന്മേൽ കുർബാനയായിരുന്നു. മാർ പീലക്സിനോസ്, മാർ കൂറിലോസ് എന്നിവർ താഴത്തെ ത്രോണോസിലും കുർബാന ചൊല്ലി. ഉച്ചയ്ക്കു രണ്ടര മണിക്കു യോഗം ആരംഭിച്ചു. നാം അധികം ഒന്നും പറഞ്ഞില്ല. യോഗത്തിന്റെ അവസാനം നല്ല ഒരു മഴ പെയ്തു. എത്യോപ്യയിൽ നിന്നും വന്നിരുന്ന രണ്ട് വിദ്യാർത്ഥികൾക്ക് ഓരോ സമ്മാനം കൊടുത്തു. കണംകൊമ്പു കൊണ്ടുണ്ടാക്കിയ ഈരണ്ട് ആനകളും, ആബൂനാ തെയോഫിലോസിന്[101] ഒരു കുരിശും മില്യൻ കമ്പനിയിൽ നിന്നും വാങ്ങി. അവരെ തിരുമൂല വച്ചു ഏല്പിച്ചു. നാം അഞ്ചര മണിയോടു കൂടി തിരികെ അരമനയിലേക്കു പോരുന്നു. തിരുമൂല പള്ളിയിൽ നിന്നും അവർ അമ്പതു രൂപാ കൈമുത്ത് നമുക്ക് തന്നു. 12 രൂപാ പെട്രോളിനും തന്നു. അവരുടെ സർവ്വ പ്രവർത്തനങ്ങളും വളരെ മെച്ചമായിരുന്നു. ഇവിടെ സന്ധ്യാനമസ്ക്കാരം, സൂത്താറാ ഇവക്കുശേഷം 10 മണിയോടു കൂടി ഉറങ്ങി.

28-4-58. തിങ്കൾ. ദേവലോകം അരമനയിൽ. രാവിലെ എഴുന്നേറ്റു. നമസ്ക്കാരശേഷം കാപ്പി കുടിച്ചു. രണ്ടു മരുന്നുകളും ഇന്നു കുത്തിവച്ചു. കോൺഫറൻസിനു വന്നിരുന്ന സായിപ്പു കെന്നത്തു ഷാർപ്പും തുമ്പമൺകാരൻ മാത്യുവും നമ്മെ വന്നു കണ്ടു. ഇന്ന് കുമരകം പള്ളിയിൽ കൊള്ളക്കാർ കയറി ഭണ്ഡാരം കുത്തിപ്പൊളിച്ച് കതക് വെട്ടിക്കീറി പണം, കുരിശ് ഇവ എടുത്തുകൊണ്ടു പോയതായി അറിഞ്ഞു. മുഖംമൂടി ഇട്ട ആളുകളാണ് വന്നു കൊള്ള നടത്തിയത് എന്നറിയപ്പെടുന്നു. ആ പള്ളി വികാരി രാത്രിയിൽ അവിടെ ഇല്ലാതിരുന്ന സന്ദർഭം ആയിരുന്നു അക്രമം നടത്തിയത്. ഇന്ന് നാം മാനേജർ യാക്കോബ് കത്തനാരെ കുമരകത്തിന് അയച്ച് വിവരം അന്വേഷിച്ചു. രാത്രി ഏഴര മണിയോടു കൂടി നമ്മുടെ ജ്യേഷ്ഠന്റെ കൊച്ചുമക്കൾ നമ്മെ വന്നു കണ്ടു. വേദപുസ്തക വായന, സൂത്താറ ഇവയ്ക്കുശേഷം സുഖമായി 10 മണിയോടു കൂടി ഉറങ്ങി. ഇന്നലെ മാർ ഒസ്താത്തിയോസ് മെത്രാച്ചൻ നമ്മോടുകൂടി പോരുന്നു. ഇന്ന് നമ്മോടൊത്ത് അരമനയിൽ താമസിക്കുന്നു. ഒരു സ്ലീബാദാസൻ വറുഗീസിന് പട്ടം കൊടുക്കുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. മെത്രാച്ചൻ കൂടുതൽ നിർബന്ധിക്കുന്നു. എന്തു ചെയ്യാം.

29-4-58. ചൊവ്വാ. ദേവലോകം അരമനയിൽ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, കാപ്പി ഇവകൾക്കുശേഷം സുന്നഹദോസിന്റെ

യോഗം 10 മണിയോടു കൂടി ആരംഭിച്ചു. മാർ തിമോത്തിയോസ്, മാർ ദീവന്നാസ്യോസ്, മാർ ഒസ്താത്തിയോസ്, മാർ ഈവാനിയോസ്, മാർ പീലക്സിനോസ്, മാർ കൂറിലോസ് ഇവർ സന്നിഹിതരായിരുന്നു. വി. സി. ശമുവേൽ കത്തനാരുടെ കാര്യം പ്രധാന ചർച്ചാവിഷയം ആയിരുന്നു. അയാൾക്ക് യാതൊരു കാരണവശാലും കുർബാന ചൊല്ലുവാൻ അനുവാദം കൊടുക്കുവാൻ സാധിക്കുകയില്ലായെന്ന് യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു. മാർ ഒസ്താത്തിയോസ്, ശമുവേൽ കത്തനാരുടെ കൂടെ മൂന്നിന്മേൽ കുർബാന ചൊല്ലിയത് തെറ്റിപ്പോയി എന്ന് മാപ്പ് പരസ്യമായി പറഞ്ഞു. സുന്നഹദോസിൽ പട്ടക്കാരുടെ വേഷം, മീശ, തൊപ്പി, തലമുടി ഇവയ്ക്കു യാതൊരു പരിഷ്ക്കരണവും വരുത്തിക്കൂടായെന്നും ചർച്ച ചെയ്തു. 4 മണിയോടു കൂടി യോഗം പിരിഞ്ഞു. മാർ ഒസ്താത്തിയോസ് ഒഴികെ മെത്രാന്മാർ എല്ലാം തിരികെപ്പോയി. സന്ധ്യാനമസ്ക്കാരം, അത്താഴം, സൂത്താറ ഇവയ്ക്കു ശേഷം സുഖമായി ഉറങ്ങി. അരമനയിൽ മാർ ഒസ്താത്തിയോസ് എപ്പിസ്ക്കോപ്പാ നമ്മോടു കൂടി താമസിച്ചു.

30-4-58. ബുധൻ. ദേവലോകം അരമനയിൽ നിന്നും ഉച്ചയ്ക്കു 2 മണിക്ക് കാരൂർ പള്ളി കൂദാശ നടത്തുന്നതിന് നാം പോയി. നാം പോകുന്നില്ലായെന്ന് വിചാരിച്ചിരുന്നു. നമുക്ക് സുഖമില്ലായിരുന്നു. ഷുഗർ ഇന്നു കൂടുതൽ കണ്ടു. രണ്ടു മണിക്ക് ആശ്വാസം തോന്നി. ഇവിടെ നിന്നും കാരൂർക്ക് പുറപ്പെട്ടു. അവിടെ വമ്പിച്ച ഒരു സ്വീകരണം ഉണ്ടായിരുന്നു. മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, മാർ പീലക്സിനോസ് എപ്പിസ്ക്കോപ്പാ ഇവർ അവിടെ ഉണ്ടായിരുന്നു. സന്ധ്യാനമസ്ക്കാര ശേഷം പള്ളികൂദാശ ക്രമത്തിൽ പ്രുമിയോൻ വരെ ചൊല്ലിയശേഷം രാവിലെ നടത്താൻ വച്ചു. പള്ളിക്കെട്ടിടത്തിൽ സുഖമായി ഉറങ്ങി. തെങ്ങുംതറയിൽ കോറെപ്പിസ്ക്കോപ്പാ ആ പരിസരങ്ങളിലുള്ള പട്ടക്കാർ ഇവരെല്ലാം സന്നിഹിതരായിരുന്നു. അവിടെ നല്ല പോലെ മഴയുണ്ടായിരുന്നു. പത്തര മണിക്ക് സുഖമായി ഉറങ്ങി.

1958 മെയ്

1-5-58. വ്യാഴം. കാരൂർ പള്ളികൂദാശ ദിവസം. നാം കുർബാന ചൊല്ലി. മൂന്നിന്മേൽ കുർബാന. കൂദാശയ്ക്കു ശേഷം ആരംഭിച്ചു. മെത്രാച്ചന്മാർ രണ്ടു പേരും താഴത്തെ ത്രോണോസിൽ ചൊല്ലി. പന്ത്രണ്ടേകാൽ മണിക്കു സകലവും ഭംഗിയായി അവസാനിച്ചു. ധാരാളം ആളുകൾ നമ്മെ കാണുവാൻ തിങ്ങിക്കൂടി. നമുക്ക് അവിടെ നിന്നും 101 രൂപ കൈമുത്ത് തന്നു. മഴ നിമിത്തം അവിടെ തന്നെ താമസിക്കേണ്ടി വന്നു. 10 മണിയോടു കൂടി സുഖമായി ഉറങ്ങി.

2-5-58. വെള്ളി. രാവിലെ കാപ്പികുടി കഴിഞ്ഞശേഷം കാരൂർ നിന്നും

ദേവലോകം അരമനയിലേക്കു യാത്ര പുറപ്പെട്ടു. അരമനയിൽ എത്തി വിശ്രമിച്ചു. പെട്രോൾ വാങ്ങിക്കുവാൻ അവർ 20 രൂപാ തന്നു. നാം പള്ളി മൂപ്പനും കപ്പിയാർക്കും ഓരോ രൂപാ കൊടുത്തു. ഭണ്ഡാരത്തിൽ ഒരു രൂപാ നേർച്ച ഇട്ടു. അരമനയിൽ സുഖമായി ഉറങ്ങി. ഇന്ന് മരുന്നുകൾ രണ്ടും കോശി ശെമ്മാശൻ കുത്തിവച്ചു.

3-5-58. ശനി. രാവിലെ നമസ്ക്കാരം, കാപ്പി ഇവകൾക്കുശേഷം കുണ്ടറ നല്ലില പള്ളിയിൽ പോകാൻ വിചാരിച്ചു. വയറ്റിന് അസുഖം തോന്നി. ഉച്ചയ്ക്ക് ഒന്നര മണിക്കു ശേഷം മാത്രമേ യാത്ര പുറപ്പെടാൻ സാധിച്ചുള്ളു. കുണ്ടറ സെമ്മിനാരിയിൽ 4 മണിക്കു എത്തിച്ചേർന്നു. അവിടെ നിന്നു നല്ലില പള്ളിയിലേക്കു പോയി. വമ്പിച്ച ഒരു സ്വീകരണവും ഘോഷയാത്രയും ഉണ്ടായിരുന്നു. സന്ധ്യാനമസ്ക്കാരം നല്ലില പള്ളിയിൽ കഴിച്ചു. തിരികെ കുണ്ടറ സെമ്മിനാരിയിൽ എത്തി ഭക്ഷണ ശേഷം വിശ്രമിച്ചു. നല്ലില പള്ളിയിലേക്കു പോകവെ വഴിക്കു പെരുമ്പുഴ ചാപ്പലുകാർ കാർ നിർത്തിച്ച് ആ പള്ളിയിൽ കയറാതെ പോയതിന്റെ വ്യസനം പ്രകടിപ്പിച്ചു. നാം നാളെ വരുമ്പോൾ അവിടെ കയറി ഭക്ഷണം കൂടെ കഴിക്കാമെന്ന് അവരെ ആശ്വസിപ്പിച്ചു. സെമ്മിനാരിയിൽ സുഖമായി ഉറങ്ങി.

4-5-58. ഞായർ. കുണ്ടറ സെമ്മിനാരിയിൽ നിന്നും മാനേജർ എം. എം. ജേക്കബ് കത്തനാർ, കോശി ശെമ്മാശ്ശൻ ഇവരും ഒന്നിച്ച് നല്ലില പള്ളിയിൽ പോയി. അവിടെ ചെറിയ കൂദാശ കൂറിലോസ് മെത്രാച്ചനുമൊത്ത് നടത്തി. അവിടെ കുർബാന ചൊല്ലി. മൂന്നിന്മേലായിരുന്നു. കൂറിലോസ് മെത്രാച്ചനും, ജേക്കബച്ചനും കൂടി ചൊല്ലി. 11 മണിയോടു കൂടി അവിടെയുണ്ടായിരുന്ന പുരുഷന്മാരെ മാത്രം കൈ മുത്തിച്ചിട്ട് മുറിയിൽ എത്തി കാപ്പി കുടിച്ചു. അവയ്ക്കുശേഷം സെമിനാരിയിലേക്കു ഉടനെ മടങ്ങി. വഴിക്കു വച്ചു പെരുമ്പുഴ പള്ളിയിൽ കയറി ലുത്തിനിയാ കഴിച്ചു. അര മണിക്കൂറോളം അവിടെ വിശ്രമിച്ചു. ആ പള്ളിക്കാർ 35 രൂപായും നല്ലില പള്ളിക്കാർ 101 രൂപായും 83 1/2 രൂപാ കാണിക്കയും തന്നു. കുണ്ടറ സെമ്മിനാരിയിൽ വച്ചു വൈദ്യൻ കത്തനാരുടെ മകൾ അവളുടെ കല്യാണവിവരം അറിയിക്കാൻ വന്നു. അവൾ 10 രൂപാ കൈമുത്തു തന്നു. അവളെ മാർത്തോമ്മായിൽ കെട്ടിക്കുന്നതിന് നാം വഴക്കു പറഞ്ഞു. കല്യാണം 11-ാം തീയതിക്കു ഉറച്ചു പോയി. കൂടാതെ നെടിയവിള ഉമ്മൻ പണിക്കർ വന്നു കണ്ടു. സ്കൂൾ അദ്ധ്യാപകന്മാർ ചില വൃത്തികേടുകൾ അയൽപക്കത്തുള്ള വീടുകളിൽ ഉണ്ടാക്കിയിട്ടുണ്ടെന്നും മറ്റും പറഞ്ഞു. അയാൾ കൈമുത്തായി 10 രൂപാ തന്നു. നാം രാവിലെ കോട്ടയത്തിന് പോകുന്നുള്ളു എന്ന് നിശ്ചയിച്ചു. ഇന്ന് നല്ല മഴയുണ്ടായിരുന്നു. 10 മണിയോടു കൂടി ഉറങ്ങി. കൂറിലോസ് മെത്രാച്ചൻ നമ്മോടു കൂടി താമസിച്ചു.

5-5-58. രാവിലെ കുണ്ടറ നിന്നും 7 മണിക്ക് കാപ്പികുടി കഴിഞ്ഞ് പുറപ്പെട്ടു. വഴിക്കു ബഥേലിൽ[102] കയറി മൂത്രം ഒഴിച്ചു. 9 മണിക്ക് ഇവിടെയെത്തി. ഏലിയാ ചാപ്പലിൽ കയറിയശേഷമാണ് ഇങ്ങോട്ടു പോരുന്നത്. അലക്സാണ്ടർ ശെമ്മാശ്ശന്റെ കല്യാണം നാം 11 മണിയോടു കൂടി ഏലിയാ ചാപ്പലിൽ വച്ച് നടത്തിക്കൊടുത്തു. അവൻ നമുക്ക് കൈമുത്തു കൊണ്ടുവന്നു. നാം തിരികെ കൊടുത്തു. മോഡേൺ അവറാച്ചി പീടിക കൂലിക്കു എം.ഡി. യ്ക്കു തരാനുണ്ടായിരുന്നതിൽ 40 രൂപാ നമ്മെ ഏല്പിച്ചു. ഇന്ന് തേവോദോസ്യോസ് മെത്രാച്ചനു സുഖക്കേട് കൂടുതലാണെന്നറിഞ്ഞു. സൂത്താറയ്ക്കുശേഷം സുഖമായി ഉറങ്ങി.

6-5-58. രാവിലെ നമസ്ക്കാരം, കാപ്പി ഇവകൾക്കുശേഷം കൗൺസിൽ ഇന്നു നടന്നു. മാർ പീലക്സിനോസ് എപ്പിസ്ക്കോപ്പാ, മാർ ഈവാനിയോസ് ഇവർ ഹാജരുണ്ടായിരുന്നു. സ്കൂൾ കാര്യങ്ങൾ ചർച്ച ചെയ്തു. ഇന്നു മരുന്നുകൾ രണ്ടും നമ്മെ കുത്തിവച്ചു. ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. അരമനയിൽ സുഖമായി താമസിച്ചു. കുറിച്ചിയിൽ നിന്നും ജ്യേഷ്ഠന്റെ മകന്റെ മകളും വെണ്ണിക്കുളത്തുകാരൻ മകളെ കെട്ടിയവനും വന്നിരുന്നു.

7-5-58. ബുധൻ. രാവിലെ ഗീവറുഗീസ് സഹദായുടെ ഓർമ്മ ദിവസമാകയാൽ ഇവിടെ കുർബാന ചൊല്ലിച്ചു. യോഹന്നാൻ കത്തനാർ കുർബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. ഉച്ചയോടുകൂടി ശമുവേൽ ശെമ്മാശൻ അയാളുടെ ഭാര്യയോടുകൂടി ഇവിടെ വന്നു നമ്മെ കണ്ടു. നമുക്കു ഒരു ചുമന്ന കുപ്പായത്തിന് തുണി കൊണ്ടു കാഴ്ചവച്ചു. മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ പുതുപ്പള്ളിയിൽ നിന്നും ഇവിടെ വന്ന് നമ്മോടുകൂടി താമസിച്ചു. പുതുപ്പള്ളിപെരുന്നാളാകയാൽ ആൾബഹളം ഉള്ളതുകൊണ്ട് അവിടെ താമസിക്കുന്നതിന് പ്രയാസമാണെന്ന് തോന്നുന്നു. രാവിലെ പുതുപ്പള്ളിയിൽ മെത്രാച്ചൻ പോയി കുർബാന ചൊല്ലും. സൂത്താറയ്ക്കുശേഷം സുഖമായി ഉറങ്ങി.

8-5-58. വ്യാഴം. ഇവിടെ അരമനയിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ നമ്മുടെ സ്കൂൾ ഹെഡ്മാസ്റ്റേഴ്സിന്റെ ഒരു കോൺഫറൻസ് നടന്നു. കാർത്തികപ്പള്ളി സ്കൂൾ ഹെഡ്മാസ്റ്റർ വന്നിട്ടില്ലായിരുന്നു. പീലക്സിനോസ് എപ്പിസ്ക്കോപ്പായും ഉണ്ടായിരുന്നു. എം.ഡി. സ്കൂളിൽ ചന്തക്കടവിലെ കുഞ്ഞൂഞ്ഞിന്റെ മകൻ കെ. ജെ. തോമസിനെ നിയമിക്കുന്നതിന് കല്പന കൊടുത്തു. അവിടെ നിയമിക്കുന്നതു പ്രയാസമാണെന്ന് അവർ പറഞ്ഞു. നാം കല്പന കൊടുത്തു. ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. പീലക്സിനോസ് മെത്രാച്ചൻ, സ്ലീബാദാസൻ വറുഗീസിന് ശെമ്മാശുപട്ടം കൊടുക്കുവാൻ നാം പറഞ്ഞിട്ടുണ്ട്. സൂത്താറായ്ക്കുശേഷം സുഖമായി ഉറങ്ങി. ഇന്നു കാർ നന്നാക്കാൻ കൊടുത്തു.

9-5-58. വെള്ളി. രാവിലെ 5 മണിക്കു എഴുന്നേറ്റു. നമ്മുടെ നമസ്ക്കാരം, പത്രവായന, കാപ്പി, കുത്തിവയ്പ് ഇവകൾക്കുശേഷം അലക്സാണ്ടർ ശെമ്മാശനും ഭാര്യയും ഇന്നു നമ്മെ വന്നു കണ്ടു. നാം സ്വർഗ്ഗാരോഹണ പെരുന്നാളിന് കശ്ശീശാപട്ടം കൊടുക്കാമെന്ന് പറഞ്ഞു. 4 മണിയോടു കൂടി മാർ തീമോത്തിയോസ് മെത്രാച്ചൻ തുമ്പമൺ ഭദ്രാസനത്തിലെ സന്ദർശനം കഴിഞ്ഞ് ഇവിടെ വന്നു. ഇന്ന് നമ്മോടു കൂടി താമസിക്കുന്നു. ഇന്ന് അല്പം ജലദോഷം പിടിപെട്ടതുപോലെ തോന്നുന്നു. ആരോഗ്യം പൊതുവെ നന്നായിരുന്നു.

10-5-58. രാവിലെ തീമോത്തിയോസ് മെത്രാച്ചനുമൊന്നിച്ച് പള്ളിയിൽ പോയി നമസ്ക്കാരം കഴിഞ്ഞു. ഇവിടെ അരമനയിൽ തിമോത്തിയോസ് മെത്രാച്ചൻ ഇന്നും ഉച്ചവരെ താമസിച്ചു. മൂവാറ്റുപുഴയ്ക്കു മെത്രാച്ചൻ പോയി. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു.

11-5-58. ഞായർ. രാവിലെ വി. കുർബാന മല്പാൻ യോഹന്നാൻ കത്തനാർ ചൊല്ലി. നാം അതിൽ സംബന്ധിക്കുക മാത്രം ചെയ്തു. നമുക്ക് നല്ല സുഖം തോന്നുന്നില്ലായിരുന്നു. മരുന്നുകൾ കുത്തിവച്ചു. ഇവിടെ അരമനയിൽ സുഖമായി താമസിച്ചു.

12-5-58. രാവിലെ നമസ്ക്കാരം, കാപ്പികുടി ഇവയ്ക്കുശേഷം വാകത്താനത്തു പുതിയ ചാപ്പലിൽ പോയി ഓണാട്ടു കുര്യന്റെ മകന്റെ കല്യാണം നടത്തി. കുമരകത്തുകാരിയായിരുന്നു പെണ്ണ്. നമുക്ക് കല്യാണക്കാർ 126 രൂപാ കൈമുത്തു തന്നു. ഉച്ചയ്ക്കുശേഷം തിരികെ എത്തി. അരമനയിൽ സുഖമായി ഉറങ്ങി. കെ. എം. ഈപ്പൻ[103] വന്നു ശമുവേൽ കത്തനാരുടെ വിവരം സംസാരിച്ചു.

13-5-58. ചൊവ്വാ. രാവിലെ ഒരു ശർദ്ദിലും വയറിളക്കവും ഉണ്ടായി. പള്ളിയിൽ പോയി നമസ്ക്കരിച്ചില്ല. ഇന്ന് കോട്ടയം ഭദ്രാസന യോഗം നമ്മുടെ അദ്ധ്യക്ഷതയിൽ കൂടാൻ നിശ്ചയിച്ചിരുന്നു. സുഖമില്ലാത്തതു കൊണ്ട് നം പോയില്ല. രണ്ടു പ്രാവശ്യം ശർദ്ദിച്ചു. വയറിളകി. ഹോമിയോപ്പതി മരുന്ന് കോശി ശെമ്മാശ്ശൻ തന്നു സുഖമാക്കി. ഡോക്ടറെയും മറ്റും വിളിച്ചില്ല. കിരീടധാരണം കൊച്ചുകൊച്ചും, ജൂണിയർ കെ. എം. ചെറിയാനും[104] നമ്മെ വന്നു കണ്ടു. കെ. എം. ഈപ്പനും വന്നു യാത്ര ചോദിച്ചു മദ്രാസിനു പോയി. ഏതായാലും ശമുവേൽ കത്തനാർക്കു അനുവാദം കൊടുക്കുവാൻ യാതൊരു നിയമവും അനുവദിക്കുന്നില്ല. പീലക്സിനോസ് മെത്രാച്ചന്റെ പേർക്ക് വിവരങ്ങൾക്ക് എഴുത്തയക്കുന്നു.

14-5-58. രാവിലെ നാം പള്ളിയിൽ പോയി നമസ്ക്കരിച്ചില്ല. ഇന്ന് പള്ളിയിൽ പോയതേ ഇല്ല. പീലക്സിനോസ് മെത്രാച്ചൻ നാലു മണിക്കു ശേഷം വന്നുചേർന്നു. മാവേലിക്കര അലക്സ് ശെമ്മാശ്ശൻ, ചെങ്ങന്നൂർ

കണമൂട്ടിൽ ഈപ്പൻ ശെമ്മാശ്ശൻ, പുത്തൻകാവിൽ ചക്കാലയിൽ ഫീലിപ്പോസ് ശെമ്മാശ്ശൻ, മാന്നാത്തു താമരവേലിൽ വറുഗീസ് ശെമ്മാശ്ശൻ[105] ഇവർക്കു കശ്ശീശാപട്ടം കൊടുക്കുന്നതിന് നമുക്ക് സുഖമില്ലാത്തതു കൊണ്ടു മെത്രാച്ചൻ കൊടുക്കുവാൻവേണ്ടി ഫോൺ ചെയ്തു വരുത്തി. ഇവിടെ നമ്മോടു കൂടി താമസിച്ചു.

15-5-58 വ്യാഴം. സ്വർഗ്ഗാരോഹണപെരുന്നാൾ. അരമന ചാപ്പലിൽ മാർ പീലക്സിനോസ് എപ്പിസ്ക്കോപ്പാ വി. കുർബാന ചൊല്ലി. കുർബാനയിൽ നാം സംബന്ധിച്ചു. മെത്രാച്ചൻ നാലുപേർക്കും തലേദിവസത്തെ നിശ്ചയപ്രകാരം കശ്ശീശാപട്ടം കൊടുത്തു. നാം ഇവിടെ മദ്ബഹായിൽ ശുശ്രൂഷയ്ക്ക് കൂടിക്കൊണ്ടിരുന്ന കൊങ്ങളത്ത് കുര്യന് കോറൂയോപട്ടം, കശീശാപട്ടം മെത്രാച്ചൻ കൊടുത്തതിനുശേഷം കൊടുത്തു. മെത്രാച്ചൻ ഉച്ചയോടു കൂടി പത്തനംതിട്ടയ്ക്കു തിരികെ മടങ്ങി. അച്ചന്മാർ നാലും നമ്മോടുകൂടി താമസിക്കുന്നു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു.

16-5-58. വെള്ളി. അരമനയിൽ സുഖമായി താമസിച്ചു. ഡോ. പോൾ അയ്യമ്പള്ളിൽ നിന്നും ഇവിടെ നമ്മെ വന്നു കണ്ടു പരിശോധിച്ചു. ആരോഗ്യസ്ഥിതി മെച്ചമാണ് എന്നു പറഞ്ഞു. ഡോക്ടർ തിരികെ പോയി. ഇന്നും ആരോഗ്യസ്ഥിതി പൊതുവെ മെച്ചമായിരുന്നു.

17-5-58. ശനി. രാവിലെ നമസ്ക്കാരം, പീലിപ്പോസ് കത്തനാരുടെ പുത്തൻ കുർബാന, കാപ്പി ഇവകൾക്കുശേഷം വിശ്രമിച്ചു. ഇന്ന് രണ്ടു മണിയോടു കൂടി കറ്റാണത്തു പള്ളിയിലേക്കു പുറപ്പെട്ടു. അവിടെ നാളെ വല്യയിഴത്തിൽ ജോയി എം.എ. ക്ക് പട്ടം കൊടുക്കുന്നതിനു വേണ്ടിയായിരുന്നു. മാവേലിക്കര വഴി പോയി. 4 മണിക്കു കറ്റാണത്തു എത്തി. അവിടെ പോകുന്ന വഴി തഴക്കര പള്ളിപണി കയറി കണ്ടു. കെട്ടിടം വളരെ നന്നായിരിക്കുന്നു. പറമ്പിലെ കത്തനാർ അവിടെ വന്നു നമ്മെ കണ്ടു. നടക്കാവിലെ ബാലജനസഖ്യക്കാർ[106] നമ്മുടെ പേർക്കയച്ച അപേക്ഷ അച്ചനെ ഏല്പിച്ചു. കറ്റാണത്തു പള്ളിയിൽ നമസ്ക്കാര ശേഷം റ്റി.ബി. യിൽ എത്തി. അവിടെ താമസിച്ചു. പട്ടം ഏല്ക്കാനുള്ള കൊച്ചൻ വന്നു. അവനു കുപ്പായം, തൊപ്പി ഇവ വാഴ്ത്തി കൊടുത്തു. യവുപ്പദിയക്കിനോ പട്ടം കൊടുക്കാൻ തീരുമാനിച്ചു.

18-5-58. കറ്റാണം പള്ളിയിൽ ഞായറാഴ്ച നാം കുർബാന ചൊല്ലി. കുർബാനമദ്ധ്യേ നാം പട്ടം കൊടുത്തു. കുർബാനയ്ക്കു ശേഷം റ്റി.ബി. യിൽ എത്തി അവിടെ താമസിച്ചു. നാളെ രാവിലെ കോട്ടയത്തിനു തിരികെ പോകുന്നതാണ്. പള്ളിക്കാർ 51 രൂപ കൈമുത്തു തന്നു. 22 രൂപ കാണിക്കയും കൊണ്ടുപോരുന്നു. പെട്രോളിന് രൂപായൊന്നും അവർ

കൊടുത്തില്ല. സഖറിയാ ശെമ്മാശ്ശനും ശമുവേൽ ശെമ്മാശ്ശനും കോശി ശെമ്മാശ്ശനും നമ്മോടു കൂടിയുണ്ടായിരുന്നു. വേലക്കാർ ഉണ്ണിയും, തോമ്മായും ഉണ്ടായിരുന്നു.

19-5-58. രാവിലെ കോട്ടയത്തിന് യാത്ര പുറപ്പെട്ടു. കായംകുളം വഴിയാണ് മടങ്ങിയത്. കായംകുളത്ത് ചാപ്പലിൽ കയറിയശേഷം തിരികെ മടങ്ങി ഇവിടെ കോട്ടയത്തു എത്തി വിശ്രമിച്ചു. ഇന്ന് ആരോഗ്യം മെച്ചമായിരുന്നു.

20-5-58. ചൊവ്വാ. അരമനപള്ളിയിൽ കുർബാനയുണ്ടായിരുന്നു. വറുഗീസ് കത്തനാർ ചൊല്ലി. ഉച്ചയ്ക്കുശേഷം മാളിയേക്കലെ മാത്തുക്കുട്ടിയുടെ ഇംഗ്ലണ്ടിൽ പോയി പഠിച്ച് തിരികെവന്ന അച്ചുകുട്ടിയും കുട്ടിയപ്പനും ഇവിടെ വന്ന് അവൻ നാളെ ജോലിയിൽ പ്രവേശിക്കുന്ന ദിവസമാകയാൽ അവനെ നാം അനുഗ്രഹിക്കയും കുർബാന നാളെ ചൊല്ലുകയും ചെയ്യണമെന്ന് അറിയിച്ചു. പുതിയ കത്തനാർ നാളെ ചൊല്ലും എന്ന് അറിയിച്ചു പറഞ്ഞയച്ചു. ഇന്ന് ജോർജ്ജ് കത്തനാർ വന്നു കണ്ടു. നമസ്ക്കാരം, അത്താഴം, സൂത്താറാ ഇവകൾക്കുശേഷം ഉറങ്ങി. ഇന്ന് ചൂടു കൂടുതൽ അനുഭവപ്പെട്ടു.

21-5-58. രാവിലെ നമസ്ക്കാരം, കുർബാന ഇവകൾക്കുശേഷം അരമനയിൽ വിശ്രമിച്ചു. കുർബാനയ്ക്കു മാത്തുക്കുട്ടിയുടെ മകൻ വന്നു സംബന്ധിച്ചു. കുട്ടിയപ്പനും വന്നിരുന്നു. ഫീലിപ്പോസ് കത്തനാർ കുർബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. മാളിയേക്കൽ മാത്തുക്കുട്ടിയുടെ മകന്റെ പുതിയ ജോലി പ്രവേശനം സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ച് പോയി. ഇന്ന് നമുക്ക് അല്പം ജലദോഷത്തിന്റെ അസുഖം അനുഭവപ്പെട്ടു. രാത്രി 10 മണിയോടു കൂടി സുഖമായി ഉറങ്ങി.

22-5-58. വ്യാഴം. ഇന്നും കുർബാനയുണ്ടായിരുന്നു. കണമൂട്ടിൽ ഈപ്പൻ ശെമ്മാശൻ ചൊല്ലി. നാം അതിൽ സംബന്ധിച്ചു. നേരത്തെ അറിയിച്ചതനുസരിച്ചു കൗൺസിലിന് മാർ ഈവാനിയോസ് മെത്രാച്ചൻ മാത്രം വന്നു. പീലക്സിനോസ് മെത്രാച്ചൻ വരാഞ്ഞതുകൊണ്ട് കൗൺസിൽ നടന്നില്ല. എം.ഡി. സെമിനാരി സ്കൂളിൽ സി. യു. മാത്യുവിനെ[107] ഹെഡ്മാസ്റ്റർ ആയി നിയമിച്ചു കല്പന കൊടുത്തു. ഹെഡ്മാസ്റ്റർ തന്ന റിപ്പോർട്ടനുസരിച്ച് ചന്തക്കടവിൽ കുഞ്ഞൂഞ്ഞിന്റെ മകനെ (കെ. ജെ. തോമസ്) അവിടെ നിയമിക്കാൻ സാധിച്ചില്ല. അവന്റെ വിഷയത്തിന് അവിടെ ആളുകൾ ആവശ്യമില്ലാത്തതുകൊണ്ടാണ് അവനെ തിരികെ പുതുശ്ശേരിൽ തന്നെ നിയമിച്ചത്. മുമ്പു കൊടുത്ത കല്പന റദ്ദു ചെയ്തു കല്പന കൊടുത്തു. മെത്രാച്ചൻ 6 മണിയോടു കൂടി തിരികെ പോയി. ഏതായാവും ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. ധ്യാനയോഗത്തിന് വന്ന അച്ചന്മാർ ഇവിടെ 5 പേർ നമ്മെ വന്നു കണ്ടു.

23-5-58. വെള്ളി. രാവിലെ കുർബാന ഉണ്ടായിരുന്നു. താമരവേലിൽ വർഗീസ് കത്തനാർ[105] ചൊല്ലി. നാം അതിൽ സംബന്ധിച്ചു. ജോർജ്ജ് കത്തനാർ നമ്മെ വന്നു കണ്ടു. കൊച്ചുണ്ണിയും ഇവിടെ വന്നു. ചർച്ച് വീക്കിലിയിൽ[108] നിർഭാഗ്യകരം എന്ന ഒരു വാർത്ത സുന്നഹദോസിലെ നിശ്ചയങ്ങളെ വിമർശിച്ച് എൻ. എം. ഏബ്രഹാം[109] എഴുതിയതിനെ സംബന്ധിച്ച് ജോർജ്ജ് കത്തനാരെ പറഞ്ഞറിയിച്ചു. അവർക്ക് ചർച്ച് വീക്കിലിയിലെ ഈ എഴുത്തിൽ കൈയുണ്ടെന്നു തോന്നുന്നു. ഇന്ന് അല്പം ജലദോഷം തോന്നി. രാത്രി 10 മണിയോടു കൂടി സുഖമായി ഉറങ്ങി. കൂറിലോസ് മെത്രാച്ചൻ എം.ഡി. യിൽ വൈദിക ധ്യാനയോഗം കഴിഞ്ഞു വന്ന് ഇന്നലെ മുതൽ നമ്മോടു കൂടി താമസിക്കുന്നു.

24-5-58. രാവിലെ നമസ്ക്കാര ശേഷം ഇവിടെ അരമനയിൽ വിശ്രമിച്ചു. ജോഷ്വാ കത്തനാർ ഉച്ചയോടുകൂടി വന്നു കണ്ടു. അയാൾ നമ്മെ കുറെ നാളുകളായി വന്നു കാണാതെ ഇരിക്കുകയായിരുന്നു. പൊതുവെ ആരോഗ്യസ്ഥിതി മെച്ചമായിരുന്നു. സന്ധ്യയ്ക്ക് കൊല്ലാട് ചെമ്പകശ്ശേരിൽ കൊച്ചുകൊച്ചു വന്നു. അയാളുടെ മകളും മരുമകനും വന്നു കണ്ടു. നമുക്ക് ഒരു പുതപ്പും കുറെ നെയ്യും, തേനും, വീഞ്ഞും കൊണ്ട് കാഴ്ച വച്ചു. കൂറിലോസ് മെത്രാച്ചൻ തിരികെ പുതുപ്പള്ളിയിൽ യൂത്തു ലീഗിന്റെ[110] വാർഷികത്തിനു പോയി. നാം നാളെ ഉച്ചയ്ക്കു അവിടെ ചെല്ലാമെന്ന് പറഞ്ഞു. 10 മണിയോടു കൂടി ഉറങ്ങി. നാളെ പെന്തിക്കോസ്തി പെരുന്നാൾ.

25-5-58. ഞായർ. ഇന്ന് പെന്തിക്കോസ്തി പെരുന്നാൾ. നാം തന്നെ ചൊല്ലി. ശുശ്രൂഷകൾ നടത്തി. 11 1/4 മണിയ്ക്കു എല്ലാം തീർന്നു. മല്പാൻ യോഹന്നാൻ കത്തനാരും .... കത്തനാരും, അലക്സാണ്ടർ കത്തനാരും അതിൽ സംബന്ധിച്ചു. നമ്മുടെ ശെമ്മാശ്ശന്മാർ മൂന്നുപേരും ഉണ്ടായിരുന്നു. ഇന്ന് ഉച്ചയോടു കൂടി (2 മണിക്ക്) പുതുപ്പള്ളിയിൽ യൂത്ത് ലീഗിന്റെ വാർഷികത്തിന് മീറ്റിംഗിൽ സംബന്ധിക്കാൻ പോയി. മാർ ഈവാനിയോസ്, മാർ കൂറിലോസ് എന്നീ മെത്രാച്ചന്മാരും 300-ഓളം യുവജനങ്ങളും ഇടവകജനങ്ങളും മീറ്റിംഗിൽ സംബന്ധിച്ചു. ചർച്ച് വീക്കിലിയിൽ എൻ. എം. ഏബ്രഹാം എഴുതിയതിനെപ്പറ്റി നാം ശക്തിയായി എതിർത്ത് പ്രസംഗിച്ചു. ചർച്ച് വീക്കിലി നമ്മുടെ ചർച്ചിന്റെ ആണെന്ന് തെറ്റിദ്ധരിക്കരുത്. ഇനിയും അങ്ങനെ തെറ്റിദ്ധരിച്ച് ആരും വാങ്ങിക്കരുത്. നമ്മുടെ വിശ്വാസത്തിന് വിപരീതമായി യാതൊരു പ്രവർത്തനത്തിനും യാതൊരുത്തന്റെയും നടപടികൾക്കും (വി. സി. ശമുവേലച്ചന്റെ കല്യാണം) നാം അനുവദിക്കുകയില്ല. അങ്ങനെയുള്ളവൻ നമുക്കു വേണ്ട. അവരുടെ കൂട്ടുകാരെ നമുക്ക് വേണ്ട താനും എന്ന് ശക്തിയായി നാം എതിർത്തു പറഞ്ഞു. യോഗം 5 മണിയോടു കൂടി തീർന്നു. തിരികെ മടങ്ങുമ്പോൾ

പാറാട്ടെ മെത്രാച്ചന്റെ വീട്ടിൽ കയറി കാപ്പി കുടിച്ചു. അരമനയിൽ മട ങ്ങിയെത്തി സുഖമായി താമസിച്ചു. റ്റി. സി. ഉമ്മൻ[111] നമ്മെ വന്നു കണ്ടു. അവനെ എനിക്കു മേലാൽ കാണേണ്ട കാര്യമില്ലായെന്ന് പറഞ്ഞയച്ചു. അവൻ നമുക്ക് വിരോധിയാണ്. മുമ്പ് യുവജനസമാജം സെക്രട്ടറിയായി രുന്നു. അവൻ പോകട്ടെ. നമുക്ക് ഇന്നു അല്പം ചുമയും പനിയും അനു ഭവപ്പെട്ടു. അരമനയിൽ സുഖമായി 10 മണിയോടുകൂടി ഉറങ്ങി. ഇന്ന് മൂത്രത്തിൽ ഷുഗർ കൂടുതൽ ഉണ്ടായിരുന്നു.

26-5-58. തിങ്കൾ. വി. അഹറോൻ ബാവായുടെ ഓർമ്മപെരുന്നാൾ. രാവിലെ കുർബാനയുണ്ടായിരുന്നു. താമരവേലിൽ വറുഗീസ് കത്തനാർ കുർബാന ചൊല്ലി. 9 1/4 മണിക്ക് നാം പത്തിച്ചിറ പള്ളിയിലേക്ക് പുറ പ്പെട്ടു. മട്ടയ്ക്കലെ മെത്രാച്ചന്റെ[112] അനന്തരവൻ നെല്ലിക്കൽ ചാക്കോ ച്ചന്റെ കല്യാണത്തിനു പോയി. അവിടെ 10 മണിയോടു കൂടി എത്തി. കല്യാണം നടത്തി. അവൻ നമുക്ക് 101 രൂപായും വധു 25 രൂപായും കൈമുത്തു തന്നു. 3 മണിയോടു കൂടി തിരികെ മടങ്ങി. ആ പള്ളിയിൽ നിന്നും 200 രൂപാ സമുദായക്കേസിനും 15 രൂപാ റിശ്ശീസായും തന്നു. ബാക്കി പണം പുറകെ അയച്ചു തരുന്നതാണ്. മടങ്ങി വന്നപ്പോൾ തിരു വല്ലാ അരമനയിൽ കയറി ദീവന്നാസ്യോസ് മെത്രാച്ചനെ കണ്ടു. മെത്രാ ച്ചനോടു ചർച്ച് വീക്കിലിക്കാരനെ പ്രതിഷേധിക്കുന്ന വിവരം പറഞ്ഞു. മെത്രാച്ചൻ ശക്തിയായി നിൽക്കുന്നുണ്ട്. ഇവിടെ 5 1/2 മണിയോടു കൂടി മടങ്ങിയെത്തി ചേർന്നു. സന്ധ്യാനമസ്ക്കാരം, കുളി, അത്താഴം, പുസ്തകവായന, സൂത്താറ ഇവയ്ക്കു ശേഷം 10 മണിക്കു സുഖമായി ഉറങ്ങി. ഇന്നും ഷുഗർ ഉള്ളതുകൊണ്ട് കുത്തിവച്ചു. ചുമയും പനിയും ഇന്നും തോന്നുന്നുണ്ട്. നാം ഇന്ന് നൈനാനോട്[113] അല്പം ദേഷ്യപ്പെട്ടു സംസാരിച്ചു. നൈനാന് പിണക്കം തോന്നുന്നു.

27-5-58. ചൊവ്വാ. ദേവലോകം അരമനയിൽ. രാവിലെ നമസ്ക്കാരം, കാപ്പികുടി ഇവ കഴിഞ്ഞ് വിശ്രമിച്ചു. ഉച്ചയ്ക്കുശേഷം കോയമ്പത്തൂർ പള്ളിയിൽ നിന്നും കുറിയാക്കോസ് ഒ.ഐ.സി. ഫോൺ ചെയ്തു വിവരം അറിയിച്ചു. അവിടെ വികാരിയായിരിക്കുന്ന ചുണ്ടുമണ്ണിൽ കത്തനാർ അവിടെ പാത്രിയർക്കീസ് കക്ഷിക്കാരെ കയറ്റാൻ ശ്രമിക്കുന്നുവെന്നും മറ്റും കാണിച്ചായിരുന്നു അവിടെ നിന്നും അയാളെ മാറ്റി കല്പന കൊടു ത്തതാണ് കാരണം. പാത്രിയർക്കീസ് കക്ഷിക്കാർ കയ്യേറ്റം നടത്താൻ സാദ്ധ്യതയുള്ളതായി അറിഞ്ഞു. നമ്മുടെ കാർ തിരുവല്ലായിക്കയച്ചിട്ടു മാർ ദീവന്നാസ്യോസ് മെത്രാച്ചനെ തിരുവല്ലായിൽ നിന്നും ഇവിടെ വരുത്തി. മെത്രാച്ചൻ കോയമ്പത്തൂർ പള്ളിയിൽ പോയി അവിടെയുള്ള വഴക്കുകൾ ഉടൻ അവസാനിപ്പിക്കാൻ കല്പന കൊടുത്തു. മെത്രാച്ചൻ പോയി യുക്തംപോലെ ചെയ്യട്ടെ. മെത്രാച്ചൻ നമ്മോടുകൂടി താമസിച്ചു.

28-5-58. ബുധൻ. രാവിലെയാണ് മെത്രാച്ചൻ കോയമ്പത്തൂർക്ക് പോയത്. പഴയസെമിനാരി മാനേജരച്ചനെ കൂടി മെത്രാച്ചന്റെ കൂടെ നമ്മുടെ കാറിൽ അയച്ചു. ചുണ്ടുമണ്ണിൽ കത്തനാരുടെ എഴുത്ത് ഇന്ന് നമ്മുടെ പേർക്ക് വന്നു. അതിൽ അയാൾ രാജി വച്ചു കൊള്ളാം എന്ന് കാണിച്ചിരുന്നു. അയാൾ ധിക്കാരിയാണ്.

29-5-58. വ്യാഴം. അരമനയിൽ. രാവിലെ 5 മണിയോടുകൂടി എഴുന്നേറ്റു നമസ്ക്കാരം, കാപ്പി, പത്രവായന ഇവയ്ക്കുശേഷം ഇവിടെ വിശ്രമിച്ചു. നമുക്ക് ഇന്നും പനിയുണ്ട്. ഇന്നു പരുമല സെമിനാരി മാനേജർ ഇവിടെ നമ്മെ വന്നു കണ്ടു. 1 പവൻ അവിടെ നിന്നും കൊണ്ടുവന്നു നമ്മെ ഏല്പിച്ചു. വളഞ്ഞവട്ടം പള്ളിക്കാർ ഇവിടെ വന്നിരുന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ അവരെ അവഗണിച്ചു കല്പന കൊടുത്തു എന്നും മറ്റും പറഞ്ഞാണ് വന്നത്. നാം അവർക്ക് തല്ക്കാലം അവരുടെ സങ്കടനിവർത്തിക്കുവേണ്ടി ഒരു കല്പന കൊടുത്തിട്ടുണ്ട്. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമല്ലായിരുന്നു. മെത്രാച്ചന്റെ ഫോൺ ഇവിടെ കിട്ടി. അച്ചൻ കുഴപ്പം ഉണ്ടാക്കാത്ത രീതിയിൽ ആക്കിത്തീർത്തു. ഞായറാഴ്ച അവിടെ കുർബാന മെത്രാച്ചനാണ് ചൊല്ലുന്നത്. അതുകഴിഞ്ഞേ മെത്രാച്ചൻ വരികയുള്ളു. ഇന്ന് സുഖമായി ഉറങ്ങി.

30-5-58. വെള്ളി. സ്വർണ്ണ വെള്ളിയാഴ്ച. അരമനയിൽ തന്നെയായിരുന്നു. രാവിലെ 5 മണിക്ക് എഴുന്നേറ്റു. രാവിലെ കുർബാന ഉണ്ടായിരുന്നു. മല്പാനച്ചൻ ചൊല്ലി. നാം അതിൽ സംബന്ധിച്ചു. ഇടവകക്കാർ ആരുംതന്നെ സംബന്ധിച്ചില്ല. നമ്മോടുകൂടെ കോശി ശെമ്മാശ്ശനും, ശമുവേൽ ശെമ്മാശ്ശനും താമസിക്കുന്നു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു.

31-5-58. ശനിയാഴ്ച. അരമനയിൽ തന്നെ താമസിച്ചു. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, പത്രവായന, കാപ്പികുടി, മരുന്നു കുത്തിവയ്പ്പ് ഇവയ്ക്കുശേഷം ഇവിടെ വിശ്രമിച്ചു. അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ പി. വി. വർഗ്ഗീസ് ക്ലേറി[114] നമ്മെ വന്നു കണ്ടു. അയാൾ വൈദികസെമിനാരിയിൽ ചേർന്നു പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും നാം അനുവദിച്ചു. അയാൾ നമ്മുടെ വിശ്വാസം പഠിക്കട്ടെ. പഠിപ്പിക്കട്ടെ. സന്ധ്യയ്ക്ക് നമസ്ക്കാരത്തിനു നാം തന്നെ ഏവൻഗേലിയോൻ വായിച്ചു. നാളെ നാം കുർബാന ചൊല്ലുന്നതാണ്. നമ്മുടെ അപ്പോഴപ്പോഴുള്ള അസുഖങ്ങൾക്കു നമ്മുടെ പി. വി. കോശി ശെമ്മാശ്ശൻ മരുന്നു തന്ന് ചികിത്സിച്ച് സുഖപ്പെടുത്തുന്നുമുണ്ട്. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. രാത്രി 10 മണിയോടു കൂടി ദിനചര്യകൾ എല്ലാത്തിനും ശേഷം സുഖമായി ഉറങ്ങി.

1958 ജൂൺ

1–6–1958. ഞായർ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. പള്ളിയിൽ പോയി നമസ്ക്കരിച്ചു തിരികെ വന്നു. രാവിലെ നാം കുർബാന ചൊല്ലി. 10 മണിയായപ്പോൾ മുഴുവൻ തീർന്നു. നമുക്ക് ക്ഷീണം ഉണ്ടായിരുന്നുവെങ്കിലും അച്ചന്മാർ ആരും ഇല്ലാതിരുന്നതിനാൽ നാം ചൊല്ലേണ്ടി വന്നു. ഉച്ചയ്ക്കു പള്ളിയിൽ പോയി നമസ്ക്കരിച്ചു. ഇന്നും മരുന്ന് കുത്തിവച്ചു. പള്ളി പിരിഞ്ഞശേഷം ചാക്കോച്ചനും, കുട്ടിയപ്പനും ജോർജ്ജും മറ്റും വന്നു കണ്ടു. പന്തനാൽ അച്ചന്റെ ഭാര്യയ്ക്കു സ്കൂൾ ജോലിക്കു കല്പന എഴുതി. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. 10 മണിയോടു കൂടി സുഖമായി ഉറങ്ങി.

2–6–1958. തിങ്കൾ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, കാപ്പികുടി ഇവയ്ക്കുശേഷം അരമനയിൽ വിശ്രമിച്ചു. കുഞ്ഞമ്മിണിക്ക് സ്കൂളിൽ നിയമിച്ച കല്പന കൊടുത്തു. പുതുശ്ശേരിൽ അവളെ നിയമിച്ചിരിക്കുന്നതായി ഹെഡ്മാസ്റ്റർക്കു കല്പന കൊടുത്തയച്ചു. അവൾക്കു 25 രൂപായും കൊടുത്തു. ഇന്ന് മഴയുള്ള ദിവസം ആയിരുന്നു. കോയമ്പത്തൂർ നിന്നും ദീവന്നാസ്യോസ് മെത്രാച്ചനും മാനേജരച്ചനും ചുണ്ടുമണ്ണിൽ കത്തനാരെയും കൊണ്ടുവന്നു. കോയമ്പത്തൂർ കാര്യങ്ങൾ മെത്രാച്ചൻ ശരിയാക്കി. അവിടെ കെ. എ. ജോർജ്ജ് അച്ചനെ നിയമിച്ചു. അവിടെ മെത്രാച്ചൻ പോയില്ലായെങ്കിൽ കുഴപ്പം ആയിപ്പോകുമായിരുന്നു.

അവിടെ കോയമ്പത്തൂർ പള്ളിയിൽ തേവോദോസ്യോസ് മെത്രാച്ചൻ കൊടുത്ത കല്പനയെ പ്രതിഷേധിച്ച് പള്ളിയിൽ ആരവം ഉണ്ടാക്കിയതായി മെത്രാച്ചൻ ഇവിടെ നമ്മോട് അറിയിച്ചു. ഏതായാലും അവിടുത്തെ കുഴപ്പങ്ങൾ അവസാനിച്ചു. രാത്രി 10 മണിയോടു കൂടി സുഖമായി ഉറങ്ങി. മെത്രാച്ചനും ഇവിടെ നമ്മോടു കൂടി താമസിച്ചു. മൂത്തേടത്തു കത്തനാരും വന്നു കണ്ടു.

3–6–58. ചൊവ്വാ. നമസ്ക്കാരം, കാപ്പി, കുത്തിവയ്പു ഇവകൾക്കു ശേഷം ഇവിടെ വിശ്രമിച്ചു. ഇന്ന് വിശ്വാസ സംരക്ഷക സംഘത്തിന്റെ യോഗം ഇവിടെ നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. മാർ ദീവന്നാസ്യോസ്, മാർ ഈവാനിയോസ്, മാർ അത്താനാസ്യോസ് ഇവരെല്ലാവരും ഡോ. സി. റ്റി. ഈപ്പൻ, ആറാട്ടുപുഴ ജോൺ സാർ ഇവരും മാനേജരച്ചൻ, ജോർജ് മല്പാനച്ചൻ, മല്പാനച്ചൻ, ചുണ്ടുമണ്ണിലച്ചൻ, മൂത്തേടത്തച്ചൻ ഇവരും സന്നിഹിതരായിരുന്നു. മാർ അത്താനാസ്യോസ് മെത്രാച്ചൻ ഉച്ചയ്ക്കു ശേഷമാണ് നമ്മെ വന്ന് കണ്ടത്. അദ്ദേഹം മലയായിൽ പര്യടനം കഴിഞ്ഞ് മടങ്ങിയെത്തിയത് ഇന്നാണ്. അവിടുത്തെ പള്ളിക്കാര്യങ്ങൾ പറഞ്ഞു കേൾപ്പിച്ചു. നാം യോഗത്തിൽ പ്രസംഗിച്ചു. നമ്മുടെ

കാനോനും ചട്ടത്തിനും വിരോധമായി പ്രവർത്തിക്കുകയില്ല എന്നും അതിൽ മാറ്റം വരുത്തുകയില്ലായെന്നും പ്രത്യേകം പറഞ്ഞു. ഉച്ചയ്ക്കു രണ്ടു മണിയോടു കൂടി ചാലാശ്ശേരിലച്ചൻ മരിച്ചുപോയതായി അറിഞ്ഞു. നമുക്ക് നല്ല സുഖമില്ലല്ലോ പോയി ശുശ്രൂഷകളിൽ സംബന്ധിക്കാൻ. ഡൽഹി പള്ളിയിൽ ചൊല്ലുന്ന തോമസ് കത്തനാർ[115] വന്നു കണ്ടു. ഇന്ന് ആരോഗ്യം പൊതുവെ നന്നായിരുന്നു. 10 മണിയോടു കൂടി സുഖമായി ഉറങ്ങി.

4-6-58. ബുധൻ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, പത്രവായന, കാപ്പി ഇവകൾക്കുശേഷം അരമനയിൽ വിശ്രമിച്ചു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. കുണ്ടറക്കാരൻ കോശി പണിക്കർ, കാർത്തികപള്ളി പള്ളിക്കാർ ഇവർ നമ്മെ വന്നു കണ്ടു. കല്ക്കട്ടാ പള്ളി വികാരി കെ. കെ. മാത്യൂസ് അച്ചൻ[116] വന്നു കണ്ടു. കോയമ്പത്തൂർ വഴിയാണ് വന്നതെന്നും കൂടാതെ കല്ക്കട്ടാ പള്ളിക്കാര്യങ്ങളും നമ്മോട് അറിയിച്ചു. മാർ പീലക്സിനോസ് മെത്രാച്ചന്റെ പേർക്കു കാർത്തികപള്ളി സ്കൂൾ കമ്മറ്റിയെ തിരഞ്ഞെടുക്കുന്നതിന് കല്പന കൊടുത്തു. കുണ്ടറ സ്കൂൾ ഹെഡ്മാസ്റ്റർക്കും ഡോ. സി. റ്റി. ഈപ്പൻ കത്തനാർക്കും ഓരോ എഴുത്തുകൾ ജോലിക്കാര്യങ്ങൾ പ്രമാണിച്ചു കൊടുത്തു. കുണ്ടറ കോശി പണിക്കർ ഒരു പടം (പരുമല തിരുമേനിയുടേത്) മകൻ വരച്ചതു നമുക്ക് തന്നു. ചിത്രമെഴുത്ത് നന്നായിരിക്കുന്നു. പണിക്കരുടെ മകനെ സ്കൂളിൽ പ്രവേശിപ്പിക്കാൻ തന്ന അപേക്ഷ മാർ പീലക്സിനോസ് മെത്രാച്ചന് അയച്ചുകൊടുത്തു. ഇന്ന് കാർ നന്നാക്കിക്കൊണ്ടു വന്നു. അരമനചിലവിൽ കടം കൊടുത്തിരുന്ന തുക കാതോലിക്കാദിന അക്കൗണ്ടിൽ നിന്നും തിരികെ കിട്ടി. ആയതു റിശ്ശീസാ കണക്കിൽ ബാങ്കിൽ നിക്ഷേപിച്ചു. 115 1/2 രൂപാ സഖറിയാ ശെമ്മാശന്[117] അരമനയിലേക്ക് വിറകു വാങ്ങിക്കാൻ കടം കൊടുത്തു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. 10 മണിയോടു കൂടി സുഖമായി ഉറങ്ങി.

5-6-1958. വ്യാഴം. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ദിവസമായിരുന്നു. പഴയസെമ്മിനാരിയിൽ വച്ചു സുന്നഹദോസ് കൂടി. മാർ ദീവന്നാസ്യോസ്, മാർ ഈവാനിയോസ്, മാർ പീലക്സിനോസ്, മാർ അത്താനാസ്യോസ് ഇവർ നമ്മോടു കൂടി പഴയസെമ്മിനാരിയിൽ സംബന്ധിച്ചു. മുമ്പു കൂടിയ സുന്നഹദോസിന്റെ നിശ്ചയങ്ങളെ സ്ഥിരീകരിച്ചു. അല്പ സമയം ചർച്ച ചെയ്ത ശേഷം മുൻ നിശ്ചയങ്ങൾ തന്നെ ബലപ്പെടുത്തി. 10 മണിക്ക് സുന്നഹദോസ് ആരംഭിച്ചു. വൈകിട്ട് 3 മണിക്ക് അവസാനിച്ചു. മൂന്നര മണിക്ക് കെ. സി. മാത്യു ബി.എ., ബി.എൽ. ന്റെ[118] കെ. എം. ചെറിയാൻ ജൂണിയറിന്റെ അപ്പന്റെ തൈലാഭിഷേകം നടത്തി. അത്താനാസ്യോസ് മെത്രാച്ചനും നമ്മോടു കൂടി സംബന്ധിച്ചു. നാം നെറ്റിയിൽ മാത്രം പൂശി

യിട്ട് മെത്രാച്ചനെക്കൊണ്ട് ബാക്കി പൂശിച്ചു. രോഗി അവശനിലയിൽ കിട ക്കുന്നു. ധാരാളം ആളുകൾ അവരുടെ വീട്ടിൽ സംബന്ധിച്ചിരുന്നു. ശുശ്രൂ ഷയ്ക്കു ശേഷം നാം അരമനയിൽ മടങ്ങിയെത്തി. സുഖമായി താമസിച്ചു. ഇന്ന് ആരോഗ്യനില മെച്ചമായിരുന്നു. മോടിശ്ശേരിൽ കത്തനാർ വന്നു.

6-6-58. വെള്ളി. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നല്ല മഴയുള്ള ദിവസം ആയിരുന്നു. രാവിലെ പള്ളിയിൽ പോയി. മോടിശ്ശേരിൽ ഭാഗത്തു പണി യുന്ന ചെറിയപള്ളിക്കു വേണ്ടി മോടിശ്ശേരിൽ അച്ചൻ വശം 100 രൂപാ കൊടുത്തു. അയാൾ നമ്മോടു ആവശ്യപ്പെട്ടതനുസരിച്ചാണ് കൊടുത്തത്. കൂറിലോസ് മെത്രാച്ചന്റെ പേർക്ക് യുവജനസമാജം ഭംഗിയായി നടത്തി ക്കുന്നതിനെ സംബന്ധിച്ചും അയച്ചിരുന്ന എഴുത്തിന് മറുപടി ആയിട്ടും കൂടി എഴുതി അയച്ചു. ചുണ്ടുമണ്ണിൽ കത്തനാരുടെ എഴുത്തിനു മറു പടി അയച്ചു. ചാവടിയിൽ കോശി മുതലാളിയുടെ മകന്റെ വിവാഹത്തിന് ആശീർവാദ കല്പനയും അയച്ചു. സന്ധ്യാനമസ്ക്കാരം, അത്താഴം, മല ങ്കരസഭാ മാസിക[119] വായന, സൂത്താറാ ഇവയ്ക്കു ശേഷം 10 1/2 മണി യോടു കൂടി സുഖമായി ഉറങ്ങി.

7-6-58. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, കാപ്പി, പത്ര വായന ഇവകൾക്കു ശേഷം വിശ്രമിച്ചു. മലങ്കരസഭാ പത്രം മുഴുവൻ ഇന്നു വായിച്ചു. മറ്റത്തിൽ ശമുവേൽ കത്തനാർ ഇവിടെ വന്നു ഇന്നു നമ്മെ കണ്ടു. ഒരു സങ്കടഹർജി തന്നിട്ടുണ്ട്. അയാളെ കർമ്മാദികൾ നട ത്തിപ്പാൻ കല്പന കൊടുത്തില്ല എന്നും മറ്റും പറയുകയുണ്ടായി. ഏതാ യാലും അയാൾ മലബാറിൽ താമസിക്കുന്നു. ഇന്ന് നമ്മോടുകൂടി ഇവിടെ താമസിച്ചു.

8-6-58. ഞായർ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. മാവേലിക്കര കെ. എം. അലക്സാണ്ടർ കത്തനാർ[120] ഇവിടെ പള്ളിയിൽ കുർബാന നമ്മുടെ സാന്നിദ്ധ്യത്തിൽ ചൊല്ലി. നാം അയാളുടെ കുർബാന ആദ്യം കാണുക യാണു ഉണ്ടായത്. പൊതുവെ തെറ്റു കൂടാതെ ഭംഗിയായി ചൊല്ലി. മറ്റ ത്തിൽ ശമുവേൽ കത്തനാർക്ക് നാം 10 രൂപ കൊടുത്തു. അയാൾ മല ബാറിന് പോയി. ഇവിടെ നമ്മുടെ അനന്തരവളുടെ മകൻ കുമരകത്തു നിന്നും വന്നു കണ്ടു. നാഗർകോവിൽ കൂറത്തുവിള പള്ളിയുടെ പണി വിവരം സംബന്ധിച്ചു കൂറിലോസ് മെത്രാച്ചന്റെ കല്പനയുമായി ജോൺ സൺ എന്ന ചെറുപ്പക്കാരൻ വന്നിരുന്നു. അയാൾക്ക് മെത്രാച്ചന്റെ കല്പ നയിൽ നാം കൂടി എഴുതി കൊടുത്തു. പള്ളിപണിക്ക് സംഭാവന കൊടുക്കുന്നതു താല്പര്യമാണെന്നു എഴുതിയിരുന്നു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. 10 1/2 മണിയോടു കൂടി ഉറങ്ങി. നാലു മണിക്ക് ചന്തക്കടവിൽ കുഞ്ഞൂഞ്ഞിനെ എം.ഡി. സ്കൂളിൽ നിയമിക്ക

ണമെന്ന് കാണിച്ച് ഈവാനിയോസ് മെത്രാച്ചന്റെ പേർക്ക് എഴുത്തു കൊടുത്തു.

9-6-58. തിങ്കൾ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. പള്ളിയിൽ പോയി നമസ്ക്കരിച്ചു. കാപ്പികുടി, മരുന്നു കുത്തിവയ്പ്, പത്രവായന ഇവയ്ക്കു ശേഷം അരമനയിൽ വിശ്രമിച്ചു. ഇന്ന് നമുക്കു ശരീരത്തിന് നല്ല സുഖം തോന്നുന്നില്ല. വലിയ ക്ഷീണം ഉണ്ടായിരുന്നു. 10 മണിയോടുകൂടി സുഖമായി ഉറങ്ങി.

10-6-58. ചൊവ്വാ. രാവിലെ 4 1/2 മണിക്ക് എഴുന്നേറ്റു. 5 മണിക്കു നമസ്ക്കാരത്തിനു പോയി. എം.ഡി. യിൽ നിന്നും എം. വി. ജോർജ്ജ് കത്തനാരും ഹെഡ്മാസ്റ്റർ സി. എം. മാത്യുവും ഇവിടെ വന്നു. മാത്യുവിന്റെ നിയമനകാര്യം പറഞ്ഞു. ഡെൽഹിയിൽ നിന്നും കെ. സി. തോമസച്ചൻ മുമ്പു വന്നിരുന്നതു കൂടാതെ ഇന്നും വന്നു കണ്ടു. പീലിപ്പോസ് കത്തനാരും ഇവിടെ നമ്മോടു കൂടി താമസിക്കുന്നു. വൈദികസെമിനാരിയിലെ വിദ്യാർത്ഥികൾ എല്ലാം ഇവിടെ നമ്മെ വന്നു കണ്ടു. സെമിനാരി ഇന്നലെ തുറന്നു. ഇന്നു നമുക്ക് ക്ഷീണം തോന്നുന്നുണ്ട്. ഉണ്ണിയുടെ മകനു പഠിക്കാൻ ഫീസ് കൊടുത്തു. 7 രൂപ 12 അണ. ഇടനാട്ടുകാരൻ ശെമ്മാശ്ശൻ ഇന്നു വന്നു.

11-6-58. ബുധൻ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. അരമനയിൽ തന്നെ വിശ്രമിച്ചു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. തോമസ് കെ. ജെ. യെ എം.ഡി. സ്കൂളിൽ നിയമിച്ചതായി കല്പന കൊടുത്തു.

12-6-58. വ്യാഴം. രാവിലെ 5 മണിക്കു എഴുന്നേറ്റു. പള്ളിയിൽ പതിവുപോലെ പോയി നമസ്ക്കരിച്ചു. മരുന്നുകൾ രണ്ടും ഇന്നു കുത്തിവെച്ചു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. ഇന്നു കൗൺസിൽ ദിവസമായിരുന്നു. മാർ ഈവാനിയോസ്, മാർ അത്താനാസ്യോസ്, മാർ പീലക്സിനോസ് എന്നീ മെത്രാച്ചന്മാർ ഇവിടെ നമ്മോടുകൂടി നാലു മണിവരെ ഉണ്ടായിരുന്നു. എപ്പിസ്ക്കോപ്പൽ കൗൺസിൽ 3 മണിക്കു അവസാനിച്ചു. മാർ ഈവാനിയോസ് മെത്രാച്ചൻ എം.ഡി. സ്കൂൾ കാര്യം സംബന്ധിച്ചു ഡയറക്ടർക്ക് എഴുത്തിന് ഒപ്പു വയ്പിച്ചു. എഴുതിയിരുന്നതു നമ്മെ കൂടാതെയാണ്. കറസ്പോണ്ടന്റിന്റെ പേരു വച്ച് അവർ ആദ്യം എഴുതിയിരുന്നു എന്നും മറ്റും കൂടി അതിൽ കാണിച്ചിരുന്നു. ഏതോ കൃത്രിമം പോലെ തോന്നുന്നു.

13-6-58. വെള്ളി. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, കാപ്പികുടി, പത്രവായന ഇവയ്ക്കുശേഷം അരമനയിൽ വിശ്രമിച്ചു. മാർ അത്താനാസ്യോസ് മെത്രാച്ചന്റെ പേർക്ക് ഒരു എഴുത്തു എഴുതി കൊടുത്തയച്ചു. ചർച്ച് വീക്ക്ലി മാമ്മൻ[121] സെമിനാരിയിൽ വരുന്നതിനെ

നിരോധിക്കണമെന്ന് എഴുതി കൊടുത്തിരുന്നു. ഉച്ചയ്ക്കുശേഷം പാത്താമുട്ടത്തു റമ്പാച്ചനെ കാണാൻ പോയി. റമ്പാച്ചന് സുഖമുണ്ട്.

14-6-58. ശനിയാഴ്ച. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാര ശേഷം ഇവിടെ അരമനയിൽ വിശ്രമിച്ചു. കുട്ടിയപ്പനും മറ്റും വന്നു കണ്ടു.

14-6-58. ശനി. രാവിലെ 5 മണിയ്ക്കു എഴുന്നേറ്റു. ഇന്ന് മഴയുള്ള ദിവ മായിരുന്നു. നാം അരമനയിൽ തന്നെ വിശ്രമിച്ചു. ചുണ്ടുമണ്ണിൽ കത്ത നാർ ഉച്ചവരെ ഇവിടെ നമ്മോട് കൂടെയുണ്ടായിരുന്നു. മല്പാൻ യോഹ ന്നാൻ കത്തനാർ ഇവിടെ നമ്മോടു കൂടി താമസിച്ചു. ആരോഗ്യം ഇന്ന് പൊതുവെ മെച്ചമായിരുന്നു.

15-6-58. ഞായർ. നാം ഇന്ന് ചാപ്പലിൽ കുർബാന ചൊല്ലി. നമുക്ക് 84 വയസ്സ് ഇന്ന് തികയുന്ന ദിവമായിരുന്നതുകൊണ്ട് കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. കുർബാനയ്ക്കു ശേഷം കുട്ടിയപ്പനും, മാത്തുച്ചനും ബേബിയും നമ്മെ വന്നു കണ്ടു. നമ്മുടെ ജന്മദിനം നാളെയാകയാൽ അവരുടെ സന്തോഷങ്ങൾ പ്രകടിപ്പിക്കുന്നതിന് കാഴ്ചസാധനങ്ങളുമായി വന്നു. കുട്ടിയപ്പൻ നാളെ യാചകകേന്ദ്രത്തിൽ നമുക്കു വേണ്ടി ഒരു സദ്യ നടത്തുന്നുണ്ട്. ശമുവേൽ ശെമ്മാശ്ശന് നാളെ നാം കശീശാപട്ടം കൊടു ക്കുന്നുണ്ട്. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. സൂത്താ റായ്ക്കു ശേഷം 10 1/2 മണിയ്ക്കു ഉറങ്ങി. താഴത്തങ്ങാടി പള്ളിക്കു വികാ രിയെ നിയമിച്ചു കല്പന കൊടുത്തു.

16-6-58. തിങ്കൾ. പട്ടംകൊടയുണ്ടായിരുന്നു. നമ്മുടെ സെക്രട്ടറി ശമു വേൽ ശെമ്മാശ്ശന് കത്തനാരുപട്ടം ഇന്നു നമ്മുടെ ജന്മദിനത്തിൽ കൊടുത്തു. നാം കുർബാന ചൊല്ലി. മൂന്നിന്മേൽ കുർബാന. ചുണ്ടുമ ണ്ണിൽ കത്തനാരും ഏബ്രഹാം കത്തനാരും ചൊല്ലി. ഇവിടെ സാധു ക്കൾക്ക് പായസ്സം കൊടുത്തു. യാചകകേന്ദ്രത്തിൽ ഒരു സദ്യ കഴിപ്പിച്ചു. ഇവിടെ നിന്നും അരി കൊടുത്തു. ശമുവേൽ കത്തനാരുടെ വീട്ടുകാർ നമ്മെ വന്നു കണ്ടു. വീഞ്ഞ് വാങ്ങിക്കുവാൻ 50 രൂപാ ഇവിടെ ഏല്പിച്ചു. ജന്മദിന മംഗളാശംസാ കമ്പി നമുക്ക് പലയിടത്തു നിന്നും വന്നു. എം.ഡി. സ്കൂളിലെ ബോർഡിംഗ് കുട്ടികളും രണ്ട് വാദ്ധ്യാന്മാരും വന്നു കണ്ടു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. കുറിച്ചിയിൽ നിന്നും ചാക്കോച്ചനും, യോഹന്നാൻ കുട്ടിയും പത്തനംതിട്ട ചാലിൽ കത്തനാരും മകളും നമ്മെ വന്നു കണ്ടു.

17-6-58. ചൊവ്വാ. നാം രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, കാപ്പികുടി ഇവകൾക്കുശേഷം അരമനയിൽ വിശ്രമിച്ചു. എം. വി ജോർജ്ജ് കത്തനാരും പഴയസെമിനാരി മാനേജർ കത്തനാരും നമ്മെ വന്നു കണ്ടു. എം.ഡി. സ്കൂൾ സംബന്ധിച്ച കാര്യങ്ങൾ പറയുകയുണ്ടായി.

ഇന്നു വന്ന എഴുത്തുകൾക്ക് എല്ലാം മറുപടി കൊടുത്തു. നാം എറണാകുളത്തിനു പോകാൻ ഉദ്ദേശിച്ചിരുന്നത് നാളത്തേയ്ക്കു മാറ്റി കമ്പി കൊടുത്തു. ആരോഗ്യം പൊതുവെ മെച്ചമായിരുന്നു.

18-6-58. ബുധൻ. കാപ്പിമേശയ്ക്കു ശേഷം നാം എറണാകുളത്തേക്കു പോന്നു. പോരുന്ന വഴി തൃപ്പൂണിത്തുറ നമ്മുടെ പെങ്ങളുടെ വീട്ടിൽ കയറി. ഉടനെതന്നെ എറണാകുളത്തേക്ക് പോന്നു. ജോസഫ് കത്തനാർ[122] പള്ളിയിൽ ഉണ്ടായിരുന്നു. മണലിൽ യാക്കോബ് കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

19-6-58. വ്യാഴം. നാം സുഖമായി താമസിച്ചു. ഡോക്ടർ ഷേണായി വന്നു നമ്മുടെ രക്തം പരിശോധനയ്ക്ക് എടുക്കുകയുണ്ടായി. നാം 15 രൂപ അയാൾക്കു കൊടുത്തു. 10 മണിയോടു കൂടി പരിശോധന കഴിഞ്ഞ് വിവരം നമ്മെ അറിയിക്കുകയുണ്ടായി. പഴയസിമ്മനാരി മാനേജർ യാക്കോബ് കത്തനാരും മണലിൽ യാക്കോബ് കത്തനാരും നമ്മെ കാണുന്നതിനായി വന്നിരുന്നു. ജോസഫ് കത്തനാരും ശമുവേൽ കത്തനാരും നമ്മോടു കൂടി താമസിച്ചു.

20-6-1958. വെള്ളി. 10 1/2 മണിയോടു കൂടി ഡോക്ടർ പോൾ വരുകയുണ്ടായി. പരിശോധിച്ച് കുറിച്ച് തന്ന കുറിപ്പ് കാണിച്ചു. വലിയ കൂടുതൽ ഒന്നും ഇല്ല. പുതുതായി ഒന്നും ചെയ്യേണ്ട. പഴയതുപോലെ തന്നെ കുത്തിവച്ചാൽ മതി എന്നു പറഞ്ഞു. ഡോക്ടർ ഉടൻതന്നെ പോയി. മണലിൽ യാക്കോബ് കത്തനാർ വന്നിരുന്നു. ഉച്ചമേശ കഴിഞ്ഞ് നാം പള്ളിക്കര പള്ളിയിലേക്കു തിരിച്ചു. പീലിപ്പോസ് കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. 3 മണിയോടു കൂടി പള്ളിക്കര പള്ളിയിൽ വന്നു ചേർന്നു. ശമുവേൽ കത്തനാരും പീലിപ്പോസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

21-6-58. ശനി. കണ്ടനാട്ടുകാരൻ ഒരു ഡോക്ടർ ജോസഫ് നമ്മെ കുത്തിവയ്ക്കുവാനായി വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു. ശമുവേൽ കത്തനാരും പീലിപ്പോസ് കത്തനാരും നമ്മോടുകൂടി താമസിച്ചു.

22-6-58. ഞായർ. പെന്തിക്കോസ്തിക്കുശേഷം 4-ാം ഞായറാഴ്ച ആയിരുന്നു. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. 10 മണിയോടു കൂടി കുർബാന കഴിഞ്ഞു. ശമുവേൽ കത്തനാരും, പീലിപ്പോസ് കത്തനാരും കുർബാനയിൽ സംബന്ധിച്ചു. കാപ്പിമേശയ്ക്കു ശേഷം ശവക്കോട്ടയ്ക്കുള്ള സ്ഥലം കൂദാശ ചെയ്തു. ശമുവേൽ കത്തനാരും പീലിപ്പോസ് കത്തനാരും നമ്മോടു കൂടെ താമസിച്ചു.

23-6-58. തിങ്കൾ. രാവിലെ 8 മണിയോടു കൂടി പഴയസെമ്മിനാരി മാനേജരും മറ്റും നമ്മെ കാണുന്നതിനായി പള്ളിക്കര വന്നു. ഉടനെതന്നെ അവർ എറണാകുളത്തേക്കു പോയി. കാപ്പിമേശ കഴിഞ്ഞ് 9 1/2 മണിയോടു കൂടി പള്ളിക്കര നിന്നും തിരിച്ച് 12 മണിയോടു കൂടി ദേവലോകം അരമനയിൽ വന്നു ചേർന്നു. അബ്രഹാം കത്തനാർ അരമനയിൽ ഉണ്ടായിരുന്നു. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടു കൂടെ താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

24-6-58. ചൊവ്വാ. വെങ്ങാഴിയിൽ ജോർജ്ജ് കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. ഉച്ചമേശ കഴിഞ്ഞു നാം വിശ്രമിച്ച ശേഷം താഴത്തങ്ങാടി പള്ളി പണി കാണുന്നതിനായി പോയിരുന്നു. കണ്ടതിനുശേഷം തിരിച്ചുവന്ന് വൈദികസെമ്മിനാരിയിൽ കയറുകയും പുതുതായി എടുത്തിട്ടുള്ള വിദ്യാർത്ഥികളെ കാണുകയും ചെയ്തു. അത്താനാസ്യോസ് മെത്രാച്ചനും മല്പാൻ യോഹന്നാൻ കത്തനാരും ജോർജ്ജ് കത്തനാരും അവിടെ ഉണ്ടായിരുന്നു. 5 1/2 മണിയോടു കൂടി നാം തിരികെ അരമനയിൽ എത്തി. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മെ അനുഗമിച്ചിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടു കൂടെ താമസിച്ചു.

25-6-58. ബുധൻ. നാം സുഖമായി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടെ താമസിച്ചു. ആരോഗ്യനില പൊതുവെ നന്നായിരുന്നു.

26-6-58. വ്യാഴം. കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും, അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പാ നമ്മെ കാണുന്നതിനായി വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞു വിശ്രമിച്ചു. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടെ താമസിച്ചു.

27-6-58. വെള്ളി. നാം സുഖമായി താമസിച്ചു. മാവേലിക്കര പറമ്പിലെ സക്കറിയാ കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. ശമുവേൽ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടെ താമസിച്ചു.

28 ശനി. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വന്നിരുന്നു. അബ്രഹാം കത്തനാർ മൂലവട്ടം പള്ളിയിലേക്കു പോയി. മല്പാൻ യോഹന്നാൻ കത്തനാരും ശമുവേൽ കത്തനാരും നമ്മോടു കൂടെ താമസിച്ചു.

29–6–58. ഞായർ. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മദിവസമായ ഇന്ന് നാം വി. കുർബാന അർപ്പിച്ചു. ഇന്നേ ദിവസം ശ്ലീഹാനോമ്പു വീടലും ആയിരുന്നു. കാപ്പിമേശ കഴിഞ്ഞ് കുറിച്ചിയിൽ ചന്ദ്രത്തിലെ മാത്തുക്കുട്ടിയുടെ വിവാഹം നടത്തുകയുണ്ടായി. ശമുവേൽ കത്തനാർ നമ്മെ അനുഗമിച്ചിരുന്നു. കല്യാണം കഴിഞ്ഞ് 2 മണിയോടു കൂടി അരമനയിൽ എത്തി. മല്പാൻ യോഹന്നാൻ കത്തനാരും ശമുവേൽ കത്തനാരും നമ്മോടു കൂടെ താമസിച്ചു.

30–6–58. തിങ്കളാഴ്ച. പ. ശ്ലീഹന്മാരുടെ ഓർമ്മപ്പെരുനാൾ ആയിരുന്ന ഇന്ന് ശമുവേൽ കത്തനാർ ആദ്യമായി അരമന ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും അതിൽ സംബന്ധിച്ചു. നാം ഇവിടെ സുഖമായി താമസിച്ചു. ചുണ്ടമണ്ണിൽ അബ്രഹാം കത്തനാർ നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് തിയോളജിക്കൽ സെമ്മിനാരിയിലെ ഒന്നാം കൊല്ലക്കാർ, വറുഗീസ് ക്ലേറിയോടു കൂടെ വന്ന് നമ്മെ കണ്ടു. അവരോടു ചർച്ച് വീക്കിലിയിൽ എൻ. എം. ഏബ്രഹാമിന്റെ ദുരുദ്ദേശ്യത്തെപ്പറ്റി ശക്തിയായി എതിർത്തു പറഞ്ഞു മനസ്സിലാക്കി. അവർ ഉടനെതന്നെ പോകയും ചെയ്തു. ചുണ്ടമണ്ണിൽ അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടെ താമസിച്ചു.

1958 ജൂലൈ

1–7–58. ചൊവ്വാ. ഇന്നു വർക്കിംഗ് കമ്മിറ്റി ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും, തുമ്പമൺ ഭദ്രാസന സെക്രട്ടറി ഗബ്രിയേൽ കത്തനാരും കോട്ടയം ഭദ്രാസന സെക്രട്ടറി കോശി കത്തനാരും വന്നിരുന്നു. നമ്മുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് നടന്നു. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടെ താമസിച്ചു. ആരോഗ്യനില മെച്ചമായിരുന്നു.

2–7–58. ബുധൻ. രാവിലെ നമസ്ക്കാരത്തെ തുടർന്ന് ചാപ്പലിൽ വി. കുർബാന ഉണ്ടായിരുന്നു. ശമുവേൽ കത്തനാർ ചൊല്ലി. നാം അതിൽ സംബന്ധിച്ചില്ല. അബ്രഹാം കത്തനാർ സംബന്ധിച്ചിരുന്നു. ഉച്ചകഴിഞ്ഞ്, ഏനാത്ത് കലയരഴിയത്ത് ഗീവറുഗീസ് കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. ആരോഗ്യനില പൊതുവെ മെച്ചമായിരുന്നു.

3–7–58. വ്യാഴം. പരിശുദ്ധനായ മാർതോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുനാളായിരുന്നു. ഇന്ന് നാം അരമനചാപ്പലിൽ വി. കുർബാന ചൊല്ലി. ഉച്ചകഴിഞ്ഞ് നാം വിശ്രമിച്ചു. ഉച്ചകഴിഞ്ഞ് ചെങ്ങന്നൂർ മഞ്ഞനാംകുഴിയിലെ അലക്സന്ത്രയോസ് കത്തനാരും ഡൽഹി വികാരി കെ. സി. തോമസ് കത്തനാരും നമ്മെ കാണുവാൻ വന്നിരുന്നു. ഏബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടി താമസിച്ചു. ആരോഗ്യനില പൊതുവെ മെച്ചമായിരുന്നു.

4-7-58. വെള്ളി. രാവിലെ കാപ്പിമേശയ്ക്കുശേഷം പഴയസെമിനാരിയിലേക്കു നാം പോയി. രോഗിയായിരുന്ന മാനേജർ കത്തനാരെ കണ്ടു. ഉച്ചയ്ക്കു മുമ്പു തിരിച്ച് അരമനയിലെത്തി. ശമുവേൽ കത്തനാരും അബ്രഹാം കത്തനാരും നമ്മെ അനുഗമിച്ചിരുന്നു. ഉച്ചയ്ക്കു മാറനാട്ടു കത്തനാർ നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരത്തിനു മുമ്പ് വൈദിക സെമ്മിനാരിയിൽ നിന്നും ജോർജ്ജ് കത്തനാർ നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരത്തിനുശേഷം നാം വിശ്രമിച്ചു. ആരോഗ്യനില പൊതുവെ മെച്ചമായിരുന്നു.

5-7-58. ശനി. നാം സുഖമായി താമസിച്ചു. ഉച്ചനമസ്ക്കാരത്തിനു മുമ്പ് ശങ്കരത്തിൽ മാത്യൂസ് കോർഎപ്പിസ്ക്കോപ്പായും മാങ്കോയിക്കൽ കത്തനാരും നമ്മെ കാണുന്നതിനായി വന്നിരുന്നു. ഉച്ചകഴിഞ്ഞ് നാം വിശ്രമിച്ചു. സന്ധ്യാനമസ്ക്കാരത്തിനു മുമ്പ് മല്പാൻ യോഹന്നാൻ കത്തനാർ വന്നു. യോഹന്നാൻ കത്തനാർ നമ്മോടു കൂടെ പാർത്തു. ആരോഗ്യനില പൊതുവെ തൃപ്തികരമായിരുന്നു.

6-7-58. ഞായർ. രാവിലെ നമസ്ക്കാരം കഴിഞ്ഞു മല്പാൻ യോഹന്നാൻ കത്തനാർ ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. ഉച്ചയ്ക്കു ശേഷം നാം വിശ്രമിച്ചു. സന്ധ്യാനമസ്ക്കാരത്തിനുശേഷം നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടെ പാർത്തു.

7-7-58. തിങ്കൾ. രാവിലെ നമസ്ക്കാരം കഴിഞ്ഞപ്പോൾ കാർത്തികപ്പള്ളിയിൽ നിന്നും വികാരി തോമസു കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. ഉച്ചകഴിഞ്ഞു നാം വിശ്രമിച്ചു. സന്ധ്യാനമസ്ക്കാരത്തിനു ശേഷം എം. വി. ജോർജ്ജ് കത്തനാരും കെ. മത്തായി കത്തനാരും നമ്മെ വന്നു കണ്ടു. എബ്രഹാം കത്തനാരും പഴയസെമിനാരി മാനേജരും നമ്മോടു കൂടെ താമസിച്ചു. ആരോഗ്യസ്ഥിതി പൊതുവെ തൃപ്തികരമായിരുന്നു.

8 ചൊവ്വ. രാവിലെ നമസ്ക്കാരം കഴിഞ്ഞു കാപ്പി മേശയ്ക്കു ശേഷം പഴയസെമ്മിനാരിക്കു പോയി. മാനേജിംഗ് കമ്മിറ്റി ആയിരുന്നു. നമ്മുടെ അദ്ധ്യക്ഷതയിൽ നടന്നു. വൈകിട്ടു അഞ്ചു മണിയോടു കൂടെ തിരികെ അരമനയിലെത്തി. സന്ധ്യാനമസ്ക്കാരത്തിനു ശേഷം നാം വിശ്രമിച്ചു. പാറമേൽ കുറിയാക്കോസു കത്തനാർ[41] നമ്മെ വന്നു കണ്ടു. ആരോഗ്യനില തൃപ്തികരമായിരുന്നു.

9 ബുധൻ. ഉച്ചയോടു കൂടി വകയാറ്റിൽ നിന്നും ജോൺ കത്തനാർ നമ്മെ വന്നു കണ്ടു. നാലു മണി കഴിഞ്ഞു കെ. സി. മാത്യു വക്കീലിന്റെ[118] ശവസംസ്ക്കാരത്തിനുവേണ്ടി ഏലിയാ ചാപ്പലിന്റെ സെമിറ്ററി ദേവാല

യത്തിൽ പോയി. നമ്മുടെ കാർമ്മികത്വത്തിൽ ശവസംസ്കാരം നടന്നു. അത്താനാസ്യോസ് മെത്രാച്ചനും തിയോളജിക്കൽ സെമ്മിനാരിയിൽ നിന്നും അച്ചന്മാരും ഉണ്ടായിരുന്നു. 5 1/2 മണിയ്ക്കുശേഷം തിരിച്ചു അരമനയിലെത്തി. സന്ധ്യാനമസ്ക്കാരത്തിനു ശേഷം നാം വിശ്രമിച്ചു. ആരോഗ്യനില തൃപ്തികരമായിരുന്നു.

10 വ്യാഴം. രാവിലെ നമസ്ക്കാരം കഴിഞ്ഞു. കൗൺസിൽ ഉണ്ടായിരുന്നു. അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. 5 മണിക്കു അവർ തിരിച്ചുപോയി. കൊല്ലന്റേത്തു ഗീവർഗ്ഗീസ് കത്തനാർ നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞു നാം വിശ്രമിച്ചു. ഏബ്രഹാം കത്തനാർ നമ്മോടുകൂടെ താമസിച്ചു.

11 വെള്ളി. ആരോഗ്യനില ഇന്ന് പൊതുവെ മെച്ചമായിരുന്നു. ഉച്ചമേശ കഴിഞ്ഞ് നാം വിശ്രമിച്ചു. അബ്രഹാം കത്തനാർ നമ്മോടു കൂടെ താമസിച്ചു.

12 ശനി. രാവിലെ 5 മണിയ്ക്ക് എഴുന്നേറ്റു. ഉച്ചനമസ്ക്കാരം കഴിഞ്ഞ് ഉച്ചമേശയ്ക്കുശേഷം അല്പം വിശ്രമിച്ചിട്ട് പഴയസിമ്മനാരിക്കു പോയി. പുലിക്കോട്ടിൽ മെത്രാച്ചന്റെ[123] പെരുന്നാൾ ആയിരുന്നു. അത്താനാസിയോസ് മെത്രാച്ചനും തിയോളജിക്കൽ സെമ്മിനാരിയിൽ നിന്നും അച്ചന്മാരും ശെമ്മാശന്മാരും ഗബ്രിയേൽ കത്തനാരും വന്നു സംബന്ധിച്ചിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി. രാത്രിയിൽ നാം അവിടെ താമസിച്ചു. മാനേജർ യാക്കോബ് കത്തനാർ നമ്മോടു കൂടെ താമസിച്ചു.

13 ഞായർ. പെരുന്നാൾ ദിവസമായ ഇന്ന് രാവിലെ 7 മണിക്കു പ്രഭാത നമസ്ക്കാരം ആരംഭിക്കുകയും അതിനെ തുടർന്ന് നമ്മുടെ പ്രധാന കാർമ്മികത്വത്തിൽ അത്താനാസ്യോസ് മെത്രാച്ചന്റെയും മാനേജർ യാക്കോബ് കത്തനാരുടേയും സഹകരണത്തിൽ വി. മൂന്നിന്മേൽ കുർബാന നാം ചൊല്ലി. കുർബാന കഴിഞ്ഞ് കബറിങ്കൽ ധൂപപ്രാർത്ഥനയും അതിനുശേഷം കൈമുത്തും നടത്തി. അനന്തരം കാപ്പിമേശ കഴിഞ്ഞു വിശ്രമിച്ചു. ഉച്ചയ്ക്കുശേഷം നാം തിരിച്ചു അരമനയിൽ എത്തി. സുഖമായി താമസിച്ചു. ഇന്ന് ആരോഗ്യനില പൊതുവെ മെച്ചമായിരുന്നു.

14 തിങ്കൾ. രാവിലെ 5 മണിക്കു എഴുന്നേറ്റു. ഉച്ചയ്ക്കുശേഷം വിശ്രമിച്ചു. നാലു മണിക്കുശേഷം പള്ളത്തുകാരൻ തോമ്മാ കത്തനാരും ശമുവേൽ കത്തനാരും വന്നു. മാറനാട്ടു കത്തനാർ നമ്മെ വന്നു കണ്ടു. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും മാറനാട്ടു കത്തനാരും നമ്മോടുകൂടെ താമസിച്ചു. ഇന്നുമുതൽ നാം എണ്ണസേവ തുടങ്ങി. ആരോഗ്യസ്ഥിതി പൊതുവെ തൃപ്തികരമായിരുന്നു.

15 ചൊവ്വാ. മാർ കുറിയാക്കോസ് സഹദായുടെ ഓർമ്മദിവസമായ ഇന്ന് ശമുവേൽ കത്തനാർ വി. കുർബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. അനന്തരം നാം വിശ്രമിച്ചു. വൈകിട്ടു ബഥനി അരമനയിൽ നിന്നും ഗീവറുഗീസ് കത്തനാർ നമ്മെ വന്നു കണ്ടിട്ടുപോയി. അബ്രഹാം കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടെ താമസിച്ചു.

16 ബുധൻ. രാവിലെ 5 മണിക്കു എഴുന്നേറ്റു. ഇന്നു പൊതുവെ ശരീരത്തിന് ക്ഷീണമുണ്ടായിരുന്നു. കൊടുവത്തെ ജോൺ കത്തനാർ നമ്മെ വന്നു കണ്ടു. ശമുവേൽ കത്തനാരും അബ്രഹാം കത്തനാരും നമ്മോടുകൂടെ താമസിച്ചു.

17 വ്യാഴം. രാവിലെ 5 മണിയ്ക്കു എഴുന്നേറ്റു. 10 മണിയ്ക്കു മാർ ഒസ്താത്തിയോസ് മെത്രാച്ചൻ വന്നിരുന്നു. ഉച്ചയോടുകൂടി പരുമല മാനേജർ കത്തനാരും പള്ളിക്കര നിന്നും പീലിപ്പോസ് കത്തനാരും നമ്മെ വന്നു കണ്ടു. ഉച്ചകഴിഞ്ഞ് മാർ കൂറിലോസ് മെത്രാച്ചൻ നമ്മെ വന്നു കണ്ടിട്ടുപോയി. സന്ധ്യാനമസ്ക്കാരം കഴിഞ്ഞു നാം വിശ്രമിച്ചു. മാർ ഒസ്താത്തിയോസ് മെത്രാച്ചനും അബ്രഹാം കത്തനാരും പീലിപ്പോസു കത്തനാരും നമ്മോടുകൂടെ താമസിച്ചു.

18 വെള്ളി. രാവിലെ 5 മണിക്കെഴുന്നേറ്റു. രാവിലെ കാപ്പിമേശയ്ക്കു ശേഷം മാർ ഒസ്താത്തിയോസ് മെത്രാച്ചൻ തിരിച്ചുപോയി. പീലിപ്പോസ് കത്തനാരും പോയി. കുന്നൂർ പള്ളി വികാരി സൈമൺ കത്തനാർ നമ്മെ വന്നു കണ്ടു. ഉച്ചകഴിഞ്ഞു പോയി. സന്ധ്യയ്ക്കു മുമ്പു തോട്ടയ്ക്കാട്ടുകാരൻ പീലിപ്പോസ് കത്തനാർ[124] നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു. ആരോഗ്യനില പൊതുവെ തൃപ്തികരമായിരുന്നു. അബ്രഹാം കത്തനാർ നമ്മോടുകൂടെ താമസിച്ചു.

19 ശനി. രാവിലെ 5 മണിക്കെഴുന്നേറ്റു. ഉച്ചയ്ക്കുശേഷം വിശ്രമിച്ചു. എം. സി. കുറിയാക്കോസു റമ്പാൻ[125] മരിച്ച വിവരം നമ്മെ അറിയിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും ശമുവേൽ കത്തനാരും നമ്മോടുകൂടെ താമസിച്ചു. ആരോഗ്യനില പൊതുവെ തൃപ്തികരമായിരുന്നു.

20 ഞായർ. രാവിലെ 5 മണിക്കെഴുന്നേറ്റു. ശമുവേൽ കത്തനാർ അരമന ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് കുറിയാക്കോസ് റമ്പാച്ചനു വേണ്ടി പ്രത്യേക പ്രാർത്ഥന നാം കഴിച്ചു. അനന്തരം കാപ്പിമേശ കഴിഞ്ഞു വിശ്രമിച്ചു. റമ്പാച്ചന്റെ ശവസംസ്ക്കാരം ഞായറാഴ്ച 4 മണിയ്ക്കായിരുന്നു. നമുക്ക് അതിൽ സംബന്ധിക്കുവാൻ ഒത്തില്ല. ശവസംസ്ക്കാരം കഴിഞ്ഞ് മാർ ഈവാനിയോസ് മെത്രാച്ചനും പുതുപ്പള്ളിയിൽ നിന്നുള്ള രണ്ടച്ചന്മാരും നമ്മെ

വന്നു കണ്ടിട്ടുപോയി. ശമുവേൽ കത്തനാരും പരുമല നിന്നും വന്ന മത്തായി കത്തനാരും വി. ജി. ജോസഫ് കത്തനാരും നമ്മോടുകൂടെ താമസിച്ചു. ആരോഗ്യസ്ഥിതി തൃപ്തികരമായിരുന്നു.

21 തിങ്കൾ. രാവിലെ 5 മണിയ്ക്കെഴുന്നേറ്റു. ഉച്ചകഴിഞ്ഞു നാം വിശ്ര മിച്ചു. ശമുവേൽ കത്തനാർ ഇന്ന് ഇവിടെ നിന്നും പിരിഞ്ഞുപോയി. അയാൾക്കു അനുഗ്രഹങ്ങൾ കൊടുത്തുവിട്ടു. വി. സി. ശമുവേൽ കത്ത നാരുടെ അഹങ്കാരമായിട്ടുള്ള ഒരു കത്ത് ഇന്നു കിട്ടി. എം.ഡി. സെമ്മി നാരി സ്കൂളിലെ ഹെഡ്മാസ്റ്റർ സി. യു. മാത്യു ഇവിടെ വന്നു നമ്മെ കണ്ട്, അവിടുത്തെ കുട്ടികളിൽ അധികംപേരും പഠിപ്പുമുടക്കിന് പങ്കെ ടുത്തിട്ടില്ല എന്ന് അറിയിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്ര മിച്ചു. അബ്രഹാം കത്തനാർ നമ്മോടുകൂടെ താമസിച്ചു.

22 ചൊവ്വാ. രാവിലെ 5 മണിക്കെഴുന്നേറ്റു. ഉച്ചമേശ കഴിഞ്ഞു നാം വിശ്രമിച്ചു. ഇന്ന് ആരോഗ്യസ്ഥിതി പൊതുവെ തൃപ്തികരമായിരുന്നു. എണ്ണ സേവിക്കുന്നതു കൊണ്ടുള്ള ക്ഷീണം ശരീരത്തിനുണ്ട്. അബ്രഹാം കത്തനാർ നമ്മോടു കൂടെ താമസിച്ചു.

23 ബുധൻ. രാവിലെ 5 മണിക്കെഴുന്നേറ്റു. ആരോഗ്യസ്ഥിതി പൊതുവെ തൃപ്തികരമായിരുന്നു. ഉച്ചകഴിഞ്ഞ് ജോർജ്ജ് വള്ളക്കാലി[126] നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരത്തിനുശേഷം നാം വിശ്രമിച്ചു. അബ്രഹാം കത്തനാർ നമ്മോടുകൂടെ താമസിച്ചു.

24 വ്യാഴം. ഇന്നു കൗൺസിൽ ഉണ്ടായിരുന്നു. മാർ ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാ ച്ചനും വന്നിരുന്നു. 4 മണിയോടു കൂടി കൗൺസിൽ കഴിഞ്ഞ് അവർ തിരിച്ചുപോയി. സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് നാം വിശ്രമിച്ചു. ആരോ ഗ്യനില തൃപ്തികരമായിരുന്നു. അബ്രഹാം കത്തനാർ നമ്മോടു കൂടെ താമസിച്ചു.

25 വെള്ളി. രാവിലെ 5 മണിയ്ക്കെഴുന്നേറ്റു. ഉച്ചയോടുകൂടി മാനേജർ യാക്കോബ് കത്തനാരും ഗബ്രിയേൽ കത്തനാരും നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരത്തിനു ശേഷം നാം വിശ്രമിച്ചു. അബ്രഹാം കത്ത നാർ നമ്മോടുകൂടെ താമസിച്ചു. ആരോഗ്യനില തൃപ്തികരമായിരുന്നു. സന്ധ്യാനമസ്ക്കാരത്തിനു മുമ്പ് എം. വി. ജോർജ്ജ് കത്തനാരും അമയ ന്നൂർക്കാരൻ തോമ്മസു കത്തനാരും[127] നമ്മെ വന്നു കണ്ടു. തോമസു കത്തനാർ ഇന്നു മുതൽ മലബാറിൽ പോയി വി. കുർബാന ചൊല്ലുന്ന തിനുള്ള അനുവാദം വാങ്ങിച്ചു കൊണ്ടുപോയി. നാം അനുഗ്രഹം കൊടുത്തുവിട്ടു.[128]

26 ശനി. രാവിലെ 5 മണിയ്ക്കെഴുന്നേറ്റു. ഉച്ചയ്ക്കു ശേഷം നാം വിശ്ര മിച്ചു. ഉച്ചകഴിഞ്ഞ് മല്പാൻ യോഹന്നാൻ കത്തനാർ വന്നു. അദ്ദേഹം നമ്മോടു കൂടെ ഇന്നു താമസിച്ചു. ഇന്ന് ആരോഗ്യനില പൊതുവെ തൃപ്തി കരമായിരുന്നു.

27 ഞായർ. രാവിലെ എം. വി. ജോർജ്ജ് കത്തനാർ വന്നിരുന്നു. ജോർജ്ജ് കത്തനാർ അരമന ചാപ്പലിൽ വി. കുർബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. ഇന്ന് ഇവിടുത്തെ സണ്ടേസ്കൂളിന്റെ വാർഷിക മായിരുന്നു. അത്താനാസ്യോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഗബ്രിയേൽ കത്തനാരും നമ്മെ വന്നു കണ്ടു. നാലു മണിക്കുശേഷം അവർ പോയി. സന്ധ്യാനമസ്ക്കാരത്തിനുശേഷം നാം വിശ്രമിച്ചു (ഇന്നു രാവിലെ കൊണ്ട് ക്ഷീരഫല എണ്ണ സേവിച്ചു കഴിഞ്ഞു. ഇനിയും അതിന്റെ പത്ഥ്യമാണുള്ളത്). അബ്രഹാം കത്തനാർ നമ്മോടുകൂടെ താമ സിച്ചു.

28 തിങ്കൾ. രാവിലെ 5 മണിക്കെഴുന്നേറ്റു. പത്തു മണിയോടുകൂടി ഈവാനിയോസ് മെത്രാച്ചനും കുമരകത്തെ കോശി കത്തനാരും ജോഷ്വാ കത്തനാരും നമ്മെ വന്നു കണ്ടു. ഉച്ചയ്ക്കു ശേഷം അവർ പോയി. ഇന്ന് ആരോഗ്യനില പൊതുവെ തൃപ്തികരമായിരുന്നു. സന്ധ്യാനമസ്ക്കാര ത്തിനുശേഷം നാം വിശ്രമിച്ചു. അബ്രഹാം കത്തനാർ നമ്മോടുകൂടെ താമസിച്ചു.

29 ചൊവ്വാ. കാലത്തെ പത്തനംതിട്ട നിന്നും ഉമ്മൻ ശെമ്മാശ്ശൻ വന്നി രുന്നു. ഇന്നലെ തുമ്പമൺ ഭദ്രാസന പൊതുയോഗം മാക്കാംകുന്നു പള്ളി യിൽ വച്ച് പീലക്സിനോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. പത്തനം തിട്ട കോളജ് ഗവേണിംഗ് ബോർഡിലേയ്ക്ക് ടി ഭദ്രാസനത്തിൽ നിന്നും തെങ്ങുംതറയിൽ ഗീവറുഗീസ് കോർഎപ്പിസ്ക്കോപ്പാ, എം. കെ. എബ്രഹാം ബി.എ., എൽ.റ്റി. (ചെങ്ങന്നൂർ), കെ. ഒ. കോശി ആറാട്ടു പുഴ, മുത്തൂറ്റ് എം. ജോർജ്ജ്[129] എന്നിവരെ തെരഞ്ഞെടുത്തു എന്നും മറ്റു സ്ഥാനാർത്ഥികളായി നിന്ന കുഴിയിൽ ജോർജ്ജ്, പി. ഇ. ചെറി യാൻ, ഐ. ഐപ്പു മുതലായവർക്കു തെരഞ്ഞെടുപ്പു ലഭിക്കാത്തതിൽ ചിലർ അസംതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി എന്നും മറ്റും നമ്മോടു പറഞ്ഞു. 11 മണിയോടു കൂടി ടി പി. ഇ. ചെറിയാൻ വന്ന് ഇന്നലത്തെ തെരഞ്ഞെടുപ്പിനെപ്പറ്റിയും മറ്റും ചില കാര്യങ്ങൾ പറഞ്ഞു. ഉച്ചകഴിഞ്ഞ് കൊപ്പാറ കത്തനാർ, ചാലിൽ കത്തനാർ ഇവർ വന്ന് ഇന്നലെ നടന്ന തെരഞ്ഞെടുപ്പിൽ പരാജിതരായ ചിലർക്ക് തെരഞ്ഞെടുപ്പ് ലഭിക്കാത്ത തുമൂലം അസംതൃപ്തിയുണ്ടെന്നും അക്കൂട്ടത്തിൽ ഞങ്ങൾക്കും വിഷമ മുണ്ടെന്നും ഈ തെരഞ്ഞെടുപ്പു മൂലം ഇടവകയിലും ചില ഭിന്നതകൾ

ഉണ്ടായേക്കാമെന്നും പറഞ്ഞു. നാം പത്ഥ്യം കഴിഞ്ഞ് സൗകര്യംപോലെ പത്തനംതിട്ടയെത്തി വേണ്ട അന്വേഷണങ്ങൾ നടത്തി ആവശ്യമായതു ചെയ്യാമെന്ന് അവരോട് പറഞ്ഞു. കുറ്റിക്കണ്ടത്തിൽ അച്ചനും ഇന്നു വന്ന്, അയിരൂർ കടമാംപതാലിൽ കത്തനാരും താനുമായിട്ടുള്ള അസുഖങ്ങൾ പറഞ്ഞു തീർക്കണമെന്നാവശ്യപ്പെട്ടു. ഇന്നലത്തെ തെരഞ്ഞെടുപ്പിനെപ്പറ്റി പല കാര്യങ്ങളും പറഞ്ഞു. 5 മണിയോടു കൂടി എല്ലാവരും തിരിച്ചു പോയി.

30 ബുധൻ. പീലക്സിനോസ് മെത്രാച്ചന്റെ എഴുത്തു വന്നിരുന്നു. മാനേജിംഗ് കമ്മറ്റി, പത്തനംതിട്ട കോളജ് ഗവേണിംഗ് ബോർഡിലേക്കു തെരഞ്ഞെടുത്ത അംഗങ്ങളെ നാം അംഗീകരിച്ചു. കോളജ് ഘടനപ്രകാരം നാം നോമിനേറ്റു ചെയ്യേണ്ട ആളെ നോമിനേറ്റു ചെയ്തു കല്പന അയയ്ക്കണമെന്നും മെത്രാച്ചൻ എഴുതിയിരുന്നു. അതനുസരിച്ച് അംഗങ്ങളെ അംഗീകരിച്ചും വാഴമുട്ടത്തു പീടികയിൽ ജോഷ്വാ കത്തനാരെ നോമിനേറ്റു ചെയ്തും കല്പന അയച്ചു. ഉച്ചയോടുകൂടി പത്തനംതിട്ട നിന്നും റ്റി. ജി. ഏബ്രഹാം കത്തനാരും വി. ജി. ജോർജ്ജ് മാസ്റ്ററും വടക്കേടത്തു വന്നിരുന്നു. തിങ്കളാഴ്ച നടന്ന തെരഞ്ഞെടുപ്പിൽ മാക്കാംകുന്ന് ഇടവകയിൽ ചിലർക്ക് അസംതൃപ്തിയുണ്ടെന്നും നാം അവിടെ ചെന്ന് അസുഖങ്ങളെല്ലാം മാറ്റിക്കൊടുക്കണമെന്നും മറ്റും പറഞ്ഞു. മെത്രാച്ചനെ തിരായി പേരുവയ്ക്കാതെ പ്രസിദ്ധപ്പെടുത്തിയ ലേഖനം നാം അവരെ കാണിച്ചു. അതിൽ പറയുന്ന സംഗതികൾ അവാസ്തവമാണെന്നും അതിന്റെ ഉത്ഭവത്തെക്കുറിച്ചു തങ്ങൾക്കു യാതൊന്നും അറിയുവാൻ പാടില്ലെന്നും അവർ പറയുകയുണ്ടായി.

31 വ്യാഴം. രാവിലെ സുവിശേഷാലയത്തിലെ[130] അംഗമായ ഗീവറുഗീസ് ശെമ്മാശ്ശൻ അമേരിക്കയ്ക്കു പോകുന്ന കാര്യം വന്നു പറഞ്ഞു. 11 മണിയോടു കൂടി അഞ്ചേരിൽ എ. വി. ജോർജ്ജും, സി.എസ്.ഐ. മഹാഇടവകയുടെ നിയുക്ത ബിഷപ്പ് മറ്റീത്തറ ജോൺ കത്തനാരും ഇവിടെ വന്നു. ആഗസ്റ്റ് 6-നു നടക്കുന്ന സ്ഥാനാരോഹണത്തെപ്പറ്റി പറയുകയും നാം പുതിയ ബിഷപ്പിന് ദൈവികമായ എല്ലാ അനുഗ്രഹങ്ങളും ലഭിക്കുന്നതിനു പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എ. വി. ജോർജ്ജ് പ്രത്യേകമായി നമ്മെ അറിയിച്ചു. ആഗസ്റ്റ് 6-ന് നമ്മുടെ കർത്താവിന്റെ മറുരൂപ പെരുന്നാൾ ആണെന്നും അന്ന് അച്ചനും മറുരൂപപ്പെടുകയാണെന്നും കാലം ചെയ്ത ജോർജ്ജ് ബിഷപ്പ് വളരെ നല്ലവനായിരുന്നെന്നും സഭയ്ക്കും രാജ്യത്തിനും ഇതര സമുദായങ്ങൾക്കും ഉപകാരിയായിരുന്നുവെന്നും അപ്രകാരം പുതിയ ബിഷപ്പും ആയിത്തീരണമെന്നു നാം ആഗ്രഹിക്കുന്നു എന്നും മറ്റും നാം അച്ചനോട് കല്പിക്കുകയുണ്ടായി. അവരുടെ നിർബന്ധപ്രകാരം നാം അച്ചന്റെ തലയിൽ കൈവച്ച് പ്രാർത്ഥിക്കയും ചെയ്തു.

പാമ്പാടിക്കാരൻ വർഗ്ഗീസ് ശെമ്മാശ്ശനും കുര്യൻ ശെമ്മാശ്ശനും വന്നു നമ്മെ കണ്ടു. പാത്താമുട്ടത്തു നിന്നും കെ. കെ. പുന്നൂസ് കത്തനാർ[131] വന്ന് കുറിയാക്കോസു റമ്പാച്ചന്റെ അന്ത്യരംഗത്തെക്കുറിച്ചും അടക്കത്തെക്കുറിച്ചും 40-ാം ദിവസം അടിയന്തിരം നടത്തേണ്ടതിനെക്കുറിച്ചും മറ്റും പറകയുണ്ടായി.

1958 ഓഗസ്റ്റ്

1 ഓഗസ്റ്റ് 1958 (വെള്ളിയാഴ്ച). ഇന്ന് മൊർത്തശ്മൂനിയുടേയും ഏഴു മക്കളുടേയും മാർ ഏലിയാസോറിന്റേയും ഓർമ്മദിവസമാകയാൽ ഏബ്രഹാം കത്തനാർ വി. കുർബാന അർപ്പിച്ചു. പത്തു മണിയോടുകൂടി പഴയസെമ്മിനാരി മാനേജർ റ്റി. സി. ജേക്കബ് കത്തനാർ വന്ന് സുപ്രീം കോടതിയിൽ സമുദായക്കേസ് ഈ മാസം 19-നു തന്നെ കേൾക്കുമെന്നും ഉടനെ കേസിന്റെ ചെലവിലേക്കു 30000 രൂപയോളം വക്കീൽ ഫീസിനും മറ്റും വേണമെന്നും മറ്റും പറകയുണ്ടായി. പണപ്പിരിവു ഊർജ്ജിതപ്പെടുത്തി പിരിവുതുക എത്രയുംവേഗം തന്റെ പേർക്കു അയച്ചുതരണമെന്നു കാണിച്ച് മദ്രാസ്, ബോംബെ മുതലായ വിദേശ ഇടവകകൾക്കു കല്പന അയച്ചു. ഉച്ചകഴിഞ്ഞ് എം. വി. ജോർജ്ജ് കത്തനാർ വന്നു നമ്മെ കണ്ടു. പാത്താമുട്ടത്തു നിന്നും കെ. കെ. പുന്നൂസു കത്തനാർ വന്ന് റമ്പാച്ചന്റെ അടിയന്തിരത്തെക്കുറിച്ചു പറയുകയും അതിനുവേണ്ട അനന്തരനടപടികളെപ്പറ്റി ചോദിക്കയും ചെയ്തു. നാം അയാളെ അവിടുത്തെ വികാരിയും മാനേജരുമായി നിയമിച്ചുകൊണ്ടു കല്പന കൊടുത്തു. വൈകിട്ട് പയ്യം പള്ളിൽ ദാവീദ് കത്തനാർ വന്നു നമ്മെ കണ്ടു.

2 ശനി. രാവിലെ അബ്രഹാം കത്തനാർ മൂലവട്ടത്തിനു പോയി. പയ്യം പള്ളിൽ ദാവീദ് കത്തനാരും പോയി. ഉച്ചയ്ക്കു മുമ്പായി പഴയസെമ്മിനാരി മാനേജർ യാക്കോബ് കത്തനാരും മണലിൽ യാക്കോബ് കത്തനാരും വന്നു നമ്മെ കണ്ട് സുപ്രീംകോടതിയിലെ കേസിന്റെ കാര്യങ്ങളും പണപ്പിരിവിന്റെ കാര്യങ്ങളും പറഞ്ഞു. ഉച്ചകഴിഞ്ഞ് അവർ പോയി. അഞ്ചു മണിയോടു കൂടി വൈദികസെമ്മിനാരിയിൽ നിന്നും മല്പാൻ യോഹന്നാൻ കത്തനാർ വന്നു.

3 ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ അരമനചാപ്പലിൽ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. വി. കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. വേറെ വിശേഷമൊന്നുമില്ല.

4 തിങ്കൾ. രാവിലെ മല്പാൻ യോഹന്നാൻ കത്തനാർ സെമ്മിനാരിക്കു പോയി. മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാർ വന്നു. 10 മണിയോടുകൂടി പീലക്സിനോസ് മെത്രാച്ചൻ വന്നു കണ്ട് കോളജിലെ ഗവേ

ണിംഗ് ബോഡിയുടെ തെരഞ്ഞെടുപ്പിനെ കുറിച്ചു പറഞ്ഞിട്ട് പോയി. ഉച്ചയ്ക്കു മുൻപായി പരുമല മാനേജർ കത്തനാരും പള്ളത്തെ ശമുവേൽ കത്തനാരും വന്നു നമ്മെ കണ്ടു. ഉച്ചകഴിഞ്ഞ് അവർ പോയി. പിന്നീട് ഈവാനിയോസ് മെത്രാച്ചൻ വന്നു കണ്ടു. 5 മണിയോടു കൂടി തിരിച്ചു പോയി. സന്ധ്യയോടു കൂടി മനോരമയിൽ നിന്നും കെ. എം. മാത്യുവും[132] കളത്തിൽ വറുഗ്ഗീസും[133] കൂടി വന്ന് നമ്മെ കണ്ടു. പുതിയതായി പട്ടം ഏല്ക്കാൻ പോകുന്ന സി.എം.എസ്. ലെ റവ. എം. എം. ജോൺ കത്ത നാരെ ഉദ്ദേശിച്ച് മനോരമയുടെ വകയായി ഒരു ചായസൽക്കാരം നടത്താൻ ആഗ്രഹിക്കുന്നതായി അറിയിച്ചിട്ട് പോയി.

5 ചൊവ്വ. അബ്രഹാം കത്തനാർ രാവിലെ മൂലവട്ടത്തിനു പോയി. ഉച്ചകഴിഞ്ഞ് ഈവാനിയോസ് മെത്രാച്ചൻ ഇവിടെ വന്ന് നമ്മെ കണ്ടിട്ടു പോയി. നാളെ നടക്കാൻ പോകുന്ന സി.എസ്.ഐ. ബിഷപ്പ് സ്ഥാനാ രോഹണത്തെപ്പറ്റിയും അതിനുപോയി സംബന്ധിക്കുന്നതിനെപ്പറ്റിയും പറഞ്ഞു. 5 മണിയോടു കൂടി വി. ജെ. ഗബ്രിയേൽ കത്തനാർ ഇവിടെ വന്ന് നമ്മെ കണ്ടു. വേറെ വിശേഷം ഒന്നും ഇല്ലായിരുന്നു.

6 ബുധൻ. കൂടാരപ്പെരുന്നാൾ - മറുരൂപപ്പെരുന്നാൾ - ദിവസമായ ഇന്ന് മല്പാൻ യോഹന്നാൻ കത്തനാർ അരമന ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ഈവാനിയോസ് മെത്രാച്ചൻ ഇവിടെ വന്ന് പുതിയ സി.എസ്.ഐ. ബിഷപ്പിന്റെ സ്വീക രണ മീറ്റിംഗിൽ പോയി സംബന്ധിക്കുന്ന കാര്യം പറഞ്ഞിട്ടുപോയി. അതു കഴിഞ്ഞ് ചാലിൽ ഗീവറുഗീസ് കത്തനാരും കുഴിയിൽ ജോർജ്ജും മറ്റും വന്നു കോളജിലെ ഗവേണിംഗ് ബോർഡിന്റെ തെരഞ്ഞെടുപ്പിനെ പ്രതി ഷേധിച്ച് ഒരു ഹർജി തന്നു. നാം അതിന്റെ കാര്യങ്ങൾ പറഞ്ഞു വിട്ടു. പഴയസെമ്മിനാരി മാനേജർ യാക്കോബ് കത്തനാരും വൈദികസെമ്മി നാരിയിൽ നിന്നും റ്റി. വി. വറുഗീസ് കത്തനാരും[134] ചുണ്ടമണ്ണിൽ അബ്രഹാം കത്തനാരും വന്നു നമ്മെ കണ്ടു. പാലമൂട്ടിൽ കോർഎപ്പി സ്ക്കോപ്പായുടെ മകൻ കത്തനാരും നമ്മെ വന്നു കണ്ടു പോയി. മല്പാൻ യോഹന്നാൻ കത്തനാർ സെമ്മിനാരിക്കു പോയി. അബ്രഹാം കത്തനാർ മൂലേടത്തു നിന്നും വന്നു. വാകത്താനം ഇടവകക്കാരിൽ രണ്ടുമൂന്നു പേർ ഒരു ശെമ്മാശ്ശനെയും കൊണ്ടുവന്ന് നമ്മെ കണ്ടു. നാം അയാൾക്കു ചെല വിനു കൊടുക്കണമെന്നു അറിയിച്ചു. നാം അതിന്റെ കാര്യങ്ങൾ പറഞ്ഞു വിട്ടു.

7 വ്യാഴം. രാവിലെ പ്രത്യേകിച്ച് വിശേഷമൊന്നുമില്ല. ഇന്ന് കൗൺസി ലിന്റെ ദിവസമായിരുന്നെങ്കിലും പീലക്സിനോസു മെത്രാച്ചനു വരുവാൻ വെള്ളപ്പൊക്കം മൂലം സാധിച്ചില്ല. അതുകൊണ്ട് ഇന്നു കൗൺസിൽ നട

ന്നില്ല. ഉച്ചയോടുകൂടി ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പാ വന്നു നമ്മെ കണ്ടിട്ടു 4 മണിയോടുകൂടി പോയി. എടത്വാക്കാർ – പാട്ടക്കാർ – വന്നിരുന്നു. അവർ കുറച്ചു തുക കൊണ്ടുവന്നു തന്നു. ബാക്കി രൂപാ കൂടെ ഉടനെ കൊണ്ടുവന്നു തരണം എന്നു പറഞ്ഞു അവരെ അയച്ചു. ഉച്ചയോടു കൂടി ജർമ്മൻകാരൻ ഒരു അച്ചൻ വറുഗീസ് ക്ലേറിയ്ക്കൊപ്പം[135] വന്നു നമ്മെ കണ്ടു സംസാരിച്ചു. ഇവിടെ വന്നപ്പോൾ മാത്രമാണ് പ. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട യഥാർത്ഥ സഭ സ്ഥിതി ചെയ്യുന്നുണ്ട് എന്നുള്ളത് അറിഞ്ഞതെന്ന് അദ്ദേഹം പറകയുണ്ടായി. അതിനു മുൻപ് മാർത്തോമ്മാ സഭയാണ് മാർതോമ്മാ ശ്ലീഹായുടെ സഭ എന്നാണ് അവർ വിശ്വസിച്ചിരുന്നത് എന്നു പറഞ്ഞു. അദ്ദേഹം നമ്മെ കണ്ട് വളരെ സന്തോഷമായി തിരികെ പോയി.

8 വെള്ളി. ഇന്നു രാവിലെ പ്രത്യേക വിശേഷമൊന്നുമില്ലായിരുന്നു. ഉച്ചയോടു കൂടി പഴയസെമ്മിനാരി മാനേജരും എറികാട്ടെ ബേബിയും[136] കൂടി വന്ന് സുപ്രീംകോടതിയിലെ കേസ്സിന്റെ കാര്യവും അതിനുവേണ്ട പണത്തിന്റെ കാര്യവും പറഞ്ഞു. നാളെ രാവിലെ എറണാകുളത്തു പോയി ഡൽഹിക്കു പോകുന്നവരെ യാത്രയാക്കുവാൻ അനുവാദം വാങ്ങി ച്ചുകൊണ്ടു ബേബി പോയി. അനന്തരം എറണാകുളത്തു നിന്നും പി. വി. ജോസഫ് കത്തനാർ[122] വന്നു നമ്മെ കണ്ടു. അയാൾ മലയായിക്കു പോകുന്ന കാര്യം അറിയിച്ചു. 4 മണിയോടു കൂടി തിരുവല്ലായിൽ നിന്നും സി. സി. ഗീവറുഗീസ് കത്തനാരും കെ. മാത്യു ശെമ്മാശ്ശനും വന്നു നമ്മെ കണ്ടു. ശെമ്മാശന്റെ കല്യാണം ഈ 25-നു ആണെന്നു നമ്മെ അറി യിച്ച് അനുഗ്രഹം വാങ്ങിച്ചുകൊണ്ടു പോയി. ഉച്ചകഴിഞ്ഞ് അബ്രഹാം കത്തനാർ മൂലേടത്തിനു പോയി. മാനേജർ കത്തനാർ ഇവിടെ താമ സിച്ചു. ഇന്നു ശരീരത്തിന് കൂടുതൽ ക്ഷീണമുണ്ടായിരുന്നു.

9 ശനി. വെളുപ്പിനെ പഴയസെമ്മിനാരി മാനേജർ കത്തനാരും ജോസഫ് കത്തനാരും എറണാകുളത്തിനു പോയി. ഡൽഹിയിലേക്കു ഏബ്രഹാം വക്കീലിനേയും ചെറിയാൻ വക്കീലിനേയും[137] യാത്രയാക്കി യിട്ടു വൈകിട്ടു തിരിച്ചുവന്ന് നമ്മെ കണ്ടു വിവരം അറിയിച്ചു. ഉച്ചയോടു കൂടി ഡോക്ടർ പോൾ (അയ്യംപള്ളി) ഇവിടെ വന്ന് നമ്മെ കണ്ട് നമ്മുടെ ക്ഷേമം അന്വേഷിച്ചിട്ടു പോയി. അനന്തരം ശങ്കരത്തിൽ മാത്യു കോർ എപ്പിസ്ക്കോപ്പാ ഇവിടെ വന്നു നമ്മെ കണ്ടു. അയാളുടെ ഷഷ്ടിപൂർത്തി സ്മാരകമായി നാം ഒരു സ്വർണ്ണമെഡൽ അയാൾക്കു സമ്മാനിച്ചു. അയാൾ പോയി. വൈകിട്ടു വി. ജെ. ഗബ്രിയേൽ കത്തനാർ നമ്മെ വന്നു കണ്ടു. കേസ്സിന്റെ പണം തന്നിട്ടു പോയി. വ്യാഴാഴ്ച ഉണ്ടായതായ ഉരുൾ പൊട്ടൽ മൂലം കഷ്ടപ്പെടുന്ന ആളുകൾക്ക് നമ്മുടെ വൈദികസെമ്മിനാ രിയിലെ അച്ചന്മാരും ശെമ്മാശന്മാരും കൂടെ പണം പിരിച്ച്, ആ സ്ഥല

ങ്ങളിൽ എത്തിച്ചു കൊടുത്തു. അവർ തിരികെ ഇവിടെ വന്നു നമ്മെ കണ്ടു. ആ വിവരങ്ങൾ എല്ലാം അറിയിച്ചു. ജോർജ്ജ് കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും അവർക്കു നേതൃത്വം കൊടുത്തു. മല്പാൻ യോഹന്നാൻ കത്തനാർ ഇവിടെ താമസിച്ചു.

10 ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ അരമന ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് അരമന ചാപ്പലിലെ പെരുന്നാളിന്റെ കാര്യവും 13, 14, 15 ഈ തീയതികളിൽ സഭയ്ക്കുവേണ്ടിയും മറ്റും പ്രാർത്ഥിക്കുകയും ചാപ്പലിൽ പ്രത്യേക കുർബാന നടത്തി വി. മാതാവിനോടു അഭയം പ്രാപിക്കുകയും ചെയ്യണമെന്നും അതിൽ എല്ലാവരും വന്നു സംബന്ധിക്കണമെന്നും നാം പറഞ്ഞു. ഇന്ന് കെ. സി. മാത്യൂ വക്കീലിന്റെ 41 അടിയന്തിരം ആയിരുന്നു. അതിന്റെ വിഭവങ്ങളെല്ലാം ഇവിടെ കൊടുത്തയച്ചിരുന്നു. ഉച്ച കഴിഞ്ഞ് മൂലവട്ടത്തുനിന്നും അബ്രഹാം കത്തനാർ വന്നു. ഇന്ന് ഇവിടുത്തെ പെരുനാളിനു വേണ്ടിയുള്ള കൊടിയേറ്റ് ഉണ്ടായിരുന്നു. 4 മണി കഴിഞ്ഞ് ചെങ്ങന്നൂർകാരൻ ഈപ്പൻ കത്തനാർ നമ്മെ വന്നു കണ്ടു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് മല്പാൻ യോഹന്നാൻ കത്തനാർ സെമ്മിനാരിക്കു പോയി. ഇന്നു കൊണ്ടു പത്ഥ്യം കഴിഞ്ഞു.

11 തിങ്കൾ. രാവിലെ പഴയസെമ്മിനാരി മാനേജർ യാക്കോബ് കത്തനാരും സമുദായ സെക്രട്ടറി ബേബിയും കൂടെ വന്നു. നമ്മെ കണ്ടു സമുദായകേസിന്റെ കാര്യവും പണത്തിന്റെ കാര്യവും ഒക്കെ അറിയിച്ചു. 10 മണിയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചൻ നമ്മെ വന്നു കണ്ടു. അദ്ദേഹത്തോടു കൂടെ ആശ്രമത്തിലെ സ്കറിയാ കത്തനാരും ഉണ്ടായിരുന്നു. ജോർജ്ജ് വള്ളക്കാലിക്ക് അദ്ദേഹം കൊടുത്ത കല്പനയുടെ ദൂഷ്യത്തെക്കുറിച്ചും അതു മൂലമുണ്ടാകുന്ന വൈഷമ്യത്തെക്കുറിച്ചും നാം പറഞ്ഞു മനസ്സിലാക്കി. അദ്ദേഹം ഉച്ചയ്ക്കു മുൻപായി കോയമ്പത്തൂരിന് പോയി. മാർ പീലക്സിനോസ് മെത്രാച്ചനും നമ്മെ വന്നു കണ്ടു സമുദായക്കേസിനു വേണ്ടി പിരിച്ച പണം തന്നു. ഉച്ചകഴിഞ്ഞ് അദ്ദേഹം പോയി. ഉച്ചയോടു കൂടി ഇ. പി. ജേക്കബ് കത്തനാർ[138] വന്നു നമ്മെ കണ്ടു. ഉച്ച കഴിഞ്ഞ് കാർത്തികപള്ളി വികാരി തോമ്മസു കത്തനാർ നമ്മെ വന്നു കണ്ടു മുളക്കുളത്തെ വസ്തു വില്ക്കുന്ന കാര്യം അറിയിച്ചിട്ട് വൈകിട്ടു പോയി. മാനേജരു കത്തനാരും ബേബിയും കൂടെ 15000 രൂപയുടെ ചെക്കു വാങ്ങിച്ചു കൊണ്ടുപോയി. വേറെ വിശേഷമൊന്നുമില്ല.

12 ചൊവ്വാ. രാവിലെ പഴയസെമ്മിനാരി മാനേജർ കത്തനാർ നമ്മെ വന്നു കണ്ടു. ഉച്ചയോടു കൂടി കൊല്ലന്റേത്തു ഗീവറുഗീസ് കത്തനാർ ഇവിടെ വന്നിരുന്നു. ഹെഡ്മാസ്റ്റർ നിയമനത്തെക്കുറിച്ചു നാം അയാളോടു

കല്പിച്ചു പറഞ്ഞു. അയാൾ ഉച്ചകഴിഞ്ഞു പോയി. 4 മണിയോടു കൂടി മംഗലംകാരൻ പീടികയിൽ തോമ്മസു കത്തനാരും കൊടുവത്തെ ജോൺ കത്തനാരും നമ്മെ വന്നു കണ്ടു. സന്ധ്യയ്ക്കു മുൻപ് അവർ പോയി. വേറെ വിശേഷമൊന്നുമില്ല.

13 ബുധൻ. ഞായറാഴ്ച നാം കല്പിച്ചിരുന്നതനുസരിച്ച് ഇന്ന് വി. കുർബാന ഉണ്ടായിരുന്നു. അബ്രഹാം കത്തനാർ കുർബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. വി. മാതാവിന്റെ നാമത്തിൽ പ്രത്യേക പ്രാർത്ഥന കഴിച്ചു. ഉച്ചയോടുകൂടി കെ. ദാവീദ് കത്തനാരും[139] എം. വി. ജോർജ്ജ് കത്തനാരും വന്നു നമ്മെ കണ്ടു. വൈദികസെമ്മിനാരിക്കു വേണ്ടി 1000 രൂപയുടെ ഒരു ചെക്ക് കൊണ്ടുപോയി. ഉച്ചകഴിഞ്ഞ് വഞ്ചിത്ര പള്ളി വികാരിയും അമയന്നൂർകാരൻ സ്റ്റീഫൻ കത്തനാരും[140] വന്ന് നമ്മെ കണ്ടു. കേസ്സിനു വേണ്ടി പണം തന്നിട്ടു പോയി. സന്ധ്യയോടു കൂടി മാർത്തോമ്മാ വലിയ മെത്രാച്ചൻ[141] ഇവിടെ വന്നു. നമ്മെ കണ്ടു സഭയുടെ കാര്യങ്ങളും മറ്റും ചോദിച്ചു. നാളെ അദ്ദേഹം എറണാകുളത്തിനു പോകുകയാണെന്നും ആയതുകൊണ്ട് വെള്ളിയാഴ്ച നടത്തുവാനിരിക്കുന്ന കാപ്പിസൽക്കാരത്തിൽ സംബന്ധിക്കാൻ സാധിക്കയില്ല എന്നും അറിയിച്ചിട്ട് കാപ്പി കഴിഞ്ഞ് അദ്ദേഹം പോയി. അദ്ദേഹത്തോടു കൂടി കോട്ടയം യരുശലേം മാർത്തോമ്മാ പള്ളി വികാരി കോരുതു കത്തനാരും ഉണ്ടായിരുന്നു. വേറെ വിശേഷം ഒന്നുമില്ല.

14 വ്യാഴം. രാവിലെ അബ്രഹാം കത്തനാർ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് അമയന്നൂർക്കാരൻ സ്റ്റീഫൻ കത്തനാർ വന്നു നമ്മെ കണ്ടു. അനന്തരം മല്പാൻ യോഹന്നാൻ കത്തനാർ വന്നു. 4 മണിയോടു കൂടി പുത്തൻകാവു പള്ളി വികാരി സി. വി. ജോൺ കത്തനാർ വന്ന് കണ്ടു. വിവരങ്ങൾ പറഞ്ഞിട്ടു പോയി. ഇന്നും നാളെയും ഇവിടെ അരമനചാപ്പലിലെ പെരുനാളാണ്. 6 മണിയ്ക്കു സന്ധ്യാനമസ്ക്കാരം നടത്തി. അത്താനാസ്യോസ് മെത്രാച്ചനും വൈദിക സെമ്മിനാരിയിലെ ശെമ്മാശ്ശന്മാരും പഴയസെമ്മിനാരി, കൊല്ലാട്ടുപള്ളി, ചെറിയപള്ളി എന്നീ പള്ളികളിലെ വികാരിമാരും ഉണ്ടായിരുന്നു. എം. വി. ജോർജ്ജ് കത്തനാർ, സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് പ്രസംഗിച്ചു. താഴത്തെ കുരിശിങ്കൽ വരെ റാസ ഉണ്ടായിരുന്നു. അത്താനാസ്യോസ് മെത്രാച്ചന്റെ വാഴ്വിനു ശേഷം ഇന്നത്തെ ചടങ്ങു തീർന്നു. അദ്ദേഹം രാത്രി തന്നെ തിരിച്ചുപോയി.

15 വെള്ളി. പെരുന്നാൾ ദിവസമായ ഇന്നു രാവിലെ 7 1/2 മണിക്കു പ്രഭാത നമസ്ക്കാരം. അതിനെ തുടർന്ന് നമ്മുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബാനയും ഉണ്ടായിരുന്നു. നാം എണ്ണ സേവിച്ചു

പത്ഥ്യം കഴിഞ്ഞിട്ട് ആദ്യമായി കുർബാന അർപ്പിച്ചതു ഇന്നാണ്. ഈവാനിയോസ് മെത്രാച്ചനും എം. വി. ജോർജ്ജു കത്തനാരും കൂടെ ഇരുവശങ്ങളിലും ചൊല്ലി. കുർബാനമദ്ധ്യേ എം. വി. ജോർജ്ജു കത്തനാർ പ്രസംഗിച്ചു. കൈമുത്തു കഴിഞ്ഞ് നേർച്ചവിളമ്പും അതിനുശേഷം റാസയും കഴിഞ്ഞ് എല്ലാവരും പിരിഞ്ഞു പോയി. പുതിയ സി.എസ്.ഐ. ബിഷപ്പ് എം. എം. ജോണിന് നാം ഇന്ന് ഒരു കാപ്പിസൽക്കാരം നടത്തി. ആ ചടങ്ങിൽ അത്താനാസ്യോസ് മെത്രാച്ചൻ, ഈവാനിയോസ് മെത്രാച്ചൻ, പീലക്സിനോസ് മെത്രാച്ചൻ എന്നീ തിരുമേനിമാരെ കൂടാതെ, കളക്ടർ, ഡി.എസ്.പി., ഡിസ്ട്രിക്ട് ജഡ്ജി, അഡീഷണൽ ജഡ്ജി, ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ്, ഡി.എം.ഒ., മുൻസിപ്പൽ ചെയർമാൻ, കെ. എം. ചെറിയാൻ, ബിഷപ്സ് കമ്മിസറി, ദീപിക എഡിറ്റർ മുതലായ പ്രശസ്ത വ്യക്തികളും ഓർത്തഡോക്സ് സമുദായ സെക്രട്ടറി ഇ. ജെ. ജോസഫും കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പലും സംബന്ധിച്ചിരുന്നു. 4 1/2 മണിക്ക് അവരെ നാം സ്വീകരിച്ചു. ബിഷപ്പിനെ ആനക്കൊമ്പുകൊണ്ടുണ്ടാക്കിയ ഒരു കുരിശുമാലയും അണിയിച്ച് നാം സ്വീകരിച്ചു. കാപ്പി കഴിഞ്ഞ് നാം പ്രസംഗിച്ചു. ബിഷപ്പ് സി. കെ. ജേക്കബ് സമുദായ സൗഹാർദം പുലർത്തുന്നതിൽ വളരെയേറെ ശ്രദ്ധ പതിപ്പിച്ചിരുന്നു എന്നും അതുപോലെ അഭിനവ ബിഷപ്പും ശ്രമിക്കുമെന്നു വിശ്വസിക്കുന്നു എന്നും, സത്യത്തെ മുൻനിർത്തി ജീവിക്കണമെന്നും അസത്യത്തെ സത്യമായി ഗണിച്ചു മുൻപോട്ടു പോകരുതെന്നും കല്പിക്കുകയും ചെയ്തു. അനന്തരം ഒരു പട്ടുകുപ്പായവും സമ്മാനിക്കുകയുണ്ടായി. ബിഷപ്പ് എം. എം. ജോൺ സമുചിതമായി മറുപടി പറഞ്ഞു. അനന്തരം എല്ലാവരുമായി ഒരിക്കൽകൂടെ നമ്മോടു യാത്ര പറഞ്ഞിട്ട് പോയി. എല്ലാവർക്കും ഇവിടെ വന്നു നമ്മെ കണ്ടതിലും നമുക്കു അവരെ കാണുവാൻ സാധിച്ചതിലും വളരെ സന്തോഷമുണ്ടായി.

16 ശനി. രാവിലെ പ്രത്യേകിച്ച് വിശേഷമൊന്നുമില്ല. ഉച്ചയോടുകൂടി പരുമല നിന്നും മത്തായി കത്തനാർ വന്നു നമ്മെ കണ്ട് നാം അങ്ങോട്ടു ചെല്ലുന്ന കാര്യം ചോദിച്ചറിഞ്ഞു. ഉച്ചകഴിഞ്ഞ് കല്ലൂപ്പാറ പണിക്കർ കത്തനാർ ഇവിടെ വന്നു നമ്മെ കണ്ടു. 4 മണിക്കു ശേഷം അവർ പോയി. ഡോക്ടർ സി. റ്റി. ഈപ്പൻ കത്തനാരും വന്നു നമ്മെ കണ്ടു. പണപ്പിരിവിന്റെ കാര്യവും കേസിന്റെ കാര്യങ്ങളും ഒക്കെ പറഞ്ഞു. അബ്രഹാം കത്തനാർ മൂലവട്ടത്തിനു പോയി. വേറെ വിശേഷമൊന്നുമില്ല.

17 ഞായർ. ഇന്ന് മല്പാൻ യോഹന്നാൻ കത്തനാർ അരമനചാപ്പലിൽ വി. കുർബാന അർപ്പിച്ചു. നാം അതിൽ സംബന്ധിച്ചു. കുർബാന മദ്ധ്യേ നാം പ്രസംഗിക്കുകയും സഭയ്ക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. ഇന്നു കുറിയാക്കോസ് റമ്പാച്ചന്റെ മുപ്പതാമടി

യന്തിരമായിരുന്നു. നാം പോയില്ല. മല്പാൻ യോഹന്നാൻ കത്തനാർ പോയി. വേറെ വിശേഷമൊന്നുമില്ല.

18 തിങ്കൾ. രാവിലെ പ്രത്യേകിച്ചു വിശേഷമൊന്നുമില്ല. വൈകിട്ട് ഏബ്രഹാം കത്തനാർ വന്ന് ഇവിടെ താമസിച്ചു.

19 ചൊവ്വാ. സമുദായക്കേസ് സുപ്രീംകോടതിയിൽ വാദം ആരംഭിക്കുന്ന ഇന്ന് നാം അരമനചാപ്പലിൽ കുർബാന ചൊല്ലി. സന്ധ്യയോടുകൂടി ശങ്കരത്തിൽ കോറെപ്പിസ്ക്കോപ്പാ നമ്മെ വന്നു കണ്ടു. രാത്രി ഇവിടെ താമസിച്ചു. 8 മണിയോടുകൂടി ഓമല്ലൂർ പള്ളി വികാരി ജോഷ്വാ കത്തനാരും രണ്ടുമൂന്നു ഇടവകക്കാരും കൂടെ വന്നു നമ്മെ കണ്ടു. കോളജിലെ തെരഞ്ഞെടുപ്പും അനന്തരഫലങ്ങളും ഒക്കെ അറിയിച്ചു. അവർ രാത്രി തന്നെ തിരിച്ചുപോയി. വേറെ വിശേഷമൊന്നുമില്ല. ഇന്ന് കേസ് വാദം നടന്നില്ല.

20 ബുധൻ. ഇന്നും രാവിലെ അബ്രഹാം കത്തനാർ വി. കുർബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. ഇന്ന് സമുദായക്കേസ് സുപ്രീംകോടതിയിൽ വാദം ആരംഭിച്ചു. സഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ശങ്കരത്തിൽ കോർഎപ്പിസ്ക്കോപ്പാ രാവിലെ പോയി. വൈകിട്ട് മാവേലിക്കര മാമ്മൂട്ടിൽ കത്തനാർ വന്നിരുന്നു. എം. വി. ജോർജ്ജ് കത്തനാരും വന്നു. തിരിച്ചുപോയി. വൈദികസെമ്മിനാരിയിൽ നിന്നും വറുഗീസ് ക്ലേറി[114] ഇവിടെ വന്നു നമ്മെ കണ്ടു. ഇവിടെ താമസിച്ചിട്ട് രാവിലെ പോയി. വേറെ വിശേഷം ഒന്നും ഇല്ല.

കുറിപ്പുകൾ

1. തിരുവല്ലാ-മാവേലിക്കര റോഡിൽ മാന്നാറിൽ സ്ഥിതിചെയ്യുന്ന ഒരു ചെറിയ ദ്വീപായിരുന്നു പരുമല. അവിടെ അരികുപുറത്തു മാത്തൻ സംഭാവന ചെയ്ത സ്ഥലത്ത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ (1833–1909) സ്ഥാപിച്ച സെമിനാരി. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസും, തോമസ് മാർ അത്താനാസ്യോസും, കോട്ടയം വൈദികസെമിനാരി കൈവശം വച്ചുകൊണ്ടിരുന്ന കാലത്ത് പരുമല സെമിനാരിയായിരുന്നു പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ ആസ്ഥാനം. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പ. പരുമല തിരുമേനി) ഇവിടെ താമസിച്ചുകൊണ്ട് നിരണം ഭദ്രാസന ഭരണം നടത്തി. ഇവിടെ കബറടങ്ങി. വിശുദ്ധനായ പ. പരുമല തിരുമേനിയുടെ കബറിടത്തിന്റെ പേരിൽ പിന്നീട് ലോകപ്രശസ്തമായി.

നിരണം ഭദ്രാസനാധിപന്മാരായ യൂയാക്കീം മാർ ഈവാനിയോസ്, ജോസഫ് മാർ സേവേറിയോസ് എന്നിവർ ഇവിടം ആസ്ഥാനമാക്കി. യൂയാക്കീം മാർ ഈവാനിയോസ് ഇവിടെ കബറടങ്ങി. മൂന്നു കാതോലിക്കാ വാഴ്ചകളും നിരവധി മെത്രാൻ വാഴ്ചകളും മലങ്കര അസോസിയേഷനുകളും ഇവിടെ നടന്നിട്ടുണ്ട്. പുലിക്കോട്ടിൽ തിരുമേനി, പ. പരുമല തിരുമേനി എന്നിവരുടെ കാലത്ത് ഗുരുകുല സമ്പ്രദായത്തിൽ വൈദിക പരിശീലനം നൽകുന്ന സെമിനാരിയായിരുന്നു ഇവിടം. പ. പരുമല തിരുമേനി മലങ്കരയിലുടനീളം സഞ്ചരിച്ച് പണം സ്വരൂപിച്ച് പണിത ദേവാലയം, തിരുമേനിയുടെ കഷ്ടപ്പാടുകളെക്കുറിച്ച് കേട്ടറിവുപോലുമില്ലാതിരുന്ന പുതിയ തലമുറ നിർദാക്ഷിണ്യം പൊളിച്ചു കളയുകയും ഗ്രീക്ക് ശൈലിയിലുള്ള ഒരു പുതിയ ദേവാലയം 2000-ൽ കൂദാശ ചെയ്യുകയും ചെയ്തു.

2. മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ. അന്ന് കൊല്ലം ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് മെത്രാപ്പോലീത്താ (1953–1965). പിന്നീട് ഭദ്രാസനാധിപനായി. 1991 ഏപ്രിൽ 29-ന് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി. 2005 നവംബർ 30-ന് സ്ഥാനത്യാഗം ചെയ്തു. 2006 ജനുവരി 26-നു കാലം ചെയ്തു. ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമ ചാപ്പലിൽ കബറടക്കി.

3. കൊല്ലം പട്ടണത്തിൽ സ്ഥിതിചെയ്യുന്ന ഭദ്രാസന ആസ്ഥാനത്തെ ചാപ്പൽ.

4. ഓതറ സെന്റ് ജോർജ്ജ് ദയറ. പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സീനോസ് സ്ഥാപിച്ചത്. മാത്യൂസ് മാർ കൂറിലോസ് (പ. മാത്യൂസ്

രണ്ടാമൻ ബാവാ) വൈദികനായിരിക്കെ ഇവിടുത്തെ ആശ്രമാംഗമായിരുന്നു.

5. സുപ്രീംകോടതിയിൽ നടന്നുവന്നിരുന്ന സമുദായക്കേസ്. 1958 സെപ്റ്റംബർ 12-ന് കാതോലിക്കാ വിഭാഗത്തിനനുകൂലമായി കേസ് വിധിച്ചു. തുടർന്ന് ഡിസംബർ 31-ന് സഭാ സമാധാനമുണ്ടായി.

6. മലയാള മനോരമ പത്രാധിപരായിരുന്ന കണ്ടത്തിൽ കെ. എം. ചെറിയാൻ.

7. പ്രസിദ്ധ സാഹിത്യകാരനായ പുത്തൻകാവ് മാത്തൻ തരകൻ (1903-1993).

8. വി. കന്യകമറിയാമിന്റെ ജനന പെരുന്നാളിനോടനുബന്ധിച്ച് എട്ടു ദിവസം ആചരിക്കുന്ന നോമ്പ്. ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ ഇത് കാനോനിക നോമ്പ് അല്ലെങ്കിലും മലങ്കരസഭയിലെ ധാരാളം പള്ളികളിൽ ആചരിച്ചു വരുന്നു.

9. പന്തളത്തിനടുത്തുള്ള തുമ്പമണ്ണിൽ സ്ഥിതിചെയ്യുന്ന പുരാതന ദേവാലയം - സെന്റ് മേരീസ് കത്തീഡ്രൽ.

10. ഫാ. റ്റി. സി. ജേക്കബ് തലക്കുളത്ത് നാലുന്നാക്കൽ. മലങ്കരസഭാ മാസികയുടെ ചീഫ് എഡിറ്ററായും പഴയസെമിനാരി, ദേവലോകം അരമന എന്നീ സ്ഥാപനങ്ങളുടെ മാനേജരായും ദീർഘകാലം സേവനം അനുഷ്ഠിച്ചു. 1976 ഏപ്രിൽ 15-ാം തീയതി അന്തരിച്ചു. ചീരഞ്ചിറ സെന്റ് മേരീസ് പള്ളിയിൽ കബറടക്കി.

11. പി. എ. നൈനാൻ (പന്തലമുറിയിൽ, പുതുപ്പള്ളി) കാതോലിക്കേറ്റ് ഓഫീസിൽ 40 വർഷം ഡപ്യൂട്ടി സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു.

12. ദാനിയേൽ മാർ പീലക്സീനോസ് (1910-1990). തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ (1953-1991). 1991-ൽ കാലം ചെയ്തു. പത്തനംതിട്ട ബേസിൽ ദയറായിൽ കബറടക്കി. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അസിസ്റ്റന്റായും സുന്നഹദോസ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു.

13. പ്രൊഫ. നൈനാൻ ഏബ്രഹാം (കടുപ്പിൽ, പയ്യപ്പാടി). 1921-ൽ ജനനം. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പലും കാൺപൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസിലറും ആയിരുന്നു. വിദ്യാഭ്യാസ വിചക്ഷണൻ.

14. ഓർത്തഡോക്സ് വൈദികസെമിനാരി. കോട്ടയം ചുങ്കത്ത് മീന

ച്ചിലാറിനു സമീപം സ്ഥിതിചെയ്യുന്നു. 1814-ൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ സ്ഥാപിച്ചു. തിരുവിതാംകൂറിലെ ആദ്യത്തെ ഇംഗ്ലീഷ് വിദ്യാഭ്യാസ കേന്ദ്രം. സ്ഥാപകനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമന്റെ കാലം മുതൽ പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ കാലം വരെ (1816-1952) മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമായിരുന്നു. നിരവധി മെത്രാൻ വാഴ്ചകളും അസോസ്യേഷനുകളും ഒരു കാതോലിക്കാ വാഴ്ചയും ഇവിടെ നടന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ആദ്യ വ്യവസ്ഥാപിത വൈദിക പരിശീലനകേന്ദ്രമാണ്. 1966 മുതൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്നു. പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ്, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമൻ, രണ്ടാമൻ, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് എന്നിവരുടെ കബറിടങ്ങൾ ഇവിടെ സ്ഥിതിചെയ്യുന്നു.

അൽമായ പരിശീലന പദ്ധതിയായ ദിവ്യബോധനം, ആരാധനാ സംഗീത പരിശീലനകേന്ദ്രമായ ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക് എന്നിവ ഇവിടെ പ്രവർത്തിക്കുന്നു.

വിവിധ ഭാഷകളിലുള്ള പ്രാചീന ഗ്രന്ഥങ്ങളും സഭാചരിത്രരേഖകളും സൂക്ഷിക്കുന്ന ആർക്കൈവ്സ്, പുരാതന ഗ്രന്ഥങ്ങളും രേഖകളും ഡിജിറ്റൽ രൂപത്തിൽ സംരക്ഷിക്കുന്ന ഡിജിറ്റൽ ലൈബ്രറി എന്നിവ ലൈബ്രറിയോടനുബന്ധിച്ചുണ്ട്.

15. ഫാ. ജേക്കബ് മണലിൽ (1901-1993): സഭയുടെ വൈദികട്രസ്റ്റി സ്ഥാനം വഹിച്ച പ്രമുഖ വൈദികൻ. പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നു. 1958-1965 കാലത്ത് സഭാ വൈദികട്രസ്റ്റിയായിരുന്നു.

16. പിന്നീട് യൂഹാനോൻ മാർ സേവേറിയോസ് (1920-1990). കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ (1966-1990). സുറിയാനി, ആരാധനക്രമ പണ്ഡിതൻ. *ശുശ്രൂഷാ നടപടിക്രമം* എന്ന ഗ്രന്ഥത്തിന്റെ രചയിതാവും ആരാധന ഗ്രന്ഥങ്ങളുടെ പരിഭാഷകനും. 1990 മെയ് 16-നു കാലം ചെയ്തു. കൊരട്ടി സീയോൻ സെമിനാരിയിൽ കബറടക്കി.

17. പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് (1889-1980). അന്ന് കോട്ടയം ഭദ്രാസന അസിസ്റ്റന്റ് മെത്രാപ്പോലീത്താ (1953-1965). പിന്നീട് ഭദ്രാസനാധിപനായി (1965-1980). 1980 ഒക്ടോബർ 31-നു കാലം ചെയ്തു. പാമ്പാടി പൊത്തമ്പുറം മാർ കുറിയാക്കോസ് ദയറായിൽ കബറടക്കി.

18. തോമ്മാ മാർ ദീവന്നാസ്യോസ് (1887-1972). നിരണം ഭദ്രാസനാധി

പൻ (1944-1972). പത്തനാപുരം മൗണ്ട് താബോർ ദയറായുടെയും മഠത്തിന്റെയും അനുബന്ധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സ്ഥാപകൻ. 1972 ഡിസംബർ 3-നു കാലം ചെയ്തു. പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ കബറടക്കി.

19. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ.

20. കോട്ടയം പട്ടണത്തിൽ എം.ഡി. സെമിനാരി കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്നു. പൗരസ്ത്യ കാതോലിക്കായുടെ ഔദ്യോഗിക ദേവാലയം. പ. പരുമല തിരുമേനിയുടെ ഊർശ്ലേം യാത്രയിൽ കടൽക്ഷോഭത്തിന്റെ സമയത്ത് കടൽയാത്രികരുടെ മദ്ധ്യസ്ഥനായി അറിയപ്പെടുന്ന മാർ ഏലിയാ പ്രവാചകന്റെ മദ്ധ്യസ്ഥത യാചിക്കുകയും അപകടം കൂടാതെ രക്ഷപെട്ടാൽ അദ്ദേഹത്തിന്റെ നാമത്തിൽ ഒരു പള്ളി സ്ഥാപിക്കാമെന്നു നേരുകയും ചെയ്തു. അതനുസരിച്ച് മടങ്ങിയെത്തിയശേഷം കോട്ടയം വുഡ്ലാന്റ് തോപ്പിൽ പണിത പള്ളി മാർ ഏലിയാ പ്രവാചകന്റെ നാമത്തിൽ 1896-ൽ കൂദാശ ചെയ്തു.

രണ്ടു കാതോലിക്കാ സ്ഥാനാരോഹണങ്ങളും മൂന്നു മെത്രാൻ വാഴ്ചകളും നിരവധി അസോസ്യേഷനുകളും ഇവിടെ നടന്നു. പല സുപ്രധാന സംഭവങ്ങൾക്കും വേദിയായി. പ. മാത്യൂസ് പ്രഥമൻ ബാവാ 1983-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പായെ ഇവിടെ വച്ച് സ്വീകരിച്ചു.

21. മാത്യൂസ് മാർ അത്താനാസ്യോസ് വട്ടക്കുന്നേൽ. അന്ന് ബാഹ്യകേരള ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് മെത്രാപ്പോലീത്താ (1953-1960). പിന്നീട് ഭദ്രാസനാധിപൻ (1960-1975). 1975 ഒക്ടോബർ 27-നു പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന പേരിൽ സ്ഥാനമേറ്റു. 1991 ഏപ്രിൽ 27-നു സ്ഥാനത്യാഗം ചെയ്തു. 1996 നവം. 8-ന് കാലം ചെയ്തു. ദേവലോകം അരമനയിൽ കബറടക്കി.

22. പരുമല സെമിനാരി മാനേജരായിരുന്ന ഫാ. അബ്രഹാം. പരുമല തിരുമേനിയുടെ ദ്വിതീയ ജീവചരിത്രകാരൻ. കോട്ടയം മൂലേടം സ്വദേശി.

23. അക്രൈസ്തവരുടെ ഇടയിലെ മിഷനറി പ്രവർത്തനത്തിനായി ഡീക്കൻ എം. പി. പീറ്റർ മൂക്കഞ്ചേരിൽ (പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ്) 1924-ൽ സ്ഥാപിച്ച ആത്മീയ സംഘടന. 25000-ലധികം പേരെ സഭയിൽ ചേർത്തു. മുളന്തുരുത്തി കർമ്മേൽ ദയറാ ആസ്ഥാനം.

24. പത്രോസ് മാർ ഒസ്താത്തിയോസ് (1886-1968). സ്ലീബാദാസ സമൂഹ സ്ഥാപകൻ. മലബാർ ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്താ (1953-1968). 1968 ഫെബ്രുവരി 2-നു കാലം ചെയ്തു. കണ്ടനാട് കർമ്മേൽ ദയറാ ചാപ്പലിൽ കബറടക്കി.

25. പിന്നീട് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് (1918–2012). നിരണം ഭദ്രാസന മെത്രാപ്പോലീത്താ (1975–2005). ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലുള്ള മിഷനറി-ജീവകാരുണ്യ പ്രസ്ഥാനങ്ങളുടെ സ്ഥാപകൻ. വേദശാസ്ത്രജ്ഞനും ചിന്തകനും എഴുത്തുകാരനും. 2012 ഫെബ്രുവരി 16-നു കാലം ചെയ്തു. മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയം ചാപ്പലിൽ കബറടക്കി.

26. ഏബ്രഹാം മാർ ക്ലിമ്മീസ് (1918–2002). ക്നാനായ ഭദ്രാസന മെത്രാപ്പോലീത്താ (1951–2002). പിന്നീട് കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ. 2002-ൽ കാലം ചെയ്തു. ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ കബറടക്കി.

27. ഫാ. കെ. ബി. മാത്യൂസ് (കാരിക്കോട്ട്, നിരണം. 1914–2004). ദീർഘകാലം പരുമല സെമിനാരി മാനേജരായിരുന്നു (1940–1985). നിരണം പള്ളിയിലെ 'ഇടവകപട്ടക്കാരൻ.' പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയുടെ സ്ഥാപനത്തിൽ നിർണ്ണായക പങ്ക് വഹിച്ചു. പരുമലയിലെ പഴയ ദേവാലയം പൊളിച്ചപ്പോൾ ആ സാധനസാമഗ്രികൾ ഉപയോഗിച്ച് അതേ മാതൃകയിൽ ആശുപത്രി മുറ്റത്ത് ചാപ്പൽ പണിയിക്കുവാൻ നേതൃത്വം നൽകി. 2004 ഫെബ്രുവരി 27-ന് നിര്യാതനായി. പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രി ചാപ്പലിൽ കബറടക്കി.

28. മലങ്കരമെത്രാപ്പോലീത്തായുടെ ആലോചനാസമിതി യോഗം.

29. പത്തനംതിട്ട ജില്ലയിൽ റാന്നി-പെരുനാട്ടിൽ 1918-ൽ സ്ഥാപിതമായ ആശ്രമം. അലക്സിയോസ് മാർ തേവോദോസ്യോസ് (അന്ന് അലക്സിയോസ് ശെമ്മാശൻ), ഗീവറുഗീസ് മാർ ഈവാനിയോസ് (അന്ന് ഗീവറുഗീസ് കത്തനാർ. പിന്നീട് മെത്രാനായ ശേഷം മലങ്കരസഭയെ ഉപേക്ഷിച്ച് കത്തോലിക്കാ സഭയിൽ ചേർന്നു) എന്നിവരാണ് സ്ഥാപകർ. Order of Immitation of Christ (OIC) എന്ന് ഈ പ്രസ്ഥാനം അറിയപ്പെടുന്നു. കുന്നംകുളത്തും കുഴിമറ്റത്തും ശാഖ ഉണ്ട്.

30. ഫാ. കുറിയാക്കോസ് ഒ.ഐ.സി.: 1918-ൽ കോട്ടയം താഴത്തങ്ങാടിയിൽ ജനിച്ചു. സഭാചരിത്ര ഗവേഷകനും എഴുത്തുകാരനുമായിരുന്നു. ബഥനി ആശ്രമാംഗം. ആശ്രമ സുപ്പീരിയർ ആയി പ്രവർത്തിച്ചു. നാലു ഗ്രന്ഥങ്ങൾ രചിച്ചു. 'ഒരു വിദേശയാത്രയും കുറെ ചിതറിയ ചിന്തകളും' എന്ന ഗ്രന്ഥത്തിന് കേരള സാഹിത്യ അക്കാദമിയുടെ മികച്ച യാത്രാവിവരണ ഗ്രന്ഥത്തിനുള്ള അവാർഡ് ലഭിച്ചു. 1993-ൽ നിര്യാതനായി. റാന്നി-പെരുനാട് ബഥനി ആശ്രമത്തിൽ കബറടക്കി.

31. മാർത്തോമ്മാ ശ്ലീഹാ മലങ്കരയിൽ സ്ഥാപിച്ചുവെന്നു വിശ്വസിക്ക

പ്പെടുന്ന ഒരു പുരാതന ദേവാലയം. പത്തനംതിട്ട ജില്ലയിൽ നിലയ്ക്കൽ എന്ന വനപ്രദേശത്താണ് ഇത് സ്ഥിതി ചെയ്തിരുന്നത്. ഇവിടെ പുരാതനകാലത്ത് ഒരു ക്രൈസ്തവ സമൂഹം പാർത്തിരുന്നുവെന്നും പിന്നീട് അവർ പലായനം ചെയ്തുവെന്നും വിശ്വസിക്കപ്പെടുന്നു. 1980-കളിൽ ഈ ദേവാലയം സംബന്ധിച്ചുണ്ടായ വിവാദങ്ങളെ തുടർന്ന് കേരള സർക്കാർ കിലോമീറ്ററുകൾക്കപ്പുറെ വനത്തിൽ ഒരു ദേവാലയം സ്ഥാപിക്കാനുള്ള സ്ഥലം നൽകുകയും അവിടെ കേരളത്തിലെ ക്രൈസ്തവ സഭകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒരു എക്യുമെനിക്കൽ ദേവാലയം സ്ഥാപിക്കുകയും ചെയ്തു. ഒരു നൂറ്റാണ്ടു മുമ്പ് ഈ ദേവാലയം വനത്തിൽ കണ്ടെത്തിയ കാര്യം അന്നത്തെ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'മലങ്കര ഇടവകപത്രികയിൽ' പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സ്ഥലം പതിച്ചുവാങ്ങിക്കുവാൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് തിരുവിതാംകൂർ ഭരണാധികാരികളെ സമീപിച്ചതിനെക്കുറിച്ച് അദ്ദേഹത്തിന്റെ ഒരു സ്വകാര്യ കത്തിൽ സൂചനയുണ്ട്. 1957-ൽ വീണ്ടും ഈ പള്ളി ബഥനി ആശ്രമത്തിലെ വൈദികർ കണ്ടെത്തിയ കാര്യം പ. ബാവാ തിരുമേനിയെ അറിയിക്കുകയും അവിടെ ശുശ്രൂഷ ചെയ്യുവാൻ ഒരു വൈദികനെ നിയമിക്കുന്ന കാര്യം ചർച്ച ചെയ്യുകയുമാണിവിടെ. 'ഡപ്യൂട്ടേഷനിൽ നിലയ്ക്കൽ പള്ളിയിലേയ്ക്ക് താൻ പോകാം' എന്ന് ഫാ. കുറിയാക്കോസ് ഒ.ഐ.സി. പറഞ്ഞുവെന്നാണ് ഇതിൽ നിന്നും മനസ്സിലാവുന്നത്.

32. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ കോട്ടയത്ത് സ്ഥാപിച്ച വിദ്യാലയം. ഇപ്പോൾ ഹയർ സെക്കണ്ടറി സ്കൂൾ. പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ കാലത്ത് 250-തോളം സ്കൂളുകൾ കേരളത്തിൽ പ്രവർത്തിച്ചിരുന്നതായി കാരുചിറ ഗീവർഗീസ് റമ്പാൻ 1906, 1907 വർഷങ്ങളിൽ പ്രസിദ്ധീകരിച്ച സഭാപഞ്ചാംഗത്തിൽ കാണുന്നു. പിന്നീട് വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്ത് അദ്ദേഹം വിദേശയാത്രയ്ക്കു പോയപ്പോൾ ബഥനി ഈവാനിയോസിനെ സ്കൂളുകളുടെ ചുമതല ഏല്പിച്ചു. അദ്ദേഹം കത്തോലിക്കാ സഭയിലേക്കു പോയപ്പോൾ കുറെ സ്കൂളുകൾ സ്വന്തമാക്കി. ബാക്കിയുള്ളവയും ഈ കാലഘട്ടത്തിൽ നടത്താൻ സാധിക്കാതെ സർക്കാരിലേക്കു കൊടുത്തവയുമൊഴിച്ചുള്ളവയെ ചേർത്ത് കാതോലിക്കേറ്റ് & എം.ഡി. കോർപ്പറേറ്റ് മാനേജ്മെന്റ് രൂപീകരിച്ചു. ആർച്ച്ബിഷപ്പ് മാർ ഈവാനിയോസുമായി കേസുകൾ നടത്തി കുറെ വിദ്യാലയങ്ങൾ തിരികെ ലഭിച്ചു. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കാലത്ത് പാറേട്ട് മാർ ഈവാനിയോസായിരുന്നു ദീർഘകാലം കോർപ്പറേറ്റ് മാനേജരായി സേവനമനുഷ്ഠിച്ചത്.

33. തമിഴ്നാട്ടിലെ തൃശ്ശിനാപ്പള്ളിയിലെ പൊന്നയ്യാ സ്കൂൾ, തോമ്മാ

മാർ ദീവന്നാസ്യോസ് പത്തനാപുരം മൗണ്ട് താബോർ ദയറായ്ക്കു വേണ്ടി വാങ്ങിച്ചു. ദയറായുടെ ഒരു മിഷൻവേല സ്ഥലമായിരുന്നു ഇവിടം. അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കൂട്ടത്തിൽ കത്തോലിക്കാ സഭയിൽ നിന്നും മലങ്കരസഭയിലേയ്ക്കു വന്ന ഒരു വിശ്വാസി സമൂഹം ഇവിടെ ഉണ്ടായിരുന്നു. അവരുടെ സാന്നിദ്ധ്യമായിരുന്നു ഈ സ്കൂൾ വാങ്ങാൻ സഭയെ പ്രേരിപ്പിച്ചതെന്നു തോന്നുന്നു. പത്തനാപുരം മൗണ്ട് താബോർ ദയറായുടെ ആഭിമുഖ്യത്തിൽ പ്രശസ്തമായ ഒരു വിദ്യാലയം ഇന്ന് അവിടെ പ്രവർത്തിക്കുന്നു.

34. മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി. 1876-ൽ മുളന്തുരുത്തി സുന്നഹദോസിൽ ഔദ്യോഗികമായി നിലവിൽ വന്നു. ഭദ്രാസനങ്ങളിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടവരും മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റ് ചെയ്യുന്നവരുമാണ് അംഗങ്ങൾ.

35. മലങ്കര ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്തന്മാരുടെ സമിതി. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കാലത്താണ് ഈ സമിതി ക്രമമായി കൂടുവാൻ തുടങ്ങിയത്.

36. പത്തനംതിട്ടയിൽ സഭ വകയായി 1952-ൽ ആരംഭിച്ച കാതോലിക്കേറ്റ് കോളജ്.

37. അലക്സിയോസ് മാർ തേവോദോസ്യോസ് (1888-1965). കൊല്ലം, ബാഹ്യകേരളം എന്നീ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ (1938-1965). റാന്നി-പെരുനാട് ബഥനി ആശ്രമത്തിന്റെ സ്ഥാപകൻ. മലങ്കരസഭയെക്കുറിച്ച് ലോകമറിയുവാൻ തക്കവണ്ണം ഒട്ടേറെ സേവനം ചെയ്തു. ആഗോള എക്യുമെനിക്കൽ രംഗത്ത് പ്രവർത്തിച്ചു. സഭകളുടെ ലോക കൗൺസിലിന്റെ ആദ്യകാല നേതാക്കളിലൊരാൾ. 1965 ഓഗസ്റ്റ് 6-നു കൂടാരപെരുന്നാൾ ദിനത്തിൽ കാലം ചെയ്തു. ബഥനി ആശ്രമ ചാപ്പലിൽ കബറടക്കി.

2015 ഓഗസ്റ്റ് 3-7 തീയതികളിൽ നടന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അദ്ദേഹത്തിന് ‘മലങ്കരസഭയുടെ ധർമ്മയോഗി’ എന്ന ബഹുമതി നാമം നൽകി.

37A. ഫാ. യൂഹാനോൻ ഒ.ഐ.സി.: ബഥനി ആശ്രമാംഗം. ധ്യാനഗുരുവും എഴുത്തുകാരനും. പിന്നീട് യൂഹാനോൻ മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ (1928-1980). കോട്ടയം ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് മെത്രാപ്പോലീത്തായായിരിക്കെ (1977-1980) അസുഖബാധിതനായി 1980 ഒക്ടോബർ 12-നു കാലം ചെയ്തു. പെരുനാട് ബഥനി ആശ്രമത്തിൽ കബറടക്കി.

38. മാതാപിതാക്കളുടെ ഓർമ്മദിനത്തിൽ എല്ലാ വർഷവും അവരെ കബറടക്കിയിരിക്കുന്ന ഇടവകപള്ളിയായ കുറിച്ചി വലിയപള്ളിയിൽ ബാവാ എത്തി വി. കുർബ്ബാന അർപ്പിക്കുക പതിവായിരുന്നു.

39. ഔഗേൻ മാർ തീമോത്തിയോസ് (1884–1975). കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ (1927–1964). പിന്നീട് പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ (1964–1975). മലങ്കരയിലെ പൗരസ്ത്യ കാതോലിക്കേറ്റിന്റെ സ്ഥാപനത്തിൽ നിർണ്ണായക പങ്ക് വഹിച്ചു. സുറിയാനി പണ്ഡിതൻ, എഴുത്തുകാരൻ. ആരാധനക്രമങ്ങൾ സുറിയാനിയിൽ രചിക്കുകയും സുറിയാനിയിലുള്ള പല ക്രമങ്ങളും മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 1975 ഡിസംബർ 8–നു കാലം ചെയ്തു. കോട്ടയം ദേവലോകം അരമനയിൽ കബറടക്കി.

40. ഫാ. ഡോ. സി. റ്റി. ഈപ്പൻ (ചാവടിയിൽ, അടൂർ. 1895–1977). പ്രമുഖ വൈദികനും എക്യുമെനിക്കൽ നേതാവും. സ്റ്റാർ ഓഫ് ദി ഈസ്റ്റ് എന്ന ഇംഗ്ലീഷ് പ്രസിദ്ധീകരണത്തിൽ സ്ഥാപകനും എഡിറ്ററും പ്രസാധകനും. അദ്ദേഹം സംഭാവന ചെയ്ത സ്ഥലത്താണ് (ശാസ്താംകോട്ടയിലെ ഈപ്പൻകുന്ന്) മൗണ്ട് ഹോറേബ് ആശ്രമവും ചാപ്പലും എഞ്ചിനിയറിംഗ് കോളജും ഹൈസ്കൂളും ബൈബിൾ കോളജും സ്ഥിതി ചെയ്യുന്നത്. 1977 ഏപ്രിൽ 1–നു നിര്യാതനായി. മൗണ്ട് ഹോറേബ് ആശ്രമ ചാപ്പലിൽ കബറടക്കി.

41. പാറമേൽ (കുത്തൂർ) കുറിയാക്കോസ് കത്തനാർ. ജനനം: 1088 (1913) കർക്കിടകം 17. 1932–ൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ശെമ്മാശുപട്ടവും 1936–ൽ മാവേലിക്കര പള്ളിയിൽ വച്ച് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ കശ്ശീശാപട്ടവും നൽകി. ആജാനബാഹുവും കോമളകളേബരനും ധീരശൂരപരാക്രമിയും ആയ വൈദികൻ. നേതൃത്വശേഷിയിൽ അസാമാന്യ വൈഭവം. സഭാ മാനേജിംഗ് കമ്മിറ്റി അംഗം. 53–ാം വയസ്സിൽ 19–4–1966–ൽ നിര്യാതനായി. നരിമറ്റത്തിൽ യൂഹാനോൻ റമ്പാന്റെ (പിന്നീട് യൂഹാനോൻ മാർ സേവേറിയോസ്) മുഖ്യ കാർമ്മികത്വത്തിൽ ആർത്താറ്റ് പഴയപള്ളിയിൽ കബറടക്കി.

42. ബർസ്ലീബി കത്തനാർ (1880–1966). മട്ടയ്ക്കൽ കാരിക്കോട്ട് ദാനിയേൽ കത്തനാരുടെ പുത്രനും കെ. ബി. മാത്യൂസ് കത്തനാരുടെ പിതാവും ആണ്. നിരണം വലിയപള്ളിയിലെ വികാരിയും മൂപ്പച്ചനും ആയിരുന്നു. വഴക്കിനെ തുടർന്ന് നിരണം സെന്റ് മേരീസ് സ്കൂൾ പൂട്ടിക്കിടന്നപ്പോൾ തിരുവിതാംകൂർ മഹാരാജാവിനെ മുഖം കാണിക്കുവാൻ പോയ പള്ളിസംഘത്തെ നയിച്ചിരുന്നു. ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ സഹായത്തോടെ രാജാവിനെ കണ്ട് സങ്കടം ബോധിപ്പിച്ച് സ്കൂൾ

തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിച്ചു. ആലപ്പുഴ പള്ളി, തലവടി കുഴിപ്പള്ളി, നെടുമ്പുറത്തു പള്ളി എന്നിവിടങ്ങളിൽ വികാരിയായും പുളിക്കീഴ് വടക്കേക്കര പള്ളി, ഏവികുന്നത്ത് പള്ളി, പാവുക്കര പള്ളി എന്നിവിടങ്ങളിൽ സ്ഥാപക വികാരിയായും പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ ഇലഞ്ഞിക്കൽ ചാപ്പലിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1966 മാർച്ച് 6-നു നിര്യാതനായി. നിരണം വലിയപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

43. മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാരുടെ പുത്രൻ (1925-....). പൊതുപ്രവർത്തകനും ഹൈസ്കൂൾ അദ്ധ്യാപകനും. നിരണം പള്ളി ഇടവകപട്ടക്കാരൻ.

44. ഫാ. ടി. വി. ജോർജ്ജ് നെടുമാവ് (1922-1974). അന്ന് അൽമായ ക്കാരൻ. സ്വദേശം തുമ്പമൺ. പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ശുശ്രൂഷകനായി ദീർഘനാൾ സേവനം ചെയ്തു. ബാവാ കാലം ചെയ്ത തിനുശേഷം ശെമ്മാശ്ശനായി. അച്ചനായിരിക്കെ ആകസ്മികമായി 1974-ൽ നിര്യാതനായി. മലങ്കരസഭാ മാസികയുടെ പത്രാധിപരായി പ്രവർത്തിച്ചു. നെടുമാവ് താഴേതിൽ ആനിക്കാട്ട് കുടുംബാംഗം.

45. മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ. മട്ടയ്ക്കൽ പത്രോസ് കത്തനാരുടെ പുത്രനായി 1060-ൽ ജനിച്ചു. 22-ാം വയസ്സിൽ മുറിമറ്റത്ത് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ശെമ്മാശപ്പട്ടം ഏറ്റു. പരുമല സെമിനാരി മാനേജരായിരുന്ന കല്ലാശ്ശേരിൽ പുന്നൂസ് റമ്പാച്ചന്റെ കൂടെ പരുമല താമസിച്ചുകൊണ്ട് വൈദികപഠനം പൂർത്തി യാക്കി. 26-ാം വയസ്സിൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി യിൽ നിന്നും നിരണം വലിയപള്ളിയിൽ വച്ച് കശീശാപ്പട്ടം സ്വീകരിച്ചു. നിരണം വലിയപള്ളിയിലും പുളിക്കീഴ് സെന്റ് മേരീസ്, കല്ലുങ്കൽ കിഴക്ക് സെന്റ് ജോർജ്, വളഞ്ഞവട്ടം പടിഞ്ഞാറ് സെന്റ് ജോർജ്, നെടുമ്പ്രം സെന്റ് ജോർജ്, വളഞ്ഞവട്ടം സെന്റ് മേരീസ്, കല്ലുങ്കൽ പടിഞ്ഞാറ് സെന്റ് ജോർജ് എന്നീ പള്ളികളിലും ഇലഞ്ഞിക്കൽ ചാപ്പലിലും സേവന മനുഷ്ഠിച്ചിട്ടുണ്ട്. കശീശാ ആയി 65 വർഷക്കാലം പ്രവർത്തിച്ചു. നിരണം വലിയപള്ളിയിൽ ഇപ്പോഴുള്ള വലിയ സ്വർണ്ണക്കുരിശിന്റെ പണി പൂർത്തി യാക്കിച്ചതുൾപ്പെടെ നിരണം പള്ളിയിൽ നടന്നിട്ടുള്ള വിവിധ പണിക ളുടെ പൂർത്തീകരണത്തിന് നേതൃത്വം നൽകി. മലങ്കരസഭ അസ്സോസി യേഷൻ മാനേജിംഗ് കമ്മിറ്റിയിൽ അംഗമായിരുന്നു. അച്ചന്റെ മൂത്ത പുത്രനാണ് മട്ടയ്ക്കൽ ജോർജ് കത്തനാർ. 1975 ജനുവരി 2-നു നിര്യാത നായി.

46. ഹൂദൊസ് ഈത്തോ: സഭയുടെ പുതുക്കം. സഭാകലണ്ടറിലെ രണ്ടാം ഞായർ.

47. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (കോട്ടയം ഓർത്ത ഡോക്സ് വൈദികസെമിനാരി സ്ഥാപകൻ). കേരള നവോത്ഥാനത്തിന്റെ പ്രാരംഭകൻ. തിരുവിതാംകൂറിലെ ആദ്യ ഇംഗ്ലീഷ് വിദ്യാഭ്യാസകേന്ദ്രമായി കോട്ടയത്ത് വൈദികസെമിനാരി സ്ഥാപിച്ചു. 1815 മാർച്ച് 22-നു മെത്രാപ്പോലീത്തായായി. 1816 നവംബർ 24-നു കാലം ചെയ്തു. സെമിനാരി ചാപ്പലിൽ കബറടക്കി.

48. കൊല്ലം - കോട്ടയം റയിൽപാത 1958 ജനുവരി 6-നാണ് ഉദ്ഘാടനം ചെയ്തത്. ഉദ്ഘാടനത്തിനു മുമ്പ് റയിൽപാത പരിശോധിക്കാനായി ഓടിയ ട്രയിൻ കണ്ട കാര്യമാണ് ഇവിടെ എഴുതിയിരിക്കുന്നതെന്നു തോന്നുന്നു.

49. പ്രമുഖ അൽമായ നേതാവും പൊതുപ്രവർത്തകനും. ദേവലോകം കാതോലിക്കേറ്റ് അരമന ഇരിക്കുന്ന സ്ഥലം സഭയ്ക്കുവേണ്ടി വാങ്ങിക്കുന്നതിൽ മാമ്മൻ മാപ്പിളയ്ക്കൊപ്പം സുധീര നേതൃത്വം നൽകി. കോട്ടയം തിരുനക്കര മൈതാനത്തിന്റെ പ്രധാന കവാടം ഇദ്ദേഹത്തിന്റെ സ്മരണയ്ക്കായി നിർമ്മിച്ചിരിക്കുന്നു.

50. ഇപ്പോൾ മാങ്ങാനം മാർ എബനേസർ ദേവാലയം. സമുദായക്കേസ് നടക്കുന്ന സമയത്ത് പ. ബാവാ തിരുമേനി കുറെക്കാലം ഇവിടെ താമസിച്ചിരുന്നു. പഴയസെമിനാരി വിട്ടുകൊടുക്കേണ്ടി വരുമോ എന്ന ഭയത്തിലാണ് ഇവിടെ താമസിച്ചത്. സ്ഥാപകനായ ചെറിയമഠത്തിൽ സ്കറിയാ മല്പാനും കുറെക്കാലം ഇവിടെ താമസിച്ചിരുന്നു.

51. പഴഞ്ഞി പള്ളി വികാരി അബ്രഹാം കത്തനാർ.

52. ഫാ. എൻ. ജി. കുര്യൻ എം.എ., ബി.ഡി. (നാടാവള്ളിൽ, മാവേലിക്കര). 1884 ഫെബ്രുവരി 27-നു ജനിച്ചു. 1964 ഡിസംബർ 24-നു നിര്യാതനായി. പ്രമുഖ സുവിശേഷ പ്രസംഗകൻ. മലങ്കരസഭയിലെ ബി.ഡി. ബിരുദധാരിയായ ആദ്യകാല പുരോഹിതന്മാരിൽ ഒരാൾ.

53. ഫാ. പി. എം. ഈപ്പൻ: തിരുവനന്തപുരം പ്ലാവിനാൽ മത്തായിയുടെ പുത്രൻ. 1929 ജനുവരി 16-നു ജനിച്ചു. 28-11-1953 ൽ വൈദികനായി. തിരുവനന്തപുരം പള്ളിയിൽ സുദീർഘകാലം വികാരിയായിരുന്നു. തിരുവനന്തപുരം പള്ളിക്ക് ചാപ്പലുകൾ ഉണ്ടായതും വിവാദവിഷയമായിത്തീർന്ന മാർ ബസ്സേലിയോസ് സ്മാരക കെട്ടിടം പണിയിക്കാൻ നേതൃത്വം നൽകിയതും വിവാഹിതനായ ഇദ്ദേഹമാണ്. ഭദ്രാസന കൗൺസിലംഗം, ഭദ്രാസന മർത്തമറിയം സമാജം വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു.

54. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

(1885-1965). പാമ്പാടി തിരുമേനിയെന്ന് അറിയപ്പെട്ടു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ (1929-1965). കുന്നംകുളത്ത് പ്ലേഗ് പടർന്നു പിടിച്ചപ്പോൾ പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ നിർദ്ദേശാനുസരണം അവിടെയെത്തി. തിരുമേനിയുടെ പ്രാർത്ഥനയാൽ പ്ലേഗ് ബാധ അവസാനിച്ചു. 1965 ഏപ്രിൽ 5-നു കാലം ചെയ്തു. പാമ്പാടി പൊത്തമ്പുറം ദയറായിൽ കബറടക്കി. "പ. പരുമല തിരുമേനിയുടെ ആത്മബീജം ലഭിച്ചയാൾ" എന്നാണ് പ. ഗീവറുഗീസ് രണ്ടാമൻ ബാവാ തന്റെ ശിഷ്യൻ കൂടിയായ പാമ്പാടി തിരുമേനിയെക്കുറിച്ച് സാക്ഷിച്ചിട്ടുള്ളത്.

55. അന്ത്യോഖ്യൻ സുറിയാനി സഭയിലെ ഒരു മെത്രാപ്പോലീത്താ. പ. വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കു തീർത്ത കല്പന കൊടുത്ത് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് മലങ്കരയിലേക്ക് വട്ടശ്ശേരിൽ തിരുമേനിക്കൊപ്പം അയച്ചു. വട്ടശ്ശേരിൽ തിരുമേനിയുടെ എതിർ ഗ്രൂപ്പ് അയച്ച ദൂതന്, പണം വാങ്ങി മുടക്കു തീർത്ത കല്പന നൽകി സഭാ സമാധാനം അട്ടിമറിച്ചു. അന്ത്യോഖ്യൻ ഡലിഗേറ്റ് എന്ന് അവകാശപ്പെട്ടു. പ. വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതായി പ്രഖ്യാപിച്ചു. സമുദായക്കേസിൽ കോടതിയിൽ നിരവധി വ്യാജരേഖകൾ ഉണ്ടാക്കി ഹാജരാക്കി. വ്യാജരേഖ ഉണ്ടാക്കുന്നത് നേരിട്ടു കണ്ട ഫാ. ഡോ. വി. സി. സാമുവേൽ പാത്രിയർക്കീസ് വിഭാഗം ഉപേക്ഷിച്ചു പോരികയുണ്ടായി. പ. ഗീവർഗീസ് ദ്വിതീയൻ ബാവായോടൊപ്പം സഭാസമാധാന ശ്രമത്തിനായി അന്ത്യോഖ്യായിലേക്കു പോയി. സഭാ സമാധാനത്തെ അട്ടിമറിക്കുവാൻ വേണ്ടതെല്ലാം ചെയ്ത് യാത്ര വിഫലമാക്കി. ഒടുവിൽ 1958-ൽ സഭാ സമാധാനമുണ്ടായപ്പോൾ പാത്രിയർക്കീസിന്റെ കല്പന കൈമാറാനും പ. കാതോലിക്കാ ബാവായുടെ കല്പന സ്വീകരിക്കാനും ഭാഗ്യം ലഭിച്ചു. മഞ്ഞനിക്കരയായിരുന്നു താമസം. 1962 ഫെബ്രുവരി 19-നു കാലം ചെയ്തു. മഞ്ഞനിക്കര ദയറായിൽ കബറടക്കി.

56. റാന്നി-പെരുനാട് ബഥനി ആശ്രമത്തിനു തൊട്ടുതാഴെയുള്ള ഇടവകപ്പള്ളി.

57. പി. സി. ചെറിയാൻ: രാഷ്ട്രീയ പ്രവർത്തകൻ. സഭാ മാനേജിംഗ് കമ്മിറ്റിയംഗം, പ്ലാനിംഗ് കമ്മിറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരള നിയമസഭാ മെംബർ ആയിട്ടുണ്ട്. കോട്ടയം പടിഞ്ഞാറേക്കര കുടുംബാംഗം. 1989 ഓഗസ്റ്റ് 31-ന് അന്തരിച്ചു.

58. പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര, കോട്ടയം (1922-2010). അൽമായ പ്രമുഖനും വ്യവസായിയും. ദീർഘകാലം മലങ്കര അസോസ്യേഷൻ സെക്രട്ടറി (25-03-1966 - 10-07-1980; മൂന്നു തവണ) സഭാ അൽമായ ട്രസ്റ്റി (01.05.1980 - 21.03.2007) സ്ഥാനങ്ങൾ വഹിച്ചു. 2010 ഏപ്രിൽ 13-നു നിര്യാതനായി. കോട്ടയം പുത്തൻപള്ളിയിൽ കബറടക്കി.

59. കെ. എം. ചെറിയാൻ (1897–1973). കെ. സി. മാമ്മൻ മാപ്പിളയുടെ മകൻ. അൽമായ പ്രമുഖനും പത്രാധിപരും വ്യവസായിയും. ദീർഘകാലം മലയാള മനോരമയുടെ പത്രാധിപരായിരുന്നു (1954–1973). സർ സി. പി. പൂട്ടിയശേഷം വീണ്ടും ആരംഭിച്ച മനോരമയെ ഒന്നുമില്ലായ്മയിൽ നിന്ന് ഉയർത്തിക്കൊണ്ടു വന്നു. ഇദ്ദേഹത്തിന്റെ കാലത്ത് മനോരമയുടെ പ്രചാരം കൂടി. കോഴിക്കോട് എഡിഷൻ, ബാലരമ എന്നിവ തുടങ്ങി. ആഴ്ചപ്പതിപ്പ് പുനരാരംഭിച്ചു. പത്രലോകത്ത് പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യാ, ഇന്ത്യൻ ആൻഡ് ഈസ്റ്റേൺ ന്യൂസ് പേപ്പർ സൊസൈറ്റി, കേരളത്തിലെ പത്ര ഉടമകളുടെ സംഘടന എന്നിവയുടെ പ്രസിഡണ്ടായിരുന്നു. 1965–ൽ പത്മശ്രീയും 1970–ൽ പത്മഭൂഷണും നൽകി രാഷ്ട്രം ഇദ്ദേഹത്തെ ആദരിച്ചു. 1973 മാർച്ച് 14–ന് അന്തരിച്ചു. കോട്ടയം പുത്തൻപള്ളിയിൽ കബറടക്കി.

60. കൊല്ലാട് പെമ്പകശ്ശേരിൽ കൊച്ചുകൊച്ച്. ആയുർവേദ ഭിഷഗ്വരനും അൽമായ പ്രമുഖനും. അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള കോട്ടയത്തെ കിരീടധാരണം വൈദ്യശാലയിലാണ് അൽമായ പ്രമുഖർ ഒത്തുകൂടിയിരുന്നത്. പ. ബാവാ തിരുമേനിയുമായി വളരെ അടുപ്പം പുലർത്തിയിരുന്നു. നിര്യാതനായി. കൊല്ലാട് പള്ളിയിൽ കബറടക്കി.

61. പിന്നീട് വെരി. റവ. കെ. വി. ജോൺ കോർഎപ്പിസ്ക്കോപ്പാ കൊടുവത്ത്. 1927–ൽ കോട്ടയം കൊല്ലാട്ടു ജനിച്ചു. പുതുപ്പള്ളിപള്ളി ഇടവകാംഗം. കോട്ടയം ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ ശുശ്രൂഷ ചെയ്തു. റിട്ട. അദ്ധ്യാപകൻ.

62. കോട്ടയം ഭദ്രാസനത്തിലെ മൂലവട്ടം (മൂലേടം) സെന്റ് മേരീസ് ദേവാലയം.

63. മലങ്കരസഭാ സമാധാനത്തിനായി യുവജനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിച്ച പ്രസ്ഥാനം. 1950–കളിൽ സമാധാനത്തിനായി ഒട്ടേറെ ശ്രമങ്ങൾ ഈ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി. കോട്ടയം കുരിശുപള്ളിയിൽ ഉപവാസ സമരം നടത്തി. ചിങ്ങവനത്ത് ഇരു കക്ഷികളിലെയും മെത്രാപ്പോലീത്തന്മാർ, പ്രസ്ഥാനം തയ്യാറാക്കിയ വ്യവസ്ഥകളിൽ ഒപ്പു വയ്ക്കാതെയിരുന്നപ്പോൾ യുവജനങ്ങൾ രോഷാകുലരായി പ്രതികരിക്കുകയും ഭീഷണിപ്പെടുത്തി ഒപ്പു വയ്പിക്കുകയും ചെയ്തു. വ്യവസ്ഥകൾ അന്ത്യോഖ്യാ പാത്രിയർക്കീസിന് അയച്ചുകൊടുത്തെങ്കിലും അദ്ദേഹം അത് അംഗീകരിക്കാതിരുന്നതിനാൽ യുവജനങ്ങളുടെ സമാധാനശ്രമങ്ങൾ പരാജയപ്പെട്ടു. 1958–ൽ നടന്ന സഭാ സമാധാനത്തിന് യുവജനങ്ങളുടെ ഈ അടങ്ങാത്ത സമാധാന വാഞ്ചയും ശ്രമങ്ങളും ഉപവാസവും പ്രാർത്ഥനയും പ്രചോദനമായി.

64. ലോക പ്രസിദ്ധ സുവിശേഷകൻ.

65. മല്ലപ്പള്ളി സ്വദേശി. 1858-ൽ ജനിച്ചു. 1891-ൽ മലങ്കര മല്പാൻ. 1908-ൽ മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടു. 1908 മെയ് 31-ന് യേറുശലേമിൽ വെച്ച് മാർ ദീവന്നാസ്യോസ് ആറാമനായി വാഴിക്കപ്പെട്ടു. 1909-ൽ മലങ്കര മെത്രാപ്പോലീത്താ. 1934 ഫെബ്രുവരി 23-നു കാലം ചെയ്തു. കോട്ടയം പഴയസെമിനാരിയിൽ കബറടക്കി. 2002 ഫെബ്രുവരിയിൽ മലങ്കര ഓർത്തഡോക്സ് സഭ ഇദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

66. റാവു സാഹിബ് ഡോ. ചീരൻ വർഗ്ഗീസ് (1882-1958): കുന്നംകുളം ചീരൻ തറവാട്ടിൽ വറീയത് - മാത്തിരി ദമ്പതികളുടെ മകനായി 1882-ൽ ജനിച്ചു. കുന്നംകുളം സ്വദേശിയായ ആദ്യത്തെ ഡോക്ടർ. 1914-ൽ മദ്രാസിൽ നിന്ന് ബിരുദം നേടി. ഡോക്ടർ, ഹോസ്പിറ്റൽ സൂപ്രണ്ട്, ഡി.എം.ഒ. എന്നീ നിലകളിൽ പ്രവർത്തിച്ചു. മദ്രാസിലെ ഓർത്തഡോക്സ് പള്ളിയുടെ സ്ഥാപകരിൽ പ്രമുഖൻ. സിറിയൻ വിദ്യാർത്ഥി കോൺഫ്രൻസിന്റെ മുഖ്യ സംഘാടകൻ, സ്ലീബാദാസ സമൂഹത്തിന്റെ മുഖ്യ പ്രോത്സാഹകൻ, സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സിന്റെ സ്ഥാപകരിലൊരാൾ, ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിന്റെ സ്ഥാപകസുഹൃത്ത് എന്നീ നിലകളിൽ സേവനം ചെയ്തു. 1958 മാർച്ച് 4-ന് നിര്യാതനായി. തൃശ്ശൂർ പടിഞ്ഞാറെകോട്ട സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ കബറടക്കി.

67. പത്തനംതിട്ട സ്വദേശിയായ പ്രശസ്ത സുറിയാനി മല്പാൻ.

68. സുറിയാനി കണക്കിൽ മീനം 25 (പുതിയ കണക്കിൽ ഗ്രിഗോറിയൻ കലണ്ടർ പ്രകാരം മാർച്ച് 25). ദൈവമാതാവിനോട് ഗബ്രിയേൽ മാലാഖാ യേശുക്രിസ്തുവിന്റെ ജനനവാർത്ത അറിയിച്ചതിന്റെ ഓർമ പെരുനാൾ. ഇത് ദുഃഖവെള്ളിയാഴ്ച അടക്കം ഏതു ദിവസം വന്നാലും വി. കുർബാന അർപ്പിക്കണം.

69. ഓശാന - യേശുക്രിസ്തു കഴുതപ്പുറത്തേറി യറുശലേമിൽ പ്രവേശിച്ചതിന്റെ അനുസ്മരണദിനമാണ് ഓശാന.

70. യേശുക്രിസ്തു ശിഷ്യന്മാരുമൊത്ത് പെസഹാ ആഘോഷിച്ചതിന്റെ (അന്ത്യഅത്താഴം കഴിച്ചതിന്റെ) ഓർമ്മ. പെസഹാ = Passover = കടന്നുപോക്ക്. യഹോവയുടെ കല്പനപ്രകാരം ഈജിപ്റ്റിൽ വച്ച് യിസ്രായേൽ ജനം പെസഹാ ആചരിച്ചതിന്റെ ഓർമ്മയാണ് യഹൂദ പെസഹാ. യേശുക്രിസ്തു വി. കുർബ്ബാന സ്ഥാപിച്ചതിന്റെ ഓർമ്മയ്ക്കായി ക്രിസ്തീയ പെസഹ ആചരിക്കുന്നു. യേശുക്രിസ്തു പഴയനിയമത്തെ ആചരിക്കുകയും പുതുക്കുകയും ചെയ്തു. അപ്രകാരം യഹൂദന്മാരുടെ

പെസഹായ്ക്കു പകരം വിശുദ്ധ കുർബ്ബാന സ്ഥാപിച്ചു. ലൂക്കോസ് 22:14-22.

71. പെസഹാ പെരുന്നാളിൽ യേശുക്രിസ്തു ശിഷ്യന്മാരുടെ കാലുകൾ കഴുകിയതിനെ അനുസ്മരിക്കുന്ന ശുശ്രൂഷ.

72. യേശുക്രിസ്തുവിന്റെ ക്രൂശാരോഹണത്തെ അനുസ്മരിച്ചു കൊണ്ടുള്ള ശുശ്രൂഷകൾ നടത്തുന്ന ഈ ദിനത്തെ 'വലിയ വെള്ളിയാഴ്ച' (Good Friday) എന്നാണ് പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യം വിശേഷിപ്പിക്കുന്നത്.

73. യേശുക്രിസ്തുവിന്റെ പാതാള പ്രവേശനത്തെ അനുസ്മരിക്കുന്ന ദിനം.

74. അനുരഞ്ജന ശുഷ്രൂഷ. വിശ്വാസികൾ പരസ്പരം 'സമാധാനം' (കൈകസ്തൂരി) കൈമാറുന്നു. 50 നോമ്പിന്റെ ആദ്യ ദിനത്തിലും ഉയിർപ്പു പെരുന്നാളിലുമാണ് സാധാരണ ശുബുക്കോനോ ശുശ്രൂഷ നടത്തുന്നത്.

75. വി. ഐ. മാത്യൂസ് കോറെപ്പിസ്ക്കോപ്പാ. വിദ്യാഭ്യാസ പ്രവർത്തകൻ, എഴുത്തുകാരൻ, ബാംഗ്ലൂരിലെ പ്രശസ്തമായ ഫാ. മാത്യൂസ് കോളജ് ഓഫ് നഴ്സിംഗിന്റെ സ്ഥാപകൻ. 1960-കളിൽ മലബാർ ഭദ്രാസനത്തിൽ വിവിധ പള്ളികളിൽ സേവനമനുഷ്ഠിച്ചു. പ്രശസ്തമായ ചുങ്കത്തറ കൺവൻഷന്റെ പ്രാരംഭകൻ.

76. ഫാ. പി. എസ്സ്. ശമുവേൽ കോറെപ്പിസ്ക്കോപ്പാ. 28-7-1927-ൽ മെഴുവേലിയിൽ ജനനം. പുത്തൻകാവിൽ മാർ പീലക്സീനോസിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചു. കുന്നംകുളത്തു വച്ച് അദ്ദേഹം കാലം ചെയ്യുമ്പോൾ കൂടെ ഉണ്ടായിരുന്നു. പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ സെക്രട്ടറിയായും കുറെക്കാലം പ്രവർത്തിച്ചു. ദീർഘകാലം അമേരിക്കയിൽ വൈദികനായി സേവനമനുഷ്ഠിച്ചു.

77. പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ സെക്രട്ടറിയായിരുന്നു. 1932 ഒക്ടോബർ 26-നു ഇളമണ്ണൂരിൽ ജനനം. നിരണം ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ സേവനമനുഷ്ഠിച്ചശേഷം 1981 മുതൽ അമേരിക്കയിൽ. 1984-ൽ കോറെപ്പിസ്ക്കോപ്പായായി.

78. ക്യംതാ = ഉയിർപ്പ് (സുറിയാനി വാക്ക്).

79. യേശുക്രിസ്തുവിന്റെ മരണത്തെ ജയിച്ചുകൊണ്ടുള്ള ഉയിർത്തെഴുന്നേല്പിനെ അനുസ്മരിക്കുന്ന പെരുന്നാൾ - ഈസ്റ്റർ.

80. = ദേവാലയ കാര്യവിചാരകൻ.

81. ഉയിർപ്പു പെരുന്നാളിനു ശേഷമുള്ള ഒരാഴ്ചയെ 'വെണ്മയുടെ ആഴ്ച' (ഹേവോറോ ആഴ്ച) എന്നു വിളിക്കുന്നു. 'ഹേവോറോ' എന്ന സുറിയാനി പദത്തിന് 'വെണ്മ', 'ധവളിമ' എന്നാണർത്ഥം.

82. പിന്നീട് യാക്കോബ് മാർ പോളിക്കർപ്പോസ് (1921-1986). വൈദിക നായിരിക്കെ സഭയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ അദ്ധ്യാപക നായും പ്രധാനാദ്ധ്യാപകനായും പ്രവർത്തിച്ചു. കൊച്ചി ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്താ (1978-1986). 1986 ഡിസംബർ 26-നു കാലം ചെയ്തു. കൊരട്ടി സീയോൻ സെമിനാരിയിൽ കബറടക്കി.

83. മുഖത്തലപള്ളി ഇടവകാംഗവും അവിടുത്തെ വൈദികനും ആയി രുന്നു. ആ പള്ളിയിൽ കബറടക്കി. പള്ളി പുതുക്കി പണിതപ്പോൾ കബ റിടം പള്ളിക്കുള്ളിലായിത്തീർന്നു. വയലിൽ പണിയിപ്പിച്ചുകൊണ്ടു നിന്ന അച്ചനും ആ പറമ്പിനരികിലുള്ള വയലിന്റെ ഉടമസ്ഥനായ വ്യക്തിയും തമ്മിലുണ്ടായ വാക്കുതർക്കവും അടിപിടിയും രണ്ടു പേരുടെയും മരണ ത്തിലാണ് കലാശിച്ചത്. അച്ചൻ അടിയേറ്റ സ്ഥലത്തു വച്ചു തന്നെ മരിച്ചു. അയൽവാസി കുറെ ദിവസം ആശുപത്രിയിൽ അത്യാസന്നനിലയിൽ കിടന്നിട്ടാണ് മരിച്ചത്.

84. ചെറുവത്തൂർ യാക്കോബ് കോർഎപ്പിസ്കോപ്പാ. 15-2-1886-ൽ ജനനം. പഴഞ്ഞിയിൽ വച്ച് മാർ ദീവന്നാസ്യോസ് രണ്ടാമൻ 1904 ഏപ്രിൽ 19-ന് കോറൂയോപട്ടം നൽകി. പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് കശീശ്ശാപട്ടം നൽകി. 'കണ്ടിക്കൽ അച്ചൻ' എന്ന് വിളിപ്പേർ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ കോറെപ്പിസ്ക്കോപ്പാസ്ഥാനം നൽകി. തൃശൂർ പള്ളിയുടെ പിരിവിനായി ഇദ്ദേഹം അധ്വാനിച്ചിട്ടുണ്ട്. 9-4-1958-ൽ നിര്യാ തനായി. ആർത്താറ്റ് പഴയപള്ളിയിൽ കബറടക്കി.

വട്ടശ്ശേരിൽ തിരുമേനിയെ അബ്ദള്ളാ പാത്രിയർക്കീസ് മുടക്കിയതിനു ശേഷം അദ്ദേഹത്തിൽ നിന്നും ആദ്യം പട്ടമേറ്റതിദ്ദേഹമാണ്. അദ്ദേഹ ത്തിനെതിരെ ഇടവക വ്യവഹാരപ്പെട്ടു. പൊതുയോഗ തീരുമാനപ്രകാരം നൽകിയ വ്യവഹാരം പിന്നീട് പിൻവലിക്കുകയായിരുന്നു.

85. ചെമ്മണ്ണൂർ പത്രോസ് കത്തനാർ. ചെമ്മണ്ണൂർ ചാക്കുണ്ണി-അച്ചായി ദമ്പതികളുടെ പുത്രനായി 19-4-1920-ൽ ജനിച്ചു. സെക്കണ്ടറി വിദ്യാ ഭ്യാസം. 21-1-1938-ന് ഗീവറുഗീസ് ദ്വിതീയൻ ബാവാ ആർത്താറ്റ് വച്ച് കോറൂയോ സ്ഥാനം നൽകി. കോട്ടയം സി.എം.എസ്. കോളജിൽനിന്ന് ഇന്റർമീഡിയറ്റ് പാസ്സായി. 28-8-1942-ൽ യൗപ്പദ്യക്കിനോ സ്ഥാനം പഴയ സെമിനാരിയിൽ വച്ച് ബാവാ നൽകി. വൈദികസെമിനാരിയിൽ ചെറിയ മഠത്തിൽ സ്കറിയാ മല്പാൻ മുഖ്യ ഗുരു. പ്രശസ്ത വിജയത്തിന് സമ്മാ നാർഹനായിട്ടുണ്ട്. വിവാഹിതൻ. 2-4-1944 ന് വടകര സെന്റ് ജോൺസ്

പള്ളിയിൽ വച്ച് ഔഗേൻ മാർ തീമോത്തിയോസ് പൂർണ്ണ ശെമ്മാശു പട്ടവും 7-4-1944 ൽ ആർത്താറ്റ് പള്ളിയിൽവച്ച് കശ്ശീശാപട്ടവും നൽകി. ആർത്താറ്റ് സെന്റർ വൈദിക സെക്രട്ടറിയായിരുന്നു. 82-ാം വയസ്സിൽ 4-7-2002-ൽ നിര്യാതനായി. 5-7-2002-ൽ പൗലോസ് മാർ മിലിത്തിയോസ് ആർത്താറ്റ് പള്ളിയിൽ കബറടക്കി. ആർത്താറ്റ് പള്ളിയിൽ നിന്ന് റിട്ടയർ ചെയ്ത് ഏതാനും വർഷം അടുപ്പൂട്ടിപ്പള്ളിയുടെ വികാരിയായിരുന്നിട്ടുണ്ട്.

86. ഫാ. എ. ജി. ഗീവറുഗീസ് (കൊപ്പാറ, ചന്ദനപ്പള്ളി. 6-2-1900 - 26-7-1984). തുമ്പമൺ ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ സേവന മനുഷ്ഠിച്ചു. സഭാ മാനേജിംഗ് കമ്മിറ്റി മെംബർ, പത്തനംതിട്ട കാതോ ലിക്കേറ്റ് കോളജ് നിർമ്മാണ കമ്മിറ്റി കൺവീനർ എന്നീ നിലകളിൽ പ്രവർത്തിച്ചു. പൊതുപ്രവർത്തകൻ. ദേശത്തിന്റെ അഭിവൃദ്ധിക്കായി വിവിധ നിലകളിൽ പ്രയത്നിച്ചു. 1984 ജൂലൈ 26-നു നിര്യാതനായി. ചന്ദനപ്പള്ളി വലിയപള്ളിയിൽ കബറടക്കി.

87. ലോകപ്രസിദ്ധ ദൈവശാസ്ത്രജ്ഞനും സഭാചരിത്രകാരനും (1912-1998). ഓമല്ലൂർ സ്വദേശി. പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നു പട്ട മേറ്റ് പുരോഹിതനായി. മഞ്ഞനിക്കര ദയറായിൽ സുറിയാനി മല്പാനായി പ്രവർത്തിച്ചു. സമുദായക്കേസിൽ കാനോൻ വിദഗ്ധൻ എന്ന നിലയിൽ മൊഴി കൊടുത്തു. സമുദായക്കേസ് ജയിക്കാൻ മാർ യൂലിയോസ് നട ത്തുന്ന കള്ളത്തരങ്ങൾ കണ്ട് മനംനൊന്ത് കാതോലിക്കാ പക്ഷത്തേയ്ക്ക് പോന്നു. വിവാഹിതനാകാതെ വൈദികപട്ടം ഏറ്റ അദ്ദേഹം കശ്ശീശായാ യിരിക്കെ വിവാഹം ചെയ്തു. അത് വലിയ വിവാദങ്ങൾക്കു വഴി വച്ചു. പണ്ഡിതനായ അദ്ദേഹം അത് ശരിയാണെന്നു വാദിച്ചെങ്കിലും പ. ഗീവ റുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ നേതൃത്വത്തിലുള്ള സുന്ന ഹദോസ് അദ്ദേഹത്തിനെതിരെ ശിക്ഷണ നടപടി എടുത്തു. എൻ. എം. ഏബ്രഹാം (മനോരമ) നേതൃത്വം കൊടുത്ത എക്യുമെനിക്കൽ പ്രസി ദ്ധീകരണമായ 'ചർച്ച് വീക്ക്ലി' സുന്നഹദോസിന്റെ തീരുമാനത്തിനെ തിരെ അതിശക്തമായ വിമർശനം ഉന്നയിച്ച് പത്രാധിപ ലേഖനം എഴു തുകയും ഈ വിഷയം ചർച്ചയാക്കുകയും ചെയ്തു. ഈ വിഷയത്തെ ക്കുറിച്ചുള്ള പരാമർശങ്ങൾ ഈ ഡയറിയിൽ മറ്റു പല സ്ഥലത്തുമുണ്ട്.

എത്യോപ്യൻ സഭയുടെ ആഡിസ് അബാബയിലെ വൈദികസെമി നാരി റെക്ടറായി ദീർഘകാലം പ്രവർത്തിച്ചു. ബാംഗ്ലൂർ യു.റ്റി.സി. യിൽ അദ്ധ്യാപകനായിരുന്നു. കൽക്കദൂന്യ സുന്നഹദോസിനെക്കുറിച്ചുള്ള അദ്ദേ ഹത്തിന്റെ ഗവേഷണ പ്രബന്ധം, ബൈസന്റയിൻ - ഓറിയന്റൽ സഭ കൾ തമ്മിലുള്ള ചർച്ചകളിൽ നിർണ്ണായകമായി പ്രയോജനപ്പെട്ടു. ഈ ചർച്ചകളിലും സഭകൾ തമ്മിലുള്ള വിവിധ രാജ്യാന്തര സംവാദങ്ങളിലും അംഗമായി പ്രവർത്തിച്ചു.

1980-കളിൽ ബാംഗ്ലൂരിലെത്തിയ അദ്ദേഹം അവിടുത്തെ വിവിധ ദേവാലയങ്ങളിൽ ശുശ്രൂഷിച്ചു. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പ്രത്യേക താല്പര്യപ്രകാരം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ ഡീൻ ഓഫ് സ്റ്റഡീസ് ആയി പ്രവർത്തിച്ചു. 1998 നവംബർ 18-നു നിര്യാതനായി.

88. ഓശാന ഞായർ മുതൽ ദുഃഖശനിയാഴ്ച വരെയുള്ള വാരം.

89. ഫാ. റ്റി. ജി. സഖറിയാ (1930-2000). ചെങ്ങന്നൂർ കല്ലിശ്ശേരി സ്വദേശി. പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചു (1951-1965). എം.ഒ.സി. പബ്ലിക്കേഷൻസിന്റെ സ്ഥാപക സെക്രട്ടറി, മലങ്കരസഭാ മാസികയുടെ മാനേജർ, സണ്ടേസ്കൂൾ പബ്ലിക്കേഷൻ ഓഫീസർ, കാതോലിക്കേറ്റ് ഓഫീസ് സെക്രട്ടറി, കാതോലിക്കേറ്റ് അരമന മാനേജർ, കാതോലിക്കേറ്റ് പ്രസ്സ് മാനേജർ തുടങ്ങി വിവിധ നിലകളിൽ മൂന്ന് പതിറ്റാണ്ടോളം കാതോലിക്കേറ്റ് അരമനയിൽ താമസിച്ചുകൊണ്ട് സേവനമനുഷ്ഠിച്ചു. പ. ഗീവറുഗീസ് രണ്ടാമൻ ബാവാ, പ. ഔഗേൻ ബാവാ, പ. മാത്യൂസ് പ്രഥമൻ ബാവാ, പ. മാത്യൂസ് ദ്വിതീയൻ ബാവാ എന്നീ നാലു കാതോലിക്കാമാരോടൊപ്പം അവരുടെ വിശ്വസ്ഥനായി പ്രവർത്തിച്ചു. നിശബ്ദ സഭാസേവകനായിരുന്ന അദ്ദേഹം 2000-ൽ നിര്യാതനായി.

90. കോട്ടയം സി.എം.എസ്. കോളജ് ജംഗ്ഷനിൽ പ. വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്ത് ആരംഭിച്ച വിദ്യാർത്ഥികൾക്കു താമസ സൗകര്യത്തിനു വേണ്ടിയുള്ള കെട്ടിടം. ഇപ്പോൾ മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആസ്ഥാനവും വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ഹോസ്റ്റലും ഇവിടെ പ്രവർത്തിക്കുന്നു.

91. മുൻ കുറിപ്പ് 87 കാണുക. വൈദികനായിരിക്കെ വിവാഹം കഴിക്കാൻ ഹൂദായ കാനോനിൽ വ്യവസ്ഥ ഇല്ല. പൂർണ്ണ ശെമ്മാശനായിരിക്കെ വിവാഹം കഴിച്ചുകൊള്ളണം എന്നതാണ് ഓർത്തഡോക്സ് സഭയുടെ പാരമ്പര്യം. വൈദികർക്ക് രണ്ടാം വിവാഹത്തിനും സഭയിൽ വിലക്കുണ്ട്.

വി. സി. സാമുവേൽ അച്ചന്റെ വിഷയത്തിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ അദ്ദേഹത്തെ അനുകൂലിച്ചിരുന്നു എങ്കിലും പ. ബാവാ, സഭാപാരമ്പര്യങ്ങളിൽ നിന്നും അണുവിട വ്യതിചലിക്കുവാൻ സമ്മതിക്കായ്ക മൂലം അദ്ദേഹം നിശ്ശബ്ദനാകുകയാണ് ചെയ്തത്. പത്രോസ് മാർ ഒസ്താത്തിയോസിന്റെ നിലപാട് മാറ്റം ഡയറിയിൽ മറ്റൊരിടത്ത് പരാമർശിക്കുന്നുണ്ട്.

92. മുൻ കുറിപ്പ് 41 കാണുക.

93. മുൻ കുറിപ്പ് 61 കാണുക.

94. മുൻ കുറിപ്പ് 37A കാണുക.

95. പിന്നീട് തെയോഫോറസ് റമ്പാൻ കോറെപ്പിസ്ക്കോപ്പാ. ആറാട്ടുപുഴ സ്വദേശി. ദീർഘകാലം പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഓഫീസ് സെക്രട്ടറിയായി ദേവലോകം അരമനയിൽ താമസിച്ചു പ്രവർത്തിച്ചു. യുവജനപ്രസ്ഥാനം സെക്രട്ടറിയായി പ്രവർത്തിച്ചു. സഭയുടെ വിവിധ സ്കൂളുകളിൽ ഹെഡ്മാസ്റ്ററായിരുന്നു. ദേശീയ, സംസ്ഥാന അദ്ധ്യാപക അവാർഡുകൾ ലഭിച്ചു. നിര്യാതനായി.

96. ഫാ. എം. കെ. തോമസ്: അവിവാഹിത പട്ടക്കാരൻ. ദീർഘകാലമായി അമേരിക്കയിൽ സേവനമനുഷ്ഠിക്കുന്നു.

97. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിനു (രണ്ടാമൻ) പൗരോഹിത്യ ജൂബിലി സമ്മേളനത്തിൽ സഭാംഗങ്ങൾ നൽകിയ പുറംകുപ്പായമാണ് (വി. കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്ന കാപ്പാ) ജൂബിലിക്കുപ്പായം എന്ന പേരിൽ അറിയപ്പെടുന്നത്.

98. പിന്നീട് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് (1922–1996). ലോകപ്രശസ്ത ദാർശനികനും ചിന്തകനും വേദശാസ്ത്രജ്ഞനും ഗ്രന്ഥകാരനും. ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ (1976–1996). എത്യോപ്യൻ ചക്രവർത്തി ഹെയ്ലി സെലാസിയുടെ ഉപദേഷ്ടാവായിരുന്നു (1956–1959). 1996 നവംബർ 24–നു കാലം ചെയ്തു. കോട്ടയം ഓർത്തഡോക്സ് സെമിനാരി ചാപ്പലിൽ കബറടക്കി.

99. എത്യോപ്യൻ ചക്രവർത്തി ഹെയ്ലി സെലാസി (1891–1976) 1956–ൽ കേരളം സന്ദർശിച്ചപ്പോൾ പ. ഗീവർഗീസ് രണ്ടാമൻ ബാവായുമായി ദേവലോകം അരമനയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. കൂടുതൽ വിവരങ്ങൾക്ക് ഈ ഗ്രന്ഥത്തിന്റെ ആറാം ഭാഗത്തിലുള്ള പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ ലേഖനങ്ങൾ വായിക്കുക.

100. മലങ്കര ഓർത്തഡോക്സ് സഭയിലെ വിദ്യാർത്ഥികളുടെ സംഘടന. 1908–ൽ മദ്രാസിൽ സ്ഥാപിതം. 1955–ൽ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം എന്ന് പേരു മാറ്റി.

101. എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ അന്നത്തെ പ്രധാന ഇടയൻ.

102. ചെങ്ങന്നൂർ ബഥേൽ അരമന. പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സീനോസ് സ്ഥാപിച്ചത്. ഇപ്പോൾ ചെങ്ങന്നൂർ ഭദ്രാസന ആസ്ഥാനം.

103. കെ. എം. ഈപ്പൻ (1902–1985): കെ. സി. മാമ്മൻ മാപ്പിളയുടെ മൂന്നാമത്തെ പുത്രൻ. പ്രമുഖ അഭിഭാഷകൻ, ബാങ്കർ, പ്ലാന്റർ, വ്യവസായി. 1985 മെയ് 26–നു നിര്യാതനായി.

104. ജൂണിയർ കെ. എം. ചെറിയാൻ: കെ. സി. മാമ്മൻ മാപ്പിളയുടെ സഹോദരൻ അഡ്വ. കെ. സി. മാത്യുവിന്റെ പുത്രൻ. എം.ആർ.എഫിന്റെ പർച്ചേസിംഗ് മാനേജരായിരുന്നു.

105. പിന്നീട് പഴയസെമിനാരി മാനേജരായിരുന്ന താമരവേലിൽ ടി. വി. വറുഗീസ് കത്തനാർ.

106. മലയാള മനോരമ ദിനപ്പത്രത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കു വേണ്ടി കെ. സി. മാമ്മൻ മാപ്പിള ആരംഭിച്ച പ്രസ്ഥാനമാണ് ബാലജനസഖ്യം.

107. എം.ഡി. സെമിനാരി സ്കൂളിൽ ഹെഡ്മാസ്റ്ററായി ദീർഘകാലം പ്രവർത്തിച്ചു. സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ മുൻനിര നേതാക്കളിൽ ഒരാൾ. നിര്യാതനായി.

108. കോട്ടയത്തു നിന്നും 1946 മുതൽ പ്രസിദ്ധീകരിച്ചു വന്നിരുന്ന ഒരു എക്യുമെനിക്കൽ വാരിക. എൻ. എം. ഏബ്രഹാം നാലാത്ര ദീർഘകാലം പത്രാധിപരായിരുന്നു. സഭാ സമാധാനത്തിനു വേണ്ടിയും സഭയിലെ തെറ്റായ പ്രവണതകൾക്കെതിരെയും പ്രവാചകശബ്ദത്തോടെ നിലകൊണ്ടു. ചർച്ച് വീക്കിലിയുടെ വിമർശനാത്മക സമീപനത്തെ ഉൾക്കൊള്ളാനാവാതെ പ. ഗീവറുഗീസ് രണ്ടാമൻ ബാവാ പൊട്ടിത്തെറിക്കുന്നത് ഈ ഡയറിയിൽ പലയിടത്തും കാണാം. പത്രാധിപരായിരുന്ന എൻ. എം. ഏബ്രഹാമിനെ സ്വകാര്യമായും പരസ്യമായും വിമർശിച്ചിരുന്ന ചില ഘട്ടങ്ങളിൽ പ. ബാവാതിരുമേനിയെ നേരിൽ പോയി കാണാതെ മാറി നടന്നിരുന്ന തന്റെ വാത്സല്യവാനായ അവറാച്ചനെ ബാവാ മനോരമയിലെത്തി കാണുകയുണ്ടായി. 'തന്നെ ദേവലോകത്തോട്ടൊന്നും കാണുന്നില്ലല്ലോ' എന്നു പറഞ്ഞുകൊണ്ട് വിവാദങ്ങളൊന്നും സ്പർശിക്കാതെ വാത്സല്യപൂർവ്വം പെരുമാറിയ ബാവായെ, കണ്ണുനീരോടെ സ്വീകരിച്ച സംഭവം എൻ. എം. ഏബ്രഹാം ഒരു ലേഖനത്തിൽ (മലങ്കരസഭ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ ജന്മശതാബ്ദി സ്മരണിക) എഴുതിയിട്ടുണ്ട്. ചർച്ച് വീക്ക്ലി 1980–കൾ മുതൽ ആലുവാ ഫെലോഷിപ്പ് ഹൗസിൽ നിന്നു പ്രസിദ്ധീകരിച്ചു വരുന്നു. ഇപ്പോൾ മാസികയായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്.

109. എൻ. എം. ഏബ്രഹാം (1905–1980): അൽമായ നേതാവും പത്രപ്രവർത്തകനും. കോട്ടയം ഒളശ്ശ നാലാത്ര എൻ. ഐ. മാത്യു–ഏലിയാമ്മ

ദമ്പതികളുടെ പുത്രൻ. 1905 ഏപ്രിൽ 5-ന് ജനനം. ആലുവാ യു. സി. കോളജിൽ നിന്ന് ബിരുദം. കോളജിന്റെ സഞ്ചാര സെക്രട്ടറിയായി ഇന്ത്യ, സിലോൺ, ബർമ്മ എന്നിവിടങ്ങളിൽ പര്യടനം നടത്തി. അദ്ധ്യാപകൻ, മലയാള മനോരമയുടെ അസിസ്റ്റന്റ് മാനേജർ, സീനിയർ അസിസ്റ്റന്റ് എഡിറ്റർ, ലീഡർ റൈറ്റർ സ്ഥാനങ്ങളിൽ പ്രവർത്തിച്ചു. ആലുവ ഫെലോ ഷിപ്പ് ഹൗസ്, മഹിളാലയം, തടാകം എന്നിവിടങ്ങളിൽ പ്രവർത്തനം. ഓർത്തഡോക്സ് - മാർത്തോമ്മാ അനൗദ്യോഗിക ഡയലോഗിന്റെ സെക്രട്ടറി. 1946-ൽ കോട്ടയത്തു നിന്ന് ആരംഭിച്ച ചർച്ച് വീക്കിലിയുടെ സ്ഥാപക എഡിറ്റർ. മലങ്കരസഭയിലെ കക്ഷിവഴക്കുകൾ അവസാനിക്കു വാനും സഭാ സമാധാനത്തിനുമായി ഏറെ പ്രവർത്തിക്കുകയും എഴുതു കയും ചെയ്തു. 1980 ഫെബ്രു. 8-ന് നിര്യാതനായി.

110. മലങ്കര ഓർത്തഡോക്സ് സഭയിലെ യുവജനങ്ങൾക്കു വേണ്ടി യുള്ള ആത്മീയ പ്രസ്ഥാനമായ ഓർത്തഡോക്സ് യുവജനപ്രസ്ഥാനം. 1937-ൽ പ്രസ്ഥാനം ആരംഭിച്ചു. പി. ഇ. ദാനിയേൽ ക്ലേറി (ദാനിയേൽ പിലക്സീനോസ്) ആദ്യ സെക്രട്ടറി. 1967-ൽ ഭരണഘടന സിന്നഡ് അംഗീ കരിച്ചു. തുടർന്ന് പുതുപ്പള്ളി തോണിപുരയ്ക്കൽ ടി. സി. ഉമ്മൻ സെക്ര ട്ടറിയായി. ആരാധന, പഠനം, സേവനം എന്നിവയാണ് ലക്ഷ്യങ്ങൾ. കുന്നം കുളത്തും കോട്ടയത്തും ഓഫീസ് കെട്ടിടങ്ങൾ ഉണ്ട്. മാത്യൂസ് മാർ കൂറിലോസ്, തോമസ് മാർ തീമോത്തിയോസ്, ഗീവറുഗ്ഗീസ് മാർ ഒസ്താ ത്തിയോസ്, പൗലൂസ് മാർ മിലിത്തിയോസ്, യൂഹാനോൻ മാർ മിലി ത്തോസ് എന്നിവർ പ്രസിഡണ്ടുമാരായിരുന്നു. കോട്ടയത്തെ കേന്ദ്ര ഓഫീ സിൽ നിന്ന് 'ഓർത്തഡോക്സ് യുവജനം' എന്ന മാസിക പ്രസിദ്ധീകരി ക്കുന്നു. ഇടവക-മെത്രാസന-സഭാതലത്തിൽ പ്രവർത്തനങ്ങളുണ്ട്. യൂഹാനോൻ മാർ പോളിക്കർപ്പോസാണ് ഇപ്പോഴത്തെ പ്രസിഡണ്ട്.

111. റ്റി. സി. ഉമ്മനെ ബാവാ ഇവിടെ തള്ളിപ്പറയുന്നുവെങ്കിലും അദ്ദേഹം ഇപ്പോഴും ഓർത്തഡോക്സ് സഭയിൽ തന്നെ അംഗമായിരിക്കുന്നു. പുതു പ്പള്ളി നിലയ്ക്കൽപ്പള്ളി ഇടവകാംഗം. പുതുപ്പള്ളി തോണിപ്പുരയ്ക്കൽ ചാക്കോയുടെ പുത്രൻ. ബി.എ. പാസ്സായശേഷം ഓർത്തഡോക്സ് യുവ ജനപ്രസ്ഥാനം ജനറൽ സെക്രട്ടറി, കാസായുടെ ഓഫീസർ എന്നീ നില കളിൽ പ്രവർത്തിച്ചു. ഇപ്പോൾ മാങ്ങാനം മന്ദിരത്തോടനുബന്ധിച്ചു സാമൂഹ്യ സേവനപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു. മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ താമസിച്ചുകൊണ്ടാണ് താൻ അക്കാലത്ത് പ്രവർത്തിച്ചിരുന്നതെന്നും, ബാവാ തിരുമേനിയുടെ ബന്ധുവായ തന്നോ ടുള്ള വാത്സല്യം നിമിത്തം അവിടെ താമസിക്കുന്നതിലുള്ള അനിഷ്ടം അറിയിക്കുകയായിരുന്നുവെന്നുമാണ് ടി. സി. ഉമ്മൻ ഈ സംഭവത്തിന് നൽകുന്ന വിശദീകരണം.

112. ബഥനിയുടെ അലക്സിയോസ് മാർ തേവോദോസ്യോസ്. അദ്ദേഹത്തിന്റെ വീട്ടുപേരാണ് മട്ടയ്ക്കൽ.

113. പി. എൻ. നൈനാൻ പന്തലമുറിയിൽ. മുൻ കുറിപ്പ് 11 കാണുക.

114. ഫാ. പി. വി. വർഗീസ് ക്ലേറി. 29-10-1926-ൽ തോനയ്ക്കാട്ടു ജനിച്ചു. കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് ഓഫീസ് മാനേജരായിരുന്നു. ബഥനി ഈവാനിയോസ് കത്തോലിക്കാ സഭയിൽ ചേർന്നപ്പോൾ കൊണ്ടുപോയ സ്കൂളുകൾക്കു വേണ്ടി കേസു നടത്തി കുറെ സ്കൂളുകൾ വീണ്ടെടുത്തു. കോട്ടയം വൈദികസെമിനാരിയിൽ പാർട്ട് ടൈം അദ്ധ്യാപകനായി പ്രവർത്തിച്ചു. കോട്ടയം മെഡിക്കൽ കോളജിനു സമീപം പീസ് ഹില്ലും പാലായിൽ പീസ് കോർണറും ആരംഭിച്ച് സാമൂഹ്യ സേവന പ്രവർത്തനം നടത്തി. എം.ജി.ഒ.സി.എസ്.എം. സെക്രട്ടറിയായി പ്രവർത്തിച്ചു. 'മലങ്കരദീപം' എന്ന വാരിക കുറെക്കാലം പ്രസിദ്ധീകരിച്ചു. നിര്യാതനായി.

115. ഫാ. കെ. സി. തോമസ്. പിന്നീട് ഡോ. തോമസ് മാർ മക്കാറിയോസ്. ബോംബെ, അമേരിക്ക, യു.കെ-യൂറോപ്പ് എന്നീ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായി സേവനമനുഷ്ഠിച്ചു. 2009 ഫെബ്രുവരി 23-നു കാലം ചെയ്തു. ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടക്കി.

116. പിന്നീട് മാത്യൂസ് മാർ ബർണബാസ് (1924-2012). ഇടുക്കി (1982-1992), അമേരിക്ക (1992-2011) എന്നീ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായി സേവനമനുഷ്ഠിച്ചു. വൈദിക സെമിനാരി അദ്ധ്യാപകനായിരുന്നു. ഗ്രന്ഥകാരൻ. 2012 ഡിസംബർ 9-ന് കാലം ചെയ്തു. മാതൃ ഇടവകയായ വളയഞ്ചിറങ്ങര സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ ഡിസം. 12-ന് കബറടക്കി.

117. പിന്നീട് ഫാ. റ്റി. ജി. സഖറിയ. പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ സെക്രട്ടറിയായിരുന്നു. ബാവായുടെ ജീവചരിത്രം അദ്ദേഹം ജീവിച്ചിരിക്കെ തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

118. കെ. സി. മാത്യു (1880-1958). കെ. സി. മാമ്മൻ മാപ്പിളയുടെ സഹോദരൻ. സംസ്കൃതപണ്ഡിതൻ. പ്രമുഖ അഭിഭാഷകൻ. മനോരമയുടെ പത്രാധിപരായിരുന്നു. അഭിഭാഷക ജോലിയേക്കാൾ പത്രപ്രവർത്തനത്തെ ഇഷ്ടപ്പെട്ടു. സമസ്ത കേരള സാഹിത്യ പരിഷത്ത് ത്രൈമാസികത്തിന്റെ പത്രാധിപരായിരുന്നു.

119. മലങ്കര ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണം. 1944-ൽ പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ നേതൃത്വത്തിൽ ആരംഭിച്ചു.

120. ഫാ. കെ. എം. അലക്സാണ്ടർ (1925–1984): കോട്ടയം ഓർത്ത ഡോക്സ് വൈദിക സെമിനാരി അദ്ധ്യാപകനും (1953–1984) വൈസ് പ്രിൻ സിപ്പലുമായിരുന്നു. മാവേലിക്കര സ്വദേശി. സഭാ മാനേജിംഗ് കമ്മിറ്റി യംഗം. 1984 നവം. 18–ന് നിര്യാതനായി. മാവേലിക്കര പുതിയകാവ് പള്ളി യിൽ കബറടക്കി.

121. കെ. വി. മാമ്മൻ (കോട്ടയ്ക്കൽ, മാങ്ങാനം). പ്രശസ്ത പത്രപ്രവർ ത്തകനും ജീവചരിത്രകാരനും പ്രസാധകനും. മലയാള മനോരമ പത്രാ ധിപ സമിതിയിൽ ദീർഘകാലം സേവനമനുഷ്ഠിച്ചു. അദ്ദേഹം കോട്ട യത്ത് വൈ.എം.സി.എ. യിൽ താമസിച്ച് സി.എം.എസ്. കോളജിൽ പഠി ക്കുകയും ചർച്ച് വീക്ക്ലിയിൽ സബ് എഡിറ്ററായി സേവനമനുഷ്ഠിക്കു കയും ചെയ്യുന്ന കാലത്തെ കാര്യമാണ് ഇവിടെ പരാമർശിക്കുന്നത്. എം. ഡി. സെമിനാരിയിൽ താമസിച്ചിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ നടത്തിയിരുന്ന വിശ്വാസ പഠന ക്ലാസ്സിൽ കെ. വി. മാമ്മൻ പങ്കെടുത്തിരുന്നു. അതിനായി എം.ഡി. സെമിനാരിയിലെത്തു ന്നത് തടയണമെന്നാവും ബാവാ തിരുമേനി ഉദ്ദേശിച്ചതെന്ന് തോന്നുന്നു. അത്താനാസ്യോസ് മെത്രാപ്പോലീത്താ ഇക്കാര്യത്തിൽ യാതൊരു നട പടിയും സ്വീകരിച്ചില്ല എന്നു തോന്നുന്നു. അതുകൊണ്ട് ഈ നിരോധനം കെ. വി. മാമ്മൻ അറിഞ്ഞതുമില്ല.

2014–ൽ ബാവാ തിരുമേനിയുടെ ചരമ സുവർണ ജൂബിലി വർഷ ത്തിൽ അദ്ദേഹത്തിന്റെ ജീവചരിത്രം കെ. വി. മാമ്മൻ തയ്യാറാക്കി പ്രസി ദ്ധീകരിച്ചു. ബാവായുടെ ജീവചരിത്രം ഇംഗ്ലീഷിലും അദ്ദേഹം പ്രസിദ്ധീ കരിച്ചിട്ടുണ്ട്.

122. ഫാ. പി. വി. ജോസഫ്. പിന്നീട് ജോസഫ് മാർ പക്കോമിയോസ്. കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായിരുന്നു. 1991 ഓഗസ്റ്റ് 19–നു കാലം ചെയ്തു. മാതൃഇടവകയായ മുളക്കുളം കർമ്മേൽക്കുന്ന് പള്ളിയിൽ കബ റടക്കി.

123. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ (എം.ഡി. സെമിനാരി സ്ഥാപകൻ. 1833–1909). മലങ്കര മെത്രാപ്പോലീത്താ യായി ദീർഘകാലം പ്രവർത്തിച്ചു (1865–1909). കേരള നവോത്ഥാനത്തിന്റെ പ്രാരംഭ ശില്പി. പരുമല സെമിനാരി സ്ഥാപകൻ. 1909 ജൂലൈ 12–നു കാലം ചെയ്തു. പഴയസെമിനാരി ചാപ്പലിൽ കബറടക്കി.

124. ഫാ. പി. എം. ഫീലിപ്പോസ്, പുത്തേട്ടുകടുപ്പിൽ, തോട്ടയ്ക്കാട് (1902–1986). വിദ്യാഭ്യാസ പ്രവർത്തകൻ. പഞ്ചായത്ത് പ്രസിഡണ്ട് (1963–1979). സഭാ മാനേജിംഗ് കമ്മിറ്റിയംഗമായി പ്രവർത്തിച്ചു. തോട്ട യ്ക്കാട് മാർ അപ്രേം പള്ളി ഇടവകപട്ടക്കാരൻ (1933–1986). 1986 ജൂലൈ 11–നു നിര്യാതനായി. തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിൽ കബറടക്കി.

125. എം. സി. കുറിയാക്കോസ് റമ്പാൻ (1901–1958). മലങ്കര സഭാ അസോസിയേഷൻ സെക്രട്ടറി (1936–1938, 1944–1946). പഴയസെമിനാരി മാനേജരായി പ്രവർത്തിച്ചു. മലങ്കരസഭാ മാസികയുടെ പത്രാധിപർ ആയി രുന്നു. എഴുത്തുകാരനും ധ്യാനഗുരുവും. 1958 ജൂലൈ 17–ന് നിര്യാതനാ യി. പാത്താമുട്ടം സ്ലീബാ പള്ളിയിൽ കബറടക്കി.

126. രാഷ്ട്രീയ പ്രവർത്തകൻ. പരുമല സ്വദേശി

127. ഫാ. പി. എം. തോമസ് (1932–2005). പിന്നീട് റമ്പാൻ. പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിന്റെയും ബാലഭവനത്തിന്റെയും മഠത്തി ന്റെയും സ്ഥാപനത്തിൽ മുഖ്യപങ്കു വഹിച്ചു. ആൻഡമാൻസിൽ വൈദി കനായി സേവനമനുഷ്ഠിച്ചു. സന്യാസിശ്രേഷ്ഠൻ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ സാമൂഹ്യ സേവന പ്രവർത്ത നങ്ങളിൽ വലംകൈയായി പ്രവർത്തിച്ചു. കോട്ടയം അമയന്നൂർ സ്വദേശി. 2005 ഏപ്രിൽ 12–നു നിര്യാതനായി. പുതുപ്പാടി സെന്റ് പോൾസ് ആശ്രമ ചാപ്പലിൽ കബറടക്കി.

128. പുതുപ്പാടി പള്ളി വികാരിയായി സേവനമനുഷ്ഠിച്ചുകൊണ്ട് മണ മേൽ കുടുംബം സംഭാവന നൽകിയ സ്ഥലത്ത് സെന്റ് പോൾസ് ബാല ഭവൻ ആരംഭിക്കുവാൻ ബാവായുടെ അനുഗ്രഹം വാങ്ങിക്കുന്ന രംഗമാണ് ഇവിടെ പരാമർശിക്കുന്നത്. വിശദവിവരങ്ങൾക്ക് *മലങ്കരയുടെ സ്നേഹ പർവ്വം* (കെ. വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, 2011) എന്ന ഗ്രന്ഥം പുറം 27–28 കാണുക.

129. അൽമായ നേതാവും വ്യവസായ പ്രമുഖനും (1911–1993). ഇന്ത്യ യിലെ പ്രമുഖ സ്വകാര്യ ബാങ്കിംഗ് സ്ഥാപനമായി മാറിയിരിക്കുന്ന മുത്തൂറ്റ് എം. ജോർജ്ജ് ഗ്രൂപ്പിന്റെ സ്ഥാപകൻ. കോഴഞ്ചേരി സ്വദേശി. 1993 ജനുവരി 31–ന് നിര്യാതനായി. ദീർഘകാലം സഭാ മാനേജിംഗ് കമ്മി റ്റിയംഗമായിരുന്നു. ഇപ്പോഴത്തെ മലങ്കര ഓർത്തഡോക്സ് സഭാ അൽ മായ ട്രസ്റ്റി എം. ജി. ജോർജ്ജിന്റെ പിതാവ്.

130. മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയം. പിന്നീട് സെന്റ് പോൾസ് മിഷൻ ട്രയിനിംഗ് സെന്റർ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, ശെമ്മാശനായിരിക്കെ 1953–ൽ സ്ഥാപിച്ചു. 1979 മുതൽ സഭയുടെ മിഷൻ പരിശീലനകേന്ദ്രം.

131. പിന്നീട് ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് (2–10–1924 – 8–11–2007). കോട്ടയം പാത്താമുട്ടം സ്വദേശി. 1946–ൽ ഗീവറു ഗീസ് II കാതോലിക്കാ ശെമ്മാശപ്പട്ടവും 1947–ൽ കശ്ശീശാപട്ടവും നൽകി. 1975 ഫെബ്രു. 16–ന് മാർ തേവോദോസ്യോസ് എന്ന പേരിൽ മെത്രാപ്പോ

ലീത്താ ആയി. 1976-79 വരെ മദ്രാസ് ഭദ്രാസനത്തിന്റെ ചുമതല വഹിച്ചു. 1979 മുതൽ കൽക്കട്ടാ മെത്രാസനത്തിന്റെ ചുമതല വഹിച്ചു. 1991-ൽ ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരി ഓണററി ഡോക്ടറേറ്റ് നൽകി.

ഭിലായ് സെന്റ് തോമസ് മിഷൻ ഡയറക്ടർ, ഭിലായ് സെന്റ് തോമസ് കോളജിന്റെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മാനേജർ എന്നീ സ്ഥാനങ്ങൾ വഹിച്ച അദ്ദേഹമാണ് നാഗപ്പൂർ വൈദിക സെമിനാരിയുടെ മുഖ്യ സംഘാടകൻ. മക്കോഡിയ മിഷൻ, ഭിലായ് മിഷൻ സെന്റർ, ആശ്രമം, ആശുപത്രികൾ, സ്കൂളുകൾ എന്നിവയ്ക്ക് നേതൃത്വം നൽകിയ ഇദ്ദേഹം സഭയുടെ ഉത്തരേന്ത്യൻ മിഷൻ പ്രവർത്തനങ്ങൾക്കും സഭാ വികാസത്തിനും മികച്ച സംഭാവന നൽകി 2007 നവം. 8-ന് മസ്ക്കറ്റിൽ വച്ച് കാലംചെയ്തു. 10-ന് ഭിലായി സെന്റ് തോമസ് ആശ്രമത്തിൽ കബറടക്കി. കേരളത്തിന് വെളിയിൽ കബറടക്കപ്പെടുന്ന മലയാളിയായ മലങ്കരസഭയിലെ ആദ്യ മെത്രാപ്പോലീത്താ.

132. കെ. എം. മാത്യു (1917-2010): അൽമായ നേതാവും പത്രാധിപരും. ദീർഘകാലം മലയാള മനോരമയുടെ ചീഫ് എഡിറ്റർ. കണ്ടത്തിൽ കെ. സി. മാമ്മൻ മാപ്പിളയുടെ പുത്രൻ. മനോരമ ഗ്രൂപ്പിന്റെ ആധുനിക കാലത്തെ വളർച്ചയുടെ പിന്നിലെ ശക്തി. സഭയുടെ വർക്കിംഗ് കമ്മിറ്റിയംഗമായി പ്രവർത്തിച്ചു. 2010 ഓഗസ്റ്റ് 1-നു നിര്യാതനായി. കോട്ടയം പുത്തൻപള്ളിയിൽ കബറടക്കി.

133. മലയാള മനോരമ പത്രാധിപ സമിതിയംഗമായിരുന്നു.

134. മുൻ കുറിപ്പ് 105 കാണുക.

135. മുൻ കുറിപ്പ് 114 കാണുക.

136. മലങ്കരസഭാ അസോസ്യേഷൻ സെക്രട്ടറിയായിരുന്ന കോട്ടയം താഴത്തങ്ങാടി എറികാട്ട് ഇ. ജെ. ജോസഫ്. സഭാ ട്രസ്റ്റിയായിരുന്ന ഇ. ഐ. ജോസഫിന്റെ പുത്രൻ. ബാങ്കർ. പ. ഗീവറുഗീസ് രണ്ടാമൻ ബാവായുടെ കാലത്ത് ദീർഘകാലം (21-6-1951 - 25-3-1966, 10-7-1980 - 27-12-1985) സഭാ സെക്രട്ടറിയായിരുന്നു. നിസ്വാർത്ഥനായ സഭാസ്നേഹി. 2013-ൽ നിര്യാതനായി.

137. വട്ടക്കുന്നേൽ ചെറിയാൻ വക്കീൽ (1892-1977). അൽമായ നേതാവും അഭിഭാഷക പ്രമുഖനും. വട്ടക്കുന്നേൽ കുര്യൻ കത്തനാരുടെ മകനും പ. മാത്യൂസ് പ്രഥമൻ ബാവായുടെ സഹോദരനും. 1958-ലെ സഭാ സമാധാന വ്യവസ്ഥയിലെ '1934-ലെ ഭരണഘടനയ്ക്കു വിധേയമായി' പാത്രിയർക്കീസിനെ സ്വീകരിക്കുന്നു എന്ന വാചകം ഇദ്ദേഹ

ത്തിന്റെ നിർബന്ധത്താൽ ചേർത്തതാണ്. 1938 മുതൽ സഭാ വ്യവഹാരങ്ങൾക്ക് ചുക്കാൻ പിടിച്ചു. വർക്കിംഗ് കമ്മിറ്റി, റൂൾസ് കമ്മിറ്റി, മാനേജിംഗ് കമ്മിറ്റി എന്നിവയിൽ അംഗമായിരുന്നു. 1977 ഡിസംബർ 13-നു നിര്യാതനായി.

138. നിരണം ഇലഞ്ഞിക്കൽ കുടുംബാംഗമായ ഫാ. ഇ. പി. ജയിക്കബ് B.A., B.L., B.D., L.T. (11-6-1907 - 3-6-1962). വാഗ്മി, ഉത്തമനായ ധ്യാനഗുരു. സമർത്ഥനായ അദ്ധ്യാപകൻ എന്ന നിലയിലും ആരാധ്യനായ ഹെഡ്മാസ്റ്റർ എന്ന നിലയിലും ശോഭിച്ചു. നിരണം സെന്റ് മേരീസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയിരിക്കവേ നിര്യാതനായി. അദ്ദേഹം എഴുതിയ 'വേദധ്യാനം' എന്ന പുസ്തകം അച്ചന്റെ കാലശേഷം മകൻ പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് റിട്ടയേർഡ് പ്രിൻസിപ്പൽ പ്രൊഫ. ഇ. ജയിക്കബ് ജോൺ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

139. ഫാ. കെ. ഡേവിഡ്. വൈദിക സെമിനാരി അദ്ധ്യാപകനും സണ്ടേസ്കൂൾ ഡയറക്ടർ ജനറലുമായിരുന്നു. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ അദ്ധ്യാപകൻ. ചന്ദനപ്പള്ളി സ്വദേശി. ചന്ദനപ്പള്ളി പള്ളിയിലെ ഇടവകപട്ടക്കാരൻ. 1975 ഒക്ടോബർ 17-നു നിര്യാതനായി. ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് പള്ളിയിൽ കബറടക്കി.

140. പീന്നീട് പി. സി. സ്റ്റീഫൻ കോറെപ്പിസ്കോപ്പാ. കോട്ടയം കഴുന്നുവലം സെന്റ് തോമസ് ഇടവകാംഗം. 19-9-1914-ൽ ജനനം. കോട്ടയം ഭദ്രാസനത്തിലെ ഇടവകകളിൽ സേവനമനുഷ്ഠിച്ചു. നിര്യാതനായി.

141. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ.

(തയ്യാറാക്കിയത്: ജോയ്സ് തോട്ടയ്ക്കാട്)



ഭാഗം 3

തിരുസന്നിധിയിൽ നിന്ന്

ഫാ. റ്റി. വി. ജോർജ്ജ് നെടുമാവ്

1

പ. കാതോലിക്കാബാവാ തിരുമേനി

പ. കാതോലിക്കാ ബാവാ തിരുമേനി കാലത്തിന്റെ തിരശ്ശീലയ്ക്കപ്പുറത്തേക്കു കടന്നു. ദീർഘവർഷങ്ങൾ തിരുമേനി നമ്മുടെ സഭയെ മേയിച്ചു ഭരിച്ചു. നമുക്ക് തിരുമേനിയുടെ ആയുസ്സും ആരോഗ്യവും അത്യധികം വിലപ്പെട്ടതായിരുന്നു. തിരുമനസ്സിലെ ആയുസ്സ് നീട്ടിക്കിട്ടുവാൻ നാം പ്രാർത്ഥിച്ചു. കരുണാനിധിയായ നമ്മുടെ കർത്താവ് അത് പലവട്ടം അനുവദിച്ചു. പക്ഷെ തന്റെ മുന്തിരിത്തോട്ടത്തിൽ വിശ്വസ്തതയോടുകൂടി വിശ്രമം കൂടാതെ പണിയെടുത്ത വത്സലദാസനെ അധികത്തിനു വിചാരകനാക്കുവാൻ താൻ വിളിച്ചു. വി. പൗലൂസ് പറഞ്ഞിരിക്കുന്നപ്രകാരം തിരുമേനിക്ക് അത് ലാഭമായി. ഈ വേർപാടു നമുക്കുളവാക്കിയിരിക്കുന്നതോ നഷ്ടവും വ്യഥയും. നമ്മുടെ കർത്താവിന്റെ ഇഷ്ടത്തിനു നാം സർവ്വാത്മനാ കീഴ്പ്പെടുകയാണല്ലോ വേണ്ടത്.

മരണം, മനുഷ്യന് അനിർവാര്യമാണ്. മരണദൂതൻ കൂട്ടിക്കൊണ്ടുപോകുന്ന മനുഷ്യൻ പ്രായേണ വിസ്മൃതിയുടെ തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞു പോകുന്നു. എന്നാൽ കാലത്തിന്റെ മേഘക്കെട്ടുകൾക്കിടയിലൂടെ ദീപ്തിമത്തായ തന്റെ പ്രകാശം ചൊരിയുവാൻ കഴിയുന്ന ഒരു ഉജ്ജ്വല നക്ഷത്രമാണ് പ. കാതോലിക്കാ ബാവാ തിരുമേനി. വിസ്മൃതിയുടെ മാറാലയ്ക്ക് ആ രജതജ്യോതിസ്സിനെ മറച്ചുവെയ്ക്കാൻ സാദ്ധ്യമല്ല.

ദൈവാശ്രയ ജീവിതത്തിൽ തിരുമേനി സമ്പന്നനായിരുന്നു. പ്രാതികൂല്യങ്ങളുടെ തിരമാലകൾ ഒന്നിനുപിറകേ ഒന്നായി സഭാനൗകയിന്മേൽ ആഞ്ഞടിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് തിരുമേനി ഇതിന്റെ മാലുമിസ്ഥാനമേറ്റെടുത്തത്. സഭയിലെ കക്ഷിത്വം, വ്യവഹാരം, സന്തത സഹചാരികളായ ചിലരുടെ വിശ്വാസത്യാഗം, അവർ പുറത്തുനിന്നുകൊണ്ട് സഭാംഗങ്ങളെ വീശിയെടുക്കാൻ നടത്തിക്കൊണ്ടിരുന്ന നിരന്തര യത്നങ്ങൾ, പല ഇടവകകളിലെയും ആഭ്യന്തരങ്ങളായ അഭിപ്രായഭിന്നതകൾ ഇങ്ങനെ അനേകം കാര്യങ്ങളെ തിരുമേനിക്ക് അഭിമുഖീകരിക്കേണ്ടതായുണ്ടായിരുന്നു. ഇതുപോലുള്ള ഘട്ടങ്ങളിൽ സുധീരനേതൃത്വം സഭയ്ക്കു നൽകിക്കൊണ്ടിരുന്ന ധീരോദാത്തനായ സഭാഭാസുരൻ അന്തരിച്ചു. മുമ്പോട്ടുള്ള വഴി ദുർഗമമാണ്. ആക്രമിക്കാൻ അവസരം പാർത്തിരിക്കുകയാണ് പ്രതികൂലശക്തികൾ. ഈ അപകടനിബിഡമായ സാഹചര്യങ്ങളെ സ്വന്തം ബുദ്ധിവൈഭവംകൊണ്ടു നേരിടാമെന്നു തിരുമേനി വിചാരിച്ചില്ല. അവിടുന്നു തെരഞ്ഞെടുത്ത മാർഗ്ഗം ദൈവാശ്രയമൊന്നു

മാത്രമായിരുന്നു. തിരുമേനി ചുമതലകളുടെ ചുമടുമായി ജീവിതഓട്ടം ഓടുകയാണ്. പല കല്ലുകളിൽ ആ പാദങ്ങൾ മുട്ടി. അനേകം മുള്ളുകൾ കൊണ്ടുകയറി. പക്ഷേ, ലോത്തിന്റെ ഭാര്യയെപ്പോലെ പിന്നോക്കം തിരിയാൻ തിരുമേനി തയ്യാറായില്ല. പ്രാർത്ഥനാപൂർവ്വം കർത്തൃസന്നിധിയെ തിരുമേനി അവലംബമാക്കി. തനിക്കു മുമ്പു കടന്നുപോയ പൂർവ്വികർ നൽകിയിട്ടുള്ള വിശുദ്ധ ജീവിതത്തിന്റെ കൈത്തിരി അവിടുത്തെ കൈയിലുണ്ടായിരുന്നു. കാറ്റടിച്ചിട്ടും കെട്ടുപോകാതെ അതു സൂക്ഷിച്ചുകൊണ്ടു തിരുമേനി മുമ്പോട്ടുതന്നെ ഓടി. പരിഹാസങ്ങളുടെയും നിന്ദകളുടെയും പാഴ്ശബ്ദങ്ങൾ ചുറ്റുപാടുകളിൽ മാറ്റൊലികൊണ്ടപ്പോൾ കെടുതികളുടെ അനുഭവങ്ങൾ നേരിട്ടപ്പോൾ “ഒരു സൈന്യം എന്റെ നേരെ പാളയമിറങ്ങിയാലും ഞാൻ ഭയപ്പെടുകയില്ല, നീ എന്നോടുകൂടി ഇരിക്കുന്നുവല്ലോ” എന്ന സങ്കീർത്തനക്കാരന്റെ വിശ്വാസവും പ്രത്യാശയും തിരുമേനിയെ ഭരിച്ചു. പലർ പല വഴികൾ ഉപദേശിച്ചു. പക്ഷേ, “യഹോവാഭക്തനായ പുരുഷൻ ആർ; അവൻ തെരഞ്ഞെടുക്കേണ്ടുന്ന വഴി താൻ അവനു കാണിച്ചുകൊടുക്കും.” “നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും എന്റെ ഊടുവഴികൾക്കു പ്രകാശവുമാകുന്നു” എന്നു ദാവീദ് അവന്റെ അനുഭവത്തിൽ നിന്നു പാടിയിട്ടുള്ളപ്രകാരം ദൈവത്തിലും അവന്റെ അമിതബലത്തിലും ലക്ഷ്യം വച്ചുകൊണ്ടാണു തിരുമേനി മുമ്പോട്ടു പോയത്. സ്വന്തം ശക്തിയിലോ ബുദ്ധിയിലോ ഒരിക്കൽപോലും ആശ്രയിക്കാൻ തിരുമേനി മുതിർന്നില്ല. ഇതിന്റെ മഹത്തായ അനുഭവസമ്പന്നതയിൽ നിന്നാണു തിരുമേനി തന്റെ ഒന്നിലധികം ഇടയലേഖനങ്ങളിൽ, അവനവന്റെ ഇഷ്ടം നടത്താനല്ല ദൈവയിഷ്ടം നടക്കാൻ ഓരോരുവനും അവനവനെത്തന്നെ ഏൽപിച്ചു കൊടുക്കണമെന്ന് ഗത്സമേനയിലെ കർത്താവിന്റെ പ്രാർത്ഥന ഉദ്ധരിച്ചുകൊണ്ട് ഉത്ബോധിപ്പിച്ചിട്ടുള്ളത്. തിരുമനസ്സുകൊണ്ട് അന്ത്യകൽപ്പന എഴുതിയപ്പോഴും ഇതു തന്റെ മക്കളെ ഓർപ്പിച്ചിട്ടുണ്ട്. “യഹോവയിൽ ആശ്രയിക്കുന്നവൻ കുലുങ്ങിപ്പോകാതെ എന്നേക്കും നിൽക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു. പർവ്വതങ്ങൾ യെറുശലേമിനെ ചുറ്റിയിരിക്കുന്നപ്രകാരം ദൈവത്തിന്റെ കൃപ അവനെ ചുറ്റിക്കൊള്ളും.” ഇത് പ. ബാവാ തിരുമനസ്സിലെ മഹത്തായ ജീവിതത്തിൽ നിന്നും നാം പ്രത്യേകം പഠിക്കേണ്ട ഒരു പാഠമാണ്.

തിരുമനസ്സിലെ വിശ്വാസം പാറപോലെ ഉറച്ചതായിരുന്നു. വി. സഭ കർത്താവിന്റെ ശരീരമാകുന്നു എന്നും നാം ഏവരും അതിലെ അവയവങ്ങളാകുന്നു എന്നും അതിനാൽ ദൈവത്തിലും സഭയിലുമുള്ള വിശ്വാസത്തിൽ ഓരോ വ്യക്തിയും അടിയുറച്ചു നിൽക്കണമെന്നും തിരുമേനി കൂടെക്കൂടെ ഉത്ബോധിപ്പിച്ചു വന്നു. നമ്മുടെ സഭയുടെ വിശ്വാസം പൂർണ്ണമായി സത്യവും സനാതനവും പിതാക്കന്മാർക്ക് ഒരിക്കലായി ഭരമേൽപി

ക്കപ്പെട്ടതുമാണെന്നുള്ളതിനാൽ വിശ്വാസ സംരക്ഷണത്തിൽ നിരങ്കുശമായ ഒരു നിലപാടാണു തിരുമേനി സ്വീകരിച്ചത്. നമ്മുടെ സഭയ്ക്ക് ഇന്ന് പൂർവ്വിക സഭകളുടെ നിരയിലുള്ള അതിമഹത്തായ സ്ഥാനം നാം പൂർവ്വിക വിശ്വാസം അന്യൂനം സംരക്ഷിച്ചുവരുന്നു എന്നതാണെന്നു തിരുമേനി പ്രത്യേകം നമ്മെയെല്ലാം അനുസ്മരിപ്പിച്ചു. ഈ വിശ്വാസത്തിനെതിരായി വരുന്ന സംരംഭങ്ങളെ തിരുമേനി സഹിച്ചിരുന്നില്ല. നീതിയുടെ കിരീടം പ്രാപിക്കുന്നതിനു വിശ്വാസം കാത്തേ തീരൂ എന്ന് തിരുമേനി അപ്പോസ്തോലന്മാരുടെ എഴുത്തുകളെ ആസ്പദമാക്കി നമ്മെ പഠിപ്പിച്ചുകൊണ്ടാണിരുന്നിട്ടുള്ളത്. മാമോദീസായിൽ വിശ്വാസം ഏറ്റുപറഞ്ഞു വീണ്ടും ജനിച്ചവരെല്ലാം ഓരോ യാമത്തിലെ പ്രാർത്ഥനയിലും വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടാണിരിക്കുന്നതെന്നും മരണനാഴികയിലും ആസന്നമരണന്റെ ചെവിയിൽ വിശ്വാസപ്രമാണം ചൊല്ലിക്കൊടുക്കുകയാണു ചെയ്യുന്നതെന്നും തിരുമേനി നമ്മെ പ്രത്യേകം ഓർമ്മപ്പെടുത്തി. തിരുമേനി എല്ലാവരെയും സ്നേഹിച്ചു. ആരോടും തിരുമനസ്സിലേക്കു വിരോധമുണ്ടായിരുന്നില്ല. എന്നാൽ വിശ്വാസ സംരക്ഷണ വിഷയത്തിൽ അവിടുന്ന് എന്തെങ്കിലും അയവു വരുത്തുകയോ മദ്ധ്യമാർഗ്ഗം സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതു നമ്മുടെ സഭാജീവിതത്തിൽ നാം എപ്പോഴും ഓർത്തിരിക്കേണ്ട ഒരു കാര്യമാണ്.

വി. സഭയുടെ ആരാധനകളിലും അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും ഒരു നിമിഷംപോലും തിരുമേനി അലസനോ അനാസ്ഥനോ ആയിരുന്നില്ല. ആത്മാവിന്റെ വളർച്ചയ്ക്കു പ്രാർത്ഥന, നോമ്പ്, വേദധ്യാനം ഇവ അനുപേക്ഷണീയമായി തിരുമേനി കരുതിയിരുന്നു. നോമ്പുകളുടെ പ്രത്യേകിച്ചു വലിയനോമ്പിന്റെ ദിവസങ്ങൾ, അടുത്തുവരുമ്പോഴേക്കും തിരുമനസ്സിലെ ഉത്സാഹപ്രകർഷം ഒന്നു കാണേണ്ടതു തന്നെയാണ്. 90-ാം വയസ്സിൽ പോലും തിരുമേനി നോമ്പാചരണത്തിൽ ലംഘനം വരുത്തിയിരുന്നില്ല. വൃദ്ധന്മാർക്കും രോഗികൾക്കും നോമ്പാചരണത്തിൽ ചില സൗജന്യങ്ങൾ കാനോനികമായി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും സ്വന്തം ജീവിതത്തിൽ അവ ആപേക്ഷികമായി കരുതിയില്ല. തിരുമേനി വെല്ലൂരാശുപത്രിയിൽ ഓപ്പറേഷനു വിധേയനായശേഷം കുമ്പിടുവാൻ നിവൃത്തിയില്ലാത്ത നിലയിലായി. എന്നാലും വലിയ നോമ്പിൽ ഇരുപത്തിരണ്ടര വരെ ഉപവസിച്ചിട്ട് നമസ്ക്കാരമേശയുടെ പടിഞ്ഞാറുഭാഗത്തു നിന്നുകൊണ്ട് മേശമേൽ തല ചായിച്ചു കുമ്പിട്ടുകൊണ്ടിരുന്ന കാഴ്ച ഏതൊരുവന്റെ ഹൃദയത്തിലും ഭക്തിയുടെ തരംഗങ്ങൾ സൃഷ്ടിക്കുവാൻ പര്യാപ്തമായിരുന്നു. എല്ലാ ജീവജാലങ്ങളും സുഷുപ്തിയിലാണ്ടു പ്രകൃതിയാകമാനം നിശ്ശബ്ദമായിരിക്കുന്ന രാത്രിയുടെ മദ്ധ്യയാമങ്ങളിൽ പരസഹായം കൂടാതെ എഴുന്നേറ്റു നിന്നു പ്രാർത്ഥിക്കുകയും സങ്കീർത്തനം

വായിക്കുകയും ചെയ്യുന്നതിൽ തിരുമേനി പ്രദർശിപ്പിച്ചിരുന്ന നിഷ്ഠ പിൻ തലമുറകൾക്ക് മാതൃകായോഗ്യമാണ്. പ്രഭാതത്തിൽ പ്രാർത്ഥനയ്ക്കായി 4.30-ന് തിരുമേനി ഉണരും. ആ ഉണരുന്ന സമയം തന്നെയാണ് കഴിഞ്ഞ ജനുവരി 9-ാം തീയതി വെള്ളിയാഴ്ച നശ്വരമായ ഈ ലോകത്തിൽ നിന്നും മഹത്തായ ആത്മലോകത്തിലേക്കു തിരുമേനി ഉണർന്നത്. തിരു മേനി പ്രാർത്ഥനാജീവിതം നയിച്ചിരുന്നു എന്നു മാത്രമല്ല പ്രാർത്ഥനയിൽ ആനന്ദമനുഭവിക്കുകയും ദൈവസംസർഗ്ഗത്തിന്റെ മാധുര്യം ആസ്വദിക്കു കയും ചെയ്തുകൊണ്ടിരുന്നു. ദൈവസംസർഗ്ഗത്തിൽ ആനന്ദിക്കുന്ന ഒരുവനു മാത്രമേ അതിൽ ഉല്കടമായ വ്യഗ്രത കാണുന്നുള്ളു. പ്രാർത്ഥന തിരുമേനിയുടെ ശക്തി ആയിരുന്നു. ഭക്ഷണത്തെക്കാൾ പ്രാർത്ഥന അനു പേക്ഷണീയമായിരുന്നു തിരുമേനിക്ക്.

പ. പിതാവിനെപ്പോലെ ഇത്രയധികം ദിവ്യബലി അർപ്പിച്ചിട്ടുള്ള മറ്റൊരു മേല്പട്ടക്കാരനോ പട്ടക്കാരനോ ഉണ്ടെന്നു തോന്നുന്നില്ല. തിരുമേനി വി. കുർബ്ബാന അർപ്പിക്കുമ്പോൾ അവിടുത്തെ ഭരിച്ചിരുന്ന തേജസ്സ് ഒന്നു കാണേണ്ടതു തന്നെ. കുർബ്ബാന അർപ്പിക്കുന്തോറും തന്റെ ആരോഗ്യം വർദ്ധിക്കുന്നതായി തിരുമേനി കല്പിക്കാറുണ്ടായിരുന്നു. "ഈ അപ്പം ഭേദപ്പെട്ടു ശരീരമായിത്തീരുകയും ഈ വീഞ്ഞു ഭേദപ്പെട്ടു രക്തമായി ത്തീരുകയും ചെയ്യുന്ന നാഴികയിൽ ഞങ്ങൾ ആത്മിക ചിറകുകളാൽ നിന്റെ സന്നിധിയിലേക്കു പറന്നുയരുമാറാകണമേ" എന്നുള്ള വി. കുർബാ നയുടെ പ്രുമിയോനിലെ പ്രാർത്ഥന, അതു തിരുമേനി നിർവഹിക്കുമ്പോൾ അനുഭവവേദ്യമായിത്തീർന്നിട്ടുള്ള ആരാധകർ അനേകരുണ്ട്. വി. കുർ ബ്ബാന അർപ്പിക്കുമ്പോൾ തിരുമേനി ഒരു മാലാഖ ആയി മാറുന്നോ എന്നു തോന്നിപ്പോകും. അഭൗമമായ തേജസ്സാണ് ആ മുഖാരവിന്ദങ്ങളിൽ അപ്പോൾ കളിയാടുന്നത്. കപ്പദൂക്യായിലെ മാർ ബസ്സേലിയോസ് വി. കുർബാന അർപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ദർഗായിൽ നിന്ന് അദ്ദേഹ ത്തിന്റെ പാദങ്ങൾ ഉയരാറുണ്ടായിരുന്നു എന്നു ചില ഗ്രന്ഥകാരന്മാർ രേഖ പ്പെടുത്തിയിട്ടുണ്ട്. ശരീരപ്രകാരം അല്ലെങ്കിലും ആത്മപ്രകാരം തിരുമേനി ഉയരത്തിലേക്കു കരേറുന്ന ഒരനുഭവം തന്നെയായിരുന്നു വി. കുർബാന യിൽ സംഭവിച്ചുകൊണ്ടിരുന്നതെന്നു പറയുമ്പോൾ അതിശയോക്തിയാ ണെന്ന് തോന്നിയേക്കാം. എന്നാൽ തിരുമേനിയെ അടുത്തറിയാവുന്ന വർക്ക് അത് അവിശ്വസനീയമോ അതിശയോക്തിയോ അല്ല തന്നെ.

പ്രസംഗങ്ങൾക്കു തിരുമേനി മുൻകൂർ ഒരുങ്ങുക പതിവില്ല. വി. കുർ ബ്ബാനമദ്ധ്യേയുള്ള പ്രസംഗങ്ങളാണു താരതമ്യേന കൂടുതൽ ഉജ്ജ്വല ത്തായിരിക്കുക. വേദസൂക്തങ്ങളുടെ മറഞ്ഞുകിടക്കുന്ന മർമ്മങ്ങൾ സുല ളിതമായി നിർഗ്ഗളിക്കയാണപ്പോൾ. തിരുമേനിക്ക് ആധുനിക കാലത്തെ വേദശാസ്ത്ര ഡിഗ്രികളൊന്നുമില്ല. പക്ഷെ, ന്യായപ്രമാണത്തിലെ അത്ഭു

തകാര്യങ്ങളെ കാണുവാൻ തിരുമേനിയുടെ കണ്ണുകൾ തുറന്നിരുന്നു. അവ തിരുമേനി വേണ്ടുവോളം വിതറിക്കൊടുക്കുന്നു. അവ ഭക്തിസംവർദ്ധകങ്ങളും പുതിയ അറിവുകൾ പ്രദാനം ചെയ്യുന്നവയുമാണ്. അതേ സമയം സത്യവിശ്വാസാധിഷ്ഠിതവും യുക്തിയുക്തവുമായിരിക്കും. ഗംഭീരസുന്ദരമായ ആ വദനത്തിൽ നിന്നും മേഘനാദപ്രഭാവത്തോടെയാണ് അവിടുത്തെ വാഗ്ധോരണി പ്രവഹിക്കുന്നത്.

നമ്മുടെ ആരാധനകൾ സ്വർഗ്ഗത്തിൽ നടക്കുന്ന ആരാധനയുടെ തനിരൂപത്തിലുള്ളവയാണ് എന്നു സംശയലേശമെന്യേ തിരുമേനി വിശ്വസിച്ചിരുന്നു. ആ വിധത്തിൽ തന്നെ അനുഭവപ്പെട്ടുമിരുന്നു. തിരുമേനി വി. കുർബ്ബാന അർപ്പിച്ചിട്ട് ഇറങ്ങിവരുമ്പോൾ എന്തൊരു സംതൃപ്തിയും സന്തോഷവുമാണ് ആ മുഖത്ത്! ഒന്നു കാണേണ്ടതു തന്നെ.

നമ്മുടെ സഭയുടെ പാരമ്പര്യങ്ങൾ തിരുമേനി കാത്തുസൂക്ഷിച്ചു. അവയ്ക്കു ഭംഗം വരുത്തുന്ന ഒരു പ്രവൃത്തിയും തിരുമേനി സഹിക്കുമായിരുന്നില്ല. ആ വിധത്തിൽ ആരെങ്കിലും പ്രവർത്തിക്കുന്നത് തിരുമേനിക്ക് കോപഹേതുകവുമായിരുന്നു. പട്ടക്കാരും ശെമ്മാശ്ശന്മാരും തലമുടി വളർത്തരുത്; പട്ടക്കാർ താടി കത്രിക്കരുത്; നിർദ്ദിഷ്ട വേഷങ്ങൾ അണിയണം. ഈ വക കാര്യങ്ങളിൽ നിർബന്ധബുദ്ധിയായിരുന്നു തിരുമേനി. “ആചാര്യൻ ജനങ്ങളാകരുത്.” തിരുമേനി പലപ്പോഴും ഉദ്ധരിക്കുന്ന ഒരു വാക്യമാണിത്. അഹരോൻഗൃഹം ഇസ്രായേൽ ഗോത്രങ്ങളിൽ നിന്നു പ്രത്യേകം വേർതിരിക്കപ്പെട്ടതുപോലെ വൈദികർ ജനങ്ങളിൽ നിന്നും വിശിഷ്യ വിളിച്ചടുപ്പിക്കപ്പെട്ടവരാകയാൽ അതിനു തക്കവണ്ണം ബാഹ്യമായും ആന്തരികമായുമുള്ള നില പാലിക്കണമെന്നു തിരുമേനിക്കു നിർബന്ധമുണ്ടായിരുന്നു. ഇത് കേവലം ഒരു ബാഹ്യാചാരമല്ലേ എന്നു ചിലർ ചോദിച്ചേക്കാം. വൈദികനു അവന്റെ വിളി തിരിച്ചറിഞ്ഞു ജീവിക്കുന്നതിന് ഇവയെല്ലാം ആവശ്യമാണ്. ഈ അടുത്ത കാലത്ത് വൈദികർ വിവാഹം ചെയ്യാമോ എന്ന ഒരു പ്രശ്നം ഉത്ഭവിച്ചു. വൈദികൻ (പട്ടക്കാരൻ) വിവാഹം ചെയ്താൽ അവൻ തന്റെ ദർഗായിൽ നിന്നു വീണുപോകും എന്നുള്ള കാനോൻ നിയമം പട്ടക്കാർ വിവാഹം ചെയ്യാനനുവദിക്കുന്നില്ല എന്നു തിരുമേനി വ്യക്തമാക്കുന്നു. നിയമം ധിക്കരിച്ചു വിവാഹം ചെയ്ത പട്ടക്കാരൻ വി. കുർബ്ബാന അർപ്പിക്കാൻ അയോഗ്യനാണെന്നു തിരുമേനി പ്രഖ്യാപിച്ചു. മറ്റ് ഓർത്തഡോക്സ് സഭകളുടെ നിലപാടും ഇതു തന്നെയാണെന്നറിഞ്ഞപ്പോൾ തല്പരവാദികൾക്കു മനസ്സിലായി ഇതു കേവലം നിർബന്ധബുദ്ധിയല്ല എന്ന്. “വേലി പൊളിക്കുന്നവനെ പാമ്പു കടിക്കും. അതിനാൽ വേലി പൊളിക്കരുത്” എന്നു തിരുമേനി ഗുണദോഷിക്കും. “നിന്റെ പിതാക്കന്മാരുടെ മുമ്പിനാലേയുള്ള അതിരിനെ നീ ലംഘിക്കരുത്” എന്നു കാനോനും അനുശാസിക്കുന്നു. ഏതായാലും വിശ്വാസാ

ചാരങ്ങളുടെയും പാരമ്പര്യങ്ങളുടെയും ശക്തമായ കാവൽക്കാരനായിരുന്നു തിരുമേനി.

പരിശുദ്ധ പിതാവ് സ്നേഹസമ്പന്നനായിരുന്നു. അവിടുത്തേക്ക് ആരോടും ഒരു പിണക്കവുമില്ലായിരുന്നു. മറക്കാനും ക്ഷമിക്കാനുമുള്ള കഴിവ് തിരുമേനിയേപ്പോലെ മറ്റധികംപേരിൽ കണ്ടിട്ടില്ല. തനിക്കു നേരെയുള്ള ഭീഷണങ്ങളും ഭത്സനങ്ങളുമെല്ലാം തുറന്ന മനസ്സോടെ പൊറുക്കുവാനും മറക്കുവാനും അവിടുത്തേക്കുള്ള കഴിവ് ദൈവദത്തമായ ഒരു അനുഗ്രഹവിശേഷം തന്നെ ആയിരുന്നു.

സഭാപരമായ കാര്യങ്ങളിൽ കാലം ചെയ്ത പൗലൂസ് മാർ അത്താനാസ്യോസ് തിരുമേനിയും പ. ബാവാ തിരുമേനിയും ഭിന്നചേരികളിലായിരുന്നു എങ്കിലും പൂർവ്വകാല സുഹൃത്ബന്ധം എല്ലാ അഭിപ്രായ ഭിന്നതകൾക്കും അതീതമായി നിന്നിരുന്നു. മാർ അത്താനാസ്യോസ് തിരുമേനി കാലം ചെയ്ത വിവരം അറിഞ്ഞമാത്രയിൽ ബാവാ തിരുമേനി ഹൃദയം നൊന്ത് ആലുവായിലെത്തി അദ്ദേഹത്തിന്റെ മൃതശരീരം ദർശിക്കുകയും ധൂപാർപ്പണം നടത്തി പ്രാർത്ഥിക്കുകയും ചെയ്തു. അപ്രകാരം തന്നെ മാർ യൂലിയോസ് തിരുമേനി കാലം ചെയ്ത അവസരത്തിലും പ. ബാവാതിരുമേനി മഞ്ഞിനിക്കരയെത്തുകയുണ്ടായി.

പ. ബാവാ തിരുമേനി രോഗശയ്യാവലംബിയായശേഷം പൗലൂസ് മാർ പീലക്സീനോസ് തിരുമേനിയെ ദേവലോകം അരമനയിലേക്കു വിളിച്ചു വരുത്തി ഐക്യതയുടെ ആവശ്യകതയെപ്പറ്റി അദ്ദേഹത്തെ പ്രത്യേകം ഗുണദോഷിക്കുകയും "വ്യക്തിപരമായി നമ്മിൽനിന്നു വല്ല തെറ്റുകളും വന്നുപോയിട്ടുള്ളപക്ഷം അവ ക്ഷമിക്കണെ"മെന്നു പറയുകയും ചെയ്തു. "ഇപ്പോൾ ഇവിടെ നാം ഒരുമിച്ചിരിക്കുന്നപ്രകാരം പരലോകത്തിലും ഒരുമിച്ചിരിക്കാൻ സംഗതിയാകണ"മെന്ന് അദ്ദേഹത്തെ ഓർപ്പിച്ചു. പ. ബാവാ തിരുമേനി പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായോട് ക്ഷമ ചോദിച്ചത് എന്തു കുറ്റം ചെയ്തിട്ടാണ്? പ. ബാവാതിരുമേനി തന്റെ കടഭാരങ്ങൾ തീർത്തിട്ടു കടന്നുപോവാൻ ഒരുങ്ങുകയായിരുന്നു. "നിന്റെ വഴിപാടു യാഗപീഠത്തിൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതുമുണ്ടെന്ന് അവിടെവച്ച് ഓർമ്മവന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വച്ചേച്ചു ഒന്നാമതു ചെന്ന് നിന്റെ സഹോദരനോടു നിരന്നുകൊൾക; പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക" (മത്താ. 5:23). തിരുമേനി തന്റെ ഇഹലോകജീവിതഓട്ടം തികച്ചിട്ടു തന്നെത്തന്നെ ദൈവമുമ്പാകെ കാഴ്ചയായി സമർപ്പിക്കാൻ പോകുമ്പോൾ പൗലൂസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായ്ക്കു തന്റെ പേരിൽ വല്ല വഴക്കോ പിണക്കമോ ഉള്ളപക്ഷം അതു തീരേണ്ടുന്നതിനു തന്റെ

ഭാഗത്തു നിന്നു ചെയ്യേണ്ട കൃത്യം പൂർണ്ണമായും നിർവ്വഹിക്കുന്നതിന് സ്വയം സന്നദ്ധനാവുകയായിരുന്നു. തിരുമേനിയുടെ നൈസർഗ്ഗികമായ വിനയത്തിനും ഇത് ഒരുത്തമ മാതൃകയാണ്. തിരുമേനി അന്ത്യമായി എല്ലാവരോടും ക്ഷമ ചോദിച്ചു. എല്ലാവരോടും ക്ഷമിച്ചു. തിരുമേനി ഒരിക്കലും ആരോടും പകവച്ചുകൊണ്ടിരുന്നിട്ടില്ല. അവിടുന്നു നയിച്ച നിർമ്മലമായ ജീവിതത്തിൽ പകയുടെ പങ്കും പുരണ്ടിട്ടില്ല. “ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണമേ” എന്ന് ബോധത്തിന്റെ സ്ഫുടതയോടും, നിരൂപണയുടെ നിർമ്മലതയോടും, നാവിന്റെ പരമാർത്ഥതയോടും ഹൃദയത്തിന്റെ വിശുദ്ധിയോടും കൂടി ചൊല്ലുവാൻ അവിടുത്തേക്കു സാധിച്ചിട്ടുണ്ട്.

ശത്രുക്കളെ സ്നേഹിപ്പാനും തിരുമേനിക്കു കഴിയുമായിരുന്നു. സഭയുടെ നന്മയല്ലാതെ സ്വന്തം നന്മ തിരുമേനി കരുതിയില്ല. തിരുമേനിയെപ്പറ്റി ആരെങ്കിലും പഴിയോ ദുഷിയോ പറഞ്ഞാൽ അവിടുത്തേക്കു ഖേദമില്ല. എന്നാൽ സഭയെ ക്ഷീണിപ്പിക്കുന്നതും അതിന്റെ സനാതനങ്ങളായ തത്വങ്ങളെ ബലികഴിക്കുന്നതും സമാധാനവിരുദ്ധവുമായ സംരംഭങ്ങൾ അവിടുത്തേക്കു സഹിക്കയില്ല. “ദൈവത്തിന്റെ ഭവനത്തെ നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും.” വി. പൗലൂസ് അപ്പോസ്തോലന്റെ ഈ വാക്കുകൾ തിരുമേനി ഉച്ചശബ്ദത്തിൽ വിളിച്ചുപറയും. നമ്മുടെ കർത്താവ് തന്റെ ജീവിതത്തിൽ കോപിച്ചു ചമ്മട്ടിയെടുത്തു ശിക്ഷോദ്യുക്തനായ ഏക സന്ദർഭം, ചിലർ യെറുശലേം ദേവാലയത്തിൽ അവിഹിതമായി പെരുമാറിയപ്പോഴാണ്. ദൈവത്തിന്റെ ഭവനം കള്ളന്മാരുടെ ഗുഹയാക്കുകയോ? അത് നമ്മുടെ കർത്താവിനു സഹിച്ചില്ല. ദൈവത്തിന്റെ ഭവനമാകുന്ന വി. സഭയിൽ കലക്കവും കുഴപ്പവുമുണ്ടാക്കുന്ന പ്രവൃത്തി ദൈവത്തിൽനിന്നു ക്ഷമ കിട്ടാത്തതും ശിക്ഷാർഹവുമാണെന്ന് ഏലിയാവിന്റെ വൈരാഗ്യത്തോടുകൂടി തിരുമേനി നമ്മെയെല്ലാം അനുസ്മരിപ്പിച്ചിട്ടുണ്ട്. തിരുമേനി ഒരവസരത്തിൽ ഇപ്രകാരം കല്പിച്ചു. “കുഷ്ടരോഗിക്കു കർത്താവ് തന്റെ കൈ നീട്ടിക്കൊടുത്തു. വേശ്യാദോഷക്കാരിക്കു തന്റെ പാദങ്ങൾ കാണിച്ചുകൊടുത്തു. എന്നാൽ ദേവാലയത്തിൽ കുഴപ്പമുണ്ടാക്കിയവരുടെ മേൽ ചമ്മട്ടിയാണു പ്രയോഗിച്ചത്.”

“ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.” ഇത് നമ്മുടെ കർത്താവ് അരുളിച്ചെയ്തിട്ടുള്ളതാണ്. ആരും പൂർണ്ണന്മാരല്ല. എല്ലാവർക്കും വളർച്ചയ്ക്ക് ആവശ്യമുണ്ട്. അതിനാൽ കൂടുതലായി വളരണമെങ്കിൽ കൂടുതലായ ദാരിദ്ര്യബോധം ഉണ്ടായേ തീരൂ. പ. ബാവാ തിരുമേനിക്ക് ഈ ആത്മികദാരിദ്ര്യം നല്ലവണ്ണമുണ്ടായിരുന്നു. തിരുമേനിക്കു സ്വന്ത ആത്മീയജീവിതത്തെപ്പറ്റി അലം

ഭാവമുണ്ടായിരുന്നില്ല, പ്രത്യുത കുറവുകളെപ്പറ്റിയുള്ള ബോദ്ധ്യവും ഭയവുമാണുണ്ടായിരുന്നത്. അതിനാൽ ഏകാന്തതയിൽ തിരുമേനി നെടുവീർപ്പിട്ടുകൊണ്ടിരുന്നു. തിരുമേനിയോടു വളരെ അടുത്ത് ഇടപെട്ടിട്ടുള്ളവരോട് ഇതേപ്പറ്റി കല്പിച്ചിട്ടുമുണ്ട്. അന്ത്യകാലം സമീപിച്ചപ്പോഴേക്കും ഈ ചിന്ത അതിന്റെ ഉൽക്കടാവസ്ഥയിലെത്തിയിരുന്നു. കഴിഞ്ഞ വേനൽക്കാലത്തെ പ്രത്യേകിച്ചു, തുലാം, വൃശ്ചികം, ധനു മാസങ്ങളിലെ ചൂട് ദുഃസ്സഹമായി. തിരുമേനി കല്പിക്കും. "ഈ ചൂടു നമുക്കു ദുസ്സഹം. അപ്പോൾ നരകത്തിലെ ചൂട് എത്ര ഭയങ്കരമായിരിക്കും." ഉടൻ പ്രാർത്ഥനാരൂപത്തിൽ അവിടുത്തെ അന്തരംഗത്തിൽ നിന്നു തേങ്ങൽ ഉയരുകയായി. "എന്റെ ദൈവമേ, ഒരു പാപിയെയും നരകത്തിലേക്കു വിടരുതേ. പിന്നെയോ ശിക്ഷ കൊടുത്തായാലും വീണ്ടുകൊള്ളണമേ." ഇതോടൊപ്പം പർദൈസായിലെ ഭാഗ്യാനുഭവത്തിലേക്കു തിരിയും ചിന്താഗതി. "അവിടെ വലിയ സ്ഥാനത്തൊന്നും ഇരിപ്പിടം വേണ്ട. ഒരു കോണിലെവിടെങ്കിലും മതി. അവിടെ പുണ്യവാന്മാരായ നമ്മുടെ പിതാക്കന്മാരുണ്ടല്ലോ; അവർ നമുക്കു വേണ്ടി പ്രാർത്ഥിക്കും. കർത്താവിനെ സ്തുതിച്ച് അവർ ശക്തി ധരിക്കുന്നു. ദൈവത്തെ സ്തുതിക്കുന്നതു മൂലം നമുക്കും ശക്തി കിട്ടും." നിത്യവും വേദപുസ്തകം വായിച്ചു കേട്ടുകഴിഞ്ഞാൽ ഇതെഴുതുന്ന ആളോടു ഈവക സംഗതികൾ നല്ല നർമ്മബോധത്തോടുകൂടെ പറയും. അപ്പോൾ ഹൃദയം എരിയുന്നതുപോലെ തോന്നും. തിരുമേനിയുടെ ജീവിതാന്ത്യം സമീപിച്ചു. ഗാൻഗറിൻ ആരംഭിച്ച് ഏതാണ്ട് നിയന്ത്രണവിധേയമായി എന്നു വിചാരിച്ചിരിക്കയാണ്. തിരുമേനി കല്പിച്ചു. "എനിക്കു ശരിയായ അനുതാപം ഉണ്ടാകുന്നില്ല." അതെന്താണെന്നു ചോദിച്ചപ്പോൾ കല്പിച്ചു. "മുമ്പൊക്കെ ധാരാളം കണ്ണുനീർ വരുമായിരുന്നു. ഇപ്പോൾ അതില്ല." അടുത്തു നിന്ന ഒരാൾ ഇതെഴുതുന്ന ആളോടു പറഞ്ഞു. "നോക്കുക, തിരുമേനിയുടെ ആത്മാവിലുള്ള ദാരിദ്ര്യം." തിരുമേനിയെ ദൈവം ശോധന ചെയ്യുകയായിരുന്നു. തിരുമേനി യാബോക്കുനദീതടത്തിൽ വച്ചു യാക്കോബ് ചെയ്തപ്രകാരം ദൈവത്തെ മുറുകെ പിടിച്ചു. അവിടുത്തെ ആഗ്രഹം സാധിച്ചു. എതാനും ദിവസങ്ങൾ കൂടി കഴിഞ്ഞു. രോഗഗതി പിമ്പോട്ടല്ല, മുമ്പോട്ടു തന്നെ. അവിടുന്നു ലോകത്തിന്റെ നൂലാമാലകളെല്ലാം സ്വയം പൊട്ടിച്ചെറിഞ്ഞു. കന്തീലാ നടത്താൻ ആവശ്യപ്പെട്ടു. ലോകചിന്തകളിൽ നിന്നെല്ലാം ആത്മാവിനെ പിന്തിരിച്ചു. സംസാരികബന്ധങ്ങളിൽ നിന്നും അതീതനായിത്തുടങ്ങി. ഒരിക്കൽ കണ്ടു. ഇതാ അവിടുത്തെ രണ്ടു കണ്ണുകളിലൂടെയും കണ്ണീർ ധാരധാരയായി ഒഴുകുന്നു. അപ്പോൾ മറ്റാരുമില്ല. അവിടുന്നു ദൈവസംസർഗ്ഗത്തിലാണ്. അതിൽ അവിടുന്നു വേഗത്തിൽ വളർന്നുകൊണ്ടിരുന്നു. ദൈവം വിളിക്കുന്ന അവസരത്തെ സ്വാഗതം ചെയ്യാൻ അവിടുന്നു നോക്കിപ്പാർത്തുകൊണ്ടിരുന്നു. ആ സന്ദർഭം സമാഗതമായി.

1964 ജനുവരി 3. രാത്രി നല്ല ഉറക്കത്തിലേക്കു കടന്നു. പ്രഭാതം 4.30. സാധാരണഗതിയിൽ ഭീകരമായ മരണം വളരെ സൗമ്യതയോടു കൂടെ, ദൈവദാസനെ തെല്ലും വേദനപ്പെടുത്താതെ സമീപിച്ചു. അവിടുന്ന് ഒരു ങ്ങിയിരിക്കയായിരുന്നു. തിരുമേനി മെല്ലെ തല ചായിച്ചു. തന്റെ ഉടയ വന്റെ തൃക്കരങ്ങളിലേക്കു പ്രാണനെ ഭരമേല്പിച്ചുകൊടുക്കുകയും ചെയ്തു.

നമ്മോടു ദൈവരാജ്യം പ്രസംഗിച്ചു നമ്മെ എല്ലാവരെയും വഴിനട ത്തിയ നമ്മുടെ സ്നേഹപിതാവിന്റെ ഹെർമ്മോൻ പനിമലർപോലെ സുന്ദ രമായ തിരുമുഖം ഇനി നാമാരും കാണുകയില്ല. സീനായ് മേഘത്തിന്റെ ഗംഭീരമുഴക്കം പോലെ പ്രാഭവത്തായ തിരുശബ്ദം ഇനി കേൾക്കയില്ല. എന്നാൽ അവിടുന്നു സുദീർഘകാലം നമ്മോടുകൂടെ ജീവിച്ചിരുന്ന് നീതി യിലും സത്യത്തിലും സ്നേഹത്തിലും വിശ്വാസത്തിലും പ്രത്യാശയിലും നമ്മെ വഴിനടത്തി. ആ വഴിത്താരയിലൂടെ നാം മുമ്പോട്ടു പോകുവാൻ തിരുമേനി, കാലത്തിന്റെ തിരശ്ശീലയ്ക്കപ്പുറത്തു നിന്ന് നമ്മെ ഉത്ബോ ധിപ്പിച്ചുകൊണ്ടിരിക്കുന്നു. നമുക്ക് ആ വഴിത്താരയിലൂടെ മുമ്പോട്ടു പോകാം. അവിടെ തിരുമേനി പരുമല തിരുമേനിയെപ്പോലെ പരിശുദ്ധ നായി നിന്ന് തന്റെ മദ്ധ്യസ്ഥതാസഹായത്താൽ നമ്മെ അനുഗ്രഹിക്കും. കാലത്തിന്റെ മേഘക്കെട്ടുകളെ തന്റെ ശക്തിമത്തായ രശ്മികളാൽ ഭേദിച്ച് നമ്മുടെ പരിശുദ്ധ പിതാവ് പ്രഭാപൂരം ചൊരിയും. പരിശുദ്ധ പിതാവേ! ഞങ്ങൾ എന്നും അങ്ങയെ ഓർക്കും. ഞങ്ങളെയും ഓർക്കേണമേ; ഞങ്ങ ൾക്കുവേണ്ടി അപേക്ഷിക്കേണമേ.

(മലങ്കരസഭ, 1964 ഫെബ്രുവരി)

2

ഗുരുശിഷ്യ സംവാദം

ഗുരു: നമ്മുടെ കൂദാശകളിൽ പലതിലും ധൂപക്കുറ്റിയും അതുപോലെ മറ്റു ചിലവയും കൈയിലെടുത്തു രണ്ടു പ്രാവശ്യം ഇടത്തേക്കും തുടർന്ന് ഒരു പ്രാവശ്യം വലത്തേക്കും ചുറ്റുന്നതിന്റെ അർത്ഥമെന്തെന്നറിയാമോ?

ശിഷ്യൻ: അറിയില്ല.

ഗുരു: എങ്കിൽ കേട്ടുകൊള്ളുക. രണ്ടു പ്രാവശ്യം ഇടത്തേക്കു ചുറ്റുന്നതിൽ ഒന്നാമത്തേത് ആദ്യമനുഷ്യനായ ആദത്തിന്റെ പാപത്തേയും രണ്ടാമത്തേത് സ്വന്തപാപത്തേയും കുറിക്കുന്നതും, അങ്ങനെ രണ്ടുവിധത്തിൽ ഇടത്തേതിന്റെ മക്കളായിത്തീർന്ന നമ്മെ കർത്താവിന്റെ രക്ഷാകരമായ ബലിയാൽ വലത്തേതിന്റെ മക്കളായതിനെ ഓർത്ത് ഒരു പ്രാവശ്യം വലത്തേക്കും ചുറ്റുന്നതാകുന്നു.

ശിഷ്യൻ: മായക്കാഴ്ചയും സത്യവും തമ്മിലുള്ള വ്യത്യാസമെന്താണ്?

ഗുരു: ആകാശത്തിൽ മഴവില്ലു കാണാറുണ്ടല്ലോ. കാഴ്ചയ്ക്ക് അത് മനോഹരമാണ്. പക്ഷേ, അതിന് ശാശ്വതഭാവമില്ല. വെറും മായക്കാഴ്ച. സത്യം യഥാർത്ഥവും ശാശ്വതവുമായിരിക്കും. സത്യത്തിനു മാത്രമേ സ്വാതന്ത്ര്യം തരുവാൻ കഴിയുകയുള്ളു. ഏതെല്ലാം എതിർശക്തികൾ സത്യത്തിനു നേരെ ഉയർന്നാലും, ഒടുവിൽ സത്യം വിജയം കൈവരിക്കും.

ഗുരു: തനിക്കു തന്നെ വിശ്വാസമുണ്ടോ?

ശിഷ്യൻ: ഉണ്ട്.

ഗുരു: ആയിരം രൂപാ തന്റെ കൈവശം ഇപ്പോൾ തന്നാൽ താനെന്തു ചെയ്യും?

ശിഷ്യൻ: ഞാൻ അതു തൽക്കാലം മാനേജരച്ചനെ ഏൽപിക്കും.

ഗുരു: ഒരുവന് തന്നെത്തന്നെ വിശ്വാസമുണ്ടെങ്കിൽ മറ്റൊരുത്തനെ രൂപാ ഏൽപ്പിക്കേണ്ട ആവശ്യമില്ല. ആർക്കുംതന്നെ അവരവരെ വേണ്ടത്ര വിശ്വാസം ഇല്ല. എന്നാൽ അവനവനെത്തന്നെ വിശ്വാസവും മതിപ്പും ഉണ്ടെങ്കിൽ മാത്രമെ ജീവിതത്തിൽ വിശ്വാസം ഉണ്ടാകയുള്ളു.

ശിഷ്യൻ: ലോകത്തിലുള്ള സർവ്വത്തേയും മൂന്നായി തരംതിരിക്കാമെന്ന് അവിടുന്ന്, ഒരിക്കൽ സംഭാഷണമദ്ധ്യേ കൽപിച്ചല്ലോ. അതിനെക്കുറിച്ച് അൽപം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.

ഗുരു: മായ, മായയുടെ മായ, യഥാർത്ഥം ഇവയാണ് ആ വിഭാഗങ്ങൾ. മായയ്ക്ക് ഉദാഹരണമായി പറയുന്നത് ചിത്രങ്ങളെയാകുന്നു. യഥാർത്ഥ ങ്ങളോട് നൂറു ശതമാനവും യോജിപ്പുണ്ടായിരിക്കാൻ സാധിച്ചാലും പടം എന്നാണ് അതിന് പേരു പറയുന്നത്. മഴവില്ല് മായയുടെ മായയ്ക്ക് ഉദാ ഹരണമാണ്. നമ്മുടെ വെറും കാഴ്ചയെന്നല്ലാതെ ചിത്രത്തെപ്പോലുള്ള ലക്ഷണങ്ങൾ പലതും മഴവില്ലിനില്ല. വെറും മായക്കാഴ്ച തന്നെയത്രെ. ഇതു രണ്ടുമല്ല മനുഷ്യൻ. അവൻ യഥാർത്ഥമാകുന്നു. മഴ പെയ്യുമ്പോൾ കിളിർക്കുന്നതും വെയിലുറയ്ക്കുമ്പോൾ വാടി ഇല്ലാതായിപ്പോകുന്നതു മായ പുൽച്ചെടിപോലെ ചിന്തിച്ചുകൊണ്ട് തിന്നുക, കുടിക്കുക, ആനന്ദി ക്കുക എന്നുള്ള ജീവിതക്കാരുണ്ട്. അതുപോലെതന്നെ കാപട്യജീവിത ക്കാരും കുറവല്ല. മനുഷ്യൻ യഥാർത്ഥമായി ജീവിക്കണം, അതാണാ വശ്യം. കൂടാതെ താൻ ഒരു യാഥാർത്ഥ്യമാണെന്നു ബോധ്യമുള്ളവനെ ക്കൊണ്ടു മാത്രമേ ചരിത്രത്തിന്റെ ഏടുകളിൽ മായാത്ത മുദ്ര പതിപ്പി ക്കുവാൻ കഴിയുകയുള്ളു. പരിശുദ്ധനായ പരുമല തിരുമേനി തന്നെ മികച്ച ഉദാഹരണം.

ശിഷ്യൻ: ബാർ എബ്രായയെക്കുറിച്ച് പലപ്പോഴും പല കാര്യങ്ങളും പറഞ്ഞു തന്നിട്ടുണ്ടല്ലോ. കുട്ടികൾക്കു നാമകരണം നടത്തുന്നതിനെപ്പറ്റി അദ്ദേഹത്തിന്റെ അഭിപ്രായം എന്താണ്?

ഗുരു: ഏതു കുടുംബത്തിലെ അംഗമാണ് എന്നു മറ്റുള്ളവർ അറിയു വാൻ ഒരു പേരിടണം. മാതാവിനും പിതാവിനും പിന്നീടു കുഞ്ഞിനും മാത്രം അർത്ഥം അറിയാവുന്ന പേരിടണം. ഒരു കുഞ്ഞിനുവേണ്ടി നോക്കി പ്പാർക്കുമ്പോൾ ദൈവം തരുന്ന കുഞ്ഞിനെ ഏതൊരു ആഗ്രഹത്തിലോ പ്രതീക്ഷയിലോ ഇരുന്നിട്ടു ലഭിച്ചുവോ ആ സംഗതി മുൻനിർത്തി ഗൂഢാർ ത്ഥപ്പേരു നൽകുന്നപക്ഷം ആ കുഞ്ഞിന്റെ ജീവിതവിജയത്തിന് അത് സഹായിക്കുന്നതാണ്. വെള്ളത്തിൽ നിന്നും വലിച്ചെടുക്കപ്പെട്ടവനെ ന്നർത്ഥമുള്ള മോശ എന്ന പേരാണ് മോശയെ ഇസ്രായേലിന്റെ സ്വാത ന്ത്ര്യത്തിന്റെ നായകത്വം ഏറ്റെടുക്കാൻ പ്രേരിപ്പിച്ചത് എന്ന് ന്യായമായി ചിന്തിക്കാം.

ഗുരു: ലോകത്തിൽ ഒരു വ്യക്തിക്ക് വിശ്വസിച്ചാശ്രയിപ്പാൻ കഴിയുന്ന താരാകുന്നു?

ശിഷ്യൻ: അറിയില്ല.

ഗുരു: എന്നാൽ കേട്ടുകൊള്ളുക. ഈ ലോകത്തിൽവച്ച് ഒരുവന് ഏറ്റവും വിശ്വസിക്കാവുന്നത് അവനവനെത്തന്നെയാണ്. ചെറുതോ വലുതോ ആയ ഏതു കാര്യം ആയിരുന്നാലും സ്വയം സമ്മതത്തിലും ആത്മവിശ്വാസത്തിലും ധൈര്യത്തിലും ചെയ്താൽ ദുഃഖിക്കേണ്ടി വരി

കയില്ല. എന്നാൽ അന്യനിൽ ആശ്രയിക്കുകയും അന്യനെ വിശ്വസിക്കുകയും ചെയ്താൽ ചിലപ്പോൾ മനഃപ്രയാസമനുഭവിക്കേണ്ടതായി വരും. ആകയാൽ സ്വന്തം തീരുമാനത്തിലും വിശ്വാസത്തിലും ആശ്രയിച്ചു മാത്രമേ ഒന്നു പ്രവർത്തിക്കാവൂ.

ശിഷ്യൻ: എല്ലാം എല്ലാ സ്ഥാനത്തും വിലമതിക്കപ്പെടുമോ?

ഗുരു: ഇല്ല. വ്യക്തിയേയും സന്ദർഭത്തേയും ആശ്രയിച്ചാണ് പ്രവർത്തി വിലയിരുത്തപ്പെടുന്നത്. മഹാത്മാഗാന്ധി മൂന്നാംക്ലാസ് തീവണ്ടിയിൽ യാത്ര ചെയ്താൽ ബഹുമാനമായി ചിന്തിക്കുന്നതുപോലെ, മൂന്നാംക്ലാസ് വണ്ടിയിൽ യാത്ര ചെയ്യുന്നവരെയെല്ലാം ബഹുമാനിക്കണമെന്നില്ല.

ശിഷ്യൻ: സത്യം എന്നാൽ എന്താണെന്ന് ഒന്നു വിശദീകരിച്ചു തന്നാൽ ഉപകാരമായിരുന്നു.

ഗുരു: ഒരുവന്റെ ബുദ്ധി, ശരീരം, മനസ്സ് എന്നീ മൂന്നും യോജിച്ച് ഏകാഗ്രപ്പെട്ടിരുന്നാൽ സത്യമാകും. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ത്രിത്വം ഒന്നിനോടൊന്ന് യാതൊരുതരത്തിലും പ്രതികൂലഭാവമില്ലാതെയിരിക്കുന്നതുകൊണ്ട് ദൈവം സത്യമാകുന്നു എന്നു പറയുന്നു. ഇതുപോലെതന്നെ മനുഷ്യനും ബുദ്ധിയും, ശരീരവും, ആത്മാവും ഒരേ കാര്യത്തിൽ തുല്യഭാവത്തിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവൃത്തി സത്യമായിരിക്കും. യാതൊരു ശക്തിക്കും അതിനെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല തന്നെ. അത്ഭുതസിദ്ധി എന്നു പറയുന്നതിന്റെ തത്വം ഇതത്രെ. പുരോഹിതകർമ്മത്തിന്റെ ശക്തിയുടെ രഹസ്യവും മേൽപ്പറഞ്ഞ കേന്ദ്രീകരണത്തിൽ അധിഷ്ഠിതമാകുന്നു.

ശിഷ്യൻ: ഒരുവൻ ഭാഗ്യവാനാകുന്നത് എപ്പോഴാകുന്നു.

ഗുരു: ഒരുവൻ ജനിക്കുന്നതിന് മുമ്പ്, ജീവിതയാത്രയിലെ സംഭവങ്ങൾക്കു മുമ്പ്, മരണത്തിന് മുമ്പ് എന്നിങ്ങനെ നമ്മുടെ ഏതവസരത്തിനും മുമ്പായി ദൈവം നമ്മെ അറിയുമെങ്കിൽ, – ആരെ അറിയുമോ – അവനാണ് ഭാഗ്യവാൻ. കത്തി കൊണ്ട് മുറിയുവാൻ ഇടയുണ്ട് എന്ന് മുൻകൂട്ടി അറിയുന്ന അമ്മയുടെ പരിചരണത്തിൽ ഇരിക്കുന്ന കുഞ്ഞ് ആപത്തുണ്ടാകാതെ സൗഖ്യമായിരിക്കുന്നതുപോലെ നമ്മെ പരിപാലിക്കുന്ന ദൈവം നമ്മുടെ എല്ലാ കാര്യങ്ങളും മുൻകൂട്ടി അറിയുന്നപക്ഷം നാം ഭാഗ്യവാന്മാരാണ്. പക്ഷേ, ഹൃദയവിശുദ്ധിയുള്ളവരെ മാത്രമേ ദൈവം കാണുന്നുള്ളു.

ശിഷ്യൻ: 'ഞാനാകുന്നവൻ ഞാനാകുന്നു' എന്ന വാകൃത്തിന്റെ പൊരുളെന്താണ്?

ഗുരു: ഈ ആശയത്തിൽ സർവ്വഅധീശത്വവും നിറഞ്ഞ് ഒതുങ്ങി നിൽക്കുന്നു. എനിക്കുണ്ട് എന്നു പറയുമ്പോൾ പരാധീനത നിഴലിടുന്നു. എനിക്ക് ഒരു കുടയുണ്ട് എന്നു പറഞ്ഞാൽ അതു സ്വന്തവുമാകാം മറ്റാരുടേയും ആകാം. എന്നാൽ എന്റേതാണെന്നു പറഞ്ഞാലോ അത് ഇഷ്ടം പോലെ വിനിയോഗിപ്പാൻ സ്വാതന്ത്ര്യം ഉണ്ടെന്നു മനസ്സിലാക്കുന്നു. ഇതു പോലെ ഞാൻ തനിച്ചല്ല, ഞാനെന്റെ ദൈവത്തിന്റെ കൈയിലെ ആയുധമാകുന്നു എന്നു പരിപൂർണ്ണബോധ്യം ഉള്ള ഒരുവന് ജീവിതത്തിൽ ഭാരപ്പെടേണ്ടതില്ല.

ശിഷ്യൻ: മനുഷ്യന്റെ ഏറ്റവും വലിയ ബലഹീനത എന്താണ്?

ഗുരു: അവന്റെ തീരുമാനത്തെ അവനെക്കൊണ്ടുതന്നെ അനുസരിപ്പിക്കാൻ കഴിയാതെ പോകുകയെന്നുള്ളതാണ്. ആരുടെയും സമ്മർദ്ദവും പ്രേരണയും കൂടാതെ തന്നെ നാം ചെയ്യുന്ന തീരുമാനങ്ങൾ പോലും നമുക്ക് അനുസരിപ്പാൻ കഴിയാതെ പോകുന്നുണ്ട്. ജീവിതവിജയത്തിന് സ്വന്ത തീരുമാനത്തെ തന്നെക്കൊണ്ടു തന്നെ അനുസരിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ശിഷ്യൻ: ആരാണ് ശ്രേഷ്ഠൻ?

ഗുരു: തെറ്റു തെറ്റാണെന്ന് സമ്മതിക്കുന്നത് മാനക്കേടായി ചിന്തിക്കുന്ന ചിലരുണ്ട്. തെറ്റു തെറ്റാണെന്ന് കലവറ കൂടാതെ സമ്മതിക്കുന്നവൻ ശ്രേഷ്ഠനാകുന്നു. ആ സ്വഭാവമുള്ളവനേയെ കൂട്ടുകാരനായി സ്വീകരിക്കാനാവൂ. ഈ ലോകത്തിൽ തെറ്റും കുറ്റവും ഇല്ലാത്തവരായോ ഉണ്ടാകാത്തവരായോ ആരും ഇല്ല. തങ്ങളുടെ കുറ്റങ്ങളെ ഒളിക്കയും മറയ്ക്കുകയും ചെയ്യുന്നവനെ നീചനെപ്പോലെ കരുതണം.

ശിഷ്യൻ: അനുഭവങ്ങളെ യുക്തിയേക്കാളും ബഹുമാനിച്ചു സ്വീകരിക്കണമോ?

ഗുരു: തീർച്ചയായും. കൊലപാതകൻ നിരപരാധിയാണെന്ന് യുക്തിയും ബുദ്ധിയുമുപയോഗിച്ച് സ്ഥാപിക്കാൻ കഴിയും. സ്കൂളിൽ ആദ്യമായി പോകുന്ന കുഞ്ഞിനോട് മാതാപിതാക്കൾ നൽകുന്ന ഉപദേശമനുസരിച്ച് ആരോടും സംസാരിക്കയോ കൂട്ടു കൂടുകയോ ചെയ്യാതെ പാവത്താനായി അഥവാ നല്ലവനായി ഇരുന്നാൽ മറ്റു കുസൃതിക്കുട്ടന്മാരുടെ ആക്ഷേപവും പരിഹാസവും ഉപദ്രവങ്ങളും ഏൽക്കേണ്ടി വരികയെന്നുള്ളതാണ് അനുഭവം. നല്ലവനായിരുന്നാൽ എല്ലാവർക്കും ഇഷ്ടമായിരിക്കും എന്നുള്ള ഉപദേശവും അനുഭവവും ആ പൈതലിന്റെ ജീവിതത്തിൽ പൊരുത്തം ഇല്ലാതെ കാണപ്പെടുന്നു. അനുഭവം യുക്തിയെയും ബുദ്ധിയെയും മറികടന്നു വരാവുന്നതുകൊണ്ട് അനുഭവത്തിന്റെ വെളി

ച്ചത്തിൽ നൽകുന്ന ഉപദേശത്തിനു വില കൽപ്പിക്കുകയും സ്വീകരിക്കുകയും ചെയ്യണമെന്ന്, ഇവിടെ ചൂണ്ടിക്കാട്ടിയ ഉദാഹരണത്തിൽ നിന്ന് വ്യക്തമല്ലോ.

ശിഷ്യൻ: ഓരോ വ്യക്തിയും ഓരോ തലമുറയ്ക്ക് യോജിച്ചവനായി ജീവിക്കണമെന്നു അവിടുന്നു കൽപിക്കാറുണ്ടല്ലോ. സ്വജീവിത പശ്ചാത്തലത്തിൽ അതൊന്നു വിശദീകരിച്ചു തരാമോ?

ഗുരു: തരാമല്ലോ. ഒരുവൻ ഏതു തലമുറയിൽ ജനിച്ചവനായാലും ജീവിക്കുന്നവനായാലും അതതു തലമുറയ്ക്കു യോജിച്ചവനായി ജീവിക്കേണ്ടതാണ്. എന്നാൽ കാതലായ തത്വത്തിൽനിന്നും വ്യതിചലിക്കുവാൻ പാടില്ലാത്തതാകുന്നു. നമ്മുടെ ജീവിതംതന്നെ ശ്രദ്ധിക്കുക. പഠിച്ചിരുന്ന കളരിയിൽ ചട്ടൻപിള്ളയും, ശെമ്മാശനായിരുന്നപ്പോൾ റീശ്ശായും, റമ്പാനായപ്പോൾ സെമിനാരി മാനേജരായും, മെത്രാപ്പോലീത്താ ആയപ്പോൾ ഭരണമുള്ളവനായും, പിന്നീട് കാതോലിക്കായായും, മലങ്കര മെത്രാപ്പോലീത്താ ആയും ഇരിക്കുവാൻ കഴിഞ്ഞത് അതതു തലമുറയ്ക്കനുസരിച്ച് ജീവിക്കുവാൻ അഥവാ സേവനം ചെയ്യുവാൻ കഴിവുള്ളവനായതുകൊണ്ടാണ്. ഇക്കാലത്ത് ആദ്യമെ ലാഭനഷ്ടം കണക്കു കൂട്ടിയ ശേഷമെ സേവനത്തിനിറങ്ങുകയുള്ളു. അതുകൊണ്ട് സേവനക്കാരനും സേവിക്കപ്പെട്ടതും പരാജയത്തിൽ കലാശിക്കുന്നു. ലാഭനഷ്ടം പരിഗണിക്കാതെ പ്രായത്തിനും, കാലത്തിനും, സ്ഥാനത്തിനും അനുയോജ്യമായ സേവനം ചെയ്യുന്നവന് സന്തോഷത്തിനും സംതൃപ്തിക്കും വകയുണ്ട്. അങ്ങനെയുള്ളവൻ അനശ്വരനായിരിക്കും.

(*മലങ്കരസഭാപിതാക്കന്മാർ*, ഡോ. സാമുവൽ ചന്ദനപ്പള്ളി, കോട്ടയം, 1991, പേജ് 247–251)

3

തിരുസന്നിധിയിൽ നിന്നു ചില പാഠങ്ങൾ

കാലംചെയ്ത പ. കാതോലിക്കാബാവാ തിരുമേനിയെപ്പോലെ അത്രയധികം വി. കുർബ്ബാന അർപ്പിച്ചിട്ടുള്ള പുരോഹിതന്മാരോ മഹാപുരോഹിതന്മാരോ ഉണ്ടോ എന്നു സംശയമാണ്. വി. കുർബ്ബാന അർപ്പിക്കുന്തോറും അവിടുത്തെ ശക്തിയും ചൈതന്യവും വർദ്ധിച്ചുകൊണ്ടിരുന്നു. ഇതു തിരുമേനി തന്നെ പലപ്പോഴും കൽപിച്ചിട്ടുള്ളതാണ്. തിരുമനസ്സിലെ ഭാഗ്യകരമായ ദീർഘായുസ്സിന്റെ കാരണമായി അവിടുന്നു കൽപിച്ചിട്ടുള്ള സംഗതികൾ രണ്ടാണ്. ഒന്ന് അവിടുന്ന് അനുഷ്ഠിച്ചിട്ടുള്ള നോമ്പുകളും മറ്റൊന്ന് തിരുമേനി അർപ്പിച്ചിട്ടുള്ള ദിവ്യബലികളും.

വി. കുർബ്ബാനയ്ക്ക് മദ്ബഹായിൽ പ്രവേശിച്ചു കഴിയുമ്പോഴേയ്ക്കും അഭൗമമായ ഒരു മാറ്റമാണ് തിരുമേനിക്കുണ്ടായിക്കൊണ്ടിരുന്നത്. ഏകദേശം ഒരു മണിക്കൂർ നീണ്ടുനിൽക്കുന്ന 'തൂയോബോ'യ്ക്കുശേഷമാണ് പരസ്യമായി വി. കുർബ്ബാന ആരംഭിക്കുന്നത്. 'മറിയം ദീലേത്തോ' ചൊല്ലി ത്രോണോസിനു പ്രദക്ഷിണം വച്ചു ധൂപക്കുറ്റിയുമായി പടിഞ്ഞാറോട്ടു തിരിയുമ്പോൾ ആ മുഖം ഒന്നു കാണേണ്ടതു തന്നെ. എന്തൊരു പ്രഭാപ്രസരമാണെന്നോ ആ മുഖത്ത്. ആ ശബ്ദം മേഘനാദംപോലെ ഉയരുകയാണ്. ആരാധകരെ മേൽമേൽ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു മിശിഹാതമ്പുരാൻ ഇരിക്കുന്ന ഉന്നതത്തിലേക്ക് വിളിച്ചടുപ്പിക്കുവാനുള്ള അഭൗമമായ ശക്തി തിരുമേനിയിൽ വിളങ്ങിയിരുന്നു എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തി ഇല്ല. മദ്ബഹായിൽ ആചാര്യന്മാരും ശുശ്രൂഷകന്മാരും ഭംഗിയായും നല്ല സന്നിധിബോധത്തോടുകൂടിയും ശുശ്രൂഷിക്കണമെന്നുള്ളത് തിരുമേനിക്കു നിർബന്ധമാണ്. എന്തെങ്കിലും വികല്പം കണ്ടുപോയാൽ അപ്പോൾ ധർമ്മരോഷം പൂണ്ടു കഴിയും. അതുപോലെ ദേവാലയത്തിൽ സന്നിഹിതരാകുന്ന ആരാധകർ ഉച്ചത്തിൽ പ്രതിവാക്യം ചൊല്ലണമെന്നുള്ളതും നിർബന്ധമാണ്. മാലാഖമാർ ദൈവത്തെ സ്തുതിക്കുന്നത് പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും വലിയൊരു ഇടിമുഴക്കംപോലെയും കേൾക്കപ്പെട്ടതായി വെളിപാടിൽ (14:1) ഉള്ള വസ്തുതയെയും, ഹെസക്കിയേലിന്റെ ദർശനത്തെയും (ഹെസ. 1:24) ഏശായായുടെ ദർശനത്തെയും (ഏശാ. 6:1–7) അനുസ്മരിപ്പിച്ചുകൊണ്ട് ഉറക്കെ ചൊല്ലണമെന്നു തിരുമേനി നിർബന്ധിച്ചിരുന്നു. ഇക്കാലത്ത് ചില പള്ളികളിൽ സ്ത്രീപുരുഷന്മാർ ആരാധനകളിൽ മൗന

മായി നിൽക്കുന്നതിന്റെ അനൗചിത്യത്തെ പരാമർശിച്ചുകൊണ്ടാണ് തിരുമേനി ഇപ്രകാരം തന്റെ മക്കളെ ഗുണദോഷിച്ചിട്ടുള്ളത്.

വി. യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായം വി. കുർബ്ബാനയെപ്പറ്റിയുള്ള നമ്മുടെ കർത്താവിന്റെ തിരുവചനങ്ങളാണല്ലോ. ആ ഭാഗം വായിച്ചുകേൾക്കുമ്പോൾ തിരുമേനി പ്രത്യേകം അനുസ്മരിപ്പിക്കും, 'സൂക്ഷിച്ചു വായിക്കണം; ശ്രദ്ധിച്ചു വായിക്കണം.'

'ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്‌വാനായിട്ടത്രെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വന്നിരിക്കുന്നത്' (യോഹ. 6:38). എന്താണു ദൈവത്തിന്റെ ഇഷ്ടം എന്നു തിരുമേനി വ്യക്തമാക്കിത്തന്നു. അത് ആ തിരുമുഖത്തുനിന്നു കേട്ടപ്രകാരം പറഞ്ഞു ഫലിപ്പിക്കാൻ എനിക്കു ശക്തിയില്ല. പരിശുദ്ധാത്മ നിറവിൽനിന്നു കൽപിച്ചുതന്ന ആ വചനങ്ങൾ ഞാൻ എങ്ങനെ അതേപടി എഴുതി ഫലിപ്പിക്കുവാനാണ്!

'പിതാവായ ദൈവത്തിന്റെ ഇഷ്ടം എന്താണെന്നു തന്റെ ഏകപുത്രൻ വെളിപ്പെടുത്തിയിരിക്കുന്നു' തിരുമേനി കൽപിച്ചു. 'പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം' (യോഹ. 6:40). പുതന്ര് സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നത് പിതാവിന്റെ ഈ ഇഷ്ടം നിവൃത്തിപ്പാനായിരുന്നു.

സ്വർഗ്ഗത്തിൽ ഒരു ഇഷ്ടമേയുള്ളു. അതു പിതാവിന്റെ ഇഷ്ടമാണ്. അതുതന്നെയാണ് പുത്രന്റെയും പ. റൂഹായുടെയും ഇഷ്ടം. ബഹുസഹസ്രം മാലാഖമാർക്കും വി. ത്രിത്വത്തിന്റെ – ദൈവത്തിന്റെ – ഇഷ്ടമല്ലാതെ മറ്റു യാതൊരു ഇഷ്ടവുമില്ല. 'നിന്റെ രാജ്യം വരേണമെ! നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമേ' എന്നു പ്രാർത്ഥിപ്പാൻ നമ്മുടെ കർത്താവു നമ്മെ പഠിപ്പിച്ചിരിക്കുന്നു. ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ ദൈവയിഷ്ടത്തിനു നമ്മെ പൂർണ്ണമായി ഭരമേൽപിക്കാനാണ് നമ്മുടെ കർത്താവ് നമ്മോടാവശ്യപ്പെടുന്നത്. ഇന്നു സമുദായങ്ങളിലും രാഷ്ട്രങ്ങളിലും ഇടവകകളിലും ഭവനങ്ങളിലും കാണുന്ന കലഹങ്ങളുടെയും അന്തഃച്ഛിദ്രങ്ങളുടെയുമെല്ലാം കാരണം മനുഷ്യർ തമ്മിൽ ഇഷ്ടങ്ങളിലും അഭിപ്രായങ്ങളിലുമുള്ള പൊരുത്തക്കേടാണ്. അതിനാൽ സകലത്തിലും ദൈവത്തിന്റെ ഇഷ്ടം എന്താണെന്ന് ആരായേണ്ടതാണ്. നമ്മുടെ കർത്താവ് ഗത്സമേനയിൽ അതിവേദന സഹിച്ചുകൊണ്ടിരുന്ന ഭയങ്കരമായ സന്ദർഭത്തിൽ 'പിതാവേ, കഴിയുമെങ്കിൽ ഈ കാസാ എങ്കൽ നിന്നു മാറ്റിത്തരേണമേ' എന്നു പ്രാർത്ഥിക്കുന്നതായി കാണുന്നു. ആ പ്രാർത്ഥനയുടെ മറുപടി എന്തായിരുന്നുവെന്ന് നമ്മുടെ കർത്താവിന്റെ അടുത്ത വാക്യത്തിൽ നിന്നു നമുക്കു ഗ്രഹിക്കാം. 'പിതാവേ, എന്റെ

ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ' (ലൂക്കോസ് 22:42). 'പുത്രാ! ഈ കാസ്സാ അതിന്റെ മട്ടോളവും നീ ഊറ്റിക്കുടിക്കുക തന്നെ വേണം' എന്നതായിരുന്നു പിതാവിന്റെ ഇഷ്ടം. 'എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു' എന്നു പറയത്തക്കവണ്ണം അതിവേദന അനുഭവിച്ചുകൊണ്ടിരുന്ന ആ വേളയിലും സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടത്തിനു പുത്രൻ തന്നെത്തന്നെ പൂർണ്ണമായി ഭരമേൽപിച്ചു കൊടുക്കുകയാണു ചെയ്തത്. അതേ! സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം, തന്റെ ഏകപുത്രൻ മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്കു പരിഹാരമുണ്ടാക്കാൻ വേണ്ടി അകൃത്യയാഗമായി അർപ്പിക്കപ്പെടണം എന്നായിരുന്നു. ബലിയില്ലെങ്കിൽ വിമോചനമില്ല. പാപത്തിന്റെ ശമ്പളം മരണം. പാപമില്ലാത്ത പുത്രൻ, ആദാമിന്റെ - മനുഷ്യവർഗ്ഗത്തിന്റെ - പാപം മുഴുവൻ സ്വന്തം ചുമലിൽ ഏറ്റെടുത്തു. ആദാമിന്റെ പാപത്തിനു പരിഹാരമുണ്ടാക്കാനാണല്ലോ ദൈവത്തിന്റെ പുത്രൻ ആദാമിന്റെ പുത്രനായി വന്നത്. 'നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു' (ഏശാ. 53:4). ഈ ഭാഗം വിശദീകരിച്ചുകൊണ്ടിരിക്കവേ, തിരുമേനി കൽപിച്ചു. ചിലപ്പോൾ നമ്മുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുന്നില്ലെന്നും, നമ്മുടെ യാചനകൾക്കു മറുപടി നൽകുന്നില്ലെന്നും തോന്നിയേക്കാം. അങ്ങനെയല്ല, നമ്മുടെ കാഴ്ചപ്പാടു തുലോം ഹ്രസ്വമാണ്. ദൈവത്തിന്റെ കാഴ്ചപ്പാടോ പാരം വിസ്തൃതവും അനന്തവും. അതിനാൽ നാം കാണുന്നതിൽ വളരെ മടങ്ങു കൂടുതലായി നമ്മുടെയും തന്റെ മക്കളായ എല്ലാവരുടെയും ആവശ്യങ്ങൾ അറിഞ്ഞ് താൻ പ്രവർത്തിക്കുന്നു. ഒടുവിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും, ദൈവം ചെയ്തതെല്ലാം പൂർണ്ണമായി നന്മയ്ക്കാണെന്ന്. പരിശുദ്ധനായ ദാവീദു പറയുന്നതു ശ്രദ്ധിക്കുക, 'ദൈവമേ! നിന്റെ വിചാരങ്ങൾ എനിക്ക് എത്ര ഘനമായവ, അവയുടെ ആകെത്തുകയും എത്ര വലിയത്' (സങ്കീ. 138:17). നാം തന്റെ ഏകപുത്രനെ നോക്കുകയും അവനിൽ വിശ്വസിക്കുകയും നിത്യജീവൻ പ്രാപിക്കുകയും ചെയ്യണം എന്നതാണ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം. ഈ ഇഷ്ടം നാം നിവർത്തിക്കുമ്പോൾ നമ്മെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ ഇഷ്ടം സാധിച്ചു. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു' (യോഹ. 3:16).

പുത്രനെ നോക്കിക്കാണണം

ഇക്കാലത്ത് എല്ലാവരും നമ്മുടെ കർത്താവിനെ ആദരിക്കുന്നു. എന്നാലും പലരും തന്നെ കാണുന്നില്ല. താൻ ലോകത്തിൽ സഞ്ചരിച്ചിരുന്ന കാലത്ത് ആ ദേശത്തുള്ളവരെല്ലാവരും തന്നെ കണ്ടു. എന്നാൽ

പലരും തന്നെ കാണേണ്ടതുപോലെ കണ്ടില്ല. നസറേത്തിലെ തച്ചനായ യൗസേപ്പിന്റേയും മറിയയുടെയും മകനായി അനേകർ തന്നെ കണ്ടു. ഒരു പ്രവാചകനായിട്ടു പലരും കണ്ടു (മത്താ. 16:13-14). പക്ഷേ, അവരാരും യഥാർത്ഥമായി തന്നെ കണ്ടില്ല. 'നിങ്ങളോ എന്നെ ആർ എന്നു പറയുന്നു?' എന്നാണ് താൻ തന്റെ ശിഷ്യന്മാരോടു ചോദിക്കുന്നത്. 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു' എന്നു പത്രോസ് പറഞ്ഞു. അതെ! പത്രോസും അപ്പോസ്തോലന്മാരും തന്നെ കണ്ടു. അങ്ങനെ തന്നെ കാണുന്നവരാണു ഭാഗ്യവാന്മാർ (മത്താ. 16:15-17). അപ്പോസ്തോലന്മാർക്കു ശേഷം വന്ന സകല പരിശുദ്ധന്മാരും വിശ്വാസികളും ഇങ്ങനെ തന്നെ കണ്ടു. നമ്മുടെ കർത്താവിന്റെ തിരുവിലാവിൽ കൈ ഇട്ടിട്ട് 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്നു നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹാ ഏറ്റുപറഞ്ഞു (യോഹ. 20:28). 'ദൈവത്തിന്റെ സകല സമ്പൂർണ്ണതയും അവനിലല്ലോ ദേഹരൂപമായി സ്ഥിതിചെയ്യുന്നത്' എന്ന് വി. പൗലൂസ് കൊലോസ്യരെ ഉത്ബോധിപ്പിക്കുന്നു (കൊലോസ്യ 2:9). 'അവൻ (ക്രിസ്തു) അവന്റെ (പിതാവിന്റെ) തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും' ആകുന്നു എന്ന് എബ്രായ ലേഖനകർത്താവ് പ്രഘോഷിക്കുന്നു (എബ്രാ. 1:3). 'അവൻ സത്യദൈവവും നിത്യജീവനുമാകുന്നു' എന്ന് യോഹന്നാൻ ശ്ലീഹായും സാക്ഷിക്കുന്നു (1 യോഹ. 5:20). അതിനാൽ അപ്പോസ്തോലന്മാരും പരിശുദ്ധന്മാരും കണ്ടതുപോലെ നമ്മുടെ കർത്താവിനെ ദൈവപുത്രനായും സത്യദൈവമായും നിത്യജീവനായും നാം കാണണം.

വിശ്വസിക്കണം

കണ്ടാൽ പോരാ, വിശ്വസിക്കണം. ഗലീലാ - യഹൂദ്യാ പ്രദേശങ്ങളിൽ കാണപ്പെട്ട ആ മനുഷ്യൻ ആരായിരുന്നു? അവൻ ദൈവപുത്രനായിരുന്നു. സത്യദൈവമായിരുന്നു. നിത്യജീവനായിരുന്നു. മനുഷ്യനായി കാണപ്പെട്ട ആ മനുഷ്യനെ ദൈവമായി വിശ്വസിക്കണം. ആരാധിക്കണം. അതാണു വിശ്വാസം. വിശ്വാസം ദൃഢമായ ഒരു മനോബോദ്ധ്യം മാത്രമല്ല എന്ന് തിരുമേനി പ്രത്യേകം കൽപിച്ചു. വിശ്വാസത്തിന്റേതായ ഫലങ്ങൾ പുറപ്പെടുവിച്ചെങ്കിലേ വിശ്വാസം യഥാർത്ഥമാകയുള്ളു. നമ്മുടെ കർത്താവ് ദൈവപുത്രനാണെന്നു ഭൂതഗ്രസ്ഥർ യാതൊരു പരപ്രേരണയും കൂടാതെ ഏറ്റുപറഞ്ഞുവല്ലോ. അതു വിശ്വാസമാണോ, അവർ വിശ്വാസികളാണോ എന്നു തിരുമേനി ചോദിച്ചു. പിശാചുകൾ കൂടെയും വിറച്ചുകൊണ്ടു വിശ്വസിക്കുന്നതായി വി. യാക്കൂബ് ശ്ലീഹാ സാക്ഷിക്കുന്നു (യാക്കൂബ് 2:19). അതുകൊണ്ടു പിശാചു വിശ്വാസിയായോ? അവൻ വിശ്വാസികളുടെ കൊടിയ ശത്രുവല്ലയോ. പ്രവൃത്തിയില്ലാത്ത വിശ്വാസം

നിർജ്ജീവമാണെന്നു വി. യാക്കൂബ് ശക്തിയായി സമർത്ഥിച്ചിട്ടുണ്ട് (യാക്കൂബ് 2:13-17). അതിനാൽ വിശ്വാസം പ്രവൃത്തിയാലും ജീവിതത്താലും സാക്ഷാത്കരിക്കപ്പെടണം. പരിശുദ്ധന്മാർ കർത്താവിനെ കണ്ടു. തന്നിൽ വിശ്വസിച്ചു. ആ വിശ്വാസത്തിനുവേണ്ടി അവർ അത്യദ്ധ്വാനം ചെയ്തു, അന്ധകാരശക്തികളോടു സമരം ചെയ്തു. അവർ തങ്ങളുടെ പ്രാണനെപ്പോലും വിശ്വാസത്തേക്കാൾ വിലയേറിയതായി ഗണിച്ചില്ല.

നിത്യജീവൻ പ്രാപിക്കണം

ദൈവത്തിന്റെ പുത്രനെ കാണുകയും വിശ്വസിക്കുകയും ചെയ്തതുകൊണ്ടു മാത്രമായില്ല. നിത്യജീവൻ പ്രാപിക്കണം. കാണുകയും വിശ്വസിക്കുകയും ചെയ്യുന്നവർക്കു ലഭിക്കുന്ന ദാനമാകുന്നു നിത്യജീവൻ.

നമുക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായ ജീവൻ ഉണ്ടാകുവാനും ആയിട്ടത്രേ കർത്താവു വന്നത് (യോഹ. 10:10). ആകയാൽ ഈ സമൃദ്ധിയായ ജീവൻ നാം പ്രാപിക്കണം. ഇതെങ്ങനെ നമുക്കു ലഭിക്കും എന്നു കർത്താവ് വ്യക്തമായി കൽപിക്കുന്നു. 'എന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്. ... എന്റെ ശരീരം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവും ആകുന്നു' (യോഹ. 6:54-55). 'ആമേൻ, ആമേൻ (സത്യമായിട്ടു സത്യമായിട്ടു) ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കാതെയും രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല' (യോഹ. 6:53). നമ്മുടെ കർത്താവു സ്പഷ്ടമായും ഖണ്ഡിതമായും കൽപിക്കയാണ്. അതിനാൽ നമുക്കു നിത്യജീവൻ ലഭിക്കുന്നത് തന്റെ ശരീരം നാം ഭക്ഷിക്കുകയും തന്റെ രക്തം നാം കുടിക്കുകയും ചെയ്യുന്നതിനാലത്രേ. ഇതല്ലാതെ മറ്റു യാതൊരുവിധത്തിലുമല്ല. തന്നെ കാണുകയും തന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്കു മാത്രമുള്ള അവകാശമാണിത്. 'വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും മാത്രം ഈ ശുദ്ധതകൾ നൽകപ്പെടുന്നു' എന്നു വി. കുർബ്ബാനയിൽ പട്ടക്കാരൻ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടല്ലോ. 'എന്റെ ശരീരം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു' എന്നു താൻ അസന്ദിഗ്ദ്ധമായി കൽപിക്കുന്നു (യോഹ. 6:56). അതെ, നമ്മുടെ കർത്താവ് ലോകത്തിലേക്കിറങ്ങി വന്നതു - ജഡംധരിച്ച് അവതരിച്ചത് - വിലക്കപ്പെട്ട കനി ഭക്ഷിച്ച് ആദാമിൽ മരിച്ച മനുഷ്യകുലത്തെ ജീവന്റെ ഫലമാകുന്ന തന്റെ തിരുശരീരരക്തങ്ങൾ നൽകി നിത്യജീവനുള്ളവരാക്കിത്തീർക്കാനാണ്. ആ നിത്യജീവൻ നൽകുന്ന ഭക്ഷണം കഴിച്ചില്ലെങ്കിൽ നമുക്ക് ഉള്ളിൽ ജീവനില്ല. സമൃദ്ധിയായ ജീവൻ അതിനാലാണുണ്ടാകുന്നത്. അതുകൊണ്ടാണ് അവൻ സത്യദൈവവും നിത്യജീവനുമാകുന്നു എന്നു വി. യൂഹാ

നോൻ ശ്ലീഹാ പറയുന്നത് (1 യോഹ. 5:20). സത്യദൈവത്തിനു മാത്രമേ നിത്യജീവൻ നൽകുവാൻ കഴിയൂ. 'സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു, ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും' (യോഹ. 6:51).

ഈ നിത്യജീവന്റെ അപ്പം ഭക്ഷിച്ചെങ്കിൽ മാത്രമേ നാം കർത്താവിൽ ആയിത്തീരുകയുള്ളു. 'എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു' (യോഹ. 6:56). 'ഒരുവൻ ക്രിസ്തുവിലായാൽ ഒരു പുതിയ സൃഷ്ടി ആയി' (2 കോരി. 5:17) എന്നു വി. പൗലൂസ് ശ്ലീഹാ പറഞ്ഞിരിക്കുന്നു. മൺമയനായ ആദാമിന്റെ മരണകരമായ സ്വഭാവത്തിൽനിന്നും അനുഭവത്തിൽ നിന്നും സ്വർഗ്ഗീയനായ ക്രിസ്തുവിന്റെ സ്വഭാവത്തിലേക്കും അനുഭവത്തിലേക്കും നാം പ്രവേശിക്കുന്നതു മൂലമാണു പുതിയ സൃഷ്ടിയായിത്തീരുന്നത്. നിത്യജീവന്റെ അനുഭവം കർത്താവിന്റെ ശരീരരക്തങ്ങൾ അനുഭവിക്കുന്നതുകൊണ്ടേ ഉണ്ടാകയുള്ളു.

നമ്മുടെ കർത്താവ് നമ്മെ അറിയുന്നത് താൻ നമ്മിലും നാം തന്നിലും ആയിത്തീരുന്നതിനാലാണ്. അല്ലാത്തവനെ, അവൻ എത്ര മഹാനും കൊള്ളാവുന്നവനും ആയിരുന്നാലും താൻ അറികയില്ല. ക്രിസ്തുവിന്റെ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചാലും വീര്യപ്രവൃത്തികൾ ചെയ്താലും തന്റെ തിരുശരീരരക്തങ്ങൾ ഭക്ഷിച്ചു കുടിക്കാത്തവനെ താൻ അറികയില്ല. 'കർത്താവേ, കർത്താവേ! നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട് ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല. അധർമ്മം പ്രവർത്തിക്കുന്നവരെ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും' (മത്തായി 7:22). എല്ലാം അറിയുന്നവൻ അവരെ അറികയില്ലെന്നോ? അതെ! താൻ അവരെ അറിയുകയില്ല. ഒരു മനുഷ്യൻ എത്ര തന്നെ സൽപ്രവൃത്തികൾ ചെയ്തവൻ ആയിരുന്നാലും അവനെ കർത്താവ് അറിയണമെങ്കിൽ അവൻ കർത്താവിൽ ആയിത്തീർന്നെങ്കിലേ മതിയാവൂ. അതിനുള്ള ഏക മാർഗ്ഗം തന്റെ തിരുശരീരരക്തങ്ങൾ ഭക്ഷിച്ചു കുടിക്കുകയാണ്. അതാണ് സ്വർഗ്ഗസ്ഥനായ പിതാവിന് മനുഷ്യരെ ഓരോരുത്തരെയും കുറിച്ചുള്ള ഇഷ്ടം. ഇതു കൂടാതെ എത്ര പ്രാർത്ഥിച്ചാലും നോമ്പു നോറ്റാലും വിശേഷമില്ല. പ്രാർത്ഥനയും നോമ്പുമെല്ലാം ഈ തിരുശരീരരക്തങ്ങൾ ഭക്ഷിച്ചു കുടിപ്പാൻ നമ്മെ യോഗ്യരാക്കുന്ന ഉപാധികളാണ്. അതുകൊണ്ടാണ് കർത്താവ് കൽപിക്കുന്നത് 'എന്നെ കർത്താവേ, കർത്താവേ, എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യു

ന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്' (മത്താ. 7:21) എന്ന്. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം താൻ നമുക്കു വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു. 'പുത്രനെ നോക്കി അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം.'

'ഇതു കഠിനവാക്ക്. ഇത് ആർക്കു കേൾപ്പാൻ കഴിയും'

കർത്താവ് കപ്പർന്നഹോമിൽ വച്ചു കൽപിച്ച നിത്യജീവന്റെ വചനങ്ങൾ വളരെ കഠിനങ്ങളാണെന്നാണ് അവിടെ തടിച്ചുകൂടിയിരുന്ന പതിനായിരക്കണക്കിനു ജനക്കൂട്ടം കരുതിയത്. അഞ്ച് അപ്പംകൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച ആ മഹാസംഭവത്തെ തുടർന്നാണു താൻ തന്റെ ശരീരരക്തങ്ങളാകുന്ന നിത്യജീവന്റെ ആഹാരത്തെപ്പറ്റി അരുളിച്ചെയ്തത്. അനേകായിരങ്ങൾക്ക് അദ്ധ്വാനം കൂടാതെ അപ്പം സമൃദ്ധിയായി കിട്ടിയതിനാൽ, തന്നെ രാജാവാക്കാൻ അവർ കാംക്ഷിച്ചു. അദ്ധ്വാനിക്കാതെ അപ്പം കിട്ടുമല്ലോ എന്നു കരുതി അവർ കൂട്ടമായി തന്നെ അനുഗമിക്കുകയായിരുന്നു. 'ആമേൻ ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വേഷിക്കുന്നത്' (യോഹ. 6:26). നിത്യജീവന്റെ അപ്പത്തെപ്പറ്റി അവർ ഗ്രഹിക്കുന്നതിനും അതിനുവേണ്ടി അവർ പ്രവർത്തിക്കുന്നതിനും താൻ അവരെ ആഹ്വാനം ചെയ്കയായിരുന്നു (യോഹ. 6:27). 'ഞാൻ ജീവന്റെ അപ്പമാകുന്നു' (യോഹ. 6:35). എന്നാൽ അവർ വിചാരിച്ചു, കർത്താവ് എങ്ങനെയാകുന്നു തന്റെ ശരീരം ഭക്ഷണമായി നൽകുന്നത്? ശിഷ്യന്മാർ കൂടെയും ഈ വചനത്തിൽ പിറുപിറുത്തു (യോഹ. 6:61). ഇതു ഗ്രഹിച്ച കർത്താവ് കൽപിക്കുന്നു. 'മനുഷ്യപുത്രൻ മുമ്പേ ഇരുന്നിടത്തേക്കു കയറിപ്പോകുന്നതു നിങ്ങൾ കണ്ടാലോ' (യോഹ. 6:62). അവർ കാണുന്ന ഈ ശരീരമല്ല താൻ മുറിച്ചുകൊടുക്കുന്നതെന്നും ഈ ശരീരത്തോടു കൂടിത്തന്നെ താൻ സ്വർഗ്ഗാരോഹണം ചെയ്യും എന്നും താൻ പ്രസ്താവിക്കുന്നു. പിന്നെ താൻ കൊടുക്കുന്ന ശരീരം എങ്ങനെയാകുന്നു?

(മലങ്കരസഭ, 1966 ഡിസംബർ)

4

നമ്മുടെ വി. സഭയുടെ വിശ്വാസ സംഗതിയിലെന്നപോലെതന്നെ, അതിന്റെ ആരാധനകൾ, അനുഷ്ഠാനങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയിലും മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമനസ്സിലേക്ക് നിരങ്കുശമായ ഒരു നിലപാടാണുണ്ടായിരുന്നത്. സഭയുടെ പാരമ്പര്യങ്ങൾ എവിടെയെങ്കിലും അവഗണിക്കപ്പെടുകയോ അപമതിക്കപ്പെടുകയോ, ആരെങ്കിലും അവയെ തുച്ഛീകരിക്കുകയോ ചെയ്യുന്നതു തിരുമേനിക്കു സഹിക്കുകയില്ല. സഭയുടെ വി. പാരമ്പര്യങ്ങൾ എഴുതപ്പെടാത്ത വേദപുസ്തകമായും, വി. വേദപുസ്തകം എഴുതപ്പെട്ട പാരമ്പര്യമായും തിരുമേനി പരിഗണിച്ചിരുന്നു. വി. പാരമ്പര്യങ്ങളൊന്നും വേദപുസ്തക വസ്തുതകൾക്കെതിരല്ലെന്നും പ്രത്യുത, വേദപുസ്തകവും പാരമ്പര്യവും തമ്മിൽ സമീകൃതമായി ചേർന്നു പോകുന്നു എന്നും തിരുമേനി തെളിവുസഹിതം സമർത്ഥിച്ചിട്ടുണ്ട്. വേദപുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ലാത്ത അനേകം കാര്യങ്ങളുണ്ടെന്നും (യോഹ. 21:25) അങ്ങനെ എഴുതപ്പെടാത്തവയും പൂർവ്വന്മാർ ഭക്തിപൂർവ്വം അനുസരിച്ച് ആചരിച്ചു വന്നവയുമാണ് നമുക്കു ലഭിച്ചിട്ടുള്ള പാരമ്പര്യങ്ങൾ എന്നുമത്രേ തിരുമേനി കൽപിച്ചിട്ടുള്ളത്. നമ്മുടെ സഭയിലെ പൗരോഹിത്യം, അങ്ങനെ പരമ്പരാധിഷ്ഠിതമായി ഇടമുറിയാത്ത അപ്പോസ്തോല കൈവയ്പാണ്. അപ്പോസ്തോലന്മാർ കർത്താവിൽ നിന്നു പൗരോഹിത്യം പ്രാപിക്കുകയും കൈവെയ്പു മൂലം അത് ഇന്നേയോളം നിലനിൽക്കുകയും ചെയ്യുന്നു. പൗരോഹിത്യപദലബ്ധിക്ക് ഈ കൈവെയ്പ് അനുപേക്ഷണീയമാണ്. ഈദൃശ സംഗതികൾ പലപ്പോഴും തിരുമേനി പറയുകയും പഠിപ്പിക്കുകയും ചെയ്യുന്നത് വി. വേദപുസ്തകം തിരുമുമ്പാകെ വായിച്ചുകേൾപ്പിക്കുമ്പോഴാണ്. വിജ്ഞാനപ്രദവും ഭക്തിജനകവുമായ ഒരു ക്ലാസ്സു തന്നെയാണീ വേദപുസ്തക പാരായണത്തിന്റെ സമയം. വായന കഴിഞ്ഞ് ഈ ലേഖകൻ തിരുമനസ്സിലെ മുറിയിൽ നിന്നും ഇറങ്ങുമ്പോൾ മിക്കവാറും രാത്രി പത്തു മണി കഴിഞ്ഞിരിക്കും. പലപ്പോഴും നല്ല ഒരു റിട്രീറ്റിൽ സംബന്ധിച്ച അനുഭൂതിയോടെയായിരിക്കും മടങ്ങുക.

ഗലാത്യലേഖനം തിരുമുമ്പിൽ വായിക്കയായിരുന്നു. 'മനുഷ്യരിൽ നിന്നല്ല, മനുഷ്യനാലുമല്ല യേശുക്രിസ്തുവിനാലും അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ച പിതാവായ ദൈവത്താലും അപ്പോസ്തോലനായ പൗലൂസും കൂടെയുള്ള സകല സഹോദരന്മാരും ... എഴുതുന്നത്' (ഗലാ. 1:1) എന്നു വായിച്ചു തുടങ്ങി.

'പൗലൂസിനു പട്ടം കൊടുത്തതാരാണ്?' തിരുമേനി ചോദിച്ചു. എന്റെ

അറിവിനെ പരിശോധിക്കുവാനായിരുന്നില്ല. എനിക്കു പറഞ്ഞു തരുവാനായിരുന്നു.

'കർത്താവ് നേരിട്ടു നൽകി.' ഞാൻ മറുപടി ഉണർത്തിച്ചു. എനിക്ക് ആധാരം മേൽപ്പറഞ്ഞ ഗലാത്യ ലേഖന വാക്യമായിരുന്നു.

'വി. പൗലൂസിനു മാമോദീസ്സാ നൽകിയതാരാണ്?' തിരുമേനി ചോദിച്ചു.

'അനന്യാസ്.' ഞാൻ മറുപടി പറഞ്ഞു.

'എന്നാൽ പിന്നെ മാമോദീസ്സായും നേരിട്ടു നൽകാൻ കർത്താവിനു കഴിയുമായിരുന്നില്ലേ?'

തിരുമനസ്സിലെ ഈ ചോദ്യത്തിന് എന്തു മറുപടി പറയണമെന്ന് എനിക്കറിഞ്ഞു കൂടായിരുന്നു.

തിരുമേനി കൽപിച്ചു:-

നമ്മുടെ കർത്താവിന്റെ രക്ഷാകര വ്യാപാരങ്ങളുടെ പിന്തുടർച്ച വി. സഭയിൽ താൻ നിക്ഷേപിച്ചിരിക്കുന്നു. അതു തന്റെ സ്ഥാനാപതികൾ മൂലം തുടർന്നുകൊണ്ടുപോകയുമാണു ചെയ്യുന്നത്. അതിനാണു വി. സഭയിൽ പൗരോഹിത്യം ഏർപ്പെടുത്തുകയും പുരോഹിതന്മാരെ നിയമിക്കുകയും ചെയ്തിരിക്കുന്നത്.

നമ്മുടെ കർത്താവ് നീതിമാനാണ്. സകല നീതിയും നിവൃത്തിക്കേണ്ടതാകുന്നു എന്നു കൽപിച്ചുകൊണ്ടാണല്ലോ താൻ യോഹന്നാനിൽ നിന്നു മാമോദീസായും പൗരോഹിത്യവും പ്രാപിച്ചത്.

കർത്താവ് സാക്ഷാൽ ദൈവമായിരിക്കെ യോഹന്നാനിൽ നിന്നു തനിക്കു പൗരോഹിത്യം പ്രാപിക്കണമായിരുന്നുവോ എന്ന എന്റെ സംശയം ഞാൻ തിരുമനസ്സറിയിച്ചു. 'യോഹന്നാനിൽ നിന്നു മാമോദീസ്സാ ഏൽക്കേണ്ട ആവശ്യം കർത്താവിനെന്തായിരുന്നു?' എന്ന ഒരു ചോദ്യമായിരുന്നു തിരുമനസ്സിലെ മറുപടി. തുടർന്നു തിരുമേനി താഴെ വരുംപ്രകാരം വിശദീകരിച്ചു:-

ന്യായപ്രമാണത്തെ നീക്കുവാനല്ല നിവൃത്തിപ്പാനാണു കർത്താവ് വന്നത്. നീതി നിവൃത്തിക്കുന്നതിനു കർത്താവിനു മാമോദീസാ ആവശ്യമായിരുന്നു എങ്കിൽ കൈവെയ്പും അഥവാ പൗരോഹിത്യവും ആവശ്യമായിരുന്നു. എബ്രായ ലേഖനത്തിൽ നിന്നും ഈ സംഗതി തിരുമേനി വിശദീകരിച്ചു. 'ക്രിസ്തു മഹാപുരോഹിതനാകാനുള്ള മഹത്വം സ്വതവേ എടുത്തിട്ടില്ല; നീ എന്റെ പുത്രൻ ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്ന് അവനോട് അരുളിച്ചെയ്തവൻ അവനു കൊടുത്തതത്രേ' (എബ്രാ.

5:5). അതെപ്പോൾ? ‘നീ എന്റെ പുത്രൻ’ എന്നു പിതാവ് അരുളിയ - യോർദ്ദാൻ നദിയിൽ വച്ചു നമ്മുടെ കർത്താവ് വി. യോഹന്നാനിൽ നിന്നു മാമോദീസാ ഏറ്റപ്പോളാണ്. കർത്താവിന്റെമേൽ യോഹന്നാൻ കൈ വച്ചു മാമോദീസാ കൊടുത്തപ്പോൾ സ്വർഗ്ഗം തുറക്കപ്പെടുകയും, പരിശുദ്ധ റൂഹാ പ്രാവെന്നപോലെ ഇറങ്ങി കർത്താവിന്റെമേൽ ആവസിക്കുകയും, പിതാവു മേൽപ്രകാരം സാക്ഷിക്കുകയും ചെയ്തു. ആ അവസരത്തി ലാണ് മഹാപുരോഹിതത്വം തനിക്കു കിട്ടിയത്. അത് യോഹന്നാന്റെ കൈവെയ്പിനാലായിരുന്നു (ഈ വസ്തുത ബാർ എബ്രായ തന്റെ ഔസാർറോസേ എന്ന ഗ്രന്ഥത്തിൽ സമർത്ഥിച്ചിട്ടുണ്ട്). ‘ആദ്യാചാര്യത്വം കൈക്കൊണ്ടഹറോൻ മൂശയോടൊന്നിച്ച്... യോഹന്നാൻ കർത്താവിന്നും... എന്നാദിയായ ഗീതത്തിന്റെ പൊരുൾ മേൽപ്പറഞ്ഞപ്രകാരം തിരുമേനി വ്യക്തമാക്കി. സർവ്വനീതിയും നിവൃത്തിക്കാൻ വന്ന കർത്താവിനു ചേലയും മാമോദീസായും ആവശ്യമായിരുന്നുവെങ്കിൽ, നോമ്പും പ്രാർത്ഥ നയും വേണമായിരുന്നുവെങ്കിൽ നീതി നിവൃത്തിക്കുന്നതിന് യോഹന്നാ നിൽ നിന്നുള്ള കൈവയ്പും ആവശ്യം തന്നെ.

വി. പൗലൂസിന്റെ പൗരോഹിത്യത്തെ പറ്റിയുള്ള പ്രതിപാദനത്തിലേ ക്കുതന്നെ വീണ്ടും കടന്നു.

പൗലൂസിനു മാമോദീസായുടെയും പൗരോഹിത്യത്തിന്റെയും നൽ വരം നേരിട്ടു നൽകാൻ നമ്മുടെ കർത്താവിനു കഴിയുമായിരുന്നു എങ്കിലും മാമോദീസാ നൽകുവാൻ അനന്യാസിനെ നിയോഗിക്കുകയാണല്ലോ ചെയ്തത്. ഇതും നീതിയുടെ നിർവ്വഹണമാണ്.

‘മനുഷ്യരിൽ നിന്നല്ല, മനുഷ്യനാലുമല്ല യേശുക്രിസ്തുവിനാലും ... പിതാവായ ദൈവത്താലുമത്രേ അപ്പോസ്തോലനായ പൗലൂസ്’ എന്നാ ണല്ലോ ഗലാത്യ ലേഖനത്തിൽ പറയുന്നത്; അതിനാൽ വി. പൗലൂസിന്റെ അപ്പോസ്തോലത്വം കർത്താവിനാൽ നേരിട്ട് നൽകപ്പെട്ടു എന്നു വേണ മല്ലോ ഗലാത്യ ലേഖനത്തിലെ ആദ്യ വാക്യംകൊണ്ടു മനസ്സിലാക്കാൻ?’ ഞാൻ തിരുമനസ്സുണർത്തിച്ചു.

ആ വാക്യം ഒന്നു കൂടി വായിക്കുവാൻ തിരുമേനി കൽപിച്ചു. ഞാൻ വായിച്ചു.

‘അപ്പോസ്തോലനായ പൗലൂസും കൂടെയുള്ളവരും ഗലാത്യസഭ കൾക്ക് എഴുതുന്നത്. മനുഷ്യരിൽ നിന്നല്ല മനുഷ്യനാലുമല്ല യേശു ക്രിസ്തുവിനാലും അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ച പിതാ വായ ദൈവത്താലുമത്രേ’ എന്നു ധരിക്കുന്നതിലെന്താണു തെറ്റ്? തിരു മേനി ചോദിച്ചു. ക്രിസ്തുസഭാ വിദ്വേഷിയായിരുന്ന ശൗൽ (പൗലൂസ്) ദമസ്ക്കോസിന്റെ പടിവാതുക്കൽ വച്ച് അത്ഭുതകരമായവിധം ക്രിസ്തു

വിനാൽ പിടിക്കപ്പെടുകയും ക്രിസ്തുവിന്റെ സഭയിൽ അംഗമായിത്തീരുകയും ചെയ്ത സംഭവത്തെക്കുറിച്ചുള്ള - അതേ തന്റെ വിളിയെയും തെരഞ്ഞെടുപ്പിനെയും പറ്റിയുള്ള സ്മരണയും, ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനവുമാണിവിടെ വിവക്ഷിക്കപ്പെടുന്നതെന്നു തിരുമേനി വെളിപ്പെടുത്തി. വി. പൗലൂസ് ക്രിസ്തുമതസിദ്ധാന്തങ്ങൾ പഠിക്കുകയും അതിൽ പ്രഗത്ഭനായിത്തീരുകയും ചെയ്തത് ദൈവിക വെളിപ്പാടു മൂലമാണ്. ഗലാത്യർക്കു ലേഖനമെഴുതുന്നത് ആ നിലയിലാണെന്നത്രേ അവിടെ പറയുന്നത്. ഗലാത്യ 1:11-ൽ നിന്ന് ഇതു തിരുമേനി ഒന്നു കൂടെ വ്യക്തമാക്കി. 'സഹോദരന്മാരെ, ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്നു നിങ്ങളെ ഓർപ്പിക്കുന്നു. അതു ഞാൻ മനുഷ്യരോടു പ്രാപിച്ചിട്ടില്ല, പഠിച്ചിട്ടുമില്ല. യേശുക്രിസ്തുവിന്റെ വെളിപ്പാടിനാലത്രേ പ്രാപിച്ചത്.' ഇതിൽനിന്നും പൗലൂസ് തന്റെ അപ്പസ്തോലസ്ഥാനത്തെപ്പറ്റിയോ കൈവെപ്പിനെപ്പറ്റിയോ അല്ല, സുവിശേഷത്തെപ്പറ്റിയാണ് ഗലാ. 1:1-ൽ പറയുന്നത് എന്നു സിദ്ധിക്കുന്നു.

അങ്ങനെയെങ്കിൽ വി. പൗലൂസിനു ലഭിച്ച കൈവെപ്പും അപ്പോസ്തോലത്വവും എങ്ങനെയെന്നു വ്യക്തമാക്കിത്തരണമെന്ന് ഞാൻ അപേക്ഷിച്ചു.

വി. പൗലൂസിനു കൈവെയ്പു ലഭിക്കുന്ന ഭാഗം നടപ്പുകളുടെ പുസ്തകത്തിൽ തിരുമേനി ചൂണ്ടിക്കാണിച്ചു. 'ഞാൻ ബർന്നബാസിനെയും പൗലൂസിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായി അവരെ എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവു പറഞ്ഞു; അങ്ങനെ അവർ (അന്ത്യോക്യായിൽ പാർത്തിരുന്ന ശിഷ്യന്മാർ) ഉപവസിച്ചു പ്രാർത്ഥിച്ച് അവരുടെ മേൽ കൈവെച്ച് അവരെ പറഞ്ഞയച്ചു (നടപ്പ് 13:3). ഇങ്ങനെ വേർതിരിക്കപ്പെട്ട വേലയ്ക്ക് - പൗരോഹിത്യശുശ്രൂഷയ്ക്കും സുവിശേഷഘോഷണത്തിനും - ബർന്നബാസും പൗലൂസും കൈവെയ്പ്പു പ്രാപിച്ചു. ഈ കൈവെയ്പു മൂലം പൗലൂസും ബർന്നബാസും മറ്റ് അപ്പോസ്തോലന്മാർക്കു തുല്യരാകുന്നില്ല.

കർത്താവ് തന്റെ ശിഷ്യന്മാർക്ക് പൗരോഹിത്യ നൽവരം നൽകിയതിനെപ്പറ്റി അപ്പോസ്തോല ശിഷ്യനും, വി. പത്രോസിൽ നിന്നും വി. പൗലൂസിൽ നിന്നും കൈവെയ്പു പ്രാപിച്ചവനും, റോമിന്റെ എപ്പിസ്കോപ്പായുമായ മാർ ക്ലീമ്മിസ് പറയുന്നത്, കർത്താവ് ശിഷ്യന്മാരെ അടുക്കൽ വിളിച്ച് സകല ഭൂതങ്ങളുടെമേലും വ്യാധികളെ സൗഖ്യമാക്കുവാനും ... ദൈവരാജ്യം പ്രസംഗിപ്പാനും അവരെ അയച്ചപ്പോൾ (ലൂക്കോ. 9:1) ശെമ്മാശന്മാരായും, തന്റെ ഉയിർപ്പിനുശേഷം പ്രത്യക്ഷപ്പെട്ട് 'ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കുന്നു' (യോഹ. 20:22-33) എന്നു കൽപ്പിച്ച് അധികാരം നൽകിക്കൊണ്ട് അവരുടെമേൽ

ഊതിയപ്പോൾ അവരെ കശ്ശീശന്മാരായും, തന്റെ സ്വർഗ്ഗാരോഹണവേള യിൽ അവരുടെമേൽ തന്റെ കൈ ഉയർത്തി അവരെ അനുഗ്രഹിച്ചപ്പോൾ (ലൂക്കോ. 24:51) പ്രധാനാചാര്യന്മാരായും നിയമിച്ചു എന്നാണ് (വി. ശ്ലീഹ ന്മാരുടെ ഉപദേശങ്ങളാണ് വി. ക്ലീമ്മിസ് രേഖപ്പെടുത്തിയിരിക്കുന്നത്). പൗരോഹിത്യത്തിന്റെ പൂർണ്ണതയായ പ്രധാനാചാര്യത്വമല്ല നടപ്പ് 13:3-ൽ കാണുന്ന കൈവെയ്പ്പുകൊണ്ട് വി. പൗലൂസിനും വി. ബർന്നബാസിനും ലഭിച്ചത്. മറ്റ് അപ്പോസ്തോലന്മാരോടു തുല്യമായ പ്രധാനാചാര്യത്വ നൽവരം അവർക്കു ലഭിച്ചത് അപ്പോസ്തോലന്മാരിൽ നിന്നു തന്നെയാണ്.

'എനിക്കു ലഭിച്ച കൃപ അറിഞ്ഞുകൊണ്ട് തൂണുകളായി എണ്ണപ്പെട്ടി രുന്ന യാക്കോബും കേപ്പാവും യോഹന്നാനും ... ഞങ്ങൾക്കു സംബന്ധ ത്തിന്റെ വലംകൈ തന്നു എന്ന് ഗലാ. 2:9-ൽ വി. പൗലൂസ് പ്രസ്താവി ച്ചിരിക്കുന്നു. പ്രോട്ടസ്റ്റന്റുകാർ അച്ചടിപ്പിച്ചിട്ടുള്ള വേദപുസ്തക പ്രതിക ളിൽ 'സംബന്ധത്തിന്റെ വലംകൈ' എന്നതിനു പകരം 'കൂട്ടായ്മയുടെ വലംകൈ' എന്നാണു കാണുന്നതെന്നും ആ വാക്കുകൾക്ക് അർത്ഥ പുഷ്ടിയില്ല എന്നും തിരുമേനി കൽപിച്ചു. ശവുത്തോപ്പൂസോ - അതാ യതു സംബന്ധത്തിന്റെ വലംകൈ - എന്നുതന്നെയാണ് മൂലഭാഷയിൽ. 'ശവുത്തോപ്പൂസോ' എന്ന വാക്കിന് 'ഒപ്പം പങ്കാളിയാക്കുക' എന്നാണ് അർത്ഥം. ആകയാൽ യാക്കോബും കേപ്പാവും യോഹന്നാനും കൂടി സംബന്ധത്തിന്റെ വലംകൈ കൊടുത്തപ്പോൾ പൗലൂസിനെയും ബർന്ന ബാസിനെയും അവരോടൊപ്പം പങ്കാളികളാക്കുകയത്രേ ചെയ്തത്. അതാ യത് തുല്യരാക്കിത്തീർത്തു എന്നു സാരം.

'സംബന്ധം' എന്ന വാക്കിന് കേവലം ഐക്യം എന്നോ ബന്ധം എന്നോ ഉള്ള അർത്ഥം മാത്രമല്ല ഉള്ളത്; കൂദാശാപരമായ സംബന്ധം എന്നത്രേ. ഹൂദായകാനോനിൽ സംബന്ധം എന്ന പദം കൂദാശാപരമായ അർത്ഥത്തിൽ ധാരാളം ഉപയോഗിച്ചിട്ടുണ്ട്. തൽക്കാലം ഒരു ഉദാഹരണം മാത്രം ചൂണ്ടിക്കാണിക്കാം. ഹൂദായകാനോൻ 4-ാം കെപ്പാലയോൻ 3-ാം പാസോക്കായിൽ ഉറഹായുടെ യാക്കോബിന്റെ ഒരു നിശ്ചയത്തിൽ 'വേശ്യാദോഷത്തിൽ പരസ്യമായി ഇരിക്കുന്നവൻ സംബന്ധത്തിൽ നിന്നു വേർതിരിക്കപ്പെടണം. ... പുറജാതിക്കാരനാകയും പിന്നീടു തിരിച്ചുവരി കയും ചെയ്യുന്നവനായ ക്രിസ്ത്യാനിയുടെമേൽ പ്രധാനാചാര്യൻ പ്രാർ ത്ഥന നടത്തണം. അനുതാപത്തിന്റെ കാലം അവൻ തികയ്ക്കുമ്പോൾ അവൻ സംബന്ധിപ്പിക്കപ്പെടാം' (അതായത് അവനു വി. കുർബ്ബാന കൊടുക്കാം). ഇവിടെ സംബന്ധം എന്ന പദം വി. കുർബ്ബാനാനുഭവം എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് (ഹൂദായകാനോൻ 4-ാം കെപ്പാലയോൻ മുഴുവൻ വി. കുർബ്ബാനയെപ്പറ്റിയാണ്). വി. പൗലൂസ് ഗലാത്യ 2:9-ൽ 'സംബന്ധത്തിന്റെ വലംകൈ' എന്നാണു പറഞ്ഞിരി

ക്കുന്നത്. അതായത് കൂദാശാപരമായ വലംകൈ. ഇതിന് കൈവെയ്പ് എന്ന അർത്ഥവിവക്ഷയത്രേ ഉള്ളത്.

സംബന്ധത്തിന്റെ വലംകൈ അതായതു കൂദാശാപരമായ വലംകൈ മൂന്ന് അപ്പോസ്തോല പ്രമുഖന്മാർ - തൂണുകളായി എണ്ണപ്പെട്ടവർ - ചേർന്ന് വി. പൗലൂസിനും ബർന്നബാസിനും കൊടുത്തു. അതു പ്രധാനാചാര്യത്വത്തിന്റേതായ കൈവെയ്പാണ്. അത് മറ്റ് അപ്പോസ്തോലന്മാരുടേതിനേക്കാൾ ഒട്ടും കുറഞ്ഞതല്ലെന്ന് വി. പൗലൂസ് തന്നെ വ്യക്തമാക്കിയിട്ടുമുണ്ട് (2 കോരി. 11:5, 12:11).

കർത്താവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനായിരുന്നശേഷം വീണുപോയ നാശത്തിന്റെ പുത്രനായ യൂദാസ്ക്കറിയോത്തിനു പകരം ദൈവാത്മാവിനാൽ തെരഞ്ഞെടുക്കപ്പെട്ട വി. മത്യാസും അപ്പോസ്തോലത്വം പ്രാപിച്ചത് ശേഷം അപ്പോസ്തോലന്മാരിൽ നിന്നാണെന്ന് നടപ്പുകളുടെ പുസ്തകത്തിൽ നിന്നു വ്യക്തമാകുന്നുണ്ടല്ലോ (നടപ്പ് 1:26). അതും കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷമാണ്. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അപ്പോസ്തോലസ്ഥാനത്തേക്കു വന്നവരെല്ലാം അപ്പോസ്തോലന്മാരിൽനിന്നും ദൃശ്യമായ കർമ്മം - കൈവെയ്പു - മുഖേന നൽവരം പ്രാപിക്കയാണു ചെയ്തിട്ടുള്ളത്. വി. പൗലൂസ് ഉൾപ്പെടെയുള്ള എല്ലാ അപ്പോസ്തോലന്മാരും കൈവെയ്പു മൂലമാണ് ശെമ്മാശന്മാരെയും ആചാര്യന്മാരെയും പ്രധാനാചാര്യന്മാരെയും നിയമിച്ചത് (നടപ്പ് 6:6, 1 തിമോ. 4:14, 1 തിമോ. 5:22, 2 തിമോ. 1:16). അങ്ങനെയുള്ള കൈവെയ്പ് ഇന്നേയോളം വി. സഭയിൽ തുടർന്നുകൊണ്ടിരിക്കുന്നു.

വി. പൗലൂസിന്റെ കൈവെയ്പിനെപ്പറ്റി മേൽപ്രകാരമെല്ലാം വിശദീകരിച്ചുതന്നശേഷം തിരുമേനി ഇപ്രകാരം കൽപിച്ചു. വി. പൗലൂസിനു പൗരോഹിത്യം നേരിട്ടു കിട്ടി എന്ന ധാരണയിൽ സ്വയം ആചാര്യന്മാർ എന്നു നടിച്ചു നടക്കുന്നവർ ഇക്കാലത്തു ദുർല്ലഭമല്ല. എന്നാൽ അതു വി. വേദത്തിനോ, വി. സഭയുടെ പാരമ്പര്യത്തിനോ, ദൈവത്തിന്റെ നീതിക്കോ ചേർന്നതല്ല എന്നു നാം പ്രത്യേകം അറിഞ്ഞിരിക്കണം. പ്രാർത്ഥനയും വിശുദ്ധ ജീവിതവും മൂലം ദിവ്യമായ കൃപകൾ പ്രാപിച്ചവരുണ്ട്. എന്നാൽ അതു പൗരോഹിത്യ നൽവരമല്ല. പൗരോഹിത്യം അതിന്റെ വിളിയും മാർഗ്ഗവും അനുസരിച്ചു കൈക്കൊള്ളേണ്ടതത്രേ.

5

ചുറ്റും ദന്തംകൊണ്ടു ചിത്രപ്പണി ചെയ്ത ആ മനോഹരമായ കാസ്ക്കറ്റ് ഒറ്റനോട്ടത്തിൽ ഒരു വലിയ ഗ്രന്ഥമാണെന്നേ തോന്നുകയുള്ളു. നല്ല മെഴുപ്പുള്ള മലയാളം അക്ഷരത്തിൽ മുദ്രണം ചെയ്ത പഴയ വേദപുസ്തകം അതിൽ നിറഞ്ഞിരിക്കും; ദേവലോകം കാതോലിക്കാസിംഹാസന അരമനയുടെ തെക്കേ അറ്റത്തെ മുറിയിൽ, കാലംചെയ്ത പ. കാതോലിക്കാബാവാ തിരുമേനി നിത്യം ഉപയോഗിച്ചിരുന്ന സാധനങ്ങളോടും മറ്റു കാഴ്ചവസ്തുക്കളോടുമൊപ്പം ഈ കാസ്ക്കറ്റും വേദപുസ്തകവും ഭദ്രമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

1867-ൽ കോട്ടയം സി.എം.എസ്. പ്രസ്സിൽ അച്ചടിച്ച ആ വേദപുസ്തകം 1901-ൽ പുലിക്കോട്ടു തിരുമേനിക്ക് ജൂബിലി സമ്മാനമായി പ്രസ്തുത കാസ്ക്കറ്റിൽ അടക്കംചെയ്ത് മലങ്കരസഭാംഗങ്ങൾ ഭക്തിപൂർവ്വം സമർപ്പിച്ച തിരുമുൽക്കാഴ്ചയാണ്. ഈ പുസ്തകത്തിൽനിന്നു തന്നെയാണു, പുലിക്കോട്ടു തിരുമേനിയുടെ കാലശേഷം വട്ടശ്ശേരിൽ തിരുമേനി ദിനഃന്തോറും വായിച്ചു കേട്ടിരുന്നത്. പിന്തുടർച്ചയിൽ അതു കാലം ചെയ്ത പ. കാതോലിക്കാബാവാ തിരുമേനിയുടെ നിത്യോപയോഗ ഗ്രന്ഥമായിത്തീർന്നു. പഴയ മലയാളമാണ്. ഭാഷയിലെ "ചില്ലു"കൾ അതിൽ ഇല്ലാത്തതിനാൽ വായിക്കാൻ അൽപം വശവും പരിചയവും വേണം. കഴിഞ്ഞ ഇരുപതിൽപരം വർഷങ്ങളായി ഉറച്ച ശബ്ദത്തിൽ തിരുമുമ്പാകെ അതു നിത്യവും വായിച്ചു കേൾപ്പിക്കാൻ സാധിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു.

വായിച്ചു വിട്ടാൽ പോരാ; ഗ്രഹിച്ചു വായിക്കണം. ശ്രദ്ധിച്ചാണോ വായിക്കുന്നതെന്നു തിരുമേനി പരിശോധിക്കും. വ്യക്തമായും ഉച്ചത്തിലും ഉച്ചരിക്കണം. ഇതൊക്കെ തിരുമനസ്സിലേക്കു നിർബ്ബന്ധമാണ്. സാധാരണ പലരും വേദപുസ്തകം വായിക്കുന്നതിൽ യാന്ത്രികമായ ഒരീണമുണ്ട്, ഏകദേശമായ ഒരു ഗാനമട്ട്. തിരുമനസ്സിലേക്കതത്രയിഷ്ടമാണെന്നു പറഞ്ഞുകൂടാ. വ്യക്തമായും നിർത്തിയും വായിക്കുന്നതാണു താൽപര്യം.

വേദപുസ്തകത്തിൽ നിന്നു നാലദ്ധ്യായങ്ങളാണ് (പഴയനിയമത്തിൽ നിന്ന് രണ്ട്, സുവിശേഷങ്ങളിൽ നിന്നും ലേഖനങ്ങളിൽ നിന്നും ഓരോന്ന്) തിരുമേനി ദിവസേന ക്രമമായി വായിച്ചു കേൾക്കുക. എട്ടും ഒൻപതും അദ്ധ്യായങ്ങൾ ഒരിരിപ്പിലിരുന്നു വായിച്ചു കേട്ടിട്ടുള്ള സന്ദർഭങ്ങളും ചുരുക്കമല്ല. തിരുമനസ്സിലെ പരിശുദ്ധാത്മനിറവിൽ നിന്നു പകർന്നു കിട്ടുമ്പോൾ എത്ര അദ്ധ്യായങ്ങൾ വായിച്ചാലും മതിവരികയില്ല; ഒട്ടു ക്ഷീണിക്കയുമില്ല. എത്ര ആത്മാനുഭൂതിയോടെയാണു പലപ്പോഴും വായന

കഴിഞ്ഞു നിശയുടെ നിശബ്ദതയിൽ തിരുസന്നിയിൽനിന്നും പോന്നിട്ടുള്ളത് എന്നോർക്കുമ്പോൾ ആ അനർഘ നിമിഷങ്ങൾ കഴിഞ്ഞു പോയല്ലോ എന്ന വേദനയാണു ഹൃദയത്തിൽ.

സന്ധ്യാപ്രാർത്ഥന കഴിഞ്ഞു പള്ളിയിൽ നിന്നിറങ്ങിയാൽ ബ. പട്ടക്കാരോടും മറ്റും സംഭാഷണത്തിലേർപ്പെടുകയായി. അവ മിക്കപ്പോഴും ഫലിതപൂർണ്ണങ്ങളും വിജ്ഞാനപ്രദങ്ങളുമായിരിക്കും. കുളിയും അത്താഴമേശയും കഴിഞ്ഞാണു വായന. പത്രങ്ങൾ സായാഹ്നപ്പതിപ്പുകളായിരുന്ന കാലത്ത് സന്ധ്യാപ്രാർത്ഥന കഴിഞ്ഞു മുറിയിൽ വന്നാലുടൻ വായന ആരംഭിക്കും. അത്താഴമേശ സമയത്തും തുടർന്നും വായിച്ചു കേൾക്കും. പൗരപ്രഭയും പൗരദ്ധ്വനിയുമായിരുന്നു അക്കാലത്തു തിരുമേനി വായിച്ചു കേട്ടിരുന്നത്. മനോരമ വീണ്ടും തുടങ്ങിയതു മുതൽ ക്രമമായി വായിക്കുന്ന പത്രം അതായി. മനോരമ പ്രഭാതപ്പതിപ്പായി പുറപ്പെട്ടതോടുകൂടി കസേരയിൽ ഇരുന്ന് ഒരു ഭൂതക്കണ്ണാടിയുടെ സഹായത്തോടുകൂടി ആദ്യവസാനം തിരുമേനി തന്നെ വായിച്ചു തീർക്കും. പിന്നെ വൈകിട്ടു വേദപുസ്തകം വായിച്ചു കേൾപ്പിച്ചാൽ മതി.

വേദപുസ്തകം നിശബ്ദനായിരുന്നു വായിച്ചു കേൾക്കയല്ല തിരുമനസ്സിലെ പതിവ്. ഓരോ ഭാഗം വായിക്കുമ്പോഴും അതിന്റെ ആക്ഷരികവും ആന്തരികവുമായ അർത്ഥവും വ്യാഖ്യാനവും പറഞ്ഞുതരും. വാസ്തവത്തിൽ ഒരു അദ്ധ്യയന ക്ലാസ്സ് തന്നെ. ശിഷ്യൻ വായിക്കുകയും ഗുരു വ്യാഖ്യാനിക്കുകയും. പ്രത്യേക ഭാഗങ്ങൾ വരുമ്പോൾ "അതിന്റെ അർത്ഥമറിയാമോ നിനക്ക്?" കൽപിച്ചു ചോദിക്കയായി. "അറിഞ്ഞുകൂടാ" – തിരുമനസ്സുണർത്തിക്കും. തിരുമേനി അതു മനസ്സിലാക്കിത്തരും. ശ്രദ്ധാപൂർവ്വം കേട്ടു ഗ്രഹിക്കുന്നു എന്നു കാണുമ്പോൾ എന്തു സന്തോഷമാണെന്നോ ആ തിരുമുഖത്തു സ്ഫുരിക്കുന്നത്! വേദശാസ്ത്ര വിജ്ഞാനത്തിന്റെ കലവറ തുറക്കപ്പെടുകയാണപ്പോൾ. അങ്ങനെയുള്ള അവസരങ്ങളിൽ പതിവനുസരിച്ച് നാലദ്ധ്യായങ്ങൾ വായിച്ചു തീരുമ്പോഴേക്കും രാത്രി പത്തു മണി കഴിഞ്ഞിരിക്കും. വായിച്ചുകൊണ്ടിരിക്കുമ്പോൾ സംശയം ചോദിക്കുന്നതു തിരുമേനിക്കു സന്തോഷമുള്ള കാര്യമാണ്. അർത്ഥപുഷ്ടിയോ ആശയത്തികവോ ഇല്ലാത്ത ചില ഭാഷാന്തരങ്ങൾ മലയാളം ബൈബിളിൽ കണ്ടു എന്നു വരും. അപ്പോൾ സുറിയാനി വേദപുസ്തകം എടുത്തു പരിശോധിച്ചു പറഞ്ഞു തരും. ഏതാനും ചില കാര്യങ്ങൾ മാത്രം തൽക്കാലം പറയാം. അവ തീർച്ചയായും വിജ്ഞാനപ്രദങ്ങളായിരിക്കും.

ഉല്പത്തിപ്പുസ്തകം വായിക്കവേ നോഹയെപ്പറ്റിയുള്ള ഭാഗം വന്നു. "നോഹയുടെ പുത്രന്മാരിൽ മൂത്തവൻ ആര്?" തിരുമേനി ചോദിച്ചു.

"ശേം." ധൃതഗതിയിൽ ഞാൻ മറുപടി പറഞ്ഞു.

"അല്ല, യാപ്പേത്ത്." തിരുമേനി കൽപ്പിച്ചു.

"ശേം, ഹാം, യാപ്പേത്ത് എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നത്. മൂത്തവന്റെ പേരല്ലേ ആദ്യം പറയുക?"

ആദ്യ പുസ്തകം 10-ാം അദ്ധ്യായം നോക്കുവാൻ തിരുമേനി കൽപിച്ചു. അവിടെ നോഹയുടെ പുത്രന്മാരുടെ വംശാവലി രേഖപ്പെടുത്തിയിരിക്കുന്നത് യാപ്പേത്ത്, ഹാം, ശേം എന്ന ക്രമത്തിലാണ്. അതിലെ 21-ാം വാക്യം ഇങ്ങനെയാണ്: "ഏബേറിന്റെ മക്കൾക്ക് ഒക്കെയും പിതാവും *മൂത്തവനായ യാപ്പേത്തിന് അനുജനുമായിരുന്ന* ശേമിനും മക്കൾ ജനിച്ചു."

"അങ്ങനെയെങ്കിൽ ശേമിന്റെ പേര് ആദ്യം പറയുന്നതെന്തുകൊണ്ടാണ്." ഞാൻ ചോദിച്ചു.

"ശേമിന്റെ വംശത്തിൽ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുള്ള വാഗ്ദത്തസന്തതി - ദൈവപുത്രൻ - ജനിപ്പാനിരുന്നതുകൊണ്ട് ശേമിന്റെ പേര് ആദ്യം പറയുന്നതാണ്." തിരുമേനി കൽപിച്ചു. പഴയ വേദപുസ്തകപ്രതികൾ ചിലതെല്ലാം നോക്കിയപ്പോൾ തിരുമേനി കൽപിച്ചപ്രകാരം തന്നെ എന്നു ബോദ്ധ്യപ്പെടുകയും ചെയ്തു. സുറിയാനി ബൈബിളിലും അപ്രകാരം തന്നെ.[1]

എബ്രായ ലേഖനം വായിച്ചുകൊണ്ടിരിക്കുമ്പോൾ മൽക്കിസദേക്കിനെപ്പറ്റി 'അവനു പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവുമില്ല' (7:3) എന്നു കണ്ടു. "അങ്ങനെ ഒരാൾ ഉണ്ടാവുക സാദ്ധ്യമാണോ?" - ഞാൻ ചോദിച്ചു. "ആദാമിനുപോലും ജീവാരംഭവും ജീവാവസാനവുമുണ്ടായിരുന്നുവല്ലോ. നമ്മുടെ കർത്താവും മനുഷ്യനായി ജനിക്കുകയും മരിക്കുകയും ചെയ്തുവല്ലോ."

അപ്പോൾ തിരുമേനി കൽപിച്ചു: "അനാദിയായി പിതാവിൽ നിന്നു ജനിച്ച ദൈവപുത്രനു ജീവാരംഭവും ജീവാവസാനവുമില്ല. പൂർണ്ണദൈവമായ താൻ ജഡം ധരിച്ചു പൂർണ്ണമനുഷ്യനുമായിത്തീർന്നു. താൻ കഷ്ടതകൾ സഹിച്ചു മരിക്കുകയും മഹത്വത്തോടെ ഉയിർത്തെഴുന്നേൽക്കുകയും പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമായി നിത്യനായി വാഴുകയും ചെയ്യുന്നു. ഈ ദൈവപുത്രന്റെ ഒരു സാദൃശ്യം എബ്രായക്കാരെ മനസ്സിലാക്കുവാൻ വേണ്ടി മൽക്കിസദേക്കിനെ ചൂണ്ടിക്കാണിക്കുകയാണ് എബ്രായ ലേഖനകർത്താവ് ചെയ്യുന്നത്. മഹാനും മഹാപുരോഹിതനുമായ മൽക്കിസദേക്കിന്റെ പിതാവിനെപ്പറ്റിയോ മാതാവിനെപ്പറ്റിയോ വംശാവലിയെപ്പറ്റിയോ എബ്രായർക്ക് അറിവില്ല; അദ്ദേഹം എന്നു ജനിച്ചുവെന്നോ എന്നു മരിച്ചുവെന്നോ അവർക്കു നിശ്ചയമില്ല."

“എന്നാൽ അദ്ദേഹം ആദാമിന്റെ സന്തതിവർഗ്ഗങ്ങളിൽ ഏതിലെങ്കിലും ഉൾപ്പെട്ടിരിക്കണമല്ലോ?” – ഞാൻ ചോദിച്ചു.

തിരുമേനി കൽപ്പിച്ചു. “ആദാമിന്റെ സന്തതിപരമ്പരയിൽപെട്ട നോഹയുടെ മൂത്തപുത്രനായ യാപ്പേത്തിന്റെ പുത്രശൃംഖലയിലെ ഒരു കണ്ണിയാണു മൽക്കിസദേക്ക്.” തിരുമേനി തുടർന്നു, “ആദാം മരിക്കുന്നതിനു മുമ്പ്, സർപ്പത്തിന്റെ തലയെ ചതയ്ക്കുന്ന സ്ത്രീയുടെ സന്തതി ജനിക്കും എന്ന പ്രത്യാശാനിർഭരമായ ദൈവവാഗ്ദത്തം ശേത്തിനെ അറിയിച്ചു. ആ സന്തതിയ്ക്കു സമർപ്പിക്കാനായി ഏദന്റെ സമീപത്തുനിന്നു പൊന്നും മൂരും കുന്തുരുക്കവും എടുത്തു സൂക്ഷിച്ചിരുന്നു. അതോടൊപ്പം മനുഷ്യവർഗ്ഗാഗ്രിമനായ തന്റെ മൃതശരീരവും പ്രത്യേകം സൂക്ഷിക്കാൻ അനുശാസിച്ചു. ശേത്ത് അപ്രകാരം ചെയ്തു. കുടുംബന്യായേന മൂത്തപുത്രനാണ് അവയുടെ സൂക്ഷിപ്പുകാരൻ. കാലങ്ങൾ കടക്കവേ ആദാമിന്റെ ശരീരം ജീർണ്ണിച്ചു മണ്ണിൽ ലയിച്ചു. എങ്കിലും തലയോട്ടി പ്രത്യേകം എടുത്തു സൂക്ഷിച്ചു. ശേത്തിൽനിന്നും പിൻതുടർച്ചയായി ലഭിച്ച ആദാമിന്റെ തലയോട്ടിയും മറ്റ് അമൂല്യദ്രവ്യങ്ങളും പിന്തുടർച്ചാവകാശന്യായേന യാപ്പേത്തിന്റെ കൈയിൽ വന്നുചേർന്നു. യാപ്പേത്തിന്റെ വംശപരമ്പര അനുക്രമമായോ പൂർണ്ണമായോ വി. വേദത്തിൽ വിവരിച്ചിട്ടില്ല (യാപ്പേത്തിന്റെ വംശാവലിയിൽ അവന്റെ ഏഴു പുത്രന്മാരുടെയും അവരിൽ ഗോമെർ, യാവാൻ എന്നിവരുടെ മക്കളുടെയും പേരുകൾ മാത്രമേ കാണുന്നുള്ളു. തുടർന്നുള്ള വംശാവലി എണ്ണപ്പെടുന്നില്ല. അങ്ങനെ എണ്ണപ്പെടാതുള്ള – അജ്ഞാതമായ – യാപ്പേത്തിന്റെ വംശശൃംഖലയിലെ ഒരു കണ്ണിയാണു മൽക്കിസദേക്ക്). ആ വർഗ്ഗത്തിൽപെട്ട നിസ്സംഗനിഷ്ഠനും ഉഗ്രയോഗിയുമായ മൽക്കിസദേക്ക് ദൈവനിയോഗാൽ ആദാമിന്റെ തലയോട്ടിയുമായി പൊടുന്നനവെ അന്തർദ്ധാനം ചെയ്തു. വിശുദ്ധജീവിതം മൂലം വിശിഷ്ടനായിത്തീർന്ന മൽക്കിസദേക്കിനെപ്പറ്റി പിന്നീടാരും അന്വേഷിച്ചിരിക്കയില്ല. അദ്ദേഹമാകട്ടെ ആ തലയോട്ടി ഭൂമദ്ധ്യം എന്നറിയപ്പെട്ടിരുന്ന ഗോഗുൽത്തായിൽ സ്ഥാപിച്ച്, അദ്ദേഹത്തിനു ദൈവം വെളിപ്പെടുത്തിയപ്രകാരം അവിടെ അപ്പവും വീഞ്ഞും വച്ചു പൂജിച്ചു (ആദാമിന്റെ തലയോട്ടി സ്ഥാപിച്ചിടത്താണു കർത്താവിനെ തൂക്കാൻ കുരിശു നാട്ടിയത് എന്നാണു പാരമ്പര്യം). പഴയനിയമ പൗരോഹിത്യം വ്യവസ്ഥാപിതമാക്കുന്നതിനു മുമ്പ് ശേമ്യപരമ്പരയിൽപെട്ട അബ്രഹാം രാജാക്കന്മാരെ തോൽപിച്ചു വിജഗീഷുവായി മടങ്ങിവരുമ്പോൾ മഹാപുരോഹിതനായ ഈ മൽക്കിസദേക്ക് അബ്രഹാമിനെ അനുഗ്രഹിച്ചു (ഉൽപ. 14). ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായ അബ്രഹാമാകട്ടെ മൽക്കിസദേക്കിനു സകലതിലും പത്തിലൊന്നു കൊടുത്തു. അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെടുന്നവനേക്കാൾ വലിയവനാണ്. ഇവിടെ അനുഗ്രഹി

ക്കുന്നവനായ മൽക്കീസദേക്ക് മിശിഹായുടെ മുൻകുറിയായിട്ടു ചിത്രീകരിക്കപ്പെടുന്നു. അങ്ങനെ യേശു ഗോത്രപിതാവായ അബ്രഹാമിനെയും മഹാപുരോഹിതനായ മൽക്കിസദേക്കിനെയുംകാൾ വലിയവനാണെന്ന് എബ്രായരെ മനസ്സിലാക്കുവാനാണ് അവിടെ ലേഖകൻ മൽക്കിസദേക്കിനെ അപ്രകാരം ചൂണ്ടിക്കാണിക്കുന്നത്."

വി. ലൂക്കോസിന്റെ സുവിശേഷം 1–ാം അദ്ധ്യായത്തിൽ യോഹന്നാന്റെ ജനനത്തെക്കുറിച്ചു സഖറിയായോടുള്ള അറിയിപ്പിന്റെ ഭാഗം വായിക്കുകയായിരുന്നു. "എന്റെ ഈ വാക്കു വിശ്വസിക്കായ്കകൊണ്ട് അതു സംഭവിക്കുംവരെ നീ സംസാരിക്കാൻ കഴിയാതെ മൗനമായിരിക്കും." ഗബ്രിയേൽ ദൂതൻ സഖറിയായെ ഇപ്രകാരം ശിക്ഷിച്ചതെന്തിനാണ്? തിരുമേനി ചോദിച്ചു. "ദൈവദൂതന്റെ വാക്കിൽ സഖറിയാ സംശയാലുവായിട്ട്." ഞാൻ ഉത്തരം ഉണർത്തിച്ചു.

"ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും എന്നു വിശുദ്ധ കന്യക സംശയം പ്രകടിപ്പിച്ചിട്ട് അതിനു ശിക്ഷിച്ചില്ലല്ലോ" എന്ന് തിരുമേനി കൽപിച്ചു. "എന്നാൽ കാരണമുണ്ട്" തിരുമേനി തുടർന്നു വിശദീകരിച്ചു. "യഹൂദ മര്യാദപ്രകാരം വാർദ്ധക്യദശയിൽ (60 വയസ്സു കഴിഞ്ഞാൽ) ഭാര്യാഭർത്താക്കന്മാർ പ്രത്യേകിച്ചു പുരോഹിതർ ദാമ്പത്യജീവിതത്തിൽ നിന്നും വിരമിക്കുന്ന ഒരു പതിവുണ്ട്. ഈ പതിവ് – നിയമത്തിലധിഷ്ഠിതമല്ലെങ്കിലും – ക്രിസ്തീയ സഭയിലും നടപ്പുണ്ടെന്നു കാണാം. നമ്മുടെ പൂർവ്വികർ, എന്നല്ല ഈ തലമുറയിലും പ്രായമുള്ള പലരും ഷഷ്ടിപൂർത്തി കഴിഞ്ഞാൽ താടിവളർത്തുന്ന ഒരു പതിവ് ദുർലഭമായിട്ടെങ്കിലും നാം കാണുന്നുണ്ടല്ലോ. അവർ ഗാർഹിക ജീവിതചര്യകളിൽനിന്നും വിരമിച്ചു എന്നതിന്റെ ഒരു ദൃശ്യമാണത്. സഖറിയായിക്കും എലിശബത്തിനും മക്കളില്ല. ദാമ്പത്യജീവിതത്തിന്റെ മോഹമെല്ലാം – ജഡികഇച്ഛകൾ – ആ വൃദ്ധദമ്പതികൾക്കു തീർന്നു. സ്വാഭാവികമായ പ്രേരണ പോലും നശിച്ചു. സഹോദരീസഹോദരന്മാരെപ്പോലെയാണവർ ജീവിക്കുന്നത്. "കർത്താവിന്റെ സകല കൽപനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവർ" എന്നു വേദസാക്ഷ്യം പ്രാപിച്ചവരാണവർ (ലൂക്കോ. 1:6). ആ വൃദ്ധദമ്പതികൾക്കു സന്താനലാഭമുണ്ടാകുന്നതെങ്ങനെ? നിഷ്ഠ തെറ്റിക്കുന്നവനല്ല സഖറിയാ എന്നു ദൈവദൂതനു നല്ലവണ്ണം അറിയാം. സഖറിയായ്ക്കു പുത്രനുണ്ടാകണമെങ്കിൽ അവൻ ഭാര്യയെ പരിഗ്രഹിക്കണം. പുത്രൻ ജനിക്കുന്നതുവരെ സഖറിയാ ഊമനായിരിക്കും എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നു മനസ്സിലാക്കേണ്ടത്, സഖറിയാ അവന്റെ ഊമത്വത്തിൽനിന്നും വിടുതൽ പ്രാപിക്കണമെങ്കിൽ ദാമ്പത്യജീവിതചര്യ അനുഷ്ഠിച്ചെങ്കിലേ സാധിക്കൂ എന്നാണ്. സഖറിയായുടെ പുത്രനായ യോഹന്നാൻ മോഹത്തിന്റെ സന്തതിയല്ല; നിഷ്ഠാപൂർവമായ ജീവിത

ത്തിന്റെയും പരിപാകതയുടെയും ഫലമാണ്.

ഒരിക്കൽ വി. കന്യാസ്ത്രീഅമ്മയെപ്പറ്റി പറയുന്ന ഒരു വേദഭാഗം തിരുമനസ്സുകൊണ്ട് ഇപ്രകാരം വ്യക്തമാക്കിത്തന്നു (ലൂക്കോ. 8:19–21). "എന്റെ അമ്മ ആര്, എന്റെ സഹോദരന്മാരും ആര്? ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവനെല്ലാം എന്റെ സഹോദരനും സഹോദരിയും മാതാവുമാകുന്നു." വി. ദൈവമാതാവിനു സാധാരണ മനുഷ്യരേക്കാൾ കൂടുതൽ മഹത്വമോ ബഹുമാനമോ ഇല്ല എന്നു കാണിക്കുന്നതിനു പ്രോട്ടസ്റ്റന്റു വിഭാഗങ്ങൾ ഈ വാക്യം ഉയർത്തിപ്പിടിക്കാറുണ്ട്. എന്നാൽ ഈ ഭാഗം തിരുമേനി വിശദമാക്കിയപ്പോൾ, ദൈവപുത്രൻ തന്റെ വന്ദ്യ മാതാവിനെക്കുറിച്ചു നൽകുന്ന മഹത്തായ സാക്ഷ്യമാണത് എന്നു മനസ്സിലാക്കാൻ സാധിച്ചു. വി. കന്യക, ദൈവപുത്രന്റെ മാതാവായത് അവൾ ദൈവത്തിന്റെ ഇഷ്ടം ചെയ്തതുകൊണ്ടാണ് എന്നു താൻ പ്രഖ്യാപിക്കുകയായിരുന്നു. ശിഷ്യന്മാർ തന്റെ സഹോദരന്മാരായത് അവരും അപ്രകാരം ചെയ്തതുകൊണ്ടാണ്. അതിനാൽ എല്ലാവരും തന്റെ മാതാവിനെപ്പോലെ ദൈവഇഷ്ടം പ്രവർത്തിക്കണം എന്ന നിർദ്ദേശമാണ് ആ ഭാഗം ഉൾക്കൊള്ളുന്നത്. ദൈവഇഷ്ടം പ്രവർത്തിക്കുന്നവരിൽ ക്രിസ്തു ജനിക്കയും ക്രിസ്തു പ്രവർത്തിക്കയും ചെയ്യും. എന്നാലും ദൈവമാതാവ് എന്ന മഹിമയും ബഹുമാനവും ഭാഗ്യവും വി. കന്യകമാതാവിനു മാത്രമേയുള്ളു.

വി. മാതാവിനെ കാനായിലെ കല്യാണത്തിൽ വച്ചും ക്രൂശിന്മേൽ കിടന്നുകൊണ്ടും "സ്ത്രീ" എന്നു കർത്താവു സംബോധന ചെയ്യുന്നതും പ്രതിലോമ ചിന്താഗതിക്കാർ ഒരു ആയുധമായി എടുക്കാറുണ്ട്. അതിനു മറുപടി പറയുമ്പോൾ പല കാതോലിക സഭാ പണ്ഡിതന്മാരും സ്ത്രീ എന്ന പദത്തിന്റെ മൂലഭാഷാപ്രയോഗവും അർത്ഥവുമെല്ലാം തെരഞ്ഞെടുത്തു കാണിക്കും. എന്നാൽ പ. ബാവാതിരുമേനി വളരെ ലളിതമായി വെളിപ്പെടുത്തിത്തന്നു. "ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തലയെ ചതയ്ക്കും; നീ അവന്റെ കുതികാൽ തകർക്കും" (ഉൽപ. 3:15). ഏദനിൽ വച്ച് യഹോവയായ ദൈവം സർപ്പത്തെ (പിശാചിനെ) ഇപ്രകാരം ശപിച്ചു. സർപ്പത്തിന്റെ തലയെ ചതയ്ക്കുന്ന സ്ത്രീയുടെ സന്തതി അവതരിക്കും എന്ന വാഗ്ദത്തവും അതിലടങ്ങിയിരിക്കുന്നു. ആ വാഗ്ദത്തത്തിലെ സ്ത്രീയുടെ സന്തതി താനും ആ സ്ത്രീ തന്റെ മാതാവും ആണെന്നു കർത്താവ് തന്റെ പരസ്യശുശ്രൂഷയുടെ ഉത്ഘാടനവേളയായ കാനായിലെ കല്യാണത്തിൽ വച്ചു പ്രഖ്യാപിക്കുകയായിരുന്നു. സർപ്പത്തിന്റെ തലയെ ചതച്ചത് ക്രൂശിലെ മഹായജ്ഞത്തിലായിരുന്നു. ആ മഹാ സന്ദർഭത്തിലും ദൈവ വാഗ്ദത്തത്തിലെ സ്ത്രീ തന്റെ മാതാവാകുന്നു എന്നു ക്രൂശിന്മേൽ കിടന്നുകൊണ്ടു നമ്മുടെ കർത്താവ് വിളം

ബരം ചെയ്കയാണ്. അങ്ങനെ തന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിലും അന്ത്യത്തിലും ഈ സത്യം താൻ ലോകസമക്ഷം വെളിപ്പെടുത്തി.

പ. ബാവാതിരുമേനിയുടെ ദൈവമാതൃഭക്തി അതുല്യമായിരുന്നു. അവിടുന്നു വി. മാതാവിന്റെ മദ്ധ്യസ്ഥതയിൽ എപ്പോഴും അഭയപ്പെടുകയും അനുഭവം പ്രാപിക്കയും ചെയ്തുവന്നു. ഒരിക്കൽ വി. മാതാവിനെപ്പറ്റി ഒരാൾ യാദൃച്ഛികമായി കന്യകമറിയാം എന്നു പറഞ്ഞ മാത്രയിൽ തിരുമേനി കോപിച്ചു. "മേലാൽ ദൈവമാതാവ്" എന്നേ പറയാവൂ എന്നു പ്രത്യേകം നിഷ്കർഷിച്ചു.

വി. മാതാവ് നിത്യകന്യകയല്ലെന്നും കർത്താവിനെ കൂടാതെ വേറെ പുത്രന്മാർ മാതാവിനുണ്ടായിരുന്നു എന്നും പഠിപ്പിക്കുന്നവരെ കടുത്ത പാഷണ്ഡന്മാരായിട്ടാണു തിരുമേനി പരിഗണിച്ചിരുന്നത്. ഒരവസരത്തിൽ ഇതിന്റെ യാഥാർത്ഥ്യം കർത്താവ് നേരിട്ടുതന്നെ തിരുമേനിക്കു വെളിപ്പെടുത്തി. തിരുമേനി പതിവുപോലെ പാതിരാത്രി നമസ്കാരം നടത്തിയശേഷം ഉറങ്ങിക്കിടക്കുകയായിരുന്നു. അപ്പോൾ ആരോ തിരുമേനിയുടെ കട്ടിലിൽ വന്നിരിക്കുന്നതായി തോന്നി. ആളെ കാണാൻ കഴിഞ്ഞില്ല. ആ ആൾ വളരെ സൗമ്യമായ സ്വരത്തിൽ പറഞ്ഞു. "കന്യക എന്റെ അമ്മയാണ്; യൗസേപ്പ് എന്റെ അപ്പനല്ല." മാധുര്യം നിറഞ്ഞ ആ ശബ്ദം ഒരിക്കൽകൂടി വ്യക്തമായി ശ്രവണപുടങ്ങളിൽ പതിച്ചു. "യൗസേപ്പ് അപ്പനല്ലെങ്കിലും വളർത്തപ്പനല്ലേ" തിരുമേനി മറുപടിയായി ചോദിച്ചു. അപ്പോഴേക്കും തിരുമേനിയുടെ ഹൃദയം ഉള്ളിൽ എരിയുന്ന ഒരനുഭവം! പെട്ടെന്നു കിടക്കയിൽ നിന്നു തിരുമേനി എഴുന്നേറ്റു. "ഹോ! ഞാൻ കേട്ട ശബ്ദം നമ്മുടെ കർത്താവിന്റേതാണല്ലോ. എന്റെ മറുപടി വേണ്ടത്ര വിനയപൂർവ്വമായിരുന്നുവോ" തിരുമേനി സ്വയം പരിശോധിച്ചു. "കർത്താവേ, കോപിക്കരുതേ", എന്നു പ്രാർത്ഥിച്ചു. തിരുമേനിയോട് അടുത്തിടപെട്ടിട്ടുള്ളവരോട് തിരുമേനി ഈ വിവരം പറഞ്ഞു. അപ്പോൾ ആ മുഖത്തു സ്ഫുരിച്ച ഭക്തിയും ഭയവും ഒന്നു പ്രത്യേകമായിരുന്നു. "നമ്മുടെ കർത്താവ് സാധാരണക്കാരനെപ്പോലെ നമ്മുടെ അടുത്തു വരും. അതിനാൽ നാം എപ്പോഴും നല്ല കരുതലോടു കൂടിയിരിക്കണം" എന്ന് അടുത്തു നിൽക്കുന്നവരെ തിരുമേനി സൂക്ഷ്മതപ്പെടുത്തി. ഈ ദർശനം പിന്നീടു പലപ്പോഴും തിരുമേനിക്ക് ഒരു ധ്യാനവിഷയമായിരുന്നു. ക്രൈസ്തവ വിശ്വാസ സംഹിതയിലെ അതിപ്രധാനമായ ഒരു സംഗതിയാണിതെന്നു തിരുമേനി വിശദീകരിച്ചുതന്നു. തന്റെ മാതാവ് ഇപ്പോഴും കന്യകയാണെന്നും മറ്റു പുത്രന്മാർ മാതാവിന് ഇല്ലെന്നും, യൗസേപ്പ് യേശുവിന്റെ പിതാവല്ലെന്നും ഇതു വ്യക്തമാക്കുന്നുണ്ടല്ലോ. നമ്മുടെ കർത്താവിനു പന്ത്രണ്ടു വയസ്സു പ്രായമുള്ളപ്പോൾ യെറുശലേം ദേവാലയത്തിൽ വച്ചുതന്നെ ഇതുപോലെ ഒന്നു

കൽപിച്ചിട്ടുണ്ട്. “മകനേ! നിന്റെ അപ്പനും ഞാനും വ്യസനിച്ചുകൊണ്ടു നിന്നെ തെരഞ്ഞു” എന്നു മാതാവു പറഞ്ഞപ്പോൾ “ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കേണ്ടതാകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?” (ലൂക്കോ. 2:49) എന്നായിരുന്നു കർത്താവിന്റെ മറുപടി. തന്റെ പിതാവ് സ്വർഗ്ഗസ്ഥനായ ദൈവവും, പിതാവിന്റെ ഭവനം ദേവാലയവും ആണെന്നു കർത്താവ് വെളിപ്പെടുത്തുകയായിരുന്നു. കർത്താവ് വി. യൗസേപ്പിനെ, അപ്പൻ എന്നാണു സംബോധന ചെയ്തിരുന്നത്. അതുകൊണ്ടാണല്ലോ തച്ചനായ യൗസേപ്പിന്റെ മകൻ എന്നു പലരും കർത്താവിനെക്കുറിച്ച് ആ കാലത്തു പറഞ്ഞിരുന്നത്.

ദർശനങ്ങൾ തിരുമേനിക്കു പല സന്ദർഭങ്ങളിലും മാർഗ്ഗദർശനം ചെയ്തിട്ടുണ്ട്. വിസ്തരഭയത്താൽ അവ ഇവിടെ വിടുന്നു. മാനുഷിക ശക്തിയിലോ സ്വന്തം പ്രാപ്തിയിലോ ആശ്രയിക്കാതെ ദൈവത്തിൽ ശരണപ്പെട്ടു മുമ്പോട്ടു പോകുന്നതിന്റെ അത്ഭുതകരമായ അനുഭവങ്ങൾ വേണ്ടുവോളം ആസ്വദിക്കുവാൻ അവിടുത്തേക്കു സാധിച്ചു. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും തൽഫലമായി ലഭിക്കുന്ന അലൗകിക മാർഗ്ഗദർശനങ്ങളിലൂടെ മുമ്പോട്ടുപോകയും ചെയ്ത പരിശുദ്ധ പിതാവ് ഇന്നു ശരീരപ്രകാരം നമ്മോടു കൂടെയില്ലെങ്കിലും ജീവിക്കുന്ന ഒരു വ്യക്തിയായും പ്രവർത്തിക്കുന്ന ഒരു ശക്തിയായും അനേകർക്ക് അനുഭവപ്പെട്ടുകൊണ്ടാണിരിക്കുന്നത്.

നമ്മുടെ സഭയോടു കൂദാശാബന്ധമില്ലാത്തവരുമായി നമ്മുടെ ആളുകൾ വിവാഹബന്ധത്തിലേർപ്പെടുന്നതിനെ തിരുമേനി നിശിതമായി കുറ്റപ്പെടുത്തിയിരുന്നു എന്ന് തിരുമേനിയെ അറിയുന്നവർക്കെല്ലാം ബോദ്ധ്യമാണ്. നമ്മുടെ സഭയുടെ സനാതനമായ വിശ്വാസത്തിലും സുനിർമ്മലമായ ആചാരാനുഷ്ഠാനങ്ങളിലും സ്വർഗ്ഗീയമായ ആരാധനകളിലുമുള്ള അവിടുത്തെ അടിയുറച്ച വിശ്വാസത്തിന്റെ ഫലമാണത്. ഈ കാര്യങ്ങളിൽ ഓർത്തഡോക്സു സഭയ്ക്കു തുല്യമായി മറ്റൊന്ന് ലോകത്തിൽ ഇല്ലെന്ന് അവിടുത്തേക്കു പരമാർത്ഥമായ ബോദ്ധ്യം ഉണ്ടായിരുന്നു. സഭയ്ക്കകത്തുള്ളവരെയും പുറത്തുള്ളവരെയും തിരുമേനി സ്നേഹിച്ചു. ആരോടും അവിടുത്തേക്കു വിരോധമില്ലായിരുന്നു. എന്നാൽ തത്വനിഷ്ഠയിൽ നിന്നും വ്യതിചലിക്കാൻ തിരുമേനി ഒരിക്കലും കൂട്ടാക്കിയിട്ടില്ല. നമ്മുടെ സഭയുടെയും വിശ്വാസത്തിന്റെയും നിലനിൽപ്പിനു ബാധകമായി വരാവുന്ന പ്രവണതകളെ സുധീരം എതിർക്കുന്നതിൽ അവിടുന്ന്, ഒരിക്കലും അനാസ്ഥനായിരുന്നില്ല. ഒരിക്കൽ വേദപുസ്തകം വായിക്കവേ ബിലയാമിനെക്കുറിച്ചുള്ള ഭാഗം വന്നപ്പോൾ ചോദിച്ചു. “ബിലയാമിനെ കൊന്നുവല്ലോ (സംഖ്യാ 31:8). എന്തിനാണവനെ കൊന്നതെന്ന് അറിയാമോ?” “അറിഞ്ഞുകൂടാ,” ഞാൻ തിരുമനസ്സുണർത്തിച്ചു. തിരുമേനി കൽപിച്ചു പറഞ്ഞുതന്നു:-

യിസ്രായേൽ മോവാബു സമഭൂമിയിൽ പാളയമിറങ്ങി. ലക്ഷക്കണക്കിനു തടിച്ചുകൂടിയ യിസ്രായേലിനെ പരാജയപ്പെടുത്താൻ ബാലാക്കിനു ശക്തിയില്ല. ദീർഘദർശിയായ ബിലയാം യിസ്രായേലിനെ ശപിച്ചാൽ അവരെ നശിപ്പിക്കാൻ സാധിക്കും എന്നു ബാലാക്ക് വിശ്വസിച്ചു. ബിലയാം, ദൈവത്തിന്റെ അരുളപ്പാടു കേൾക്കുന്നവൻ, സർവ്വശക്തന്റെ ദർശനം ദർശിക്കുന്നവൻ, വീഴുമ്പോൾ കണ്ണു തുറന്നിരിക്കുന്നവൻ; അവൻ അനുഗ്രഹിക്കുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ; അവൻ ശപിക്കുന്നവൻ ശപിക്കപ്പെട്ടവൻ. ഇങ്ങനെ അത്ഭുതസിദ്ധിയുള്ളവനാണ് ബിലയാം എന്നു ബാലാക്കിനു അറിയാം. അയാൾ കാഴ്ചവസ്തുക്കളുമായി ദൂതന്മാരെ അയച്ചു. സമ്മാനങ്ങൾ കണ്ടപ്പോൾ ബിലയാമിനു പോകണമെന്നുണ്ട്. പക്ഷേ, ദൈവഹിതം വിട്ടു പ്രവർത്തിക്കാൻ ദീർഘദർശിക്കു നിവൃത്തിയില്ല. എന്തെല്ലാം കിട്ടിയാലും വരികയില്ല എന്നു പറഞ്ഞു. എങ്കിലും കിട്ടാവുന്ന ദ്രവ്യലാഭത്തെപ്പറ്റി ഓർത്തപ്പോൾ പോകാൻ തോന്നി. ബിലയാമിനെ തൂക്കി നോക്കുകയായിരുന്നു ദൈവം. പോകാൻ ഒരുവിധം അനുവാദം കിട്ടി. പക്ഷേ, കൽപിക്കുന്നതേ പറയുകയുള്ളു. ബിലയാം ഒരിടുക്കുവഴിയിൽ ചെന്നപ്പോൾ ബിലയാമിന്റെ അനുസരണമുള്ള കഴുത ഒരടി മുമ്പോട്ടു പോകുകയില്ല. ബിലയാം ദേഷ്യത്തോടും ആവുന്നത്ര ശക്തിയോടുംകൂടി പാവപ്പെട്ട കഴുതയെ അടിച്ചു. അത്ഭുതം! കഴുത സംസാരിക്കുന്നു! ബിലയാം ആശ്ചര്യപ്പെട്ടു. ബിലയാമിന്റെ കണ്ണു തുറന്നു. അതാ നിൽക്കുന്നു ഊരിപ്പിടിച്ച വാളുമായി ഒരു ദൈവദൂതൻ! ബിലയാം ചൂളിപ്പോയി. എങ്കിലും യഹോവ കൽപ്പിക്കുന്നതേ പറയുകയുള്ളു എന്ന നിശ്ചയത്തിന്മേൽ ബിലയാം വിടുതൽ പ്രാപിച്ചു മുന്നോട്ടുപോയി. രാജാവായ ബാലാക്ക് ദീർഘദർശിയായ ബിലയാമിനെ ബഹുമാനപൂർവ്വം സൽക്കരിച്ചു. ഒരു ഉയർന്ന സ്ഥലത്തുകൊണ്ടുപോയി ബിലയാമിനെ, ഇസ്രായേൽ ജനതയെ ചൂണ്ടിക്കാണിച്ചു. സമഭൂമിയിൽ നിറഞ്ഞുനിൽക്കുന്ന വമ്പിച്ച ഇസ്രായേൽ ജനതതിയെ കണ്ട മാത്രയിൽ ഇസ്രായേലിനെ ശപിക്കുന്നതിനു പകരം കഴിയുന്നത്ര ശക്തിയോടെ അനുഗ്രഹിക്കുകയാണുണ്ടായത്. ബാലാക്ക് ഭഗ്നാശയനായി. ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ജനത്തെ ശപിക്കാൻ ബിലയാമിനു സാദ്ധ്യമല്ല. അവരെ ശപിക്കണമെങ്കിൽ അവർ അതിനു തക്ക പ്രവൃത്തി ചെയ്തു ശാപാർഹരാകണം. അതിനെന്താണു വഴിയെന്നു ബുദ്ധിമാനായ ബിലയാം ആലോചിച്ചു. തന്ത്രജ്ഞനായ ബിലയാം മാർഗ്ഗം കണ്ടുപിടിച്ചു. മോവാബ്യ സ്ത്രീകളെ ഇസ്രായേൽ പാളയത്തിലേക്കയച്ച് ഇസ്രായേൽ പുരുഷന്മാരെക്കൊണ്ടു പാപം ചെയ്യിച്ചാൽ മതി. ബാലാക്കിനും അയാളുടെ മന്ത്രിമാർക്കും അതു സ്വീകാര്യമായി. സുന്ദരികളായ മോവാബ്യ തരുണികൾ ഇസ്രായേൽ പാളയത്തിലേക്കു ചെന്നു. "ഇസ്രായേൽ ശിത്തീമിൽ പാർക്കുമ്പോൾ ജനം മോവാബ്യ സ്ത്രീകളുമായി പരസംഗം തുടങ്ങി" (സംഖ്യാ 25:1). തെര

ഞ്ഞെടുക്കപ്പെട്ട ജാതി (ഒട്ടുവളരെപ്പേർ) പാപത്തിന് അധീനപ്പെട്ടു. ബിലയാം ഉപദേശിച്ചു കൊടുത്ത തന്ത്രം (സംഖ്യാ 31:14) കുറിക്കു കൊണ്ടു. യഹോവായുടെ കോപം ഇസ്രായേലിന്റെ നേരെ ജ്വലിച്ചു. വലിയ ബാധ തുടങ്ങി. ഈ കോപത്തിൽ നിന്നും ജനതയെ രക്ഷിക്കാൻ മഹാപുരോഹിതപുത്രനായ ഫിനഹാസ് വൈരാഗ്യം നിറഞ്ഞ്, കുന്തവുമായി എഴുന്നേറ്റ് ഇണയില്ലാപ്പിണ കൂടിയവരെ ഉദരം തുളയുംവണ്ണം കുത്തിക്കൊന്നു. ദുഷ്ടനായ ബിലയാമിനെയും നിഷ്ക്കരുണം വധിച്ചു. അത് യഹോവയ്ക്കു പ്രസാദകരമായിത്തീരുകയും ചെയ്തു. ഈ സംഗതി വിവരിച്ചശേഷം തിരുമേനി ഇപ്രകാരം ഗുണദോഷിച്ചു. "ഒരു സംഗതി ദൈവഹിതമല്ലെന്നു കണ്ടാൽ അപ്പോൾതന്നെ പിന്തിരിഞ്ഞുകൊള്ളണം; പിന്നെ അതേപ്പറ്റി കൂടുതൽ ചിന്തിച്ചാൽ അനുഭവം ബിലയാമിനു ലഭിച്ചതുതന്നെ ആയിരിക്കും. ഒരു പാപം പല പാപങ്ങൾക്കും, ഒടുവിൽ നാശത്തിനും കാരണമായിത്തീരും." സത്യദൈവവിശ്വാസികളായ ഇസ്രായേലിന്റെ വിശ്വാസവും തത്ഫലമായ വിശുദ്ധിയും അന്യൂനം പാലിക്കപ്പെടണമെന്ന് യഹോവയ്ക്കു നിർബന്ധമുണ്ടായിരുന്നു. അതിനാലാണ് ഇതര ജാതികളുമായി വിവാഹവേഴ്ചയുണ്ടാകരുതെന്ന് ന്യായപ്രമാണപുസ്തകങ്ങളിലും മറ്റും പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളത് (ആവ. 7:3, എസ്രാ 9:12, നെഹ. 13:25, 2 കോരി. 6:14). ഈ വേദഭാഗങ്ങളെപ്പറ്റിയും കൽപനകളെപ്പറ്റിയും നല്ലവണ്ണമറിയാവുന്ന പ. ബാവാ തിരുമേനി – നമ്മുടെ സഭയുടെ സത്യവിശ്വാസം കാത്തുസൂക്ഷിക്കാൻ ദൈവതിരുമുമ്പാകെ പ്രതിജ്ഞാബദ്ധനായ പ്രധാന ഇടയൻ – തന്റെ ചുമതലകളെപ്പറ്റിയുള്ള മഹത്തായ ബോദ്ധ്യം നിമിത്തമാണ് സഭാകാര്യങ്ങളിൽ ഇതിനുപരി സൂചിപ്പിച്ചപ്രകാരം നിർണ്ണായകവും നിരങ്കുശവുമായി നിലപാടു കൈക്കൊണ്ടിരുന്നത്.

മത്തായിയുടെ സുവിശേഷം 12:31-ൽ പരിശുദ്ധാത്മാവിനു വിരോധമായ പാപത്തിന് ഇഹത്തിലും പരത്തിലും മോചനമില്ല എന്നു വായിച്ച് ഈ പാപം എന്താണെന്നു വ്യക്തമാക്കിത്തരണം എന്നു ഞാൻ തിരുമുമ്പാകെ അപേക്ഷിച്ചു. "അതെന്താണെന്ന് അൽപം മുകളിൽ തന്നെയുണ്ട്" തിരുമേനി കൽപിച്ചു (മത്താ. 12:22). കുരുടനും ഊമനുമായ ഒരു ഭൂതഗ്രസ്ഥനെ ചിലർ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ കാണുകയും സംസാരിക്കുകയും ചെയ്യത്തക്കവണ്ണം താൻ അവനെ സൗഖ്യമാക്കി. എല്ലാവരും വിസ്മയിച്ചു. ഇവൻ ദാവീദുപുത്രൻ തന്നെയോ? എന്നു പറഞ്ഞു പോയി. അപ്പോൾ അസൂയാകുക്ഷികളായ കുറേപ്പേർ – പരീശന്മാർ – അവിടെ ഉണ്ടായിരുന്നു. അവരും ഈ മഹാത്ഭുതം നേരിൽ കണ്ടു. അസൂയാലുക്കളുടെ കണ്ണ് എപ്പോഴും ദോഷമുള്ളതാണല്ലോ! നന്മയിൽ തിന്മ ദർശിക്കുന്നതാണവരുടെ കഴിവ്. രക്ഷാ

കരമായ ഒരു പ്രവൃത്തിയാണ് അവിടെ നടന്നത്. കേവലം മാനുഷിക കരങ്ങൾക്ക് അത് സാദ്ധ്യമല്ലെന്ന് അവർക്ക് അറിയാം. അതിന് അവർ പറഞ്ഞത് "ഇവൻ ഭൂതങ്ങളുടെ തലവനായ ബേത്സബൂലിനെക്കൊണ്ടു ഭൂതങ്ങളെ പുറത്താക്കുന്നു" എന്നാണ്. ദൈവത്തിന്റെ പ്രവൃത്തി സ്പഷ്ടമായി കൺമുമ്പിൽ കണ്ടിട്ടും അതിൽ പൈശാചികത്വമാണ് അവർ ആരോപിച്ചത്. അധൃഷ്യവും അസന്ദിഗ്ദ്ധവുമായ യുക്തിപ്രഭാവത്തോടുകൂടി അവരെ താൻ മിണ്ടടക്കി (മത്താ. 12:27-29). ഇവിടെ രണ്ടുമൂന്നു കാര്യങ്ങൾ വ്യക്തമാകുന്നു.

1. അത്ഭുതകരവും രക്ഷാകരവുമായ ഒരു പ്രവൃത്തി; അതു സർവ്വശക്തനായ ദൈവത്തിന്റേതാണെന്നു ബോദ്ധ്യമുണ്ടായിട്ടും അതു പിശാചുക്കളുടെ തലവനായ ബേത്സബൂലിനെക്കൊണ്ടാണെന്നു പറഞ്ഞ് രക്ഷകനായ കർത്താവിൽ അവർ പൈശാചികത്വം ആരോപിക്കുന്നു.

2. ദൈവരാജ്യം - രക്ഷ - അവരുടെ അടുക്കൽ വന്ന് അവരെ അതിലേക്കു കൈക്കൊള്ളുവാൻ സദാ സന്നദ്ധമായിരുന്നിട്ടും പുറംകൈകൊണ്ട് അതിനെ തട്ടിക്കളയുന്നു.

3. സാധുക്കളായ സാധാരണജനങ്ങളെ കബളിപ്പിച്ചു രക്ഷയിൽ നിന്ന് അകറ്റാൻ ശ്രമിക്കുന്നു.

പരിശുദ്ധാത്മാവിനു വിരോധമായ പാപമാണ് ഇവിടെ പരീശന്മാർ പ്രവർത്തിച്ചത്. ഇങ്ങനെയുള്ള പാപത്തിന് ഈ ലോകത്തിലും വരുവാനിരിക്കുന്ന ലോകത്തിലും മോചനമില്ല. "മനുഷ്യപുത്രന് എതിരേ ഒരു വാക്കു പറഞ്ഞാൽ അത് അവരോടു ക്ഷമിക്കും." നമ്മുടെ കർത്താവ് ദൈവപുത്രനാണെന്നും രക്ഷകനാണെന്നും അറിയാതെ, വല്ലതും ചെയ്കയോ പറയുകയോ ചെയ്താൽ അതിനു മോചനം ലഭിക്കും. എന്നാൽ ഇവിടെ മനുഷ്യനു സാദ്ധ്യമല്ലാത്ത ദൈവികമായ രക്ഷാകരവ്യാപാരം നടത്തപ്പെട്ടതു കണ്ടു സഹിക്കവഹിയാതെയാണ് എതിർക്കുന്നത്. കരുതിക്കൂട്ടി ദൈവത്തോട് എതിർക്കുന്ന പാപത്തിനു മോചനമില്ല. ഇങ്ങനെയുള്ളവർക്ക് മോക്ഷത്തിൽ സ്ഥാനമില്ല. നിരന്തര ദൈവസാമീപ്യത്തിൽ കഴിഞ്ഞുവന്ന മാലാഖമാരിൽ ഒരു വൃന്ദം മോക്ഷത്തിൽനിന്നു തള്ളപ്പെട്ടതിനും ഹേതു ഇതു തന്നെ. അവർ ദൈവത്തോട് എതിർത്തു. തള്ളപ്പെട്ടു കഴിഞ്ഞിട്ടും ദൈവത്തോട് എതിർക്കുകയും ദൈവരാജ്യ പ്രവേശനത്തിനു മനുഷ്യമക്കളെ അയോഗ്യരാക്കിത്തീർക്കുകയുമാണല്ലോ അവരുടെ ജോലി. ഇതുതന്നെയാണു പരീശന്മാരും ചെയ്തത്. ഈ വ്യാഖ്യാനം വിശദീകരിച്ചുകൊണ്ടു പ. തിരുമേനി കൽപിച്ചു. "ഇപ്രകാരമുള്ള പാപം എത്ര ഭയങ്കരം. ഇതിൽ വീഴാതിരിക്കുവാൻ എല്ലാവരും പ്രത്യേകം കരുതിക്കൊള്ളണം."

1. 1867-ൽ Madras Auxiliary Society ക്കാർ കോട്ടയം ചർച്ചു മിഷൻ പ്രസ്സിൽ (സി.എം.എസ്. പ്രസ്സ്, കോട്ടയം) അച്ചടിപ്പിച്ച പഴയ മലയാളം വേദപുസ്തകം, The Bible Society of India and Ceylon in Association with the British and foreign Bible Society 1957-ൽ അച്ചടിപ്പിച്ച ഒത്തുവാക്യങ്ങളടങ്ങിയ മലയാള വേദപുസ്തകം എന്നിവയിൽ യാപ്പേത്തിനെയാണു ജ്യേഷ്ഠനായി കാണിക്കുന്നത്. 1913-ൽ Trinitarian Bible Society ക്കാർ ലണ്ടനിൽ അച്ചടിപ്പിച്ച കൽദായ സുറിയാനി വേദപുസ്തകത്തിലും ഇങ്ങനെ തന്നെ.

“Unto Shem also the father of all the children of Eber, the brother of Japheth the elder, even to him were children born” (Oxford. Printed at the University Press, 146 Queen Victoria Street, London 1887).

ഈ ഭാഗം പുതിയ മലയാളം ബൈബിളിൽ പിശകായിട്ടാണു കാണുന്നത്. ഇങ്ങനെയുള്ള പല തെറ്റുകൾ പിന്നീടു വേദപുസ്തക തർജ്ജമയിൽ തൽപ്പരകക്ഷികൾ വരുത്തിക്കൂട്ടിയതു തിരുമേനി ചൂണ്ടിക്കാണിച്ചു തന്നിട്ടുണ്ട്.

മന്നത്ത് പത്മനാഭനെ അനുഗ്രഹിക്കുന്നു

6

തിരുസന്നിധിയിൽ നിന്നു ചില പാഠങ്ങൾ

വിഹായസ്സിൽ ഉദിച്ചുയർന്ന് അതുല്യപ്രഭാപൂരം ചൊരിഞ്ഞു നിന്ന ആ ദിവ്യനക്ഷത്രം കാലത്തിന്റെ മേഘക്കെട്ടുകൾക്കപ്പുറത്തേക്കു കടന്നിട്ട് അടുത്ത ജനുവരി മാസം 3-ാം തീയതി രണ്ടു വർഷം പൂർത്തിയാവുക യാണ്. ആ തേജോഗോളം ഇന്നു നമ്മുടെ മാംസകണ്ണുകൾക്കു ഗോചര മല്ലെങ്കിലും അതു ചിന്തിക്കൊണ്ടിരുന്ന കാന്തിപ്രസരം സഭയുടെ നഭ സ്സിൽ തളംകെട്ടിനിൽപുണ്ട് .യവനികയ്ക്കപ്പുറത്തും ആ ദിവ്യ ജ്യോതിസ്സ് കൂടുതൽ ശക്തിമത്തായി പ്രകാശിക്കുകയാണ്. പൂനിലാവിനൊത്ത് ഈ തേജോരൂപം ആയിരങ്ങളെ പുളകമണിയിച്ചു. മേഘനാദതുല്യമായ ആ ശബ്ദം പതിനായിരങ്ങളുടെ ഹൃദയത്തിൽ മാറ്റൊലിക്കൊണ്ടു. വിസ്മൃ തിയുടെ മാറാലയ്ക്കു മറയ്ക്കാനാവാത്തവിധം ആ രൂപം ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠയാർജ്ജിച്ചു. ആ ഗംഭീര ശബ്ദത്തിന്റെ പ്രതിദ്ധ്വനി കാതു കളിൽ മുഴങ്ങുന്നു. ശാരീരിക രോഗങ്ങളിലും മനോ നൊമ്പരത്തിലും ഇരിക്കുന്നവർ ദേവലോകത്ത് പരിശുദ്ധ പിതാവിന്റെ നിത്യസമാധി സന്നി ധിയിലെത്തി അവിടുത്തെ മദ്ധ്യസ്ഥതയിലൂടെ ആശ്വാസം പ്രാപിക്കുന്നു. ആ രൂപം സ്വപ്നത്തിലെങ്കിലുമൊന്നു കാണുവാൻ ആശിച്ചും പ്രാർത്ഥിച്ചും കാത്തിരിക്കുമ്പോൾ അപൂർവ്വം ചിലയവസരങ്ങളിൽ ദർശനം നൽകിയും അനുഗ്രഹിക്കാറുണ്ട്. മലങ്കര സഭാമാസികയി ലൂടെയും മറ്റും കണ്ടുകൊണ്ടിരിക്കുന്ന ഉപകാരസ്മരണകൾ ഇവയുടെ സാക്ഷ്യങ്ങളാണ്.

രണ്ടു വ്യാഴവട്ടക്കാലം പരിശുദ്ധ പിതാവുമായി വളരെ അടുത്തിടപെ ടുവാനും ദിവ്യങ്ങളായ അനേകം പാഠങ്ങൾ തിരുമനസ്സിലെ ഉപദേശങ്ങ ളിലൂടെയും ജീവിതത്തിലൂടെയും ഗ്രഹിക്കുവാനും സാധിച്ചത് ഈ ആയു സ്സിലെ ഏറ്റവും വലിയ ഭാഗ്യമായി ഈ എഴുത്തുകാരൻ കരുതുന്നു. ഒരു വൈദികനായിത്തീരുവാൻ എനിക്കു സാധിച്ചതും തിരുമനസ്സിലെ നിയോഗവും അനുഗ്രഹവും കൊണ്ടാണ്. കഴിഞ്ഞ ഡിസംബർ മാസ ത്തിൽ, തിരുസന്നിധിയിൽ നിന്നു ചില പാഠങ്ങൾ ഓർമ്മയിൽ തങ്ങി നിന്നവ കോർത്തിണക്കി എഴുതുവാൻ സാധിച്ചു. തുടർന്നെഴുതണമെന്നു പലരും ആവശ്യപ്പെട്ടെങ്കിലും പല ബദ്ധപ്പാടുകൾക്കിടയിൽ സാധിക്കാതെ പോയി. തിരുമനസ്സിലെ പാവനസ്മരണയുടെ പ്രേരണയാണ് ഇതെഴു തുവാൻ എന്നെ ഉദ്യോഗിപ്പിക്കുന്നത്.

പതിവുപോലെ തിരുസന്നിധിയിൽ ഞാൻ വേദപുസ്തകം വായിക്കുകയായിരുന്നു. എബ്രായലേഖനത്തിൽ 12-ാം അദ്ധ്യായം 41-ാം വാക്യം വായിച്ചു. "ഒരു ഊണിനുവേണ്ടി ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനായിത്തീരാതിരിപ്പാൻ കരുതിക്കൊൾവിൻ." ചാരുകസ്സേരയിൽ ചാരിക്കിടന്ന തിരുമേനി പെട്ടെന്നു നിവർന്നിരുന്നു. 'എന്താണീ ജ്യേഷ്ഠാവകാശം, നിനക്ക് അറിയാമോ' തിരുമേനി കല്പിച്ചു ചോദിച്ചു.

"ഒരു പിതാവിനു പല മക്കളുണ്ടെങ്കിലും മൂത്തപുത്രന് ഒന്നാമൻ എന്ന ഒരു മേന്മയുണ്ടല്ലോ അത്" ഞാൻ ഉണർത്തിച്ചു.

"ആദ്യം ജനിച്ചവൻ എന്തെല്ലാം ആയാലും ആദ്യം ജനിച്ചവൻ തന്നെ. അതു വില്ക്കാൻ സാധിക്കുന്നതല്ലല്ലോ."

"തിരുമേനി കല്പിച്ചു പറഞ്ഞു തരണം. എനിക്കറിഞ്ഞുകൂടാ" ഞാൻ തിരുമനസ്സറിയിച്ചു.

തിരുമേനി അതു വിശദീകരിച്ചു.

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം മൂലം നമ്മെയെല്ലാം താൻ തന്റെ പിതാവിനു മക്കളും തനിക്കു സഹോദരങ്ങളുമാക്കിത്തീർത്തു. കാട്ടൊലിവുകളായ നമ്മെ സാക്ഷാൽ സൈത്തായ തന്നോട് ഒട്ടിച്ചു ചേർത്ത്, ദൈവത്തെ അബ്ബാ പിതാവേ എന്നു വിളിക്കാനുള്ള അവകാശത്തിലേക്കു നമ്മെ കൊണ്ടുവന്നു. ദൈവത്തിന്റെ പുത്രൻ മനുഷ്യന്റെ - ആദാമിന്റെ - പുത്രനായി വന്ന്, മനുഷ്യരുടെ അഗ്രിമിനായി - ആദ്യഫലമായി - പിതാവായ ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ചു. അങ്ങനെ ആദാമിന് ഏദനിൽവച്ചു നൽകപ്പെട്ട വാഗ്ദത്തം (ഉല്പ. 3:15) നിറവേറ്റി.

"സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതയ്ക്കും." ആദാമിനു ലഭിച്ച ഈ വാഗ്ദത്തത്തിന്റെ അനന്തരാവകാശി അവന്റെ മൂത്ത പുത്രനായ കയീൻ ആയിരുന്നു. എന്നാൽ അവൻ സഹോദരഘാതകനും ലോകത്തിലെ ആദ്യത്തെ കൊലപാതകനും ആയിത്തീർന്നതിനാൽ ശാപഗ്രസ്ഥനും വാഗ്ദത്തത്തിന് അന്യനുമായി. രണ്ടാമനായ നീതിമാനായ ഹാബേൽ വധിക്കപ്പെട്ടുവല്ലോ. തന്നിമിത്തം മൂന്നാമനായ ശേത്ത് വാഗ്ദത്തത്തിന് അവകാശി ആയി. ശേത്യ തായ്‌വഴിയിൽ നോഹ വരെയും സീമന്തപുത്രന്മാരിലൂടെ ഈ അവകാശം സംക്രമിച്ചുകൊണ്ടിരുന്നു (എങ്കിലും പിന്നിടു ചുരുക്കം ചില സന്ദർഭങ്ങളിൽ ദൈവവിചാരണയിൽ ചില വ്യത്യാസങ്ങൾ - വേർതിരിക്കലുകൾ - വന്നിട്ടുണ്ട്). ശേമ്യപരമ്പരയിൽ തേറഹിന്റെ മകനായ അബ്രഹാം അവകാശി ആയിത്തീരുകയും ദൈവം, വാഗ്ദത്തം അവനു പുതുക്കിക്കൊടുക്കുകയും ചെയ്യുന്നതായി

നാം കാണുന്നു (ഉല്പ. 22:18). “നിന്റെ സന്തതിയിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും” (സന്തതികൾ എന്നല്ല സന്തതി എന്ന ഏക വചനമത്രേ). ഈ സന്തതി ആദാമിനു വാഗ്ദത്തം ചെയ്യപ്പെട്ട “സ്ത്രീയുടെ സന്തതി”യാണ്. ഒരു വർഗ്ഗത്തിനോ ജാതിക്കോ ദേശത്തിനോ വേണ്ടിയല്ല ഭൂമിയിലുള്ള സകല ജാതികൾക്കും വേണ്ടിയാണ് എന്നത്രേ അബ്രഹാമിനോടുള്ള അരുളപ്പാട്. കർത്താവിന്റെ ജനനത്തിൽ ദൈവദൂതൻ ഉത്ഘോഷിച്ചതും “സർവ്വജനത്തിനുമുണ്ടാകാനുള്ളോരു മഹാസന്തോഷം” എന്നാണല്ലോ. അബ്രഹാമിനു ലഭിച്ച വാഗ്ദത്തത്തിന്റെ അനന്തരാവകാശി ഇസ്സഹാക്കാണ്. ഇസ്സഹാക്കിന്റെ രണ്ടു മക്കളിൽ മൂത്തവനായ ഏശാവായിരുന്നു, കടിഞ്ഞൂൽപുത്ര ന്യായേന അടുത്ത അവകാശി. അതായത് മനുഷ്യവർഗ്ഗത്തിന്റെയെല്ലാം ജ്യേഷ്ഠനായി വരേണ്ട വാഗ്ദത്ത സന്തതിയെ - രക്ഷിതാവിനെ ലഭിക്കുന്നതിനുള്ള - പുറപ്പെടുവിക്കുന്നതിനുള്ള അവകാശി. ഈ അവകാശമാണു ജ്യേഷ്ഠാവകാശം. ഇതാണ് ഒരു ഊണിനുവേണ്ടി - ഒരു കിണ്ണൻ പാൽപായസത്തിനുവേണ്ടി (ജ്യേഷ്ഠാവകാശം വിറ്റപ്പോൾ) യാക്കോബിനു കൊടുത്തത്.

ഈ വാഗ്ദത്തത്തിന്റെ നിവൃത്തിക്കായി ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിനെ പ്രത്യേകം സജ്ജമാക്കുന്നതിനു വേണ്ടിയാണ് - കടിഞ്ഞൂലൊക്കെയും യഹോവയ്ക്കായി വേർതിരിക്കപ്പെട്ടിരിക്കണം എന്നു ന്യായപ്രമാണത്തിൽ കല്പിച്ചിരിക്കുന്നതെന്നു തിരുമേനി ചൂണ്ടിക്കാണിച്ചു. മനുഷ്യവർഗ്ഗത്തിന്റെയെല്ലാം കടിഞ്ഞൂലായവൻ ലോകത്തിന്റെ പാപപരിഹാരാർത്ഥം ബലിയായി അർപ്പിക്കപ്പെടേണ്ടിയിരുന്നതിന്റെ മുൻകുറിയായിട്ടു കൂടിയാണ് ഇസ്രായേൽ ഭവനങ്ങളിലെ ഓരോ കടിഞ്ഞൂൽ പുത്രനും യഹോവായിക്കു സമർപ്പിക്കപ്പെടണം എന്ന് അനുശാസിതമായിട്ടുള്ളത് (പുറ. 13:2, 12). ഒരു ആട്ടിൻകുട്ടിയേയോ രണ്ടു കുറുപ്രാവിനെയോ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ (ലേവ്യ 12:8) ബലികഴിച്ചു കടിഞ്ഞൂലിനെ വീണ്ടുകൊള്ളുകയായിരുന്നു യഹോവയുടെ കല്പനപ്രകാരം ഇസ്രായേൽ മക്കൾ ചെയ്തുവന്നത് (പുറ. 13:13). നരകുലത്തിന്റെ കടിഞ്ഞൂലായവന്റെ പരമയാഗഫലമായുണ്ടാകാനിരുന്ന മനുഷ്യജാതിയുടെ വീണ്ടെടുപ്പിനെ ഇതു മുന്നറിയിക്കുന്നു. ആ യാഗഫലമായിട്ടാണല്ലോ പിശാചിന്റെ അടിമനുകത്തിൽ നിന്നും വീണ്ടെടുപ്പുണ്ടായത്. ഈ വീണ്ടെടുപ്പിനുവേണ്ടി ദൈവത്തിന്റെ പുത്രൻ മനുഷ്യന്റെ - ആദാമിന്റെ - പുത്രനായി വന്നു. ആദാമിന്റെ പുത്രൻ ആദാമിന്റെയും ജ്യേഷ്ഠനായിത്തീർന്നു (റോമ. 8:29).

കർത്താവായയേശു ആദാമിനു ജ്യേഷ്ഠനായിത്തീർന്നത് എങ്ങനെയെന്നു വ്യക്തമാക്കിത്തരണമെന്നു ഞാൻ അപേക്ഷിച്ചു.

തിരുമേനി തുടർന്നു: ആദാമിനെ ദൈവം സൃഷ്ടിച്ചത് അവൻ നശിച്ചു പോകുവാനല്ല. തന്റെ സൃഷ്ടിയെല്ലാം നല്ലത് എന്നാണല്ലോ ദൈവം കണ്ടത് (ഉല്പ. 1:31). എന്നാൽ ഇതര സൃഷ്ടികളിൽ നിന്നും വ്യത്യസ്ത മായി, സ്വാതന്ത്ര്യത്തോടു കൂടി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പിശാചിന്റെ പ്രേരണയ്ക്കു വശഗതനായി സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യുകയും അങ്ങനെ മരണവിധേയനായിത്തീരുകയും ചെയ്തു. ആദാം ഏദനിൽ നിന്നും ശാശ്വത ഭാഗ്യാനുഭവത്തിൽനിന്നും തള്ളപ്പെട്ടു. ഇവിടെയും ഒരു വില്പന നാം കാണുന്നു. ഒരു പഴത്തിനു വേണ്ടി ആദിമാതാപിതാക്കൾ അവരെ പിശാചിനു വില്ക്കുകയാണു ചെയ്തത്. അങ്ങനെ മനുഷ്യവർഗ്ഗ ത്തിന്മേൽ പിശാചിന് ആധിപത്യം സിദ്ധിച്ചു. അതിനുശേഷം നമ്മുടെ കർത്താവു വരെയുള്ള (കർത്താവൊഴിച്ച്) എല്ലാവരുടെയും - പഴയനിയ മത്തിലെ മഹാപരിശുദ്ധന്മാരുടെ പോലും - ആത്മാക്കൾ പിശാചിന്റെ അടിമനുകത്തിനു കീഴാക്കപ്പെട്ട് പാതാളത്തിൽ ബന്ധിക്കപ്പെട്ടിരുന്നു. എന്തെന്നാൽ സ്വർഗ്ഗത്തിന്റെ വാതിൽ മനുഷ്യവർഗ്ഗത്തിന്റെ മുമ്പാകെ അടയ്ക്കപ്പെട്ടുപോയി. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും എന്ന വാഗ്ദത്തപ്രകാരം പഴയനിയമ പരിശുദ്ധന്മാർ കാത്തി രുന്നുവെങ്കിലും അവരുടെ ആത്മാക്കളും പാതാളത്തിൽ നിന്നു സ്വത ന്ത്രങ്ങളായിരുന്നില്ല. മഹാപരിശുദ്ധനായ ശമുവേലിന്റെ ആത്മാവ് ഒരു വെളിച്ചപ്പാടത്തി (ക്ഷുദ്രക്കാരി) മൂലം കരേറി വരുന്നതായി നാം കാണുന്നു (മേലിൽനിന്ന് ഇറങ്ങുകയായിരുന്നില്ല, താഴെനിന്ന് കരേറുകയായിരുന്നു) (1 ശമു. 28:13). ആദാമിന്റെ പാപം അവനും അനന്തര തലമുറകൾക്കും വരുത്തിവച്ച ദുരനുഭവം എത്ര ഭയങ്കരം!

ഞാൻ ചോദിച്ചു, "തിരുമേനി ഏലിയാ സ്വർഗ്ഗത്തിലേക്കു കരേറിയ തായി നാം വായിക്കുന്നുണ്ടല്ലോ!" (2 രാജാ. 2:11).

അങ്ങനെ എഴുതപ്പെട്ടിട്ടുണ്ടെങ്കിലും അതു നമ്മുടെ കർത്താവ് നമു ക്കായി വേർതിരിച്ചിട്ടുള്ള സ്വർഗ്ഗത്തിലേക്ക് എന്നു വിചാരിക്കാൻ നിവൃ ത്തിയില്ല. ഉയരത്തിലേക്ക് - പ്രത്യേകാൽ വേർതിരിക്കപ്പെട്ട ഒരു ഇട ത്തേക്ക് - എന്നേ അതിനർത്ഥമുള്ളു. "സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന വനായി സ്വർഗ്ഗത്തിൽ വസിക്കുന്നവനായ മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല" (യോഹ. 3:13) എന്നു നമ്മുടെ കർ ത്താവ് ഖണ്ഡിതമായി കല്പിച്ചിരിക്കുന്നു. സ്വർഗ്ഗത്തിൽ പ്രവേശിക്കുന്ന തിനുള്ള ഏക മാർഗ്ഗം താൻ ആകുന്നു (യോഹ. 14:6). ആദാം നഷ്ടപ്പെ ടുത്തിയ സ്വർഗ്ഗഭാഗ്യം കർത്താവിനെ കൂടാതെയും കർത്താവിലൂടെയ ല്ലാതെയും ഏലിയായിക്കും ലഭ്യമല്ല. അതുകൊണ്ടാണല്ലോ മറുരൂപ മലയിൽ മോശയോടൊപ്പം ഏലിയായും സന്നിഹിതനായി നമ്മുടെ കർ ത്താവിന്റെ കഷ്ടാനുഭവത്തിനു മദ്ധ്യസ്ഥത അപേക്ഷിച്ചത്.

മനുഷ്യപുത്രനായ നമ്മുടെ കർത്താവിന്റെ ആത്മാവാണ് ആദ്യമായി പിതാവായ ദൈവത്തിന്റെ തൃക്കരങ്ങളിൽ സമർപ്പിക്കപ്പെട്ടത്. തന്റെ ക്രൂശാരോഹണവേളയിൽ, തന്റെ ശരീരത്തിൽ നിന്നും ആത്മാവ് വേർപെടാറായപ്പോൾ മനുഷ്യാത്മാക്കളുടെമേലുള്ള അവകാശപ്രകാരം - ആദാം, പാപം മൂലം, അതായതു പിശാചു കൊടുത്ത പഴത്തിനു ആദാം അവനെത്തന്നെ പിശാചിനു വിറ്റുകളഞ്ഞ പാതകം ഹേതുവായി പിശാചിനു മനുഷ്യന്റെമേൽ ലഭിച്ച അവകാശം മുഖേന - മനുഷ്യപുത്രനായ മിശിഹായുടെ ആത്മാവിനെയും തട്ടിക്കൊണ്ടുപോകുവാൻ സാത്താനും സൈന്യങ്ങളും അടുത്തു. നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവവും ക്രൂശിന്മേലുള്ള മരണവും സാത്താനുമായി നടത്തപ്പെട്ട ഭയങ്കര പോരാട്ടമായിരുന്നു (ഇതേപ്പറ്റി തിരുമേനി ദീർഘമായി കല്പിച്ചിട്ടുള്ളതു പിന്നാലെ എഴുതിക്കൊള്ളാം). കർത്താവ് ഏകനായി പോരാടി. “അവൻ ഏകനായി മുന്തിരിച്ചക്കു ചവട്ടി” (ഏശ. 63:1). തന്നെ സഹായിപ്പാൻ ആരും ഉണ്ടായിരുന്നില്ല. ബലവാനായ മനുഷ്യപുത്രൻ ജയിച്ചു. പിശാചും സൈന്യവ്യൂഹവും പരാജിതരായി. അപ്പോൾ “പിതാവേ, എന്റെ ആത്മാവിനെ നിന്റെ കൈയിൽ ഞാൻ വയ്ക്കുന്നു” (ലൂക്കോ. 23:46) എന്നു പറഞ്ഞുകൊണ്ട് കർത്താവ് തന്റെ ആത്മാവിനെ പിതാവിന്റെ തൃക്കരങ്ങളിൽ സമർപ്പിക്കുകയും ചെയ്തു. മനുഷ്യജാതിയുടെ ഉത്ഭവശേഷം പിതാവിന്റെ തൃക്കൈയിൽ ഇദംപ്രഥമമായി ഒരു മനുഷ്യാത്മാവ് സമർപ്പിക്കപ്പെട്ടു. അതു മനുഷ്യവർഗ്ഗത്തിൽ നിന്നു സ്വർഗ്ഗസ്ഥ പിതാവിനു ലഭിച്ച ആദ്യഫലമായിരുന്നു. ഇങ്ങനെ താൻ ദൈവതിരുമുമ്പാകെ എല്ലാ മനുഷ്യാത്മാക്കൾക്കും അഗ്രിമനായിരിക്കുന്നു.

കർത്താവിന്റെ ക്രൂശാരോഹണം ലോകത്തിന്റെ പാപത്തിനുള്ള മതിയായ പരിഹാരമായിരുന്നു. അതുമൂലം ആദാമിന്റെ കടച്ചീട്ടു കീറി. താൻ ബലിയായി അർപ്പിക്കപ്പെട്ടതിനാൽ മരണത്തിനും പാതാളത്തിനും വിധിക്കപ്പെട്ടവർക്കെല്ലാം വീണ്ടെടുപ്പുണ്ടായി. ഇടത്തേതിന്റെ മക്കൾ വലത്തേതിന്റേതായിത്തീർന്നു. സാത്താന്റെ അവകാശമായിരുന്നവർ സ്വർഗ്ഗത്തിന്റെ അവകാശികളായി. കർത്താവ് പാതാളത്തിലേക്കിറങ്ങിച്ചെല്ലുകയും അതിന്റെ ഓടാമ്പലുകൾ തകർക്കുകയും ചെയ്തു. അവിടെ, ‘സ്ത്രീയുടെ സന്തതി’യുടെ എഴുന്നള്ളത്തിനുവേണ്ടി പ്രത്യാശയോടെ കാത്തിരുന്ന ആദാം ഉൾപ്പെടെയുള്ള ആയിരമായിരമാത്മാക്കൾക്കു വിടുതൽ നൽകി; തനിക്കു പിമ്പായി അവരെ പർദൈസായിലേക്കു പ്രവേശിപ്പിച്ചു. പർദൈസായിൽ ആദ്യമായി പ്രവേശിച്ച മനുഷ്യാത്മാവും രണ്ടാം ആദാം ആയ കർത്താവാകയാൽ ആ വിധത്തിലും താൻ മനുഷ്യവർഗ്ഗത്തിന്റെ കടിഞ്ഞൂൽ ആകുന്നു.

ദൈവത്തിന്റെ ഏകപുത്രൻ ജഡധാരണം ചെയ്ത സാക്ഷാൽ മനുഷ്യ

നായിത്തീർന്ന്, ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ തന്റെ ശരീരരക്തങ്ങൾ മൂലം കാട്ടൊലിവുകമ്പുകളായ നമ്മെ സാക്ഷാൽ സൈത്തുമരമായ തന്നോട് ഒട്ടിച്ചു ചേർത്ത് (റോമർ 11:17) നല്ല സൈത്താക്കിത്തീർത്തു. അതിന്റെ കേന്ദ്രം കർത്താവു തന്നെ. ഒട്ടിച്ചു ചേർക്കപ്പെട്ട ആദാമും സന്താനപരമ്പരകളുമെല്ലാം അതിന്റെ ശിഖരങ്ങൾ മാത്രം. ദൈവപുത്രത്വത്തിൽ പരിപൂർണ്ണനും കടിഞ്ഞൂലും നമ്മുടെ കർത്താവല്ലാതെ മറ്റാരുമല്ല. തന്റെ തിരുബലി മൂലം ആദാമ്യരെ തന്നോട് ഒട്ടിച്ചുചേർത്തതിനാൽ, താൻ മൂലവും തന്നിൽ കൂടെയുമാണ് നമ്മുടെ പുത്രത്വം. ആകയാൽ ആദാമും തനിക്കു കനിഷ്ഠൻ തന്നെ.

മരിച്ചവരിൽ നിന്ന് ആദ്യമായി മഹത്വത്തോടെ ഉയിർത്തതും കർത്താവായ യേശു ആണ്. "എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തിരിക്കുന്നു. ആദ്യഫലം ക്രിസ്തു, പിന്നെ ക്രിസ്തുവിനുള്ളവർ" (1 കൊരി. 15:20, 23).

സശ്ശരീരനായി ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു. ഇതിലും ആദ്യൻ - കടിഞ്ഞൂൽ - കർത്താവു തന്നെ. പാപം നിമിത്തം പിശാചിന് അടിമയായി പർദൈസായിൽ നിന്നും വീണ്, മരണത്തിനും പാതാളത്തിനും ഇരയായി സ്വർഗ്ഗത്തിന് അന്യനായിത്തീർന്ന മനുഷ്യനെ മനുഷ്യാവതാരംമൂലം പിശാചിന്റെ അടിമത്വത്തിൽ നിന്നും പിടിച്ചെടുത്ത് ഉയിർപ്പും ജീവനും നൽകി സ്വർഗ്ഗത്തിലേക്കു കയറ്റി പിതാവിന്റെ വലത്തുഭാഗത്തിരുത്തുകയാണ് ക്രിസ്തു എന്ന പൂർണ്ണ മനുഷ്യനിൽ നിർവ്വഹിക്കപ്പെട്ടത്. ഈ രക്ഷയും അവകാശവും താൻ എല്ലാ മനുഷ്യർക്കും ദാനമായി നൽകിയിരിക്കുന്നു. "തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുന്നിയമിച്ചിരിക്കുന്നു" (റോമർ 8:29). അതിനാൽ ദൈവത്തിന്റെ ഏകപുത്രനെപ്പോലെ അബ്ബാ പിതാവെ എന്നു വിളിക്കാനുള്ള ശ്രേഷ്ഠാവകാശത്തിലേയ്ക്ക് ഏകജാതൻ നമ്മെ കൊണ്ടുവന്നിരിക്കുന്നു.

ഏശാവു വിറ്റ ജ്യേഷ്ഠാവകാശം മനുഷ്യവർഗ്ഗത്തിന്റെയെല്ലാം ജ്യേഷ്ഠസഹോദരനായ 'സ്ത്രീയുടെ സന്തതി'യെ പുറപ്പെടുവിക്കുവാനുള്ള അവകാശമാണെന്നു പറഞ്ഞുതന്നശേഷം അതിന് ഉപോൽബലകമായി യാക്കോബിന്മേലുള്ള ഇസ്സഹാക്കിന്റെ അനുഗ്രഹവചനങ്ങൾ കൂടി തിരുമേനി ചൂണ്ടിക്കാണിച്ചു. "വംശങ്ങൾ നിന്നെ സേവിക്കട്ടെ. ജാതികൾ നിന്നെ വണങ്ങട്ടെ. നിന്റെ സഹോദരന്മാർക്കു നീ പ്രഭു ആയിരിക്കുക. നിന്റെ മാതാവിന്റെ പുത്രന്മാർ നിന്നെ വണങ്ങട്ടെ" (ഉല്പത്തി 27:29). ഈ അനുഗ്രഹം യാക്കോബ് എന്ന വ്യക്തിയിൽ നിറവേറിയതായി നാം കാണുന്നില്ല. അവൻ ഏശാവിനെ ഭയന്ന് പലായനം ചെയ്യുകയും മാതൃ

സഹോദരനായ ലാബാനെ ദീർഘകാലം സേവിക്കുകയും (ഉല്പ. 29, 30 അദ്ധ്യായങ്ങൾ കാണുക), ഒടുവിൽ ലാബാന്റെ ഭവനത്തിൽ നിന്ന് തന്ത്രപൂർവ്വം വിടുതൽ നേടി പുത്രകളത്രാദികളുമായി മടങ്ങിയെത്തുന്നവഴിക്ക് ജ്യേഷ്ഠനായ ഏശാവിന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം നടത്തുകയും ചെയ്യുന്നതായിട്ടാണു നാം വായിക്കുന്നത് (ഉല്പ. 33:3). ദേശത്തു ക്ഷാമമുണ്ടായപ്പോൾ പുറജാതിയായ ഫറവോന്റെ രാജ്യത്ത് അവനും കുടുംബവും അഭയാർത്ഥികളായി എത്തി താമസിക്കുകയും ചെയ്യുന്നു. അപ്പോൾ യാക്കോബിനു ലഭിച്ച അനുഗ്രഹം അവനല്ല, അവന്റെ ഗൃഹത്തിന്മേൽ എന്നേക്കും രാജാവായിരിക്കുന്ന ക്രിസ്തുവിൽ ആണു നിറവേറുന്നത്. അങ്ങനെ ആദാമിനും അബ്രഹാമിനും ഇസ്സഹാക്കിനും ലഭിച്ച രക്ഷാകരമായ വാഗ്ദത്തം യാക്കോബ് അവകാശിച്ചു.

ഇത്രയും വിശദീകരിച്ചശേഷം തിരുമേനി മൂന്നാമതൊരു വില്പനയുടെ ചരിത്രം കൂടി പ്രസ്താവിച്ചു. മുപ്പതു വെള്ളിക്കാശിനുവേണ്ടി കർത്താവിനെ ഒറ്റിക്കൊടുത്ത യൂദാസ്കറിയോത്തിന്റേതായിരുന്നു അത്. ആ വില്പന മൂലം അവൻ അപ്പോസ്തോലത്വത്തിന്റെ മഹനീയ പദവിയിൽ നിന്നും വീണ് എന്നേക്കും ശാപഗ്രസ്ഥനായിത്തീർന്നു. അനന്തരം തിരുമേനി കല്പിക്കുകയാണ്: മനുഷ്യരായ നാമെല്ലാവരും നമ്മുടെ ഓരോ സ്വകാര്യലാഭത്തിനുവേണ്ടിയും പണത്തിനുവേണ്ടിയും ദൈവത്തിന്റെ കല്പനകളെയും സഭയുടെ പ്രമാണങ്ങളെയും ദൈവത്തെത്തന്നെയും അഗണ്യകോടിയിൽ തള്ളിക്കളയുന്നില്ലയോ? കർത്താവിന്റെ ശരീരമായ സഭയെ പണത്തിനുവേണ്ടി പരിത്യജിക്കുമ്പോൾ വിശ്വാസത്തെ വിറ്റുകളയുകയല്ലയോ ചെയ്യുന്നത്? ആകയാൽ എബ്രായലേഖന കർത്താവിന്റെ താക്കീത് നാമെല്ലാവരോടുമായിട്ടാണ്. “ഒരു ഊണിനുവേണ്ടി ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തന്മാരാകാതിരിപ്പാൻ കരുതിക്കൊൾവിൻ.”

തിരുമേനി ഇതു വിശദീകരിക്കുമ്പോൾ കാര്യം ഗ്രഹിക്കുക എന്നതിനേക്കാൾ ഹൃദയം എരിയുന്ന ഒരനുഭവമാണ് ഈ എഴുത്തുകാരനുണ്ടായത്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര രഹസ്യങ്ങൾ എത്ര മഹത്തേറിയത്. അറിവിൽ നിന്നും ആത്മാവിൽ നിന്നും ഉപദേശങ്ങൾ നമുക്കു ലഭിക്കാറുണ്ട്. ആത്മനിറവിൽ നിന്നും അനുഭവത്തിൽ നിന്നുമുള്ള ഉപദേശങ്ങൾക്കേ ആത്മാക്കളെ സ്പർശിക്കാൻ കഴിയൂ. പരിശുദ്ധ പിതാവിന്റെ ഉപദേശങ്ങൾക്കും പ്രസംഗങ്ങൾക്കും ഉണ്ടായിരുന്ന പ്രത്യേകത – അവ ആത്മനിറവിൽ നിന്നുള്ളവയായിരുന്നു എന്നതാണ്. എന്നാൽ അത് എഴുതി അതേപടി ഫലിപ്പിക്കാൻ ഈ തൂലികയ്ക്കു ശക്തി പോരാ.

(മലങ്കരസഭ, 1965 ഡിസംബർ)

7

(വി. കുർബ്ബാനയെപ്പറ്റി കല്പിച്ചു തന്നിട്ടുള്ള പാഠങ്ങൾ 1966 ഡിസംബർ ലക്കം 'മലങ്കരസഭ'യിൽ ചേർത്തിരുന്നു. അതിന്റെ തുടർച്ചയായി ഈ ലേഖനം വായിക്കേണ്ടതാണ്. - ലേഖകൻ)

പിതാക്കന്മാർക്ക് ഒരിക്കലായി ഭരമേല്പിക്കപ്പെട്ട വിശ്വാസം ഈഷത് വ്യത്യാസം കൂടാതെ കാത്തുസൂക്ഷിക്കുന്നതിൽ എന്നപ്രകാരം തന്നെ നമ്മുടെ സഭയുടെ അതുല്യവും അമൂല്യവുമായ ആരാധന അതിന്റെ സ്വർഗ്ഗീയമായ തേജസ്സോടുകൂടി അനുഷ്ഠിക്കുന്നതിലും ബാവാ തിരുമേനി നിർബ്ബന്ധബുദ്ധിയായിരുന്നു. നമ്മുടെ ആരാധനയുടെ കേന്ദ്രം വി. കുർബ്ബാനയാണ്. വി. കുർബ്ബാനാർപ്പണത്തിലും അനുഭവത്തിലും ഇത്രമാത്രം സൂക്ഷ്മതയും ഭക്തിപാരവശ്യവും മറ്റധികംപേരിൽ കണ്ടിട്ടില്ല. വി. കുർബ്ബാനയിൽ സംബന്ധിക്കുന്നവർ കേവലം കാഴ്ചക്കാരല്ലെന്നും ആ വിശുദ്ധ കൂദാശയുടെ അനുഷ്ഠാനത്തിൽ അവർ ഭാഗഭാക്കുകളാണെന്നും, അതിനാൽ ഭയത്തോടും വിറയലോടും കൂടി സൂക്ഷിക്കേണ്ടതാണെന്നും തിരുമേനി കൂടെക്കൂടെ ഉത്ബോധിപ്പിക്കുമായിരുന്നു. അനാസ്ഥയായി ആരെങ്കിലും പെരുമാറിയാൽ അവിടുത്തേക്കു സഹിക്കയില്ല. എന്തെങ്കിലും സൂക്ഷ്മതാരാഹിത്യം മദ്ബഹായിൽ ശുശ്രൂഷിക്കുന്നവരിൽ കണ്ടുപോയാൽ അപ്പോൾതന്നെ ശാസിച്ചു കഴിയും. ആരാധകർ വി. കുർബ്ബാനയിലെ പ്രതിവാക്യങ്ങൾ ചൊല്ലണം. ഉറക്കെ ചൊല്ലണം എന്ന് തിരുമനസ്സിലേക്കു നിർബന്ധമുണ്ടായിരുന്നു. കുർബ്ബാനയില്ലാത്തവർ ക്രിസ്ത്യാനികളേ അല്ലെന്നു കല്പിക്കാൻ അവിടുന്നു മടിച്ചിട്ടില്ല. 'മനുഷ്യപുത്രന്റെ ശരീരം നിങ്ങൾ ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല' (യോഹ. 6:53) എന്നുള്ള കർത്താവിന്റെ തിരുമൊഴി അവിടുന്നു കൂടെക്കൂടെ അനുസ്മരിപ്പിച്ചിരുന്നു. നാം ക്രിസ്തുവിലാകുന്നതും ക്രിസ്തു നമ്മിലാകുന്നതും തന്റെ തിരുശരീരരക്തങ്ങൾ ഭക്ഷിച്ചു കുടിക്കുന്നതുകൊണ്ടാണെന്ന് തിരുമേനി ഊന്നി പ്രസ്താവിച്ചിരുന്നു. തന്റെ തിരുശരീരരക്തങ്ങൾ ഭക്ഷിച്ചു കുടിക്കാത്തവൻ, അവൻ എത്ര മാന്യനും ഉത്തമനും കർത്താവിന്റെ നാമം പറഞ്ഞ് പ്രവചിക്കുന്നവനും വീര്യപ്രവൃത്തികൾ ചെയ്യുന്നവനും ആയിരുന്നാലും, 'അധർമ്മം പ്രവർത്തിക്കുന്നവനേ, ഞാൻ ഒരു നാളും നിന്നെ അറിഞ്ഞിട്ടില്ല' (മത്തായി 7:22) എന്നാണ് അവിടുത്തെ മറുപടി. സ്വർഗ്ഗസ്ഥനായ പിതാവിനു നമ്മെ സംബന്ധിച്ചുള്ള ഇഷ്ടം തന്റെ പുത്രനെ നോക്കി അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കണമെന്നുള്ളതാകുന്നു (യോഹ. 6:40). ആ ഇഷ്ടം നിർവ്വഹിക്കാനാണു കർത്താവ് ഭൂമിയിലേക്കു വന്നത് (യോഹ. 6:38). ആ നിത്യജീവൻ നമുക്കു ലഭിക്കു

ന്നത് കർത്താവിന്റെ തിരുശരീരരക്തങ്ങൾ ഭക്ഷിച്ചു കുടിക്കുന്നതുകൊണ്ടാണ്. ഇതേപ്പറ്റി തിരുമേനി ദീർഘമായി പറഞ്ഞുതന്നിട്ടുള്ള സംഗതികൾ 1966 ഡിസംബർ ലക്കം 'മലങ്കരസഭ'യിൽ എഴുതിയിട്ടുള്ളതാണ്. ആ ലേഖനം അന്നു പൂർത്തിയാക്കാൻ സാധിച്ചില്ല. അതിന്റെ തുടർച്ചയായിട്ടാണീ ലേഖനം എഴുതുന്നത്.

നമ്മുടെ രക്ഷയുടെ മർമ്മമായ വി. കുർബ്ബാനയെപ്പറ്റിയുള്ള പഠിപ്പിക്കലാണ് വി. യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായം. 'എന്റെ ശരീരം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു' എന്നും മറ്റുമുള്ള അവിടുത്തെ ഖണ്ഡിതമായ പഠിപ്പിക്കൽ കേട്ടപ്പോൾ തന്റെ ശിഷ്യന്മാരിൽ പലരും 'ഇതു കഠിന വാക്ക്. ഇത് ആർക്കു കേൾപ്പാൻ കഴിയും' എന്നു പിറുപിറുത്തു. 'ഈ കഠിന വാക്കു' നിമിത്തം ശിഷ്യന്മാരിൽ പലരും അന്നു പിൻവാങ്ങിപ്പോയി (യോഹ. 6:66). അപ്രകാരം ഇക്കാലത്തും പലരും പിൻവാങ്ങുന്നുണ്ട്. എന്നാൽ ജീവന്റെയും രക്ഷയുടെയും മർമ്മമായ തന്റെ തിരുശരീരങ്ങളെ വിശ്വസിക്കുകയോ ആദരിക്കുകയോ ചെയ്യാത്തവർക്കു മദ്ധ്യമാർഗ്ഗമൊന്നും ഉപദേശിക്കാനോ അവരെ അനുരഞ്ജിപ്പിക്കാനോ കർത്താവ് കൂട്ടാക്കുന്നില്ല (യോഹ. 6:67) എന്നതു ശ്രദ്ധേയമാണ്. വി. കുർബ്ബാനയെപ്പറ്റി സ്വകപോലകല്പിതങ്ങളായ വ്യർത്ഥജല്പനങ്ങൾ നടത്തി വിശ്വാസികളെ രക്ഷയിൽ നിന്ന് അകറ്റാൻ ശ്രമിക്കുന്ന പാഷണ്ഡന്മാർ ആധുനിക കാലത്തും ഉണ്ട്. അങ്ങനെയുള്ളവരിൽ നിന്നും നാം പ്രത്യേകം സൂക്ഷിച്ചുകൊള്ളേണ്ടതാണ് എന്നു തിരുമേനി കൽപിച്ചു.

കഫർന്നഹൂമിലെ, കർത്താവിന്റെ ശ്രോതാക്കളിൽ അധികംപേരും വിചാരിച്ചത് ഇത് എങ്ങനെ കൊടുക്കും എന്നായിരുന്നു. അതിന്റെ മറുപടി അപ്പോൾതന്നെ താൻ നൽകുന്നു.

'മനുഷ്യപുത്രൻ മുമ്പേ ഇരുന്നിടത്തേക്ക് കയറിപ്പോകുന്നതു നിങ്ങൾ കണ്ടാലോ?' അതായത് അവർ കാണുന്ന ആ ശരീരമല്ല താൻ കൊടുക്കുന്നത്. പിന്നെ എന്താണ്? ഞാൻ നിങ്ങളോടു കൽപിച്ച വചനങ്ങൾ ആത്മാവും ജീവനുമാകുന്നു (യോഹ. 6:63) എന്നാണ്. അതേ! ഇല്ലായ്മയിൽ നിന്നു സകലവും സൃഷ്ടിച്ച ആ വചനശക്തിയാൽ താൻ തന്റെ ശരീരം കൊടുക്കും എന്നാകുന്നു. ആ വചനം മൂലമാകുന്നു അപ്പവും വീഞ്ഞും സാക്ഷാൽ ശരീരരക്തങ്ങളായിത്തീരുന്നത് എന്നു പെസഹാ മേശയിൽവച്ച് താൻ വെളിപ്പെടുത്തി. അങ്ങനെ തന്റെ തിരുശരീരരക്തങ്ങൾ അവർക്കു കൊടുത്തു. ആ വചനം മൂലം സകലവും സൃഷ്ടിക്കപ്പെട്ടു. ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല (യോഹ. 1:3). വചനശക്തിയാൽ സകലവും ഉളവായതായി വി. വേദത്തിലെ ആദ്യ

പുസ്തകത്തിലെ സൃഷ്ടിയുടെ ചരിത്രം നമ്മെ വിളിച്ചറിയിക്കുന്നു (ആദ്യ 1:3, 15, 21, 26). അവൻ പറഞ്ഞു, അവ ഉണ്ടായി, അവൻ കൽപിച്ചു, അവ സൃഷ്ടിക്കപ്പെട്ടു (സങ്കീ. 148:5) എന്ന് സങ്കീർത്തനക്കാരനും സാക്ഷിക്കുന്നു. ആ വചനം ഒരു പിടി മണ്ണിൽ വീണു. അത് ആദാമായി. ആ വചനം പിതാവിന്റെ മാർവ്വിൽ നിന്നു പുറപ്പെട്ട് ഗബ്രിയേൽ ദൂതനാൽ വഹിക്കപ്പെട്ടു കന്യകയുടെ ശ്രവണപുടങ്ങളിലൂടെ അവളുടെ ഉദരത്തിൽ പ്രവേശിച്ചു ജഡം ധരിച്ചു. ഭൂമിയിൽ ജനിച്ചു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു; നമുക്കു കൃപയ്ക്കുമേൽ കൃപ പകർന്നു തന്നു. ആ വചനം കുരുടനു കാഴ്ച കൊടുത്തു, കുഷ്ഠരോഗികളെ സ്വസ്ഥരാക്കി, പക്ഷവാതക്കാരനെ കിടക്കയെടുത്തു നടപ്പാൻ പ്രാപ്തനാക്കി, മരിച്ചവരെ ഉയിർപ്പിച്ചു, ക്ഷോഭിച്ച ഗലീലാ കടലിനെ ശാന്തമാക്കി. ആ വചനം അപ്പങ്ങളിൽ പതിച്ചു. അത് സഹസ്രങ്ങളെ തീറ്റി തൃപ്തിയാക്കി. മിച്ചമെടുക്കുവാൻ തക്കവണ്ണം വർദ്ധിച്ചു. തന്റെ കഷ്ടാനുഭവത്തിന്റെ തലേരാത്രിയിൽ പെസഹാ മേശയിൽവച്ച് അപ്പം എടുത്തു വാഴ്ത്തി നുറുക്കി 'ഇത് എന്റെ ശരീരമാകുന്നു, വാങ്ങി ഭക്ഷിപ്പിൻ' എന്നും, പാനപാത്രം എടുത്തു സ്ത്രോത്രം ചൊല്ലിയിട്ട് 'ഇത് എന്റെ രക്തമാകുന്നു. വാങ്ങി കുടിപ്പിൻ' (മത്താ. 26: 28-29, മർക്കോ. 14:22-24, ലൂക്കോ. 22:19-21) എന്നും അരുളിച്ചെയ്തുകൊണ്ടു ശിഷ്യന്മാർക്കു കൊടുത്തു. ആ വചനം അപ്പവീഞ്ഞുകളിൽ പതിച്ചപ്പോൾ അവ സാക്ഷാൽ ശരീരരക്തങ്ങളായിത്തീർന്നു. ഇത് തന്റെ ശരീരത്തിന്റെ അടയാളമോ, ജ്ഞാപകമോ, പ്രതീകമോ എന്നല്ല, പിന്നെയോ 'എന്റെ ശരീരമാകുന്നു', 'എന്റെ രക്തമാകുന്നു' എന്നിപ്രകാരമത്രേ അരുളിച്ചെയ്തത്. ഈ അപ്പത്തിലും വീഞ്ഞിലും തന്റെ സാന്നിദ്ധ്യമുണ്ട്. എന്നുമല്ല, പിന്നെയോ അവ തന്റെ സാക്ഷാൽ ശരീരവും സാക്ഷാൽ രക്തവുമാകുന്നു എന്നത്രേ.

വി. കുർബ്ബാനയിൽ കർത്താവിന്റെ സാന്നിദ്ധ്യം സമ്പൂർണ്ണമാണ്. അത് അപ്പത്തിന്മേലുള്ള സാന്നിദ്ധ്യമായി ചിലർ പഠിപ്പിക്കുന്നു. പെസഹാ മേശയിൽവച്ചു കർത്താവ് ചെയ്ത പ്രവൃത്തിയുടെ ഓർമ്മ എന്നല്ലാതെ പ്രത്യേകമായ യാതൊരു സാന്നിദ്ധ്യവുമില്ല എന്നു പഠിപ്പിക്കുന്നവരുണ്ട്. 'സാന്നിദ്ധ്യം' അപ്പത്തിന്റെ പുറത്തോ അകത്തോ എവിടെയാണ് എന്നു ചോദിക്കുന്നവരുമുണ്ട്. ഇങ്ങനെ ഒരു വിവാദം ദിനപ്പത്രങ്ങളിൽ തന്നെ വന്നുകൊണ്ടിരുന്നതിനാൽ ഈ സാന്നിദ്ധ്യത്തെപ്പറ്റി വ്യക്തമായി അറിവാൻ എനിക്ക് ആകാംക്ഷയുണ്ടായിരുന്നു. അതു ഞാൻ തിരുമനസ്സറിയിക്കുകയും ചെയ്തു.

'വി. കുർബ്ബാന അപ്പത്തിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം' എന്നു പറയുന്നതു ശരിയല്ല എന്നാണ് തിരുമേനി കൽപിച്ചത്. 'എന്താണ് സുവിശേഷങ്ങളിൽ എഴുതിയിരിക്കുന്നത്, വായിക്കുക' തിരുമേനി കൽപിച്ചു.

'ഇത് എന്റെ ശരീരമാകുന്നു', 'ഇത് എന്റെ രക്തമാകുന്നു.' ഈ അപ്പത്തിലും വീഞ്ഞിലും എന്റെ സാന്നിദ്ധ്യമുണ്ട് എന്നല്ലല്ലോ കൽപിച്ചത്. ഒരാളുടെ ശരീരത്തിൽ ആ ആളുടെ സാന്നിദ്ധ്യം ഉണ്ടെന്നു പറയുന്നതിനെന്താണ് അർത്ഥം. വി. കുർബ്ബാന, പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ മിശിഹായുടെ ഉയിർത്തെഴുന്നേറ്റ ശരീരമാണ്. ദേവാലയത്തിൽ - ത്രോണോസിൽ - മിശിഹായുടെ സാന്നിദ്ധ്യം ഉണ്ട്. അത് സമ്പൂർണ്ണമായ സാന്നിദ്ധ്യമാണ്. എന്തെന്നാൽ കുർബ്ബാന ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങളാകയാൽ അതു കർത്താവ് തന്നെയാണ്. 'ആലോഹോ ആത്തു കുർബ്ബോനോ', 'ദൈവമേ, നീ കുർബ്ബാനയാകുന്നു' എന്നാണ് വി. കുർബ്ബാനയുടെ തൂയാബായിൽ പട്ടക്കാരൻ ചൊല്ലുന്നത് എന്നും തിരുമേനി ചൂണ്ടിക്കാണിച്ചു.

മനുഷ്യവർഗ്ഗത്തിന്റെ ജീവനും രക്ഷയ്ക്കും വേണ്ടിയാണ് കർത്താവ് ഈ മഹാവലിയ ദാനം - തന്റെ തിരുശരീരരക്തങ്ങൾ - നമുക്ക് ഏൽപിച്ചു തന്നിരിക്കുന്നത്. തന്റെ ശരീരം ഭക്ഷിച്ചിട്ടും എത്തിപ്പോകാതിരിക്കുകയും രക്തം കുടിച്ചിട്ടും തീർന്നുപോകാതിരിക്കുകയും ചെയ്യത്തക്കവണ്ണം ലോകാവസാനം വരെയും ഈ രക്ഷയുടെ വലിയ രഹസ്യം തുടരണമെന്നുള്ളത് അവിടുത്തെ തിരുവിഷ്ടമാകയാൽ താൻ ഇതു തന്റെ ശിഷ്യന്മാരെയും അവരിലൂടെ പൗരോഹിത്യ കൃപാവരം വഴിയായി അനന്തര തലമുറകളെയും ഏൽപിച്ചിരിക്കുകയാണ്. 'എന്റെ ഓർമ്മയ്ക്കായി ഇതിനെ ചെയ്വീൻ' (ലൂക്കോ. 22:19) എന്നു താൻ കൽപിച്ചിരിക്കുന്നു. ഓർമ്മയ്ക്കായി നവീകരണക്കാരും ചെയ്യുന്നുണ്ടല്ലോ? എന്നു ഞാൻ ചോദിച്ചു. 'അവർ ഓർമ്മയായിട്ടാണു ചെയ്യുന്നത്, ഓർമ്മയ്ക്കായിട്ടല്ല' തിരുമേനി കൽപിച്ചു.

നമ്മുടെ കർത്താവ് കേവലം ഒരു ചരിത്രപുരുഷനല്ല. ഇന്നും ജീവിച്ചിരിക്കുന്ന നമ്മുടെ രക്ഷകനാണ്. 'ഞാൻ അൽഫയും ഓമേഗയും ആകുന്നു; ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമാകുന്നു' (വെളി. 1:8) എന്ന് ആദിയായ വെളിപ്പാടു ഭാഗം വായിക്കാൻ തിരുമേനി കൽപിച്ചു. ചരിത്രപുരുഷന്മാരെയാണു നാം ഓർക്കുന്നത്. അതിനു സ്മരണ എന്നതിനേക്കാൾ കൂടുതലായ അർത്ഥമില്ല. കർത്താവിനെ ഓർക്കുക എന്നു പറയുന്നത് അതിൽനിന്നും വ്യത്യസ്തമാണ്. കർത്താവ് നമുക്കുവേണ്ടി അനുഷ്ഠിച്ച രക്ഷണ്യപ്രവൃത്തികളെ ഓർക്കുകയും അതനുസരിച്ചു തന്നോടു നാൾതോറും വിശ്വസ്തത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്യണമെന്നാണ്. 'എൻ മനമേ യഹോവയെ വാഴ്ത്തുക, എന്റെ സർവ്വാന്തരംഗവുമേ അവന്റെ തിരുനാമത്തെ സ്തോത്രം ചെയ്യുക, അവൻ ചെയ്ത ഉപകാരങ്ങൾ ഒന്നും മറക്കരുത്' (സങ്കീ. 103:1) എന്ന സങ്കീർത്തനഭാഗം തിരുമേനി അനുസ്മരിപ്പിച്ചു. പണ്ടൊരുകാലം കർത്താവ് ജീവിച്ചിരുന്നു

പ്രവർത്തിച്ചു എന്ന ഒരു ഓർമ്മയല്ല ഇവിടെ വിവക്ഷിക്കുന്നത്. കർത്താവിനെ ഓർക്കുന്നത് കർത്താവ് ചെയ്ത അതേ പ്രവൃത്തി തന്റെ അനന്തരഗാമികൾ ചെയ്യുന്നതു മൂലമാണെന്നു സൂക്ഷ്മതപ്പെടുത്തുകയാണ്. ഇത് ഓരോ പുരോഹിതനും കർത്താവ് ഏൽപിച്ചുകൊടുക്കുകയാണ്. വി. പൗലൂസ് ഇതു കർത്താവിൽ നിന്നു പ്രാപിച്ചതായി പറഞ്ഞിരിക്കുന്നു (1 കോരി. 11:23). പൗലൂസ് അപ്പോസ്തോലൻ നമ്മുടെ കർത്താവിനെ (ശരീരപ്രകാരം) കണ്ടിട്ടില്ല. താൻ സ്വർഗ്ഗാരോഹണം ചെയ്തുകഴിഞ്ഞാണു വി. പൗലൂസ് ക്രിസ്തുസഭയിൽ വന്നത്. എങ്കിലും അപ്പോസ്തോലൻ അതു കർത്താവിങ്കൽനിന്നു പ്രാപിക്കുകയും കോരിന്ത്യർക്കു ഭരമേൽപിക്കുകയും ചെയ്തതായിട്ടാണു പറയുന്നത്. ഇന്നും ഓരോ പുരോഹിതനും കർത്താവിൽ നിന്നാണ് അതു പ്രാപിക്കുന്നത്. എന്തെന്നാൽ അവൻ ജീവിച്ചു കടന്നുപോയവനല്ല, എന്നേക്കും ജീവിക്കുന്നവനാണ്.

പെസഹാമേശയിൽവെച്ച് കർത്താവ് അപ്പവും വീഞ്ഞും വാഴ്ത്തി തന്റെ തിരുശരീരരക്തങ്ങളാക്കിക്കൊടുത്ത മഹാ സംഭവം ഓർക്കാനല്ല, പിന്നെയോ കർത്താവിനെ ഓർക്കാനാണ് അനുശാസിക്കുന്നത്. കർത്താവിനെ ഓർക്കുന്നത് എങ്ങനെ? താൻ ചെയ്തതുപോലെ ചെയ്യുവിൻ എന്നല്ല, പിന്നെയോ 'ഇതിനെ ചെയ്വിൻ' എന്നത്രേ. താൻ ചെയ്ത പ്രവൃത്തി അപ്പവും വീഞ്ഞും തൃക്കരങ്ങളിൽ എടുത്തു വാഴ്ത്തി തന്റെ ശരീരരക്തങ്ങളാക്കിത്തീർക്കുകയായിരുന്നു. അതേ പ്രവൃത്തി തന്നെ തന്റെ അപ്പോസ്തോലന്മാരും പിൻഗാമികളും ചെയ്യുവാൻ ഏൽപിച്ചു കൊടുത്തു; അങ്ങനെ താൻ വീണ്ടും വരുന്നതുവരെയും ചെയ്തുകൊണ്ടിരിക്കണം.

വി. കുർബ്ബാനയെ നാം എങ്ങനെ സമീപിക്കണം എന്നു വി. പൗലൂസ് അപ്പോസ്തോലന്റെ ലേഖനഭാഗത്തുനിന്ന് തിരുമേനി വിശദീകരിച്ചു. 'അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവനെല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും. മനുഷ്യൻ തന്നത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്വാൻ. തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു' (1 കോരി. 11:27-32). ഈ ഭാഗം വായിച്ചപ്പോൾ തിരുമേനി പെസഹാ മേശയിങ്കലേക്കു ശ്രദ്ധ ക്ഷണിച്ചു. തന്റെ തിരുശരീരരക്തങ്ങൾ യഹൂദാ സ്കറിയാത്തായും വാങ്ങി അനുഭവിക്കുന്ന ഭാഗം ചൂണ്ടിക്കാണിച്ചു. അവിടെ എന്തു പറഞ്ഞിരിക്കുന്നു എന്നു ചോദിച്ചു. 'ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു' (യോഹ. 13:27). അതേ, അവൻ ശിക്ഷാവിധി ഭക്ഷിച്ചു കുടിച്ചു. സ്വന്ത

പാപങ്ങളെ ഹൃദയത്തിൽ കുടിയിരുത്തിക്കൊണ്ട് – തന്നത്താൻ ശോധന ചെയ്യാതെ – വി. തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നതിന്റെ ഫലമാണിത്. ഇതു തന്നെയാണ് വി. പൗലൂസ് പറയുന്നപ്രകാരം ശിക്ഷാവിധി ഭക്ഷിച്ചു കുടിക്കുന്നു എന്നതിന്റെ സാരം. വി. കുർബ്ബാനാനുഭവത്തിനു മുമ്പ് കുമ്പസാരിക്കണം എന്നു വി. സഭ നിഷ്കർഷിക്കുന്നതിന്റെ ആന്തരം ഇതിൽനിന്നു വ്യക്തമാകുന്നു.

വി. തിരുശരീരരക്തങ്ങൾ ഭക്ഷിച്ചു കുടിപ്പാൻ നമുക്ക് അർഹതയുണ്ടോ? യേശുതമ്പുരാനു വസിക്കുവാൻ തക്കവണ്ണം നാം വാസയോഗ്യമാണോ? സ്വയപരിശോധന ചെയ്തു പാപങ്ങളെ കണ്ടുപിടിച്ച് കെട്ടുവാനും അഴിക്കുവാനും കർത്താവിൽനിന്ന് അധികാരം പ്രാപിച്ചിട്ടുള്ള സ്ഥാനാപതിയുടെ മുമ്പാകെ കുമ്പസാരിച്ചിട്ടു മാത്രമേ വി. കുർബ്ബാന അനുഭവിക്കാവൂ. നമ്മുടെ കർത്താവ് ശിഷ്യന്മാരുടെ കാൽ കഴുകിയതിനുശേഷമാണല്ലോ അവർക്കു വി. കുർബ്ബാന കൊടുത്തത്. യഹൂദാസ്കറിയോത്തിന്റെ കാലും കഴുകി. എന്നാൽ അവൻ പാപം ഹൃദയത്തിൽ ഒളിച്ചുവച്ചിരുന്നു. ഇത് കപട കുമ്പസ്സാരത്തിന്റെ ദൃഷ്ടാന്തമാണ്. ശിഷ്യന്മാർ കുളിച്ചവരായിരുന്നു എങ്കിലും തന്റെ പുതിയനിയമ പെസഹാ ഭക്ഷിക്കുന്നതിനു കാൽകഴുകൽ ആവശ്യമായിരുന്നു എന്നു വി. പത്രോസിനോടുള്ള തന്റെ സംഭാഷണത്തിൽ നിന്നു നമുക്കു ഗ്രഹിക്കാം (യോഹ. 13:6–11). മാമോദീസാ മൂലം കുളിച്ചവരായ നാം കുമ്പസാരം മൂലം കാൽ കഴുകിയ ശേഷമേ വി. പെസഹാ ഭക്ഷിക്കാൻ പാടുള്ളു. ഇതുപോലെ തന്നെ വി. കുർബ്ബാനയിൽ ആരാധകരായി സന്നിഹിതരാകുന്ന സംഗതിയിലും വലിയ അവധാനത ആവശ്യമായിരിക്കുന്നു.

വി. കുർബ്ബാനയിൽ മിശിഹാതമ്പുരാൻ ക്നൂമ്മാപ്രകാരം സമ്പൂർണ്ണമായി സന്നിഹിതനാകുകയാണ്. ദർശനീയനും സ്പർശനീയനുമായവിധത്തിൽ, മാലാഖമാർ അടക്കംകൂടാത്ത വായ്കളോടും അവർണ്ണനീയമായ ശബ്ദത്തോടും കൂടി സ്തുതിക്കുന്നതുപോലെ നാമും തന്നെ സ്തോത്രം ചെയ്യുവാൻ ആവശ്യമാകുന്നു. ഏറ്റം സ്വർഗ്ഗീയമായ ഈ ആരാധനയിൽ നാം അലസരോ അനാസ്ഥരോ ആയിരിക്കുന്നത് തിരുസാന്നിദ്ധ്യബോധമില്ലാത്തതിന്റെയും അവഗണനയുടെയും ഫലമാണ്. അതു കുറ്റകരമാണ്. ഇങ്ങനെ ഒരിക്കലും സംഭവിക്കാതിരിക്കേണ്ടതിനാണ് 'ഈ സമയത്തു നാമെല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തു മിശിഹാതമ്പുരാനിരിക്കുന്നിടമായ മഹോന്നതങ്ങളിൽ ആയിരിക്കണ'മെന്നും, 'ഭയത്തോടും വിറയലോടും കൂടി നാം സൂക്ഷിക്കണ'മെന്നും വി. മദ്ബഹായിൽ നിന്നു നമ്മെ സൂക്ഷ്മതപ്പെടുത്തുന്നത്. ഇതു കൽപിച്ചപ്പോൾ തിരുമേനി പ്രത്യേകം എടുത്തു പറഞ്ഞു, നമ്മിൽ പലരും എത്ര അഗണ്യമായിട്ടാണു വി. കുർബ്ബാനയിൽ സംബന്ധിക്കുന്നതെന്ന്.

വി. കുർബ്ബാന ബലിയാണ്. ഈ ബലി പിതാവായ ദൈവത്തിന്റെ തിരുമുമ്പാകെ തന്റെ ഏകജാതനായ കുറ്റമില്ലാത്ത കുഞ്ഞാടിന്റെ ബലി യർപ്പണമാണ്. ഈ ബലിയിൽ നമ്മെ ഓരോരുത്തരെയും കൂടി ബലി യായി നൽകുകയാണ്. 'ഈ സമയത്ത് ഞങ്ങളുടെ ആത്മീയ ബലിയെ നിന്റെ ജീവനുള്ള ബലിപീഠത്തിന്മേൽ നീ സ്വീകരിക്കേണമേ.' സജീവ മായ ഈ ശുശ്രൂഷ മുഖാന്തിരം തിരുനാമത്തിനു പ്രീതികരമായ ജീവ നുള്ള സ്വീകാര്യ ബലിയായി ഞങ്ങളെത്തന്നെ നിനക്കു സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ' എന്നു ജനത്തിനുവേണ്ടി പ്രതിനിധിയായി പട്ടക്കാരൻ വി. കുർബാനയിൽ അപേക്ഷിക്കുന്നു (കുർബാന തക്സാ). നമ്മെത്തന്നെ കർത്താവിന്റെ ബലിപീഠത്തിന്റെ കൊമ്പുകളോടു ചേർത്ത് ബന്ധിച്ച് കുറ്റമില്ലാത്ത ദൈവകുഞ്ഞാടിന്റെ ബലിയോടുകൂടി സമർപ്പി ക്കുകയാണ്. ആത്മാവും ശരീരവും ഒരുപോലെ ഈ ബലിയർപ്പണത്തിൽ ഭാഗഭാക്കാകണം. 'നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീ രങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ' (റോമാ. 12:1) എന്ന വി. പൗലൂസിന്റെ ഉത്ബോധനം ഈ വസ്തുത നമ്മെ വിളിച്ചറിയിക്കുന്നു. അതേ വി. കുർബ്ബാനയ്ക്കു സന്നി ഹിതനാകുന്ന ഓരോ വിശ്വാസിയും തന്നെത്തന്നെ ബലിയായി ദിവ്യ നാഥന്റെ തിരുബലിയോടു ചേർത്ത് സ്വർഗ്ഗസ്ഥ പിതാവിനു സമർപ്പിക്കു കയാകുന്നു. അതിനാൽ നമ്മുടെ കാഴ്ചയും ബലിയും ആരാധനയും ഊനമില്ലാത്തതായിരിക്കുവാൻ നാം എത്രയധികം ശ്രദ്ധിക്കണം എന്നു ചിന്തിക്കുക. ദൈവാലയത്തിൽ അനാസ്ഥരായി വർത്തിക്കുന്നവർ കായേന്റെ ബലിയാണു സമർപ്പിക്കുന്നത് എന്നോർത്തുകൊള്ളണം. അങ്ങനെ വരാതെ ഹാബേലിന്റെ ബലി പോലെ നമ്മുടെ ബലി യോഗ്യ തയുള്ളതായിരിക്കത്തക്കവണ്ണം നാം പ്രത്യേകം സൂക്ഷിക്കണം. എങ്കിൽ മാത്രമേ നമുക്ക് അത് അനുഗ്രഹപ്രദമായിരിക്കുകയുള്ളു. ഈ കുർബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്നു.

നമ്മുടെ പള്ളികൾ ദേവാലയങ്ങളാണ്. യഹൂദന്മാർക്ക് ദേവാലയങ്ങൾ എത്ര ഉണ്ടായിരുന്നു എന്നു തിരുമേനി കൽപിച്ചു ചോദിച്ചു. 'ഒരു ദേവാ ലയം' ഞാൻ മറുപടി പറഞ്ഞു. തിരുമേനി കൽപിച്ചു. 'യഹൂദന്മാർക്ക് പ്രാർത്ഥനാലയങ്ങൾ പലതുണ്ടായിരുന്നു. എന്നാൽ ദേവാലയം ഒന്നേ ഉണ്ടായിരുന്നുള്ളു.' എന്താണിവ തമ്മിലുള്ള വ്യത്യാസമെന്നു തിരുമേനി വിശദീകരിച്ചു തന്നു. യഹൂദന്മാരുടെ പ്രാർത്ഥനാലയങ്ങളായ പള്ളിക ളിൽ പ്രാർത്ഥന, പ്രസംഗം, സങ്കീർത്തനം ഇവയെല്ലാം ഉണ്ടായിരുന്നു. എന്നാൽ അവ ദേവാലയങ്ങൾ ആയിരുന്നില്ല. സുന്നഗോഗുകളായിരുന്നു. യെറുശലേം ദേവാലയത്തിന്റെ പ്രത്യേകത അവിടെ ബലിയുണ്ടായിരുന്നു എന്നതാണ്. ബലിയില്ലാത്തിടം ദേവാലയമല്ല. വി. കുർബാന ബലിയാ

ണെന്നു വിശ്വസിക്കാത്തവർക്ക് ദേവാലയം ഇല്ല. നമുക്ക് തിരുബലിയുള്ളതിനാൽ നമ്മുടെ പള്ളികളെല്ലാം യെറുശലേം ദേവാലയത്തേക്കാൾ മികച്ച യഥാർത്ഥ ദേവാലയങ്ങളാണ്. ബലിയില്ലാത്തവയാകട്ടെ കേവലം സുന്നഗോഗുകൾ മാത്രം.

(മലങ്കരസഭ, 1967 ഡിസംബർ)

8

ചില നിർബ്ബന്ധങ്ങളൊക്കെയുണ്ട്. വി. കുർബ്ബാനയ്ക്കു സ്വന്തം കാപ്പയും തിരുവസ്ത്രങ്ങളുമേ ഉപയോഗിക്കൂ. ഭക്ഷണത്തിനു ബാവാ തിരുമേനി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്ലേറ്റും സോസറും കപ്പുമൊക്കെത്തന്നെ വേണം. യാത്രയ്ക്കു സ്വന്തം കാറ്. വേദപുസ്തകത്തിന്റെ കാര്യത്തിലും ഇങ്ങനെയാണ്. 1867-ൽ കോട്ടയം സി.എം.എസ്. പ്രസ്സിൽ അച്ചടിപ്പിച്ചിട്ടുള്ള വലിയ വേദപുസ്തകം (ഈ വേദപുസ്തകവും അതു വച്ചിരിക്കുന്ന കാസ്ക്കറ്റും കാതോലിക്കേറ്റ് അരമനയുടെ തെക്കേ അറ്റത്തുള്ള മുറിയിൽ തിരുമേനി ഉപയോഗിച്ചിരുന്ന മറ്റു സാധനങ്ങളുടെ കൂട്ടത്തിൽ പ്രത്യേകം സൂക്ഷിച്ചിരിക്കുന്നു). ഇതു തിരുമനസ്സിലെ മേശപ്പുറത്തു തന്നെ ഉണ്ടായിരിക്കും. മേശപ്പുറത്ത് ഒട്ടുവളരെ പുസ്തകങ്ങളും കടലാസുകളുമൊന്നും കാണുകയില്ല. രഹസ്യപ്രാർത്ഥനകളടങ്ങിയ സുറിയാനി കൈയെഴുത്തു നമസ്കാരപ്പുസ്തകം, 'പിതാക്കന്മാരുടെ പർദൈസാ', ബാർ എബ്രായയുടെ സഭാചരിത്രം, ഹൂദായകാനോൻ ഇവ തിരുമേനിയുടെ നിത്യോപയോഗഗ്രന്ഥങ്ങളാണ്.

സന്ധ്യ കഴിഞ്ഞ് 8 മണിക്കാണ് അത്താഴമേശ. അതു കഴിഞ്ഞാൽ വേദപുസ്തകം വായിച്ചു കേൾക്കുകയായി. സാധാരണ നാലദ്ധ്യായങ്ങളാണ് വായിക്കുക. പഴയനിയമത്തിൽ നിന്നു രണ്ടും പുതിയനിയമത്തിൽ നിന്നു രണ്ടും. ചില ദിവസങ്ങളിൽ കൽപനപ്രകാരം കൂടുതലും വായിക്കും. കേവലം വായിച്ചുപോകയല്ല, ചർച്ചകളും വ്യാഖ്യാനങ്ങളുമൊക്കെയുണ്ട്. വായിക്കുന്നയാൾക്ക് ഓരോ പ്രത്യേക ഭാഗങ്ങളും തിരുമേനി വിശദീകരിച്ചു കൊടുക്കും. 10 മണിയോടുകൂടിയേ വായന തീരൂ. അതു കഴിഞ്ഞാൽ സൂത്താറാ നമസ്കാരമാണ്. അതു തിരുമേനി തനിച്ചാണു നടത്തുക. തുടർന്ന് സുറിയാനി ബൈബിളിൽ നിന്നു സങ്കീർത്തനം തന്നത്താൻ വായിച്ചു കുറെസമയം ധ്യാനനിരതനായിരിക്കും. മിക്കവാറും 11 മണിയാകും കിടക്കുമ്പോൾ. സൂക്ഷം മൂന്നര മണിക്കെഴുന്നേൽക്കും പാതിരാത്രി പ്രാർത്ഥനയ്ക്ക്. എല്ലാവരും നിദ്രയിലാണ്ടിരിക്കുന്ന ആ സന്ദർഭത്തിൽ ആരെങ്കിലും ഉണർവോടിരിപ്പുണ്ടെങ്കിൽ കേൾക്കാം അനുതാപം നിറഞ്ഞ ഹൃദയത്തിൽനിന്നും പുറപ്പെടുന്ന നെടുവീർപ്പുകളും നെഞ്ചത്തടിയും. റമ്പാനായ കാലം മുതൽ തുടങ്ങിയ ഈ പാതിരാ പ്രാർത്ഥന മുടക്കംകൂടാതെ വാർദ്ധക്യത്തിലും നടത്തിവന്നിരുന്നു. രാത്രിപ്രാർത്ഥന കഴിഞ്ഞു കിടന്നാൽ സൂക്ഷം 4.45-ന് എഴുന്നേൽക്കും, 5 മണിക്കുള്ള പ്രഭാതപ്രാർത്ഥനയ്ക്ക്. അതു പള്ളിയിൽ വന്ന് പട്ടക്കാരും ശെമ്മാശന്മാരുമെല്ലാം ചേർന്നാണ്.

തിരുസന്നിധിയിലെ വേദപുസ്തകവായനയാണ് ഇതെഴുതുന്ന

ആളിനു ലഭിച്ച വലിയ നേട്ടം. ആ തിരുസന്നിധിയായിരുന്നു ഈ വൈദി കന്റെ സെമിനാരി.

നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തെപ്പറ്റിയുള്ള ഭാഗങ്ങൾ വി. ലൂക്കോസിന്റെ സുവിശേഷത്തിൽനിന്നും വായിക്കുകയായിരുന്നു. 'പിതാവേ, എന്റെ ആത്മാവിനെ തൃക്കൈയിൽ ഭരമേല്പിക്കുന്നു' (ലൂക്കോസ് 23:46). 'ആ തർജ്ജമയ്ക്ക് അർത്ഥപുഷ്ടി പോരാ' തിരു മേനി കൽപിച്ചു. അതേപ്പറ്റി അറിയാനുള്ള ആകാംക്ഷയോടുകൂടി ഞാൻ ദൃഷ്ടി പുസ്തകത്തിൽ നിന്നും തിരുമുഖത്തേക്കു തിരിച്ചു.

'പിതാവേ, എന്റെ ആത്മാവിനെ നിന്റെ കൈയിൽ ഞാൻ വയ്ക്കുന്നു'; ഇതാണ് ശരിയായ തർജ്ജമ.' തിരുമേനി കല്പിച്ചു.

'എന്തിനാണു കർത്താവ് അങ്ങനെ പറഞ്ഞത്?' തിരുമേനി ചോദിച്ചു. ഞാനെന്തു പറയാനാണ്. 'അറിഞ്ഞുകൂടാ' എന്നു മാത്രം പറഞ്ഞു.

'കർത്താവായ യേശുവിനു മുമ്പ് യാതൊരാത്മാവും പിതൃകരങ്ങളിൽ ഏൽപിക്കപ്പെട്ടിട്ടില്ല. പിതാവിന്റെ തൃക്കരങ്ങളിൽ ലഭിച്ച ആദ്യത്തെ ആത്മാവ് നമ്മുടെ കർത്താവിന്റേതായിരുന്നു.' തിരുമേനി കല്പിച്ചു.

കർത്താവിന്റെ തിരുമൊഴിയുടെ പശ്ചാത്തലം തിരുമേനി വിവരിച്ചു. ഞാൻ നിർന്നിമേഷനായി കേട്ടുകൊണ്ടിരുന്നു:-

ദൈവം മനുഷ്യനെ സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലുമാണല്ലോ സൃഷ്ടിച്ചത്. അതായത് ദൈവം അവനെ മഹത്വം അണിയിച്ചു. സൃഷ്ടി കൾക്കെല്ലാം അധിപതിയാക്കി. സങ്കീർത്തം 8-ാം അദ്ധ്യായം എടുക്കു വാൻ കല്പിച്ചു. 'നീ അവനെ ദൈവത്തെക്കാൾ അൽപം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചു. നിന്റെ കൈകളുടെ പ്രവൃ ത്തികൾക്ക് അവനെ അധിപതിയാക്കി. സകലത്തെയും അവന്റെ കാല്ക്കീഴെ ആക്കി' (സങ്കീ. 8:5-6). മണ്ണിന്റെ ഉയർച്ചയിൽ മാലാഖമാർ പോലും അതിശയം കൂറി (ദൈവം സൃഷ്ടിച്ചാദത്തെ... കൂറുന്നീറേന്മാർ മണ്ണിനുയർച്ചയിലാശ്ചര്യം). മറ്റു യാതൊരു സൃഷ്ടിക്കുമില്ലാത്ത സ്വാത ന്ത്ര്യത്തോടും വിശേഷബുദ്ധിയോടും കൂടിയാണു മനുഷ്യനെ സൃഷ്ടി ച്ചത്. അവന്റെ സ്വാതന്ത്ര്യം അവൻ എങ്ങനെ ഉപയോഗിക്കുന്നു എന്നു കാണ്മാൻ വേണ്ടിയാണ് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം ഏദനിൽ ഏർപ്പെടുത്തിയത്. മനുഷ്യൻ തിന്മയെ പരിവർജ്ജിച്ച് നന്മയെ പിന്തുടർന്ന് ഏദനിൽനിന്നു വളർന്ന് സ്വർഗ്ഗത്തിലെത്തി തന്നോടുകൂടി എപ്പോഴും ഇരിക്കണമെന്നുള്ളതായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം. ആ വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കരുത് എന്നുള്ള കൽപനയും കൊടുത്തു. ഇതു പറഞ്ഞപ്പോൾ തിരുമേനി നോമ്പിന്റെ പ്രാധാന്യം പ്രത്യേകം ചൂണ്ടി

ക്കാണിച്ചു. ദൈവം മനുഷ്യനു കൊടുത്ത ആദ്യത്തെ നിയമം നോമ്പാണ്. 'വെടിപ്പോടെ നോമ്പു നോക്കുന്നവന്റെ തലമുറ മാലാഖമാരോടുകൂടി കലർന്നിരിക്കുന്നു' (സുറിയാനി ക്രിസ്ത്യാനികളുടെ വലിയ നോമ്പിലെ നമസ്കാരക്രമം, ചൊവ്വാഴ്ച ഉച്ചയുടേത്) എന്ന നോമ്പിലെ പ്രാർത്ഥന യിലെ ഒരു വാചകം തിരുമേനി അനുസ്മരിപ്പിച്ചു. നോമ്പു ലംഘിക്കു മ്പോൾ നാം ദൈവത്തിൽനിന്ന് അന്യപ്പെടുകയാണു ചെയ്യുന്നതെന്നു തിരുമേനി ചൂണ്ടിക്കാണിച്ചു. ഏദനിൽ നിന്നു മനുഷ്യൻ തള്ളപ്പെടാൻ ഇടയാക്കിയ പാപം നോമ്പു ലംഘനമാകയാൽ, നോമ്പിന്റെ ലംഘനം ഗൗരവമേറിയ പാപമാണെന്നത്രെ തിരുമേനി കല്പിച്ചത്. വാർദ്ധക്യവും രോഗവും തിരുമേനിയുടെ ആരോഗ്യത്തെ കാർന്നെടുത്തുകൊണ്ടിരു ന്നിട്ടും നോമ്പു നോക്കുന്നതിൽ തിരുമേനിയിൽ പ്രകാശിച്ചു കണ്ട നിഷ്ഠ അന്യാദൃശമത്രെ.

നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ ഫലം - വിലക്കപ്പെട്ട കനി - ഹവ്വായും ആദാമും ഭക്ഷിച്ചു.

ഇതുമൂലമുണ്ടായ അനുഭവങ്ങൾ:-

1. ജീവനുള്ളവനും നിത്യജീവനിലേക്കു വളരേണ്ടവനുമായ ആദാമും അവന്റെ സന്തതികളും മരണവശഗരായിത്തീർന്നു.

2. ആദാമിന്റെയും ഹവ്വായുടെയും തേജസ്സിന്റെ വസ്ത്രം ഉരിയപ്പെട്ടു. അപ്പോഴാണ് അവർ നഗ്നരാണെന്ന് അറിഞ്ഞത്.

3. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ ഏദന്റെ ഭാഗ്യാനുഭവത്തിൽ നിന്നും പരിത്യക്തനായി. അവന്റെ നിമിത്തം ശപിക്കപ്പെട്ട ഭൂമിയിൽ അവൻ അദ്ധ്വാനിച്ചും ഭാരം ചുമന്നും വിയർപ്പോടെ അപ്പം ഭക്ഷിക്കേണ്ട നിലയിലായിത്തീർന്നു.

4. ഏദനിൽ - പർദൈസായിൽ - മനുഷ്യൻ പ്രവേശിക്കാതിരിക്കത്ത ക്കവണ്ണം അഗ്നിവാളുകളേന്തിയ ക്രൂബേമാലാഖമാരെ കാവൽ നിർത്തി.

5. മനുഷ്യൻ പഴത്തിനുവേണ്ടി അവനെത്തന്നെ സാത്താനു വിൽക്കു കയാൽ, അവൻ സാത്താന്റെ അടിമയും അവകാശവും, പാതാളം മനു ഷ്യാത്മാവിന്റെ പാർപ്പിടവുമായിത്തീർന്നു.

6. മനുഷ്യന്റെ ആജ്ഞാനുവർത്തികളായ പ്രകൃതിശക്തികളോട് അവൻ മല്ലിട്ടു ജീവിക്കേണ്ട നില വന്നുചേർന്നു.

7. പാപവാസന മനുഷ്യവർഗ്ഗത്തിൽ രൂഢമൂലമാകുകയും, അങ്ങനെ പാപത്തിന്റെയും മരണത്തിന്റെയും പിശാചിന്റെയും ആധിപത്യം മനുഷ്യന്റെമേൽ സ്ഥാപിതമാകുകയും ചെയ്തു.

ആദാം പാപം ചെയ്തതിനു ദൈവം, താൻ സൃഷ്ടിച്ച ഭൂമിയെ ശപിച്ചതെന്തിനാണ് എന്നു ഞാൻ ചോദിച്ചു.

'ആദാമിനോടുള്ള ദൈവത്തിന്റെ കരുണയാണ് അതിൽ കാണുന്നത്.' തിരുമേനി കല്പിച്ചു. താൻ സൃഷ്ടിച്ചതൊക്കെയും നല്ലത് എന്നു ദൈവം കണ്ടു. ആകയാൽ ഭൂമി അനുഗ്രഹിക്കപ്പെട്ടതായിരുന്നു. എന്നാൽ ശാപഗ്രസ്ഥൻ എങ്ങനെ അനുഗ്രഹിക്കപ്പെട്ടിടത്തു പാർക്കും? അതിനാൽ ശാപഗ്രസ്ഥനായ മനുഷ്യനു ഭൂമിയെ വാസയോഗ്യമാക്കിത്തീർത്തു എന്നാണതിനർത്ഥം.

'ഇപ്പോൾ അവൻ കൈ നീട്ടി ജീവവൃക്ഷത്തിന്റെ ഫലം കൂടി പറിച്ചുതിന്ന് എന്നേക്കും ജീവിപ്പാൻ സംഗതി വരരുത്' എന്നു കൽപിച്ചതിന്റെ പൊരുളെന്താണ്. അങ്ങനെയെങ്കിൽ ആ മരണകരമായ അവസ്ഥയിൽ നിന്ന് അപ്പോൾതന്നെ വിടുതൽ പ്രാപിക്കാമായിരുന്നുവല്ലോ എന്നു ഞാൻ തിരുമനസ്സുണർത്തിച്ചു.

'ആ ജീവിതം പാപാവസ്ഥയിലുള്ള എന്നേക്കുമായ ജീവിതമാണ്. അത് അനുതാപത്തിനു പഴുതില്ലാത്തവിധം കടുത്ത പൈശാചികത്വത്തിലേക്ക് അവനെ വഴിനടത്തുകയേ ചെയ്യുമായിരുന്നുള്ളു. രക്ഷയുടെ സാദ്ധ്യത നഷ്ടപ്പെടുകയാണതിന്റെ ഫലം. അതുകൊണ്ടാണു ദൈവം അപ്രകാരം കല്പിച്ചത്' എന്നു തിരുമേനി വ്യക്തമാക്കി.

ആദാമിന്റെ പാപഫലമായി, മരിച്ചുപോകുന്ന ഓരോ മനുഷ്യന്റെയും ആത്മാവ് പിശാചിന്റെ കൈയിലാണു ചെന്നുപറ്റിയിരുന്നത്. പഴയനിയമത്തിലെ പുണ്യാത്മാക്കൾപോലും ഇതിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നില്ല. മഹാപരിശുദ്ധനായ ശമുവേലിന്റെ ആത്മാവുപോലും ഒരു വെളിച്ചപ്പാടത്തിയുടെ നിയോഗപ്രകാരം ഭൂമിയിൽനിന്നു (പാതാളത്തിൽനിന്ന് എന്നാണു മൂലത്തിൽ) കരേറിവരുന്നതായി നാം വായിക്കുന്നുണ്ടല്ലോ (1 ശമു. 28:17).

ഹനോക്കും ഏലിയായും സ്വർഗ്ഗത്തിലേക്കു കരേറ്റപ്പെട്ടതായി വേദപുസ്തകത്തിലുണ്ടല്ലോ എന്നു ഞാൻ തിരുമനസ്സുണർത്തിച്ചു (ഉൽപ. 5:24; 2 രാജാ. 2:11).

ഹാനോക്കും ഏലിയായും മരിച്ചില്ലല്ലോ. അവർ ശരീരത്തോടുകൂടി എടുക്കപ്പെടുകയാണു ചെയ്തത്. 'ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതായി' എന്നാണു ഹനോക്കിനെപ്പറ്റി പറഞ്ഞിരിക്കുന്നത്. 'ഏലിയാവു ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്കു കയറി' എന്നാണ് എഴുതിയിട്ടുള്ളതെങ്കിലും അതു സാക്ഷാൽ സ്വർഗ്ഗമാണെന്നു വിചാരിപ്പാൻ ന്യായമില്ല. എന്തെന്നാൽ 'സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നവനായി സ്വർഗ്ഗ

ത്തിൽ വസിക്കുന്നവനായ മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിലേക്കു കരേറിയിട്ടില്ല' (യോഹ. 3:13) എന്നു നമ്മുടെ കർത്താവ് ഖണ്ഡിതമായി കൽപിച്ചിട്ടുണ്ട്. 'എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്' എന്നും കർത്താവ് കല്പിച്ചിരിക്കുന്നു. സ്വർഗ്ഗവും ഭൂമിയുമെല്ലാം സ്വർഗ്ഗസ്ഥപിതാവിന്റേതാണ്. ഇങ്ങനെയുള്ളവയിൽ പ്രത്യേകം വേർതിരിക്കപ്പെട്ട ഏതോ പാർപ്പിടത്തിലേക്ക് ഹനോക്കും ഏലിയായും മാറ്റപ്പെടുകയാണു ചെയ്തത് എന്നേ വിചാരിപ്പാൻ നിവൃത്തിയുള്ളു.

ഏലിയായും ഹനോക്കും വീണ്ടും വരും എന്നാണ് യഹൂദന്മാർ വിശ്വസിച്ചിരുന്നത്. നിങ്ങൾക്ക് ഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ 'വരുവാനുള്ള ഏലിയാ ഇവൻ തന്നെ' (മത്താ. 11:1) എന്നു യോഹന്നാൻ സ്നാപകനെപ്പറ്റി കർത്താവ് കൽപിക്കുന്നുണ്ടല്ലോ. 'അവൻ ഏലിയാവിന്റെ ആത്മാവോടും ശക്തിയോടും കൂടി നടക്കും' (ലൂക്കോ. 1:17) എന്നാണല്ലോ സഖറിയായിക്കു ദൈവദൂതനിൽനിന്നു ലഭിച്ച അറിയിപ്പ്.

ലോകാവസാനത്തിങ്കൽ അന്തിക്രിസ്തു വെളിപ്പെടുമെന്നും അവൻ എല്ലാ നന്മകളുടെയും ശത്രുവായി സംഹാരം നടത്തി മുന്നേറുമെന്നും അവനോടു യുദ്ധം ചെയ്‌വാൻ ഹനോക്കും ഏലിയായും അയയ്ക്കപ്പെടുമെന്നും ഒരു പാരമ്പര്യമുണ്ട്. മനുഷ്യൻ മരണമുള്ളവനാണല്ലോ. അന്തിക്രിസ്തുവുമായുള്ള യുദ്ധത്തിൽ ഇവർ രണ്ടുപേരും കൊല്ലപ്പെടുമെന്നും അവരുടെ മൃതശരീരങ്ങൾ സംസ്കരിക്കുവാൻപോലും സാധിക്കാതെ മൂന്നു ദിവസം ഭൂമിയിൽ കിടക്കുമെന്നും അപ്പോഴേക്കും ലോകരക്ഷകനും പരമന്യായാധിപതിയുമായ നമ്മുടെ കർത്താവിന്റെ ഭയങ്കരവും മഹത്വമേറിയതുമായ രണ്ടാമത്തെ വരവുണ്ടാകുമെന്നും തന്റെ മൂക്കിലെ ശ്വാസത്താൽ അന്തിക്രിസ്തു കൊല്ലപ്പെടുമെന്നും ഹനോക്കും ഏലിയായും ഉയിർപ്പിക്കപ്പെടുമെന്നുമാണ് ആ പാരമ്പര്യം പറയുന്നത്.

(മലങ്കരസഭ, 1969 ഡിസംബർ)



ആർ. ശങ്കറിനൊപ്പം

9

‘ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും; അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും’ (ഉൽപ. 3:15). ദൈവം ഏദനിൽ വച്ചു സാത്താനു നൽകിയ ശാപമാണിത്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇതിൽ ഒരു ശാപമോക്ഷം അടങ്ങിയിട്ടുണ്ട്. അതു സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതയ്ക്കും എന്നുള്ളതും, അവനും സർപ്പത്തിനും (പിശാചിനും) തമ്മിൽ ശത്രുത്വം ഉണ്ടാക്കും എന്നുള്ളതുമാണ്. ഏദനിൽ സംഭവിച്ചത് മനുഷ്യനും സാത്താനും തമ്മിൽ ബന്ധുത്വമുണ്ടായി എന്നുള്ളതാണ്. അത് മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു അടിമത്വമായിരുന്നു. ഈ അടിമത്വത്തിൽ നിന്നുള്ള വിടുതലിനെയും സർപ്പത്തിന്റെ - സാത്താന്റെ - പരാജയത്തെയുമാണ് ഈ ദൈവവാഗ്ദത്തം മുന്നറിയിച്ചിരിക്കുന്നത്. പുരുഷനിലാണല്ലോ സന്തതി എണ്ണപ്പെടുന്നത്. എന്നാൽ ഇവിടെ ‘സ്ത്രീയുടെ സന്തതി’ എന്നു കൽപിച്ചിരിക്കുന്നത് അർത്ഥഗർഭമാണ്. അതു പുരുഷബന്ധം കൂടാതെ ജനിക്കുന്ന ഒരു അത്ഭുതശിശുവിനെപ്പറ്റിയുള്ള മുന്നറിയിപ്പായിരുന്നു. പക്ഷെ, ആദാം അതിന്റെ രഹസ്യം പൂർണ്ണമായി അറിഞ്ഞിരുന്നില്ല. എങ്കിലും അവന് ഈ വാഗ്ദത്തം പ്രത്യാശാജനകമായിരുന്നു. ഈ സന്തതിക്കായുള്ള പ്രതീക്ഷ യുഗാരംഭത്തിൽതന്നെ ആരംഭിച്ചു. ആരാണീ സ്ത്രീയുടെ സന്തതി? ഒരു പക്ഷെ, തന്റെ മൂത്തപുത്രനായ കയീനോ, രണ്ടാമനായ സുഭഗനും സുശീലനുമായ ഹാബേലോ ആയിരിക്കുമെന്ന് ആദാം വിചാരിച്ചിരുന്നിരിക്കണം. എന്നാൽ ദുഷ്ടനായ കയീന്റെ കൈകളാൽ നിർദ്ദോഷിയും നിഷ്കളങ്കനുമായ ഹാബേൽ വധിക്കപ്പെടുകയാണല്ലോ സംഭവിച്ചത്. ഇത് ആദാമിനെ അതിമാത്രം വേദനിപ്പിച്ചു. ആദാം വിതച്ച പാപത്തിന്റെ വിത്ത് വളരുകയാണ്! അവൻ ദുഃഖത്തോടുകൂടി ദിവസങ്ങൾ കഴിച്ചുകൂട്ടി. സ്വജീവിതാന്ത്യം അടുത്തപ്പോൾ സ്വപുത്രനും സ്വഹൃദയപ്രകാരമുള്ളവനുമായ ശേത്തിനെ വിളിച്ച് ദൈവം നൽകിയിട്ടുള്ള പ്രത്യാശ അവനെ അറിയിക്കുകയും, തന്റെ മരണശേഷം തന്റെ തലയോട്ടിയെടുത്തു പ്രത്യേകം സൂക്ഷിക്കണമെന്നും, ശേത്തിന്റെ സന്താനങ്ങൾ ദൈവപ്രസാദകരമായ നടപടികളിലൂടെ ജീവിക്കണമെന്നും ഗുണദോഷിച്ചു ഭരമേൽപിക്കുകയും ചെയ്തു. ‘സ്ത്രീയുടെ സന്തതി’ക്കു തിരുമുൽക്കാഴ്ച സമർപ്പിക്കുന്നതിനു പൊന്നും മൂരും കുന്തുരുക്കവും ആദാം ശേത്തിനെ ഏൽപിച്ചതായും പാരമ്പര്യമുണ്ട് (ഇത് ‘മ്ആറസ്ഗാസെ’ എന്ന പുരാതന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്).*

ശേത്തും തന്റെ ജീവിതാന്ത്യമടുത്തപ്പോൾ സ്വപിതാവിന്റെ

തലയോട്ടിയും കാഴ്ചദ്രവ്യങ്ങളും ആദാമിൽ നിന്നു ലഭിച്ച ഉപദേശവും തന്റെ മൂത്തപുത്രന് ഏൽപിച്ചുകൊടുത്തു. അങ്ങനെ തലമുറകളിലൂടെ ഈ ഭരമേൽപിക്കൽ തുടർന്നു. ആദാമിന്റെ 6-ാം തലമുറക്കാരനാണ് യാരദ്.

യാരദ് തന്റെ മക്കളെ വിളിച്ച് ഏദന്റെ പുനഃലബ്ധിക്കുവേണ്ടി വിശുദ്ധ ജീവിതത്താൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഗുണദോഷിച്ചു. യാരദിന്റെ പുത്രന്മാരും പൗത്രന്മാരുമായി അരോഗദൃഢഗാത്രന്മാരും സുഭഗസുന്ദര ന്മാരുമായ ഒരു സംഘം യുവാക്കന്മാർ പിതൃകൽപനപ്രകാരം വിശുദ്ധ ജീവിതത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിച്ചു. അവർ സന്യാസം സ്വീക രിച്ചുകൊണ്ടു ഹെർമ്മോൻ മലയുടെ മുകളിൽ കയറി ഭക്ഷണപാനീയാദി ഇമ്പങ്ങൾ പരിത്യജിച്ച് സദാ ദൈവത്തെ സ്തോത്രം ചെയ്തു കഴിച്ചു കൂട്ടി. ഇടവിടാതെ ദൈവത്തെ സ്തുതിക്കുന്നവർ എന്ന അർത്ഥത്തിൽ 'ഈറേന്മാർ' എന്നും, ദൈവത്തിനായി തങ്ങളെ പൂർണ്ണ സമർപ്പണം ചെയ്തവർ എന്ന നിലയിൽ 'ദൈവത്തിന്റെ പുത്രന്മാർ' എന്നും ഇവർ വിളിക്കപ്പെട്ടു. വർഷങ്ങൾ പലതു കഴിഞ്ഞു. പക്ഷെ, അവരുടെ ഉദ്ദിഷ്ട സിദ്ധിയുണ്ടായില്ല. ഏദന്റെ വാതിൽ തുറക്കപ്പെട്ടില്ല. 'ദൈവത്തിന്റെ പുത്ര ന്മാർക്കു' കടുത്ത ഇച്ഛാഭംഗമുണ്ടായി: ക്ഷമ നശിച്ചു. അവർ കുപിത രായി. തപോവൃത്തിയോടു യാത്ര പറഞ്ഞു. ഉപേക്ഷിച്ച ലോകസുഖങ്ങൾ എമ്പാടും ആസ്വദിക്ക തന്നെ; അവർ നിശ്ചയിച്ചുറച്ചു. അവർ മലയിൽ നിന്നും ജീവിതത്തിന്റെ ഉയർന്ന നിലവാരത്തിൽ നിന്നും താഴെയിറങ്ങി; ദേശത്തിന്റെ പാളയത്തിലെത്തി. തങ്ങൾക്കു വിവാഹം ചെയ്യാൻ സ്ത്രീ കളെ ആവശ്യപ്പെട്ടു. എന്നാൽ ശേത്യർ വഴങ്ങിയില്ല. 'നിങ്ങൾ ഉടമ്പടി ലംഘനക്കാർ, നിങ്ങൾക്കു ഞങ്ങൾ സ്ത്രീകളെ തരികയില്ല.' ബ്രഹ്മചര്യം സ്വീകരിച്ചു ജീവിതത്തിന്റെ ഉന്നതസോപാനത്തിൽ കയറിയവർ തങ്ങ ളുടെ ഉടമ്പടിയെ ഓർക്കാതെ ജഡമോഹത്താൽ പ്രേരിതരായി ഉന്നത മായ ജീവിതനിലവാരത്തിൽനിന്നും ഇറങ്ങിപ്പോകുന്നത് എത്ര കഷ്ട മാണ്! ആധുനിക ക്രൈസ്തവ ലോകത്തിലും ഇപ്രകാരം ചില 'ദൈവ പുത്രന്മാരെ' കാണാൻ ഇടയാകുന്നതു ശോചനീയം തന്നെ.

ശേത്ത്യസന്താനങ്ങളായ 'ദൈവത്തിന്റെ പുത്രന്മാർ' അടങ്ങിയില്ല. അവർ ശാപഗ്രസ്ഥനായ കയീന്റെ കൂടാരത്തിലേക്കു കടന്നുചെന്നു. സ്ത്രീകളെ ആവശ്യപ്പെട്ടു. സുന്ദരരൂപിണികളായ സ്ത്രീകളുണ്ടവിടെ. 'ദൈവത്തിന്റെ പുത്രന്മാർ' അവരെ പരിഗ്രഹിച്ചു. ഈ വിവാഹബന്ധ ത്തിൽ നിന്നാണ് ഭൂമിയിൽ മല്ലന്മാർ ജനിച്ചത്. ഈ സംഭവത്തെപ്പറ്റിയാണ് ഉൽപത്തി പുസ്തകത്തിൽ 'ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരുടെ അടുക്കൽ ചെന്നിട്ട് അവർ മക്കളെ പ്രസവിച്ചു' (6:4) എന്നു പറഞ്ഞിരിക്കുന്നത് (ഉൽപത്തി 6-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ പുത്രന്മാർ ആർ എന്ന ഒരു ചോദ്യം ചിലർ ഇവിടെ അയ

ച്ചിരുന്നു. അതിന്റെ മറുപടി ഈ ലേഖനത്തിൽ കാണുക - പത്രാധിപർ). ഈ സംഭവം അന്ത്യോഖ്യാ പാത്രിയർക്കീസായ മിഖായേൽ റാബോ അദ്ദേഹത്തിന്റെ സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് - ലേഖകൻ.).

“ദൈവത്തിന്റെ പുത്രന്മാർ താഴെയിറങ്ങാതെ അവരുടെ ഉടമ്പടിയനുസരിച്ചു ജീവിച്ചതുകൊണ്ടു പ്രയോജനമൊന്നും വരാനില്ലായിരുന്നുവെങ്കിൽ പിന്നെ അവർ ഇറങ്ങിപ്പോന്നതിലെന്താണു തെറ്റ്?” ഞാൻ ചോദിച്ചു.

“മനുഷ്യവർഗ്ഗത്തിന്റെ രക്ഷ കുറേക്കൂടി മുമ്പേതന്നെ നടന്നേനേ. അതായത് ‘സ്ത്രീയുടെ സന്തതി’യുടെ ജനനത്തിന് ലോകം വളരെ മുൻകൂട്ടിത്തന്നെ സജ്ജമാക്കപ്പെടുമായിരുന്നു.” ബാവാ തിരുമേനി കൽപിച്ചു. ഈ രക്ഷയ്ക്കുവേണ്ടി മനുഷ്യവർഗ്ഗത്തിൽനിന്ന് ആദ്യംമുതലേ ചിലരേയും ചില വർഗ്ഗത്തെയും അതായത് നോഹ തന്റെ കുടുംബത്തിൽ ശേമിനെയും ശേമിന്റെ വർഗ്ഗത്തിൽ അബ്രഹാമിനെയും അവന്റെ മക്കളിൽ ഇസ്സഹാക്കിനെയും തുടർന്ന് യാക്കോബിനെയും യാക്കോബിന്റെ സന്താനങ്ങളിൽ യഹൂദാ ഗോത്രത്തെയും അതിൽ ദാവീദിന്റെ കുടുംബത്തേയും അതിൽനിന്നു വിനയസമ്പന്നയും നിർമ്മലകന്യകയുമായ വി. മറിയാമിനെയും. ഇങ്ങനെ ഒരു തെരഞ്ഞെടുപ്പു നാം കാണുന്നുണ്ടല്ലോ. മനുഷ്യവർഗ്ഗത്തിൽ നിന്നുള്ള ഈ തെരഞ്ഞെടുപ്പിന് ‘ദൈവത്തിന്റെ പുത്രന്മാരു’ടെ ഈ വിവാഹവേഴ്ച തെല്ലും സഹായകരമായിരുന്നില്ല.

ശപിക്കപ്പെട്ട കയീന്റെ സന്തതികളുമായുള്ള വിവാഹബന്ധം ദൈവഹിതത്തിനു വിരുദ്ധമായിരുന്നു, എന്നു മാത്രമല്ല ദൈവകോപത്തിനു ഹേതുഭൂതമാകയും ചെയ്തു (ഉൽപ. 6:5). അതു പാപത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തി. ‘താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ടു യഹോവാ അനുതപിച്ചു; അത് അവന്റെ ഹൃദയത്തിനു ദുഃഖമായി’ (ഉൽപ. 6:6). ഇതാണ് ജലപ്രളയം മൂലം ഉള്ള ശിക്ഷയ്ക്കു കാരണമായിത്തീർന്നത്. അവിടെയും മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ അനന്തമായ കാരുണ്യം ഹേതുവായി പൂർണ്ണമായ സംഹാരത്തിനു മുതിരാതെ നീതിമാനായ നോഹിനെയും കുടുംബത്തെയും രക്ഷിക്കുന്നു.

ശേത്ത്യരായ ‘ദൈവത്തിന്റെ പുത്രന്മാർ’ അമോന്യരുമായി വിവാഹബന്ധത്തിൽപെട്ടതിനെപ്പറ്റി പറഞ്ഞപ്പോൾ തിരുമേനി സത്യവിശ്വാസേതരരായ ഇതര വിഭാഗങ്ങളിൽപെട്ടവരുമായി നമ്മുടെ ആളുകൾ വിവാഹബന്ധത്തിലേർപ്പെടുന്നതിന്റെ അനൗചിത്യം ചൂണ്ടിക്കാണിച്ചു. ഈ പ്രവണതയെ നിരുത്സാഹപ്പെടുത്തിക്കൊണ്ട് പ്രസംഗങ്ങളും ഇടയലേഖനങ്ങളും മൂലം ഈടുറ്റ പ്രബോധനങ്ങൾ തിരുമേനി നൽകിക്കൊണ്ടാണിരുന്നിട്ടുള്ളത്. വിശ്വാസികളുമായി വിവാഹബന്ധത്തിലേർപ്പെ

ട്ടുകൊള്ളുക എന്നുള്ള ദൈവനിർദ്ദേശം വ്യക്തമാക്കുന്നതിന്, 'നിന്റെ പുത്രിമാരെ അവരുടെ പുത്രന്മാർക്കു കൊടുക്കയോ, അവരുടെ പുത്രി മാരെ നിന്റെ പുത്രന്മാർക്ക് എടുക്കയോ ചെയ്യരുത്' (ആവ. 7:3) എന്ന യഹോവയുടെ കൽപനയും വേദപുസ്തകത്തിലെ മറ്റു ചില ഭാഗങ്ങളും തിരുമേനി ചൂണ്ടിക്കാണിച്ചു (എസ്രാ. 9:12, നെഹമ്യാ. 13:25, 2 കോരി. 7:14–16).

'ദൈവത്തിന്റെ പുത്രന്മാ'രുടെ, തപോന്നതിക്ക് ഒരു ഫലവും ലഭി ക്കാതിരുന്നതെന്തുകൊണ്ടാണെന്നു വ്യക്തമാക്കിത്തരണമെന്ന് ഞാൻ അപേക്ഷിച്ചു.

'ദൈവം നീതിമാനാകയാലാണ്' തിരുമേനി കൽപിച്ചു. 'ഇരുമ്പു തിന്നിട്ടു ചുക്കു കഷായം കുടിച്ചാൽ ഫലമുണ്ടോ?' എന്നു കൂടി തിരു മേനി ചോദിച്ചു. പ്രവൃത്തി മൂലം ഒരു ജഡവും ദുഷിക്കപ്പെടുകയില്ല (ഗലാ. 2:16; റോമ. 3:20) എന്നുള്ള വി. പൗലൂസ് അപ്പോസ്തോലന്റെ ഉത്ബോ ധനം തിരുമനസ്സുകൊണ്ട് അനുസ്മരിപ്പിച്ചു. അനന്തരം ഇപ്രകാരം വിശ ദീകരിച്ചു:

ഏദനിലെ വിലക്കപ്പെട്ട വൃക്ഷത്തിന്റെ ഫലത്തിനുവേണ്ടി ആദാം അവ നെത്തന്നെ പിശാചിനു വിറ്റുകളകയാണു ചെയ്തത്. മനുഷ്യനെ സ്വാത ന്ത്ര്യമുള്ളവനായിട്ടാണു ദൈവം സൃഷ്ടിച്ചത്. നന്മയും തിന്മയും അവന്റെ മുമ്പിൽ വച്ചു. നന്മയെ സ്വീകരിക്കാനും തിന്മയെ പരിത്യജിക്കാനും തക്ക വിധം അവൻ തന്റെ സ്വാതന്ത്ര്യം വിനിയോഗിക്കേണ്ടതിനു പകരം തിന്മ യിൽ ആകൃഷ്ടനാകുകയാണു ചെയ്തത്. നന്മതിന്മകളെക്കുറിച്ചുള്ള അറി വിന്റെ ഫലം മനുഷ്യനെ മരണത്തിനും പിശാചിനും പാതാളത്തിനും അടിമയാക്കി. ഓരോ മനുഷ്യാത്മാവും പിശാചിന്റെ അവകാശമായി ത്തീർന്നു. പാപത്തിന്റെ ശമ്പളം മരണം. അതു നിയമമാണ്, നീതിയാണ്. മരണകരമായ ഫലം ഭക്ഷിച്ചു മരിച്ചവനെ ജീവിപ്പിക്കാൻ ജീവദായക മായ ഭക്ഷണം കൊടുക്കണം. ഭക്ഷണത്താലേ വന്ന പിഴ ഭക്ഷണത്താലേ വേണം പോകാൻ. അതിനു പാപത്തിനു തക്ക പരിഹാരം വരുത്തിയെ ങ്കിലേ മതിയാകൂ. ബലിയില്ലെങ്കിൽ വിമോചനമില്ല (എബ്രാ. 9:22). അതി നാലാണല്ലോ ആദാമ്യകാലം മുതൽ ബലി നടത്തപ്പെട്ടുപോന്നത്. പക്ഷെ, അതു പര്യാപ്തമായിരുന്നില്ല (എബ്രാ. 10:1, 4, 5). ന്യായപ്രമാണബലി കൾ, വരുവാനുള്ളതും പാപപരിഹാരം വരുത്താൻ കഴിവുള്ളതുമായ സാക്ഷാൽ ബലിയുടെ കേവലം മുൻകുറികൾ മാത്രമായിരുന്നു. എന്നാൽ തികവുറ്റ ബലി നിർവ്വഹിപ്പാൻ – പാപപരിഹാരം വരുത്തുവാൻ – തക്ക കരുത്തുള്ള ഒരുവൻ വേണം. കീടപ്രായനായ മനുഷ്യന്റെ പ്രവൃത്തികൾ ദൈവസന്നിധിയിൽ എന്തുള്ളു? മനുഷ്യൻ അവന്റെ പ്രവൃത്തികളാൽ

ദൈവത്തെ പ്രസാദിപ്പിക്കാം എന്നു വിചാരിക്കുന്നത് അബദ്ധം. അഥവാ ഒരുവന്റെ പ്രവൃത്തികൊണ്ട് അവനോടു ദൈവത്തിനു കരുണ തോന്നിയാലും മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പരിത്രാണനത്തിന് അതുകൊണ്ടെന്തു സാധിക്കും? അതിനാൽ രക്ഷയ്ക്കു നിദാനം നിത്യജീവന്റെ ഭക്ഷണമാണ്; മനുഷ്യന്റെ പ്രവൃത്തിയല്ല. അതിനാൽ പ്രവൃത്തികൊണ്ടു മാത്രം ദൈവത്തെ പ്രസാദിപ്പിച്ചുകളയാം എന്നു വ്യാമോഹിക്കുന്നത് അസ്ഥാനത്താണ്.

ദൈവത്തെ സ്വജീവിതത്താൽ പ്രസാദിപ്പിക്കാൻ തക്ക കഴിവും ശക്തിയും മനുഷ്യരിലാർക്കുമില്ല (അതിനു കഴിവുള്ള ഒരു മനുഷ്യൻ മാത്രമേ ഉണ്ടായിട്ടുള്ളു. അവൻ ദൈവത്തോളം ശക്തിയുള്ളവൻ തന്നെ ആയിരുന്നു). "തിരിച്ചറിഞ്ഞു ദൈവത്തെ അന്വേഷിക്കുന്ന നീതിമാനുണ്ടോ എന്ന് അറിവാൻ ദൈവം സ്വർഗ്ഗത്തിൽനിന്ന് മനുഷ്യപുത്രന്മാരെ നോക്കി. ... നല്ലവൻ ആരുമില്ല. ഒരുവൻ പോലുമില്ല" എന്നാണല്ലോ സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നത് (53:1-2).

ആദാമിന്റെ കടം തീർക്കേണ്ടത് ആദാമിന്റെ മകനാണ്. പിതാവിന്റെ കടം തീർക്കാൻ ബാദ്ധ്യസ്ഥൻ പുത്രനാണ്. അതിനു തക്ക പുത്രന്മാർ ഇല്ല. അതിനു തക്ക ശക്തന്മാരുമില്ല. അതിനാണു ദൈവത്തിന്റെ പുത്രൻ ആദാമിന്റെ പുത്രനായത്. ആദാമിന്റെ പുത്രൻ എന്ന നിലയിലാണ് താൻ 'മനുഷ്യന്റെ പുത്രൻ' എന്നു സ്വയം വിളിക്കപ്പെട്ടത്. ആദാമിന്റെയും ആദാമ്യരെല്ലാവരുടെയും പാപഭാരം മുഴുവൻ താൻ ചുമലിലേന്തി നീതി നിവൃത്തിച്ചു തക്കതായ പരിഹാരമുണ്ടാക്കി. അതിനായിരുന്നു രക്ഷാകരമായ മനുഷ്യാവതാരവും കഷ്ടാനുഭവവും ക്രൂശിലെ യാഗവുമെല്ലാം.

* ഇവ കുടുംബത്തിലെ മൂത്ത പുത്രനു പിതാവ് പരമ്പരയാ ഭരമേൽപിച്ചു വന്നു. നോഹയുടെ മൂത്തപുത്രനായ യാപ്പേത്തിന്റെ പക്കലും അങ്ങനെ യാപ്പേത്യരിലും 'സ്ത്രീയുടെ സന്തതി'ക്കു സമർപ്പിക്കാനുള്ള കാഴ്ചദ്രവ്യങ്ങൾ വന്നു ചേർന്നു. യാപ്പേത്തിന്റെ സന്താനപരമ്പരയിലെ സുപ്രധാന കണ്ണിയായ മൽക്കിസദേക്ക് ആദാമിന്റെ തലയോട്ടിയെടുത്ത് ഗോഗുൽത്തായിൽ - പിന്നീട് കർത്താവിന്റെ കുരിശു നാട്ടിയിടത്ത് - കൊണ്ടുപോയി പ്രതിഷ്ഠിച്ച് അവിടെ അപ്പവും വീഞ്ഞും വച്ചു പുരോഹിതവൃത്തി ചെയ്തുവന്നു. മൽക്കിസദേക്കിനെപ്പറ്റിയും നോഹിന്റെ മക്കളിൽ മൂത്തവൻ യാപ്പേത്താണെന്നുള്ളതും മുമ്പ് വിവരിച്ചിട്ടുണ്ടല്ലോ.

(മലങ്കരസഭ, 1970 ഫെബ്രുവരി)

10

‘പിതാവേ, എന്റെ ആത്മാവിനെ നിന്റെ കയ്യിൽ ഞാൻ വയ്ക്കുന്നു’ (യോഹ. 23:46)

ഇതേപ്പറ്റി പ. ബാവാതിരുമേനി കൽപിച്ച സംഗതികൾ അതേപടി എഴുതി ഫലിപ്പിപ്പാൻ ഈ ലേഖകന്റെ തൂലികയ്ക്കു ശക്തി പോരാ. തിരുമേനി ഈ വേദഭാഗം വിശദീകരിച്ചപ്പോൾ നിർന്നിമേഷനായി നിന്നു കേൾപ്പാനേ എനിക്കു കഴിഞ്ഞുള്ളു.

ദൈവപുത്രൻ മനുഷ്യപുത്രനായി ജനിച്ചതും, മാതാവിനും വളർത്തു പിതാവിനും കീഴ്പെട്ടു ജീവിച്ചതും മാമോദീസാ മുങ്ങിയതും നോമ്പു നോറ്റതും നന്മ ചെയ്തു സഞ്ചരിച്ചതും പീഡകൾ സഹിച്ചു ക്രൂശിന്മേൽ തൂക്കപ്പെട്ടതുമെല്ലാം നീതി നിവൃത്തിക്കുകയായിരുന്നു. സകല നീതിയും നിവൃത്തിക്കാനാണു താൻ വന്നത് (മത്താ. 3:15). അതായത് ആദാമിന്റെ പാപത്തിനു പരിഹാരം വരുത്തുവാൻ. ‘ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായി തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരേണ്ടതിനു തന്നെ (റോമ. 5:19). ‘നീ അവന്റെ കുതികാലിനു കടിക്കും; അവൻ നിന്റെ തല ചതയ്ക്കും’ (ഉൽപ. 3:15). ഏദനിൽ വച്ചു യഹോവ സർപ്പത്തിനു കൊടുത്ത ശാപമാണിത് (ഉൽപ. 3:15). കർത്താവിന്റെ മനുഷ്യാവതാര വ്യാപാരങ്ങളെല്ലാം സാത്താനോടുള്ള പോരാട്ടമായിരുന്നു. സാത്താൻ സകല നന്മകളുടെയും ശത്രുവാണല്ലോ. ക്രൂശിന്മേലുള്ള ക്രിസ്തുവിന്റെ യാഗത്തിലാണ് സാത്താന്റെ തല തകർക്കപ്പെട്ടത്. ‘അവൻ അടിച്ച അടിയാൽ താൻ അവനെ അടിച്ചു.’

ആ അടി എങ്ങനെയെന്നു തിരുമേനി വിശദീകരിച്ചു:

പിശാച് അവന്റെ സ്വന്തം സ്വരൂപത്തിലല്ല സർപ്പത്തിന്റെ രൂപം സ്വീകരിച്ചാണ് ആദാമിനെ അടിപ്പെടുത്തിയത്. കർത്താവ് ദൈവരൂപത്തിലല്ല, മനുഷ്യരൂപം സ്വീകരിച്ചാണ് പിശാചിനെ അടിച്ചത്.

കർത്താവിന്റെ അവതാരസമയം മുതൽക്കേ പിശാച്, തന്നെ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയായിരുന്നു. താൻ യഥാർത്ഥത്തിൽ ദൈവമോ മനുഷ്യനോ? തുലോം വിനീതമായ ജനനം. എങ്കിലും മാലാഖമാർ തനിക്കു സ്തുതി പാടി. ആട്ടിടയന്മാരും മ്ഗൂശേന്മാരും തന്നെ ആരാധിക്കുകയും തിരുമുൽക്കാഴ്ച സമർപ്പിക്കുകയും ചെയ്തു. എന്നാൽ രാജാവായ ഹേറോദേസിനെ ഭയന്ന്, ശിശുവിന്റെ പ്രാണരക്ഷാർത്ഥം രക്ഷകർത്താ

ക്കൾ ഈജിപ്തിലേക്ക് തന്നെയുംകൊണ്ട് ഓടിപ്പോകുന്നു. താൻ സാക്ഷാൽ ദൈവമെങ്കിൽ ഈ ഭയപ്പാടെന്തിന്? മനുഷ്യനെങ്കിൽ മാലാഖമാരും മറ്റും ആരാധിച്ചതെന്ത്? പ്രായമായപ്പോൾ ഒരു സാധാരണനെപ്പോലെ യോഹന്നാന്റെ മുമ്പിൽ തല കുനിച്ചു മാമോദീസാ മുങ്ങുന്നു. എന്നാൽ അതേസമയം സ്വർഗ്ഗം തുറക്കപ്പെടുകയും, പരിശുദ്ധാത്മാവ് തന്റെമേൽ ആവസിക്കുകയും, സ്വർഗ്ഗപിതാവിൽനിന്നു സാക്ഷ്യം ലഭിക്കുകയും ചെയ്യുന്നു. ഇതാ താൻ കേവലം ഒരു മനുഷ്യനെപ്പോലെ നോമ്പു നോക്കുന്നു! നോമ്പിന്റെ അവസാനത്തിൽ തനിക്കു വിശക്കുന്നു. ആ ഘട്ടത്തിൽ സാത്താൻ കർത്താവുമായി ഏറ്റുമുട്ടുന്നു. 'നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകൾ അപ്പമായിത്തീരുവാൻ കൽപിക്കുക.' ഇതും തുടർന്നുള്ളവയും വല്ലാത്ത പരീക്ഷകൾ തന്നെ. ദൈവപുത്രനു കല്ലുകൾ അപ്പങ്ങളാക്കുക നിഷ്പ്രയാസമാണ്. ദേവാലയഗോപുരത്തിൽ നിന്നു ചാടുന്നതും വിഷമമുള്ള കാര്യമല്ല. വേദവാക്യമാണീ പരീക്ഷയ്ക്ക് അവന് ആയുധം (സത്യവിശ്വാസികളെ വഴിതെറ്റിക്കുന്നതിന് വേദവാക്യങ്ങളുമായി അടുത്തുകൂടുന്നവർ ഇക്കാലത്തും കുറവല്ലല്ലോ). പിശാചിന്റെ നിർദ്ദേശം ദൈവപുത്രൻ സ്വീകരിച്ചു പ്രവർത്തിച്ചാൽ താൻ അവനെ അനുസരിച്ചു എന്നാണു വരിക. അത് ആദാമിന്റെമേൽ അവനു ലഭിച്ച വിജയത്തേക്കാൾ എത്രയോ മടങ്ങു വലുതായിരിക്കും! മൂന്നാമത്തെ പരീക്ഷയിൽ സാത്താന്റെ ഗൂഢോദ്ദേശ്യം നഗ്നമായിത്തന്നെ വെളിപ്പെടുന്നു. അവനെ വീണു നമസ്കരിക്കണം പോലും! ചുട്ടപ്രഹരമാണതിന് അവനു ലഭിച്ചത്. അവൻ ചൂളിപ്പോയി. സാത്താന്റെ അഹങ്കാരം എത്ര വലുത്! ദൈവപുത്രനെയും കൂടി അടിപ്പെടുത്തിയാൽ അതിന്റെ ഫലം സ്വർഗ്ഗം കൂടി സാത്താനു കീഴ്പ്പെടുകയായിരിക്കും!! കഴിയുമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെയും അവൻ വഞ്ചിക്കും എന്നു കർത്താവ് മുന്നറിയിപ്പു നൽകിയിട്ടുണ്ടല്ലോ. എത്ര വലിയ പരിശുദ്ധനെയും അവൻ നേരിടുക തന്നെ ചെയ്യും.

സാത്താൻ പരാജിതനായി പിൻവാങ്ങി. എങ്കിലും അവൻ അടങ്ങിയിരുന്നില്ല. യേശുവിന്റെ ഓരോ ചലനവും അവനെ സംശയാലുവാക്കുകയാണ്. അവൻ സൂക്ഷിച്ചുകൊണ്ടേയിരുന്നു. ഗലീലാക്കടലിൽ പടവിൽ ഒരു മനുഷ്യനെപ്പോലെ ഉറങ്ങുന്നവൻ ഉണർന്ന് അമാനുഷികാധികാരത്താൽ കാറ്റിനെയും കടലിനെയും അമർത്തുന്നു. രോഗികളെ വചനമാത്രയിൽ സൗഖ്യമാക്കുന്നവൻ ലാസറിന്റെ കല്ലറയ്ക്കൽ നിന്നു നെടുവീർപ്പിടുന്നു. അടുത്ത നിമിഷത്തിൽ, കബറിൽ അഴുകിത്തുടങ്ങിയവനെ വിളിച്ചെഴുന്നേൽപ്പിക്കുന്നു. വൈരുദ്ധ്യങ്ങൾ തന്നെ. ഭൂതങ്ങൾ തന്റെ ദർശനമാത്രയിൽ ഭയവിഹ്വലരായി താൻ ദൈവപുത്രനെന്ന് ഏറ്റുപറഞ്ഞുകൊണ്ട് ഓടുന്നു. ഇവൻ 'സർപ്പത്തിന്റെ തലയെ ചതയ്ക്കുന്ന

സ്ത്രീയുടെ സന്തതി' തന്നെ എന്നു സാത്താനു ബോധ്യമായി. ദൈവ പുത്രനെ കീഴ്പ്പെടുത്തുക അസാദ്ധ്യം. എന്നാൽ താൻ മനുഷ്യനാണെ ന്നുള്ളതിന് തെളിവുകൾ ആ ജീവിതത്തിലുടനീളമുണ്ട്. കർത്താവ് തന്നെ പ്പറ്റി പറയുന്നതും മനുഷ്യപുത്രൻ എന്നാണല്ലോ. 'ഞാൻ നിന്റെ സന്ത തിക്കും സ്ത്രീയുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും' എന്നാ ണല്ലോ ഏദനിലെ കൽപന. ഈ മനുഷ്യപുത്രൻ വാഗ്ദത്തപുരുഷനായ 'സ്ത്രീയുടെ സന്തതി'; ഇവന്റെ കണംകാലിനു കടിക്ക തന്നെ.

സാത്താന്റെ സമരസന്നാഹങ്ങൾ

മനുഷ്യപുത്രനെ നിഗ്രഹിക്കാൻ യഹൂദപ്രമാണികളെ അണിനിര ത്തുക എന്ന കൃത്യത്തിനാണു സാത്താൻ ഒരുമ്പെട്ടത്. ആദാമിന്റെ കട ച്ചീട്ടിൻപ്രകാരം ആദാമിന്റെ സന്തതികൾ സാത്താന് അവകാശപ്പെട്ടവ രാണ്. ആദാം തൊട്ടു കടന്നുപോയിട്ടുള്ള എല്ലാ ആത്മാക്കളും പാതാള ത്തിൽ ബന്ധിതരും. ആദ്യപിതാവിന്റെ പാപം മൂലം സ്വർഗ്ഗവാതിൽ മനു ഷ്യന് അടയ്ക്കപ്പെട്ടു. ഒരു ആത്മാവും സ്വർഗ്ഗത്തിൽ – ദൈവകരങ്ങളിൽ – ഏൽപിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഈ മനുഷ്യപുത്രന്റെ ആത്മാവി നെയും അവന്റെ പിതാക്കന്മാരോടുകൂടി ബന്ധിക്കാം. ഇതാണു സാത്താന്റെ ലക്ഷ്യം.

ലാസറിന്റെ ഉയിർപ്പോടുകൂടി യഹൂദപ്രമാണികളുടെ ഹൃദയം യേശു വിനോടുള്ള അസൂയകൊണ്ടും പകകൊണ്ടും അങ്ങേയറ്റം കലുഷമാ ക്കുവാൻ സാത്താനു കഴിഞ്ഞു. ഉയിർപ്പിച്ച യേശുവിനെയും ഉയിർപ്പിക്ക പ്പെട്ട ലാസറിനെയും നിഗ്രഹിക്കുവാൻ നിശ്ചയിച്ചുറപ്പിക്കത്തക്കവണ്ണം സാത്താൻ അവന്റെ സമരനിര സജ്ജമാക്കിക്കഴിഞ്ഞു. പ്രമാണികൾ അവന്റെ കളിപ്പാട്ടങ്ങളും. ആ മഹാസംഭവത്തെ തുടർന്നാണ് കർത്താ വിന്റെ യെരുശലേമിലേക്കുള്ള രാജകീയ ജൈത്രയാത്ര. പിഞ്ചുശിശുക്കൾ കൂടെയും ദാവീദുപുത്രന് ഊശാന പാടി. ദേവാലയത്തിലെത്തിയ യേശു ഒരു അധികാരിയെപ്പോലെ അവിടെ പെരുമാറുകയും ദേവാലയവിശു ദ്ധിക്കു വിഹിതമല്ലാത്ത സകലത്തെയും അവിടെനിന്നും വിപാടനം ചെയ്യു കയും ചെയ്തു. ഇതോടുകൂടി യഹൂദനേതൃനിര യേശുവിനെ ഒരു നിമി ഷംപോലും വച്ചുകൊണ്ടിരിക്കാൻ പാടില്ല എന്ന തീരുമാനത്തിലെത്തി. ദുഷ്ടന്മാരായ മനുഷ്യരും ദുരാത്മസേനകളും! യേശുവിന്റെ ശിഷ്യന്മാ രിൽ ഒരുത്തനെത്തന്നെ സ്വന്തം ചേരിയിലേക്കു കൊണ്ടുവരാൻ സാത്താനു കഴിഞ്ഞു. പെസഹാഭക്ഷണ സന്ദർഭത്തിൽപോലും ആ മനു ഷ്യാധമൻ പിന്തിരിഞ്ഞില്ല.

ഗത്സീമോനിൽ

കർത്താവ് അത്യധികം കാംക്ഷിച്ച പെസഹാഭക്ഷണം കഴിഞ്ഞു.

നിർണ്ണായകമായ നിമിഷം അടുക്കുകയാണ്. യേശു തന്നോടുകൂടി താൻ തെരഞ്ഞെടുത്ത ശിഷ്യന്മാരിൽ മൂന്നുപേരെ പ്രത്യേകം വേർതിരിച്ചു ഗത്സീമോനിൽ കൂട്ടിക്കൊണ്ടുപോകുന്നു. അവർ തന്നെപ്രതി ഉണർന്നിരുന്നു പ്രാർത്ഥിക്കണമെന്ന് ആഗ്രഹിച്ചു. 'എന്റെ ഉള്ളം മരണവേദന പോലെ അതിദുഃഖിതമായിരിക്കുന്നു; എന്നോടുകൂടെ ഉണർന്നിരിപ്പിൻ' എന്നു നിയോഗം നൽകിയിട്ട് അൽപം മുന്നോട്ടുചെന്നു കവിണ്ണുവീണു പ്രാർത്ഥിച്ചു. 'പിതാവേ, കഴിയുമെങ്കിൽ ഈ കാസ്സാ എങ്കൽനിന്നു മാറ്റി ത്തരണമേ.' ഭ്രമവും വ്യാകുലവും. 'പുത്രാ! ഈ കാസ്സാ നീ കുടിക്കണം, മട്ടോളം ഊറ്റിക്കുടിച്ചേ മതിയാവൂ.' ഇതാണു പിതാവിന്റെ മറുപടിയെന്ന് പുത്രന്റെ അടുത്ത സമർപ്പണവാക്യത്തിൽ നിന്ന് നമുക്കു ഗ്രഹിക്കാം. 'പിതാവേ, എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ.' 'തന്റെ ഏകജാത നായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചതിന്റെ' (യോഹ. 3:16) ഫലമാണിത്. മരണത്തിനു വിധേയ നായ മനുഷ്യനെ രക്ഷിക്കുന്നതിനു ജീവന്റെ ഔഷധം കൊടുക്കുന്നു. പിതാവ് പുത്രനെ ലോകത്തിലേക്ക് അയച്ചത് നിത്യജീവന്റെ ഭക്ഷണമാ യിട്ടാണ്. എന്നെ ഭക്ഷിക്കുന്നവൻ എൻ മൂലം ജീവിക്കും (യോഹ. 6:57). 'എന്റെ ശരീരം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീ യവുമാകുന്നു' (6:55). 'മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല. ... എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്' (6:53-54) എന്നിപ്രകാരം കർത്താവ് മുൻകൂട്ടി കൽപിച്ചിട്ടുണ്ട്. നമുക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായ ജീവൻ ഉണ്ടാകുവാനുമാ യിട്ടത്രേ താൻ വന്നത് (യോഹ. 10:10). ഈ സമൃദ്ധിയായ ജീവൻ മനു ഷ്യനു നൽകി അവനെ രക്ഷിക്കണമെങ്കിൽ താൻ ബലിയായിത്തീരണം. അതിന് ഈ കാസ്സായേ മതിയാവൂ. ഗത്സീമോനിൽ പുത്രൻ അനുഭവി ക്കുന്ന അതിവേദന, മനുഷ്യവർഗ്ഗത്തോടുള്ള സ്വർഗ്ഗസ്ഥപിതാവിന്റെ അവർണ്ണനീയമായ സ്നേഹത്തിന്റെ ദൃശ്യമാണ്. എന്റെ ഇഷ്ടം ചെയ്വാ നല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്വാനായിട്ടത്രേ സ്വർഗ്ഗത്തിൽ നി ന്നിറങ്ങി വന്നത്' (യോഹ. 6:38). ആ ഇഷ്ടമാണ് നിവൃത്തിക്കപ്പെടുന്നത്. പക്ഷെ അതു ഭയങ്കരം തന്നെ. ഗത്സീമോൻ എന്ന പദത്തിന്റെ അർത്ഥം എണ്ണച്ചക്ക് എന്നാണ്. ക്രിസ്തുവാകുന്ന മുന്തിരിക്കുല ഗത്സീമോനിൽ ഞെക്കിപ്പിഴിയപ്പെടുകയാണ്. ലോകത്തിന്റെ മുഴുവൻ പാപഭാരവും യേശു തന്റെമേൽ ഏറ്റെടുത്തിരിക്കുന്നു. 'സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു, നമ്മുടെ വേദനകളെ അവൻ ചുമന്നു' (ഏശാ. 53:4). പാപത്തിന്റെ ശമ്പളം മരണം. ഇതു മാറ്റമില്ലാത്ത ദൈവനീതിയാണ്. രക്തത്തുള്ളികളാണു രോമകൂപങ്ങളിലൂടെ വിയർക്കുന്നത്. വലിയ വിഷ

മേറിയ സർപ്പം കടിച്ചാൽ രക്തം വിയർക്കും. അതേ, സ്ത്രീയുടെ സന്തതിയുടെ കുതികാലിനു സർപ്പം കടിച്ചിരിക്കുന്നു. ഈ മഹാവേദനയെപ്പറ്റി നമ്മുടെ കർത്താവിനു മുൻകൂട്ടിത്തന്നെ അറിയാമായിരുന്നതിനാലാണ് പ്രാർത്ഥന മൂലമെങ്കിലും തന്നോട് സഹകരിക്കാൻ ആ മൂന്നു പേരെ കൂട്ടിക്കൊണ്ടുപോയത്. മനുഷ്യപുത്രനു പാപത്തിന്റെ ഭാരം, അവർക്കോ നിദ്രാഭാരം. 'ഞാൻ ഏകനായി മുന്തിരിച്ചക്കു ചവുട്ടി' (ഏശാ. 63:3) എന്ന പ്രവചനം അന്വർത്ഥമാവുകയാണ്. പ്രാർത്ഥന കഴിഞ്ഞ് എഴുന്നേറ്റപ്പോഴേക്കും ശത്രുവ്യൂഹം മാരകായുധങ്ങളുമായി സമീപിച്ചു കഴിഞ്ഞു. ഏറ്റം മുമ്പിൽ ആ ശിഷ്യാധമനും. അവനെത്തി ചുംബനം ചെയ്തു കഴിഞ്ഞു. ചുംബനം എക്കാലത്തും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ലക്ഷണമാണ്. പക്ഷെ ഇവിടെയോ, വഞ്ചനയുടെയും ദ്രോഹത്തിന്റെയും. 'യഹൂദായെ, ഒരു ചുംബനംകൊണ്ടോ നീ മനുഷ്യപുത്രനെ കാണിച്ചുകൊടുക്കുന്നത്?' കർത്താവിന്, അപ്പോൾപോലും ആ വഞ്ചകന്റെ നേരെ വിദ്വേഷത്തിന്റെ കണികപോലുമില്ല, പ്രത്യുത പശ്ചാത്താപത്തിലേക്കും രക്ഷയിലേക്കുമുള്ള വിളിയായിരുന്നു അത്. എന്നാൽ പാപത്തിന്റെ തിമിരം ബാധിച്ച നാശയോഗ്യന്റെ കണ്ണുകൾ ആ അന്ത്യവിളിയിലും തുറക്കപ്പെട്ടില്ല. ഒരു പാപിയും നശിച്ചുപോകുവാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. അനുതപിക്കുന്ന ഏതു പാപിയെയും കൈക്കൊള്ളുവാൻ വിതിർക്കപ്പെട്ടിരിക്കുന്ന കരങ്ങളാണവിടുത്തേത്. യഹൂദായെപ്പോലെ ഇന്നും അരുമനാഥന്റെ വിളിയെ നിരസിച്ചു നാശപാത്രരായിത്തീരുന്നവർ വിരളമല്ല.

സാത്താൻ അവന്റെ സമരം വിപുലവും വിശാലവുമാക്കുകയാണ്.

രാത്രിയുടെ നിമിഷങ്ങൾ

രാത്രിയുടെ നിമിഷങ്ങൾ ഇഴഞ്ഞുനീങ്ങുകയാണ്. പ്രധാനാചാര്യന്റെ മുമ്പാകെ കെട്ടപ്പെട്ടവനായി നിൽക്കുന്ന ആത്മനാഥനെ തള്ളിപ്പറവാൻ തക്കവിധം ശിഷ്യപ്രമുഖനെയും സാത്താൻ സ്വാധീനിച്ചു. ആരെല്ലാം ഉപേക്ഷിച്ചാലും ഞാൻ ഒരുനാളും നിന്നെ ഉപേക്ഷിക്കുകയോ തള്ളിപ്പറയുകയോ ചെയ്കയില്ലെന്നു വീരവാദം പറഞ്ഞ പത്രോസ് ഒന്നല്ല മൂന്നു വട്ടം തള്ളിപ്പറഞ്ഞു. എന്നാൽ ആത്മനാഥന്റെ ദയനീയമായ ഒരു നോട്ടം – അതിൽ സ്നേഹവും കാരുണ്യവും മുറ്റിനിന്നിരുന്നു – അവന്റെ അന്തരാത്മാവിലേക്കു ചൂഴ്ന്നിറങ്ങി. പത്രോസ് പശ്ചാത്താപ വിവശനായി ഹൃദയം പൊട്ടിക്കരഞ്ഞു. യൂദായെപ്പോലെ രക്ഷകന്റെ വിളിക്കുനേരെ പുറംതിരിയുകയല്ല പത്രോസ് ചെയ്തത്. പശ്ചാത്താപം പത്രോസിനു വിമോചനം നേടിക്കൊടുത്തു.

ആ രാത്രിയിൽ പ്രധാനാചാര്യന്മാരായ ഹന്നാന്റെയും കയ്യാപ്പായു

ടെയും സന്നിദ്രിംസംഘത്തിന്റെയും മുമ്പാകെ യേശു വിസ്തരിക്കപ്പെട്ടു. തുപ്പലും ആട്ടും പ്രഹരവും വേണ്ടുവോളമേറ്റു. എന്നാൽ ക്രൂശേറ്റുന്നതിൽ കുറഞ്ഞ ഒരു ശിക്ഷകൊണ്ടും ശത്രുക്കൾക്കു തൃപ്തിയാവുകയില്ല. വധവിധിക്കുള്ള അധികാരം റോമൻ ഗവർണർക്കേയുള്ളു.

പീലാത്തോസിന്റെ മുമ്പിൽ

പ്രഭാതം പൊട്ടിവിടർന്നു. യേശുവിനെ പീലാത്തോസിന്റെ കോടതിയിൽ ഹാജരാക്കി. കൈസർക്കു വിരോധമായി സ്വയം രാജാവാക്കി എന്നതാണ് ആരോപിതമായ കുറ്റം. രാജദ്രോഹം വധാർഹമാണ്. തങ്ങൾ നിർദ്ദോഷികളെന്നു തെളിയിക്കാനും പ്രതിയോഗികളെ ഭത്സിക്കാനും കുറ്റപ്പുള്ളികൾ ആവോളം യത്നിക്കുക പതിവാണ്. ഇവിടെയാകട്ടെ കുറ്റാരോപിതന്റെ അക്ഷോഭ്യതയും മൗനവും ന്യായാധിപനെ അത്ഭുതസ്തബ്ധനാക്കുന്നു. 'അറപ്പാൻ കൊണ്ടുപോകുന്നവന്റെ മുമ്പിൽ കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവന്റെ മുമ്പിൽ പെണ്ണാടിനെപ്പോലെയും അവൻ വായെ തുറക്കാതെയിരുന്നു' (ഏശാ. 53:7). ദ്വേഷമോ ക്രോധമോ ലേശവും ആ മുഖത്തോ ഭാവത്തിലോ ഇല്ല. 'പ്രതിയെ ശിക്ഷിക്കുവാനും വെറുതെ വിടുവാനും അധികാരമുള്ള ന്യായാധിപതിയാണു താൻ' എന്ന് അനുസ്മരിപ്പിച്ചുകൊണ്ടു പീലാത്തോസ് ചോദിച്ച ചോദ്യങ്ങൾക്കു വളരെ മിതമായ ഭാഷയിൽ മാത്രമാണു മറുപടി. 'എന്റെ രാജ്യം ഐഹികമല്ല, സത്യത്തിനു സാക്ഷി നിൽപ്പാൻ ഞാൻ വന്നു.' ക്രിസ്തുവിൽ വധാർഹമായ ഒന്നും കാണുന്നില്ലെന്ന് പീലാത്തോസ് പരസ്യമായി പ്രസ്താവിച്ചു. പക്ഷെ, പകയും വിദ്വേഷവും ധരിച്ച യഹൂദപ്പരിഷ ബുഭുക്ഷയുള്ള ചെന്നായ്ക്കളെപ്പോലെ അട്ടഹസിച്ചുകൊണ്ടേയിരുന്നു. മനസ്സാക്ഷിയുടെ പ്രേരണ ന്യായാധിപനെ അലട്ടി. ക്രിസ്തുവിനെ ഹേറോദേസിന്റെ കോടതിയിൽ വിചാരണ ചെയ്തു സ്വന്തം തടിതപ്പാമെന്ന് പീലാത്തോസ് വിചാരിച്ചു. ദുഷ്ടനായ ഹേറോദേസിന്റെ മുമ്പിൽ ഒരു വാക്കുപോലും കർത്താവുരിയാടിയില്ല. അയാൾ ആവുന്നത്ര ആക്ഷേപിച്ചശേഷം വീണ്ടും പീലാത്തോസിന്റെ അടുക്കേലേക്കു തന്നെ അയച്ചു. ന്യായാസനത്തിൽ ഇരിക്കുന്ന പീലാത്തോസിനു മാർഗ്ഗദർശനം നൽകാൻ പര്യാപ്തമായ ഒരു കത്ത് അയാളുടെ ഭാര്യ പ്രോക്കുള കൊടുത്തയച്ചു; അവൾക്കു സ്വപ്നം മൂലം വെളിവാക്കപ്പെട്ട ഒരു വസ്തുത. ആ നീതിമാന്റെ കാര്യത്തിൽ ഒന്നും ചെയ്യരുതെന്നായിരുന്നു കത്തിന്റെ സാരം. ആ സ്വപ്നം എന്താണെന്നു വി. വേദത്തിൽ പറഞ്ഞിട്ടില്ല. എങ്കിലും അന്ത്യന്യായവിധിയിൽ നീതിയുടെ ന്യായാധിപതിയായ ക്രിസ്തുവിന്റെ മുമ്പാകെ തന്റെ ഭർത്താവ് നിസ്സഹായനായ കുറ്റവാളിയായി നിൽക്കുന്ന ഭീകരരംഗമാണവൾ ദർശിച്ചത് എന്നു പറയപ്പെടുന്നു. പെരുന്നാളിൽ കുറ്റവാളികൾക്കു മോചനം നൽകി വിട്ടയക്കുക പതിവുണ്ട്. കൊള്ളക്കാരനും കൊലപാതകിയുമായ

ബറബാസിനെ വധിക്കയും ക്രിസ്തുവിനെ വിട്ടയക്കയും ചെയ്യാം എന്നാണ് പീലാത്തോസ് കരുതിയത്. അതയാൾ പറഞ്ഞ മാത്രയിൽ ബറബാസിനെ വിട്ടുതരിക; യേശുവിനെ ക്രൂശിക്ക എന്നതായിരുന്നു യഹൂദപ്പരിഷയുടെ ആക്രോശം. തിന്മയെ സ്വീകരിച്ചു നന്മയെ പരിത്യജിക്കുകയാണ്! ഇന്നത്തെ ലോകഗതിയിലും ഇതു ദുർല്ലഭമല്ലല്ലോ. 'യേശുവിനെ വിട്ടയച്ചാൽ നീ കൈസറിന്റെ സ്നേഹിതൻ അല്ല' എന്നു കൂടി അവർ പറഞ്ഞപ്പോഴേക്കും ന്യായാധിപൻ ഭയചകിതനായിത്തീർന്നു. നീതിബോധവും മനസ്സാക്ഷിയുടെ പ്രേരണയും ഒരു വശത്ത്; ഭീരുത്വവും ജനപ്രീതിക്കുള്ള കാംക്ഷയും വേറൊരു വശത്ത്. നീതിബോധം പരാജയപ്പെട്ടു. പീലാത്തോസ് യേശുക്രിസ്തുവിനെ ക്രൂശിക്കാൻ വിധിച്ചു. 'ഈ മനുഷ്യന്റെ രക്തത്തിൽ എനിക്കു പങ്കില്ല' എന്നു പറഞ്ഞു വെള്ളമെടുത്തു കൈ കഴുകി. കടുത്ത അധർമ്മത്തിനു സ്വന്തം മനസാക്ഷിയെ വിറ്റിട്ടു കൈ കഴുകിയാൽ എന്തു വിശേഷം? ലോകചരിത്രത്തിൽ ഏറ്റം അപഹാസ്യനായ ന്യായാധിപതി എന്ന ദുഷ്പേരിനു പീലാത്തോസ് അർഹനായിത്തീർന്നു.

വിധി നടത്ത്

വിധി കേട്ട മാത്രയിൽ ജനക്കൂട്ടം വിജയാഹ്ലാദം മുഴക്കി. വിധി നടത്തു നടപടികൾ ക്ഷണത്തിൽ ആരംഭിച്ചു കഴിഞ്ഞു. കർത്താവിന്റെ തലയിൽ മുൾമുടി അടിച്ചു കയറ്റി. കയ്യിൽ ഒരു ചെങ്കോൽ പിടിപ്പിച്ചു. ധൂമ്രവസ്ത്രം ധരിപ്പിച്ചു 'യഹൂദന്മാരുടെ രാജാവേ ജയ ജയ' എന്ന് ആർത്ത് അട്ടഹസിച്ചുകൊണ്ടുള്ള വന്ദനാഭാസവും; പോരെങ്കിൽ ശക്തിയായി പ്രഹരിക്കുകയും മുഖത്തു തുപ്പിയും ഭാരമേറിയ കുരിശുമരവും വഹിച്ചുകൊണ്ട് ഗോഗുൽത്തായിലേക്കുള്ള കർത്താവിന്റെ യാത്ര! യഹൂദപ്പരിഷയ്ക്ക് അതൊരു ഘോഷയാത്രയായിരുന്നു! തലേ രാത്രി മുതൽ ഭീകരമായ വേദനകളും യാതനയും അനുഭവിച്ച കർത്താവ് തുലോം ക്ഷീണിച്ചവശനായിരിക്കുന്നു. കുരിശിന്റെ ഭാരം താങ്ങാനാവാതെ മാർഗ്ഗമദ്ധ്യേ പലയിടത്തും താൻ വീണു. അഗ്രത്ത് മുള്ളുകൾ വളച്ചുപിടിപ്പിച്ച ഇരുമ്പുണ്ടകൾ കൂടിയ ചമ്മട്ടികൾകൊണ്ട് ഇടതടവില്ലാതെയുള്ള അടികൾ. മുൾമുടി ധരിച്ച ശിരസ്സിൽ നിന്നും അടികൊണ്ടു മുറിവേറ്റ ശരീരത്തിൽ നിന്നും രക്തം വാർന്നുകൊണ്ടിരുന്നു. 'അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു' (ഏശാ. 53:5) എന്നുള്ള പ്രവാചകന്റെ ദീർഘദർശനം നിവൃത്തിക്കപ്പെടുകയാണ്. രക്തമൊലിക്കുന്ന ആ മുഖവും ശരീരവും 'അവനു രൂപഗുണമില്ല, കോമളത്വമില്ല, കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല; അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു' (ഏശാ. 53:2). തലമുറകൾക്കു മുമ്പ് ബലി

വസ്തുവായി വിധിക്കപ്പെട്ട ഇസ്സഹാക്ക്, താൻ അതിന്മേൽ ബലി അർപ്പിക്കപ്പെടുവാനുള്ള വിറകുകെട്ടും വഹിച്ച് മോറിയാ മലയിലേക്കു പോയ യാത്ര ഗോഗുൽത്തായിലെ പരമയാഗത്തിനുള്ള രക്ഷകന്റെ യാത്രയുടെ മുൻകുറിയായിരുന്നു. ഇസ്സഹാക്കിന്റെ കൈകാലുകൾ ബന്ധിച്ചു വിറകിന്മീതെ കിടത്തിയപ്രകാരം കർത്താവിനെ നിന്ദ്യമായ കുരിശിന്മേൽ കിടത്തി; കാരിരുമ്പാണികളാൽ കരചരണങ്ങൾ കുരിശോടു ചേർത്തു നിഷ്കരുണം തറച്ചു. കൊമ്പുകാട്ടിൽ കുരുങ്ങിക്കിടന്ന ആട്ടിൻകുട്ടി ഇസ്സഹാക്കിനെ വിടുവിച്ചു. ഇസ്സഹാക്കിന്റെ മേലുണ്ടായ വധവിധി ആ കുഞ്ഞാട് ഏറ്റെടുത്തപ്രകാരം മരണവിധിക്ക് വിധേയരായ ആദാമിന്റെയും സന്തതികളുടെയും പാപവും വിധിയും ഏറ്റെടുത്തിരിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ഇതാ കുരിശാകുന്ന ബലിപീഠത്തിൽ യാഗവസ്തുവായി കിടത്തപ്പെട്ടിരിക്കുന്നു. ആ കുരിശ് ഗോഗുൽത്തായിൽ തലയോടിടത്ത് ഉയർത്തപ്പെട്ടു. ആദാമിന്റെ തലയോട്ടി നിക്ഷേപിച്ചയിടം. മഹാപുരോഹിതനായ മൽക്കിസദേക്ക് അവിടെ അപ്പവും വീഞ്ഞും വെച്ചു പൂജിച്ചു വന്നു. അവിടെതന്നെ രക്ഷകന്റെ ക്രൂശ് നാട്ടപ്പെട്ടു. കർത്താവിന്റെ തിരുമുറിവുകളിൽനിന്ന് വാർന്നൊഴുകിയ രക്തം കുരിശിന്റെ ചുവട്ടടിയെയും കടന്ന് ആദാമിന്റെ വരണ്ടതലയോട്ടിയെ നനച്ചു. ഏതാനും സമയങ്ങൾക്കുള്ളിൽ ആ ആത്മാവ് ശരീരത്തിൽനിന്നും പിരിയും.

ആദാമിന്റെ പുത്രന്റെ ആത്മാവിനെ തട്ടിയെടുക്കാനുള്ള അവസരം സമാഗതമാകയാണ്. നീതിയിൻസൂര്യനെ വിഴുങ്ങുവാൻ അന്ധകാരം വെമ്പൽ കൊള്ളുകയാണ്. അന്തിമസമരം നടക്കുവാൻ പോകയാണ്. പക്ഷെ, ആദാമിന്റെ സന്തതികളിൽ ഈ മനുഷ്യനെപ്പോലെ ഒരുവനെയും അന്നാൾവരെ സാത്താനും സൈന്യങ്ങളും കണ്ടിട്ടില്ല. എല്ലാ മനുഷ്യരും പരീക്ഷയ്ക്കടിമപ്പെട്ടവരും പാപത്തിനു വിധേയരുമായിരുന്നു. 'തിരിച്ചറിഞ്ഞു ദൈവത്തെ വിളിക്കുന്ന നീതിമാനുണ്ടോ എന്നു കാണ്മാൻ ദൈവം സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു നോക്കി. ... നന്മ ചെയ്യുന്നവനില്ല, ഒരുവൻ പോലുമില്ല' (സങ്കീ. 14:2-4) എന്ന് സങ്കീർത്തനക്കാരൻ സാക്ഷിക്കുന്നു. എന്നാൽ ഇവനോ സർവ്വനീതിയും നിവൃത്തിച്ചു മുന്നേറിയിരിക്കുന്നു. 'ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന് ഈ മനുഷ്യപുത്രനെപ്പറ്റിയല്ലാതെ മറ്റാരെപ്പറ്റിയും ദൈവം സാക്ഷിച്ചിട്ടില്ല.

ഈ സമരത്തിൽ കർത്താവ് ഏകൻ മാത്രം. തനിക്കു സഹായിപ്പാൻ ആരുമില്ല. കുറെ സ്ത്രീകൾ വിലപിച്ചുകൊണ്ടു വന്നു. എന്നാൽ അതു സഹതാപാർദ്രമായിരുന്നു എന്നു ഖണ്ഡിതമായി പറഞ്ഞുകൂടാ. ക്രൂശിക്കപ്പെടുവാൻ വിധിക്കുന്നവരുടെ പിന്നാലേ സ്ത്രീകൾ വിലാപം ചൊല്ലിപ്പോകുന്ന ഒരു പതിവ് അക്കാലത്ത് യഹൂദന്മാരുടെ ഇടയിൽ ഉണ്ടായി

രുന്നു. അപ്രകാരം കർത്താവിന്റെ പിന്നാലെയും വിലാപം പാടിയത് ഒരു ആചാരമെന്ന നിലയിൽ കവിഞ്ഞ ദുഃഖമോ സഹതാപമോ കൊണ്ടായിരുന്നില്ല എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. അതിനാലാണ് 'യേറുശലേം പുത്രിമാരെ, നിങ്ങൾ എന്നെച്ചൊല്ലി കരയേണ്ടാ; നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ' എന്നു കർത്താവു കൽപിച്ചത് എന്നു വേദ പണ്ഡിതന്മാരിൽ ഗണ്യമായ ഒരു പങ്ക് അഭിപ്രായപ്പെടുന്നുണ്ട്.

ഈ സന്ദർഭത്തിൽ കർത്താവിന്റെ മാതാവും താൻ സ്നേഹിച്ച ശിഷ്യനും ക്രൂശിൻചുവട്ടിലുണ്ട്. അവർക്ക് എന്തു ചെയ്‌വാൻ കഴിയും. ആ മാതാവിന്റെ ഹൃദയസ്ഥിതി എന്ത്? നിർദ്ദോഷിയായ തന്റെ പുത്രൻ, സർവ്വർക്കും നന്മ ചെയ്തു സഞ്ചരിച്ചവൻ, മറ്റാർക്കും ചെയ്‌വാൻ കഴിയാത്ത അത്ഭുതപ്രവൃത്തികൾ മൂലം അനന്തകാരുണ്യം കാട്ടിയ, തന്റെ അരോഗദൃഢഗാത്രനായ പുത്രൻ ഇതാ ക്രൂശിന്മേൽ കിടക്കുന്നു. ആ മാതാവിന്റെ ഹൃദയത്തിൽകൂടി വാൾ കടക്കുകയാണ്.

സാത്താനും സൈന്യവും പിണിയാളുകളായ ദുഷ്ടമനുഷ്യരും ഒരു വശത്ത്. യേശു മാത്രം മറുവശത്ത്.

ജയാളിയായ മനുഷ്യപുത്രൻ

ദൈവപുത്രൻ നഗ്നനായി ക്രൂശേറ്റപ്പെട്ടതു കാണ്മാൻ പ്രകൃതിക്കുപോലും ശക്തിയുണ്ടായില്ല. സൂര്യൻ മറഞ്ഞു. ദിക്കെങ്ങും അന്ധകാരമായി. ദൈവപുത്രൻ ക്രൂശിൽ തറയ്ക്കപ്പെടുന്നതു കണ്ട മാലാഖമാർ പ്രതികാരോദ്യുക്തരായി. അവർ ആകാശത്തിൽനിന്നും ഇറങ്ങുവാൻ തയ്യാറായി. ഒരു മാലാഖ മതി ലോകം നശിപ്പിക്കാൻ. അശൂരിന്റെ ആയിരങ്ങളെ നിഹനിപ്പാൻ മിഖായേലിനു കഴിഞ്ഞു (ഏശാ. 37:36). 'ഞാൻ ചോദിച്ചാൽ പന്ത്രണ്ടു വൃന്ദത്തിലധികം മാലാഖമാരെ എന്റെ പിതാവ് അയച്ചുതരികയില്ലയോ' എന്ന് കർത്താവ് തലേരാത്രിയിൽ തന്റെ ശിഷ്യന്മാരോടു കൽപിച്ചതാണ്. മനുഷ്യപുത്രൻ മനുഷ്യരെ നശിപ്പിക്കാനല്ല, രക്ഷിപ്പാനത്രേ വന്നത്. മാലാഖമാർ പ്രതികാരോദ്യുക്തരാകുന്നതു കണ്ടപ്പോഴാണു കർത്താവ് പ്രാർത്ഥിച്ചത്. 'പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ' എന്ന്. ഈ പ്രാർത്ഥന കൈക്കൊള്ളപ്പെട്ടു. സ്വർഗ്ഗസ്ഥപിതാവ് മാലാഖമാരെ വിലക്കി. അതിന്റെ ഫലമോ സ്വർഗ്ഗം മൗനമായി. കർത്താവ് തന്റെ ജീവിതവ്യാപാരങ്ങളിലെല്ലാം തന്റെ പിതാവുമായി ഉറ്റ സംസർഗ്ഗബന്ധം പുലർത്തിയിരുന്നു. ആ സംസർഗ്ഗബന്ധം വിച്ഛേദിക്കപ്പെട്ടു. പാപത്തിന് താൻ പ്രായശ്ചിത്തം ചെയ്യുകയാണല്ലോ. പാപത്തിന്റെ ശമ്പളം മരണം. ദൈവസംസർഗ്ഗത്തിൽ നിന്നുള്ള വേർപാടാണു മരണം. ആ വേർപാടിന്റെ ഭയങ്കരമായ ഫലം താൻ അനുഭവിക്കുന്നു. ഇതിനു തക്കവണ്ണം താൻ എന്തു

കുറ്റം ചെയ്തു? ഒരു കുറ്റവും താൻ ചെയ്തില്ല. 'അവൻ സാഹസമൊന്നും ചെയ്യാതെയും അവന്റെ വായിൽ വഞ്ചനയൊന്നും ഇല്ലാതെയും ഇരുന്നിട്ടും 'നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേലായി' (ഏശാ. 53:5). മാലാഖമാർ നിരോധിക്കപ്പെട്ടു. സന്തതസഹചാരികളായിരുന്നു ശിഷ്യന്മാർ; പക്ഷെ, ഇടയനെ വെട്ടിയപ്പോൾ ആടുകൾ ചിതറി. 'ഞാൻ വലത്തോട്ടു നോക്കി എന്നെ സഹായിക്കുന്നവൻ ഇല്ല, എന്റെ ആത്മാവിനുവേണ്ടി ചോദിക്കുന്നവനും ഇല്ല' (സങ്കീ. 142:4, ഏശാ. 63:5). ഈ ഭയങ്കര സന്ദർഭത്തിലാണ് 'എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തിന് എന്നെ കൈവിട്ടു?' എന്നു താൻ ഉച്ചത്തിൽ നിലവിളിച്ചത്. ആ ശബ്ദം ഉച്ചത്തിലായിരുന്നു. അത് സമരവീരനായ യോദ്ധാവിന്റെ ശബ്ദമായിരുന്നു. ആ ശബ്ദം അടയ്ക്കപ്പെട്ട സ്വർഗ്ഗത്തിന്റെ വാതിലുകളിൽ തട്ടി. അതു ബലവാനും യുദ്ധവീരനുമായ യഹോവയുടെ ശബ്ദമായി മാലാഖമാരുടെ ചെവികളിൽ മുഴങ്ങി. സങ്കീർത്തനക്കാരൻ ആ ശബ്ദം മുൻകൂട്ടി ആത്മാവിൽ ശ്രവിച്ചിട്ടു പാടുന്നു: 'യഹോവയുടെ ശബ്ദം ശക്തിയോടെ മുഴങ്ങുന്നു. യഹോവയുടെ ശബ്ദം മഹിമയോടെ മുഴങ്ങുന്നു. യഹോവയുടെ ശബ്ദം ദേവദാരുക്കളെ തകർക്കുന്നു. ..... യഹോവയുടെ ശബ്ദം അഗ്നിജ്വാലകളെ ചിന്നിക്കുന്നു. യഹോവയുടെ ശബ്ദം മരുഭൂമിയെ നടുക്കുന്നു' (സങ്കീ. 29:4–9). കർത്താവിന്റെ ശബ്ദത്തിൽ ഭൂമി കുലുങ്ങി, പാറകൾ പിളർന്നു. ദേവാലയത്തിന്റെ വാതിൽമറ മേൽതൊട്ടു അടിവരെ കീറിപ്പോയി. സാത്താൻ നടുങ്ങി. അവന്റെ തല തകർക്കപ്പെട്ടു. പാതാളം വിറച്ചു. മഹിമയും ശക്തിയുമേറിയ ആ ശബ്ദം സ്വർഗ്ഗവാതിലുകളെ ഭേദിച്ചു. 'തന്റെ ഭുജം കൊണ്ട് രക്ഷ വരുത്തി' (ഏശാ. 63:5). പുരാതന മനുഷ്യവർഗ്ഗത്തിന്റെ നേരെ അയയ്ക്കപ്പെട്ട കിളിവാതിൽ തുറക്കപ്പെട്ടു. അപ്പോഴാണ് 'പിതാവേ, എന്റെ ആത്മാവിനെ ഇതാ ഞാൻ നിന്റെ കയ്യിൽ വയ്ക്കുന്നു' എന്ന് താൻ അട്ടഹസിച്ചത്. വിജയം വരിച്ച ചാരിതാർത്ഥ്യത്തിൽ നിന്നുയർന്ന ആധികാരിക ശബ്ദമായിരുന്നു അത്. കാൽവറിയിലെ പരമയാഗം തികവുറ്റതായി കൈക്കൊള്ളപ്പെട്ടതും നിത്യജീവപ്രദവുമായി. ലോകാരംഭശേഷം അന്നാദ്യമായി ഒരു മനുഷ്യാത്മാവ് സ്വർഗ്ഗസ്ഥപിതാവിന്റെ തൃക്കരങ്ങളിൽ സമർപ്പിക്കപ്പെട്ടു. അതിനു മുമ്പ് ഒരു മനുഷ്യന്റെ ആത്മാവും ദൈവകരങ്ങളിൽ ഏൽപിക്കപ്പെട്ടിട്ടില്ല. അങ്ങനെ ക്രിസ്തു മനുഷ്യവർഗ്ഗത്തിനൊക്കെയും കടിഞ്ഞൂൽ ആയി. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്ക് ദൈവത്തിന്റെ പുരാതന മനുഷ്യന്റെ (ആദാമിന്റെ) പുത്രനായി; ആദാമിന്റെ പുത്രൻ ആദാമിനു ജ്യേഷ്ഠനും ആയിത്തീർന്നു. 'ആദ്യഫലം ക്രിസ്തു, പിന്നെ ക്രിസ്തുവിനുള്ളവർ' (1 കോരി. 15:23). സർപ്പത്തിന്റെ – സാത്താന്റെ – തല ചതയ്ക്കപ്പെട്ടു. അവൻ ആദാമിനെ അടിച്ച അടിയാൽ കർത്താവ് അവനെയും അടിച്ചു. 'ഇതാ മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതി

യാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു' (എബ്രാ. 2:15). ഇതാ സ്വർഗ്ഗവാതിൽ താൻ നമുക്കായി തുറന്നിരിക്കുന്നു. നമ്മുടെ ആത്മാക്കളെ ദൈവകരങ്ങളിൽ ഏൽപിക്കുവാനുള്ള സ്വാതന്ത്ര്യം നമുക്കു താൻ നൽകി യിരിക്കുന്നു.

നമുക്കും ഇഹലോകജീവിതാന്ത്യത്തിൽ നമ്മുടെ ആത്മാവിനെ കർത്തൃ തൃക്കരങ്ങളിൽ സമർപ്പിക്കാം.

(മലങ്കരസഭ, 1970 മാർച്ച്)

പിൻഗാമിയെ തിരഞ്ഞെടുക്കുവാൻ നിരണത്ത് ചേർന്ന അസോസി യേഷനിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു. 1962 മെയ് 17.

നെടുമാവ് ജോർജച്ചൻ: സഭാസ്നേഹത്തിന്റെ ആൾരൂപം

ഫാ. ഡോ. ജേക്കബ് കുര്യൻ

ഓർമ്മയിലെന്നും സജീവമാണല്ലോ ഓരോരുത്തർക്കും അവരവരുടെ ഇടവകപള്ളിയിലെ പെരുന്നാൾ. അങ്ങനെ ഒരു ദിവസമാണ് ഞങ്ങൾ കുറെ ഹൈസ്കൂൾ വിദ്യാർത്ഥികളെ നെടുമാവ് സെന്റ് പോൾസ് പള്ളിയിലെ മദ്ബഹായിൽ പ്രവേശിപ്പിച്ചത്. കുപ്പായം ഇട്ട് ത്രോണോസുകൾ മുത്താനും അച്ചന്മാരുടെ കൈ മുത്താനും ചെന്നപ്പോൾ, ഒരു ത്രോണോസിൽ കാപ്പയിട്ട് മൂന്നുമ്മേലിന് ചൊല്ലാൻ നിൽക്കുന്നത് നെടുമാവ് ജോർജച്ചൻ ആയിരുന്നു. കൈ മുത്തിച്ചിട്ടു പറഞ്ഞു "തീയാണിതെന്ന് ഓർത്തോണം." ഗൗരവം വിടാതെ സാമാന്യം ഉച്ചസ്വരത്തിൽ ബഹു. അച്ചൻ അതു പറഞ്ഞപ്പോൾ ഒരു മിന്നൽപ്പിണർ ഉള്ളിലെവിടെയോ സ്പർശിച്ച പ്രതീതി. പിന്നീടെന്നും, നെടുമാവ് ജോർജച്ചനെ അനുസ്മരിക്കുമ്പോൾ ഒരു മിന്നൽ മാത്രമല്ല ഇടിമുഴക്കവും അന്തരംഗത്തിലുണ്ടാവുന്നു.

മലങ്കരസഭാ മാസികയുടെ എഡിറ്ററായും, മാനേജരായും ഒക്കെ ഒരു കാൽ നൂറ്റാണ്ടോളം പ്രവർത്തിച്ച്, പൗരസ്ത്യ കാതോലിക്കേറ്റിന്റെ ശക്തനായ വക്താവും, സഭാകേന്ദ്രത്തിലെ സമർപ്പിത ശുശ്രൂഷകനും ഒക്കെയായി 1971 ജൂലായ് 30-ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ വന്ദ്യനായ ജോർജച്ചൻ സഭാചരിത്രത്തിലെ ഒരപൂർവ്വ വ്യക്തിത്വമായിരുന്നു. 1922 സെപ്റ്റംബർ 6-ാം തീയതി താഴേതിൽ വറുഗീസിന്റെയും അന്നമ്മയുടെയും പുത്രനായി ജനിച്ച ജോർജ് ജീവിതയാത്രയിൽ ധാരാളം അനുഭവങ്ങളുടെ അകമ്പടിയോടെയാണ്, പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ശിഷ്യനും, ശുശ്രൂഷകനും ആയി പരിണമിച്ചത്. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അടുക്കലെത്തുന്നതിനു മുമ്പ്, നെടുമാവ് സെന്റ് പോൾസ് ഇടവകയുടെ സ്ഥാപകനായ കരിങ്ങണാമറ്റത്തിൽ മാത്യൂസ് അച്ചന്റെ ശിഷ്യനായിരുന്നു. ആ ഗുരുവിന്റെ ശിക്ഷണം കിട്ടിയതിനാൽ ഹൈസ്കൂൾ ഫൈനൽ പരീക്ഷയിൽ അഖില മലങ്കര ഒന്നാം സ്ഥാനം ജോർജിനു ലഭിച്ചു. പഴയസെമിനാരിയിൽ തുടങ്ങി ദേവലോകത്ത് സായൂജ്യമടഞ്ഞ ഒരു ഉപനയനപാതയിൽ ജോർജ് എന്ന ശിഷ്യനെ ഗീവർഗീസ് ദ്വിതീയൻ ബാവാ എന്ന ഗുരുവിനും, ഗുരുവിനെ ശിഷ്യനും പ്രിയപ്പെടുവാൻ നിരവധി കാരണങ്ങൾ ഉണ്ടായി. ഗുരുവിന് ശിഷ്യനെ പ്രിയപ്പെടുവാൻ ഏറ്റവും പ്രധാനമായി മൂന്ന് കാരണങ്ങൾ ഉണ്ടായിരുന്നു. ഒന്ന്, കറയറ്റ ഗുരുഭക്തി, രണ്ട്, ഉച്ചത്തിലും ഉച്ചാരണ ശുദ്ധിയോടെയും

വായിക്കുവാനുള്ള കഴിവ്, മൂന്ന്, സഭയുടെ വിശ്വാസം, അനുഷ്ഠാനങ്ങൾ, കാനോനിക വ്യവസ്ഥ എന്നിവയെക്കുറിച്ചുള്ള അഭിമാന ബോധം. ശിഷ്യന് ഗുരുവിനെ പ്രിയപ്പെടുവാനും അനേകം കാരണങ്ങളിൽ മൂന്നെണ്ണം എടുത്തു പറയേണ്ടിയിരിക്കുന്നു. ഒന്ന്, ഭക്തിയുടെ ജീവിതലാവണ്യം, രണ്ട്, വേദവിജ്ഞാനത്തിന്റെ പുതുമ നിറഞ്ഞ പൊരുളുകൾ, മൂന്ന്, ആത്മീയ മക്കളോടും ശിഷ്യരോടും കാണിച്ച വാത്സല്യം.

നെടുമാവ് ജോർജച്ചൻ, ജോർജായിരുന്ന കാലത്ത് ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്ക് ഏൽപിക്കപ്പെട്ടത് കരിങ്ങണാമറ്റത്തിൽ കെ. വി. മാത്യൂസച്ചന്റെ ദീർഘവീക്ഷണം മുഖാന്തിരമാണ്. അതിനെക്കുറിച്ച് ഫാ. എൻ. വി. അലക്സാണ്ടർ ഇങ്ങനെ എഴുതുന്നു, “അന്ന് സമുദായക്കേസ് കോട്ടയം ജില്ലാക്കോടതിയിൽ ബി. കൃഷ്ണയ്യരുടെ ബഞ്ചിൽ വാദം കേൾക്കുകയാണ്. മൊഴിപ്പകർപ്പെടുക്കുന്നതിന് അന്ന് അയ്മേനി ആയിരുന്ന ജോർജച്ചൻ നിയുക്തനായി. പകൽ മുഴുവൻ കോടതിയിൽ. രാത്രിയിൽ അന്നന്ന് എഴുതിഎടുക്കുന്ന മൊഴിപ്പകർപ്പ് പരിശുദ്ധ കാതോലിക്കാ ബാവായെ വായിച്ചു കേൾപ്പിക്കണം. പുറമെ, വേദപുസ്തകവും, കോട്ടയത്തു നിന്നു പ്രസിദ്ധീകരിക്കുന്ന വർത്തമാനപത്രങ്ങളും; തികച്ചും വിരസമായിരുന്നു ഈ ജോലി. പക്ഷേ അച്ചന് രസപ്രദവും.”

എഴുതിക്കൊണ്ടു വന്നു കേൾപ്പിക്കുന്ന മൊഴി വായനയിൽ പ. ബാവാ തിരുമേനി പങ്കുചേർന്നിരുന്നത് ജോർജിന്റെ ജീവിതത്തിലെ ഭാഗ്യനിമിഷങ്ങളായിരുന്നു. വിശ്വാസം, വേദപുസ്തകം, സഭാചരിത്രം, കാനോൻ മുതലായ വിഷയങ്ങളെ സ്പർശിക്കുന്ന ഒരു പണ്ഡിത സദസ്സായി ഓരോ സന്ധ്യയും മാറുമായിരുന്നു. ഇങ്ങനെ ലഭിച്ച അറിവാണ് തന്റെ സെമിനാരി വിദ്യാഭ്യാസം എന്ന് അദ്ദേഹം തന്നെ മലങ്കരസഭയിൽ എഴുതിയ “തിരുസന്നിധിയിൽ നിന്ന്” എന്ന ലേഖന പരമ്പരയിൽ സൂചിപ്പിച്ചിട്ടുണ്ട്.

പഴയസെമിനാരിയിലെ സമുദായ ആഫീസിൽ ക്ലർക്കായി നിയമിക്കപ്പെട്ടതോടെ, “മലങ്കരസഭ” മാസികയുടെ പ്രവർത്തനത്തിലും വ്യാപൃതനായി. സാവധാനം മാസികയുടെ സമ്പൂർണ്ണ ഉത്തരവാദിത്തവും അദ്ദേഹത്തിൻമേലായി. മലങ്കരസഭാ താളുകളിൽ കാലോചിതമായ കുറിപ്പുകളും ലേഖനങ്ങളും ഉൾക്കൊള്ളിക്കുവാനും ആയത് പൊതുവേദികളിൽ ചർച്ച ചെയ്യപ്പെടുവാനും ഇടയായതു മൂലം നെടുമാവ് ജോർജ് കൂടുതൽ

ശ്രദ്ധേയനായി. "നെടുമാവ്" സഭാന്തരീക്ഷത്തിൽ സുപരിചിതമായത് അങ്ങനെയാണ്.

അദ്ദേഹം മലങ്കരസഭയിലെ കക്ഷിവഴക്കിന്റെ പശ്ചാത്തലത്തിൽ എഴുതിയ "മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനം" എന്ന ഗ്രന്ഥം മലങ്കരസഭയുടെ ചരിത്രത്തിൽ ചില വഴിത്തിരിവുകൾക്ക് മുഖാന്തിരമായി. പലർക്കും സ്വന്തം സഭാചരിത്ര വിഷയത്തിൽ ആത്മാഭിമാനം ഉളവാക്കുവാനും, ചിലർക്ക് അദ്ദേഹത്തോട് നീരസം ഉളവാക്കുവാനും ആ ഗ്രന്ഥത്തിനും അദ്ദേഹം എഴുതിയ ചില ലേഖനങ്ങൾക്കും ഇടയായി എന്നത് ഒരു പരമാർത്ഥമാണ്.

നെടുമാവ് ജോർജച്ചന്റെ ശബ്ദഗാംഭീര്യത്തോടെയുള്ള പ്രസംഗങ്ങളിലുടനീളം, ബാർ എബ്രായയുടെ ഹൂദായ കാനോനും, സുറിയാനി പിതാക്കന്മാരുടെ രചനകളുടെ സാരവും, വേദപുസ്തക ജ്ഞാനവും നിറഞ്ഞുനിന്നിരുന്നു. ദീർഘകാലമായി ആസ്തമാ രോഗിയായിരുന്ന അദ്ദേഹം 49 വർഷമേ ഈ ഭൂമിയിൽ ജീവിച്ചുള്ളുവെങ്കിലും സുരഭിലസുന്ദരമായ ഒരു ജീവിതസാക്ഷ്യം സ്വന്തമായിട്ടുണ്ട്. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സെക്രട്ടറിയും, ദേവലോകം അരമന മാനേജരും, മലങ്കരസഭാ മാസികയുടെ ദീർഘകാല മാനേജരും ആയിരുന്ന ബഹു. റ്റി. ജി. സഖറിയാ അച്ചൻ, നെടുമാവ് ജോർജച്ചനെക്കുറിച്ച് മലങ്കരസഭയിൽ എഴുതിയ ലേഖനം ഉൾപ്പെടെ, നെടുമാവ് ജോർജച്ചനിൽ നിന്ന് തന്റെ ഗുരുവായ പ. ഗീവർഗീസ് ദ്വിതീയൻ ബാവായെ സംബന്ധിച്ച് ലഭ്യമായ അമൂല്യ അനുസ്മരണ കുറിപ്പുകൾ ചേർത്ത് സോഫിയാ ബുക്സിനു വേണ്ടി ശ്രീ. ജോയ്സ് തോട്ടയ്ക്കാട് തയാറാക്കിയിട്ടുള്ള ഈ ഗ്രന്ഥം ആ ധന്യാത്മാവിന്റെ സ്മരണികയായി തീർന്നിരിക്കുന്നു. ഇതിൽ ഇന്നത്തെ തലമുറയ്ക്ക്, പൗരസ്ത്യ ആദ്ധ്യാത്മികതയെ ഗീവർഗീസ് ദ്വിതീയൻ ബാവായിലൂടെ പരിചയപ്പെടുത്തുന്ന ഉൾക്കാഴ്ചകൾ ഉള്ളത് ശ്രദ്ധിക്കപ്പെടാതെ പോകരുതെന്ന ആഗ്രഹത്തോടെ, നെടുമാവിന്റെ അഭിമാനമായ റ്റി. വി. ജോർജച്ചന് ഈ സ്മരണാഞ്ജലി അർപ്പിക്കുന്നു.

നെടുമാവ് അച്ചൻ

(ഒരു അനുസ്മരണ)

നമ്മുടെ സഭാകേന്ദ്രത്തിൽ താമസിച്ചു 'മലങ്കരസഭ'യുടെ മാത്രമല്ല, കാതോലിക്കേറ്റ് ഓഫീസിന്റെയും സജീവശക്തിയായി പ്രവർത്തിച്ച ബഹുമാനപ്പെട്ട നെടുമാവ് ജോർജ്ജ് അച്ചൻ നമ്മിൽ നിന്നും വേർ പിരിഞ്ഞു പോയി. ഇതൊരു വസ്തുതയാണെങ്കിലും ഞങ്ങൾക്കു തന്നെയും അതു വിശ്വസിക്കുവാൻ പ്രയാസമായി തോന്നിപ്പോവുകയാണ്. അദ്ദേഹത്തിന്റെ നിര്യാണം മൂലം 'മലങ്കരസഭ' മാസികയുടെ ജീവനാഡി തന്നെ തളർന്നു പോയോ? ഇത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

'വരിസംഖ്യയുണ്ടോ?' എന്നുള്ള പ്രഥമ ചോദ്യത്തോടുകൂടിയാണു മലങ്കരസഭാ മാസികാ ബന്ധുക്കളെ ബഹുമാനപ്പെട്ട അച്ചൻ സ്വാഗതം ചെയ്തുകൊണ്ടിരുന്നത്. കാരണം സഭാമാസികയുടെ ജീവാത്മാവും പരമാത്മാവും അച്ചൻ തന്നെയായിരുന്നു. കാൽ ശതാബ്ദത്തിലധികമായി ഈ മാസിക മുടങ്ങാതെ പ്രസിദ്ധീകൃതമായത് അച്ചന്റെ അഹോരാത്ര പരിശ്രമത്താലായിരുന്നു എന്നതിനു രണ്ടുപക്ഷമില്ല. 'മലങ്കരസഭ'യ്ക്കു മറ്റു ഔദ്യോഗിക ഭാരവാഹികൾ ഉണ്ടായിരുന്നെങ്കിലും മാസികയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും ജോർജ്ജച്ചനാണു നിർവ്വഹിച്ചിരുന്നത്. ഒരു മാസിക നടത്തുക എന്നത്, പ്രത്യേകിച്ചു മതപരമായ ഒരു പ്രസിദ്ധീകരണം മുടങ്ങാതെ കൊണ്ടുപോകുകയെന്നത്, ദുഷ്കരമായ ഒരു കൃത്യമാണല്ലോ. പ്രസിദ്ധീകരണങ്ങൾക്കു മുൻകൈ എടുക്കുകയോ വേണ്ടത്ര പ്രോത്സാഹനങ്ങൾ നൽകുകയോ ചെയ്യാത്ത ഒരു രംഗത്തിൽ വിപദി ധൈര്യത്തോടും ആത്മവിശ്വാസത്തോടും കൂടി പ്രവർത്തിച്ചു മൺമറഞ്ഞ ആ സഭാദാസൻ - നമ്മുടെ ജോർജ്ജച്ചൻ - മാസികാ വായനക്കാരിൽ നിന്നുള്ള ആദരാഞ്ജലികൾക്ക് ഏറ്റം അർഹനാണ്. അദ്ദേഹത്തിന്റെ ശവസംസ്ക്കാര ചടങ്ങുകളിൽ തടിച്ചുകൂടിയ ജനാവലിയും മൃതദേഹത്തിൽ അർപ്പിക്കപ്പെട്ട പുഷ്പചക്രങ്ങളുടെ ബാഹുല്യവും ലഭിച്ചിട്ടുള്ള അനുശോചനകത്തുകളും, ഈ വസ്തുത വിളിച്ചറിയിക്കുന്നു. സഭയ്ക്കുവേണ്ടി അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ നിഷ്ഫലമായില്ല.

ജോർജ്ജച്ചനെ - നെടുമാവു ജോർജ്ജായി അറിയപ്പെട്ടിരുന്ന - 1948 മുതൽ തന്നെ അടുത്തു പരിചയപ്പെടുന്നതിനു ഈ ലേഖകനു സാധിച്ചിട്ടുണ്ട്. പഴയസെമിനാരിയിൽ അക്കാലത്തു ഞങ്ങൾ ഒന്നിച്ചു താമസിച്ചിരുന്നു.

അദ്ദേഹം നമ്മുടെ സഭയിലെ അഭ്യസ്തവിദ്യരുടെ പട്ടികയിൽ പെട്ടി

രുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഈടുറ്റവയായിരുന്നു. അവയുടെ ആഴം ഗ്രഹിക്കുവാൻ സാധാരണക്കാർക്കു അൽപം പണിപ്പെടേണ്ടിയിരുന്നു. അദ്ദേഹം ബിരുദം നേടിയ ഒരു ലിഖിത പണ്ഡിതനല്ലായിരുന്നെങ്കിലും തന്റെ തൂലിക വരച്ചിട്ടുള്ള ചിത്രങ്ങൾ പ്രതിഭയുറ്റവയായിരുന്നു. 'മലങ്കരസഭ'യിൽ വന്നുകൊണ്ടിരുന്ന ഓരോ പദങ്ങളിലും നെടുമാവച്ചന്റെ ആവശ്യമായ മിനുക്കുപണികൾ തുടർന്നുകൊണ്ടിരുന്നു. പല എഴുത്തുകാരുടെയും ലേഖനങ്ങളിലും മറ്റും പ്രത്യക്ഷപ്പെടുന്ന സ്ഖലിതങ്ങളെ കണ്ടുപിടിക്കുന്നതിൽ അദ്ദേഹത്തിന്റെ സൂക്ഷ്മദൃഷ്ടി ഒരിക്കലും തോറ്റിട്ടില്ല. തന്മൂലം പലരുടെയും നീരസത്തിനും വിമർശനത്തിനും അച്ചൻ പാത്രമാകേണ്ടതായി വന്നിട്ടുണ്ടെങ്കിലും ഒരിടത്തും തല കുനിക്കുവാൻ അദ്ദേഹത്തിന് ഇടയായിട്ടില്ല.

ജോർജ്ജച്ചന്റെ സഭാചരിത്ര പാണ്ഡിത്യവും സഭാഭക്തിയും അനിതരസാധാരണമായിരുന്നു. കാലംചെയ്ത പുണ്യശ്ലോകനായ പൗരസ്ത്യ കാതോലിക്കാ ബാവാ മോറാൻ മാർ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമനസ്സിലെ പാദപീഠമായിരുന്നു നെടുമാവച്ചന്റെ വൈദിക കലാലയം. ഗമാലിയേലിന്റെ പാദപീഠത്തിലിരുന്ന് ശൗൽ അഭ്യസിച്ചതുപോലെ കാലംചെയ്ത ആ പരിശുദ്ധ പിതാവിന്റെ ദിവ്യസന്നിധിയിൽ, തൃപ്പാദത്തിങ്കൽ, പുൽപ്പായയിൽ ഇരുന്ന് അദ്ദേഹം അഭ്യസിച്ചു. തിരുവായിൽ നിന്നു കേട്ട ഓരോ വാക്കും ആഴമായി ഹൃദയഭിത്തിയിൽ എഴുതിച്ചേർത്തിരുന്നു. പരിശുദ്ധ പിതാക്കന്മാരുടെ തത്വചിന്തകളെയും അവരുടെ പാരമ്പര്യങ്ങളെയും ലളിതമനോഹരമായി പരിശുദ്ധ പിതാവ് ഉരുവിടുമ്പോൾ അവ തേനിനേക്കാളും തേൻകട്ടയേക്കാളും മധുരമേറിയവയായി ആർത്തിയോടെ ഭുജിക്കുന്നതിൽ ആരേയും അദ്ദേഹം അതിശയിച്ചിരുന്നു. ഇരുപതു വർഷക്കാലം ഒട്ടും മുടങ്ങാതെ ആ വിജ്ഞാനത്തിന്റെ ഉറവയിൽ നിന്നും ഊറ്റിക്കുടിച്ച അദ്ദേഹം അവ മറ്റുള്ളവർക്കും പകർന്നുകൊടുത്തുകൊണ്ടിരുന്നു. മലങ്കരസഭാ മാസികയിൽ കൂടിയും, പ്രസംഗങ്ങളിൽ കൂടിയും വെറും സംഭാഷണങ്ങളിൽ കൂടിപോലും സഭാചരിത്രത്തിലെ യാഥാർത്ഥ്യങ്ങളും, വിശ്വാസസത്യങ്ങളും, സാന്മാർഗ്ഗിക മൂല്യങ്ങളും ജോർജ്ജച്ചനിൽ നിന്നും പ്രവഹിക്കുന്നത് ആസ്വദിക്കുവാൻ ഒരു പ്രത്യേക സുഖം ഉണ്ടായിരുന്നു.

ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് ഉയർന്ന വിദ്യാഭ്യാസത്തിനു സൗകര്യങ്ങൾ ലഭിക്കാതിരുന്ന അദ്ദേഹം നമ്മുടെ സഭയിലെ മുൻകിട വൈദികരേക്കാൾ കാനോൻ, സഭാചരിത്രം, വേദവിജ്ഞാനം എന്നിവയിൽ അറിവുള്ളവനായിരുന്നു. ഈ വിവരം മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി, ബ. അച്ചന്റെ വസതിയിൽ വച്ചു നടത്തിയ ചരമ പ്രസംഗത്തിൽ പ്രത്യേകം ചൂണ്ടിക്കാണിക്കുകയുണ്ടായി. നെടുമാവ്

ജോർജ്ജ് വൈദികപദവി സ്വീകരിച്ചപ്പോൾ പലരും അത്ഭുതപ്പെട്ടു. അതിന് അദ്ദേഹത്തിന് യോഗ്യതയുണ്ടോ എന്നു ചിലർ സംശയിച്ചിരുന്നു. 25 വർഷക്കാലം പഴയസെമിനാരിയിലും ദേവലോകത്തും താമസിച്ചു ലഭിച്ച പരിശീലനവും, അറിവും അന്നു നിലവിലിരുന്ന വ്യവഹാരാവശ്യങ്ങളിലേക്ക് കാനോൻ, ബാർ എബ്രായയുടെ എക്ലീസിയാസ്റ്റിക്കി, സാക്ഷിമൊഴികൾ ഇവ പകർത്തുകയും, വാദങ്ങൾ കേൾക്കുകയും ആവർത്തിച്ചു പഠിക്കുകയും 'മലങ്കരസഭ'യുടെ ചീഫ് എഡിറ്ററായിരുന്ന ദിവംഗതനായ എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ നിയന്ത്രണത്തിൽ ദീർഘകാലം മാസികയിൽ ലേഖനങ്ങൾ എഴുതുകയും, മറ്റുള്ളവരുടെ ലേഖനങ്ങൾ പരിശോധിക്കുകയും മറ്റും ചെയ്തുള്ള പരിചയസമ്പത്തും സർവോപരി അദ്ദേഹത്തിന്റെ സ്വഭാവവിശേഷവുമാണ് ജോർജ്ജിനു പട്ടം കൊടുക്കുന്നതിന് പിതാക്കന്മാരെ പ്രേരിപ്പിച്ചത്. അത് ഒരിക്കലും അസ്ഥാനത്തായിരുന്നില്ല എന്ന് അദ്ദേഹത്തിന്റെ കുറഞ്ഞ കാലത്തെ വൈദികജീവിതം തെളിയിച്ചിട്ടുണ്ട്. ഉറക്കെ മാത്രം സംസാരിക്കാനറിയാമായിരുന്ന അദ്ദേഹം ഉറക്കെ മാത്രം ചിന്തിക്കുകയും ചെയ്തിരുന്നു. നമ്മുടെ സഭയുടെ പാവനമായ വിശ്വാസാചാര പാരമ്പര്യങ്ങളെപ്പറ്റി പറയുമ്പോൾ ആ ശബ്ദം ഘനഗാംഭീര്യമുള്ളതായിത്തീരുമായിരുന്നു. ലോകത്തിലെ എല്ലാ സഭകളേക്കാളും പഴക്കത്തിലും, പാരമ്പര്യത്തിലും, മഹത്വത്തിലും, മഹനീയതയിലും, വിശ്വാസത്തിലും, വിശുദ്ധിയിലും ഔന്നത്യം താൻ ജനിച്ചു വളരുന്ന മലങ്കര ഓർത്തഡോക്സ് സഭയ്ക്കാണെന്ന് വിശ്വസിക്കുകയും, അത് ഉത്ഘോഷിച്ച് സമർത്ഥിക്കുകയും ചെയ്യുന്നതിന് അദ്ദേഹത്തിനുണ്ടായിരുന്ന അതീവ സാമർത്ഥ്യം ഒന്നു വേറെ തന്നെയായിരുന്നു. അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങളും ലേഖനങ്ങളും താൻ മുറുകെ പിടിച്ചിരുന്ന വിശ്വാസസത്യങ്ങളുടെ പ്രതിഫലനങ്ങളാണെന്നു തീർത്തു പറയാം. കലാശാലാഭ്യസനം സിദ്ധിച്ചില്ലെങ്കിലും അച്ചന്റെ ലേഖനങ്ങളിലും മറ്റും കാണുന്ന ആവിഷ്ക്കരണ ഭംഗിയും, ഭാഷാപ്രയോഗങ്ങളും ഒരു കിടയറ്റ എഴുത്തുകാരന്റെ ഗുണഗണങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു.

അപ്രതീക്ഷിതവും അവിശ്വസനീയവുമായിരുന്നു നെടുമാവച്ചന്റെ ചരമവാർത്ത. അദ്ദേഹം ആരോഗ്യവാനായിരുന്നില്ലെങ്കിലും ഇത്ര വേഗം നമ്മെ വിട്ടുപോകുമെന്ന് ആരുംതന്നെ വിചാരിച്ചിരുന്നില്ല. സേവനത്തിനായി ദൈവം നിശ്ചയിച്ചിരുന്ന സമയം വരെ അദ്ദേഹം സേവനനിരതനായിരുന്നു. 'അടർക്കളത്തിൽ വീരചരമം പ്രാപിക്കുന്ന ഒരു യോദ്ധാവിന്റെ പ്രതീതിയാണ് നെടുമാവച്ചന്റെ ചരമവാർത്താ ശ്രവണവേളയിൽ മനസ്സിൽ ഉദയം ചെയ്തത്' എന്ന് നമ്മുടെ സഭയിലെ ഒരു അഭിവന്ദ്യ തിരുമേനി ഇവിടെ എഴുതി അയച്ചത് എത്ര അന്വർത്ഥമാണ്.

ഇക്കാലത്ത് സേവനം എന്ന മധുരവാക്ക് സാമൂഹ്യ, രാഷ്ട്രീയ, സാമുദായിക, സാഹിത്യ രംഗങ്ങളിലെല്ലാം നാം കേൾക്കാറുണ്ട്. പള്ളയും കീശയും വീർപ്പിക്കുന്ന ഇത്തിക്കണ്ണികളും, സ്വസഹോദരന്റെ പോലും ചോരയും നീരും ഊറ്റിക്കുടിച്ചു തൃപ്തരാകുന്ന കുഞ്ഞാടുവേഷധാരികളായ ചെന്നായ്ക്കളും, വ്യക്തിപൂജയ്ക്കും പ്രതാപത്തിനുമായി തങ്ങളുടെ മഹനീയ സ്ഥാനങ്ങളെ കരുതി മുതലെടുക്കുന്ന നേതാക്കന്മാരും നടത്തുന്ന ചൂഷണവിദ്യകളും അടവുകളും പോലും സേവനമെന്ന പരിവേഷത്തിൽ ഇക്കാലത്തു കീർത്തിക്കപ്പെടാറുണ്ടല്ലോ. കൊച്ചു കുരങ്ങന്മാരെക്കൊണ്ട് സ്വന്തം കാര്യം നേടുന്ന ബുദ്ധിരാക്ഷസന്മാരും സേവനം നടത്തുന്നതായി വ്യാഖ്യാനിക്കപ്പെടുന്നു. നെടുമാവച്ചൻ പ്രതിഫലം നോക്കിയിട്ടായിരുന്നില്ല സേവനം ചെയ്തത്. പ്രത്യുത, മലങ്കരസഭയേയും 'മലങ്കരസഭ'യെയും അദ്ദേഹം ജീവനിൽ ജീവനായി സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്നു. ഒരു സ്നേഹനിധിയായ പിതാവ് പ്രിയ മക്കളുടെമേൽ വാത്സല്യവായ്പോടെ നോക്കുന്നതുപോലെയായിരുന്നു പ്രസ്സിൽ നിന്നു കൊണ്ടുവരുന്ന മാസികകളിന്മേൽ നോക്കുകയും അതിൽ ഒന്നെടുത്തു ചുംബിച്ചു തലോടുകയും ചെയ്തിരുന്നത്. അതെല്ലാം തനിക്കു ജന്മം കൊടുത്ത മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയോടും അതിന്റെ പരമാധികാര സ്ഥാനമായ കാതോലിക്കാ സിംഹാസനത്തോടുമുണ്ടായിരുന്ന കറയറ്റ ഭക്തിബഹുമാനങ്ങളുടെ ബാഹ്യസ്ഫുരണങ്ങൾ ആയിരുന്നു. അദ്ദേഹത്തിന്റെ കാതോലിക്കാ സിംഹാസനഭക്തി ആദരണീയമായിരുന്നു. തന്റെ ഗുരുവായ കാലംചെയ്ത പ. ബാവാ തിരുമേനിയിൽ നിന്നു പഠിച്ച ആ ഭക്തി, ജീവിതത്തിൽ ഉടനീളം പ്രകടിതമായി കാണാമായിരുന്നു. 'മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനം' എന്ന ഒരു ഈടുറ്റ ഗ്രന്ഥം തന്നെ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'ഗ്രന്ഥകർത്താവ് മലങ്കരസഭയുടെ ന്യായയുക്തമായ അവകാശങ്ങളെ സ്ഥാപിക്കുന്നതിന് ഇതിനു മുമ്പ് മലങ്കരസഭാ മാസിക വഴിയായി ചെയ്തിട്ടുള്ള അനേക ഉദ്യമങ്ങൾക്കു മകുടം ചാർത്തുന്ന ഒന്നാണ് ഈ ചെറു പുസ്തകം. ഈ പുസ്തകം മുഖാന്തിരം മലങ്കര മാർത്തോമ്മാ സിംഹാസനത്തെപ്പറ്റി ഇപ്പോൾ കേൾക്കപ്പെടുന്ന അപശബ്ദങ്ങൾ എന്നെന്നേക്കുമായി അവസാനിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണ്' എന്നുള്ള ബാഹ്യകേരള ഇടവകയുടെ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രസ്താവന (അവതാരിക) ജോർജ്ജച്ചനെ സംബന്ധിച്ചിടത്തോളം ഒരു ബിരുദമോ, കീർത്തിമുദ്രയോ ആയി പരിഗണിക്കാവുന്നതാണ്. അവസാനമായി അദ്ദേഹം എഴുതിയ ലേഖനം തന്നെ 'മലങ്കരസഭയുടെ ശ്ലൈഹിക സിംഹാസനം' എന്നുള്ളതായിരുന്നു.

തനിക്കു ലഭിച്ചിട്ടുള്ള അറിവിന്റെ വെളിച്ചത്തിൽ മനസ്സാക്ഷിപ്രകാരം

ഉള്ളതു തുറന്നു പറയുകയും വലിപ്പചെറുപ്പ ഭേദമില്ലാതെ ഋജുബുദ്ധി യോടുകൂടി അഭിപ്രായങ്ങൾ സമർത്ഥിക്കുകയും ചെയ്യുന്ന സ്വഭാവക്കാ രനായിരുന്നു നെടുമാവച്ചൻ. ഇതിൽ അദ്ദേഹത്തോടു ചിലർക്ക് അസുഖം തോന്നാറുണ്ടായിരുന്നു. വലിച്ചാൽ നീളുന്ന മനസ്സാക്ഷിയും, പ്രത്യേക പരിഗണനകൾ കൊടുത്തുകൊണ്ടുള്ള വ്യക്തിപൂജയും ജോർജ്ജച്ചനിൽ അശേഷം ഇല്ലായിരുന്നു. തൻനിമിത്തം ചിലരുടെയൊക്കെ ദൃഷ്ടിയിൽ അച്ചൻ നല്ലപിള്ളയായിരുന്നില്ല. നമ്മുടെ സഭയുടെ ഇന്നത്തെ നിലയിൽ സമുദായസേവനത്തിനു ഇറങ്ങുമ്പോൾ ഒരാൾ വ്യക്തിപൂജയ്ക്ക് ഒരു ങ്ങുന്നില്ലെങ്കിൽ ആ ആളിന്റെ സേവനം എത്ര ആത്മാർത്ഥതയിൽ കൂടെ ആയിരുന്നാലും പരാജയത്തിലേ കലാശിക്കുകയുള്ളു എന്ന് ബ. ജോർ ജ്ജച്ചൻ തന്റെ സഹപ്രവർത്തകരോടു പറയാറുണ്ടായിരുന്നു.

ജീവിതത്തിനു വില കല്പിക്കേണ്ടത് അതിന്റെ കാലദൈർഘ്യം കൊണ്ടല്ല. എങ്ങനെ, എന്തു പ്രവർത്തിച്ചു എന്നുള്ളതുകൊണ്ടാണ്. ആത്മാർത്ഥതയോടും നിഷ്കപടമായും നെടുമാവച്ചൻ തനിക്കു ലഭിച്ച സേവനാവസരത്തെ ഉപയോഗിച്ചു. പ്രയോജനപ്രദമായ പല ലേഖന ങ്ങളും, ഗ്രന്ഥങ്ങളും മലങ്കരസഭാ മാതാവിനു സമർപ്പിച്ചു. ഇന്നിതാ ആ പ്രകാശസ്തംഭം പൊലിഞ്ഞുപോയി. അദ്ദേഹത്തിന്റെ എഴുതി തെളിഞ്ഞ തൂലിക നിശ്ചലമായി. ആ കൃശശരീരം മണ്ണിൽ മറഞ്ഞു. ആ ഘനഗാംഭീ ര്യശബ്ദം നിശ്ശബ്ദമായിപ്പോയി. ആ കാന്തി ചിന്തിയ കണ്ണുകൾ അടഞ്ഞു. പരിശുദ്ധാത്മ കീർത്തനം പാടിയ വായും, നാവും പൊത്തപ്പെട്ടു. ദൈവിക സുവിശേഷം ഘോഷിച്ച അധരം ശബ്ദരഹിതമായി. അതേ, നമ്മുടെ പ്രിയങ്കരനായിരുന്ന 'നെടുമാവച്ചൻ' എന്നന്നേക്കുമായി മലങ്കരസഭയോടു വിടവാങ്ങി. പക്ഷേ അദ്ദേഹത്തിന്റെ വ്യക്തിത്വം നശിക്കുകയില്ല. അദ്ദേ ഹത്തിന്റെ സഭാഭക്തിയുടെ വീചികൾ സഭയിൽ പ്രതിഫലിക്കാതിരിക്കു കയില്ല. ആ കൃശഗാത്രത്തിൽ ഒതുങ്ങിനിന്ന വലിയ മനുഷ്യൻ, വിശ്വാ സപ്പോരാളി, ജീവിതനിഷ്ഠാ തൽപ്പരൻ, യഥാർത്ഥ സന്യാസി, മലങ്കര യുടെ വീരയോദ്ധാവ്, 'മലങ്കരസഭ'യുടെ നിലയ്ക്കാത്ത വേണു, ആരിൽ നിന്നും താൻ ഇവയെല്ലാം അടർത്തിയെടുത്തുവോ ആ പരിശുദ്ധ പിതാ വിന്റെ പിന്നാലെ ഇതാ പറന്നുപോയിരിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവും തന്റെ അരുമനാഥനോടൊത്ത് വിശ്രമിക്കട്ടെ. ആനന്ദങ്ങളുടെ പറുദീസായുടെ അവകാശീ, ആനന്ദിച്ചാലും!!

- ഫാദർ റ്റി. ജി. സഖറിയാ,
കാതോലിക്കേറ്റ് ഓഫീസ്

(മലങ്കരസഭ, 1971 ഓഗസ്റ്റ്)



ഭാഗം 4

പ്രഭാഷണങ്ങൾ

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

1

സഭയുടെ 'സിംഹക്കുട്ടി'

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ,

നമ്മുടെ ഇടയിൽനിന്ന് വാങ്ങിപ്പോയിരിക്കുന്ന ഈ വിശുദ്ധ പിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നതിനായി വന്നുകൂടിയിരിക്കുന്ന നിങ്ങളോട് അദ്ദേഹത്തെക്കുറിച്ച് അല്പം സംസാരിക്കുന്നത് അനുചിതമായിരിക്കയില്ലല്ലോ. ലോകപ്രകാരം നോക്കുന്നപക്ഷം അദ്ദേഹം ഒരസാധാരണമനുഷ്യൻ ആയിരുന്നുവെന്ന് നിങ്ങളേവരും സമ്മതിക്കുമെന്ന് നാം വിശ്വസിക്കുന്നു. കണ്ടോ കേട്ടോ അദ്ദേഹത്തെ അറിഞ്ഞിട്ടുള്ള നാനാജാതി മതസ്ഥരായ ഏവരും ഐകകണ്ഠ്യേന സമ്മതിക്കുന്ന ഒരു പരമാർത്ഥമാണിത്. അദ്ദേഹം ഒരു അഗാധ ബുദ്ധിമാനും വലിയ ജ്ഞാനിയും, മഹാപണ്ഡിതനും, ധീരയോദ്ധാവും, അചഞ്ചലഹൃദയനുമായിരുന്നു. എത്രയും വിഷമമേറിയ ഒരു ഘട്ടത്തിൽക്കൂടി വിജയപൂർവ്വം അദ്ദേഹം സഭയെ മുമ്പോട്ടു നയിച്ചു. പരാജയത്തിൽപ്പോലും ധൈര്യസമേതം പോരാടി വിജയം സമ്പാദിച്ചു. അദ്ദേഹത്തിനു സമാനമായി നമ്മുടെ ഇടയിൽ ആരുള്ളൂ? ജീവിച്ചിരുന്നപ്പോൾ അദ്ദേഹം ഒരു സിംഹക്കുട്ടി തന്നെയായിരുന്നു. സ്വതസിദ്ധമായ ഗാംഭീര്യത്തോടും ശോഭയോടും കൂടിത്തന്നെ അദ്ദേഹം ഇപ്പോഴും സ്ഥിതിചെയ്യുന്നു എന്ന് അവിടത്തെ മൃതശരീരം കണ്ടാൽ ആർക്കും തോന്നുകയില്ലയോ?

ബാലസിംഹത്തിനും മുട്ടുണ്ടായേക്കാം. എന്നാൽ അദ്ദേഹത്തിന് ഒരിക്കലും ഒരു കുറവും ഉണ്ടായിട്ടില്ല. എന്തെങ്കിലും ഇല്ലാതിരുന്നു വിഷമിപ്പാൻ അദ്ദേഹത്തിന് ഇടയായിട്ടില്ല. ദൈവത്തെ ആശ്രയിക്കുന്ന നീതിമാന് ഒരിക്കലും മുട്ടുണ്ടാകയില്ലല്ലോ. മരണനിഴലിൻ താഴ്വരയിൽക്കൂടി നടക്കേണ്ടി വന്നപ്പോഴും അദ്ദേഹത്തിന് ആളുകളും പണവും ലോഭം കൂടാതെ ഉണ്ടായിരുന്നു. രോഗക്കിടക്കയിലും ഒരു കുറവും അദ്ദേഹത്തിന് അനുഭവിക്കേണ്ടി വന്നില്ല. എട്ടു ദിവസത്തോളം അദ്ദേഹം രോഗശയ്യയിൽ ആയിരുന്നു. ചികിത്സയ്ക്കും പരിചരണത്തിനും യാതൊരു കുറവുമില്ലായിരുന്നു. വിദഗ്ദ്ധന്മാരായ ഭിഷഗ്വരന്മാർ തന്നെയാണ് ചികിത്സകൾ നടത്തിയത്. അവസാനം സമീപിക്കുവോളം സുബോധമുണ്ടായിരുന്നു. അദ്ദേഹത്തിന് കാണേണ്ടവരും, അദ്ദേഹത്തെ കാണേണ്ടവരുമായ മിക്കവരും വന്ന് അദ്ദേഹത്തെ സന്ദർശിച്ചു. മേല്പട്ടക്കാരായ ഞങ്ങളും അനേകം പട്ടക്കാരും സദാ കൂടെയുണ്ടായിരുന്നു. 'കന്തീലാ

ശുശ്രൂഷ' നടത്തിയപ്പോൾ എത്രയും തെളിവായ ബുദ്ധിയോടെ അദ്ദേഹം അതിൽ സംബന്ധിച്ചു. കുരിശുവരയ്ക്കേണ്ട സമയങ്ങളിൽ ഒക്കെയും അദ്ദേഹം തന്നെത്താൻ അപ്രകാരം ചെയ്തു. എന്നു മാത്രമല്ല, ശുശ്രൂഷാനന്തരം ആരും ഓർമ്മിപ്പിക്കാതെതന്നെ ക്രമപ്രകാരം ചുറ്റും നിന്നവരെ 'റൂശ്മാ' ചെയ്തനുഗ്രഹിച്ചു. മരണശേഷവും അദ്ദേഹത്തിന് എന്തെങ്കിലും കുറവുണ്ടോ? ഒരുവൻ ലോകത്തിൽ എത്ര മഹാനായി ജീവിച്ചാലും അവനുചിതമായ കബറടക്കം ലഭിക്കാതിരുന്നാൽ അവൻ അലസിപ്പോയ ഗർഭപിണ്ഡത്തിനു സദൃശനാണെന്നു മഹാജ്ഞാനിയായ ശലോമോൻ പറഞ്ഞിരിക്കുന്നു. ആകയാൽ യോഗ്യമായ കബറടക്കമെന്നുള്ളതു നിസാരകാര്യമല്ല. നമ്മുടെ ഈ പരിശുദ്ധ പിതാവിന് ആ ഭാഗ്യവും അധീനമായിരിക്കുന്നു. ഇത്രയധികം പട്ടക്കാരും ശെമ്മാശന്മാരും അയ്മേനികളും ഏതെങ്കിലും ഒരു കബറടക്കശുശ്രൂഷയിൽ സംബന്ധിച്ചിട്ടുള്ളതായി നമുക്കറിവില്ല. ഇതു സംബന്ധിച്ചുള്ള സന്നാഹങ്ങളും ക്രമീകരണങ്ങളും എത്രയോ ഉപരിയായിരിക്കുന്നു. ഒരു രാജർഷിക്കുചിതമായ വിധം തന്നെ അതും സാധിച്ചിരിക്കുന്നു.

ലോകപ്രകാരം നോക്കുന്നപക്ഷവും അദ്ദേഹം ഒരു മഹാൻ തന്നെയായിരുന്നു. തോൽവികളിൽപോലും നിരാശ കൂടാതെ സധൈര്യം പോരാടി ജയഘോഷം കൊണ്ടിട്ടുള്ളവനാണ്. ഒരു കുറവും അദ്ദേഹം അനുഭവിക്കേണ്ടിവന്നിട്ടില്ല. ആത്മീയപ്രകാരവും അദ്ദേഹം ഒരു മഹാനും യാതൊരു കറയും കുറവും ഇല്ലാത്തവനുമായിരുന്നുവെന്നാണ് നമ്മുടെ അഭിപ്രായം. പലർക്കും അത് അറിയുന്നതിനു സാധിച്ചിട്ടില്ല. കാരണം, അദ്ദേഹം അത് അശ്ശേഷം ഭാവിക്കുന്ന ആളല്ലായിരുന്നു എന്നുള്ളതാണ്. നമ്മുടെ കർ ത്താവ് ഉഗ്രമായി ശപിച്ചിട്ടുള്ള കപടഭക്തിയുടെ നിഴൽ പോലും അദ്ദേഹത്തിലില്ലായിരുന്നു. നമ്മൾ ആരോടടുത്ത് ഇടപെടുന്നുവോ അവരുടെ ജീവിതരഹസ്യങ്ങൾ നമുക്കു ഗ്രഹിപ്പാൻ സാധിക്കുന്നതാണല്ലോ. നാം ചെറുപ്പംമുതൽ അദ്ദേഹത്തോടുകൂടി താമസിച്ചിട്ടുള്ളവനും അടുത്തു പെരുമാറിയിട്ടുള്ളവനുമത്രേ. ദൈവത്തിന് ഇഷ്ടമുള്ള നടപടികളല്ലാതെ അദ്ദേഹത്തിൻെറ ആത്മീയജീവിതത്തിൽ നാം കണ്ടിട്ടില്ല. ആത്മീയകാര്യങ്ങളിൽ അദ്ദേഹം എത്രയും ക്രമവും നിഷ്ഠയുമുള്ളവനായിരുന്നു എന്നുള്ളതിനു നാം ദൃക്സാക്ഷിയാണ്. നിത്യവുമുള്ള വേദവായന, യാമം തോറും - വിശിഷ്യ പാതിരാത്രിക്കു പോലുമുള്ള നമസ്ക്കാരങ്ങൾ, നോമ്പാചാരണം എന്നിവയൊക്കെയും കഴിഞ്ഞ വെള്ളിയാഴ്ച പ്രഭാതം വരെ അദ്ദേഹം നിർവിഘ്നം അനുഷ്ഠിച്ചുവന്നു. രോഗശയ്യയിലായി സംസാരശക്തി ക്ഷയിച്ചിട്ടും യാമങ്ങളിൽ അദ്ദേഹം കുരിശുവരച്ചു നമസ്കരിക്കുമായിരുന്നു. വിശുദ്ധ സഭയുടെ വിശ്വാസാചാരങ്ങളെപ്പറ്റിയുള്ള അറിവിൽ അദ്ദേഹം അദ്വിതീയനായിരുന്നതുപോലെ തന്നെ അവയുടെ അനുഷ്ഠാനങ്ങളിലും ഒട്ടും പിന്നോ

ക്കമായിരുന്നില്ല. സുറിയാനിഭാഷ, കാനോൻ, സഭാചരിത്രം എന്നിവയിൽ അദ്ദേഹത്തെപ്പോലെ ഓർമ്മശക്തിയോടുകൂടിയ പാണ്ഡിത്യം മറ്റാർക്കുള്ളൂ? അദ്ദേഹം ഒരു വലിയ മൽപാനായിരുന്നു. ബലഹീനനായ നാം അദ്ദേഹത്തിന്റെ ശിഷ്യനാണ്.

അദ്ദേഹത്തിന്റെ കബറടക്കം ഇന്നു നടക്കുന്നത് അത്ഭുതകരമായിരിക്കുന്നു. വലിയനോമ്പിലെ ആദ്യ ശനിയാഴ്ചയായ ഇന്നു - ഭൂലോക മല്പാനായ മാർ അപ്രേമിന്റെ ഓർമ്മ ദിവസമായ ഇന്ന് - മലങ്കരയുടെ വലിയ മല്പാൻ ദിവംഗതനായിരിക്കുന്നു. നമ്മുടെ കർത്താവിനുവേണ്ടി രക്തസാക്ഷിമരണം വരിച്ച മാർ തേവോദോറോസ് സഹദായുടെ ഓർമ്മ ദിനമായ ഇന്ന്, കൊല്ലപ്പെട്ട സഹദ എന്ന പേരിന് അർഹതയില്ലെങ്കിലും അതുപോലുള്ള പല പീഡകൾ സഭയ്ക്കുവേണ്ടി സഹിക്കയാൽ ഒരു "മൗദ്യോനോ" എന്ന നാമത്തിനു യോഗ്യനായിത്തീർന്നിരിക്കുന്ന നമ്മുടെ മെത്രാച്ചൻ കബറടക്കപ്പെടുന്നു. എന്നു മാത്രവുമല്ല വലിയനോമ്പിൽ ശനി, ഞായർ ഈ ആഴ്ചകൾ ഒഴിച്ചുള്ള ദിവസങ്ങളിൽ വി. കുർബാന അനുഷ്ഠിക്കാൻ സഭ അനുവദിക്കുന്നില്ല. ആ രണ്ടു ദിവസങ്ങളിൽ അർപ്പിക്കണമെന്നു നിർബന്ധവുമാണ്. അദ്ദേഹം മരിച്ചുപോയി എന്ന വാർത്ത എങ്ങനെയോ പ്രചരിച്ച മിനിഞ്ഞാന്ന് അദ്ദേഹം കാലംചെയ്തിരുന്നെങ്കിൽ വി. കുർബാനാനന്തരം സംസ്ക്കരിക്കപ്പെടുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനു നഷ്ടപ്പെടുമായിരുന്നു.

അദ്ദേഹത്തിന്റെ വേർപാട് എത്രയും ശാന്തമായിരുന്നു. യാതൊരു ചേഷ്ടയോ ഗോഷ്ടിയോ കൂടാതെ നാഴികമണിയുടെ പെൻഡുലം ചലനരഹിതമായിത്തീരുന്നതുപോലെയാണ് അദ്ദേഹത്തിന്റെ ശ്വാസം നിന്നത്. പ്രാർത്ഥനയുടെ അവസാനം വിശ്വാസപ്രമാണം ചൊല്ലിത്തീർന്നപ്പോൾ കൃത്യം പന്ത്രണ്ടു മണിക്ക് മ്ശിഹാ തമ്പുരാൻ ലോകരക്ഷയ്ക്കുവേണ്ടി ക്രൂശിക്കപ്പെട്ട വെള്ളിയാഴ്ച ദിവസത്തിലും ആ നാഴികയിലും അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു.

കൂടാതെ ഒരാൾ മരിച്ചാൽ അതിന്റെ മൂന്ന്, ഒൻപത്, മുപ്പത് എന്നീ ദിവസങ്ങളിൽ ആ ആൾക്കുവേണ്ടി വി. ബലി അർപ്പിക്കണമെന്നാണല്ലോ സഭയുടെ കല്പന. നമ്മുടെ മെത്രാച്ചൻ ഇന്നലെ കാലം ചെയ്തതുകൊണ്ട് മേൽപ്പറഞ്ഞ മൂന്നു ദിവസങ്ങളിലും സകല പള്ളികളിലും കുർബ്ബാനയിൽ അദ്ദേഹത്തെ ഓർക്കുന്നതിനു സൗകര്യമുണ്ടായിരിക്കുന്നു. ഇവയൊക്കെയും അത്ഭുതകരമല്ലയോ? ദൈവത്തിന്റെ പരിശുദ്ധന്മാരെ നാം ഇങ്ങനെയാണു തിരിച്ചറിയേണ്ടത്. ആകയാൽ അദ്ദേഹത്തിന്റെ മരണംമൂലം സഭയ്ക്ക് വലിയ ഒരു പുണ്യവാളൻ നഷ്ടപ്പെട്ടിരിക്കുന്നു. നമ്മുടെ നഷ്ടം വലുതാണ്. നമ്മുടെ പണ്ഡിതനായ മല്പാൻ ഇന്നു നമ്മിൽനിന്ന് പിരിഞ്ഞുപോയിരിക്കുന്നു. നമ്മുടെ വലിയ മെത്രാ

പ്പോലീത്താ ഇന്നു കാലം ചെയ്തിരിക്കുന്നു. നമ്മുടെ ഈ വിശുദ്ധ പിതാവ് ഇന്ന് എടുത്തുകൊള്ളപ്പെട്ടിരിക്കുന്നു. കണ്ടാലും യിസ്രായേലിൽ ഒരു വലിയ രാജാവ് ഇന്നു വീണിരിക്കുന്നു. അവർക്കെന്നപോലെ നമുക്കും ഇതൊരു സന്താപദിനമാണ്. ഇതുവരെ അദ്ദേഹം നാമേവരെയും തന്റെ ചിറകുകളിൻകീഴിൽ കാത്തുകൊണ്ടു. അദ്ദേഹം നമ്മോടു സഹതാപമുള്ളവനാകയാൽ ദൈവസന്നിധിയിൽ നമുക്കുവേണ്ടി മുട്ടിപ്പായി മദ്ധ്യസ്ഥതത നടത്തുമെന്നു നമുക്കു സമാശ്വസിക്കാം. നീതിമാന്റെ പ്രാർത്ഥനയുടെ ശക്തി വലുതാണല്ലോ. അദ്ദേഹം ഏതെല്ലാം തത്വങ്ങളെയും പ്രമാണങ്ങളെയും മുൻ നിർത്തി പോരാടിയോ, അവയെ സംരക്ഷിച്ചുപോകേണ്ട കടമ നാമേവർക്കുമുണ്ട്. "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകൾ അനുഷ്ഠിപ്പിൻ" എന്ന് നമ്മുടെ കർത്താവ് ശിഷ്യന്മാർക്ക് കൊടുത്ത അന്ത്യസന്ദേശപ്രകാരം നമ്മുടെ ഈ വലിയ മെത്രാച്ചനോടു നമുക്കുള്ള സ്നേഹത്തെ പ്രത്യക്ഷപ്പെടുത്തേണ്ടത് അദ്ദേഹത്തിന്റെ ആദർശങ്ങളിൽ നിന്ന് വ്യതിചലിക്കാതെ ധൈര്യസമേതം പുരോഗമനം ചെയ്യുന്നതിലായിരിക്കണം എന്നു നാം നിങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഒരാശ്വാസം നമുക്കുണ്ട്. "ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസത്തെ കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. ആയതു നീതിയുടെ ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു തരും" എന്നു പൗലൂസ് ശ്ലീഹാ തന്നെക്കുറിച്ചുതന്നെ പറഞ്ഞിരിക്കുന്ന വചനം നമ്മുടെ ഈ വിശുദ്ധ പിതാവിനെപ്പറ്റി എത്രയും ചേർച്ചയായിരിക്കുന്നുവെന്നതു തന്നെ. അദ്ദേഹം നമുക്കുവേണ്ടി പ്രാർത്ഥിക്കും; നമുക്ക് അദ്ദേഹത്തിനുവേണ്ടി അപേക്ഷിക്കാം. "നിങ്ങൾ സമാധാനത്തോടെ വസിപ്പിൻ" എന്നരുളിച്ചെയ്തിട്ട് അദ്ദേഹം നമ്മോട് യാത്ര പറയുവാൻ പോകുന്നു. ഞങ്ങളുടെ "വിശുദ്ധ പിതാവേ, സമാധാനത്താലെ പോവുക" എന്ന വചനത്താൽ നമുക്ക് അദ്ദേഹത്തോട് യാത്ര പറയാം. ബാലസിംഹത്തെപ്പോലെ ഇവിടെ ഇരിക്കുന്ന ഇദ്ദേഹം സിംഹക്കുട്ടിയെപ്പോലെ ഉണർന്നെഴുന്നേൽക്കും. "വിശുദ്ധ ഭൃത്യാ, നീ യോഗ്യമായി പ്രവർത്തിച്ചു; നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക" എന്ന ഇമ്പകരമായ ശബ്ദം കേൾപ്പാൻ ആ ന്യായവിധി ദിവസത്തിൽ ദൈവം അദ്ദേഹത്തിന് ഇടയാക്കട്ടെ. ആ ദിവസത്തിൽ അഭിമുഖമായി കാണുന്നതിനും കർത്തൃസന്നിധിയിൽ കരുണ കണ്ടെത്തുന്നതിനും അദ്ദേഹത്തിനും നമുക്കും സംഗതിയാകുവാൻ പ്രാർത്ഥിപ്പിൻ.

(മലങ്കര സഭയുടെ സ്വാതന്ത്ര്യ ശില്പി സഭാഭാസുരൻ വട്ടശ്ശേരിൽ തിരുമേനിയുടെ കബറടക്ക ശുശ്രൂഷാമദ്ധ്യേ 1934 ഫെബ്രുവരി 24-ാം തീയതി ചെയ്ത ചരിത്ര പ്രസിദ്ധമായ പ്രസംഗം)

2

“ഭൂമിയിൽ മനുഷ്യന്റെ പുത്രനു പാപം മോചിക്കുവാൻ അധികാരമുണ്ട്”

കർത്താവിൽ അനുഗ്രഹിക്കപ്പെട്ടവരെ!

ഇന്ന്, മ്ശറിയോ അതായത് നമ്മുടെ കർത്താവ് പക്ഷവാതക്കാരനെ സൗഖ്യപ്പെടുത്തിയതിനെ ഓർക്കുന്ന ഞായറാഴ്ചയാണ് (മത്തായി 9:1–8). നാലുപേർ കൂടി ഒരു പക്ഷവാതക്കാരനെ കട്ടിലിൽ എടുത്തുകൊണ്ട് നമ്മുടെ കർത്താവിന്റെ സന്നിധിയിലേക്കു വരുന്നു. എന്നാൽ വാതിലിൽ പ്രവേശിപ്പാൻ കഴിയാത്തവണ്ണം ജനക്കൂട്ടം തിങ്ങിക്കൂടിയിരുന്നു. അതിനാൽ അവർ കർത്താവ് ഇരുന്നിരുന്ന കെട്ടിടത്തിന്റെ മേൽപ്പുരയിളക്കി അവനെ കിടക്കയോടുകൂടി തിരുമുന്നിൽ വച്ചു. വിശ്വസിക്കാനോ സംസാരിക്കാനോ കഴിവില്ലാത്തവിധം അവൻ അവശനായി കിടന്നിരുന്നു. കർത്താവിന് അവന്റെ രോഗം സൗഖ്യമാക്കുവാൻ കഴിയുമെന്ന് അവർക്കു വിശ്വാസമുണ്ടായിരുന്നു. അവരുടെ വിശ്വാസം കണ്ടു കർത്താവ് അവന്റെ പാപം മോചിച്ചു. ആ തളർവാതിയെ വഹിച്ചവർ പ്രതികൂലങ്ങളായ പല സാഹചര്യങ്ങളെയും വിജയപൂർവ്വം നേരിട്ട് അവനെ കർത്താവിന്റെ തിരുമുമ്പിൽ വച്ചത് അവരുടെ വിശ്വാസം നിമിത്തമായിരുന്നു. ഇപ്രകാരം പാപത്തിൽ തളർവാതികളായവരെ നമ്മുടെ വിശ്വാസത്താലും മദ്ധ്യസ്ഥതയാലും നാം സുഖപ്പെടുത്തണം. എന്തെല്ലാം പ്രയാസങ്ങളുണ്ടായിരുന്നാലും അവയെ ഒന്നും ഗണ്യമാക്കാതെ അവരെപ്പോലെ ലക്ഷ്യസ്ഥാനത്തേക്കു പ്രയാണം ചെയ്യണം. അവരുടെ വിശ്വാസം അവരുടെ പ്രവൃത്തിയിൽ നിന്നു വ്യക്തമായി. പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണ്. വിശ്വാസം എവിടെയോ അവിടെ പ്രവൃത്തിയുമുണ്ട്. ആ വിശ്വാസമാണ് പക്ഷവാതക്കാരന്റെ പാപമോചനത്തിനു ഹേതുവായിത്തീർന്നത്.

ആ പക്ഷവാതക്കാരനുവേണ്ടി അവർ മദ്ധ്യസ്ഥത ചെയ്യുന്നു. നീതിമാന്മാരുടെ മദ്ധ്യസ്ഥതയാലാണ് ലോകം നിലനില്ക്കുന്നത്. വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ മദ്ധ്യസ്ഥതയാൽ ലോത്തും കുടുംബവും സോദോമിൽ നിന്നു രക്ഷപെട്ടു. ഇപ്രകാരമുള്ള മദ്ധ്യസ്ഥത നമ്മുടെ കർത്താവിന്റെ രക്ഷാകരമായ വ്യാപാരങ്ങളിൽ കാണുന്നുണ്ട്. നീതി നിർവ്വഹിക്കപ്പെടുന്നതിനുവേണ്ടി നമ്മുടെ കർത്താവ് യോഹന്നാൻ മാംദാനയുടെ മദ്ധ്യസ്ഥത ആവശ്യപ്പെടുന്നു. അതുപോലെ തന്നെ തന്റെ കഷ്ടാനുഭവത്തിനും മരണത്തിനുമായി മരിച്ചുപോയവരുടെയും ജീവ

നോടിരിക്കുന്നവരുടെയും പ്രതിനിധികളായി മോശയും ഏലിയായും താബോർ പർവതത്തിൽ വച്ച് തന്റെ സന്നിധിയിൽ മദ്ധ്യസ്ഥത അണയ്ക്കുന്നു. സർവ്വത്തിനും മേലായി സ്വർഗ്ഗത്തിനും ഭൂമിക്കും മദ്ധ്യേ ഏക മദ്ധ്യസ്ഥൻ എന്ന നിലയിൽ നമ്മുടെ കർത്താവ് തന്റെ തിരുരക്തവുമേന്തി പിതാവിന്റെ സന്നിധിയിൽ മദ്ധ്യസ്ഥത ചെയ്തുകൊണ്ടിരിക്കുന്നു. ആകയാൽ ദൈവത്തിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും വേണ്ടി നാം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ചുമതലയത്രേ. നാം നമ്മുടെ മാതാപിതാക്കന്മാർക്കും സഹോദരങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കാറുണ്ട്. എന്നാൽ അതു പോരാ. നമ്മുടെ അയൽക്കാർക്കും സ്നേഹിതന്മാർക്കും ലോകത്തിനു മുഴുവനും വേണ്ടി പ്രാർത്ഥിക്കണം. എന്തെന്നാൽ നാം എല്ലാം ദൈവത്തിന്റെ മക്കളും തമ്മിൽ തമ്മിൽ സഹോദരങ്ങളുമാണ്. നീതിമാന്മാർക്കുവേണ്ടി മാത്രമല്ല ദുഷ്ടന്മാർക്കുവേണ്ടിയും പ്രാർത്ഥിക്കണം. ദൈവം നീതിമാന്മാരുടെമേലും ദുഷ്ടന്മാരുടെമേലും മഴയും വെയിലും നൽകുന്നു. ആകയാൽ ദൈവത്തിന്റെ മനസ്സ് നമുക്കുണ്ടാകണം.

ആ നാലുപേരുടെ ഉത്സാഹത്താലും വിശ്വാസത്താലും മദ്ധ്യസ്ഥതയാലും പക്ഷവാതക്കാരന്റെ പാപങ്ങൾ മോചിക്കപ്പെട്ടു. “മകനെ, നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു” എന്നു താൻ അരുളിച്ചെയ്തു. സപ്രേന്മാരും പ്രീശേന്മാരും “ദൈവദൂഷണം പറയുന്ന ഇവൻ ആര്? ദൈവത്തിനല്ലാതെ പാപം മോചിപ്പാനുള്ള അധികാരം ആർക്ക്?” എന്ന് ഉള്ളിൽ പറഞ്ഞു. യഹൂദന്മാർ ധരിച്ചിരുന്നത് പാപം മോചിക്കുവാനുള്ള അധികാരം ദൈവത്തിനു മാത്രമെ ഉള്ളു എന്നും അതിനു വിരുദ്ധമായി പറയുന്നത് ദൈവദൂഷണമാണെന്നുമായിരുന്നു.

“ഭൂമിയിൽ മനുഷ്യന്റെ പുത്രനു പാപങ്ങൾ മോചിപ്പാൻ അധികാരമുണ്ടെന്നു നിങ്ങൾ അറിയേണ്ടതിനു പക്ഷവാതക്കാരനോട് അവന്റെ കിടക്കയെടുത്തു നടക്ക” എന്നു കൽപിച്ചു. ഉടൻതന്നെ അവൻ കിടക്കയെടുത്തു നടന്നു. ഇതു കണ്ട് അവിടെ നിന്ന ജനക്കൂട്ടമെല്ലാം അമ്പരന്നുപോയി. ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ലല്ലോ എന്നു പറഞ്ഞു. മനുഷ്യർക്ക് ഇങ്ങനെയുള്ള അധികാരം കൊടുത്ത ദൈവത്തെ അവർ മഹത്വപ്പെടുത്തി. മനുഷ്യർക്ക് ഈ അധികാരമില്ലെന്ന് അവർക്ക് അറിയാമായിരുന്നു. എന്നാൽ ആ അധികാരം മനുഷ്യന്റെ പുത്രനുണ്ട് എന്ന് കർത്താവ് തെളിയിച്ചു കൊടുത്തു.

ഈ അധികാരം മനുഷ്യർക്കു കൊടുക്കാനാണു താൻ അവതാരമെടുത്തത്. ആദാം മുതൽ പരിശുദ്ധന്മാരും അത്ഭുതശക്തികൾ ചെയ്തവരുമായ അനേക പിതാക്കന്മാരുണ്ടായിരുന്നു. അവർ പാതാളത്തിൽ

ബന്ധിക്കപ്പെട്ടിരുന്നു. ആദാമിനും സന്തതിക്കും പാപപരിഹാരം കൊടുക്കണമെന്നുള്ളത് ദൈവത്തിന്റെ ആഗ്രഹമായിരുന്നു. എങ്കിലും മനുഷ്യാവതാരം കൂടാതെ മറ്റു മാർഗ്ഗമൊന്നും താൻ കണ്ടില്ല. ആദാം ചെയ്ത പാപത്തിന് ആദാം പരിഹാരമുണ്ടാക്കണം. അതിനു കഴിവുള്ള ഒരു പുത്രൻ അവന് ഉണ്ടായിരുന്നെങ്കിൽ മനുഷ്യാവതാരം വേണ്ടിവരികയില്ലായിരുന്നു. അവനെ രക്ഷിക്കണമെന്നുള്ള ദൈവത്തിന്റെ അതിയായ ആഗ്രഹം നിമിത്തമാണ് ആദാമിന്റെ പുത്രനായി – മനുഷ്യന്റെ പുത്രനായി – താൻ അവതരിച്ചത്. ഭൂമിയിൽ വച്ചു ചെയ്ത പാപത്തിനു ഭൂമിയിൽ നിന്നു തന്നെ പരിഹാരമുണ്ടാക്കണം. സ്വർഗ്ഗത്തിൽ നിന്ന് ആരുടെയും പാപം മോചിക്കപ്പെട്ടതായി നാം കാണുന്നില്ല. മനുഷ്യനായി അവതരിച്ചു പാപപരിഹാരമുണ്ടാക്കി പാപമോചനത്തിനുള്ള ആഫീസ് ഭൂമിയിൽ സ്ഥാപിച്ചു. പാപം മോചിക്കുന്നതിനുള്ള അധികാരം മനുഷ്യർക്കു കൊടുത്തു. മനുഷ്യർക്ക് ഈ അധികാരം സ്വതേ ഇല്ല. പിന്നെയോ കൊടുക്കണം. ഈ അധികാരം നൽകപ്പെട്ടവരാണ് ആചാര്യന്മാർ. പാപമോചനത്തിനുള്ള ഈ അധികാരം അപ്പോസ്തോലന്മാർക്കു നൽകി. "നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ" എന്നു കൽപിച്ചുകൊണ്ട് അവരുടെമേൽ ഊതി. അവർക്ക് ആചാര്യസ്ഥാനം കൊടുത്തു. അപ്പോൾതന്നെ ഈ അധികാരവും കൊടുത്തു. "നിങ്ങൾ ആരുടെ പാപങ്ങളെ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കും. ആരുടെ പാപങ്ങൾ പിടിക്കുന്നുവോ അവ പിടിക്കപ്പെട്ടിരിക്കും" (യോഹ. 20:23). മനുഷ്യപുത്രനായ ക്രിസ്തുവാണ് പക്ഷവാതക്കാരന് പാപപരിഹാരം കൊടുത്തത്. കർത്താവ് തന്നെപ്പറ്റി പറയുമ്പോൾ മനുഷ്യപുത്രൻ എന്നാണു പറയുന്നത്. അതിനാൽ ഭൂമിയിൽ മനുഷ്യപുത്രന്റെ സ്ഥാനാപതികളിൽ നിന്നു നാം പാപമോചനം പ്രാപിക്കണം. പൗരോഹിത്യം, അപ്പോസ്തോലന്മാർ തുടങ്ങി ഇന്നേയോളം സഭയിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. ആചാര്യന്മാർ ക്രിസ്തുവിന്റെ സ്ഥാനാപതികളാണ് (2 കൊരി. 5:20). അവരുടെ അധികാരം സ്വർഗ്ഗത്തിലും ഭൂമിയിലും ഉണ്ട്. "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." നമ്മുടെ ഒരു നമസ്കാരത്തിൽ നാം ഇങ്ങനെ ചൊല്ലുന്നു.

"മൽക്കൂസോ ശാലീത്തോ ബറഓ
കൊഹന്നൂസോ ബറഓ ബശ്മായോ."

രാജത്വം ഭൂമിയിൽ അധികാരം ചെയ്യുന്നു. പൗരോഹിത്യമോ ഭൂമിയിലും സ്വർഗ്ഗത്തിലും അധികാരം ചെയ്യുന്നു. അതിനാൽ പൗരോഹിത്യം രാജത്വത്തേക്കാൾ ശ്രേഷ്ഠമാണ്. പാപമോചനത്തിന്റെ ആഫീസ് ഈ ലോകത്തിൽ കർത്താവ് സ്ഥാപിച്ച് ആ അധികാരം മനുഷ്യർക്കു കൊടു

ത്തിരിക്കുന്നു എന്നു പറഞ്ഞുവല്ലോ. ഈ അധികാരം കർത്താവ് ആർക്കു കൊടുക്കുന്നുവോ അവർക്കേയുള്ളു. ഈ അധികാരം സിദ്ധിച്ചവരാണു പട്ടക്കാർ. പാപമോചനം സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരേണ്ടതല്ല. പിന്നെയോ ഭൂമിയിൽ നിന്നു കിട്ടി സ്വർഗ്ഗത്തിലേക്കു നമ്മെ കരേറ്റേണ്ട തത്രേ. ആദാമിനു പാപമോചനം കൊടുക്കാൻ ദൈവം ആഗ്രഹിച്ചിട്ടും അതു സ്വർഗ്ഗത്തിൽ നിന്നു കൊടുക്കാൻ സാധിച്ചില്ല. പിന്നെയോ ഭൂമിയിൽ നിന്നാണു കൊടുത്തത്.

പട്ടക്കാർക്കു പാപമോചനാധികാരമില്ല എന്നു ചില സഭകൾ പഠിപ്പിക്കുന്നുണ്ട്. എന്നാൽ അപ്പോസ്തോലിക പിന്തുടർച്ചയുള്ള ഒരു സഭയ്ക്കും അങ്ങനെ പഠിപ്പിക്കാൻ സാധിക്കയില്ല. അപ്പോസ്തോലന്മാരിൽ വ്യാപരിച്ച അധികാരമെല്ലാം ആചാര്യന്മാർ വഴിയായി സഭയിൽ നിലനിൽക്കുന്നു. പട്ടക്കാർക്കു പാപമോചനത്തിനു അധികാരമില്ല എന്നു പറയുന്നത് വേദാനുസൃതമല്ല. "ഭൂമിയിൽ മനുഷ്യന്റെ പുത്രനു പാപം മോചിപ്പാൻ അധികാരമുണ്ട്" എന്നു പക്ഷവാതക്കാരനെ സൗഖ്യപ്പെടുത്തി കാണിച്ചു കൊടുത്തു. ജനമെല്ലാം മനുഷ്യർക്കു ഈ അധികാരം കൊടുത്ത ദൈവത്തെ മഹത്വപ്പെടുത്തി. "മനുഷ്യർക്ക് ഈ അധികാരം ദൈവം കൊടുത്തു" എന്ന് അവർ ഗ്രഹിച്ചത് മനുഷ്യപുത്രനായ കർത്താവ് ആ അധികാരം പ്രയോഗിച്ചത് കണ്ടതുകൊണ്ടാണ്. മനുഷ്യർക്ക് ഈ അധികാരം ഇല്ലെന്നോ കൊടുക്കയില്ലെന്നോ കർത്താവ് അവരെ ധരിപ്പിച്ചില്ല. ഈ അധികാരം ഇല്ലെങ്കിൽ കർത്താവ് ആയത് അവരെ ധരിപ്പിക്കാതിരുന്നത് ഒരു വലിയ വഞ്ചനയാണെന്നു വരും; അതരുതേ. മനുഷ്യർക്ക് ഈ അധികാരം താൻ കൊടുത്തു. ആചാര്യന്മാരെ നിയമിച്ചു. അത് ഭൂമിയിൽ മനുഷ്യേർക്കു കൊടുക്കാൻ അവരെ ഭരമേൽപിച്ചു. "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതു സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." തന്റെ സ്ഥാനാപതി ഭൂമിയിൽ പ്രവർത്തിക്കുന്നത് താൻ സ്വർഗ്ഗത്തിൽ അംഗീകരിച്ചുകൊള്ളാം എന്നാണ് കൽപിച്ചിരിക്കുന്നത്. അതിനാൽ പരലോകത്തിൽ ചെന്നു ദൈവത്തിൽ നിന്നു നേരിട്ടു പാപപരിഹാരം പ്രാപിച്ചുകൊള്ളാം എന്ന് ആരും വിചാരിക്കണ്ടാ.

"ശരീരത്തെ കൊന്നിട്ടു പിന്നെ അധികമൊന്നും ചെയ്‌വാൻ കഴിയാത്തവരെ നിങ്ങൾ ഭയപ്പെടേണ്ട. ആരെ ഭയപ്പെടണമെന്നു ഞാൻ നിങ്ങൾക്കു കാണിച്ചു തരാം. ശരീരത്തെയും ആത്മാവിനെയും അഗ്നിനരകത്തിൽ ഇടുവാൻ അധികാരമുള്ളവനെ നിങ്ങൾ ഭയപ്പെടുവിൻ." ഇത് ദൈവത്തിന്റെ അധികാരമാണ്. ഈ അധികാരമാണ് താൻ ആചാര്യന്മാർക്കു നൽകിയിട്ടുള്ളത്. അവർ ക്രിസ്തുവിന്റെ സ്ഥാനാപതികളാണ്. പഴയനിയമ കാലത്തും ഒരുവനെ ശുദ്ധനെന്നോ അശുദ്ധനെന്നോ പ്രഖ്യാ

പനം ചെയ്യാനുള്ള അധികാരം ആചാര്യന്മാർക്കായിരുന്നു. നമ്മുടെ കർത്താവ് കുഷ്ഠരോഗിയെ സൗഖ്യപ്പെടുത്തിയ ശേഷം "പുരോഹിതനു നിന്നെത്തന്നെ കാണിക്ക" എന്നു കൽപിച്ചതായി നാം വായിക്കുന്നുണ്ടല്ലോ (മർക്കോ. 1:44).

സഭ ജീവന്റെ അപ്പം നൽകുന്ന വിരുന്നു ഭവനമാണ്. വിരുന്നു ഭവനത്തിൽ പ്രവേശിക്കുന്നതിന് വിരുന്നുവസ്ത്രം വേണം. ഈ വിരുന്നു വസ്ത്രം വി. മാമ്മോദീസായത്രേ. മാമോദീസാ കൂടാതെ ഒരുവനും സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിപ്പാൻ കഴിയുന്നതല്ല (യോഹ. 3:5). ഒരുവനെ സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിപ്പിക്കുന്നതിനുള്ള അധികാരവും പട്ടക്കാരനിലത്രേ നിക്ഷേപിച്ചിട്ടുള്ളത്.

വി. നോമ്പിന്റെ ഈ അവസരത്തിൽ നാമെല്ലാവരും നമ്മുടെ പാപങ്ങളെപ്പറ്റി പശ്ചാത്തപിച്ചു മോചനത്തിനുവേണ്ടി കർത്താവിനോടു യാചിക്കുകയും തന്റെ സ്ഥാനാപതികളുടെ മുമ്പാകെ പാപങ്ങൾ ഏറ്റുപറഞ്ഞ് സത്യകുമ്പസാരം നടത്തി പാപമോചനം പ്രാപിക്കുകയും ചെയ്യണം. എന്തെന്നാൽ പാപമോചനം ഈ ലോകത്തിൽ വച്ചുതന്നെ പ്രാപിക്കേണ്ടതാണ്. ദൈവസന്നിധിയിലേക്കു സ്വയം അടുത്തുവരുവാൻ കഴിയാത്തവരായിട്ടുള്ളവരെ നാം ദൈവസന്നിധിയിലേക്ക് ആകർഷിക്കുകയും അവർക്കുവേണ്ടി മദ്ധ്യസ്ഥത യാചിക്കുകയും ചെയ്യണം. നമ്മുടെ മദ്ധ്യസ്ഥത മൂലം ദൈവം അവരോടു കൃപ ചെയ്യും. ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ നമുക്കും അഭയം പ്രാപിക്കാവുന്നതാണ്. അങ്ങനെ നാമെല്ലാം നമ്മുടെ പാപബന്ധനങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ച് ആത്മാവിൽ ആരോഗ്യമുള്ളവരായിത്തീരുവാൻ ദൈവം നമുക്ക് ഓരോരുത്തർക്കും കൃപ ചെയ്യുമാറാകട്ടെ.

(15-8-1123-ൽ മ്ശറിയോ ഞായറാഴ്ച പരുമല സെമിനാരി ചാപ്പലിൽ വച്ചു ചെയ്ത പ്രസംഗത്തിന്റെ സംഗ്രഹം)

3

യുവാക്കൾ ആത്മവെളിച്ചം ഉള്ളവരായിത്തീരണം

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ,

ഇന്നു ലോകത്തിൽ ദൈവീകം കുറഞ്ഞു വരുകയാണ്; അതു വലിയ ആപത്താണ്. നമ്മുടെ യൗവ്വനക്കാർ ദൈവീകമായി വളർന്നു വരേണ്ടിയിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ ആത്മരക്ഷയെ കരുതി മുമ്പോട്ടു പോകണം. ലോകചക്രം തിരിയുന്നതോടുകൂടി നാം ഓരോരുത്തരും ഓരോ ദിവസങ്ങളെ പിൻതള്ളി വാർദ്ധക്യത്തിൽ എത്തി ലോകം കടന്നു പോകുന്നു. അതിനാൽ അനിത്യമായ ഈ ലോകം കഴിഞ്ഞുള്ള നിത്യ വാസസ്ഥലത്തിനുവേണ്ടി ഒരുങ്ങുകയാണു വേണ്ടത്. ലോകത്തിൽ ജീവിക്കുന്നവർക്ക് അവരുടെ ആത്മരക്ഷയെക്കാൾ ആവശ്യമായി തോന്നുന്നത് ലൗകികമായ തൊഴിലുകൾ ചെയ്തു ജീവിച്ചു മുമ്പോട്ടു പോകുകയാണ്. മാതാപിതാക്കന്മാർ തങ്ങളുടെ കുഞ്ഞുങ്ങൾ വിദ്യാസമ്പന്നന്മാരായിത്തീർന്നു ലൗകികങ്ങളായ വലിയ സ്ഥാനങ്ങൾ അലങ്കരിച്ചു കാണ്മാൻ ആഗ്രഹിക്കുന്നു. എന്നാൽ പരലോകത്തിനുവേണ്ടി നാം ഒരുങ്ങണം, അതായിരിക്കണം നമ്മുടെ ഉദ്ദേശ്യം. “ഒരുവൻ ലോകം മുഴുവൻ സമ്പാദിച്ചാലും തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം.” ലോകത്തിന്റെ ധനവും പ്രതാപവുമെല്ലാം സിദ്ധിച്ചാലും ഒരു പ്രയോജനവുമില്ല. അതിനാൽ നാം നല്ല ആത്മവെളിച്ചം ഉള്ളവരായിത്തീരണം.

“അന്ധകാരത്തിൽ ഇരുന്ന ജനം വലിയ ഒരു പ്രകാശം കണ്ടു” എന്നു നാം വായിക്കുന്നു. “ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു” എന്ന് കർത്താവ് തന്നെപ്പറ്റി കൽപിച്ചിരിക്കുന്നു. “വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു” എന്നു നാം പ്രാർത്ഥനയിൽ ചൊല്ലുന്നു. ഈ പ്രകാശത്തിൽ കൂടി നമ്മെ വഴി നടത്തുന്നതിനാണു കർത്താവ് അവതരിച്ചത്. നാം എപ്പോഴും ആ പ്രകാശത്തിൽ കൂടിയാണോ നടക്കുന്നത്? ഇപ്പോൾ ആരും തങ്ങളുടെ ജീവിതത്തിൽ ഇതിനെ അത്ര കാര്യമാക്കുന്നില്ല.

ഈ വിദ്യാർത്ഥി കോൺഫ്രൻസ് നമ്മുടേതാണ്. അതായത് നമ്മുടെ സഭയിലേതാണ്. സഭയിലാണു നമ്മുടെ ജീവൻ; സഭ മൂലമാണ് നാം മുമ്പോട്ടു പോകേണ്ടത്. നമ്മുടെ വിശ്വാസപ്രമാണം നോക്കുക: പിതാവിലും പുത്രനിലും വി. റൂഹായിലും വിശ്വസിക്കുന്നവണ്ണം തന്നെ കാതോ

ലിക്കായ്ക്കും ശ്ലീഹായ്ക്കും അടുത്ത ഏക വിശുദ്ധ സഭയിലും വിശ്വസിക്കുന്നു എന്നു നാം ചൊല്ലുന്നു. ത്രിത്വത്തിൽ ഉള്ള വിശ്വാസം പോലെ തന്നെ പ്രാധാന്യമേറിയതാണ് സഭയിലുള്ള വിശ്വാസവും. "സഭയെ കേൾക്കാത്തവൻ നിനക്കു ചുങ്കക്കാരനും കാവ്യനുമായിരിക്കട്ടെ" എന്നാണു കർത്താവ് അരുളിച്ചെയ്യുന്നത്. ആകയാൽ സഭയിലുള്ള വിശ്വാസം എത്രയും പ്രാധാന്യമേറിയതാണ്. മരണനാഴികയിലും നാം പ്രാർത്ഥിക്കുന്നത് പാപം ക്ഷമിക്കണമേ, കരുണ തോന്നണമേ എന്നല്ല, പിന്നെയോ മരണനാഴികയിൽ കിഴക്കോട്ടു മുഖമായി കിടത്തി ചെവിയിൽ വിശ്വാസപ്രമാണം ചൊല്ലിക്കൊടുക്കുകയാണ്. ത്രിത്വത്തിലും സഭയിലും വിശ്വസിക്കുന്നു എന്നു ഏറ്റുപറയുകയാണു ചെയ്യുന്നത്.

പല സഭകളെ നാം കാണുന്നു. ഇവയെല്ലാം യേശുക്രിസ്തുവിന്റെ പേരു പറഞ്ഞുകൊണ്ടു നടക്കുന്നു. ഈ സഭകൾ എല്ലാം യഥാർത്ഥത്തിൽ സത്യസഭകൾ തന്നെയോ? ആദിമുതൽ സത്യവിശ്വാസം പഠിപ്പിക്കുന്ന സഭ ഏതോ അതാണു സത്യസഭ. ഗ്രീക്കു സഭക്കാരും റോമാസഭക്കാരും നമ്മെ വിശ്വാസവിപരീതികൾ - മോണോഫിസായക്കാർ - എന്നു പറഞ്ഞു വളരെ പീഡിപ്പിച്ച ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്നാകട്ടെ നമ്മുടെ വിശ്വാസം ശരിയെന്ന് അവർ സമ്മതിച്ചിരിക്കുന്നു. നമ്മുടെ ആളുകളെ വസ്ത്രം ഉരിഞ്ഞു മാമോദീസാ മുക്കുവാൻ പോലും മടിച്ചിട്ടില്ലാത്ത ഗ്രീക്കുകാർ ഇന്നു തമ്മിൽ യോജിച്ചു നടക്കാൻ സമ്മതിക്കുന്നു. പാപ്പായുടെ ആധിപത്യം മാത്രം സ്വീകരിച്ചാൽ മതി എന്നേ റോമാക്കാർ പറയുന്നുള്ളു. എന്നാൽ ഈ സഭകളുടെമേൽ അന്നു നാം ആരോപിച്ച കുറ്റംതന്നെ ഇന്നും ആരോപിക്കുന്നു. ആകയാൽ വിശ്വാസം ശരിയായിരിക്കുമ്പോൾ നാം ആണു സാക്ഷാൽ ക്രിസ്തുവിന്റെ സഭ. ക്രിസ്തു സഭകൾ സ്ഥാപിച്ചിട്ടില്ല. ഏകസഭയെ മാത്രമേ സ്ഥാപിച്ചിട്ടുള്ളു. സഭ ഏകമാകയാൽ സഹോദരീസഭകൾ ഇല്ല. പാതാളവാതിലുകൾ അതിനോടു ബലം ചെയ്കയില്ല. ഇത് റോമായും, ഗ്രീക്കും, സഭകളെപ്പറ്റിയല്ല അരുളിച്ചെയ്തിരിക്കുന്നത്. കാതോലിക്കായ്ക്കും ശ്ലീഹായ്ക്കും അടുത്ത ഏക സഭയെപ്പറ്റിയാണ്. ലോകത്തിന് ഒരു ദൃഷ്ടാന്തമായി ദൈവം നമ്മെ വെച്ചിരിക്കുകയാണ്. നമുക്കു വലിയ പണ്ഡിതന്മാരും മഹാന്മാരുമില്ല. വരുന്നവരെല്ലാം നമ്മെ മറിക്കാൻ ശ്രമിക്കുകയാണ്. നമ്മിൽതന്നെ വഴക്കും തമ്മിൽതല്ലും. ഈ പ്രതിബന്ധങ്ങൾ എല്ലാം നേരിട്ടിട്ടും നാം നശിക്കാതെ ഇന്നും നിലനിൽക്കുന്നു. ചതഞ്ഞ ഓടയെങ്കിലും ഒടിയാതെയും, പുകയുന്ന തിരിയെങ്കിലും കെടാതെയും നാം ഇവിടെ നിൽക്കുന്നത് ലോകത്തിന് അതിശയകരമായ ഒരു ദൃഷ്ടാന്തമല്ലയോ? "അവനു രൂപഗുണമില്ല. കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല" എന്നു പ്രവാചകൻ നമ്മുടെ കർത്താവിനെപ്പറ്റി പറഞ്ഞിരിക്കുന്നവണ്ണം തന്നെയാണ് നമ്മുടെ നിലയും. എന്നാൽ കർത്താവ് ലോകത്തിന്റെ വെളിച്ചമാകയാൽ

നാമും കത്തിജ്വലിച്ചു പ്രകാശിക്കുന്നവരും പ്രകാശം കൊടുക്കുന്നവരുമായിരിക്കണം.

ഒരുത്തന്റെ അഭിപ്രായമല്ല സഭ; ദൈവത്തിന്റെ മനസ്സാണു സഭ. അങ്ങനെ വരുമ്പോൾ സഭയ്ക്കു നാം അനുസരണമുള്ളവരായിരിക്കണം. ആ സഭയും ഈ സഭയും കൊള്ളാം എന്നു ചിലർ പറയാറുണ്ട്. എന്നാൽ പിന്നെ, നാം എന്തിന് ഇത്ര കഷ്ടപ്പെടണം! ഒരുവനും സ്വന്ത ഇഷ്ടമല്ല ദൈവത്തിന്റെ ഇഷ്ടമത്രേ നോക്കേണ്ടത്. "എന്നെ കർത്താവേ, കർത്താവേ എന്നു പറയുന്നവനല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നത്." "നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണം" എന്നു പ്രാർത്ഥിക്കാനാണ് നമ്മുടെ കർത്താവ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടത്തിനു വിരുദ്ധമായ ഒരു ഇഷ്ടം നമുക്കുണ്ടാകരുത്. നമ്മുടെ കർത്താവിനെ സംബന്ധിച്ചു പിതാവിന്റെ ഇഷ്ടം എന്തായിരുന്നു? പുത്രൻ മരിക്കണമെന്നുള്ളതായിരുന്നു. കർത്താവ് സർവ്വ നന്മകളും സർവ്വ ന്യായപ്രമാണങ്ങളും നിവൃത്തിച്ചവൻ, നന്മയിൽ പരിപൂർണ്ണൻ, നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു കുറ്റപ്പെടുത്തും എന്നു തന്റെ ശത്രുക്കളെ വെല്ലുവിളിക്കുന്ന മഹാപരിശുദ്ധൻ, ഗത്സീമോനിൽ വച്ചു സാഷ്ടാംഗം വീണു രക്തം വിയർത്തുകൊണ്ടു ചോദിക്കുന്നു. "പിതാവേ! കഴിയുമെങ്കിൽ ഈ കാസ്സാ എന്നിൽനിന്നു നീക്കിത്തരേണമേ" എന്ന്. തന്റെ സന്മാർഗ്ഗം കൊണ്ടും രക്ഷാകരമായ പരസ്യശുശ്രൂഷാ വ്യാപാരങ്ങൾ കൊണ്ടും ഈ കാസ്സാ നീക്കി കിട്ടുവാൻ യാചിക്കുന്നു. എങ്കിലും പിതാവിനു കരുണ തോന്നുന്നില്ല. പുത്രാ! നീ മരിച്ചേ കഴിയൂ. കുറ്റമില്ലാത്ത കുഞ്ഞാടിന്റെ സന്മാർഗ്ഗം കൊണ്ടും ലോകത്തെ രക്ഷിക്കാൻ സാധിക്കുന്നില്ല പിന്നെയോ മരിക്കണം. എന്തിന്? ബലിയെ കൊന്നിട്ടു തിന്നണം. 'എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്' എന്നു കർത്താവ് കുരിശിന്മേൽ വച്ചു ചോദിച്ചു പോകുന്നു. നമ്മുടെ രക്ഷയ്ക്കു വേണ്ടിയാണ് പിതാവ് പുത്രന്റെ മരണത്തിനു തിരുമനസ്സായത്. വൃക്ഷത്തിന്റെ കനി തിന്നിട്ട് ആദാം മരിച്ചു. അതിനാൽ ദൈവകുഞ്ഞാടിന്റെ ശരീരം തിന്നു ജീവിക്കണം. പുത്രൻ സ്ലീബാ വൃക്ഷത്തിന്മേൽ കയറി ജീവന്റെ കനിയാകണം എന്നുള്ളതു പിതാവിന്റെ ഇഷ്ടമായിരുന്നു. അങ്ങനെ കുരിശിന്മേൽ കുർബ്ബാന സ്ഥാപിച്ചു. ദുഃഖവെള്ളിയാഴ്ചയാണു കുർബ്ബാന സ്ഥാപനം നടന്നത്. പെസഹായ്ക്കു താൻ ശിഷ്യന്മാർക്കു കൊടുത്തത് ഗോഗുൽഥായിൽ കണ്ടിക്കപ്പെടുന്ന ശരീരവും, ചിന്തപ്പെട്ട രക്തവുമായിരുന്നു. "തന്റെ ഏകജാതനായ പുത്രനെ കൊടുക്കുവാൻ തക്കവണ്ണം പിതാവ് ലോകത്തെ സ്നേഹിച്ചു." അതായത് തന്റെ ഏകജാതനായ പുത്രനെ ലോകത്തിനു ഭക്ഷണമായി തരുവാൻ തക്കവണ്ണം അത്രമാത്രം ലോകത്തെ

സ്നേഹിച്ചു എന്നത്രേ. ആകയാൽ നമ്മുടെ ജീവൻ വി. കുർബ്ബാനയിലാണ്. അതു സഭയിൽ നിന്നു നമുക്കു സിദ്ധിക്കുന്നു. എന്തെല്ലാം സന്മാർഗ്ഗങ്ങൾ നമുക്കുണ്ടായിരുന്നാലും നാം എത്ര വലിയ ജ്ഞാനികളും മഹാന്മാരും ആയിരുന്നാലും "മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കയും രക്തം കുടിക്കയും" ചെയ്യാതിരുന്നാൽ രക്ഷയില്ല.

ലോകത്തിൽ നാം അനേകം മഹാന്മാരെ കാണുന്നു. ഇവരെല്ലാം പല അഭിപ്രായക്കാരാണ്. എന്നാൽ ദൈവത്തിന്റെ അടുക്കൽ രണ്ട് അഭിപ്രായമില്ല. ഒന്നു മാത്രം. ദൈവത്തിന്റെ അഭിപ്രായം ഭോഷത്വം എന്ന് ആരെങ്കിലും കരുതുന്നെങ്കിൽ അതു നിർഭാഗ്യകരമത്രേ. സഭ മിശിഹാതമ്പുരാന്റെ ശരീരമാണ്. അതിനാൽ സഭയുടെ കൽപന മിശിഹാ തമ്പുരാന്റെ കൽപനയത്രെ. നോമ്പ്, പ്രാർത്ഥന ഇവയെല്ലാം സഭയുടെ കൽപനകളാണ്. ചിലർ തങ്ങളുടെ ജഢീകാവശ്യങ്ങൾക്കുവേണ്ടി വേദപുസ്തകത്തെ വ്യാഖ്യാനിക്കുകയും സഭയുടെ കൽപനകളെ അവരുടെ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽകൂടി അഗണ്യമായി തള്ളുകയും ചെയ്യുന്നു. നോമ്പ് രക്ഷിക്കപ്പെട്ടവർക്കു ദൈവശക്തിയും അല്ലാത്തവർക്കു ഭോഷത്വവുമാണ്.

നിങ്ങൾ ദൈവത്തിന്റെ മക്കളാണ്. ശേത്തിന്റെ മക്കളെപ്പോലെ നിങ്ങൾ കായീന്റെ മക്കളെ കണ്ടു മോഹിച്ചുപോകരുത്. സഭയുടെ മക്കളെന്നു നിങ്ങളുടെ ജീവിതത്തിൽ കാണിക്കണം. ഈ കോൺഫ്രൻസിൽ സന്നിഹിതരായിട്ടുള്ള നിങ്ങൾ ഇപ്പോൾ പല തീരുമാനങ്ങളും ഉള്ളിൽ ചെയ്തിരിക്കാം. എന്നാൽ തിരിച്ചു വീട്ടിൽ ചെല്ലുമ്പോഴേയ്ക്കും ഇവയെല്ലാം ഉള്ളിൽനിന്നു പൊയ്പോയി എന്നു വരാം. അതിനിടയാകരുത്.

സഭയുടെ കൽപനയെ ചോദ്യം ചെയ്യുവാൻ ആർക്കും അധികാരമില്ല. അത് അതേപടി അനുസരിക്കുകയെന്നതത്രേ സഭാമക്കളുടെ ചുമതല. കൈസർക്കു തലവരി കൊടുക്കുന്നതിനുവേണ്ടി കടലിൽ ചെന്നു ചൂണ്ടൽ ഇട്ടു മീൻ പിടിക്കുവാനും ആദ്യം കിട്ടുന്ന മീനിന്റെ വാ പൊളിച്ചു നോക്കുമ്പോൾ അതിൽ ഒരു എസ്തീറോ കാണുമെന്നും (ഒരു നാണയം) അത് എടുത്ത് എനിക്കും നിനക്കും വേണ്ടി കൊടുക്കുക എന്നും പത്രോസിനോടു കർത്താവു കൽപിച്ചു. പത്രോസ് മീൻ പിടിച്ചു നല്ല പരിചയമുള്ള ആളാണ്. കർത്താവേ! ഇങ്ങനെ കൽപിക്കരുതേ, പത്തുമുപ്പതു വർഷമായി ഞാൻ മീൻ പിടിക്കുന്നു. ഇതുവരെ ഒരു മീനിന്റെ വായിലും എസ്തീറോ കണ്ടിട്ടില്ല എന്നു പറഞ്ഞില്ല. നേരെമറിച്ചു കൽപ്പന കിട്ടിയ ഉടൻ അവൻ പോയി അപ്രകാരം ചെയ്യുകയാണു ചെയ്യുന്നത്. ഇതു മൂഢത്വമാണെങ്കിൽ ഇങ്ങനെയുള്ള മൂഢന്മാരെയാണു കർത്താവ് തെരഞ്ഞെടുത്ത് അപ്പോസ്തോലന്മാരാക്കിയത്.

പ്രിയരെ! ലോകാവസാനം അടുത്തു വരുന്നു. ഓരോരുവനും അവനവന്റെ കുരിശ് എടുത്തു കർത്താവിന്റെ പിന്നാലെ പോകണം.

കുരിശെടുക്കുക എന്നു കർത്താവ് പറഞ്ഞിരിക്കുന്നത് നിന്റെ അഭിപ്രായത്തെ കൊന്ന് എന്റെ അഭിപ്രായത്തെ സ്വീകരിക്കുക എന്നാണ്. നാം കുരിശിലേക്കു നോക്കി നടക്കണം. പല പ്രയാസങ്ങളും പ്രതിബന്ധങ്ങളും ഉണ്ടാകും. "നിങ്ങളെ കൊല്ലുന്നവർ ദൈവത്തിനു കാഴ്ചയണയ്ക്കുന്നു എന്നു വിചാരിക്കുന്ന സമയം വരും." എന്നാലും നാം മടുത്തുപോകരുത്. ശുദ്ധിമാന്മാരുടെ ചരിത്രം നോക്കുമ്പോൾ നാം എന്താണു കാണുന്നത്? അവർ സ്വന്ത അഭിപ്രായത്തെ ദൈവേഷ്ടത്തിനു കീഴ്പ്പെടുത്തിക്കൊടുത്തു എന്നല്ലയോ? കർതൃ പ്രാർത്ഥനയും നമ്മെ അതുതന്നെ പഠിപ്പിക്കുന്നു. അതിനാൽ സഭയുടെ അഭിപ്രായം അറിഞ്ഞ് അതിനു കീഴ്പ്പെടണം. അത് ഓരോരുവന്റെയും കടമയത്രെ.

നമ്മുടെ വിശ്വാസത്തിനു വിപരീതമായുള്ള വിശ്വാസം കൊണ്ടുവരുന്നവരോടു നമുക്കു യാതൊരു സംസർഗ്ഗവുമുണ്ടാകരുത്. ഈ വിശ്വാസവും കൊണ്ടല്ലാതെ ഒരുവൻ നിങ്ങളുടെ അടുക്കൽ വരുന്നുവെങ്കിൽ അവനെ വീട്ടിൽ കയറ്റുകയോ കുശലം പറയുകയോ അരുത് എന്നാണ് വി. യോഹന്നാൻ ശ്ലീഹാ ഉപദേശിക്കുന്നത്. ഒരു വിശ്വാസവിപരീതിയെ കണ്ട് വി. യോഹന്നാൻ ശ്ലീഹാ കുളിച്ചുകൊണ്ടുനിന്ന ബാലാനിയിൽ നിന്ന് ഓടിക്കളഞ്ഞു. "സഹോദരൻ എന്നു പേർപെട്ട ഒരുവൻ വ്യഭിചാരിയോ ദുർന്നടപ്പുകാരനോ ആയിരുന്നാൽ അവനോടു നിങ്ങൾക്കു സംസർഗ്ഗം പാടില്ല. അങ്ങനെയുള്ളവനോടൊരുമിച്ച് ആഹാരം പോലും കഴിക്കരുത്" (1 കൊരി. 5:11) എന്ന് വി. പൗലൂസ് അപ്പോസ്തോലൻ ആജ്ഞാപിക്കുന്നു. ഈ ലോകത്തിലുള്ള വ്യഭിചാരികളെയും കൊള്ളരുതാത്തവരെയും കുറിച്ചല്ല താൻ പറയുന്നതെന്ന് അപ്പോസ്തോലൻ തുടർന്നു പ്രസ്താവിക്കുന്നു. പിന്നെയോ ക്രിസ്തുവിന്റെ നാമവും പറഞ്ഞുവരുന്ന ദുർന്നടപ്പുകാരെപ്പറ്റിയാണ്. അവരുടെ വലയിൽ നാം വീണുപോകരുത്. സത്യവിശ്വാസത്തിൽ നിലനിൽക്കണം; നോമ്പുനോക്കണം; പ്രാർത്ഥിക്കണം. പിതാക്കന്മാർ ഇവയെല്ലാം ചെയ്തു. "നിങ്ങളോടു ദൈവത്തിന്റെ വചനത്തെ പറഞ്ഞു നിങ്ങളെ ഭരിച്ചവരുടെ നടപ്പിന്റെ അവസാനത്തെ നല്ലവണ്ണം വിചാരിച്ച് അവരുടെ വിശ്വാസത്തെ പിന്തുടരുവിൻ" (എബ്രാ. 13:7) എന്ന് അപ്പോസ്തോലൻ ഉപദേശിക്കുന്നു.

ആകയാൽ നിങ്ങൾ ക്രിസ്തുവിന്റെ പ്രകാശത്തിൽ, സഭയുടെ കൽപ്പനകൾക്കും ചട്ടങ്ങൾക്കും കീഴ്പ്പെട്ട് അനുസരണമുള്ള മക്കളായിരിക്കണം. കാതോലിക്കായ്ക്കും ശ്ലീഹായ്ക്കും അടുത്ത ഏക വി. സഭ നമ്മുടെ സഭയാകയാൽ സഭയോടു നിങ്ങൾ വിശ്വസ്തതയുള്ളവരായിരിക്കണം. ഇതര സഭക്കാരുടെ ഉപദേശങ്ങളിൽപെട്ടു തെറ്റിപ്പോകാൻ ഇടയാകരുത്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

(കോട്ടയം എം.ഡി. സെമിനാരിയിൽ വച്ച് 27-9-123-ൽ സമ്മേളിച്ച സ്റ്റുഡന്റ് കോൺഫ്രൻസിൽ ചെയ്ത പ്രസംഗം. സമ്പാദകൻ: ഡോ. എം. കുര്യൻ തോമസ്)

ഭാഗം 5

കല്പനകൾ/സ്വകാര്യ കത്തുകൾ

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

1

നിരണം മുതലായ ഇടവകകളുടെ
മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന്

നമ്മുടെ .... പള്ളിയിലെ വികാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരേ, സണ്ടേസ്കൂൾ മദ്ധ്യസ്ഥ പ്രാർത്ഥന ആണ്ടുതോറും നടത്തുന്നതുപോലെ ഈ ആണ്ടിൽ ധനുമാസം 28-നു ഞായറാഴ്ച നടത്തണമെന്നു നിശ്ചയിച്ചിരിക്കുന്നു. അന്നേ ദിവസം പള്ളികളിലും സ്കൂളുകളിലും മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നതു കൂടാതെ കാണിക്കൈ പിരിയുന്ന പണം എടുത്തു ഖജാൻജിക്കു (പി. കെ. വർക്കി, താഴത്തങ്ങാടി, കോട്ടയം) അയച്ചുകൊടുക്കുകയും വേണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു കൃപനിറഞ്ഞ മറിയാമ്മിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി.

എന്ന്, 1918-നു കൊല്ലം 1094 തുലാം 26-നു പരുമല സിമ്മനാരിയിൽ നിന്ന്.

മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കുള്ള വിഷയങ്ങൾ

1. ഇതുവരെയുള്ള കൃപകൾക്കുവേണ്ടി ദൈവത്തിനു സ്തോത്രം.

2. സണ്ടേസ്കൂൾ വേലയിൽ സഭയുടെയും ഇടവകകളുടെയും കൂടുതൽ ശ്രദ്ധ ഉണ്ടാകുന്നതിന്.

3. വേല എല്ലാസ്ഥലത്തും (വടക്കും തെക്കും) ശക്തിയായി നടക്കുന്നതിന് ആവശ്യമുള്ള പണവും വേലക്കാരും ഉണ്ടാകുന്നതിന്.

4. വീഴ്ചയിലും മന്ദതയിലും കിടക്കുന്ന സ്കൂളുകൾക്കു പുതിയ ജീവൻ ഉണ്ടാകുന്നതിന്.

5. വേലക്കാരും കുട്ടികളും കാതോലികവും പരിശുദ്ധവുമായ ജീവിതത്തിൽ വളരുന്നതിന്.

6. വേലയുടെ പൊതുക്കാര്യങ്ങൾ നടത്തുന്നതിനു പ്രത്യേക വേലക്കാരും പണവും ഉണ്ടാകുന്നതിന്.

7. വേലയുടെ ഉത്തമമായ മേൽഗതിക്ക് ആവശ്യപ്പെട്ട പുസ്തകങ്ങൾ എഴുതിക്കിട്ടുന്നതിന്.

8. ലോകമെങ്ങുമുള്ള കുഞ്ഞുങ്ങൾ നല്ലതായി സംരക്ഷിക്കപ്പെടുന്നതിനും സ്വർഗ്ഗസ്ഥപിതാവിങ്കലേക്കു നടത്തപ്പെടുന്നതിനും.

നടത്തേണ്ടുംവിധം

പ്രാർത്ഥനയ്ക്കുള്ള വിഷയങ്ങൾ എന്തെല്ലാമെന്നു കൂടീട്ടുള്ളവരെ ആദ്യമേ പറഞ്ഞു മനസ്സിലാക്കണം. ഒരു കൌമ്മാ പ്രാർത്ഥിച്ചിട്ടു മദ്ധ്യസ്ഥപ്രാർത്ഥന തുടങ്ങാം. പട്ടക്കാരൻ ഓരോ വിഷയത്തെയും എടുത്തു പറകയും ഓരോന്നിന്റെയും ഇടയ്ക്കു രഹസ്യപ്രാർത്ഥനയ്ക്കുള്ള സമയം കൊടുക്കയും ചെയ്യണം. രഹസ്യപ്രാർത്ഥനാപുസ്തകത്തിൽ നിന്നു വി. സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനയും വിശ്വാസപ്രമാണവും ചൊല്ലി അവസാനിപ്പിക്കാം. ഒടുവിൽ കാണിക്കൈ പിരിക്കുകയും ചെയ്യണം. ഇതു സംബന്ധമായ പരസ്യങ്ങൾ എല്ലാം മുൻകൂട്ടി ചെയ്തിരിക്കയും വേണം.

പരീക്ഷയുടെ പ്രോഗ്രാം

മകരം 5–ാം തീയതി ശനിയാഴ്ച 10 മണി മുതൽ ബാലപാഠം ഒന്ന്, രണ്ട് എന്നീ ക്ലാസ്സുകൾക്കു വാചാപരീക്ഷയും മൂന്ന്, നാല്, അഞ്ച്, ആറ് എന്നീ ക്ലാസ്സുകൾക്ക് പുതിയനിയമവും, 2 മണി മുതൽ ടി ക്ലാസ്സുകൾക്കു പഴയനിയമവും.

മകരം 6–ാം തീയതി 2 മണി മുതൽ ആറാം ക്ലാസ്സിനു മതസംഗതിയും സഭാചരിത്രവുമുണ്ടായിരിക്കുന്നതാണ് (ബാക്കിയുള്ള ക്ലാസ്സുകളിലെ ഈ വിഷയങ്ങൾ മുൻചോദ്യങ്ങളിൽ ഉൾപ്പെടുന്നതാണ്).

2

നമ്പർ 186

The Orthodox Syrian Church of Malankara

നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ്
മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ മാരാമൺ പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

റാഹൂർ തോമസ് കത്തനാർ റോമാ മതത്തിൽ ചേർന്നതിന്റെ ശേഷം അയാൾക്ക് പകരം ചെമ്പോത്തറ പീലിപ്പോസ് കത്തനാരെ ആ പള്ളിക്ക് വികാരിയായി നിയമിച്ചിട്ടുണ്ടല്ലോ. എന്നാൽ ടി പീലിപ്പോസ് കത്തനാർക്ക് അവിടെ നടത്തുന്നത് പല തരത്തിൽ അസൗകര്യമാകയാൽ അയാൾക്ക്

പകരം കൊല്ലന്റേത്തായ പതാലിൽ തോമസ് കത്തനാരെ വേറെ ഒരു കല്പന ഉണ്ടാകുന്നതുവരെക്കും ആ പള്ളിക്ക് വികാരിയായി നാം നിയമിച്ചിരിക്കുന്നു. പള്ളി മുതൽകെട്ടുകാരൻ റോമയിൽ പോകുന്നു എന്നുള്ള കേൾവി നിമിത്തം മുതൽകെട്ട് ജോലി ചെയ്യേണ്ട എന്നു നാം കല്പന അയയ്ക്കുകയും അതിനെ സംബന്ധിച്ചു അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് പി. കെ. തോമസ് കത്തനാരെ നാം നിയമിച്ച് അയയ്ക്കുകയും ചെയ്തിരുന്നല്ലോ. അയാൾ നിങ്ങളുടെ അടുക്കൽ വരികയും കഴിഞ്ഞ ഞായറാഴ്ച അവിടെ പള്ളിയോഗം കൂടുകയും ചെയ്തതിൽ മുതൽകെട്ടുകാരനെപ്പറ്റിയുള്ള സംശയത്തിന് കാര്യമില്ലെന്ന് പള്ളിയോഗം ഐക്യകണ്ഠ്യേന തീരുമാനിച്ചിരിക്കുന്നതായി ടി കത്തനാർ നമ്മുടെ അടുക്കൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആകയാൽ മുൻ മുതൽപിടിക്കാരൻ അമയിൽ വറീതു വറീതു തന്നെ മുതൽപിടി ജോലി നടത്തിക്കൊള്ളുന്നതിന് ഇതിനാൽ നാം അയാളെ നിയമിച്ചിരിക്കുന്നു. ശേഷം കാര്യങ്ങൾ പിന്നാലെ എഴുതി അയയ്ക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

എന്ന് 1927-നു കൊല്ലവർഷം 1103 ധനു 9-നു തോട്ടുപുറത്തു പള്ളിയിൽ നിന്നും.

(*മാരാമൺ പള്ളിചരിത്രം*, പേജ് 46-47)

3

No. 463.

THE ORTHODOX SYRIAN CHURCH OF MALANKARA

മലങ്കര സ്തുതി ചൊവ്വാകപ്പെട്ട സുറിയാനി സഭ

നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസു
മെത്രാപ്പോലീത്തായിൽ നിന്നും,

നമ്മുടെ .... പള്ളിയിൽ വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്,

പ്രിയരേ, നി. വ. ദി. മ. ശ്രീ. മോറാൻ മാർ ഗീവറുഗീസ് ബസ്സേലിയോസ്സ് കാതോലിക്കാ ബാവാ തിരുമനസ്സു കൊണ്ട് കുറെ നാളുകളായി രോഗത്തിൽ ഇരിക്കുകയായിരുന്നുവല്ലോ. ചികിത്സയ്ക്കായി നെയ്യൂർ ആശുപത്രിയിൽ എത്തുകയും, തിരുമനസ്സിലെ ആഗ്രഹപ്രകാരം നാമും നമ്മുടെ ബഥനി മെത്രാച്ചനും കൂടി അദ്ദേഹത്തിന്റെ അടുക്കൽ എത്തി താമസിക്കയും ചെയ്തുവരവേ, ദീനം കൂടിയും കുറഞ്ഞും ഇരുന്നു. ഒടുവിൽ സുറിയാനി കണക്കിന് ഈ മാസം 4-ാം തീയതിയായ ധനു 3-ാം

തീയതി തിങ്കളാഴ്ച രാവിലെ എട്ടുമണിക്കു, വി. കുർബാന നടന്നുകൊണ്ടിരുന്ന അവസരത്തിൽ തന്നെ, ബാവാ തിരുമനസ്സുകൊണ്ടു കർത്താവിൽ നിദ്ര പ്രാപിച്ചു. അവിടെ സമീപത്തുള്ള തിരുവാംകോട്ടു പള്ളിയിലും തിരുവനന്തപുരത്തു പള്ളിയിലും നഗരി കാണിക്ക മുതലായ ശുശ്രൂഷകൾ നടത്തിയ ശേഷം ബാവായുടെ ആഗ്രഹപ്രകാരം വാകത്താനത്തു വള്ളിക്കാട്ടു പള്ളിയിൽ, മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമേനിയും ശേഷം മേൽപ്പട്ടക്കാരും, അനേകം പട്ടക്കാരുടേയും ജനങ്ങളുടേയും സഹായ സഹകരണങ്ങളോടുകൂടി ചൊവ്വാഴ്ച ഒരു മണിക്ക് കബറടക്കം ശുശ്രൂഷ നടത്തുകയും ചെയ്തിരിക്കുന്നു. മുപ്പതാം ദിവസം അടിയന്തിരം, ബാവാ തിരുമനസ്സിലെ മഹായിടവകയിൽപെട്ട എല്ലാവരും ചേർന്ന് നടത്തേണ്ടതാണല്ലോ. എല്ലാവരേയും വരുത്തി ആലോചിക്കുന്നതിന് സമയമില്ലാത്തതുകൊണ്ട് കോട്ടയം ഭദ്രാസന ഇടവകയിലെ എല്ലാ പട്ടക്കാരും പള്ളിപ്രതി പുരുഷന്മാരും ചേർന്ന് ഈ മാസം 9-ാം തീയതി ഞായറാഴ്ച പകൽ രണ്ടു മണിക്ക് വള്ളിക്കാട്ടു പള്ളിയിൽ ഒരു യോഗം കൂടണമെന്ന് നിശ്ചയിച്ചിരിക്കുന്നു. അതിനാൽ ആ പള്ളിയിൽ നിന്നും എല്ലാ പട്ടക്കാരും പള്ളി പ്രതിപുരുഷന്മാരും വന്നുചേരണമെന്ന് നാം താല്പര്യപ്പെടുന്നു. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് എഴുന്നെള്ളി യോഗം നടത്തുന്നതായിരിക്കും.

ശേഷം കാര്യങ്ങൾക്ക് പിന്നാലെ എഴുതി അയക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

എന്ന് 1928 നു കൊല്ലം 1104 ധനു 5 -ാം തീയതി

വള്ളിക്കാട്ടു പള്ളിയിൽ നിന്നും

4

നമ്പർ 476

നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ കാതോലിക്കാ മഹാ ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ കാതോലിക്കാ സിംഹാസന

ത്തിൽ മേൽ വാണിരുന്ന നിതാന്തവന്ദ്യ ദിവ്യ മഹിമശ്രീ ഒന്നാമത്തെ ഗീവറുഗീസ് എന്നു തിരുനാമമുള്ള മോറാൻ മോർ ബസ്സേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് കുറെ നാളുകളായി രോഗത്തി ലായിരുന്നു. അടുത്തകാലത്തു രോഗം വർദ്ധിക്കുകയാൽ നെയ്യൂർ ആസ്പത്രിയിലെത്തി ചികിത്സ നടത്തി. തിരുമനസ്സിലെ ആഗ്രഹപ്രകാരം നാമും നമ്മുടെ ബഹുമാനപ്പെട്ട ബഥനി മെത്രാച്ചനുംകൂടി അദ്ദേഹത്തോ ടൊരുമിച്ച് താമസിക്കുന്നുണ്ടായിരുന്നു. ദീനം കൂടിയും കുറഞ്ഞുമിരുന്നു. ഒടുവിൽ ക്രിസ്ത്വാബ്ദം 1928 ധനു 4- ാം തീയതിക്കു കൊല്ലം 1100 ഡിസം ബർ 17-ാം തീയതി തിങ്കളാഴ്ച രാവിലെ എട്ടു മണിക്ക് വിശുദ്ധ കുർബാന നടന്നുകൊണ്ടിരുന്ന അവസരത്തിൽ തന്നെ ബാവാ തിരുമനസ്സുകൊണ്ടു കർത്താവിൽ നിദ്ര പ്രാപിച്ചു. അവിടെ സമീപത്തുള്ള തിരുവാംകോട്ടുള്ള പള്ളിയിലും, നഗരി കാണിക്കൽ മുതലായ ശുശ്രൂഷകൾ നടത്തിയ ശേഷം ബാവാ തിരുമനസ്സിലെ ആഗ്രഹപ്രകാരം വാകത്താനത്തു വള്ളി ക്കാട്ടു പള്ളിയിൽ മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാ പ്പോലീത്താ തിരുമേനിയുടെയും, ശേഷം മേല്പട്ടക്കാരുടെയും അനേകം പട്ടക്കാരുടെയും ജനങ്ങളുടെയും സഹായസഹകരണങ്ങളോടു കൂടി പിറ്റേദിവസം ഒരു മണിക്കു വി. കുർബാനാനന്തരം കബറക്കട ശുശ്രൂഷ നടത്തിയിരിക്കുന്നു.

മുപ്പതാം ദിവസം അടിയന്തിരം ബാവാ തിരുമനസ്സിലെ മഹാഇടവക യിൽപ്പെട്ട എല്ലാവരും ചേർന്നു നടത്തേണ്ടതാണല്ലോ. എന്നാൽ എല്ലാവ രെയും വരുത്തി ഉടനെ ആലോചിക്കുന്നതിനു സമയമില്ലാതിരുന്നതു കൊണ്ടു കോട്ടയം ഭദ്രാസന ഇടവകയിലെ എല്ലാ പട്ടക്കാരും പള്ളിപ്രതി പുരുഷന്മാരും ചേർന്ന് ഈ മാസം 9-ാം തീയതി ഞായറാഴ്ച പകൽ രണ്ടു മണിക്കു വള്ളിക്കാട്ടുപള്ളിയിൽ ഒരു യോഗം കൂടണമെന്നു നിശ്ച യിച്ചു നാം ശാസനമയയ്ക്കുകയും അതനുസരിച്ച് ടി. യോഗം നിതാന്ത വന്ദ്യദിവ്യശ്രീ മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോ ലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടുകയും ചെയ്തു.

ബാവാ തിരുമനസ്സിലെ അടിയന്തിരം മുപ്പതാം ദിവസമായ അടുത്ത മകര മാസം 2-ാം തീയതി ചൊവ്വാഴ്ച ഏറ്റവും ഭംഗിയായി നടത്തണ മെന്നു തീരുമാനിക്കുകയും വന്നുകൂടിയിരിക്കുന്ന പള്ളിക്കാർ അതിലേക്കു യഥാശക്തി ദ്രവ്യസഹായം ചെയ്യാമെന്നു സമ്മതിക്കുകയും ഓരോ പള്ളി ക്കാരും ഓരോ സംഖ്യകൾ ഭരമേൽക്കുകയും ചെയ്തതു കൂടാതെ, ആളാംപ്രതിയും തക്കതായ സംഭാവനകൾ പലരും വാഗ്ദാനം ചെയ്യുക യുമുണ്ടായി. ആ യോഗത്തിൽ വച്ചുതന്നെ ഈ ആവശ്യത്തിലേക്കു കുറെ പണം പിരിഞ്ഞു കിട്ടുകയും ചെയ്തു.

ബാവാ തിരുമനസ്സിലെ ആത്മീയമക്കളും പൗരസ്ത്യ മഹാ ഇടവക യിലെ അംഗങ്ങളുമായ എല്ലാ പള്ളിക്കാരും അടിയന്തിരം ഭംഗിയായും മംഗളമായും നടത്തുവാൻ തക്കവണ്ണം ഇതിൽ യഥാശക്തി ദ്രവ്യ സഹായം ചെയ്യേണ്ടതും, അടിയന്തിരത്തിൽ പങ്കുകൊള്ളുവാനായി പട്ട ക്കാരും പള്ളിപ്രതിപുരുഷന്മാരും വന്നു ചേരേണ്ടതും ആണെന്നും നാം വിശേഷിച്ചു പറയേണ്ടതില്ലല്ലോ. അതിനാൽ അടിയന്തിര ചിലവിലേക്ക് ഓരോ പള്ളിയിൽ നിന്നും അയയ്ക്കണമെന്നു നാം ആവശ്യപ്പെട്ടിട്ടുള്ള സംഖ്യ ഈ മാസം 18- ാം തീയതിക്കു മുമ്പായി വാകത്താനത്തു വള്ളി ക്കാട്ടു പള്ളിയിൽ നമുക്ക് കിട്ടുവാൻ തക്കവണ്ണം നമ്മുടെ പേർക്ക് അയ ച്ചുതരണമെന്നു നിങ്ങളെ സ്നേഹത്തോടു നാം ഗുണദോഷിക്കുന്നു.

തന്നെയുമല്ല ഈ വിശുദ്ധ പിതാവിന്റെ ആത്മശാന്തിക്കു വേണ്ടിയും, അവിടുത്തെ പ്രാർത്ഥനയുടെ സഹായാനുഗ്രഹങ്ങൾ നമ്മുടെ സഭയ്ക്കും നിങ്ങളെല്ലാവർക്കും ഉണ്ടാകുന്നതിനുവേണ്ടിയും, ഈ മാസം 20-ാം തീയതി വ്യാഴാഴ്ച മുതൽ 22-ാം തീയതി ശനിയാഴ്ച വരെ മൂന്നു ദിവസത്തേക്കു ആ പള്ളിയിൽ ദുഃഖമണി അടിക്കുകയും വി. കുർബാന മുതലായ ശുശ്രൂഷകൾ നടത്തുകയും അതിൽ നമ്മുടെ ആത്മീയ മക്കളായ നിങ്ങളെല്ലാവരും സംബന്ധിക്കുകയും വേണമെന്നു നാം ഗുണ ദോഷിക്കുന്നു.

വിശേഷിച്ചും ബാവാതിരുമനസ്സിലെ കബറിങ്കൽ ഉണ്ടാകുന്ന വഴിപാടു മുതലായ വരുമാനങ്ങൾ "കാതോലിക്കാനിധി" എന്ന നാമത്തിൽ ഒരു പ്രത്യേക നിധിയായി സൂക്ഷിക്കണമെന്നും, അതിനെ എന്നും അതതു കാലത്തെ കാതോലിക്കായുടെ അധീനത്തിലും അധികാരത്തിലും വച്ചു കാതോലിക്കാ സ്ഥാപനത്തിന്റെ നിലനിൽപ്പിനും അഭിവൃദ്ധിക്കുമായി വിനിയോഗിക്കണമെന്നും നിശ്ചയിച്ചിരിക്കുന്നു.

അതിനാൽ ഈ വിഷയത്തിലും നിങ്ങളെല്ലാവരുടെയും സഹകരണമു ണ്ടാകുമെന്നു വിശ്വസിക്കുന്നു.

ബാവാ തിരുമേനിയുടെ കബറടക്ക ശുശ്രൂഷ കഴിഞ്ഞതിന്റെ പിറ്റേ ദിവസം വാകത്താനത്തു വള്ളിക്കാട്ടു പള്ളിയിൽ വെച്ചു ഞങ്ങൾ മേല്പ ട്ടക്കാർ കൂടി സുന്നഹദോസ് നടത്തുകയും പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിലേക്ക് പിൻഗാമിയെ തിരഞ്ഞെടുക്കയും വിശുദ്ധസഭ യുടെ ഐശ്വര്യാഭിവൃദ്ധിക്കു വേണ്ട പല കാര്യങ്ങൾ ആലോചിക്കുകയും ചെയ്തു. അടുത്ത കാതോലിക്കാബാവായെ ഉടൻതന്നെ അഭിഷേകം ചെയ്യണമെന്നും, ഈ വിഷയത്തിൽ നിന്നു ഒട്ടും കാലതാമസം വന്നു കൂടാ എന്നും, സമുദായാംഗങ്ങളായ പല പട്ടക്കാരും ജനങ്ങളും നിർ ബന്ധമായി അപേക്ഷിച്ചിട്ടുണ്ട്. കാതോലിക്കാ നിയമനത്തെപ്പറ്റി മേല്പ

ട്ടക്കാരുടെ തീരുമാനം പൊതുജനങ്ങളെ ഗ്രഹിപ്പിക്കേണ്ടതും, അവരുടെ മനഃപൂർവ്വമായ സഹായസഹകരണങ്ങൾ ഉണ്ടാകേണ്ടതും ആവശ്യ മാകയാൽ അതിലേക്കായി പൗരസ്ത്യ മഹാ ഇടവകയിൽപ്പെട്ട എല്ലാപ്പ ള്ളിക്കാരും ചേർന്നുള്ള ഒരു പൊതുയോഗം അടിയന്തിര ദിവസം മൂന്നു മണിക്ക് വള്ളിക്കാട്ടു പള്ളിയിൽ കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. ഈ പൊതുയോഗത്തിലും മുപ്പതാംദിവസഅടിയന്തിരത്തിലും സംബന്ധിക്കു ന്നതിന് ആ പള്ളിയിൽ നിന്നും പട്ടക്കാരും അയ്മേനികളുമായ പ്രതിനി ധികളെ അധികാരപ്പെടുത്തി അയച്ചുകൊള്ളുകയും വേണം. ശേഷം കാര്യങ്ങൾ പിന്നാലെ എഴുതി അയക്കുന്നതാണ്.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവ രിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യാമറിയാമിന്റേയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ബാവാ ഇത്യാദി.

എന്ന് 1928 കൊല്ലം 1104 ധനു 11 -ാം തീയതി വാകത്താനം വള്ളിക്കാട്ടു പള്ളിയിൽ നിന്നും.

5

നമ്പർ 187

സർവശക്തനായ ആദ്യന്തമില്ലാത്ത നിത്യന്റെ തിരുനാമത്തിൽ
(തനിക്കു സ്തുതി)

ശ്ലീഹായിയ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
ബലഹീനനാകുന്ന രണ്ടാമത്തെ
ഗീവറുഗീസ് ബസ്സേലിയോസ് കാതോലിക്കാ

(മുദ്ര)

നമ്മുടെ .... പള്ളിവികാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:-

പ്രിയരെ, ഇവിടെ കൂടിയ ഇടവകസുന്നഹദോസിന്റെ നിശ്ചയങ്ങൾ ഇതോടുകൂടെ അയയ്ക്കുന്നു. കമ്മട്ടിക്കാർ പിരിവിന്നായി വന്നാൽ കാല താമസത്തിനിടയാകാതെ എല്ലാവരും ഉത്സാഹമായും താൽപര്യമായും പ്രവൃത്തിക്കുമെന്നു നാം വിശ്വസിക്കുന്നു.

റീശീസാ, കൈമുത്ത് ഇവയിൽ ചില തകരാറുകൾ ഉണ്ടാകുന്ന വിവരം നിങ്ങളും അറിഞ്ഞിരിപ്പാൻ ഇടയുണ്ടെന്നാണ് നാം അറിയുന്നത്. ആടിനെ

മേയ്ക്കുന്നവൻ അതിന്റെ പാലിൽ നിന്നും ഉണ്ണണം. യാതൊരു വരുമാനവും കൂടാതെ ഒരാൾക്ക് ജീവിപ്പാൻ കഴിയുന്നതല്ല. രാജാവായാലും കരം കിട്ടണമല്ലോ? നമ്മുടെ മേൽപട്ടക്കാർക്കു ശമ്പളമോ മറ്റു വരുമാനങ്ങളോ ഒന്നും ഇല്ല. അവർക്കു വച്ചിരിക്കുന്ന തുച്ഛമായ വരുമാനം, അതും, അപഹരിക്കപ്പെട്ടു പോയാൽ എന്താണു ചെയ്യുക. മേൽപട്ടക്കാരെ സംബന്ധിച്ച് സ്നേഹത്തോടു വിചാരിക്കുന്ന ഒരാത്മാവെങ്കിലും ഓരോ ഇടവകയിലും ഇല്ലാതായിപ്പോയ കാലമാണോ ഇത്? മേൽപട്ടക്കാരുടെ വക അപഹരിക്കാതെ, അതതു സമയം, കൈമുത്തായാലും, റീശീസായായാലും, മണിയോർഡറായി അയച്ചുകൊടുക്കണം.

കാതോലിക്കാഫണ്ട് എല്ലാവരും സിംഹാസനത്തിന്റെ ബഹുമാനത്തെ ഓർത്തു ചെയ്യുമെന്ന് നാം വിശ്വസിക്കുന്നു. പിടിയരിയും കോഴിയും അതതു സമയം പിരിച്ചും എത്തിക്കേണ്ടുന്നതിന് അതതിടവകകളിലെ പട്ടക്കാരെ നാം ചുമതലപ്പെടുത്തിയിരിക്കുന്നു. ആ സംഗതിക്ക് അവർക്കു നാം പ്രത്യേക കൽപനകൾ അയച്ചിട്ടുണ്ട്. അവർ അത് പിരിപ്പിച്ചു നമ്മുടെ ഖജാൻജിയാകുന്ന തെങ്ങുംതറയിൽ ഗീവറുഗീസു കത്തനാരെ ഏൽപിച്ചു രസീതു വാങ്ങിച്ചുകൊള്ളണം.

എല്ലാ പള്ളികളിലും ഇടവകരജിസ്റ്റർ, വിവാഹരജിസ്റ്റർ, മരണരജിസ്റ്റർ ഇവ ഉണ്ടാക്കിക്കൊള്ളണം. ഇടവകരജിസ്റ്ററിന്റെ പകർപ്പ് നമുക്കു അച്ചുതരേണ്ടതാണ്.

ആണ്ടിൽ ഒരിക്കലെങ്കിലും വിശുദ്ധ കുർബ്ബാന അനുഭവിക്കാത്ത ആരേയും ഇടവകാംഗമായി സ്വീകരിച്ചു പോകരുത്. കുറഞ്ഞപക്ഷം എല്ലാ നോമ്പുകളിലും വി. കുർബ്ബാന അനുഭവിക്കണം. എല്ലാ ആഴ്ചകളിലും മാറാനായ പെരുനാളുകളിലും എല്ലാവരും വി. കുർബ്ബാന അനുഭവിക്കണമെന്നാണ് സഭയുടെ നിയമം. എത്ര കുറഞ്ഞുപോയാലും നാൽപതാം പക്കം നാൽപതാം പക്കം അനുഭവിക്കണമെന്നുള്ളത് സഭയുടെ നിർബന്ധമാണ്. അതും പോയിട്ടു ഒരിക്കലുമില്ലെന്നുള്ള മട്ടാണ് ഇപ്പോൾ വന്നിരിക്കുന്നത്. അതിനാൽ എല്ലാ നോമ്പിലും നിർബന്ധമായി എല്ലാ സ്ത്രീപുരുഷന്മാരും വി. കുർബ്ബാന അനുഭവിക്കണം. അതാതിടവകയിൽതന്നെ ആണ്ടുകുമ്പസാരം കഴിച്ച് വി. കുർബ്ബാന അനുഭവിക്കാത്തവനേയും അങ്ങനെയുള്ള സ്ത്രീയേയും ഇടവകാംഗമോ സഭാംഗമോ ആയിട്ടു വിചാരിപ്പാൻ പാടില്ല.

സുവിശേഷസംഘങ്ങൾ ഇപ്പോൾ നടക്കുന്നില്ലല്ലോ. അതു വീണ്ടും നടത്തണമെന്നു നാം വിചാരിക്കുന്നു. അതിലേക്ക് നമ്മുടെ തെങ്ങുംതോട്ടത്തിൽ പീലിപ്പോസു കത്തനാരെ നാം നിയമിച്ചു കൽപന കൊടുത്തിട്ടുണ്ട്. വേറെ ആളുകളെ അയാളോട് കൂടെ ചേർത്തു നടത്താനും നാം അനുവദിച്ചിട്ടുണ്ട്.

ശേഷം പിന്നാലെ

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1929-ന് കൊല്ലം 1105 ചിങ്ങം 22-നു പത്തനംതിട്ട അരമനയിൽ നിന്നും.

തുമ്പമൺ മെത്രാസന ഇടവക സുന്നഹദോസിന്റെ മൂന്നാമതു യോഗം, നി. വ. ദി. മ. ശ്രീ. പൌരസ്ത്യ കാതോലിക്കാ മോറാൻ മോർ ബസ്സേലി യോസ്സ് ബാവാ തിരുമനസ്സുകൊണ്ട് 1105 ചിങ്ങം 10-നു 137-ാം നമ്പരായി മെത്രാസന ഇടവകപ്പള്ളികൾക്ക് അയച്ച സർക്ക്യൂലർ കൽപനയിലെ താൽപര്യപ്രകാരം തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ 1105 ചിങ്ങം 18-നു പത്തു മണിക്ക് പത്തനംതിട്ട അരമനയിൽ കൂടി. പ്രാർത്ഥനയും ഉപ ക്രമപ്രസംഗവും കഴിഞ്ഞു മുൻ സുന്നഹദോസിലെ നിശ്ചയങ്ങൾ വായിച്ചു പാസ്സാക്കി. പിന്നീടു കൽപനയിലെ സംഗതികളെ സംബന്ധിച്ചു ആലോചന തുടങ്ങുകയും പന്ത്രണ്ടു മണിക്കു ശേഷം പ്രാർത്ഥനയ്ക്കും ഭക്ഷണത്തിനുമായി യോഗം തൽക്കാലം പിരിയുകയും, വീണ്ടും മൂന്നു മണിക്കു യോഗം കൂടി താഴെ പറയുന്ന നിശ്ചയങ്ങൾ പാസ്സാക്കുകയും ചെയ്തു.

നിശ്ചയങ്ങൾ

1. സ്കൂൾകെട്ടിടം മുതലായ സ്ഥാപനകൾക്കായുള്ള സംഭാവനകൾ ഓരോരുത്തരിൽ നിന്നും വാങ്ങുന്നതിനു ഒരു സെൻട്രൽ കമ്മട്ടി (Central Committee) രൂപീകരിക്കണമെന്നും ദിവ്യശ്രീമാന്മാരായ വടക്കേടത്തു ഗീവറുഗീസു കത്തനാർ, വടുതല ഈശോ കത്തനാർ, തെങ്ങുംതറയിൽ ഗീവറുഗീസു കത്തനാർ, കിഴക്കേവീട്ടിൽ പത്രോസു കത്തനാർ, കൊപ്പാറെ ഗീവറുഗീസു കത്തനാർ എന്നീ വൈദീകന്മാരും, ശ്രീമാന്മാരായ തേരകത്തു കമ്പേലിൽ ചെറിയാൻ മുതലാളി, കിഴക്കുപുറത്തു പുത്തൻവീട്ടിൽ കോരള കുഞ്ഞമ്മൻ, പത്തനംതിട്ട കുഴിയൽ വർക്കി മത്തായി, നാരങ്ങാനത്തു എൻ. സി. തോമ്മസ് എന്നീ അൽമായക്കാരും, അതിന്റെ അംഗങ്ങൾ ആയിരിക്കണമെന്നും, ഇവരിൽ വടക്കേടത്തു ഗീവറുഗീസ് കത്തനാർ പ്രസിഡന്റും ശ്രീമാൻ തേരകത്തു ചെറിയാൻ മുതലാളി ഖജാൻജിയും ശ്രീമാൻ എൻ. സി. തോമ്മസ് സെക്രട്ടറിയും ആയിരിക്കണമെന്നും, കമ്മട്ടിക്കാർ അടുത്ത മൂന്നു മാസക്കാലംകൊണ്ട് ഇടവകകളിൽ സഞ്ചരിച്ചു ടി ജോലി പൂർത്തിയാക്കണമെന്നും, തെങ്ങുംതോട്ടത്തിൽ അബ്രഹാം കത്തനാരവർകൾ അഭിപ്രായപ്പെടുകയും പുലിമുഖത്തു ഗീവറുഗീസു കത്തനാർ അവർകളും കൈപ്പട്ടൂർ വല്യവീട്ടിൽ

ഗീവറുഗീസവർകളും പിന്താങ്ങുകയും യോഗം ഐകകൺഠ്യേന പാസ്സാക്കുകയും ചെയ്തു.

2. ഒരു കാതോലിക്കാഫണ്ട് ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ആ ധനശേഖരത്തിലേക്ക് സംഭാവന ചെയ്യേണ്ടത് നമ്മുടെ സർവ്വപ്രധാനമായ കർത്തവ്യ കർമ്മമാണെന്നും ഓരോ വീട്ടുകാരനും യഥാശക്തി ഒരു രൂപാ മുതൽ പത്തു രൂപാ വരെ സംഭാവന ചെയ്യേണ്ടതാണെന്നും മേൽ വകുപ്പിൽ സെൻട്രൽ കമ്മറ്റിക്കാർ നടത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള പിരിവും കാതോലിക്കാ ധനശേഖരവും ഒരുമിച്ചു നടത്തുന്നത് അസൗകര്യമാകയാൽ കാതോലിക്കാ നിധിയിലേക്കുള്ള സംഭാവനകൾ അടുത്ത ധനു മാസം മുതൽ ശേഖരിക്കേണ്ടതാണെന്നും വടക്കേടത്തു ഗീവറുഗീസു കത്തനാരവർകൾ അഭിപ്രായപ്പെടുകയും കിഴക്കുപുറത്തു പുത്തൻവീട്ടിൽ കോരള കുഞ്ഞമ്മൻ അവർകൾ പിന്താങ്ങുകയും യോഗം ഐകകൺഠ്യേന പാസ്സാക്കുകയും ചെയ്തു.

3. റീശീസാ, കൈമുത്ത് ഇവ ക്രമമായി വസൂലാക്കി ബാവാതിരുമേനിയെ ഏൽപിപ്പാൻ ചുമതലക്കാരായ ബ. പട്ടക്കാർ തത്സമയം ആ സംഖ്യ തിരുമുമ്പാകെ എത്തിച്ചുകൊടുക്കണമെന്നും പതിനെട്ടു വയസ്സിനുമേൽ പ്രായമുള്ള സ്ത്രീപുരുഷന്മാരും ആണ്ടിൽ മൂന്നു പ്രാവശ്യത്തിൽ കുറയാതെ വി. കുർബാന അനുഭവിച്ചിരിക്കേണ്ടതാണെന്നും ആണ്ടു കുമ്പസ്സാരം കഴിച്ചു വി. കുർബ്ബാന അനുഭവിക്കാത്ത സ്ത്രീപുരുഷന്മാർ സഭാംഗങ്ങളായിരിപ്പാൻ അയോഗ്യരാണെന്നും ഇവയ്ക്കു സഹായമായി ഇടവകരജിസ്റ്റർ ക്രമീകരിക്കണമെന്നും മി. കെ. വി. മത്തായി അഭിപ്രായപ്പെടുകയും കൈപ്പട്ടൂർ കൊന്നയിൽ യോഹന്നാൻ അവർകളും വകയാർ കുളത്തുങ്കൽ തോമസ്സവർകളും പിന്താങ്ങുകയും യോഗം ഐകകൺഠ്യേന പാസ്സാക്കുകയും ചെയ്തു.

ഈ നിശ്ചയങ്ങൾ അച്ചടിച്ച് അവയുടെ പ്രതികൾ കൽപനസഹിതം എല്ലാ പള്ളിക്കും അയച്ചുകൊടുക്കേണ്ടതാണെന്നും കെ. വി. മത്തായി അവർകൾ അഭിപ്രായപ്പെടുകയും എൻ. സി. തോമസ്സവർകൾ പിന്താങ്ങുകയും യോഗം സർവ്വസമ്മതമായി പാസ്സാക്കുകയും ചെയ്തു.

അനന്തരം ഉപസംഹാരവും പ്രാർത്ഥനയും കഴിഞ്ഞ് 5 മണിക്ക് യോഗം പിരിഞ്ഞു.

6

നമ്പർ 465

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

ശരീരങ്ങളെ ജീവിപ്പിക്കുന്നവനും, ആത്മാക്കളുടെ രക്ഷിതാവുമായ നമ്മുടെ കർത്താവിന്റെ സ്വർഗ്ഗീയസമാധാനവും, അഭംഗമായ സ്നേഹവും റൂഹായ്ക്കടുത്ത വാഴ്വുകളും നമ്മുടെ .... പള്ളിയിലെ വൈദികന്മാരും ജനങ്ങളുമായി വാഴ്ത്തപ്പെട്ടവരും അനുഗ്രഹിക്കപ്പെട്ടവരുമായ വാത്സല്യ ഭാജനങ്ങളുടെ നിറുകമേൽ വന്നാവസിക്കുമാറാകട്ടെ. ദൈവമായ കർത്താ വിന്റെ വാഴ്വു നിങ്ങളുടെമേലും നിങ്ങളുടെ ഇടവകമേലും നിങ്ങളുടെ ഭവനങ്ങൾമേലും നിങ്ങളുടെ മക്കളുടെമേലും നിങ്ങളുടെ എല്ലാ ഉദ്യമ ങ്ങൾമേലും ആവസിക്കുമാറാകട്ടെ. അതു ദൈവമാതാവായ വി. കന്യക മറിയാമിന്റെയും ഇന്ത്യയുടെ കാവൽക്കാരനായ വി. മാർത്തോമ്മാ ശ്ലീഹാ യുടെയും എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥന കളാൽ തന്നെ ആമ്മീൻ.

അനുഗ്രഹിക്കപ്പെട്ടവരും, സ്നേഹിക്കപ്പെട്ടവരും, വാത്സല്യഭാജനങ്ങ ളുമായ റൂഹായ്ക്കടുത്ത നമ്മുടെ മക്കളെ, നമ്മുടെ പല ഇടവകകളിലും വി. മൂറോൻ ആവശ്യത്തിന് മതിയാകുന്നിടത്തോളം കിട്ടുവാൻ പ്രയാസ മാണെന്നറിയുന്നതു നിമിത്തം എത്രയും വേഗത്തിൽ ഈ കുറവിനെ പരിഹരിക്കുന്നതിലേക്കായി സുറിയാനിക്കണക്കിനു ഈ മേടമാസം 9-ന് കൊല്ലവർഷം 1107 മേടമാസം 10-നു വെള്ളിയാഴ്ച (നാല്പതാം വെള്ളി യാഴ്ച) ഈ സിമ്മനാരി ചാപ്പലിൽ വച്ചു വി. മൂറോൻ കൂദാശ നടത്തണ മെന്നു കർത്താവിൽ നാം ആശിക്കുന്നു. എന്നാൽ ഇതിലേക്കാവശ്യപ്പെട്ട സുഗന്ധദ്രവ്യങ്ങൾ മുതലായവ വാങ്ങുന്നതിനും മറ്റുമായി ഒരു വലിയ പണത്തുക ആവശ്യമുള്ളതുകൊണ്ടു അതിലേക്കായി നമ്മുടെ എല്ലാ പള്ളിക്കാരും ദ്രവ്യനിക്ഷേപം ചെയ്ത് അനുഗ്രഹം പ്രാപിക്കണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം അറിയിക്കുന്നു. അതിനാൽ ആ പള്ളി യിൽ നിന്നും 20 രൂപാ ഈ മാസം 25-ാം തീയതിക്കകം ഇവിടെ കിട്ടത്ത ക്കവണ്ണം മണിയോർഡറായി നമ്മുടെ പേർക്കയച്ചുതരണം. മൂറോൻ കൂദാശ നടത്തുക എന്നതു സാധാരണമല്ലാത്തതിനാൽ നമ്മുടെ സഭ യുടെ നിലയ്ക്കും മഹിമയ്ക്കും ഒത്തവണ്ണം നടത്തേണ്ടതാകയാൽ കഴി വുള്ള എല്ലാ വൈദികന്മാരും, ജനങ്ങളും ഇതിൽ വന്നു സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുമെന്നു നാം വിശ്വസിക്കുന്നു. പ്രത്യേകിച്ചും വന്നു ചേരുന്ന പട്ടക്കാർക്ക് അവരുടെ അംശവസ്ത്രങ്ങളും ഉണ്ടായിരിക്കണം.

ദൈവമായ കർത്താവു ബലഹീനനായ നമ്മുടെ വലത്തു കൈയോ ടുകൂടെ അവിടത്തെ വി. വലത്തുകൈ നീട്ടി നിങ്ങളേയും നിങ്ങളുടെ

മക്കളേയും നിങ്ങൾ പ്രവർത്തിക്കുന്ന സകലത്തേയും അനുഗ്രഹിക്കയും, എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ നിങ്ങൾ വന്ന് അകത്തു പ്രവേശിച്ചു ലോകസ്ഥാപനത്തിനു മുമ്പുതന്നെ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തെ അവകാശമായി അനുഭവിച്ചുകൊള്ളുവിൻ എന്നുള്ള സന്തോഷകരമായ ശബ്ദം നിങ്ങളേയും നിങ്ങളുടെ മരിച്ചുപോയവരേയും കേൾപ്പിക്കയും ചെയ്യുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി:-

എന്നു മിശിഹാക്കാലം 1932-ന് കൊല്ലം 1107- ാമാണ്ട് മീനമാസം 10-ാം തീയതി കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

7

1934 മലങ്കര അസോസിയേഷൻ

നമ്പർ 225

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും
ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ
ഗീവറുഗീസ് എന്ന് അഭിധാനമുള്ള
ബസ്സേലിയോസ് കാതോലിക്കാ

(മുദ്ര)

നമ്മുടെ ... പള്ളിയിൽ വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:-

പ്രിയരേ, മലങ്കര മെത്രാപ്പോലീത്തായും മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷൻ പ്രസിഡണ്ടുമായിരുന്ന ഗീവറുഗീസ് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ മിശിഹാക്കാലം 1934 കുംഭ മാസം 10-ാംനു 1109 കുംഭ മാസം 12-ാംനു വെള്ളിയാഴ്ച കാലംചെയ്ത വിവരം നമ്മുടെ കൽപ്പന മൂലവും മറ്റും നിങ്ങൾ അറിഞ്ഞിരിക്കുന്നതാണല്ലോ. സമുദായത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ദീർഘമായ പരിചയവും, ജ്ഞാനവും ഉണ്ടായിരുന്ന ആ മെത്രാപ്പോലീത്തായുടെ ദേഹവിയോഗം നമുക്കെല്ലാവർക്കും എത്രയും വലുതായ ഒരു നഷ്ടമാണെന്നോർത്തു ദുഃഖിക്കയും, സന്താപത്തിൽ ഇരിക്കുന്ന നിങ്ങളേയും നമ്മേയും സർവ്വശക്തനായ ദൈവം ആശ്വസിപ്പിക്കുവാൻ പ്രാർത്ഥിക്കയും ചെയ്യുന്നു.

നമ്മുടെ സമുദായസംബന്ധമായ പല കാര്യങ്ങളെക്കുറിച്ചും അസോ

സ്യേഷൻ കൂടി ആലോചിച്ചു തീരുമാനം ചെയ്യേണ്ടത് അത്യാവശ്യമായി വന്നിരിക്കുന്നതിനാൽ മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷന്റെ ഒരു പൊതുയോഗം 1934 മീന മാസം 7-ാം തീയതിക്കു 1109 മീന മാസം 7-ാംനു ചൊവ്വാഴ്ച പകൽ രണ്ടു മണിക്കു കോട്ടയം സുറിയാനി സിമ്മനാരിയിൽ കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. ഇപ്രകാരം അസോസ്യേഷന്റെ ഒരു പൊതുയോഗം അടുത്തുതന്നെ കൂട്ടണമെന്നു കാലം ചെയ്ത മെത്രാപ്പോലീത്തായും ആഗ്രഹിച്ചും നിശ്ചയിച്ചും ഇരുന്നതാണല്ലോ. എന്നാൽ അദ്ദേഹത്തിന്റെ സുഖക്കേടുകൊണ്ടും ദേഹവിയോഗം നിമിത്തവും അപ്രകാരം ചെയ്യുന്നതിന് ഇടയാകാഞ്ഞതാണ്.

മീനമാസം 7-ാംനു ചൊവ്വാഴ്ച കൂടുന്ന അസോസ്യേഷൻ പൊതുയോഗത്തിൽ താഴെപ്പറയുന്നവ ആലോചനാവിഷയങ്ങൾ ആയിരിക്കും.

1. മലങ്കര മെത്രാപ്പോലീത്തായും, അസോസ്യേഷൻ പ്രസിഡണ്ടുമായിരുന്ന ഗീവറുഗീസ് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായുടെ ദേഹവിയോഗം നിമിത്തം ഒഴിവുവന്നിരിക്കുന്ന സ്ഥാനത്തേക്ക് ആളിനെ തെരഞ്ഞെടുക്കുക.

2. ഇപ്പോൾ ഉള്ള അസോസ്യേഷൻ മാനേജിംഗ് കമ്മറ്റിയിലെ അംഗങ്ങൾക്കു പകരം ആളുകളെ തെരഞ്ഞെടുക്കുക.

3. സഭാഭരണം നടത്തുന്നതിനും സഭയുടെ അഭിവൃദ്ധിയെ സംബന്ധിച്ചു പരിശ്രമിക്കുന്നതിനും മേൽപട്ടക്കാർ ചുരുക്കമാകയാൽ ആയതിലേക്ക് അർഹന്മാരായ രണ്ടാളുകളെയെങ്കിലും തെരഞ്ഞെടുക്കുക.

4. സഭാഭരണ ഘടനയെക്കുറിച്ച് വേണ്ടത് ആലോചിക്കുക.

ആകയാൽ ഈ നമ്മുടെ കൽപ്പന പള്ളിയിൽ വായിച്ചു പ്രസിദ്ധപ്പെടുത്തി ന്യായാനുസരണം ആ പള്ളി ഇടവകയോഗം കൂടി ആലോചിച്ച് ആ പള്ളിയിടവകയുടെ പ്രതിപുരുഷന്മാരായി ഒരു പട്ടക്കാരനെയും രണ്ട് അയ്മേനികളെയും തെരഞ്ഞെടുത്ത് ഈ കൽപ്പനയിൽ വിവരിച്ചിരിക്കുന്ന വിഷയത്തെക്കുറിച്ച് മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷൻ പൊതുയോഗത്തിൽ നിങ്ങൾക്കുവേണ്ടി അഭിപ്രായം കൊടുപ്പാൻ ഇതോടുകൂടി അയയ്ക്കുന്ന ഫാറത്തിൽ അധികാരപ്പെടുത്തി 1109 മീനമാസം 7-ാംനു ചൊവ്വാഴ്ച പകൽ രണ്ടുമണിക്ക് ഈ സിമ്മനാരിയിൽ ഹാജരാകുവാൻ തക്കവണ്ണം പള്ളിച്ചെലവിന്മേൽ അയച്ചുകൊള്ളുകയും വേണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമർത്തമറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രത്യേകം ഇപ്പോൾ നമ്മിൽനിന്നു വേർപെട്ട നമ്മുടെ ആബൂൻ മോർ ദീവന്നാസ്യോസിന്റെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.. ഇത്യാദി.

എന്ന്, മിശിഹാക്കാലം 1934-നു കൊല്ലം 1109 കുംഭമാസം 22-ാംനു കോട്ടയം സുറിയാനി സിമ്മനാരിയിൽനിന്നും.

8

നമ്പർ 224

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

(മുദ്ര)

നമ്മുടെ മലങ്കരെയുള്ള എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ ദൈവീക കൃപയും സ്വർഗ്ഗീയ വാഴ്വും നിങ്ങളുടെമേലും നിങ്ങൾക്കുള്ള സർവത്തിന്മേലും വന്നാവസിക്കുമാറാകട്ടെ! കരുണാസംപൂർണ്ണമായ തന്റെ വഴികളിൽ കൂടി നടക്കുന്നതിനു ദൈവം നിങ്ങളെ യോഗ്യന്മാരാക്കുകയും നിസ്സാരമായ ഈ ലോകത്തിൽ വച്ച് നിത്യമായുള്ളതിനെ എത്തിപിടിപ്പാൻ നിങ്ങൾക്കു ബുദ്ധിയും ജ്ഞാനവും നൽകുകയും ചെയ്യട്ടെ. ആയതു ദൈവമാതാവിന്റെയും എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

അനുഗ്രഹിക്കപ്പെട്ട നമ്മുടെ മക്കളെ! കർത്താവിന്റെ ദിവസം അടുക്കുന്തോറും നിങ്ങളുടെമേൽ വന്നുകൂടാവുന്ന പരീക്ഷകളിൽനിന്ന് നിങ്ങൾ രക്ഷിക്കപ്പെടേണ്ടതിനും ആ നാളിൽ മുഖപ്രസാദത്തോടുകൂടെ തന്നെ എതിരേൽക്കുന്നതിനുമായി ജാഗരൂകന്മാരും ഉണർവ്വുള്ളവരും ആയിരിക്കണം. കഴിയുമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരേയും കൂടെ വഞ്ചിപ്പാൻ തക്കവണ്ണമുള്ള നാളുകൾ സമീപമായിരിക്കുന്നു. അത് ഇപ്പോൾ തന്നെയുമാകുന്നു. ആകയാൽ പ്രത്യേകം നാം കരുതണം. ലോകം ദ്രവ്യാഗ്രഹം കൊണ്ടും, സ്വാർത്ഥതകൊണ്ടും അസത്യം കൊണ്ടും നിറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഓരോരുത്തരും അവനവന്റെ സ്വന്തയിഷ്ടത്തെ ദൈവയിഷ്ടമാണെന്നും അവൻ ദൈവപക്ഷക്കാരനാണെന്നും വ്യാഖ്യാനിച്ചു തുടങ്ങിയിരിക്കുന്നു. കർത്താവിനെ കുരിശിൽ തൂക്കിയവർ ദൈവയിഷ്ടം പ്രവർത്തിച്ചു എന്നു ഭാവിക്കുകയും തന്നെ വഞ്ചകനെന്ന് അപഹസിക്കുകയും തന്റെ പിന്തുടർച്ചക്കാരെ പീഡിപ്പിച്ചു കൊല്ലുകയും ചെയ്തി

രുന്നു. ആ ആത്മാവ് ഇന്നും ലോകത്തിൽ സ്വാതന്ത്ര്യമായി സഞ്ചരിക്കുന്നു. സത്യവാനും മുഖപക്ഷമില്ലാത്തവനുമായ നീതിയുള്ള ദൈവത്തെ വഞ്ചിക്കാമെന്നാരും വിചാരിക്കരുത്. ആ ന്യായവിധിയുടെ ദിവസത്തിൽ തന്റെ തിരുമുമ്പാകെ മുഖപ്രസാദത്തോടു നിൽക്കുന്നതിനു ശ്രമിക്കണം. കുന്നുകളും പാറകളും മൂടുവാനും, മറപ്പാനും, അന്ന് ആഗ്രഹിക്കുന്നതിനിട വരരുത്. നമ്മുടെ രക്ഷയെ പ്രത്യേകം കരുതി ദൈവത്തിന്റെ സത്യത്തിൽ നാം ജീവിക്കണം. വ്യാജത്തിന്റെ പിതാവായ ആകൽക്കറുസായെ നാം പിന്തുടരരുത്. വ്യാജംകൊണ്ട് അവനവനേയും സഭയേയും സിംഹാസനങ്ങളേയും നാം പണിയരുത്. ലോകവും അതിലുള്ള സർവവും അനിത്യങ്ങളും നിസ്സാരങ്ങളുമാണ്. അതിനുവേണ്ടി നിത്യമായുള്ളതിനെ നാം നശിപ്പിക്കരുത്. യേശുക്രിസ്തുവിന്റെ മനസ്സ് നിങ്ങൾക്ക് എല്ലാവർക്കും ഉണ്ടായിരിക്കട്ടെ. സ്വന്ത അഭിപ്രായങ്ങളെ ബലികഴിച്ച് ദൈവത്തിന്റെ തിരുവിഷ്ടത്തിനു നാം കീഴ്പെട്ടുകൊണ്ട്, “നിന്റെയിഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ചെയ്യപ്പെടേണമേ” എന്നു പ്രാർത്ഥിക്കണം. നമ്മുടെ മനസ്സു നന്നാകാതെ നാം പ്രാർത്ഥിച്ചതുകൊണ്ടു യാതൊരു ഫലവും ഉണ്ടാകുന്നതല്ല. നാം പള്ളിയിൽ പോകുന്നു; കുമ്പസാരിക്കുന്നു; വി. കുർബ്ബാന കൈക്കൊള്ളുന്നു. കൂദാശകൾ എല്ലാം കൈക്കൊള്ളുന്നു. എന്നാൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഫലങ്ങൾ നമുക്കു അനുഭവപ്പെടുന്നില്ല. കാരണം നമ്മുടെ മനസ്സിന്റെ വക്രതയാണ്. ക്രിസ്ത്യാനികൾ ഇന്ന് എല്ലാ ജാതികളാലും അപഹസിക്കപ്പെടുന്നു. യേശുക്രിസ്തുവിന്റെ വെളിച്ചം ലോകത്തിനു കാണിച്ചുകൊടുക്കേണ്ടവരായ നാം അന്യന്മാർക്കു വെറുപ്പും അസഹ്യവും തോന്നത്തക്ക ദൃഷ്ടാന്തങ്ങളായി തീർന്നിരിക്കുന്നു. നമ്മുടെ നിമിത്തം നമ്മുടെ ദൈവം ദുഷിക്കപ്പെടുന്നു. ആകയാൽ നാം ഉണർന്ന്, അനുതപിച്ച് ദൈവമക്കളായി തീരണം. നമ്മുടെ രക്ഷക്കായി നിയമിക്കപ്പെട്ടിരിക്കുന്ന കൂദാശകളെ നാം അഗണ്യമാക്കാതെയും മാലിന്യപ്പെടുത്താതെയും ശരിയായവണ്ണം അനുഷ്ഠിക്കണം.

മാമോദീസ്സാ: പാപമോചനത്തിനു മാമോദീസാ ഒന്നു മാത്രമേയുള്ളു. ആ മാമോദീസാ ഇപ്പോൾ പലവിധത്തിൽ ദുഷിക്കപ്പെട്ടു വരുന്നു. നമ്മുടെ സഭയുടെ നിയമം അനുസരിച്ച് മാമോദീസാ മുക്കുവാനുള്ള അധികാരം പട്ടക്കാർക്കു മാത്രമുള്ളതാണ്. വയറ്റാട്ടികൾക്കോ വിശ്വാസവിപരീതികൾക്കോ ഉള്ളതല്ല. കുട്ടികൾ ജനിച്ചാൽ 40 ദിവസം കഴിയുന്നതിനു മുമ്പ് മാമോദീസാ മുക്കേണ്ടതാണ്. ഓരോ കുട്ടിക്കും തലതൊടുന്ന ആളുകൾ ഉണ്ടായിരിക്കണം. ആൺകുട്ടിയെ പുരുഷനും പെൺകുട്ടിയെ സ്ത്രീയും തലതൊടേണ്ടതാണ്. തല തൊടുന്ന ആളും കുട്ടിയുമായി സ്വന്ത മാതാപിതാക്കളോടുള്ള ബന്ധംപോലെ ഉള്ള ബന്ധമുണ്ട്. അഞ്ചാം തലമുറ

യിലല്ലാതെ അവർ തമ്മിൽ വിവാഹം പാടുള്ളതല്ല. അമ്പതു നോമ്പിന്റെ ആദ്യത്തെ രണ്ടാഴ്ച അതായത് മ്ശറിയോ (തളർവാതിയുടെ) ഞായ റാഴ്ച മുതൽ നോമ്പു വീടുന്നതുവരെ മാമോദീസ്സാ മുക്കുവാൻ പാടുള്ള തല്ല. മാമോദീസ്സായുടെ ശേഷം ആചരിപ്പാനുള്ള എല്ലാ സംഗതികളെ സംബന്ധിച്ചും പട്ടക്കാർ ജനങ്ങളെ മനസ്സിലാക്കണം.

വി. കുർബാന: നമ്മുടെ കർത്താവായ യേശുമിശിഹായുടെ മനു ഷ്യാവതാരത്തിന്റെ ഉദ്ദേശ്യം, തന്റെ ശരീരം മൂലം നമുക്കു രക്ഷ തരുന്ന തിനായിട്ടാണ്. കർത്താവിന്റെ മദ്ധ്യസ്ഥത തന്റെ ശരീരം കൊണ്ടാണ്. "എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. മനുഷ്യപുത്രന്റെ ശരീരം നിങ്ങൾ ഭക്ഷിക്കുകയും തന്റെ രക്തം നിങ്ങൾ കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു ജീവനില്ല", എന്നു കർ ത്താവു കല്പിച്ചതിനെ നാം ഓർക്കണം. വഞ്ചിക്കപ്പെടരുത്. എത്ര കുറ ഞ്ഞുപോയാലും നാൽപതാം ദിവസംതോറുമെങ്കിലും വി. കുർബാന അനുഭവിക്കണമെന്നാണ് സഭയുടെ നിയമം. ആദ്യകാലങ്ങളിൽ ആഴ്ച തോറും എല്ലാവരും വി. കുർബാന അനുഭവിച്ചിരുന്നു. എന്നാൽ ഈ കാലത്ത് കുർബാന അനുഭവിക്കുന്നതിൽ മനുഷ്യർ മടിയന്മാരായിരി ക്കുന്നു. ഭക്ഷണം കൂടാതെ ഒരാൾക്കു ജീവിപ്പാൻ കഴിയാത്തവണ്ണം ഒരാ ത്മാവിനു കർത്താവിനെ ഭക്ഷിക്കാതെ ജീവിക്കാൻ കഴിയുന്നതല്ല. അതിനെ തടുക്കുന്നതിനും അയോഗ്യമായി ഭക്ഷിപ്പിക്കുന്നതിനും സാത്താൻ സദാ ഉത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. അവന്റെ കെണിയിൽ നാം വീഴരുത്. കർത്താവിന്റെ രക്ഷയെ അഗണ്യമാക്കുകയും അരുത്. കർത്താവിനെ കൂടാതെ നമുക്ക് ഒന്നും ചെയ്‌വാൻ കഴിയുന്നതല്ല. തന്നെ നാം ഉൾക്കൊള്ളുന്നില്ലെങ്കിൽ അവൻ നമ്മിൽ വ്യാപരിക്കുന്നില്ല. അതു കൂടാത്ത പള്ളിപ്രവർത്തനങ്ങളാണ് പള്ളിയിൽ കലഹവും വഴക്കും ഉണ്ടാക്കുന്നത്. ആകയാൽ ദൈവത്തിന്റെ ഇഷ്ടപ്രകാരം നിങ്ങൾ പ്രവർ ത്തിക്കണം. എല്ലാ നോമ്പുകളിലും ഭയഭക്തിയോടുകൂടെ നിങ്ങൾ കുമ്പ സാരിച്ചു വി. കുർബാന കൈക്കൊള്ളണം. ഇത് ആബാലവൃദ്ധം ചെയ്യണം.

വിവാഹം: ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർതിരിക്കരുത് എന്നുള്ള തിരുവചനത്തെ നാം മറന്നുകളയരുത്. ദൈവസന്നിധിയിൽ തന്റെ ദാസന്മാരായ പട്ടക്കാർ കഴിക്കുന്ന പ്രാർത്ഥനകളാലും ക്രിയക ളാലും മറ്റും ഈ കൂദാശ ദൈവം നിവൃത്തിച്ച് അവരെ ഇണചേർക്കുന്നു. റജിസ്റ്റർ മൂലവും പന്തലിൽവച്ചും മറ്റും വിവാഹം കഴിക്കുന്നവർ ഉണ്ട്. ആയതു ദൈവം ഇണചേർക്കുകയല്ല. വിവാഹം ഒരു കൂദാശയല്ലെന്നു വിചാരിക്കുന്നവരും ഉണ്ട്. അതിനെ നമുക്കു സ്വീകരിപ്പാൻ പാടില്ല. നല്ല വിവാഹത്തിന്റെ വെടിപ്പുള്ള വഴികളെ വിരൂപമാക്കുവാൻ ശ്രമിക്കുന്ന ദുരാ

ത്മാക്കളിൽ നിന്ന് ഇവരെ രക്ഷിക്കണമെ എന്നുള്ള വിവാഹക്കൂദാശയിലെ പ്രാർത്ഥനയെ സംബന്ധിച്ചു നാം നല്ലവണ്ണം ചിന്തിക്കണം. ഇസഹാക്ക്, യാക്കോബ് ആദിയായ പിതാക്കന്മാർ വിവാഹത്തിന് ആത്മികമായി ഒരുങ്ങിയപ്രകാരം സ്ത്രീപുരുഷന്മാർ പ്രാർത്ഥനയോടും നോമ്പോടും ധ്യാനത്തോടുംകൂടെ വിവാഹത്തിനു ഒരുങ്ങണം. നിത്യമായ അനുഗ്രഹങ്ങൾ ദൈവം ലോകത്തിനു പ്രദാനം ചെയ്യത്തക്കവണ്ണമുള്ള മക്കളെ ജനിപ്പിക്കുന്നതിനുതകുന്ന ഒരുക്കം ഉണ്ടായിരിക്കണം. എന്നാൽ വിവാഹം ജഡമോഹങ്ങൾക്കായിട്ടല്ല. മറ്റെല്ലാ കൂദാശകൾക്കുമെന്നവണ്ണം ഈ കൂദാശയ്ക്കും മണവാളനും മണവാട്ടിയും അന്നേദിവസം വി. കുർബാന അനുഭവിക്കണം. അതിരാവിലെ മണവാളനും മണവാട്ടിയും പള്ളിയിൽ പോയി വി. കുർബാന അനുഭവിക്കുകയും വിവാഹം നടത്തുകയും ചെയ്യണം. പള്ളിക്കും പട്ടക്കാർക്കുമുള്ള വരുമാനങ്ങൾ തലേദിവസം വെയ്പിച്ചുകൊള്ളണം. ആ വി. കൂദാശയുടെ ബഹുമാനം കുറയ്ക്കത്തക്കവണ്ണം അന്നേദിവസം പണം വെയ്പിക്കുകയും വഴക്കു പറയുകയും പാതിരാത്രി വരെ വിവാഹം താമസിപ്പിക്കുകയും ചെയ്യുന്നതു നന്നല്ല. സാത്താൻ അതു മൂലം വിവാഹകൂദാശയെ അലങ്കോലപ്പെടുത്തുകയാണു ചെയ്യുന്നത്. ആയതിനു നിങ്ങൾ വഴിപ്പെടരുത്. മാമോദീസായിക്കെന്നവണ്ണം വിവാഹത്തിനു മദ്ധ്യസ്ഥന്മാർ (തോഴനും തോഴിയും) വേണമെന്നുള്ളതു നിർബ്ബന്ധമാണ്. ഇവർ തമ്മിൽ മൂന്നു തലമുറയ്ക്ക് വിവാഹം പാടില്ല. വിവാഹകൂദാശയിൽ സ്ത്രീപുരുഷന്മാർക്കു ലഭിച്ചിട്ടുള്ള കല്പനകളെ അവർ അക്ഷരംപ്രതി പാലിക്കണം. അവൻ അവളോടു കരുണ ചെയ്യണം. അവൻ വിശന്നിരുന്നാലും അവളെ തീറ്റണം. അവൻ ദാഹിച്ചാലും അവളെ കുടിപ്പിക്കണം. അവളും ന്യായമായവണ്ണം അവന്റെ ശുശ്രൂഷയിൽ നിൽക്കണം. ഇരുവരും സ്നേഹത്തിൽ കഴിച്ചുകൂട്ടണം. ചിലർ ഭാര്യമാരെ ഉപദ്രവിക്കുകയും വീട്ടിൽ കലഹമുണ്ടാക്കുകയും സ്ത്രീകളെ ഉപേക്ഷിക്കുകയും മറ്റും ചെയ്യുന്നത് എത്രയോ മഹാപാപമാണ്. സ്ത്രീയെ ദേഹോപദ്രവവും മറ്റും ചെയ്യുന്നതിനും പുരുഷനു അധികാരമില്ല. അങ്ങനെ ചെയ്യുന്നതു ദൈവത്തിന്റെയും സഭയുടേയും കൽപനകൾക്ക് എതിരാണ്. സ്ത്രീ പുരുഷനു കീഴ്പ്പെട്ടിരിക്കണം. അവനെ കൂടാതെ അന്യ ആളുകളോടു സംസർഗ്ഗം ചെയ്യുന്നതിനു അവൾക്ക് അധികാരമില്ല. വിവാഹസമയത്തു സഭ മൂടുപടമിട്ടു അവളെ ഭർത്താവിനെ ഏൽപിക്കുന്നു. അവൾ അവന്റെ അനുസരണത്തിൽ ആയിരിക്കണം. അവൾ കുറ്റം ചെയ്താൽ അവനല്ല സഭയാണു അവളെ ശിക്ഷിക്കേണ്ടത്. അവൻ അവളുടെ കുറ്റം സഭയെ അറിയിക്കട്ടെ.

ഒരാൾക്കു തന്റെ സഹോദരന്റെ ഭാര്യയേയോ തന്റെ ഭാര്യയുടെ സഹോദരിയേയോ വിവാഹം ചെയ്വാൻ പാടുള്ളതല്ല. ഒരു കുടുംബ

ക്കാർക്കു ആൺവഴി അഞ്ചാം തലമുറയിലും പെൺവഴി നാലാം തലമുറയിലും അല്ലാതെ വിവാഹം ചെയ്വാൻ അനുവദിക്കുന്നില്ല. നമുക്കു വി. കുർബാന അനുഭവിപ്പാൻ പാടില്ലാത്ത സമുദായക്കാരുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടുവാൻ പാടുള്ളതല്ല. അതിനു വിപരീതമായി ചെയ്യുന്നതു കുറ്റകരമാണ്.

വിവാഹകൂദാശ നോമ്പുകാലങ്ങളിൽ പാടുള്ളതല്ല. നോമ്പു ഇല്ലാത്തപ്പോഴും വിവാഹകൂദാശ കഴിക്കുന്നതിനു പറ്റിയ ദിവസം ഞായറാഴ്ച യാകുന്നു. അതു അനുഗ്രഹത്തിന്റെ ദിവസമാണ്. നമ്മുടെ സഭയിൽ വിവാഹകൂദാശ തിങ്കളാഴ്ചയും നടപ്പായിരിക്കുന്നു. ഇവിടെ തിങ്കളാഴ്ച നടത്തുന്നതിനാലും ശീമയിലും മറ്റും ബുധൻ, വെള്ളി ഈ ദിവസങ്ങൾ ഒഴിച്ചു മറ്റെല്ലാ ദിവസങ്ങളിലും നടത്തുന്നതുകൊണ്ടും ഇതു കൂടുതൽ സൗകര്യപ്രദമാകയാലും ബുധൻ, വെള്ളി ഈ ദിവസങ്ങൾ ഒഴിച്ചു മറ്റെല്ലാ ദിവസങ്ങളിലും വിവാഹം നടത്താൻ അനുവദിക്കണമെന്ന് പലരും അപേക്ഷിക്കുന്നു. അതിനെ സംബന്ധിച്ചു നമ്മുടെ സുന്നഹദോസിൽ നാം ആലോചിച്ചിട്ടു തൽക്കാലം നടന്നുവരുന്ന രീതി അനുസരിച്ചു ഞായറാഴ്ചയും തിങ്കളാഴ്ചയും മാത്രമേ നടത്തുവാൻ പാടുള്ളു എന്നും ശേഷമുള്ള ദിവസങ്ങളിൽ നടത്തിക്കൂടാ എന്നും തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനത്തെ ആരും ലംഘിക്കരുത്. പെന്തിക്കുസ്തിയുടെ ദിവസങ്ങളിൽ വിവാഹം പാടില്ലായെന്നു നമ്മുടെ കാനോനാകളിൽ കാണുന്നു. അതിനെ പലരും ലംഘിക്കുന്നതായി അറിയുന്നതിനാൽ നാം വ്യസനിക്കുന്നു. അങ്ങനെ ലംഘിച്ചു വിവാഹം നടത്തേണ്ട ആവശ്യമില്ലല്ലോ. ഈ ദിവസങ്ങളിൽ ഭക്ഷണം വിരോധിക്കുന്നില്ലെങ്കിലും വിവാഹജീവിതത്തിൽ നിന്നു ഒഴിഞ്ഞു കർത്താവിന്റെ കൽപനപ്രകാരം വിശുദ്ധാത്മാവിനായി നോക്കിപ്പാർക്കണം.

ഞായറാഴ്ച, മാറാനായപ്പെരുനാളുകൾ ഇവ കൃത്യമായി ആചരിക്കണം. ഞായറാഴ്ച ലോകം മുഴുവൻ ആചരിക്കുന്ന ഒരു ദിവസമായി തീർന്നിരിക്കയാണ്. അതു രാജചട്ടവുമായി തീർന്നിരിക്കുന്നു. അതിനേയും ലംഘിക്കുന്ന പലരും ഉണ്ട്. ചിലർ വിശുദ്ധ കുർബാന കഴിയുന്നതുവരെ ആചരിച്ചാൽ മതിയെന്നു വിചാരിക്കുന്നു. അങ്ങിനെ പഠിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ നിയമപ്രകാരം ശനിയാഴ്ച സന്ധ്യ മുതൽ ഞായറാഴ്ച സന്ധ്യ വരെ ആചരിക്കേണ്ടതാണ്. ഞായറാഴ്ചയും മാറാനായപെരുനാളുകളിലും വിശുദ്ധ കുർബാന കഴിഞ്ഞു സന്ധ്യാനമസ്കാരത്തിനു മുമ്പു കുളിക്കുന്നതിനുപോലും അനുവദിക്കുന്നില്ല. മാറാനായ പെരുനാളുകൾ എന്താണെന്നുപോലും പലർക്കും അറിവില്ല. യഹൂദന്മാർക്കു ശാബതു ആചാരം കൂടാതെ ആചരിക്കേണ്ടതായ പല പെരുനാളുകളും ഉണ്ടായിരുന്നു. അതിനെ ആചരിക്കാത്ത ജനം തന്റെ

ജനത്തിൽ നിന്നു ഛേദിക്കപ്പെടേണമെന്നാണു കൽപന. "ഞാൻ വരുവോളം എന്റെ ഓർമ്മയ്ക്കായി ഇതിനെ നിങ്ങൾ ചെയ്‌വീൻ" എന്നു നമ്മുടെ കർത്താവ് കൽപിച്ചിരിക്കുന്നത്, തന്റെ ഓർമ്മ കഴിക്കുമ്പോൾ വി. കുർബാനയിൽ നാം സംബന്ധിക്കണം എന്നുള്ളതാണ്. മാറാനായ പെരുനാളുകൾ കർത്താവിന്റെ ഓർമ്മയെ കഴിക്കുന്ന ദിവസങ്ങളാണ്. അതു തന്റെ മാമോദീസാ, മറുരൂപം, സ്വർഗ്ഗാരോഹണം മുതലായ ദിവസങ്ങളത്രെ. മാറാനായ പെരുനാളുകളിൽ രണ്ടു ദിവസങ്ങൾ ഒഴിച്ചുള്ളതെല്ലാം കർത്താവിന്റെ ഓരോ ഓർമ്മകൾ കഴിക്കുന്നതാണ്. ആകയാൽ ഞായറാഴ്ച ദിവസങ്ങൾപോലെ ഈ ദിവസങ്ങളേയും നാം ആചരിക്കണം. അല്ലെങ്കിൽ അതു കുറ്റകരമാണ്.

കർത്താവിൽ സ്നേഹിക്കപ്പെട്ടവരെ! ഈ നിയമങ്ങളെല്ലാം നമ്മുടെ ജീവനും രക്ഷയ്ക്കും വേണ്ടിയത്രേ. ഇതു ആത്മികമായും ശാരീരികമായും നമുക്കു ഗുണമുള്ളതാണ്. ആകയാൽ എല്ലാ നിയമങ്ങളേയും ഭയഭക്തിയോടുകൂടെ നിങ്ങൾ ആചരിച്ചു സഭയുടെ മക്കളായിത്തീരുകയും അതുമൂലം ദൈവത്തിങ്കലേക്കു നിങ്ങൾ അടുക്കുകയും ചെയ്യണം.

സർവ്വശക്തനായ ദൈവം കരുണാസമ്പൂർണ്ണമായ തന്റെ തൃക്കൈ നീട്ടി നിങ്ങളെയും നിങ്ങളുടെ മക്കളേയും നിങ്ങളുടെ ഭവനങ്ങളേയും നിങ്ങൾക്കുള്ള സർവ്വത്തേയും അനുഗ്രഹിക്കുമാറാകട്ടെ.

ദൈവമായ കർത്താവു മേലിൽനിന്നുള്ള എല്ലാ വാഴ്‌വുകളേയും ഭൂമിയിൽനിന്നുള്ള എല്ലാ നന്മകളേയും നിങ്ങൾക്കു തന്ന് നിങ്ങളുടെ വലത്തുകയ്യും ഇടത്തുകയ്യും സമ്പാദിക്കുന്ന സർവ്വത്തേയും ഒന്നു മുപ്പതായും അറുപതായും നൂറായും വർദ്ധിപ്പിക്കയും ചെയ്യുമാറാകട്ടെ.

ക്ഷാമത്തിൽനിന്നും, വസന്തയിൽനിന്നും, എല്ലാത്തര അപകടങ്ങളിൽനിന്നും ദൈവംതമ്പുരാൻ നിങ്ങളെ വീണ്ടുകൊണ്ടു തന്റെ തിരുസന്നിധിയിൽ നിന്നു സമാധാനവും ആശ്വാസവുമുള്ള കാലങ്ങളെയും നിങ്ങൾക്കു താൻ അയച്ചുതരുമാറാകട്ടെ.

എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ! ലോകാരംഭങ്ങൾക്കു മുമ്പേ മുതൽ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തെ വന്നു അവകാശിച്ചു കൊള്ളുവിൻ എന്നു വലത്തുഭാഗത്തുള്ളവരോടു കൽപിക്കുന്ന ഇമ്പമേറിയ ശബ്ദം നിങ്ങളേയും നിങ്ങളുടെ മരിച്ചുപോയവരേയും താൻ കേൾപ്പിക്കുമാറാകട്ടെ.

ആയതു ദൈവമാതാവായ വി. കന്യക മർത്തമറിയാമ്മിന്റെയും ഇന്ത്യയുടെ കാവൽക്കാരനായ മാർ തോമ്മാശ്ലീഹായുടെയും ശേഷമുള്ള സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ - ഇത്യാദി.

എന്ന്, 1935-ന് കൊല്ലം 1111 തുലാം 25-ാംനു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

9

നമ്പർ 168

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർതോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ കോട്ടയം ഭദ്രാസന ഇടവകയിൽപെട്ട എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

കാലംചെയ്ത മലങ്കര മെത്രാപ്പോലീത്താ 1105 കന്നി മാസം 8-നു പരസ്യപ്പെടുത്തിയ കല്പനയിൽ വിവാഹകർമ്മത്തിനു പതാരത്തിന്റെ ഒരു ഭാഗം ഇളവുചെയ്തതു നിമിത്തം പട്ടത്വവരുമാനത്തിനു കുറവു വരികയാലും, അതിനു പകരമായി ആ കല്പനയിൽ നിർദ്ദേശിച്ചിട്ടുള്ള പട്ടത്വവരുമാനങ്ങൾ നൽകാതിരിക്കുന്നതിനാലും, ആ കുറവിനു പരിഹാരമുണ്ടാക്കിക്കൊടുക്കണമെന്നു കോട്ടയം ഭദ്രാസന ഇടവകയിൽപ്പെട്ട പട്ടക്കാർ നമ്മുടെ മുമ്പാകെ ബോധിപ്പിച്ച സങ്കടഹർജി കോട്ടയം മെത്രാസന കൗൺസിലിന്റെ ആലോചനയ്ക്കും അഭിപ്രായത്തിനുമായി നാം അയച്ചുകൊടുക്കുകയും, കൗൺസിൽ അതേപ്പറ്റി ഗാഢമായി ആലോചിച്ചു, നമ്മുടെ ജനങ്ങളെ ഭാരപ്പെടുത്താതെ, പട്ടക്കാരുടെ സങ്കടനിവൃത്തിക്കായി - പരീക്ഷാർത്ഥം രണ്ടു വർഷത്തേക്കു - പസാരസംഖ്യയുടെ മൂന്നിൽരണ്ടു ഭാഗം അവർക്കു കൊടുക്കണമെന്നും തന്മൂലം പള്ളിക്കുള്ള നഷ്ടം പരിഹരിക്കുന്നതിന് ആണ്ടുവീട്ടുകൂദാശപ്പണം പള്ളി മുതലിൽ ചേർക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു റിപ്പോർട്ടു ചെയ്കയും ചെയ്തിരിക്കുന്നു. എങ്കിലും നമ്മുടെ പട്ടക്കാർക്കു ശമ്പളക്രമം നടപ്പാക്കേണമെന്നുള്ളത് സമുദായത്തിന്റെ പൊതുവായ ആഗ്രഹമാകയാൽ അതിനെക്കുറിച്ച് അന്വേഷണം നടത്തി ഒരു നിശ്ചയം ഉണ്ടാകുന്നതുവരെ പതാരമുൾപ്പെടെ ഈ കല്പനയിൽ പ്രസ്താവിച്ചിരിക്കുന്ന സകലവും താഴെ വിവരിക്കുന്ന നിയമങ്ങൾ അനുസരിച്ചു നിങ്ങൾ നടന്നും നടത്തിച്ചും കൊള്ളണം.

1. റിശീസാ – ഇരുപത്തൊന്നു വയസ്സു പ്രായം തികഞ്ഞ എല്ലാ പുരുഷന്മാരും ആണ്ടിൽ രണ്ടു ചക്രംവീതം റിശീസാ കൊടുക്കേണ്ടതും വലിയനോമ്പിലെ 36-ാം ഞായറാഴ്ച എല്ലാവരും ആ സംഖ്യ വികാരിയെ ഏല്പിക്കേണ്ടതും വികാരി അതു പിരിച്ചു രണ്ടാഴ്ചയ്ക്കകം നമ്മുടെ അടുക്കൽ എത്തിച്ചുതരേണ്ടതും ആകുന്നു.

2. കൈമുത്ത് – ഓരോ വിവാഹത്തിനും പുരുഷനേയും സ്ത്രീയേയും കൊണ്ട് അര രൂപാ വീതം മേൽപട്ടവരുമാനമായി വയ്പിച്ച് ആയതും പള്ളിയിൽ നിന്നു വാർഷിക തിരട്ടോടുകൂടെ ഇടവക മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു.

3. പതാരം – 1350 രൂപാ വരെയുള്ള സ്ത്രീധനത്തിനു രണ്ടര ശതമാനം ഇളവു ചെയ്തിട്ടുള്ളതു നീക്കി ഏഴരശതമാനവും, അതിനു മേൽപോട്ടുള്ള കൂടുതൽ സംഖ്യയ്ക്ക് അഞ്ചു ശതമാനം ഇളവുചെയ്തത് നീക്കി അഞ്ചു ശതമാനവും പതാരമായി പെൺകൂട്ടരെക്കൊണ്ട് വയ്പിക്കേണ്ടതും അതിൽനിന്നു മൂന്നിലൊരു ഭാഗം പള്ളിമുതലിൽ ചേർക്കുകയും ബാക്കി രണ്ടുഭാഗം പട്ടക്കാർക്കു കൊടുക്കുകയും ചെയ്യേണ്ടതും ആകുന്നു.

4. നടവഴക്കം – ഒരു കല്യാണത്തിന് സ്ത്രീധനം എത്രതന്നെ കൂടുതലായാലും കുറവായാലും സ്ത്രീധനമായി കൊടുക്കുന്ന സംഖ്യയുടെ നൂറിനു ഒന്നു വീതം കൂടുന്ന സംഖ്യ നടവഴക്കം പള്ളിവരുമാനമായി ആൺകൂട്ടരെയും പെൺകൂട്ടരെയും കൊണ്ടു പ്രത്യേകം പ്രത്യേകം വയ്പിച്ചു കൊള്ളണം.

5. കർമ്മപ്പീസു – സ്ത്രീധനത്തിന്റെ നൂറുരൂപായ്ക്കു രണ്ടു രൂപാ വീതം പട്ടക്കാർക്കും കാൽരൂപാവീതം കപ്യാരന്മാർക്കുമായി അമ്പത്താറേകാൽ രൂപാ വരെ വയ്പിച്ചുകൊള്ളേണ്ടതും സ്ത്രീധനസംഖ്യ എത്രതന്നെ കൂടുതലായാലും ഒരു കല്യാണത്തിനു കയ്യസൂരിയായി അമ്പത്താറേകാൽ രൂപായിൽ കൂടുതൽ അവകാശപ്പെട്ടു കൂടാത്തതും ആകുന്നു.

6. വിളിച്ചുചൊല്ല് – ആദ്യവിവാഹത്തിനായാലും, പുനർവിവാഹത്തിനായാലും വിവാഹനിശ്ചയം നടന്ന വിവരവും സ്ത്രീധനത്തുക മുതലായവയും കാണിച്ച്, രണ്ടുപേരുടെ സാക്ഷിയോടുകൂടെ ഫീസു സഹിതം കല്യാണത്തീയതിക്ക് ഒൻപതു ദിവസം മുമ്പ് പുരുഷന്റെയും സ്ത്രീയുടെയും രക്ഷകർത്താക്കന്മാർ അവരവരുടെ ഇടവകയിൽ വിളിച്ചുചൊല്ലിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, വിവാഹത്തിന് ഒരാഴ്ച മുമ്പുള്ള ഞായറാഴ്ച രണ്ടു പള്ളികളിലും വിളിച്ചുചൊല്ല് പരസ്യമായി നടത്തേണ്ടതും ടി അപേക്ഷ ഒപ്പും ആ തീയതിയും വച്ചു വിളിച്ചുചൊല്ലുന്ന പട്ടക്കാരൻ പള്ളിഫയലിൽ ചേർപ്പിക്കേണ്ടതും ആകുന്നു.

7. വിവാഹം പറഞ്ഞു നിശ്ചയിക്കപ്പെട്ടിരിക്കുന്ന പുരുഷനും സ്ത്രീയും വിവാഹകർമ്മത്തിനു മുമ്പ് കുമ്പസാരിച്ചു വിശുദ്ധ കുർബാന അനുഭവിക്കേണ്ടതാണെന്നുള്ള നിയമം മേലാൽ നിർബന്ധിതമായി കരുതേണ്ടതാണ്.

8. തിങ്കളാഴ്ചദിവസം വിവാഹം നടത്തുന്നവർ അന്നു വിശുദ്ധ കുർബാന ചൊല്ലിക്കണം.

9. ആണ്ടുവീട്ടുകൂദാശ - ആണ്ടിലൊരിക്കൽ, അതായത് ഉയർപ്പു പെരുനാളിനും പെന്തക്കോസ്തിക്കു ഇടയ്ക്ക്, എല്ലാ വീട്ടുകാരും, വീട്ടുകൂദാശ നടത്തിക്കേണ്ടതു കടമയായി ഗണിച്ചു പട്ടക്കാരെക്കൊണ്ടു കൂദാശ ചെയ്യിക്കേണ്ടതും അതിലേക്കു ഫീസായി ഓരോ വീട്ടുകാരും പള്ളിക്കു എട്ടു ചക്രവും കപ്യാരന്മാർക്കു രണ്ടു ചക്രവും കൊടുക്കേണ്ടതും, അതതു വീട്ടുകാരുടെ ശക്തിക്കും ഭക്തിക്കും അനുസരണമായി കൂടുതൽ കൊടുക്കുകയും വാങ്ങുകയും ചെയ്യാമെങ്കിലും മേൽപറഞ്ഞ സംഖ്യയിൽ കൂടുതൽ കൊടുക്കണമെന്നു നിർബന്ധിപ്പാൻ പാടില്ലാത്തതും ആകുന്നു.

10. മരിച്ചവർക്കുവേണ്ടിയുള്ള കുർബാന - എല്ലാ വീട്ടുകാരും തങ്ങളുടെ മരിച്ചുപോയ മാതാപിതാക്കന്മാർക്കുവേണ്ടി ഓരോ കുർബാന ചൊല്ലിക്കേണ്ടത് - അതായത് ആണ്ടിൽ രണ്ടു കുർബാന ചൊല്ലിക്കേണ്ടത് - തങ്ങളുടെ കടമയായി ഗണിച്ചു ചൊല്ലിക്കേണ്ടതും അതിന് ഓരോ കുർബാനയ്ക്കും ശക്ത്യാനുസരണം കുർബാനപ്പണം കൊടുക്കേണ്ടതും എല്ലാ പള്ളികളിലും സ്പർഹായേ രജിസ്റ്റർ എഴുതിസൂക്ഷിക്കേണ്ടതും ആകുന്നു.

11. കുടിശിക - കുടിശിക വരുന്നതു പള്ളിക്കും പട്ടക്കാർക്കും സമുദായത്തിനും ക്ഷേമഹാനികരമാകയാൽ സകല വരുമാനങ്ങളും രൊക്കം വയ്പിക്കേണ്ടതും അല്ലാതെ യാതൊരു കർമ്മവും നടത്തുവാനോ നടത്തിക്കുവാനോ പാടില്ലാത്തതും ആകുന്നു.

മേൽവിവരിച്ച ഇനങ്ങളിൽ വിവാഹകർമ്മത്തിന്റെ പട്ടത്വാവകാശമായ കർമ്മപ്പീസും, പതാരവീതവും അതാതിടവകയിലെ കീഴ്നടപ്പനുസരിച്ചു വീതിച്ചുകൊള്ളേണ്ടതും ഈ കല്പനയിൽ വിവരിച്ചിട്ടില്ലാത്ത ഇനങ്ങൾ മുൻ പതിവനുസരിച്ചു വയ്പിച്ചുകൊള്ളേണ്ടതും ആകുന്നു.

വിശേഷിച്ചും, നാം അയച്ചിട്ടുള്ള ഘടനയിലെ ഭരണക്രമം എല്ലാ ഇടവകകളിലും നടപ്പാക്കുന്നതിനു സകലരും എത്രയും താൽപര്യമായി പരിശ്രമിക്കണമെന്നു നാം വീണ്ടും ഓർപ്പിച്ചുകൊള്ളുന്നു. ഇതുവരെ പൊതുയോഗം കൂടി മാനേജിംഗ് കമ്മട്ടിയെ നിയമിച്ചിട്ടില്ലാത്ത എല്ലാ പള്ളിക്കാരും ഈ മാസത്തിലെങ്കിലും അപ്രകാരം ചെയ്യേണ്ടതും, എന്നാൽ പ്രസ്തുത

കമ്മട്ടി അടുത്ത ധനുമാസാവസാനം വരത്തേക്കു മാത്രമാകയാൽ ഓരോ പള്ളിയിലും ഇപ്പോഴുള്ള കൈക്കാരൻ തന്നെ അതുവരെ ജോലി തുടർന്നു കൊണ്ടുപോകേണ്ടതും ആകുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

എന്ന്, മ്ശിഹാകാലം 1935-നു കൊല്ലവർഷം 1110 കർക്കടകമാസം 8-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ..... ഇത്യാദി.

10

കുന്നംകുളം പ്ലേഗ് ബാധ

നമ്പർ 59. 26-6-110. കുന്നംകുളം ആർത്താറ്റുപള്ളി മുതലായ പള്ളികളിലെ വികാരിക്കും ദേശത്തുപട്ടക്കാർ ജനങ്ങൾ എന്നിവർക്കും. കമ്പി കിട്ടി. വ്യസനിക്കുന്നു. നിങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പാൻ എല്ലാ പള്ളികൾക്കും കല്പന അയച്ചിട്ടുണ്ട്. എല്ലാവരും നിരാശപ്പെടാതെ ദൈവത്തിൽ ശരണം പ്രാപിക്കണം. മൂന്നു ദിവസത്തെ നോമ്പ് എല്ലാവരും ആബാലവൃദ്ധം നോക്കി അവസാനത്തിൽ വി. കുർബ്ബാന ചൊല്ലിക്കയും അനുഭവിക്കുകയും ചെയ്യണമെന്നും മറ്റും.

(1934-1935-ലെ കല്പനബുക്കിൽ നിന്നും)

11

കുന്നംകുളം പ്ലേഗ് ബാധ:
പ. പാമ്പാടി തിരുമേനിക്കുള്ള കത്ത്

കുന്നംകുളങ്ങരെ പ്ലേഗ് കലശലാണെന്നും അവരെ ആശ്വസിപ്പിക്കുന്ന കൽപനകൾ അയച്ചുകൊടുക്കണമെന്നും ഇന്നലെ നമുക്കൊരു കമ്പി കിട്ടി. അതിനാൽ അവിടുന്നും അവർക്കു ആശ്വാസത്തിന്റെ ഒരു കൽപന അയച്ചുകൊടുക്കണം. പ്രത്യേകിച്ചു നമ്മുടെ ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കയും കുർബാന ചൊല്ലുകയും ചെയ്യുമല്ലോ.

കുംഭമാസം 10-ാം തീയതി വെള്ളിയാഴ്ച മാനേജിംഗ് കമ്മറ്റി കൂടണമെന്നു നിശ്ചയിച്ചിരിക്കയാണ്. 11-ാം തീയതി വലിയ മെത്രാച്ചന്റെ അടിയന്തിരവും ആണ്. രണ്ടു സംഗതികൾക്കും ആയിട്ട് ഇവിടെ വന്നു ചേരണം.

എന്ന്, 1935-നു കൊല്ലം 1110 മകരമാസം 26-നു കോട്ടയം സിമ്മനാരിയിൽനിന്നും.

(*പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക*, 1985, പുറം 187)

12

പ. പാമ്പാടി തിരുമേനിക്കുള്ള കത്ത്

പ്രിയരെ, ലോകസമാധാനത്തിനുവേണ്ടിയും നമ്മുടെ സഭയുടെ യോജിപ്പിനുവേണ്ടിയും ഇടയന്മാരുടെ നടത്തിപ്പിനുവേണ്ടിയും ഭവനങ്ങളിൽവച്ച് പ്രാർത്ഥനാസമയത്തും പള്ളികളിൽവച്ചു വി. കുർബാന സമയത്തും നിങ്ങൾ മുട്ടിപ്പായി അപേക്ഷിക്കുന്നവരായിരിക്കണമെന്നു കൂടെ നിങ്ങളുടെ സ്നേഹത്തോടു നാം ഓർമ്മപ്പെടുത്തികൊള്ളുന്നു.

നാം ഇപ്പോൾ പരുമലയ്ക്കു പോകുന്നു. അവിടെനിന്നു കൊല്ലം ഭദ്രാസന ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനു കുണ്ടറയ്ക്കു നാളെ പോകണം. അതിനാൽ നാം വരുന്നതുവരെ മെത്രാച്ചൻ നമ്മുടെ സിമ്മനാരിയിൽ വന്നു താമസിക്കണം. ഉടനെ അവിടെനിന്നു ഇവിടെ എത്തുമല്ലോ.

എന്ന്, 1935-ന് കൊല്ലം 1110 മിഥുനം 17-ന് കോട്ടയം പഴയസിമ്മനാരിയിൽ നിന്നും.

(*പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക*, 1985, പുറം 187)

13

കുന്നംകുളം പ്ലേഗ് ബാധ:
പ. പാമ്പാടി തിരുമേനിക്കുള്ള കത്ത്

കുന്നംകുളത്തുകാരനച്ചനും മറ്റും അങ്ങോട്ടു വരുന്നു. അവരുടെ കൂടെ പോകേണ്ടകാര്യം അത്യാവശ്യമാണ്. നാം ഇവിടെ ഇപ്പോൾ എണ്ണ സേവിച്ചിരിയ്ക്കയാണ്. അതുകൊണ്ട് ഒരിടത്തേക്കും പോകുന്നതിനു നിവൃത്തിയില്ല. ഒരു വലിയ ഇടവക കുഴപ്പത്തിലാകുന്നതു സങ്കടമാണല്ലോ. അതിനാൽ മെത്രാച്ചൻ തന്നെ പോകണം. ചാക്കോ സൂപ്രണ്ടും മറ്റും അവിടെ ഉണ്ടല്ലോ.

എന്ന്, 1935-നു കൊല്ലം 1110 കർക്കടകം 10-നു കോട്ടയം സിമ്മനാരിയിൽ നിന്നും

(*പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക*, 1985, പുറം 175)

14

നമ്പർ 62

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും
ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായി ബലഹീനനായ രണ്ടാമത്തെ
ഗീവറുഗീസ് എന്ന് അഭിധാനമുള്ള
ബസ്സേലിയോസ് കാതോലിക്കാ

(മുദ്ര)

നമ്മുടെ മലങ്കരെയുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:-

നമ്മുടെ അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ, കഴിഞ്ഞ ആണ്ടിൽ ഏകദേശം ഈ സമയത്തോടടുത്ത് കാതോലിക്കേറ്റു നിധിയിലേക്കു നമ്മുടെ സമുദായത്തിലും ആജ്ഞയിലും നിൽക്കുന്ന എല്ലാ ഗൃഹങ്ങളിൽ നിന്നും സംഭാവന ചെയ്യണമെന്ന് നാമും നമ്മുടെ ഇടവക മെത്രാപ്പോലീത്തന്മാരും കല്പനകൾ അയച്ചിരുന്നതാണല്ലോ. അതു സംബന്ധിച്ചു സമുദായത്തിൽ അഭൂതപൂർവ്വമായ ഒരു ഉണർവ്വുണ്ടായതായും, സമുദായത്തിൽപ്പെട്ട അനേകരും സന്തോഷത്തോടും കഴിവുപോലെയും ദാനം ചെയ്തതായും അറിഞ്ഞ് നാം എത്രയും കൃതജ്ഞനായിരിക്കുന്നു. പൊതുപ്പിരിവിനത്തിൽ ആകെ ഏകദേശം ഇരുപതിനായിരം രൂപാ വന്നിട്ടുണ്ട്. അതിന്റെ വിവരമായ കണക്കുകളും മറ്റും സാമാന്യം വിസ്താരത്തിൽ 200 പുറത്തോളമുള്ള ഒരു പുസ്തകമായി അച്ചടിച്ചു വരുന്നതും ഒരു മാസത്തിനകം എല്ലാ പള്ളികളിലും ചെന്നു ചേരത്തക്കവണ്ണം നിധി ആപ്പീസിൽ നിന്ന് അയച്ചുതരുന്നതും ആകുന്നു. ഉദ്യോഗസ്ഥന്മാരിൽ നിന്നുള്ള പിരിവിനെക്കുറിച്ച്, അതു ഇരുപതിനായിരത്തോളം രൂപാ വാഗ്ദാനം വന്നിട്ടുണ്ടെന്നും, പരിശ്രമങ്ങൾ നടന്നുകൊണ്ടുതന്നെ ഇരിക്കുന്നു എന്നും, മൂവായിരത്തിൽ ചില്വാനം രൂപാ വസൂലായിട്ടുണ്ടെന്നും, ബാക്കി നിശ്ചിത ഗഡുക്കളനുസരിച്ച് പിരിഞ്ഞുകൊണ്ടാണ് ഇരിക്കുന്നതെന്നും അറിയുന്നതു എത്രയും പ്രോത്സാഹകരമത്രെ.

ഈ കാതോലിക്കേറ്റു നിധി എന്ന ഇനത്തിലേക്കു ഇനി ഒരു നിശ്ചയം ഉണ്ടാകുന്ന ആണ്ടുവരെ പൊതുപ്പിരിവ് ആവശ്യമില്ല എന്നും, എന്നാൽ സമുദായത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി മലങ്കര സുറിയാനിസഭാ വാർഷികപ്പിരിവ് എന്ന പേരിൽ നമ്മുടെ സഭാംഗങ്ങൾ എല്ലാവരിൽനിന്നും

ആളൊന്നിനു രണ്ടു ചക്രത്തിൽ കുറയാതെയുള്ള നിരക്കനുസരിച്ച് ഒരു ധനശേഖരം ഈ ആണ്ടു മുതൽ ആരംഭിച്ചു വർഷംതോറും നടത്തേണ്ട താണെന്നും മറ്റും കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ നിശ്ചയമുണ്ടായി ട്ടുണ്ട് (ഈ ആണ്ടത്തെ പിരിവിലേക്കു നിയോഗിക്കപ്പെട്ടിരിക്കുന്ന കമ്മട്ടി യിൽ കൺവീനർ എം. സി. കുറിയാക്കോസു കശീശായാണ്).

നമ്മുടെ സമുദായത്തിന്റെ മേന്മയേയും അഭിവൃദ്ധിയേയും കരുതുന്ന എല്ലാ അംഗങ്ങളും ഇതിലേക്കു ധനസഹായം ചെയ്യണമെന്നും ഈ വാർ ഷികപ്പിരിവിന്റെ ആപ്പീസിൽ നിന്നു പുറപ്പെടുന്ന അപേക്ഷകളും ആവ ശ്യങ്ങളും അനുസരിച്ചു എല്ലാ ഒത്താശകളും ചെയ്തുകൊടുക്കണമെന്നും നാം പ്രത്യേകം താൽപര്യപ്പെടുന്നു.

പിരിവു നടത്തുന്നത് മലങ്കരയിലെ ഒന്നാമത്തെ പൗരസ്ത്യ കാതോ ലിക്കാ ബാവായുടെ ഓർമ്മദിവസം തന്നെ ആയിരിക്കയാണ് യുക്തമെ ങ്കിലും ഈ ആണ്ടിൽ ആ ദിനം ശനിയാഴ്ച ആകയാൽ അന്യ സ്ഥലങ്ങ ളിൽ ചെന്ന് ചുമതല വഹിച്ചു പണം നിശ്ചിത സ്ഥലത്തു ഏൽപിച്ചും വച്ച് സ്വന്ത ഇടവകയിലേക്കു അന്നുതന്നെ തിരിച്ചു ചെല്ലുന്നതിനു പല പട്ടക്കാർക്കും സാധിക്കാതെ വന്നേക്കാമെന്ന ശങ്ക മൂലം മേടം 22-നു തിങ്കളാഴ്ചത്തേക്കു മാറ്റിവച്ചിരിക്കുന്നു.

ശേഷം കാര്യങ്ങൾക്കു പിന്നാലെ എഴുതുന്നതാണ്. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, 1936-ന് 1111 മീനം 15-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

15

നമ്പർ 189

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർതോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ .... പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ സഭയുടെ ഇപ്പോഴത്തെ സ്ഥിതിക്കു സഭാംഗങ്ങളായ യുവജനങ്ങളെ സഭയുടെ ഉപദേശവിശ്വാസാചാരങ്ങളിൽ പരിശീലിപ്പിച്ച് ദൈനംദിനജീവിതത്തിൽ അവയെ നടപ്പിൽ വരുത്തുന്നതിന് അഭ്യസിപ്പിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. മലങ്കര ഒട്ടുക്കുള്ള യുവജനങ്ങളെ ചേർത്തു നടത്തുന്ന ഒരു സംഘടന മൂലമല്ലാതെ ഇതു സാദ്ധ്യമല്ല. ദൈവകൃപയാൽ ഇതിനുതകുന്ന മേൽപ്പറഞ്ഞ വിധത്തിലുള്ള ഒരു സ്ഥാപനം 'മലങ്കര സിറിയൻ ക്രിസ്ത്യൻ യുവജന സമാജം' (The Malankara Syrian Christian Youth League) എന്ന നാമധേയത്തിൽ നമ്മുടെയും നമ്മുടെ മെത്രാപ്പോലീത്തന്മാരുടെയും അധികാരത്തിൻകീഴിൽ സ്ഥാപിച്ചു നടത്തുന്നതിന് ആരംഭിച്ചിട്ടുണ്ട്. അതിന്റെ ചട്ടങ്ങളുടെ തത്വങ്ങളനുസരിച്ചു നമ്മുടെ ഓരോ ഇടവകകളിലും അതിന്റെ ശാഖകൾ സ്ഥാപിച്ചു യുവജനങ്ങളെ സൽപഥത്തിൽകൂടി നയിക്കുന്നതിന് ഇടവക വികാരിമാരും, പട്ടക്കാരും, യോഗക്കാരും അവരവരുടെ ചുമതലബോധത്തോടുകൂടി സഭയുടെ ആവശ്യാനുസരണം പ്രവർത്തിക്കണമെന്നു നാം ആഗ്രഹിക്കയും ശാഖാസമാജങ്ങളെ കേന്ദ്രസ്ഥാപനത്തോടു സംഘടിപ്പിക്കണമെന്നു നാം സ്നേഹത്തോടുകൂടി നിങ്ങളോടാജ്ഞാപിക്കയും ചെയ്യുന്നു. പ്രസ്തുത സമാജത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി മുതലായ പ്രവർത്തകന്മാർ നിങ്ങൾക്കു വേണ്ട നിർദ്ദേശങ്ങളും ആവശ്യമുള്ള സഹായസഹകരണങ്ങളും നൽകുന്നതിന് എപ്പോഴും സന്നദ്ധരായിരിക്കുന്നതാണ്. ശേഷം പിന്നാലെ.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.... ഇത്യാദി.

എന്ന്, 1936-ന് കൊല്ലം 1111 കർക്കടകം 22-നു തിരുവനന്തപുരം സുറിയാനി പള്ളിയിൽനിന്നും.

16

പ. പാമ്പാടി തിരുമേനിക്കുള്ള കത്ത്

നാം ഈ ശനിയാഴ്ച ഇവിടെ നിന്നും തെക്കോട്ടു പോകുന്നതായിരിക്കും. കുറിയാക്കോസു കത്തനാർക്കു കന്നിമാസം 14-ന് സ്ലീബാ പെരുനാളിനു റമ്പാൻ സ്ഥാനം കൊടുക്കാമെന്നാണല്ലോ പറഞ്ഞിരിക്കുന്നത്. അന്നുതന്നെ മെത്രാച്ചൻ അയാൾക്കു റമ്പാൻസ്ഥാനം കൊടുത്തുകൊള്ളണം. ശേഷം പിന്നാലെ.

എന്നു 1936-ന് കൊല്ലം 112 ചിങ്ങം 19-ന് കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

(*പാമ്പാടി തിരുമേനി ജന്മശതാബ്ദി സ്മരണിക*, 1985, പുറം 175)

17

നമ്പർ 131

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർതോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ മലങ്കരെയുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെ ന്നാൽ നിങ്ങൾക്കു വാഴ്വ്.

നമ്മുടെ അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ, നമ്മുടെ സമുദായ ത്തിന്റെ ഈ വിഷമഘട്ടത്തിൽ കാരുണ്യവാനായ ദൈവം അതിനെ ഇത്ര ത്തോളം കാത്തു നടത്തുന്നതിനാൽ, തന്റെ തിരുനാമത്തെ ആദ്യമായി നാം സ്തോത്രം ചെയ്യുന്നു. നാം കാതോലിക്കാസിംഹാസനത്തിൽ പ്രവേ ശിച്ചിട്ട് അടുത്ത കുംഭം 4-നു - നമ്മുടെ കർത്താവിന്റെ ദൈവാലയപ്ര വേശന തിരുനാൾ ദിവസം - എട്ടു വർഷം തികയുന്നതാണ്. അന്നത്തെ വിശുദ്ധ കുർബാനയിൽ എല്ലാ പട്ടക്കാരും, നമസ്കാരങ്ങളിൽ എല്ലാ വിശ്വാസികളും നമ്മുടെ സമുദായത്തിനും നമുക്കുംവേണ്ടി പ്രത്യേകം അപേക്ഷിക്കണമെന്നു നാം ഓർപ്പിച്ചുകൊള്ളുന്നു.

നമ്മുടെ സമുദായത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി "മലങ്കര സുറി യാനി സഭാ വാർഷികപ്പിരിവ്" എന്ന പേരിൽ സഭാംഗങ്ങളായ ആബാല വൃദ്ധം എല്ലാവരിൽ നിന്നും ആളൊന്നിനു രണ്ടു ചക്രത്തിൽ കുറയാതെ യുള്ള നിരക്കനുസരിച്ചു വർഷംതോറും ഒരു ധനശേഖരം നടത്തണമെന്നു 1111-ാമാണ്ടു കുംഭമാസം 9-നു നമ്മുടെ അദ്ധ്യക്ഷതയിലും നമ്മുടെ ബഹു മാനപ്പെട്ട മെത്രാപ്പോലീത്തന്മാരുടെ സാന്നിദ്ധ്യത്തിലും നടന്ന മാനേ ജിങ്ങുകമ്മട്ടി ഒരു നിശ്ചയം ചെയ്തതനുസരിച്ചുള്ള ഒന്നാമത്തെ പിരിവു കഴിഞ്ഞ മേടമാസത്തിൽ നടത്തുക ഉണ്ടായല്ലൊ. അതിൽ സഹകരിച്ച ഓരോ വ്യക്തിയുടെയും പേരടങ്ങുന്ന സംഭാവനാലിസ്റ്റ് ഭാരവാഹികൾ അച്ചടിച്ചു പള്ളികൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പല ഇടവകകളും വ്യക്തി കളും അതിൽ സഹകരിക്കയുണ്ടായില്ല എന്നു കാണുന്നത് അത്യന്തം ലജ്ജാവഹമായി നാം കരുതുകയും വളരെ ദുഃഖിക്കുകയും ചെയ്യുന്നു. സഹകരിച്ചവരിൽ തന്നെയും ഭൂരിപക്ഷം ആളുകളുടെ സംഭാവനതുക തൃപ്തികരമായി തോന്നുന്നില്ല. മേലാൽ അങ്ങനെ വരരുതെന്നു നാം പ്രത്യേകം ആഗ്രഹിക്കുന്നു. സമുദായത്തിന്റെ ആവശ്യങ്ങൾ വർദ്ധിച്ചു

കൊണ്ടാണ് ഇരിക്കുന്നത്. നിത്യച്ചെലവുകൾക്കു പുറമെ, വൈദികസിമ്മ നാരി നിലനിർത്തിക്കൊണ്ടു പോകേണ്ട ഭാരം വേറൊരു വശത്ത്: ബ്രഹ്മ വാർ, ത്രിശ്ശിനാപ്പള്ളി, കോയമ്പത്തൂർ, സിലോൺ എന്നീ സ്ഥലങ്ങളിലെ നമ്മുടെ സഭയുടെ വർദ്ധനവിനായി പ്രവർത്തിക്കേണ്ട കടമ വേറെ - ഇങ്ങനെ ആവശ്യങ്ങൾ പലതുണ്ട്. ഇവ ഒന്നും ഒഴിച്ചുവയ്ക്കാവുന്നതല്ല എന്ന് നാം പ്രത്യേകിച്ചു പ്രസ്താവിക്കേണ്ടതില്ലല്ലോ. ആകയാൽ നമ്മുടെ എല്ലാ ഇടവകകളിലും ഉള്ള എല്ലാ അനുഗ്രഹിക്കപ്പെട്ട മക്കളും ഇതിൽ സന്തോഷപൂർവ്വം, ശക്ത്യാനുസരണം തന്നെ, സഹകരിക്കണം. നമ്മുടെ പട്ടക്കാർ അവരെ ഹൃദയപൂർവ്വം ഉത്സാഹിപ്പിക്കണം. താമസമെന്യേ - അതായത് അടുത്ത കുംഭമാസാവസാനത്തിനകം - ഓരോ ഇടവകയിലും കമ്മട്ടിയോ പൊതുയോഗമോ കൂടി, ഇടവകയെ ആവശ്യമുള്ളിടത്തോളം വാർഡുകളായി തിരിച്ച്, ഓരോ വാർഡിലേക്കും ഈരണ്ടുപേരെ പിരിവു കാരായി നിയമിക്കണം. മുപ്പതു വീടിനു രണ്ടു പിരിവുകാർ വീതം ഉണ്ടാ യിരിക്കുന്നതു സൗകര്യപ്രദമായിരിക്കും. നമ്മുടെ സമുദായത്തിലെയും പിരിവുകൾക്കു കണക്കും, പ്രസിദ്ധീകരണവും ഉണ്ട് എന്നു കാതോലി ക്കേറ്റു നിധി സംഭരണവും കഴിഞ്ഞ വാർഷികപ്പിരിവും മൂലം ഏവർക്കും ബോധ്യമായിരിക്കുമെന്നു നാം വിശ്വസിക്കുന്നു. മലങ്കര അസോസ്യേഷൻ നിയമിച്ചിട്ടുള്ള മാനേജിങ്ങുകമ്മട്ടിയുടെയും നമ്മുടെ സുന്നഹദോസി ന്റെയും അറിവും അനുമതിയും കൂടാതെ അവയിൽനിന്ന് ഒരു ചെലവും നടന്നിട്ടില്ല; നടക്കുന്നതുമല്ല.

ഈ ആണ്ടത്തെ വാർഷികപ്പിരിവ് അടുത്ത മേടമാസം 3-നു വ്യാഴാഴ്ച നടത്തണമെന്നാണു നിശ്ചയിച്ചിട്ടുള്ളത്. ആ ദിവസംതന്നെ എല്ലാ ഇടവ കകളിലും പിരിവു നടക്കണം. നമ്മുടെ സമുദായത്തിന്റെ മേന്മയേയും അഭിവൃദ്ധിയേയും കരുതി എല്ലാ അംഗങ്ങളും ഇതിലേക്കു ധനസഹായം ചെയ്യണമെന്നും സമുദായ ആപ്പീസിൽനിന്നു പുറപ്പെടുന്ന അപേക്ഷകളും നിർദ്ദേശങ്ങളും അനുസരിച്ച് എല്ലാ ഒത്താശകളും ചെയ്തുകൊടുക്കണ മെന്നും താൽപര്യപ്പെട്ടുകൊള്ളുന്നു. മെത്രാസന കൗൺസിലുകളു ടെയോ, പൊതുയോഗങ്ങളുടെയോ ശുപാർശപ്രകാരം ഓരോ ഗ്രൂപ്പി ലേക്കും ലീഡറന്മാരെ നാം പിന്നാലെ നിയമിക്കുന്നതായിരിക്കും.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങ ളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, ക്രിസ്താബ്ദം 1937-ന് കൊല്ലവർഷം 1112 മകരമാസം 22-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

18

ത്രിദിന ഉപവാസത്തിനായി ഒരാഹ്വാനം

നമ്പർ 56

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

മലങ്കരയുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

കഴിഞ്ഞ കാൽ ശതാബ്ദക്കാലമായി നമ്മുടെ സഭ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങളെയും ദുരിതങ്ങളെയും തന്മൂലം സഭയ്ക്കുണ്ടായിട്ടുള്ള ആദ്ധ്യാത്മിക അധഃപതനത്തെയും കുറിച്ച് വിശേഷിച്ചു നാം പറയാതെ നിങ്ങൾക്ക് അറിവുള്ളതാണല്ലോ. അഗാധ ബുദ്ധിമാനും പരിശുദ്ധനുമായിരുന്ന ദീവന്നാസ്യോസു മെത്രാച്ചൻ തന്റെ ആയുസ്സിന്റെ നല്ല പങ്കു വ്യവഹാരങ്ങൾക്കായി വിനിയോഗിച്ചു. സഭയുടെ ആദ്ധ്യാത്മിക പുരോഗമനത്തെ ഉദ്ദേശിച്ച് അധികമൊന്നും പ്രവർത്തിക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞില്ല. ഇപ്പോൾ ബലഹീനനായ നമ്മുടെ കാലത്തും വീണ്ടും കേസും വ്യവഹാരവും ആരംഭിച്ചിരിക്കുന്നു. കേസിൽ നിന്നൊഴിഞ്ഞിരിക്കാനും സഭയിൽ സമാധാനം കൈവരുത്തുവാനുമായി നാം പല പരിശ്രമങ്ങളും ചെയ്തു, ഫലമുണ്ടായില്ല. സഭയിലെ ആത്മികവേലകൾക്കായി വിനിയോഗിക്കേണ്ട ശക്തികളെ ഈ നിലയിൽ വ്യവഹാരങ്ങൾക്കായി വിനിയോഗിപ്പാൻ നാം നിർബന്ധിതരാകുന്നതിനെക്കുറിച്ചു നമുക്ക് അതിയായ മനസ്താപമുണ്ട്. സാത്താൻ ഗർജ്ജിക്കുന്ന സിംഹം പോലെ ചുറ്റിനടന്നു പലരേയും തെറ്റിക്കുന്നതിന്റെ ഫലമായിട്ടാകുന്നു ഇങ്ങനെയുള്ള സംഭവങ്ങൾ അടിക്കടി സഭയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവയ്ക്കുള്ള പ്രതിവിധി മുകളിൽനിന്നു നമുക്കു ലഭിക്കേണ്ടിയിരിക്കുന്നു. നോമ്പും പ്രാർത്ഥനയുമാകുന്ന ആയുധംകൊണ്ടല്ലാതെ ഈ ജാതി ഒഴിഞ്ഞുപോകുന്നതല്ല. സഭയുടെ ആപൽഘട്ടങ്ങളിൽ നമ്മുടെ പൂർവ്വപിതാക്കന്മാർ പ്രവർത്തിച്ചിട്ടുള്ളതുപോലെ സത്യഅനുതാപത്തോടും താഴ്മയോടും കൂടി ദൈവസന്നിധിയിലേക്ക് ഒന്നാകെ നാം അടുക്കേണ്ടിയിരിക്കുന്നു. നമ്മുടെയും നമ്മുടെ പിതാക്കന്മാരുടെയും പാപത്തിന്റെ ഫലമാണ് നാം അനുഭവിക്കുന്ന ദുരിതമെന്ന് എസ്രാ പറഞ്ഞു

കൊണ്ട് നോമ്പോടും കണ്ണുനീരോടും കൂടെ ദൈവസന്നിധിയിലേക്ക് അടുത്തതുപോലെ നാം അടുക്കേണ്ടതാകുന്നു. കാരുണ്യവാനായ ദൈവം തന്റെ മക്കളുടെ മുറവിളിയെ കേൾക്കാതിരിക്കുന്നതല്ല.

പ്രത്യേകിച്ച്, നമ്മുടെ രാജ്യത്തും ഭൂലോകമെങ്ങും അസമാധാനവും അസന്തുഷ്ടിയും ശക്തിപ്പെട്ടുകൊണ്ടിരിക്കുകയും രാജ്യങ്ങളും ജാതികളും പരസ്പരം അവിശ്വാസത്തിലും വിദ്വേഷത്തിലും ജീവിച്ചുപോരികയും ചെയ്യുന്ന ഇക്കാലത്ത് ദൈവകൃപയുടെ സമൃദ്ധിയായ വ്യാപാരം വ്യക്തിപരമായും കൂട്ടമായും ഉണ്ടാകേണ്ടിയിരിക്കുന്നു. ആകയാൽ ഈ അടുത്തുവരുന്ന വൃശ്ചികം 17-നു മലയാളം കണക്കിന് 15-നു ബുധനാഴ്ച മുതൽ 3 ദിവസത്തേക്കു സഭ മുഴുവനായും ഉച്ചനിന്ന് നോമ്പ് ആചരിക്കണമെന്നും നിവൃത്തിയുള്ളിടത്തോളം ആളുകൾ പള്ളികളിൽ കൂടി സഭയ്ക്കുവേണ്ടിയും ലോകസമാധാനത്തിനുവേണ്ടിയും മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തണമെന്നും, നോമ്പു വീടുന്ന ശനിയാഴ്ച രാവിലെ വി. കുർബ്ബാന അർപ്പിച്ചു കഴിവുള്ള എല്ലാവരും വി. കുർബ്ബാന അനുഭവിക്കണമെന്നും നാം ആഗ്രഹിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു.

ശേഷം കാര്യങ്ങൾ പിന്നാലെ എഴുതുന്നതാണ്. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. മറിയാമ്മിന്റെയും സകല പരിശുദ്ധന്മാരുടെയും, ഇന്ത്യയുടെ കാവൽക്കാരനായ മാർ തോമാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി.

എന്ന് 1938-നു കൊല്ലവർഷം 1114 വൃശ്ചികം 6-നു

കോട്ടയം സുറിയാനി സെമിനാരിയിൽ നിന്നും

19

നമ്പർ 105

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ .... പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, സമുദായക്കേസു ആരംഭിച്ചിട്ട് ഇപ്പോൾ ഒരു കൊല്ലത്തോളമായി എന്നുള്ളതു നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. കേസു കൂടാതെ ഇരിക്കുന്നതിനു നാം വളരെ ആഗ്രഹിക്കുകയും സഭയുടെ സമാധാനത്തെ ഉദ്ദേശിച്ചു വളരെ പണം ചെലവുചെയ്തും ബുദ്ധിമുട്ടുകൾ സഹിച്ചും ശീമയാത്ര ചെയ്കയും ചെയ്തു. നിവർത്തിയുള്ളപക്ഷം കേസു കൂടാതെ കഴിക്കണമെന്നായിരുന്നു നമ്മുടെ ഉദ്ദേശ്യവും ആഗ്രഹവും. എന്നാൽ ദുർവ്വാശിക്കാരും മത്സരബുദ്ധികളുമായ എതൃഭാഗക്കാർ സമാധാനത്തിനു തീരെ വഴിപ്പെടാതെയും കേസുമൂലം സഭയ്ക്കു ഉണ്ടാകാവുന്ന നാശത്തെക്കുറിച്ചു അശേഷം ചിന്തിക്കാതെയും, നമ്മെ ഉപദ്രവിക്കണമെന്നുതന്നെ തീർച്ചപ്പെടുത്തിക്കൊണ്ട് കേസിനു പുറപ്പെട്ടിരിക്കുകയാണ്. അതിന്റെ വിജയത്തിനായിട്ട് അവരുടെ മെത്രാന്മാരും മറ്റാളുകളും അക്ഷീണപരിശ്രമം ചെയ്തു പണം പിരിച്ചുവരുന്നതായും കേൾക്കുന്നുണ്ട്. കേസിലേക്കു എതൃകക്ഷികൾ നമ്മെ വലിച്ചിഴക്കുമ്പോൾ, ന്യായമായ സഭയുടെ സ്വാതന്ത്ര്യത്തെ പരിരക്ഷിക്കുന്നതിനുവേണ്ടി നാം എങ്ങനെ വേണ്ടതു പ്രവർത്തിക്കാതെ ഇരിക്കുന്നു. അന്ത്യോഖ്യാബന്ധം വിടർത്തണമെന്നോ, ന്യായമായ സമാധാനവ്യവസ്ഥകൾക്കു വഴിപ്പെടരുതെന്നോ, നാം ഒരുനാളും ആഗ്രഹിച്ചിട്ടില്ല എന്നുള്ളതു നമ്മുടെ കേസിലെ പത്രികകൊണ്ടും സമാധാന ആലോചനകളിൽ നാം അവലംബിച്ചിട്ടുള്ള നിലകൊണ്ടും ഏവർക്കും അറിയാവുന്നതാണ്. പരിശുദ്ധനും അഗാധബുദ്ധിമാനുമായിരുന്ന പരേതനായ മാർ ദീവന്നാസ്യോസു മെത്രാച്ചൻ ഏത് ആദർശത്തിനുവേണ്ടി നിലനിന്നുവോ, ധൈര്യസമേതം പോരാടിയോ, ആ സഭയുടെ ഉൾഭരണ സ്വാതന്ത്ര്യത്തിനും പുരോഗമനത്തിനും വേണ്ടി അവസാനതുള്ളി രക്തംവരെയും നാമും പോരാടേണ്ടിയിരിക്കുന്നു. ബലഹീനനായ നമുക്കുള്ള ബലം നമ്മുടെ അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളുടെ പിന്തുണയും സഹകരണവും ഒന്നുമാത്രമാണ്. അതു ധാരാളമായി നമുക്ക് ഉണ്ടാകുമെന്ന് ആശയും വിശ്വാസവുമുണ്ട്. കേസുകൊണ്ടു നമുക്കു ഒന്നും അധൈര്യപ്പെടുവാനില്ല. അതു ശരിയായി നടത്തിക്കൊണ്ടു പോകണമെന്നേയുള്ളു. അതിന്റെ ആവശ്യത്തിനു നമ്മുടെ കൈവശം ഒട്ടും പണമില്ലാതെ വിഷമിക്കുന്നു. കേസിന്റെ പ്രധാന ഘട്ടത്തിലേക്കു പ്രവേശിക്കാനിരിക്കുന്നതേയുള്ളു. ഒരു വലിയ സംഖ്യ ആയതിലേക്കു നമുക്കു ലഭിക്കേണ്ടിയിരിക്കുന്നു. ഓരോ പള്ളിയിലും വരുവാനും നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കളെ കാണുവാനും തക്ക സുഖവും സൗകര്യവും ഇപ്പോൾ ഇല്ലാതെയാണു ഇരിക്കുന്നത്. ആകയാൽ ആ പള്ളിയിൽ നിന്നും 200 രൂപായിൽ കുറയാത്ത ഒരു സംഖ്യ ഒന്നായിട്ടൊ, രണ്ടുമൂന്നു ഗഡുക്കളിലായിട്ടൊ ഇവിടെ എത്തിച്ചുതരണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം നിർബന്ധിക്കുന്നു. ഈ ആവശ്യം പ്രമാണിച്ച് നമ്മുടെ ബ. മെത്രാച്ചന്മാരും കല്പനയോടുകൂടി

മറ്റാളുകളും നിങ്ങളുടെ അടുക്കൽ വരുന്നതാണ്. പണം അവരെ ഏൽപിച്ചു രസീതു വാങ്ങിക്കൊള്ളണം. സംഗതികളുടെ ഗൗരവത്തേയും നമ്മുടെ ആവശ്യങ്ങളേയും പരിഗണിച്ചു ടി സംഖ്യ എത്രയുംവേഗം ഇവിടെ എത്തിച്ചുതരണമെന്നു വീണ്ടും നിങ്ങളെ നാം ഓർപ്പിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി.

എന്ന്, 1939-ന് കൊല്ലവർഷം 1114 കുംഭം 19-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

20

നമ്പർ 106

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും
ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന ചുങ്കത്തിൽ ജോർജ്ജ് കത്തനാർക്കു വാഴ്വ്.

പ്രിയനെ, നമ്മുടെ സമുദായക്കേസിന്റെ ആവശ്യത്തിലേക്ക് 785 രൂപായിൽ കുറയാത്ത ഒരു സംഖ്യ ആ പള്ളിയിൽനിന്ന് അയച്ചുതരണമെന്നു കാണിച്ചുള്ള കൽപന ഇതോടൊന്നിച്ചു അയയ്ക്കുന്നു. നമ്മുടെ കൈവശം പണമില്ലാതെ നാം വിഷമിക്കുകയാണ്. ഒരു നല്ല സംഖ്യ ഇല്ലാതെ കേസു മുമ്പോട്ടു കൊണ്ടുപോകുന്നതു എങ്ങനെയാണ്? കേസിന്റെ പ്രധാന ഘട്ടത്തിലേക്കു അടുത്തു വന്നിരിക്കുകയുമാണ്. ആകയാൽ നിങ്ങൾ നല്ലവണ്ണം ഉത്സാഹിച്ചു കൽപനയിൽ കാണിച്ചിരിക്കുന്ന സംഖ്യ എത്രയുംവേഗം ഇവിടെ എത്തിച്ചുതരുന്നതിനു പ്രത്യേകം ഉത്സാഹിക്കണം.

കൂടാതെ, ഈ വർഷം ദുഃഖവെള്ളിയാഴ്ചയും വചനിപ്പുപെരുനാളും ഒരു ദിവസം വന്നിരിക്കുന്നതിനാൽ വെള്ളിയാഴ്ച രാവിലെ വി. കുർബ്ബാന അണയ്ക്കേണ്ടതാണ്. വ്യാഴാഴ്ച സന്ധ്യാനമസ്കാരം മാറാനായ പെരുനാളിന്റേതും സൂത്താറാ ദുഃഖവെള്ളിയാഴ്ചയുടേതും കഴിക്കേണ്ടതാ

കുന്നു. രാത്രി ഒന്നാം കൗമ്മാ സൂബോറൊ (കന്യാസ്ത്രീ അമ്മയെ ഉദ്ദേശിച്ചുള്ളത്) യുടേയും, രണ്ടാം കൗമ്മാ ദുഃഖവെള്ളിയാഴ്ചയുടേയും മൂന്നാം കൗമ്മാ "ആന്നീദേ"യുടെ തുടങ്ങി തുറൊദ്സീനൈ, എന്ന അപേക്ഷ വരെയും ചൊല്ലി വി. കുർബ്ബാന അണയ്ക്കേണ്ടതാകുന്നു. വി. കുർബ്ബാനയ്ക്കുശേഷം ദുഃഖവെള്ളിയാഴ്ചയുടെ "സപ്രൊ" തുടങ്ങി എല്ലാ പ്രാർത്ഥനകളും ശുശ്രൂഷകളും ക്രമമായി നടത്തിക്കൊള്ളുകയും വേണം.

ദൈവം അനുഗ്രഹിക്കട്ടെ, എന്ന് 1939-നു കൊല്ലവർഷം 1111 കുംഭം 19-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

21

The Orthodox Syrian Church of the East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
രണ്ടാമത്തെ ഗീവറുഗീസായ
മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ഐപ്പൊരയ്ക്ക് വാഴ്വ്.

പ്രിയനെ, അയച്ച എഴുത്തു കിട്ടി. കൊച്ചുമത്തായിയുടെ സുഖക്കേടിനു ആശ്വാസം ഉണ്ടാകുവാൻ പ്രാർത്ഥിക്കുന്നു. എല്ലാ ദീനവും തുടങ്ങുമ്പോൾതന്നെ രോഗികളുടെ തൈലാഭിഷേക ശുശ്രൂഷ കഴിച്ച് വി. കുർബാന അനുഭവിക്കുന്നത് രോഗശമനത്തിന് ഏറ്റവും നല്ലതാണ്. നമ്മുടെ ആളുകൾ അതിനെപ്പറ്റി തെറ്റിദ്ധരിച്ചിരിക്കയാണ്. രോഗത്തിന് വി. വേദത്തിൽ പറയുന്ന ഏക ചികിത്സ ഇതു മാത്രമാണ്. കൊച്ചു മെത്രാച്ചനു ദീനം തുടങ്ങിയ ഉടനെ തൈലാഭിഷേകം കഴിപ്പിക്കയായിരുന്നു. അതിന്റെ ശേഷം ആണ് ചികിത്സ തുടങ്ങിയത്. ഇതുവരെയും അതു കഴിപ്പിച്ചില്ലെങ്കിൽ ഉടനെ കഴിക്കുന്നതു നന്നായിരിക്കും. ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവം ആശ്വാസം കൊടുക്കട്ടെ. ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

എന്ന് 1940-ന് കൊല്ലം 116 തുലാം 23-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

(*പരുമല തിരുമേനി: ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും*, ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി, ഡി.സി. ബുക്സ്, കോട്ടയം, 2015, പേജ് 387)

22

നമ്പർ 425

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ ... പള്ളിയിൽ വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, പള്ളി വരുമാനങ്ങളെയും പട്ടത്വവരുമാനങ്ങളെയും സംബന്ധിച്ചു പട്ടക്കാരുടെയിടയിലും ജനങ്ങളുടെയിടയിലും വിപരീതാഭിപ്രായം ഉണ്ടായിരിക്കുന്ന സംഗതി എല്ലാവർക്കും അറിവുള്ളതാണല്ലോ. ഈ സംഗതിയെ സംബന്ധിച്ചുള്ള തീരുമാനം ഉണ്ടാകേണ്ടതിനു ഈ മാസം 16-നു ചൊവ്വാഴ്ച 10 മണിക്കു കോട്ടയത്തു മാർ ഏലിയാ ചാപ്പലിൽ വച്ചു കോട്ടയം ഭദ്രാസന ഇടവകയിലെ പള്ളിക്കാരുടെ ഒരു യോഗം കൂടുന്നതിനു നിശ്ചയിച്ചിരിക്കുന്നു. അതിലേക്ക് ആ പള്ളിയിൽ നിന്നു പട്ടക്കാരേയും പ്രതിപുരുഷന്മാരേയും അയയ്ക്കണം. ടി യോഗത്തിൽ ബഹുമാനപ്പെട്ട മലങ്കര മെത്രാപ്പോലീത്താ അവർകളും, കോട്ടയം ഇടവകയുടെ എപ്പിസ്കോപ്പാ അവർകളും ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ പള്ളി സംബന്ധമായ മറ്റു സംഗതികളെക്കുറിച്ചും ആ യോഗത്തിൽ ആലോചിക്കുന്നതായിരിക്കും. ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന്, 115 ധനു 3-നു വള്ളിക്കാട്ടു പള്ളിയിൽ നിന്നും.

23

നമ്പർ 82

THE ORTHODOX SYRIAN CHURCH OF THE EAST

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ ഗീവറുഗീസായ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളുമായ നമ്മുടെ എല്ലാ ആത്മീയമക്കളുടെ മേലും ദൈവികകൃപയും സ്വർഗ്ഗീയ വാഴ്വുകളും വന്നാവസിക്കുമാറാകട്ടെ.

പ്രിയരെ, കഴിഞ്ഞ മാസത്തിൽ ഇവിടെവച്ചു കൂടിയ മാനേജിംഗ് കമ്മറ്റിയിൽ നമ്മുടെ പണസംബന്ധമായ വരവിന്റെ ചുരുക്കത്തെപ്പറ്റിയും തൻമൂലം നമ്മുടെ സഭയ്ക്കു വന്നുകൂടുന്ന അപകടങ്ങളെ സംബന്ധിച്ചും ആലോചിക്ക ഉണ്ടായി. മി. ഒ. എം. ചെറിയാൻ മുതൽപേർ കൂടി ഒരു പിരിവെടുക്കുന്നതിനു മുൻകമ്മറ്റികളിൽ തീരുമാനിച്ചു എങ്കിലും അതു നടപ്പിൽ വന്നില്ല. അതിനു മുമ്പുള്ള ആണ്ടുകളിൽ വാർഷികപിരിവു നടത്തുന്ന പതിവുണ്ടായിരുന്നു. അതും മി. ചെറിയാന്റെ പിരിവിനെ ഉദ്ദേശിച്ചു നിറുത്തിവെയ്ക്കുകയാണുണ്ടായത്. ഇപ്പോൾ യാതൊരു വരുമാനവും ഇല്ലാതെ ഇരിക്കുന്നു. അതിനാൽ വാർഷികപിരിവു വീണ്ടും ഊർജ്ജിതമായി നടത്തണമെന്നും അതാതിടവകകളിലെ ബ. മെത്രാപ്പോലീത്തന്മാർ ഭദ്രാസന കൗൺസിലിന്റെ സഹായത്തോടും മറ്റും അവർക്ക് കൊള്ളാമെന്നു തോന്നുന്ന വഴികളിൽ കൂടെയും ആളൊന്നിനു സ്ത്രീ പുരുഷഭേദം കൂടാതെ ഈരണ്ടു ചക്രംവീതം പിരിക്കണമെന്നും ആ പിരിവു വൃശ്ചികം, ധനു, മകരം എന്നീ മാസങ്ങളിൽ നടത്തണമെന്നും കമ്മറ്റി നിശ്ചയിക്കയും ചെയ്തിരിക്കുന്നു. അതിനാൽ പ്രിയരെ, എല്ലാവരും നല്ല മനസ്സോടും ഉത്സാഹത്തോടുംകൂടെ ഈ പിരിവിൽ സംബന്ധിക്കയും അവനവന്റെ ശക്തിക്കു തക്കവണ്ണം സഹായിക്കയും ചെയ്യണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം നിർബ്ബന്ധിക്കുന്നു. തിയോളജിക്കൽ കോളജ് ശരിയായി നടത്താത്തപക്ഷം സഭയുടെ ഭാവി ഭയങ്കരമായിത്തീരും. ശാശ്വതമായ ഒരു വരുമാനംകൂടാതെ ഒരു സഭയ്ക്കും ഒരു രാജ്യത്തിനും മുൻപോട്ടു പോകുവാൻ സാധിക്കുന്നതല്ല. അലസന്മാരും സഭാദ്രോഹികളുമായ മനുഷ്യർ ഏതു നന്മയ്ക്കും വിരോധികളാണ്. സമുദായത്തിനു മുതലുണ്ട്. അതുകൊണ്ടു നടത്തട്ടെ എന്നും മറ്റുമുള്ള അഭിപ്രായങ്ങൾ ജനതാമദ്ധ്യേ അവർ പരത്തുകയും ഇതിനെ പൊളിക്കുന്നതിന് ഉത്സാഹിക്കയും ചെയ്യും. അങ്ങനെയുള്ളവർ സഭയിലെ കളകളാണെന്നും അവർ അവസാനത്തോളം ശരിപ്പെടാത്തവരാണെന്നും ഗ്രഹിച്ച് അവരുടെ വഞ്ചനകളിൽ അകപ്പെടാതിരിപ്പാൻ സത്യമക്കളാകുന്ന നിങ്ങൾ കരുതണം. ആണ്ടുതോറും സമുദായകണക്കുകൾ കമ്മറ്റിക്കാർ പരിശോധിക്കയും ഓഡിറ്റുറിപ്പോർട്ടുകളോടുകൂടെ അംഗീകരിക്കയും ചെയ്തുവരുന്നുണ്ട്. അത് അച്ചടിച്ചു പരസ്യം ചെയ്യുന്നുമുണ്ട്. നമ്മുടെ സമുദായത്തിനു ഒരു സാധാരണ ധനികന്റെ മുതൽപോലും ഇല്ലെന്നു ലജ്ജയോടുകൂടി നാം പറഞ്ഞുകൊള്ളുന്നു. അതിനാൽ സഭയെ സ്നേഹിക്കുന്നവരായ നിങ്ങൾ എല്ലാവരും ഈ നിസ്സാര പിരിവിൽ സന്തോഷത്തോടുകൂടെ ഭാഗഭാക്കുകളാകണം. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

സഭയുടെ സമാധാനത്തിനുവേണ്ടി നമ്മാൽ കഴിവുള്ള സർവ്വതും പ്രവർത്തിക്കയും ക്ലേശങ്ങളും ദ്രവ്യനഷ്ടങ്ങളും സഹിക്കയും നമ്മെ

ത്തന്നെ മറന്നു സർവ്വവിധത്യാഗങ്ങൾക്കും നാം സന്നദ്ധനാകയും ചെയ്തു എന്നുള്ള സത്യം നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. എതിർകക്ഷിക്ക് കേസ് ഊർജ്ജിതമായി നടത്തി നമ്മെ ചവുട്ടി പുറത്താക്കണമെന്നത്രെ ആഗ്രഹം. സൂര്യന്റെ കീഴിൽ ഇങ്ങനെ മനഃസ്ഥിതിയുള്ള ആളുകൾ ഉണ്ടോ എന്നു സംശയിക്കുന്നു. എത്ര വലിയ സഭ ആയാലും അതിലേക്ക് ആളുകളെ നിത്യവും ചേർക്കുന്നതിനു രാപകൽ ഇല്ലാതെ അവർ ബദ്ധപ്പെടുന്നു. ഇവരോ, എല്ലാവരേയും ഓടിച്ചിട്ട് രണ്ടു വിധവകൾ ആയാലും മതി എന്നാശ്വസിക്കുന്നു. അതിനാൽ ഊർജ്ജിതമായിത്തന്നെ കേസു നടത്തുവാൻ അവർ ഉറച്ചിരിക്കുന്നു. നാനാഭാഗങ്ങളിൽ നിന്നും അവർ പണം പിരിച്ചുണ്ടാക്കുന്നുണ്ട്. നമ്മൾ ആരുടെപേരിലും കേസുകൊടുത്തില്ല. ആരെയും ചവുട്ടി പുറത്താക്കണമെന്ന് ആഗ്രഹിക്കുന്നുമില്ല. സമാധാനത്തേയും സഭയുടെ പുരോഗതിയേയും മാത്രം ഇച്ഛിക്കുന്നു. സമാധാനം എന്നു കേൾക്കുന്നിടത്തെല്ലാം നാം ഓടിയെത്തുകയും അതിനായി പ്രയത്നിക്കുകയും ചെയ്യുന്നു. അതിനുവേണ്ടി ശീമ യാത്ര മുതലായ ഓരോന്നിനായി എത്രമാത്രം പണം ചെലവിട്ടു എന്നു നിങ്ങൾക്കുതന്നെ അറിവുള്ളതാണല്ലോ. ഇപ്പോൾ പണവും ഇല്ല; കടത്തിലുമായിരിക്കുന്നു; കേസു തുടങ്ങിയതു മാത്രമേയുള്ളു. നിങ്ങൾ ഓരോ പള്ളിക്കാരും ഇത്ര ഇത്ര രൂപാ തരണമെന്ന് നാം മുമ്പ് നിങ്ങൾക്കെഴുതിയിട്ടുണ്ടല്ലോ. പലരും തരാതിരിക്കയാണ്. ആയതു നിങ്ങളുടെ മനസ്സുകേടാണെന്നു നാം വിചാരിക്കുന്നില്ല. എങ്ങനെയും നടന്നുകൊള്ളുമെന്നുള്ള വിശ്വാസംകൊണ്ടു മാത്രമാണെന്നു നാം വിചാരിക്കുന്നു. 'എങ്ങിനെയും' എന്നുള്ള സ്ഥിതി പോയി. നിങ്ങൾ ഉണർന്നു സഭാസ്നേഹത്തോടെ പ്രവർത്തിക്കേണ്ട കാലമായിരിക്കുന്നു. ക്ഷാമമാണ്, ഞെരുക്കമാണെന്നൊഴികഴിവു പറയാതെ ഉണർവ്വോടും ദണ്ഡത്തോടുംകൂടെ പ്രവർത്തിക്കണം. എതിർകക്ഷികൾ ക്ഷാമം വകവെയ്ക്കാതെ പ്രവർത്തിക്കുന്നു. പള്ളിക്കു ക്ഷാമമില്ല. നമുക്ക് എല്ലായിടത്തും സഞ്ചരിക്കത്തക്കവണ്ണം സുഖമില്ലെന്നു നിങ്ങൾ അറിയണം. വയസ്സും രോഗവും ആയിരിക്കുന്നു. നമ്മുടെ ക്ഷീണകാലത്തിൽ നമ്മുടെ മക്കൾ നമുക്ക് താങ്ങലിന്റെ കൈ തന്നു നമ്മെ താങ്ങിക്കൊള്ളുമെന്നു കർത്താവിൽ നാം വിശ്വസിക്കുന്നു.

സഭയിലെ കുഴപ്പങ്ങളും സമാധാനം ഇല്ലായ്മയും മൂലം പലരുടേയും വിശ്വാസം കുറഞ്ഞുപോയിരിക്കുന്നതായി കാണുന്നതിൽ നാം ഏറ്റം ഖേദിക്കുന്നു. മനുഷ്യർക്കു സഭ വിടുന്നതിനോ അന്യമതത്തിൽ ചേരുന്നതിനോ, സഭയിൽ നിന്നുകൊണ്ട് അന്യന്മാരുടെ കൂദാശകൾ സ്വീകരിക്കുന്നതിനോ യാതൊരു മടിയും ഇല്ലാതായിത്തീർന്നിരിക്കുന്നു. അപ്പോസ്തോലകാലം മുതൽ ഇതുവരെയും ഓരോ തരത്തിൽ സഭയിൽ പീഡ

കളും ഞെരുക്കങ്ങളും ഉണ്ടായിട്ടുണ്ട്; ഇനിയും ഉണ്ടാകുകയും ചെയ്യും. അതു കണ്ടുകൊണ്ട് മനസ്സു ക്ഷീണിക്കുന്നവൻ പാറയിൽ വീണ വിത്തിനു സദൃശമാണ്. അവസാനത്തോളം സഹിക്കുന്നവൻ ജീവിക്കും. അവനു ജീവന്റെ കിരീടം കിട്ടും, എന്നാണ് തിരുവചനം. ഇതോർത്തു നിരാശപ്പെടാതെ സ്ഥിരപ്പെട്ടു നിൽക്കണം. കൂദാശകൾ ദൈവത്തിന്റെ കൃപാമാർഗ്ഗങ്ങളാണ്. അവയിൽകൂടെയാണ് നമ്മുടെ രക്ഷ. കൂദാശകൾ ഇല്ലാത്തവരോടും കൂദാശകളിൽ വിശ്വസിക്കാത്തവരോടും ഒരു ക്രിസ്ത്യാനിക്ക് എങ്ങനെ കൂട്ടായ്മ ഉണ്ടാകും. ആകയാൽ കൂദാശകളെ വേണ്ടവണ്ണം നാം സ്വീകരിക്കണം. അല്ലെങ്കിൽ രക്ഷാമാർഗ്ഗത്തിൽ നിന്നും അകലുകയാണ് ചെയ്യുന്നത്. വിവാഹം കൂദാശ അല്ലെന്നു വിശ്വസിക്കുന്നവരെക്കൊണ്ട് വിവാഹം കൂദാശയാണെന്നു വിശ്വസിക്കുന്നവരായ നിങ്ങൾ എങ്ങനെ വിവാഹം കഴിപ്പിക്കും. ആരോടും ഉള്ള വ്യക്തിപരമായ വിദ്വേഷം കൊണ്ടു നാം പറയുന്നതല്ല. നിങ്ങളുടെ നാശത്തെ സംബന്ധിച്ചുള്ള മനസ്സുരുക്കവും വേദനയും കൊണ്ടു പറയുന്നതാണ്. വിവാഹം കൂദാശയാകുന്നു. അതിനധികാരം ഉള്ളവരെക്കൊണ്ട് അതു നടത്തിക്കണം. കൂദാശ ഇല്ലാത്തവരും കൂദാശ ഉള്ളവരും കൂടി യോജിപ്പാൻ പാടില്ല. അതിനാൽ മാമോദീസായും മൂറോനും ഇല്ലാത്ത കുട്ടികൾക്ക് നമ്മുടെ പട്ടക്കാർ കൂദാശ ചെയ്തു കൊടുക്കരുത്. നമ്മുടെ എല്ലാ പള്ളികളിലേയും ആൺകുട്ടികൾ അവരവരുടെ ഇടവകപ്പള്ളിയിൽവച്ചുതന്നെ കല്യാണം കഴിക്കണം. അന്യ ഇടവകകളിൽ പോകരുത്. നമ്മുടെ പെൺകുട്ടികളെ അന്യസമുദായത്തിലേക്കു കൊടുക്കരുതെന്നും നമ്മുടെ ആൺകുട്ടികൾ അന്യസമുദായത്തിലെ സ്ത്രീകളെ വിവാഹം ചെയ്യരുതെന്നും പലപ്പോഴും നാം അറിയിച്ചിട്ടുണ്ട്. വിശ്വസിച്ചുവരുന്നവരെ വേണ്ട കൂദാശകൾ നടത്തി സ്വീകരിക്കാവുന്നതാണ്. പെൺകുട്ടികളെ അന്യസമുദായത്തിൽ കൊടുത്തുകൂടാ എന്നു വിരോധിച്ചിട്ടുണ്ടല്ലോ. അഥവാ ആരെങ്കിലും കൊടുക്കുന്നപക്ഷം (അതു നമ്മുടെ അനുവാദം ആണെന്ന് ആരും വിചാരിക്കരുത്) ആ വരൻ വിശ്വസിച്ചു കൂദാശകൾ കൈക്കൊള്ളുന്നപക്ഷം നമ്മുടെ പട്ടക്കാർക്ക് കൂദാശ നടത്താം. അല്ലാത്തപക്ഷം നമ്മുടെ പട്ടക്കാർ അങ്ങനെയുള്ള കൂദാശകൾ നടത്തിക്കൂടാത്തതാണ്. പന്നിക്കു മാണിക്യവും പട്ടിക്കു മുത്തും കൊടുക്കരുത്. കാതോലിക്കായ്ക്കും ശ്ലീഹായ്ക്കും അടുത്ത ഏകസഭയിൽ വിശ്വസിക്കുന്നു എന്നു നിത്യവും പലപ്രാവശ്യം ഉരുവിടുന്നവരായ നിങ്ങൾ അതിനെ പാലിക്കണം. സഭയെ കേൾക്കാത്തവൻ ചുങ്കക്കാരനും കാവ്യനും ആയിരിക്കണം എന്നുള്ള നമ്മുടെ കർത്താവിന്റെ കല്പനയെ ആദരിച്ച് ജഢത്തേയും ലോകത്തേയും ഉപേക്ഷിച്ച് കല്പനപ്രകാരം ജീവിക്കണമെന്നു നിങ്ങളോടു നാം ആജ്ഞാപിക്കുന്നു.

വിദ്യാർത്ഥിനിവിദ്യാർത്ഥികൾ ആദിയായ നമ്മുടെ കുട്ടികൾ വൈ. എം.സി.എ., വൈ.ഡബ്ല്യൂ.സി.എ., ഇന്റർ റിലീജിയസ് ഫെലോഷിപ്പ് മുതലായ പ്രസ്ഥാനങ്ങളോടു ചേർന്നു പ്രാർത്ഥിക്കയും അവരുടെ കുർബ്ബാന അനുഭവിക്കുകയും മറ്റും ചെയ്യുന്നതായി നാം കേൾക്കുന്നു. മാതാപിതാക്കന്മാരും പട്ടക്കാരും ഇതേപ്പറ്റി പ്രത്യേകം ശ്രദ്ധിക്കയും കുട്ടികളെ വിരോധിക്കയും ചെയ്യണം. അറിവില്ലാത്തവരായ കുട്ടികൾ തികഞ്ഞവരാണെന്നുള്ള ബോധത്തോടുകൂടെ നിഗളംമൂലം ഇങ്ങനെയുള്ള സംഗതികളിൽ ഏർപ്പെടുന്നു. അവരെ ശരിയായി നടത്തേണ്ട ചുമതല നമുക്കുണ്ട്. അല്ലെങ്കിൽ നാളെ സഭ ഇല്ല. “ഈ വിശ്വാസവും കൊണ്ടുവരാത്തവനെ ഭവനത്തിൽ കയറ്റുകയോ കുശലം പറയുകയോ ചെയ്യരുതെന്നും, അങ്ങനെയുള്ളവരോടു സംസർഗ്ഗം ചെയ്യരുതെന്നും” കല്പനയുണ്ടല്ലോ. ആകയാൽ സ്വന്ത അഭിപ്രായങ്ങളെ ഉപേക്ഷിച്ച് ദൈവത്തിന്റേയും സഭയുടേയും കല്പനകൾക്കു കീഴ്പ്പെട്ടു ജീവിക്കയും നിങ്ങളുടെ മക്കളെ അപ്രകാരം നടത്തുകയും ചെയ്യണം. നിങ്ങളുടെ ജ്ഞാനത്തിന് ഇതു മതി എന്നു നാം കരുതി ചുരുക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു കൃപനിറഞ്ഞ മാതാവിന്റെയും എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽതന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ..... ഇത്യാദി

എന്ന്, 1941-ന് 1117 കന്നി 7-ാം തീയതി കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

24

നമ്പർ 387

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ ... പള്ളിയിൽ വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ ദൈവികകൃപയും സ്വർഗ്ഗീയ വാഴ്വുകളും നിങ്ങളുടെമേലും നിങ്ങൾക്കുള്ള സകലത്തിന്മേലും വന്ന് ആവസിക്കുമാറാകട്ടെ.

അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ, നമ്മുടെ സമുദായത്തിന്റെ ഈ

വിഷമഘട്ടത്തിൽ കാരുണ്യവാനായ ദൈവം അതിനെ ഇത്രത്തോളം കാത്തുനടത്തുന്നതിനാൽ തന്റെ തിരുനാമത്തെ നാം ആദ്യമായി സ്തോത്രം ചെയ്യുന്നു. തന്റെ കരുണ എന്നേക്കും ഉള്ളതാകുന്നുവല്ലോ. നിങ്ങളാകട്ടെ നമ്മുടെ സഭയ്ക്കും അതിന്റെ സമാധാനത്തിനും അതിന്റെ പ്രവർത്തനങ്ങൾക്കും ബലഹീനനായ നമുക്കുംവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കുന്നവരായിരിക്കണം എന്ന് നാം നിങ്ങളെ ഇപ്പോഴും ഓർപ്പിച്ചു കൊള്ളുന്നു.

നമ്മുടെ സഭയുടെ ഉയർച്ചയ്ക്കുള്ള മാർഗ്ഗങ്ങൾ ഏവയെന്നുള്ളതാണ് ഏതാനും നാളുകളായി സമുദായത്തിന്റെ പൊതുവേയുള്ള ശ്രദ്ധയ്ക്കു വിഷയീഭവിച്ചിരിക്കുന്നത് എന്ന വസ്തുത എത്രയും സന്തോഷാവഹമത്രെ. അതിനായി 1110–ാമാണ്ടു ഒരു ഭരണഘടന രൂപീകരിക്കപ്പെട്ടു. കാലക്രമേണ അതു കൂടുതൽ കൂടുതൽ സഹായകരമായി ഭവിച്ചുകൊണ്ടാണ് ഇരിക്കുന്നത്. അതിനെ അടിസ്ഥാനമാക്കിയും മറ്റുമുള്ള വിവിധ പുരോഗമനപ്രവർത്തനങ്ങൾക്കായി ആണ്ടുതോറും ഓരോ നല്ല തുക ഉണ്ടായിക്കൊണ്ടിരിക്കേണ്ടത് അത്യാവശ്യമത്രെ. ഈ വർഷം 16000 രൂപാ പിരിയത്തക്കവണ്ണം – നമ്മുടെ സമുദായസെക്രട്ടറി മി. എ. എം. വർക്കിയുടെ നേതൃത്വത്തിൽ ഒരു പരിശ്രമം നടന്നുകൊണ്ടിരിക്കയാണല്ലോ. എണ്ണായിരത്തിൽപരം രൂപാ പിരിഞ്ഞുകഴിഞ്ഞിരിക്കുന്നു. നിരണം മെത്രാസനത്തിൽപെട്ട മിക്കപള്ളികളും ശേഷം മെത്രാസനത്തിൽപെട്ട ഏതാനും പള്ളികളും അവരോടു ആവശ്യപ്പെട്ടിരുന്ന തുക തന്നെ കൊടുക്കുന്നതിൽ പള്ളിക്കാർ ഉത്സുകരായിരുന്നു എന്നതു പ്രത്യേകം പ്രസംസനീയമത്രെ* (ബാക്കിയുള്ള എല്ലാ പള്ളിക്കാരും അപ്രകാരം തന്നെ ചെയ്യണം, ചെയ്തേ മതിയാവൂ, എന്നു നാം നിർബന്ധമായി താൽപര്യപ്പെടുന്നു. പ്രിയരെ, നമ്മുടെ പാവപ്പെട്ട സമുദായത്തിനു ധനവഴിക്കുള്ള ഉൽക്കർഷമാർഗ്ഗം നിങ്ങളുടെ ഉദാരമനസ്സു മാത്രമാണ്. ആകയാൽ ഈ കാര്യത്തിൽ നിങ്ങൾ ഒട്ടുംതന്നെ ഉപേക്ഷ വിചാരിക്കരുത്. ആ പള്ളിയോടു ആവശ്യപ്പെട്ടിരുന്ന 200 രൂപയിൽ ഇടവകമെത്രാപ്പോലീത്തായെ ഏൽപിച്ച 98 രൂപാ നീക്കി 102 രൂപാ കൂടെ അടുത്ത കർക്കടക മാസാവസാനത്തിനു മുമ്പ് എങ്ങനെയും അദ്ദേഹത്തിനു അയച്ചുകൊടുക്കണം. അങ്ങനെ ചെയ്യാത്തപക്ഷം, ഇനി വരേണ്ട തുക ആ പള്ളിയുടെ പേരിൽ കുടിശ്ശികയായി കണക്കെഴുതണമെന്നും അടുത്തവർഷത്തെ പിരിവിനോടുകൂടെ ചുമത്തണമെന്നും അത്രെ ഈ മാസം 21–ാം തീയതി നടന്ന മാനേജിംഗ് കമ്മട്ടി നിശ്ചയം.). പിരിവുലിസ്റ്റ് സമുദായ ആപ്പീസിൽനിന്ന് അടുത്ത ചിങ്ങമാസത്തിലും, ചെലവുവിവരം കണക്ക് അടുത്ത മകരമാസത്തിലും അച്ചടിച്ച് പള്ളികൾക്കു അയയ്ക്കുന്നതായിരിക്കും.

പിരിഞ്ഞ പണത്തിൽ അതതു മെത്രാസനത്തിനും മെത്രാപ്പോലീ

ത്തായ്ക്കും വച്ചിട്ടുള്ള വീതംനീക്കി പൊതുസമുദായത്തിലേക്കുള്ള ഭാഗം നമ്മുടെ പേരിൽ കോട്ടയം അഞ്ചൽസേവിങ്ങ്സ് ബാങ്കിൽ നിക്ഷേപിച്ചിരിക്കയാണ്. മാനേജിംഗ് കമ്മട്ടി നിർദ്ദേശിക്കുകയും സുന്നഹദോസ് അംഗീകരിക്കുകയും ചെയ്തിട്ടുള്ള കാര്യങ്ങൾക്കു മാത്രമെ ആ പണം വിനിയോഗിക്കയുള്ളു. അവയെപ്പറ്റി വിശദമായി പ്രസ്താവിക്കുന്ന ഒരു വിജ്ഞാപനം നമ്മുടെ സമുദായ സെക്രട്ടറി ഇതുസഹിതം പള്ളികൾക്കു അയയ്ക്കുന്നുണ്ട്. അതിൽ കാണുന്നപ്രകാരം സഭാവിശ്വാസം, ചരിത്രം, വേദസത്യങ്ങൾ മുതലായവ പഠിച്ചും പരിശീലിച്ചും സമുദായാംഗങ്ങളിൽ ഒരു നവജീവനും സമുദായബോധവും ഉൽഭൂതമാകുവാൻ അവ ഏറ്റം പര്യാപ്തമാണെന്നുള്ളതു നിസ്സംശയമത്രെ.

സമുദായപുരോഗമനത്തിനു ഘടനയും പണവും ആവശ്യമാണ്. എന്നാൽ അവ മാത്രം പോരാ. ദൈവവേലയ്ക്കായി സ്വയം പ്രതിഷ്ഠിക്കുന്ന ഉന്നതവിദ്യാഭ്യാസവും ആദർശവൈശിഷ്ട്യവും ഉള്ള യുവാക്കന്മാർ സഭയിൽ എഴുന്നേൽക്കേണ്ടിയിരിക്കുന്നു. കൊയ്ത്തു വളരെയുണ്ട്. വേലക്കാരോ ചുരുക്കം എന്ന തിരുവാമൊഴി നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം എത്രയും യഥാർത്ഥമായി സ്ഥിതിചെയ്യുന്നു. ഞാൻ ആരെ അയയ്ക്കേണ്ടൂ. എനിക്കു വേണ്ടി ആർ പോകും, എന്ന ദിവ്യ അരുളപ്പാടു കേട്ട പ്രവാചകൻ ഞാൻ ഇതാ: എന്നെ അയച്ചാലും എന്ന് ഉണർത്തിച്ചപ്രകാരം അനേകം യുവാക്കന്മാർ സേവനസന്നദ്ധതയോടും ത്യാഗബുദ്ധിയോടും എഴുന്നേൽക്കുന്ന കാലം വിദൂരമല്ല എന്നു നാം പ്രതീക്ഷിക്കുന്നു.

പ്രിയരെ, ഇവയിലൊക്കെയും നിങ്ങളുടെ സ്നേഹസമ്പൂർണ്ണമായ സഹകരണവും വിശിഷ്യാ, പ്രാർത്ഥനാസഹായങ്ങളും ഉണ്ടായിരിക്കണമെന്നു നാം വീണ്ടും ഓർപ്പിച്ചുകൊള്ളുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും എല്ലാ പരിശുദ്ധന്മാരുടെയും പ്രത്യേകിച്ച് നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....

എന്ന്, ക്രിസ്താബ്ദം 1943–ന് കൊല്ലവർഷം 1118 മിഥുനം 8–ന് കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

കുറിപ്പുകൾ:

1. * നിങ്ങൾ അപ്രകാരം പ്രവർത്തിച്ചതിൽ നാം കൃതജ്ഞത ഉള്ളവനായിരിക്കുന്നു. – മുഴുവൻ തുകയും അടച്ചിട്ടുള്ള പള്ളികളിൽ – ബ്രാക്കറ്റിലുള്ള ഭാഗത്തിനു പകരം – ടി വാചകം വായിച്ചാൽ മതി.

2. പണം മുഴുവനുമോ ഭാഗമോ അടയ്ക്കാനുള്ള പള്ളികളിൽ ഈ കല്പന വായിക്കുന്ന ഞായറാഴ്ചയോ പിറ്റേ ഞായറാഴ്ചയോ കമ്മട്ടിയോ പൊതുയോഗമോ കൂടി വേണ്ടതൊക്കെയും ചെയ്യണം.

25

നമ്പർ 388

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും
ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ .... പള്ളിയിൽ വികാരിയും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:-

വാത്സല്യമക്കളെ, നമ്മുടെ കണ്ടനാടു, അങ്കമാലി എന്നീ ഭദ്രാസന ഇടവകകളുടെ മെത്രാപ്പോലീത്തായായി ഭരണം നടത്തിവരുന്ന മാർ തീമോത്തിയോസു മെത്രാപ്പോലീത്താ തന്റെ സ്ഥാനത്തിനടുത്ത പ്രവൃത്തികൾ ചെയ്യുന്നതിനെ നിരോധിച്ചിരിക്കുന്നതായും മറ്റും അപ്രേം പാത്രിയർക്കീസിന്റേതു എന്നു വിവരിക്കുന്ന ഒരു പ്രസ്താവന മാർ യൂലിയോസു, മാർ അത്താനാസ്യോസു, മാർ മീഖായേൽ ദീവന്നാസ്യോസു എന്നീ മെത്രാന്മാർ പുറപ്പെടുവിച്ചിരിക്കുന്നതായി അറിയുന്നതിനിടയായതിൽ നാം ആശ്ചര്യപ്പെടുന്നു. ഇങ്ങനെ ഒരു പ്രസ്താവന പുറപ്പെടുവിക്കുന്നതിനോ മലങ്കരസഭയിലെ ഇടവകമെത്രാന്മാരെ നിരോധിക്കുന്നതിനോ ടി പ്രസ്താവന പരസ്യപ്പെടുത്തിയിരിക്കുന്ന മെത്രാന്മാർക്കോ അതിനെ അധികാരപ്പെടുത്തിയതായി പറയുന്ന ആളിനോ യാതൊരു അവകാശമോ അധികാരമോ ഇല്ലാത്തതാകുന്നു. മലങ്കരസഭ പൂർവ്വീകമായി തന്നെ മലങ്കരമെത്രാപ്പോലീത്തന്മാരുടെ കീഴിൽ ഉൾഭരണസ്വാതന്ത്ര്യത്തോടുകൂടിയ സഭയാണെന്നു ഏവർക്കും അറിവുള്ളതാണ്. മലങ്കരയിൽ പുനഃസ്ഥാപിച്ചിരിക്കുന്ന പൗരസ്ത്യ കാതോലിക്കാ സിംഹാസന സ്ഥാപനത്തിനുശേഷം പ്രത്യേകമായി ഈവിധ പ്രവൃത്തികൾ കാനോനികമായി അനധികൃതവും അസാധുവും വ്യർത്ഥങ്ങളായിട്ടുള്ളവയുമാകുന്നു.

ഈവിധ പ്രവൃത്തികൾ മലങ്കരസഭയോടുള്ള ദ്രോഹകൃത്യങ്ങളും മലങ്കരസഭയെ സ്നേഹിക്കുന്ന ഏവർക്കും മർമ്മഭേദങ്ങളും ആകുന്നു. ഇപ്രകാരം പ്രവർത്തിക്കുന്നവർ വളരെക്കാലമായി മലങ്കരസഭയുടെ താൽപര്യങ്ങൾക്കു എതിരായി സഭയിൽനിന്നും മാറിനിന്നുകൊണ്ടു അവരുടെ സ്വാർത്ഥലാഭത്തിനുവേണ്ടി മലങ്കരസഭയെ മുറിപ്പെടുത്തിവരുന്നവരും

സത്യക്രിസ്ത്യാനികൾ എന്നുള്ള പേരിനുപോലും തങ്ങളെതന്നെ അയോഗ്യരാക്കിയിരിക്കുന്നവരുമാകുന്നു. എന്നാൽ ദൈവം ദീർഘക്ഷമയോടുകൂടി അവരെ വീക്ഷിക്കുന്നുണ്ടെന്നും അവരിൽനിന്നും മലങ്കരസഭയെ കാത്തുരക്ഷിക്കുന്നതുപോലെ തന്നെ അവരുടെ തിരിച്ചുവരവിനായി കാത്തിരിക്കയാണെന്നും നാം വിചാരിക്കുന്നു. സഭയിൽ സമാധാനവും ഐശ്വര്യവും പുനഃസ്ഥാപിക്കുന്നതിനു പകരം പിളർപ്പും ദുർവ്വാശിയും വർദ്ധിപ്പിക്കുന്നതിനും മാന്യന്മാരെ ആക്ഷേപിക്കുന്നതിനുമായി പുറപ്പെടുവിച്ചിട്ടുള്ള അവരുടെ ഈവിധ പ്രസ്താവനകളും അവയിൽ അടങ്ങിയിരിക്കുന്ന സംബോധനാരീതികളും വാസ്തവത്തിൽ അവരുടെ തന്നെ മാന്യതയ്ക്കോ അവർക്കുണ്ടെന്നു അവർ കരുതുന്ന സ്ഥാനങ്ങൾക്കോ അനുയോജ്യമായിട്ടുള്ളതല്ലെന്നും അവ വെറും പൈശാചികവും പാപകരവുമാണെന്നും നാം പ്രത്യേകം പ്രസ്താവിക്കണമെന്നില്ലല്ലോ. ഇപ്രകാരമുള്ള പ്രയോഗരീതി പാപകരമാണെന്നു നമ്മുടെ കർത്താവു തന്റെ മലപ്രസംഗത്തിൽ പ്രത്യേകം കല്പിക്കുന്നുമുണ്ട്. അവരുടെ വ്യർത്ഥങ്ങളായ ഈവിധ പ്രവൃത്തികളെപ്പറ്റി നാം ദുഃഖിക്കയും അവരുടെ തിരിച്ചുവരവിനായി പ്രാർത്ഥിക്കയും ചെയ്യുന്നു. ദൈവത്തിന്റെ തിരുശരീരത്തെ മുറിപ്പെടുത്തുന്നതായ ഈവിധ പ്രവൃത്തികളെയെല്ലാം താൻ അവരോടു ക്ഷമിക്കുകയും അവർക്കു സമാധാനത്തിന്റെ ആത്മാവിനെ നൽകുകയും ചെയ്യുമാറാകട്ടെ.

മലങ്കരസഭ പലവിധ അരിഷ്ടതകളിലും കൂടി കടന്നുപോയിട്ടുണ്ട്. സഭയോടു സ്നേഹമുള്ള അതിന്റെ മക്കൾ അങ്ങനെയുള്ള എല്ലാ സന്ദർഭങ്ങളിലും അതിനോടു യോജിച്ചു നിന്നുകൊണ്ട് സഭയുടെ ശത്രുക്കളോടും അതിലെ എതൃപ്പുകാരോടും പോരാടി അതിനെ രക്ഷിക്കുന്നതിനു തങ്ങളാൽ കഴിവുള്ള സകല ശ്രമങ്ങളും ചെയ്തിട്ടുണ്ടെന്നുള്ളതു ചരിത്രപ്രസിദ്ധവുമാണ്. ഇപ്പോഴത്തെ എതൃപ്പുകാരുടെ മേൽവിവരിച്ച പ്രവൃത്തികളും അവരുടെ പ്രസ്താവനകളും വ്യർത്ഥങ്ങളും അസാധുവുമാണെന്നു നാം പ്രസ്താവിച്ചിട്ടുണ്ടല്ലോ. നിങ്ങൾ മുന്നേപ്പോലെ തന്നെ നിങ്ങളുടെ മെത്രാപ്പോലീത്തായായ മാർ തീമോത്തിയോസു മെത്രാപ്പോലീത്തായുടെ അനുസരണത്തിലും ഭരണത്തിലും മലങ്കരസഭയോടുള്ള സ്നേഹൈക്യത്തിലും നടന്നുകൊള്ളുവീൻ. സർവ്വശക്തനും തന്നെ സ്നേഹിക്കുന്നവരെ തന്റെ ചിറകിൻകീഴിൽ കാത്തുകൊള്ളുന്നവനുമായ ദൈവംതമ്പുരാൻ നിങ്ങൾ എല്ലാവരേയും അനുഗ്രഹിക്കയും നിങ്ങൾക്കു നല്ല പ്രതിഫലം നൽകുകയും ചെയ്യും. "കലഹം ദൈവത്തിനു വെറുപ്പാകുന്നു. തന്റെ സഭയെ ഭിന്നിപ്പിക്കുന്ന നിർബന്ധസ്വഭാവം ശാപകരമാകുന്നു. അതിനെ സമാധാനത്തിലേക്കും യോജിപ്പിലേക്കും വഴിനടത്തുന്നതു ദൈവം ആഗ്രഹിക്കുന്നതും എല്ലാവരുടെയും ചുമതലയും ആകുന്നു." നിങ്ങളുടെ ജ്ഞാനത്തിനു ഇതു മതിയാകും.

സർവ്വശക്തനായ ദൈവം തന്റെ വലത്തു തൃക്കൈനീട്ടി നിങ്ങളെയെല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ.

എന്ന്, 1943-ന് കൊല്ലം 1118 മിഥുന മാസം 17-നു
കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും....

26

നമ്പർ 512

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ ... പള്ളിയിൽ വികാരിയും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ, വലിയ നോമ്പിലേക്കു നമ്മുടെ സഭ വീണ്ടും പ്രവേശിച്ചിരിക്കയാണല്ലോ. ഓരോ സ്ഥലത്ത് ആപത്തുകളും ഞെരുക്കങ്ങളും ഉണ്ടായിട്ടുള്ളപ്പോഴൊക്കെയും മനുഷ്യമക്കൾ ഉപവാസത്തോടും അനുതാപത്തോടും കണ്ണുനീരോടും കൂടെ ദൈവത്തിൽ സങ്കേതപ്പെടുകയും തൽഫലമായി സർവശക്തൻ അവരെ കടാക്ഷിച്ച് അവരിൽ നിന്നു ശിക്ഷകൾ കടത്തിക്കളകയും ചെയ്തിട്ടുള്ളതായി നാം അറിയുന്നു. യുദ്ധങ്ങൾമൂലം ലോകവും, കക്ഷിവഴക്കുമൂലം നമ്മുടെ സഭയും ഞെരുങ്ങിയിരിക്കുന്ന ഈ കാലത്ത് അവ നീങ്ങി ലോകത്തിൽ സമാധാനവും സഭയിൽ യോജിപ്പും കൈവരുത്തുന്നതിനായി ഈ നോമ്പുകാലത്തു നിങ്ങൾ ഏവരും ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കുന്നവരായിരിക്കണം എന്നു മുന്നമെ നിങ്ങളെ നാം ഓർമ്മിപ്പിച്ചുകൊള്ളുന്നു.

നമ്മുടെ സഭയിൽ സമുദായബോധം വളരുകയും പുരോഗമനം സാധിക്കുകയും ചെയ്യുന്നതിനു സഹായമായിരിക്കത്തക്കവണ്ണം ആണ്ടുതോറും വലിയ നോമ്പിൽ 36-ാം ഞായറാഴ്ച "കാതോലിക്കാദിനം" ആയി ആഘോഷിക്കണമെന്ന് 1118-ൽ മാനേജിംഗ് കമ്മട്ടിയും എപ്പിസ്കോപ്പൽ സിനഡും തീരുമാനം ചെയ്തതനുസരിച്ച് കഴിഞ്ഞ വർഷം അത് ആചരിക്കപ്പെട്ടുവല്ലോ. ഈ വർഷത്തെ കാതോലിക്കാദിനം അടുത്ത മീനം 20-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും ആഘോഷിക്കുകയും, അന്നേദിവസം സർവ്വജനങ്ങളും പള്ളിയിൽ കൂടി വിശുദ്ധ കുർബാനയിൽ സംബന്ധിക്കുകയും, നമ്മുടെ സഭയ്ക്കുവേണ്ടിയും ബലഹീനനായ

നമുക്കുവേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്യണം എന്നു നാം താൽപര്യപ്പെടുന്നു; എല്ലാ പള്ളിക്കാരും ഉച്ചകഴിഞ്ഞു പൊതുയോഗങ്ങൾ നടത്തുകയും ജനങ്ങളിൽ സഭാവിശ്വാസാചാരനിഷ്ഠയും, സമുദായസ്നേഹവും സഹകരണബുദ്ധിയും വർദ്ധിക്കുവാൻ തക്ക പ്രസംഗങ്ങൾ നടത്തിക്കുകയും ചെയ്യണം.

കഴിഞ്ഞ വർഷം കാതോലിക്കാദിനത്തോടനുബന്ധിച്ച് കാണിക്കശേഖരം, വാർഷികപ്പിരിവ് എന്നീ ഇനങ്ങളിലായി ഒരു ധനശേഖരം നടത്തിയതിന്റെ വരവുചെലവുകണക്കു നമ്മുടെ സമുദായസെക്രട്ടറി വിജ്ഞാപനരൂപേണ നിങ്ങൾക്കു അയച്ചുതരുന്നതാണ്. ഉദ്ദേശിച്ചിരുന്ന സകലവും നിർവഹിക്കുവാൻ കഴിഞ്ഞില്ലെങ്കിലും ചില കാര്യങ്ങളൊക്കെ സാധിച്ചിട്ടുണ്ട്. സർവ്വപ്രധാനമായി വൈദിക സിമ്മനാരി കഴിഞ്ഞ വർഷവും വിഘ്നമെന്യേ നടത്തുവാൻ കഴിഞ്ഞു. മലങ്കരയ്ക്കു വെളിയിലായി ഉദ്യോഗങ്ങളിലും വ്യവസായങ്ങളിലും സൈന്യസേവനത്തിലും മറ്റും ഉൾപ്പെട്ടിരിക്കുന്ന നമ്മുടെ ആളുകളെ സന്ദർശിച്ച് അവരുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റുന്നതിനായി ബഹുമാനപ്പെട്ട മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായെ നാം അയച്ചിട്ടുണ്ട്. അദ്ദേഹം ആ കൃത്യം സ്തുത്യർഹമാംവണ്ണം നിർവഹിച്ചുകൊണ്ടിരിക്കുന്നു. സുറിയാനി ഭാഷാസാഹിത്യസമിതിയുടെ ആഭിമുഖ്യത്തിൽ മലങ്കരസഭയുടെ സംക്ഷിപ്ത ചരിത്രം പ്രസിദ്ധീകൃതമായിട്ടുണ്ട്. സണ്ടേസ്കൂളുകൾ, യുവജനസമാജങ്ങൾ, വിദ്യാർത്ഥി സംഘങ്ങൾ എന്നിവ ഒക്കെയും പൂർവ്വാധികം ഭംഗിയായി നടത്തപ്പെടുന്നു. ഈ കേസുകാലത്തു ഇത്രയുമെങ്കിലും സാധിച്ചതിൽ നമുക്കു വളരെ ചാരിതാർത്ഥ്യമുണ്ട്. പുരോഗമനാർത്ഥമുള്ള മേൽപ്പടി പദ്ധതികളും ബാക്കിയുള്ളവയും തുടർന്നു നടത്തേണ്ടിയിരിക്കുന്നു. ആയതിലേക്കു വേണ്ട ധനസഹായം സമൃദ്ധിയായി നൽകുന്നതിനുള്ള ഒരു അവസരമായി ഈ കാതോലിക്കാദിനത്തെ നിങ്ങൾ എല്ലാവരും ഉപയോഗിക്കുമെന്നു നാം ആശിക്കുന്നു.

ഈ വർഷത്തെ ധനശേഖരം കഴിഞ്ഞ വർഷത്തേതുപോലെ രണ്ടു ശാഖകളായി തിരിക്കണമെന്നു വിചാരിക്കുന്നില്ല. സമുദായ ആപ്പീസിൽ നിന്ന് എല്ലാ പള്ളികളിലേക്കും അതതിടവകയിലെ വീടുകളുടെ സംഖ്യപ്രകാരമുള്ള കവറുകൾ അയയ്ക്കുന്നതായിരിക്കും. പള്ളിക്കമ്മിട്ടിയംഗങ്ങൾ മീനം 15-ാം തീയതിയ്ക്കകം എല്ലാ വീടുകളിലും അവ കൊണ്ടുചെന്ന് ഏല്പിക്കേണ്ടതാണ്. ഗൃഹനായകന്മാരൊക്കെയും അവരവരുടെ ശക്തിയിൽ ഒട്ടും കുറയാതുള്ള തുക കവറിൽ കാണിക്കയായി ഇട്ടുവയ്ക്കണം. ഒരു ഭവനംപോലും ഇതിൽ ഉപേക്ഷ വിചാരിക്കരുത്. കഴിഞ്ഞ വർഷം ആവശ്യപ്പെട്ടിരുന്ന തുക തന്നെ ഈ ആണ്ടിലും ആ പള്ളിയിൽ നിന്നു പ്രതീക്ഷിക്കുന്നു. മീനം 20-ാം തീയതിയോ 21—ാം തീയതിയോ

വിദ്യാർത്ഥികളും യുവജനങ്ങളും ഉൾപ്പെടെ 20 പേർ വീതം പള്ളിയിൽ നിന്നു സന്ദർഭോചിതമായ പാട്ടുകൾചൊല്ലി ആഘോഷപൂർവ്വം ഓരോ ഭാഗത്തേക്കും പുറപ്പെട്ട് ഓരോ വീടും സന്ദർശിച്ച് ആ കാണിക്കകൾ വാങ്ങി പള്ളിയിൽ കൊണ്ടുചെന്നേൽപ്പിക്കുന്നതു നന്നായിരിക്കും. പള്ളി വികാരിയോ അദ്ദേഹം സ്ഥലത്തില്ലാത്തപക്ഷം കൈക്കാരനോ പിറ്റേ ദിവസം തന്നെ ആ തുക നേരിട്ടു നമ്മുടെ പേർക്ക് അഞ്ചൽമാർഗ്ഗം അയച്ചുതരികയും വേണം.

പിരിയുന്ന പണം കഴിഞ്ഞ വർഷത്തേതുപോലെ നമ്മുടെ പേരിൽ അഞ്ചൽ സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുന്നതും, കമ്മട്ടിയും സിനഡും നിശ്ചയിക്കുന്നപ്രകാരം വൈദിക സിമ്മനാരിക്കും ഭദ്രാസന കാര്യങ്ങൾക്കും മറ്റു പൊതുസമുദായാവശ്യങ്ങൾക്കും ആയി അതു വിനിയോഗിക്കുന്നതും ആയിരിക്കും.

പള്ളികളിലെ നമ്മുടെ സഞ്ചാരം മൂലം പല പള്ളികളിൽ സ്ത്രീപുരുഷന്മാർ ഇടവും വലവും നിൽക്കുന്നതായി നാം കാണുകയുണ്ടായി. ആരുടെ അനുവാദത്തോടുകൂടി ഇങ്ങനെ ചെയ്യുന്നു എന്ന് നമുക്ക് മനസ്സിലാകുന്നില്ല. പല പ്രകാരത്തിലും അതു ദോഷമാണെന്നു നാം മനസ്സിലാക്കുന്നു. അതുകൊണ്ട് പഴയ രീതിയിൽ തന്നെ സ്ത്രീപുരുഷന്മാർ മുമ്പുപുറകായി നിൽക്കുന്നതു നന്നായിരിക്കും. കല്യാണങ്ങൾ നോമ്പില്ലാത്ത എല്ലാ ദിവസങ്ങളിലും കഴിക്കാവുന്നതാണ്. നോമ്പുകളിലും, പെന്തിക്കുസ്തിയുടെ ദിവസങ്ങളിലും, ബുധനാഴ്ചയും വെള്ളിയാഴ്ചയും ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും, കഴിക്കുന്നതിനു അനുവദിച്ചിരിക്കുന്നു.

നമുക്കുള്ള റിശീസാ പള്ളിമുതലിൽ വരുത്തി പട്ടക്കാരനോ കൈക്കാരനോ കൃംതായുടെ പിറ്റേദിവസം തന്നെ മണിയാർഡറായി അയച്ചുതരണം. ഒട്ടും ഉപേക്ഷ വിചാരിക്കാതെ താൽപര്യമായിത്തന്നെ ഇതും ചെയ്യണം.

വിശേഷിച്ചും സമുദായക്കേസിന്റെ അപ്പീൽവിചാരണ അടുത്ത മദ്ധ്യവേനൽ അവധി കഴിയുമ്പോൾ ആരംഭിക്കുന്നതാണ്. അതിനു വേണ്ടിയ പണത്തിന്റെ പകുതിപോലും പിരിഞ്ഞിട്ടില്ലാത്തതിനാൽ നാം വിഷമിക്കുന്നു. വാർദ്ധക്യവും ക്ഷീണവും ശരീരാസ്വാസ്ഥ്യങ്ങളും മൂലം പള്ളികൾ സന്ദർശിക്കുവാൻ നമുക്കു പ്രയാസമായി തുടങ്ങിയിരിക്കുന്നു. ഓരോ പള്ളിയോടും നാം ആവശ്യപ്പെട്ടിട്ടുള്ളതിൽ തന്നതു നീക്കിബാക്കി തുക താമസമെന്യേ അയച്ചുതന്നാൽ ആയതു നമുക്കു വലിയ ആശ്വാസമായിരിക്കുന്നതാണ്.

പ്രിയരെ, ഇവയിലൊക്കെയും നിങ്ങളുടെ സ്നേഹസമ്പൂർണ്ണമായ സഹകരണങ്ങളും പ്രാർത്ഥനാസഹായങ്ങളും ഉണ്ടായിരിക്കണമെന്നു നാം വീണ്ടും ഓർപ്പിച്ചുകൊള്ളുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും എല്ലാ പരിശുദ്ധന്മാരുടെയും പ്രത്യേകിച്ചു നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ.

എന്ന്, ക്രിസ്താബ്ദം 1944-ന് കൊല്ലവർഷം 1119 കുംഭം 19-ാം തീയതി കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ........

27

നമ്പർ 624

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ
ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

മലങ്കരെയുള്ള നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

കർത്താവിൽ പ്രിയരെ,

കഴിഞ്ഞ 1119-ൽ നടത്തപ്പെട്ട കാതോലിക്കാ ദിനപ്പിരിവിന്റെ റിപ്പോർട്ട് നമ്മുടെ സമുദായ ആപ്പീസിൽനിന്നും എല്ലാ പള്ളികൾക്കും അയച്ചിരിക്കുന്നു. അതു വികാരിമാർക്കു കിട്ടുന്നതിന്റെ പിറ്റേ ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം ജനങ്ങളുടെ അറിവിനായി അവരെ ഇരുത്തി വായിച്ചുകേൾപ്പിക്കണം എന്നത്രേ തൽഭാരവാഹികളുടെ ആഗ്രഹം. അത് ആവശ്യവുമാണ്. ഈ വർഷവും കാതോലിക്കാദിനം വലിയനോമ്പിലെ 36-ാം ഞായറാഴ്ച ആഘോഷിക്കപ്പെടണം എന്നത്രേ നമ്മുടെ മാനേജിംഗ് കമ്മറ്റിയും സിനഡും നിശ്ചയിച്ചിരിക്കുന്നത്. റിപ്പോർട്ടിന്റെ ഒടുവിൽ ചേർത്തിരിക്കുന്ന പ്രാർത്ഥന അന്നേദിവസം നടത്തുന്നതിനു നാം അനുവദിച്ചിരിക്കുന്നു.

സമുദായ പുരോഗമനത്തിനു പണം പോലെതന്നെ ആളുകളും ആവശ്യമത്രെ. മേല്പട്ടക്കാരുടെ കല്പനാനുസരണം ത്യാഗബുദ്ധിയോടെ മലങ്കരയിലോ വെളിക്കോ എവിടെയും സേവനം ചെയ്യുന്നതിനു അഭ്യസ്ത

വിദ്യരായ അനേകം യുവാക്കന്മാർ ആവശ്യമായിരിക്കുന്നു. കൊയിത്തു വളരെയുണ്ട്: വേലക്കാരോ ചുരുക്കം. ആകയാൽ കൊയിത്തിനു പരിശീലിപ്പിക്കപ്പെടുവാൻ അനേകം യുവാക്കന്മാർ മുമ്പോട്ടു വന്നുകാണുവാൻ നാം ആഗ്രഹിക്കുന്നു. അങ്ങനെയുള്ളവർ വിവരം അവരവരുടെ ഇടവക മെത്രാപ്പോലീത്തന്മാരെ അറിയിക്കുന്നതു നന്നായിരിക്കും. അവരുടെ സേവനം കുടുംബത്തിനും സഭയ്ക്കും അനുഗ്രഹപ്രദമായിരിക്കുന്നതാകയാൽ മാതാപിതാക്കന്മാരും മറ്റും അവരെ വിരോധിക്കാതെ പ്രോത്സാഹിപ്പിക്കണം. സമുദായക്ഷേമം നിങ്ങളേവരുടെയും ചിന്തയ്ക്കും പ്രാർത്ഥനയ്ക്കും സദാ വിഷയമായിരിക്കണം. ഓരോരുത്തരും അവനവന്റെ നിലയിൽ കഴിവുള്ളതൊക്കെയും സഭയ്ക്കുവേണ്ടി ചെയ്യണം. ആണ്ടുതോറും ഒരു ദിവസത്തെ ശരാശരി വരുമാനം നിങ്ങളെല്ലാവരും സഭയ്ക്കു കൊടുക്കണം. എന്നാൽ അതുകൊണ്ടുമാത്രം തൃപ്തിപ്പെടരുത്. ആദായങ്ങൾ ഉണ്ടാകുമ്പോഴും സ്വത്തുക്കൾ ഭാഗം ചെയ്യുമ്പോഴും സഭാമാതാവിനെ പ്രത്യേകം ഓർക്കുന്നതായി നമ്മുടെ ചില പൂർവ്വികന്മാർക്കുണ്ടായിരുന്ന പതിവ് നമ്മുടെ ജനങ്ങളുടെ ഇടയിൽ വീണ്ടും ഉണ്ടാകുന്നതു എത്രയും സ്വാഗതാർഹമായിരിക്കും. അങ്ങനെയുള്ള ദാനങ്ങൾ നാം സസന്തോഷം സ്വീകരിച്ചു കാതോലിക്കേറ്റു നിധിയെ പോഷിപ്പിക്കുന്നതും നമ്മുടെ മാനേജിംഗ് കമ്മറ്റിയുടെയും സിനഡിന്റെയും നിർദ്ദേശപ്രകാരം വിനിയോഗിക്കുന്നതും ആയിരിക്കും.

നമ്മുടെ സഭയിൽ ഉണ്ടാകുന്ന പൊതുസ്ഥാപനങ്ങളൊക്കെയും സഭയ്ക്കിരിക്കുവാൻ സ്ഥാപകന്മാർ രജിസ്റ്റർ വ്യവസ്ഥ ചെയ്തിരിക്കേണ്ടതു അത്യാവശ്യമത്രെ. അല്ലെങ്കിൽ അവയിൽ സഹകരിക്കുന്ന ഏവർക്കും നിരാശയും മനസ്താപവും ഉണ്ടാകുവാൻ ഇടയാകുമെന്നു അനുഭവം നമ്മെ പഠിപ്പിച്ചിരിക്കുന്നു. ആകയാൽ ആ നിലയിൽ വിശ്വസനീയമാം വണ്ണം ഉണ്ടാകുന്ന സ്ഥാപനങ്ങളുടെ പ്രവർത്തകന്മാർക്കല്ലാതെ നമ്മുടെ മെത്രാപ്പോലീത്തന്മാരോ നാമോ കല്പന കൊടുക്കുന്നതല്ല. കല്പന കൂടാതെ തന്നിഷ്ടമായി വരുന്നവർ - വൈദികന്മാരായാലും അൽമേനികളായാലും - സഹായം അർഹിക്കുന്നില്ല. അവരെ സഹായിക്കുന്നതു അപകടമായി പരിണമിക്കും. അവർക്കു യാതൊരു സഹായവും നൽകരുത്.

1119 കുംഭം 19-നു നാം പള്ളികൾക്കു അയച്ച 512-ാം നമ്പർ കല്പനയിൽ വിവാഹകർമ്മത്തെപ്പറ്റി എഴുതിയിരുന്ന ഭാഗം പലർക്കും സങ്കടത്തിനും ചിലർക്കു തെറ്റിദ്ധാരണകൾക്കും ഇടയായിട്ടുള്ളതായി അറിയുന്നു. നമ്മുടെ ഓർത്തഡോക്സ് സഭയുടെ അതിപുരാതനമായ വിശ്വാസാചാരങ്ങൾ ആദരപൂർവ്വം പാലിക്കപ്പെടേണ്ടവയത്രേ. നാം ദിവസങ്ങൾ കണക്കാക്കുന്നത് സന്ധ്യ മുതൽ സന്ധ്യ വരെ ആകുന്നു. ഞായറാഴ്ച

കൾ, മാറാനായപ്പെരുനാളുകൾ, ബുധൻ, വെള്ളി ദിവസങ്ങൾ എന്നിവയുടെ നിഷ്ഠാപൂർവ്വമായ ആചാരത്തിനു ഭംഗംവരുവാൻ പാടുള്ളതല്ല. ആകയാൽ അവയുടെ തലേദിവസം വിവാഹകൂദാശ നടത്തപ്പെടാവുന്നതല്ല. ഈ പൊതുപ്രമാണത്തിനു വിപരീതമായി വിവാഹകർമ്മം നടത്തേണ്ട അത്യാവശ്യം നേരിട്ടാൽ ഇടവകമെത്രാപ്പോലീത്തന്മാരിൽ നിന്നു പ്രത്യേക അനുവാദം വാങ്ങിക്കൊള്ളണം. ബുധൻ, വെള്ളി ഉൾപ്പെടെയുള്ള നോമ്പുദിവസങ്ങളിലും സ്വർഗ്ഗാരോഹണപ്പെരുനാൾ മുതൽ പെന്തിക്കോസ്തിവരെയുള്ള ദിവസങ്ങളിലും വിവാഹം പാടില്ലാത്തതുമാണ്.

കൂടാതെ, പള്ളിക്കും പട്ടക്കാർക്കും നഷ്ടം വരാതിരിപ്പാൻവേണ്ടി വിവാഹകൂദാശ പുരുഷന്റെ ഇടവകപ്പള്ളിയിൽവച്ചു നടത്തപ്പെടേണ്ടതാകുന്നു. വിവാഹകർമ്മം സംബന്ധിച്ചുള്ള വരുമാനങ്ങൾ നാം മുമ്പു മെത്രാസനങ്ങൾക്കയച്ചിട്ടുള്ള കൽപനപ്രകാരം തന്നെ വയ്പിക്കുകയും അതിൻപ്രകാരം തന്നെ വീതിക്കുകയും ചെയ്യേണ്ടതാകുന്നു. ഓരോ ശെമ്മാശന്റെയും വീതം ഓരോ പട്ടക്കാരന്റെ വീതത്തിന്റെ പകുതി ആയിരിക്കേണ്ടതത്രെ.

വിശേഷിച്ചും സമുദായക്കേസിന്റെ അപ്പീൽ വിചാരണ തിരുവിതാംകൂർ ഹൈക്കോടതിയിൽ അടുത്ത കന്നിമാസം 16-നു ആരംഭിക്കുന്നതാണെന്നു അറിയുന്നു. അത്യാവശ്യമുള്ള പണത്തിന്റെ പകുതിയോളം മാത്രമേ ഉണ്ടായിട്ടുള്ളു. ആകയാൽ പണപ്പിരിവിനായി നമ്മുടെ മെത്രാപ്പോലീത്തന്മാർ താമസിയാതെ തന്നെ ഇടവകകൾ സന്ദർശിക്കുന്നതാണ്. അപ്പോൾ പള്ളികളും വ്യക്തികളും കഴിവുപോലെയുള്ള സംഭാവനകൾ നൽകണം. വാർദ്ധക്യവും ക്ഷീണവും മൂലം പള്ളികൾ സന്ദർശിക്കുവാൻ നമുക്കു മുൻപിലത്തേതുപോലെ സാദ്ധ്യമല്ല. ഈ വിഷമഘട്ടത്തിൽ നിങ്ങൾ നമ്മുടെ സഭയ്ക്കും നമുക്കുംവേണ്ടി മുട്ടിപ്പായി അപേക്ഷിക്കുകയും എല്ലാ ഞായറാഴ്ചകളിലും പള്ളികളിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്യണമെന്ന് നാം അനുസ്മരിപ്പിച്ചുകൊള്ളുന്നു.

കൂടാതെ നമ്മുടെ സമുദായ സെക്രട്ടറിയായിരുന്ന മിസ്റ്റർ എ. എം. വർക്കി കഴിഞ്ഞ ഇടവം 23-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ച വിവരം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. നമ്മുടെ എം. സി. കുറിയാക്കോസു റമ്പാച്ചനെ അദ്ദേഹത്തിനു പകരം സമുദായ സെക്രട്ടറിയായി മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുക്കുകയും സുന്നഹദോസ് സമ്മതിക്കുകയും ചെയ്തിട്ടുള്ള വിവരവും, സഹായത്തിനായി മി. പി. എൻ. നൈനാനെ ഡെപ്യൂട്ടി സെക്രട്ടറിയായി നാം നിയമിച്ചിരിക്കുന്ന വിവരവും അറിയിച്ചുകൊള്ളുന്നു. സമുദായ ആപ്പീസിൽനിന്നും അവർ അയയ്ക്കുന്ന എഴുത്തുകൾക്കു താമസമെന്യേ മറുപടികൾ അയച്ചും നൽകുന്ന നിർദ്ദേശങ്ങൾ താൽപര്യ

മായി നിറവേറ്റിയും സമുദായ പുരോഗമനത്തിൽ എല്ലാ പള്ളിക്കാരും സഹകരിച്ചു പ്രവർത്തിക്കണമെന്നുകൂടെ നാം ഓർപ്പിച്ചുകൊള്ളുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും നമ്മുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും, ശേഷം എല്ലാ പരിശുദ്ധന്മാരുടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

എന്ന്, 1944-ന് 1120 ചിങ്ങം 25-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

28

നമ്പർ 653

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
രണ്ടാമത്തെ ഗീവറുഗീസായ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ സമുദായ പുരോഗമനസംബന്ധമായ പ്രവർത്തനങ്ങൾ മേലിൽ ഊർജ്ജിതമായി നടത്തുന്നതിന് നമ്മുടെ മാനേജിംഗ് കമ്മറ്റിയുടെ പ്രവർത്തക കമ്മറ്റിയിൽ ശാഖകൾ തിരിച്ച് കമ്മറ്റിയുടെ പൊതു മേൽനോട്ടത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. പ്രവർത്തന വിഭാഗങ്ങളുടെയും അവയുടെ പ്രത്യേക ചുമതല വഹിക്കുന്ന പ്രവർത്തകക്കമ്മറ്റി അംഗങ്ങളുടെയും പേരുകൾ താഴെ ചേർക്കുന്നു.

1. ധനകാര്യവും പൊതുകാര്യനിർവ്വഹണവും - സമുദായസെക്രട്ടറി, എം. സി. കുറിയാക്കോസ് റമ്പാൻ.

2. വൈദികവിദ്യാഭ്യാസവും പട്ടക്കാരും - മല്പാൻ ഫാദർ സി. ജെ. സ്കറിയാ.

3. സണ്ടേസ്കൂൾ - ഫാദർ കെ. ഡേവിഡ് ബി.എ. ബി.ഡി.

4. യുവജനസമാജങ്ങൾ - പി. എൻ. നൈനാൻ ബി.എ.

5. വിദ്യാർത്ഥികളും വിദേശ മിഷ്യനും - ഫാദർ കെ. പീലിപ്പോസ് ബി.എ.

6. വനിതാസമാജങ്ങൾ – ഫാദർ കെ. വി. മത്ഥ്യാസ്.
7. പ്രസിദ്ധീകരണങ്ങൾ – സി. റ്റി. ഈപ്പൻ എം.എ. പി.എച്ച്.ഡി.
8. പള്ളിക്കെട്ടിടങ്ങളും ആരാധനയും – വി. കെ. മാത്യു, ബി.എ. ബി.ഡി.
9. സമുദായസ്കൂളുകൾ – വി. ജി. ജോർജ്ജ് ബി.എ. എൽ.റ്റി.
10. ഇടവകകളും, ഭദ്രാസനങ്ങളും – ഫാദർ റ്റി. സി. ജേക്കബ്.
11. സമുദായ സ്വത്തുക്കൾ – ഫാദർ മാത്യൂസ്, പാറെട്ട്.
12. റൂളുകളും, ഘടനയും – കെ. ചെറിയാൻ ബി.എ. ബി.എൽ.

ഈ പ്രവർത്തനങ്ങൾ സമുദായമൊട്ടുക്ക് വ്യാപിക്കേണ്ടത് പുരോഗമനത്തിന് അത്യാവശ്യമാകുന്നുവല്ലോ. ആയതിലേക്ക് എല്ലാ ഇടവകകളും ടി പ്രവർത്തകരോട് സഹകരിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സണ്ടേ സ്കൂളുകൾ, യുവജനസമാജങ്ങൾ, വനിതാസമാജങ്ങൾ എന്നിവ ഉള്ള ഇടവകകൾ അവയെ ഊർജ്ജിതപ്പെടുത്തുകയും ഇല്ലാത്ത ഇടവകകൾ ഉടനെതന്നെ അവ ആരംഭിക്കുകയും പ്രവർത്തകരുടെ നിർദ്ദേശങ്ങളൊക്കെയും താല്പര്യമായി നിറവേറ്റുകയും ചെയ്യണം. കൂടാതെ പള്ളിയും പരിസരവും എത്രയും ശുചിയായി സൂക്ഷിക്കുന്നതിന് വികാരിയും കൈക്കാരനും പ്രത്യേകം ശ്രദ്ധിക്കുകയും ആരാധനകൾ ഭക്തിപൂർവ്വം നടത്തുന്നതിന് സഹായമായി ഓരോ ഗായകസംഘത്തെ എല്ലാ പള്ളികളിലും രൂപീകരിക്കുകയും ചെയ്യുന്നതു നന്നായിരിക്കും. ഇവയെ ഒക്കെയും കുറിച്ച് ഒരു വിജ്ഞാപനം പള്ളികളിൽ വായിക്കുന്നതിനായി സമുദായ ആപ്പീസിൽ നിന്നും താമസിയാതെ അയയ്ക്കുവാൻ നാം ആജ്ഞാപിച്ചിട്ടുണ്ട്.

വിശേഷിച്ചും മേല്പട്ടക്കാരുടെ കല്പനാനുസരണം ത്യാഗബുദ്ധിയോടെ മലങ്കരയിലോ വെളിയിലോ എവിടെയും സേവനം ചെയ്യുന്നതിന് അഭ്യസ്തവിദ്യരായ യുവാക്കന്മാരെ ആവശ്യമായിരിക്കുന്നു എന്ന് കഴിഞ്ഞ ചിങ്ങം 25-ാം തീയതി നാം പള്ളികൾക്ക് അയച്ച കല്പനയിൽ എഴുതിയിരുന്നുവല്ലോ. അങ്ങനെ സ്വയം പ്രതിഷ്ഠിക്കുന്നതിന് ആഗ്രഹിക്കുന്നവർ വിവരം അവരവരുടെ ഇടവകമെത്രാപ്പോലീത്തന്മാരെ അറിയിക്കണം.

എല്ലാ പള്ളികളിലും ഏതാനും വർഷങ്ങൾക്കുള്ളിൽ പട്ടക്കാർക്കു ശമ്പളക്രമം നടപ്പാക്കണമെന്ന് ഉദ്ദേശിക്കുന്നതിനാൽ അടുത്ത മകരമാസം മുതൽ സകല വരുമാനങ്ങളും പള്ളിക്കണക്കിൽ ചേർക്കുകയും തൽക്കാലം കീഴ്നടപ്പനുസരിച്ച് പട്ടത്വവീതം പട്ടക്കാർക്കു കൊടുത്ത് ചെലവെഴുതുകയും ചെയ്യണം. ഈ കാര്യത്തിൽ കൈക്കാരന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പട്ടക്കാർക്ക് ഇപ്പോൾ ഉള്ള വരുമാനം അറിയുന്നതിന് ഇതു മൂലം സാധിക്കുന്നതാണല്ലോ.

കൂടാതെ ഈ വർഷവും കാതോലിക്കാദിനം ആചരിക്കേണ്ടത് വലിയ നോമ്പിലെ മുപ്പത്താറാം ഞായറാഴ്ച - അതായത് അടുത്ത മേടമാസം 10-ാം തീയതി അത്രേ. സമുദായ പ്രവർത്തനങ്ങൾക്കായുള്ള സംഭാവനകൾ പിറ്റേദിവസം തന്നെ നമുക്ക് അയച്ചുതരുവാൻ തക്കവണ്ണം അതിനു മുമ്പ് പിരിവ് പൂർത്തിയായിരിക്കേണ്ടതാണ്. ഗൃഹനായകന്മാർ ഒക്കെയും അവരവരുടെ കുടുംബത്തിലെ ശരാശരി ഒരു ദിവസത്തേയും പള്ളികളൊക്കെയും അവയുടെ ശരാശരി ഒരാഴ്ചത്തേയും വരുമാനം സഭയുടെ പൊതുപ്രവർത്തനങ്ങൾക്കായി തരേണ്ടത് അത്യാവശ്യമാകുന്നു.

സമുദായക്കേസിന്റെ അപ്പീൽ വിചാരണ തിരുവിതാംകൂർ ഹൈക്കോടതിയിൽ അടുത്ത മകരം 18-ാം തീയതി ആരംഭിക്കുന്നതാണെന്ന് അറിയുന്നു. നമ്മുടെ സമുദായത്തിന്റെയും ലോകത്തിന്റെയും സമാധാനത്തിനും ക്ഷേമത്തിനും വേണ്ടി നിങ്ങൾ എല്ലാവരും മുട്ടിപ്പായി അപേക്ഷിക്കുകയും എല്ലാ ഞായറാഴ്ചകളിലും പള്ളികളിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്യണമെന്നുകൂടെ നാം അനുസ്മരിപ്പിച്ചുകൊള്ളുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും നമ്മുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

എന്ന്, 1944-ന് കൊല്ലം 1120 വൃശ്ചികം 10-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

29

നമ്പർ 698

ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
രണ്ടാമത്തെ ഗീവറുഗീസായ ബസേലിയോസു കാതോലിക്കാ.

മലങ്കരെയുള്ള നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ,

സമുദായക്കേസാകുന്ന കാർമേഘത്താൽ നമ്മുടെ സഭ മൂടപ്പെട്ടിരിക്കുന്നു എങ്കിലും കഴിഞ്ഞ വർഷവും സമുദായകാര്യങ്ങളൊക്കെയും ദൈവകൃപയാൽ ശാന്തമായി തന്നെ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. തന്റെ

തിരുനാമത്തിന് എന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. വലിയനോമ്പു അടുത്തുവരുന്നു. ഈ നോമ്പ് നിങ്ങളെല്ലാവരും ഭക്തിപൂർവ്വം ആചരിക്കുകയും, ലോകത്തിൽ സമാധാനവും സഭയിൽ യോജിപ്പും കൈവരേണ്ടുന്നതിനായി ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് മുന്നമെ നിങ്ങളെ നാം ഓർമ്മിപ്പിക്കുന്നു. മനുഷ്യമക്കൾ ഉപവാസത്തോടും അനുതാപത്തോടും കണ്ണുനീരോടുംകൂടി ദൈവത്തിൽ സങ്കേതപ്പെട്ടാൽ സർവ്വശക്തൻ അവരെ കടാക്ഷിച്ച് അവരിൽ നിന്നു ഞെരുക്കങ്ങളും ആപത്തുകളും നീക്കിക്കളയാതിരിക്കയില്ലല്ലോ.

നമ്മുടെ സഭയിൽ സമുദായബോധം വളരുകയും പുരോഗമനം സാധിക്കുകയും ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗമായിട്ടാണല്ലോ ആണ്ടുതോറും വലിയനോമ്പിൽ മുപ്പത്താറാം ഞായറാഴ്ച കാതോലിക്കാദിനമായി സമുദായമൊട്ടുക്ക് ആഘോഷിക്കപ്പെടണമെന്ന് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ വർഷം മിക്ക പള്ളികളും ആ ദിനം ആചരിക്കുകയും, സമുദായപ്രവർത്തനങ്ങൾക്കു ഇടവകക്കാരിൽനിന്നു പണം പിരിച്ച് അയച്ചുതരികയും ചെയ്തതിൽ നമുക്കു വളരെ സന്തോഷവും കൃതജ്ഞതയും ഉണ്ട്. ആ ധനശേഖരം കൊണ്ടു മാത്രമാണ് സമുദായ ആഫീസ്, വൈദിക സിമ്മനാരി, മെത്രാസന ആപ്പീസുകൾ, എന്നിവയും മറ്റു പുരോഗമന പദ്ധതികളും നടത്തിക്കൊണ്ടിരിക്കുന്നത്. ഈ വർഷത്തെ കാതോലിക്കാദിനം അടുത്ത മേടം 10-ാം തീയതി എല്ലാ ഇടവകകളും ആഘോഷിക്കുകയും അന്നു സർവ്വ ജനങ്ങളും പള്ളിയിൽ കൂടി വി. കുർബ്ബാനയിൽ സംബന്ധിക്കുകയും കുക്കുലിയോൻ സമയത്തു പ്രസംഗത്തിനുശേഷം സഭയ്ക്കുവേണ്ടിയും ബലഹീനനായ നമുക്കുവേണ്ടിയും പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്യണം. കഴിഞ്ഞവർഷം (റിപ്പോർട്ടിൽ) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രാർത്ഥനയും പ്രുമിയോനും സെദറായും ഉപയോഗിക്കപ്പെടാം. എല്ലാ പള്ളിക്കാരും അന്നു ഉച്ചകഴിഞ്ഞ് പൊതുയോഗങ്ങൾ നടത്തുകയും, ജനങ്ങളിൽ സഭാവിശ്വാസാചാരനിഷ്ഠയും, സമുദായസ്നേഹവും, സഹകരണബുദ്ധിയും വർദ്ധിക്കുവാൻ തക്ക പ്രസംഗങ്ങൾ നടത്തിക്കുകയും ചെയ്യണം. കൂടാതെ സമുദായത്തിന്റെ പുരോഗമന പ്രവർത്തനങ്ങൾക്കു കരളും കയ്യും തുറന്നു ധനസഹായം നൽകുന്നതിനുള്ള ഒരവസരമായിട്ടുകൂടെ ഈ കാതോലിക്കാദിനത്തെ പള്ളികളും വ്യക്തികളും ഉപയോഗിക്കണമെന്നും നാം താൽപര്യപ്പെടുന്നു. പള്ളികളൊക്കെയും കുറഞ്ഞപക്ഷം ഒരാഴ്ചത്തെ ശരാശരി വരുമാനവും ഗൃഹനായകന്മാർ ഒരു ദിവസത്തെ ശരാശരി വരുമാനവും മാതൃസഭയ്ക്കു തരണം. ഗൃഹനായകന്മാരുടെ സംഭാവനകൾ ശേഖരിക്കുന്നതിനായി എല്ലാ പള്ളികളിലേക്കും സമുദായ ആപ്പീസിൽ നിന്നും കഴിഞ്ഞ വർഷത്തെപ്പോലെ മെത്രാസന ആപ്പീസുകൾ വഴി കവറുകൾ അടുത്ത മീനം

30-ാം തീയതിക്കു മുമ്പ് അയയ്ക്കുന്നതായിരിക്കും. പട്ടക്കാർ അവ പള്ളിയിൽ വെച്ചു വിതരണം ചെയ്യരുത്. കമ്മറ്റി അംഗങ്ങൾ മൂലമോ മറ്റു വിധത്തിലോ എല്ലാ വീടുകളിലേക്കും അവർ അവ മേടമാസം 5-ാം തീയതിയ്ക്കകം കൊടുത്തയയ്ക്കണം. ഓരോ ഗൃഹനായകനും മേൽ പ്രസ്താവിച്ചപ്രകാരമുള്ള തുക കവറിൽ ഇട്ടുവയ്ക്കണം. ഒരു ഭവനവും തുക കുറയ്ക്കുകയോ ഉപേക്ഷ വിചാരിക്കയോ ചെയ്യരുത്. 9-നു ശനിയാഴ്ച പട്ടക്കാർ കമ്മറ്റിഅംഗങ്ങൾ മൂലമോ മറ്റുവിധത്തിലോ ആ കവറുകൾ ശേഖരിക്കണം. 11-നു തിങ്കളാഴ്ച പണം നമുക്കയയ്ക്കുവാൻ തക്കവണ്ണം പിരിവു പൂർത്തിയായിരിക്കുവാൻ വേണ്ടതൊക്കെയും വികാരിമാർക്കു ചെയ്യാവുന്നതാണ്. നമ്മുടെ ഘടനയുടെ 116-ാം വകുപ്പനുസരിച്ച് ഓരോ പള്ളിയും സമുദായപോഷണാർത്ഥം ദശാംശം കൊടുക്കേണ്ടതാണല്ലോ. ആ ഇനത്തിലുള്ള തുകയും കാതോലിക്കാദിനത്തിലെ കാണിക്കയും ടി പിരിവോടുകൂടെ നമുക്ക് അയച്ചുതരണം. പള്ളികളിൽ നിന്നുള്ള സംഭാവന ഒരാഴ്ചത്തെ ശരാശരി വരുമാനത്തിൽ ഒട്ടും കുറയരുത്. ചാപ്പലുകളിൽ നിന്നു കാണിക്ക മാത്രമേ പ്രതീക്ഷിക്കുന്നുള്ളു.

വിശേഷിച്ചും പ്രിയരെ, സഭകളുടെ യോജിപ്പ് ആഗ്രഹിക്കത്തക്കതുതന്നെ എങ്കിലും അതിനായി നമ്മുടെ അതിപുരാതനമായ വിശ്വാസാചാരങ്ങളും പ്രമാണങ്ങളും ബലി കഴിക്കുവാൻ നിവൃത്തിയുള്ളതല്ല. അവയെ വിലയുള്ളതായി നിഷ്ഠാപൂർവ്വം പാലിച്ചു അവയുടെ മഹിമ മറ്റുള്ളവരെയും ഗ്രഹിപ്പിച്ച് അവർക്ക് സത്യവിശ്വാസാചാരങ്ങൾ നാം കാണിച്ചു കൊടുക്കയത്രെ ചെയ്യേണ്ടത്. അവരെ പ്രീതിപ്പെടുത്തുവാൻ അവയെ അഗണ്യമാക്കരുത്. ആകയാൽ നാം വീണ്ടും നിങ്ങളോട് ഗുണദോഷിക്കുന്നു. നമ്മോടു കുർബാനാസംസർഗ്ഗം ഇല്ലാത്ത സഭകളിലെ പട്ടക്കാരെക്കൊണ്ട് നമ്മുടെ കുട്ടികളെ മാമോദീസാ മുക്കിക്കുകയോ വിവാഹം മുതലായി മറ്റെന്തെങ്കിലും കർമ്മങ്ങൾ നടത്തിക്കുകയോ അരുത്. ആ സഭയിലെ കുട്ടികളെ അവയിൽ വളർത്തപ്പെടുവാനായി നമ്മുടെ പട്ടക്കാർ അവരെ മാമോദീസാ മുക്കുകയുമരുത്. വിവാഹകൂദാശ പുരുഷന്റെ ഇടവകയിൽ വച്ചുതന്നെ നടത്തപ്പെടണം.

കൂടാതെ പള്ളിപ്പെരുന്നാളുകൾ അതതു തീയതികളിൽതന്നെ ആഘോഷിക്കേണ്ടതും അതതു പള്ളിക്കാർക്കു അവരുടെ പള്ളിപ്പെരുനാൾ മാറാനായ ആയി പരിഗണിക്കാവുന്നതും ആകുന്നു. എന്നാൽ അമ്പതു നോമ്പിലെ ഇടദിവസങ്ങളിൽ പെരുനാൾ വന്നാൽ നോമ്പു ലംഘിച്ചു കൂടാത്തതും ഉച്ചനമസ്കാരത്തിനുശേഷം വിശുദ്ധ കുർബ്ബാനയ്ക്കു പകരം റ്ശൊംകോസോ എന്ന വിശുദ്ധ കർമ്മം നടത്താവുന്നതും, ശനിയാഴ്ചയോ ഞായറാഴ്ചയോ വന്നാൽ പതിവനുസരിച്ചു വിശുദ്ധ കുർബ്ബാന അർപ്പിച്ചുകൊള്ളേണ്ടതും ആകുന്നു. നമ്മുടെ അനുമതിയോടു

കൂടെ സുറിയാനി ക്രമമനുസരിച്ച് പുതുതായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "സാധാരണനമസ്കാരക്രമം" മേലാൽ എല്ലാ വീടുകളിലും സണ്ടേസ്കൂളുകളിലും ഉപയോഗിക്കേണ്ടതും നമ്മുടെ കുട്ടികളെ പഠിപ്പിക്കേണ്ടതും ആകുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും നമ്മുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

എന്ന്, 1945-ന് 1120 കുംഭമാസം 19-ന് കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

30

നമ്പർ 768

ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
രണ്ടാമത്തെ ഗീവറുഗീസായ ബസ്സേലിയോസ് കാതോലിക്കാ

മലങ്കരെയുള്ള നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ, സമുദായക്കേസ് ബഹുമാനപ്പെട്ട തിരുവിതാംകൂർ ഹൈക്കോടതിയിൽ ഈ ചിങ്ങമാസം 11-നു അവധി വച്ചിരിക്കുന്നതായി അറിയുന്നു. അപ്പീൽ വിചാരണ അന്നേദിവസം ആരംഭിച്ചേക്കാം. നിങ്ങളേവരും സഭയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കേണ്ട ഒരു കാലഘട്ടമാണ് ഇത്. നമ്മുടെ കക്ഷിവഴക്ക് ആരംഭിച്ചശേഷം രണ്ട് ലോകമഹായുദ്ധങ്ങൾ തുടങ്ങുകയും അവസാനിക്കുകയും ചെയ്തിരിക്കുന്നു. നമ്മുടെ ഈ ചെറിയ സഭയിലെ ഭിന്നിപ്പാകട്ടെ, നിലനിൽക്കുന്നു! തന്മൂലമുള്ള ഞെരുക്കവും വിഷമതകളും നിർത്തി നമുക്കും സുഖകരമായി പുരോഗമിക്കുവാൻ തക്കവണ്ണം ആശ്വാസവും സമാധാനവും കൈവരുവാൻ നിങ്ങളേവരും ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കണമെന്ന് ഈ പ്രാവശ്യവും മുന്നമേ നിങ്ങളെ ഓർപ്പിച്ചുകൊള്ളുന്നു.

നമ്മുടെ എല്ലാ ഇടവകകളിലും അഗതിമന്ദിരങ്ങൾ സ്ഥാപിച്ചു കാണ്മാൻ നാം ആഗ്രഹിക്കുന്നു. പ്രായാധിക്യം മൂലവും രോഗം നിമിത്തവും ദാരിദ്ര്യംകൊണ്ടും വലയുന്ന അനാഥരും അശരണരുമായ പലരും ഓരോ ഇടവകയിലും ഉണ്ടായിരിക്കുമല്ലോ. അവർക്കു കഴിവുള്ള എല്ലാ

സഹായങ്ങളും ചെയ്തുകൊടുക്കേണ്ടതാണ്. അവർക്കുവേണ്ടി ചെയ്യുന്നതെല്ലാം കർത്താവിനുവേണ്ടിത്തന്നെ ചെയ്യുന്നതാണല്ലോ. നിസ്സഹായരായ രോഗികളെ ശുശ്രൂഷിക്കുക, ദരിദ്രരുടെ കുട്ടികളെ പഠിപ്പിക്കുക, ദരിദ്രരേയും വിധവകളേയും പുലർത്തുക, കുട്ടികൾക്കു വിവാഹത്തിനു പ്രായമായിട്ടും വിവാഹം കഴിപ്പിക്കുന്നതിനു പ്രാപ്തിയില്ലാത്തവരുടെ കുട്ടികളെ വിവാഹം ചെയ്യിച്ചുകൊടുക്കുക മുതലായവയ്ക്കു നാം ചുമതലപ്പെട്ടവരാണെന്നു കാനോനിൽ പ്രസ്താവിച്ചിട്ടുണ്ട്. "നിങ്ങളുടെ ഇടയിൽ ഒരു ദരിദ്രനും ഉണ്ടാകരുതെന്നും എല്ലാവരോടും പ്രത്യേകിച്ചു വിശ്വാസത്തിന്റെ ഭവനക്കാരോടും നന്മ ചെയ്യണ"മെന്നും പൗലൂസ് ശ്ലീഹാ പറഞ്ഞിരിക്കുന്നു. ന്യായവിധി അഗതികളോടു കാണിക്കുന്ന കരുണയെ ആശ്രയിച്ചിരിക്കുന്നതായും കാണുന്നു. അഗതികൾക്കു മേൽപ്രസ്താവിച്ച പ്രകാരമുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിലേക്കത്രെ അഗതിമന്ദിരങ്ങൾ സ്ഥാപിക്കണമെന്നു നാം പറയുന്നത്. ഇതിനു വളരെയധികം പണം ആവശ്യമാണെന്നും ചില ഇടവകകൾക്കു തനിയേ ഇവ സ്ഥാപിച്ചു നടത്തിക്കൊണ്ടുപോകാൻ പ്രയാസമായിരിക്കുമെന്നും നമുക്ക് അറിയാം. പ്രയാസമുള്ള പള്ളിക്കാർ സംഘടിച്ചു പ്രവർത്തിക്കുന്നതു നന്നായിരിക്കും. സൗകര്യംപോലെ രണ്ടോ അതിലധികമോ പള്ളികൾക്കു യോജിച്ച് അഗതിമന്ദിരങ്ങൾ നടത്താവുന്നതാണ്. ഇവയുടെ നടത്തിപ്പിന് അർത്ഥത്തെക്കാൾ അധികം ആളാണ് ആവശ്യം. ഓരോ ഇടവകയിലുമുള്ള യുവജനസമാജങ്ങൾക്കും വനിതാസമാജങ്ങൾക്കും ഇതു സംബന്ധിച്ചു പലതും ചെയ്യാൻ കഴിയും. അവകളും പള്ളിയോഗങ്ങളും സഹകരിച്ച് ഇതിലേക്ക് വേണ്ട നടപടികൾ നടത്തിക്കാണുന്നതിനു നാം ആഗ്രഹിക്കുന്നു.

ഇക്കഴിഞ്ഞ 1120-ലെ കാതോലിക്കാദിനപ്പിരിവിൽ ആകെ 13,938 രൂപാ പിരിഞ്ഞുകിട്ടി. അതിന്റെ മൂന്നിലൊരുഭാഗം മെത്രാസനങ്ങൾക്കുള്ളതും ബാക്കിയുടെ നാലിലൊരുഭാഗം കരുതൽധനവുമാണ്. ശേഷിക്കുന്ന തുക സമുദായപുരോഗമന പദ്ധതിപ്രവർത്തനങ്ങൾക്ക് ഉതകുമാറ് മാനേജിംഗ് കമ്മറ്റിയും സിനഡും വ്യയനിർദ്ദേശം ചെയ്തിട്ടുണ്ട്. പിരിവുസംബന്ധിച്ച റിപ്പോർട്ട് അച്ചടിച്ചു കിട്ടുമ്പോൾ ആപ്പീസിൽനിന്നും പള്ളികൾക്ക് അയക്കുന്നതായിരിക്കും. നമ്മുടെ ഭരണഘടനയുടെ 116-ാം വകുപ്പിൻപ്രകാരമുള്ള ദശാംശം ഈ വർഷം മുതൽ എല്ലാ പള്ളിക്കാരും ധനു മാസം 30-നു അകം ഇടവക മെത്രാപ്പോലീത്തന്മാർക്ക് അയച്ചുകൊടുക്കുകയും ജനങ്ങളിൽ നിന്നുള്ള പിരിവും കാണിക്കയും കാതോലിക്കാദിനമായ 36-ാം ഞായറാഴ്ച നടത്തുകയും വേണം.

റിശീസായായി, 21 വയസ്സിനു മേൽ പ്രായമുള്ള എല്ലാ പുരുഷന്മാരും ആണ്ടുതോറും രണ്ടു ചക്രം വീതം സിംഹാസനത്തിങ്കലേക്കു കൊടു

ത്തുവന്നത് ഇപ്പോൾ ശരിയായി പിരിയുന്നില്ല. ആണ്ടുകുമ്പസാരത്തോടുകൂടെ അതു കൊടുക്കുന്ന പതിവ് നിർത്തിയിരിക്കുന്ന കാര്യം വീണ്ടും ഓർപ്പിക്കുന്നു. റിശീസാ മകരം 1-നു എല്ലാ ഭവനങ്ങളിൽ നിന്നും കമ്മറ്റി അംഗങ്ങൾ ശേഖരിച്ച് വികാരി മൂലം നമുക്ക് അയച്ചുതരണം. മേലാൽ അതിന്റെയും കണക്കു പ്രസിദ്ധപ്പെടുത്തുന്നതാണ്. കഴിഞ്ഞ വർഷത്തേതിന്റെ ലിസ്റ്റ് കാതോലിക്കാദിനപ്പിരിവിന്റെ റിപ്പോർട്ടോടുകൂടെ അയക്കുന്നതാണ്.

വൈദികപദവിയിൽ സമുദായസേവനത്തിന് അഭ്യസ്തവിദ്യരായ യുവാക്കന്മാരെ ക്ഷണിച്ചുകൊണ്ട് കഴിഞ്ഞവർഷം നാം കല്പനകൾ അയച്ചിരുന്നെങ്കിലും ഒരുവൻപോലും മുമ്പോട്ടു വന്നിട്ടില്ല. ഇപ്പോൾതന്നെ എല്ലാ ഞായറാഴ്ചയും ആരാധനകൾ നടക്കാത്ത പള്ളികൾ ഉണ്ട്. ഒഴിവു വരുന്ന സ്ഥാനങ്ങളിലേക്കും വിദേശവയലുകളിലേക്കും പട്ടക്കാർ അത്യാവശ്യമായി ഉണ്ടാകണം. ആകയാൽ സമുദായസേവനത്തിനായി ത്യാഗബുദ്ധികളായ യുവാക്കന്മാരെ നാം വീണ്ടും ക്ഷണിച്ചുകൊള്ളുന്നു. കൂടാതെ ഓരോ ഇടവകയിലും ഇനി പൊതുയോഗം കൂടുമ്പോൾ വൈദികസ്ഥാനത്തിനു യോഗ്യന്മാർ ഉണ്ടോ എന്ന് ആലോചിക്കയും ഉള്ളപക്ഷം അവരുടെ പേരുകൾ നമ്മെ അറിയിക്കുകയും ചെയ്യണം. അവരെക്കുറിച്ച് നമ്മുടെ മെത്രാപ്പോലീത്തന്മാരും നാമും ആലോചിച്ച് യഥാവസരം വേണ്ടതു ചെയ്യുന്നതാണ്.

വിവാഹകൂദാശ പുരുഷന്റെ ഇടവകയിൽ വച്ചുതന്നെ നടത്തപ്പെടേണ്ടതാകുന്നു എന്നും നാം കല്പന അയച്ചിട്ടുണ്ടല്ലോ. ഒഴിച്ചുകൂടാത്ത വല്ല കാരണത്താലും സ്ത്രീയുടെ ഇടവകപ്പള്ളിയിൽ നടത്തേണ്ടതായി വന്നാൽ പുരുഷനോ രക്ഷകർത്താവോ ഇടവകമെത്രാപ്പോലീത്തായുടെ അടുക്കൽ മുമ്പുകൂട്ടി രേഖാമൂലമായി അപേക്ഷ സമർപ്പിച്ച്, അനുമതി കല്പന വാങ്ങി വികാരിയെ ഏല്പിച്ചു വിളിച്ചുചൊല്ലി നടത്തി കുറി വാങ്ങിച്ചുകൊള്ളണം. വിവാഹവരുമാനങ്ങളൊക്കെയും നമ്മുടെ പതിവിൻപ്രകാരം വിവാഹം നടത്തുന്ന പള്ളിയിൽ കൊടുക്കേണ്ടതാണ്. എന്നാൽ വി. സഭയുടെ നിയമത്തിനു വിപരീതമായും നമ്മോടു കുർബ്ബാന സംസർഗ്ഗമില്ലാത്തവരുടെ പള്ളികളിൽ വച്ചും പുരുഷൻ വിവാഹം നടത്തിയതായി അറിഞ്ഞാൽ പട്ടക്കാരൻ വരനെയും വധുവിനെയും പള്ളിയിൽ വരുത്തി, വധുവിനെ - നിയമപ്രകാരം മാമോദീസായോ, മൂറോനഭിഷേകമോ നൽകി - നമ്മുടെ സഭാംഗമാക്കിത്തീർത്ത്, പതിവനുസരിച്ചുള്ള വിവാഹവരുമാനങ്ങൾ വയ്പിച്ച്, അവരുടെ വിവാഹകൂദാശ നടത്തേണ്ടത് ആവശ്യവും ന്യായവുമാകുന്നു. എന്തെന്നാൽ മേൽപ്പടി സമുദായങ്ങൾക്കു വിവാഹം കേവലം ഒരു ഉടമ്പടി മാത്രമാകുന്നു, ഒരു വിശുദ്ധ കൂദാശയല്ല, എന്ന് എല്ലാവരും ഓർത്തിരിക്കണം. മേൽപ്രകാരമുള്ളവരുടെ

സന്താനങ്ങൾ നമ്മുടെ പട്ടക്കാരാൽതന്നെ മാമോദീസാ മുക്കപ്പെടേണ്ട താകുന്നു.

വിശേഷിച്ചും പ്രിയരെ, മിക്ക രാജ്യക്കാരും മതക്കാരും അവരുടെ ആചാരമര്യാദകൾ സംരക്ഷിച്ചു പാലിക്കുന്നതിൽ വളരെ നിഷ്ഠയുള്ളവരത്രേ. എന്നാൽ നമ്മുടെ ചില ജനങ്ങളും, ശെമ്മാശന്മാരും, പട്ടക്കാരും കീഴ്നടപ്പുകളെ അവഗണിക്കുന്നതായി കാണുന്നതിൽ വളരെ മനസ്താപമുണ്ട്. സുറിയാനിക്രിസ്ത്യാനികളായ നമുക്ക് പതിവില്ലാതിരുന്ന പേരുകളും, വേഷങ്ങളും സമുദായത്തിന് അലങ്കാരമല്ല, അലങ്കോലമാണ് എന്നത്രേ നമുക്കു തോന്നുന്നത്. സുറിയാനി സ്ത്രീപുരുഷന്മാർ മുമ്പിനാലെ വെള്ള വസ്ത്രധാരികളായിരുന്നു. ജാതി തിരിച്ചറിയാൻ പാടില്ലാത്തവണ്ണമുള്ള വസ്ത്രധാരണം നമുക്കു ഭൂഷണമല്ല. സ്ത്രീകൾ അർദ്ധനഗ്നകളായി ഒരിക്കലും വസ്ത്രം ധരിക്കരുത്. പേരുകൾ സംബന്ധിച്ചും ആ ദൂഷ്യം വ്യാപിച്ചുതുടങ്ങിയിരിക്കുന്നു. മാമോദീസായിൽ പട്ടക്കാർ കുട്ടികൾക്കു നൽകുന്ന ക്രിസ്തീയ നാമങ്ങൾ റിക്കാർട്ടുകളിൽപ്പോലും മാറിയെഴുതപ്പെടുന്നു. പാശ്ചാത്യരോ, ഹിന്ദുക്കളോ, മഹമ്മദീയരോ സുറിയാനിക്കാരുടെ പേരുകൾ സ്വീകരിക്കുന്നില്ല. എന്നാൽ നമ്മിൽ ചിലരാകട്ടെ, പഴയ പേരുകൾ ഉപേക്ഷിച്ചു കുട്ടികൾക്കു വിചിത്രപ്പേരുകൾ കൊടുക്കുന്നു. ഏതു പരിശുദ്ധന്റെ നാമം ഒരു കുട്ടിക്കു നൽകുന്നുവോ, ആ പരിശുദ്ധന്റെ മദ്ധ്യസ്ഥതാസഹായം ആ കുട്ടിക്ക് ഉണ്ടാകും. എന്നാൽ പേരു മാറുന്നതുമൂലം കുട്ടി ആ പരിശുദ്ധനെ മറന്നുപോകുന്നതിന് ഇടയാകുന്നതാണ്. നമ്മുടെ ജാതിയുടെ ആചാരമര്യാദകൾ നാം പാലിക്കാതിരുന്നാൽ നാം ഒരു അലന്ന ജാതിയായിത്തീരുന്നതാണ്. ഇപ്പോൾ തുടങ്ങിയിട്ടുള്ള പ്രസ്തുത വൈകല്യതകൾ വർദ്ധിക്കാതെ മാഞ്ഞുപോകണം എന്ന ആഗ്രഹത്തോടെയത്രേ നാം ഇപ്രകാരം എഴുതുന്നത്. ചുരുക്കം ചില പള്ളികളിൽ സ്ത്രീകളെ ഇടവകയോഗങ്ങളിലും പള്ളിക്കമ്മറ്റികളിലും അംഗങ്ങളാക്കിയിട്ടുള്ളതായി പത്രങ്ങൾ മൂലവും മറ്റും അറിയുന്നു. അതു നമുക്കു ചേർച്ചയല്ല. അവരെ ഉടനെതന്നെ നീക്കുകയും അവർ നീങ്ങുകയും ചെയ്യണമെന്നു നാം ഗുണദോഷിക്കുന്നു. പട്ടക്കാരും ശെമ്മാശന്മാരും തൊപ്പി ധരിക്കണം എന്നതു നമ്മുടെ സഭയുടെ ഒരു നിയമമാകുന്നു. അവർ പരിഷ്ക്കാരികളെപ്പോലെ തലമുടി വളർത്തി ചീകി മിനുക്കുന്നതു യോഗ്യമല്ല; അവലക്ഷണമാണ്. വിനയവും അനുസരണവും അവർക്ക് അലങ്കാരമായിരിക്കട്ടെ. അവർ മുടി വളർത്താതെ തല ക്ഷൗരം ചെയ്യിക്കയോ, മുടി പറ്റവെട്ടിക്കയോ ചെയ്യണം. ശീമരാജ്യങ്ങളിൽ ശീതം മൂലം മുടി വളർത്തേണ്ട ആവശ്യം ഉണ്ടായിരുന്നിട്ടും വളർത്തരുതെന്നു നിയമമുള്ളവരാരും അതിനെ ധിക്കരിക്കുന്നില്ല. ശീമയിലുള്ള നമ്മുടെ പട്ടക്കാർ തല ക്ഷൗരം ചെയ്യിക്കയോ പറ്റവെട്ടിക്കയോ ചെയ്യുന്നു. ഓക്സുഫോർഡി

ലുള്ള അതിമഹാന്മാരായ കൗലിസമൂഹത്തിലെ പട്ടക്കാരും അപ്രകാര മാണു ചെയ്യുന്നത്. വിശുദ്ധ ശ്ലീഹന്മാരുടെ ദിദാസ്ക്കാലിയായിലും ഇപ്ര കാരം നിഷ്കർഷിച്ചിട്ടുണ്ട്. പുരോഹിതന്മാർക്കു താടിമീശയുണ്ടായിരി ക്കുക എന്നതു ക്രൈസ്തവസഭയുടെ ആരംഭം മുതൽക്കും അതിനു മുമ്പും നടപ്പുള്ളതാണ്. “അഹറോൻ അവന്റെ താടിയുടെ കോണിനെ വഷളാക്കരുത്” എന്നു ദൈവം കല്പിച്ചിട്ടുണ്ട്. റോമ്മാസഭയിലെ പട്ട ക്കാർക്ക് ഇടക്കാലം മുതൽ താടിമീശ ഉണ്ടായിരിക്കണമെന്നു നിർബ ന്ധമില്ലെങ്കിലും അവരിൽനിന്നു റീത്തിൽ ചേരുന്നവർ മീശ വളർത്തണ മെന്നു നിർബന്ധമുണ്ട്. എന്നാൽ നമ്മുടെ ചില പുതിയ പട്ടക്കാർ മുഖ ക്ഷൗരം ചെയ്യുന്നതായി അറിയുന്നു. അങ്ങനെയുള്ളവർ നിയമലംഘന ക്കാരാകയാൽ നിയമത്തിനു കീഴ്പ്പെടുന്നതുവരെ വിശുദ്ധ കൂദാശകളുടെ കാർമ്മികരായിരിക്കുന്നതു ശരിയല്ല. മേൽ പ്രസ്താവിച്ചവയെ ലംഘി ക്കുന്ന പട്ടക്കാരും ശെമ്മാശന്മാരും ശിക്ഷാർഹരായിരിക്കും. നമ്മുടെ മഹി മയ്ക്കു കാരണം നമ്മുടെ പാണ്ഡിത്യമോ, ധനശക്തിയോ, പ്രാബല്യമോ അല്ല, നമ്മുടെ അതിപുരാതനമായ വിശ്വാസവും, പാരമ്പര്യങ്ങളും, ആചാ രമര്യാദകളും ആണ് എന്നതു നാം ഓർത്തിരിക്കണം. അവ നാമാവശേ ഷമായാൽ നമ്മുടെ മഹിമ കെട്ടുപോകും. അങ്ങനെ സംഭവിക്കാതിരി പ്പാൻ നിങ്ങളെ ഉദ്ബോധിപ്പിക്കേണ്ട ചുമതല നമുക്കുള്ളതിനാൽ നാം എഴുതുന്നതാണ്. ചെറിയ നിയമങ്ങളെ പാലിക്കാത്തവൻ വലിയവ എങ്ങനെ ആചരിക്കും? ചെറുതോ വലുതോ ആയ യാതൊന്നും ദൈവ ത്തിന്റെ സഭയിലോ പള്ളികളിലൊ മേല്പട്ടക്കാരുടെ അനുമതി കൂടാതെ നടത്തുവാൻ പാടുള്ളതല്ല. ഈ കല്പനയിൽ പ്രസ്താവിച്ചിട്ടുള്ള കാര്യ ങ്ങൾ വിഘ്നമെന്യേ നടക്കുന്നതിൽ ബ. മെത്രാപ്പോലീത്തന്മാരും പട്ട ക്കാരും ജനങ്ങളും ശുഷ്കാന്തിയുള്ളവരായിരിക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങ ളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവ മാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും നമ്മുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധി മതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

എന്ന്, 1945 കൊല്ലം 1121 ചിങ്ങം 1-ാം തീയതി കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

31

നമ്പർ 714

ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
രണ്ടാമത്തെ ഗീവറുഗീസായ ബസേലിയോസു കാതോലിക്കാ

നമ്മുടെ ... പള്ളിവികാരിയും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

ഈ ആണ്ടത്തെ കാതോലിക്കാദിനത്തിൽ നമുക്ക് ആയുരാരോഗ്യ സൗഭാഗ്യങ്ങൾ ആശംസിച്ചുകൊണ്ട് നിങ്ങൾ അയച്ച സന്ദേശം വായിച്ചുകേട്ട് നാം അതീവ സന്തുഷ്ടനായിരിക്കുന്നു. നമ്മുടെ വാത്സല്യമക്കളുടെ ഈ ഭക്തിപ്രകടനം നിങ്ങൾക്കു കാതോലിക്കാ സിംഹാസനത്തിലുള്ള വിശ്വാസത്തിന്റെ പ്രത്യക്ഷലക്ഷ്യവും നമ്മുടെ സഭയുടെ അഭിവൃദ്ധിക്കുവേണ്ടി മേലിലും നിങ്ങൾ സർവ്വഥാ പ്രയത്നിക്കുമെന്നുള്ളതിനു മതിയായ ഉറപ്പും ആണെന്നു നാം വിശ്വസിക്കുന്നു.

ദൈവം നിങ്ങളേയും നമ്മുടെ സഭയുടെ പുരോഗമനത്തെ ലാക്കാക്കി നിങ്ങൾ ചെയ്യുന്ന സകല പരിശ്രമങ്ങളെയും അനുഗ്രഹിക്കട്ടെ.

എന്ന്, 1945-ന് കൊല്ലം 1120 മേടം 24-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

32

നമ്പർ 30

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ തനിക്കു സ്തുതി.

വിശുദ്ധ മാർ തോമ്മായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസേലിയോസ് കാതോലിക്കാ.

(മുദ്ര)

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, സഭയുടെ അഭിവൃദ്ധിക്കും സഭാംഗങ്ങളുടെ ആത്മീയ വളർ

ച്ചയ്ക്കും സഹായിപ്പാൻ പത്രങ്ങൾക്കും മാസികകൾക്കുമുള്ള പ്രേരക ശക്തി എന്തുമാത്രമെന്നു പ്രത്യേകിച്ചു നിങ്ങളെ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. നമ്മുടെ സഭ വകയായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന 'ഇടവകപത്രിക', 'ഓർത്തഡോക്സ് സഭ' മുതലായ പ്രസിദ്ധീകരണങ്ങൾ ഇപ്പോൾ മുടങ്ങിക്കിടക്കുകയുമാണല്ലോ. ആകയാൽ നമ്മുടെ സഭയുടെ പുരോഗമനപരമായ പ്രവർത്തനങ്ങൾക്കു സഹായകരമായിരിപ്പാൻ 'മലങ്കരസഭ' എന്ന ഒരു പുതിയ മാസിക പ്രസിദ്ധം ചെയ്യുന്നതിൽ നാം സന്തോഷിക്കുന്നു. നമ്മുടെ അനുമതിയോടുകൂടിയാണ് ഈ മാസിക പുറപ്പെടുന്നത്. ആയതിൽ നിങ്ങൾ എല്ലാവരും നമ്മോടു കൂടി സന്തോഷിക്കുമെന്നു നമുക്ക് ധൈര്യമുണ്ട്. എല്ലാ പള്ളിയോഗങ്ങളിലും, വായനായോഗം, സണ്ടേസ്കൂൾ മുതലായ സ്ഥാപനങ്ങളിലും എല്ലാ ഭവനങ്ങളിലും ഈ മാസിക വരുത്തി വായിക്കുന്നത് നമ്മുടെ ആത്മീയ മക്കൾക്ക് സഭയോടുള്ള താൽപര്യത്തിനും വിശ്വാസസ്ഥിരതയ്ക്കും സഹായകരമായിരിക്കുമെന്നു നാം വിശ്വസിക്കുന്നു. മാസികയ്ക്കു സർവ്വ ഭാവുകങ്ങളും ആശംസിക്കുന്നു. ദൈവം ഈ ഉദ്യമത്തെ അനുഗ്രഹിക്കുകയും, പ്രവർത്തകരെ തന്റെ കൃപയാൽ ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. അവർക്കും, പ്രയാസങ്ങളിൽകൂടി കടന്നുപോകുന്ന അപ്പോസ്തോലികമായ നമ്മുടെ സഭയ്ക്കും ബലഹീനനായ നമുക്കുംവേണ്ടി നിങ്ങൾ പ്രത്യേകം പ്രാർത്ഥിപ്പിൻ.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ. ആയതു കൃപനിറഞ്ഞവളും നിത്യകന്യകയുമായ ദൈവമാതാവിന്റെയും ഇന്ത്യയുടെ കാവൽക്കാരനായ മാർ തോമ്മാശ്ലീഹായുടേയും സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.. ഇത്യാദി....

1946-ന് കൊല്ലം 1122 തുലാം 12-ാം തീയതി പരുമല സിമ്മനാരിയിൽ നിന്നും

33

The Orthodox Church of The East

ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ
ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ .... പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

മലങ്കര ഇടവകയുടെ കാലംചെയ്ത ഗീവറുഗീസു മാർ ദീവന്നാ സ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ 12-ാമതു ശ്രാദ്ധപ്പെരുനാൾ ഈ കുംഭമാസം 12-നു (സുറിയാനിക്കണക്കിനു 10-നു) ശനിയാഴ്ചയാണ്. കഴിഞ്ഞ പെരുനാൾ ദിവസം നമ്മുടെ അദ്ധ്യക്ഷതയിൽ ഈ സിമ്മനാരിയിൽ വച്ചു കൂടിയ പൊതുയോഗത്തിൽ ഈ പെരുനാൾ കോട്ടയം ഭദ്രാസന ഇടവകയിലെ എല്ലാ പള്ളിക്കാരും ചേർന്നു എത്രയും ഭംഗിയായി കൊണ്ടാടണമെന്നും പെരുനാൾ ചെലവിലേക്കു ഓരോ പള്ളിക്കാരും അവരവർക്കു നിശ്ചയിച്ചിട്ടുള്ള സംഖ്യ പെരുനാളിനു മുമ്പായി നമ്മുടെപേർക്കു അയച്ചുതരണമെന്നും നിശ്ചയിച്ചിട്ടുള്ള വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. അതിനാൽ നിങ്ങൾ പള്ളിക്കാർ എല്ലാവരും കാഴ്ചനേർച്ചകളോടുകൂടി വന്നു പെരുനാളിൽ സംബന്ധിക്കയും ആ പള്ളിയിലെ വെള്ളിക്കുരിശു മുത്തുക്കുടകൾ മുതലായ പള്ളിസാമാനങ്ങൾ ഇവിടെ എത്തിച്ചു തരികയും പെരുനാൾ കഴിഞ്ഞു തിരിച്ചുകൊണ്ടുപോകയും കൂടാതെ പെരുനാൾ ചിലവിലേക്കു നിങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള 25 രൂപാ ഈ കല്പന കിട്ടിയാലുടനെ പള്ളിയിൽനിന്നും നമ്മുടെപേർക്കു അയച്ചുതരികയും ചെയ്യണം. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, 1946-നു കൊല്ലം 1121 കുംഭം 1-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

34

നമ്പർ 61

The Orthodox Church of The East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
രണ്ടാമത്തെ ഗീവറുഗീസായ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ,

സമുദായസ്നേഹം വളർത്തുന്നതിനും സംഘടന ബലപ്പെടുത്തുന്നതിനും പുരോഗമനം ഊർജ്ജിതപ്പെടുത്തുന്നതിനും ആണ്ടുതോറും വലിയനോമ്പിൽ 36-ാം ഞായറാഴ്ച കാതോലിക്കാദിനമായി ആഘോഷിക്കപ്പെടുന്ന കാര്യം നാം നിങ്ങളെ അനുസ്മരിപ്പിക്കുന്നു. ഇക്കൊല്ലം 36-ാം ഞായറാഴ്ച മീനം 25-നു ആണ്. അന്നു പതിവുപോലെ കുർബാനമദ്ധ്യേ

സഭയ്ക്കുവേണ്ടിയും കാതോലിക്കാ സ്ഥാപനത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കുംവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. ഘോഷയാത്രകളും പൊതുയോഗങ്ങളും നടത്തണം. പുരോഗമനപ്രവർത്തനങ്ങൾക്കായുള്ള പണപ്പിരിവ് അന്നുകൊണ്ടു പൂർത്തിയാക്കുകയും ചെയ്യണം. ഘോഷയാത്രകളും പൊതുയോഗങ്ങളും ഭക്തിസംവർദ്ധകമായ രീതിയിൽ നടത്താൻ പ്രത്യേകം ശ്രദ്ധിക്കണം. കഴിഞ്ഞ കൊല്ലത്തെ പിരിവും ഇതര ചടങ്ങുകളും മുൻകൊല്ലങ്ങളെ അപേക്ഷിച്ചു വളരെ വിജയപ്രദമായിരുന്നു. അക്കാര്യങ്ങളിൽ നിങ്ങൾ അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ പ്രശംസാർഹമാണ്. ഇക്കൊല്ലം അവയെല്ലാം പൂർവ്വാധികം ഭംഗിയായും വിജയപ്രദമായും നടത്താൻ നിങ്ങൾ ഉത്സാഹിക്കണം. പിരിവു മീനം 25 കൊണ്ടു പൂർത്തിയാക്കി. അതോടുകൂടി കാതോലിക്കാദിനത്തിലെ കാണിക്കയും ചേർത്തു 26-നു നമ്മുടെപേർക്ക് അയച്ചുതരണം. പിരിവുലിസ്റ്റ് നമ്മുടെ ആഫീസിലേക്കും അയച്ചുകൊടുക്കണം. പിരിവുലിസ്റ്റ് എഴുതി ഉണ്ടാക്കുക, സംഭാവനകൾ ശേഖരിക്കുക മുതലായവ സംബന്ധിച്ചും കാതോലിക്കാദിനത്തോട് അനുബന്ധിച്ചുള്ള മറ്റു ചടങ്ങുകൾ സംബന്ധിച്ചും നമ്മുടെ ആഫീസിൽ നിന്നു വിജ്ഞാപനങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ നാം ആജ്ഞാപിച്ചിട്ടുണ്ട്. അപ്രകാരം പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനങ്ങളിലെ നിർദ്ദേശങ്ങൾ നിങ്ങൾ അഭംഗമായി നിറവേറ്റണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

എന്ന്, 1946-ന് കൊല്ലം 1121 കുംഭമാസം 8-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

35

യൽദോ ബാവായെയും പരുമല തിരുമേനിയെയും പരിശുദ്ധന്മാരായി പ്രഖ്യാപിക്കുന്നു

നമ്പർ 38

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ,

പരുമലെ കാലംചെയ്ത നമ്മുടെ പരിശുദ്ധ പിതാവിന്റെ തിരുനാമം ശുദ്ധിമാന്മാരുടെ പട്ടികയിൽ ചേർത്തു തുബ്ദേനിൽ എഴുതുന്നതിനും കോതമംഗലത്തു കാലംചെയ്ത പരിശുദ്ധ പിതാവാകുന്ന മാർ ബസ്സേലിയോസ് കാതോലിക്കായുടെ നാമവും ഇപ്രകാരം തന്നെ ചെയ്യുന്നതിനും നമ്മുടെ വി. സുന്നഹദോസ് നിശ്ചയിച്ചിരിക്കുന്നു എന്ന സന്തോഷവാർത്ത നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു. അതിനാൽ ഈ ശുദ്ധിമാന്മാരുടെ ഓർമ്മ, ശേഷം പരിശുദ്ധന്മാരുടെ ഓർമ്മപോലെ "സാദീക്കോ" (നയവാൻ പനപോലെ തളിർത്തീടുമേ) എന്നുള്ള പ്രാർത്ഥനയിൽ ഓർക്കുകയും അവരുടെ നാമങ്ങളിൽ പള്ളികൾ സ്ഥാപിക്കുകയും മറ്റും ചെയ്യാവുന്നതാണ്. ഈ പരിശുദ്ധന്മാരുടെ പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ. ആമ്മീൻ.

നമ്മുടെ സമുദായക്കേസ്, ദൈവകൃപയാൽ നോട്ടീസിന് ഉത്തരവിട്ടിരിക്കുന്ന വിവരം നിങ്ങൾ ഏവരും അറിഞ്ഞിരിക്കുമല്ലോ. ഈ കേസ് തീരാതെ നീണ്ടുപോകുന്നത് നമ്മുടെ ഭാഗത്തുള്ള സത്യത്തിന്റെ കുറവുകൊണ്ടല്ല. നൂറിനു നൂറുഭാഗവും നമ്മുടേതു സത്യമാണ്. എന്നാലോ നിങ്ങളുടെ ഇടയനാകുന്ന നമ്മുടെ മഹാപാപം കൊണ്ടാണെന്നു നാം ഏറ്റുപറയുന്നു. അതിനാൽ നമ്മുടെ മഹാപാപങ്ങൾക്കുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണം. നിങ്ങളുടെ പ്രാർത്ഥനകൾ മൂലം നമുക്കു പരിഹാരം ലഭിക്കട്ടെ. കേസ് ഇനിയും നടത്തേണ്ടതായിട്ടാണിരിക്കുന്നത്. അതിനു പണം ധാരാളം വേണം. റിവ്യൂ തുടങ്ങിയിട്ട് ഇതുവരെ പതിനയ്യായിരത്തിലധികം രൂപാ ചെലവായിട്ടുണ്ട്. അതു കടമായിട്ടാണിരിക്കുന്നത്. ഇനിയും മുമ്പോട്ടു നടത്തിക്കൊണ്ടു പോകുവാൻ യാതൊരു മാർഗ്ഗവുമില്ല. അതിനാൽ നിങ്ങളെല്ലാവരും - പള്ളികളും പള്ളിക്കാരും - കൈതുറന്നു സഹായിക്കണം. പള്ളികളിലെല്ലാം സഞ്ചരിക്കുന്നതിനും നിങ്ങളെല്ലാവരെയും കാണുന്നതിനും നമുക്ക് ആഗ്രഹമുണ്ട്. എന്നാൽ നമ്മുടെ വാർദ്ധക്യവും അനാരോഗ്യവും അതിനു സമ്മതിക്കുന്നില്ല. അതുകൊണ്ടു പണപ്പിരിവിനു നാംതന്നെ വരുക എന്നുള്ളതു പ്രയാസമാണ്. കഴിയുമെങ്കിൽ ചില പ്രധാന പള്ളികളിൽ വന്നിരുന്നു ചുറ്റുമുള്ള പള്ളിക്കാരെ അവിടെ വരുത്തണമെന്ന് ആഗ്രഹിക്കുന്നു. അതിനു സാധിച്ചില്ലെങ്കിൽ ആളും കല്പനയും അയയ്ക്കയേ നിവൃത്തിയുള്ളു. നിങ്ങൾ വേണ്ടവണ്ണം സഹായിക്കണം. കേസിന് ആവശ്യമില്ലെന്ന് ഒരു പക്ഷക്കാ

രുണ്ട്. നാം ആരുടെ പേരിലും കേസ്സിനു പോയിട്ടില്ല. നമ്മെ വലിച്ചിഴച്ചു കൊണ്ടു പോകയത്രേ ചെയ്തിട്ടുള്ളത്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നാബോത്തിനെപ്പോലെ നമ്മുടെ സത്യത്തിനുവേണ്ടി നാം നിലകൊള്ളേ ണ്ടതല്ലയോ? കേസ്സിനു പോകരുതെന്ന് ഒരു വേദപുസ്തകത്തിലും നാം കണ്ടിട്ടില്ല. സത്യത്തിനുവേണ്ടി അധികാരികളെ സമീപിക്കുകയാണ് വേണ്ടത്. "നിന്റെ സഹോദരൻ നിന്നോടു ദോഷം ചെയ്താൽ അവനോടു നീ സമാധാനത്തിന് ആവശ്യപ്പെടുക. കേട്ടില്ലെങ്കിൽ സഭയോടു പറക. സഭയുടെ വിധി അവൻ അനുസരിച്ചില്ലെങ്കിൽ അവനെ ചുങ്കക്കാരനെയും പുറജാതിയെയും പോലെ വിചാരിച്ചുകൊള്ളുക" (മത്തായി 18:15-17) എന്നു കർത്താവു കല്പിച്ചിരിക്കുന്നു. അധികാരമുള്ളിടത്തു കേസു കൊടുപ്പാനാണു കല്പന. അന്യരുടെ മുമ്പാകെ വേണ്ടാ എന്നേയുള്ളു. എന്നാൽ കർത്താവിനെയും അപ്പോസ്തോലന്മാരെയും അന്യരുടെ മുമ്പാ കെയാണു കൊണ്ടുപോയത്. അവർ അവിടെ പോയി കേസിനായി നിന്നു. വിധി അനുഭവിച്ചു. "മേലിൽ നിന്നു നിനക്കു തരപ്പെട്ടില്ലായിരുന്നുവെ ങ്കിൽ ഒരധികാരവും നിനക്ക് എന്റെ മേൽ ഇല്ലായിരുന്നു" എന്നു കർ ത്താവ് പീലാത്തോസിനോടു കല്പിക്കുന്നു. ഉള്ള അധികാരങ്ങൾ ദൈവ ത്തിൽ നിന്നാണെന്നു വി. പൗലൂസ് ശ്ലീഹാ പറയുന്നു. അതിനാൽ കേസിനു നമ്മെ ആരെങ്കിലും കൊണ്ടുപോകുമ്പോൾ അതിനുവേണ്ടി സത്യമായി നിലകൊള്ളേണ്ടതും ഉത്തരം പറയേണ്ടതും നമ്മുടെ ചുമത ലയാണ്. അക്രമമായി നമ്മോട് ആരെങ്കിലും പ്രവർത്തിച്ചാൽ അതിനെ പ്പറ്റി രാജാവിനോടു പറയേണ്ടതും നമ്മുടെ ചുമതലയാണ്. അക്രമമായി നാം കേസുകൊണ്ടുപോയാൽ അതു നമുക്കു പാപമാണ്. അക്രമമായി ട്ടല്ലെങ്കിൽ അതു ന്യായമാണ്. അത് ഒരു മഹാപാപമാണെന്നു കരുതി ഇപ്പോഴത്തെ കപടഭക്തിക്കാരോടുകൂടെ നിലകൊള്ളുന്നതു ശരിയല്ല.

ഈ മാസം 11-നു വെള്ളിയാഴ്ച പകൽ 10 മണിക്കു മാനേജിംഗ് കമ്മറ്റി കോട്ടയം എം.ഡി. സിമ്മനാരിയിൽ വച്ചു കൂടുന്നതാണ്. അതിൽ സഭ യുടെ പുരോഗമനത്തെപ്പറ്റിയും കേസിന്റെ നടത്തിപ്പിനെപ്പറ്റിയും മറ്റും ആലോചിക്കുന്നതായിരിക്കും. നമ്മുടെ ആളുകളിൽ ആർക്കും അതിൽ സംബന്ധിക്കാവുന്നതാണ്. പണപ്പിരിവിന്റെ വിധത്തെപ്പറ്റിയും മറ്റും കമ്മറ്റിയുടെ ശേഷം നാം കല്പന അയയ്ക്കുന്നതായിരിക്കും. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങ ളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും നമ്മുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ പരിശു

ദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി...

എന്ന്, 1947-നു കൊല്ലം 1123 ധനു 3-നു കോട്ടയം സുറിയാനി സിമ്മ നാരിയിൽ നിന്നും.

36

നമ്പർ 42

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ,

നമ്മുടെ സമുദായം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വിഷമ ഘട്ടത്തെ വിജയപൂർവ്വം തരണം ചെയ്യുമാറ് അതിനെ കാത്തു നടത്തുന്ന കാരുണ്യവാനായ ദൈവത്തെ നാം ആദ്യമായി സ്തോത്രം ചെയ്യുന്നു. നാം കാതോലിക്കാസ്ഥാനം ഏറ്റിട്ട്, അടുത്ത കുംഭം 2-നു - നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനപ്പെരുനാൾ ദിവസം - 19 വർഷം തികയുന്നതാണ്. നമ്മുടെ സഭയ്ക്കും നമുക്കുംവേണ്ടി അന്നേദിവസം പ്രത്യേകം പ്രാർത്ഥിക്കണമെന്നു നാം ഓർമ്മിപ്പിക്കുന്നു.

കുറെക്കാലമായി, എല്ലാ വർഷവും വലിയ നോമ്പിലെ 36-ാം ഞായറാഴ്ച കാതോലിക്കാദിനമായി ആഘോഷിക്കയും സമുദായ പുരോഗമന പ്രവർത്തനങ്ങൾക്കായി ഒരു പണപ്പിരിവു നടത്തുകയും ചെയ്തുവരുന്നുണ്ടല്ലോ. ഇക്കൊല്ലവും പതിവുപോലെ 36-ാം ഞായറാഴ്ച കാതോലിക്കാദിനമായി ആചരിക്കയും പണപ്പിരിവു നടത്തുകയും ചെയ്യണം. അതേപ്പറ്റി കൂടുതൽ വിവരങ്ങൾ നമ്മുടെ ആപ്പീസിൽ നിന്നും പിന്നാലെ അറിയിക്കുന്നതായിരിക്കും. എന്നാൽ ഈ വർഷം കാതോലിക്കാദിനപ്പിരിവുകൊണ്ടു മാത്രം നമ്മുടെ ആവശ്യങ്ങൾ നിർവഹിക്കപ്പെടുകയില്ല. സമുദായക്കേസു നടത്താൻ ഉടൻതന്നെ പണം ഉണ്ടാകേണ്ടിയിരിക്കുന്നു. സമുദായക്കേസിന്റെ പുനർവിചാരണ ആരംഭിച്ചിട്ട് ഇതിനകം 15,000-ൽ അധികം രൂപാ ചെലവായിട്ടുണ്ടെന്നും അതു കടമായി എടുത്തിട്ടുള്ളതാ

ണ്ണെന്നും റിവ്യു തുടർന്നു നടത്തിക്കൊണ്ടു പോകുന്നതിനു നല്ലൊരു സംഖ്യ ഇനിയും ആവശ്യമുണ്ടെന്നും നമ്മുടെ മുൻ 38-ാം നമ്പർ കല്പനയിൽ പ്രസ്താവിച്ചിരുന്നല്ലോ. കൂടാതെ കാതോലിക്കേറ്റിനു വേണ്ടി ഒരു അരമനയും പള്ളിയും സംരക്ഷണമാർഗ്ഗങ്ങളും ഉണ്ടാകേണ്ടത് ഏറ്റവും ആവശ്യമായിരിക്കുന്നു. ഈ കാര്യങ്ങളെപ്പറ്റി ഈമാസം 11-നു കൂടിയ നമ്മുടെ മാനേജിംഗ് കമ്മറ്റി ഗാഢമായി ആലോചിക്കുകയും പുരോഗമനപദ്ധതികൾക്കായി 25 ലക്ഷം രൂപാ ഏതാനും ഗഡുക്കളിലായി പിരിക്കണമെന്നു മുന്നൊരു യോഗത്തിൽ ചെയ്തിരുന്ന നിശ്ചയത്തെ അവലംബിച്ച് ഒന്നാമത്തെ തവണയ്ക്കുള്ള രണ്ടു ലക്ഷം രൂപാ നാലു മാസത്തിനകം പിരിച്ചെടുക്കണമെന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പിരിവു നടത്തുന്നതിനു കെ. സി. മാമ്മൻ മാപ്പിള പ്രസിഡണ്ടും, എം. സി. കുറിയാക്കോസു റമ്പാൻ ട്രഷററും, പി. എൻ. നൈനാൻ കൺവീനറും ആയി 23 അംഗങ്ങളുള്ള ഒരു സെൻട്രൽ കമ്മറ്റി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. നമ്മുടെ വാർദ്ധക്യവും അനാരോഗ്യവും മൂലം എല്ലാ പള്ളികളിലും വന്നിരുന്നു പിരിവു നടത്തുന്നതു പ്രയാസമായതുകൊണ്ടു പള്ളികളെ ഏതാനും ഗ്രൂപ്പുകളായി വിഭജിക്കുന്നതും ഓരോ ഗ്രൂപ്പിലുമുള്ള പ്രധാനപ്പെട്ട പള്ളിയിൽ നാം ഇരുന്നുകൊണ്ട് ഇടവക മെത്രാപ്പോലീത്തായുടെയും സെൻട്രൽ കമ്മറ്റി അംഗങ്ങളുടെയും ഓരോ ഗ്രൂപ്പിലും പിരിവിനായി നിയമിക്കപ്പെടുന്ന കമ്മറ്റിക്കാരുടെയും സഹകരണത്തോടുകൂടി അതതു ഗ്രൂപ്പിലെ പിരിവു നടത്തുന്നതും ആയിരിക്കും. ഒരു ഗ്രൂപ്പിലെ പിരിവ് കൂടിയാൽ മൂന്നുദിവസംകൊണ്ട് പൂർത്തിയാകത്തക്കവണ്ണം എല്ലാവരും സംഭാവനകൾ കരുതിവച്ചിരിക്കേണ്ടതാകുന്നു. നമ്മുടെ സഞ്ചാരപരിപാടിയും ഓരോ ഗ്രൂപ്പിലും ഉൾപ്പെടുന്ന പള്ളികളുടെ പേരുകളും പിരിവു സംബന്ധമായി മറ്റെല്ലാ കാര്യങ്ങളും സെൻട്രൽകമ്മറ്റി വിജ്ഞാപനങ്ങൾ മുഖേനയും മറ്റും നിങ്ങളെ അറിയിക്കുന്നതാണ്. സമുദായത്തിന്റെ ബഹുവിധമായ അഭിവൃദ്ധിക്കായുള്ള ഈ ധനശേഖരം വിജയപ്രദമാക്കാൻ എല്ലാവരും കൈതുറന്നു സംഭാവന ചെയ്യുകയും സെൻട്രൽ കമ്മറ്റിയുടെ വിജ്ഞാപനങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കയും കമ്മറ്റിക്കു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും വേണം.

സഭയുടെ വിശ്വാസോപദേശങ്ങൾ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണല്ലോ. ആയതിലേക്കു മലങ്കരസഭ എന്ന പേരിൽ ഒരു മാസിക കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എല്ലാ ഭവനങ്ങളിലും അതു വരുത്തി വായിക്കുന്നതു പ്രയോജനകരമായിരിക്കും. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവ

മാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ. ഇത്യാദി

എന്ന്, 1947-നു കൊല്ലം 1123 ധനു 17-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

37

നമ്പർ 98

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും
ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായി ബലഹീനനായ രണ്ടാമത്തെ
ഗീവറുഗീസ് എന്ന് അഭിധാനമുള്ള
ബസ്സേലിയോസ് കാതോലിക്കാ

(മുദ്ര)

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:-

പ്രിയരെ, നമ്മുടെ സഭയിൽ വഴക്കും വ്യവഹാരങ്ങളും തുടങ്ങിയിട്ട് അനേകം വർഷങ്ങളായിരിക്കുന്നു. സമാധാനം ഉണ്ടാക്കുന്നതിനു പലരും ശ്രമിച്ചെങ്കിലും ഇതുവരെ അതു സാധിച്ചിട്ടില്ല. വിശ്വാസവൈപരീത്യം മൂലമല്ലാതെ സഭയിൽ പിളർപ്പുണ്ടായതായി കേട്ടിട്ടുപോലുമില്ലെന്നു ഹാലിഫാക്സ് പ്രഭു ഒരിക്കൽ പറയുകയുണ്ടായി. എന്നാൽ നമ്മുടെ സഭയിലെ വഴക്കും പിളർപ്പും വിശ്വാസവ്യത്യാസം മൂലം ഉണ്ടായിട്ടുള്ളതല്ല. "ദുഷ്ടനു സമാധാനമില്ല" എന്നു ദീർഘദർശി പറഞ്ഞിരിക്കുന്ന പ്രകാരം, ദുഷ്ടത നിമിത്തമാണു നമ്മുടെ സഭയിൽ സമാധാനം ഇല്ലാതെ വന്നിരിക്കുന്നത്. അതുകൊണ്ടു നമ്മുടെ ദോഷവഴികളെ വിട്ടു ദൈവത്തിങ്കലേക്കു തിരിയുക എന്നുള്ളതാണു സമാധാനം സ്ഥാപിക്കുന്നതിനുള്ള ഉത്തമമായ മാർഗ്ഗം. ആകയാൽ എല്ലാവരും പാപങ്ങളെ ഹൃദയപൂർവ്വം ഉപേക്ഷിച്ചു സത്യമായി അനുതപിക്കുകയും നോമ്പു നോൽക്കുകയും ചെയ്യണം. പെന്തിക്കുസ്തിയുടെ ഈ ദിവസങ്ങളിൽ പ്രത്യേകിച്ചു സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കുസ്തി വരെയുള്ള ദിവസങ്ങളിൽ അനുതാപപൂർവ്വം ദൈവാനുഗ്രഹത്തിനായി കാത്തിരിക്കുകയും കുറ

ഞ്ഞതു 3 ദിവസം, അതായതു സുറിയാനിക്കണക്കിനു ഇടവം 16, 17, 18 ഈ തീയതികളിൽ ഭക്ഷണം വെടിഞ്ഞും കണ്ണുനീരോടും നോമ്പ് ആചരിക്കുകയും 19-നു പള്ളിയിൽ കൂടി വി. കുർബ്ബാനയിൽ സംബന്ധിച്ച്, അനുഭവിക്കുകയും സഭയ്ക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ കഴിക്കുകയും ചെയ്യണം. ഈ നോമ്പു ഭക്തിപൂർവ്വം ആചരിക്കുന്നതിനു മേൽപട്ടക്കാർ, പട്ടക്കാർ മുതലായവർ ജനങ്ങളെ പ്രത്യേകം ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. കഴിയുമെങ്കിൽ ഈ ദിവസങ്ങളിലെല്ലാം പള്ളിയിൽ കൂടി പ്രാർത്ഥന നടത്തുന്നതു നന്നായിരിക്കും. അതിനു മുമ്പു കൂട്ടി പ്രോഗ്രാം ഉണ്ടാക്കിയിരിക്കണം.

നമ്മുടെ സഭയിൽ നിയമിക്കപ്പെട്ടിരിക്കുന്ന നോമ്പുകൾ അഞ്ചും, ബുധനാഴ്ചയും വെള്ളിയാഴ്ചയും നാം ആചരിക്കേണ്ടതാണ്. ഈയിടെ ചിലർ നോമ്പുദിവസങ്ങൾ വെട്ടിക്കുറച്ചതായും അനുഷ്ഠാനങ്ങൾ ലഘുപ്പെടുത്തിയതായും ചില പത്രങ്ങളിൽ എഴുതിയിരുന്നു. അതേപ്പറ്റി ശരിയായി ചിന്തിക്കാതെ ചിലർ അതു സ്വാഗതാർഹമായി കരുതുകയും ചെയ്യുന്നു. നമ്മുടെ കാനോനാകളാൽ സ്ഥിരപ്പെടുത്തപ്പെട്ടവയും കിഴക്കൻ സഭകൾ എല്ലാം ഒരുപോലെ ആചരിച്ചുവരികയും ചെയ്യുന്ന ഈ നോമ്പുകൾ വ്യത്യാസപ്പെടുത്തേണ്ട യാതൊരു പരിതസ്ഥിതിയും ഇപ്പോൾ ആവിർഭവിച്ചിട്ടില്ല. ഈ നോമ്പുകൾ ദയറാക്കാർക്കായി മാത്രം ഏർപ്പെടുത്തപ്പെട്ടവയല്ല. അത്മായക്കാരും ഇവ ആചരിക്കേണ്ടതാകുന്നു. ദയറായക്കാർ ഈ നോമ്പുകൾ കൂടുതൽ വ്രതാനുഷ്ഠാനങ്ങളോടുകൂടി ആചരിക്കണമെന്നാണു വിധിക്കപ്പെട്ടിട്ടുള്ളത്. അവർക്കു കൂടുതൽ നോമ്പുദിവസങ്ങളുമുണ്ട്. നോമ്പു ദിവസങ്ങൾ കുറച്ചും വ്രതാനുഷ്ഠാനങ്ങൾ ലഘുപ്പെടുത്തിയും നമ്മുടെ സഭയുടെ പാരമ്പര്യത്തെ അതിലംഘിക്കുന്നതിന് ഇപ്പോൾ ആവശ്യമില്ലാത്തതാകുന്നു. നോമ്പു സാത്താനെ ജയിക്കാനുള്ള ആയുധമാണ്. അതു കുറവു കൂടാതെ എല്ലാവരും ആചരിക്കണം.

കല്യാണത്തെ സംബന്ധിച്ചു നാം 1121 ചിങ്ങം 1-നു പുറപ്പെടുവിച്ച 768-ാം നമ്പർ കല്പന ഇപ്പോഴും ഊർജ്ജിതത്തിലിരിക്കുന്നതാകുന്നു. വിവാഹകൂദാശ വരന്റെ ഇടവകയിൽ വച്ചുതന്നെ നടത്തണം. മറ്റ് ഇടവകകളിൽ വെച്ചു നടത്തേണ്ട അത്യാവശ്യം നേരിട്ടാൽ ഇടവക മെത്രാപ്പോലീത്തായുടെ രേഖാമൂലമായ അനുമതിയോടുകൂടി ഇടവക വികാരിയുടെ കുറി വാങ്ങിക്കുകയും, കുറിപ്പണം അദ്ദേഹത്തിനും കൈകസ്തൂരി മുതലായ വരുമാനങ്ങൾ വിവാഹം നടത്തുന്ന പള്ളിയിലും കൊടുക്കണം. നോമ്പില്ലാത്ത കാലങ്ങളിൽ ഞായർ, തിങ്കൾ എന്നീ ദിവസങ്ങളിലും ഉയിർപ്പു ഞായറാഴ്ച മുതൽ പുതുഞായറാഴ്ച വരെയുള്ള എല്ലാ ദിവസങ്ങളിലും മാത്രം വിവാഹകർമ്മം നടത്താവുന്നതും എന്നാൽ സ്വർഗ്ഗാരോഹണപ്പെരുനാൾ മുതൽ പെന്തിക്കുസ്തി വരെയുള്ള ദിവസങ്ങ

ളിൽ വിവാഹകർമ്മം നടത്തുവാൻ പാടില്ലാത്തതും ആകുന്നു. ഈ മാസം 11-നു ഇവിടെ വച്ചു കൂടിയ സുന്നഹദോസ് ഈ സംഗതികളെപ്പറ്റി ആലോചിച്ച് ഇപ്രകാരം ഉറപ്പിച്ചിട്ടുള്ളതാണ്.

ഈ വർഷത്തെ റീശീസാ കഴിഞ്ഞ മകരമാസത്തിലും, കാതോലിക്കാ ദിനപ്പിരിവ് കഴിഞ്ഞ മീന മാസത്തിലും അയച്ചുതരണമെന്നാണല്ലോ നാം ആവശ്യപ്പെട്ടിരുന്നത്. അപ്രകാരം ചെയ്തിട്ടില്ലാത്ത പള്ളിക്കാർ ഇടവ മാസം 1-നു മുമ്പായി ആ വക പിരിവുകൾ ലിസ്റ്റുകളോടുകൂടി അയച്ചു തരണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടേയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ... ഇത്യാദി.

എന്ന്, 1947-നു കൊല്ലം 1122 മേടം 17-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

38

നമ്പർ 91

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ
(തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും
മലങ്കര മെത്രാപ്പോലീത്തായും മലങ്കര (യാക്കോബായ)
ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷൻ
പ്രസിഡണ്ടും ആയ മോറാൻ മാർ
ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ.

നമ്മുടെ .... പള്ളിയിലെ വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്,

പ്രിയരെ,

മലങ്കര (യാക്കോബായ) ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷന്റെ ഒരു പൊതുയോഗം 1948-നു കൊല്ലം 1123-ാമാണ്ട് ഇടവമാസം 14-ാം തീയതി വ്യാഴാഴ്ച പകൽ പത്തു മണിക്കു താഴെ

വിവരിക്കുന്ന സംഗതികളെപ്പറ്റി ആലോചിച്ചു തീരുമാനിക്കുന്നതിനു കോട്ടയം എം.ഡി. സിമ്മനാരിയിൽ വച്ചു കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു.

ആലോചനാവിഷയങ്ങൾ

1. മലങ്കര മെത്രാപ്പോലീത്തായുടെ സഹായത്തിന് ഒരു അസിസ്റ്റന്റിനെ തെരഞ്ഞെടുക്കുക.

2. അസ്സോസ്യേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള ചട്ടങ്ങൾ പാസ്സാക്കുക.

3. അസ്സോസ്യേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളെ പുതുതായി തെരഞ്ഞെടുക്കുക.

4. അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ.

ടി അസ്സോസ്യേഷൻ പൊതുയോഗത്തിൽ ഹാജരായി ആ പള്ളി ഇടവകയോഗത്തെ പ്രതിനിധീകരിച്ചു മേൽ വിവരിച്ചിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും വോട്ടു ചെയ്യുന്നതിനുമായി ഒരു പട്ടക്കാരനേയും രണ്ട് അയ്മേനികളെയും മുറപ്രകാരം ആ പള്ളി ഇടവകയോഗം കൂടി പ്രതിപുരുഷന്മാരായി തെരഞ്ഞെടുത്ത് അധികാരപത്രസഹിതം പള്ളിച്ചെലവിൽ അയയ്ക്കണം.

അസ്സോസ്യേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനു ടി മാനേജിംഗ് കമ്മറ്റി തയ്യാറാക്കിയിട്ടുള്ള നക്കൽ ചട്ടങ്ങളുടെ ഒരു പ്രതിയും അധികാരപത്രമെഴുതുന്നതിനുള്ള ഫാറവും ഇതോടുകൂടി അയയ്ക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ .... ഇത്യാദി.

എന്ന്, 1948-നു കൊല്ലം 1123 മേടം 12-ാംനു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

39

നമ്പർ 321

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ തനിക്കു സ്തുതി.

വിശുദ്ധ മാർ തോമ്മായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസേലിയോസ് കാതോലിക്കാ.

(മുദ്ര)

നമ്മുടെ ആത്മീയമക്കളാകുന്ന ഏവരും കണ്ടെന്നാൽ ദൈവിക കൃപയും സ്വർഗ്ഗീയ വാഴ്വും വി. സമാധാനവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

പ്രിയരെ, ലോകാവസാനത്തിന്റെ സർവ്വലക്ഷണവും കണ്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നാം ഭയപ്പെടുകയും പ്രത്യേകം ഒരുങ്ങുകയും ചെയ്യണം. സാത്താന്റെ മഹാവലിയ യുദ്ധത്തിന്റെ ഈ സമയം നാം സൂക്ഷ്മതയുള്ളവരായിരിക്കണം. അവൻ പ്രകാശദൂതന്റെ വേഷത്തിൽ വരുന്ന അന്ധകാരദൂതനാണ്. അവൻ നല്ല വാക്കുകൾകൊണ്ടും ഓരോരുത്തന്റെയും ഹൃദയത്തിനൊത്തവണ്ണം, വേദവാക്യങ്ങൾകൊണ്ടും മറ്റും നമ്മെ വഞ്ചിക്കും. അന്ധകാരത്തിലും, മരണനിഴലിലും ഇരിക്കുന്ന ആളുകൾ ദൈവാത്മാവുമൂലം പ്രകാശിപ്പിക്കപ്പെടുന്നില്ല എങ്കിൽ സ്വന്ത ബുദ്ധിയും ജ്ഞാനവുംകൊണ്ട് അവന്റെ പരീക്ഷകളെ തിരിച്ചറിയുവാൻ സാധിക്കുന്നതല്ല. നാം എല്ലാവരും ദൈവാത്മാവുകൊണ്ട് പ്രകാശിപ്പിക്കപ്പെട്ടവരാണെങ്കിലും ഒരു താലന്തുകാരനെപ്പോലെ നമ്മുടെ ദ്രവ്യത്തെ കുഴിച്ചുവെച്ച് അന്ധകാരത്തിൽ ചരിക്കുന്നു. ആയതുകൊണ്ട് നാം വെറും ജഡികന്മാരും ലോകത്തെയും അതിന്റെ ജ്ഞാനത്തെയും അതിന്റെ ധനത്തെയും മാത്രം നോക്കി നടക്കുന്നവരുമായിത്തീർന്നിരിക്കുന്നു. അതിനാൽ വീണ്ടും വി. ആത്മാവു മൂലം പ്രകാശിപ്പിക്കപ്പെട്ട് രക്ഷ പ്രാപിക്കുന്നതിന് അനുതാപം നമുക്കത്യാവശ്യമാണ്. അനുതപിപ്പിൻ, അനുതപിപ്പിൻ, എന്ന് കർത്താവും തന്റെ അപ്പോസ്തോലന്മാരും മുമ്പുള്ള ദീർഘദർശിമാരും നമ്മുടെ വിശുദ്ധസഭയും വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നു. ഈ വി. നോമ്പ് അനുതാപത്തിന്റെ കാലമാണ്. സാത്താനെ നമ്മിൽ നിന്നും ആട്ടിപ്പായിക്കുന്ന ഒരായുധമാണ് നോമ്പ്.

ഉപവാസത്താലും പ്രാർത്ഥനയാലുമല്ലാതെ ഈ ജാതി ഒഴിഞ്ഞുപോകുകയില്ല എന്നു കൽപിച്ചവൻ കർത്താവാണ്. കർത്താവ് നോമ്പുനോറ്റു

നോമ്പാൽ താൻ സാത്താനെ ജയിക്കുകയും അവനെ ആട്ടി പുറന്തള്ളുകയും ചെയ്തു. അപ്പോസ്തോലന്മാരും എല്ലാ പരിശുദ്ധന്മാരും നോമ്പുമൂലമാണ് സാത്താനെ ജയിച്ചിട്ടുള്ളത്. 'വായിലേക്കു പോകുന്നത് മനുഷ്യനെ അശുദ്ധമാക്കുന്നില്ല' എന്ന വാക്യത്തിന്റെ മറവിൽ നിന്നുകൊണ്ട് നോമ്പിനെ അപലപിക്കുന്നവരുണ്ട്. അവരുടെ പിന്നാലെ നാം പോകരുത്. ഊർശ്ലേമിലെ ആദ്യ സുന്നഹദോസ് നിശ്ചയം, 'ഞെക്കിക്കൊല്ലപ്പെട്ടവയിൽ നിന്നും, വിഗ്രഹത്തിനു നിവേദിക്കപ്പെട്ടവയിൽ നിന്നും, രക്തത്തിൽനിന്നും, വേശ്യാദോഷത്തിൽനിന്നും ഒഴിഞ്ഞിരിക്കണം' (Acts 15:20) എന്നിപ്രകാരമാണ്. ഈ പറയുന്നതിൽ ആദ്യത്തെ മൂന്നെണ്ണവും വായിലേക്കു പോകുന്നവയാണ്. അവ മനുഷ്യനെ അശുദ്ധമാക്കുമെന്ന് പരിശുദ്ധാത്മാവ് കല്പിക്കുന്നു. കർത്താവിന്റെയും പരിശുദ്ധാത്മാവിന്റെയും കല്പന വിപരീതമായി വരുന്നതല്ലല്ലോ. മണവാളൻ എടുക്കപ്പെടുമ്പോൾ മണവറപ്പൈതങ്ങൾ നോമ്പുനോക്കുമെന്ന് കർത്താവ് കല്പിച്ചിരിക്കുന്നു. നോമ്പ്, പറുദൈസാ മുതൽ തുടങ്ങിയിട്ടുള്ളതാണ്. അതിനാൽ സത്യ അനുതാപത്തോടും കണ്ണുനീരോടും സാഷ്ടാംഗവന്ദനവോടും നിനുവായക്കാരെപ്പോലെ ഈ നോമ്പ് നാം ആചരിക്കണം. നമ്മുടെ ഓരോ പാപത്തെയും നാം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. ഇതിനെപ്പറ്റി കാര്യമായി ചിന്തിച്ച് സത്യഅനുതാപത്തോടെ ഈ നോമ്പു നോക്കണം. ദൈവത്തെയും സമസൃഷ്ടങ്ങളെയും നാം സ്നേഹിക്കണം. നമ്മുടെ ശത്രുക്കളോട് – നമ്മോട് ദോഷം ചെയ്തിട്ടുള്ളവരോട് – നാം പ്രതികാരം ചെയ്യരുത്. അവരുടെ തിരിച്ചുവരവിനുവേണ്ടി നാം പ്രാർത്ഥിക്കണം.

കർത്താവു നമ്മുടെ പാപം മോചിപ്പാനായിട്ട് സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കിറങ്ങിവന്ന്, മനുഷ്യനായിത്തീർന്നു. മനുഷ്യന്റെ പുത്രൻ ലോകത്തിന്റെ പാപത്തെ മോചിച്ചു. തളർവാതിക്ക്, അവന്റെ പാപം മോചിച്ചു; പാപിയായ സ്ത്രീയുടെ പാപം ക്ഷമിച്ചു. യഹൂദന്മാർ മനുഷ്യന് പാപം മോചിക്കാൻ അധികാരം ഇല്ല എന്നെതിർക്കുന്നു. മനുഷ്യപുത്രന് പാപം മോചിക്കാൻ അധികാരമുണ്ട് എന്ന് കല്പിച്ച് കർത്താവ് തളർവാതിയെ എഴുന്നേല്പിച്ചു വിടുന്നു. ഇതുപോലെയുള്ള അധികാരം മനുഷ്യർക്ക് കൊടുത്ത ദൈവത്തെ ആ ജനക്കൂട്ടം സ്തുതിക്കുന്നു. കർത്താവ് പാപമോചനത്തിന്റെ ആഫീസ് ഈ ലോകത്തിൽ സ്ഥാപിച്ചു. 'നിങ്ങൾ ഭൂമിയിൽ കെട്ടുന്നത് സ്വർഗ്ഗത്തിൽ കെട്ടപ്പെടും. ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗത്തിൽ അഴിക്കപ്പെടും. ആരുടെ പാപങ്ങളെ നിങ്ങൾ മോചിക്കുന്നുവോ അതു മോചിക്കപ്പെടും. ആരുടേതു പിടിക്കുന്നുവോ അതു പിടിക്കപ്പെടും' എന്നു കല്പിച്ചു തന്റെ അധികാരം ഇവിടെ സ്ഥാപിക്കുന്നു. അല്ലാതെ പാപമോചനം സ്വർഗ്ഗത്തിൽനിന്ന് ഇങ്ങോട്ടു വരുന്നു എന്നു പറയുന്നില്ല. ദൈവം സ്വർഗ്ഗത്തിൽ നിന്നിറങ്ങി ഭൂമിയിൽ മനുഷ്യനായി നടന്ന് നമു

ക്കുവേണ്ടി കുരിശിൽ തൂങ്ങി മരിച്ചു. പാപമോചനം മനുഷ്യനായ യേശു തമ്പുരാൻ നമുക്കു തന്നു. പിൻഗാമികളെ ഈ അധികാരം ഏല്പിച്ചു. ആകയാൽ യേശുമിശിഹാമൂലം നമ്മുടെ പാപങ്ങൾക്ക് ഈ ലോകത്തിൽനിന്ന് നാം പരിഹാരം കണ്ടുപിടിക്കണം. അതല്ലാതെ വേറെ മാർഗ്ഗമില്ല. ദൈവത്തിനു മനസ്സുണ്ട്. താൻ അവിടെ ഇരുന്ന് നമ്മുടെ പാപം മോചിച്ചില്ല. വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തിട്ടുള്ള പരിശുദ്ധന്മാരുണ്ട്. മോശ, ഏലിയാ തുടങ്ങിയവർ അവരുടെ പ്രാർത്ഥനകൾ മൂലമോ, സൽക്രിയകൾ മൂലമോ പാപമോചനം നേരിട്ടു വാങ്ങിയില്ല. മനുഷ്യാവതാരംമൂലം നാം സ്ഥാപിച്ചിട്ടുള്ള പാപമോചനത്തിന്റെ കലവറയാകുന്ന (ആഫീസാകുന്ന) പട്ടത്വം മൂലമല്ലാതെ പാപപരിഹാരത്തിനു മറ്റു യാതൊരു പോംവഴിയുമില്ല. പട്ടക്കാർ വിധി എഴുതുന്നു. സ്വർഗ്ഗീയ രാജാവ് അതിനെ അംഗീകരിക്കുന്നു. അപ്പോൾ അത് സ്വർഗ്ഗീയരാജാവിന്റെ വിധി ആയിത്തീരുന്നു. ഈ രഹസ്യം വലിയത്.

ആകയാൽ പ്രിയരെ, ഈ നോമ്പിൽ നാം നമ്മുടെ പാപങ്ങളെ പട്ടക്കാരുടെ മുമ്പാകെ ഏറ്റുപറഞ്ഞ് പാപപരിഹാരം സമ്പാദിക്കണം. അതിന്റെ ശേഷം ദൈവസഹായത്താൽ പാപം ചെയ്യാതെ നാം സാത്താനെ ജയിക്കണം. അപ്പോൾ നമ്മുടെ കണ്ണുകൾ തുറക്കപ്പെടും. ദൈവത്തെ നമുക്കു കാണാം. നമ്മുടെ ഓരോ പാപങ്ങളെയും നാം കണ്ട് അവയെ ഉപേക്ഷിക്കണം. പാപം മരണമാണ്. പാപത്തെ നീതീകരിക്കാൻ സാധിക്കുന്നതല്ല. അനുതാപം മൂലം പാപി നീതീകരിക്കപ്പെടുന്നു. ഒളിച്ചുകിടക്കുന്ന പാപം നമ്മെ മരണത്തിലേക്കു നടത്തും. ആകയാൽ പാപം ഏതെന്നു നാം മനസ്സിലാക്കണം. ന്യായപ്രമാണ പാപങ്ങളുണ്ട്. അതിനെ ആരും എതിർക്കുകയില്ല. അതു കൂടാതെയുള്ള പാപങ്ങളുണ്ട്. അതിനെ മനുഷ്യർ കാര്യമാക്കുന്നില്ല. അതുകൊണ്ട് അനുതപിപ്പാൻ ഇടയാകാതെ നാം നശിക്കുന്നു. ഇതുമൂലം ക്രിസ്തുമതം നശിക്കുന്നു. നാം ഏറ്റുപറയേണ്ട പാപലിസ്റ്റ് പ്രത്യകം സൂക്ഷ്മമായി വായിച്ചു മനസ്സിലാക്കണം. അവയിൽ പ്രധാനമായി നാം ഏറ്റുപറയേണ്ട ഭാഗം വിശ്വാസവിപരീതികളോടുള്ള സംസർഗ്ഗമാണ്.

വിശ്വാസവിപരീതം എന്നുള്ളത് മരണപാപങ്ങളിൽ പ്രധാനപ്പെട്ടതാണ്. കർത്താവും അപ്പോസ്തോലന്മാരും, എല്ലാ പിതാക്കന്മാരും വിശ്വാസവിപരീതികളോടുള്ള സംസർഗ്ഗത്തെ നിരോധിക്കുന്നു! ‘എന്റെ നാമത്തിൽ പലരും വന്ന് ഞാൻതന്നെ ക്രിസ്തു ആകുന്നു എന്നു പറഞ്ഞ് പലരേയും വഞ്ചിക്കും.’ കുഞ്ഞാടുകളുടെ വേഷത്തിൽ നിങ്ങളുടെ അടുത്തുവരുന്ന ഓനായ്ക്കളിൽനിന്നു സൂക്ഷിച്ചുകൊൾവിൻ. ‘നിന്റെ നാമത്തിൽ ഞങ്ങൾ ദീർഘദർശനം പറഞ്ഞു, പിശാചുക്കളെ പുറപ്പെടുവിച്ചു നിന്നോടുകൂടെ ഞങ്ങൾ ഭക്ഷിച്ചു എന്നവർ പറയുമ്പോൾ, ഞാൻ നിങ്ങളെ അറിയുക

യില്ല' എന്നു മറുപടി. ആകയാൽ വിശ്വാസവിപരീതികളിൽ നിന്നു സൂക്ഷി ച്ചകലണം. 'ഈ വിശ്വാസം കൊണ്ടുവരാത്തവനെ വീട്ടിൽ കയറ്റുകയോ കുശലം പറയുകയോ അരുത്' എന്ന് അപ്പോസ്തോലൻ കല്പിക്കുന്നു. 'സഭയെ കേൾക്കാത്തവൻ നിനക്കു ചുങ്കക്കാരനും കാവ്യനുമായിരിക്കട്ടെ.' സഭയുടെ വിശ്വാസത്തെ അനുസരിക്കാത്തവനാണ് സഭയെ കേൾക്കാ ത്തവൻ. ആയതുകൊണ്ട് സഭയെ കേൾക്കാത്തവനുമായി ക്രിസ്ത്യാനി എന്നുള്ള നിലയിൽ യാതൊരു സംബന്ധവും പാടില്ലാ എന്നു കല്പിക്കു ന്നതു കർത്താവു തന്നെയാണ്; മറ്റാരുമല്ല. നമ്മുടെ ഇപ്പോഴത്തെ വലിയ അനുസരണക്കേട് ഇതാണെന്ന് സ്പഷ്ടമാണല്ലോ. പ്രിയരെ, അനുത പിക്കണം. നിങ്ങളുടെ കുഞ്ഞുങ്ങളെ വിശ്വാസവിപരീതികൾക്ക് കൊടു ക്കുകയും, അവരുടെ കൂദാശകൾ കൈക്കൊള്ളുകയും മറ്റും ചെയ്യുന്നതു മഹാപാപമാണ്. എല്ലാ കാനോനാകളിലും നിയമങ്ങളിലും ഇതിനെ നിഷ് കർഷിക്കുന്നു.

അനുഗ്രഹിക്കപ്പെട്ട മക്കളെ! പുതിയതല്ല പഴയ വിശ്വാസം നിങ്ങളെ നാം അനുസ്മരിപ്പിക്കുന്നു. നാം വിശ്വാസികളാണ്. വിശ്വാസികളുടെ പിതാ വാകുന്ന അബ്രഹാമിന്റെ സന്തതികളാണ്. നമ്മുടെ വിശ്വാസം ശരിയാ ണെന്നുള്ളത് ഇപ്പോൾ ലോകം മുഴുവനിലുമുള്ള സഭകളും സമുദായ ങ്ങളും സമ്മതിക്കുന്നു. ആകയാൽ സത്യവിശ്വാസികളാകുന്ന നാം പ്രോട്ട സ്റ്റന്റ് വിശ്വാസികളോട് ശേത്തിന്റെ മക്കൾ, കായേന്റെ മക്കളോടെന്ന പോലെ കൂടിപ്പിണയരുത്. അതു ദൈവത്തിനിഷ്ടമല്ല. വിശ്വാസിക്കല്ലാതെ വിശ്വാസവിപരീതിക്ക് അവിടെ സ്ഥാനമില്ല. നമ്മുടെ മരണസമയത്ത് താടി വായു വലിച്ചു മരിക്കുമ്പോൾ, അപേക്ഷയല്ല, വിശ്വാസപ്രമാണമാണ് ചൊല്ലുന്നത്. അതുകൊണ്ട് വിശ്വാസത്തെ നാം ഏറ്റവും കാര്യമായി ഗണി ക്കണം. എന്റെ നിമിത്തം പിതാവിനെയും മാതാവിനെയും മറ്റും ഉപേ ക്ഷിക്കാത്തവൻ എനിക്കു യോഗ്യനല്ല എന്നു കർത്താവു കല്പിച്ചിരി ക്കുന്നതിനെ ഓർത്തുകൊള്ളണം. ദൈവഭക്തി എന്നു വിചാരിച്ചു കൊണ്ടും ദൈവത്തിന്റെ വചനമാണല്ലോ എന്നു കരുതിയും വിശ്വാസ വിപരീതികളോടു ചേർന്ന് ഐക്യകൺവൻഷനും മറ്റും ആളുകൾ നട ത്തിത്തുടങ്ങിയിരിക്കുന്നു. പിശാചും ദൈവത്തിന്റെ വചനം പറയും. കർ ത്താവിന്റെ അടുക്കൽ അവൻ വേദവാക്യം പറഞ്ഞു. എന്നാൽ അവൻ പറഞ്ഞവണ്ണം കർത്താവ് ആ വാക്യത്തെ അനുസരിച്ചിരുന്നു എന്നു വരു കിൽ ഇന്നു പ. ത്രിത്വം ഇല്ലാതെ പോയേനെ. ആ വേദവാക്യത്തിൽ അവൻ ഉള്ളടക്കം ചെയ്ത ബോംബ് അണുബോംബിനേക്കാൾ ശക്തി യുള്ളതായിരുന്നു. അന്ധകാരത്തിന്റെ ദൂതൻ പ്രകാശത്തിന്റെ ദൂതന്റെ വേഷം ധരിക്കുന്നവണ്ണം അവന്റെ ശിഷ്യന്മാർ അപ്പോസ്തോലന്മാരുടെ വേഷം ധരിക്കുന്നു എന്നു ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു. അതിനാൽ വിശ്വാ

സവിപരീതികളുമായുള്ള ഐക്യകൺവൻഷൻ നമ്മെ വഴിതെറ്റിച്ചു പാപത്തിലേക്കു നയിക്കുമെന്നുള്ളതിനു സംശയമില്ല. അതിനാൽ വിശുദ്ധ സഭ പഠിപ്പിക്കുന്നവണ്ണം നിങ്ങൾ ജീവിക്കണം. വിശ്വാസവിപരീതികളുമായുള്ള സംസർഗ്ഗം ഐക്യപ്രസംഗത്തിലായാലും, കൂദാശകളിലായാലും മഹാപാപമാണെന്ന് അറിഞ്ഞുകൊള്ളണം.

പ്രിയരെ, ഈ തരത്തിലുള്ള പാപങ്ങളെപ്പറ്റി ഈ നോമ്പിൽ പ്രത്യേകം നാം അനുതപിക്കണം. നമ്മുടെ അവിശ്വാസംകൊണ്ട് വിശ്വാസവിപരീതികളെ നാം വർദ്ധിപ്പിക്കുന്നു. ആകയാൽ ഓരോരുത്തരും കരുതണം. നമ്മുടെ നോമ്പുകൾ അഞ്ചും, ബുധനാഴ്ച വെള്ളിയാഴ്ചകളും ആചരിക്കുന്നത് നമ്മുടെ ആത്മാവിനും ശരീരത്തിനും പ്രയോജനമുള്ളവയാണ്. ... കല്പിക്കപ്പെട്ടിരിക്കുന്നവണ്ണം എല്ലാ നോമ്പുകളേയും കൃത്യമായി നാം ആചരിക്കണം. ... വിശേഷിച്ചും എല്ലാ നോമ്പുകളിലും നാം കുമ്പസാരിച്ച് കുർബ്ബാന അനുഭവിക്കേണ്ടതാണ്. പ്രത്യേകിച്ച് ഈ വലിയനോമ്പിൽ 40-ാം വെള്ളിയാഴ്ചയ്ക്കു മുമ്പ് എല്ലാവരും കുമ്പസാരിച്ചു കുർബ്ബാന അനുഭവിച്ചിരിക്കണം. കൂടാതെ പെസഹായിക്കും ദുഃഖശനിയാഴ്ചയ്ക്കും ഉയിർപ്പിനും എല്ലാവരും കുർബ്ബാന കൈക്കൊള്ളണമെന്ന് കാനോൻ നിഷ്കർഷിക്കുന്നു.

ഇങ്ങനെ നിങ്ങൾ ദൈവത്തിനും സഭയ്ക്കും ഒത്തവണ്ണം ജീവിച്ചു സത്യവിശ്വാസത്തെ പാലിച്ചു ദൈവത്തിന്റെ മക്കളായി സമാധാനത്തോടെ ഈ ആയുസ്സിൽനിന്നു പിരിഞ്ഞുപോകണമെന്ന് നാം ഗുണദോഷിക്കുന്നു. ലോകാവസാനത്തിന്റെ സകല ലക്ഷണങ്ങളും കാണുകയാൽ, ഏതു നാഴികയിലോ ഏതു ദിവസത്തിലോ വരുന്നു എന്നറിയാൻ പാടില്ലാത്തതുകൊണ്ട് ഒരുങ്ങിയിരിപ്പിൻ. കർത്താവിന്റെ തിരുമുമ്പിലേക്ക് ഒരുക്കത്തോടുകൂടെ പുറപ്പെടുവിൻ. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ... ഇത്യാദി...

എന്ന്, 1949-ന് കൊല്ലവർഷം 1124 കുംഭം 22-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

40

നമ്പർ 479

The Orthodox Church of The East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
രണ്ടാമത്തെ ഗീവറുഗീസായ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ കർത്താവിന്റെ ജനനപ്പെരുനാളും നവവത്സരാരംഭവും സമാഗതമായിരിക്കുന്നു. ഈ പെരുനാൾ ഭക്തിപൂർവ്വം ഒരിക്കൽകൂടി ആഘോഷിക്കപ്പെടുന്ന ഈ ശുഭാവസരത്തിൽ, നമ്മുടെ കർത്താവ് തിരുവവതാരം ചെയ്തപ്പോൾ സകല ചരാചരങ്ങൾക്കും ഉണ്ടായ ആനന്ദവും ദിക്കെങ്ങും വ്യാപിച്ച വെളിച്ചവും പുതുതായി നിങ്ങൾക്ക് അനുഭവമാകുവാൻ നാം പ്രാർത്ഥിക്കുന്നു. യൽദോ സമാധാനത്തിന്റെയും സംപ്രീതിയുടെയും ദിനമാണ്. ഈ സമാധാനവും സംപ്രീതിയും നിങ്ങളുടെ ഹൃദയങ്ങളിലും, കുടുംബങ്ങളിലും, നമ്മുടെ സഭയിലും നാൾക്കുനാൾ വർദ്ധിച്ചുവരുവാൻ ദൈവം അനുഗ്രഹിക്കട്ടെ. ഈ നവവത്സരത്തിൽ നിങ്ങൾക്കു സർവ്വവിജയങ്ങളും നാം ആശംസിക്കുന്നു.

പതിവുപോലെ മകരം 1-നു മുമ്പായി റിശീസാപ്പിരിവു നടത്തണമെന്നു നാം അനുസ്മരിപ്പിക്കുന്നു. സിംഹാസനത്തിങ്കലേക്കുള്ള ഈ വരുമാനം ശേഖരിക്കുന്നതിന് പട്ടക്കാരും ജനങ്ങളും ഉത്സാഹമായി പ്രവർത്തിക്കുകയും കാലതാമസം വരുത്താതെ കഴിഞ്ഞകൊല്ലത്തെ കുടിശിഖ ഉൾപ്പെടെ പിരിച്ചെടുത്ത് നമ്മുടെ പേർക്ക് അയച്ചുതരികയും ചെയ്യണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷമുള്ള സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...... ഇത്യാദി

എന്ന്, 1949-ന് കൊല്ലം 1125 ധനു 23-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

41

നമ്പർ 508

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും
ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:-

പ്രിയരെ,

വലിയനോമ്പ് ആരംഭിച്ചിട്ട് ഒരാഴ്ച കഴിഞ്ഞിരിക്കുന്നു. ഈ നോമ്പ് സത്യ അനുതാപത്തോടുകൂടി നിങ്ങൾ ആചരിക്കണം. ക്രൈസ്തവസഭകൾക്കും ദൈവത്തിനും എതിരായ സംഘടനകൾ ലോകത്തിൽ പലയിടത്തും ഇപ്പോൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. പ്രത്യേകിച്ചു നമ്മുടെ സഭ ഒരു ദുർഘടഘട്ടത്തിൽ കൂടി പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ അപകടസന്ധിയെ വിജയപൂർവ്വം തരണം ചെയ്യാൻ നാം ദൈവാശ്രയപൂർവ്വം ജീവിക്കണം. ദൈവമാണു നമ്മുടെ രക്ഷാകേന്ദ്രം. അവിടുത്തെ തിരുവിഷ്ടപ്രകാരം ജീവിച്ചാൽ ഭയത്തിന് അവകാശമില്ല. അവിടുത്തേക്കു കഴിയാത്ത കാര്യം ഒന്നുംതന്നെയില്ല. "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ ആചരിപ്പീൻ" എന്നു താൻ കല്പിച്ചിരിക്കുന്നു. തന്റെ കല്പനകൾ സന്മാർഗ്ഗത്തെപ്പറ്റിയും വിശ്വാസാചാരങ്ങളെപ്പറ്റിയും മറ്റുമാകുന്നു. അവയിൽ പ്രധാനപ്പെട്ട ഒരു കല്പന "സഭയെ കേൾക്കാത്തവൻ നിനക്കു ചുങ്കക്കാരനും കാവ്യനുമായിരിക്കട്ടെ" എന്നതാണ്. ആകയാൽ സഭയുടെ കൽപനകളെ ..... മോഷ്ടിക്കരുത് എന്നിപ്രകാരമുള്ള കൽപനകളിൽ ഒട്ടും അപ്രധാനമല്ല സഭയെ കേൾക്കണമെന്നുള്ളത്. അതിന്റെ പ്രാധാന്യത അറിയേണ്ടുന്നതിനായിട്ടാണ് വി. പിതാക്കന്മാർ വിശ്വാസപ്രമാണത്തിൽ സഭയെപ്പറ്റി പറഞ്ഞിരിക്കുന്നത്. പിതാവിലും പുത്രനിലും പരിശുദ്ധ റൂഹായിലും വിശ്വസിക്കുന്നതുപോലെതന്നെ "കാതോലിക്കായ്ക്കും ശ്ലീഹായ്ക്കും അടുത്ത ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്നു നാം ഏറ്റുപറയുന്നു. സഭയുടെ കല്പനകളിൽ പ്രധാനമായിട്ടുള്ളതു വിശ്വാസവിപരീതികളോടുള്ള സംസർഗ്ഗത്തെപ്പറ്റിയാണ്. വിശ്വാസവിപരീതികളോടുള്ള സംസർഗ്ഗവും അരിഷ്ടമായ സ്നേഹവും നാം കുമ്പസാരിക്കുമ്പോൾ ഏറ്റുപറ

യേണ്ട പാപങ്ങളാണ്. ഹൂദായകാനോൻ ഒന്നാം അദ്ധ്യായം ഒന്നാം പാസോക്കായിൽ പൗലൂസു ശ്ലീഹായുടെ അഭിപ്രായം ശ്ലീഹന്മാരുടെ കാനോനിൽ നിന്ന് ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു. "എപ്പിസ്കോപ്പാ, അവിശ്വാസികളുടെ നിമിത്തം പള്ളിയിൽ പോകാൻ നിവൃത്തിയില്ലെങ്കിൽ ദുഷ്ടന്മാരുടെ പള്ളിയിലേക്കു വിശ്വാസികൾ പ്രവേശിക്കാതിരിക്കേണ്ടതിനു ഭവനത്തിൽ അവരെ കൂട്ടിക്കൊൾക. എന്നാൽ ഭവനത്തിലും പള്ളിയിലും കൂടുവാൻ നിവൃത്തിയില്ലെങ്കിൽ രണ്ടോ മൂന്നോ പേർ ഒരുമിച്ചു പ്രാർത്ഥിക്കയോ ഓരോരുത്തരും തന്നെത്താൻ പ്രാർത്ഥിക്കയോ ചെയ്യട്ടെ." അഞ്ചാം അദ്ധ്യായം അഞ്ചാം പാസോക്കായിൽ പൗലൂസു ശ്ലീഹായുടെ അഭിപ്രായം വീണ്ടും നാം ഇപ്രകാരം കാണുന്നു. "വിശ്വാസി, ശോമൂഓ (കേൾവിക്കാർ) യുടെ കൂടെയോ, വിശ്വാസവിപരീതികളോടു കൂടെയോ ഭവനത്തിൽ വച്ചുപോലും പ്രാർത്ഥിച്ചു കൂടാ." ശ്ലീഹന്മാരിൽ പ്രധാനിയായ പൗലൂസു ശ്ലീഹായുടെ അഭിപ്രായവും സഭയുടെ അഭിപ്രായവും കർത്താവിന്റെ അഭിപ്രായവും ഒന്നു തന്നെയാണ്. അതിനു വിരോധമായി പ്രവർത്തിക്കുന്നതു പാപമാണ്. നമ്മുടെ സഭ പുരാതനവും ലോകമാകെ അംഗീകരിക്കപ്പെട്ടതുമത്രെ. റോമ്മാ, ഗ്രീക്ക് മുതലായ വലിയ എപ്പിസ്ക്കോപ്പൽ സഭകൾ നമ്മുടെ കൈവയ്പിനെയും കൂദാശകളെയും തർക്കം കൂടാതെ സ്വീകരിക്കുന്നുണ്ട്. എന്നാൽ നാം പ്രൊട്ടസ്റ്റന്റു സഭകളുമായി കൂടിക്കഴിഞ്ഞാൽ നമ്മുടെ ഈ സ്ഥാനം നഷ്ടപ്പെട്ടു പോകുന്നതാണ്. മാർത്തോമ്മാ, സൗത്തിന്ത്യൻ യൂണിയൻ, തൊഴിയൂർ എന്നീ സഭകളും നമ്മുടെ സഭയും ആത്മികവും ലൗകികവുമായ കാര്യങ്ങളിൽ യോജിച്ചു പ്രവർത്തിക്കണമെന്നും അതു ദൈവേഷ്ടമാണെന്നും അതിനു ജനസംഘടനകൾ സഹകരിച്ചു പരിശ്രമിക്കണമെന്നും ചിലർക്ക് അഭിപ്രായമുള്ളതായി പത്രങ്ങളിൽ കണ്ടു. ക്രൈസ്തവസഭകളുടെ ഐക്യം വളരെ നല്ലതു തന്നെ. അതിനായി നാം പ്രാർത്ഥിക്കുന്നു. എന്നാൽ വിശ്വാസത്തിൽ യോജിച്ചില്ലെങ്കിൽ സഭകൾ തമ്മിൽ എങ്ങനെ യോജിക്കും? അവിശ്വാസിയും വിശ്വാസിയും കൂടെ എങ്ങനെ ഒരുമിച്ചു പ്രാർത്ഥിക്കും? വിശ്വാസവിപരീതികളോടുള്ള കൂട്ടായ്മ നമ്മുടെ സഭയ്ക്കു നാശകരമായിരിക്കും. കായേനും ശേത്തും ഒരേ മാതാപിതാക്കന്മാരുടെ മക്കളാണ്. അവരുടെ യോജിപ്പ് ഒന്നാമത്തെ ലോകത്തിന്റെ നാശത്തിനു കാരണമാക്കി. അതുകൊണ്ടു വിശ്വാസവിപരീതികളോടു നമുക്ക് ഒരു കൂട്ടായ്മയും പാടില്ല. അങ്ങനെ ആരെങ്കിലും കൂട്ടുപിടിച്ചാൽ അവർ ദൈവത്തിന്റെ വിരോധികളാകും. അന്ധകാരത്തിന്റെ ദൂതൻ പ്രകാശത്തിന്റെ ദൂതന്റെ വേഷം എടുക്കുന്നതുപോലെ അവന്റെ ശിഷ്യന്മാർ അപ്പോസ്തോലന്മാരുടെ വേഷമെടുക്കുന്നുവെന്ന് അപ്പോസ്തോലൻ എഴുതിയിരിക്കുന്നു. 'കുഞ്ഞാടുകളുടെ വേഷത്തിൽ നിങ്ങളുടെ അടുക്കൽ വരുന്ന ഓനായ്ക്കളെ സൂക്ഷിച്ചുകൊൾക' എന്നു നാം വായിക്കുന്നു. കർത്താവു

കല്പിക്കുന്നു, വിരുന്നുഭവനത്തിൽ കല്യാണവസ്ത്രം കൂടാതെ, അതായതു പരി. കൂദാശകൾ കൂടാതെ, പ്രവേശിച്ചവന്റെ കൈകളും കാലുകളും കെട്ടി പുറത്തെ അന്ധകാരത്തിലേക്ക് അവനെ തള്ളുക എന്ന്. “കർത്താവേ, കർത്താവേ എന്നു തന്നോടു പറയുന്നവരെല്ലാം ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല. സ്വർഗ്ഗത്തിലുള്ള പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ മാത്രമേ പ്രവേശിക്കയുള്ളു.' സ്വർഗ്ഗത്തിലുള്ള പിതാവിന്റെ ഇഷ്ടം പുത്രന്റെ കല്പനയെ അനുസരിക്ക എന്നുള്ളതാണ്. പുത്രന്റെ കല്പന സഭയെ കേൾക്കണമെന്നാണ്. അതുകൊണ്ടു സഭയ്ക്കു വിരോധമായി നാം ഒന്നും പ്രവർത്തിക്കരുത്. അങ്ങനെ ചെയ്യാൻ ആർക്കും അധികാരമില്ല. അതിനാൽ ആത്മീയമായ കാര്യങ്ങളിൽ അവിശ്വാസികളോട് അതായതു വിശ്വാസവിപരീതികളോടു നമുക്കു യാതൊരു സംബന്ധവും ഉണ്ടായിക്കൂടാ. യാതൊരു ആത്മീയബന്ധവും ഉണ്ടായിക്കൂടാ. അതിനു വിരോധമായി പറയുന്നവൻ വി. പൗലൂസു പറയുന്നവണ്ണം മാലാഖാ ആയാലും, മനുഷ്യനായാലും അവൻ ശപിക്കപ്പെട്ടവനായിരിക്കും. പരിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപിക്കപ്പെട്ടിട്ടുള്ളതും നമ്മുടെ വി. സഭ അഭംഗം പാലിച്ചുവരുന്നതുമായ സത്യവിശ്വാസത്തിൽ ഐക്യപ്പെടുന്നതുവരെ മാർത്തോമ്മാ സഭയോടോ തെന്നിന്ത്യൻ ഐക്യസഭയോടോ നമുക്കു യാതൊരു ബന്ധവുമില്ല. ഇതു നിങ്ങൾ നല്ലവണ്ണം ഗ്രഹിക്കണം. നമ്മുടെ അഭിപ്രായമല്ല ദൈവത്തിന്റെ അഭിപ്രായമാണു നാം പറയുന്നത്.

നമ്മുടെ എല്ലാ ഇടവകകളിലും യുവജനസംഘടനകൾ രൂപീകരിക്കണമെന്നു നാം നിർദ്ദേശിച്ചിരുന്ന വിവരം അനുസ്മരിപ്പിക്കുന്നു. ഏതെങ്കിലും ഇടവകയിൽ അവ ഇതുവരെയും രൂപീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ എത്രയുംവേഗം അവ സംഘടിപ്പിക്കേണ്ടതാകുന്നു. അവയ്ക്ക് ഒരു ഭരണഘടന നമ്മുടെ അംഗീകാരത്തോടുകൂടി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഘടനയുടെ പ്രതികൾ ആവശ്യമുള്ളവർക്കു നമ്മുടെ ആപ്പീസിൽനിന്നും അയച്ചുതരുന്നതായിരിക്കും. യുവജനസംഘങ്ങളുടെ പ്രവർത്തനങ്ങൾ ആ ഭരണഘടനയ്ക്കും മെത്രാപ്പോലീത്തന്മാർ അപ്പഴപ്പോൾ നൽകുന്ന നിർദ്ദേശങ്ങൾക്കും വിധേയമായിട്ടായിരിക്കണം. നമ്മുടെ യുവജനങ്ങൾ ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന യാതൊരു സംഘടനകളിലും ചേരുവാനും അങ്ങനെയുള്ള സംഘടനകൾ നമ്മുടെ ഇടവകകളിൽ നടത്തുവാനും പാടില്ലാത്തതാകുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാ

ശ്ലീഹായുടേയും സകല ശുദ്ധിമാന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.... ഇത്യാദി.

എന്ന്, 1950-നു കൊല്ലം 1125 കുംഭം 18-നു
കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

42

നമ്പർ 509

The Orthodox Syrian Church of The East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ
ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളി കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

പതിവുപോലെ ഇക്കൊല്ലവും വലിയനോമ്പിലെ മുപ്പത്താറാം ഞായറാഴ്ച - മീനം 13-നു - കാതോലിക്കാദിനമായി ആഘോഷിക്കപ്പെടേണ്ടതാകുന്നു. അന്ന് എല്ലാവരും വി. കുർബ്ബാനയിൽ സംബന്ധിക്കയും സഭയ്ക്കുവേണ്ടിയും, കാതോലിക്കാസ്ഥാപനത്തിനുവേണ്ടിയും പ്രത്യേകം പ്രാർത്ഥനകൾ നടത്തുകയും ചെയ്യണം. പൊതുയോഗം ഘോഷയാത്ര മുതലായവയും നടത്തണം. കാതോലിക്കാദിനപ്പിരിവ് അന്നുകൊണ്ട് പൂർത്തിയാക്കി പിരിവുസംഖ്യ മീനം 14-നു തിങ്കളാഴ്ച നമ്മുടെ പേർക്കും ലിസ്റ്റ് നമ്മുടെ ആഫീസിലേക്കും അയച്ചുതരണം. പിരിവിനുള്ള കവറുകൾ മുതലായവ നമ്മുടെ ആഫീസിൽ നിന്നും അയച്ചുതരുന്നതായിരിക്കും. മകരം 1-നു റിശീസ്സാ പിരിവു പൂർത്തിയാക്കി നമ്മുടെ പേർക്ക് അയച്ചുതരണമെന്ന് നാം കല്പന അയച്ചിരുന്നല്ലോ. ഇതുവരെ റിശീസ്സാ അയച്ചുതരാത്ത പള്ളികൾ ഉണ്ട്. എത്രയും വേഗം പിരിവു പൂർത്തിയാക്കി നമ്മുടെ പേർക്ക് അയച്ചുതരണമെന്ന് നിങ്ങളെ നാം ഓർപ്പിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും, ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും, ശേഷമുള്ള സകല പരിശുദ്ധന്മാരുടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാ

ശത്തിലുള്ള ഞങ്ങളുടെ ബാവാ......... ഇത്യാദി.

എന്ന്, 1950-ന് കൊല്ലം 1125 കുംഭം 18-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

43

നമ്പർ 628

The Orthodox Church of The East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
രണ്ടാമത്തെ ഗീവറുഗീസായ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ സഭയിൽ നടപ്പിലാക്കിയിട്ടുള്ള പുരോഗമന പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായും മറ്റും ഓരോ മെത്രാസനത്തിലും മുഴുവൻ സമയവും ജോലിചെയ്യുന്ന സെക്രട്ടറിമാർ ഉണ്ടായിരിക്കണമെന്നു കഴിഞ്ഞ മാനേജിംഗ് കമ്മറ്റി നിശ്ചയിച്ചിട്ടുള്ളതനുസരിച്ച് കോട്ടയം സെക്രട്ടറിയായി പാറയ്ക്കൽ കുറിയാക്കോസ് കത്തനാരെയും, നിരണം സെക്രട്ടറിയായി ചിറത്തലയ്ക്കൽ ഏലിയാസ് തോമസ് ശെമ്മാശനെയും, തുമ്പമൺ സെക്രട്ടറിയായി പി. ഇ. ദാനിയേൽ കത്തനാരെയും, കൊല്ലം സെക്രട്ടറിയായി വട്ടയ്ക്കാട്ടു യാക്കോബു കത്തനാരെയും അതത് ഇടവക മെത്രാപ്പോലീത്തന്മാരുടെ ആലോചനയോടുകൂടി ഇനി ഒരു കല്പനയുണ്ടാകുന്നതുവരെ നാം നിയമിച്ചിരിക്കുന്നു. ഈ സെക്രട്ടറിമാർ ഇടവകകൾ സന്ദർശിച്ച് വൈദികയോഗങ്ങൾ, യുവജനസമാജങ്ങൾ, സണ്ടേസ്കൂളുകൾ, വനിതാസമാജങ്ങൾ മുതലായ യോഗങ്ങളും, കാതോലിക്കാ ദിനപ്പിരിവ്, റീശീസാ, ദശാംശം മുതലായ പണപ്പിരിവുകളും കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനു സഹായിക്കണമെന്നും, നമ്മുടെ സ്ഥാപനങ്ങൾ, സഭാംഗങ്ങളുടെ സംഖ്യ ഇത്യാദികൾ സംബന്ധിച്ച സ്ഥിതിവിവരകണക്കുകൾ തയ്യാറാക്കണമെന്നും, പള്ളിക്കാര്യങ്ങൾ ഭരണഘടനയനുസരിച്ച് നടത്തപ്പെടുന്നുണ്ടോ എന്ന് അന്വേഷിക്കണമെന്നും നാം ആജ്ഞാപിച്ചിട്ടുണ്ട്. അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ എല്ലാവരും ചെയ്തുകൊടുക്കണമെന്നും നാം താൽപര്യപ്പെടുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങ

ളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവ മാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷമുള്ള സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...... ഇത്യാദി

എന്ന്, 1950 സെപ്റ്റംബർ 23-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

44

നമ്പർ 487

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ കർത്താവിന്റെ ജനനപ്പെരുനാളും നവവത്സരാരംഭവും വന്നു ചേർന്നിരിക്കുന്നു. നമ്മുടെ കർത്താവ് സർവ്വലോകത്തിന്റെയും രക്ഷയ്ക്കായി മനുഷ്യാവതാരം ചെയ്തതിന്റെ ഓർമ്മയെ ആചരിക്കുന്നതിനുള്ള ഈ പെരുനാൾ നമുക്ക് ആശ്വാസവും സന്തോഷവും നൽകുന്നതാണ്. ഇപ്പോൾ ലോകത്തിൽ പരസ്പരവിശ്വാസവും സ്നേഹവും കുറഞ്ഞുവരുന്നു. കലഹങ്ങളും യുദ്ധങ്ങളും നടന്നുകൊണ്ടിരിക്കുന്നു. നിരീശ്വരത്വം ലോകമെങ്ങും വ്യാപിച്ചുവരുകയാണ്. പക്ഷെ സത്യവിശ്വാസികൾ ഇതൊന്നുകൊണ്ടും നിരാശപ്പെടുകയോ ഭയപ്പെടുകയോ ചെയ്യേണ്ടതില്ല. പൈശാചികമായ ഈ നശീകരണശക്തികളെ എല്ലാം ജയിപ്പാൻ നമ്മുടെ കർത്താവ് തിരുവവതാരം ചെയ്തു എന്ന ആനന്ദകരമായ സുവിശേഷവാർത്തയാണ് നാം ഇപ്പോൾ ഒരിക്കൽകൂടി കേൾക്കുന്നത്. രക്ഷയുടെയും സമാധാനത്തിന്റെയും ഈ സന്ദേശം നിങ്ങൾ ശ്രദ്ധിച്ചു കേട്ടും സത്യവിശ്വാസത്തിൽ അടിയുറച്ചുനിന്നും അന്യോന്യം സ്നേഹത്തിൽ വർത്തിപ്പാൻ നാം പ്രബോധിപ്പിക്കുന്നു. ഈ പുതുവത്സരത്തിൽ ലോകത്തിൽ, പ്രത്യേകിച്ച് നമ്മുടെ സഭയിൽ, സമാധാനം സംജാതമാ

കുവാൻ നാം പ്രാർത്ഥിക്കുകയും നമ്മുടെ വാത്സല്യമക്കളായ നിങ്ങൾ ഏവർക്കും സംപ്രീതിയും സർവ്വവിജയങ്ങളും കൈവരട്ടെ എന്ന് ആശം സിക്കുകയും ചെയ്യുന്നു.

സത്യോപദേശങ്ങൾ പഠിച്ചിട്ടില്ലാത്തവർ സഭായോഗങ്ങളിൽ പ്രസം ഗിക്കുന്നതു സഭയ്ക്ക് ആപൽക്കരമാണ്. സഭയുടെ ഉപദേശങ്ങൾ പഠി ക്കുകയും അവയിൽ വിശ്വസിക്കുകയും അവയ്ക്കനുസരണമായി ജീവി ക്കുകയും ചെയ്യാത്തവർ സഭായോഗങ്ങളിൽ പ്രസംഗിച്ചാൽ ജനങ്ങളിൽ വിരുദ്ധോപദേശം കടന്നുകൂടുന്നതിന് ഇടയാകും. അതിനാൽ മേൽപട്ട ക്കാരുടെ രേഖാമൂലമായ അനുമതി ഇല്ലാത്തവർ സഭാസംബന്ധമായ യോഗങ്ങളിൽ പ്രസംഗിക്കുവാൻ അനുവദിച്ചുകൂടെന്നും, സഭയെ സ്പർശി ക്കുന്നവയായി ഇടവകകളിൽ നടക്കുന്ന പ്രസ്ഥാനങ്ങൾ എപ്പിസ്കോപ്പൽ നിയന്ത്രണത്തിനു വിധേയമായിരിക്കണമെന്നും ഈ മാസം 2-നു കൂടിയ നമ്മുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയം ചെയ്തിട്ടുള്ള വിവരം നിങ്ങളെ അറിയിക്കുന്നു.

കുർബ്ബാന സംസർഗ്ഗമില്ലാത്തവരുമായി വിവാഹബന്ധത്തിൽ ഏർപ്പെ ടരുതെന്ന് നാം വീണ്ടും നിങ്ങളെ അനുസ്മരിപ്പിക്കുന്നു. വിവാഹം വരന്റെ ഇടവകയിൽ വച്ചുതന്നെ നടത്തണം. എന്നാൽ അത്യാവശ്യ സന്ദർഭങ്ങ ളിൽ വധുവിന്റെ ഇടവകയിൽ വച്ചും നടത്തുന്നതിനു നാം അനുവദിച്ചി രിക്കുന്നു. കൈകസൂരി (കർമ്മപ്പീസ്) വിവാഹം ഏതുപള്ളിയിൽ വച്ചു നടക്കുന്നുവോ ആ പള്ളിയിൽ കൊടുക്കേണ്ടതാകുന്നു.

ഇക്കൊല്ലവും വലിയനോമ്പിലെ മുപ്പത്താറാം ഞായറാഴ്ച (ഏപ്രിൽ 15-നു) കാതോലിക്കാദിനമായി ആഘോഷിക്കേണ്ടതാകുന്നു. അന്ന് കാതോലിക്കേറ്റിനുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തണം. ഘോഷ യാത്രകളും, പൊതുയോഗങ്ങളും നടത്തണം. പതിവുപോലെ കാതോ ലിക്കാദിനപ്പിരിവും നടത്തേണ്ടതാണ്. കാതോലിക്കാദിനപ്പിരിവും, റിശീസാപ്പിരിവും ഒരേ സന്ദർഭത്തിൽ നടത്തുന്നത് കൂടുതൽ സൗകര്യ പ്രദമാണെന്ന് അഭിപ്രായമുള്ളതിനാൽ ഇക്കൊല്ലം റിശീസാപ്പിരിവും കാതോലിക്കാ ദിനത്തിൽ തന്നെ നടത്തേണ്ടതാണ്. പണപ്പിരിവുകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നമ്മുടെ ആപ്പീസിൽ നിന്ന് നൽകുന്നതായി രിക്കും. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങ ളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവ മാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും, ഇന്ത്യയുടെ കാവൽപിതാ വായ മാർ തോമ്മാശ്ലീഹായുടെയും, ശേഷമുള്ള സകല പരിശുദ്ധന്മാരു ടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....... ഇത്യാദി.

എന്ന്, 1951 ജനുവരി 5-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

45

നമ്പർ 703

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ എല്ലാ പള്ളികളിലെയും വരുമാനങ്ങൾ ഒരേ നിരക്കിൽ വയ്പിക്കുകയും വീതിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണല്ലോ. ഇക്കാര്യത്തിൽ ഇപ്പോൾ യാതൊരു ഐകരൂപ്യവും ഇല്ലാതെയാണിരിക്കുന്നത്. ഇതു തൃപ്തികരമല്ലെന്നും എല്ലാ വരുമാനങ്ങൾക്കും ഒരു ഏകീകരണം വരുത്തണമെന്നും സഭയിൽ പ്രബലമായ അഭിപ്രായമുണ്ട്. പല മെത്രാസന പൊതുയോഗങ്ങളിലും വൈദികയോഗങ്ങളിലും ഇക്കാര്യം ആലോചനാവിഷയമായിട്ടുണ്ട്. ഈ മാസം 2-നു ഇവിടെ വച്ചുകൂടിയ നമ്മുടെ എപ്പിസ്കോപ്പൽ സുന്നഹദോസ് ഈ വിഷയത്തെപ്പറ്റി ചർച്ച നടത്തുകയും ഇതേപ്പറ്റി പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ (പ്രസിഡണ്ട്), പാറേട്ടു മാത്യൂസ് കത്തനാർ, എം. സി. മാത്യു, കെ. ചെറിയാൻ, പി. എൻ. നൈനാൻ (കൺവീനർ) എന്നിവരെ ഒരു കമ്മറ്റിയായി നിയമിക്കുകയും ചെയ്തു. ഈ കമ്മറ്റി ഓരോ പള്ളിഇടവകയിലും നിലവിലിരിക്കുന്ന വരുമാനങ്ങൾ ഏതെല്ലാമെന്നും അവ ഏതുനിരക്കിൽ ഈടാക്കപ്പെടുന്നു എന്നും എങ്ങനെ വീതിക്കപ്പെടുന്നു എന്നും മറ്റുമുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഒരു പ്രശ്നാവലി സമുദായ ആപ്പീസിൽ നിന്നും ഉടൻതന്നെ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും. എല്ലാ പള്ളിക്കാരും ആ പ്രശ്നാവലിയിൽ ചേർത്തിട്ടുള്ള ചോദ്യങ്ങൾക്ക് ശരിയായ മറുപടി എഴുതി കമ്മറ്റിയുടെ കൺവീനർക്ക് എത്രയുംവേഗം അയച്ചുകൊടുക്കണമെന്നും കമ്മറ്റിക്കാർക്ക് ആവശ്യമായ

എല്ലാ സഹായസഹകരണങ്ങളും നൽകണമെന്നും നാം താൽപര്യപ്പെടുന്നു. ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷമുള്ള സകല പരിശുദ്ധന്മാരുടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ......... ഇത്യാദി.

എന്ന്, 1951 ജനുവരി 24-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

46

നമ്പർ 732

The Orthodox Syrian Church of The East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ
ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ ... പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

18 കൊല്ലങ്ങൾക്കു മുമ്പ് കൂദാശചെയ്ത മൂറോൻ മിക്കവാറും തീർന്നിരിക്കുന്നു. പല പള്ളികളിലും മൂറോനില്ലാതെ പട്ടക്കാർ വിഷമിക്കുന്നതായി നമ്മെ അറിയിച്ചിരിക്കുന്നു. ആകയാൽ ഈ പരിശുദ്ധ നോമ്പിന്റെ അവസാനത്തോടുകൂടി വി. മൂറോൻ കൂദാശ നിർവ്വഹിക്കണമെന്ന് കർത്താവിൽ നാം ആശിക്കുന്നു. അതുസംബന്ധിച്ച് ആവശ്യമായ എല്ലാ ഔഷധങ്ങളും സുഗന്ധദ്രവ്യങ്ങളും ഉടനെതന്നെ വാങ്ങുന്നതിന് നാം നിർദ്ദേശം നൽകിയിട്ടുണ്ട്. ആറായിരം രൂപാ ഉടൻതന്നെ അയയ്ക്കണമെന്ന് മദ്രാസിലെ ഒരു കമ്പനിക്കാർ അറിയിച്ചിരിക്കുന്നു. ആകെ 15,000 രൂപാ വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ പക്കൽ പണമില്ലാതെ നാം വിഷമിക്കുന്നു. ആയതുകൊണ്ട് ആ വക പണം മുഴുവൻ പള്ളികളിൽ നിന്നും പിരിച്ചെടുക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. കൂദാശ സംബന്ധിച്ച എല്ലാ സജ്ജീകരണങ്ങളും ഊർജ്ജിതമായി ചെയ്തുവരുന്നു. ആ പള്ളിയിൽ നിന്നും 150 രൂപാ ഉടനെ തന്നെ നമ്മുടെ പേർക്ക് അയച്ചുതരണം. കൂദാശ സംബന്ധിച്ച വിശദവിവരങ്ങൾ പുറ

കാലെ നിങ്ങളെ അറിയിക്കുന്നതാണ്. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

എന്ന്, 1951 മാർച്ച് മാസം 20-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

47

നമ്പർ 733

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും
ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ
പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും
മലങ്കര (യാക്കോബായ) ഓർത്തഡോക്സ് സുറിയാനി
ക്രിസ്ത്യാനി അസ്സോസ്യേഷൻ പ്രസിഡണ്ടും ആയ
മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ.

നമ്മുടെ ... പള്ളിയിലെ വികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

മലങ്കര (യാക്കോബായ) ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷന്റെ ഒരു പൊതുയോഗം 1951-നു കൊല്ലം 1126-ാമാണ്ട് ഇടവമാസം 8-ാം തീയതി വ്യാഴാഴ്ച പകൽ 10 മണിക്കു താഴെ വിവരിക്കുന്ന സംഗതികളെപ്പറ്റി ആലോചിച്ചു തീരുമാനിക്കുന്നതിനു കോട്ടയം എം.ഡി. സിമ്മനാരിയിൽ വച്ചു കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു.

ആലോചനാവിഷയങ്ങൾ

1. മലങ്കര മെത്രാപ്പോലീത്തായുടെ സഹായത്തിന് ഒരു അസിസ്റ്റന്റിനെ തെരഞ്ഞെടുക്കുക.
2. മേൽപട്ട സ്ഥാനത്തേക്ക് ആളുകളെ തെരഞ്ഞെടുക്കുക.
3. അസ്സോസ്യേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളെ പുതുതായി തെരഞ്ഞെടുക്കുക.
4. സഭാഭരണഘടന.

5. അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ.

ടി അസ്സോസ്യേഷൻ പൊതുയോഗത്തിൽ ഹാജരായി ആ പള്ളി ഇടവകയോഗത്തെ പ്രതിനിധീകരിച്ചു മേൽ വിവരിച്ചിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും വോട്ടുചെയ്യുന്നതിനുമായി ഒരു പട്ടക്കാരനെയും, രണ്ട് അയ്മേനികളെയും മുറപ്രകാരം ആ പള്ളി ഇടവകയോഗംകൂടി പ്രതിപുരുഷന്മാരായി തെരഞ്ഞെടുത്ത് അധികാരപത്രസഹിതം പള്ളിച്ചെലവിൽ അയയ്ക്കണം.

അസ്സോസ്യേഷൻ മാനേജിംഗ് കമ്മറ്റി പാസ്സാക്കിയ ഭേദഗതികളോടുകൂടിയ സഭാഭരണഘടനയുടെ ഒരു പ്രതിയും അധികാരപത്രമെഴുതുന്നതിനുള്ള ഫാറവും ഇതോടുകൂടി അയയ്ക്കുന്നു.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...... ഇത്യാദി

എന്ന്, 1951-ന് കൊല്ലം 1126 മീനം 9-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും

48

നമ്പർ 740

The Orthodox Syrian Church of The East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ ... പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

732-ാം നമ്പരായി നാം നിങ്ങൾക്കയച്ച കല്പനയിലെ താൽപര്യപ്രകാരം ആ പള്ളിയിലേക്കു നിശ്ചയിച്ചിട്ടുള്ള 150-ൽ ബാക്കി വരേണ്ടും 50 (അൻപതു) രൂപാ ഇതേവരെയും ഇവിടെ കിട്ടാഞ്ഞതിൽ നാം അത്യധികം വിഷമിക്കുന്നു. ഈ 40-ാം വെള്ളിയാഴ്ച തന്നെ വി. മൂറോൻ കൂദാശ

നിർവ്വഹിക്കണമെന്നു കർത്താവിൽ നാം ആശിക്കുന്നു. ദിവസങ്ങൾ വളരെ അടുത്തു, പണമില്ലാതെ ഒന്നും സാധിക്കുകയില്ലല്ലോ. ഓരോ പള്ളിയിൽ നിന്നും ഏറ്റവും കുറഞ്ഞ തുക മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളു. പണമില്ലാതെ വിഷമിക്കുന്നതുകൊണ്ടു വീണ്ടും നാം നിങ്ങൾക്കെഴുതുന്നു. യാതൊരു കാരണവശാലും അവധി വയ്ക്കാതെ ഉടനെതന്നെ ആ പള്ളിക്കു നിശ്ചയിച്ചിട്ടുള്ള മുഴുവൻ തുകയും ഒരു കാശുപോലും കുറയ്ക്കാതെ അയച്ചുതരണമെന്ന് നിങ്ങളുടെ സ്നേഹത്തോടു വീണ്ടും നാം ആജ്ഞാപിക്കുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

എന്ന്, 1951 ഏപ്രിൽ 9-നു
കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

49

നമ്പർ 805

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും
മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ

നമ്മുടെ കോട്ടയം മെത്രാസന ഇടവകയിലുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ സഭയുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ച് ഒരു പുരോഗമനപദ്ധതി നാം ഏർപ്പെടുത്തിയിട്ടുണ്ടല്ലോ. ആ പദ്ധതി കൂടുതൽ ഊർജ്ജിതപ്പെടുത്തേണ്ടത് നമ്മുടെ സഭയുടെ പുരോഗമനത്തിനും കാതോലിക്കാ സിംഹാസനത്തിന്റെ നിലനിൽപ്പിനും അത്യന്താപേക്ഷിതമാകയാൽ അക്കാര്യത്തിൽ എല്ലാ ഇടവകകളും ഉണർന്നു പ്രവർത്തിക്കണമെന്നു നാം പ്രത്യേകം താൽപര്യപ്പെടുന്നു. കൂടാതെ സമുദായക്കേസ് ജൂലൈ 9-ാം തീയതിക്ക് അവധി വച്ചിരിക്കയാണെന്ന് നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

കേസിന്റെ നടത്തിപ്പിന് വലിയ ഒരു തുക ഉടൻ തന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ മാസം 21-നു കൂടിയ അസ്സോസ്യേഷൻ മാനേജിങ്ങ് കമ്മറ്റി ഈ പണപ്പിരിവിന് ഒരു സ്കീം തയ്യാറാക്കുകയും നാം അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പണപ്പിരിവു നടത്തുന്നതിനും പുരോഗമന പദ്ധതിപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിനെപ്പറ്റി ആലോചിക്കുന്നതിനായി ആ മെത്രാസന ഇടവകയുടെ ഒരു യോഗം 1951 ജൂലൈ 10-നു ചൊവ്വാഴ്ച പകൽ 10 മണിക്കു കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുന്നതിനു നിശ്ചയിച്ചിരിക്കുകയാൽ ആ യോഗത്തിലേക്ക് ഓരോ പള്ളി ഇടവകയിൽ നിന്നും ഒരു പട്ടക്കാരനെയും രണ്ടു അത്മായക്കാരെയും പ്രതിപുരുഷന്മാരായി തെരഞ്ഞെടുത്തു പള്ളിച്ചെലവിൽ അയയ്ക്കണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...... ഇത്യാദി

എന്ന്, 1951 ജൂൺ 23-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

50

നമ്പർ 831 എ.

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും
മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ

നമ്മുടെ ... പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നു നാം അയച്ച 805-ാം നമ്പർ കല്പന അനുസരിച്ച് 1951 ജൂലൈ 10-നു ചൊവ്വാഴ്ച നമ്മുടെ

അദ്ധ്യക്ഷതയിൽ കോട്ടയം മാർ ഏലിയാ ചാപ്പലിൽ കൂടിയ കോട്ടയം മെത്രാസന ഇടവക പൊതുയോഗം സമുദായക്കേസിന്റെ ആവശ്യത്തിലേക്കുള്ള പണപ്പിരിവിനെപ്പറ്റി ആലോചിക്കയും ആ മെത്രാസനത്തിലുൾപ്പെട്ട പള്ളികളിൽനിന്ന് 13000-ൽപരം രൂപാ പിരിയത്തക്കവണ്ണം ഒരു ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ലിസ്റ്റനുസരിച്ച് ആ പള്ളി ഇടവകയ്ക്ക് നിശ്ചയിച്ചിട്ടുള്ളത് 300 രൂപാ ആണ്. കേസ് അടുത്തുതന്നെ നടക്കുമെന്നുള്ളതുകൊണ്ട് പണപ്പിരിവു എത്രയുംവേഗം പൂർത്തിയാക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഇടവക വികാരിയും, ശേഷം പട്ടക്കാരും, ട്രസ്റ്റിയും, പള്ളിക്കമ്മറ്റിയും ചുമതലപ്പെട്ട് പിരിവു നടത്തി ആ പള്ളിക്ക് നിശ്ചയിച്ചിട്ടുള്ളതിൽ കുറയാത്ത ഒരു തുക 1951 ഓഗസ്റ്റ് 31-ാം തീയതിക്കകം നമ്മെ ഏൽപിക്കണമെന്ന് നാം താൽപര്യപ്പെടുകയും നമ്മുടെ സഭ അഭിമുഖീകരിക്കേണ്ടി വന്നിരിക്കുന്ന ഈ ദുർഘടഘട്ടത്തിൽ കാതോലിക്കാ സിംഹാസനത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിനും സഭയുടെ അഭിവൃദ്ധിക്കും വേണ്ടി സഭാംഗങ്ങൾ ഉണർന്നു പ്രവർത്തിക്കണമെന്ന് നാം ഉൽബോധിപ്പിക്കയും ചെയ്യുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...... ഇത്യാദി

എന്ന്, 1951 ജൂലൈ 21-നു
മാവേലിക്കര പുതിയകാവു പള്ളിയിൽ നിന്നും.

51

നമ്പർ 850

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായി ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ,

ശൂനോയോ പെരുനാളിനു മുമ്പുള്ള 15 നോമ്പ് സുറിയാനിക്കണക്കിനു ചിങ്ങം ഒന്നു മുതൽ പതിനഞ്ചു വരെയാണല്ലോ. എന്നാൽ ഈ നോമ്പും ശ്ലീഹാനോമ്പും, ഇരുപത്തഞ്ചു നോമ്പും എതൃകക്ഷികളുടെ പാത്രിയർക്കീസായ മാർ അപ്രേം വെട്ടിക്കുറച്ച് 5, 3, 10 എന്നിങ്ങനെയാക്കി ഒരു കല്പന പുറപ്പെടുവിച്ചിരിക്കുന്നതായി നാം അറിയുന്നു. ഈ പാത്രിയർക്കീസിനോടു ചേർന്നു നിൽക്കുന്ന മലങ്കരയിലെ ഒരു വിഭാഗം ആളുകൾ ഈ നോമ്പുകളിൽ കല്യാണവും നടത്തിത്തുടങ്ങിയിരിക്കുന്നു. ഇതു വലിയ പാപവും ശാപത്തിനു കാരണവുമാണ്. നോമ്പ് നമ്മുടെ വിശുദ്ധിക്കും, വെടിപ്പിനും, പിശാചിനെ ജയിക്കുന്നതിനും ഉള്ള മാർഗ്ഗമാകുന്നു. നമ്മുടെ നോമ്പുകളെല്ലാം കാനോനിൽ വ്യവസ്ഥപ്പെടുത്തപ്പെട്ടിട്ടുള്ളവയും നമ്മുടെ പിതാക്കന്മാർ മുമ്പിനാലേ ആചരിച്ചുവന്നവയും അങ്ങനെ നമുക്കു ഭരമേല്പിക്കപ്പെട്ടിട്ടുള്ളവയുമത്രേ. നമ്മുടെ സഭ മാത്രമല്ല മറ്റു കിഴക്കൻ സഭകളായ അർമ്മനായ, ഈഗുപ്തായ, യവനായ എന്നീ സഭകളും പൂർവീകമായിത്തന്നെ ഈ നോമ്പുകൾ ആചരിച്ചുവരുന്നു. നോമ്പിന്റെ ദിവസങ്ങൾ വി. സഭയുടെ കാനോനിൽ ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. അതിനെ ഭേദഗതി ചെയ്യുന്നതിന് ആർക്കും അധികാരമില്ല. അങ്ങനെയിരിക്കെ നോമ്പിന്റെ ദിവസങ്ങളെ വെട്ടിക്കുറയ്ക്കാൻ ഹോംസിലെ ഒരു പാത്രിയർക്കീസിന് എന്തധികാരമാണുള്ളത്? "നിന്റെ പിതാക്കന്മാരുടെ മുമ്പിനാലെ ഉള്ള അതിരിനെ നീ ലംഘിക്കരുത്" എന്ന് എഴുതപ്പെട്ടിരിക്കുന്നു. വി. സഭയുടെ കാനോൻ ഒന്നിലധികം പ്രാവശ്യം ഇതു നിഷ്കർഷാപൂർവ്വം പ്രസ്താവിച്ചിട്ടുമുണ്ട്. വീണ്ടും "പൊതുവിനു ഭരമേല്പിച്ചിട്ടുള്ള നോമ്പിനെ അഴിക്കുന്നവൻ ശപിക്കപ്പെട്ടവനായിരിക്കും" എന്നു കാനോനിൽ (കെപ്പാ 5 പാസോക്കാ 1. ഗൻഗാറാ) പറഞ്ഞിരിക്കുന്നു. വി. സഭയുടെ പുരാതനമായ ഒരു ആചാരത്തെ ഒരാളുടെയോ ഏതാനും ചിലരുടെയോ ഇഷ്ടാനുസരണം ഭേദഗതി ചെയ്യുവാൻ പാടുള്ളതല്ല. നോമ്പു സാർവ്വത്രിക സഭയുടെ നിയമവും പാരമ്പര്യവും ആയിരിക്കുമ്പോൾ അതിനെ ഏതെങ്കിലുംവിധത്തിൽ ഭേദഗതി ചെയ്യണമെങ്കിൽ അതിന് വിശ്വാസത്തിലും ആചാരത്തിലും ഐക്യമുള്ള എല്ലാ സഭകളുടെയും കൂടെയുള്ള ഒരു സാർവ്വത്രിക സുന്നഹദോസിനു മാത്രമേ അധികാരമുള്ളു. പതിനഞ്ചു നോമ്പ് ചിങ്ങം 1 മുതൽ 15 വരെയും ഇരുപത്തഞ്ച് നോമ്പ് പൗരസ്ത്യരായ നാം ധനു 1 മുതൽ 25 വരെയും ആചരിക്കുകയും ശ്ലീഹന്മാരുടെ നോമ്പ് സഭയുടെ ആരംഭം മുതൽ തന്നെ എഴുതപ്പെടാതെ പാരമ്പര്യമായി ആചരിച്ചുവരികയും ചെയ്യുന്നു എന്നു കാനോനിൽ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ശ്ലീഹാനോമ്പിനെ ഇപ്രകാരം പാരമ്പര്യമായി നാം ആചരിച്ചുവരുന്നത് അപ്പോസ്തോലന്മാരുടെ എണ്ണ

പ്രകാരം പതിമൂന്നു ദിവസങ്ങളാണ്. എന്നാൽ അതിൽ കൂടുതലായും ചിലർ ആചരിക്കുന്നുണ്ടെന്നു കാനോനിൽ കാണുന്നു. ശ്ലീഹാ നോമ്പിനെ പെന്തിക്കോസ്തിക്കുശേഷമുള്ള തിങ്കളാഴ്ച മുതൽ മിഥുനം 29 വരെ അതായത് ശ്ലീഹന്മാരുടെ തലവന്മാരുടെ പെരുനാൾ വരെയും, ചിലർ പെന്തിക്കോസ്തി ഞായറാഴ്ചയുടെ ശേഷമുള്ള ഒരാഴ്ചയെ "ഹേവോറെ" ദിവസങ്ങളെപ്പോലെ വിചാരിച്ചുകൊണ്ട് അതിന്റെ ശേഷമുള്ള തിങ്കളാഴ്ച മുതൽ മിഥുനം 29 വരെയും ആചരിക്കുന്നു എന്നും, ചിലർ പെന്തിക്കോസ്തിയുടെ ശേഷമുള്ള തിങ്കളാഴ്ച മുതൽ 50 ദിവസങ്ങൾ ആചരിക്കുന്നു എന്നും കാനോനിൽ സ്പഷ്ടമാക്കിയിട്ടുണ്ട്. എന്നാൽ നോമ്പിലും ദൈവ സംസർഗ്ഗത്തിലും കൂടുതൽ താൽപര്യമുള്ളവർ ഈ നോമ്പിന്റെ ദിവസങ്ങൾ കൂട്ടിയിട്ടുള്ളതല്ലാതെ കുറച്ചിട്ടില്ല. കുറയ്ക്കുവാൻ ആർക്കും അധികാരവുമില്ല; അതു തെറ്റുമാണ്. നമ്മിൽ നിന്നും പിരിഞ്ഞുപോയിട്ടുള്ള മാർത്തോമ്മാക്കാർ പോലും ഈ ദിവസങ്ങളിൽ കല്യാണം നടത്തുന്നതായി ഇതുവരെ അറിഞ്ഞിട്ടില്ല. അതിനാൽ വാത്സല്യമക്കളെ! നിങ്ങളുടെ സ്നേഹത്തോടു നാം അറിയിക്കുന്നതെന്തെന്നാൽ ഹോംസിലെ പാത്രിയർക്കീസിന്റെയും കൂട്ടരുടെയും നിയമലംഘനത്തിൽ നിങ്ങൾ ഓഹരിക്കാരാകരുത്. പ്രിയരെ, ലോകമെങ്ങും അന്തഃഛിദ്രങ്ങളും കലാപങ്ങളും നടമാടുന്ന ഈ കാലത്ത് ലോകത്തിന്റെ നിലനിൽപ്പിനും സമാധാനത്തിനും വേണ്ടി മനുഷ്യർ ദൈവത്തിങ്കലേക്കു തിരിയുകയല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ല. "നോമ്പാലും, കരച്ചിലാലും, വിലാപങ്ങളാലും നിങ്ങൾ പൂർണ്ണഹൃദയത്തോടെ എങ്കലേക്കു തിരിവിൻ" (യോവേൽ 2:12) എന്നാണ് പ്രവാചകൻ മുഖാന്തിരം കർത്താവ് അരുളിച്ചെയ്യുന്നത്. വീണ്ടും "നോമ്പാലും പ്രാർത്ഥനയാലും അല്ലാതെ ഈ ജാതി (പിശാച്) ഒഴിഞ്ഞുപോകുന്നതല്ല" എന്നു നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു. അതിനാൽ നിങ്ങൾ വി. സഭയാൽ കല്പിക്കപ്പെട്ടിട്ടുള്ള നോമ്പുകളെല്ലാം എത്രയും ഭക്തിയോടും വിശുദ്ധിയോടും കൂടി ആചരിക്കയും ദൈവത്തിങ്കലേക്കു തിരികയും ചെയ്യണം.

ഇവിടെയുള്ള എതൃകക്ഷി മെത്രാന്മാർ വിശ്വാസവിപരീതികളോടുകൂടി പ്രാർത്ഥിക്കയും അവരുടെ ശുശ്രൂഷകളിൽ പങ്കെടുക്കയും അവരുടെ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കയും മറ്റും ചെയ്തു തുടങ്ങിയിരിക്കുന്നു. ഹൂദായകാനോൻ ഒന്നാം കെപ്പാലയോൻ ഒന്നാം പാസോക്കായിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. (പൗലൂസ് ശ്ലീഹായുടെ) "അല്ലയോ എപ്പിസ്കോപ്പാ! അവിശ്വാസികളുടെ നിമിത്തം പള്ളിയിൽ പോകുവാൻ സാധിക്കയില്ലെങ്കിൽ ദുഷ്ടന്മാരുടെ പള്ളിയിൽ വിശ്വാസികൾ പ്രവേശിക്കാതിരിപ്പാൻ വേണ്ടി നീ ഒരു ഭവനത്തിൽ അവരെ (വിശ്വാസികളെ) കൂട്ടിക്കൊൾക. പള്ളിയിലും ഭവനത്തിലും ഒരുമിച്ചു കൂടുവാൻ സാധിക്കയി

ല്ലെങ്കിൽ ഓരോരുത്തൻ തനിച്ചു പ്രാർത്ഥിക്കയോ രണ്ടോ മൂന്നോ പേർ ഒരുമിച്ചുകൂടി പ്രാർത്ഥിക്കയോ ചെയ്യട്ടെ." വിശ്വാസവിപരീതികളോടുകൂടി ഭവനത്തിൽവെച്ചുപോലും പ്രാർത്ഥിച്ചുകൂടാ എന്ന് കാനോൻ നിഷ്കർഷി ക്കുന്നു. എന്നാൽ ഇവർ കാനോനെ ലംഘിച്ചു വിശ്വാസവിപരീതികളുടെ പള്ളിയിൽ പോകയും അവരുടെ ശുശ്രൂഷകളിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. "മാനുഷികമായ സ്നേഹം നിമിത്തം നമ്മുടെ പട്ടക്കാരും ദയ റായക്കാരും വിശ്വാസവിപരീതികളുടെ ശവസംസ്കാരത്തിനായി അന്മേ നികളുടെ ഇടയിൽ (അവരുടെകൂടെ) പോകുന്നു, എന്നാലും അവർ സംഗീ തങ്ങൾ പാടുന്നില്ല, (പ്രാർത്ഥിക്കുന്നില്ല)" എന്നു കാനോൻ പറയുമ്പോൾ വിശ്വാസവിപരീതികളുടെ സംസ്കാരത്തിനു അവരുടെ മേൽപട്ടക്കാർ പ്രാർത്ഥന കഴിക്കുകയും, കശ്ശീശന്മാർ വഴിക്കാലാ നടത്തുകയും ചെയ്തു തുടങ്ങിയിരിക്കുന്നു. ഇപ്പോൾ അവർ ദൈവമാതാവിനെപ്പറ്റിയും മറ്റും വിശ്വാസവിപരീതം ഉൾക്കൊള്ളുന്ന ലേഖനങ്ങൾ അവരുടെ മെത്രാപ്പോ ലീത്തായുടെ ആസ്ഥാനത്തുനിന്നും പുറപ്പെടുന്ന അവരുടെ സഭാനാവായ മാസികയിൽ പ്രസിദ്ധപ്പെടുത്തി തുടങ്ങിയിരിക്കുന്നു. അവർ ശീശ്മയിൽ നിന്നും വിശ്വാസവിപരീതത്തിലേക്കു പോകുകയാണ്. അവരും അവരുടെ പാത്രിയർക്കീസും എന്തും ചെയ്യട്ടെ. എന്നാൽ നാം നമ്മുടെ പിതാക്ക ന്മാരുടെ കാനോനാകളനുസരിച്ചു മുമ്പോട്ടു പോകയല്ലാതെ ഈ പാത്രി യർക്കീസിന്റെയും കൂട്ടരുടെയും നിയമലംഘനത്തിന് പങ്കുകാരായിത്തീ രരുത്.

ഇപ്പോൾ ഭിന്നസഭക്കാരായ എല്ലാ ക്രിസ്തീയ വിഭാഗങ്ങളും കൂടി യോജിക്കണമെന്നു പറഞ്ഞുകൊണ്ട് പ്രാർത്ഥനയും ധ്യാനവുമെല്ലാം ചില സ്ഥലങ്ങളിൽ തുടങ്ങിയിരിക്കുന്നതായി അറിയുന്നു. വിശ്വാസത്തിൽ ഐക്യതയില്ലാതെ എങ്ങനെ ശരിയായ ഐക്യമുണ്ടാകും? സഭ ഒന്നേ യുള്ളു. അതിനു വിശ്വാസവും ഒന്നേയുള്ളു (എപ്പേസ്യ 4:5). ആ വിശ്വാ സത്തോട് ഐക്യപ്പെടാത്ത ആരുമായും യോജിക്കുവാൻ നമുക്കു നിവൃ ത്തിയില്ല. "ഈ വിശ്വാസവും കൊണ്ടല്ലാതെ ഒരുവൻ വന്നാൽ അവനെ ഭവനത്തിൽ കയറ്റുകയോ കുശലം പറകയോ ചെയ്യരുത്" എന്നാണ് യോഹന്നാൻ ശ്ലീഹാ കല്പിക്കുന്നത്. യോജിക്കാവുന്നിടത്തോളം കാര്യ ങ്ങളിൽ യോജിക്കരുതോ എന്ന് ചിലർ ചോദിക്കും. "സംബന്ധികളല്ലാ ത്തവരോടുകൂടി സംബന്ധപ്പെടുവാൻ അധികാരമില്ല" എന്നു കാനോ നിൽ പറയുന്നു. ഇത് അവസാനകാലമാണ്. പുറമേയുള്ള നല്ല വാക്കുക ളിൽ കുടുങ്ങി വഞ്ചിതരാകരുത്. ഈയൽ തീയിൽ വീഴുമ്പോലെ നമ്മുടെ ആളുകൾ അതിൽ കുടുങ്ങിപ്പോകുന്നു. അതും ഇതുമെല്ലാം ഒന്നാണെന്നു പറയുന്നത് അബദ്ധമാണ്. അങ്ങനെയെങ്കിൽ നാം രണ്ടായി നിൽക്കുന്ന തെന്തിന്? ഇക്കാര്യത്തെപ്പറ്റി നാം പലപ്രാവശ്യം നിങ്ങളെ ഗുണദോഷി

ച്ചിട്ടുണ്ട്, വീണ്ടും ഗുണദോഷിക്കുന്നു. നിങ്ങൾ വിശ്വാസവിപരീതികളോടു കൂടി പ്രാർത്ഥിക്കയോ ആത്മീയ കാര്യങ്ങളിൽ അവരോടുകൂടി സംബന്ധപ്പെടുകയോ ചെയ്യരുത്. ആത്മീയമായ തീഷ്ണതയും വിശ്വാസസ്ഥിരതയും നമ്മുടെ ആളുകളിൽ നിന്നും മാഞ്ഞുതുടങ്ങിയിരിക്കുന്നു. ഓരോരുത്തനും അവനവന്റെ അഭിപ്രായവും ഇഷ്ടവും യുക്തിയും അനുസരിച്ച് ദൈവിക സംഗതികളെ വ്യാഖ്യാനിക്കയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. നമ്മുടെ വിശ്വാസം സത്യവിശ്വാസവും സഭയുടെ കല്പന ദൈവകല്പനയുമാണ്. ദൈവിക കാര്യങ്ങളെ വ്യാഖ്യാനിക്കയും പഠിപ്പിക്കയും ചെയ്യുന്നതു സഭയാണ്. അല്ലാതെ ആർക്കും സ്വന്തഇഷ്ട പ്രകാരം ചെയ്യാവുന്നതല്ല. "വിശ്വാസവിപരീതികളുമായി ഇണയില്ലാപ്പിണ കൂടരുത്" (2 കൊരി. 6:14) എന്ന് അപ്പോസ്തോലൻ ആജ്ഞാപിക്കുന്നു. ശേത്തിന്റെ മക്കളും കായേന്റെ മക്കളും തമ്മിലുണ്ടായ സംസർഗ്ഗം (വിവാഹബന്ധം) ഒന്നാമത്തെ ലോകത്തെ നശിപ്പിച്ചു. അവർ ജ്യേഷ്ഠാനുജന്മാരായിരുന്നുവല്ലോ. എങ്കിലും അവരുടെ സന്തതികൾ തമ്മിലുണ്ടായ സംബന്ധം ദൈവഹിതമായിരുന്നില്ല. അതിനാൽ വിശ്വാസവിപരീതികളുമായി ആത്മികമായ സംഗതികളിൽ ഒരിക്കലും നിങ്ങൾ പങ്കുകൊള്ളരുത് എന്നു നിങ്ങളെ വീണ്ടും നാം പ്രബോധിപ്പിക്കുന്നു.

നമ്മുടെ ക്രിസ്തീയമായ ആചാരമര്യാദകളെ വിട്ടിട്ടു നാം പുറജാതി മര്യാദകളെ അനുകരിക്കരുത്. നിങ്ങളുടെ കുട്ടികൾക്കു പള്ളികളിൽ ഇടുന്ന ക്രിസ്തീയനാമങ്ങളെ വിളിക്കാതെ വിജാതികളുടെ നാമങ്ങൾ വിളിക്കുന്നു. അതുകൊണ്ട് നമ്മുടെ ആളുകളെ തിരിച്ചറിയാൻ പാടില്ലാതായിരിക്കുന്നു. വേഷത്തിലും വ്യത്യാസമില്ല! ഇവയെല്ലാം പുറജാതി മര്യാദകൾ നമ്മുടെ ഇടയിലേക്കു പകർത്തുവാനുള്ള വഴികളാണ്. നമ്മുടെ പൂർവ്വ ശുദ്ധിമാന്മാരുടെയും മാതാപിതാക്കന്മാരുടെയും പേരുകൾ ഇടുന്നത് അവരെ ഓർക്കുന്നതിനും അവരുടെ പ്രാർത്ഥനകൾ മൂലം സഹായം ലഭിക്കേണ്ടുന്നതിനുമായിട്ടാണ്. പണ്ടത്തെ കാലത്ത് ചില ഓമനപ്പേരുകൾ വിളിക്കുമായിരുന്നെങ്കിലും എഴുത്തുകുത്തുകളിൽ ആ പേരുകൾ വെയ്ക്ക പതിവില്ലായിരുന്നു. ഇപ്പോൾ തങ്ങളുടെ കുട്ടികളുടെ ക്രിസ്തീയപേരുകൾ അവർക്കെന്നല്ല അവരുടെ മാതാപിതാക്കൾക്കു പോലും അറിവാൻ പാടില്ലാത്ത നിലയിലായിട്ടുണ്ട്. മാമോദീസായിൽ പേരിടുന്നതെന്തിനാണ്. അതിന്റെ ഒരു സ്മരണപോലുമില്ലാതെ മായിച്ചുകളയുന്നതിനായിട്ടാണോ? യഹൂദന്മാരുടെ ഇടയിൽ തങ്ങളുടെ വംശത്തിലുള്ളവരുടെ പേരുകൾ ഇടുകയായിരുന്നു പതിവ്. നമുക്കും ആ പതിവുണ്ട്. അതിനെ ഇല്ലാതാക്കുന്നത് ജാതിമാറ്റമാണ്. പാശ്ചാത്യർക്കും, ഹിന്ദുക്കൾക്കും, മഹമ്മദീയർക്കും അവരുടെ സ്വന്തം പേരുകളുണ്ട്. അവർ സുറിയാനിക്കാരുടെ പേരുകൾ സ്വീകരിക്കുന്നില്ല. അവരുടെ പേരു

കൾ മാറ്റുന്നില്ല. അതിനാൽ നമ്മുടെ ക്രിസ്തീയ നാമങ്ങൾ മാത്രമേ നിങ്ങളുടെ കുട്ടികൾക്കു വിളിക്കാവൂ. ഈ സംഗതികളിൽ നമ്മുടെ പട്ടക്കാരും സണ്ടേസ്കൂൾ അദ്ധ്യാപകന്മാരും ജാഗ്രതയോടുകൂടി ശ്രദ്ധപതിപ്പിക്കയും പഠിപ്പിക്കയും ചെയ്യണം. നമ്മുടെ വിശ്വാസവും ആചാരങ്ങളും മര്യാദകളും അന്യൂനം പാലിക്കപ്പെടുന്ന കാര്യത്തിൽ നമ്മുടെ ആത്മീയ മക്കൾ നിർബന്ധമുള്ളവരും വൈരാഗ്യമുള്ളവരുമായി കാണപ്പെടുവാൻ നാം ആഗ്രഹിക്കുന്നു.

പ്രിയരെ, സമുദായക്കേസ് അടുത്ത ഒക്ടോബർ 24-നു അവധി വച്ചിരിക്കയാണെന്നു നിങ്ങൾക്കെല്ലാം അറിവുള്ളതാണല്ലോ. കേസിന്റെ നടത്തിപ്പിനു പണം ആവശ്യമായിരിക്കുന്നു. കഴിഞ്ഞമാസത്തിൽ നടന്ന ഭദ്രാസനമീറ്റിംഗുകളിൽ സന്നിഹിതരായിരുന്നവർ കേസിന്റെ നടത്തിപ്പിന് പരിപൂർണ്ണവും ഹൃദയപൂർവ്വവുമായ സഹകരണം വാഗ്ദാനം ചെയ്തിട്ടുള്ളതിനെ നാം കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. നാം കേസ് നടത്തുന്നത് ഒരു അസത്യത്തിനോ അനീതിക്കോ വേണ്ടിയല്ല. സത്യത്തിനും സഭയുടെ ശാശ്വതമായ സമാധാനത്തിനും വേണ്ടിയാണ്. നമ്മുടെ ന്യായമായ അവകാശസ്വാതന്ത്ര്യങ്ങളെ അപകടത്തിലാക്കുവാൻ ശത്രു പരിശ്രമിക്കുമ്പോൾ നാം അതിനെ സംരക്ഷിക്കുവാൻ ശ്രമിക്കേണ്ടതല്ലയോ? അതിനാൽ നിങ്ങളുടെ ഇടവകയ്ക്കു നിശ്ചയിച്ചിട്ടുള്ള തുക ഒട്ടും കാലതാമസത്തിനിടയാക്കാതെ അതതു ഭദ്രാസനയോഗങ്ങളിലെ തീരുമാനപ്രകാരം അയയ്ക്കേണ്ടതാണ്. ഈ വർഷത്തെ കാതോലിക്കാദിനപ്പിരിവ്, റിശീസ്സാ, മൂറോൻഫണ്ട് എന്നിവ ഇനിയും അയച്ചിട്ടില്ലാത്ത പള്ളികളുണ്ട് എന്നു പറയേണ്ടി വന്നതിൽ ദുഃഖിക്കുന്നു. ഇവ അയക്കാനുള്ള പള്ളിക്കാർ അവ ഉടനെ നമ്മുടെ പേർക്ക് അയച്ചുതരണം.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ...... ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.... ഇത്യാദി.

എന്ന്, 1951 ആഗസ്റ്റ് 10-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

52

നമ്പർ 874

THE ORTHODOX SYRIAN CHURCH OF THE EAST

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ ഗീവറുഗീസായ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ കോട്ടയം മെത്രാസന ഇടവകയിലുള്ള എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

സമുദായക്കേസ് ഒക്ടോബർ 24-നു അവധി വച്ചിരിക്കയാണെന്ന് നിങ്ങൾക്കറിയാമല്ലോ. എത്രയുംവേഗം പണം പിരിഞ്ഞു കിട്ടേണ്ടിയിരിക്കുന്നു. കേസിനെപ്പറ്റിയും സമുദായസംബന്ധമായ മറ്റു പല കാര്യങ്ങളെപ്പറ്റിയും ആലോചിപ്പാനുള്ളതിനാൽ കോട്ടയം മെത്രാസന ഇടവകയുടെ ഒരു യോഗം 1951 സെപ്തംബർ 25-നു ചൊവ്വാഴ്ച പകൽ 10 മണിക്കു കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ആ യോഗത്തിലേക്ക് ഓരോ പള്ളി ഇടവകയിൽ നിന്നും ഒരു പട്ടക്കാരനെയും രണ്ടു അത്മായക്കാരെയും പ്രതിപുരുഷന്മാരായി തെരഞ്ഞെടുത്ത്, ഓരോ പള്ളിക്കും നിശ്ചയിച്ചിട്ടുള്ള തുക യോഗത്തിൽ വച്ച് നമ്മെ ഏല്പിക്കത്തക്കവണ്ണം പള്ളിച്ചെലവിൽ അയയ്ക്കണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യക മറിയാമ്മിന്റെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...... ഇത്യാദി.

എന്ന്, 1951 സെപ്റ്റംബർ 19-ാം തീയതി കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

53

ചെറിയ ആട്ടിൻകൂട്ടമേ നിങ്ങൾ ഭയപ്പെടേണ്ട

പ്രിയരെ, മദ്രാസിൽനിന്നും ബോംബെയിൽ ചെന്ന് ഇന്ത്യയുടെ പടിവാതിലാകുന്ന ആ പടിഞ്ഞാറൻ പട്ടണത്തിൽ നമ്മുടെ ആരാധനകൾ

ക്കായി പണികഴിപ്പിച്ചിട്ടുള്ള മനോഹരമായ ദൈവാലയത്തിന്റെ കൂദാശ കർമ്മങ്ങൾ നിർവ്വഹിച്ചു. അവിടെയുള്ള വിശ്വാസികളായ നമ്മുടെ മക്കളുടെ പ്രയത്നങ്ങൾക്കും നമ്മുടെ നിരന്തരമായ പ്രാർത്ഥനകൾക്കും ദൈവം തന്റെ കരുണയാൽ തക്കതായ ഫലം തന്നിരിക്കുന്നു. ബോംബെയിൽ നിന്നും നാം പൂനാ, കർക്കി മുതലായ സമീപപ്രദേശങ്ങളിലുള്ള നമ്മുടെ സഭാംഗങ്ങളെ സന്ദർശിക്കുകയും വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുകയും ചെയ്തശേഷം കൽക്കട്ടയിലേക്കു തിരിച്ചു.

കൽക്കട്ടായിൽ നമ്മുടെ ഇടവക ചെറുതെങ്കിലും സുദൃഢവും ജനങ്ങൾ ഓർത്തഡോക്സ് വിശ്വാസത്തിൽ അടിയുറച്ചവരാണെന്നും നാം മനസ്സിലാക്കി. ഇവിടെവച്ചു നമ്മുടെ സഹോദരസഭയായ അർമ്മീനിയാക്കാരുടെ പട്ടക്കാരും ജനങ്ങളും നമ്മെ ഹാർദ്ദമായി സ്വീകരിക്കയും സൽക്കരിക്കുകയും ചെയ്തു. അവരുടെ ആഗ്രഹാനുസരണം നാം അവരുടെ പള്ളിയിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുകയും നമ്മുടെ രണ്ടു ശെമ്മാശന്മാർക്ക് അവിടെ വെച്ചു പൂർണ്ണശെമ്മാശുപട്ടം കൊടുക്കുകയും ചെയ്തു.

നമ്മുടെ ഇവിടുത്തെ താമസവേളയിൽ സമുദായക്കേസിന്റെ വിധി പ്രസ്താവിക്കപ്പെട്ടതായും അത് നമുക്ക് അനുകൂലമല്ലാതിരിക്കുന്നതായും നാം അറിഞ്ഞു. ഇതിൽ നമ്മുടെ മക്കളിൽ പലരും നിരാശപ്പെട്ടിരിക്കുമോ എന്ന് നമുക്ക് ശങ്കയുണ്ടായിരുന്നു. വെള്ളിയാഴ്ച കുരിശിക്കപ്പെട്ട സത്യം ഞായറാഴ്ച ഉയിർക്കപ്പെട്ടതുപോലെ വെള്ളിയാഴ്ച നല്കപ്പെട്ട ഈ ലോകന്യായവിധിയെ അതിശയിച്ച് സത്യം ഉയിർക്ക തന്നെ ചെയ്യും. നിങ്ങൾ പല സ്ഥലങ്ങളിലും നമുക്കായി സ്വീകരണങ്ങൾ ഒരുക്കുന്നതായി കമ്പി സന്ദേശങ്ങൾ ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ ഉത്സാഹവും ഉണർവും നല്ലതു തന്നെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മക്കളെ, നിങ്ങൾ പ്രാർത്ഥനയിലും നോമ്പിലും ജാഗ്രതയായിരിക്കണമെന്നും നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിനുവേണ്ടി ഒരുക്കത്തോടെ കാത്തിരിക്കണമെന്നും നിങ്ങളുടെ സ്നേഹത്തോട് നാം അറിയിക്കുന്നു. കേസിന്റെ വിധിയോ അനന്തരകരണീയ സംഗതികളോ നമ്മെ വ്യാകുലപ്പെടുത്തുന്നില്ല. നിങ്ങളും ധീരമായും അചഞ്ചലമായും നിലകൊള്ളുമെന്നു നമുക്ക് ഉറപ്പുണ്ട്. ചെന്നായ്ക്കളുടെ ഇടയിലേക്ക് ആടുകളെപ്പോലെ തന്റെ ശിഷ്യന്മാരെ ലോകത്തിന്റെ നാനാഭാഗത്തേക്കും പറഞ്ഞയയ്ക്കുമ്പോൾ നമ്മുടെ കർത്താവു അവർക്കു കൊടുത്ത 'ചെറിയ ആട്ടിൻകൂട്ടമേ നിങ്ങൾ ഭയപ്പെടേണ്ട' എന്ന ദിവ്യസന്ദേശം നാം ഇന്ന് നിങ്ങളുടെ ഉറപ്പിനും ആശ്വാസത്തിനുമായി അയയ്ക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഇരിക്കുമാറാകട്ടെ.

(1952-ൽ കൽക്കട്ടായിൽനിന്നും അയച്ച സന്ദശം)

54

നമ്പർ 8

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ ഉത്തരേന്ത്യൻ പര്യടനവേളയിൽ നാം കൽക്കട്ടായിൽ ആയിരിക്കുമ്പോഴാണ് സമുദായക്കേസിന്റെ വിധി ഉണ്ടായത്. നമ്മുടെയും നിങ്ങളേവരുടെയും പ്രതീക്ഷയ്ക്കു വിപരീതമായിരുന്നു ആ വിധി. അതു നമ്മെ അല്പനേരത്തേക്കു ചിന്താകുലനാക്കിയെങ്കിലും അടുത്തനിമിഷത്തിൽ നമ്മെ അതു കൂടുതൽ ദൈവാശ്രയത്തിലേക്കു കൊണ്ടുവരികയാണു ചെയ്തിട്ടുള്ളത്. നാം സത്യത്തെ മാത്രമാണു ആശ്രയിച്ചിട്ടുള്ളതെന്ന ചിന്തയും എത്രതന്നെ വിപരീതമായ ചുറ്റുപാടുകളെയും തന്റെ വ്രതന്മാർക്ക് അനുകൂലമാക്കിക്കൊണ്ടു വരുന്നതിനു ദൈവം കഴിവുള്ളവനാണെന്ന വസ്തുതയും നമ്മെ ആശ്വസിപ്പിച്ചു. "എന്റെ ഉള്ളം ദൈവത്തെ നോക്കി മൗനമായിരിക്കുന്നു. എന്റെ രക്ഷ അവങ്കൽനിന്നു വരുന്നു. അവൻ തന്നെ എന്റെ രക്ഷയും എന്റെ പാറയും ആകുന്നു. എന്റെ ഗോപുരം അവൻ തന്നെ. ഞാൻ കുലുങ്ങുകയില്ല" എന്നുള്ള സങ്കീർത്തനക്കാരന്റെ അനുഭവമാണ് നമുക്കുണ്ടായത്.

നമ്മുടെ ഹൃദയത്തിൽ നിങ്ങളേവരെയുംപറ്റിയുള്ള ചിന്താഭാരമാണ് കൂടുതൽ ഉണ്ടായിരുന്നത്. നമ്മുടെ സുഖത്തിലും ദുഃഖത്തിലും നിങ്ങൾ എല്ലാവരും ഇതുവരെയും പങ്കാളികളായിരുന്നിട്ടുണ്ട്. ഇനിയും കൂടുതൽ ക്ലേശങ്ങൾക്കും ത്യാഗങ്ങൾക്കും നിങ്ങൾ വിധേയരാകണമല്ലോ എന്നുള്ള വിചാരമാണു നമ്മെ വിഷമിപ്പിച്ചുകൊണ്ടിരുന്നത്. എന്നാൽ എന്തു ത്യാഗങ്ങൾക്കും കഷ്ടപ്പാടുകൾക്കും നിങ്ങൾ ഏവരും സന്നദ്ധരാണെന്ന് ഇതിനകം നിങ്ങൾ വെളിപ്പെടുത്തിയിട്ടുള്ളത് നമ്മെ സന്തോഷിപ്പിക്കുന്നു. നാം പര്യടനം കഴിഞ്ഞു തിരിച്ചുവന്നപ്പോൾ നിങ്ങൾ നൽകിയ സ്വീകരണം നമുക്ക് എത്രയും പ്രോത്സാഹജനകമായിരുന്നു.

കാതോലിക്കാ സിംഹാസനത്തിൻകീഴിലുള്ള നമ്മുടെ ഉറച്ച നില ഈ അവസരത്തിൽ അത്യന്താപേക്ഷിതമാണെന്നു നാം ഓർത്തിരിക്കണം. പൗരസ്ത്യ കാതോലിക്കാ സിംഹാസനം അന്ത്യോഖ്യാ പാത്രിയർക്കാ സിംഹാസനത്തിനു 94 കൊല്ലം മുമ്പ് സ്ഥാപിതമായിട്ടുള്ളതാണ്. നിഖ്യാ സുന്നഹദോസ് അതിനെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഈ സിംഹാസനത്തിൻകീഴിൽ നിലനിന്നുവരുന്ന നമ്മുടെ സഭ സത്യവിശ്വാസവും നിർമ്മലമായ ആചാരങ്ങളും പാരമ്പര്യങ്ങളും അഭംഗം പുലർത്തിക്കൊണ്ടു പോരുന്നു. വിദേശസഭകളുടെ പ്രേരണമൂലം നമ്മുടെ സഭയിൽനിന്നും ചില സന്ദർഭങ്ങളിൽ ചിലരെല്ലാം പിരിഞ്ഞുപോയിട്ടുണ്ട്. പാത്രിയർക്കീസ് പക്ഷത്തുനിൽക്കുന്നവർ ഇപ്പോൾ അപ്രകാരം പിരിഞ്ഞുപോകാൻ വട്ടം കൂട്ടുന്നു. അവർ അപ്രകാരം പിരിഞ്ഞുപോകാതിരിപ്പാനും പോയിട്ടുള്ളവർ തിരിച്ചുവരുവാനും നാം പ്രാർത്ഥിക്കുന്നു.

സ്വതന്ത്രഭാരതത്തിൽ കർത്താവിനുവേണ്ടി വൻകാര്യങ്ങൾ സാധിക്കേണ്ട ചുമതല നമുക്കുണ്ട്. വിദേശികളുടെ അമിതമായ അധികാരപ്രമത്തത മൂലം ഇതുവരെയും ക്രിസ്തുസഭ എന്നുള്ള നിലയ്ക്ക് നമ്മുടെ ലാക്കിൽ എത്തിച്ചേരുന്നതിനു നമുക്കു സാധിച്ചിട്ടില്ല. ഭാരതത്തിലെ ദേശീയസഭയായ നമുക്കാണ് ഈ മഹാരാജ്യത്തെ മുഴുവനായി ക്രിസ്തുവിലേക്കു കൊണ്ടുവരുന്നതിനുള്ള ചുമതലയുള്ളത്. അതിനുള്ള സർവ കഴിവുകളും കാതോലിക്കാസ്ഥാപനം മൂലം നമുക്കു കിട്ടിയിട്ടുണ്ട്. മലങ്കരയിൽതന്നെ മൂന്നൂറിൽപരം പള്ളികൾ നമ്മുടെ കൈവശം ഇരിക്കുന്നു. എതൃകക്ഷികളുടെ കയ്യേറ്റത്തിനു വിധേയമാകാത്ത ഈ പള്ളികൾ കൂടാതെ അതേരീതിയിൽ ഏതാനും പൊതുസ്ഥാപനങ്ങളും നമുക്കുണ്ട്. മലങ്കരയ്ക്കു വെളിയിലും ദൈവത്തിന്റെ കരുണയാൽ പല ആസ്ഥാനങ്ങളും നാം ആർജ്ജിച്ചുകഴിഞ്ഞിരിക്കുന്നു. ഇനിയും ഉണ്ടാകുവാനുള്ള സാദ്ധ്യതകളും തെളിഞ്ഞു കാണുന്നു. ഇവയ്ക്കൊക്കെയും ഉപരിയായി നമ്മുടെ ആളുകൾ കൂടുതൽ പ്രബുദ്ധരായിത്തീർന്നിട്ടുണ്ട്. ഒരു അഖില ഭാരത വീക്ഷണം നമ്മുടെ ആളുകൾക്കുണ്ടായിട്ടുണ്ടെന്നുള്ളത് നമ്മുടെ ഭാവിശ്രേയസ്സിന്റെ ലക്ഷണമായി നാം കരുതുന്നു. നമ്മുടെ മിഷനറിമാർ ഭാരതമെങ്ങും ചെന്നു സുവിശേഷമറിയിക്കുകയും അങ്ങനെ നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ സുവിശേഷപ്രവർത്തനം പൂർത്തിയാക്കുകയും ചെയ്യുന്ന കാലം വിദൂരമായിരിക്കയില്ല എന്നു നാം വിശ്വസിക്കുന്നു. ചെറിയ ആട്ടിൻകൂട്ടമേ! ഭയപ്പെടേണ്ട; നമ്മുടെ കർത്താവു രാജ്യം നിങ്ങൾക്കു തരുവാൻ തിരുമനസ്സായിരിക്കുന്നു.

അനുഗ്രഹിക്കപ്പെട്ടവരെ, കഷ്ടപ്പാടുകൾ കൂടാതെ കിരീടം പ്രാപിക്കുകയില്ല. ഈ അവസരത്തിൽ നിങ്ങൾ കാണിക്കുന്ന ഉത്സാഹവും ത്യാഗവും അനുസരിച്ചിരിക്കും നമ്മുടെ സഭയുടെ ഭാവി. ഏതു ഘട്ട

ത്തെയും അഭിമുഖീകരിക്കുന്നതിനുള്ള സന്നദ്ധതയാണ് ഈ ഏതാനും ദിവസങ്ങളിൽ നിങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ളത്. ഈ ഉത്സാഹം തണുത്തു പോകാതിരിപ്പാൻ നിങ്ങൾ സൂക്ഷിക്കണം. കോട്ടയം എം.ഡി. സിമ്മനാരിയിലെ സ്വീകരണയോഗത്തിൽ വച്ചു സമുദായത്തിന്റെ നാനാഭാഗത്തു നിന്നും ആഗതമായിരുന്ന ആ വലിയ ജനസമൂഹം ദൈവതിരുമുമ്പാകെ ചെയ്ത ദൃഢപ്രതിജ്ഞ നാം നിങ്ങളെ അനുസ്മരിപ്പിക്കുന്നു. കാതോലിക്കാ സിംഹാസനത്തോട് എന്നെന്നും ഭക്തിയുള്ളവരായിരിക്കും എന്നു നിങ്ങൾ ചെയ്തിട്ടുള്ള വാഗ്ദത്തം നിങ്ങൾ മറന്നുകളയരുത്.

പ്രിയരെ, നിങ്ങളെല്ലാവരെയും വന്നുകണ്ടു വേണ്ട ഉത്തേജനം നൽകുന്നതിന് നമുക്ക് അതിയായ ആഗ്രഹമുണ്ട്. എങ്കിലും വാർദ്ധക്യസഹജമായ നമ്മുടെ ശരീരാസ്വാസ്ഥ്യം നിമിത്തം അതു സാധിക്കാതെയാണിരിക്കുന്നത്. നാം ഉത്തരേന്ത്യാ പര്യടനം കഴിഞ്ഞു തിരിച്ചുവരുമ്പോൾ മദ്രാസിൽ താമസിച്ചു ചികിത്സ നടത്തണമെന്ന് ആഗ്രഹിച്ചിരിക്കുമ്പോഴാണ് പെട്ടെന്ന് ഇവിടെ തിരിച്ചെത്തേണ്ടതായി വന്നത്. ഡോക്ടറന്മാരുടെ ഉപദേശമനുസരിച്ച് ഈ മാസം 10-ാം തീയതി തന്നെ നാം മദ്രാസിനു പോകുന്നു. ഏതാനും ആഴ്ചകൾ അവിടെ താമസിക്കേണ്ടി വരും. നമ്മുടെ ആരോഗ്യത്തിനുവേണ്ടി നിങ്ങളേവരും പ്രാർത്ഥിക്കണമെന്നു നാം നിങ്ങളെ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

പ്രിയരെ, നിങ്ങൾ ഈ അവസരത്തിൽ സമുദായത്തിന്റെ നിലനിൽപ്പിനുവേണ്ടി പ്രവർത്തിക്കേണ്ട കർത്തവ്യങ്ങളെപ്പറ്റി ഒന്നുകൂടി നാം അനുസ്മരിപ്പിക്കുന്നു. നമ്മുടെ സമുദായക്കേസിന്റെ വിധിമൂലം നമ്മുടെ പൊതുസ്ഥാപനങ്ങളിൽ ചിലതെല്ലാം പക്ഷെ നഷ്ടപ്പെട്ടേക്കാം. എന്നാൽ നാം ഓരോരുത്തരുടെയും ധൈര്യവും പ്രത്യാശയും നഷ്ടപ്പെടാതിരുന്നാൽ നമുക്കു യാതൊന്നും ഭയപ്പെടാനില്ല. നാം വിദേശത്തായിരിക്കുമ്പോൾ നമ്മുടെ അരമനകാര്യത്തിൽ നിങ്ങൾ ഏവരും കാണിച്ചിട്ടുള്ള ശുഷ്കാന്തിയും സ്വയപരിത്യാഗവും ഇതിനു ദൃഷ്ടാന്തമാണ്. ഏറ്റവും മനോഹരമായ ഒരു സ്ഥലവും കെട്ടിടവും ഇത്രയും വേഗം സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുള്ളതുതന്നെ നമ്മുടെ സമുദായത്തിന്റെ സാദ്ധ്യതകൾ തെളിവായി കാണിക്കുന്നുണ്ട്. നാം ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ നമ്മുടെ പൊതുസ്വത്തുക്കൾ നഷ്ടപ്പെട്ടാലും അതു നമ്മെ കാര്യമായി ബാധിക്കയില്ല. അരമന കൂടാതെ വിപുലമായ തോതിലുള്ള ഒരു വൈദികസിമ്മനാരി, സമുദായ ആപ്പീസ് മുതലായ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ നമുക്ക് പള്ളി ഇല്ലാത്ത സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കുന്നതിനു ധനസഹായം ചെയ്യേണ്ട ചുമതലയും നമുക്കുണ്ട്. ഈ ആവശ്യങ്ങൾക്ക് എല്ലാമായി വേണ്ട പണം നമുക്ക് ഉടനടി ഉണ്ടാകേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഭാവിനടപടികളെപ്പറ്റി ചിന്തിച്ചു തീരുമാനം ചെയ്യു

ന്നതിനായി നമ്മുടെ മാനേജിംഗ് കമ്മറ്റി ഈ മാസം 17-ാം തീയതി വ്യാഴാഴ്ച കൂടുന്നതിന് നിശ്ചയിച്ചു നാം കൽപന അയച്ചിട്ടുണ്ട്. ഈ അവസരത്തിൽ നമ്മുടെ മക്കൾ ഏകാഭിപ്രായമായി സഭയുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ മാനേജിംഗ് കമ്മറ്റി നിശ്ചയിക്കുന്ന കാര്യങ്ങളെ നിങ്ങൾ സർവ്വാത്മനാ പിന്താങ്ങി പ്രവർത്തിക്കണമെന്നു നാം താൽപര്യപ്പെടുന്നു. നമ്മുടെ സഭയുടെ നിക്ഷേപം നിങ്ങൾ ഓരോരുത്തരും ആകുന്നു. നിങ്ങളുടെ നിക്ഷേപപാത്രങ്ങളെ തുറന്നു സഭയ്ക്കുവേണ്ടി ഉദാരമായ സംഭാവനകൾ ഇപ്പോൾ ചെയ്യേണ്ടതു നിങ്ങളുടെ ഒഴിച്ചുകൂടാത്ത ചുമതലയാണ്. നിങ്ങളോരോരുത്തരും സഭയ്ക്കുവേണ്ടി പരമാവധി സംഭാവനകൾ ചെയ്യണം. നാം ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ നമുക്കാവശ്യമുള്ള സംഖ്യ ഉടനടി ഉണ്ടാകും. ഇപ്പോൾ ആയിരം രൂപാ മുതൽ മേൽപോട്ടു സംഭാവന ചെയ്വാൻ കഴിവുള്ളവരിൽനിന്നാണു പണം പിരിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ സമുദായത്തിലെ എല്ലാ വ്യക്തികളും സംഭാവന ചെയ്യത്തക്ക വണ്ണമുള്ള പിരിവ് ഉടനടി ആരംഭിക്കുന്നതാണ്. പല പള്ളിക്കാരും ആയതിലേക്ക് ഇപ്പോൾതന്നെ ഒരുങ്ങിക്കൊണ്ടിരിക്കുന്നു എന്നു നമുക്ക് അറിവു കിട്ടിയിട്ടുണ്ട്. പിരിവു നടത്തുന്നതിനു നിയോഗിക്കപ്പെടുന്നവർ അറിയിക്കുന്നതനുസരിച്ചു പിരിവുകൾ ഏൽപിക്കത്തക്കവണ്ണം വികാരിമാരും പള്ളികമ്മറ്റിക്കാരും ഇപ്പോൾതന്നെ വേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊള്ളണം.

വാത്സല്യമക്കളെ, ദൈവം കഴിഞ്ഞാൽ നമ്മുടെ അവലംബം നിങ്ങളാണ്. നിങ്ങൾ നമ്മോടു കാണിക്കുന്ന ഭക്തിബഹുമാനത്തിനും സ്നേഹത്തിനും വേണ്ടി നാം ദൈവത്തെ സ്തോത്രം ചെയ്കയും നിങ്ങൾക്ക് സർവവിധ അനുഗ്രഹങ്ങളും ഐശ്വര്യങ്ങളും നൽകുവാൻ കാരുണ്യവാനായ ദൈവത്തോടു പ്രാർത്ഥിക്കയും ചെയ്യുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.... ഇത്യാദി.

എന്ന്, 1952 ജനുവരി 8-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

55

നമ്പർ 15

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

1952 ജനുവരി 8-ലെ നമ്മുടെ കൽപനയിൽ പറഞ്ഞിരുന്നപ്രകാരം നാം കഴിഞ്ഞമാസം 12-നു ചികിത്സാർത്ഥം ഇവിടെ എത്തി. ഇവിടെ ഡോക്ടർ പോളിന്റെ ചികിത്സയിൽ നമ്മുടെ രോഗത്തിന് വളരെ ആശ്വാസമുണ്ട്. നാം ഇപ്പോൾ നിങ്ങളിൽനിന്ന് ദൂരെ ആയിരിക്കുന്നു എങ്കിലും ആത്മാവിൽ നിങ്ങളോടു കൂടിയുണ്ട്. നമ്മുടെ സഭയെപ്പറ്റിയുള്ള ചിന്തയാണ് എപ്പോഴും നമ്മുടെ മനസ്സിൽ ഉള്ളത്. ദൈവം അനുവദിക്കുന്ന പക്ഷം അധികം താമസിയാതെ നാട്ടിലേക്ക് വരാമെന്ന് ആശിക്കുന്നു.

പ്രിയരെ, നാം നേരത്തെ കൽപന അയച്ചിരുന്നതനുസരിച്ച് നമ്മുടെ മാനേജിംഗ് കമ്മറ്റിയുടെ ഒരു യോഗം ജനുവരി 17-നു പഴയസിമ്മനാരിയിൽ വച്ചു മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിലും മറ്റു മെത്രാപ്പോലീത്തന്മാരുടെ സാന്നിദ്ധ്യത്തിലും കൂടുകയും സഭയുടെ ഇപ്പോഴത്തെ നിലയിൽ ആവശ്യമായിട്ടുള്ള പല കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്തു തീരുമാനം ചെയ്യുകയും, കേസുവിധി മൂലം ആവിർഭവിച്ചിരിക്കുന്ന പുതിയ ഘട്ടത്തെ തരണം ചെയ്യത്തക്കവണ്ണം ആക്ഷൻ കമ്മറ്റി, ലീഗൽകമ്മറ്റി, ആത്മീയപുരോഗമനക്കമ്മറ്റി എന്നിങ്ങനെ മൂന്നു കമ്മറ്റികളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മറ്റികൾ അവരവർക്കു നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്നതിന് ആരംഭിച്ചിട്ടുണ്ടെന്നറിയുന്നതിൽ നാം സന്തോഷിക്കുന്നു.

ആക്ഷൻകമ്മറ്റി സെക്രട്ടറി പീലിപ്പോസ് കത്തനാർ ഇവിടെ വന്നു ടി കമ്മറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ നമ്മെ ഗ്രഹിപ്പിച്ചു. മാനേജിംഗ് കമ്മറ്റിക്കുശേഷം മിക്കവാറും ദിവസങ്ങളിൽ ആക്ഷൻ കമ്മറ്റിക്കാർ കൂടി ഭാവികാര്യങ്ങളെപ്പറ്റി ചർച്ച ചെയ്തതു കൂടാതെ ടി കമ്മറ്റിയുടെ ഒരു ഔപചാരികയോഗം ജനുവരി 30-നു എം.ഡി. സിമ്മനാരിയിൽ വച്ചു

മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടി ഉടനടി നടപ്പിലാക്കേണ്ട ചില തീരുമാനങ്ങൾ ചെയ്തിട്ടുണ്ട്. അടുത്ത മാസത്തിൽ (മാർച്ച്) ഒരു പൊതുപിരിവു നടത്തുന്നതിനാണു കമ്മറ്റി പ്രധാനമായി നിശ്ചയിച്ചിരിക്കുന്നത്. എല്ലാവരും അവനവന്റെ കഴിവനു സരിച്ചുള്ള പരമാവധി സംഖ്യ ഈ വർഷം കൊടുത്ത് ഈ ദുർഘട ഘട്ടത്തെ തരണം ചെയ്യണമെന്നു നിങ്ങളോടു നാം ഗുണദോഷിക്കുന്നു. പണം ഇല്ലാതെ ഒരു കാര്യവും നടക്കുന്നതല്ലല്ലോ. നമ്മുടെ വാത്സല്യ മക്കളായ നിങ്ങളോരോരുത്തരും ഈ സന്ദർഭത്തിൽ ഉണർന്നു പ്രവർത്തിക്കുമെന്നു നാം വിശ്വസിക്കുന്നു.

അരമന, സമുദായആഫീസ്, വൈദികസിമ്മനാരി, ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ പള്ളികൾ മുതലായവയാണു നമുക്ക് ഉടനടി ഉണ്ടാകേണ്ടത്. മുകളിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഈ ആണ്ടിൽ തന്നെ നിങ്ങൾ ഉത്സാഹിച്ചു പ്രവർത്തിക്കുന്നതായാൽ ഈ സ്ഥാപനങ്ങളും മറ്റും അധികം താമസിയാതെ ഉണ്ടാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ ഏതാനും സ്ഥാപനങ്ങൾ മാത്രം ഉണ്ടായാൽ പോരാ, പ്രതിവർഷമുള്ള സമുദായാവശ്യങ്ങൾക്കും പണം ഉണ്ടാകണമല്ലോ. ഇതുവരെ നാം ആശ്രയിച്ചിരുന്ന സകല വരുമാനങ്ങളും ഒരു പക്ഷെ നഷ്ടപ്പെട്ടെന്നു വന്നേക്കാം. അതുകൊണ്ടു നാം ഒരു സ്ഥിരമായ അടിസ്ഥാനത്തിൽ എത്തുന്നതുവരെ നമ്മുടെ ആവശ്യങ്ങൾക്കു സഭാംഗങ്ങളായ ഏവരും കൈ തുറന്നു സഹായം ചെയ്യേണ്ടിയിരിക്കുന്നു. ഇതിനായി അടുത്തവർഷം (1953) മുതൽ പത്തു വർഷത്തേക്കു ഒരു "ദശവൽസരപദ്ധതി"യാണ് ആക്ഷൻകമ്മറ്റി ഉണ്ടാക്കിയിരിക്കുന്നത്. ഈ പദ്ധതി അനുസരിച്ചു പത്തു കൊല്ലങ്ങളിലേക്ക് ഓരോ കൊല്ലവും അവനവനു കൊടുക്കുവാൻ കഴിവുള്ള ഒരു സംഖ്യ ക്രമമായി കൊടുക്കണം. ഇത് അവനവന്റെ കഴിവും മനസ്സും പോലെയല്ലാതെ ഒരുവനേയും നിർബന്ധിച്ചു ചെയ്യിക്കണമെന്ന് ആഗ്രഹിക്കുന്നില്ല.

ഈ പദ്ധതിയുടെ നടത്തിപ്പിലേക്ക് ആവശ്യമായ പ്രചരണം നടത്തുന്നതിലും സംഘടനകളും മറ്റും ഉണ്ടാക്കുന്നതിലും ആക്ഷൻ കമ്മറ്റിയുടെ ശ്രദ്ധ പതിഞ്ഞിട്ടുണ്ട്. നമ്മുടെ സമുദായത്തിൽപ്പെട്ട ഏവരുംതന്നെ ഇതിൽ സഹകരിച്ചു പ്രവർത്തിക്കുമെന്ന് നമുക്ക് വിശ്വാസമുണ്ട്. ഇങ്ങനെ പിരിച്ചെടുക്കുന്ന പണം മേൽപറഞ്ഞിരിക്കുന്ന ആവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും ഉപയോഗിക്കുന്നതല്ല. നമ്മുടെ മാനേജിംഗ് കമ്മറ്റിയുടെയും സിനഡിന്റെയും നിശ്ചയപ്രകാരമല്ലാതെ ഈ തുക വിനിയോഗിക്കുന്നതുമല്ല. മാർച്ചുമാസം 9-ാം തീയതി മുതൽ 16-ാം തീയതിവരെ (കുംഭം 26 മുതൽ മീനം 3 വരെ) യുള്ള ദിവസങ്ങളിലാണു പിരിവു ഉദ്ദേശിച്ചിരിക്കുന്നത്. അതിനു മുമ്പുള്ള ദിവസങ്ങൾ പണപ്പിരിവിനുള്ള സംഘടനാ

പരമായ പ്രവർത്തനങ്ങൾക്കായി ഉദ്ദേശിച്ചിരിക്കുകയാണ്. ആ അവസരത്തിൽ ഭദ്രാസനയോഗങ്ങൾ, വൈദികയോഗങ്ങൾ, പള്ളിഇടവകയോഗങ്ങൾ എന്നിവകൂടി പണപ്പിരിവിനെപ്പറ്റി വേണ്ട കാര്യങ്ങൾ നേരത്തെ തന്നെ നിശ്ചയിച്ചുകൊള്ളണം. ഈ മാസം (ഫെബ്രുവരി) 10 മുതൽ 17 വരെയുള്ള തീയതികളിൽ ഭദ്രസന പൊതുയോഗങ്ങളും വൈദികയോഗങ്ങളും കൂടണമെന്നു നാം ആഗ്രഹിക്കുന്നു. .... ഇടവകമെത്രാപ്പോലീത്തന്മാരുടെ നിർദ്ദേശമനുസരിച്ച് ഈ കാര്യത്തിൽ പെരുമാറണം.

ആക്ഷൻ കമ്മറ്റിയുടെ മുകളിൽ കാണുന്നപ്രകാരമുള്ള പ്രവർത്തനത്തിൽ നാം സന്തോഷിക്കുകയും അതിനെ നാം അനുവദിക്കുകയും അവരുടെ നിർദ്ദേശപ്രകാരം നിങ്ങൾ പ്രവർത്തിക്കണമെന്നു നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളെല്ലാവരും ദൈവാശ്രയത്തിലും സഭയോടുള്ള സ്നേഹത്തിലും പ്രാർത്ഥനയിലും സത്യത്തെ മുറുകെപ്പിടിച്ചുകൊണ്ട് എല്ലാം ചെയ്തുകൊള്ളണം. നമുക്കു പരിപൂർണ്ണ സുഖമായശേഷം അധികം താമസിയാതെ നിങ്ങളെല്ലാവരെയും വന്നു കാണാമെന്നു കർത്താവിൽ ആശിച്ചുകൊണ്ടു നിർത്തുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽക്കാരനായ മാർ തോമ്മാശ്ലീഹായുടെയും ശേഷമുള്ള എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...... ഇത്യാദി

എന്ന്, 1952 ഫെബ്രുവരി 5-ാം തീയതി മദ്രാസ് സുറിയാനി പള്ളിയിൽ നിന്ന്.

56

മലങ്കര സുവിശേഷ സംഘം

നമ്പർ 63

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും

പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ സഭയുടെ ആത്മീയ പുരോഗമനം ലാക്കാക്കി പ്രവർത്തിക്കുന്നതിനു ഒരു ആത്മീയ പുരോഗമന കമ്മിറ്റിയെ നിശ്ചയിച്ച വിവരം നമ്മുടെ 15-ാം നമ്പർ കല്പനമൂലം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. ആ കമ്മിറ്റി വിശദമായ ചർച്ചകൾക്കു ശേഷം ഒരു ദശമുഖപരിപാടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിനിടയിൽ നമ്മുടെ വിവിധ ഇടവകകൾ സന്ദർശിച്ച് നമ്മുടെ ആളുകൾക്കു വേണ്ട ഉത്തേജനം നൽകുവാൻ ഒരു സുവിശേഷസംഘം ഉടനടി രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് കമ്മിറ്റിക്കാർക്കു തോന്നുകയും ആ അഭിപ്രായം നമ്മെ അറിയിക്കുകയും നാം അത് അനുവദിക്കുകയും ചെയ്തു. അതനുസരിച്ച് നമ്മുടെ കല്പന പ്രകാരം ഏപ്രിൽ 9-നു കോട്ടയം മാർ ഏലിയാചാപ്പലിൽ നമ്മുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവെച്ച് "മലങ്കര സുവിശേഷസംഘം" എന്ന പേരിൽ ഒരു മിഷനറിസംഘം രൂപീകരിച്ചിട്ടുണ്ട്. ഓരോ ഭദ്രാസനത്തിലും നേരിട്ടു പ്രവർത്തിക്കത്തക്കവണ്ണം ഈ സമൂഹത്തെ ഭദ്രാസന സുവിശേഷസംഘങ്ങളായി വിഭജിച്ച് അതാതു ഭദ്രാസനങ്ങളിൽനിന്നും നിയമിക്കപ്പെട്ടിരിക്കുന്നവർ അവരവരുടെ ഭദ്രാസനങ്ങളിൽ പ്രവർത്തിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. സുവിശേഷസംഘാംഗങ്ങളുടെ പേരുവിവരം അടങ്ങിയ ലിസ്റ്റ് ഇതോടൊന്നിച്ച് ചേർത്തിരിക്കുന്നു.

ഈ സുവിശേഷസംഘത്തിൽപെട്ടവർ ഓരോ പള്ളിയിലും വരുമ്പോൾ ഇടവകക്കാർക്കു വേണ്ട ഉത്തേജനവും ധൈര്യവും കൊടുക്കത്തക്കവണ്ണമുള്ള യോഗങ്ങളും പ്രസംഗങ്ങളും നടത്തുകയും ഇടവകയിലെ ആത്മീയ പ്രവർത്തനങ്ങളുടെ പുരോഗമനത്തിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതാണ്. ഇങ്ങനെയുള്ള സുവിശേഷപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ട ചുമതല നമുക്കുള്ളതിനാൽ സുവിശേഷസംഘ പ്രതിനിധികൾ ആ ഇടവക സന്ദർശിക്കുമ്പോൾ അവരുടെ പ്രവർത്തനങ്ങൾ വിജയകരമാകത്തക്കവണ്ണം വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം ഗുണദോഷിക്കുന്നു.

യാതൊരു മൂലധനവുമില്ലാത്ത ഈ സുവിശേഷസംഘത്തിന്റെ അംഗങ്ങളായിത്തീർന്നു നമ്മുടെ സഭയുടെ ഗുണത്തിനായി പ്രവർത്തിക്കുന്നവർ അതു സംബന്ധമായി നേരിടേണ്ടി വരുന്ന ചെലവുകൾ വഹിക്കേണ്ടി വരുന്നത് ന്യായമല്ലെന്നാണ് നമ്മുടെ അഭിപ്രായം. നമ്മുടെ കർത്താവിന്റെ കല്പനപ്രകാരം അവർക്ക് ആവശ്യമുള്ളവ നിങ്ങൾതന്നെ കൊടുക്കേ

ണ്ടതാണ്. അവരുടെ യാത്ര, ഭക്ഷണം മുതലായ കാര്യങ്ങളിൽ നിങ്ങളുടെ ഉദാരമായ ശ്രദ്ധ പതിയണമെന്നു നാം ആഗ്രഹിക്കുന്നു.

കൂടാതെ ഈ സുവിശേഷസംഘത്തിൽ വേലചെയ്യാമെന്നു സമ്മതിച്ചിട്ടുള്ളവരിൽ ഏതാനുംപേർ വൈദികരാണ്. അവർ ഓരോ ഇടവകയുടെ ചുമതല വഹിക്കുന്നവരുമാണ്. അവർ ഈ ജോലി പ്രമാണിച്ച് യാത്ര ചെയ്യുമ്പോൾ അവരുടെ ഇടവകയിൽ കർമ്മം മുടങ്ങുവാൻ ഇടയാക്കുന്നത് വിഹിതമായിരിക്കയില്ല. പട്ടക്കാർ അന്യോന്യം സഹകരിച്ചു പ്രവർത്തിച്ചാൽ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാവുന്നതാണ്. അപ്രകാരം ചെയ്യണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം ആജ്ഞാപിക്കുന്നു. ഈ സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകണമെന്നു തന്നെയാണ് നമ്മുടെ ആഗ്രഹം. അതിന്റെ നിലനിൽപ്പിനായി നിങ്ങൾ ഓരോരുത്തരും സർവ്വാത്മനാ പ്രവർത്തിക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽക്കാരനായ മാർ തോമ്മാശ്ലീഹായുടെയും ശേഷമുള്ള എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....... ഇത്യാദി.

എന്ന്, 1952 മെയ് 20-നു കാതോലിക്കേറ്റ് അരമന (കോട്ടയം) യിൽ നിന്ന്.

57

നമ്പർ 67

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ്
എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ മുൻ കല്പനയിൽ നിർദ്ദേശിച്ചിരുന്നപ്രകാരം എല്ലാ പള്ളികളിലും സഭാനിധിപ്പിരിവു നടന്നുവരുന്നതായി അറിയുന്നതിൽ നാം സന്തോ

ഷിക്കുന്നു. പല പള്ളികളിൽനിന്നും പിരിഞ്ഞിടത്തോളം തുകകൾ ആഫീസിൽ എത്തിച്ചിട്ടുണ്ടെങ്കിലും ഒരു തുകയും എത്തിച്ചുകൊടുക്കാത്ത ചില പള്ളികളുമുണ്ട്. എന്നാൽ ചില ഇടവകകളിൽ പിരിവു സംബന്ധിച്ചു യാതൊരു ശ്രമവും ഇതുവരെ ആരംഭിച്ചിട്ടില്ലെന്നറിയുന്നതിൽ നാം ഖേദിക്കുന്നു. റവ്യു വിധി നമുക്കു ദോഷമായി വന്നതു മുതൽ ഇന്നുവരെ നിങ്ങൾ എല്ലാവരും ചെയ്തിട്ടുള്ള പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ ദുർഘടകരമായ ഈ ഘട്ടത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ത്യാഗസന്നദ്ധതയും വിശ്വസ്തതയും നമ്മെ വളരെ ധൈര്യപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സഭയുടെ പുരോഗമനപരമായ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടത്തിക്കൊണ്ടുപോകുന്നതിന് ഏറ്റവും അത്യാവശ്യമായിരിക്കുന്ന ഈ ധനശേഖരം നിങ്ങൾ എല്ലാവരും ഒത്തൊരുമിച്ചു പ്രയത്നിച്ചു വിജയത്തിൽ എത്തിക്കുമെന്നു നാം പ്രതീക്ഷിക്കുന്നു.

എങ്കിലും സുപ്രീംകോടതിയിലുണ്ടായ വിധി ആസ്പദമാക്കി ഇനിയും പിരിവിന് ആവശ്യമില്ലെന്നു ചിലർ ധരിച്ചിരിക്കുന്നതായി നാം അറിയുന്നു. ആ ധാരണ തെറ്റാണ്; ആപൽക്കരവുമാണ്. നമ്മുടെ കൈവശമിരിക്കുന്ന സമുദായവസ്തുക്കളുടെ ആദായംപോലും കോടതിനിർദ്ദേശപ്രകാരം കോടതിയിൽ കെട്ടിവച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നിങ്ങളുടെ ഉള്ളഴിഞ്ഞ സംഭാവനകൾ എത്രമാത്രം ആവശ്യമെന്നു നാം വിവരിക്കണ്ടല്ലോ.

സഭയിലെ പുരോഗമന പ്രവർത്തനങ്ങൾക്കു ധാരാളം പണം ആവശ്യമുണ്ടെന്നു നിങ്ങൾക്കേവർക്കും അറിയാം. കൂടാതെ നമ്മുടെ അനുമതിയോടുകൂടി നിയമിതമായിരിക്കുന്ന ആത്മിക പുനർജ്ജീവനക്കമ്മറ്റി പല ദിവസങ്ങൾ കൂടി ആലോചിച്ചു തയ്യാറാക്കീട്ടുള്ള ദശമുഖപരിപാടി നടപ്പിൽ വരുത്തുന്നതിനു പണച്ചിലവുണ്ടാകും. ആക്ഷൻ കമ്മറ്റിയുടെ ചുമതലയിൽ പിരിക്കുന്ന പണം ഇതിനൊക്കെ വിനിയോഗിക്കുവാനാണുദ്ദേശിക്കുന്നത്. അതുകൊണ്ടു ഈ പണപ്പിരിവു എത്രയും വിജയകരമാക്കേണ്ടതു സഭയുടെ പുരോഗമനത്തിനു എത്രയും അത്യന്താപേക്ഷിതമായിട്ടുള്ളതായി നാം കരുതുന്നു. അതുകൊണ്ടു നമ്മുടെ എല്ലാ പട്ടക്കാരും പള്ളി കമ്മട്ടിക്കാരും പ്രത്യേകം ശ്രമിക്കണം.

ഏപ്രിൽ ആദ്യം ആരംഭിച്ച കോട്ടയം ഭദ്രാസനത്തിലെ പിരിവു ഇനിയും നീട്ടിക്കൊണ്ടുപോകാതെ ജൂൺ 8-നു പൂർത്തിയാക്കി, പണം, ഫാറങ്ങൾ, രസീതുബുക്കുകൾ എന്നീവ കേന്ദ്രആഫീസിൽ എത്തിക്കുന്നതിൽ എല്ലാ ഇടവക വികാരിമാരും പള്ളി കമ്മട്ടിക്കാരും പ്രത്യേകം ശ്രദ്ധിക്കണം. നിരണം, കൊല്ലം ഭദ്രാസനങ്ങളിൽ പിരിവു വിജയകരമാക്കുവാൻ റ്റൂറിങ്ങു കമ്മട്ടിക്കാർ നടത്തിവരുന്ന നിരന്തര ശ്രമത്തിൽ നാം സന്തോഷിക്കുന്നു. ആ ഭദ്രാസനങ്ങളിലെ പിരിവു ജൂൺ 30-ാം തീയതിക്കകം പൂർത്തിയാക്കേണ്ടതാണ്. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽക്കാരനായ മാർ തോമ്മാശ്ലീഹായുടെയും ശേഷമുള്ള എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ...... ഇത്യാദി

എന്ന്, 1952 മെയ് 23-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്.

58

നമ്പർ 81

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ .... പള്ളിവികാരി .... കത്തനാർക്ക് വാഴ്വ്.

പ്രിയനെ,

സഭാനിധി പിരിവു സംബന്ധിച്ചു നാം അയച്ചിരുന്ന കല്പന അവിടെ കിട്ടിയിരിക്കുമല്ലോ. ആ കല്പനയിൽ പിരിവു എത്രയുംവേഗം പൂർത്തിയാക്കി പണവും കണക്കും ആഫീസിൽ ഏല്പിക്കേണ്ടതിനെപ്പറ്റിയും മറ്റും നാം നിർദ്ദേശിച്ചിരുന്നു. ഈ വിധം പിരിയുന്ന തുക ഏതുവിധം വിനിയോഗിക്കണമെന്നു മേടമാസം 30-നു കൂടിയ മാനേജിംഗ് കമ്മറ്റി ആലോചിച്ചു തീരുമാനം ചെയ്യുകയും എപ്പിസ്കോപ്പൽ സിനഡ് ആ തീരുമാനം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ചു കാതോലിക്കേറ്റു അരമനയ്ക്കു ഒരുലക്ഷത്തി അറുപത്തിമൂവായിരം രൂപായും അരമന ചാപ്പലിനും എൻഡോവുമെന്റിനും കൂടെ നാല്പതിനായിരം രൂപായും വൈദിക സിമ്മനാരിയുടെ തന്നാണ്ടത്തെ നടത്തിപ്പിനു പതിനായിരം രൂപായും വൈദികസിമ്മനാരിക്കു ശാശ്വതമായസ്ഥലം, കെട്ടിടം, എൻഡോവുമെന്റു മുതലായവയ്ക്കു തൊണ്ണൂറ്റയ്യായിരം രൂപായും വടക്കൻ ഇടവകകളിലും മറ്റും പുതിയ പള്ളികൾ വയ്ക്കുന്നതിനു ഗ്രാന്റായി മുപ്പതിനായിരം രൂപായും കേന്ദ്ര ആഫീസിനും ഭദ്രാസന ആഫീസുകൾക്കുമായി പതിനയ്യായിരം രൂപായും ആത്മീയ പുനരുജ്ജീവന കമ്മറ്റിയുടെ പ്രവർത്തനങ്ങൾക്കായി പതിനയ്യായിരം രൂപായും ഉൾപ്പെടെ വിവിധ ആവശ്യങ്ങൾക്കായി മൂന്നു ലക്ഷത്തി എൺപത്തിമൂവായിരം രൂപായുടെ ബഡ്ജ

റ്റാണു പാസ്സാക്കിയിരിക്കുന്നതെന്ന് നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

നമ്മുടെ മുൻ കൽപനയിലെ താൽപര്യപ്രകാരം ഏതെല്ലാം ഇടവകകൾ ഈ പിരിവു പൂർത്തിയാക്കിയെന്നും ഏതേതു ഇടവകകളാണു പിരിവു വിജയകരമാക്കുന്നതിനു ഉത്സാഹപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നും അറിയിക്കുവാൻ നാം ആക്ഷൻകമ്മറ്റി പ്രവർത്തകരോടു ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പണപ്പിരിവു സംബന്ധിച്ചും സംഘടനാപരമായ മറ്റു കാര്യങ്ങളെക്കുറിച്ചും ആലോചിക്കുവാൻ കോട്ടയം ഭദ്രാസനത്തിലെ വൈദികരുടെ ഒരു യോഗം ജൂൺ 24-നു ചൊവ്വാഴ്ച പത്തുമണിക്കു കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ചും, നിരണം ഭദ്രാസന വൈദികരുടെ ഒരു യോഗം ജൂൺ ....-നു തിരുവല്ല ബഥനി അരമനയിൽ വച്ചും, കൊല്ലം ഭദ്രാസന വൈദികരുടെ ഒരു യോഗം ജൂലൈ .... -നു കൊട്ടാരക്കര കോട്ടപ്പുറം സിമ്മനാരിയിൽ വെച്ചും നടത്തണമെന്നു നാം നിശ്ചയിച്ചിരിക്കുന്നു. അതിനു നിങ്ങളും പള്ളിച്ചെലവിൽ വന്നു സംബന്ധിക്കണമെന്നു നാം താൽപര്യപ്പെടുന്നു. അതിനോടകം പിരിവു സമാപിപ്പിച്ചു പണവും കണക്കും ആഫീസിൽ എത്തിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ പിരിവു പൂർത്തിയാക്കാൻ സാധിക്കാതെ വന്നാൽ പിരിയുന്നിടത്തോളം പണമെങ്കിലും യോഗദിവസം ആക്ഷൻ കമ്മറ്റി സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്. ആർക്കെങ്കിലും ഈ യോഗത്തിൽ സംബന്ധിക്കുവാൻ നിവൃത്തിയില്ലാതെവരുന്നപക്ഷം ആ വിവരം യോഗദിവസത്തിനു മൂന്നു ദിവസം മുമ്പായി നമ്മെ അറിയിച്ചിരിക്കേണ്ടതാണ്. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽക്കാരനായ മാർ തോമ്മാ ശ്ലീഹായുടെയും ശേഷമുള്ള ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ......... ഇത്യാദി.

എന്ന്, 1952 ജൂൺ 14-നു ശനിയാഴ്ച കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്.

N.B. ഈ കല്പന പള്ളികളിൽ വായിച്ചു വേണ്ടതു പ്രവർത്തിക്കേണ്ടതാണ്.

59

നമ്പർ 194

The Orthodox Syrian Church of the East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
രണ്ടാമത്തെ ഗീവറുഗീസായ
മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

(മുദ്ര)

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ..... കത്തനാർക്കു വാഴ്വ്.

പ്രിയനെ,

സമുദായക്കേസിന്റെ റിവ്യൂ വിധിക്കുശേഷം നാം സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിച്ചതിനു അപ്പീൽ അനുവാദം സിദ്ധിച്ച വിവരം അറിഞ്ഞിട്ടുള്ളതാണല്ലോ. സുപ്രീംകോടതിയിൽ ഉള്ള പ്രധാന വാദത്തിനാവശ്യമായ റിക്കാർട്ടുകൾ എല്ലാം അച്ചടിച്ചു കഴിഞ്ഞു എന്നും അവ ഒരാഴ്ചയ്ക്കകം സുപ്രീംകോടതിയിലേക്ക് അയച്ചുകൊടുക്കുമെന്നും കേസ്സു വരുന്ന മാസത്തിൽ വാദം നടക്കുമെന്നും അറിയുന്നു. അതിലേക്കാവശ്യമായ എല്ലാ കാര്യങ്ങളും ഊർജ്ജിതമായി നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കേസിന്റെ ആവശ്യത്തിലേക്കു പണമില്ലാതിരിക്കുന്നു. കേസ് നടത്തുന്നതിൽ വൈമുഖ്യം പ്രദർശിപ്പിക്കുന്നവരും കണ്ടേക്കാമെങ്കിലും അവരും ഈ അവസാനഘട്ടത്തിൽ കേസ് നടത്തുക തന്നെ വേണമെന്നാണഭിപ്രായപ്പെടുന്നത്. നാം കേസ്സിൽ ഉൾപ്പെട്ടിരിക്കുന്നതു വസ്തുക്കളെയോ പണത്തെയോ മാത്രം അടിസ്ഥാനപ്പെടുത്തിയല്ലെന്നും സ്ഥായിയായ ഏതാനും തത്വങ്ങളേയും ആദർശങ്ങളേയും മുൻനിർത്തിയാണെന്നും നിങ്ങൾ ഓർക്കണം. ഹൈക്കോർട്ടു വിധിക്കുശേഷം ഒരു കൊല്ലത്തോളമായി സമുദായ സ്വത്തുക്കളിലെ ആദായമൊന്നും നമുക്കു കിട്ടുന്നില്ലെന്നും അവ കോടതിയിൽ കെട്ടിവെച്ചിരിക്കയാണെന്നും നിങ്ങൾക്കും അറിവുള്ളതാണല്ലോ. അതിനാൽ ഈ സന്ദർഭത്തിന്റെ ഗൗരവത്തെ ഓർത്തു നിങ്ങൾ ഓരോരുത്തരും കഴിവുള്ളവിധത്തിൽ നമ്മെ സഹായിക്കണമെന്നു നിങ്ങളോട് സ്നേഹത്തോടു നാം ആജ്ഞാപിക്കുന്നു.

സുപ്രീംകോടതിയിലെ കേസ് നടത്തിപ്പിലേക്കു മുപ്പതിനായിരം രൂപ വേണ്ടിവരുമെന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നത്. പള്ളികളിൽ നിന്നും നമ്മുടെ കൽപനപ്രകാരം അധികമൊന്നും പിരിഞ്ഞുകിട്ടിയിട്ടില്ല. ഇപ്പോൾ

നമ്മുടെ സമുദായത്തിൽ പല പണപ്പിരിവുകൾ നടക്കുന്നതിനാൽ ഇതിലേക്കും നിർബന്ധമായ ഒരു പിരിവു നടത്തുവാൻ നമുക്കു മനസ്സു വരുന്നില്ല; നാം വളരെ പ്രയാസപ്പെടുകയും ചെയ്യുന്നു.

ആകയാൽ പ്രിയനെ! നിങ്ങളുടെ ശക്തിക്കും ഭക്തിക്കും അനുസരണമായി ദൈവം നിങ്ങൾക്കു തോന്നിക്കുന്നപ്രകാരം ഒരു സംഖ്യ (പത്തു രൂപായിൽ കുറയാതെയെങ്കിലും) രണ്ടാഴ്ചയ്ക്കകം നിങ്ങൾ നമ്മുടെ പേർക്കയച്ചു തരണമെന്നു നാം താൽപര്യപ്പെടുന്നു.

ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.

1952 നവംബർ 14-ാംനു കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

60

അപ്രേം പാത്രിയർക്കീസിന്റെ നോമ്പ് വെട്ടിയ്ക്കുറയ്ക്കലിനെതിരെ

നമ്പർ 210

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

(മുദ്ര)

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

വാത്സല്യ മക്കളേ,

“നോമ്പാലും പ്രാർത്ഥനയാലുമല്ലാതെ ഈ വർഗ്ഗം ഒഴിഞ്ഞുപോകയില്ല” എന്ന് നമ്മുടെ കർത്താവ് കൽപിക്കയും താൻ നോമ്പുനോക്കുകയും പ്രാർത്ഥിക്കുകയും തന്റെ നോമ്പിന്റെ അവസാനത്തിൽ സാത്താൻ വെളിപ്പെട്ടപ്പോൾ അവനെ താൻ ജയിക്കയും ചെയ്തു. കർത്താവിനോടുകൂടെ ഉണ്ടായിരുന്നവരും തന്റെ അധികാരത്താൽ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കയും പിശാചുക്കളെ പുറപ്പെടുവിക്കയും ചെയ്തിട്ടുള്ളവരുമായ അപ്പോസ്തോലന്മാർക്ക് ഒരു പിശാചുബാധിതനിൽ നിന്നും ആ പിശാചിനെ ഒഴിച്ചുവിടുവാൻ സാധിക്കാഞ്ഞതിനെ സംബ

ഡിച്ചു ചോദിച്ചപ്പോളായിരുന്നു മേലുദ്ധരിച്ച വാക്യം നമ്മുടെ കർത്താവ് അരുളിച്ചെയ്തത്. ആകയാൽ നമ്മെ പരീക്ഷിക്കുന്ന പിശാചിനെ ഒഴിച്ചു മാറ്റുവാൻ നോമ്പു കൂടാതെ സാദ്ധ്യമല്ല. കർത്താവു നമ്മോടുകൂടെ ഉണ്ടെങ്കിലും നമ്മുടെ പ്രവർത്തികളാൽ സാത്താനെ നാം ജയിക്കണം എന്നുള്ളത് അവിടുത്തെ തിരുവിഷ്ടമാകുന്നു. അല്ലെങ്കിൽ അവൻ ഒഴിഞ്ഞു പോകയില്ല. ജയിക്കുന്നവനു ജീവന്റെ കിരീടം കൊടുക്കും, ജയത്തിനുള്ള പ്രധാന ആയുധം നോമ്പാണ്. അതുകൊണ്ട് അപ്പോസ്തോലന്മാർ നോമ്പു നോക്കുകയും വി. സഭയ്ക്ക് അതിനെ ഏൽപിച്ചുതരുകയും ചെയ്തു. ആ നോമ്പിനെ വെട്ടിക്കുറയ്ക്കുവാനോ ലാഘവപ്പെടുത്തുവാനോ ഒരുവനും അധികാരമില്ല. മുമ്പിനാലെയുള്ള പിതാക്കന്മാരുടെ അതിരിനെ മാറ്ററുത് എന്ന് പരിശുദ്ധ കാനോൻ നിഷ്കർഷിക്കുന്നു.

നമ്മുടെ സഭ മുമ്പിനാലെ ആചരിച്ചു വരുന്ന വി. നോമ്പുകളെ ഹോംസിൽ ഇരുന്നുകൊണ്ട് ഒരു പാത്രിയർക്കീസ് വെട്ടിക്കുറയ്ക്കുകയും ലാഘവപ്പെടുത്തുകയും മറ്റും ചെയ്യുന്നതായി അറിയുന്നതിൽ ഏറ്റവും വ്യസനിക്കുന്നു. ഇന്ത്യ മുമ്പേതന്നെ ദൈവഭക്തിയുള്ള ഒരു രാജ്യമാണ്. എല്ലാ മതക്കാർക്കും നോമ്പും നിഷ്ഠയും മറ്റുമുണ്ട്. വിദേശികളുടെ ഇടപെടൽ മൂലം ഇവ കുറഞ്ഞുപോകുന്നു. സ്വന്ത യുക്തിയും ജഡീക ആശ്വാസവും നോക്കിക്കൊണ്ട് അവർ ക്രിസ്തുമതത്തെ വിരൂപപ്പെടുത്തുന്നു. ശീമയിൽ മുമ്പുണ്ടായിരുന്ന പിതാക്കന്മാർ ദൈവഭക്തിയുള്ളവരും നിഷ്ഠയുള്ളവരുമായിരുന്നു. മോശയുടെയും അഹരോന്റെയും പിൻഗാമികളായ ഹന്നാനും കയ്യാപ്പായും എങ്ങിനെയിരുന്നോ, ആ രീതിയിലേക്കാണിപ്പോഴുള്ള ശീമക്കാർ പോകുന്നത്. അവരെ നാം പിന്തുടരേണ്ട ആവശ്യമില്ല. അപ്രേം പാത്രിയർക്കീസ് നമ്മുടെ പാത്രിയർക്കീസല്ല. അദ്ദേഹത്തിന്റെ കല്പന നമ്മളെ ബന്ധിക്കുന്നതുമല്ല. ആ കൽപന നമ്മുടേത് എന്നു കരുതി ആരും വഞ്ചിക്കപ്പെടരുത്. നമ്മുടെ നാട്ടിൽ മീനും മോരും കൂട്ടുന്നതാണ് നോമ്പില്ലായ്മയുടെ അടയാളം. നാം എപ്പോഴും മാംസം ഭക്ഷിക്കുന്നവരല്ല. നോമ്പിൽ മോരും, പാലും, പാൽക്കട്ടിയും, മുട്ടയുമെല്ലാം കൂട്ടുവാൻ അദ്ദേഹം ആജ്ഞാപിച്ചിരിക്കുന്നു. മാംസം ഭക്ഷിക്കേണ്ടാ എന്നു പറഞ്ഞിട്ടുമില്ല. കർത്താവിന്റെ നോമ്പിനെ വിരൂപപ്പെടുത്തിയിരിക്കുന്നു. വലിയ നോമ്പിന്റെ ആദ്യ ആഴ്ചയിലും അവസാന ആഴ്ചയിലും നോമ്പു നോക്കണം, ഇടയ്ക്കുള്ളതെല്ലാം നീക്കിവെച്ചിരിക്കുന്നു! ഇതു പിശാചിനു വലിയ സന്തോഷമാണ്. പ്രസ്തുത കൽപ്പന മൂലം വി. സഭയെ പിളർന്നു രണ്ടാക്കാൻ ശ്രമിക്കുന്നു. മലയാളത്തുള്ള നമ്മെയെല്ലാം വിശ്വാസവിപരീതത്തിലേക്ക് ആകർഷിക്കുകയാണ്. സാവധാനത്തിൽ പിടിച്ചു മനുഷ്യരുടെ ചായ്‌വനുസരിച്ചു കൊണ്ടുപോകുകയാണ് സാത്താന്റെ പതിവ്. ഭക്ഷണപ്രിയന്മാരെ ആ വിധത്തിൽ ആകർ

ഷിച്ചു വീഴിക്കുന്നു. കൽപിക്കപ്പെട്ടിട്ടുള്ളപ്രകാരം കഴിവുപോലെ ഭക്ഷണം വെടിഞ്ഞു നോമ്പു നോക്കേണ്ടതാകുന്നു. ബാബേലിൽ വെച്ചു ദാനിയേൽ മുതൽപേർ രാജാവിന്റെ ഭക്ഷണം കഴിക്കാതെ പരിപ്പും വെള്ളവും കഴിച്ചു. അതുമൂലം അവരുടെ ആരോഗ്യം ക്ഷയിച്ചില്ല എന്നു മാത്രമല്ല, രാജാവിന്റെ മേശയിൽനിന്നു ഭക്ഷിച്ച മറ്റെല്ലാവരേയുംകാൾ കൂടുതലായി അവർ അഴകും ആരോഗ്യവുമുള്ളവരായി കാണപ്പെടുകയുമാണുണ്ടായത്. ഇപ്രകാരം ഭക്ഷണങ്ങളുടെ വ്യത്യാസം മൂലം നോമ്പു നോക്കുന്നവരും ഉച്ചയോ ഇരുപത്തിരണ്ടരയോ സന്ധ്യയോ വരെ ഭക്ഷണം വെടിഞ്ഞു വ്രതമനുഷ്ഠിക്കുന്നവരുമുണ്ട്. ഭക്ഷണങ്ങളുടെ വ്യത്യാസം ആബാലവൃദ്ധം എല്ലാവർക്കുമുള്ളതാണ്. അങ്ങനെയാണ് വിശുദ്ധ സഭ നിശ്ചയിച്ചിരിക്കുന്നത്. അതുകൊണ്ട് മത്സ്യം, മുട്ട, പാല്, മോര് മുതലായവ വർജ്ജിക്കുവാൻ സഭ നിർബന്ധിക്കുന്നു. കർത്താവിന്റെ വലിയ നോമ്പിൽ പോലും ഇവയൊന്നും വർജ്ജിക്കണ്ടാ എന്നു പറയുന്നതു മഹാപാപമത്രേ.

ഇപ്പോൾ നമ്മുടെ കണക്കിന് (സുറിയാനി) ധനു മാസം 1-ാംനു മുതൽ ഇരുപത്തഞ്ചുനോമ്പ് (യൽദാ നോമ്പ്) ആരംഭിക്കുന്നു. ഇരുപത്തഞ്ചു നോമ്പ്, പതിനഞ്ചുനോമ്പ്, ശ്ലീഹാനോമ്പ് ഇവയെല്ലാം പുരാതനമായി നമ്മുടെ പിതാക്കന്മാർ ആചരിച്ചുവരുന്നതാണ്. 1900 വർഷങ്ങളായിട്ടു നോമ്പു നോക്കി വന്നിട്ട് വേനലിന്റെ കാഠിന്യം മൂലം നമ്മളാരും നശിച്ചില്ല. നോമ്പ് വ്രതത്തോടുകൂടി നോക്കുന്നവർക്ക് ആരോഗ്യവും സുഖവും വർദ്ധിക്കുന്നതേയുള്ളു; അത് അനുഭവിക്കുന്നവർക്കു അറിയാവുന്ന സത്യമാണ്. വേനൽ ദഹനക്കുറവുണ്ടാക്കുന്നതും ആ അവസരത്തിലുള്ള അതിഭക്ഷണം വിഷൂചിക മുതലായ രോഗങ്ങൾക്കു കാരണമാക്കുന്നതുമാണ്. ഒഴിഞ്ഞ വയറ്റിൽ ചൂടു പ്രവേശിച്ചാൽ വളരെ വിഷബീജങ്ങളെ നശിപ്പിക്കും. അതുമൂലവും പ്രാർത്ഥന, ധ്യാനം മുതലായവ മൂലവും ശരീരത്തിനും ആത്മാവിനും ഒരുപോലെ സുഖമുണ്ടാകുന്നതാണ്. അതിനാൽ നമ്മുടെ മക്കൾ പാഷണ്ഡ ഉപദേശത്തിനു വഴിപ്പെട്ട് പിശാചിന്റെ അടിമകളായിത്തീരുകയും നമ്മുടെ സഭയുടെ ഭംഗിയെ നശിപ്പിക്കുകയുമരുത്. ആകയാൽ എല്ലാവരും ശരിയായി നോമ്പുനോറ്റ് കർത്താവിനെ പ്രസാദിപ്പിക്കണമെന്നു കർത്താവേശുമിശിഹായുടെ നാമത്തിൽ നിങ്ങളോടു നാം ആജ്ഞാപിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ജ്ഞാനത്തിന് ഇതു മതി.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടേയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ..... ഇത്യാദി.

എന്ന്, 1952 ഡിസംബർ 8-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

61

നമ്പർ 211

The Orthodox Church of The East

ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ ... പള്ളിയിൽ വികാരിയും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

അനുഗ്രഹിക്കപ്പെട്ടവരെ,

ഇവിടെ നമ്മുടെ അരമനയിൽ ഒരു ചാപ്പൽ ഇല്ലാതിരുന്നതുകൊണ്ടു വളരെ വിഷമം തോന്നി ഒരു ചാപ്പൽപണി ആരംഭിച്ചു. ഇപ്പോൾ മദ്ബഹാ ഒഴിച്ചുള്ള ചാപ്പലിന്റെ പണി മിക്കവാറും തീർന്നു. ആറേഴായിരം രൂപാ കൊണ്ടു ചാപ്പൽപണി തീർക്കാമെന്നാണ് ആദ്യം വിചാരിച്ചത്. എന്നാൽ ഇരുപതിനായിരത്തിൽപരം രൂപാ ചെലവിട്ടെങ്കിലേ അതു തീരുകയുള്ളു. ആദ്യത്തെ കണക്കനുസരിച്ചു തീർന്നിരുന്നു എങ്കിൽ നിങ്ങളെ ആരെയും ബുദ്ധിമുട്ടിക്കയില്ലായിരുന്നു. എന്നാൽ ഇപ്പോൾ ശക്തിയിൽ കവിഞ്ഞ ഒരു സംഖ്യ ആവശ്യമായിരിക്കുന്നു. വി. മാതാവിന്റെയും മാർ തോമാ ശ്ലീഹായുടെയും മാർ ഗീവറുഗീസ് സഹദായുടെയും നാമത്തിലാണ് ഈ ചാപ്പൽ സ്ഥാപിച്ചിരിക്കുന്നത്. നിങ്ങൾക്കും നിങ്ങളുടെ കുഞ്ഞുങ്ങൾക്കും വേണ്ടി എന്നും ബലി അർപ്പിപ്പാനുള്ള സ്ഥലമാണ് ഇത്. അതിനാൽ ആ ഇടവകയിലെ സ്ത്രീകളും കുഞ്ഞുങ്ങളും ചേർന്ന് അവരുടെ ശക്തിക്കും ഭക്തിക്കും മനസ്സിനും തക്കവണ്ണം ഒരു പിരിവെടുത്ത് നമുക്ക് അയച്ചു തരണം. ആ പിരിവ് കോഴിയോ താറാവോ മുട്ടയോ എന്തുതന്നെ ആയാലും തങ്ങളുടെ ശക്തിക്കു തക്കവണ്ണം ഇടവകയിൽപ്പെട്ട എല്ലാ സ്ത്രീകളും അതിൽ ഹൃദയപൂർവ്വം പങ്കുകൊള്ളണം. ഈ പിരിവിൽ സ്ത്രീകൾ പുരുഷന്മാരെ ബദ്ധപ്പെടുത്തരുത്. പിരിയുന്ന പണം സ്ത്രീകൾ തന്നെ മണിആർഡർ ആയോ ചെക്കായോ എത്രയുംവേഗം നമ്മുടെ പേർക്കയച്ചുതരണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാ

വായ മാർ തോമ്മാശ്ലീഹായുടെയും മാർ ഗീവറുഗീസ് സഹദായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ. ... ഇത്യാദി.

എന്ന്, 1952 ഡിസംബർ 8-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

62

ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കുന്നു

നമ്പർ 59

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും
ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ
ഗീവറുഗീസ് എന്ന് അഭിധാനമുള്ള
ബസ്സേലിയോസ് കാതോലിക്കാ.

(മുദ്ര)

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്:-

പ്രിയരെ,

നമ്മുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മേൽപട്ടസ്ഥാനാഭിഷേകം സംബന്ധിച്ചു മലങ്കര അസ്സോസ്യേഷനും മാനേജിംഗ് കമ്മറ്റിയും ചെയ്ത ശുപാർശകളെപ്പറ്റി ആലോചിച്ചശേഷം വി. കെ. മാത്യൂസ് റമ്പാൻ, പി. ഇ. ദാനിയേൽ റമ്പാൻ, പാറേട്ടു മത്യൂസ് കത്തനാർ എന്നിവരെ മേല്പട്ട സ്ഥാനത്തേയ്ക്ക് അസ്സോസ്യേഷൻ തെരഞ്ഞെടുത്തിട്ടുള്ളതു അംഗീകരിക്കുകയും, എം. പി. പത്രോസ് റമ്പാൻ, ഇ. മത്യൂസ് റമ്പാൻ എന്നിവരെ മിഷനറി ബിഷപ്പന്മാരായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ള വിവരം ഇതിനാൽ നാം പ്രഖ്യാപനം ചെയ്യുന്നു. സ്ഥാനാഭിഷേകം 1953 മെയ് 15-ാം തീയതി വെള്ളിയാഴ്ച നടത്തണമെന്ന് കർത്താവിൽ ശരണപ്പെടുന്നു. ഈ സ്ഥാനാഭിഷേകം ദൈവതിരുനാമ മഹത്വത്തിനും സഭയുടെ നിലനില്പ്പിനും പുരോഗമനത്തിനും ആയിത്തീരുവാനും സ്ഥാനമേല്ക്കുന്നവർക്കും കൊടുക്കുന്നവർക്കും ദൈവാനുഗ്രഹം ലഭിക്കുന്ന

തിനും നിങ്ങൾ എല്ലാവരും പള്ളികളിലും ഭവനങ്ങളിലും മുട്ടിപ്പായി പ്രാർത്ഥിക്കണമെന്നും കാഴ്ചനേർച്ചകളോടു കൂടി വന്ന് ഈ ശുശ്രൂഷയിൽ സംബന്ധിച്ച് പുതിയ മേൽപട്ടക്കാരുടെ കൈ മുത്തി അനുഗ്രഹം പ്രാപിച്ചു പോകണമെന്നും താൽപര്യപ്പെടുന്നു. സ്ഥാനാഭിഷേകം സംബന്ധിച്ച ക്രമീകരണങ്ങൾക്കും മറ്റുമായി ഒരു കമ്മറ്റിയെ നിയമിച്ചിട്ടുണ്ട്. ആവശ്യമുള്ള നിർദ്ദേശങ്ങൾ കമ്മറ്റി സെക്രട്ടറി വിജ്ഞാപനങ്ങൾ മൂലവും ..... അപ്പഴപ്പോൾ നിങ്ങളെ അറിയിക്കുന്നതായിരിക്കും. പ്രിയരെ, ഈ ആവശ്യങ്ങൾക്ക് കുറെ പണം വേണ്ടിവരുമെന്ന് നിങ്ങൾക്ക് അറിയാമല്ലോ. നിങ്ങളുടെ ശക്തിക്കും ഭക്തിക്കും തക്കവണ്ണം ഒരു തുക ആ പള്ളിയിൽ നിന്നും പ്രസ്തുത ചെലവിനായി നമ്മുടെ പേർക്ക് അയച്ചു തരണം.

കൂടാതെ, പഞ്ചാംഗ പരിഷ്കരണത്തെപ്പറ്റിയും നമ്മുടെ സുന്നഹദോസ് ആലോചിക്കയുണ്ടായി. സ്വർഗ്ഗാരോഹണപ്പെരുനാൾ മുതൽ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിക്കാൻ സുന്നഹദോസ് നിശ്ചയിച്ചിട്ടുള്ള വിവരവും നാം പ്രഖ്യാപനം ചെയ്യുന്നു. അന്നു മുതൽ നമ്മുടെ പെരുനാളുകൾ നോമ്പുകൾ മുതലായവ ആ പഞ്ചാംഗമനുസരിച്ച് നടത്തിക്കൊള്ളണം. പുതിയ പഞ്ചാംഗം നമ്മുടെ ആപ്പീസിൽനിന്നും ഉടൻതന്നെ അച്ചടിപ്പിച്ച് എല്ലാ പള്ളികൾക്കും അയച്ചുതരുന്നതായിരിക്കും.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടി സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടേയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ .... ഇത്യാദി.

എന്ന്, 1953 ഏപ്രിൽ 16-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

63

നമ്പർ 180

The Orthodox Church of The East

ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ ..... പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ സണ്ടേസ്കൂൾ സമാജം ഊർജ്ജിതമായി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. നിരീശ്വരത്വവും നിർമ്മതത്വവും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് സണ്ടേസ്കൂളുകളുടെ പ്രവർത്തനം കൂടുതൽ അഭിവൃദ്ധിപ്പെടുത്തേണ്ടിയിരിക്കുന്നു. നമ്മുടെ ഇടവകകളിലുള്ള എല്ലാ കുട്ടികളും സണ്ടേസ്കൂളിൽ ചേർന്നു പഠിക്കത്തക്കവണ്ണം പ്രത്യേകം ഏർപ്പാടുകൾ ചെയ്യണം. ഏതെങ്കിലും ഇടവകയിൽ സണ്ടേസ്കൂൾ ഇതുവരെ സ്ഥാപിക്കാതിരിക്കയോ, മുടങ്ങിക്കിടക്കയോ ചെയ്യുന്നപക്ഷം അത് ഉടൻതന്നെ ആരംഭിച്ചുകൊള്ളണം. ഇന്നത്തെ നമ്മുടെ കുഞ്ഞുങ്ങളാണ് സഭയിലെ ഭാവിപ്രവർത്തകരായിത്തീരേണ്ടവർ എന്നു നിങ്ങൾ ഓർക്കണം. ആകയാൽ അവർക്കുവേണ്ടി നാം ചെലവാക്കുന്ന പണം ഒരിക്കലും നമുക്കു നഷ്ടമല്ല. നമ്മുടെ എല്ലാ പള്ളികളിലും അടുത്തു വരുന്ന ഡിസംബർ 6-നു ഞായറാഴ്ച സണ്ടേസ്കൂൾദിനമായി ആചരിക്കുകയും അന്നത്തെ കാണിക്ക സണ്ടേസ്കൂൾ ജനറൽ സെക്രട്ടറിയുടെ പേർക്ക് "ഫാദർ കെ. ഡേവിഡ്, കാതോലിക്കേറ്റ് ഹൈസ്കൂൾ, പത്തനംതിട്ട" എന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കുകയും ചെയ്യണം.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ...... ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.... ഇത്യാദി.

എന്ന്, 1953 ഒക്ടോബർ 21-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

64

നമ്പർ 159

The Orthodox Syrian Church of The East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ
ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, നമ്മുടെ സമുദായക്കേസ് ഈ മാസം 25-ാം തീയതിക്ക് സുപ്രീംകോടതിയിൽ അവധിവച്ചിരിക്കുന്നതായി അറിയുന്നു. നമ്മുടെ എല്ലാവരുടെയും പാപം ഹേതുവായിട്ട് കേസ് നീളുകയും സഭാപ്രവർത്ത നങ്ങൾ കുഴയുകയും ചെയ്യുന്നു. കാര്യമില്ലാതെ മനുഷ്യർ ദുർവാശി പിടിച്ച് സത്യത്തെ ഇല്ലാതാക്കുവാൻ ശ്രമിക്കുന്നു. ദൈവം അവരോടു ക്ഷമി ക്കട്ടെ. നമ്മുടെ പാപത്തിനു പരിഹാരം ഉണ്ടാകുവാൻ അനുതാപത്തോ ടുകൂടെ ദൈവത്തിൽ നമുക്ക് അഭയം പ്രാപിക്കാം. നമുക്ക് ഒരാഗ്രഹ മുണ്ട്. എല്ലാവരും ഭക്തിയായിട്ട് അതു പ്രവർത്തിക്കുമെന്നു നാം വിശ്വ സിക്കുന്നു. ഈ മാസം 24, 25, 26 ഈ തീയതികളിൽ നമ്മുടെ എല്ലാ പള്ളികളിലും ഇതിനുവേണ്ടി കുർബാന ഉണ്ടായിരിക്കണം. ജനങ്ങളെ ല്ലാവരും - പുരുഷന്മാരും, സ്ത്രീകളും, കുഞ്ഞുങ്ങളും, ബാല്യക്കാരും - ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടെ അതിൽ സംബന്ധിക്കണം. ഹൃദയം നൊന്തുള്ള പ്രാർത്ഥനകൾ ദൈവത്തിങ്കലേക്കുയരണം. ഞായ റാഴ്ച എല്ലാവരും വി. കുർബാന അനുഭവിക്കണം. എന്നും പള്ളികളിലും ഭവനങ്ങളിലും സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന നടത്തപ്പെടണം.

ഇപ്പോഴത്തെ കേസിനു ഭീമമായ ഒരു സംഖ്യ ചെലവിടേണ്ടി വരും. അതിലേക്കു നമ്മുടെ കൈയിൽ വളരെ കുറച്ചുമാത്രമേ പണം ഉള്ളു. ആയതിനാൽ നമ്മുടെ എല്ലാ പള്ളിക്കാരും അവരുടെ ശക്തിക്കും ഭക്തിക്കും മനസ്സിനും തക്കവണ്ണമുള്ള ഒരു സംഖ്യ ഉടൻ നമ്മുടെ പേർക്ക് അയച്ചുതരണം. സമയമില്ല, ഇനി രണ്ടര ആഴ്ച കൂടിയേയുള്ളു. അതി നാൽ മടികൂടാതെ അതിശീഘ്രത്തിൽ ഈ സംഖ്യ നമുക്ക് എത്തിച്ചു തരണം. പല തരത്തിൽ നിങ്ങൾക്കു പ്രയാസം ഉണ്ടെന്നു നമുക്കറിയാം. എങ്കിലും ഈ സമയത്ത് മറ്റ് ആരോടാണു നാം ചോദിക്കേണ്ടത്. അതി നാൽ ഒട്ടും ഉപേക്ഷ വിചാരിക്കാതെ ഉടൻ പണം അയച്ചു തരണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങ ളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവ മാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാ വായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാശത്തി ലുള്ള ഞങ്ങളുടെ ബാവാ......ഇത്യാദി.

എന്ന്, 1953 സെപ്തംബർ 7-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

65

നമ്പർ 210

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേകദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

ഇരുപത്തഞ്ചു നോമ്പു നാം ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന കലണ്ടറനുസരിച്ചു ഡിസംബർ ഒന്നാം തീയതിയാണല്ലോ ആരംഭിക്കുന്നത്. എല്ലാവരും ഭയഭക്തിയോടുകൂടി ഈ നോമ്പ് ആചരിക്കണം. നമ്മുടെ കർത്താവിന്റെ ജനനം നാം ഓരോരുത്തരിലും ഉണ്ടാകണം. അതിനുള്ള ഒരുക്കമാണ് ഈ നോമ്പ്. കർത്താവിനെ ഉൾക്കൊള്ളാതെ തന്റെ ജനനം നമ്മിൽ ഉണ്ടാകുന്നതല്ല. കർത്താവു മനുഷ്യവർഗ്ഗത്തിനു രക്ഷയുണ്ടാക്കിത്തന്നത് തന്റെ ശരീരം മൂലമാണ്. തന്റെ ശരീരരക്തങ്ങൾ നാം അനുഭവിക്കുകയും അതുമൂലം താൻ നമ്മിൽ വസിക്കയും ചെയ്യുന്നു. ശരീരരക്തങ്ങൾ അനുഭവിക്കാത്തവരിൽ കർത്താവ് വസിക്കയില്ല. കർത്താവിൽ വിശ്വസിക്കുകയും തന്നിൽ ഏറ്റുപറകയും ചെയ്തതുകൊണ്ടു മാത്രം മതിയാകുന്നതല്ല. പിശാചും അതെല്ലാം ചെയ്തു. അതുപോലുള്ള ഏറ്റുപറച്ചിലോ വിശ്വാസമോ കൊണ്ടുമാത്രം ക്രിസ്ത്യാനിയാകുവാൻ സാധിക്കുന്നതല്ല. കർത്താവിന്റെ ശരീരരക്തങ്ങൾ നാം അനുഭവിക്കുകയെന്നുള്ളതാണ് അതിനുള്ള മാർഗ്ഗം. “ഈ പെസഹാ നിങ്ങളോടുകൂടി ഭക്ഷിപ്പാൻ ഞാൻ ഏറ്റവും ആഗ്രഹിച്ചു” എന്നാണു കർത്താവു കല്പിക്കുന്നത്. തന്റെ വരവിന്റെ ഉദ്ദേശ്യം അങ്ങനെയാണ് നിവൃത്തിയാക്കിയത്. ആ നിവൃത്തനത്തിൽ ക്രിസ്തുമതത്തിന്റെ സത്തയാകുന്ന വിശുദ്ധ കുർബാനയെ സ്ഥാപിക്കയും അപ്പവും വീഞ്ഞും തന്റെ തിരുശരീരരക്തങ്ങളാക്കി അവർക്കു കൊടുക്കുകയും “ഞാൻ വരുവോളം എന്റെ ഓർമ്മയ്ക്കായി ഇതിനെ ചെയ്വീൻ” എന്നു കല്പിക്കയും ചെയ്തു. യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായം 48 മുതൽ 50 വരെയുള്ള വാക്യങ്ങൾ വായിച്ചു നോക്കുവിൻ. മനുഷ്യപുത്രന്റെ ശരീരം സത്യമായിട്ടു ഭക്ഷണവും തന്റെ രക്തം സത്യമായിട്ടു പാനീയവുമാണ്. മനുഷ്യപുത്രന്റെ ശരീരം നിങ്ങൾ

ഭക്ഷിക്കയും അവന്റെ രക്തം നിങ്ങൾ കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു നിങ്ങളിൽ ജീവനില്ല. ശിഷ്യന്മാരിൽ പലരും ഈ ഉപദേശത്തെ സംബന്ധിച്ചു പിണങ്ങി പിരിഞ്ഞുപോയി. പിന്നെ അവർ തന്നോടുകൂടി നിന്നില്ല. ശേഷമുള്ള ശിഷ്യന്മാരും പൊയ്ക്കൊള്ളുവാൻ ആഗ്രഹിക്കുന്നുവോ എന്നു താൻ ചോദിക്കുന്നു. ഈ ഉപദേശം സ്വീകരിക്കാത്തവർക്കു തന്നോടുകൂടി പങ്കില്ലെന്നാണ് താൻ കല്പിക്കുന്നത്. അത്ര പ്രാധാന്യവും ശക്തിയും ഇതിനുണ്ട്. പറുദൈസായിൽ വച്ചു കുറിച്ചവണ്ണം, മരണക്കനി തിന്നു മരിച്ചവൻ ജീവന്റെ കനി തിന്നേ ജീവിക്കയുള്ളു. ആ കനിയാണു തന്റെ ശരീരവും രക്തവും. അത് അനുഭവിക്കാത്തവനു ജീവനില്ല. ഇതേപ്പറ്റി ചില വിവാദങ്ങൾ ഉണ്ട്. ചിലർ ഓർമ്മയ്ക്കു മാത്രം അപ്പവും വീഞ്ഞും അനുഭവിക്കുന്നു. ചിലർ കുർബാന ചൊല്ലി അപ്പം അതായതു ശരീരം മാത്രം കൊടുക്കുന്നു. ഇതെല്ലാം സാത്താന്റെ വഞ്ചനകളാണ്. നിങ്ങൾ വഞ്ചിക്കപ്പെടരുത്. നമ്മുടെ ജനമെല്ലാം ഭയഭക്തിയോടും നോമ്പോടും പ്രാർത്ഥനയോടും കൂടെ കർത്താവിന്റെ ശരീരവും രക്തവും അനുഭവിക്കണം. ഇക്കാലത്തു കുർബാന അനുഭവിക്കുന്നവർ വളരെ കുറവാണ്. കുർബാന അനുഭവിക്കാത്തതുകൊണ്ട് ക്രിസ്ത്യാനിത്വം ഇല്ലാതെപോകയും ഛിദ്രവും വഴക്കും വർദ്ധിക്കുകയും ചെയ്യുന്നു. നമ്മുടെ വാത്സല്യമുള്ള മക്കളെ, ഈ സംഗതി നിങ്ങൾ ശരിയായി ഗ്രഹിച്ചു നിത്യജീവനെ പ്രാപിക്കാൻ ഹൃദയപൂർവ്വം ശ്രമിക്കണം.

നമ്മുടെ സഭ സ്വീകരിച്ചിട്ടുള്ളതും നാം അനുവദിച്ചു നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നതുമായ ദശവത്സരപദ്ധതിയെപ്പറ്റി നാം നിങ്ങളെ ഓർപ്പിക്കുന്നു. സഭയുടെ വിവിധ വശങ്ങളിലുള്ള പത്തുകൊല്ലത്തെ വികസനത്തെ ലാക്കാക്കി ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന ഒരു പദ്ധതിയാണ് ഇത്. അത്യന്തം പ്രാധാന്യം അർഹിക്കുന്ന ഈ പദ്ധതിയുടെ വിജയത്തിനുവേണ്ടി നിങ്ങൾ എല്ലാവരും ആത്മാർത്ഥമായി സഹകരിച്ചു യഥാശക്തി പ്രവർത്തിക്കണം. അക്കാര്യത്തിൽ കഴിഞ്ഞ കൊല്ലം നടത്തിയ പ്രവർത്തനങ്ങൾ വേണ്ടപോലെ വിജയപ്രദമായി എന്നു പറയാൻ നിവൃത്തിയില്ല. പല പള്ളിക്കാരും അതിൽ സജീവമായി പങ്കെടുത്തിട്ടുണ്ട്. എന്നാൽ എല്ലാവരും അപ്രകാരം ചെയ്തിട്ടില്ല. പട്ടക്കാർ ഉത്സാഹത്തോടെ പ്രവർത്തിച്ചിട്ടുള്ള എല്ലാ ഇടവകകളിലും അതു വിജയിച്ചിട്ടുണ്ട്. എന്നാൽ അങ്ങനെയുള്ള ഇടവകകൾ കുറവാണ്. ഈ ന്യൂനത ഇക്കൊല്ലം പരിഹരിക്കണമെന്നു നാം ഉത്ബോധിപ്പിക്കുന്നു.

സഭാനിധിപ്പിരിവു കണക്കുകൾ അച്ചടിച്ച് എല്ലാ പള്ളിക്കാർക്കും അയച്ചുകൊടുത്തിട്ടുണ്ട്. പദ്ധതിയിൽ പറയുന്നതുപോലെയുള്ള സൃഷ്ടിപരമായ കാര്യങ്ങൾക്കുവേണ്ടി മാത്രമാണു പണം വിനിയോഗിക്കുന്നത്. രണ്ടാം കൊല്ലത്തെ പ്രവർത്തനം ഇപ്പോൾ ആരംഭിക്കയാണ്. ഇതുസംബ

ഡിച്ചു നമ്മുടെ ആപ്പീസിൽ നിന്നും വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നിങ്ങൾക്കു തന്നുകൊണ്ടിരിക്കും. അതനുസരിച്ചു നിങ്ങൾ എല്ലാവരും പ്രവർത്തിക്കണം. പ്രത്യേകിച്ചു പട്ടക്കാർ നമ്മുടെ ആളുകൾക്കു നേതൃത്വം നൽകി പദ്ധതി വിജയിപ്പിക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കണം. ഇടവകകളിൽ യോഗങ്ങൾ കൂടി സന്നദ്ധസംഘങ്ങൾ ഉണ്ടാക്കി പദ്ധതിപ്രകാരം പണപ്പിരിവു നടത്തണം. പണപ്പിരിവ് ആരംഭിച്ചിട്ടില്ലാത്ത ഇടവകകളിൽ അത് ഉടൻതന്നെ ആരംഭിക്കണം.

കൂടാതെ, നാം ഇവിടെ പണികഴിപ്പിച്ചിട്ടുള്ള ചാപ്പലിന്റെ മദ്ബഹാ പണി ആരംഭിച്ചിരിക്കുന്നു. ചാപ്പൽ പണി വകയ്ക്ക് സ്ത്രീകളും കുഞ്ഞുങ്ങളും സഹായിച്ചിട്ടുണ്ട്. എന്നാൽ എല്ലാ സ്ത്രീകളും ഈ സംഗതി വേണ്ടപോലെ അറിഞ്ഞു പ്രവർത്തിച്ചിട്ടുണ്ടെന്ന് നാം വിചാരിക്കുന്നില്ല. അറിയാത്തവരെ എല്ലാ പള്ളിക്കാരും ഉത്സാഹിച്ച് അറിയിക്കണം. സ്ത്രീകളുടെ സഹായത്താൽ മേലാലുള്ള പണിയും നടത്തണമെന്നു നാം ആഗ്രഹിക്കുന്നതുകൊണ്ട് എല്ലാ സ്ത്രീകളും ആത്മാർത്ഥമായി അതിൽ പങ്കുകൊള്ളണം. ചാപ്പൽ പണിയുടെ വരവുചെലവു കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും നമ്മുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....... ഇത്യാദി.

1953 ഡിസംബർ 1-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

66

നമ്പർ 215

The Orthodox Church of The East

ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ
ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

കഴിഞ്ഞ 14-നു തിങ്കളാഴ്ച മുതൽ നാം മൂത്രാശയസംബന്ധമായ സുഖക്കേടിൽ ഇരിക്കയാണെന്നുള്ളതു നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. അന്നുമുതൽ സ്ഥലത്തെ ഡോക്ടറന്മാർ നമ്മെ ചികിത്സിച്ചുകൊണ്ടിരിക്കുന്നു. ഇവിടെയുള്ള നമ്മുടെ ആളുകളുടെ നിർബന്ധപ്രകാരം വെല്ലൂർ ആശുപത്രിയിൽ നിന്നും ഡോക്ടറന്മാർ ഇന്നലെ ഇവിടെ വരുകയും നമ്മെ പരിശോധിക്കയും ചെയ്തതിൽ വെല്ലൂർ ആശുപത്രിയിൽ എത്തി ഏതാനും ദിവസം താമസിച്ചു ചികിത്സകൾ നടത്തണമെന്ന് അഭിപ്രായപ്പെട്ടിരിക്കയാൽ നാം ഇന്നേ ദിവസം വെല്ലൂരേക്കു പോകുന്നു. ഏതാനും ആഴ്ചകൾ നാം അവിടെ ആശുപത്രിയിൽ താമസിക്കേണ്ടി വരും. ദൈവകൃപയാൽ അവിടത്തെ ചികിത്സയിൽ പരിപൂർണ്ണസുഖം പ്രാപിച്ചു തിരിച്ചെത്തുവാൻ സാധിക്കുമെന്നു നാം വിചാരിക്കുന്നു. നമ്മുടെ രോഗശമനത്തിനു വേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കയും പട്ടക്കാർ വി. കുർബാന ചൊല്ലുകയും ചെയ്യണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം ആവശ്യപ്പെടുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ......... ഇത്യാദി.

എന്ന്, 1953 ഡിസംബർ 24-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

67

നമ്പർ 16

The Orthodox Church of The East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ
ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

വലിയ നോമ്പിലെ മുപ്പത്താറാം ഞായറാഴ്ച (1954 ഏപ്രിൽ 4-ാം തീയതി) പതിവുപോലെ ഇക്കൊല്ലവും കാതോലിക്കാദിനമായി ആചരിക്കണമെന്നു നാം നിങ്ങളെ അനുസ്മരിപ്പിക്കുന്നു. അന്ന്, വി. കുർബ്ബാന മദ്ധ്യേ, സഭയ്ക്കുവേണ്ടിയും കാതോലിക്കേറ്റിനു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുകയും അന്നേദിവസം നടത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള ശുശ്രൂഷകൾ നടത്തുകയും ചെയ്യണം. കാതോലിക്കാദിനപ്പിരിവ് അന്നുകൊണ്ടു പൂർത്തിയാക്കുകയും കാതോലിക്കാദിനത്തിലെ കാണിക്കയുൾപ്പെടെയുള്ള പിരിവു സംഖ്യകൾ നമ്മുടെ പേർക്കും ലിസ്റ്റ് നമ്മുടെ ആപ്പീസിലേക്കും പിറ്റേദിവസം തന്നെ അയയ്ക്കുകയും ചെയ്യണം. കാതോലിക്കാദിനാചരണം സംബന്ധിച്ചും പണപ്പിരിവുകൾ സംബന്ധിച്ചും ഉള്ള വിശദവിവരങ്ങൾ അടങ്ങിയ വിജ്ഞാപനം നമ്മുടെ ആപ്പീസിൽ നിന്ന് അയച്ചു തരുന്നതായിരിക്കും. അതിലെ നിർദ്ദേശങ്ങൾ അനുസരിച്ചു നിങ്ങൾ താൽപര്യമായി പ്രവർത്തിച്ചുകൊള്ളണം. കാതോലിക്കാദിനാചരണം നമ്മുടെ സഭയുടെ സുസ്ഥിരമായ നിലനിൽപ്പിനും അഭിവൃദ്ധിക്കും സംഗതിയാക്കട്ടെയെന്നു നാം ആശംസിക്കുന്നു.

ഈ വർഷവും പതിവുപോലെ റിശീസ്സാ പിരിച്ചു നമ്മുടെ പേർക്ക് അയച്ചുതരണമെന്നു നിങ്ങളെ നാം ഓർപ്പിക്കുന്നു. ഉയിർപ്പു ഞായറാഴ്ച കൊണ്ട് റിശീസ്സാ പിരിവു പൂർത്തിയാക്കി പിറ്റേദിവസം തന്നെ പണം നമ്മുടെ പേർക്കും ലിസ്റ്റ് നമ്മുടെ ആപ്പീസിലേക്കും അയയ്ക്കേണ്ടതാണ്. ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെയും എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.... ഇത്യാദി.

എന്ന്, 1954 മാർച്ച് 9-നു വെല്ലൂർ മിഷ്യൻ ആശുപത്രിയിൽ നിന്നും.

68

നമ്പർ 44

The Orthodox Church of The East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ രണ്ടാമത്തെ
ഗീവറുഗീസായ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

നമ്മുടെ .... പള്ളി വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ വൈദികസെമ്മിനാരിയെ സംബന്ധിച്ചാണ് നാം ഈ കല്പന അയയ്ക്കുന്നത്. സഭയുടെ പുരോഗതിക്ക് ശരിയായ അഭ്യസനം സിദ്ധിച്ചിട്ടുള്ള വൈദികർ ആവശ്യമാണല്ലോ. ഇക്കാര്യത്തിനായി വൈദികസെമ്മിനാരി പ്രിൻസിപ്പാൾ നമ്മുടെ അത്താനാസ്യോസ് മെത്രാച്ചനും അദ്ധ്യാപകന്മാരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് നമുക്കു വളരെ ആശ്വാസം തരുന്നുണ്ട്. സാമ്പത്തികമായ പ്രയാസംകൊണ്ട് സെമ്മിനാരിയുടെ പ്രവർത്തനം പല ആണ്ടുകളിലും വേണ്ടവിധം നടത്തുവാൻ സാധിച്ചിട്ടില്ല. വൈദിക വിദ്യാർത്ഥികൾക്കായി ഉപയോഗിച്ചുകൊണ്ടിരുന്ന നെല്ലു തുടങ്ങിയവയെല്ലാം ഗവണ്മെന്റധീനത്തിൽ വന്നതോടുകൂടി ഈ പ്രയാസം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. സമുദായവസ്തുക്കളും ആദായങ്ങളും ഇപ്പോഴും നമുക്ക് സ്വാതന്ത്ര്യമായി ഉപയോഗിക്കത്തക്കവിധത്തിൽ ആയിട്ടില്ല. നാം സ്വീകരിച്ചിട്ടുള്ള പരിപാടികളുടെ ഈയാണ്ടത്തെ പ്രവർത്തനത്തിനു നമുക്ക് ഇതേവരെ ലഭിച്ചിട്ടുള്ളത് കാതോലിക്കാ ദിനപ്പിരിവായ 14000 രൂപാ മാത്രമാണ്.

വൈദികസെമ്മിനാരിയുടെ ഇക്കൊല്ലത്തെ ബഡ്ജറ്റുതന്നെ 12000 രൂപയാകുന്നു. അതിൽ ഭദ്രാസനങ്ങൾ, സമുദായആഫീസ്, അരമന മുതലായവകൾക്കായി വിനിയോഗിക്കേണ്ടതു നീക്കിയാൽ വൈദികസെമ്മിനാരിക്കു ലഭിക്കുന്നത് 3000 രൂപാ മാത്രമാകുന്നു. ശിഷ്ടം 9000 രൂപയും ഇതര മാർഗ്ഗങ്ങളിൽ കൂടിയാണ് ലഭിക്കേണ്ടിയിരിക്കുന്നത്. നമ്മുടെ എല്ലാ പള്ളികളിലെയും ഒരു ദിവസത്തെ കാണിയ്ക്കയാണ് അതിനൊരു മാർഗ്ഗമായി കാണുന്നത്. വി. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുനാളായ അടുത്ത ഓഗസ്റ്റ് 15-നു ഞായറാഴ്ചത്തെ കാണിയ്ക്ക വൈദികസെമ്മിനാരിക്കായി എല്ലാ പള്ളിക്കാരും കൊടുക്കണമെന്ന് നാം ആഗ്രഹിക്കുന്നു. സെമ്മിനാരിയുടെ ആവശ്യത്തിനു കാര്യമായ ഒരു തുക തന്മൂലം ലഭിക്കത്തക്കവണ്ണം നമ്മുടെ പട്ടക്കാരും ജനങ്ങളും സർവ്വാത്മനാ ഉത്സാഹിച്ചു പ്രവർത്തിക്കയും പിരിഞ്ഞുകിട്ടുന്ന തുക 16-നു തിങ്കളാഴ്ച തന്നെ നമ്മുടെ അത്താനാസ്യോസ് മെത്രാച്ചന്റെ പേർക്ക്, “പ്രിൻസിപ്പാൾ, ഓർത്തഡോക്സ് വൈദികസെമ്മിനാരി, കോട്ടയം” എന്ന വിലാസത്തിൽ അയച്ചുകൊടുക്കയും വേണം.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ... ഇത്യാദി.

ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നിന്നും

കോട്ടയം, 15-7-1954

69

വലിയ നോമ്പ് കല്പന

നമ്പർ 45

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, വലിയനോമ്പ് ആരംഭിച്ചിരിക്കയാണല്ലോ. ഈ നോമ്പു കർത്താവു നോറ്റതും തന്റെ കഷ്ടാനുഭവത്തിന്റെ ഓർമ്മയ്ക്കുള്ളതും ആകുന്നു. നമ്മുടെ കർത്താവും മൂശയും ഏലിയാവും നാല്പതു നോമ്പെടുത്ത് ആകൽകറുസായെ ജയിച്ചതായി വി. വേദത്തിൽ നാം വായിക്കുന്നു. പിശാചിനെ ജയിപ്പാനുള്ള ആയുധമാണ് നോമ്പ്. ഉപവാസത്താലും പ്രാർത്ഥനയാലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകയില്ലെന്നു കർത്താവു കല്പിച്ചിട്ടുണ്ട്. കർത്താവിന്റെ കൂടെ നടക്കുകയും തന്നിൽനിന്നു കേട്ടുപഠിക്കുകയും തന്റെ അധികാരം ഉപയോഗിച്ച് പിശാചുക്കളെ പുറപ്പെടുവിക്കയും എല്ലാ ദീർഘദർശിമാരേക്കാളും രാജാക്കന്മാരേക്കാളും ഭാഗ്യവാന്മാരെന്നു കർത്താവിൽനിന്നു സാക്ഷ്യം ലഭിക്കയും ചെയ്തിട്ടുള്ള മഹാപുണ്യവാന്മാരായ ശ്ലീഹന്മാർക്കുപോലും നോമ്പും പ്രാർത്ഥനയും കൂടാതെ വൻതരം പിശാചുക്കളെ ജയിക്കാൻ കഴിയാത്തതിനാൽ നോമ്പിന്റെ ശക്തിയും പ്രാധാന്യവും വ്യക്തമാണല്ലോ. നമ്മുടെ ശക്തിയിൽ മാത്രം ആശ്രയിച്ചു പിശാചിനെ ജയിപ്പാൻ കഴിയുന്നതല്ല. ആത്മാവിന്റെ സഹായവും നമുക്ക് ആവശ്യമാണ്. കർത്താവ് ആത്മാവു നിറഞ്ഞവനായി ആത്മാവിനാൽ വനത്തിലേക്കു കൂട്ടിക്കൊണ്ടു പോകപ്പെട്ടതുപോലെ നാമും ആത്മാവുകൊണ്ടു നിറഞ്ഞ് നോമ്പ് ആചരിക്കണം. അപ്പോൾ സാത്താനെ ജയിപ്പാൻ നമുക്കു കഴിയും. ആത്മാവിന്റെ സഹായമില്ലെങ്കിൽ സാത്താൻ നമ്മെ തോല്പിച്ചുകളയും. നോമ്പ് ഒരു പോരാട്ടമാണ്. ഈ പോര് നാം ചെയ്തേ മതിയാകൂ. ഇതിൽ ജയിക്കുന്നവനു ജീവന്റെ കിരീടം ലഭിക്കും. അതിനാൽ എല്ലാവരും ഭയഭക്തിയോടുകൂടി നോമ്പ് ആചരിക്കണമെന്നു നാം പ്രബോധിപ്പിക്കുന്നു. നോമ്പുദിവസങ്ങൾ കുറയ്ക്കുകയോ സഭ നിശ്ചയിച്ചിട്ടുള്ള വ്രതാനുഷ്ഠാനങ്ങൾ ലഘുപ്പെടുത്തുകയോ ചെയ്യരുത്. വലിയനോമ്പു കർത്താവിന്റെ നോമ്പാണെന്നു പ്രത്യേകം ഓർമ്മിക്കണം. നോമ്പിന്റെ പ്രാധാന്യം ധ്യാനിച്ചു മനസ്സിലാക്കുകയും അതിന്റെ പ്രയോജനം അനുഭവിച്ചു അറിയുകയും ചെയ്യണം.

അനുഗ്രഹിക്കപ്പെട്ട മക്കളെ! നോമ്പുദിവസങ്ങളിൽ നാം അനുതപിച്ച് പാപങ്ങളെ ഉപേക്ഷിക്കണം. ഏറ്റവും വലിയ പാപം വിശ്വാസവിപരീതമാകുന്നു. നാം മാമ്മോദീസാ ഏൽക്കുമ്പോൾ മുതൽ അവസാനശ്വാസം വലിക്കുന്നതുവരെയും ദിവസന്തോറും പല സമയങ്ങളിൽ വിശ്വാസപ്രമാണം ചൊല്ലുന്നുണ്ട്. വിശ്വാസപ്രമാണം ഒരു പ്രാർത്ഥനയല്ല. നാം അതു ചൊല്ലി വിശ്വാസം ഏറ്റുപറയുകയാണ്. സത്യവിശ്വാസം ആർക്കും മാറ്റാവുന്നതല്ല. അതിൽനിന്നും ആരും വ്യതിചലിക്കയുമരുത്. നമുക്ക് വിശ്വാസവിപരീതികളുമായി ആത്മികമായ സംബന്ധം ഉണ്ടാകാൻ പാടില്ല. വിശ്വാസവിപരീതികളോടു കൂടിക്കലരുന്നതും അരിഷ്ടമായി അവരെ സ്നേഹിക്കുന്നതും ഏറ്റുപറയേണ്ട പാപങ്ങളാണെന്ന് എഴുതപ്പെട്ടിരിക്കുന്നു. ആകയാൽ നാം സൂക്ഷിക്കണം. ഇപ്പോഴും ഐക്യകൺവൻഷനും മറ്റും പലരും നടത്തുന്നതായി നാം അറിയുന്നു. വിശ്വാസവിപരീതികളോട് നമുക്കു ഐക്യം പാടില്ലാത്തതിനാൽ അങ്ങനെയുള്ള കൺവൻഷൻ നമുക്ക് എങ്ങനെ നടത്തുവാൻ കഴിയും? അവയിൽ നാം സംബന്ധിക്കുവാൻ പാടില്ലാത്തതാകുന്നു. വിശ്വാസവിപരീതത്തിനു പ്രേരിപ്പിക്കുന്ന പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങിപ്പോകരുത്. പിശാചും വേദവാക്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. അവൻ കർത്താവിനെ പരീക്ഷിച്ചപ്പോൾ വേദവാക്യങ്ങൾ ഉപയോഗിച്ചതായി നാം വായിക്കുന്നു. 'എന്റെ വചനം അവന്റെ വായിൽ എടുപ്പാൻ ദുഷ്ടന് എന്ത് അധികാരം' എന്ന് എഴുതപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സഭ അനുവദിച്ചിട്ടുള്ളവരിൽ നിന്നല്ലാതെ അന്യന്മാരിൽനിന്ന് വി. വേദം കേൾക്കുകയോ പഠിക്കുകയോ ചെയ്യരുതെന്നു നാം നിങ്ങളോട് ആജ്ഞാപിക്കുന്നു.

നാം പാപമാലിന്യങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചശേഷം, ജീവൻ ഉണ്ടാകേണ്ടതിന് കർത്താവിന്റെ തിരുശരീരവും തിരുരക്തവും അനുഭവിക്കണം. മനുഷ്യപുത്രന്റെ ശരീരം നിങ്ങൾ ഭക്ഷിക്കുകയും അവന്റെ രക്തം നിങ്ങൾ കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കു നിങ്ങളിൽ ജീവനില്ലെന്ന് വി. യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു. ആ അദ്ധ്യായങ്ങൾ നിങ്ങൾ സൂക്ഷിച്ചു വായിച്ചു പഠിക്കണം. കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിച്ചല്ലാതെ ജീവൻ പ്രാപിക്കാൻ കഴിയുന്നതല്ല. എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും എന്ന് കർത്താവ് കല്പിച്ചിരിക്കുന്നു. അങ്ങനെ വസിക്കുന്നവരെ കർത്താവ് അറിയും. മറ്റുള്ളവരെ താൻ അറിയുകയില്ല. കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പിശാചുക്കളെ പുറപ്പെടുവിക്കയും, ദീർഘദർശനം പറയുകയും, അത്ഭുതങ്ങൾ പ്രവർത്തിക്കയും ചെയ്തെന്നു പറഞ്ഞവരോടുപോലും ഞാൻ നിങ്ങളെ അറിയുന്നില്ലെന്നാണ് താൻ അരുളിച്ചെയ്തത്. തന്റെ ശരീരം മൂലം നമ്മെ രക്ഷിപ്പാൻ

വന്ന കർത്താവു തന്റെ ശരീരമല്ലാത്തവരെ അറിയുകയില്ല. വിരുന്നുഭവനത്തിൽ വിരുന്നുവസ്ത്രം കൂടാതെ കണ്ടെത്തപ്പെട്ടവന്റെ അനുഭവമാണ് അവർക്ക് ഉണ്ടാകുന്നത്. അവർ പുറത്തെ അന്ധകാരത്തിലേക്കു തള്ളപ്പെടും. വിരുന്നുവസ്ത്രം കൂദാശകൾ മൂലം ലഭിക്കുന്ന പരിശുദ്ധാത്മവസ്ത്രം ആണ്. ആ വസ്ത്രമില്ലാത്തവർക്കു ക്രിസ്ത്യാനികൾ എന്നു പേരുണ്ടെങ്കിലും അവർ പ്രാർത്ഥിക്കയോ സുവിശേഷപ്രസംഗങ്ങൾ നടത്തുകയോ ചെയ്താലും, കർത്താവ് അവരെ അറിയുകയില്ല.

ഇപ്പോൾ വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നവർ കുറഞ്ഞുവരുന്നതായി നാം അറിയുന്നു. ഇത് ഭയങ്കരമായ ഒരു വീഴ്ചയാകുന്നു. ഇതുമൂലം കർത്താവിൽനിന്ന് അകലുകയും നിത്യജീവനിൽനിന്ന് പുറംതള്ളപ്പെടുകയും ചെയ്യുന്നു. ആകയാൽ ഈ നോമ്പിൽ സ്ത്രീകളും പുരുഷന്മാരും ആബാലവൃദ്ധം വിശുദ്ധ കുർബ്ബാന അനുഭവിക്കണം. അതു യഹൂദായെപ്പോലെ ഒരുക്കം കൂടാതെയല്ല, ഒരുക്കത്തോടും സത്യഅനുതാപത്തോടും കൂടെയായിരിക്കണം. നാല്പതു ദിവസത്തിലൊരിക്കൽ വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നതു നന്നായിരിക്കും.

പരിശുദ്ധന്മാരുടെ പെരുന്നാളുകൾ ആചരിക്കേണ്ടത് നമ്മുടെ കടമയാണ്. അവരുടെ പ്രാർത്ഥനകൾ നമുക്കു സഹായവും കോട്ടയും ആയിരിക്കും. അവരെ ഓർക്കയും അവരെ പിന്തുടരുകയും ചെയ്യുന്നത് അനുഗ്രഹകരമാണ്. എന്നാൽ പെരുന്നാൾ ആഘോഷങ്ങൾക്ക് വെടിക്കെട്ടും വാദ്യമേളങ്ങളും ആവശ്യമുള്ളവയല്ല. ഇവയ്ക്കു ചെലവാക്കുന്ന പണം സാധുസംരക്ഷണത്തിനുപയോഗിക്കുന്നത് ഉത്തമമായിരിക്കും. ഇപ്പോൾ പെരുന്നാളുകളോട് അനുബന്ധിച്ചു കഥാപ്രസംഗങ്ങൾ നടത്തിവരുന്നതായി നാം അറിയുന്നു. ഇതും അഭിലഷണീയമല്ല. സന്ധ്യാനമസ്കാരത്തെ തുടർന്ന് റാസ നടത്തേണ്ടതും രാത്രി അധികമാകുന്നതിനു മുമ്പ് റാസ കഴിഞ്ഞ് എല്ലാവരും വീടുകളിൽ പോകേണ്ടതുമാകുന്നു.

പതിവുപോലെ മുപ്പത്താറാം ഞായറാഴ്ച കാതോലിക്കാദിനമായി ആചരിക്കയും പണപ്പിരിവു നടത്തുകയും ചെയ്യണം. പണപ്പിരിവു കാര്യത്തിൽ പട്ടക്കാരും ജനങ്ങളും ഉത്സാഹപൂർവ്വം പ്രവർത്തിച്ച് നല്ല ഒരു സംഖ്യ ശേഖരിക്കുകയും ഉടൻതന്നെ ഇവിടെ എത്തിക്കയും ചെയ്യണം. അപ്രകാരം തന്നെ റിശീസാ പിരിവും പതിവുപോലെ നമ്മുടെ പേർക്ക് അയച്ചുതരണമെന്നു നിങ്ങളെ നാം ഓർപ്പിക്കുന്നു. പിരിവു സംബന്ധിച്ച വിജ്ഞാപനം നമ്മുടെ ആപ്പീസിൽനിന്ന് അയച്ചുതരുന്നതായിരിക്കും.

പീസ്ലീഗ് ആദിയായി ശ്രേഷ്ഠാനുമതി സിദ്ധിച്ചിട്ടില്ലാത്ത സംഘടനകൾ നമ്മുടെ ഇടവകകളിൽ പ്രവർത്തനം നടത്താൻ അനുവദിച്ചുകൂടാത്തതാകുന്നു. അവയ്ക്കു ധനസഹായം ചെയ്യുകയോ അവയെ

പ്രോത്സാഹിപ്പിക്കുകയോ അവയുടെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തുന്ന പ്രസ്ഥാനങ്ങളിൽ പങ്കുകൊള്ളുകയോ ചെയ്യരുതെന്ന് നാം പ്രത്യേകം അനുസ്മരിപ്പിക്കുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളുടെമേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടേയും സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ..... ഇത്യാദി.

എന്ന്, 1956 ഫെബ്രുവരി 18–ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്.

70

കാതോലിക്കേറ്റ് അരമന ചാപ്പൽ കൂദാശ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, നമ്മുടെ അരമനചാപ്പലിന്റെ കൂദാശ 1956 ആഗസ്റ്റ് മാസം 15–നു ബുധനാഴ്ച നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം നിങ്ങളെല്ലാവരെയും അറിയിക്കുന്നതിൽ നമുക്കു സന്തോഷമുണ്ട്. ചാപ്പൽ കെട്ടിടത്തിന്റെ പണി മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു. ഹൈക്കലായുടെ ഭിത്തികൾ അല്പംകൂടി ഉയർത്തുക, അതനുസരിച്ച് മുഖവാരം പുതുക്കുക, ചാപ്പലിന്റെ മുറ്റം നിരപ്പാക്കി ചുറ്റും മതിൽകെട്ടുക എന്നിങ്ങനെ ചില പണികൾ ഇനിയും ചെയ്തുതീർക്കാനുണ്ടെങ്കിലും പണച്ചുരുക്കംകൊണ്ട് അവ തൽക്കാലം വേണ്ടെന്നുവയ്ക്കുകയും ചാപ്പൽ കൂദാശ ചെയ്യാൻ നിശ്ചയിക്കയും ചെയ്തിരിക്കയാണ്. ചാപ്പൽ കെട്ടിടവും മറ്റും സാമാന്യം ഭംഗിയായിത്തന്നെ പണിതിരിക്കുന്നു. ഇതിനു മൊത്തം നാല്പത്തയ്യായിരം രൂപയോളം ചെവായിട്ടുള്ളതിൽ ഒരു ഗണ്യമായ ഭാഗം നമ്മുടെ സഭാംഗങ്ങൾ പ്രത്യേകിച്ചു സ്ത്രീകൾ നേരിട്ടും, മർത്തമറിയം വനിതാസമാജങ്ങൾ മുതലായ സംഘടനകൾ വഴിയായും അയച്ചുതന്നിട്ടുള്ളത് കൃതജ്ഞതാപൂർവ്വം നാം സ്മരിക്കുന്നു. ഈ ചാപ്പൽ സ്ഥാപിച്ചിട്ടുള്ളത് ദൈവമാതാവിന്റെയും മാർതോമ്മാ ശ്ലീഹായുടെയും മാർ ഗീവറുഗീസ് സഹദായുടെയും പ. പരുമല മാർ ഗ്രീഗോറിയോസിന്റെയും നാമത്തിലാണ്. ദൈവമാതാവിന്റെ വാങ്ങിപ്പിന്റെ പെരുന്നാൾ ആഗസ്റ്റ് പതിനഞ്ചാം തീയതി ആണെന്ന് നിങ്ങൾക്ക് അറിയാമല്ലോ. പൗരസ്ത്യ

കാതോലിക്കാ സിംഹാസനം മലങ്കരയിൽ പുനഃസ്ഥാപിച്ചതിലും മലങ്കരസഭയുടെ സ്വാതന്ത്ര്യസമ്പാദനത്തിലും സഹകരിച്ച അന്ത്യോഖ്യായുടെ മാർ അബ്ദേദ് മിശിഹാ പാത്രിയർക്കീസു ബാവായുടെ ഓർമ്മയും ആഗസ്റ്റ് പതിനഞ്ചിനു തന്നെയാണ്. ഇങ്ങനെ പലതുകൊണ്ടും പ്രാധാന്യം അർഹിക്കുന്ന ആ ശുഭദിനത്തിൽ നടത്തപ്പെടുന്ന പെരുന്നാളിലും ചാപ്പലിന്റെ കൂദാശയിലും സഭാംഗങ്ങൾ ഏവരും നേർച്ചകാഴ്ചകളോടുകൂടി വന്നു സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു പോകണമെന്നു നാം താൽപര്യപ്പെടുന്നു.

ചാപ്പൽ പണിയുടെ വരവുചെലവു കണക്കുകൾ നമ്മുടെ ആപ്പീസിൽ നിന്നും പ്രസിദ്ധപ്പെടുത്തുവാൻ നാം ആജ്ഞാപിച്ചിട്ടുണ്ട്. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.... ഇത്യാദി.

1956 ജൂലൈ 25-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

71

കേരളപ്പിറവി സന്ദേശം

ഈ നവംബർ ഒന്നാം തീയതി (1956) കേരളപ്പിറവിയായിരുന്നല്ലോ. കേരളം പണ്ടേ ഒന്നായിരുന്നു. പക്ഷേ, കാലാന്തരത്തിൽ കേരളീയർ പല വിഭാഗങ്ങളായി പിരിഞ്ഞുപോയി. ഇന്നിതാ അവർ വീണ്ടും ഒന്നായിരിക്കുന്നു. നാം ഒന്നാകേണ്ടവർ തന്നെയാണ്. നാം ഒന്നായി നിൽക്കുന്നതാണ് നമ്മുടെ ബലം.

ഇന്ത്യയിലെ ക്രൈസ്തവരുടെ ഭാവിയെക്കുറിച്ചു പലർക്കും ഉത്കണ്ഠയുണ്ടായിരിക്കാം. അതിനാവശ്യമില്ല. ദൈവത്തിന്റെ സഭയ്ക്കു യാതൊന്നും ഭയപ്പെടുവാനില്ല. അതാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

പുതിയ കേരളം രൂപമെടുത്തിരിക്കുന്ന ഈ അവസരത്തിൽ കേരളീയരായ ക്രൈസ്തവർ അവരുടെ മഹത്തായ ചുമതല വിസ്മരിക്കരുത്. വിഷമകരമായ പല പ്രശ്നങ്ങൾക്കും കേരളീയർ പരിഹാരം കാണേണ്ടിവരും. അങ്ങനെയുള്ള ചുറ്റുപാടിൽ സഹകരണത്തിന്റെയും സൗഹാർദ്ദത്തിന്റെയും സഹവർത്തിത്വത്തിന്റെയും കൈനീട്ടിക്കൊണ്ട് ഒരു നല്ല ഭാവിക്കുവേണ്ടിയുള്ള പ്രയത്നത്തിൽ നാം പങ്കുകൊള്ളുക.

നമ്മുടെ സംസ്ഥാനത്തിനു മുന്നോട്ടുള്ള കാൽവെയ്പിനുവേണ്ട വെളിച്ചവും നേതൃത്വവും ആവശ്യമുണ്ട്. തങ്ങൾക്കു ലഭിച്ചിട്ടുള്ള സംസ്കാരത്തിന്റെയും ധാർമ്മിക നേതൃത്വത്തിന്റെയും ദീപയഷ്ടി ഉയർത്തിപ്പിടിച്ചു കേരളത്തിനു വെളിച്ചം കാട്ടിക്കൊടുക്കാൻ ഇവിടത്തെ ക്രൈസ്തവർക്കു സാധിക്കുമെന്നു നാം വിശ്വസിക്കുന്നു.

കേരളം വലുതാകയാണ്. നമ്മുടെ കാഴ്ചപ്പാടും അതോടൊപ്പം വലുതാകേണ്ടതാണ്. അതിനാവശ്യമായ പ്രചോദനം നമുക്കേവർക്കും ലഭിക്കട്ടെ. ഐശ്വര്യസമ്പൂർണ്ണമായ ഒരു ശോഭനഭാവി നമ്മുടെ സംസ്ഥാനത്തിനുണ്ടാകുവാൻ ദൈവം തുണയ്ക്കട്ടെ.

72

പ്രിയരെ,

ദൈവകൃപയാൽ കേസ് നമുക്ക് അനുകൂലമായി സുപ്രീംകോടതി വിധി പ്രസ്താവിച്ചിരിക്കുന്നു. നിങ്ങളെല്ലാവരുടെയും ഹൃദയപൂർവ്വകമായ പ്രാർത്ഥനകളും സഹായസഹകരണങ്ങളുംകൊണ്ട് ദൈവം നമ്മോടു കരുണ ചെയ്തു. എല്ലാവരും അനുതാപത്തോടും കണ്ണുനീരോടും കൂടി മഹാകരുണയുള്ളവനായ ദൈവത്തെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യണം.

നമ്മുടെ എല്ലാ പള്ളികളിലും ഈ മാസം (സെപ്തംബർ) 15-ാം തീയതി തിങ്കളാഴ്ച സ്തോത്രബലി അർപ്പിക്കണം. സ്ത്രീപുരുഷന്മാർ ആബാലവൃദ്ധം പള്ളിയിൽകൂടി ദൈവത്തെ മഹത്വപ്പെടുത്തുകയും വി. കുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്യണം. ബാഹ്യമായ യാതൊരു ആഹ്ലാദവും നടത്തി നമ്മുടെ സഹോദരങ്ങളുടെ വികാരങ്ങളെ ഒരുവിധത്തിലും ക്ഷതപ്പെടുത്തരുത്. മുമ്പെന്നപോലെ ഇനിയും നാം ഒന്നായി കഴിഞ്ഞുകൂടുന്നതാണ് നമ്മുടെ ബലവും നേട്ടവും. ശേഷം പിന്നാലെ, ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.

73

നമ്പർ OL 82 / 58

The Orthodox Syrian Church of the East

ശ്ലീഹായിയ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
രണ്ടാമത്തെ ഗീവറുഗീസ്സായ മോറാൻ മാർ ബസേലിയോസ്സ്
കാതോലിയ്ക്കായിൽ നിന്നും

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തു പട്ടക്കാരും

പള്ളിക്കൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

ഈ കൊല്ലത്തെ വൈദിക സെമ്മനാരി ദിനം ഒക്ടോബർ അഞ്ചാം തീയതിയാകുന്നു. അന്ന് എല്ലാ പള്ളിക്കാരും സെമ്മനാരിയ്ക്കുവേണ്ടി പ്രാർത്ഥിയ്ക്കുകയും ഉദാരമായ ധനശേഖരം നടത്തി പ്രിൻസിപ്പാളിന്റെ പേർക്ക്, പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമ്മനാരി, കോട്ടയം എന്ന മേൽവിലാസത്തിൽ അയയ്ക്കുകയും ചെയ്യണം. അന്നേ ദിവസം തവണയില്ലാത്ത പള്ളിക്കാർ അതിനടുത്ത് തവണ വരുന്ന ഞായറാഴ്ച സെമ്മനാരി ദിനമായി വേർതിരിക്കണം. ഈ വർഷം നമ്മുടെ സെമ്മനാരിയിൽ അഞ്ചു അദ്ധ്യാപകന്മാരും മുപ്പത്തെട്ട് വിദ്യാർത്ഥികളും ഉണ്ട്. തന്മൂലം ചെലവ് വർദ്ധിച്ചിട്ടുള്ളതിനാലും കേന്ദ്രത്തിൽ നിന്ന് മുൻവർഷങ്ങളെപ്പോലെ സാമ്പത്തികമായി സഹായിപ്പാൻ വ്യവഹാരം ഹേതുവായി സാധിക്കാതെ വന്നതിനാലും എല്ലാ പള്ളിക്കാരും ഈ വർഷത്തെ പിരിവിൽ കാര്യമായി പങ്കെടുക്കുമെന്ന് നാം പ്രതീക്ഷിക്കുന്നു.

സഭയിലും സഭയുടെ മിഷ്യൻ കേന്ദ്രങ്ങളിലും, പരിശീലനം ലഭിച്ച ത്യാഗികളായ പട്ടക്കാരുടെ ആവശ്യം കൂടിവരുന്ന ഇക്കാലത്ത് അവർക്ക് പരിശീലനം നൽകുന്ന നമ്മുടെ കേന്ദ്രസ്ഥാപനമായ സെമ്മനാരിയെ എല്ലാ വിധത്തിലും സഹായിപ്പാൻ സഭാംഗങ്ങൾ ഉത്സാഹം കാണിക്കുന്നുവെന്ന് അവരുടെ റിപ്പോർട്ടിൽ നിന്നും നാം മനസ്സിലാക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു. പട്ടക്കാർ സെമ്മനാരിയുടെ പിരിവിനെക്കുറിച്ച് പള്ളികളിൽ നേരത്തെ പ്രസ്താവിക്കുകയും ഏവരും കൈതുറന്ന് സഹായിക്കുകയും ചെയ്യണം.

ദൈവം അനുഗ്രഹിക്കട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി

1958 സെപ്റ്റംബർ 12-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

74

സഭാസമാധാന കല്പന

നമ്പർ 105

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനുമായ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർതോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ ആരുഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ.

(മുദ്ര)

നമ്മുടെ അധികാരസീമയിൽപ്പെട്ട നമ്മുടെ സ്നേഹഭാജനങ്ങളായ മേല്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ ഇവർക്കും വിശ്വാസികളായ ജനങ്ങൾക്കും ദൈവിക കൃപയും അപ്പോസ്തോലിക വാഴ്വും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ദീർഘകാലമായി നമ്മുടെ സഭയിൽ നിലനിന്നുവന്ന അസമാധാനവും കലഹങ്ങളും അവസാനിപ്പിക്കുന്നതിനു കാലം ചെയ്ത മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും നാമും പല ശ്രമങ്ങളും നടത്തിയതിൽ സമാധാനം കൈവരുത്തുന്നതിനു സാധിക്കാതെയിരുന്നതിൽ നാം എപ്പോഴും ദുഃഖത്തിൽ ഇരുന്നിരുന്നു. എന്നാൽ അസമാധാനം തീർത്ത് ഒന്നായിത്തീരുന്നതിനുള്ള സന്നദ്ധത കാണിച്ചു നാം ഒന്നായിച്ചേർന്നിരിക്കുന്നതിനാൽ നാം അത്യധികം സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

സഭയിലെ സമാധാനത്തിനുവേണ്ടി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പാസ്സാക്കി നടപ്പിലിരിക്കുന്ന ഭരണഘടനയ്ക്കു വിധേയമായി മോറോൻ മാർ ഇഗ്നാത്യോസ് യാക്കൂബ് തൃതീയനെ അന്ത്യോഖ്യാ പാത്രിയർക്കീസ് ആയി സ്വീകരിക്കുന്നതിന് നാം പ്രസാദിച്ചിരിക്കുന്നു.

അദ്ദേഹത്തിന്റെ കീഴിൽ മലങ്കരയുള്ള മേല്പട്ടക്കാരെയും ടി ഭരണഘടനയിലെ വ്യവസ്ഥകൾക്ക് അനുസരണമായി സ്വീകരിക്കുന്നതിനു നമുക്ക് സന്തോഷമുണ്ട്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റേയും ഇൻഡ്യയുടെ കാവൽപിതാവായ മാർത്തോമ്മാശ്ലീഹായുടെയും ശേഷമുള്ള എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ... ഇത്യാദി.

എന്ന്

1958 ഡിസംബർ 16-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

75

മെത്രാസന ഇടവക വിഭജനകൽപന

നമ്പർ 31/1959

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും
ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർ തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ
ഗീവറുഗീസ് എന്ന് അഭിധാനമുള്ള ബസ്സേലിയോസ് കാതോലിക്കാ

(മുദ്ര)

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്:-

അന്ത്യോഖ്യായുടെ മോറാൻ മാർ ഇഗ്നാത്യോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായും നാമും പരസ്പരം കൽപനകൾ മൂലം സ്വീകരിക്കുകയും നമ്മുടെ സഭയിൽ സമാധാനം സ്ഥാപിതമാകയും ചെയ്തതിനെ തുടർന്ന് നമ്മുടെ മലങ്കര മഹാഇടവകയിലെ മെത്രാസന ഇടവകകളുടെ ഭരണം സംബന്ധിച്ച് ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടത് അത്യാവശ്യമായിത്തീരുകയാൽ മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മറ്റിയും എപ്പിസ്കോപ്പൽ സുന്നഹദോസും .... സ്ഥിതിഗതികൾ പരിഗണിച്ച് മെത്രാസന ഇടവകകൾ പുനർവിഭജനം ചെയ്യണമെന്ന് അഭിപ്രായമുള്ളതുകൊണ്ട് മുറപ്രകാരമുള്ള നടപടികൾ നടത്തി ആ സംഗതി തീരുമാനിക്കുന്നതുവരെ താൽക്കാലികമായി ഭരണം നടത്തുന്നതിന് മാനേജിംഗ് കമ്മറ്റിയുടെ ആലോചനയോടുകൂടിയും എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശ അനുസരിച്ചും താഴെ വിവരിക്കുന്നപ്രകാരം മേൽപട്ടക്കാർക്ക് ഇടവകകൾ തിരിച്ചു കൊടുത്ത് അവയുടെ ഭരണത്തിന് അവരെ നാം അധികാരപ്പെടുത്തിയിരിക്കുന്നു. ഈ താൽക്കാലിക ക്രമീകരണമനുസരിച്ച് മലബാർ മെത്രാസനം പത്രോസ് മാർ ഒസ്താത്തിയോസ് എപ്പിസ്കോപ്പായും, കൊച്ചി മെത്രാസനം പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും, അങ്കമാലി മെത്രാസനം ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും, കണ്ടനാടു മെത്രാസനം ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും, പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായും ഒരുമിച്ചും കോട്ടയം മെത്രാസനം കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സീനിയർ മെത്രാപ്പോലീത്തായും, മാത്യൂസ് മാർ

ഈവാനിയോസ് എപ്പിസ്കോപ്പാ സഹായമെത്രാനായും, നിരണം മെത്രാസനം മാർത്തോമ്മാ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും, തുമ്പമൺ മെത്രാസനം ദാനിയേൽ മാർ പീലക്സിനോസ് എപ്പിസ്കോപ്പായും, കൊല്ലം മെത്രാസനം അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ സീനിയർ മെത്രാപ്പോലീത്തായായും മാത്യൂസ് മാർ കൂറിലോസ് എപ്പിസ്കോപ്പാ സഹായമെത്രാനായും ഭരിക്കുന്നതാകുന്നു. ക്നാനായ വിഭാഗത്തിന്റെ പ്രത്യേക സ്വഭാവത്തേയും കീഴ്നടപടികളെയും ആദരിച്ച് ക്നാനായ സമുദായാംഗങ്ങൾ ചേർന്നു നടക്കുന്ന പള്ളികൾ എല്ലാംകൂടി ഒരു മെത്രാസന ഇടവകയായിരിക്കണമെന്നും ആ മെത്രാസനത്തിന്റെ ഭരണം ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ നടത്തണമെന്നും ആ മെത്രാസനവും മലങ്കരസഭയുമായുള്ള ബന്ധം അതേപ്പറ്റി പഠിച്ച് എപ്പിസ്കോപ്പൽ സുന്നഹദോസിനു റിപ്പോർട്ടു ചെയ്യുന്നതിന് നിയമിക്കപ്പെട്ടിട്ടുള്ള കമ്മറ്റിയുടെ റിപ്പോർട്ട് കിട്ടിയശേഷം നിർണ്ണയിക്കണമെന്നും തീരുമാനിച്ചിരിക്കുന്നതും അതനുസരിച്ച് ആ മെത്രാസനം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ ഭരിക്കുന്നതും ആകുന്നു. മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമായ കോട്ടയത്തുള്ള കോട്ടയം ചെറിയപള്ളിയും അതോടു ബന്ധപ്പെട്ട പള്ളികളും ചാപ്പലുകളും അവയോടുകൂടി മാർ ഏലിയാ ചാപ്പൽ ഇടവകയും മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിൽ തുടരുന്നതാകുന്നു.

മലങ്കരയ്ക്കു വെളിയിലുള്ള ഇടവകകളുടെ ഭരണം അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കണമെന്നും നാം തീരുമാനിച്ചിരിക്കുന്നു.

അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ, ദീർഘകാലമായി നമ്മുടെ ഇടയിൽ നിലനിന്നിരുന്ന കക്ഷിഭിന്നതകളും തർക്കങ്ങളും അവസാനിക്കയും സമാധാനം കൈവരികയും നാം ഒന്നായിത്തീരുകയും ചെയ്തിരിക്കുന്നതിനാൽ ഈ സൗഭാഗ്യം നമുക്കു നൽകിയ കാരുണ്യവാനായ ദൈവത്തെ സ്തുതിക്കുകയും തന്നിൽ ആശ്രയിച്ചുകൊണ്ട് സഭയുടെ വളർച്ചയ്ക്കും പുരോഗമനത്തിനും ആയി ഉത്സാഹപൂർവ്വം പ്രവർത്തിക്കുകയും ചെയ്യണം. നിങ്ങൾ ദൈവഭയത്തിലും സത്യവിശ്വാസത്തിലും വളരണം. സഭയുടെ നിയമങ്ങൾ പാലിക്കുകയും പാരമ്പര്യങ്ങൾ വളർത്തുകയും ചെയ്യണം. നിങ്ങളെ സത്യവിശ്വാസത്തിൽ വളർത്തുന്നതിനും നേർവഴിയിലൂടെ നടത്തുന്നതിനും പ്രബോധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണദോഷിക്കുന്നതിനും ശാസിക്കുന്നതിനും അധികാരവും കടമയും ഉള്ള നിങ്ങളുടെ പിതാക്കന്മാരും ഇടയന്മാരും ആയ ഇടവക മെത്രാപ്പോലീത്തന്മാരെ നിങ്ങൾ അനുസരിക്കുകയും അവരുടെ ഉപദേശങ്ങൾ സ്വീകരിക്കുകയും കൽപനകൾ പ്രമാണിക്കുകയും മെത്രാസന

ഭോഗങ്ങൾ കൊടുക്കുകയും ചെയ്യണം. എല്ലാ ഇടവകകളിലേയും പ്രവർത്തനങ്ങൾ സഭാ ഭരണഘടനയ്ക്കു വിധേയമായി നടത്തുകയും നമ്മുടെ സഭയിൽ മേൽക്കുമേൽ സമാധാനവും സംപ്രീതിയും വർദ്ധിച്ചുവരുവാനും ദൈവതിരുനാമം മഹത്വപ്പെടുവാനും തക്കവണ്ണം എല്ലാ കാര്യങ്ങളും ക്രമപ്പെടുത്തിക്കൊള്ളുകയും ചെയ്യണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ, ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാ ശ്ലീഹായുടേയും സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ..... ഇത്യാദി.

എന്ന്, 1959 ഫെബ്രുവരി 25-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

76

The Orthodox Syrian Church of the East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
രണ്ടാമത്തെ ഗീവറുഗീസായ
മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

(മുദ്ര)

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ റ്റി. വി. പീലിപ്പോസ് കത്തനാർക്ക് വാഴ്വ്.

പ്രിയനെ,

അയച്ച എഴുത്തും പത്തു ഡോളറും കിട്ടി. സമയമില്ലാത്തതുകൊണ്ടാണ് മറുപടിക്കു താമസിച്ചുപോയത്. ദൈവം തന്റെ കാഴ്ചയെ കൈക്കൊള്ളട്ടെ.

ഇവിടെ യൂലിയോസു മെത്രാനും പീലക്സീനോസു മെത്രാനും ഒരു കക്ഷിയായി നിന്നുകൊണ്ട് സഭയിൽ ഭിന്നതയും വഴക്കും ഉണ്ടാക്കുന്നു. ഇപ്പോഴും നമുക്കു പട്ടമില്ലെന്ന് യൂലിയോസ് പഠിപ്പിക്കുന്നു. ദൈവം ഇല്ലാത്ത ഈ ജാതിയോട് പെരുമാറുന്നത് വിഷമമാണ്. ദൈവം എല്ലാത്തിനും പോംവഴി ഉണ്ടാക്കട്ടെ.

ഇവിടെ വലിയ ചൂടായിരുന്നു. ഇപ്പോൾ രണ്ടു ദിവസമായിട്ട് ഇടവപ്പ

കുതി പോലെയുള്ള മഴയുണ്ട്. പ. പാത്രിയർക്കീസിനു സുഖമായിരിക്കു മല്ലോ. ഇവിടെ ഈ വഴക്കുണ്ടാക്കുന്നത് അദ്ദേഹത്തിന്റെ അറിവോടു കൂടിയാണോ? അതല്ലെങ്കിൽ സമാധാനത്തിനുവേണ്ടി ഒരു കൽപന അയ യ്ക്കാൻ പറയണം. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, 1960 മേയ് 4-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

77

The Orthodox Syrian Church of the East

ശ്ലീഹായിക്കടുത്ത പൗരസ്ത്യ സിംഹാസനത്തിന്റെ
രണ്ടാമത്തെ ഗീവറുഗീസായ
മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ചാത്തുരുത്തിൽ അയ്പ്പോരയ്ക്ക് വാഴ്വ്.

പ്രിയനെ,

നിങ്ങളുടെ ശരീരാസ്വാസ്ഥ്യത്തെപ്പറ്റി അറിയുന്നതിൽ ദുഃഖിക്കുന്നു. രോഗവും ദുഃഖവും വരുമ്പോൾ നാം ശോധന ചെയ്യപ്പെടുകയാണ്. നാം ദൈവത്തോടു കൂടുതൽ അടുക്കുന്നതിനാണ് കഷ്ടപ്പാടുകൾ വരുന്നത് എന്നോർക്കണം. സ്വർഗ്ഗത്തിലേക്ക് ദൃഷ്ടി ഉയർത്തണം. എല്ലാ രോഗ ങ്ങളും സൗഖ്യമാക്കുന്ന സർവ്വശക്തനായ സ്വർഗ്ഗീയ വൈദ്യനിൽ ശര ണപ്പെടണം. താൻ കൈവിടുകയില്ല. നാം നിങ്ങളുടെ രോഗശമനത്തിനു വേണ്ടി പ്രാർത്ഥിക്കുന്നു. കുർബാനയിലും നാം ഇത് ഓർക്കുന്നതാണ്. ദൈവം നിങ്ങൾക്ക് ആശ്വാസം നൽകട്ടെ.

ദൈവത്തിന്റെ കൃപയും വാഴ്വും നിങ്ങളോടുകൂടി സദാ വർദ്ധിച്ചിരി ക്കുമാറാകട്ടെ.

1960 ഡിസംബർ 3-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും

(*പരുമല തിരുമേനി: ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും*, ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി, ഡി.സി. ബുക്സ്, കോട്ടയം, 2015, പേജ് 389).

78

നമ്പർ 9/61

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർ തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന ബലഹീനനായ രണ്ടാമത്തെ
ഗീവറുഗീസ് എന്ന് അഭിധാനമുള്ള
ബസ്സേലിയോസ് കാതോലിക്കാ

(മുദ്ര)

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്:-

പ്രിയരെ,

വലിയ നോമ്പിലെ 36-ാം ഞായറാഴ്ച (മാർച്ചു മാസം 19-നു) ഈ വർഷവും കാതോലിക്കാദിനമായി നമ്മുടെ എല്ലാ ഇടവകകളിലും ആചരിക്കേണ്ടതാകുന്നു. കാതോലിക്കാ ദിനാഘോഷം മൂലം സഭയുടെ അഭിവൃദ്ധിയ്ക്കും കാതോലിക്കേറ്റിന്റെ നിലനിൽപ്പിനും സത്യവിശ്വാസത്തിന്റെ പ്രചരണത്തിനും വേണ്ടി ആത്മാർത്ഥമായി പ്രയത്നിക്കാനുള്ള പ്രേരണയും സന്നദ്ധതയും സഭാംഗങ്ങൾക്ക് ഉണ്ടാകണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഈ ഉദ്ദേശ്യനിവൃത്തിക്ക് അനുയോജ്യമായ രീതിയിലായിരിക്കണം കാതോലിക്കാദിനം ആചരിക്കുന്നത്. ഈ ദിനത്തിൽ സഭാംഗങ്ങൾ എല്ലാവരും പള്ളിയിൽ പോകുകയും വി. കുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്യണം. വി. കുർബ്ബാനമദ്ധ്യേ സഭയ്ക്കും കാതോലിക്കേറ്റിനും വേണ്ടി പ്രത്യേകം പ്രാർത്ഥനകൾ നടത്തണം. വി. കുർബ്ബാനയ്ക്കുശേഷം പൊതുയോഗങ്ങൾ കൂടി സത്യവിശ്വാസം, കാതോലിക്കാ സിംഹാസനം, സഭാചരിത്രം മുതലായ വിഷയങ്ങളെപ്പറ്റി പ്രസംഗങ്ങൾ നടത്തുകയും ചെയ്യണം.

കാതോലിക്കാ ദിനാചരണത്തോട് അനുബന്ധിച്ചു നടത്തിവരുന്ന പണപ്പിരിവ് ഈ കൊല്ലവും നടത്തുകയും മാർച്ചു മാസം 19-നോടുകൂടി പിരിവു പൂർത്തിയാക്കി പണവും പിരിവുലിസ്റ്റും പിറ്റേദിവസം അയച്ചുതരികയും ചെയ്യണം. നമ്മുടെ എല്ലാ ഇടവകകളിലുമുള്ള എല്ലാ ഗൃഹനായകന്മാരും ഈ പിരിവിൽ പങ്കുകൊള്ളേണ്ടതാണ്. ഓരോ ഗൃഹനായകനും ഒരു ദിവസത്തെ ശരാശരി വരുമാനം സംഭാവന ചെയ്യണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ഇങ്ങനെ ഓരോ ഭദ്രാസനത്തിൽ നിന്നും പിരിഞ്ഞുകിട്ടുന്ന തുകയുടെ മുന്നിൽ ഒരു ഭാഗം അതതു മെത്രാസനത്തിനു നീക്കിവെച്ചശേഷം ബാക്കി ഉള്ളതിൽനിന്നാണ് കാതോലിക്കേറ്റ് അരമന, വൈദിക സിമ്മനാരി, സമുദായ ആഫീസ് മുതലായവയുടെ ചെലവുകൾ നടത്തേണ്ടത്. ഈ ആണ്ടിൽ സണ്ടേസ്കൂൾ, യുവജനസമാജം, വനിതാസമാജം ആദിയായ പ്രസ്ഥാനങ്ങൾക്ക് ഗ്രാന്റു കൊടുക്കണമെന്നും വിചാരിക്കു

ന്നു. ഈ ആവശ്യങ്ങൾക്കായി ഗണ്യമായ ഒരു തുക ശേഖരിക്കേണ്ടതിനാൽ എല്ലാ ഗൃഹനായകന്മാരും ഈ പണപ്പിരിവ് എത്രയും വിജയപ്രദമാക്കാൻ കൈതുറന്നു സംഭാവന ചെയ്യണമെന്നു നാം താൽപര്യപ്പെടുന്നു.

പണപ്പിരിവിനുള്ള കവറുകളും വിജ്ഞാപനവും നമ്മുടെ ആഫീസിൽ നിന്നും അയച്ചുതരുന്നതാണ്.

കൂടാതെ, നമ്മുടെ ഓരോ ഇടവകയിലുമുള്ള ഇരുപത്തിയൊന്നു വയസ്സ് പൂർത്തിയായ എല്ലാ പുരുഷന്മാരിൽ നിന്നും ആളൊന്നുക്ക് പതിമൂന്ന് നയാപൈസാ വീതം റീശീസാ പിരിക്കേണ്ടതാകുന്നു. ഈ പിരിവ് ഉയിർപ്പു ഞായറാഴ്ച (ഏപ്രിൽ 2-നു) കൊണ്ടു പൂർത്തിയാക്കുകയും പിരിവുതുക ലിസ്റ്റുസഹിതം അയച്ചുതരികയും ചെയ്യണം. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടേയും ശേഷം എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ.... ഇത്യാദി.

1961 ഫെബ്രുവരി 10-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

79

കോട്ടയം
ഏപ്രിൽ 27

കർത്താവിൽ നമ്മുടെ വാത്സല്യമക്കളെ,

ബ. കേരള ഹൈക്കോടതിയുടെ അപ്രതീക്ഷിതമായ ഇൻജംക്ഷൻ ഉത്തരവനുസരിച്ച് ഇന്നു നടത്തുവാൻ നിശ്ചയിച്ചിരുന്ന മലങ്കര അസോസ്യേഷൻ യോഗം മാറ്റി വെയ്ക്കേണ്ടി വന്നിരിക്കുന്ന വിവരം നമ്മുടെ സമുദായാംഗങ്ങൾ അത്യധികം ഖേദത്തോടുകൂടി ഇതിനകം അറിഞ്ഞിരിക്കുമെന്നു നാം വിശ്വസിക്കുന്നു. ഇങ്ങനെ ഒരു കേസിന് ഇടയാക്കിയ നിർഭാഗ്യകരമായ പ്രവണതകളെയും സാഹചര്യങ്ങളെയും പറ്റി വളരെ വികാരക്ഷോഭത്തോടുകൂടി നിങ്ങൾ ചിന്തിക്കുന്നുണ്ടെന്നു നമുക്കറിയാം. എന്നാൽ വികാരാവേശത്തിനും ക്ഷോഭപ്രകടനത്തിനുമുള്ള അവസരമല്ല ഇതെന്നു നിങ്ങളെ നാം സ്നേഹപൂർവ്വം അനുസ്മരിപ്പിക്കുന്നു. ശാന്ത

മായും ദൃഢനിശ്ചയത്തോടും ദൈവാശ്രയത്തോടും കൂടിയുള്ള പ്രവർത്ത നത്തിനു നിങ്ങൾ ഏവരും സന്നദ്ധരാവുകയാണു വേണ്ടത്.

ബ. സുപ്രീംകോടതിയുടെ തീരുമാനത്തിനും, പ. പാത്രിയർക്കീസു ബാവായിൽ നിന്നു വന്നുചേർന്ന സമാധാനകൽപ്പനയ്ക്കും ശേഷം, സഭ പുരോഗമനപരവും, അഭിവൃദ്ധിയോന്മുഖവുമായ സംയുക്ത പ്രവർത്ത നത്തിലേക്കു പ്രവേശിക്കുമെന്നും, അങ്ങനെ നമ്മുടെ സമുദായത്തിനും ഇതര സമുദായങ്ങൾക്കും പ്രയോജനകരമായ പലതും സാധിക്കുമെന്നും നാമേവരും സ്വപ്നം കണ്ടു. നിർഭാഗ്യവശാൽ സാത്താന്റെ സമർത്ഥമായ പ്രവർത്തനങ്ങൾ ഇനിയും അവസാനിച്ചിട്ടില്ല. സമുദായത്തിന്റെ പുതിയ പരിതസ്ഥിതിയിൽ നമ്മുടെ വാർദ്ധക്യം മൂലം നിങ്ങളേവരും ആഗ്രഹി ക്കുന്നതരത്തിൽ സഭാകാര്യങ്ങളിൽ പ്രവർത്തിക്കുവാനോ നേതൃത്വം നൽകുവാനോ നമുക്കു വേണ്ടത്ര ശക്തി തോന്നുന്നില്ല. അതുകൊണ്ട് നമ്മുടെ പിൻഗാമിയായി ഒരാളെ തെരഞ്ഞെടുക്കണമെന്നും, നാം ഉള്ള പ്പോൾ തന്നെ നമ്മുടെകൂടെ പ്രവർത്തിക്കുന്നതിനും പരിശീലനസൗകര്യം ലഭിക്കുന്നതിനും അവസരമുണ്ടാകണമെന്നും മറ്റുമുള്ള ഉദ്ദേശ്യത്തിൽ അസോസ്യേഷൻ വിളിച്ചുകൂട്ടണമെന്നു നമ്മോട് നമ്മുടെ മാനേജിംഗ് കമ്മിറ്റി അഭ്യർത്ഥിച്ചു. മാനേജിംഗ് കമ്മിറ്റിയുടെ മിക്കവാറും ഏകാഭി പ്രായമെന്ന് പരിഗണിക്കേണ്ട അഭ്യർത്ഥനയെ ആദരിച്ച് നാം അസോ സ്യേഷൻ വിളിച്ചുകൂട്ടാൻ നടപടികൾ എടുത്തു. ഏകദേശം 2700 പള്ളി പ്രതിപുരുഷന്മാർ സംബന്ധിക്കുന്ന നമ്മുടെ അസോസ്യേഷന് എത്ര വിപുലമായ സജ്ജീകരണങ്ങളും ഭീമമായ ചെലവുകളും ആവശ്യമാ ണെന്ന് നിങ്ങൾക്കറിയാമല്ലോ. നമ്മുടെ സമുദായത്തിന്റെ വിവിധ ഇടവ കകളിൽ നിന്നു പലരും കോട്ടയത്തേക്ക് യാത്ര തിരിച്ചു കാണുമെന്നും നമുക്കറിയാം. അങ്ങനെയുള്ളവരുടെയെല്ലാം ബുദ്ധിമുട്ടിലും താൽക്കാ ലികമായി നേരിട്ട നൈരാശ്യത്തിലും നാം സഹതപിക്കുന്നു. എന്നാൽ നിങ്ങൾ യാതൊരുതരത്തിലും അധൈര്യപ്പെടേണ്ട ആവശ്യമില്ലെന്ന് നിങ്ങൾ വ്യക്തമായി മനസ്സിലാക്കണം. കഴിഞ്ഞ 50 കൊല്ലത്തെ നമ്മുടെ ചരിത്രം പുറകോട്ടു നോക്കിയാൽ എത്രയെത്ര വിഷമകരമായ സന്ദർഭ ങ്ങളും കോടതിവിധികളും നമ്മെ ക്ലേശിപ്പിച്ചിട്ടുണ്ടെന്ന് നിങ്ങൾ ശാന്ത മായി ആലോചിക്കുക. അവയെ എല്ലാം നാം തരണം ചെയ്തു. നാം സമരം ചെയ്ത സഭാസ്വാതന്ത്ര്യത്തിനും പാത്രിയർക്കീസ് സിംഹാസന വുമായുള്ള വ്യവസ്ഥാപിത ബന്ധത്തിനും ദൈവം നമ്മെ പ്രാപ്തരാക്കി അനുഗ്രഹിച്ചു. ഇപ്പോൾ നമുക്ക് നേരിട്ടിരിക്കുന്നത് താൽക്കാലികവും നിസ്സാരവുമായ ഒരു മാർഗ്ഗതടസ്സം മാത്രമാണ്. അസോസ്യേഷൻ വിളി ച്ചുകൂട്ടാനും, വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിൽക്കൂടി നമ്മുടെ മൗലികാ വകാശങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാനും നമുക്ക്

എത്രയുംവേഗം സാധിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് നമ്മുടെ മാനേജിംഗ് കമ്മിറ്റി ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അവയുടെ വിവരങ്ങൾ നിങ്ങളെ പിന്നാലെ അറിയിച്ചുകൊള്ളാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

(മലയാള മനോരമ പത്രം, 1961 ഏപ്രിൽ 27)

80

നമ്പർ 31/61

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ

നമ്മുടെ തുമ്പമൺ മെത്രാസന ഇടവകയുടെ ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്കു സമാധാനം.

നമുക്ക് 88 വയസ്സായി. ഇത്രയുംനാൾ നമ്മെ കാത്തുരക്ഷിച്ച ദൈവത്തെ നാം സ്തോത്രം ചെയ്യുന്നു.

നമ്മുടെ പ്രായാധിക്യവും ക്ഷീണവും മൂലം സഭാഭരണകാര്യങ്ങൾ വേണ്ടവണ്ണം അന്വേഷിച്ചു നടത്തുന്നതിന് ഇപ്പോൾ നമുക്ക് പ്രയാസമുണ്ട്. അതുകൊണ്ടു ഭരണകാര്യങ്ങളിൽ നമ്മെ സഹായിക്കുന്നതിന് സഭാഭരണഘടന 90-ാം വകുപ്പനുസരിച്ച് മെത്രാച്ചനെ നമ്മുടെ അസിസ്റ്റന്റായി വേറൊരു കല്പന ഉണ്ടാകുന്നതുവരെയ്ക്കും ഈ കല്പന മൂലം നാം നിയമിച്ചിരിക്കുന്നു. മെത്രാച്ചൻ സഭാഭരണം സംബന്ധിച്ച എല്ലാ കാര്യങ്ങളും അന്വേഷിക്കയും നമ്മുടെ അറിവോടും സമ്മതത്തോടുംകൂടി ആവശ്യമായ എല്ലാ തീരുമാനങ്ങളും ചെയ്തുകൊള്ളുകയും വേണം.

ദൈവമായ കർത്താവു മെത്രാച്ചന്റെ കൈകളെ ബലപ്പെടുത്തി എല്ലാവിധ അനുഗ്രഹങ്ങളും വാഴ്വുകളും നല്കി മെത്രാച്ചന്റെ പ്രവർത്തനങ്ങളെ വിജയപ്രദമാക്കിത്തീർക്കട്ടെ.

ആയത് ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാശ്ലീഹായുടെയും ഇന്നു തന്റെ ജന്മദിനം നാം കൊണ്ടാടുന്ന പരിശുദ്ധ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെയും ശേഷം എല്ലാ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

1961 ജൂൺ 16-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

81

നമ്പർ 20/62

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷൻ പ്രസിഡണ്ടും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ

(മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ മുദ്ര)

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ അസ്സോസ്യേഷൻ മാനേജിംഗ് കമ്മറ്റി മെമ്പർ .... വാഴ്വ്.

പ്രിയനെ,

മലങ്കര അസ്സോസ്യേഷൻ മാനേജിംഗ് കമ്മറ്റിയുടെ ഒരു യോഗം 1962 മാർച്ച് 29-നു വ്യാഴാഴ്ച പകൽ 10 മണിക്ക് താഴെ വിവരിച്ചിട്ടുള്ള വിഷയങ്ങളെപ്പറ്റി ആലോചിക്കുന്നതിനായി കോട്ടയം പഴയസിമ്മനാരിയിൽ വച്ചു കൂടുന്നതാണ്. ആ യോഗത്തിൽ നിങ്ങൾ സംബന്ധിക്കണമെന്നു നാം താൽപര്യപ്പെടുന്നു. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കട്ടെ.

1962 മാർച്ച് 9-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

കാര്യപരിപാടി

1. പ്രാർത്ഥന.
2. നോട്ടീസ് കല്പന വായന.
3. ഉപക്രമപ്രസംഗം.
4. മുൻയോഗത്തിന്റെ മിനിട്ട്സും മിനിട്ട്സിലെ വിഷയങ്ങളും.
5. കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഒരാളെ തെരഞ്ഞെടുക്കുന്നതിനു മലങ്കര അസ്സോസ്യേഷൻ കൂടുന്നതിനുള്ള മുൻയോഗ നിശ്ചയങ്ങളെ തുടർന്ന് സ്ഥലവും തീയതിയും നിശ്ചയിക്കുക.
6. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ ഭരണഘടനാ ഭേദഗതികളെപ്പറ്റി പഠിച്ച് റിപ്പോർട്ടു ചെയ്യാൻ നിയമിച്ച കമ്മറ്റിയുടെ റിപ്പോർട്ട്.
7. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ ഗവർണിംഗ് ബോർഡിലേക്കു മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുക്കേണ്ട അംഗങ്ങളെ തെരഞ്ഞെടുക്കുക.
8. അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റു വിഷയങ്ങൾ.
9. ഉപസംഹാരപ്രസംഗം.
10. പ്രാർത്ഥന.

82

നമ്പർ O. L. 42/62

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ
പ്രസിഡണ്ടും മലങ്കര മെത്രാപ്പോലീത്തായും ആയ

മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ
കാതോലിക്കാ

(മുദ്ര)

നമ്മുടെ .... പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ ഒരു പൊതുയോഗം 1962 മെയ് 17-ാം തീയതി വ്യാഴാഴ്ച പകൽ 1 മണിക്ക് താഴെപ്പറയുന്ന വിഷയത്തെപ്പറ്റി നിശ്ചയം ചെയ്യുന്നതിന് നിരണം സെന്റ് മേരീസ് പള്ളിയങ്കണത്തിൽ വച്ച് കൂടുന്നതിന് നിശ്ചയിച്ചിരിക്കുന്നു.

ആലോചനാവിഷയം

കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി ഒരാളെ തെരഞ്ഞെടുക്കുക.

ടി അസോസിയേഷൻ പൊതുയോഗത്തിൽ ഹാജരായി ആ പള്ളി ഇടവകയെ പ്രതിനിധീകരിച്ച് മേൽ വിവരിച്ച വിഷയം സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും വോട്ടുചെയ്യുന്നതിനുമായി ഒരു പട്ടക്കാരനേയും രണ്ട് അത്മായക്കാരേയും സഭാഭരണഘടന 12-ാം വകുപ്പ് അനുസരിച്ച് പള്ളി ഇടവകയോഗം കൂടി പ്രതിപുരുഷന്മാരായി തെരഞ്ഞെടുത്ത് ഇതോടുകൂടി അയയ്ക്കുന്ന ഫോറത്തിലുള്ള അധികാരപത്രസഹിതം പള്ളി ച്ചെലവിൽ അയയ്ക്കണം.

പ്രതിപുരുഷന്മാർ നിരണം സെന്റ് മേരീസ് ഹൈസ്കൂൾ കെട്ടിടത്തിൽ യോഗദിവസം പകൽ 9 മണി മുതൽ പന്ത്രണ്ടരമണി വരെയുള്ള സമയത്ത് ഹാജരായി, നാം നിയോഗിക്കുന്നവരെ അധികാരപത്രം ഏൽപിച്ച്, ഹാജർ പുസ്തകത്തിൽ ഒപ്പിടുകയും യോഗസ്ഥലത്ത് പ്രവേശിക്കുന്നതിനുള്ള ടിക്കറ്റ് വാങ്ങിക്കൊള്ളുകയും യോഗസമയത്തിനു മുമ്പ് യോഗസ്ഥലത്ത് നിർദ്ദേശിക്കപ്പെടുന്ന സ്ഥാനങ്ങളിൽ ഇരിക്കുകയും ചെയ്യേണ്ടതാകുന്നു. പ്രതിനിധികളെ തിരിച്ചറിയുന്നതിന് ആവശ്യം വന്നാൽ അതി

ലേക്കു വികാരിയോ മറ്റു പട്ടക്കാരനോ നേരിട്ടു സ്ഥലത്തുവച്ച് സാക്ഷ്യം കൊടുക്കേണ്ടതാകുന്നു.

പ്രതിപുരുഷന്മാരുടെ സ്ഥാനസാധുതയെപ്പറ്റി തർക്കമുണ്ടായാൽ അതു സംബന്ധിച്ച് നാം നിശ്ചയിക്കുന്ന കമ്മിറ്റി തീരുമാനം ചെയ്യുന്നതും ആ തീരുമാനം അവസാനതീരുമാനം ആയിരിക്കുന്നതും ആകുന്നു.

യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനോ, യോഗാരംഭത്തിനു ശേഷം യോഗം തുടർന്നു നടത്തിക്കൊണ്ടുപോകുന്നതിനോ, നടത്തുന്നതിനു നമ്മെ സഹായിക്കുന്നതിനോ, നമുക്കു യുക്തമെന്നു തോന്നുന്ന ആരെ എങ്കിലും നിയോഗിക്കുന്നതിനു നമുക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു.

യോഗത്തിന്റെ ക്രമീകരണങ്ങളെയും യോഗനടപടികളെയുംപറ്റി നാം നേരിട്ടോ നമ്മുടെ ആഫീസ് മുഖാന്തിരമോ പിന്നാലെ പ്രസിദ്ധപ്പെടുത്തുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് നടക്കേണ്ടതുമാകുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യകമറിയാമിന്റെയും ഇന്ത്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടേയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ...... ഇത്യാദി.

1962 ഏപ്രിൽ 13-നു കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

(കേരള ഭൂഷണം പത്രം, 1962 ഏപ്രിൽ 26 വ്യാഴം, പേജ് 2)

83

ജയിൽപുള്ളിക്ക് ആശ്വാസ കല്പന

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ അയ്മനത്തു തെക്കേക്കരിയിൽ ജോൺ ജേക്കബിനു വാഴ്വ്.

പ്രിയനെ, നിന്റെ എഴുത്തു കിട്ടി. നീ നമുക്കു വിരോധമായി എന്തെങ്കിലും ചെയ്തതായി നാം അറിഞ്ഞിരുന്നില്ല. എന്നാൽ ഏതാനും ദിവസങ്ങൾക്കു മുമ്പ് നിന്റെ അമ്മായിഅപ്പനും നിന്റെ ഭാര്യയും കുഞ്ഞുങ്ങളും കൂടി ഇവിടെവന്ന് നിന്റെ വിവരങ്ങൾ പറഞ്ഞപ്പോഴാണ് നാം അറിഞ്ഞത്. അപ്പോൾതന്നെ നാം നിന്നോടു ക്ഷമിക്കുകയും ചെയ്തു. നിന്നോടു നമുക്കു യാതൊരു വിരോധവുമില്ല.

നമ്മുടെ കർത്താവ് പാപികളെ രക്ഷിക്കാനാണ് ലോകത്തിലേക്കു വന്നത്. അനുതപിക്കുന്ന പാപിയുടെ എല്ലാ തെറ്റുകളും താൻ ക്ഷമിക്കും. നീ സങ്കടത്തോടും കണ്ണുനീരോടും കൂടെ ദൈവമുമ്പാകെ നിന്നെത്തന്നെ സമർപ്പിക്കുകയും പാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിക്കുകയും നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുകയും ചെയ്യണം. വല ത്തുഭാഗത്തെ കള്ളൻ അവന്റെ അന്ത്യനിമിഷത്തിൽ അനുതപിച്ചത് നമ്മുടെ കർത്താവ് കൈക്കൊണ്ടപ്രകാരം നിന്റെ അനുതാപം താൻ കൈക്കൊള്ളട്ടെ. ദൈവാശ്രയത്തോടും പ്രത്യാശയോടും കൂടിയിരിക്കുക. നിനക്കും നിന്റെ കുടുംബത്തിനുംവേണ്ടി നാം പ്രത്യേകം പ്രാർത്ഥിക്കുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിന്റെമേലും നിന്റെ കുടുംബാംഗങ്ങളുടെമേലും വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1963 സെപ്റ്റംബർ 16-ാം തീയതി കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

(ഒപ്പ്)

84

ക്രിസ്തുമസ് സന്ദേശം

വാത്സല്യമക്കളെ, നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ ആഘോ ഷിക്കുവാനായിട്ടു നാം ഒരുങ്ങുകയാണല്ലോ. ഈ ഒരുക്കത്തിനുവേണ്ടി വിശുദ്ധസഭ നമുക്ക് ഇരുപത്തഞ്ചു നോമ്പ് വെച്ചിരിക്കുന്നു. ഈ നോമ്പിനെ നാം ഭക്തിപൂർവ്വം ആചരിച്ച് സാത്താന്റെ എല്ലാ ശക്തിയേയും ജയിച്ച് കർത്താവിന്റെ സമാധാനത്തിൽ വന്നുചേരണം.

കർത്താവിന്റെ ജനനത്തിൽ സമാധാനത്തിന്റെ സന്ദേശമാണ് നമുക്ക് നല്കപ്പെട്ടത്. ആദാമിന്റെ പാപംമൂലം മനുഷ്യനിൽനിന്നും എടുക്കപ്പെട്ടി രുന്ന സമാധാനം കർത്താവിന്റെ ജനനംമൂലം വീണ്ടും നല്കപ്പെട്ടു. ഈ സമാധാനം അനുഭവമാക്കുകയത്രേ നാം ചെയ്യേണ്ടത്.

പാപത്തോടുള്ള ചായ്‌വാണ് ഇക്കാലത്ത് എല്ലാവരിലും കാണപ്പെടു ന്നത്. പാപത്തിന്റെ ശക്തി ദൈവപുത്രനെ ഇറക്കിക്കൊണ്ടുവന്നു കൊന്നു. അത് അത്ര ഭയങ്കരമാണെന്ന് ഓർക്കണം. എന്നാൽ താൻ പാപത്തെയും മരണത്തെയും ജയിച്ച് നിത്യജീവന്റെ മാർഗ്ഗം നമുക്ക് തുറന്നു തന്നിരി ക്കുന്നു. നാമും പാപത്തെ ജയിക്കണം. ഈ ശക്തി കർത്താവു തന്റെ മനുഷ്യാവതാരം മൂലം നമുക്കു നല്കിയിരിക്കുന്നു. ഇതു വേണ്ടവണ്ണം ഉപയോഗിച്ചു നാം സമാധാനത്തിന്റെ മക്കളായിത്തീരണം.

യഥാർത്ഥ ക്രിസ്ത്യാനികളായി നാം ജീവിക്കണം. യഹൂദർ ബാഹ്യാചാരങ്ങളെല്ലാം അനുഷ്ഠിച്ചു ഭക്തരെന്നു നടിച്ചുകൊണ്ടു വഷളരായിത്തീർന്നു. അതുപോലെ പുറമെ മാത്രം ഭക്തി നടിച്ച് ദൈവത്തിന്റെ സമാധാനത്തിന് ഇതരന്മാരായിത്തീരരുത്. ഇക്കാലത്ത് നാം പ്രത്യേകം കരുതലോടുകൂടി ജീവിക്കണം. സഭയോടും വിശ്വാസത്തോടും വിശ്വസ്തതയുള്ളവരായിരിക്കണം. തങ്ങളുടെ സ്വന്തഇഷ്ടപ്രകാരം വേദപുസ്തകം വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരുണ്ട്. അവർ വിശ്വാസികളെ വഴിതെറ്റിക്കുന്നവരാണ്. ഇങ്ങനെയുള്ളവരിൽനിന്ന് സൂക്ഷിച്ചുകൊള്ളണം.

നമ്മുടെ ഇടയിൽ സമാധാനമില്ലാത്തതു ദൈവഭയമില്ലാതായിത്തീരുന്നതുകൊണ്ടാണ്. സഭയിലെ വഴക്കിന്റെ കാരണവും ഇതാകുന്നു. സ്വന്തം ഇഷ്ടം നടക്കണം എന്ന വിചാരമാണ് എല്ലാവരിലുമുള്ളത്. സ്വന്തം ഇഷ്ടമല്ല, ദൈവയിഷ്ടം നടക്കണം എന്നുള്ളതാണല്ലോ കർത്താവു നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ആകയാൽ ദൈവയിഷ്ടത്തിനു നമ്മെത്തന്നെ നമുക്കു ഭരമേല്പിക്കാം.

നോമ്പുനോക്കുന്നവരും കുർബ്ബാന അനുഭവിക്കുന്നവരും ഇക്കാലത്ത് ചുരുക്കമാണ്. ഞായറാഴ്ചകളും മാറാനായപ്പെരുന്നാളുകളും ആചരിക്കുന്നതിലും ശ്രദ്ധ കുറഞ്ഞുവരുന്നു. ഇതെല്ലാം സാത്താന്റെ വഞ്ചനയാണ്. അതിനാൽ ഇക്കാര്യങ്ങളിൽ നമ്മുടെ മക്കളെല്ലാവരും കൂടുതൽ കൂടുതൽ താൽപര്യമുള്ളവരായി വരണം. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം നമ്മുടെ രക്ഷയ്ക്കും വീണ്ടെടുപ്പിനുമാകയാൽ തിരുവവതാരം മൂലമുള്ള രക്ഷയും സമാധാനവും നിങ്ങളെല്ലാവരും അനുഭവമാക്കണം.

സമാധാനത്തിന്റെ ദൈവം നിങ്ങളെല്ലാവരോടും കൂടെ ഇരിക്കട്ടെ.

85

അന്ത്യ കല്പന

നമ്പർ 106/63

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ

(തനിക്കു സ്തുതി)

പൌരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ

(മുദ്ര)

കർത്താവിൽ നമ്മുടെ സ്നേഹഭാജനങ്ങളും ബ. സഹോദരന്മാരുമായ മെത്രാപ്പോലീത്തന്മാരുടെമേലും വാത്സല്യമക്കളായ പട്ടക്കാരുടെമേലും ശെമ്മാശ്ശന്മാരുടെമേലും, വിശ്വാസികളായ നമ്മുടെ എല്ലാ ആത്മീയ മക്കളുടെമേലും ദൈവികകൃപയും സ്വർഗ്ഗീയ വാഴ്വും വന്ന് ആവസിക്കുമാറാകട്ടെ.

കുറേ മാസങ്ങളായി നാം രോഗശയ്യയെ അവലംബിച്ചിരിക്കുന്ന വിവരം നിങ്ങളെല്ലാവരും അറിഞ്ഞിരിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. സങ്കീർത്തനക്കാരൻ പറഞ്ഞിട്ടുള്ളപ്രകാരം മനുഷ്യന്റെ ആയുസ്സ് എഴുപതു സംവത്സരം, ഏറിയാൽ എൺപതു സംവത്സരം. അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ. എന്നാൽ അതും കഴിഞ്ഞു തൊണ്ണൂറിലെത്തിയിട്ടുള്ള അതിവൃദ്ധനും പലതരം ശരീരാസ്വാസ്ഥ്യങ്ങളാൽ പീഡിതനുമായ നമ്മുടെ ഇഹലോക ജീവിതം ഇതിലധികമായി വർദ്ധിച്ചുകിട്ടണമെന്ന് ആഗ്രഹിക്കാനോ ആശിക്കാനോ നമുക്ക് അവകാശമില്ല. അതിനാൽ കരുണാസമ്പൂർണ്ണവും മാറ്റമില്ലാത്തതുമായ ദൈവഹിതത്തിനു നമ്മെ സന്തോഷപൂർവ്വം ഭരമേല്പിച്ചുകൊടുക്കുകയല്ലാതെ മറ്റൊന്നും നമുക്ക് ഇപ്പോൾ ചെയ്യേണ്ടതായിട്ടില്ല. ഇപ്പോൾ അടിക്കടി നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന രോഗങ്ങളും വേദനകളും നമ്മുടെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു എന്ന് സദാ നമ്മെ അറിയിച്ചുകൊണ്ടിരിക്കുന്നു. അനുഗ്രഹിക്കപ്പെട്ട മക്കളെ, സർവ്വലോകത്തിന്റെയും വഴിയേ നാമും പോകുന്നു.

പതിനാറു വർഷക്കാലം മെത്രാപ്പോലീത്താ ആയും, മുപ്പത്തിനാലു വർഷം കാതോലിക്കാ ആയും അതിൽ ഇരുപത്തെട്ടു വർഷക്കാലം മലങ്കരമെത്രാപ്പോലീത്തായുടെ പ്രത്യേക ചുമതലകൾകൂടി വഹിച്ചും നിങ്ങ

ളുടെ ഇടയനും പിതാവുമായി നിങ്ങളെ വഴിനടത്താൻ ദൈവം നമ്മെ അനുവദിച്ചു. വളരെ ഭാരമുള്ളതും ഗൗരവമേറിയതുമായ ചുമതലകളാണു ദൈവം തമ്പുരാൻ നമ്മെ ഭരമേല്പിച്ചത്. അവയെല്ലാം ശരിയായും കൃത്യമായും നിർവ്വഹിപ്പാൻ നമുക്കു സാധിച്ചിട്ടുണ്ട് എന്നു നാം വിചാരിക്കുന്നില്ല. മനുഷ്യസഹജമായ ബലഹീനതകൾമൂലം പല കുറ്റങ്ങളും കുറവുകളും വന്നുപോയിട്ടുണ്ട്. അവയ്ക്കെല്ലാം ദൈവത്തിൽനിന്നു ക്ഷമയും മോചനവും കിട്ടുവാനും നമ്മുടെ ആശ്വാസത്തിനും സമാധാനത്തിനും വേണ്ടിയും കരുണയുള്ളവനായ കർത്താവിനോടു നിങ്ങളും പ്രാർത്ഥിക്കണമെന്നു നാം ഈ അവസരത്തിൽ നിങ്ങളോട് അപേക്ഷിക്കുന്നു.

പ്രിയരെ,

നാം കാതോലിക്കാ ആയ ശേഷമുള്ള മുപ്പത്തിനാലു വർഷങ്ങൾ നിഴൽപോലെ കടന്നുപോയി. എന്നിരുന്നാലും അവയുടെ ഫലങ്ങൾ നമ്മുടെ സഭയുടെ ഭാവിയെ സാരമായി സ്പർശിക്കുന്നവയാണ്. സന്തോഷപ്രദങ്ങളും സന്താപകരങ്ങളുമായ അനേക അനുഭവങ്ങളിലൂടെയാണു വി. സഭ കടന്നുപോയത്. അനേകതരത്തിലുള്ള ആപത്തുകൾ നേരിട്ടിട്ടുള്ളപ്പോഴൊക്കെയും നമ്മുടെ കർത്താവിന്റെ കരുണയും ആശ്വാസവും നിറഞ്ഞ കരങ്ങൾ താങ്ങും തണലുമായിരുന്നു നമ്മെ മുമ്പോട്ടു നയിച്ചു എന്ന വസ്തുത നന്ദിയും സ്തോത്രവും നിറഞ്ഞ ഹൃദയത്തോടെയല്ലാതെ സ്മരിക്കുവാൻ കഴിയുന്നില്ല.

നമ്മുടെ കൈകളാൽ വാഴിക്കപ്പെട്ട മെത്രാപ്പോലീത്തന്മാരിൽ രണ്ടു പേരുടെ സഭാപരിവർത്തനം നമ്മുടെ ആത്മീയ മക്കളായിരുന്ന ചില പട്ടക്കാരുടെയും ജനങ്ങളുടെയും വിശ്വാസത്യാഗം, നമ്മുടെ രണ്ടു മെത്രാപ്പോലീത്തന്മാരുടെ അകാല ദേഹവിയോഗം എന്നിവ നമ്മുടെ ഹൃദയത്തെ വളരെയധികം വ്യാകുലപ്പെടുത്തിയ സംഗതികളാണ്. അപ്രകാരം തന്നെ നമ്മുടെ സഭയിൽ നീണ്ടുനിന്ന അഭിപ്രായ ഭിന്നതകളും വ്യവഹാരങ്ങളും നമ്മെ എത്രമാത്രം വേദനിപ്പിച്ചു എന്നു പറഞ്ഞറിയിക്കാവുന്നതല്ല. ഭാഗ്യവാനും ശാശ്വത സ്മരണാർഹനുമായ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും അദ്ദേഹത്തെ തുടർന്നു ബലഹീനനായ നാമും വാർദ്ധക്യവും ക്ലേശവും വകവയ്ക്കാതെ നമ്മുടെ സഭയുടെ സമാധാനത്തിനുവേണ്ടി ആവതു പ്രവർത്തിച്ചു എന്നു ദൈവമുമ്പാകെ നമുക്കു നല്ല ശരണമുണ്ട്. സുപ്രീംകോടതി വിധിയോടുകൂടി കേസ്സ് അവസാനിക്കുകയും അനന്തരം അധികം താമസിയാതെ തന്നെ പാത്രിയർക്കീസ് ബാവായും നാമും പരസ്പരം സ്വീകരിച്ച് സഭയിൽ സമാധാനമുണ്ടാകുകയും ചെയ്തു. പ. കാതോലിക്കാ സിംഹാസന പുനഃസ്ഥാപനത്തിന് പ. അബ്ദൽമിശിഹാ പാത്രിയർക്കീസ് ബാവാ എടുത്തതുപോലെയുള്ള

നിലപാട് സമാധാനസ്ഥാപനത്തിനുവേണ്ടി പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായും സ്വീകരിച്ചു എന്നുള്ള സംഗതി കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ നാം സ്മരിക്കുന്നു. അന്ത്യോക്യാ മലങ്കര സ്നേഹബന്ധം ഇതുമൂലം ദൃഢപ്പെടുകയാണു ചെയ്തിട്ടുള്ളത്. ഇങ്ങനെ മലങ്കരസഭയിലെ അഭിപ്രായ ഭിന്നതകൾക്കു പരിഹാരമുണ്ടായെങ്കിലും സമാധാനത്തോടു താല്പര്യമില്ലാത്ത ഏതാനും വ്യക്തികൾ മാറിനിൽക്കുന്നുണ്ട് എന്നുള്ളത് നമ്മുടെ വാർദ്ധക്യത്തെ വേദനിപ്പിക്കുന്നു. പൂർണ്ണ മനസ്സാലെ നമ്മോടു ചേർന്നുനിന്ന ഒരു മെത്രാപ്പോലീത്താ കുറേക്കഴിഞ്ഞു പിൻമാറി എന്നു നിങ്ങൾക്ക് അറിയാമല്ലോ. വ്യക്തിപരമായി നമുക്ക് ആരോടും വിരോധമില്ല. ആ മെത്രാപ്പോലീത്തായെ നമ്മുടെ ഈ രോഗാവസ്ഥയിൽ നാം സ്നേഹപൂർവ്വം നമ്മുടെ അരമനയിലേക്കു ക്ഷണിച്ചുവരുത്തുകയും ഐക്യതയുടെ ആവശ്യകതയെപ്പറ്റി നാം അദ്ദേഹത്തെ പ്രത്യേകം ഗുണദോഷിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തിപരമായി നമ്മിൽനിന്ന് വല്ല തെറ്റുകളും വന്നുപോയിട്ടുള്ളപക്ഷം അവ ക്ഷമിക്കണമെന്നും നാം അദ്ദേഹത്തോടു പറഞ്ഞു. ഇപ്പോൾ ഇവിടെ നാം ഒരുമിച്ചിരിക്കുന്നപ്രകാരം പരലോകത്തിലും ഒന്നിച്ചിരിക്കാൻ സംഗതിയാകണമെന്നു നാം അദ്ദേഹത്തെ ഓർപ്പിച്ചിട്ടുണ്ട്. അദ്ദേഹം തിരിഞ്ഞു തന്റെ സഹോദരന്മാരോടുകൂടെ ചേരുമെന്നു നാം ആശിക്കുന്നു.

പ്രിയരെ,

പലപ്പോഴും നാം നിർബന്ധപൂർവ്വം നിങ്ങളെ ഉത്ബോധിപ്പിച്ചിട്ടുള്ള പ്രകാരം നിങ്ങൾ സത്യവിശ്വാസത്തിൽ ഉറപ്പും നമ്മുടെ സഭയുടെ പരിപാവനങ്ങളായ ആചാരങ്ങളിൽ നിഷ്ഠയും താല്പര്യവും ഉള്ളവരായിരിക്കണം. പുരാതനവും പരിശുദ്ധവും വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പ്പിക്കപ്പെട്ടതുമായ വിശ്വാസവും നമ്മുടെ ആരാധനകളും ആചാരങ്ങളുമാണ് നമ്മുടെ സമ്പത്ത്. എന്തെല്ലാം പ്രയാസങ്ങൾ നേരിടേണ്ടി വന്നാലും എന്തു ത്യാഗം സഹിച്ചായാലും ഈ വിശ്വാസവും ആചാരങ്ങളും നമ്മുടെ മഹത്തായ പാരമ്പര്യങ്ങളും നിങ്ങളേവരും മുറുകെപ്പിടിച്ചുകൊള്ളണമെന്നു നമ്മുടെ അവസാന ശ്വാസത്തോടുകൂടി നാം വീണ്ടും നിങ്ങളെ ഉറപ്പായി പ്രബോധിപ്പിച്ചുകൊള്ളുന്നു.

വി. മാർ തോമ്മാശ്ലീഹാ ക്രിസ്താബ്ദാരംഭത്തിൽ ഇവിടെ സ്ഥാപിച്ച നമ്മുടെ സഭ, സത്യവിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതാണ്. പെരുമാരിക്കും കൊടുങ്കാറ്റിനും അതിനെ തകർക്കാൻ സാധിക്കാതെ അത് ഉറച്ചുനിൽക്കുന്നു. ഇതിന്റെ സ്ഥാപകനായ നമ്മുടെ പിതാവ് തന്റെ രക്തം ഇതിനുവേണ്ടി ചൊരിഞ്ഞു. വിശേഷിച്ചും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മയുടെ ഈ ദിവസം നമ്മുടെ ഈ അന്ത്യ

കല്പന നാം നിങ്ങൾക്കെഴുതുമ്പോൾ അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെയും, ഭക്തിയുടെയും, ഇന്ത്യയുടെ മണ്ണിൽ അദ്ദേഹം ചെയ്തിട്ടുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും, സഹിച്ചിട്ടുള്ള കഷ്ടപ്പാടുകളുടെയും സ്മരണയാണു നമ്മുടെ ഹൃദയത്തിലൂടെ കടന്നു പോകുന്നത്. ഇവയെ നിങ്ങൾ അനുകരിപ്പീൻ. 'നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ ' എന്ന് എബ്രായ ലേഖനത്തിൽ അപ്പോസ്തോലൻ നമ്മെ സൂഷ്മപ്പെടുത്തുന്നു. 'ക്രിസ്തുയേശുവിൽ ഞാനല്ലയോ സുവിശേഷത്താൽ നിങ്ങളെ ജനിപ്പിച്ചത്; ആകയാൽ എന്റെ അനുകാരികൾ ആകുവീൻ' എന്നു വി. പൗലോസ് അപ്പോസ്തോലൻ കോരിന്ത്യരെ ഉദ്ബോധിപ്പിക്കുന്നപ്രകാരം മാർതോമ്മാശ്ലീഹാ നമ്മെയും അനുസ്മരിപ്പിക്കുന്നു എന്നു നിങ്ങൾ അറിയണം. ആകയാൽ മാർതോമ്മാശ്ലീഹായുടെ മക്കളായ നിങ്ങൾ എന്നും അദ്ദേഹത്തിന്റെ അനുകാരികൾ ആയിരിക്കണം.

ഇന്നു ലോകസഭകളെല്ലാം നമ്മുടെ സഭയെ ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിന്റെ പിന്നിൽ കിടക്കുന്ന കാരണം നാം ഒരു അപ്പോസ്തോലസ്ഥാപിതമായ - മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ - സഭയിലെ അംഗങ്ങളായിരിക്കുന്നതാണ്. പുരാതനങ്ങളായ ഗ്രീക്ക്, കോപ്റ്റിക്ക്, എത്യോപ്യ, അർമ്മീനിയ എന്നീ സഭകളിലെ ഉന്നതസ്ഥാനീയരായ പ്രതിനിധികൾ ഈ അടുത്തു കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ സഭയെ സന്ദർശിക്കുകയും അവരുടെ ബഹുമാനാദരവുകൾ പ്രകടിപ്പിക്കുകയും ചെയ്തത് നമ്മുടെ അപ്പോസ്തോലികതയും പുരാതനത്വവും സത്യവിശ്വാസവും നിമിത്തമാണ്. ഇവയെ അഭംഗം കാത്തുസൂക്ഷിക്കുന്നതിൽ നമ്മുടെ ആയുഷ്ക്കാലത്ത് നാം ആവതു ശ്രമിച്ചിട്ടുണ്ട്. നിങ്ങളേവരും ഇതിൽ പ്രത്യേകം ശ്രദ്ധയും വിശ്വസ്തതയും ഉള്ളവരായിരിക്കുമെന്നു നാം വിശ്വസിക്കുന്നു.

വാത്സല്യമക്കളെ,

നിങ്ങളുടെ സത്യസ്നേഹത്തെപ്പറ്റി നാം ദൈവത്തെ സ്തോത്രം ചെയ്യുന്നു. നമ്മുടെ സഭയുടെ കാതോലിക്കാ ആയ നമ്മുടെയും വിഷമസന്ദർഭങ്ങളിലെല്ലാം നിങ്ങൾ പണംകൊണ്ടും ശരീരംകൊണ്ടും ചെയ്തുതന്നിട്ടുള്ള സഹായസഹകരണങ്ങളെ നാം നന്ദിപൂർവ്വം സ്മരിക്കുന്നു. എല്ലാ പ്രയാസ ഘട്ടങ്ങളിലും നിങ്ങൾ നമ്മോടു ചേർന്നുനിന്ന് നമ്മുടെ കല്പനകളും നിയോഗങ്ങളും അനുസരിച്ചിട്ടുണ്ട്. രോഗവും ക്ഷീണവും നിറഞ്ഞ ഈ ശരീരം വിട്ടാലും നമ്മുടെ ആത്മാവിൽ നിങ്ങളെക്കുറിച്ച് നമുക്കു സന്തോഷവും പ്രശംസയും ഉണ്ടായിരിക്കും. നമ്മുടെ മക്കളെ,

നിങ്ങൾ ബുദ്ധിയും സാമർത്ഥ്യവും നല്ല കാര്യങ്ങളിൽ താല്പര്യവും ഉള്ള വരാണ്. എന്നാൽ ഒരു കുറവുണ്ട് എന്നു നാം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇതേപ്പറ്റി നാം മുമ്പിനാലേ നിങ്ങൾക്ക് എഴുതിയിട്ടുള്ളതാണ്. സുറിയാനിക്കാർ അസൂയാലുക്കളും തമ്മിൽ തമ്മിൽ ദ്വേഷിക്കുന്നവരും തങ്ങളുടെ തലവന്മാരെ അനുസരിക്കാത്തവരുമാണെന്ന് ബാർ എബ്രായ പറഞ്ഞിട്ടുണ്ട്. ഈ സ്വഭാവത്തിന്റെ അംശങ്ങൾ ഇപ്പോഴും നമ്മുടെയിടയിൽനിന്നും തീർത്തുമാഞ്ഞുപോയിട്ടില്ല. അതുകൊണ്ടാണ് നമുക്ക് ശരിയായ മേൽഗതി ഉണ്ടാകാത്തത്. ഈ കുറവു തീർത്തും പരിഹരിക്കപ്പെടണം. നിങ്ങൾ നല്ല അനുസരണവും അച്ചടക്കവും പാലിക്കണമെന്ന് നിങ്ങളെ നാം ഓർമ്മിപ്പിക്കുന്നു. വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. നമ്മുടെ കർത്താവ് കുരിശിലെ മരണത്തോളം അനുസരണയുള്ളവനായിരുന്നു എന്ന് വി. ഏവൻഗേലിയോനിൽ നാം വായിക്കുന്നു. 'ഞാൻ എന്റെ ഇഷ്ടമല്ല എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്വാനത്രേ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നത്' എന്നു നമ്മുടെ കർത്താവു കല്പിച്ചിട്ടുണ്ടല്ലോ. 'നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ചെയ്യപ്പെടേണമെ' എന്നു പ്രാർത്ഥിപ്പാനാണ് താൻ നമ്മെ പഠിപ്പിച്ചിരിക്കുന്നതും. ഗത്സീമോനിൽ അതിവേദന അനുഭവിച്ചപ്പോഴും 'പിതാവേ, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ' എന്നു കർത്താവ് തന്നത്താൻ ഭരമേല്പിച്ചുകൊടുക്കുകയാണു ചെയ്തത്. പ്രിയരെ, ഇതാണു താൻ നമുക്കു വെച്ചേച്ചു പോയിരിക്കുന്ന മാതൃക. ഈ മാതൃക നാം പിൻതുടർന്നാൽ നമ്മുടെ ഇടയിലുള്ള എല്ലാ ഛിദ്രവാസനകളും അവസാനിക്കും. ക്രിസ്തീയ ഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. 'സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം' എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉത്ബോധിപ്പിക്കുന്നു.

പ്രിയമക്കളെ,

പരിശുദ്ധ മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ പുരാതനവും പരിശുദ്ധവുമായ നമ്മുടെ സഭയുടെ ഐക്യത്തിന്റെയും അപ്പോസ്തോലികത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കേന്ദ്രമാണ് പരിശുദ്ധ കാതോലിക്കാസ്ഥാപനം എന്നുള്ളത് നിങ്ങൾ മറന്നുകളയരുത്. 'നമ്മുടെ സഭ

യുടെ നിലനില്പിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്ന് നിങ്ങളിൽ പലരും നമ്മോടുകൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരെയായി പല പ്രയാസങ്ങൾ സഹിച്ച് നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാസ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതല നിങ്ങളോരോരുത്തരിലും നാം സമർപ്പിച്ചു കൊള്ളുന്നു' എന്ന പ്രബോധനം നൽകിക്കൊണ്ടാണ് മലങ്കരയുടെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കടന്നുപോയത്. നമ്മെപ്പറ്റി പറയുന്നതായാൽ നാം നമ്മുടെ ശക്തിക്കും പ്രാപ്തിക്കുമൊത്തവണ്ണം ഈ സിംഹാസനത്തിന്റെ നിലനില്പിനും പുരോഗതിക്കുംവേണ്ടി പ്രവർത്തിച്ചിട്ടുണ്ട് എന്നാണ് നമ്മുടെ ബോദ്ധ്യം. ഈ സിംഹാസനം പുനഃസ്ഥാപിതമായശേഷം അതിലെ മൂന്നാമത്തെ കാതോലിക്കാ ആയിരുന്ന് ഇക്കാലമത്രയും നിങ്ങളെ വഴിനടത്താൻ ദൈവം നമുക്കു സംഗതിയാക്കി. നാമും ഇതാ നമ്മുടെ ഓട്ടം തികച്ച ശേഷം പിതാക്കന്മാരുടെ വഴിയെ പോകുന്ന ഈ വേളയിൽ ഈ സിംഹാസനം സംരക്ഷിച്ചുകൊണ്ടുപോകുന്നതിനും ഇതിന്റെ കീഴിൽ നമ്മുടെ സഭയിലെ മെത്രാപ്പോലീത്തന്മാരും വൈദികരും വിശ്വാസികളായ ജനങ്ങളും ഏക കൈയോടെനിന്ന് മുമ്പോട്ടുപോകുന്നതിനും നാം നിങ്ങളെ ഏവരേയും പ്രത്യേകം ഓർമ്മിപ്പിക്കുകയും സ്നേഹപൂർവ്വം ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

പുനഃസ്ഥാപിതമായ കാതോലിക്കാസിംഹാസനത്തിനു സ്ഥിരമായ ഒരു ആസ്ഥാനം വേണമെന്ന് നമ്മുടെ പൂർവ്വികരും നാമും നിങ്ങളുമെല്ലാം ഒരുപോലെ ആഗ്രഹിച്ചിരുന്നതാണ്. പല പ്രയാസങ്ങളെയും പ്രാതികൂല്യങ്ങളെയും തരണം ചെയ്യേണ്ടിവന്നതിനാൽ ഇതിനു സാധിച്ചിരുന്നില്ല. ഈ കുറവു പരിഹരിക്കണം എന്ന ആഗ്രഹം മുൻനിർത്തി നാം ഇവിടെ പുതുതായി ഒരു അരമന കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും അതിന്റെ ഒന്നാമത്തെ നില മിക്കവാറും പൂർത്തിയാക്കി കൂദാശ ചെയ്തു നാം അതിൽ താമസമാക്കുകയും ചെയ്തു. ഇതിന്റെ ബാക്കിപണികൾ ശരീരപ്രകാരം നിങ്ങളോടുകൂടെയിരുന്ന് നിർവ്വഹിപ്പാൻ നമുക്കു സമയം അനുവദിക്കപ്പെട്ടിട്ടില്ല. ഈ അരമന പൂർത്തിയാക്കുന്ന സംഗതിയിൽ നിങ്ങളേവരും സർവ്വാത്മനാ നമ്മുടെ പിൻഗാമിയോടു സഹകരിക്കണം. നമ്മുടെ പിൻഗാമികളായി വരുന്ന കാതോലിക്കാമാർ ഇവിടെ സ്ഥിരമായി താമസിക്കുകയും നമ്മെ തുടർന്ന് ഇവിടെത്തന്നെ കബറടക്കപ്പെടുകയും ചെയ്യണമെന്നുള്ളതാണ് നമ്മുടെ ആഗ്രഹമെന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു.

പ്രിയരെ,

നമ്മുടെ ഭരണാരംഭത്തിൽ ഉണ്ടായിരുന്നവയും നമ്മുടെ ഭരണകാലത്ത് ആരംഭിക്കപ്പെട്ടിട്ടുള്ളവയുമായ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും പുരോഗമന പ്രവർത്തനങ്ങളും നിങ്ങളെല്ലാവരും ചേർന്ന് ശക്തിപ്പെടുത്തിക്കൊണ്ടു പോകണം. കേരളത്തിനു വെളിയിൽ ഇൻഡ്യയിലെ മിക്ക പ്രധാന പട്ടണങ്ങളിലും ഇൻഡ്യയ്ക്കു പുറത്തും നമുക്ക് ഇപ്പോൾ ഇടവകകളും പള്ളികളുമുണ്ട് എന്നതിനെപ്പറ്റി നാം ദൈവത്തെ സ്തോത്രം ചെയ്യുന്നു. വിജാതികളെ ക്രിസ്തുവിന്റെ പ്രകാശത്തിലേയ്ക്കു കൊണ്ടുവരുന്നതിന് സ്ലീബാദാസ സമൂഹം എന്ന മിഷ്യനറി പ്രസ്ഥാനം, നല്ല നിലയിൽ നടത്തപ്പെടുന്ന ഒരു വൈദിക സിമ്മനാരി, സന്യാസീ സന്യാസിനീ മന്ദിരങ്ങൾ, വിദ്യാർത്ഥി വിദ്യാർത്ഥിനീ സംഘടനകൾ, സണ്ടേസ്കൂൾ, യുവജനപ്രസ്ഥാനം, വനിതാസമാജം എന്നീ ആത്മിക സ്ഥാപനങ്ങൾ നമ്മുടെ ജനങ്ങളുടെ ആത്മീയ വർദ്ധനയ്ക്കുവേണ്ടിയുള്ളവയാണ്. സ്കൂളുകളും കോളേജുകളും നമ്മുടെ സമുദായത്തിനുണ്ട്. അഭ്യസ്തവിദ്യരും സംസ്ക്കാര സമ്പന്നരുമാണ് നമ്മുടെ സ്ത്രീ പുരുഷന്മാർ. ഇവയ്ക്കൊക്കെയുംവേണ്ടി നാം ദൈവത്തെ സ്തോത്രം ചെയ്യുന്നു. നമ്മുടെ സഭയുടേതായ സംഘടനകളും സ്ഥാപനങ്ങളും മേല്ക്കുമേൽ ശക്തി പ്രാപിക്കുവാൻ നാം പ്രാർത്ഥിക്കുന്നതോടൊപ്പം അവ കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കുവാൻ നിങ്ങളുടെ ഓരോരുത്തരുടെയും കഴിവുകൾ പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ദരിദ്രസംരക്ഷണം, ആതുരസേവനം ഇവ സഭയുടെ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത കർത്തവ്യങ്ങളാണ്. എന്നാൽ പല പ്രതിസന്ധികളിലൂടെ കഴിഞ്ഞ കാലങ്ങളിൽ സമുദായം കടന്നുപോകേണ്ടിവന്നതിനാൽ ഈ വിഷയത്തിൽ അധികമൊന്നും പ്രവർത്തിപ്പാൻ നമുക്കു സാധിച്ചില്ല. എങ്കിലും ഒരു മെഡിക്കൽ മിഷൻ നാം ആരംഭിച്ചിട്ടുണ്ട്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിരിക്കുകയുമാണ്. ഈ മിഷൻ വിജയപ്രദമാക്കിതീർക്കാനുള്ള ബാദ്ധ്യത നമ്മുടെ മക്കളുടെ ഒരുമയും സ്നേഹവും ഒത്തിണങ്ങിയുമുള്ള സഹകരണവും ലഭിക്കുമെങ്കിൽ ഈ മിഷനും ഇതുപോലുള്ള മറ്റു പ്രവർത്തനങ്ങളും വിജയിക്കുമെന്നു നമുക്കുറപ്പുണ്ട്. ദൈവത്തിലും അവന്റെ അമിത ബലത്തിലും ശരണപ്പെട്ടുകൊണ്ടു നിങ്ങൾ മുമ്പോട്ടു പോകുവിൻ.

സഭകളുടെ യോജിപ്പിനുള്ള ആഗ്രഹം മുൻകാലങ്ങളിലേക്കാൾ കൂടുതലായി ഇക്കാലത്തുണ്ട്. വിവിധ സഭാ കേന്ദ്രങ്ങളിൽ നിന്നും ഐക്യതയുടെ സന്ദേശം പുറപ്പെട്ടുകൊണ്ടിരിക്കുന്നു. എക്യുമെനിക്കൽ പ്രസ്ഥാനം ഇതിനുവേണ്ടിയാണല്ലോ. പുരാതനവും പരിശുദ്ധവുമായ നമ്മുടെ വിശ്വാസാചാരങ്ങൾക്കും നമ്മുടെ അപ്പോസ്തോലികമായ സ്വാതന്ത്ര്യത്തിനും

ഭംഗം വരാത്ത നിലയിലുള്ള ഒരു യോജിപ്പുണ്ടാകുന്നതു നല്ലതും ദൈവതിരുമുമ്പാകെ പ്രസാദകരവുമാണ്. ഇതേപ്പറ്റി ചിന്തിക്കുന്നതിന് വിശ്വാസത്തിൽ ഐക്യമുള്ള ഓർത്തഡോക്സ് സഭാ പ്രതിനിധികളുടെ ഒരു സമ്മേളനം കൂടുന്നതിനെപ്പറ്റി നാം ചിന്തിച്ചിരുന്നു. എന്നാൽ നമ്മുടെ ദിവസങ്ങൾ തീർന്നിരിക്കുന്ന ഈ വേളയിൽ ഇതും ഇതുപോലുള്ള മറ്റു കാര്യങ്ങളും നമ്മുടെ പിൻഗാമിയും മെത്രാപ്പോലീത്തന്മാരും ചേർന്നു നിർവ്വഹിക്കുമെന്നു നാം ആശിക്കുന്നു. ശരീരപ്രകാരം നാം നിങ്ങളെ വിട്ടു പിരിഞ്ഞാലും ഇവയ്ക്കെല്ലാം വേണ്ടുന്ന കൃപകൾ ദൈവത്തിൽനിന്നു ലഭിപ്പാൻ നമ്മുടെ പ്രാർത്ഥന നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. നിങ്ങളേവരും ദൈവഭക്തിയിലും നമ്മുടെ സഭയോടുള്ള സ്നേഹത്തിലും ഒട്ടും തണുത്തു പോകരുതെന്നു നമ്മുടെ ഹൃദയത്തിൽ വലുതായ ആഗ്രഹമുണ്ട് എന്ന് നിങ്ങളെ നാം അറിയിക്കുന്നു.

നമ്മുടെ വാത്സല്യമക്കളായ വൈദികരെ,

നിങ്ങൾ ഇക്കാലമത്രയും അനുസരണത്തോടും സ്നേഹത്തോടുംകൂടിയാണു നമ്മോടു വർത്തിച്ചിട്ടുള്ളതെന്നു നമുക്കറിയാം. നിങ്ങൾ ദൈവഭക്തിയിലും മേല്പട്ടക്കാരോടുള്ള അനുസരണത്തിലും സ്നേഹത്തിലും മേലിലും വർത്തിക്കുമെന്നു നമുക്കുറപ്പുണ്ട്. കശ്ശീശ്ശന്മാർ എപ്പിസ്കോപ്പന്മാരുടെ പ്രതിനിധികളാണ്. എപ്പിസ്കോപ്പായുടെ വലംകൈയായിനിന്നുവേണം നിങ്ങൾ പ്രവർത്തിപ്പാൻ. ദൈവിക രഹസ്യങ്ങളുടെയും മർമ്മങ്ങളുടെയും കാര്യവിചാരകത്വം ദൈവം നിങ്ങളെ ഏല്പിച്ചിരിക്കുന്നു എന്നു സദാ ഓർത്ത് അതനുസരിച്ച് നിങ്ങൾ പ്രവർത്തിക്കയും, നിങ്ങളെയും നിങ്ങളുടെ സൂക്ഷിപ്പിൽ ഭരമേല്പ്പിക്കപ്പെട്ടിരിക്കുന്ന ദൈവമക്കളെയും കർത്താവിനുള്ളവരായി കാത്തുകൊള്ളുകയും നമ്മുടെ സഭ ശക്തിപ്പെടുവാൻ തക്കവിധം കർത്താവിൽ ശരണപ്പെട്ടും, ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും എതിർക്കുവാൻ ശക്തിയുള്ളവരായി നമ്മുടെ കർത്താവിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് സദാ ഉണർന്നിരിക്കുകയും ചെയ്വിൻ. അപ്രകാരം തന്നെ ശെമ്മാശ്ശന്മാരും വിശുദ്ധിപാലിക്കുന്നവരും തങ്ങൾക്കു ലഭിച്ചിരിക്കുന്ന ആത്മിക ശുശ്രൂഷയ്ക്കൊത്തവണ്ണം നടക്കുന്നതിന് ജാഗ്രതയുള്ളവരും ആയിരിക്കണം.

നമ്മുടെ സഹോദരന്മാരായ മെത്രാപ്പോലീത്തന്മാരെ,

ദീർഘവർഷങ്ങൾ നിങ്ങളോടുകൂടെ ജീവിച്ചിരുന്നു ദൈവത്തിന്റെ സഭയെ മേയിച്ചു ഭരിപ്പാൻ നമുക്കു സംഗതിയായി. നമ്മുടെ സൂക്ഷിപ്പിൽ ഏല്പ്പിക്കപ്പെട്ടിട്ടുള്ള ആട്ടിൻകൂട്ടത്തെ നമ്മൾ എങ്ങനെ വഴിനടത്തി എന്ന് ആടുകളുടെ ഉടമസ്ഥനും മഹാ ഇടയനുമായ നമ്മുടെ കർത്താവിന്റെ മുമ്പാകെ നാമും നിങ്ങളും കണക്കു ബോധിപ്പിക്കേണ്ടിവരും. വി.

പൗലൂസ് ശ്ലീഹാ എപ്പേസൂസിലെ എപ്പിസ്കോപ്പന്മാരോടു പറഞ്ഞിരിക്കുന്നപ്രകാരം നിങ്ങളെ തന്നെയും ദൈവം തന്റെ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന സഭയെ മേയിപ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ എപ്പിസ്ക്കോപ്പന്മാരാക്കി വച്ചിരിക്കുന്ന ആട്ടിൻകൂട്ടത്തെ മുഴുവനും കാത്തുകൊൾവിൻ. സഭയുടെ കെട്ടുപണിക്കാരും വിശ്വാസത്തിന്റെ കലവറക്കാരുമായ നിങ്ങൾ ഐകമത്യമുള്ളവരായിരുന്നാൽ ആർക്കും നമ്മുടെ സഭയെ ക്ഷീണിപ്പിക്കാനോ ഛിദ്രിപ്പിക്കാനോ കഴിയുകയില്ല. നമ്മെ തുടർന്നു നിങ്ങളോരോരുത്തരും ഇഹലോകത്തിലെ ഓട്ടം തികച്ചശേഷം കണക്കുകൊടുക്കുവാൻ നമ്മുടെ കർത്താവിന്റെ സിംഹാസനത്തിൻമുമ്പാകെ നില്ക്കേണ്ടതാകുന്നു. നിങ്ങൾക്കുമുമ്പേ നാം പോകുന്നു. അന്നു ബലഹീനനായ നാമും നിങ്ങളും മുഖപ്രസാദത്തോടുകൂടെ കർതൃതിരുമുമ്പാകെ കാണപ്പെടുന്നതിനും കരുണ പ്രാപിക്കുന്നതിനും സംഗതിയാകട്ടെ. നമ്മുടെ വാക്കുമൂലമോ പ്രവൃത്തിമൂലമോ നമ്മുടെ സഹോദരന്മാരായ നിങ്ങളിൽ ആരെയെങ്കിലും വേദനപ്പെടുത്തിയിട്ടുള്ളതായി നിങ്ങളിൽ ആർക്കെങ്കിലും തോന്നുന്നപക്ഷം, നമ്മുടെ കർത്താവിന്റെ സ്നേഹത്തെപ്രതി നിങ്ങൾ നമ്മോടു ക്ഷമിക്കണമെന്നു നാം അപേക്ഷിക്കുന്നു. നിങ്ങളിൽ ആരെപ്പറ്റിയും നമ്മുടെ ഹൃദയത്തിൽ യാതൊരു വഴക്കും ഇല്ല. നമ്മോടുള്ള നിങ്ങളുടെ സ്നേഹത്തിലും സഹകരണത്തിലും നമ്മുടെ ഹൃദയത്തിൽ സംതൃപ്തിയാണുള്ളത്. നമ്മുടെ രോഗശയ്യയിൽ നമ്മോടുകൂടെ താമസിച്ചും നമ്മെ വന്നു കണ്ടും ആശ്വസിപ്പിക്കുകയും നമ്മുടെ ആശ്വാസത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരോടുമുള്ള അഗാധമായ കൃതജ്ഞത നാം വ്യക്തമാക്കിക്കൊള്ളട്ടെ. അപ്പഴപ്പോൾ നമ്മെ പരിശോധിച്ചു ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടർമാരോടും വൈദ്യന്മാരോടുമുള്ള ഹൃദയപൂർവ്വമായ നന്ദി നാം ഇവിടെ രേഖപ്പെടുത്തുന്നു.

നമ്മുടെ രോഗക്കിടക്കയ്ക്കടുത്തുനിന്ന് നമ്മെ പരിചരിച്ചുകൊണ്ടിരുന്ന നമ്മുടെ വാത്സല്യസഹോദരന്മാരായ മെത്രാപ്പോലീത്തന്മാരോടും അനുഗ്രഹിക്കപ്പെട്ട മക്കളായ പട്ടക്കാരോടും ശെമ്മാശന്മാരോടും, വൃദ്ധനായ നമ്മുടെ സേവനത്തിൽ സദാ ജാഗരൂകരായിരുന്നു നമ്മെ പരിചരിച്ചിട്ടുള്ള നമ്മുടെ ആത്മിക വാത്സല്യപുത്രന്മാരോടും നമുക്കുള്ള നന്ദി എവ്വിധമാണുപ്രകടിപ്പിക്കേണ്ടതെന്നു നമുക്കറിഞ്ഞുകൂടാ. അവർക്കുവേണ്ടി നമ്മുടെ ദൃഷ്ടിയെ നമ്മുടെ കർത്താവിന്റെ സന്നിധിയിലേക്കു നാം ഉയർത്തുന്നു. തന്റെ വാഴ്വേറിയ തൃക്കരങ്ങളിൽനിന്നു അവർക്കു ധാരാളമായ കൃപകളും അനുഗ്രഹങ്ങളും നൽകുവാൻ നാം പ്രാർത്ഥിക്കുന്നു.

പ്രിയ മക്കളെ,

നമ്മുടെ ദീർഘമായ ഭരണകാലത്ത് നാം നിങ്ങളെ ആരെയെങ്കിലും വിഷമിപ്പിക്കുകയോ ബുദ്ധിമുട്ടിക്കുകയോ നഷ്ടപ്പെടുത്തുകയോ, മന സ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും വല്ല ദോഷവും പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവയെല്ലാം നമ്മുടെ രക്ഷിതാവായ കർത്താവിന്റെ നാമത്തിൽ ക്ഷമിക്കണമെന്നും നാം നിങ്ങ ളോരോരുത്തരോടും അപേക്ഷിക്കുന്നു. അപ്രകാരം തന്നെ ആരെങ്കിലും നമ്മോടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടെങ്കിലും അത് നമ്മുടെ മനസ്സിൽ അല്പം പോലും ശേഷിച്ചിട്ടില്ലെന്നും മിശിഹായിൽ നാം ക്ഷമിച്ചിരിക്കുന്നു എന്നും നിങ്ങളെ നാം അറിയിച്ചുകൊള്ളുന്നു.

കടശ്ശി, അനുഗ്രഹിക്കപ്പെട്ട നമ്മുടെ മക്കളെ, ദൈവതിരുമുമ്പാകെ തന്റെ ഏകജാതനായ പുത്രനല്ലാതെ ഒരുവൻ പോലും കുറ്റമില്ലാത്തവ നായിട്ടില്ല. ബലഹീനനും പാപിയുമായ നാം തന്റെ കരുണയിൽ മാത്രം അഭയപ്പെടുന്നു. മരണത്തിന്റെ വാതിൽ കടന്ന് പരലോകത്തിൽ എത്തേണ്ട സമയം ഇതാ നമുക്കു തൊട്ടടുത്തിരിക്കുന്നു. നമ്മുടെ യാത്ര യിൽ ദൈവികമായ കൃപയും ആശ്വാസവും നമുക്കു ലഭിപ്പാൻ നിങ്ങ ളോരോരുത്തരും മുട്ടിപ്പായി പ്രാർത്ഥിക്കുകയും, പട്ടക്കാർ നമുക്കുവേണ്ടി വി. കുർബ്ബാന അർപ്പിക്കുകയും ചെയ്യണമെന്നു നിങ്ങളുടെ സ്നേഹ ത്തോടു നാം അപേക്ഷിക്കുന്നു. നമ്മുടെ ആയുഷ്ക്കാലത്തു പല പ്രകാ രത്തിൽ നമ്മെ സഹായിച്ചിട്ടുള്ള നമ്മുടെ വാത്സല്യമക്കളിൽനിന്ന് അവ സാനമായി നമുക്കു ലഭിപ്പാനുള്ള സഹായം ഇതാകുന്നു. വി. പൗലൂസ് അപ്പോസ്തോലൻ പറഞ്ഞിട്ടുള്ള പ്രകാരം "നിങ്ങളുടെ ഇടയിൽ ദൈവ രാജ്യം പ്രസംഗിച്ചുകൊണ്ടുനടന്നവനായ എന്റെ മുഖം നിങ്ങൾ ഇനി ആരും കാണുകയില്ല എന്നു ഞാൻ അറിയുന്നു..." നിങ്ങൾക്ക് ആത്മിക വർദ്ധന വരുത്തുവാനും സകല വിശുദ്ധന്മാരോടും കൂടെ അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവന്റെ കൃപയുടെ വചനത്തിലും ഞാൻ ഇപ്പോൾ നിങ്ങളെ ഭരമേല്പിക്കുന്നു. ഉത്തമനും വിശ്വസ്തനു മായ ദാസാ എന്ന വിളി നമ്മുടെ കർത്താവിന്റെ തിരുവായിൽനിന്നുകേൾ പ്പാൻ നമുക്കു സംഗതിയാകട്ടെ. നാം കടന്നുപോയ ശേഷവും നമ്മുടെ വാത്സല്യഭാജനങ്ങളായ നിങ്ങളെക്കുറിച്ചുള്ള ഓർമ്മ നമ്മിൽ ഉണ്ടായി രിക്കും. നിങ്ങളുടെ പ്രാർത്ഥനകളിൽ നമ്മെയും ഓർപ്പിൻ. നിങ്ങളേവരും സമാധാനത്തോടെ വസിപ്പിൻ.

നമ്മുടെ കർത്താവായ യേശുമിശിഹാ അദൃശ്യമായിരിക്കുന്ന തന്റെ വലത്തുതൃക്കൈ ബലഹീനനും പാപിയുമായ നമ്മുടെ വലത്തുകൈ യോടു കൂടി നിങ്ങളുടെമേൽ നീട്ടി നിങ്ങളെയും നിങ്ങളുടെ ഭവനങ്ങ ളെയും നിങ്ങളുടെ കൈകൾ ചെയ്യുന്ന എല്ലാ നല്ല വേലകളെയും അനു ഗ്രഹിക്കുകയും, നമ്മെയും വിശ്വാസികളായ നിങ്ങളുടെ എല്ലാ മരിച്ചു

പോയവരെയും തന്റെ സ്വർഗ്ഗീയ പർദൈസായിൽ ചേർത്ത് ആശ്വസിപ്പിക്കുകയും ചെയ്യാൻ നാം പ്രാർത്ഥിക്കുന്നു. നമ്മുടെ അന്ത്യ ആശീർവാദങ്ങൾ നിങ്ങളേവർക്കും നാം നല്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടെയും മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു ദൈവമാതാവായ വി. കന്യാമറിയാമിന്റെയും ഇൻഡ്യയുടെ കാവൽപിതാവായ മാർ തോമ്മാശ്ലീഹായുടെയും ശേഷമുള്ള എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ..... ഇത്യാദി.

മിശിഹാകാലം 1963 ഡിസംബർ 21 -ാം ന്,
മാർതോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വ പെരുനാൾദിവസം
കോട്ടയം കാതോലിക്കാ സിംഹാസന അരമനയിൽനിന്നും.

(ഒപ്പ്)*

**(സമ്പാദകർ: ഡോ. എം. കുര്യൻ തോമസ്,
ജോയ്സ് തോട്ടയ്ക്കാട്)**

* എല്ലാ കല്പനകളിലും ഒപ്പും മുദ്രയും ഉണ്ടെങ്കിലും അവ ഈ ഗ്രന്ഥത്തിൽ ഒഴിവാക്കിയിരിക്കുന്നു. - എഡിറ്റർ

ഭാഗം 6

സൂക്തങ്ങൾ

പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ

ദൈവസന്നിധിയിൽ

1. ദൈവത്തിൽനിന്ന് നമുക്ക് എന്തെങ്കിലും കിട്ടണമെന്നിരുന്നാൽ വിനയം, താഴ്മ ഇവയാണ് ആവശ്യം. ഒരുവന്റെ നന്മ കൊണ്ടോ, പണം കൊണ്ടോ, പ്രവൃത്തികൊണ്ടോ ദൈവത്തിങ്കൽനിന്ന് ഒന്നും പ്രാപിപ്പാൻ കഴിയുന്നതല്ല.

2. ദൈവസന്നിധിയിൽ നാം പോകുമ്പോൾ നാം ആരാണ് എന്ന് അറിഞ്ഞുകൊണ്ടുവേണം പോകുവാൻ. 'ദൈവമേ എന്നെത്തന്നെ എനിക്കു കാണിക്കേണമേ' എന്നു നാം പ്രാർത്ഥിക്കണം. നാം ആയിരിക്കുന്നവണ്ണം നമ്മെ കാണണമെങ്കിൽ ദൈവാത്മാവു നമ്മെ നമുക്കു കാണിക്കണം. എങ്കിലേ യഥാർത്ഥമായി നമ്മെ കാണാൻ കഴിയുകയുള്ളു.

3. പരിശുദ്ധന്മാർ എല്ലാവരും പരിശുദ്ധാത്മാവിന്റെ സഹായത്താൽ തങ്ങളെത്തന്നെ കണ്ടവരാണ്. ഇപ്പോൾ നാം ആരാണെന്നോ, നമ്മുടെ നില എന്തെന്നോ, ഉള്ളപ്രകാരം നാം അറിയുന്നില്ല, നാം നമ്മുടേതിനെ ഒളിച്ചു വെയ്ക്കുന്നു. പുണ്യവാന്മാരെന്നു നടിച്ചു നടക്കുന്നു. പാപങ്ങളെ നാം പരിഹസിക്കുന്നു. അതിനാൽ നാം നമ്മെത്തന്നെ ഒന്നു കാണണം.

4. മോഹം, ദ്വേഷം, അസൂയ മുതലായ ആത്മാവു നമ്മിൽനിന്നു വിട്ടു പോകണമെങ്കിൽ നാം നമ്മുടെ നിസ്സാരത്വം മനസ്സിലാക്കണം. മുടങ്ങാതെ പ്രാർത്ഥിക്കണം. സത്യമായി വിശ്വസിക്കണം. പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കണം. അങ്ങനെ കിട്ടുന്ന സന്ദർഭത്തിൽ കർത്താവിനെ ഉണർത്തിക്കണം. അപ്പോൾ കർത്താവു തന്റെ കരുണയുടെ വാതിൽ നമുക്കു തുറന്നു തരികയും നമ്മിൽ സന്തോഷിക്കയും ചെയ്യും.

5. സ്വർഗ്ഗരാജ്യം തങ്ങളുടെ ലക്ഷ്യമാക്കി വച്ചിട്ടുള്ളവരുടെയിടയിൽ ദുർവാശിയോ അഹങ്കാരമോ മറ്റേതെങ്കിലും തരത്തിലുള്ള ദോഷങ്ങളോ ഉണ്ടായിക്കൂടാ. എന്നാൽ പിശാചിന്റെ ആയുധങ്ങളാകുന്ന നിഗളം, പരനിന്ദ, ദുർമോഹം, ദുർഭാഷണം എന്നീ ആയുധങ്ങളും നമ്മുടെ മുമ്പിലുണ്ട്. ക്രിസ്തുവിന്റെ ആയുധമെടുത്തുകൊണ്ടു പോരാടിയില്ലെങ്കിൽ ജീവന്റെ കിരീടം ലഭിക്കയില്ല. അതിന് നമ്മുടെ മനസ്സും ദൈവമനസ്സും ഒന്നാകണം.

6. സ്വർഗ്ഗരാജ്യം നമ്മുടെ ഉള്ളിൽത്തന്നെ എന്നത്രെ കർത്താവ് അരുളിച്ചെയ്യുന്നത്. സ്വർഗ്ഗരാജ്യത്തിൽ വസിക്ക എന്നു പറഞ്ഞാൽ ദൈവം ഹൃദയത്തിൽ വസിക്ക എന്നത്രെ. ദൈവം എവിടെയോ അവിടെ സ്വർഗ്ഗരാജ്യം. നമ്മുടെ ഹൃദയത്തിൽ ദൈവം വസിക്കുമ്പോൾ അതു സ്വർഗ്ഗരാജ്യമാണ്. നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കണം.

7. ദൈവം ഇന്നലെയും ഇന്നും ഒരുപോലെ ആയിരിക്കുന്നവണ്ണം ദൈവ

ത്തിന്റെ ഇഷ്ടത്തിനും വ്യത്യാസമില്ല. അതികാലഭേദമോ സമയവ്യത്യാസമോ ഇല്ല. താൻ മാറ്റങ്ങൾക്കു വിധേയനല്ല. നമ്മുടെ ദൈനംദിന ജീവിതം ദൈവയിഷ്ടത്തിനു വിധേയമായിട്ടാണോ നയിക്കുന്നത് എന്ന് ചിന്തിച്ചുനോക്കുക. ദൈവയിഷ്ടത്തിനുവേണ്ടി നിലകൊള്ളുമ്പോൾ ത്യാഗവും പീഡയും മരണവും സഹിക്കേണ്ടി വരും. എന്നാലും ദൈവയിഷ്ടമാകുന്ന ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യണം. അപ്പോൾ വിജയം സിദ്ധിക്കും.

8. നമ്മിലേക്കു എഴുന്നെള്ളുന്ന ദൈവപുത്രന് മുള്ളുകളുടെ ഇടയിൽ വീണ വിത്തിന്റെ അനുഭവമുണ്ടാകരുത്. മുള്ളുകളുടെ ഇടയിൽ വീണ വിത്തിനെ മുള്ളുകൾ ഞെരുക്കുന്നു. വിത്തു ദൈവത്തിന്റെ (മിശിഹാ തമ്പുരാൻ) വചനമാണ്. ഈ ലോകത്തിന്റെ വഞ്ചന, അക്രമം, ദ്രവ്യാഗ്രഹം, മോഹവിചാരം എന്നിങ്ങനെയുള്ള മുള്ളുകളാൽ അവിടുന്നു ഞെരുങ്ങപ്പെടുവാൻ ഇടയാകരുത്.

വൈദികർ

9. വാത്സല്യമക്കളായ വൈദികരെ, നിങ്ങൾ ദൈവഭക്തിയിലും മേൽപട്ടക്കാരോടുള്ള അനുസരണത്തിലും സ്നേഹത്തിലും വർത്തിക്കുമെന്ന് നമുക്ക് ഉറപ്പുണ്ട്. എപ്പിസ്കോപ്പായുടെ വലംകൈയായി നിന്നു വേണം നിങ്ങൾ പ്രവർത്തിപ്പാൻ.

10. ദൈവികരഹസ്യങ്ങളുടെയും മർമ്മങ്ങളുടെയും കാര്യവിചാരകത്വം ദൈവം നിങ്ങളെ ഏല്പിച്ചിരിക്കുന്നു എന്നു സദാ ഓർത്തു അനുസരിച്ചു നിങ്ങൾ പ്രവർത്തിക്കുകയും, നിങ്ങളേയും നിങ്ങളുടെ സൂക്ഷിപ്പിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൈവമക്കളെയും കർത്താവിനുള്ളവരായി കാത്തുകൊള്ളുകയും നമ്മുടെ സഭ ശക്തിപ്പെടുവാൻ തക്കവിധം കർത്താവിൽ ശരണപ്പെട്ടും, ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും എതിർക്കുവാൻ ശക്തിയുള്ളവരായി നമ്മുടെ കർത്താവിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ടു സദാ ഉണർന്നിരിക്കയും ചെയ്വിൻ.

11. ആചാര്യൻ ജനത്തിനു മാർഗ്ഗദർശിയായിരിക്കണം. ആചാര്യൻ ജനമായിത്തീരരുത്. അതായത് കേവലം ലൗകികനായി താണുപോകരുത്. ആകയാൽ നിങ്ങൾ സഭയെ കേൾക്കണം. ജനങ്ങളെ സഭയുടെ നിയമപ്രകാരം നടത്തണം.

12. എന്തു കഷ്ടപ്പാടുകൾ വന്നാലും നിങ്ങളുടെ സ്ഥാനവും ചുമതലയും നിങ്ങൾ മറന്നുകളയരുത്. സഭയെ ഒറ്റിക്കൊടുക്കരുത്. സഭയുടെ വിശ്വാസത്തിൽനിന്നും അണുവിടപോലും വ്യതിചലിച്ചുപോകാതിരിക്കാൻ നിങ്ങൾ സൂക്ഷിക്കണം.

13. പൗരോഹിത്യം, അപ്പോസ്തോലന്മാർ തുടങ്ങി ഇന്നയോളം സഭയിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന ആചാര്യന്മാർ ക്രിസ്തുവിന്റെ സ്ഥാനാപതികളാണ്.

14. രാജത്വം ഭൂമിയിൽ അധികാരം ചെയ്യുന്നു. പൗരോഹിത്യമോ ഭൂമിയിലും സ്വർഗ്ഗത്തിലും അധികാരം ചെയ്യുന്നു. അതിനാൽ പൗരോഹിത്യം രാജത്വത്തേക്കാൾ ശ്രേഷ്ഠമാണ്.

അദ്ധ്യാപകർ

15. ഏതു സമുദായത്തിന്റെയും ഭാവിയിലെ നന്മ അതാതു സമുദായത്തിലെ യുവാക്കന്മാരിലും പൈതങ്ങളിലും ആശ്രയിച്ചിരിക്കുന്നു എന്നുള്ളതു നിസ്തർക്കമായ ഒരു സംഗതിയാണ്. ഈ വാസ്തവം മനസ്സിലാക്കിയിട്ടുള്ള എല്ലാ സമുദായങ്ങളും ഏതൽക്കാലത്ത് ഇതിനായിട്ടു ചെയ്തുവരുന്ന ശ്രമങ്ങൾ സീമാതീതമായിട്ടുള്ളവയത്രെ. നമ്മുടെ യുവാക്കന്മാരിലും പൈതങ്ങളിലും ദൈവഭക്തി, സന്മാർഗ്ഗനിഷ്ഠ, വിശ്വാസസ്ഥൈര്യം, മതപ്രതിപത്തി ആദിയായവയെ വർദ്ധിപ്പിക്കുന്നതിലേക്ക് നിരന്തരം പരിശ്രമിക്കേണ്ടത് ദൈവമക്കളായ ഏവരുടെയും കടമയാകുന്നു. പ്രത്യേകിച്ചു പൈതങ്ങളെ വൈദികാഭ്യസനം ചെയ്യിച്ചുവരുന്ന അദ്ധ്യാപകന്മാർ പ്രസ്തുത വിഷയത്തിൽ ഭാരമേറിയ ചുമതലയുള്ളവരാകയാൽ അവർ അതിൽ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

16. 'യഥാ രാജ തഥാ പ്രജ' എന്നുള്ള പഴഞ്ചൊല്ല് എത്രയും വാസ്തവമായിട്ടുള്ളതത്രെ. ഗുരുക്കന്മാരുടെ നടത്തയെ കണ്ടിട്ട് അവരുടെ ശിഷ്യന്മാർ നന്മയിലോ, തിന്മയിലോ ചാഞ്ഞുപോകുന്നു. ദൈവഭക്തനായ അദ്ധ്യാപകനെ കാണുമ്പോൾ അവന്റെ ശിഷ്യഗണങ്ങൾ ഏതു സ്ഥിതിയിലുള്ളവരാണെന്നു അനുമാനിക്കാം. അപ്രകാരംതന്നെ ദൈവഭക്തരായ പൈതങ്ങളെ കാണുമ്പോൾ അവരുടെ അദ്ധ്യാപകന്മാരുടെ സ്ഥിതിയേയും അറിയാവുന്നതാണ്.

17. ദൃഷ്ടാന്തദോഷികളായ അദ്ധ്യാപകന്മാർ മൂലം അസംഖ്യം ദോഷങ്ങൾ നേരിടുകയും വിലയേറിയ അനേകം ആത്മാക്കൾ നാശപാത്രങ്ങളായി തീരുകയും ചെയ്യുന്നു. തങ്ങൾതന്നെ ദോഷം ചെയ്യുന്നതു മാത്രമല്ല, മറ്റുള്ളവരേയുംകൂടി ശിക്ഷാർഹന്മാരാക്കിത്തീർക്കുക കൂടി ചെയ്യുന്നതുകൊണ്ടു അവർക്കു ഭയങ്കര നാശത്തിൽനിന്നും തെറ്റിഒഴിവാൻ കഴിയുന്നതുമല്ല. സത്യ ഇടയനായ മശിഹാതമ്പുരാന്റെ തൊഴുത്തിലെ കുഞ്ഞാടുകളായ നമ്മുടെ പൈതങ്ങളുടെ അധോഗതിക്കു കാരണഭൂതന്മാരായിരിക്കുന്നവരെപ്പറ്റി നാം അത്യന്തം ദുഃഖിക്കയും നിങ്ങൾ അപ്രകാരമുള്ളവരായി വരാതിരിപ്പാൻ പ്രത്യേകം ജാഗരൂകരായിരിക്കണമെന്നു നിങ്ങളോടു നാം ഗുണദോഷിക്കയും ചെയ്യുന്നു.

18. എന്നാൽ പരമാർത്ഥികളും ദൈവഭക്തരുമായ അദ്ധ്യാപകന്മാർ മൂലം അളവില്ലാത്ത ഗുണങ്ങൾ ഉണ്ടാകുന്നതാണ്. 'നന്നായി പഠിപ്പിക്കുന്ന മല്പാനെ സ്വർഗ്ഗരാജ്യത്തിൽ വലിയവനാക്കണമേ' എന്നു വിശുദ്ധനായ മാർ അപ്രേം പ്രാർത്ഥിക്കുന്നു. 'ജ്ഞാനമുള്ളവരെ ആകാശമണ്ഡല ത്തിലെ പ്രഭപോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ എന്നു മെന്നേക്കും നക്ഷത്രങ്ങൾപോലെയും ശോഭിക്കും' എന്നിപ്രകാരം ദാനി യേൽ ദീർഘദർശിയും പറയുന്നു. ഈ വചനങ്ങളെപ്പറ്റി നിങ്ങൾ പ്രത്യേകം ചിന്തിച്ചു നോക്കുവിൻ.

19. സ്വന്ത മാനത്തിനും മഹത്ത്വത്തിനുമായിട്ടല്ല, എന്നാലോ ദൈവ മഹത്വത്തിനുവേണ്ടി തങ്ങളുടെ ശിഷ്യന്മാരുടെ മനസ്സുതിരിവിനേയും ആത്മീയാഭിവൃദ്ധിയേയും മാത്രം ഉദ്ദേശിച്ചു ഹൃദയപരമാർത്ഥതയോടു കൂടി പ്രവർത്തിക്കുന്ന ഒരദ്ധ്യാപകൻ ദൈവസന്നിധിയിൽ എത്ര ഭാഗ്യ വാനായിരിക്കുമെന്നു പറഞ്ഞറിയിപ്പാൻ ആർക്കും കഴിയുന്നതല്ല. അവർക്ക് കരുണാപൂർണ്ണനായ ദൈവം നല്കുന്ന അനുഗ്രഹങ്ങൾ അളവില്ലാത്ത താകുന്നു. താൻതന്നെ അവർക്കു ജ്ഞാനത്തിന്റെയും അറിവിന്റെയും ഉറവയെ തുറന്നുകൊടുക്കയും ചെയ്യുന്നു.

20. നിങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങളെയും ഉപദ്രവങ്ങളെയും വിചാ രിച്ചു ക്ഷീണിച്ചുപോകയോ, നിരാശപ്പെടുകയോ ചെയ്യരുത്. നിങ്ങൾക്കു വിരോധമായി ഒരു സൈന്യം പാളയമിറങ്ങിയാലും നിങ്ങൾ ഭയപ്പെടാതെ ക്ഷീണിക്കുന്നവർക്കു ശക്തിയേയും ബലഹീനന്മാർക്കു ബലത്തേയും സൗജന്യമായി നല്കുന്ന കർത്താവിൽ ആശ്രയിച്ചുകൊൾവിൻ. അപ്പോൾ സൈന്യങ്ങളുടെ കർത്താവു നിങ്ങൾക്കു പരിചയും സങ്കേതസ്ഥലവു മായിരുന്നു സമാധാനത്തോടെ നിങ്ങളെ സംരക്ഷിക്കയും അവസാന ത്തിൽ ഭാഗ്യമുള്ള പ്രതിഫലം നല്കുകയും, തന്റെ രാജ്യത്തിലേക്കു നിങ്ങളെ ചേർത്തുകൊള്ളുകയും ചെയ്യും.

നോമ്പ്

21. വി. നോമ്പ് അനുതാപത്തിന്റെ കാലമാണ്. സാത്താനെ നമ്മിൽ നിന്നും ആട്ടിപ്പായിക്കുന്ന ഒരായുധമാണ് നോമ്പ്.

22. നോമ്പു പറുദൈസ മുതൽ തുടങ്ങിയിട്ടുള്ളതാണ്. അതിനാൽ സത്യ അനുതാപത്തോടും കണ്ണുനീരോടും സാഷ്ടാംഗ വന്ദനവോടും നിനുവായക്കാരെപ്പോലെ നോമ്പ് നാം ആചരിക്കണം. നമ്മുടെ ഓരോ പാപത്തെയും നാം ഏറ്റുപറഞ്ഞുപേക്ഷിക്കണം. ദൈവത്തെയും സമ സൃഷ്ടങ്ങളെയും നാം സ്നേഹിക്കണം. നമ്മുടെ ശത്രുക്കളോടു നാം പ്രതികാരം ചെയ്യരുത്. അവരുടെ തിരിച്ചുവരവിനുവേണ്ടി നാം പ്രാർത്ഥി ക്കണം.

23. നമ്മുടെ ശക്തിയിൽ മാത്രം ആശ്രയിച്ചു പിശാചിനെ ജയിപ്പാൻ കഴിയുന്നതല്ല. ആത്മാവിന്റെ സഹായവും ആവശ്യമാണ്. കർത്താവ് ആത്മാവു നിറഞ്ഞവനായി ആത്മാവിനാൽ വനത്തിലേക്കു കൂട്ടിക്കൊണ്ടു പോകപ്പെട്ടതുപോലെ നാമും ആത്മാവുകൊണ്ടു നിറഞ്ഞു 'നോമ്പു ആചരിക്കണം.' അപ്പോൾ സാത്താനെ ജയിപ്പാൻ നമുക്കു കഴിയും. ആത്മാവിന്റെ സഹായമില്ലെങ്കിൽ സാത്താൻ നമ്മെ തോല്പിച്ചുകളയും.

24. നോമ്പ് ഒരു പോരാട്ടമാണ്. ഈ പോര് നാം ചെയ്തേ മതിയാകൂ. ഇതിൽ ജയിക്കുന്നവന് ജീവന്റെ കിരീടം ലഭിക്കും. അതിനാൽ എല്ലാവരും ഭയഭക്തിയോടുകൂടി നോമ്പ് ആചരിക്കണമെന്ന് നാം ഉദ്ബോധിപ്പിക്കുന്നു.

25. നോമ്പ് ആത്മാവിനും ശരീരത്തിനും നല്ലതാണ്. മത്സ്യമാംസാദി ഭക്ഷണത്തിലിരിക്കുന്നവർക്കു ഭക്ഷണത്തിലുണ്ടാകുന്ന ഈ മാറ്റം ശരീരത്തിനു നല്ലതാണെന്നു ഡോക്ടറന്മാരും സമ്മതിക്കുന്നുണ്ട്. ദൈവം ആത്മാവിന്റെയും ശരീരത്തിന്റെയും സ്രഷ്ടാവാണ്. അവിടുത്തെ നിയമങ്ങളും കല്പനകളും ആത്മാവിനെയും ശരീരത്തെയും പോഷിപ്പിക്കാനാണ്, നശിപ്പിക്കാനല്ല.

26. ഒരു കൃഷിക്കാരൻ അവന്റെ കൃഷിക്കു ക്രമമായി വളമിട്ടു വളർത്തുന്നതുപോലെ നമ്മുടെ ആത്മാവിന് അതിന്റെ വളർച്ചയ്ക്കാവശ്യമായ നോമ്പ്, പ്രാർത്ഥന മുതലായവ വളമിട്ട്, അതു ദൈവത്തിന്റെ അടുക്കലേക്കു വളരത്തക്കവണ്ണം നാം സൂക്ഷിക്കണം. അങ്ങനെ ചെയ്യുമ്പോൾ ഭക്ഷണം തുടങ്ങിയ ശാരീരികാവശ്യങ്ങൾ നാം കാര്യമായി ഗണിക്കയില്ല. ഭക്ഷണത്തിൽ മിതത്വം പാലിക്കണം. അതിഭക്ഷണം പാപമാണ്. അതു ജഡമോഹത്തിൽപെടുന്നു.

27. ശാരീരികമായ ഇമ്പങ്ങളും ഇച്ഛകളും നമ്മെ പാപത്തിലേക്കു നയിക്കുന്നു. പാപം മരണത്തെ ഉളവാക്കുന്നു. പാപമരണത്തിൽനിന്നും രക്ഷപെടുന്നതിനാണ് നോമ്പുപോലുള്ള ആത്മിക ഔഷധങ്ങൾ ദൈവം നിശ്ചയിച്ചിട്ടുള്ളത്.

കാതോലിക്കാ സിംഹാസനം

28. കാതോലിക്കാസിംഹാസനം പാത്രിയർക്കാ സിംഹാസനത്തേക്കാൾ 94 വർഷം മുമ്പുള്ളതാണ്. നിഖ്യാ സുന്നഹദോസ് ആ സിംഹാസനത്തെ ബലപ്പെടുത്തി. കാതോലിക്കാ സിംഹാസനവും പാത്രിയർക്കാ സിംഹാസനവും തമ്മിൽ കീഴുമേലോ മൂപ്പിളപ്പമോ ഇല്ല.

29. മാർതോമ്മാ, പത്രോസിന് കീഴ്പ്പെട്ടവനല്ല. മാർത്തോമ്മായുടെ ഈ സഭ പാറമേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. പാതാളവാതിലുകൾക്ക്

അതിന്റെ നേരെ പ്രബലപ്പെടുവാൻ കഴിയുന്നതല്ല. ഈ പാവപ്പെട്ട സഭ അനേക ഉപദ്രവങ്ങൾ സഹിച്ചിട്ടും ഇതുവരെ നിലനിന്നതു വി. അപ്പോസ്തോലന്റെ മദ്ധ്യസ്ഥതകൊണ്ടാണ്. അതിനാൽ നാം നമ്മുടെ പരിശുദ്ധ പിതാവിനോട് വിശ്വസ്തരായിരിക്കണം.

30. നമ്മുടെ സഭയുടെ സ്ഥാപകനായ പ. തോമ്മാശ്ലീഹാ കേട്ടു വിശ്വസിക്കാതെ കണ്ടു വിശ്വസിച്ചവനാണല്ലോ. ഉയിർത്തെഴുന്നേറ്റ നമ്മുടെ കർത്താവിന്റെ വിലാവിൽ തൊട്ടുനോക്കിയിട്ട് ആ ആൾ എന്റെ കർത്താവും എന്റെ ദൈവവുമാണെന്ന് അപ്പോസ്തോലൻ വിശ്വസിച്ചു ഏറ്റു പറഞ്ഞു. ആ വിശ്വാസമാണ് നമ്മുടെ പിതാവ് നമുക്ക് ഏല്പിച്ചുതന്നിരിക്കുന്നത്. അതാണ് സത്യവിശ്വാസം. ഈ വിശ്വാസത്തിൽ എന്തെങ്കിലും കുറവുള്ളതായി കാണുവാൻ ആർക്കും സാധിക്കുന്നതല്ല.

31. നമ്മുടെ സഭ ധനപരമായി പാവപ്പെട്ടതാണ്. എന്നാൽ വിശ്വാസത്തിൽ നാം സമ്പന്നരാണ്. ആകയാൽ നമ്മുടെ സഭയുടെ വിശ്വാസം വിട്ടു മറ്റൊന്നിൽ ചേരേണ്ട ആവശ്യം നമുക്കില്ല.

32. സഭ നമ്മുടെ രക്ഷയ്ക്കാണ്. അല്ലാതെ പള്ളിപ്രമാണികളാകാനല്ല. അതിനാൽ എല്ലാവരും ദൈവയിഷ്ടത്തിനു കീഴ്പ്പെട്ടു താഴ്മയോടും സ്നേഹത്തോടും കൂടിയിരിക്കണം. മാലാഖമാർ തമ്മിൽ കാണുമ്പോൾ എന്നപ്രകാരമുള്ള സ്നേഹവും സമാധാനവും ഓരോരുത്തരിലും ഉണ്ടായിരിക്കണം.

33. നിങ്ങൾ സഭയെ കേൾക്കണം. ദൈവത്തിന്റെ സഭ വലുതാണ്. സഭയെ കേൾക്കാത്തവൻ ചുങ്കക്കാരനും കാവ്യനുമായിരിക്കട്ടെ എന്നാണ് കർത്താവു കല്പിച്ചിരിക്കുന്നത്. ആകയാൽ സഭയിൽ വളരുകയും സഭയ്ക്കു വേണ്ടി ജീവിക്കുകയും ചെയ്യണം.

34. സഭ ജീവന്റെ അപ്പം നൽകുന്ന വിരുന്നുഭവനമാണ്. വിരുന്നുഭവനത്തിൽ പ്രവേശിക്കുന്നതിനു വിരുന്നുവസ്ത്രം വേണം. ഈ വിരുന്നുവസ്ത്രം മാമ്മോദീസായത്രെ. മാമ്മോദീസാ കൂടാതെ ഒരുവനും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പാൻ കഴിയുന്നതല്ല.

35. നാം സ്വന്തഇഷ്ടങ്ങളും ആവശ്യങ്ങളും നടത്തിക്കഴിഞ്ഞിട്ട് സഭയുടെ ആവശ്യങ്ങൾ നടത്താമെന്നു വിചാരിക്കരുത്. സ്വയത്തേക്കൂടെ സഭാസേവനത്തിനുവേണ്ടി ബലികഴിക്കണം. എന്തു കഷ്ടനഷ്ടങ്ങൾ വന്നാലും സത്യത്തിനുവേണ്ടി നിൽക്കണം. സഭയുടെ ഇഷ്ടമറിഞ്ഞു ജീവിക്കണം.

36. നമ്മുടെ വിശ്വാസം നിർമ്മലവും ആരാധന സ്വർഗ്ഗീയവുമാണ്. നമ്മുടെ പിതാക്കന്മാരേക്കാൾ വലിയ വേദശാസ്ത്രപണ്ഡിതന്മാർ ഉണ്ടായിട്ടില്ല.

37. എന്തെല്ലാം പ്രയാസങ്ങൾ നേരിടേണ്ടിവന്നാലും എന്തു ത്യാഗം സഹിച്ചായാലും ഈ വിശ്വാസവും ആചാരങ്ങളും നമ്മുടെ മഹത്തായ പാരമ്പര്യങ്ങളും നിങ്ങളേവരും മുറുകെപിടിച്ചുകൊള്ളണമെന്നു നമ്മുടെ അവസാന ശ്വാസത്തോടുകൂടി നാം വീണ്ടും നിങ്ങളെ ഉറപ്പായി പ്രബോധിപ്പിച്ചുകൊള്ളുന്നു.

38. പാറയിൽ അടിസ്ഥാനമിട്ട് അതിന്മേൽ പണിയപ്പെടുന്ന ജീവനുള്ള കല്ലുകളായിരിക്കണം നിങ്ങൾ എന്നു വീണ്ടും നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. പാറമേൽ അടിസ്ഥാനമിട്ടിട്ടുള്ള ഭവനം പെരുമഴ പെയ്താലും കൊടുങ്കാറ്റടിച്ചാലും വീഴുകയില്ല. ഈ കല്ലുകൾ നല്ല കുമ്മായം ചേർത്തു പണിയുമ്പോഴാണ് കെട്ടിടമാകുന്നത്. കുമ്മായംമൂലം കല്ലുകൾ പരസ്പരം ദൃഢമായി ബന്ധിക്കപ്പെടുന്നു. ജീവനുള്ള കല്ലുകളെ പരസ്പരം ബന്ധിപ്പിക്കുന്ന കുമ്മായം നമ്മുടെ കർത്താവിന്റെ തിരുശരീരരക്തങ്ങളാണ്. കുർബ്ബാനാനുഭവംമൂലം ഒരേ ശരീരത്തിനും രക്തത്തിനും നമ്മൾ പങ്കാളികളായിത്തീരുന്നു.

39. സഭയുടെ കല്പനകൾക്കു വ്യാഖ്യാനവുമായി വരുന്നവരുടെ പിടിയിൽ നിങ്ങൾ പെടരുത്. ദൈവമക്കളായി മുമ്പോട്ടു പോകണം. ബാല്യകാലത്തിൽ സ്രഷ്ടാവിനെ ഓർത്തുകൊൾക. വിശ്വാസപ്രമാണം മറന്നുകളയരുത്. അതിനൊത്തു ജീവിക്കണം. സഭയുടെ കല്പനകളെ അനുസരിക്കുകയും ആചരിക്കുകയും ചെയ്യുന്നതിൽ നിങ്ങൾ ഉത്സാഹവും തീക്ഷ്ണതയും ഉള്ളവരായിരിപ്പിൻ.

പള്ളി

40. പള്ളി ദൈവത്തിന്റെ ഭവനവും, സ്വർഗ്ഗത്തിന്റെ വാതിലുമാണ്.

41. കല്ലും മരവുംകൊണ്ടു പണിയപ്പെട്ടതെങ്കിലും പള്ളി ദൈവത്തിന്റെ ഭവനമാണ്. മനുഷ്യൻ പദാർത്ഥമയനാകയാൽ അവന്റെ ചിന്തയെ കേന്ദ്രീകരിക്കുന്നതിന് ഒരു സ്ഥലം ആവശ്യമുണ്ട്. ദൈവസാന്നിദ്ധ്യത്തെ പ്രത്യേകാൽ അനുഭവപ്പെടുത്തുന്നതിനുള്ള സ്ഥലമാകുന്നു ദേവാലയം.

42. ദേവാലയത്തിൽ കർത്താവു എഴുന്നെള്ളി വസിക്കുന്നതിനാൽ അത് തന്റെ സിംഹാസനമാണ്. അപ്പവും വീഞ്ഞും വഴിയായി നമ്മുടെ കർത്താവ് വി. ദേവാലയത്തിൽ എഴുന്നെള്ളി വസിക്കുന്നതിനാൽ അത് സ്വർഗ്ഗമായിത്തീരുന്നു. അവിടെ മാലാഖമാർ തന്നെ ഇടവിടാതെ സ്തുതിച്ചുകൊണ്ടിരിക്കുന്നു.

43. കർത്താവ് തിരുശരീരരക്തങ്ങൾ വഴിയായി വി. ത്രോണോസിൽ എഴുന്നെള്ളുകയും അവിടെനിന്ന് നമ്മിലേക്ക് എഴുന്നെള്ളുകയും നമ്മിൽ

വസിക്കുകയും ചെയ്യുന്നു. ആകയാൽ നാം ഓരോരുത്തരും ദൈവത്തിന്റെ ആലയങ്ങൾ തന്നെ.

44. ഈ ഭവനം കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കരുത്. ദൈവത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കരുത്. നമ്മുടെ പാപപ്രവൃത്തികൾ ദൈവത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കുന്നു. ആകയാൽ കൈപ്പണിയല്ലാത്ത ആലയങ്ങളാകുന്ന നാം ഓരോരുത്തരും പള്ളിയെക്കാൾ വിശുദ്ധരായിരിക്കണം. ഈ ആലയങ്ങൾ അശുദ്ധിയാലും അധർമ്മങ്ങളാലും നിറയപ്പെട്ടിട്ട് മനുഷ്യന്റെ പുത്രനെ ഞെരുക്കുന്നവരായിത്തീരരുത്. നാം നമ്മെത്തന്നെ ശോധനചെയ്കയും ശുദ്ധീകരിക്കുകയും ചെയ്യണം. അല്ലാത്തപക്ഷം ദൈവത്തിന്റെ ആലയമാകുന്ന നാം കള്ളന്മാരുടെ ഗുഹയായിപ്പോകും. അത് അത്യന്തം ആപൽക്കരവും നാശകരവുമാണ്. നാം നമ്മെ വെടിപ്പിലും വിശുദ്ധിയിലും സൂക്ഷിക്കുന്നില്ലെങ്കിൽ നാം ദൈവത്തിന്റെ മന്ദിരത്തെ നമ്മെത്തന്നെ നശിപ്പിക്കുകയാണ് ചെയ്യുന്നത്.

45. നമ്മളും ദൈവത്തിന്റെ ആലയങ്ങളാകുന്നുവെങ്കിലും നമ്മുടെ ഹൃദയം കള്ളന്മാരുടെ ഗുഹയായിത്തീർന്നാൽ, എന്റെ ഭവനം എന്റെ പിതാവിന്റെ ഭവനം എന്നു കർത്താവു കല്പിച്ച ആ ജറുശലേം ദേവാലയത്തിന്റെ അനുഭവം തന്നെ നമുക്കുണ്ടാകും. എത്രതന്നെ പ്രതാപവാന്മാരായാലും ശക്തന്മാരായാലും ഇടിക്കപ്പെടാതിരിക്കാൻ സൂക്ഷിക്കണം.

46. സഭയാകുന്ന ദൈവത്തിന്റെ ആലയത്തിന്റെ കല്ലുകളാണു നാം ഓരോരുത്തരും. നാം ജീവനുള്ള കല്ലുകളെന്നപോലെ ആത്മീയഗൃഹമായി പണിയപ്പെടേണ്ടതിനു നമ്മെത്തന്നെ പുതുക്കി ദൈവതിരുമുമ്പാകെ പ്രതിഷ്ഠിക്കുക.

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന

47. മരണംമൂലം ഒരുവൻ ഇല്ലാതാകുന്നില്ല. ശരീരവും ആത്മാവും തമ്മിലുള്ള വേർപാടു മാത്രമാണ് മരണം. വീണ്ടും അവ തമ്മിൽ യോജിക്കാനുള്ളതത്രെ. വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവിതത്തിന് ജീവനുള്ളവരെപ്പോലെതന്നെ മരിച്ചവരും അവകാശികളാകയാൽ അവരെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടത് ഓരോ ക്രിസ്ത്യാനിയുടെയും ചുമതലയാണ്.

48. നമ്മുടെ കർത്താവു ലോകത്തിൽ അവതരിച്ചതു മരിച്ചവരും ജീവനുള്ളവരുമായ എല്ലാവരെയും വീണ്ടെടുക്കുന്നതിനായിരുന്നു.

49. പാപംമൂലം തള്ളപ്പെട്ട ആദാമിനെ സ്നേഹംമൂലം രക്ഷിക്കാൻ തിരുമനസ്സായ ദൈവപുത്രൻ മരണം സഹിച്ചു നീതി നിവർത്തിക്കുകയായിരുന്നു. അങ്ങനെ മിശിഹാതമ്പുരാൻ തന്റെ ബലിയാൽ, മരിച്ചുപോയ

ആദാമിനും മനുഷ്യവർഗ്ഗത്തിനും ദൈവത്തിനുമിടയ്ക്കു മദ്ധ്യസ്ഥനായി. ഈ രക്ഷയ്ക്ക് ഈ മദ്ധ്യസ്ഥത ആവശ്യമായിരുന്നു.

50. കർത്താവിന്റെ ബലി, മരിച്ചുപോയവർക്കുംവേണ്ടി കൂടിയാകയാൽ നമ്മെ താൻ ഏല്പിച്ചിരിക്കുന്ന തന്റെ ബലിയായ വിശുദ്ധ കുർബ്ബാന മരിച്ചുപോയവർക്കുവേണ്ടി കൂടിയാണ്. ആകയാൽ മരിച്ചുപോയവർക്കു വേണ്ടി പ്രാർത്ഥിക്കുക മാത്രമല്ല, കുർബ്ബാന അർപ്പിക്കയും ചെയ്യണം.

51. ദൈവത്തിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കുംവേണ്ടി നാം മദ്ധ്യ സ്ഥപ്രാർത്ഥന നടത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ചുമതല യത്രെ. നാം നമ്മുടെ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കുംവേണ്ടി പ്രാർത്ഥിക്കാറുണ്ട്. എന്നാൽ അതു പോരാ, നമ്മുടെ അയൽക്കാർക്കും സ്നേഹിതന്മാർക്കും ലോകത്തിനു മുഴുവനുംവേണ്ടി പ്രാർത്ഥിക്കണം. എന്തെന്നാൽ നാം എല്ലാം ദൈവത്തിന്റെ മക്കളും, തമ്മിൽതമ്മിൽ സഹോ ദരന്മാരുമാണ്.

52. നീതിമാന്മാർക്കുവേണ്ടി മാത്രമല്ല, ദുഷ്ടന്മാർക്കുവേണ്ടിയും പ്രാർ ത്ഥിക്കണം. ദൈവം നീതിമാന്മാരുടെ മേലും ദുഷ്ടന്മാരുടെമേലും മഴയും വെയിലും നല്കുന്നു. ആകയാൽ ദൈവത്തിന്റെ മനസ്സു നമുക്കുണ്ടാ കണം.

മിഷനറിപ്രവർത്തനം

53. സഭയിലെ ഓരോ വ്യക്തിയും ഓരോ മിഷനറിയായിരിക്കണം. സഭാംഗങ്ങളെല്ലാം ഏതെങ്കിലുംവിധത്തിൽ സുവിശേഷവേലയുമായി ബന്ധപ്പെട്ടു നിൽക്കണം. യഥാർത്ഥ ക്രിസ്തീയജീവിതം ഒരു വലിയ മിഷനറിവേലയാണ്.

54. ഇക്കാലത്തു നമ്മുടെയിടയിൽ ദൈവഭക്തി കുറഞ്ഞിരിക്കുന്നു. ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നവരും സഭയുടെ വിശ്വാസ ത്തിൽ ഉറപ്പുള്ളവരും നമ്മിൽത്തന്നെ കുറഞ്ഞുപോകുന്നില്ലേ? മറ്റുള്ള വരെ ഉറപ്പിക്കണമെങ്കിൽ നാം തന്നെ ഉറപ്പുള്ളവരായിരിക്കണം.

55. സുവിശേഷവേലക്കാർ പ്രതിഫലത്തിനുവേണ്ടി ജോലി ചെയ്യുന്ന വരായിരിക്കരുത്. മിഷനറിവേലയെ മറ്റ് ഏതെങ്കിലും തൊഴിലുകളെ പ്പോലെ ഉപജീവനമാർഗ്ഗമായി ഗണിക്കരുത്.

56. കുരിശിന് രണ്ടു വശമുണ്ട്. ഒന്നു കഷ്ടതയും ഞെരുക്കവും മര ണവുമാണ്. എന്നാൽ മറുവശമോ ഉയിർപ്പും ആനന്ദവും.

57. ഈ ലോകത്തിൽ ജീവിക്കുന്നവർ (വലിയവരും ചെറിയവരുമെല്ലാം) കുരിശെടുത്തേ മതിയാവൂ. എന്നാൽ കുരിശു മൂന്നു വിധമുണ്ട്. കർത്താ

വിന്റെ കുരിശു മാത്രമല്ല, ഇടവും വലവും കള്ളന്മാരുടെ ഓരോ കുരിശുമുണ്ട്. ഇതിൽ നടുവിലത്തെ കുരിശ് ദൈവപുത്രന്റെ കുരിശ് ആണ് നാം എടുക്കേണ്ടത്. ഇതെടുക്കാൻ നമുക്കു സാധിക്കയില്ലെങ്കിൽ! വലതു ഭാഗത്തെ കള്ളന്റെ കുരിശ് അനുതാപിയുടേതാണ്. അനുതാപം വലത്തുഭാഗത്തെ കള്ളനെപ്പോലെ നമ്മെ പാപമോചനത്തിലേക്കു നയിക്കും. ഇടതുഭാഗത്തെ കള്ളന്റെ കുരിശ് നാം എടുക്കരുത്. അവൻ കുരിശിൽ കഷ്ടത സഹിച്ചുകൊണ്ടിരുന്നപ്പോഴും ദൈവത്തെ ദുഷിക്കുകയാണല്ലോ ചെയ്തത്. അത് അനുതാപിയുടെ കുരിശല്ല, പാപിയുടെ കുരിശാണ്. എന്നാൽ കർത്താവിന്റെ കുരിശുവേണം നാം എടുക്കുവാൻ.

58. നാം കടന്നുപോകുമ്പോൾ കർത്താവിന്റെ കുരിശിൽ നമുക്കഭയമുണ്ടായിരിക്കണം. അതു നമ്മെ ബലപ്പെടുത്തും.

ക്രിസ്ത്യാനികൾ

59. ക്രിസ്ത്യാനികൾ സത്യമുള്ളവരും സത്യത്തിനുവേണ്ടി ജീവിക്കുന്നവരും സത്യത്തിനുവേണ്ടി ജീവൻ വെയ്ക്കാൻ സന്നദ്ധതയുള്ളവരും ആയിരിക്കണം. ക്രിസ്ത്യാനികൾ ക്രിസ്ത്യാനികളായിരിക്കണം. യഥാർത്ഥമായ ക്രിസ്തീയത്വം പൊയ്പ്പോയാൽ അതു വലിയ ആപത്തായിത്തീരും. പണവും പ്രതാപവുമെല്ലാം കാണുമ്പോൾ ഇക്കാലത്തു പലരും തങ്ങളുടെ ക്രിസ്ത്യാനിത്വം വിസ്മരിച്ചുപോകുന്നു.

60. നമ്മുടെ പ്രവൃത്തികൾ ദൈവതിരുനാമ മഹത്ത്വത്തിനായിരിക്കണം. എന്നാൽ ആത്മീയ പ്രവർത്തനങ്ങളിൽപോലും സ്വന്തം പ്രമാണിത്വം കാണിക്കുന്നതിനാണ് പലരും ശ്രമിക്കുന്നത്.

61. നമ്മുടെ പ്രാർത്ഥനയും നോമ്പും പ്രസംഗവും പെരുനാളുമെല്ലാം ദൈവതിരുനാമ മഹത്വത്തിനായിരിക്കണം. അതു നമ്മുടെ രക്ഷയ്ക്കും. നമ്മിലേക്കു വരുന്നവരുടെ രക്ഷയെ നാം അഗണ്യമാക്കുന്നതിനാലാണ് മറ്റുള്ളവരുടെ രക്ഷയെപ്പറ്റിയും നമുക്കു വിചാരമില്ലാത്തത്.

62. ഞെരുക്കങ്ങളും കഷ്ടപ്പാടുകളും നേരിടുമ്പോൾ അതു നമ്മെ ദൈവത്തോടു കൂടുതൽ അടുപ്പിക്കുന്നതിനും നമ്മുടെ പുണ്യവർദ്ധനയ്ക്കുമാണെന്നു കരുതി മുമ്പോട്ടു പോകണം.

സമാഹരണം: ഡോ. സാമുവൽ ചന്ദനപ്പള്ളി

(മലങ്കരസഭാപിതാക്കന്മാർ എന്ന ഗ്രന്ഥത്തിൽ നിന്നും)



ഭാഗം 7

മലങ്കരയുടെ മഹർഷിവര്യൻ

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

1

ആത്മീയ ജ്യോതിസിനു സ്മരണാഞ്ജലി

ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ എന്ന ഔദ്യോഗിക നാമത്തേക്കാൾ അടുത്തറിയാവുന്ന എല്ലാവർക്കും സുപരിചിതമാണ് 'കല്ലാശ്ശേരി ബാവാ' എന്ന അഭിധേയം.

കാൽ നൂറ്റാണ്ടിനു മുമ്പ് തൊണ്ണൂറാം വയസിൽ കാലം ചെയ്ത ഈ ബാവായെ ഇന്ന് നാം അനുസ്മരിക്കുന്നത് ആ പരിശുദ്ധ ജീവിതത്തിൽ നിന്ന് അഭിനിവേശം ഉൾക്കൊള്ളാൻ വേണ്ടിയാണല്ലോ.

എന്റെ കുട്ടിക്കാലത്തു തന്നെ പരിശുദ്ധ ബാവായെ കണ്ടിട്ടുണ്ട്. അനുഗ്രഹം പ്രാപിച്ചിട്ടുണ്ട്. എന്റെ തൊട്ടയൽപക്കമായ മനയിട വീട്ടിലാണ് ബാവായുടെ സഹോദരിയെ വിവാഹം കഴിച്ചിട്ടുള്ളത്. സഹോദരിയുടെ ഭർത്തൃമാതാവിനെ രോഗക്കിടക്കയിൽ കാണുവാൻ വരുന്ന സമയത്ത് അഞ്ചോ ആറോ വയസ്സുള്ള ഞാനും പോയി കൈമുത്തും. നിറഞ്ഞ സന്തോഷത്തോടും മധുരിമയും സ്നേഹവും വീശുന്ന പുഞ്ചിരിയോടെയും ബാലനായ എന്നെയും അനുഗ്രഹിക്കും. ഇതെന്റെ ബാല്യസ്മരണകളിൽ മങ്ങാത്ത ഓർമ്മയായി നിലനിൽക്കുന്നു.

കളങ്കമില്ലാത്ത ആ മന്ദസ്മേരമുഖത്തിന്റെ പിന്നിലുണ്ടായിരുന്നത് അച്ഛസ്ഫടികമായ, വഞ്ചനയില്ലാത്ത, പ്രാർത്ഥനാനിർഭരമായ ഒരു അതിമാനുഷിക പ്രതിഭയായിരുന്നു എന്ന് എനിക്ക് പിന്നീടേ മനസ്സിലായുള്ളു. ആ ജീവിതത്തിന്റെ യാഥാർത്ഥ രഹസ്യം നിരന്തരമായ പ്രാർത്ഥനയും അഗാധമായ വേദാദ്ധ്യയനവുമായിരുന്നു. ഓർത്തഡോക്സുകാർ പൊതുവെ വേദപുസ്തകം വായിക്കുകയോ പഠിക്കുകയോ ചെയ്യില്ല എന്നൊരു തെറ്റിദ്ധാരണ ചില ഓർത്തഡോക്സ് വിശ്വാസികളിൽപ്പോലും കടന്നു കൂടിയിട്ടുണ്ട്. കല്ലാശ്ശേരി ബാവായെ സംബന്ധിച്ചിടത്തോളം കണ്ണു നന്നായി കാണാൻ പാടില്ലാത്ത കടന്ന വാർദ്ധക്യത്തിലും എല്ലാ ദിവസവും മുടക്കം കൂടാതെ ശെമ്മാശ്ശനെക്കൊണ്ടു വേദപുസ്തകത്തിലെ പല അദ്ധ്യായങ്ങൾ വായിപ്പിച്ച് കേട്ട് ധ്യാനിക്കുക പതിവായിരുന്നു. ഇതു ഞാൻ നേരിട്ടു കണ്ടിട്ടുണ്ട്.

പക്ഷേ ആ പിതാവിന്റെ വേദപാണ്ഡിത്യം എത്ര അഗാധമായിരുന്നുവെന്ന് ഞാൻ നേരിട്ടറിഞ്ഞത് 1954-ൽ മാത്രമായിരുന്നു. കോട്ടയം കുരി

ശുപള്ളിയിൽ പീസ് ലീഗിന്റെ സത്യഗ്രഹം നടക്കുന്ന കാലം. സഭയിൽ സമാധാനവും ഐക്യവും കൈവരുത്തുവാൻ വേണ്ടി പാത്രിയർക്കീസ് കക്ഷിയിലുള്ളവരും കാതോലിക്കാ കക്ഷിയിലുള്ളവരുമായ ആറു പേർ ചേർന്നു ഉപവസിക്കുന്നു. അവരിൽ എം. കുര്യനും കെ. ഇ. മാമ്മനും എന്റെ സുഹൃത്തുക്കളായിരുന്നു. ഞാനന്ന് 32 വയസ്സുള്ള ഒരത്മായക്കാരൻ, ആലുവാ ഫെലോഷിപ്പ് ഹൗസിൽ അത്മായക്കാരുടെയിടയിൽ അദ്ധ്യാത്മിക പ്രവർത്തനം നടത്തുകയായിരുന്നു. അമേരിക്കൻ പഠനം കഴിഞ്ഞു നാട്ടിൽ വന്നിട്ട് അധികം നാളായിട്ടില്ല. ബാവായെ പോയി കണ്ടിട്ടില്ല. മെത്രാന്മാരെ അങ്ങനെ പോയി കാണാതിരുന്നതിന്റെ കാരണം ഒന്നുരണ്ടു പേരെ കണ്ടതിനെ തുടർന്നുണ്ടായ നിരാശയായിരുന്നു. എങ്കിലും ത്യാഗശീലനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി റമ്പാനായിരിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ കൂടെ പുതുക്രിസ്ത്യാനികൾക്ക് കൊടുക്കാനുള്ള വസ്ത്രത്തിന്റെ ഭാണ്ഡവും ചുമ്മി ചിലപ്പോഴൊക്കെ നടക്കുമായിരുന്നു.

ഏതായാലും പീസ് ലീഗിലെ ഉപവാസികളെ കാണാൻ വന്ന എനിക്ക് മുപ്പതുദിവസം അവരുടെ കൂടെ താമസിക്കാനും ഉപവാസത്തിൽ അല്പമൊക്കെ പങ്കെടുക്കുവാനും സാധിച്ചു. രാവിലെയും വൈകുന്നേരവും ഉപവാസികൾക്കുവേണ്ടി വേദപഠനം നടത്തും. കുറെ ദിവസത്തിനു ശേഷം ഉപവാസികളെ കാണാൻ വരുന്ന ഭക്തജനങ്ങൾക്കു വേണ്ടിയും വേദപഠനക്ലാസുകൾ നടത്താൻ തുടങ്ങി.

പീസ് ലീഗിനോടു കല്ലാശേരി ബാവായ്ക്കു വലിയ പ്രതിപത്തിയില്ലായിരുന്നു. കാര്യങ്ങൾ മനസ്സിലാക്കാതെ സഭാ സമാധാനം എന്നും പറഞ്ഞ് ഓടി നടക്കുന്നവരെപ്പറ്റി ബാവായ്ക്കു വിരോധമായിരുന്നു. അതിന്റെ കൂടെ അമേരിക്കയിൽ നിന്നും പഠിച്ചു വന്നിരിക്കുന്ന പോൾ വർഗീസ് എന്ന ഒരത്മായക്കാരൻ വേദപുസ്തകം പഠിപ്പിക്കുന്നു എന്നു കേട്ടപ്പോൾ അയാളോടും, നേരിട്ടു കണ്ടതായ് ഓർമ്മയില്ലെങ്കിലും അല്പം നീരസമായി. അമേരിക്കൻ ബൈബിൾ പഠിപ്പിക്കുന്ന പോൾ വർഗീസിനെ പരാമർശിച്ച് അല്പം പുഛമായി ദേവലോകത്ത് പ്രസംഗിച്ച വിവരം കെ. ഫീലിപ്പോസച്ചൻ (ഇന്നത്തെ ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി) ആണ് എന്നോടു പറഞ്ഞത്. ഞാൻ ദേവലോകത്തു പോയി ബാവായെ കാണണമെന്നും തെറ്റിദ്ധാരണ നീക്കണമെന്നും എന്നെ ഉപദേശിച്ചു. അച്ചൻ തന്നെ തന്റെ കൊച്ചു ബേബി മോറിസ് കാറിൽ എന്നെ ബാവായുടെ അടുക്കൽ കൊണ്ടുപോയി പരിചയപ്പെടുത്തി.

ഫീലിപ്പോസച്ചനോട് അപ്പുറത്തുപോയി ഇരുന്നുകൊള്ളുവാൻ പറഞ്ഞിട്ട്, അത്മായക്കാരനായ എന്നോട് ശെമ്മാശ്ശനെക്കൊണ്ട് താഴെ ഒരു

പായിട്ട് ഇരിക്കുവാൻ കല്പിച്ചു. രണ്ടു മണിക്കൂർ നീണ്ടുനിന്ന ആ സംഭാഷണം വലിയ ഒരു പരിശോധന തന്നെയായിരുന്നു. വേദപുസ്തക സംബന്ധമായ ഇരുന്നൂറോളം ചോദ്യങ്ങൾ എന്നോടു ചോദിച്ചു.

മിനിട്ടുകൾ കടന്നുചെല്ലുന്തോറും പാശ്ചാത്യ രീതിയിലുള്ള ദൈവശാസ്ത്രമോ വേദാപഗ്രഥനമോ അഭ്യസിച്ചിട്ടില്ലാത്ത ഈ ബാവാതിരുമേനിക്ക് ഇത്ര വളരെ നിശതമായ വേദപാണ്ഡിത്യം എങ്ങനെയുണ്ടായി എന്നുള്ള എന്റെ അത്ഭുതവും വളർന്നുവരികയായിരുന്നു.

അവസാനം എന്നോടു ബാവാ തിരുമേനി കല്പിച്ചത് "തന്റെ മറുപടികളിൽ രണ്ടെണ്ണം മാത്രമേ തെറ്റായി നമുക്ക് തോന്നിയുള്ളു. ആ രണ്ടു വേദഭാഗങ്ങളെക്കുറിച്ച് ഇങ്ങനെയാണ് പഠിപ്പിക്കേണ്ടത്" എന്ന് എനിക്ക് ഉപദേശവും തന്നു. അതുകഴിഞ്ഞു ഫീലിപ്പോസച്ചനെ വിളിച്ച് "ഇയാൾ അമേരിക്കയിൽ പഠിച്ചതാണെങ്കിലും ഇയാളുടെ വിശ്വാസം ഓർത്തഡോക്സ് വിശ്വാസം തന്നെയാണെന്ന്" എനിക്കു സർട്ടിഫിക്കറ്റും തന്നു.

പക്ഷേ അതല്ല ഇവിടെ പ്രധാനം. ആ പിതാവിന്റെ അഗാധമായ വേദവിജ്ഞാനത്തിന്റെ മർമ്മം, ആ വിജ്ഞാനം എന്റേതു പോലെ പുസ്തകം വായിച്ചുണ്ടാക്കിയതല്ല, പ്രത്യുത പരിശുദ്ധാത്മനിവേശിതമായിരുന്നു എന്നതാണ്. അതിന്റെ യഥാർഥ നിദാനം പാശ്ചാത്യരീതിയിലുള്ള പാണ്ഡിത്യമല്ല, പ്രത്യുത പ്രാർത്ഥനാജീവിതത്തിലധിഷ്ഠിതമായ വേദധ്യാനമായിരുന്നു എന്നതാണ്.

അതുകൊണ്ടു പാണ്ഡിത്യത്തെക്കുറിച്ച് ആ പിതാവിന് അവമതിപ്പുണ്ടായിരുന്നില്ല.

ഞാൻ അത്മായക്കാരനായിരുന്നപ്പോഴും പിന്നീട് കശ്ശീശായായതിനു ശേഷവും എന്നെ വിളിച്ചിരുത്തി ദീർഘമായ ചർച്ചകളിലേർപ്പെടുന്നത് ബാവായ്ക്കു വലിയ സന്തോഷമായിരുന്നു. ബാവായോടു സംസാരിക്കുന്നത് എനിക്കും വലിയ പ്രചോദനമായിരുന്നു. സഭയിൽ ഒരു വൈദികനായിത്തീരുവാനുള്ള അഭിനിവേശം മുഴുവനും എനിക്കു ബാവായിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. എനിക്കു നമ്മുടെ തിരുമേനിമാരിൽ ഏറ്റവും കൂടുതൽ ബഹുമാനവും സ്നേഹവും ഉള്ളതും പരിശുദ്ധ ബാവായോടും പാമ്പാടിത്തിരുമേനി (കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്) യോടും ആയിരുന്നു.

ബാവാ തിരുമേനി കുർബാനയർപ്പിക്കുമ്പോൾ താൻ യഥാർഥ ദൈവസന്നിധിയിൽ ആണെന്നു തനിക്കുള്ള ബോധം, തിരുമേനിയുടെ കുർബാനയിൽ സംബന്ധിക്കുന്നവരേയും വളരെയധികം ദൈവത്തോടടുപ്പിക്കുമായിരുന്നു. ദൈവസാന്നിദ്ധ്യബോധമില്ലാത്ത ആളുകൾ ബാവായോടു

കൂടി മദ്ബഹായിൽ നിൽക്കുന്നത് തിരുമേനിക്കു വളരെയധികം ഈർഷ്യ ഉണ്ടാക്കുമായിരുന്നു. സ്വർഗത്തിൽ മാലാഖമാരോടൊരുമിച്ച് ദൈവത്തെ ആരാധിക്കുകയാണെന്ന തന്റെ ബോധം തനിക്കു വെറും ഒരു ഭാവനയായിരുന്നില്ല, പ്രത്യുത യഥാർത്ഥ അനുഭവമായിരുന്നു. തന്റെ പ്രാർത്ഥനാ ജീവിതമാണ് ഈ അനുഭവത്തിന്റെയും പിറകിൽ മറഞ്ഞിരിക്കുന്ന രഹസ്യം.

ഒരു സദസിൽ സംസാരിക്കുമ്പോഴും പ്രശസ്താതിഥികളെ സ്വീകരിക്കുമ്പോഴും ഔചിത്യബോധത്തോടും അദ്ധ്യാത്മികാവഗാഢതയോടും സംസാരിക്കാൻ തിരുമേനിക്കുണ്ടായിരുന്ന കഴിവ് പ്രത്യേകം തന്നെയാണ്. ജവഹർലാൽ നെഹ്റുവുമായുള്ള ബാവാതിരുമേനിയുടെ കൂടിക്കാഴ്ചയെപ്പറ്റി ഞാൻ പറഞ്ഞു കേട്ടിട്ടേയുള്ളൂ. എന്നാൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സലാസിയുമായി 1956 –ൽ ദേവലോകത്ത് നടന്ന കൂടിക്കാഴ്ചയിൽ ഞാൻ ദ്വിഭാഷിയായി (മലയാളം - അമ്ഹാരിക്ക്) വർത്തിച്ചതുകൊണ്ടു നേരിട്ടറിയാവുന്ന കാര്യമാണ്. സംഭാഷണ സമർത്ഥനായ ഹെയ്‌ലി സലാസിയെ ബാവായുമായുള്ള ആ ഉദാത്ത സംഭാഷണം വളരെയധികം പ്രസാദിപ്പിച്ചു. വൃദ്ധനായ ശീമോൻ യേശുവിനെക്കാണുവാൻ യരുശലേം ദേവാലയത്തിൽ അനേകവർഷം കാത്തിരുന്നതു പോലെ ക്രിസ്തീയ ചക്രവർത്തിയെ കാണുവാൻ താൻ അനേകകാലങ്ങളായി കാത്തിരിക്കുകയായിരുന്നു എന്നു പറഞ്ഞുകൊണ്ടാണു ബാവാ സംഭാഷണം ആരംഭിച്ചത്. “അവിടുത്തെപ്പോലെ പരമപരിശുദ്ധനായ വലിയ ഒരു പുണ്യപുരുഷന്റെ ദർശനത്തേക്കാൾ വലിയതായി ഒരു ചക്രവർത്തിയ്ക്കെന്താണു ലഭിക്കാവുന്നത്” എന്ന് ഉദാത്തമായി ചക്രവർത്തിയും മറുപടി പറഞ്ഞു.

ബാവാ തിരുമേനിയെ വന്നു കണ്ടു പോയിട്ടുള്ള പാശ്ചാത്യരിലും അതിസുന്ദരമായ ഒരു സ്മരണയാണ് ബാവാ തിരുമേനിയെപ്പറ്റി അവശേഷിച്ചിട്ടുള്ളത്. ജാതിമതഭേദമെന്യേ എല്ലാവരോടും ബാവാ തിരുമേനിക്ക് വലിയ സ്നേഹമായിരുന്നു. തന്റെ അനുഗ്രഹങ്ങളും പ്രാർത്ഥാദാനങ്ങളും അക്രൈസ്തവർക്കും വാൽസല്യ പൂർവം ചൊരിഞ്ഞുകൊടുക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. എത്ര മഹാദ്ഭുതങ്ങളാണ് ആ പ്രാർത്ഥനാ ജീവിതത്തിൽ നിന്നു ബാവാ കാലം ചെയ്യുന്നതിനു മുൻപുണ്ടായിട്ടുള്ളത് എന്നു സാക്ഷ്യം വഹിക്കുവാൻ അനേകം അക്രൈസ്തവർക്കു സാധിക്കും. രോഗികൾക്കു രോഗസൗഖ്യവും വന്ധ്യകൾക്കു ഗർഭോല്പാദനവും ബാവായുടെ പ്രാർത്ഥന മൂലം അത്ഭുതാവഹമായി ലഭിച്ചിട്ടുള്ള പല സംഭവങ്ങളും എനിക്കു നേരിട്ടറിയാം.

സഭാ നേതൃത്വത്തിൽ അദ്ദേഹം വഹിച്ചിട്ടുള്ള പങ്ക് ചരിത്രപ്രധാനം

തന്നെയാണ്. കോടതിയിൽ കേസ് തോറ്റ് സഭ നിരാശയിലേക്കു വഴുതിവീഴാൻ തുടങ്ങുമ്പോൾ "സത്യം ജയിക്കും" എന്ന് പ്രാർത്ഥനയോടെ ഉദ്ഘോഷിച്ചുകൊണ്ടു, പ്രത്യാശയിലേക്കും പുരോഗതിയിലേക്കും സഭയെ തിരികെ കൊണ്ടുവരുവാൻ ബാവാ തിരുമേനി കാട്ടിയ കഴിവ് അസാമാന്യം തന്നെയായിരുന്നു. നിഷ്ഠയുള്ള പ്രാർത്ഥനാ ജീവിതവും കളങ്കമില്ലാത്ത മനഃസാക്ഷിയും തന്നെയാണ് ആ ധീരനേതൃത്വത്തിന്റെയും പിറകിലുണ്ടായിരുന്ന രഹസ്യം.

ഇവിടെയുള്ള ഇരുകക്ഷികളുടെയും പൂർണസമ്മതമുള്ള സമാധാന വ്യവസ്ഥകളുമായി 1934 -ൽ ഹോംസിൽ ചെന്ന് പാത്രിയർക്കീസിനെ കണ്ടു സമ്മതിപ്പിക്കാൻ ശ്രമിച്ചിട്ട് അപ്രേം പാത്രിയർക്കീസിന്റെ അധികാരമോഹം കൊണ്ട് അശേഷവും സാധിക്കാതെ വന്നയവസരത്തിൽ ഒട്ടും വിട്ടുകൊടുക്കാതെ തിരിച്ചുവന്ന നമ്മുടെ ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്കു കൊട്ടാരക്കര റയിൽവേസ്റ്റേഷൻ മുതൽ കോട്ടയം വരെ നൽകിയ ഗംഭീര സ്വീകരണം ആ പിതാവിനോടു നമ്മുടെ ജനങ്ങൾക്കുള്ള ഭക്ത്യാദരവുകൾ വെളിപ്പെടുത്തി.

അതിനേക്കാളേറെ പ്രാധാന്യമുള്ളതായി എന്റെ മനസ്സിൽ തോന്നുന്നത് ഇങ്ങനെയുള്ള അനേക പരാജയങ്ങളിലും ദുരിതാനുഭവങ്ങളിലും കൂടെ ശുദ്ധീകരിച്ചെടുത്ത ആ പ്രാർത്ഥനാ ജീവിതവും വ്യക്തിവൈഭവവും തന്നെ.

അതുപോലുള്ള ആളുകൾ ഇന്നും ഉണ്ടായിരുന്നെങ്കിൽ!

(മലയാള മനോരമ, ജനുവരി 7, 1989)

2

മലങ്കരയുടെ മഹർഷിവര്യൻ

കല്ലാശേരി ബാവാ കാലം ചെയ്തിട്ടു കാൽ നൂറ്റാണ്ടു കഴിഞ്ഞു. 1964 ജനുവരി ഒന്നിന് – തന്റെ പേർപ്പിതാവായ പരിശുദ്ധ മാർ ബസേലിയോസ് നാലാം നൂറ്റാണ്ടിൽ (379–ൽ) കാലം ചെയ്ത അതേ പുതുവൽസരദിനത്തിൽ.

പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമേനിയുടെ ചരമ രജത ജൂബിലിയാചരണത്തിന്റെ സമാപനവേളയാണിത്. പടിഞ്ഞാറെക്കടലിൽ പകലോൻ മുങ്ങിയാലും അസ്തമയത്തിന്റെ വർണശബളിമ ചക്രവാളത്തിൽ കളിയാടുന്നതുപോലെ ഇന്നും ആ മഹർഷി വര്യന്റെ ജീവിതം നമുക്ക് ആവേശം പകർന്നുകൊണ്ടിരിക്കുന്നു.

മലങ്കരസഭയുടെ സാരഥിയായി 1929 ഫെബ്രുവരി 15–ന് അഭിഷേകം ചെയ്യപ്പെട്ട ആ പുണ്യപുരുഷനെ ഞാൻ ആദ്യമായി കണ്ടത് എന്റെ ബാല്യകാലത്തായിരുന്നു. തന്റെ സഹോദരീഭർത്താവായ മനയിട കുഞ്ഞുംപാപ്പിയുടെ മാതാവിനെ രോഗശയ്യയിൽ കാണുവാൻ ബാവാ തൃപ്പൂണിത്തുറ മനയിടത്തറവാട്ടിൽ വന്നപ്പോൾ ഒട്ടേറെപ്പേർ കൈമുത്തുവാൻ ഒത്തുകൂടി. ഞങ്ങളുടെ വീടും മനയിടത്തറവാടും അടുത്തടുത്താണ്. ഒരു വേലിയാണ്. അന്ന് എട്ടോ പത്തോ വയസ്സുള്ള ഞാനും ചെന്നു കൈമുത്തി. മന്ദസ്മേരമുഖനായ ആ ഉജ്ജ്വല വ്യക്തിപ്രതിഭയുടെ പുണ്യദർശനം ബാലനായ എന്നെയും ആവേശഭരിതനാക്കി.

പിന്നീടു ഞാൻ ആ പരിശുദ്ധ പിതാവിനെ കണ്ടത് 1955 ലാണ് – എനിക്കു 33 വയസ്സുള്ളപ്പോൾ, പീസ് ലീഗ് സത്യഗ്രഹത്തിന്റെ കാലത്ത്. അന്നു തുടങ്ങി ഞാൻ ആ പിതാവിന്റെ ആരാധകനും ശിഷ്യനുമായിത്തീർന്നു. ബാവായെപ്പറ്റിയുള്ള അനേകം സ്മരണകൾ എന്റെ ഹൃദയത്തിലുണ്ട്. രണ്ടെണ്ണം മാത്രം ഇവിടെ എടുത്തു പറയട്ടെ.

ആദ്യത്തേത് 1956–ലാണ്. ഞാൻ അന്ന് ആലുവാ ഫെലോഷിപ്പ് ഹൗസിൽ ഒരു അത്മായക്കാരനായി പ്രവർത്തിക്കുകയായിരുന്നു. എത്യോപ്യൻ ചക്രവർത്തി ഭാരത സന്ദർശനവേളയിൽ കേരളത്തിലും വന്നു. പരിശുദ്ധ ബാവായെ കാണുവാൻ ദേവലോകത്തെത്തിയ ചക്രവർത്തിയുമായുള്ള സംഭാഷണം തർജ്ജമ ചെയ്യുവാൻ എത്യോപ്യൻ ഭാഷ അറിയാവുന്ന എന്നെ വിളിച്ചു.

മറക്കാനാവാത്ത ഒരു കൂടിക്കാഴ്ചയായിരുന്നു അത്. ആ നർമ്മ സംഭാഷണം പരിഭാഷപ്പെടുത്തുവാൻ ലഭിച്ച മഹാഭാഗ്യം എന്നെ വളരെ സന്തോഷിപ്പിച്ചു. ആ സംഭാഷണത്തിന്റെ ആരംഭ ഭാഗം ഞാൻ ഇപ്പോഴും ഓർക്കുന്നു.

ബാവാ: "അനേകകാലം, ദാവീദുപുത്രനായ മിശിഹായെ കാണുവാൻ കാത്തിരുന്ന്, ശിശുവായ യേശുവിനെ യരുശലേം ദേവാലയത്തിൽ വച്ചു കണ്ടപ്പോൾ ജീവിത നിർവൃതിയടഞ്ഞ വൃദ്ധനായ ശിമവോന്റെ വികാരങ്ങളാണ് ഓർത്തഡോക്സ് സഭയുടെ ആരുമഭാജനമായ ചക്രവർത്തിയെ കാണുമ്പോൾ എനിക്കിന്നുണ്ടാവുന്നത്."

ചക്രവർത്തി: "പരിശുദ്ധനായ അങ്ങയുടെ ദർശനത്തിങ്കൽ എനിക്കിന്നുണ്ടാവുന്ന സാഫല്യ സന്തോഷത്തേക്കാൾ വലിയ ഒന്ന് ഒരു ചക്രവർത്തിക്കും ഉണ്ടാകാനില്ല."

ഇങ്ങനെ തുടർന്ന ആ സംഭാഷണം ഇരുവരുടെയും വ്യക്തിവിലാസത്തെ വിളിച്ചറിയിക്കുന്നതായിരുന്നു. പരിശുദ്ധ ബാവായെ സന്ദർശിച്ചിട്ടുള്ള എല്ലാ വലിയ ആളുകൾക്കും ആവേശം പകർന്നുകൊടുക്കുവാനുള്ള അനിതരസാധാരണമായ കഴിവ് ബാവായ്ക്കുണ്ടായിരുന്നു.

ആ സംഭാഷണത്തിന്റെ പരിണതഫലമെന്നോണമാണു ഞാൻ രണ്ടാമത് എത്യോപ്യയിൽ പോകാനും ചക്രവർത്തിയുടെ ഉപദേഷ്ടാവും കാര്യദർശിയും ആയി പ്രവർത്തിക്കുവാനും ഇടയായതെന്നു പറയാം.

രണ്ടാമത്തെ അനുഭവം 1957-ലാണ്. സമുദായക്കേസിലെ സുപ്രീം കോടതി വിധിയുണ്ടാകുന്നതിനു മുമ്പായിരുന്നു അത്. മലങ്കരസഭയിലെ കക്ഷിവഴക്കു മൂത്ത കാലം. തന്റെ കണ്ണടയുന്നതിന് മുമ്പേ സഭയിൽ സമാധാനം ഉണ്ടായിക്കാണണമെന്നു പരിശുദ്ധ ബാവായ്ക്കു വലിയ ആഗ്രഹമായിരുന്നു. ഇക്കാര്യം യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായെ അനൗദ്യോഗികമായി അറിയിച്ചു പ്രതികരണം തേടാൻ ബാവാ എന്നോടു പറഞ്ഞതനുസരിച്ച് ഞാൻ ഡമാസ്ക്കസിൽ പോയി വിവരങ്ങൾ അറിഞ്ഞു തിരികെ വന്നു. അന്നു ഞാൻ എത്യോപ്യൻ ചക്രവർത്തിയുടെ കൂടെയായിരുന്നതുകൊണ്ട് എനിക്കു മറ്റാരുടെയും സഹായം കൂടാതെ സ്വന്തചെലവിൽ സിറിയയിൽ പോകാനും വരാനും കഴിയുമായിരുന്നു.

യാക്കോബ് തൃതീയന്റെ അനുകൂലമായ പ്രതികരണം പരിശുദ്ധ കാതോലിക്കാബാവായെ ഞാൻ അറിയിച്ചു. ഇവിടെ അന്നുള്ള സഭാ പ്രമാണികൾ കൂടി കാര്യങ്ങളാലോചിച്ചു വയോവൃദ്ധനായ കാതോലിക്കാബാവായുടെ കാലത്തുതന്നെ ഒത്തുതീർപ്പിലെത്തുന്നതാണു നല്ലതെന്നും

പാത്രിയർക്കീസ് ബാവായെ ഔദ്യോഗികമായി കാണുവാൻ പത്തനം തിട്ട പീലക്സിനോസ് തിരുമേനിയും ഞാനും കൂടെ പോയി ഒരു ഒത്തു തീർപ്പുണ്ടാക്കണമെന്നുമായിരുന്നു അനൗദ്യോഗിക തീരുമാനം. ബാവാ അതു സമ്മതിച്ചു.

എന്നാൽ പോകുന്നതിനു മുമ്പു പരിശുദ്ധ സുന്നഹദോസിന്റെ ഔദ്യോ ഗികാനുമതി വേണമെന്നും, സുന്നഹദോസ് കൂടുമ്പോൾ ഞാൻ കൂടെ (അന്ന് അത്മായക്കാരൻ) സന്നിഹിതനായി ഒരു ഡലിഗേഷൻ സിറിയ യിൽ പോകുന്നതിന്റെ അഭിലഷണീയത തിരുമേനിമാരെ പറഞ്ഞു ബോധ്യപ്പെടുത്തണമെന്നും ബാവാ എന്നോടു കല്പിച്ചു.

അന്ന്, സുന്നഹദോസ് പതിവായി കൂടില്ലായിരുന്നു. വളരെ അത്യാ വശ്യം വരുമ്പോഴേ കൂടുകയുള്ളൂ. സുന്നഹദോസിലെ അംഗസംഖ്യയും പരിമിതമാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ അന്നു ബാവായെക്കൂ ടാതെ, പിന്നീടു കതോലിക്കായായി വാഴിക്കപ്പെട്ട ഔഗേൻ മാർ തീമോ ത്തിയോസ്, പത്തനാപുരത്തെ തോമ്മാ മാർ ദീവന്നാസ്യോസ്, പാറേട്ട് മാർ ഈവാനിയോസ്, ദാനിയേൽ മാർ പീലക്സിനോസ് എന്നീ മെത്രാ പ്പോലീത്താമാരേ ഉണ്ടായിരുന്നുള്ളൂ. വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താ നാസ്യോസ് തിരുമേനി സുന്നഹദോസിൽ സംബന്ധിച്ചില്ല.

എന്റെ പരിമിതമായ കഴിവുപയോഗിച്ചു കാര്യങ്ങൾ തിരുമേനിമാരെ പറഞ്ഞു മനസ്സിലാക്കി. ഒരു ഡലിഗേഷൻ പോകുന്നതുകൊണ്ടുണ്ടാവുന്ന പ്രയോജനവും ഇപ്പോൾ പോകാതിരുന്നാലുള്ള സംഭാവ്യതകളും ഒരു അഭിഭാഷകനെപ്പോലെ ഞാൻ വിസ്തരിച്ചു. ആദ്യം ആരും ഒന്നും പറ ഞ്ഞില്ല. പിന്നീട് ഒരു തിരുമേനി എന്നോടിങ്ങനെ കല്പിച്ചു:

''സാർ പറഞ്ഞതെല്ലാം അക്ഷരംപ്രതി ശരിയാണ്. വരുംവരാ യ്കകളെപ്പറ്റി പറഞ്ഞതൊക്കെ വാസ്തവമാണ്. അതനുസരിച്ച് ഒരു ഡലി ഗേഷൻ ഇപ്പോൾ പാത്രിയർക്കീസ് ബാവായെ കാണാൻ പോകുന്നത് നല്ലതാണെന്നേ ആർക്കും പറയാനൊക്കുകയുള്ളൂ. എങ്കിലും ഞങ്ങൾ പറയുന്നു, ഇപ്പോൾ ഈ ഡലിഗേഷൻ പോകണ്ട എന്ന്. അത് എന്തു കൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. തക്കതായ കാരണം കാണുമല്ലോ. അതു കൊണ്ട് ഇനിയും പോൾ വർഗീസ് സാർ ഒന്നും പറയേണ്ട.''

ഞാൻ അമ്പരന്നു പോയി. സഭാ രാഷ്ട്രീയത്തിൽ ഒട്ടും പരിചയമി ല്ലാതിരുന്ന എനിക്കു കാര്യം മനസ്സിലായില്ല. അപ്പോൾ പരിശുദ്ധ ബാവാ അദ്ധ്യക്ഷസ്ഥാനത്തിരുന്നുകൊണ്ട് ഗർജിച്ചു: ''എന്നെക്കൊണ്ടു കഴിയി ല്ല. ഞാൻ ഇറങ്ങിപ്പോകുകയാണ്. ഇതു ഗുണംപിടിക്കാൻ പ്രയാസമാ ണ്.''

പറയുക മാത്രമല്ല ഉടനെ ഇറങ്ങിപ്പോകുകയും ചെയ്തു. പിന്നീടാണ് എനിക്കു മനസ്സിലായത് സുന്നഹദോസിൽ അഭിപ്രായവ്യത്യാസമുണ്ടായത് ആരാണു പോകേണ്ടതെന്ന കാര്യത്തെക്കുറിച്ചായിരുന്നു എന്ന്. ഏതായാലും ആരും പോയില്ല. വാങ്ങിച്ച ടിക്കറ്റ് കാൻസൽ ചെയ്യുകയും ചെയ്തു.

സഭാ സമാധാനത്തിനുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും അക്ഷീണമായി പ്രവർത്തിക്കുകയും ചെയ്തിരുന്ന ബാവായെ ഭഗ്നാശയനായി ഞാൻ കണ്ടത് അന്നാണ്. മനുഷ്യന്റെ സ്വാർത്ഥമാണ് സഭയിൽ അസമാധാനത്തിനു കാരണമെന്നു ബാവാ എപ്പോഴും പറയുമായിരുന്നു.

പരിശുദ്ധ ബാവായുടെ വ്യക്തിവിലാസത്തെപ്പറ്റി നാലഞ്ചു കാര്യങ്ങൾ എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമത്, സഭയോട് ആ പിതാവിനുണ്ടായിരുന്ന അനിതരസാധാരണമായ സ്നേഹം. സ്വന്ത താൽപര്യങ്ങൾ ഒന്നും നോക്കാതെ സഭയുടെ സമാധാനത്തിനും ഐശ്വര്യത്തിനും വേണ്ടി വ്യക്തിപരമായി എന്തു ത്യാഗവും സഹിക്കുവാൻ ബാവാ എപ്പോഴും സന്നദ്ധനായിരുന്നു. പക്ഷേ, സഭാ നേതൃത്വത്തിൽ അന്നുണ്ടായിരുന്ന ചിലരുടെ വ്യക്തിതാൽപര്യങ്ങളായിരുന്നു സമാധാനപന്ഥാവിലെ പ്രധാന വിഘാതം. അതേക്കുറിച്ച് ബാവാ വളരെയേറെ വിഷമിക്കുകയും പ്രാർത്ഥനയിൽ മുഴുകുകയും ചെയ്തു എന്ന് എനിക്കറിയാം.

രണ്ടാമത്, ബാവായുടെ ദൈവസാന്നിദ്ധ്യ ബോധം. ആരാധനയിലും പ്രാർത്ഥനയിലും മാത്രമല്ല എല്ലാ സമയത്തും ആ സാന്നിദ്ധ്യബോധം പിതാവിനുണ്ടായിരുന്നു. എല്ലായ്പ്പോഴും ദൈവത്തോടു ഹൃദയത്തിൽ അത് തുടർന്നുകൊണ്ടിരുന്ന ഒരു യഥാർത്ഥ യോഗിയായിരുന്നു ബാവാ തിരുമേനി. മനുഷ്യരുടെ സ്വാർത്ഥം നിറഞ്ഞ പെരുമാറ്റത്തെപ്പറ്റി മനസ് വിഷമിച്ചാലും അല്പനിമിഷങ്ങൾ കൊണ്ട് തന്റെ പ്രയാസം ദൈവതിരുമുമ്പാകെ സമർപ്പിച്ചു ശക്തി പ്രാപിക്കാനും ഈശ്വരാശ്രയത്തിൽ നിരാശ കൂടാതെ ഉറച്ചു നില്ക്കുവാനും തിരുമേനിക്കുള്ള കഴിവ് അപാരമായിരുന്നു.

മൂന്നാമത്തെ പ്രത്യേകത തിരുമേനിയുടെ ആരാധനാനുഭവമായിരുന്നു. ദിവ്യബലിയർപ്പിക്കുവാൻ മദ്ബഹായിൽ കയറുമ്പോൾ ജീവനുള്ള ദൈവത്തിന്റെ ആഗ്നേയസിംഹാസനത്തിലാണു താൻ നില്ക്കുന്നതെന്നുള്ള ഉത്തമബോധ്യം ബാവായ്ക്കുണ്ടായിരുന്നു. അതുകൊണ്ടാണ് മറ്റുള്ളവർ ആരാധാനാസ്ഥലത്ത് അലക്ഷ്യമായി പെരുമാറിയാൽ തിരുമേനി കോപാകുലനാകാറുണ്ടായിരുന്നത്. പരിശുദ്ധ കുർബാനയിലെ ആരാധനയായിരുന്നു പിതാവിന്റെ ജീവിതത്തിന്റെ ഊർജ്ജമൂല്യം. അതിൽ നിന്നു

പ്രാപിക്കുന്ന ശക്തിയെ തന്റെ നിരന്തരമായ പ്രാർത്ഥനാശീലം മൂലം കൂടുതൽ കൂടുതൽ വളർത്തിയെടുത്തു മറ്റുള്ളവർക്കു കൃപ ലഭിക്കുവാൻ കാരണമാക്കിത്തീർക്കുകയായിരുന്നു ആ മഹനീയ ജീവിതത്തിന്റെ ലക്ഷ്യം.

നാലാമത്, അസാധാരണവും അളവില്ലാത്തതുമായ മനുഷ്യസ്നേഹവും അനുകമ്പയുമായിരുന്നു. അതു സഭാംഗങ്ങളോടു മാത്രമല്ല, അന്യസഭാംഗങ്ങളോടും ക്രൈസ്തവേതരരോടും ഒരുപോലെ കാണിക്കും. രോഗം മൂലമോ സാമ്പത്തിക പ്രയാസം മൂലമോ ക്ലേശമനുഭവിക്കുന്നവരോടൊരുമിച്ച് കരഞ്ഞു പ്രാർത്ഥിക്കുവാൻ തിരുമേനിക്കുള്ള കഴിവ് അസാമാന്യമായിരുന്നു. ആ മനം നൊന്തുള്ള പ്രാർത്ഥന അതുപോലെ ഫലിക്കുകയും ചെയ്തിരുന്നു എന്നുള്ളതിനു ഹിന്ദുക്കളും മുസ്ലീങ്ങളും ഒക്കെ സാക്ഷ്യം വഹിക്കും. കുട്ടികളില്ലാതെ സങ്കടപ്പെട്ട ഹിന്ദുവായ അന്നത്തെ കോട്ടയം കലക്ടർക്ക് ആ പിതാവിന്റെ പ്രാർത്ഥന മൂലം സന്താനസൗഭാഗ്യം ഉണ്ടായ അത്ഭുത സംഭവം എന്റെ അനുഭവത്തിൽ ഉണ്ട്.

അഞ്ചാമത്, ആ പിതാവിന്റെ വൃതനിഷ്ഠയാണ് എടുത്തു പറയേണ്ടത്. ഇന്ന് മനുഷ്യർക്ക്, പ്രത്യേകിച്ച് ആദ്ധ്യാത്മിക നേതാക്കൾക്ക് ആത്മചൈതന്യം ഇല്ലാതെ കാണുന്നതിന്റെ പ്രധാന കാരണം, ആത്മശിക്ഷണത്തിലും വ്രതനിഷ്ഠയിലും പ്രാർത്ഥനാശീലത്തിലും അടിയുറച്ചു വളരുവാനുള്ള മനക്കരുത്ത് അവർക്കില്ല എന്നതു തന്നെയാണ്.

ശരീരത്തിന്റെയും മനസ്സിന്റെയും ദുരാഗ്രഹങ്ങൾക്ക് മനപ്രയാസം കൂടാതെ വഴങ്ങിക്കൊടുക്കാൻ വെമ്പൽ കൊള്ളുന്ന നമ്മുടെ തലമുറയ്ക്ക് ആ പിതാവു വലിയ ദീപസ്തംഭം തന്നെയാണ്. കടന്നുപോയ തലമുറയുടെ കരുത്തുറ്റ ഗുരുവായിരുന്നു ആ മഹർഷിവര്യൻ. ആ പുണ്യപിതാവിന്റെ പ്രാർത്ഥനയാൽ ലോകത്തിനും മനുഷ്യരാശിക്കും സഭയ്ക്കും അനുഗ്രഹവർഷമുണ്ടാകട്ടെ.

(ഗീവർഗീസ് ദ്വിതീയൻ ബാവാ ചരമ രജത ജൂബിലി സപ്ലിമെന്റ്, മലയാള മനോരമ, ഡിസംബർ 28, 1989)

3

വിശ്വാസത്തിന്റെ മർമ്മമറിഞ്ഞ ആത്മീയ നേതാവ്

പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ പെങ്ങളെ കെട്ടിച്ചത് എന്റെ വീടിനു വളരെ അടുത്താണ്. തിരുമേനി അവിടെ വരുമ്പോഴൊക്കെ ഞാനും പോയി കൈ മുത്തിയിട്ടുണ്ട്. അന്ന് തിരുമേനി മെത്രാച്ചനാണ്. ഞാൻ തീരെ ചെറുപ്പവും.

പിന്നീട് പ്രധാനമായി പരിചയപ്പെടുന്നത് 1954-ൽ ആണ്. സഭാസമാധാനം ലക്ഷ്യമാക്കി പീസ് ലീഗ് എന്നൊരു സംഘടന കോട്ടയത്ത് ഉപവസിക്കുന്ന കാലം. ആറു പേരാണ് ഉപവാസം അനുഷ്ഠിക്കുന്നത്. കെ. ഇ. മാമ്മൻ, എം. കുര്യൻ, പാമ്പാടികണ്ടത്തിലച്ചൻ, കോടിയാട്ടച്ചൻ, ഡ്രൈവർ വർഗ്ഗീസ് തുടങ്ങിയവർ. ഞാൻ അമേരിക്കയിൽ നിന്നു ദൈവാശാസ്ത്രപഠനം കഴിഞ്ഞ് മടങ്ങി ആലുവാ ഫെലോഷിപ്പ് ഹൗസിൽ എം. തൊമ്മനോടൊപ്പം താമസിക്കുകയായിരുന്നു. തൊമ്മച്ചന്റെ നിർദ്ദേശമനുസരിച്ച്, ഉപവാസം അനുഷ്ഠിക്കുന്ന പീസ് ലീഗുകാർക്ക് ബൈബിൾ ക്ലാസ്സെടുക്കാൻ കോട്ടയത്തു വന്നു. ഒരു ദിവസത്തെ ക്ലാസു കഴിഞ്ഞപ്പോൾ കുറച്ചു ദിവസം ഇവിടെ തങ്ങി ഞങ്ങൾക്ക് ബൈബിൾ ക്ലാസ് എടുത്തു കൂടെ എന്ന് ഉപവാസം അനുഷ്ഠിക്കുന്നവർ ചോദിച്ചു.

"ഇത്തരം ക്ലാസ് ലഭിക്കുകയാണെങ്കിൽ ഞങ്ങൾക്കു പട്ടിണി കിടക്കാൻ ഒരു പാടുമില്ല" എന്ന അവരുടെ വാക്ക് എനിക്കും പ്രചോദനം നൽകി. ഞാൻ 30 ദിവസത്തോളം അവർക്കു വേണ്ടി ബൈബിൾ ക്ലാസ്സുകൾ എടുത്തു. അപ്പോൾ അവർ മറ്റൊരു നിർദ്ദേശം കൂടി വെച്ചു - ഉപവാസം അനുഷ്ഠിക്കുന്നവരെ കാണാൻ കുറെ പേർ കുരിശുപള്ളിയിൽ വരുന്നുണ്ടല്ലോ. അവർക്കു കൂടി ക്ലാസ് എടുത്തു കൂടെ എന്ന്. അങ്ങനെ അങ്ങാടിയിൽ നിന്ന് കുരിശുപള്ളിയിൽ വരുന്നവർക്കും വേണ്ടി ഞാൻ ബൈബിൾക്ലാസ് എടുത്തു തുടങ്ങി.

ബാവാ ഇത് എങ്ങനെയോ അറിഞ്ഞു. ഒരു ഞായറാഴ്ച 'ഇന്ന് പഴയസെമിനാരിയിൽ തന്നെപ്പറ്റിയായിരുന്നു സംസാരം. ബാവായെ ചെന്നുകാണാൻ എന്നെ പറഞ്ഞു വിട്ടതാണ്.' കെ. ഫീലിപ്പോസച്ചൻ (ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി) വന്നു പറഞ്ഞു.

വളരെ ആകാംക്ഷയോടെ എന്നെപറ്റി എന്താണ് പറഞ്ഞത് എന്ന് അച്ചനോട് ഞാൻ ചോദിച്ചു. 'ഇവിടെ ഏതോ ഒരു പോൾ വർഗീസ് വന്നി

ട്ടുണ്ട്. അയാൾ കുരിശുപള്ളിയിൽ ബൈബിൾ പഠിപ്പിക്കുന്നുണ്ടത്രെ. ആരുടെ ബൈബിളാണോ? അമേരിക്കേന്നു കൊണ്ടുവന്നതാണെന്നാ തോന്നുന്നെ.' കെ. ഫീലിപ്പോസച്ചൻ ബാവായുടെ വാക്കുകൾ എടുത്തു പറഞ്ഞു. 'എന്തായാലും ബാവായെ പോയി കാണണം.' ഫീലിപ്പോസച്ചൻ എന്നോടു പറഞ്ഞു.

അച്ചൻ തന്നെയാ എന്നെ ബാവായുടെ അടുത്തേക്ക് കൂട്ടിക്കൊണ്ടുപോയതും. അച്ചൻ എന്നെ ബാവായ്ക്ക് പരിചയപ്പെടുത്തി 'ഇയാളാണ് പോൾ വർഗ്ഗീസ്.' പെട്ടെന്ന് ശെമ്മാശനോട് ബാവാ ഒരു പായ് കൊണ്ടുവരാൻ പറഞ്ഞു. ശെമ്മാശൻ കൊണ്ടുവന്നു. എന്നോട് അതിൽ ഇരിക്കാൻ കൽപ്പിച്ചു.

ഫീലിപ്പോസ് അച്ചനോട് അപ്പുറത്തേക്ക് പൊയ്ക്കൊള്ളാൻ പറഞ്ഞു. ഒരു വിസ്താരത്തിനുള്ള തയ്യാറെടുപ്പാണ് എന്ന് എനിക്കും മനസ്സിലായി. മനസ്സിൽ അല്പം ഭീതിയും ഇല്ലാതില്ല.

വിസ്താരം രണ്ടു മണിക്കൂറിലേറെയെടുത്തു. ഇരുനൂറിലേറെ ചോദ്യങ്ങളാണ് എന്നോട് ചോദിച്ചത്. എല്ലാം വേദപുസ്തകത്തിൽ നിന്നും. ഓരോ ചോദ്യവും തിരുമേനിയോട് എനിക്കുള്ള ആദരവ് വർദ്ധിപ്പിച്ചു കൊണ്ടിരുന്നു.

പാശ്ചാത്യനാട്ടിൽ നിന്നും ദൈവശാസ്ത്രത്തിൽ അഭ്യസനം നടത്തിവന്ന എനിക്ക് ബാവായുടെ വേദപുസ്തകപാണ്ഡിത്യത്തിൽ അത്ഭുതം തോന്നി. ചോദ്യങ്ങൾ എല്ലാം കഴിഞ്ഞപ്പോൾ തിരുമേനി കൽപിച്ചു. 'തന്റെ മറുപടി ഒക്കെ എനിക്ക് സന്തോഷമായി. ഏതായാലും അതിൽ രണ്ടെണ്ണത്തിന്റെ മറുപടി ശരിയല്ല. ബാക്കിയൊക്കെ സത്യവിശ്വാസത്തിനു ചേർന്നതു തന്നെ.' ഉടനെ 'ഫീലിപ്പോസച്ചൻ അവിടെ ഉണ്ടോ' എന്ന് ചോദിച്ചു. അച്ചനെ വിളിപ്പിച്ചു. പിന്നെ തമാശരൂപേണ 'കത്തനാരറിയുമോ ഇയാളേ.... ഇയാളാ പോൾ വർഗ്ഗീസ്. ഇയാളും തന്നെപ്പോലെ പടിഞ്ഞാറൻ രാജ്യത്തു പോയി വേദപുസ്തകം പഠിച്ചയാളാ. പക്ഷേ ഇയാൾ ഓർത്തഡോക്സ് വിശ്വാസിയാ. തന്നെപ്പോലൊന്നുമല്ല....' എന്ന് ചിരിച്ചുകൊണ്ട് കൽപ്പിച്ചു. അന്നു മുതൽ എന്നോട് വലിയ കാര്യമാ.

പിന്നീട് പലപ്പോഴും ബാവായെ പോയിക്കാണുമായിരുന്നു. പിന്നീട് പ്രധാനമായി ഞാൻ ബാവായെ കാണുന്നത് എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസി ദേവലോകത്തു വന്നപ്പോഴാണ്. അന്ന് ബാവായുടെ ദ്വിഭാഷിയായി ചക്രവർത്തിയോട് സംസാരിക്കാനാണ് എന്നെ വിളിപ്പിച്ചത്. അന്നും ഞാൻ ഒരു അത്മായക്കാരനായിരുന്നു. പട്ടം ഏൽക്കുവാൻ ഉദ്ദേശം പോലും ഇല്ലാത്ത കാലം.

മടക്കയാത്രയ്ക്ക് മുൻപ് ചക്രവർത്തി ബാവായോട് 'അയാളെ എനിക്കു വേണം തരാമോ' എന്നു ചോദിച്ചു. 'എല്ലാവർക്കും ഇയാളെ ആവശ്യമാണെന്നാ പറയുന്നെ' ബാവാ ചക്രവർത്തിയോട് മറുപടിയായി പറഞ്ഞു. 'താനെന്തോ പറയുന്നു?' ബാവാ എന്നോടായി ചോദ്യം.

'താൻ ചക്രവർത്തിയുടെ കൂടെ പോകുന്നത് സഭയ്ക്കു നല്ലതാ. പക്ഷേ താനിവിടെ നിൽക്കുന്നതും സഭയ്ക്കു നല്ലതാ. അതുകൊണ്ടു നല്ലതുപോലെ പോയി പ്രാർത്ഥിച്ചു തീരുമാനിച്ചാൽ മതി പോകണോ വേണ്ടയോ എന്ന്' ബാവാ കൽപ്പിച്ചു.

ഞാൻ ഒന്നും പറഞ്ഞില്ല. കൈമുത്തി ഇറങ്ങി. ബാവാ എന്നെ തിരികെ വിളിപ്പിച്ചു. 'എടോ, താൻ പ്രാർത്ഥിച്ചു തീരുമാനിക്കുവാൻ പോവുകയാ. പണ്ട് രണ്ടുപദേശിമാർ പെണ്ണിനും ചെറുക്കനും വേണ്ടി പ്രാർത്ഥിച്ച കഥ തനിക്ക് അറിയാമോ? ചെറുക്കന്റെ ഉപദേശി സ്ത്രീധനം കൂട്ടിത്തരണ മെന്നാ പ്രാർത്ഥിച്ചത്. അതുപോലെ പെണ്ണിന്റെ ഉപദേശി സ്ത്രീധനം കുറച്ചു കിട്ടണം എന്നും. ആരുടെ പ്രാർത്ഥനയാ ദൈവം കേൾക്കേണ്ടിയ ത്.' ബാവാ ഗൗരവമേറിയ കാര്യം തമാശരൂപേണ അവതരിപ്പിച്ചു ചിരി ച്ചു. 'എന്തായാലും അതുപോലെ പ്രാർത്ഥിക്കരുത്. താൻ ദൈവഹിതം അറിയുവാൻ പ്രാർത്ഥിക്കണം' എന്നു പറഞ്ഞാണ് എന്നെ അയച്ചത്. തീരുമാനമെടുത്തത് മറ്റുള്ളവർ എനിക്കുവേണ്ടി പ്രാർത്ഥിച്ചാണ്.

വീണ്ടും കാലം കഴിഞ്ഞു. കക്ഷിവഴക്കുകൾ സഭയിൽ മൂർച്ഛിച്ചു നിൽക്കുന്ന കാലം. പാത്രിയർക്കീസ് ബാവായുമായി ഒരു അനുരഞ്ജനം ഉണ്ടാക്കണമെന്നും അതിന് സഭയിൽ നിന്ന് പ്രതിനിധികളെ അയക്കണ മെന്നും അതിലൊരാളായി താനും പോകണമെന്നും ബാവാ കൽപിച്ചു. അതിനുവേണ്ടി ടിക്കറ്റും ശരിയാക്കിക്കൊള്ളാൻ എന്നോടു കൽപിച്ചു. അതനുസരിച്ച് ടിക്കറ്റും എടുത്തു. അന്ന് ഞാൻ ഹെയ്ലി സെലാസി ചക്രവർത്തിയുടെ സെക്രട്ടറിയാണ്. അന്നത്തെ സുന്നഹദോസിൽ അയ്മേനിയായ എന്നെക്കൂടി വിളിപ്പിച്ചിരുന്നു.

എന്നാൽ അന്നു കൂടിയ സുന്നഹദോസിൽ അതിന് ഒരു ഐകരൂപ്യം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞില്ല. തീരുമാനമുണ്ടാകാഞ്ഞതുകൊണ്ട് യാത്ര മാറ്റി വച്ചു.

1958-ൽ പാത്രിയർക്കീസ് ബാവായുടെ സമാധാന കൽപന വന്ന സമ യം. അന്ന് എത്യോപ്യയിൽ നിന്ന് ഞാൻ ഡൽഹിയിൽ വന്നിരുന്നു.

ഡൽഹിയിൽ നമ്മുടെ മക്കാറിയോസ് തിരുമേനി (അന്ന് കെ. സി. തോമസ് അച്ചൻ) യും വിംഗ് കമാൻഡർ കെ. സി. മാത്യൂസും (ഇപ്പോൾ അച്ചനായി സാംബിയായിൽ) ഉണ്ട്.

ഡൽഹി എയർപോർട്ടിൽ മനോരമ കൊണ്ട് മുഖം മറച്ചാണ് അവർ എന്നെ സ്വീകരിച്ചത്. മനോരമയുടെ ഒന്നാം പേജിൽ പാത്രിയർക്കീസ് ബാവാ കാതോലിക്കാ ബാവായെ സ്വീകരിച്ചു എന്ന തലക്കെട്ട് എനിക്ക് വായിക്കാമായിരുന്നു. ഞാൻ നേരെ ഒരു ഹോട്ടലിലേക്ക് പോയി പ്രാർത്ഥിച്ചു. 1956 മുതലുള്ള ഞങ്ങളുടെ പ്രാർത്ഥന ദൈവം സ്വീകരിച്ചതിന്റെ നന്ദി പ്രകടനമായിരുന്നു അത്. സഭയിൽ സമാധാനം ഉണ്ടായി.

ഹോട്ടലിലിരുന്ന് സഭയ്ക്കു വേണ്ടിയും ദൈവത്തിനു വേണ്ടിയും എന്നെ സമർപ്പിക്കുന്നു എന്നു കാണിച്ച് ബാവായ്ക്ക് ഞാനൊരു കത്തയച്ചു. എത്യോപ്യയിലെ ജോലി രാജിവയ്ക്കാമെന്നും എഴുതി. പിന്നെ വന്ന് ബാവായെ കണ്ടു. ബാവായ്ക്കും വളരെ സന്തോഷമായിരുന്നു. ബാവാ എന്നെ കുറുപ്പുംപടി പള്ളിയിൽ വച്ച് ശെമ്മാശനാക്കി.

പട്ടം നൽകുന്നതിന്റെ തലേ രാത്രി എന്നോട് തിരുമേനി കൽപിച്ചു. 'എടോ എനിക്ക് പ്രായമായി, സഭയുടെ തലവന് പ്രായമാകുമ്പോൾ മരിക്കുന്നതിനെപ്പറ്റിയല്ല പേടിയുള്ളത്. മരിച്ചു കഴിഞ്ഞാൽ ആ സഭ ഏതു വഴിക്കു പോകും. സഭയുടെ വിശ്വാസം ഏതു വഴിക്കു പോകും അതാണ് ആശങ്ക. ഇപ്പോൾ ഇവിടെ പുറത്തു പോയി പഠിച്ചു വന്ന ആളുകളൊക്കെയുണ്ട്. സഭയുടെ സത്യവിശ്വാസം ശരിയാംവണ്ണം പഠിച്ചിട്ടുള്ള തന്നെ ഒരാളെ കണ്ടിട്ടെങ്കിലും എനിക്കു സമാധാനമായി മരിക്കാമല്ലോ.'

ആ വാക്കുകൾ എന്റെ ഹൃദയത്തിൽ ആഴമായി പതിച്ചു. 1967-ൽ എന്നെ ഔഗേൻ ബാവാ, സെമിനാരിയുടെ പ്രിൻസിപ്പാളായി നിയമിച്ചപ്പോൾ ആ വാക്കുകൾ എനിക്ക് ഏറെ പ്രചോദനം നൽകി. അന്ന് ഞാൻ അച്ചനായിരുന്നു.

പരിശുദ്ധ പരുമല തിരുമേനിയും വട്ടശ്ശേരിൽ തിരുമേനിയും ബാവായുടെ ഗുരുക്കന്മാരായിരുന്നു. അവരിൽ നിന്ന് പഠിച്ച കാര്യങ്ങൾ ബാവായെ ആത്മീയതയിലും ദൈവശാസ്ത്രത്തിലും അഗ്രിമനാക്കി. അദ്ദേഹത്തോടു സംസാരിക്കുമ്പോൾ അത് വ്യക്തവുമായിരുന്നു.

അദ്ദേഹം വിശുദ്ധ മദ്ബഹായിൽ നില്ക്കുമ്പോൾ, ദൈവതിരുമുൻപാകെയാണ് താൻ നിൽക്കുന്നത് എന്ന ബോധം അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്നു. ദൈവം അവിടെ എഴുന്നള്ളി വസിക്കുന്നു എന്നും അദ്ദേഹം മാലാഖമാരോടൊപ്പം ആരാധന നടത്തുന്നുവെന്നുമുള്ള ആഴമായ അവബോധം. അതുകൊണ്ടാണ് മദ്ബഹായിൽ ആരെങ്കിലും ഉദാസീനമായി നിന്നാൽ വഴക്കു പറഞ്ഞിരുന്നത്.

വേദപാണ്ഡിത്യവും രഹസ്യ പ്രാർത്ഥനയും അദ്ദേഹത്തിൽ ഒരുപോലെ കണ്ടെത്താമായിരുന്നു. ഏതു സമയത്തും പ്രാർത്ഥിച്ചുകൊണ്ടി

രിക്കും. അതാണ് അദ്ദേഹത്തെ ആത്മീയമായി പുഷ്ടിപ്പെടുത്തിയത്. ആദിമ സഭാ പിതാവായിരുന്ന ബസേലിയോസ് വേദപണ്ഡിതനും പ്രാർത്ഥനാനിരതമായ ജീവിതം ഉള്ളയാളും ആയിരുന്നു. ഒപ്പം തികഞ്ഞ ഒരു സന്യാസിയും. ആ ജീവിതം ബാവായ്ക്ക് നല്ലവണ്ണം അറിയാമായിരുന്നു. ബാവായെ സ്വാധീനിച്ചിട്ടുള്ളതും ആ വ്യക്തിത്വം ആയിരിക്കണം.

സാമാന്യ വിദ്യാഭ്യാസം അത്ര കണ്ടു സിദ്ധിച്ചിട്ടുള്ള ആളായിരുന്നില്ല ബാവാ. മറിച്ച് ആത്മീയ നിറവിൽ നിന്ന് ലഭ്യമായതും പരിശ്രമത്തിലൂടെ ആർജ്ജിച്ചെടുത്തിട്ടുള്ളതുമായിരുന്നു അദ്ദേഹത്തിന്റെ അറിവ്. വേദപുസ്തകം വായിക്കുകയോ വായിപ്പിച്ചു കേൾക്കുകയോ ചെയ്തുകൊണ്ടിരിക്കും. അതിൽ നിന്ന് സത്തായത് ഉൾക്കൊള്ളുവാനും ഹൃദിസ്ഥമാക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

ബാവായുടെ പ്രസംഗത്തിൽ വാക്കുകളുടെ ഒഴുക്ക് ആരേയും ആകർഷിക്കും. പ്രസംഗത്തിന്റെ തുടക്കത്തിൽ ബാവാ എന്താണ് പറഞ്ഞു വരുന്നത് എന്നു സംശയിക്കുമായിരുന്നു. പക്ഷേ പ്രസംഗം അവസാനിപ്പിക്കുമ്പോൾ കേൾവിക്കാരനിൽ അദ്ദേഹത്തിന്റെ ആശയം പതിഞ്ഞു കഴിഞ്ഞിരിക്കും.

പാണ്ഡിത്യം കൊണ്ടു മാത്രം ഓർത്തഡോക്സ് സ്പിരിച്വാലിറ്റി ആകുന്നില്ല. വേദപുസ്തകത്തിലുള്ള അറിവ്, നിരന്തരമായ പ്രാർത്ഥന, വ്രതനിഷ്ഠമായ സന്യാസജീവിതം ഇവയെല്ലാം ഒന്നായി ലയിച്ചിരിക്കണം ഒരു വ്യക്തിയിൽ. അത്തരമൊരു വ്യക്തിത്വമാണ് ബാവായിൽ നാം ദർശിക്കുക. കപടഭക്തിയോട് ബാവായ്ക്ക് വലിയ വിരോധവുമായിരുന്നു.

മഹാത്മാഗാന്ധിയെപ്പോലെ 'സത്യം ജയിക്കും' എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചതുകൊണ്ടാണ് കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ സഭാനൗകയെ ശാന്തതയുടെ തുറമുഖത്തെത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞതും.

പിതാക്കന്മാരുടെ ജീവിത ദർശനവും ജീവിതത്തിലൂടെയുള്ള അതിന്റെ പ്രതിഫലനവും ആളുകൾ മനസ്സിലാക്കി അതിനോടു ചേർന്നു നില്ക്കുക എന്നതാണ് ഓർത്തഡോക്സ് വിശ്വാസത്തിന്റെ മർമ്മം.

(1988 ഡിസംബർ 20 ചൊവ്വാഴ്ച ഡോക്ടർ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുമായി ഡോ. സാമുവേൽ ചന്ദനപ്പള്ളി, ഫാ. രാജു വർഗീസ്, ഫാ. ഷേബാലി എന്നിവർ നടത്തിയ അഭിമുഖ സംഭാഷണത്തിൽ നിന്ന്. തയ്യാറാക്കിയത് - ഷേബാലി. പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവാ ചരമ രജത ജൂബിലി സ്മരണിക, കോട്ടയം, 1989, പേജ് 77-81)

4

The Catholicate of Baselios Geevarghese II: Some Aspects

It was the largest continuous Cotholicate. His Holiness became Catholicos on 13th February 1929, the third Catholicos after the Catholicate was reinstated in India in 1912. The day of his consecration was the feast of Mayeltho according to the old Calendar (Kumbhom 2nd) - the day when the new-born Christ entered the Temple in Jerusalem. The 55 year old Catholicos Baselios Geevarghese entered in February 1929 a life of leadership which lasted for 35 years - till his death at 90 in 1964.

Both as a Remban and as Bishop Geevarghese Mar Gregorios, he was quite ordinary, unimpressive, without the impressive majesty and the transparent holiness which people saw clearly in him in later years. The transformation of his personality was forged in the crucible of suffering, by the power of a steadfast faith in God and a life of unceasing prayer.

On February 13th 1929, Geevarghese Mar Gregorios, Metropolitan of Niranam, Quilon and Thumpaman Dioceses thus became Moran Mar Baselios Geevarghese 2nd, Catholicos of the East on the Apostolic Throne of St. Thomas. The Malankara Metropolitan Vattasseril Geevarghese Mar Dionysius was Chief officiant at his Enthronement.

On February 14th, the next day His Holiness the Catholicos was the Chief officiant at the consecration of two bishops - Kuriakose Mar Gregorios (Pampady Thirumeni) and Yakob Mar Theophilos of Bethany. Bishop Mar Ivanios of Bethany was elevated to be Metropolitan.

The first major crisis began the next year, when in 1930 Mar Ivanios and Mar Theophilos of Bethany joined the Roman Catholic Church and thus established the Malankara Rite in India.

Soon after on November 9, 1930, one more bishop was consecrated in the Orthodox Church Puthenkavil Geevarghese Mar Philoxenos.

On April 20, 1931, the autocephaly or independance of the Malankara Church was reaffirmed with the first consecration of Holy Chrism (Mooran) by H. H. Baselios Geevarghese II.

On May 5, 1932, His Holiness the Catholicos officiated at the consecration of Joseph Mar Severios of Bethany, who also later defected to the Malankara Rite of the Roman Catholic Church.

The defection of these three Orthodox Bishops to the Roman Catholic Church constituted thus a major crisis for Catholicos Baselios in the first years of his Catholicate. It was his steadfast leadership that held the vast majority of the Orthodox people from going into the Roman Catholic Church.

It was only in 1896 that the Roman Catholic Church in Kerala began to have Malayalee bishops. The Syrian Catholic Church was at the beginning of our century engaged in a major struggle to free itself from foreign domination. As the four Catholic dioceses of Ernakulam (Archbishop Kandathil Mar Augustinos) Trichur (Vazhappilly Mar Francis) Changanacherry (Kuryalasseril Mar Thomas) and Kottayam (Choolaparampil Mar Alexander) became established under the Pope., the pressures on the Orthodox to join the Roman Catholic Church intensified - Kariattil Mar Joseph and Paremmakkal Governador Achen were the first to use such pressure, but in 1930, it was Dr. Bengiger, Catholic Bishop of Quilon who led the campaign, with the assistance of Kalassery Mar James. When in 1932 Mar Ivanios was made Archbishop of Trivandrum in the Malankara Rite of the Roman Catholic Church, and Mar Theophilos was made bishop of Thiruvalla, the campaign was intensified - leading to the second defection in 1937 by Mar Joseph Severios of Niranam and Mar Dioscurus of the Cnanaya Diocese.

These defections and this campaign to Romanize the Indian Orthodox Church was a major force to contend with for Catholicos Baselios, while also fighting the battle on the other front against Syrian foreign domination.

The second major crisis that Catholicos Baselios faced was the demise on February 23, 1934 of Malankara Sabhabhasuran Vattasseril Geevarghese Mar Dionysius, his mentor and father in Christ, the wise and mature defender of the Malankara Church against the domination by the Roman Catholics on the one hand the Syrians on the other.

It was indeed a formidable personal loss to His Holiness. He began praying with redoubled intensity for his church and its future. The mantle of leadership now fell clearly on the Catholicos Baselios.

The historic Malankara Association at M. D. Seminary on December 28, 1934 elected catholicos Baselios unanimously as Malankara Metropolitan in place of the departed Mar Dionysius. Thus for the first time in our history the anomaly of having a Catholicos as spiritual head and a Malankara Metropolitan as Chief Administrator of the Church ended when the two powers contrived in one person. It was continued like that to this day, though according to the Church Constitution, the two powers are in principle separable.

Those loyal to the Syrian Patriarch's jurisdiction in India (established at the Mulanthuruthy Synod in 1876 by Syrian Patriarch Peter III) met at Karingachira St. George Church Tripunithura and elected Poulose Mar Athanasius as their Malankara Metropolitan.

The two Malankara Metropolitans on both sides were classmates and close friends. Yet they became now contenders in law suits and rivals in authority. This grieved Catholicos Baselios, and he put forth his besy efforts for a reconciliation. If the matter was in the hands of the Indian people, peace would have come to the Church in 1930's. The Catholicos remembered how in 1923 his Guru Mar Dionysius had gone to Mardin to see the Patriarch of Antioch and settle the dispute.

In 1931, when Patriarch Mar Elias III (entombed at Manjinikkara) came to India, his Guru Mar Dionysius had taken the initiation to visit the patriarch and settle the dispute. If patriarch Elias had lived longer the dispute would probably have been settled amicably.

Patriarch Elias III had been succeeded in Homes by Patriarch Aphrem I, a scholarly prelate, who unfortunately proved to be so racist and anti-Indian.

In 1934, there was more or less complete agreement among the lay leaders of the two contending parties when the Catholicos decided to undertake a fresh trip to the Middle East, accompanied by Ramban C. M. Thomas (later Thoma Mar Dionysius) and Malpan Cheriamadhom Skariah. The Manorama reported on Idavom 20, 1109 that Mar Julius, the Patriarchal delegate in India had gone to the old Seminary and given the Kiss of reconciliation with the Catholicos. On April 13th, 1934, the Church Times (England, Anglican) reported that both sides had agreed that the patriarch's only powers in India would be consecration of moron and enthronment of Catholicos. The Church Times also reported that both sides had agreed that the Church in India would be autocephalous with its own Catholicos.

It was thus that the Catholicos undertook another trip to the Middle East, arriving there on June 21, 1934. The expectation was that the patriarch and the Catholicos would together approve the terms agreed upon in India by Palampadom Dr. P. T. Thomas, M. A. Chacko and K. C. Mammen Mapillai.

But patriarch Aphrem not only rejected the terms, but also treated the Indians with conderscension and contempt. He is the one who created the epithet Vridhan Punnoose (or old Mar Punnoose) for Bawa Thirumeni. Patriarch offered counter-terms, which were most humiliating. These terms were sent to India for reconsideration by the parties here. They revised the

patriarch's terms and sent it to the patriarch. He was angry and insulted the Indians. At the instigation of the British (Anglican) Bishop in Jerusalem, they made one more attempt, but were rudely rebuffed. It was clear that the patriarch wanted temporal authority and money from India. The Manorama Editorial of Kanni 10, 1110 highlighted this fact.

It was the reception on return to Kerala, that completely, changed the Catholicos's spirit and mind. Instead of accusing the Catholicos for having failed, in the negotiations, the people gave him an unrecedentedly rousing welcome when he returned by train and arrived at Kottarakara at 4.15 PM on Kanni 24, 1110 (1935). The huge reception and procession with hundreds of cars accompanying from Kottarakara to Kottayam made it clear that the people were completely behind his refusal to accept the humiliation of terms offered by the arrogant patriarch Aphrem.

There is an anecdote that my former colleague Dr. Visser't Hooft, the General Secretary of the World Council of Churches told me personally. The W. C.C. was in process of formation during the period 1938-1948. Dr. Visser't Hooft wrote to the heads of all churches, inviting them to join the W.C.C., as members. He cited the reply of patriarch Aphrem, which was actually signed by the Patriarch's Secretary, more or less to the following etfect:

"Dear General Secretary, Secretaries do not write to Patriarchs. Yours truly, Secretary to the Patriarch." This letter is still in the W.C.C. Archieves. I am told.

Replying to an address of welcome in the mammoth M. D. Seminary meeting on the day after the Catholicos' return to Kottayam His Holiness made it clear that the patriarch's terms were to the effect that there could be an Archbishops (Resh-episcopa) in India who would rule under the authority of the Syrian Patriarch, he would have to give a pledge of complete loyalty and obedience to the Patriarch and will go to Home for his consecration as Archbishop every time. He will rule in India under the supervision of the Apostolic Delegate, who will be present in all Synod Meetings. The patriarch can excommunicate the Archbishop for any reason he thinks sufficient. Every Orthodox family in India will pay 2 annas per home per year to the patriarch as Talavari. Simhasana Churches will be governed by the Delegate. Knanaya Diocese will be directly under the Patriarch and not under the Archbishop. But the Knanaya Bishop will be a member of the Synod. Everything done by Patriarch Abdul Messiah was to be repudiated as invalid. The present Malankara Metropolitan will have to have the insufficiencies in his consecration, removed. After that he will be called Maphrians, not Catholicos of the East. But he will not be Malankara Metropolitan, but only

Maphriana. The new Malankara Metropolitan would have to be from the North. Mooron can be consecrated by the patriarch. The cost of consecration and transport to India will be borne by the Indian Church.

These were the outrageous and humiliating terms which His Holiness Catholicos Baselios had to resolutely reject.

The two struggles - one against the enormosu pressure from inside and outside to join the Roman Catholic Church, the other to restore and keep the ancient and time honoured autocephaly and independence of this Church from the onslaught of the Greed and desire for power of the Syrian Church this is the crucible of suffering in which His Holiness shaped his life of prayer and discipline and became a Saint.

(*Silver Jubilee celebration Souvenir of the demise of HH Geevarghese II*, Kottayam, 1989, pp. 10-13)

അനുബന്ധം – 1

പ. ഗീവർഗീസ് രണ്ടാമനെ, കാതോലിക്കാ സ്ഥാനത്തേക്കു അവരോധിക്കുന്നതു സംബന്ധിച്ചു പള്ളികൾക്ക് അയച്ച സർക്കുലർ കല്പന.

മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

നമ്മുടെ ... പള്ളിയിൽ വികാരിയും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരേ,

ഗീവറുഗീസ് എന്ന തിരുനാമമുള്ള നി. വ. ദി. മ. ശ്രീ. പൌരസ്ത്യ കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ബാവാ തിരുമനസ്സിലെ വിയോഗാനന്തരം മുപ്പതാം ദിവസമടിയന്തിരം വാകത്താനത്തു വള്ളിക്കാട്ടു പള്ളിയിൽ വച്ചു നടക്കുന്നതാണെന്നും, അന്നേദിവസം പള്ളിപ്രതിപുരുഷന്മാരുടെ ഒരു യോഗം കൂടുന്നതാണെന്നും, അതിൽ സംബന്ധിപ്പാനായി എല്ലാ പള്ളിക്കാരും വന്നുചേരണമെന്നും നമ്മുടെ സഹോദരൻ ബ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ കല്പന അയച്ചിരുന്നതനുസരിച്ച് നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കളായ അനേകം പള്ളിക്കാർ മനഃപൂർവ്വമായ ഭക്തിയോടും സ്നേഹത്തോടും കൂടി വന്നു അതിൽ സംബന്ധിക്കുകയും, അടിയന്തിരം എത്രയും മംഗളമായി നടത്തുകയും ചെയ്തതിൽ നാം വളരെ സന്തോഷിക്കുന്നു. അന്നേദിവസം തന്നെ പകൽ 3 മണിക്ക് എല്ലാ പള്ളികളിൽ നിന്നും വന്നിരുന്ന പ്രതിനിധികളുടെ ഒരു യോഗം നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുകയും മലങ്കര സഭയുടെ ശ്രേയസ്ക്കരമായ നിലനിൽപ്പിനും അഭിവൃദ്ധിക്കുംവേണ്ടി മലങ്കര കാതോലിക്കാ സ്ഥാപനം മേലിലും നിലനിറുത്തിക്കൊണ്ടു പോകേണ്ടത് ആവശ്യമാകയാൽ കാലം ചെയ്ത ബാവായുടെ പിൻഗാമിയായി നി. വ. ദി. മ. ശ്രീ. നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ അവർകളെ മേല്പട്ടക്കാരുടെ സുന്നഹദോസു തിരഞ്ഞെടുത്തിരിക്കുന്ന വിവരം ആ യോഗത്തിൽ പ്രസ്താവിക്കുകയും, ആ തിരഞ്ഞെടുപ്പിനെ യോഗം ഐകകണ്ഠ്യേന സമ്മതിക്കയും, മേല്പട്ടസ്ഥാനത്തേക്കു മുമ്പു നിരണത്തുകൂടിയ യോഗത്തിൽവച്ചു തിരഞ്ഞെടുക്കപ്പെട്ടവരെ കൂടാതെ ബഥനി ആശ്രമസ്ഥരായ യാക്കോബു റമ്പാച്ചനെയും, അലക്സിയോസ് കശ്ശീശായെയും കൂടി എപ്പിസ്കോപ്പന്മാരായി സ്ഥാനാഭിഷേകം ചെയ്യണമെന്നു മേല്പട്ടക്കാരോട് അപേക്ഷിക്കുന്നതായ ഒരു നിശ്ചയം പാസ്സാക്കുകയും ചെയ്തിട്ടുള്ള വിവരം നിങ്ങൾ ഏവരും

അറിഞ്ഞിട്ടുള്ളതാണല്ലോ. ഈ കാതോലിക്കാസ്ഥാനാരോഹണം സുറിയാനി കണക്കിനു അടുത്ത കുംഭമാസം 2-ാം തീയതിക്കു കൊല്ലം 1104 കുംഭമാസം 4-ാം തീയതി വെള്ളിയാഴ്ച നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനപ്പെരുന്നാൾ ദിവസത്തിൽ കോട്ടയത്തു മാർ ഏലിയാ ചാപ്പലിൽവെച്ചു നടത്തണമെന്നു കർത്താവിൽ നിശ്ചയിച്ചിരിക്കുന്നു. അതുകൂടാതെ എപ്പിസ്കോപ്പാ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവരിൽ രണ്ടുമൂന്ന് ആളുകളെയെങ്കിലും പിറ്റെദിവസം ശനിയാഴ്ച തന്നെ എപ്പിസ്കോപ്പന്മാരായി സ്ഥാനാഭിഷേകം ചെയ്യുന്നതിനും നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കളായ നിങ്ങൾ പള്ളിക്കാരും പള്ളിച്ചെലവിന്മേൽ പൊൻ, വെള്ളി കുരിശ്, കുട, കൊടി മുതലായ പള്ളിസാമാനങ്ങളോടുകൂടി വന്ന് ആഘോഷപൂർവ്വം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ദൈവികമായ ഈ മഹൽ ശുശ്രൂഷ സംബന്ധിച്ച്, ആട്ടിൻകൂട്ടങ്ങളുടെ മഹാഇടയനായ കർത്താവ് തന്റെ ഈ വി. സഭയിൽ തന്റെ രാജ്യപ്രചാരത്തിലുള്ള അതിവാഞ്ഛ, ആത്മാക്കളുടെ നാമത്തിലുള്ള .... , നിർമ്മലമായ സ്ഥിരവിശ്വാസം, കളങ്കമറ്റ യഥാർത്ഥ ഭക്തി, സ്വാർത്ഥരഹിതമായ സമുദായസ്നേഹം, സത്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ വഴുതിപ്പോകാത്ത മനസ്ഥൈര്യം, പരീക്ഷകളെ സഹിപ്പാനുള്ള സഹനശക്തി, രക്ഷകന്റെ കുരിശു വഹിപ്പാനും ശത്രുക്കളോടു ക്ഷമിച്ച് അവരെ സ്നേഹിപ്പാനും ഉള്ള സന്നദ്ധത, തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ആട്ടിൻകൂട്ടങ്ങൾക്കുവേണ്ടി ഇടവിടാതെയുള്ള പ്രാർത്ഥന, ധ്യാനം, വിനയം മുതലായ വിശിഷ്ട ഗുണങ്ങൾ കൊണ്ടും ... സത്യ ഇടയന്മാരെ വർദ്ധിപ്പിച്ചു കിട്ടുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും സ്ഥാനാരോഹണം ചെയ്യപ്പെടുന്ന മേല്പട്ടക്കാർക്ക് ഓക്സിയോസ് പാടി സന്തോഷിക്കുകയും ചെയ്ത് ഈ ദിവ്യശുശ്രൂഷകളെ മംഗളകരവും, അനുഗ്രഹപ്രദവും ആക്കിത്തീർത്തു പോകണമെന്നു നിങ്ങളുടെ സ്നേഹത്തോടു നാം ആജ്ഞാപിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളിൽ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്,

1929-ന് 1104 മകരമാസം 16-നു കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

അനുബന്ധം - 2

ഗുരുവിനെക്കുറിച്ച് ശിഷ്യൻ

നമ്മുടെ ജീവിതം നന്നാക്കുന്നതിന് ശുദ്ധിമാന്മാരോടുള്ള സംസർഗ്ഗവും അവരുടെ ചരിത്രങ്ങളും ഏറ്റവും സഹായിക്കുന്ന ഒന്നാകുന്നുവല്ലോ. .... എന്നാൽ നമ്മുടെ അഭക്തിയുടെ ഈ കാലത്തിൽ പരിശുദ്ധന്മാർ ചെയ്തതായി പറയുന്ന അതിശയങ്ങളെപ്പറ്റി, എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്നതിൽ അധികം അതിശയങ്ങളെ ചെയ്യും എന്നും മറ്റും കർത്താവു കല്പിച്ചിരിക്കുന്നതിനെ ആലോചിക്കാതെ അസംഭവ്യങ്ങളെന്നു പലരും സംശയിക്കുന്നു. ശുദ്ധിമാന്മാരുടെ ശക്തിയിലുള്ള സംശയം തീർക്കുവാനെന്നപ്രകാരം ദൈവം ഇക്കാലത്തിൽ ആർക്കും എതിർത്തുപറവാൻ പാടില്ലാത്തവണ്ണം കാലം ചെയ്ത നമ്മുടെ വിശുദ്ധ പിതാവ് (മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ) മുഖാന്തരം പല അത്ഭുതങ്ങളും ചെയ്കയാൽ വീണ്ടും ഈ ചരിത്രങ്ങൾ തർജ്ജമ ചെയ്വാൻ ധൈര്യമുണ്ടായി.

നമ്മുടെ കണ്ണുകൾക്കു മുമ്പാകെ ജീവിച്ചു കാലം ചെയ്ത ഈ പരിശുദ്ധന്റെ കബറുങ്കൽ അസംഖ്യം അത്ഭുതങ്ങൾ ഉണ്ടാകുന്നതിനു കൊച്ചി, തിരുവിതാംകൂറിലുള്ള നാനാജാതി മതസ്ഥന്മാരും സാക്ഷികളാകുന്നു. "സുറിയാനിക്കാർ, റോമാക്കാർ, ഇംഗ്ലീഷുകാർ മുതലായ ക്രിസ്ത്യാനികളും ബ്രാഹ്മണർ, ശൂദ്രർ, ഈഴവർ, പുലയർ മുതലായ ഹിന്ദുക്കളും മഹമ്മദീയരും" എന്നു വേണ്ടാ നാനാജാതികളും കബറുങ്കൽ വന്നു വഴിപാടു ഇടുന്നത് ഞാൻ കണ്ടിട്ടുണ്ട്. ദൈവകൃപയാൽ ഈ വിശുദ്ധന്റെ നാമത്തിൽ തങ്ങൾക്കായി സിദ്ധിച്ചിട്ടുള്ള അനുഗ്രഹങ്ങളെ ഓർത്തിട്ടു ചിലർ തങ്ങളുടെ സത്യ മാതാവിന്റെ മടിയിലേക്കു തന്നെ തിരിച്ചുവന്നിട്ടുണ്ട്. ചിലർ കാര്യം സാധിക്കുമ്പോൾ കുഷ്ഠരോഗികളെപ്പോലെ തങ്ങളുടെ വഴിക്കു പോകുന്നുമുണ്ട്. "സൗഖ്യമാക്കപ്പെട്ട പത്തു കുഷ്ഠരോഗികളിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഒരു പുറജാതിക്കാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ" എന്നു കല്പിച്ചതുപോലെ പ്രവൃത്തിക്കുന്നവരാകുന്നു അധികവും, എങ്കിലും ഒഴികഴിവില്ലാ. മല്ലപ്പള്ളിയിലെ പിശാചു പുറപ്പെട്ടു പോയാറെ ആ കൊച്ചൻ രണ്ടു മൂന്നു മാസം ഞങ്ങളോടു കൂടെ താമസിച്ചു തിരുവനന്തപുരത്തു പോയി. ഒരു വടക്കൻ റോമാക്കാരൻ ഭ്രാന്തൻ സൗഖ്യമായി നേർച്ച തന്നു. കുഷ്ഠരോഗിയായ ഒരീഴവൻ മിക്കവാറും സൗഖ്യം പ്രാപിച്ചു ഇവിടെ വന്നു നേർച്ചകൾ കഴിച്ചു. തലെ ആണ്ടിൽ ആളുകളാൽ വഹിക്കപ്പെട്ടവൻ പിറ്റെ ആണ്ടിൽ നടന്നുവന്നു. തൊണ്ടയിൽ ഒരു ചൂണ്ടൽ കോർത്ത പുലയൻ ഇവിടെ വന്നു നേർച്ച ഇട്ടതിന്റെ ശേഷം ചൂണ്ടൽ താനേ ഊരിപ്പോയി. അയിരൂർ തെങ്ങുംതോട്ടത്തിൽ

ഒരു സ്ത്രീക്കു ആൺകുട്ടി ഇല്ലാഞ്ഞതിനാൽ ഗർഭമുണ്ടായതിനുശേഷം തിരുമേനിക്കു നേർച്ച നേരുകയും കുട്ടി ആണായിരിക്കണമെന്നു മാത്ര മല്ലാ നേർച്ചക്കുട്ടി എന്നറിവാൻ തിരുമേനിയിലുള്ള ഏതെങ്കിലും ഒരട യാളം ഉണ്ടായിരിക്കണമെന്നു അപേക്ഷിക്കയും ചെയ്തു. ആ കുട്ടി ആണും തിരുമനസ്സിലെ കാലിന്റെ വിരൽ പെട്ടയായിരുന്നതുപോലെ ആ കുട്ടിയുടെ കാലിന്റെ വിരലും പെട്ടയായിരിക്കയും ചെയ്തു. ആ കുട്ടിയെ ഇവിടെ കൊണ്ടുവന്നു "സ്പഹായിലേക്ക്" അവർ പണം കൊടുത്തു എന്നും കുർബാന ചൊല്ലത്തക്കവിധത്തിൽ അതിന്റെ പേരും എഴുതിച്ചു. അനേകം പിശാചുക്കൾ കബർ കാണുമ്പോൾ വിറച്ചു കരഞ്ഞുംകൊണ്ടു പുറപ്പെട്ടു പോകും. എല്ലാത്തരം ക്രിസ്ത്യാനികളിൽ നിന്നും പുറജാതി കളിൽ നിന്നും സംഖ്യയില്ലാതെ പിശാചുക്കൾ പുറപ്പെട്ടു പോയിട്ടുണ്ട്. അവയുടെ സംസാരം ആരോ ചോദിച്ചിട്ട് ഉത്തരം പറയുന്നതുപോലെ ആകുന്നു, ഇവിടെ വരുന്ന പിശാചുക്കളോടു ഞങ്ങൾ ഒന്നും ചോദിക്ക പതിവില്ല. എന്നാലും അവ ഇപ്രകാരം ദീർഘസ്വരത്തിൽ സംസാരിച്ചു പുറപ്പെട്ടു പോകുന്നു. ഈ തരത്തിൽ ഇവിടെ നടക്കുന്ന അത്ഭുതങ്ങൾ അവർണ്ണനീയങ്ങൾ തന്നെ, അതുകളെല്ലാം ഇപ്പോൾ വിവരിച്ചെഴുതുവാൻ ആവശ്യമില്ല. ആരും പറയാതെയും ആവശ്യപ്പെടാതെയും മനുഷ്യർ ഈ പണമെല്ലാം കൊണ്ടിടുന്നതു തന്നെ അവയ്ക്കു സാക്ഷിയാകുന്നു. അത്യാ വശ്യങ്ങൾക്കും കഴിവുപോലെ പണം ചുരുക്കുന്ന ആളുകൾ ഇത്ര അധികം പണമിടുന്നതു കാര്യമില്ലാഴിക അല്ലല്ലോ. ഉപായത്തിലോ സൂത്ര ത്തിലോ എടുക്കുന്നതിനും ആരും ഇതിനെപ്പറ്റി പറയുകയോ ഇതിലേക്കു ഉത്സാഹിക്കുകയോ ചെയ്തിട്ടില്ല. അസൂയകക്ഷികൾ "ശമരിയാക്കാരനാ ണെന്നും പിശാചുണ്ടെന്നും" പറയുമായിരിക്കും. പിശാചിനു ശക്തിയു ണ്ടെന്നും ദൈവത്തിനും തന്റെ മക്കൾക്കും ശക്തിയില്ലെന്നും പറയുന്ന ഇവർ ആരുടെ മക്കളാകുന്നു? പരിശുദ്ധന്മാർക്ക് ശക്തിയുണ്ടെങ്കിൽ അതു ദൈവത്തിന്റെ ആകുന്നു. ഇല്ലെങ്കിൽ തനിക്കു ശക്തി ഇല്ലാത്തതു കൊണ്ടും ആകുന്നു. അപ്പനു ശക്തിയുണ്ടെങ്കിൽ അതു നിശ്ചയമായിട്ടു മകനും കാണും.

ഇപ്പോൾ നടക്കുന്ന ഈ ശക്തി മുമ്പുള്ളവർക്കും സാക്ഷിയാണല്ലോ. ഈ പരിശുദ്ധനിൽ നാം കണ്ട വിശേഷം നോമ്പു നമസ്കാരം, വിനയം ഇത്യാദി ആയിരുന്നുവല്ലോ.

[പരിശുദ്ധ പരുമല തിരുമേനിയെക്കുറിച്ച് ശിഷ്യനായ പുന്നൂസ് റമ്പാൻ - പിന്നീട് പ. ഗീവർഗീസ് ദ്വിതീയൻ ബാവാ - പ. സ്ത്രീകളുടെ ചരിത്രം എന്ന ഗ്രന്ഥത്തിന്റെ (1080-ൽ കോട്ടയം മാർത്തോമ്മസ് അച്ചുകൂടത്തിൽ നിന്നും പ്രസിദ്ധീകരിച്ച ഗ്രന്ഥം) മുഖവുരയിൽ എഴുതിയിരിക്കുന്നത്.]

അനുബന്ധം - 3

മാർ ബസേലിയോസ് ഗീവർഗീസ് II കാതോലിക്കാ ബാവാ

കാലാനുക്രമണിക

1874 ജൂൺ 16 ചൊവ്വ (?)

കുറിച്ചി കല്ലാച്ചേരി കുടുംബത്തിൽ ഉലഹന്നാന്റെയും ആച്ചിയമ്മയുടെയും പുത്രനായി ജനിച്ചു. ബാല്യകാല നാമം - പുന്നൂസ്.

1890 ജൂൺ 1 ഞായർ

കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കോറൂയോ പട്ടമേറ്റു - കുറിച്ചിപള്ളി.

1892 ഏപ്രിൽ 24 ഞായർ

കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശുപട്ടമേറ്റു.

1898 നവംബർ 24 / വൃശ്ചികം 12 (സുറിയാനി കണക്ക്) / 1074 വൃശ്ചികം 10 (ME) വ്യാഴം

പ. പരുമലതിരുമേനിയിൽ നിന്ന് കശീശാപട്ടമേറ്റു - കോട്ടയം പഴയ സെമിനാരി.

1898 നവംബർ 27 / വൃശ്ചികം 15 (സു.ക.) / 1074 വൃശ്ചികം 13 (ME) ഞായർ

പ. പരുമല തിരുമേനിയിൽ നിന്ന് റമ്പാൻ സ്ഥാനമേറ്റു.

1911 സെപ്റ്റംബർ 7 വ്യാഴം

കോട്ടയം എം.ഡി. സെമിനാരി അസോസിയേഷൻ മേൽപ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.

1912 സെപ്റ്റംബർ 8 / ചിങ്ങം 26 (സു.ക.) / 1088 ചിങ്ങം 24 (M.E.) ഞായർ

പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവാ "ഗീവർഗീസ് മാർ ഗ്രീഗോറിയോസ്" എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ്, വട്ടശ്ശേരിൽ ഗീവർഗീസ് മാർ

ദിവന്നാസിയോസ് എന്നീ മെത്രാപ്പോലീത്താമാർ സഹകാർമികരായിരുന്നു – പരുമല പള്ളി.

1929 ഫെബ്രുവരി 15 വെള്ളി – മായൽത്തോപ്പെരുന്നാൾ

വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായും ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പായും ചേർന്ന സുന്നഹദോസിനാൽ "മാർ ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ" എന്ന പേരിൽ പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്തു – കോട്ടയം മാർ ഏലിയാ ചാപ്പൽ.

1934 ഡിസംബർ 26 ബുധൻ

കോട്ടയം എം.ഡി. സെമിനാരി അസോസിയേഷൻ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു.

1964 ജനുവരി 3 വെള്ളി

വെളുപ്പിന് 4.30–ന് കാലം ചെയ്തു. പിറ്റേന്ന് ദേവലോകം കാതോലിക്കേറ്റ് അരമനചാപ്പലിൽ കബറടക്കി.

വി. മുറോൻ കൂദാശകൾ

പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ 1932 ഏപ്രിൽ 22 (40–ാം വെള്ളിയാഴ്ച) നും 1951 ഏപ്രിൽ 20 (40–ാം വെള്ളിയാഴ്ച) നും കോട്ടയം പഴയസെമിനാരിയിൽ രണ്ടു പ്രാവശ്യം വി. മൂറോൻ കൂദാശ ചെയ്തു.

മേൽപ്പട്ട വാഴ്ചകൾ

a) ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സഹകാർമ്മികത്വം വഹിച്ചിട്ടുള്ള മേൽപ്പട്ടവാഴ്ചകൾ (കാതോലിക്കാ / മെത്രാപ്പോലീത്താ/ എപ്പിസ്കോപ്പാ വാഴ്ചകൾ)

1912 സെപ്റ്റംബർ 15 / കന്നി 2 (സു.ക.) / 1088 ചിങ്ങം 31 (M.E.) ഞായർ

പ. ബസേലിയോസ് പൗലോസ് ഒന്നാമൻ കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണം (പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപനം) – നിരണം സെന്റ് മേരീസ് വലിയപള്ളി.

1913 ഫെബ്രുവരി 9 ഞായർ / മകരം 27 (സു.ക.) / 1088 മകരം 28 (M.E.)

കാരുചിറ ഗീവർഗീസ് മാർ പീലക്സിനോസ് (പിന്നീട് രണ്ടാം കാതോലിക്കാ), കരവട്ട് യൂയാക്കിം മാർ ഈവാനിയോസ് എന്നിവരുടെ മെത്രാപ്പോലീത്താ വാഴ്ച - ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി.

1925 ഏപ്രിൽ 30 വ്യാഴം

പ. ബസേലിയോസ് ഗീവർഗീസ് ഒന്നാമൻ കാതോലിക്കാബാവായുടെ സ്ഥാനാരോഹണം - നിരണം സെന്റ്മേരീസ് വലിയ പള്ളി.

1925 മെയ് 1 വെള്ളി

ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പായുടെ വാഴ്ച - നിരണം സെന്റ് മേരീസ് വലിയപള്ളി.

b) പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാബാവാ പ്രധാന കാർമ്മികത്വം വഹിച്ചിട്ടുള്ള മേൽപ്പട്ട വാഴ്ചകൾ (മെത്രാപ്പോലീത്ത/എപ്പിസ്കോപ്പാ വാഴ്ചകൾ)

1929 ഫെബ്രുവരി 15 വെള്ളി - മായൽത്തോപ്പെരുന്നാൾ

ബഥനിയുടെ ഗീവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പായെ മെത്രാപ്പോലീത്തായായി ഉയർത്തി - കോട്ടയം മാർ ഏലിയാ ചാപ്പൽ.

1929 ഫെബ്രുവരി 16 ശനി

കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് (പാമ്പാടി), യാക്കോബ് മാർ തെയോഫിലോസ് (ബഥനി) എന്നിവരെ എപ്പിസ്കോപ്പാമാരായി വാഴിച്ചു - കോട്ടയം മാർ ഏലിയാ ചാപ്പൽ.

1930 നവംബർ 3 തിങ്കൾ - പരുമലപെരുന്നാൾ

ഗീവർഗീസ് മാർ പീലക്സിനോസ് (പുത്തൻകാവ്) എപ്പിസ്കോപ്പായെ വാഴിച്ചു - പരുമലപ്പള്ളി.

1933 മെയ് 25 വ്യാഴം - സ്വർഗ്ഗാരോഹണപെരുന്നാൾ

ജോസഫ് മാർ സേവേറിയോസ് (വാളക്കുഴി) എപ്പിസ്കോപ്പായെ വാഴിച്ചു - തിരുവല്ല ബഥനിപ്പള്ളി.

1934 ജൂൺ 1 - സ്വർണ്ണവെള്ളിയാഴ്ച

കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്, ഗീവർഗീസ് മാർ പീലക്സിനോസ്, ജോസഫ് മാർ സേവേറിയോസ് എന്നീ എപ്പിസ്കോപ്പാമാരെ മെത്രാപ്പോലീത്തന്മാരായി ഉയർത്തി - കോട്ടയം പഴയസെമിനാരി.

1938 ഏപ്രിൽ 7 വ്യാഴം – വചനിപ്പുപെരുന്നാൾ

അലക്സിയോസ് മാർ തേവോദോസിയോസ് (ബഥനി) എപ്പിസ്കോപ്പായെ വാഴിച്ചു – കണ്ടനാട് കർമ്മേൽ ദയറ.

1940 മെയ് 6 തിങ്കൾ

തോമ്മാ മാർ ദിവന്നാസിയോസ് എപ്പിസ്കോപ്പായെ വാഴിച്ചു – മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് പള്ളി.

1941 ഏപ്രിൽ 8 ചൊവ്വ

അലക്സിനോസ് മാർ തേവോദോസിയോസ്, തോമ്മാ മാർ ദിവന്നാസിയോസ് എന്നീ എപ്പിസ്കോപ്പാമാരെ മെത്രാപ്പോലീത്തന്മാരായി ഉയർത്തി – ആലുവ യു.സി. കോളജ് ചാപ്പൽ.

1953 മെയ് 15 വെള്ളി

പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസിയോസ്, ദാനിയേൽ മാർ പീലക്സീനോസ്, മാത്യൂസ് മാർ കൂറിലോസ് എന്നിവരെ എപ്പിസ്കോപ്പാമാരായി വാഴിച്ചു – കോട്ടയം മാർ ഏലിയാ ചാപ്പൽ.

1959 ജൂലൈ 12 ഞായർ

ടി അഞ്ച് എപ്പിസ്കോപ്പാമാരെ മെത്രാപ്പോലീത്തന്മാരായി ഉയർത്തി – കോട്ടയം പഴയസെമിനാരി.

മലങ്കര അസോസിയേഷൻ യോഗങ്ങൾ

പ. ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിച്ച മലങ്കര അസോസിയേഷൻ യോഗങ്ങൾ

കോട്ടയം എം.ഡി. സെമിനാരി (1934 ഡിസംബർ 26, 1951 മെയ് 17, 1959 സെപ്റ്റംബർ 16), പുത്തൻകാവ് സെന്റ് മേരീസ് പള്ളി (1958 ഡിസംബർ 26), നിരണം സെന്റ് മേരീസ് പള്ളി (1962 മേയ് 17).

– വർഗീസ് ജോൺ, തോട്ടപ്പുഴ

അനുബന്ധം - 4

കുവൈറ്റിലെ മാർ ബസ്സേലിയോസ് മൂവ്മെന്റിന്റെ ബഹുമുഖ ജീവകാരുണ്യപ്രവർത്തനങ്ങൾ

പ്രബുദ്ധമായ മലങ്കരസഭയുടെ ചരിത്രത്തിൽ ഉറച്ച നിലപാടുകളുടെ സുവർണ്ണ കാൽപ്പാടുകൾ പതിപ്പിച്ച് കനൽപാതയിലൂടെ കാലിടറാതെ നടന്ന് സമർപ്പിത പ്രവർത്തനങ്ങളാൽ സഭയ്ക്കു ദൃഢമായ ഊടും പാവും നൽകി, പ്രവാചകതുല്യമായ ഉദ്ബോധനങ്ങളാൽ തന്റെ അജഗണങ്ങളെ പ്രശോഭിപ്പിച്ച മലങ്കരസഭയുടെ സൂര്യതേജസ്സ്, പ. ബസേലിയോസ് ഗീവർ ഗീസ് ദ്വിതീയൻ ബാവായുടെ പുണ്യനാമധേയത്തിൽ ഗൾഫ് നാടുക ളിൽ പ്രവർത്തിച്ചുവരുന്ന ഏക പ്രസ്ഥാനമാണ് മാർ ബസേലിയോസ് മൂവ്മെന്റ്, കുവൈറ്റ്.

1974-ൽ രൂപംകൊണ്ട ഈ സംഘടന പ്രവാസ ജീവിതത്തിന്റെ തിക്കിലും തിരക്കിലും ഇക്കഴിഞ്ഞ 40 വർഷക്കാലമായി, കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയുടെ ആത്മീയ-ജീവകാരുണ്യ പ്രസ്ഥാനമേഖലയിൽ സാമൂഹിക പ്രതിബദ്ധ തയോടു കൂടി വേദനിക്കുന്ന സഹോദരങ്ങൾക്ക് സാന്ത്വനത്തിന്റെ മൃദു സ്പർശമായി പ്രവർത്തിച്ചു വരുന്നു.

ഇക്കാലമൊക്കെയും അശരണരുടേയും, ആലംബഹീനരുടെയും പ്രത്യാശ മങ്ങിയ ജീവിതത്തിലേക്കു ആശയുടേയും, പ്രത്യാശയുടെയും സ്നേഹദൂതുമായി ഈ എളിയ പ്രസ്ഥാനത്തിനു കടന്നുചെല്ലുവാൻ കഴിഞ്ഞു എന്നതു കൃതാർത്ഥതയോടുകൂടി സ്മരിക്കട്ടെ. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു ഊന്നൽ നൽകിക്കൊണ്ടു വൈദ്യ ചികിൽസ, ഭവന നിർമ്മാണം, വിവാഹം, വിദ്യാഭ്യാസം, മറ്റു പൊതുസഹായങ്ങൾ എന്നി വയ്ക്കായി പ്രത്യേക തുക വാർഷിക ബജറ്റിൽ വകയിരുത്തി പരമാ വധി സഹായം നൽകി വരുന്നതുൾപ്പെടെ ഇക്കഴിഞ്ഞ കാലയളവിൽ തന്നെ രണ്ടു കോടിയിൽപരം രൂപ അർഹരായവർക്കു എത്തിച്ചുകൊടു ക്കുവാൻ കഴിഞ്ഞുവെന്നതിൽ പരമകാരുണികനായ ദൈവത്തെ മഹ ത്വപ്പെടുത്തുന്നു.

ജീവിതത്തിന്റെ ഇടനാഴികളിൽ വഴിമുട്ടിയ അനേകം ജീവിതങ്ങൾക്കു ഒരു കൈത്തിരിയായി എന്നും നിലകൊണ്ട ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിലേക്കു തിരിഞ്ഞു നോക്കുമ്പോൾ എടുത്തു പറയത്തക്ക

നിരവധി സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുവാനും അനേകരുടെ കണ്ണീരൊപ്പുവാനും സാധിച്ചുവെന്നതു ചാരിതാർഥ്യജനകമാണ്.

പ്രസ്ഥാനത്തിന്റെ 40-ാം വാർഷികം ആഘോഷിച്ച 2013-14 വർഷത്തിൽ വൃക്കരോഗ സംബന്ധമായി അവശതയനുഭവിക്കുന്ന മലബാർ മേഖലയിലെ നിരാലംബരായ രോഗികളുടെ ജീവിതത്തിലേക്ക് സഹായമെത്തിക്കുകയെന്ന പ്രേഷിതദൗത്യത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മലബാർ ഭദ്രാസനത്തിൻ കീഴിൽ ആരംഭിച്ചിരിക്കുന്ന സെന്റ് ജോർജ്ജ് ചാരിറ്റബിൾ ഡയാലിസിസ് സെന്ററുമായി ചേർന്ന് നിർധനരായ രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്തു കൊടുക്കുന്ന ഒരു വൻ പദ്ധതിയിൽ ഭാഗഭാക്കായിരിക്കയാണ്.

കാൻസർ എന്ന മാരകരോഗത്താൽ വിവരണാതീതമായ വേദനയനുഭവിക്കുന്ന നിർധനരായ സാധുജീവിതങ്ങൾക്കു സാന്ത്വനത്തിന്റെ ഒരു ചെറിയ കൈത്താങ്ങായി 2007 സെപ്റ്റംബറിൽ ആരംഭിച്ച "മാർ തിയഡോഷ്യസ് കാൻസർ കെയർ ഫോർ ദ പുവർ" എന്ന പദ്ധതി 500-ൽ പരം പാവപ്പെട്ട രോഗികൾക്കു വിവിധ പ്രദേശങ്ങളിലായി അരക്കോടിയിൽപരം രൂപയുടെ മരുന്നും മറ്റു വൈദ്യസഹായങ്ങളും എത്തിച്ചു കൊടുത്തു. ഈ സംരംഭത്തിൽ കേരളത്തിലെ പ്രവർത്തനങ്ങൾക്കു തിരുവനന്തപുരം ഹോളി ട്രിനിറ്റി ചാരിറ്റബിൾ സൊസൈറ്റി, കോട്ടയം മാർ ഗ്രീഗോറിയോസ് കാരുണ്യനിലയം, പരുമല പി. എം. ജി. എം. എന്നീ സ്ഥാപനങ്ങൾ ക്രമീകരണം ചെയ്തു തന്നു എന്നു കൃതജ്ഞതാപൂർവം സ്മരിക്കട്ടെ.

പ്രസ്ഥാനത്തിന്റെ 30-ാം വാർഷികം ആഘോഷിച്ച 2004-05 വർഷത്തിൽ കേരളത്തിലെ വിവിധ ജില്ലകളിലായി, അർഹരായ 11 കുടുംബങ്ങൾക്കു ലക്ഷത്തിൽപരം രൂപയ്ക്കുള്ള ഭവനദാന പദ്ധതി നടപ്പാക്കി. ഭവനരഹിതരായ നിർധനർക്കു സ്വദേശങ്ങളിൽ തന്നെ സ്വന്തം ഭവനം എന്ന സ്വപ്നം പൂവണിയുവാൻ ദൈവകരങ്ങൾ ഈ പ്രസ്ഥാനത്തിൽക്കൂടി പ്രവർത്തിച്ചു എന്നതിൽ സർവശക്തനെ മഹത്വപ്പെടുത്തുന്നു.

ഉത്തരേന്ത്യൻ ഗ്രാമീണരുടെ പുനരധിവാസം ലക്ഷ്യമാക്കി 2003-04 കാലയളവിൽ ഓർത്തഡോക്സ് സഭയുടെ കൊൽക്കത്താ ഭദ്രാസനത്തിന്റെ പ്രഥമ സാരഥിയും പ്രവാസികളുടെ ഇടയനുമായിരുന്ന ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ സ്വപ്ന പദ്ധതിയായിരുന്ന മക്കോഡിയാ മിഷനിൽ പങ്കാളിയായി മധ്യപ്രദേശിലെ മൂന്നു ഗ്രാമങ്ങൾ ഏറ്റെടുത്തു സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാത്ത മേഖലകളിലേക്കും ആവശ്യമായ സഹായങ്ങൾ എത്തിക്കുവാൻ ഈ കഴിഞ്ഞ ദശാബ്ദത്തിൽ സാധിച്ചിട്ടുണ്ട്.

സമസ്യഷ്ടി സ്നേഹം മരവിച്ചിട്ടില്ലാത്ത സുമനസ്സുകളുടെ തോളോടുതോൾ ചേർന്നുള്ള പ്രവർത്തനം മൂലം കണ്ണീർക്കയങ്ങളിൽ താഴ്ന്നവരെ പ്രത്യാശയുടെ മറുകരയെത്തിക്കുവാൻ എളിയവരായ ഞങ്ങൾക്ക് പ്രസ്ഥാനം മൂലം ഇന്നും സാധിക്കുന്നു. ഇത് സാധ്യമാക്കിത്തരുന്ന ദൈവത്തെ നന്ദിയോടെ സ്തുതിക്കുകയാണ്.

'ഈ ചെറിയവരിൽ ഒരുത്തന് നിങ്ങൾ ചെയ്യുന്നത് എനിക്കാകുന്നു ചെയ്യുന്നത്' എന്ന യേശുതമ്പുരാന്റെ തിരുവചനം സംഘടനാ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുന്നു എന്നു സാക്ഷിച്ചും ആത്മാർത്ഥമായി പ്രാർത്ഥിച്ചും അവസാനിപ്പിക്കുന്നതിനു മുമ്പ് ഞങ്ങളുടെ പേട്രനായ പ. ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായുടെ ഡയറിക്കുറിപ്പുകൾ കണ്ടെത്തി സഭാംഗങ്ങളെ കൂടുതൽ പ്രബുദ്ധരാക്കാൻ പ്രസിദ്ധീകരിക്കുന്നതിന് ഉത്സാഹിച്ച സഭാചരിത്ര ഗവേഷകനും പത്രപ്രവർത്തകനും പ്രസാധകനുമായ ജോയ്സ് തോട്ടയ്ക്കാടിനെ ഞങ്ങളുടെ സന്തോഷവും അഭിനന്ദനവും അറിയിക്കട്ടെ.

കഴിഞ്ഞ വർഷം പ. ബാവായുടെ ചരമ കനകജൂബിലി ആഘോഷാരംഭത്തിൽ കുറിച്ചിയിലെ അദ്ദേഹത്തിന്റെ മാതൃദേവാലയത്തോടനുബന്ധിച്ചു നിർമ്മിച്ച സ്മാരകഹാളിൽ ബാവായുടെ ഒരു പൂർണ്ണകായ എണ്ണഛായാചിത്രം സ്ഥാപിക്കാൻ മാർ ബസേലിയോസ് മൂവ്മെന്റിനു സാധിച്ചത് ഒരു ദൈവനിയോഗമായി ഞങ്ങൾ ഇപ്പോൾ സഹർഷം അനുസ്മരിക്കുന്നു.